# കേരള നിയമസഭാ നടപടികൾ

**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**2016 ഒക്ടോബർ 17, തിങ്കൾ**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 163 - നമ്പർ 9

വില : ₹ 50

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

2016 ഒക്ടോബർ 17, തിങ്കൾ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

851/2019.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 26

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 26
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 57

**II അടിയന്തരപ്രമേയം**

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം
(അവതരണാനുമതി നിഷേധിച്ചു) .. 352

**III വ്യക്തിപരമായ വിശദീകരണം**

മന്ത്രിസ്ഥാനം രാജിവയ്ക്കാനിടയായ സാഹചര്യം .. 352

**IV ക്രമപ്രശ്നം**

അടിയന്തരപ്രമേയത്തിന് അനുവാദം നൽകുന്നത് സംബന്ധിച്ച് .. 361

**റൂളിംഗ്** .. 363

**അടിയന്തരപ്രമേയം (തുടർച്ച)** .. 363

**V ശ്രദ്ധ ക്ഷണിക്കൽ**

1. സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങൾ—
ശ്രീ. റ്റി. വി. രാജേഷ് .. 384
2. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി—
ശ്രീ. അൻവർ സാദത്ത് .. 388

**VI സബ്മിഷൻ**

1. പ്രവർത്തന മേഖല വ്യാപിപ്പിക്കൽ—
ശ്രീ. കെ. ജെ. മാക്സി .. 391
2. അബ്ദുൽ ലത്തീഫിന്റെ കുടുംബത്തിന് ധനസഹായം—
ശ്രീ. എ. പി. അനിൽ കുമാർ .. 392

പേജ്

3. കൊച്ചിൻ റിഫൈനറിയിലെ വാതകച്ചോർച്ച—

ശ്രീ. വി. പി. സജീന്ദ്രൻ .. 394

4. റീ-സർവ്വേ അപാകതകൾക്ക് പരിഹാരം—

ശ്രീ. ഡി. കെ. മുരളി .. 396

5. ദുരന്തനിവാരണ സേനയ്ക്ക് സ്ഥിരം യൂണിറ്റ്—

ശ്രീ. ഇ. കെ. വിജയൻ .. 397

6. നഷ്ടപരിഹാരം—

ശ്രീ. കെ. എം. ഷാജി .. 399

7. ഭക്ഷ്യോല്പന്നങ്ങളുടെ വിപണനം തടയൽ—

ശ്രീ. പി. കെ. ശശി .. 400

8. സ്പോട്ട് അഡ്മിഷൻ—

ശ്രീ. ഹൈബി ഈഡൻ .. 403

9. തൊഴിൽ സംരക്ഷണം—

ശ്രീ. പുരുഷൻ കടലുണ്ടി .. 407

10. ദേശീയഗാനം നിരോധിച്ചത് സംബന്ധിച്ച്—

ശ്രീ. ഒ. രാജഗോപാൽ .. 409
ശ്രീ. ഷാഫി പറമ്പിൽ

**VII മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ 3(1)(2) ഇനം അനുസരിച്ചുള്ള കടലാസ്സുകൾ .. 410

**VIII റിപ്പോർട്ട് സമർപ്പണം**

(1) 2016-ലെ കേരള അടിസ്ഥാന നിക്ഷേപനിധി (ഭേദഗതി) ബിൽ സംബന്ധിച്ച വിഷയനിർണ്ണയ സമിതി VIII-ന്റെ റിപ്പോർട്ട് .. 412

(2) വിഷയനിർണ്ണയ സമിതി II-ന്റെ 2016 മാർച്ച് 31 വരെയുള്ള റിപ്പോർട്ടും 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും .. 413

പേജ്

**IX പ്രത്യേക പരാമർശം**

സംഗ്രഹം തയ്യാറാക്കുന്നത് സംബന്ധിച്ച് .. 413

**X ധനകാര്യം**

2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XV - പൊതുമരാമത്ത് .. 415

ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം .. 417

ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം .. 418

ധനാഭ്യർത്ഥന നമ്പർ XXXIV - വനം .. 420

**അനുബന്ധം**

6-10-2016-ലെയും .. 532

7-10-2016-ലെയും ചോദ്യോത്തരങ്ങൾ .. 811

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 ഒക്ടോബർ 17, തിങ്കൾ*

| വാല്യം 163] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 9 |
|---|---|---|

നിയമസഭ 2016 ഒക്ടോബർ മാസം 17-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.................ഓർഡർ............ചോദ്യം നമ്പർ *301

### സംസ്ഥാനത്തെ പേവിഷമുക്തമാക്കാൻ നടപടി

1 (*301) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കൾ ഉൾപ്പെടെ അലഞ്ഞുതിരിയുന്ന മൃഗങ്ങളുടെ എണ്ണം വർദ്ധിക്കുന്നതിനോടൊപ്പം പേബാധിത മൃഗങ്ങളുടെ കടിയേൽക്കുന്നവരുടെ എണ്ണവും വർദ്ധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനം പേവിഷവിമുക്തമോ പേവിഷനിയന്ത്രിതമോ ആക്കാനായി എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വർദ്ധിച്ചുവരുന്ന ആവശ്യത്തിനനുസരിച്ച് പേവിഷത്തിനുള്ള വാക്സിൻ ലഭ്യമാക്കിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തുതന്നെ ഇത്തരം വാക്സിൻ നിർമ്മിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ഡി) പേവിഷ നിർണ്ണയത്തിനുള്ള ആധുനിക സൗകര്യം സംസ്ഥാനത്ത് എവിടെയെങ്കിലുമുണ്ടോ; ഈ സൗകര്യം ജില്ലയിൽ ഒന്നുവീതമെങ്കിലും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) നായ്ക്കളുടേയും മറ്റു മൃഗങ്ങളുടേയും കടിയേൽക്കുന്നവർക്കുള്ള രോഗപ്രതിരോധ കുത്തിവയ്പുകളും ഇതുമായി ബന്ധപ്പെട്ട ബോധവത്ക്കരണ പ്രവർത്തനങ്ങളും ആരോഗ്യ വകുപ്പ് ചെയ്തുവരികയാണ്. വർദ്ധിച്ചുവരുന്ന തെരുവുനായ ശല്യവും അവയുടെ കടിയേറ്റ് സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കായിവരുന്ന രോഗികളുടെ എണ്ണവും പേവിഷ പ്രതിരോധ മരുന്നുകളുടെ ആവശ്യകതയും മുൻനിർത്തിക്കൊണ്ട് വാർഷിക ഇൻഡന്റിനതീതമായി ആശുപത്രികൾ ആവശ്യപ്പെടുന്ന തോതിലുള്ള മരുന്ന് വിതരണം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വിതരണം ചെയ്തുവരുന്നു. പേവിഷ പ്രതിരോധത്തിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന റാബീസ് വാക്സിൻ, ഇക്യൂൻ ആന്റിറാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ എന്നീ ഇനം മരുന്നുകളാണ് സംഭരിച്ച് വിതരണം ചെയ്യുന്നത്. മുൻകാലങ്ങളിൽ മെഡിക്കൽ കോളേജ് മുതൽ താലൂക്കാശുപത്രി വരെ വിതരണം ചെയ്തിരുന്ന ഇക്യൂൻ ആന്റിറാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ എന്ന ഇനം മരുന്ന് പട്ടികടിയേറ്റ് വരുന്നവരുടെ ഗണ്യമായ വർദ്ധനവിനെത്തുടർന്ന് പ്രാഥമിക തലത്തിലെ തെരഞ്ഞെടുത്ത ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ വളർത്തുനായ്ക്കൾക്കും പേവിഷ പ്രതിരോധ വാക്സിൻ മൃഗസംരക്ഷണ വകുപ്പ് മുഖേന നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഒക്ടോബർ 31-ഓടെ ഒന്നാംഘട്ട വാക്സിനേഷൻ പൂർത്തിയാകും. രണ്ടാംഘട്ടമായി എല്ലാ തെരുവുനായ്ക്കൾക്കും പ്രതിരോധ കുത്തിവയ്പ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കും. തെരുവുനായ്ക്കളുടെ വംശ വർദ്ധനവ് നിയന്ത്രിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ വന്ധ്യംകരണ (ABC) ശസ്ത്രക്രിയാ പദ്ധതിക്ക് തുടക്കമായിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള തെരഞ്ഞെടുത്ത 51 മൃഗാശുപത്രികളിൽ ശസ്ത്രക്രിയ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

തെരുവുനായ്ക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് അത് നിയന്ത്രിക്കുന്നതിനായി ഫലപ്രദമായ നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും നടത്തിവരുന്നുണ്ട്.

(ബി) നിലവിലെ സാഹചര്യം കണക്കിലെടുത്ത് ആശുപത്രികൾ ആവശ്യപ്പെടുന്ന എണ്ണം വാക്സിനുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ സംഭരണശാലകളിൽ നൽകിവരുന്നു. പേവിഷ പ്രതിരോധ മരുന്നുകൾക്ക് യാതൊരു കാരണവശാലും ദൗർലഭ്യം നേരിടാനുള്ള സാഹചര്യം ഉടലെടുക്കാൻ അനുവദിച്ചിട്ടില്ല.

2016-17-ൽ ഇക്യൂൻ ആന്റിറാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ 1.71 കോടി രൂപ മൂല്യമുള്ള തോതാണ് ആശുപത്രികൾ ആവശ്യപ്പെട്ടിരിക്കുന്നത്. നാളിതുവരെ 1.1 കോടി രൂപ മൂല്യമുള്ള മരുന്നുകൾ ആശുപത്രികൾക്ക് നൽകിക്കഴിഞ്ഞു. ഇതിനു പുറമേ, 25 ലക്ഷം രൂപ മൂല്യമുള്ള മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ സംഭരണശാലകളിൽ ലഭ്യമാണ്. ടി ഇനത്തിൽ 40 ലക്ഷം രൂപയുടെ തുടർ വിതരണാനുമതി നൽകിക്കഴിഞ്ഞു.

2016-17-ൽ 4.3 കോടി രൂപയുടെ റാബീസ് വാക്സിനാണ് ആവശ്യമുണ്ടായിരുന്നത്. നാളിതുവരെ 2.3 കോടി രൂപ മൂല്യമുള്ള മരുന്നുകൾ ആശുപത്രികൾക്ക് നൽകി കഴിഞ്ഞു. ഇതിനുപുറമേ 65 ലക്ഷം രൂപ മൂല്യമുള്ള മരുന്നുകൾ കോർപ്പറേഷൻ സംഭരണശാലകളിൽ ലഭ്യമാണ്. ടി ഇനത്തിന് 31 ലക്ഷം രൂപയുടെ തുടർ വിതരണാനുമതി ഇപ്പോൾത്തന്നെ നൽകിയിട്ടുണ്ട്.

പേവിഷ പ്രതിരോധ പദ്ധതി ഊർജ്ജിതമാക്കുന്നതിന് പ്ലാനിംഗ് ബോർഡിൽ നിന്നും ആന്റി റാബീസ് ക്യാംപയിന്റെ ഭാഗമായി ലഭിച്ച 5 കോടി രൂപ മൂല്യംവരുന്ന പേവിഷ പ്രതിരോധ മരുന്നുകളുടെ അധിക സംഭരണത്തിനായുള്ള നടപടി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ആരംഭിച്ചുകഴിഞ്ഞു.

(സി) ആരോഗ്യ വകുപ്പിന്റെ കീഴിൽ വാക്സിൻ നിർമ്മാണത്തിനുള്ള പദ്ധതികളൊന്നും പരിഗണനയിലില്ല. എന്നാൽ മൃഗങ്ങൾക്കുവേണ്ടിയുള്ള വാക്സിൻ മൃഗസംരക്ഷണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽ എന്ന സ്ഥാപനം മുഖേന നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ ആശുപത്രികളിലും പേവിഷ ബാധയുടെ രോഗനിർണ്ണയത്തിനുള്ള സംവിധാനങ്ങൾ നിലവിലില്ല. മൃഗസംരക്ഷണ വകുപ്പിന്റെ പാലോട് പ്രവർത്തിക്കുന്ന ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസിലും തിരുവല്ലയിലെ റീജിയണൽ ലബോറട്ടറിയിലും കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രത്തിലും മൃഗങ്ങളിലെ പേവിഷബാധ നിർണ്ണയത്തിനുള്ള സൗകര്യം ലഭ്യമാണ്. ഇതുകൂടാതെ പാലക്കാടും കണ്ണൂരുമുള്ള ലബോറട്ടറികളിൽ ഇതിനുള്ള സൗകര്യം ഒരുക്കി വരുന്നുണ്ട്.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, മുൻകരുതൽ എന്ന നിലയിൽ വളർത്തുനായ്ക്കൾക്ക് പ്രതിരോധ വാക്സിൻ നൽകുന്നുണ്ട്. കേരളത്തിലെ ജനങ്ങൾക്ക് മുഴുവൻ പ്രതിരോധ വാക്സിൻ എടുക്കേണ്ട അവസ്ഥയാണ് ഇപ്പോഴുള്ളത്. കടലുണ്ടി പഞ്ചായത്തിൽ മണ്ണൂർ എന്ന സ്ഥലത്ത് നാടോടികൾ താമസിക്കുന്ന പ്രദേശത്ത് ലക്ഷ്മി എന്ന സ്ത്രീയെ നായ കടിച്ചു. ആ സ്ത്രീ പേ ഇളകി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽവച്ച് മരണമടഞ്ഞു. അനാഥമായ ആ കുടുംബത്തെ സഹായിക്കാനുള്ള എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇതുസംബന്ധിച്ച് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, തെരുവുനായ്ക്കളുടെ ശല്യം കാരണം മനുഷ്യർ ഇന്ന് വളരെ ബുദ്ധിമുട്ടനുഭവിച്ചുകൊണ്ടിരിക്കുകയാണ്. നിയമപ്രകാരമുള്ള എ.ബി.സി. പദ്ധതി എന്നുപറഞ്ഞിട്ടൊന്നും കാര്യമില്ല. തെരുവുനായ്ക്കളുടെ ശല്യത്തിൽ നിന്നും മനുഷ്യരെ രക്ഷിക്കാൻ ശക്തമായ നിലപാടെടുക്കാനോ ചർച്ച നടത്തി പുതിയ സംവിധാനം ഏർപ്പെടുത്താനോ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മൃഗസംരക്ഷണം, ആരോഗ്യം തുടങ്ങിയ വകുപ്പുകളിലെ മേധാവികളെ വിളിച്ച് ചർച്ച ചെയ്ത് ഘട്ടംഘട്ടമായി നടത്തേണ്ട പദ്ധതികളെക്കുറിച്ച് തീരുമാനങ്ങളെടുക്കുകയുണ്ടായി. വന്ധ്യംകരണം നടത്തിക്കൊണ്ട് അവയുടെ എണ്ണം വർദ്ധിക്കാതിരിക്കാനുള്ള നല്ലൊരു പ്ലാൻ തയ്യാറാക്കി സർക്കാർ മുന്നോട്ടു പോകുകയാണ്.

ശ്രീ. ഐ. ബി. സതീഷിനുവേണ്ടി ശ്രീ. ബി. സത്യൻ : സർ, സംസ്ഥാനത്ത് ഏകദേശം ഇരുപതിനായിരംപേർ പേവിഷ ബാധയേറ്റ് മരിക്കുന്നുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്. 2015-ൽതന്നെ മരിച്ചവരുടെയും കടിയേറ്റവരുടെയും എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മൂന്നുലക്ഷം പേർക്ക് നായ്ക്കളുടെ കടിയേറ്റിട്ടുണ്ടെന്നാണ് ജസ്റ്റിസ് സിരിഗജൻ കമ്മീഷൻ മുമ്പാകെ ലഭിച്ച വിവരങ്ങളിൽ കാണുന്നത്. 'ഗോഡ്സ് ഓൺ കൺട്രി' എന്നറിയപ്പെട്ടിരുന്ന നമ്മുടെ നാട് ഇന്ന് 'ഡോഗ്സ് ഓൺ കൺട്രി' എന്ന രീതിയിലേയ്ക്ക് മാറിയിരിക്കുകയാണ്. ജസ്റ്റിസ് സിരിഗജൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം ഏതാണ്ട് 2.5 ലക്ഷം തെരുവുനായ്ക്കളുണ്ടെന്നാണ് കണക്ക്. നായ്ക്കളെ വന്ധ്യംകരിക്കുന്നതിനും മറ്റ് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ പഞ്ചായത്തിനെ ഏൽപ്പിച്ചിരിക്കുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. ഇതിനാവശ്യമായ ഡോക്ടർമാരുടേയും അനുബന്ധ സൗകര്യങ്ങളുടേയും മരുന്നിന്റെ ലഭ്യതയിലുമൊക്കെ വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. നായയെ വളർത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സമഗ്രമായ ഒരു നയം രൂപീകരിക്കുന്നതിന് മുൻകയ്യെടുക്കുമോ എന്നതാണ് എന്റെ ചോദ്യം?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, തദ്ദേശസ്വയംഭരണം, മൃഗസംരക്ഷണം, ആരോഗ്യം എന്നീ വകുപ്പുകൾ ചേർന്ന് നടത്തുന്ന പ്രവർത്തനമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. തെരുവുനായ്ക്കളുടെ എണ്ണം കുറയ്ക്കുന്നതിനുള്ള പ്രായോഗിക പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ തന്നെയാണ് നടക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി അതിനെക്കുറിച്ച് എന്തെങ്കിലും പ്രത്യേകമായി പറയുമോ എന്നെനിക്കറിയില്ല. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽക്കയ്യോടെ നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുന്നുണ്ടെന്നുള്ളതാണ് വസ്തുത.

ശ്രീ. ആന്റണി ജോണിനുവേണ്ടി ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കേരളത്തിൽ ഒരുവർഷം ഏതാണ്ട് 19.34 കോടി രൂപയോളം പേവിഷ നിർമ്മാർജ്ജനത്തിനുവേണ്ടി ചെലവഴിക്കപ്പെടുന്നുവെന്നാണ് ഒരു പത്ര റിപ്പോർട്ടിൽ കാണാൻ കഴിഞ്ഞത്. 'പേവിഷ വിമുക്ത കേരളം' എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കുകയുണ്ടായി. അതിൽ ഒന്നാംഘട്ടം എത്രകണ്ട് വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞുവെന്നും എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്നും പേവിഷ നിർണ്ണയ ലബോറട്ടറികൾ എവിടെയൊക്കെ യാണുള്ളതെന്നത് സംബന്ധിച്ചും പറഞ്ഞിട്ടുണ്ട്. എല്ലാ ജില്ലകളിലും പേവിഷബാധ നിർണ്ണയ ലബോറട്ടറികൾ സ്ഥാപിക്കുന്നതിനുള്ള നടപടി രണ്ടാംഘട്ടത്തിന്റെ ഭാഗമായി ഉണ്ടാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇതിൽ വളരെ ഭീകരമായ അവസ്ഥ കണ്ടുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മീറ്റിംഗ് വിളിച്ചുചേർത്ത് തീരുമാനങ്ങളെടുത്തത്. ഒരു മാസമായി അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയാണ്. കണക്കുകൾ ശേഖരിച്ചശേഷം അതിന്റെ ഫലം എന്താണെന്ന് പറയാം. എന്തായാലും പ്രവർത്തനം നടക്കുന്നുണ്ട്. വരുന്ന രണ്ടോ മൂന്നോ വർഷത്തിനുള്ളിൽ തെരുവുനായ്ക്കളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാക്കാൻ കഴിയുന്ന രീതിയിലുള്ള സമീപനം സ്വീകരിച്ചിട്ടുണ്ട്. വളർത്തുനായ്ക്കൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക, പ്രതിരോധ കുത്തിവയ്പ് നൽകുക തുടങ്ങി നിരവധി പദ്ധതികൾ നടത്തിവരികയാണ്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഇന്ന് കേരളത്തിൽ സർക്കാർ മേഖലയിൽ പേവിഷ വാക്സിന്റെ നിർമ്മാണം നടക്കുന്നില്ല. ഇതിനായി കോടിക്കണക്കിന് രൂപയാണ് പ്രതിവർഷം അന്യസംസ്ഥാനങ്ങളിലേക്കും സ്വകാര്യ കമ്പനികളിലേക്കും ഖജനാവിൽനിന്ന് ഒഴുകിക്കൊണ്ടിരിക്കുന്നത്. മൃഗസംരക്ഷണ വകുപ്പിന്റെ ചുമതലയിലുള്ള പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പേവിഷ പ്രതിരോധ വാക്സിൻ ഉല്പാദനത്തിനാവശ്യമായ നടപടികൾ ഗവൺമെന്റ് കൈക്കൊണ്ടു വരികയാണ്. ഗവൺമെന്റ് ആ പദ്ധതി ഫ്ലാഗ്ഷിപ്പ് പദ്ധതിയായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എം. നൗഷാദ്: സർ, തെരുവുനായ്ക്കളുടെ ശല്യം കാരണം ജനങ്ങൾക്ക് പുറത്തിറങ്ങി നടക്കാൻ കഴിയാത്ത അവസ്ഥയെ സംബന്ധിച്ച് നമ്മളെല്ലാവരും ചർച്ച ചെയ്യുന്നു, തീരുമാനങ്ങളെടുക്കുന്നു. പക്ഷേ പ്രായോഗികമായി ഒന്നും നടപ്പിലാക്കാൻ കഴിയുന്നില്ല. ഇത് ശാശ്വതമായി പരിഹരിക്കുന്നതിനുള്ള ഒരു പ്രധാനമാർഗ്ഗം ABC പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുക എന്നതാണ്. ABC പ്രോഗ്രാം നടപ്പിലാക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതികൾക്ക് അംഗീകാരം നൽകില്ല എന്ന കടുത്ത തീരുമാനമെടുത്താൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുറച്ചുകൂടി ഇക്കാര്യത്തിൽ ശ്രദ്ധപതിപ്പിക്കും. അത്തരത്തിലുള്ള ഒരു

തീരുമാനം ഉണ്ടാകണമെന്നുള്ളത് ഒരു അഭ്യർത്ഥനയാണ്. നായയുടെ കടിയേറ്റവർക്ക് ചികിത്സയ്ക്ക് നാല്പതിനായിരം രൂപ ചെലവുവരും. കടിയേറ്റാൽ പിന്നീട് കുറച്ചുദിവസം അവർക്ക് ജോലിക്ക് പോകാൻ കഴിയാത്ത അവസ്ഥയുണ്ടാകും. അതുകൊണ്ട് നായയുടെ കടിയേറ്റവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, നായയുടെ കടിയേറ്റവർ ചെലവും സർട്ടിഫിക്കറ്റും ഹാജരാക്കിയാൽ ചികിത്സാ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകുന്നുണ്ട്. പ്രത്യേക ധനസഹായ പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്ത് ആലോചിക്കാവുന്നതാണ്. ഇപ്പോൾ നായയുടെ കടിയേറ്റവർക്ക് ചികിത്സാ ധനസഹായം നൽകിവരുന്നുണ്ട്. മറ്റുള്ള കാര്യങ്ങൾക്കെല്ലാം ഞാൻ ആദ്യംതന്നെ മറുപടി പറഞ്ഞതാണ്. ABC പ്രവർത്തനത്തിന് ആവശ്യമായ നടപടി സ്വീകരിച്ച് മുന്നോട്ടുപോകുന്നുണ്ട്. തെരുവുനായ്ക്കളുടെ എണ്ണം കുറയ്ക്കാൻ കഴിയുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. വാക്സിൻ ലഭ്യമാകുന്ന കാര്യം പറഞ്ഞു. ഇപ്പോൾ ആശുപത്രികളിൽ വാക്സിൻ ലഭ്യമല്ലാത്ത അവസ്ഥയില്ല. എവിടെയെങ്കിലും ഷോർട്ടേജ് കണ്ടാൽ വളരെ പെട്ടെന്ന് വാക്സിൻ എത്തിക്കുന്നതിനും അടിയന്തരമായി ചികിത്സ ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നാണ് അറിയിക്കാനുള്ളത്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഇവിടെ എല്ലാവരും പേവിഷബാധയെപ്പറ്റിയാണ് പറയുന്നത്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉൾപ്പെടെ ശ്രദ്ധ ക്ഷണിക്കുകയാണ്. 2.5 ലക്ഷം തെരുവുനായ്ക്കളുണ്ട്. ആകെ 3000 തെരുവുനായ്ക്കൾക്കാണ് വന്ധ്യംകരണം നടത്തിയിട്ടുള്ളത്. വളരെയധികം ജനസാന്ദ്രതയുള്ള സംസ്ഥാനത്ത് ഇതുപോലുള്ള ഷെൽട്ടറുകൾവച്ച് വന്ധ്യംകരണ പ്രവർത്തനങ്ങൾ നടക്കുകയില്ല. നായ്ക്കൾക്ക് വന്ധ്യംകരണം നടത്തിയതുകൊണ്ട് രക്ഷയില്ല, ശാശ്വതമായ പരിഹാരം ഉണ്ടാകണം. കേന്ദ്രത്തിൽ ഒരു മന്ത്രിയുണ്ട്. ആ മന്ത്രി സ്ത്രീകളുടെയും കുട്ടികളുടെയും കാര്യം ശ്രദ്ധിക്കണം. അവർക്ക് പട്ടിയുടെയും പൂച്ചയുടെയും കാര്യം മാത്രം നോക്കുന്ന പണിയാണുള്ളത്. സി.പി.ഐ.(എം.)-നെപ്പോലുള്ള ഒരു പാർട്ടി പ്രായോഗിക സമീപനത്തിന്റെ പാർട്ടിയാണല്ലോ; അതുകൊണ്ട് ഈ കാര്യത്തിൽ പ്രായോഗികമായ ഒരു സമീപനമുണ്ടാകണം. നമ്മുടെ ഒരു കുട്ടിയെ കടിക്കുന്ന നായയെ തല്ലിക്കൊല്ലില്ലേ; അതിനൊക്കെ കേസെടുക്കാൻ നടന്നാൽ ശരിയാകുമോ; അതിനൊക്കെ മീഡിയകളും സഹകരിക്കണം. അവനവന്റെ കുട്ടിക്ക് എന്തെങ്കിലും സംഭവിച്ചാലേ അതിന്റെ ദോഷം അറിയാൻ സാധിക്കൂ. പേവിഷബാധയും മറ്റും പറഞ്ഞിട്ടൊന്നും കാര്യമില്ല. ഇതിനൊരു ശാശ്വത പരിഹാരം വേണമെന്നാണ് ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രിയോടും മൃഗസംരക്ഷണ വകുപ്പുമന്ത്രിയോടും ഗവൺമെന്റിനോടും എനിക്ക് പറയാനുള്ളത്. കുറച്ചൊക്കെ കണ്ണടയ്ക്കുകയും നായ്ക്കളെ കൊല്ലുകയും വേണം. അല്ലാതെ ഒന്നും നടക്കുകയില്ല. എല്ലാത്തിനും നിയമവും വകുപ്പും പറയേണ്ട. പേവിഷബാധയുടെ പേരുപറഞ്ഞ് ആവശ്യമില്ലാത്ത മരുന്ന് മുഴുവൻ വാങ്ങിക്കൂട്ടി മരുന്ന് മാഫിയയ്ക്ക് സഹായം നൽകുകയാണ്. 20 കോടി രൂപയുടെ മരുന്നാണ് കഴിഞ്ഞ പ്രാവശ്യം

മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വാങ്ങിയത്. ഇത് ഞാൻ പറഞ്ഞതല്ല, അതിന്റെ ചെയർമാൻ പറഞ്ഞതാണ്. അതുകൊണ്ട് തെരുവുനായ പ്രശ്നത്തിന് അടിയന്തര പരിഹാരം ഉണ്ടാകണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, രണ്ടുമൂന്ന് മന്ത്രിമാരോട് ഒരുമിച്ചാണ് ബഹുമാനപ്പെട്ട എം.എൽ.എ. ചോദ്യം ചോദിച്ചിട്ടുള്ളത്. വിഷയം നമുക്കെല്ലാവർക്കും ഒരുപോലെ ഉത്കണ്ഠ ഉളവാക്കുന്നതായതിനാൽ അടിയന്തര നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. അക്രമാസക്തരായ മൃഗങ്ങളെ കൊല്ലുന്നതിന് നിയമപരമായി തടസ്സമില്ല. എന്നാൽ ഇന്ന് നിലനിൽക്കുന്ന നിയമങ്ങളുടെ അടിസ്ഥാനത്തിൽ നായ്ക്കളെയാകെ കൊല്ലുക എന്നൊരു ഉത്തരവ് പുറപ്പെടുവിക്കാൻ ബുദ്ധിമുട്ടുണ്ട്. അക്രമാസക്തമായി കൂട്ടംകൂടി നിൽക്കുന്ന നായ്ക്കളെ ഇല്ലാതാക്കാനുള്ള സമീപനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിയമത്തിനകത്ത് നിന്നുകൊണ്ടുതന്നെ സ്വീകരിക്കാൻ സാധിക്കും. ഭാവിയിൽ നായ്ക്കളുടെ എണ്ണം വർദ്ധിക്കാതിരിക്കാനുള്ള നടപടിക്കാണ് ഊന്നൽ നൽകേണ്ടത്. അതിനാവശ്യമായ നടപടിക്രമങ്ങളാണ് സർക്കാർ ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനും പേവിഷബാധയ്ക്കെതിരെയും ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളെല്ലാം ശ്ലാഘനീയമാണ്. എന്നാൽ ഇതൊന്നും പാലിക്കാതെ ശ്രീ. ബോബി ചെമ്മണ്ണൂർ ചീപ്പ് പോപ്പുലാരിറ്റിക്കുവേണ്ടി ജില്ലയ്ക്ക് പുറത്തുള്ള നായ്ക്കളെ പിടിച്ചുകൊണ്ടുവന്ന് കൽപ്പറ്റ നഗരസഭയിൽ അദ്ദേഹത്തിന്റെ സ്ഥലത്ത് പാർപ്പിക്കുകയാണ്. ഒരു നിയമവും പാലിക്കുന്നില്ല. ഇതിന് ഉന്നത പോലീസ് ഉദ്യോഗസ്ഥരും കൂട്ടുനിൽക്കുകയാണ്. കളക്ടറിലും സമ്മർദ്ദം ചെലുത്തുകയാണ്. ഈ നടപടി ശരിയല്ല. വെറ്ററിനറി ഡോക്ടർമാർ വന്ന് പരിശോധിച്ചപ്പോൾ ആവശ്യത്തിന് വെള്ളവും മറ്റ് സൗകര്യങ്ങളൊന്നുമില്ലെന്നാണ് പറഞ്ഞത്. ശ്രീ. ബോബി ചെമ്മണ്ണൂർ തികച്ചും നിയമവിരുദ്ധമായാണ് നായ്ക്കളെ താമസിപ്പിച്ചിരിക്കുന്നത്. അദ്ദേഹത്തിനെതിരെ ആവശ്യമായ നിയമനടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, നിയമത്തെ അടിസ്ഥാനമാക്കി മാത്രമേ മൃഗസംരക്ഷകർക്ക് അത്തരത്തിലുള്ള ക്യാമ്പുകളൊക്കെ നടത്താൻ സാധിക്കുകയുള്ളൂ. ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം. കർശനമായി പരിശോധന നടത്തി ആവശ്യമായ എല്ലാ ചട്ടങ്ങളും പാലിക്കുന്നവർക്ക് മാത്രമേ രജിസ്ട്രേഷൻ കൊടുക്കാൻ പാടുള്ളുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. എല്ലാ നിയമങ്ങളും പാലിച്ചുകൊണ്ടുമാത്രമേ ഇത്തരം ക്യാമ്പുകൾ ആരംഭിക്കാവൂ. എന്നാൽ മൃഗസംരക്ഷണ ക്യാമ്പ് ആരംഭിക്കേണ്ടതില്ലെന്ന് പറയാൻ സർക്കാരിന് സാധിക്കില്ല. നിയമപരമായ കാര്യങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നായ്ക്കളെ കൊല്ലാനും പാടില്ല, അവയെ പിടിക്കാനും പാടില്ല എന്ന നിലപാട് സ്വീകരിക്കാൻ നമുക്ക് സാധിക്കില്ല. ആരെങ്കിലും മുന്നോട്ടുവന്ന് അവയെ പിടിച്ച് സ്വന്തം സ്ഥലത്ത് സൂക്ഷിക്കുന്നുണ്ടെങ്കിൽ അതിനെ പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. അത് ശരിയല്ലെന്ന സമീപനമെടുക്കാൻ പറ്റില്ല. അതേസമയം ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ അവയ്ക്ക് സംരക്ഷണം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. അതിന് അവിടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനവും മറ്റും ആവശ്യമായ സഹായമൊരുക്കണം. ആരെങ്കിലും നായ്ക്കളെ പിടിക്കാൻ തയ്യാറാകുന്നുണ്ടെങ്കിൽ അതിനെ പ്രോത്സാഹിപ്പിക്കുന്ന സമീപനം തന്നെ സ്വീകരിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, തെരുവുനായ്ക്കളുടെ എണ്ണത്തെ സംബന്ധിച്ച് കൃത്യമായ കണക്കുണ്ടെന്ന് തോന്നുന്നില്ല. 2.5 ലക്ഷം എന്നുള്ള നിലയിലാണ് വാർത്ത. പക്ഷെ ഒരു നായ പ്രസവിക്കുന്നത് ആറും ഏഴും കുട്ടികളെയാണ്. അത് ഇരട്ടിച്ചുകൊണ്ടേയിരിക്കും. ഏതെങ്കിലും ഒരു ഒഴിഞ്ഞ സ്ഥലത്ത് ഡോഗ് ക്ലിനിക്കോ, അവയെ സംരക്ഷിക്കുന്നതിനു വിപുലമായ മറ്റെന്തെങ്കിലും പദ്ധതിയോ ഗവൺമെന്റ് നടപ്പാക്കണം. അല്ലെങ്കിൽ പത്തുവർഷം കഴിയുമ്പോൾ കേരളത്തിൽ ഭീകരമായ ഒരു പ്രശ്നമായി ഇത് മാറും. ഇപ്പോൾത്തന്നെ നമുക്ക് നിയന്ത്രിക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്. ഇത്തരം വിപുലമായ പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നതിനെ കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ; പേവിഷബാധയ്ക്കുള്ള മരുന്ന് കൊടുക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. പക്ഷെ അത് തികയാത്ത സാഹചര്യമാണുള്ളത്. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ പേവിഷബാധയ്ക്കുള്ള മരുന്നിന്റെ അപര്യാപ്തതയെ കുറിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, മൃഗസംരക്ഷകർ നടത്തുന്ന നിരവധി ക്യാമ്പുകൾ പല ഭാഗങ്ങളിലായി പ്രവർത്തിക്കുന്നുണ്ട്. നിയമപരമായി അത്തരം ക്യാമ്പുകൾ നടത്തുന്നതിനെ പ്രോത്സാഹിപ്പിക്കാമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ പറഞ്ഞത്. ഗവൺമെന്റ് പ്രത്യേകിച്ച് ഒരു ക്യാമ്പ് നടത്തേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. വർഷങ്ങളായി ഇത്തരത്തിലൊരു സമീപനം ABC അടക്കം തീരുമാനിച്ച് ഫലപ്രദമായി നടപ്പാക്കിയിരുന്നെങ്കിൽ നായ്ക്കൾ ഇങ്ങനെ പെരുകുമായിരുന്നില്ല. വൈകിയാണെങ്കിലും നമ്മൾ കർശനമായ നടപടിയിലേക്ക് കടന്നിരിക്കുകയാണ്. അതുകൊണ്ട് വരുംവർഷങ്ങളിൽ അവയുടെ എണ്ണം നന്നായി കുറയുമെന്നുതന്നെയാണ് കരുതുന്നത്. എല്ലാ വാക്സിനുകളും പ്രൈമറി ഹെൽത്ത് സെന്ററുകളിൽ സൂക്ഷിക്കാൻ കഴിയില്ല. ആന്റി റാബീസ് സിറം ജില്ലാ ആശുപത്രികളിൽ മാത്രമേ സൂക്ഷിക്കാൻ കഴിയൂ. ഗുരുതരമായി കടിയേല്ക്കുന്നവർക്ക് പ്രൈമറി ഹെൽത്ത് സെന്ററിൽ വച്ച് ട്രീറ്റ്മെന്റ് കൊടുക്കുന്നത് ഉചിതമല്ല. അത്യാവശ്യമുള്ള വാക്സിനുകൾ പ്രൈമറി

ഹെൽത്ത് സെന്ററിൽ എത്തിക്കുന്നുണ്ട്. എവിടെയെങ്കിലും പോരായ്മയുണ്ടെന്ന് ചൂണ്ടിക്കാണിക്കുമ്പോൾത്തന്നെ അത് പരിഹരിക്കുന്നുണ്ട്. ഇതുവരെ ഗുരുതരമായ മരുന്നുക്ഷാമം ഈ സീസണിൽ എവിടെയും ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, നായ്ക്കളെ പിടിച്ച് സ്റ്റെറിലൈസ് ചെയ്ത് സൂക്ഷിക്കാനുള്ള സംവിധാനം വിവിധ സ്ഥലങ്ങളിൽ ഇപ്പോൾത്തന്നെ ഒരുക്കിയിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതാണ് യോഗം ചേർന്ന് തീരുമാനിച്ചത്. എന്നാൽ അത് ഉദ്ദേശിച്ചത്ര വിപുലമായി നടന്നിട്ടില്ല, നടന്നുകൊണ്ടിരിക്കുകയാണ്. അത് ശക്തിപ്പെടുത്താൻ നമുക്ക് കഴിയണം. അതിന് ചില പ്രത്യേക സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അതുതന്നെയാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, തെരുവുനായ്ക്കളുടെ വന്ധ്യംകരണം കൊണ്ടുമാത്രം ഈ പ്രശ്നം പരിഹരിക്കുമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ; തീർച്ചയായും നമ്മുടെ സമീപനത്തിൽ മാറ്റംവരുത്തേണ്ടതുണ്ട്. നായ്ക്കൾ തെരുവിൽ അലയുകയും കൂടുതൽ അക്രമകാരികളാകുകയും ചെയ്യുന്ന പൊതുസമീപനമാണ് നിലവിലുള്ളത്. അവയെ സംരക്ഷിക്കാൻ വേണ്ട നടപടികൂടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ എന്നാണ് അറിയേണ്ടത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇപ്പോൾ എടുത്തിട്ടുള്ള തീരുമാനങ്ങളുടെ ഭാഗമായി നായ്ക്കളെ പിടികൂടി സ്റ്റെറിലൈസ് ചെയ്ത് സംരക്ഷിക്കുന്നതിന് 152 ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഡോഗ് ഷെൽട്ടറുകൾ സ്ഥാപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. അവയെ സ്റ്റെറിലൈസ് ചെയ്ത് പുറത്തേയ്ക്കുവിടുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കഴുത്തിലോ അതിന് മുകളിലോ പേവിഷബാധയേറ്റ മൃഗങ്ങളുടെ കടിയേൽക്കുന്നവർക്ക് ഇപ്പോൾ നൽകിവരുന്ന വാക്സിൻ വേണ്ടത്ര ഫലപ്രദമല്ലെന്നും ഭാവിയിൽ അതു വലിയ പ്രശ്നങ്ങളുണ്ടാക്കുമെന്നുമുള്ള ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരുടെ നിഗമനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ലോകത്തുതന്നെ രണ്ടുതരം വാക്സിനുകളാണ് ഇതിന് ലഭ്യമായിട്ടുള്ളത്. ഇക്യൂൻ ആന്റീ റാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ വാക്സിനാണ് ഇപ്പോൾ ഗവൺമെന്റ് ആശുപത്രികളിൽ കൊടുക്കുന്നത്. മറ്റൊരു വാക്സിനുള്ളത് വളരെ വില കൂടിയതാണ്. അത് കൂടുതൽ ഫലപ്രദമാണെന്ന് നമുക്ക് തെളിയിക്കാം. പക്ഷേ ഞാൻ ആദ്യംപറഞ്ഞ വാക്സിൻ ചിലർക്ക് അലർജിക്കായി മാറുന്ന സമയത്ത് ഈ വിലകൂടിയ വാക്സിൻ ഉപയോഗിക്കേണ്ടിവരും. ഒരു യൂണിറ്റിന് വലിയ വിലയാണ്. മറ്റുതരത്തിലുള്ള, കൂടുതൽ ഫലപ്രദമായ മരുന്നുകൾ ഇപ്പോൾ ലഭ്യമല്ല. ലഭ്യമായ മരുന്നുകൾ ഉപയോഗിച്ചാണ് ഇപ്പോൾ ചികിത്സ നടത്തുന്നത്.

ശ്രീ. സി. കെ. നാണു: സർ, രണ്ടുതരത്തിലാണ് ഇഞ്ചക്ഷനെടുക്കുന്നത്. നാടൻ നായ്ക്കൾ കടിക്കാതെ ശരീരത്ത് തട്ടിയാൽ ഡോക്ടർ ഇഞ്ചക്ട് ചെയ്യാൻ പറയും. വടകരയിൽ ജില്ലാ ആശുപത്രി ഉണ്ടെങ്കിലും ആദ്യത്തെ ഇഞ്ചക്ഷന് കോഴിക്കോട് മെഡിക്കൽ കോളേജിൽ പോകണം. പിന്നീടുള്ള ഇഞ്ചക്ഷനാണ് ജില്ലാ ആശുപത്രിയിലും മറ്റുമുള്ളത്. വടകരയിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിലൊക്കെ രാത്രിയായാൽ വലിയ വടിയുമായിട്ടാണ് ആളുകൾ വഴിനടക്കുന്നത്. അവർ ഭയപ്പാടിലാണ്. തെരുവുനായ്ക്കളെ ആരെങ്കിലും കൊന്നാൽ അത് ചാനലിൽ വരികയും അവരുടെ പേരിൽ നടപടി സ്വീകരിക്കുകയുമാണ് പതിവ്. തെരുവുനായ്ക്കളെ തെരുവിൽനിന്ന് മാറ്റിനിർത്താനുള്ള സംവിധാനമെന്താണ്; ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ ജില്ലകളിലുള്ള തെരുവുനായ്ക്കളെ താൽക്കാലികമായി മാറ്റിത്താമസിപ്പിക്കാൻ പറ്റുന്ന, അവയെ ജീവനോടെ നിലനിർത്താൻ സാധിക്കുന്ന ഒരു സംവിധാനം വേണം. അതിനുശേഷം അവയെ എന്തു ചെയ്യണമെന്ന് ആലോചിക്കാം. അല്ലെങ്കിൽ കോടിക്കണക്കിന് രൂപ വാക്സിനുവേണ്ടി സർക്കാരിന് ചെലവഴിക്കേണ്ടിവരും. ജനങ്ങൾ ഭീതിയിലാണ്. ഇതിനെല്ലാം പരിഹാരമുണ്ടാകണമെങ്കിൽ ജില്ലകൾതോറും അടിയന്തരമായി ഈ സംവിധാനമുണ്ടാകണം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, പേവിഷബാധയുള്ള നായ് കടിച്ചാൽ ദിവസങ്ങൾ കഴിഞ്ഞാണ് രോഗലക്ഷണം പ്രത്യക്ഷപ്പെടുന്നത്. അതുകൊണ്ട് കടിയേറ്റ എല്ലാവർക്കും മുൻകരുതലെന്ന നിലയിൽ വാക്സിൻ നൽകുക എന്ന സമീപനമാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ നായ്ക്കളെ പിടികൂടി സ്റ്റെറിലൈസ് ചെയ്ത് സ്ഥിരമായി ഒരിടത്ത് പാർപ്പിക്കാൻ കഴിയില്ല. പക്ഷേ അവയെ വിട്ടാൽ വീണ്ടും തെരുവിലേക്ക് ഇറങ്ങും. എന്തായാലും ഇന്നുള്ള ഭീകരാവസ്ഥയ്ക്ക് പരിഹാരമുണ്ടാകുമെന്നതന്നെയാണ് പറയാനുള്ളത്.

മി. സ്പീക്കർ: നായ്ക്കളുമായി ബന്ധപ്പെട്ട വിഷയമായതുകൊണ്ടാണ് ഇത്രയും സമയമെടുത്തത്. 22 മിനിട്ടായി. ചോദ്യം *302-മായി ചോദ്യം *316 ക്ലബ് ചെയ്യണമെന്നാവശ്യപ്പെട്ട് ഒരു നോട്ടീസ് ലഭിച്ചിട്ടുണ്ട്. പക്ഷേ ചോദ്യങ്ങളും ഉത്തരങ്ങളും വ്യത്യസ്തമായതുകൊണ്ട് അത് അനുവദിക്കുന്നില്ല. ചോദ്യം നമ്പർ *302....

**ദൃശ്യമാധ്യമങ്ങളിൽ മരുന്നുകളുടെ പരസ്യം**

2 (*302) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അനിൽ അക്കര:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ ദൃശ്യമാധ്യമങ്ങളിൽ മരുന്നുകളുടെ പരസ്യം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡ്രഗ്സ് ആന്റ് മാജിക്കൽ റെമഡീസ് ആക്ടിന് വിരുദ്ധമായ ഇത്തരം പരസ്യങ്ങൾക്ക് എതിരെ നടപടി സ്വീകരിക്കുവാൻ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന് കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം മാത്രം ഉപയോഗിക്കുവാൻ കഴിയുന്ന മരുന്നുകൾ, പരസ്യം വഴി വിൽക്കുന്ന ഔഷധ നിർമ്മാതാക്കൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡ്രഗ്സ് കൺട്രോൾ വിഭാഗം ഡ്രഗ്സ് ആന്റ് മാജിക്കൽ റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെന്റ്) ആക്ടിന് വിരുദ്ധമായ പരസ്യങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചുവരികയാണ്. ആയുർവ്വേദ മരുന്നുകളുടെ പരസ്യങ്ങളാണ് കൂടുതൽ ദൃശ്യമാധ്യമങ്ങളിൽ കണ്ടുവരുന്നത്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂളിലെ ഷെഡ്യൂൾ (ജെ) ആയുർവ്വേദ മരുന്നുകൾക്ക് ബാധകമല്ല. ആയുർവ്വേദ മരുന്നുകളുടെ പരസ്യം നിയന്ത്രിക്കുന്നതിന് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾ ഭേദഗതി ചെയ്യുന്നതിന് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് പരസ്യങ്ങൾക്കെതിരെ കൂടുതൽ നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്.

(സി) നടപടി സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് ഇതുവരെ 147 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പ്രമേഹം, കൊളസ്ട്രോൾ, രക്തസമ്മർദ്ദം, അമിതവണ്ണം എന്നീ രോഗങ്ങൾ മാറ്റുന്നതിനുള്ള പരസ്യം നൽകിവരുന്ന കമ്പനികളെ നിയന്ത്രിക്കുന്നതിനും ഇവരുടെ മരുന്നുകൾ ഗുണനിലവാരം ഉള്ളതാണോ എന്ന് പരിശോധിക്കുന്നതിനും ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇത്തരത്തിലുള്ള ചില പരസ്യങ്ങൾ നിരോധിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. ചിലതിൽ നിയമനടപടികൾ സ്വീകരിച്ചുവരികയാണ്. ആയുർവ്വേദ മരുന്നുകൾക്ക് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂളിലെ ഷെഡ്യൂൾ (ജെ) ബാധകമല്ല എന്നതിനാൽ സെൻട്രൽ ആക്ടിൽ ഭേദഗതി വരുത്തുന്നതിന് കരട് വിജ്ഞാപനം പുറപ്പെടുവിച്ചതായി ഞാൻ പറയുകയുണ്ടായി. അതുവരുമ്പോൾ ഇത്തരത്തിലുള്ള പരസ്യങ്ങളെ കുറേക്കൂടി നിയന്ത്രിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. ഇപ്പോൾ നിലവിലുള്ള നിയമത്തിന്റെ പരിധിയിൽ

നിന്നുകൊണ്ട് ഈ കാര്യങ്ങളിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതേ ചോദ്യത്തിന് കഴിഞ്ഞ സഭയിൽ വളരെ വിശദമായി ഞാൻ ഉത്തരം പറഞ്ഞതാണ്. ഒരേ ചോദ്യംതന്നെ തൊട്ടടുത്ത സഭയിലും അതേപടി വന്നിരിക്കുകയാണ്. അതേ ഉത്തരംതന്നെ പറയുകയാണ്.

മി. സ്പീക്കർ: അത് പരിശോധിക്കാം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഇത്തരം പരസ്യങ്ങൾവഴി ഒട്ടനവധി രോഗികൾ വഞ്ചിതരാകുന്നുണ്ട്. അവർക്ക് നിയമസഹായം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇത് ആരോഗ്യ വകുപ്പുമായി നേരിട്ട് ബന്ധപ്പെട്ടതല്ല. സാധാരണയായി ഇത്തരം കാര്യങ്ങൾ ഉപഭോക്തൃ കോടതിയുടെ മുമ്പിലാണ് വരാറുള്ളത്. ആരോഗ്യ വകുപ്പിൽ ഇത്തരത്തിലുള്ള പരാതി വന്നാൽ പരിശോധിച്ച് നടപടി സ്വീകരിക്കാം. ഇപ്പോൾ ഇത്തരം പരസ്യം കൊടുക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. അനിൽ അക്കര: സർ, മരുന്നുകമ്പനികളുടെ പരസ്യങ്ങൾ പഴയ കാലങ്ങളിൽനിന്നും വ്യത്യസ്തമായി വളരെ രസകരമായ രീതിയിലാണ് ഇപ്പോൾ കടന്നുവരുന്നത്. ആറുമാസക്കാലം ഒരു കമ്പനിയുടെ പരസ്യം കണ്ടാൽ അത് ആളുകൾക്ക് മടുപ്പുണ്ടാക്കും. അതിനുശേഷം അതേ കമ്പനിയുടെ പരസ്യം വേറൊരു ഉല്പന്നത്തിന്റെ പേരിൽ വരികയാണ്. പരസ്യങ്ങളും കഥാപാത്രങ്ങളും മാറും. ഇത്തരത്തിൽ ആളുകളെ വഞ്ചിക്കുകയാണ്. പണ്ടുകാലത്തൊന്നും ആശുപത്രികളുടെ പരസ്യങ്ങൾ ടി.വി.-യിലും മറ്റു മാധ്യമങ്ങളിലും കണ്ടിരുന്നില്ല. ഇന്ന് ആശുപത്രികളുടെ പരസ്യങ്ങൾ വ്യാപകമാവുകയാണ്. ഇതു രണ്ടും നിയന്ത്രിക്കേണ്ടതല്ലേ എന്നതാണ് എന്റെ പ്രധാന ചോദ്യം. അതുപോലെ ഉല്പന്നങ്ങളുടെ വില, ആടലോടകത്തിന്റെ ഒരു ഇലയും രണ്ടുഗ്രാം കൽക്കണ്ടവുമിട്ട് ഉണ്ടാക്കുന്ന മരുന്നിനുപോലും 150 രൂപ, 200 രൂപ വില ഈടാക്കുകയാണ്. ഇത് പരിശോധിക്കാനും ആശുപത്രികളുടെ പരസ്യങ്ങൾ നിയന്ത്രിക്കാനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കുറച്ചുകൂടി കർശനമായി നടപടി സ്വീകരിക്കണമെന്നുതന്നെയാണ് ഗവൺമെന്റ് കരുതുന്നത്. ഇത്തരത്തിലുള്ള മാജിക്കൽ റെമഡീസിന്റെ പരസ്യങ്ങൾ ധാരാളമായി പ്രത്യക്ഷപ്പെടുന്നുണ്ട്. ആ കൂട്ടത്തിലാണ് ഇവിടെ പറഞ്ഞ 147 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതുസംബന്ധിച്ച് ഒരു പട്ടികതന്നെ ഈ ഉത്തരത്തോടൊപ്പം ചേർക്കുന്നുണ്ട്. അത് പരിശോധിച്ചാൽ ഏതൊക്കെ ആളുകൾക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് മനസ്സിലാകും. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ മരുന്നുകൾ പേരുമാറ്റി

പ്രത്യക്ഷപ്പെടുന്നുണ്ട്. അതും പരിശോധിച്ചുവരികയാണ്. ശക്തമായ നടപടി സ്വീകരിക്കാൻ തന്നെയാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഇത്തരം പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തരുതെന്ന് മാധ്യമങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മാധ്യമങ്ങളും ആ നിർദ്ദേശം പാലിക്കേണ്ടതാണ്. ഇത്തരം വ്യാജ പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്ന മാധ്യമങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് നിലവിൽ വകുപ്പുണ്ട്. പക്ഷേ വ്യാജ പരസ്യങ്ങൾ തിരിച്ചറിയാൻ ബുദ്ധിമുട്ടുണ്ട്. എല്ലാ വ്യാജ പരസ്യങ്ങളും വ്യാജ ഉൽപ്പന്നങ്ങളുടെ പ്രചാരണവും നിരോധിക്കുന്നതിനുള്ള നടപടി നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ട് സർക്കാർ സ്വീകരിക്കുന്നതാണ്.

ശ്രീ. റോജി എം. ജോൺ: സർ, മരുന്നുകളുടെ കാര്യംപോലെ ഇന്ന് വണ്ണം കുറയ്ക്കുന്നതിനായി കിടക്ക, ബെൽറ്റ് എന്നൊക്കെപ്പറഞ്ഞ് നിരവധി ഉൽപ്പന്നങ്ങളുടെ പരസ്യവും ദൃശ്യമാധ്യമങ്ങളിലൂടെ വലിയതോതിൽ പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം ഉൽപ്പന്നങ്ങളുടെ ഫലപ്രാപ്തിയെക്കുറിച്ച് ശാസ്ത്രീയമായി എന്തെങ്കിലും പഠനം നടത്താൻ സർക്കാരിന് സാധിക്കുമോ; ഇത്തരം ഉൽപ്പന്നങ്ങളുടെ പരസ്യം നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ദ്രോഹകരമായ നിരവധി വസ്തുക്കൾ ഇന്ന് മാർക്കറ്റിൽ ഇറങ്ങുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. ഫുഡ് സപ്ലിമെന്റ് എന്ന പേരിലാണ് ചില മരുന്നുകൾ നൽകുന്നത്, മരുന്നുകൾ എന്ന പേരിലല്ല. നിലവിലുള്ള നിയമമനുസരിച്ച് ഇത്തരം കാര്യങ്ങൾ നിയന്ത്രിക്കുന്നതിന് പരിമിതിയുണ്ട്. എങ്കിലും ഏതെങ്കിലും ഉൽപ്പന്നങ്ങളെക്കുറിച്ച് പരാതി ലഭിച്ചാൽ പരിശോധിക്കാവുന്നതാണ്. ഇതുസംബന്ധിച്ച് വിശദമായ പരിശോധന നടത്തി ഇന്നുള്ള നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ട് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്നാണ് പറയാനുള്ളത്.

ശ്രീ. അൻവർ സാദത്ത്: സർ, പണം മാത്രം ലക്ഷ്യമാക്കി സമൂഹത്തിൽ തങ്ങൾക്കുള്ള ഇമേജ് ഉപയോഗിച്ച് സിനിമാതാരങ്ങളും മറ്റ് സെലിബ്രിറ്റികളും ഇതുപോലുള്ള മരുന്നുകളുടെ പരസ്യങ്ങളിൽ അഭിനയിക്കുന്നുണ്ട്. സമൂഹത്തിൽ ഈ സെലിബ്രിറ്റികൾക്കുള്ള സ്പെയ്സിനെ അവർ കച്ചവടവൽക്കരിക്കുകയാണ് ചെയ്യുന്നത്. അവർ പരസ്യങ്ങളിൽ അഭിനയിക്കുന്നതിന് നമ്മളാരും എതിരല്ല. പക്ഷേ ഇങ്ങനെയുള്ള മരുന്നുകൾ വാങ്ങിക്കഴിച്ച് പലപ്പോഴും പല ആളുകളും രോഗികളായി മാറുകയാണ്. ഇത് നിയന്ത്രിക്കാൻ സർക്കാരിന് എന്ത് ചെയ്യാൻ സാധിക്കും? ഇത്തരം മരുന്നുകൾ ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് എന്തെങ്കിലും അപകടമുണ്ടായാൽ ഇവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ സാധിക്കുമോ; യാതൊരു സാമൂഹ്യപ്രതിബദ്ധതയും ഇവർ കാണിക്കുന്നില്ല. അവരെ വിശ്വസിച്ചാണ് പലരും ഇത്തരം മരുന്നുകൾ വാങ്ങുന്നത്. എനിക്ക് ഒരു അനുഭവമുണ്ട്. എന്റെ മുടി

കൊഴിയുന്നുണ്ട്. ഒരു സിനിമാ പ്രവർത്തകനോട് ഞാൻ ചോദിച്ചു, ഈ മരുന്ന് തേച്ചാൽ എന്തെങ്കിലും ഗുണമുണ്ടോയെന്ന്. അപ്പോൾ അദ്ദേഹം പറഞ്ഞത്, അത് കഴിക്കണ്ട വേറെ മരുന്ന് പറഞ്ഞുതരാമെന്നാണ്. അപ്പോൾ മനഃപൂർവ്വം അറിഞ്ഞു കൊണ്ടുള്ള ചില സംഭവവികാസങ്ങൾ സമൂഹത്തിലുണ്ടാകുന്നുണ്ട്. ഇതിനെയൊക്കെ ശക്തമായി നിയന്ത്രിച്ചില്ലെങ്കിൽ പാവപ്പെട്ട ജനത ഈ മരുന്നുകൾ വാങ്ങിക്കഴിച്ച് ഇല്ലാത്ത രോഗങ്ങൾക്കടിമപ്പെടും. ഇതിനെ ശക്തമായി നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നതാണ് എന്റെ ചോദ്യം?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇത് സാമൂഹ്യ വ്യവസ്ഥിതിയുടെ കുഴപ്പമാണ്. നമ്മളെല്ലാം വിമർശിക്കുന്ന ഉപഭോഗ സംസ്കാരം വളർന്നുവരുന്നതിന്റെ ഏറ്റവും വലിയ പ്രതിസന്ധിയാണ് എല്ലാം പരസ്യപ്പെടുത്തി മാർക്കറ്റൈസ് ചെയ്യുക എന്നത്. അതിനെ രാഷ്ട്രീയമായി എതിർക്കാൻ ഭരണ-പ്രതിപക്ഷം കൂട്ടായി ശ്രമിക്കുകയും അത് സമൂഹത്തിൽ ഉടരുകയുംവേണം. അതോടൊപ്പം സെലിബ്രിറ്റികൾ ഇത്തരത്തിലുള്ള അപകടകരവും സാമൂഹ്യദ്രോഹകരവുമായ പരസ്യങ്ങളിൽ പങ്കെടുക്കുന്നത് പൊതുസമൂഹം ചൂണ്ടിക്കാണിക്കേണ്ട വസ്തുതയാണ്. അങ്ങനെ ചൂണ്ടിക്കാണിച്ചതിന്റെ ഫലമായി ചില സെലിബ്രിറ്റികൾ ഇത്തരം പരസ്യങ്ങളിൽനിന്നും പിന്മാറിയിട്ടുമുണ്ട്. ഇതുപോലെയുള്ള കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് അവരെ മാറിനിൽക്കാൻ പ്രേരിപ്പിക്കാവുന്നതാണ്. ശാരീരികമായ പ്രത്യാഘാതങ്ങളുണ്ടായതായി പരാതി കിട്ടിയാൽ ഉടൻതന്നെ അതിനെക്കുറിച്ച് അന്വേഷിച്ച് കർശനനടപടി സ്വീകരിക്കുന്നതാണ്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിലെ റൂൾ ഭേദഗതി ചെയ്തുകൊണ്ട് സെൻട്രൽ ഗവൺമെന്റ് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രാവർത്തികമാകുമ്പോൾ ഇത്തരം കാര്യങ്ങളിൽ കുറച്ചുകൂടി ശക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ സാധിക്കും. സാമൂഹ്യ വ്യവസ്ഥിതിയിൽ വന്നുചേർന്നിട്ടുള്ള ഈ അപകടത്തിനെതിരെ നാം ഒരുമിച്ച് പ്രതികരിക്കേണ്ടതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അത്ഭുതരോഗശാന്തിയെന്നുപറഞ്ഞ് മരുന്നുകൾ മാത്രമല്ല, മുസിലിയാരുടെ ഐക്കല്ല്, വലംപിരിശംഖ് എന്നിങ്ങനെ വ്യാപകമായി ടെലിവിഷൻ ചാനലുകളിലൂടെ പരസ്യം വരികയാണ്. 'ഐക്കല്ല്' ധരിച്ചപ്പോൾ ഇന്നയിന്ന ഗുണങ്ങളുണ്ടായി, വീടുകളിൽ പലതരത്തിലുള്ള ക്ഷേമമുണ്ടായി എന്നൊക്കെ കള്ളസാക്ഷ്യം പറയുന്ന ആർട്ടിസ്റ്റുകളുമുണ്ട്. ഇതിനെല്ലാം അവസാനം കുറിക്കാൻ എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇത്തരം പരസ്യങ്ങൾ അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. നവോത്ഥാന മൂല്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വളരെ ശാസ്ത്രീയമായി മുന്നേറിയെന്ന് അവകാശപ്പെടുന്ന കേരളീയ സമൂഹത്തിന് ഒരിക്കലും അംഗീകരിക്കാൻ കഴിയാത്ത രീതിയിലാണ് മാധ്യമങ്ങളിലൂടെ വിശേഷിച്ച് ദൃശ്യമാധ്യമങ്ങളിലൂടെ ഇത്തരത്തിലുള്ള പരസ്യങ്ങൾ വരുന്നത്. അതിനെതിരായി ജനങ്ങളെ ബോധവൽക്കരിക്കുകയെന്നതാണ് ഏറ്റവും

പ്രധാനമായും ചെയ്യാനുള്ളത്. അത്തരം ബോധവൽക്കരണ പ്രക്രിയയിൽ എല്ലാവരും സഹകരിക്കണം. നിയമസഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളാരെങ്കിലും അത് ഉപയോഗിക്കുന്നുണ്ടോയെന്ന് എനിക്കറിയില്ല. അംഗങ്ങൾ അങ്ങനെ ഉപയോഗിക്കില്ലെന്നും അത്തരം കാര്യങ്ങൾ സാമൂഹ്യവിരുദ്ധമാണെന്നും പറയാനുള്ള തന്റേടം കാണിക്കുകയും സമൂഹത്തിൽ അത് പ്രചരിപ്പിക്കാൻ തയ്യാറാകുകയും ചെയ്യണമെന്നാണ് പറയാനുള്ളത്. ഇപ്പോൾ അന്ധവിശ്വാസം കച്ചവടമാക്കി മാറുകയാണ്. അതുകൊണ്ടാണ് മഹാലക്ഷ്മീയന്ത്രം വാങ്ങിവച്ചാൽ രോഗം ഭേദമാകുമെന്ന തരത്തിലുള്ള പരസ്യങ്ങൾ വരുന്നത്. അത്തരം പരസ്യങ്ങളിലൂടെ കച്ചവടം നടത്തുക്കുന്നവർക്കെതിരെ ശക്തമായി സമൂഹം പ്രതികരിക്കേണ്ടതുണ്ട്.

<u>മി. സ്പീക്കർ</u>: അംഗങ്ങൾ അത് ഉപയോഗിക്കുന്നുണ്ടോ എന്നാണോ ചോദിച്ചത്?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, അംഗങ്ങൾ ഉപയോഗിക്കുന്നുണ്ടോയെന്ന് എനിക്കറിയില്ല. ശാസ്ത്രീയബോധമുളവാക്കാൻ ബഹുമാനപ്പെട്ട അംഗങ്ങൾ ഇതിനെതിരായ പ്രചരണത്തിൽ നേതൃത്വപരമായ പങ്കുവഹിക്കണമെന്നാണ് പറഞ്ഞത്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, കേന്ദ്ര ഗവൺമെന്റ് ആക്ട് പ്രകാരമാണ് ആയുർവ്വേദ ഉൽപ്പന്നങ്ങളെ സംബന്ധിച്ച പരസ്യങ്ങൾ നൽകുന്നതെന്നും നമുക്ക് അതിൽ പരിമിതിയുണ്ടെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. മുട്ടുവേദന പോലുള്ള അസുഖങ്ങൾക്ക് നൽകുന്ന ആയുർവ്വേദ മരുന്നുകളെക്കുറിച്ച് പരസ്യം വരുന്നുണ്ട്. ഇതുപോലെയുള്ള പല മരുന്നിലും മെറ്റലിന്റെ അംശം അടങ്ങിയിട്ടുണ്ടെന്നാണ് അറിയുന്നത്. അത്തരം മെറ്റൽ ഘടകങ്ങൾ കാരണം കിഡ്നിയുടെ പ്രവർത്തനം തകരാറിലാകും. സംസ്ഥാനത്ത് ഇപ്പോൾ കിഡ്നി സംബന്ധമായ അസുഖങ്ങൾ കൂടിവരികയാണ്. ഇത് വളരെ ഗൗരവമായ വിഷയമാണ്. ഗവൺമെന്റ് മുൻകയ്യെടുത്ത് പരസ്യങ്ങളിലൂടെ ജനങ്ങളെ ബോധവൽക്കരിക്കണമെന്നാണ് പറയാനുള്ളത്. മാധ്യമങ്ങൾവഴിയുള്ള വ്യാജ പരസ്യങ്ങളിലൂടെ ജനങ്ങൾ ചൂഷണം ചെയ്യപ്പെടുകയാണ്. അതുകൊണ്ട് ഗവൺമെന്റ് കുറച്ചുകൂടി ഗൗരവമായി ഈ വിഷയത്തെ കാണണം. ഇത്തരം മരുന്നുകളിൽ മെറ്റലിന്റെ അംശം അടങ്ങിയിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. 147 ഇനം മരുന്നുകൾ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ ഇത്തരത്തിലുള്ള ചില കാര്യങ്ങൾകൂടി പരിഗണനയിലുണ്ടായിരുന്നു. പരിശോധനകൾ കുറച്ചുകൂടി കർശനമാക്കാം. പുതിയ കരട് വിജ്ഞാപനത്തിൽ ആയുർവ്വേദ, സിദ്ധ, യുനാനി മരുന്നുകൾ രജിസ്റ്റർ ചെയ്യുന്ന ഘട്ടത്തിൽ ഡ്രഗ്സ് കൺട്രോളർക്ക് നിശ്ചിത ഫീസ് ഒടുക്കി, നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ

പൂരിപ്പിച്ച് നൽകി ആവശ്യമായ പരിശോധന നടത്തിയശേഷമേ രജിസ്ട്രേഷൻ നൽകാവൂ എന്ന് വ്യവസ്ഥയുണ്ട്. അതുകൂടി പ്രാബല്യത്തിൽ വരുമ്പോൾ ഇത്തരം പരിശോധനകൾ കുറേക്കൂടി കർശനമാക്കും.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, പരസ്യത്തിൽ വരുന്ന മരുന്നുകളുടെ ഗുണനിലവാരം കർശനമായി പരിശോധിക്കാൻ ഒരു സംവിധാനമുണ്ടാകണം. ഗവൺമെന്റ് നിസ്സഹായമാണെന്ന തോന്നൽ ജനങ്ങൾക്കും പരസ്യംചെയ്യുന്ന കമ്പനികൾക്കുമുണ്ടാകരുത്. ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിക്കുന്നുണ്ടെന്ന തോന്നൽ അവർക്കുണ്ടാകണം. അതുകൊണ്ട് ഗുണനിലവാരം പരിശോധിക്കാനുള്ള കർശനമായ സംവിധാനം ഉണ്ടാക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇപ്പോൾത്തന്നെ ശക്തമായ പരിശോധന നടത്താൻ കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഗവൺമെന്റ് നിസ്സഹായമല്ല. പക്ഷേ നിലവിലുള്ള നിയമത്തിന്റെ സാധ്യതകൾ കുറവാണെന്നാണ് പറഞ്ഞത്. ഷെഡ്യൂൾ ജെ-യിൽ ആയുർവ്വേദം ഉൾപ്പെട്ടിട്ടില്ല. ഇങ്ങനെയുള്ള പരസ്യങ്ങൾ വരുന്നത് ആയുർവ്വേദ മരുന്നുകളുടെ വിഭാഗത്തിലാണ്. ആയുർവ്വേദ മരുന്നുകളെന്ന രീതിയിലാണ് അത് പ്രചരിപ്പിക്കുന്നത്. അത് പരിശോധിക്കാൻ നിയമത്തിന്റെ ശക്തമായ പിൻബലംകൂടി ആവശ്യമാണെന്നാണ് പറഞ്ഞത്. നിലവിലുള്ള സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തി നല്ല രീതിയിലുള്ള പരിശോധന ഇപ്പോൾ നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങളുടെയും ഈ നാടിന്റെയും ഉൽക്കണ്ഠ പരിഗണിച്ച് കുറേക്കൂടി ശക്തമായ പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതാണ്.

ശ്രീ. കെ. മുരളീധരൻ: സർ, ഇന്ന് എല്ലാ ചാനലുകളിലും എഫ്.എം. റേഡിയോകളിലും സ്ഥിരം പ്രചരിപ്പിക്കുന്ന ഒരു പരസ്യമാണ് പതഞ്ജലി ആയുർവ്വേദ ഉൽപ്പന്നങ്ങൾ. അതിൽ ഒരു സ്വാമിയുടെ ചിത്രംകൂടി കൊടുത്തിട്ടുണ്ട്. ആ സ്വാമിതന്നെ ഫ്രോഡാണെന്നാണ് പറയുന്നത്. ഈ ഉൽപ്പന്നത്തിന്റെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ? ഈ പരസ്യം വൈറലാവുകയും പതഞ്ജലി ഉൽപ്പന്നങ്ങൾ പലരുംവാങ്ങി ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. നേരത്തെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ആൾക്കാരുടെ കിഡ്നി അടിച്ചുപോകുന്ന ഉൽപ്പന്നമാണോയെന്ന് അറിയില്ല. അതുകൊണ്ട് ഈ കേസ് ഗവൺമെന്റ് പ്രത്യേക പരിഗണന കൊടുത്ത് പരിശോധിക്കണം. കാരണം ഏറ്റവും കൂടുതൽ പരസ്യങ്ങൾ പതഞ്ജലി ഉൽപ്പന്നങ്ങളുടേതാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ധാരാളം കമ്പനികൾ ഇത്തരത്തിലുള്ള പരസ്യങ്ങൾ നൽകുന്നുണ്ട്. പതഞ്ജലിയുടെ ഏതെങ്കിലും മരുന്നുകൾ അപകടമുണ്ടാക്കുന്നുവെന്ന പരാതി ലഭ്യമാകുന്നമുറയ്ക്ക് ആ ഉൽപ്പന്നങ്ങളെക്കുറിച്ച് പരിശോധന നടത്തുകയും അപകടകാരിയാണെന്ന് തെളിഞ്ഞാൽ ശക്തമായ നടപടി സ്വീകരിക്കുന്നതുമാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, ജനങ്ങളെ കബളിപ്പിക്കുന്ന രീതിയിലുള്ള പരസ്യങ്ങൾ കൊടുക്കില്ലെന്ന് നിലപാടെടുക്കുന്ന മാധ്യമങ്ങളുണ്ട്. ഞാൻ ഒരു മാധ്യമ പ്രവർത്തകയായിരുന്നപ്പോൾ വളരെ പ്രചാരത്തിൽ പരസ്യം കൊടുത്തു കൊണ്ടിരുന്നവർക്കെതിരെ വാർത്ത നൽകിയപ്പോൾ അര മണിക്കൂറിനുള്ളിൽ അവരിൽനിന്നും വളരെ ശക്തമായ സമ്മർദ്ദമുണ്ടായി. മറ്റ് പരസ്യങ്ങളും അവർ പിൻവലിക്കുമെന്ന് പറഞ്ഞു. ഞാൻ പറയുന്നത് ഇത്തരത്തിലുള്ള പരസ്യങ്ങളിലെ കാപട്യങ്ങൾ പുറത്തുകൊണ്ടുവരാൻ ശ്രമിക്കുന്ന മാധ്യമങ്ങൾക്ക് സർക്കാരിന്റെ ഭാഗത്തുനിന്നും പ്രോത്സാഹനം നൽകണമെന്നാണ്. കാരണം ബോധവൽക്കരണം വളരെ പ്രധാനപ്പെട്ടതാണ്. അതിൽ മാധ്യമങ്ങൾക്ക് വലിയ പങ്കുവഹിക്കുവാൻ കഴിയും.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ചൂണ്ടിക്കാണിച്ചത്. സ്വാഭാവികമായും പരസ്യത്തിൽ ആകൃഷ്ടരായിട്ടാണ് മാധ്യമങ്ങൾ ഇത്തരത്തിൽ പരസ്യപ്പെടുത്തുന്നത്. അതുകൊണ്ട് മാധ്യമ കമ്പനിയാണ് അക്കാര്യം മനസ്സിലാക്കേണ്ടത്. മാധ്യമപ്രവർത്തകരെമാത്രം പറഞ്ഞതുകൊണ്ട് കാര്യമില്ല. ജനങ്ങൾക്ക് ദോഷകരമായ കാര്യങ്ങൾ പരസ്യപ്പെടുത്തിയിട്ട് കിട്ടുന്ന പണം വേണ്ടെന്നുവയ്ക്കാൻ മാധ്യമ കമ്പനികൾ തയ്യാറാകണം. അങ്ങനെയുള്ള പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തുമ്പോൾ, അത് ജനങ്ങൾക്ക് ഉപദ്രവകരമായി മാറുമ്പോൾ നിലവിലുള്ള നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ട് നടപടി സ്വീകരിക്കാനുള്ള സാധ്യത ഗവൺമെന്റ് ഉപയോഗപ്പെടുത്തും. എന്നാൽ നമ്മുടെ നാട്ടിൽ ജനങ്ങളെ കൊല്ലുന്ന, ജനങ്ങൾക്ക് ആരോഗ്യപരമായി പ്രയാസങ്ങൾ ഉണ്ടാക്കുന്ന ഇത്തരം പരസ്യങ്ങൾ കൊടുക്കില്ലെന്ന് ഉറപ്പുവരുത്താൻ മാധ്യമ കമ്പനികൾ തയ്യാറാകണം. പരസ്യത്തിൽമാത്രം ആകർഷിക്കപ്പെട്ട് പരസ്യങ്ങൾ കൊടുക്കുന്നതിൽനിന്നും പിൻതിരിയണമെന്നാണ് അത്തരം മാധ്യമങ്ങളോട് പറയാനുള്ളത്. ബഹുമാനപ്പെട്ട മെമ്പർ മാധ്യമപ്രവർത്തകകൂടിയായതുകൊണ്ട് വളരെ നന്നായി ഈ കാര്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. ഇത്തരമൊരു ചോദ്യം സഭയിൽ ഉന്നയിച്ചതിന് ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അഭിനന്ദിക്കുകയാണ്. ഇത് സമൂഹം ഒന്നടങ്കം അറിയേണ്ട വിഷയമാണ്. അതിനാൽ മാധ്യമങ്ങൾ ഇത്തരത്തിലുള്ള പരസ്യങ്ങളിൽനിന്നും പിൻമാറണം.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഇന്ന് സംസ്ഥാനത്ത് ആയുർവ്വേദ മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതിന് ലൈസൻസ് ആവശ്യമില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ മാത്രമാണ് ആവശ്യമായിട്ടുള്ളത്. ആയുർവ്വേദ മേഖലയിൽ നടക്കുന്ന വിവിധങ്ങളായ, അനഭിലഷണീയമായ

പ്രശ്നങ്ങളെക്കുറിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആയുർവ്വേദ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് ആയുഷ് ഡിപ്പാർട്ടുമെന്റ് രൂപീകരിക്കുകയും അതോടൊപ്പം ആയുഷ് പോളിസിക്ക് രൂപം നൽകുകയുമുണ്ടായി. ആയുർവ്വേദ മേഖലയുടെ പ്രത്യേക പ്രാധാന്യം കണക്കിലെടുത്ത് ഒരു ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റ് ആയുർവ്വേദ മേഖലയ്ക്ക് മാത്രമായി രൂപീകരിക്കണമെന്ന് അതിൽ പ്രത്യേകമായി പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നത് ഡ്രഗ്സ് കൺട്രോളറുടെ കീഴിൽ ഒരു ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറാണ് കേരളത്തിന്റെ ആയുർവ്വേദ മേഖലയുടെ കാര്യങ്ങൾ നിയന്ത്രിക്കുന്നത് എന്നാണ്. അദ്ദേഹത്തിന്റെ കീഴിൽ വെറും ഏഴ് ഉദ്യോഗസ്ഥർ മാത്രമേയുള്ളൂ. അതുകൊണ്ട് ആയുഷ് പോളിസിയിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ ആയുർവ്വേദ മേഖലയ്ക്ക് മാത്രമായി ഒരു ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റ് രൂപീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഇത്തരത്തിലുള്ള ചില കാര്യങ്ങളെക്കുറിച്ച് പ്രഖ്യാപനങ്ങൾ വന്നിട്ടുണ്ട്. പക്ഷേ അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല എന്നുള്ളതാണ് അവസ്ഥ. ഈ ഗവൺമെന്റ് സമഗ്രമായ ഒരു ആരോഗ്യനയം പ്രഖ്യാപിക്കുന്നുണ്ട്. അലോപ്പതി, ആയുർവ്വേദം, മോഡേൺ മെഡിസിൻ ഉൾപ്പെടെ എല്ലാ മേഖലകളും അതിൽപ്പെടും. അതോടൊപ്പം ഒരു ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ ഡ്രാഫ്റ്റും തയ്യാറായിട്ടുണ്ട്. അത് ഉടൻതന്നെ നിയമസഭയിൽ അവതരിപ്പിച്ച് നിയമമാക്കി മാറ്റാൻ സാധിക്കും. അതുകൂടി നിലവിൽ വരുമ്പോൾ ഇത്തരത്തിലുള്ള സ്ഥാപനങ്ങളെയെല്ലാം കുറെക്കൂടി നന്നായി നിയന്ത്രിക്കാൻ സാധിക്കും. ഏതായാലും അത്തരത്തിലുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടുപോകാനും അവ പ്രാവർത്തികമാക്കാനുമാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ : ചോദ്യം നമ്പർ * 303

**എം.പി.-മാരുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ സംവിധാനം**

3 (*303) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. പി. കെ. ശശി:
ശ്രീ. എം. സ്വരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങൾക്കായി സംസ്ഥാനത്തുനിന്നുള്ള രാജ്യസഭ, ലോക്സഭ എം.പി.-മാരുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ സംവിധാനമുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) സംസ്ഥാനത്തിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കുന്ന വിധത്തിൽ റെയിൽവേ അടക്കമുള്ള പൊതുമേഖലയിലെ കേന്ദ്ര നിക്ഷേപം കുറഞ്ഞുവരുന്നതും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്ക്കരിക്കാനുള്ള നീക്കവും കേന്ദ്രസർക്കാരിന്റെയും പാർലമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തി പ്രശ്നപരിഹാരത്തിന് സഹായകരമായ വിധത്തിൽ ഇടപെടുന്നതിന് എം.പി.-മാർക്ക് വേണ്ട നിർദ്ദേശവും സഹായവും നൽകുന്നുണ്ടോ;

(സി) റബ്ബർ ഉൾപ്പെടെയുള്ള വാണിജ്യ വിളകളുടെയും സുഗന്ധവ്യഞ്ജനങ്ങളുടെയും വിലയിടിവ് തടയുന്ന വിഷയത്തിൽ എം.പി.-മാരുടെ ഇടപെടൽ ശക്തിപ്പെടുത്തുവാനായി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ശ്രമമുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ഉണ്ട്. എല്ലാ പാർലമെന്റ് സമ്മേളനങ്ങൾക്കും മുന്നോടിയായി സംസ്ഥാനത്തുനിന്നുള്ള ലോക്സഭ, രാജ്യസഭാ എം.പി.-മാരുടെ സമ്മേളനം ചേരാറുണ്ട്. കേന്ദ്രസർക്കാരിന്റെ അടിയന്തരശ്രദ്ധ പതിയേണ്ടതും പാർലമെന്റ് സമ്മേളനങ്ങളിൽ ഉന്നയിക്കേണ്ടതും കേന്ദ്രഗവൺമെന്റിൽ follow up ആവശ്യമായതുമായ വിഷയങ്ങൾ പ്രസ്തുത സമ്മേളനങ്ങളിൽ ചർച്ച ചെയ്യാറുണ്ട്. സംസ്ഥാനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഇടപെടുന്നതിന് എം.പി.-മാർക്ക് വേണ്ട സഹായങ്ങൾ ചെയ്യാറുണ്ട്. എം.പി.-മാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടിയുള്ള എം.പി. സെല്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ ഇടപെടുന്നുണ്ട്. പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് മുന്നോടിയായി 28-10-2016-ന് എം.പി.-മാരുടെ സമ്മേളനം കൂടാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) റെയിൽവേ അടക്കമുള്ള കേന്ദ്ര പൊതുമേഖലാ നിക്ഷേപം സംസ്ഥാനത്ത് കുറഞ്ഞുവരുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങൾ 17-7-2016-ന് ചേർന്ന പാർലമെന്റ് അംഗങ്ങളുടെ യോഗത്തിൽ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുടെ സ്വകാര്യവത്കരണം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ചർച്ചയിൽ ഉയർന്നുവന്നിട്ടുണ്ട്. കേരളത്തിന്റെ സമഗ്രവികസനത്തിന് ആവശ്യമായ ഇത്തരം കാര്യങ്ങൾ follow up ചെയ്യുന്നതിന് എം.പി.-മാർക്ക് സർവ്വവിധ പിന്തുണയും സർക്കാർ വാഗ്ദാനം ചെയ്യുകയുണ്ടായി.

(സി) നടപടികൾ ഉണ്ടാകുന്നുണ്ട്. ഈ വിഷയവും 17-7-2016-ലെ എം.പി.-മാരുടെ യോഗത്തിൽ ചർച്ചചെയ്യുകയുണ്ടായി. 28-10-2016-ലെ യോഗത്തിലും ഇക്കാര്യം ചർച്ച ചെയ്യുന്നതാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, എം. പി. സെല്ലിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനം ശ്രദ്ധേയമാണ്. കഴിഞ്ഞ കാലങ്ങളിൽ അത് പരാജയമായിരുന്നു. അതിന്റെ ഫലമായാണ് വിഴിഞ്ഞം പദ്ധതിക്ക് കാലതാമസം നേരിട്ടത്. 2016 ജൂലൈ മാസത്തിലാണ് കുളച്ചൽ തുറമുഖ പദ്ധതിക്ക് കേന്ദ്ര ഗവണ്മെന്റ് അനുമതി നൽകിയത്. കുളച്ചൽ കേന്ദ്രപദ്ധതിയാണെന്നും വിഴിഞ്ഞം സംസ്ഥാന പദ്ധതിയാണെന്നുമുള്ള പരാമർശം തമിഴ്നാട്ടിൽനിന്നുപോലും ഉയർന്നു വരികയുണ്ടായി. ഇക്കാര്യത്തിൽ കേരളത്തിലെ എം.പി.-മാരുടെ കൂട്ടായ പ്രതിഷേധം ഉയർത്തിക്കൊണ്ടുവരുന്നതിൽ വിജയം കണ്ടിട്ടുണ്ടോ; അക്കാര്യത്തിൽ ഗവൺമെന്റ് ഇടപെടൽ നടത്തിയിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, കേരളത്തിന്റെ പൊതുവായ താൽപ്പര്യങ്ങൾ പ്രതിഫലിപ്പിക്കുന്നതിനുവേണ്ടിയാണ് സംസ്ഥാനത്തെ പാർലമെന്റ് അംഗങ്ങൾ കൂട്ടായും ഒറ്റയ്ക്കും ശ്രമിക്കുന്നത്. പക്ഷേ ചില കാര്യങ്ങളിൽ നമ്മുടെ താൽപ്പര്യങ്ങൾ മാത്രം സംരക്ഷിക്കാൻ കഴിയാതെവരും. അതാണിവിടെ ഉന്നയിക്കപ്പെട്ട പ്രശ്നം. അത് എം.പി.-മാരുടെ പ്രവർത്തനത്തിലുണ്ടായ കുറവുകൊണ്ടല്ല, മറിച്ച് കേന്ദ്രഗവൺമെന്റ് ഒരു നിലപാട് ഇക്കാര്യത്തിൽ സ്വീകരിക്കുകയായിരുന്നു. വിഴിഞ്ഞത്തിനുപുറമേ കുളച്ചൽകൂടി വേണമെന്ന നിലപാട് കേന്ദ്ര ഗവണ്മെന്റിന്റേതാണ്. അത് തിരുത്തുന്നതിന് എം.പി.-മാരും സംസ്ഥാന ഗവൺമെന്റും ശ്രമിച്ചെങ്കിലും വിജയിക്കാൻ സാധിച്ചില്ല. രണ്ടും യാഥാർത്ഥ്യമായി നിൽക്കട്ടെയെന്ന സമീപനമാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചത്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, നേമം കോച്ച് യാർഡ് പദ്ധതിക്കായി സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. തലസ്ഥാന നഗരിയുടെ ഔട്ടർ എന്നറിയപ്പെടുന്ന നേമം സ്റ്റേഷൻ നവീകരിക്കുക വഴി സെൻട്രൽ സ്റ്റേഷനിലെ തീവണ്ടികളുടെ തിരക്ക് ഒഴിവാക്കാൻ സാധിക്കും. റെയിൽവേ ബഡ്ജറ്റിൽ പലപ്പോഴുംവരുന്ന പ്രഖ്യാപനം നാം ശ്രദ്ധിച്ചിട്ടുണ്ട്. റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനും സംസ്ഥാനത്തെ എം.പി.-മാരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും അത് നേടിയെടുക്കുന്നതിനും ശ്രമിക്കുമോ? അതുപോലെ കേന്ദ്രവിഹിതം വർദ്ധിപ്പിക്കുന്നതിനു വേണ്ടി മുഖ്യമന്ത്രി നടത്തിയ ഇടപെടൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് നേടിയെടുക്കുന്നതിൽ നാം വിജയിക്കുകയുണ്ടായോ?

ശ്രീ. പിണറായി വിജയൻ: സർ, എം.പി.-മാരെ ഇത്തരം കാര്യങ്ങളിൽ ഇടപെടുത്തുന്നതിനും അവർക്ക് എല്ലാ വിവരങ്ങളും നൽകുന്നതിനുമുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. പ്രഖ്യാപിച്ച കാര്യങ്ങൾ നേടിയെടുക്കുന്നതിനുള്ള തുടർശ്രമങ്ങൾ നടത്തിവരുന്നുണ്ട്. ഇനി ഏതെങ്കിലും കാര്യങ്ങൾ പ്രത്യേകമായി പരിഗണിക്കേണ്ടതുണ്ടെങ്കിൽ അക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ നടപടികൾ സ്വീകരിക്കും.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, എം.പി. സെല്ലിന്റെ പ്രവർത്തനം മന്ദഗതിയിലാണെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതിന് ഉത്തരവാദപ്പെട്ട സംവിധാനമില്ലാത്ത അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. എം.പി. സെല്ലിന്റെ പ്രവർത്തനത്തിന് ഉത്തരവാദപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥൻ തലപ്പത്തുണ്ടാകണം. കേന്ദ്ര ഗവണ്മെന്റിലേക്ക് സമർപ്പിച്ച കേരളത്തിന്റെ പ്രോജക്ടുകൾ pursue ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാകണം. അതിനായി പാർലമെന്റ് അംഗങ്ങളെ കോ-ഓർഡിനേറ്റ് ചെയ്യണം. ഇത്തരത്തിലുള്ള ഒരു കാര്യവും എം.പി. സെല്ലുമായി ബന്ധപ്പെട്ട് നടക്കുന്നില്ല എന്നതാണ് വാസ്തവം. ആയതിനാൽ ഇത്തരം കാര്യങ്ങൾ നടപ്പിലാക്കുന്നതിന് മുൻകയ്യെടുക്കാൻ ശ്രമിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ ചില കുറവുകൾ നേരത്തെ ഉണ്ടായിരുന്നു എന്നത് വസ്തുതയാണ്. ആ കുറവുകൾ പരിഹരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇപ്പോൾ പ്രശ്നങ്ങൾക്ക് നല്ല രീതിയിൽ പരിഹാരമായിട്ടുണ്ടെങ്കിലും കുറവുകൾ പൂർണ്ണമായും പരിഹരിക്കപ്പെട്ടുവെന്നു പറയാൻ സാധിക്കില്ല. അത് പരിഹരിക്കാനുള്ള ശ്രമം തുടരുകയാണ്.

ശ്രീ. പി. കെ. ശശി: സർ, ഇക്കാര്യങ്ങളിൽ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നിലപാട് ഏറെ സ്വാഗതാർഹമാണ്. റെയിൽവേ ബഡ്ജറ്റ് തന്നെ വേണ്ടെന്ന തീരുമാനം വലിയ ആശങ്ക ഉളവാക്കുന്നുണ്ട്. കേന്ദ്രഗവൺമെന്റ് നേരത്തെ അനുവദിച്ച പാലക്കാട് കോച്ച് ഫാക്ടറി ഉൾപ്പെടെയുള്ള ധാരാളം പ്രഖ്യാപനങ്ങൾ നിലവിലുണ്ട്. അവയെല്ലാം യാഥാർത്ഥ്യമാക്കുന്നതിനും റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ പ്രശ്നത്തിൽ കക്ഷിരാഷ്ട്രീയത്തിനതീതമായി കേരളത്തിൽനിന്നുള്ള എം.പി.-മാരുടെ ശക്തമായ പ്രതിഷേധം ഉയർത്തിക്കൊണ്ടുവരുന്നതിനും ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, റെയിൽവേയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വളരെ ഗൗരവം അർഹിക്കുന്നതാണ്. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ ദിവസങ്ങളിൽ റെയിൽ അപകടം സംഭവിക്കുകയുണ്ടായി. ഒട്ടേറെ സ്ഥലങ്ങളിൽ അപകട സാധ്യതയുണ്ടെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. ഇത്തരത്തിൽ അപകടങ്ങൾ നിലനിൽക്കുന്നുവെന്നത് അതീവ ആശങ്ക ഉളവാക്കുകയാണ്. സംസ്ഥാന സർക്കാർ റെയിൽവേ വകുപ്പുമന്ത്രിക്ക് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കത്തുകളയച്ചിട്ടുണ്ട്. ജനങ്ങളുടെ ജീവനുമായി ബന്ധപ്പെട്ട പ്രശ്നമായതിനാൽ ഇക്കാര്യം റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. കോച്ച് ഫാക്ടറി എല്ലാ ഘട്ടത്തിലും ഉന്നയിച്ചുകൊണ്ടിരിക്കുന്ന വിഷയമാണ്. തുടർന്നും സംസ്ഥാന സർക്കാർ ഇക്കാര്യം ഉന്നയിക്കുകതന്നെ ചെയ്യും.

ശ്രീ. എം. സ്വരാജിനുവേണ്ടി ശ്രീ. കെ. വി. വിജയദാസ്: സർ, കേന്ദ്ര ഗവൺമെന്റ് കേരളത്തിന് നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ പാഴ്വാക്കായി നിലനിൽക്കുന്നുവെന്നത് നമുക്കെല്ലാവർക്കുമറിയാം. ബി.ആർ.ജി.എഫ്. (Backward Regions Grant Fund) പദ്ധതി കേരളത്തിന് നഷ്ടപ്പെടുത്തി. നിർത്തിവയ്ക്കപ്പെട്ട ഐ.എ.വൈ.-യ്ക്ക് പകരമുള്ള പ്രധാനമന്ത്രി റോസ്ഗാർ യോജന വഴിയുള്ള ജനറൽ വീടുകളുടെ സ്ഥാനം നഷ്ടപ്പെട്ടു. റേഷനരി, മണ്ണെണ്ണ, പഞ്ചസാര എന്നിവയുടെ വിഹിതം വെട്ടിക്കുറച്ചു. ഇങ്ങനെയുള്ള അവഗണന ഗൗരവമായ രീതിയിൽ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനും അവകാശങ്ങൾ നേടിയെടുക്കാനും നടപടി സ്വീകരിക്കണം. നമ്മുടെ അയൽസംസ്ഥാനങ്ങളായ തമിഴ്നാടും കർണ്ണാടകയും നല്ലരീതിയിലുള്ള ഇടപെടൽ കേന്ദ്രത്തിൽ നടത്തുന്നുണ്ട്. ആ ഗവൺമെന്റുകൾ ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ ഒരു ടീമിനെ നിയോഗിച്ച് എം.പി. സെല്ലുമായും കേന്ദ്ര ഗവൺമെന്റുമായും ലെയ്സൺ വർക്ക് നടത്തി അവകാശങ്ങൾ നേടിയെടുക്കുന്നുണ്ട്. അത്തരത്തിൽ കേരള ഗവൺമെന്റും ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ ടീമിനെ നിശ്ചയിച്ച് ലെയ്സൺ വർക്ക് നടത്തുന്നതിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും സംയുക്തമായി ശ്രമിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അവഗണന അവസാനിപ്പിക്കുന്നതിനും നമ്മുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾക്ക് രൂപം നൽകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ ചോദ്യത്തിന് പിന്നിലുള്ള വികാരം കേന്ദ്രഗവൺമെന്റിൽനിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നതാണ്. അക്കാര്യത്തിൽ വലിയ മുൻഗണന തന്നെയാണ് സംസ്ഥാന ഗവൺമെന്റ് നൽകുന്നത്. അതിന് ഉദ്യോഗസ്ഥരുടെ ഒരു പ്രത്യേക ടീം ഡൽഹിയിൽ പോകേണ്ടതുണ്ടോ എന്ന കാര്യം ആലോചിക്കേണ്ടതാണ്. എന്നാൽ കൃത്യമായ ഫോളോ-അപ് ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ട്. അതിന് ഡൽഹിയിൽതന്നെ തങ്ങണമെന്നില്ല. അത്തരം കാര്യങ്ങൾ ശ്രദ്ധിക്കുന്ന നിലപാടുതന്നെയാണ് സർക്കാർ സ്വീകരിക്കുന്നത്.

ശ്രീ. രാജു എബ്രഹാം: സർ, ഡൽഹിയിൽ എം.പി. സെൽ വിപുലീകരിക്കാനുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. നിയമസഭാ സമിതികളുമായി ബന്ധപ്പെട്ട് മറ്റ് സംസ്ഥാനങ്ങൾ സന്ദർശിക്കുമ്പോൾ മനസ്സിലാകുന്നത് രാജ്യത്ത് ഏറ്റവും കൂടുതൽ പ്ലാൻ ഫണ്ടിന് പുറമേയുള്ള പ്രോജക്ടുകൾ കേന്ദ്ര ഗവൺമെന്റിന് നൽകി ഫണ്ടുകൾ വാങ്ങുന്നത് വടക്കുകിഴക്കൻ സംസ്ഥാനങ്ങളും മറ്റുമാണ്. നമ്മുടെ സംസ്ഥാനത്തുനിന്നും ഐ.എ.എസ്. ഉദ്യോഗസ്ഥരെ ഇതിനായി നിയോഗിച്ചില്ലെങ്കിലും കൃത്യമായ ഫോളോ-അപ് കേരളാ ഹൗസ് കേന്ദ്രീകരിച്ചുണ്ടാകണം. മറ്റ് സംസ്ഥാനങ്ങൾ ഇതുപോലുള്ള

ഹൗസുകൾ കേന്ദ്രീകരിച്ചാണ് ഇത്തരം ഫോളോ-അപ് നടത്താറുള്ളത്. അതുപോലെ കേരളാ ഹൗസ് കേന്ദ്രീകരിച്ചുകൊണ്ട് എം.പി. സെല്ലിനെ ശക്തിപ്പെടുത്തി പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോയാൽ തീർച്ചയായിട്ടും മറ്റ് സംസ്ഥാനങ്ങൾ ഫണ്ടുകൾ വാങ്ങുന്നതുപോലെ നമുക്കും കൂടുതൽ ഫണ്ട് ലഭ്യമാക്കാൻ സാധിക്കും. അത്തരത്തിലുള്ള നീക്കത്തിന് പ്രാധാന്യം നൽകുമോ?

ശ്രീ. പിണറായി വിജയൻ: സർ, കേരളാ ഹൗസ് ഇത്തരം കാര്യങ്ങളുടെ ഒരു കേന്ദ്രമായിട്ടാണ് പ്രവർത്തിക്കുന്നത്. എന്നാൽ അത് കൂടുതൽ സജ്ജമാകേണ്ടതുണ്ട്. ചില ഉയർന്ന ഉദ്യോഗസ്ഥർ എന്തെങ്കിലും പ്രത്യേക കാര്യങ്ങൾക്കായി കുടുംബപരമായ പ്രശ്നങ്ങളാകാം, കുട്ടികളുടെ പഠിത്തമാകാം അങ്ങനെയുള്ള പലതിനും അവർക്കുള്ള ഒരു ലാവണമായി കേരളാ ഹൗസിനെ മാറ്റുന്ന അവസ്ഥ ഇപ്പോൾ കുറേക്കാലമായി കണ്ടുവരികയാണ്. ഇവിടെ പ്രകടിപ്പിച്ച വികാരം ശരിയാണ്. ആ രീതിയിൽ കൃത്യമായി കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാനാണ് ശ്രമിക്കുന്നത്. അതിനുതകുന്ന നടപടികൾ സ്വീകരിക്കാൻ തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പ്രോജക്ടുകൾ തയ്യാറാക്കി കൊടുത്താലല്ലേ അതിന് ഫോളോ-അപ് ഉണ്ടാകൂ. പ്രോജക്ടുകൾ തയ്യാറാക്കി നൽകുന്നതിൽത്തന്നെ കുറവുകൾ സംഭവിക്കുന്നുണ്ട്. അതുകൊണ്ട് അവിടം മുതൽ തുടങ്ങേണ്ടതുണ്ട്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, കേന്ദ്ര ഗവൺമെന്റിന്റെ പൊതുമേഖലാ സ്ഥാപനമായ ഗവൺമെന്റ് ഓഫ് ഇൻഡ്യാ പ്രസ്സ് സ്ഥിതി ചെയ്യുന്നത് എന്റെ നിയോജകമണ്ഡലത്തിലെ കൊരട്ടിയിലാണ്. അവിടെ അഞ്ഞൂറോളം തൊഴിലാളികൾ മുൻപ് പണിയെടുത്തിരുന്നു. ഇപ്പോൾ ഷിഫ്റ്റ് ഒന്നിൽ അൻപതിൽ താഴെ തൊഴിലാളികളാണ് പണിയെടുക്കുന്നത്. അവർ റിട്ടയർ ചെയ്താൽ ഈ സ്ഥാപനം അടച്ചുപൂട്ടുന്ന അവസ്ഥയിലാകും. നൂറോളം ഏക്കർ സ്ഥലമുള്ള ഇവിടെ കാടുപിടിച്ചു കിടക്കുകയാണ്. ഇതിനുമുൻപ് ആദരണീയയായ സുശീലാ ഗോപാലൻ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ഈ സ്ഥലത്തുനിന്നും 30 ഏക്കർ കിൻഫ്രയ്ക്കുവേണ്ടി ഏറ്റെടുക്കുകയും 35 സ്ഥാപനങ്ങൾ ഇപ്പോൾ അവിടെ ഭംഗിയായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഈ സ്ഥലം ഹൈവേയോട് ചേർന്നും എയർപോർട്ടിനടുത്തുമാണ്. പ്രസ്സിന്റെ വികസനത്തിനും കാടുപിടിച്ചുകിടക്കുന്ന സ്ഥലം വ്യവസായ ആവശ്യങ്ങളുൾപ്പെടെയുള്ള പൊതു ആവശ്യങ്ങൾക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കുന്നതിനും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. പിണറായി വിജയൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കണമെന്ന അഭിപ്രായം തന്നെയാണ് സംസ്ഥാന ഗവൺമെന്റിനുള്ളത്. എന്നാൽ ഇക്കാര്യത്തിൽ രണ്ടുതരം വീക്ഷണമാണുള്ളത്. സംസ്ഥാന ഗവൺമെന്റിന്റെ അതേ വീക്ഷണമല്ല പല കാര്യങ്ങളിലും കേന്ദ്ര ഗവൺമെന്റ് വച്ചുപുലർത്തുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനാണ് ആദ്യം ശ്രദ്ധിക്കേണ്ടത്.

പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടിയെടുക്കണമെന്നാണ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നത്. ഇവിടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ പലതിന്റേയും കാര്യത്തിൽ അത്തരമൊരു സമീപനം സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇവിടെ പറഞ്ഞ പ്രശ്നങ്ങൾ പ്രത്യേകമായി പരിശോധിച്ച് വേണ്ടത് ചെയ്യുന്നതാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ *304

**ഹരിത കേരളം കൺസോർഷ്യം**

4 (*304) ശ്രീ.അടൂർ പ്രകാശ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ഹരിത കേരളം കൺസോർഷ്യം വഴി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് കുളങ്ങളും തോടുകളും പുനരുജ്ജീവിപ്പിക്കുന്ന പദ്ധതി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) നദികൾ, കായലുകൾ മറ്റ് ജലസ്രോതസ്സുകൾ എന്നിവയുടെ സംരക്ഷണം, ശുചീകരണം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ;

(ഡി) ജലസ്രോതസ്സിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് കടുത്തശിക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നിയമനിർമ്മാണം നടത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ശുചിത്വം-മാലിന്യസംസ്കരണം, കൃഷി വികസനം, ജലസംരക്ഷണം എന്നീ മൂന്ന് മേഖലകളിൽ ഊന്നൽ നൽകിയിട്ടുള്ള ബൃഹത്തായ ഒരു പദ്ധതിയാണ് ഹരിത കേരളം കൺസോർഷ്യം വഴി നടപ്പിലാക്കുന്നത്.

(ബി&സി) ഉണ്ട്.

(ഡി) പരിശോധിക്കാവുന്നതാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, നൂറുദിന സമ്മാനമായി വിവിധ പദ്ധതികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. നവംബർ 1-ന് മുൻപ് പദ്ധതികളൊക്കെ തയ്യാറാക്കി സമർപ്പിക്കാൻ വകുപ്പുതല സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ് മാധ്യമങ്ങളിലൂടെ അറിഞ്ഞത്. എന്നാൽ നാളിതുവരെ

ഏതെങ്കിലുമൊരു സെക്രട്ടറി മുഖ്യമന്ത്രി ചെയർമാനായ എംപവേർഡ് കമ്മിറ്റിക്കു മുമ്പിൽ എന്തെങ്കിലും റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇക്കാര്യത്തിൽ നല്ല തയ്യാറെടുപ്പുകൾ നടന്നുകൊണ്ടിരിക്കുകയാണ്. വളരെ വിശദമായി പറയേണ്ടതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. അതിന് ധാരാളം സമയം വേണ്ടിവരും. ആദ്യം പറയുന്നത് മാലിന്യസംസ്കരണമാണ്. നമ്മുടെ നാടാകെ ഒന്നിച്ച് നീങ്ങേണ്ട ഒരു പ്രശ്നമാണത്. അത്തരത്തിൽ കാര്യങ്ങൾ നീക്കേണ്ടതുണ്ട്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇതിൽ പങ്കുവഹിക്കേണ്ടതുണ്ട്. മുഴുവൻ ജനപ്രതിനിധികളും ബഹുജന പ്രസ്ഥാനങ്ങളും ഇതിന്റെ ഭാഗമായി മാറേണ്ടതുണ്ട്. വീടും ഓഫീസും പരിസരങ്ങളും പൊതുസ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. ഇപ്പോഴുള്ള മാലിന്യം സംസ്കരിക്കുക മാത്രമല്ല, ഭാവിയിൽ ഉണ്ടാകുന്ന മാലിന്യങ്ങളും അപ്പപ്പോൾ സംസ്കരിക്കുന്നതിനുള്ള നിലപാടാണ് സ്വീകരിക്കേണ്ടത്. അങ്ങനെ നമ്മുടെ നാടിനെ പൂർണ്ണമായും എല്ലാതരത്തിലും വൃത്തിയുള്ള നാടാക്കിമാറ്റുന്നതിന് എല്ലാവരും ശ്രമിക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. അതിന്റെ ഗൃഹപാഠങ്ങൾ ഏകദേശം തയ്യാറായിട്ടുണ്ട്. വിശദമായ പരിപാടികൾ തയ്യാറാക്കിവരുന്നുണ്ട്. അതിനുശേഷമാണ് ഈ മിഷന്റെ യോഗവും മറ്റുനടപടികളും ആരംഭിക്കുക. തയ്യാറെടുപ്പിന് ഒരു കുറവും സംഭവിക്കുന്നില്ല. നല്ലനിലയ്ക്കുതന്നെ അത് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, നമ്മുടെ സംസ്ഥാനത്ത് സമ്പൂർണ്ണ പാർപ്പിട പദ്ധതിയനുസരിച്ച് കേരളത്തിലെ മുഴുവൻ ആളുകൾക്കും അതായത് രണ്ട് ലക്ഷത്തോളം വരുന്ന ജനങ്ങൾക്ക് പാർപ്പിടമില്ലാത്ത അവസ്ഥയുണ്ട്, അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വരുന്ന അഞ്ചുവർഷത്തിനുള്ളിൽ നടപടി സ്വീകരിക്കുമെന്നാണ് അങ്ങയുടെ പ്രസ്താവനയിൽ കാണാൻ കഴിഞ്ഞത്. ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനും ഭൂമി കൈവശമുള്ളവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിനുംവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, വീടില്ലാത്തവരുടെ പ്രശ്നങ്ങൾ വിവിധ തരത്തിലുള്ളതാണ്. ഒന്ന്, സംസ്ഥാനത്ത് വിവിധ പദ്ധതികളുടെ ഭാഗമായി ലഭിച്ച വീടുകളിൽ താമസിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. രണ്ട്, വീട് നിർമ്മിക്കാൻവേണ്ടി വായ്പയെടുത്തിട്ട് വീട് പൂർത്തീകരിക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. മൂന്ന്, സ്ഥലമുണ്ട് പക്ഷേ വീടില്ല. നാല്, സ്ഥലവും വീടുമില്ല. ഇത്തരത്തിൽ വിവിധ കാറ്റഗറിയാണ്. അങ്ങുപറഞ്ഞ രണ്ടുലക്ഷത്തോളമെന്ന് പറയുന്നത് സ്ഥലവും വീടും ഇല്ലാത്തവർ മാത്രമാണ്. ബാക്കിയുള്ളവർ മറ്റ് കാറ്റഗറിയിലാണ്. ഇവർക്കെല്ലാവർക്കും വീട് നൽകണമെന്നുതന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതുകൊണ്ടാണ് സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി

എന്ന പേരിടാൻ കാരണം. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ ഭൂമിയും വീടും ഇല്ലാത്തവർക്ക് സ്ഥലം നൽകുന്നതിന് ധാരാളം സ്ഥലം ആവശ്യമായിവരും. അതിൽ ചില പ്രശ്നങ്ങൾ സ്വാഭാവികമായും ഉണ്ടാകും. കാരണം താമസിക്കുന്ന സ്ഥലത്തുനിന്ന് വളരെ അകലെയുള്ള സ്ഥലം ഗവൺമെന്റ് നൽകിയിട്ട് അവിടെപ്പോയി താമസിക്കാൻ പറഞ്ഞാൽ ചിലർക്ക് ഇഷ്ടപ്പെടില്ല. അപ്പോൾ ഏറെക്കുറെ സൗകര്യപ്രദമായ സ്ഥലത്തായിരിക്കണം വീട് ഒരുക്കേണ്ടത്. കെട്ടിടസമുച്ചയം നിർമ്മിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിവിധ നിലകളുള്ള കെട്ടിടങ്ങളിൽ താമസസൗകര്യവും വൈദ്യുതി, വെള്ളം, ശുചീകരണത്തിനുള്ള സൗകര്യങ്ങൾ, കുട്ടികൾക്കുള്ള പഠനമുറികൾ, പൊതുവിലുള്ള കമ്പ്യൂട്ടർ റൂമുകൾ തുടങ്ങി എല്ലാ സംവിധാനങ്ങളും അവിടെ ഒരുക്കും. അതോടൊപ്പം പ്രായമായവരെ ചികിത്സിക്കാനുള്ള പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട കാര്യങ്ങളും കൂടാതെ പ്രായമായവർക്ക് പ്രത്യേകം സഹായം വേണമെങ്കിൽ അതും ഒരുക്കും. വളരെ പാവപ്പെട്ട ആളുകളാണ് ഇത്തരം സ്ഥലങ്ങളിൽ താമസിക്കാൻ വരുന്നത്. അധികം പറയുന്നില്ല, ഞാൻ പറഞ്ഞുതുടങ്ങിയാൽ നീണ്ടുപോകും.

ശ്രീ. പി. ടി. തോമസ്: സർ, മുഖ്യമന്ത്രിയാണെങ്കിലും ചട്ടം ലംഘിക്കാൻ പാടില്ല. ചോദ്യോത്തര സമയം കഴിഞ്ഞിരിക്കുകയാണ്.

മി. സ്പീക്കർ: അങ്ങ് പറഞ്ഞ് അവസാനിപ്പിച്ചോളൂ.

ശ്രീ. പിണറായി വിജയൻ: നമുക്കെല്ലാവർക്കും കൂടി ഇത് വിജയിപ്പിക്കാം.

മി. സ്പീക്കർ: 9.30 വരെയാണ് ചോദ്യോത്തരവേളയെങ്കിലും ചെയറിന് ബോധ്യപ്പെടുകയാണെങ്കിൽ ഒന്നോ രണ്ടോ മിനിട്ട് അധികമെടുക്കുന്നതിന് വിരോധമില്ല. അതാണ് ചട്ടം.

ശ്രീ. എം. സ്വരാജ് അടിയന്തര ചോദ്യത്തിന് നോട്ടീസ് എഴുതി നൽകിയിരുന്നു. അവിചാരിതമായ കാരണങ്ങളാൽ അദ്ദേഹത്തിന് ഇന്ന് സഭയിൽ ഹാജരാകാൻ സാധിക്കില്ല എന്ന് അറിയിച്ചിരിക്കുകയാണ്. ആ ചോദ്യം എടുക്കുന്നില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ആന്റിബയോട്ടിക് ചേർത്ത പാൽ

5(*305) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം. ഉമ്മർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും ആന്റിബയോട്ടിക് ചേർത്ത പാൽ കേരളത്തിൽ എത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ നിജസ്ഥിതി സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരം പാനീയങ്ങൾ സംസ്ഥാനത്തിനകത്ത് എത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല; എന്നാൽ ആന്റിബയോട്ടിക് ചേർത്ത പാൽ ഇതര സംസ്ഥാനങ്ങളിലും ഉത്തരേൻഡ്യൻ സംസ്ഥാനങ്ങളിലും വിൽപ്പന നടത്തുന്നുണ്ടെന്ന പത്ര വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആന്റിബയോട്ടിക് ചേർത്ത പാൽ രാജ്യത്ത് പല സ്ഥലങ്ങളിലും ലഭ്യമാണെന്നുള്ള പത്രവാർത്തകളുടെ നിജസ്ഥിതി പരിശോധിക്കേണ്ടത് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ ആണ്. ഇത്തരത്തിൽ ആന്റിബയോട്ടിക് ചേർത്ത പാൽ പരിശോധനയിൽ കണ്ടെത്തിയതായി ഭക്ഷ്യസുരക്ഷാ അതോറിറ്റി ഓഫ് ഇൻഡ്യ സംസ്ഥാനങ്ങളെ അറിയിച്ചിട്ടില്ല. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ നാഷണൽ മിൽക്ക് ക്വാളിറ്റി സർവ്വെ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതനുസരിച്ച് വിവിധ സംസ്ഥാനങ്ങളെ 8 ക്ലസ്റ്ററുകളായി തിരിച്ച് സർവ്വെ നടത്തി വരികയാണ്. ഇതിൽ തമിഴ്നാട്, കർണ്ണാടക, പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങളടങ്ങിയ 5-ാം ക്ലസ്റ്ററിലാണ് കേരളത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ സെപ്റ്റംബർ 29-ന് ഡൽഹിയിൽ നടന്ന സെൻട്രൽ അഡ്വൈസറി കമ്മിറ്റി മീറ്റിംഗിൽ പാലിന്റെ ഗുണനിലവാരം കണ്ടുപിടിക്കുന്നതിനും മായം ചേർത്തത് കണ്ടുപിടിക്കുന്നതിനും ആവശ്യമായ Electronic Milk Adulteration Tester with milk analyser എന്ന ഉപകരണം 2 എണ്ണം കേരളത്തിൽ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നിരീക്ഷിച്ചതിനുശേഷം ഈ ഉപകരണം ഫലപ്രദമാണെന്ന് കണ്ടെത്തിയാൽ കൂടുതൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യസുരക്ഷാ വകുപ്പും ക്ഷീരവികസന വകുപ്പും സംസ്ഥാനത്തെ വിപണിയിൽ ലഭ്യമായിട്ടുള്ളതും അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതുൾപ്പെടെയുള്ള വിവിധ ബ്രാൻഡുകളിലുള്ള പാലിന്റെ സാമ്പിൾ പരിശോധനയ്ക്കെടുക്കുകയും അതിൽ നിശ്ചിത ഗുണനിലവാരം ഇല്ലാതെ വിൽപ്പന നടത്തിയവർക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുമുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ 21-ാം വകുപ്പ് പ്രകാരം ഭക്ഷണ പദാർത്ഥങ്ങളിൽ നേരിട്ടോ അല്ലാതെയോ ആന്റിബയോട്ടിക്ക്സിന്റെയോ കീടനാശിനികളുടെയോ വെറ്ററിനറി ഡ്രഗ്സിന്റെയോ അംശം ഭക്ഷണപദാർത്ഥത്തിൽ അനുവദനീയമല്ല. ഇതനുസരിച്ച് അനുവദനീയമല്ലാത്ത ഇത്തരം വസ്തുക്കൾ പാലുൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളിൽ കണ്ടെത്തിയാൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ഇത്തരം ഭക്ഷ്യവസ്തുക്കൾ നിരോധിക്കാനും സാധിക്കും.

**ടെക്നോളജി ഇന്നവേഷൻ മേഖല**

6(*306) ശ്രീ. റോജി എം. ജോൺ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോളജി ഇന്നവേഷൻ മേഖലയിൽ ആയിരം നൂതന ആശയങ്ങളെ പിന്തുണയ്ക്കുന്ന പുതിയ പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള നടപടിക്രമം ഏതു ഘട്ടത്തിലാണ്;

(സി) ഓരോ നൂതന ആശയങ്ങൾക്കും എന്ത് തുക ധനസഹായം നൽകുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ-സി) അഞ്ച് വർഷത്തിനുള്ളിൽ 1500 സ്റ്റാർട്ട് അപ്പുകൾ തുടങ്ങുന്നതിന് 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പദ്ധതി ആവിഷ്കരിച്ചിരുന്നു. നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിന് രണ്ട് ലക്ഷം രൂപ വീതം പ്രോത്സാഹനവും ഇവയിൽ തിരഞ്ഞെടുത്തവയ്ക്ക് 1 കോടി രൂപ വീതം ഈടില്ലാത്ത വായ്പയും ലഭ്യമാക്കുന്നതിനാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. കൂടാതെ സ്റ്റാർട്ട് അപ്പുകൾക്ക് 50 കോടി രൂപ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖാന്തിരം ചെലവഴിക്കാവുന്നതുമാണ്. പ്രസ്തുത പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി.) വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ധനവകുപ്പിന് ലഭ്യമാക്കുകയും ധനവകുപ്പ് ആയത് പരിശോധിച്ചു വരികയും ചെയ്യുന്നു.

**ഭക്ഷണശാലകളിലെ ശുചിത്വം**

7(*307) ശ്രീ. കെ. ആൻസലൻ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭക്ഷണശാലകളിലും ബേക്കറികളിലും വലിയൊരു വിഭാഗം ശുചിത്വം പുലർത്താത്തവയും അവയിലൂടെ വിൽക്കുന്ന ആഹാര സാധനങ്ങൾ ഗുണനിലവാരമില്ലാത്തതോ പഴകിയതോ മായം കലർന്നതോ ആണെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പിന് കർശന നിർദ്ദേശം നൽകുമോ; വകുപ്പിന്റെ ഇടപെടലുകൾ അവലോകനം ചെയ്യാറുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) നിലവിൽ ഭക്ഷ്യ ഉല്പാദന-വില്പന മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെല്ലാം രജിസ്ട്രേഷനോ ലൈസൻസോ ഉണ്ടോ; ഇത് ഉറപ്പു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ഭക്ഷണശാലകളിലും ബേക്കറികളിലും ഫുഡ് സേഫ്റ്റി ഓഫീസർമാർ പരിശോധന നടത്തുമ്പോൾ ചിലയിടങ്ങളിൽ ശുചിത്വ നിലവാരം കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് പരിശോധനയ്ക്കെടുക്കുന്ന ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകളുടെ ലാബ് പരിശോധനയിൽ നിശ്ചിത നിലവാരമില്ലാത്തവയും കൃത്രിമ രാസവസ്തുക്കളും അനുവദനീയമല്ലാത്ത കളറുകളും അടങ്ങിയവയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത്തരം കേസുകളിൽ ഭക്ഷ്യസുരക്ഷാ നിലവാരനിയമമനുസരിച്ച് പ്രോസിക്യൂഷൻ അടക്കമുള്ള നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ആഹാര വസ്തുക്കൾ ഉൽപ്പാദിപ്പിക്കുകയും വിൽപ്പന നടത്തുന്നതുമായ സ്ഥാപനങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിന് കർശന നടപടികളാണ് ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഭക്ഷ്യസുരക്ഷാ സ്പെഷ്യൽ സ്ക്വാഡുകൾ എല്ലാ ജില്ലകളിലും പരിശോധനകൾ മുറയ്ക്ക് നടത്തുന്നുണ്ട്. ശുചിത്വ നിലവാരം ഉറപ്പാക്കുന്നതിന് സ്ഥാപനങ്ങൾക്ക് ഇംപ്രൂവ്മെന്റ് നോട്ടീസുകൾ നൽകുന്നുണ്ട്. തുടർ പരിശോധനകളിൽ നോട്ടീസ് നൽകിയ സ്ഥാപനങ്ങൾ നിർദ്ദേശങ്ങൾ ലംഘിച്ചതായി കണ്ടെത്തിയാൽ പിഴ നൽകുകയും ഗുരുതരമായ കുറ്റകൃത്യങ്ങൾ കണ്ടെത്തിയാൽ സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കി സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിക്കുകയുമാണ് പതിവ്. ഇത്തരം കേസുകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നു എന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ ഇത്തരം സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ അനുവദിക്കുകയുള്ളൂ. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2121 സ്ഥാപനങ്ങൾ പരിശോധിക്കുകയും 54,05,500 രൂപ ഫൈൻ ഈടാക്കുകയും ഗുരുതരമായ ലംഘനങ്ങൾ കണ്ടെത്തിയ 19 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തി വയ്പ്പിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ മാസവും അതാത് ജില്ലകളിലെ

അസിസ്റ്റന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുടെ നേതൃത്വത്തിൽ ജില്ലാതല അവലോകന മീറ്റിംഗുകൾ നടന്നു വരുന്നു. ഇത്തരം മീറ്റിംഗുകളിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് കർശന നടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകി വരുന്നു. കൂടാതെ സംസ്ഥാന തലത്തിൽ ഭക്ഷ്യസുരക്ഷാ കമ്മീഷണർ ജില്ലാതല ഓഫീസർമാരുടെയും ഫുഡ് അനലിസ്റ്റുമാരുടെയും അവലോകന മീറ്റിംഗുകളും നടത്തുന്നുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ ലൈസൻസിംഗ് രജിസ്ട്രേഷൻ റെഗുലേഷൻ പ്രകാരം ഭക്ഷ്യ ഉൽപ്പാദന വിൽപ്പന മേഖലയിൽ 12 ലക്ഷം രൂപവരെ വാർഷിക വരുമാനം ഉള്ളവർക്ക് രജിസ്ട്രേഷനും 12 ലക്ഷത്തിന് മുകളിൽ വാർഷിക വരുമാനം ഉള്ളവർക്ക് ലൈസൻസും ഏർപ്പെടുത്തിയിട്ടുണ്ട്. ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാതെ ഭക്ഷ്യ ഉൽപ്പാദനമോ വിൽപ്പനയോ നടത്തുന്നത് 6 മാസംവരെ തടവും 5 ലക്ഷം രൂപ പിഴയും ഈടാക്കാവുന്ന ക്രിമിനൽ കുറ്റമാണ്. സംസ്ഥാനത്ത് ലൈസൻസും രജിസ്ട്രേഷനും നേടുന്നതിന് FLRS (Food Licensing & Registration System) എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ അക്ഷയകേന്ദ്രങ്ങളിൽ കൂടിയോ സ്വന്തം രീതിയിലോ ലൈസൻസോ രജിസ്ട്രേഷനോ നേടാവുന്നതാണ്. നാളിതുവരെ 56784 ലൈസൻസും 251781 രജിസ്ട്രേഷനും നൽകിയിട്ടുണ്ട്.

**കാര്യക്ഷമമായ സിവിൽ സർവ്വീസ്**

8(*308) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില സർക്കാർ ഓഫീസുകളിൽ കണ്ടുവരുന്ന കെടുകാര്യസ്ഥത, അഴിമതി, ആധിപത്യ മനോഭാവം എന്നിങ്ങനെ സാധാരണ ജനങ്ങളെ പൊറുതിമുട്ടിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനായി എന്തു നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണത്തിന്റെ സത്ഫലങ്ങൾ ജനങ്ങളിലേക്കെത്തിക്കാൻ സംതൃപ്തവും അതേ സമയം കാര്യക്ഷമവുമായ സിവിൽ സർവ്വീസ് വാർത്തെടുക്കുവാൻ എന്തു മാറ്റങ്ങളാണ് ഉദ്ദേശിക്കുന്നത്;

(സി) ജീവനക്കാരിൽ സേവന മനോഭാവം വളർത്താനായി സോഷ്യൽ ആഡിറ്റ് സാധ്യമാണോ എന്ന കാര്യം പരിശോധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ-സി) കാര്യക്ഷമവും സുതാര്യവും അഴിമതിരഹിതവുമായ സിവിൽ സർവ്വീസ് നടപ്പിലാക്കുന്നതിനായി വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ വ്യാപകമായി നടപ്പിലാക്കി വരുന്നു. ഇ-ഓഫീസ് സംവിധാനം ഫയൽ നീക്കം കാര്യക്ഷമവും സുതാര്യവുമാക്കുന്നു. സർക്കാർ ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുന്നതിനു വേണ്ടി വിവിധ തരത്തിലുള്ള പരിശീലനം നൽകി വരുന്നു. കാര്യക്ഷമമായ സിവിൽ സർവ്വീസ് എന്ന ലക്ഷ്യത്തോടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഭരണനിർവ്വഹണത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി 4-ാമത് ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. സേവനം യഥാസമയം ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സേവനാവകാശ നിയമം നടപ്പിലാക്കി വരുന്നു. പൗരാവകാശരേഖ പുറപ്പെടുവിച്ച് ഇതുസംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്ക് നൽകിവരുന്നു. വിവരാവകാശ നിയമം കർശനമായി പ്രാവർത്തികമാക്കുന്നതിൽ കൂടിയും വിശ്വസ്തതയും സുതാര്യതയും ഉറപ്പുവരുത്താൻ കഴിയുന്നുണ്ട്. പൊതുജനങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്ന സ്ഥാപനങ്ങളിലും സർക്കാരിന്റെ പ്രധാന പ്രവർത്തികളിലും സോഷ്യൽ ആഡിറ്റ് കൊണ്ടുവരുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## കേരളപ്പിറവി ദിനത്തിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള നാല് വൻകിട പദ്ധതികൾ

9(*309) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി കേരളപ്പിറവി ദിനത്തിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള നാല് വൻകിട പദ്ധതികൾ സംബന്ധിച്ചുള്ള വിശദീകരണം നൽകുമോ;

(ബി) മിഷൻ മാതൃകയിൽ ആണോ ഈ പദ്ധതികൾ നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതികളുടെ അടങ്കൽ ചെലവ് എത്രയാണ്; ഇതിനുള്ള ധനസമാഹരണം എപ്രകാരം നടത്തുവാനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ അടിസ്ഥാന സമ്പത്തും മാനവശേഷിയും ഈ പദ്ധതി പ്രഖ്യാപിക്കുമ്പോൾ പരിഗണിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി താഴെപ്പറയുന്ന നാല് ബൃഹത്തായ പദ്ധതികൾ അഞ്ചുവർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ചുകൊണ്ട് സ.ഉ.(പി) 41/2016/ആസൂത്രണം. തീയതി 28-9-2016 പ്രകാരം ഉത്തരവായിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*)

I സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി

II ജന സൗഹൃദ സർക്കാർ ആശുപത്രികൾ

III സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി

IV ശുചിത്വം - മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മൂന്ന് മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ഹരിത കേരളം പദ്ധതി.

(ബി) അതെ.

(സി) ഈ പദ്ധതികളുടെ അടങ്കൽ തുക കണക്കാക്കി വരുന്നു. പൊതുജന പങ്കാളിത്തത്തോടുകൂടിയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഉണ്ട്. കേരളത്തിലെ ജന സമ്പത്ത്, പ്രകൃതി വിഭവം, കൃഷി സാധ്യതകൾ, മാനവവിഭവ സമ്പത്ത് എന്നിവ പരിഗണിച്ചാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

**ഗുണ്ട, ക്രിമിനൽ സംഘങ്ങൾ നടത്തുന്ന ബോംബാക്രമണങ്ങൾ**

10(*310) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണ്ട, ക്രിമിനൽ സംഘങ്ങൾ നടത്തുന്ന ബോംബാക്രമണങ്ങൾ ജനജീവിതത്തെ സാരമായി ബാധിക്കുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ;

(ബി) ബോംബ് നിർമ്മാണവും അതുമൂലമുണ്ടാകുന്ന അപകടങ്ങളും വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബോംബ് നിർമ്മാണ മേഖലകളിൽ നിന്നും ഭീതിമൂലം ജനം ഒഴിഞ്ഞു പോകുന്ന സാഹചര്യം മുതലെടുത്ത് അവിടങ്ങളിൽ ബോംബു ശേഖരണം നിർബാധം തുടരുന്ന സ്ഥിതിവിശേഷം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) മനുഷ്യ ജീവനും സ്വത്തിനും വലിയ തോതിൽ അപകടമുണ്ടാക്കുന്ന തരത്തിൽ ഉള്ള ബോംബാക്രമണ സംഭവങ്ങൾ അടുത്ത കാലത്തൊന്നും കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. സാമൂഹ്യവിരുദ്ധരും കുറ്റവാളികളും ഏതെങ്കിലും അവസരത്തിൽ സ്ഫോടക വസ്തുക്കൾ ഉപയോഗിച്ചതായി ശ്രദ്ധയിൽപ്പെട്ടപ്പോഴൊക്കെ അവർക്കെതിരെ സമയോചിതമായി ശക്തമായ നിയമനടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ബോംബാക്രമണങ്ങൾ ഉണ്ടായാൽ സമയോചിതമായി കുറ്റമറ്റ രീതിയിൽ നിയമപരമായി കൈകാര്യം ചെയ്യുന്നതിന് കേരള പോലീസ് സേനയെ സജ്ജമാക്കിയിട്ടുണ്ട്.

(സി) ഇത്തരം ഒരു സ്ഥിതിവിശേഷം നിലവിലില്ല. ബോംബ് നിർമ്മാണവും ശേഖരണവും നിർബാധം തുടരുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായി നിയമ നടപടികൾ സ്വീകരിച്ച് ആയത് അവസാനിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്. ഇത്തരം സ്ഥിതിവിശേഷം ഉണ്ടാകാതിരിക്കാനായി എക്സ്പ്ലോസീവ് റെയിഡുകൾ നടത്തി അതീവ ജാഗ്രത പാലിച്ചു വരുന്നുണ്ട്. ലോക്കൽ പോലീസിന്റെയും സ്പെഷ്യൽ ബ്രാഞ്ചിന്റെയും നിരീക്ഷണവും രഹസ്യ വിവരങ്ങൾ ശേഖരിച്ചും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**അരിയുടെ കൃത്രിമ വിലക്കയറ്റം**

11(*311) ശ്രീ. എം. എം. മണി :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. പി. ഉണ്ണി :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിലെ അരി മില്ലുടമകൾ ലോബിയായി പ്രവർത്തിച്ച് സംസ്ഥാനത്തേക്ക് കയറ്റി അയക്കുന്ന അരിയുടെ വില കൃത്രിമമായി വർദ്ധിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു തടയാനായി ഏതു തരത്തിലുള്ള അടിയന്തര ഇടപെടലാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) കൃത്രിമ വിലക്കയറ്റം സൃഷ്ടിക്കുന്ന മില്ലുടമ ലോബിയെ ടെണ്ടർ നടപടിക്രമങ്ങളിൽ നിന്നും വിലക്കാനും പകരം മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കാനും സാധ്യമാകുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരത്തിലുള്ള പ്രവർത്തനങ്ങളെ കരിഞ്ചന്തയായി കണ്ട് ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ സഹായം തേടാൻ സാധിക്കുമോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ന്യായരഹിതമായ കച്ചവട രീതികൾ പിൻതുടരുന്ന സപ്ലയർമാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സപ്ലൈകോ സ്വീകരിക്കാറുണ്ട്. മട്ട, കുറുവ, ബോധന, ജയ എന്നീ അരികൾ വാങ്ങുന്ന കാര്യത്തിൽ ആന്ധ്രാപ്രദേശ് ഉൾപ്പെടെയുള്ള മറ്റു സംസ്ഥാനങ്ങളെയാണ് ആശ്രയിച്ചു വരുന്നത്.

(സി) കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് തുടങ്ങി കൃത്രിമ വിലക്കയറ്റത്തിനുള്ള സാഹചര്യം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ സിവിൽ സപ്ലൈസ് വകുപ്പ് കർശന നടപടികൾ സ്വീകരിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ Essential Service Maintenance Act (ESMA) പോലുള്ള നിയമങ്ങൾ ഉപയോഗിച്ചും ഇത്തരക്കാർക്കെതിരെ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ജനപക്ഷ ആരോഗ്യ നയം**

12(*312) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എ. എം. ആരിഫ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയുടെ ഗുണനിലവാരവും കാര്യക്ഷമതയും വർദ്ധിപ്പിച്ച് പ്രാഥമിക തലത്തിൽ ഫലപ്രദമായ ചികിത്സ ഉറപ്പാക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ;

(ബി) കേരളത്തിലെ എല്ലാ ആളുകൾക്കും താങ്ങാവുന്ന ചെലവിൽ ചികിത്സ ഉറപ്പാക്കി ചികിത്സാവകാശം ലഭ്യമാക്കാനുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(സി) സ്വകാര്യമേഖലയെക്കൂടി സാമൂഹ്യ നിയന്ത്രണത്തിൽ കൊണ്ടുവന്ന് ജനപക്ഷ ആരോഗ്യ നയം രൂപപ്പെടുത്താൻ സാധിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ചികിത്സാ രംഗത്ത് പൊതുമേഖലയുടെ ഗുണനിലവാരവും കാര്യക്ഷമതയും വർദ്ധിപ്പിക്കാനും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്താനുമുള്ള ഒട്ടനവധി പ്രവർത്തനങ്ങൾക്ക് ആരോഗ്യ വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട രീതിയിൽ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്താനുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള പ്രാരംഭ നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) യുണൈറ്റഡ് നാഷൻസിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (സസ്റ്റെനബിൾ ഡെവലപ്മെന്റ് ഗോൾസ്) (എസ്.പി.ജി.) അടിസ്ഥാനമാക്കി കേരളത്തിലെ ആരോഗ്യ രംഗത്തെ വികസന ലക്ഷ്യങ്ങൾ തിട്ടപ്പെടുത്തിക്കൊണ്ട് അതിനനുസരിച്ചുള്ള പ്രവർത്തന പരിപാടികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ വിദഗ്ദ്ധ സമിതികൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിലെയും ആശുപത്രികളിലെയും സൗകര്യങ്ങൾ ഒരു നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതിനും (സ്റ്റാന്റഡൈസേഷൻ) ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിന്റെയും പോരായ്മകൾ പരിഹരിക്കുന്നതിനും ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള കാര്യങ്ങൾ സജീവ പരിഗണനയിലാണ്. ആശുപത്രികളിലേക്ക് ആവശ്യമായ ഉപകരണങ്ങളും മരുന്നുകളും സമയബന്ധിതമായി ലഭ്യമാക്കാനുള്ള നടപടികളും ത്വരിതഗതിയിലാണ്.

(സി) സ്വകാര്യ മേഖലയുടെ സാമൂഹ്യ നിയന്ത്രണം ലക്ഷ്യമിട്ടിട്ടുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. കേരളത്തിന് ഒരു ആരോഗ്യ നയം രൂപീകരിക്കുന്നതിനുള്ള ഒരു വിദഗ്ദ്ധ സമിതി 22-8-2016-ലെ സ.ഉ.(സാധാ) നമ്പർ 2326/16/ആ.കു.വ. ഉത്തരവു പ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പുതുതായി രൂപം നൽകുന്ന ആരോഗ്യ നയം ആരോഗ്യ രംഗത്തെ ഭാവി പ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശിയായി മാറുന്നതാണ്.

**മണൽ മാഫിയ സംഘങ്ങൾ**

13(*313) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിൽ നിന്നുള്ള മണലെടുപ്പ് സർക്കാർ ഏറ്റെടുത്ത്, മണൽ മാഫിയ സംഘങ്ങളെ കർശനമായി നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പരിസരവാസികൾക്കും പോലീസ്, റവന്യൂ ഉദ്യോഗസ്ഥന്മാർക്കും നേരെയുണ്ടാകുന്ന മണൽ മാഫിയ സംഘത്തിന്റെ ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ചും ഈ മേഖലയിൽ ഇടത്തട്ടുകാരെ ഒഴിവാക്കിയും സർക്കാരിന് ഒരു വരുമാന മാർഗ്ഗമെന്ന നിലയിലും സുതാര്യമായ രീതിയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) നദികളിൽ നിന്നും അനിയന്ത്രിതമായി മണൽ വാരുന്നത് തടയുന്നതിനും സുതാര്യമായ രീതിയിൽ മണൽ വാരൽ നടപ്പാക്കുന്നതിനും വേണ്ടിയാണ് 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ട് കൊണ്ടുവന്നിട്ടുള്ളത്. ഇതിന്റെ ഭാഗമായി കേരളത്തിലുള്ള 20 നദികളിൽ സാന്റ് ഓഡിറ്റിംഗ് നടത്തുവാൻ തീരുമാനിക്കുകയും നിലവിൽ 18 നദികളുടെ സാന്റ് ഓഡിറ്റിംഗ് പൂർത്തിയാക്കിയിട്ടുള്ളതുമാണ്. നിലവിലെ സംവിധാനം സുതാര്യമായാണ് നടപ്പിലാക്കി വരുന്നത്. കടവുകൾ ലേലം ചെയ്തു നൽകി സർക്കാർ മണൽ വിൽപ്പനയിൽ ഇടപെടൽ നടത്തി വരുന്നു. മണൽ മാഫിയാ സംഘങ്ങളെ നിയന്ത്രിക്കുന്നതിന് റവന്യൂ, പോലീസ് വകുപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഈ മേഖലയിലെ ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനും നിർമ്മാണ മേഖലയ്ക്കും പൊതുജനങ്ങൾക്കും മണലിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിനുമായി മണൽ സംഭരണവും വിൽപ്പനയും സാധ്യമാക്കുന്നതിനായി വിവിധ വകുപ്പുകളുടെ മേധാവികളെ വിളിച്ച് ചേർത്ത് ആവശ്യമായ കൂടിയാലോചനകൾ നടത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കുവാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം ചർച്ച ചെയ്ത് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

**പറമ്പിക്കുളം - ആളിയാർ കരാർ പ്രകാരമുള്ള ജലം**

14(*314) ശ്രീ. കെ. ബാബു :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കരാർ പ്രകാരമുള്ള വെള്ളം ലഭിക്കാത്തതിനാൽ കുടിവെള്ള ക്ഷാമവും നെൽകൃഷി അടക്കമുള്ള കൃഷികൾക്ക് ജല ദൗർലഭ്യവും നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു പരിഹരിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) കരാറിന്റെ പുനരവലോകനവുമായി ബന്ധപ്പെട്ട ചർച്ചകൾ പുനരാരംഭിക്കുന്നതിന്റെ ഭാഗമായി ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റഗുലേഷൻ ഡിവിഷൻ, പി.എ.പി. പാലക്കാട്, തമിഴ്നാടിന്റെ ഉന്നത ഉദ്യോഗസ്ഥരുമായി വകുപ്പുതലത്തിൽ അനൗപചാരിക ചർച്ച നടത്തുകയുണ്ടായി. തുടർ ചർച്ചകൾക്ക് തമിഴ്നാട് സർക്കാർ അനുകൂലമായി പ്രതികരിക്കുമെന്നാണ് തമിഴ്നാടിന്റെ ഉദ്യോഗസ്ഥർ അറിയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് തമിഴ്നാടുമായി ചർച്ചകൾ നടത്തി കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

(ബി) പി.എ.പി. കരാർ പ്രകാരമുള്ള ജലം ലഭിക്കാത്തതിനാൽ ചിറ്റൂർ പദ്ധതി പ്രദേശത്ത് ഇപ്പോൾ കുടിവെള്ള ക്ഷാമവും കാർഷികാവശ്യങ്ങൾക്ക് ജല ദൗർലഭ്യവും അനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.)-യിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുത്ത് ചിറ്റൂർപുഴ പദ്ധതി പ്രദേശത്തെ നിലവിലെ ജലക്ഷാമം പരിഹരിക്കാനുള്ള സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്. പി.എ.പി. കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കാത്ത സാഹചര്യത്തിൽ സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യൂ.ആർ.ബി.) യോഗം 21-10-2016-ന് ചേരണമെന്ന് കേരളം 4-10-2016-ന് തമിഴ്നാടിനോടാവശ്യപ്പെട്ടിരുന്നു. ഇതിനോടുള്ള തമിഴ്നാടിന്റെ പ്രതികരണം അനുകൂലമല്ലാത്തതിനാൽ ബന്ധപ്പെട്ട കരാർ വ്യവസ്ഥകൾ ചൂണ്ടിക്കാട്ടി 21-10-2016-ന് തന്നെ ജെ.ഡബ്ല്യൂ.ആർ.ബി.-യുടെ യോഗം ചേരണമെന്ന് 7-10-2016-ന് കേരളം വീണ്ടും തമിഴ്നാടിനോട് ആവശ്യപ്പെടുകയുണ്ടായി.

ഇതിനു പുറമെ 2016 ഒക്ടോബർ ഒന്നാം ദ്വൈവാരത്തിൽ കരാർ പ്രകാരം കേരളത്തിന് ചിറ്റൂർപുഴ പദ്ധതി പ്രദേശത്തേക്ക് ലഭ്യമാക്കേണ്ട 700 എം.സി.എഫ്.ടി. ജലം 540 ക്യൂസെക്സ് എന്ന തോതിൽ മണക്കടവ് വിയറിൽ നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ വളരെ കുറഞ്ഞ തോതിലാണ് തമിഴ്നാട് മണക്കടവിൽ ജലം ലഭ്യമാക്കിവന്നത്. ഇതിനെ തുടർന്നുണ്ടായ ജലക്ഷാമം പരിഹരിക്കാൻ കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള ജലവിഭവ വകുപ്പുമന്ത്രി 8-10-2016-ന് ബഹു. തമിഴ്നാട് പൊതുമരാമത്ത് മന്ത്രിക്ക് കത്തയയ്ക്കു കയുണ്ടായി. കൂടാതെ ഈ പ്രശ്നത്തിൽ ഇടപെട്ട് കരാർ പ്രകാരമുള്ള ജലം കേരളത്തിന് ലഭ്യമാക്കാൻ വേണ്ട നിർദ്ദേശം തമിഴ്നാടിന് നൽകണമെന്നാവശ്യപ്പെട്ട

കൊണ്ട് ബഹു. കേരള ജലവിഭവ വകുപ്പുമന്ത്രി 8-10-2016-ന് ബഹു. കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിക്കും കത്തയയ്ക്കുകയുണ്ടായി. ഈ വിഷയത്തിൽ സംസ്ഥാനത്തിന്റെ ശക്തമായ നിലപാടുകളെത്തുടർന്ന് തമിഴ്നാട് കേരളത്തിന് പി.എ.പി.-യിൽ നിന്ന് ജലം ലഭ്യമാക്കുന്നതിനെക്കുറിച്ച് ചർച്ച നടത്താൻ മുന്നോട്ടുവരികയും 10-10-2016-ന് തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ വച്ച് ഉദ്യോഗസ്ഥ തലത്തിൽ ചർച്ച നടത്തുകയുമുണ്ടായി. ഈ ചർച്ചയിൽ കേരളത്തിന് ഒക്ടോബർ ഒന്നാം ദ്വൈവാരത്തിന്റെ അവസാനം വരെ മണക്കടവ് വിയറിൽ 300 ക്യുസെക്സ് എന്ന തോതിൽ ജലം നൽകാമെന്നും രണ്ടാം ദ്വൈവാരത്തിൽ സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യു.ആർ.ബി.) യോഗം ചേരാമെന്നും അതുവരെ മണക്കടവ് വിയറിൽ 200 ക്യുസെക്സ് എന്ന തോതിൽ ജലം നൽകാമെന്നും സമ്മതിച്ചിട്ടുണ്ട്. പി.എ.പി. കരാർ പ്രകാരമുള്ള ജല ലഭ്യത ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ജലസേചന വകുപ്പ് ഉദ്യോഗസ്ഥരും കേരള സർക്കാരും സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ച് വരികയാണ്.

## ജൻ ഔഷധി സ്റ്റോറുകൾ

15(*315) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ജൻ ഔഷധി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്റ്റോറുകളുടെ നടത്തിപ്പ് ചുമതല ഏത് ഏജൻസിയെ ഏല്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതുസംബന്ധിച്ച് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സർക്കാർ ആശുപത്രികളോടനുബന്ധിച്ച് 300 " ജൻ ഔഷധി സ്റ്റോറുകൾ" തുടങ്ങുന്നതിന് കേന്ദ്ര ഫാർമസ്യൂട്ടിക്കൽ ഡിപ്പാർട്ടുമെന്റിന് കീഴിലുള്ള ബ്യൂറോ ഓഫ് ഫാർമ പബ്ലിക്ക് സെക്ടർ അണ്ടർടേക്കിംഗ്സ് ഓഫ് ഇന്ത്യ (BPPI)-യും സംസ്ഥാന ഫാർമസി കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള "ഫാർമസ്യൂട്ടിക്കൽ സൊസൈറ്റി ഓഫ് കേരള" -യുമായി ധാരണാപത്രം കൈമാറിയിട്ടുണ്ട്.

(ബി) ഫാർമസി കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള ഫാർമസ്യൂട്ടിക്കൽ സൊസൈറ്റി ഓഫ് കേരളയെയാണ് നടത്തിപ്പ് ചുമതല ഏല്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

(സി) ഉണ്ട്. ഇതുസംബന്ധിച്ച ധാരണാപത്രം 23-9-2016-ന് മസ്കറ്റ് ഹോട്ടലിൽ വച്ച് നടന്ന ചടങ്ങിൽ BPPI-CEO ശ്രീ. ബിപ്ലബ് ചാറ്റർജിയും ഫാർമസ്യൂട്ടിക്കൽ സൊസൈറ്റി ചെയർമാനും തമ്മിൽ കൈമാറിയിട്ടുണ്ട്.

**ചികിത്സാവിധികളെക്കുറിച്ചുള്ള വ്യാജപ്രചരണങ്ങൾ**

16(*316) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ഡോ. എം. കെ. മുനീർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളെ വഴിതെറ്റിക്കുന്ന വിധത്തിലുള്ളതും ശാസ്ത്രീയമായി തെളിയിക്കാത്തതുമായ ചികിത്സാവിധികളെക്കുറിച്ചും മരുന്നുകളെക്കുറിച്ചും സോഷ്യൽ മീഡിയ വഴി പ്രചരണങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു തടയുന്നതിനായി എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം പ്രചരണങ്ങൾ, വാക്സിനേഷൻ പോലുള്ള പ്രിവന്റീവ് ചികിത്സാ രീതികളെ പോലും ജനം എതിർക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇത്തരം വ്യാജപ്രചരണങ്ങൾ ചെറുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഇത്തരം പ്രചരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യകാര്യങ്ങളെ കുറിച്ചും ശാസ്ത്രീയമായ രോഗചികിത്സയെക്കുറിച്ചും ബോധവത്ക്കരണ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് ചെയ്തുവരുന്നു. ചികിത്സാ വിധികളെക്കുറിച്ചും മരുന്നുകളെ കുറിച്ചുമുള്ള വ്യാജ പ്രചരണങ്ങൾ തടയാനായി സോഷ്യൽ മീഡിയയിൽ ഇടപെടാനുള്ള പ്രവർത്തനങ്ങൾ ദേശീയ ആരോഗ്യ ദൗത്യം നടത്തിവരുന്നു. ഇതിനായി ഈ മേഖലയിൽ പ്രാവീണ്യമുള്ള ഏജൻസികളെ തെരഞ്ഞെടുക്കുകയും ഇതിനാവശ്യമായ വിവരങ്ങളും ഉള്ളടക്കവും രൂപകല്പന ചെയ്യാനായി ഡോക്ടർമാരും

പൊതുജനാരോഗ്യ വിദഗ്ദ്ധരും അംഗങ്ങളായിട്ടുള്ള ഒരു എഡിറ്റോറിയൽ ബോർഡും രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഫേസ് ബുക്ക് വഴി സ്പോൺസേർഡ് ആയ പോസ്റ്റുകൾ, വിദഗ്ദ്ധന്മാരുടെ അഭിപ്രായങ്ങൾ, വീഡിയോകൾ, ഡോക്ടർമാരുടെയും ജനങ്ങളുടെയും അഭിപ്രായങ്ങൾ, കാർട്ടൂൺ സ്ട്രിപ്പുകൾ, കഥാരൂപത്തിലുള്ള സീരിയൽ സ്ട്രിപ്പുകൾ എന്നിവ നൽകുന്നതാണ്. ശാസ്ത്രീയമായ ചികിത്സാരീതികളെക്കുറിച്ചും രോഗപ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും ആരോഗ്യശീലങ്ങളെക്കുറിച്ചും ശരിയായ ഭക്ഷണരീതിയെക്കുറിച്ചും വ്യായാമത്തെക്കുറിച്ചും അറിവ് നൽകാനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

(ബി) സംസ്ഥാനത്ത് മലപ്പുറം അടക്കമുള്ള ചില വടക്കൻ ജില്ലകളിൽ ഇത്തരം പ്രചരണങ്ങൾ രോഗപ്രതിരോധ ചികിത്സയെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് നേരിടുന്നതിനായി രാഷ്ട്രീയ നേതാക്കളെയും മതനേതാക്കളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിപുലമായ പ്രവർത്തന പരിപാടികൾ ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. വാക്സിനേഷനെക്കുറിച്ച് ജനങ്ങളിൽ തെറ്റിദ്ധാരണയുണ്ടാക്കുന്ന വ്യാജ പ്രചരണങ്ങൾ തടയാനായി പ്രാദേശിക തലങ്ങളിൽ ജനങ്ങളെ നേരിട്ട് കണ്ട് ശരിയായ അവബോധം നൽകാനായി വിവിധ പ്രൊഫഷണൽ സംഘടനകളുടെയും സന്നദ്ധ സംഘടനകളുടെയും സാംസ്കാരിക-മത സംഘടനകളുടെയും ആഭിമുഖ്യത്തിൽ വീടുവീടാന്തരം കയറി ഇറങ്ങിയുള്ള പ്രചരണം നടത്തുകയുണ്ടായി. ഇതോടൊപ്പം വിപുലമായ തോതിൽ ജനങ്ങൾക്കിടയിൽ ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും വാക്സിനേഷൻ പ്രചരണ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ കൂട്ടായ്മ ഉറപ്പിക്കുകയും ചെയ്തു.

(സി) വ്യാജപ്രചരണങ്ങൾ പ്രചരിപ്പിക്കുന്നതിന് എതിരെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർട്ടൈസ്മെന്റ്) ആക്ട് ആന്റ് റൂൾസിന് വിരുദ്ധമായുള്ള വ്യാജപ്രചരണങ്ങൾ ഉണ്ടായാൽ ഇതുസംബന്ധിച്ച് കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

## അന്നപൂർണ്ണ പദ്ധതി

17(*317) <u>ശ്രീ. ജോർജ് എം. തോമസ്</u> :
<u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. ഡി. കെ. മുരളി</u> :
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്നപൂർണ്ണ പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയെന്നും ഇതിന്റെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം ലഭിച്ച കേന്ദ്ര വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഉണ്ട്. 1-4-2000 മുതൽ അന്നപൂർണ്ണ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

(ബി) താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്കനുസൃതമായാണ് അന്നപൂർണ്ണ പദ്ധതി ഗുണഭോക്താക്കളെ കണ്ടെത്തുന്നത് ":

1. അപേക്ഷകന്റെ പ്രായം അറുപത്തഞ്ചോ (65) അതിനു മുകളിലോ ആയിരിക്കണം.

2. സ്വന്തമായോ കുടുംബാംഗങ്ങളുടെയോ ഇതര സ്രോതസ്സുകളിലൂടെയോ ഉള്ള വരുമാനംകൊണ്ട് ഉപജീവനത്തിന് മാർഗ്ഗമില്ലാത്ത അഗതികളായിരിക്കണം.

3. നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീമിലെയോ (NOAPS) മറ്റ്, സംസ്ഥാന പെൻഷൻ പദ്ധതി പ്രകാരമോ ഉള്ള പെൻഷൻ ലഭിക്കാത്ത ആളായിരിക്കണം. ഇങ്ങനെയുള്ളവർക്ക് അന്നപൂർണ്ണ പദ്ധതി പ്രകാരം പ്രതിമാസം 10 കിലോഗ്രാം ഭക്ഷ്യധാന്യം (അരി/ഗോതമ്പ്) സൗജന്യമായി ലഭ്യമാകുന്നതാണ്.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ അന്നപൂർണ്ണ പദ്ധതിക്കായി 2.03 കോടി രൂപ കേന്ദ്ര വിഹിതമായി അനുവദിച്ചിട്ടുണ്ട്. പദ്ധതിച്ചെലവിന്റെ 80% കേന്ദ്രവും 20% സംസ്ഥാനവുമാണ് വഹിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ അന്നപൂർണ്ണ പദ്ധതിക്ക് കേന്ദ്രത്തിൽനിന്ന് ഭക്ഷ്യധാന്യ വിഹിതം ഇതുവരെയും ലഭ്യമായിട്ടില്ല.

**ഭക്ഷ്യ സുരക്ഷാ നിയമം**

18(*318) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാനിയമം നടപ്പിലാക്കുമ്പോൾ റേഷൻ സാധനങ്ങളുടെ നീക്കം ഫോൺ മെസേജ് വഴി ജനങ്ങൾക്ക് അറിയുവാൻ സാധിക്കുമോ;

(ബി) റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരിക്കുവാനും ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തുവാനും ജി.പി.എസ്. ഘടിപ്പിച്ച വാഹനങ്ങൾ മുഖാന്തരം ഭക്ഷ്യധാന്യങ്ങളുടെ ഗതാഗതം നടത്തുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുവാൻ തയ്യാറാകുമോ;

(സി) മേൽപ്പറഞ്ഞ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് എത്ര തുക ആവശ്യമായി വരുമെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ&ബി) ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തുന്നതിനും റേഷൻ സാധനങ്ങളുടെ നീക്കം ഫോൺ മെസേജ് വഴി ജനങ്ങളെ അറിയിക്കുന്നതിനും ജി.പി.എസ്. ഘടിപ്പിച്ച വാഹനങ്ങൾ മുഖേന ഭക്ഷ്യധാന്യങ്ങളുടെ ചരക്കുനീക്കം നടത്തുന്നതിനുമുള്ള സംവിധാനമൊരുക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) മേൽപ്പറഞ്ഞ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് സർക്കാർ ഏജൻസിയായ സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് സപ്ലൈകോ (സിവിൽ സപ്ലൈസ് കോർപ്പറേഷൻ) തയ്യാറാക്കി വരുന്നു. പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് തയ്യാറാകുന്ന മുറയ്ക്ക് മാത്രമേ തുക സംബന്ധിച്ച വിവരം ലഭ്യമാകുകയുള്ളൂ.

**മെരിറ്റ് അട്ടിമറിച്ച് എം.ബി.ബി.എസ്. പ്രവേശനം**

19(*319) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഈ വർഷം നടത്തിയ എം.ബി.ബി.എസ്. പ്രവേശനത്തിൽ മെരിറ്റ് അട്ടിമറിച്ച് പ്രവേശനം നൽകി എന്ന പരാതി മേൽനോട്ട സമിതിയായ ജയിംസ് കമ്മിറ്റിക്ക് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പരാതികൾ ലഭിച്ചു എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഏതൊക്കെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ അഡ്മിഷനുകളിലാണ് മെരിറ്റ് അട്ടിമറിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്;

(സി) ഈ സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) സ്വാശ്രയ മെഡിക്കൽ പ്രവേശനത്തിൽ സുപ്രീംകോടതി വിധി പ്രകാരം മെരിറ്റും സാമൂഹ്യനീതിയും ഉറപ്പുവരുത്തുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഇ) അവസാന അലോട്ട്മെന്റിനുശേഷം ഒഴിവുവരുന്ന സീറ്റുകളിലും മെരിറ്റ് ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ലഭിച്ചിട്ടുണ്ട്. സ്വാശ്രയ മെഡിക്കൽ കോളേജിൽ നടത്തിയ എം.ബി.ബി.എസ്. പ്രവേശനത്തിൽ മെരിറ്റ് അട്ടിമറിക്കാൻ ശ്രമിച്ചതായി ജയിംസ് കമ്മിറ്റിക്ക് പരാതി ലഭിച്ചിട്ടുണ്ട്. മേൽനോട്ട സമിതി നൽകിയിട്ടുള്ള ഉത്തരവുകൾ പാലിച്ചിട്ടില്ല എന്നും പ്രവേശന നടപടികൾ സുതാര്യമല്ല എന്നും മറ്റുമുള്ള 1530 പരാതികൾ ആണ് ലഭിച്ചിട്ടുള്ളത്.

(ബി) മേൽപ്പറഞ്ഞ പ്രകാരമുള്ള പരാതികൾ ശ്രീനാരായണ മെഡിക്കൽ കോളേജ്, അൽഅസർ മെഡിക്കൽ കോളേജ്, ഡി.എം. വയനാട് മെഡിക്കൽ കോളേജ്, പി. കെ. ദാസ് മെഡിക്കൽ കോളേജ്, ട്രാവൻകൂർ മെഡിക്കൽ കോളേജ്, അസീസിയ മെഡിക്കൽ കോളേജ്, എസ്.യു.റ്റി. മെഡിക്കൽ കോളേജ്, ശ്രീ. ഗോകുലം മെഡിക്കൽ കോളേജ്, കരുണ മെഡിക്കൽ കോളേജ്, കണ്ണൂർ മെഡിക്കൽ കോളേജ്, ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ്, മലബാർ മെഡിക്കൽ കോളേജ്, മൗണ്ട് സിയോൺ മെഡിക്കൽ കോളേജ് എന്നീ കോളേജുകളിലെ അഡ്മിഷനുകൾ സംബന്ധിച്ച് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി പരിശോധിക്കുകയും പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ACT XIX of 2006-ലെ വിവിധ വകുപ്പുകൾ പ്രകാരവും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും വിധികളുടെ അടിസ്ഥാനത്തിലും മെരിറ്റും സുതാര്യതയും ഉറപ്പുവരുത്താനും തലവരിപ്പണവും ചൂഷണവും തടയുവാനുമുള്ള നടപടികൾ ഫലപ്രദമായി സ്വീകരിച്ചു.

(ഡി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും വിധികൾ പ്രകാരവും കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രാലയത്തിന്റെ നിർദ്ദേശാനുസരണവും ഏകീകൃത പ്രവേശനം ഉറപ്പാക്കുന്നതിന് കേരള സർക്കാർ ഉത്തരവിറക്കി. ആയതിന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് വന്നതിനാൽ സ്വകാര്യ മെഡിക്കൽ/ഡെന്റൽ കോളേജുകളുമായി ചർച്ച നടത്തി പ്രവേശന നടപടികളിൽ മെരിറ്റും സാമൂഹിക നീതിയും ഉറപ്പുവരുത്തി.

(ഇ) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവുപ്രകാരം 30-9-2016 പ്രവേശനം നേടാനുള്ള അവസാന ദിവസം ആയിരുന്നെങ്കിലും പിന്നീട് ബഹു. കോടതി 7-10-2016 വരെ പ്രവേശനം നേടുവാനുള്ള സമയം നീട്ടി നല്കിയതിനാൽ അവസാന അലോട്ട്മെന്റിന് ശേഷവും ഒഴിവ് വരുന്ന സീറ്റുകളിലേക്ക് മെറിറ്റ് അടിസ്ഥാനത്തിൽ ഏകീകൃത പ്രവേശനം പ്രവേശന പരീക്ഷാ കമ്മീഷണറിലൂടെ ഉറപ്പാക്കി. പ്രവേശനത്തിൽ അപാകതകൾ കണ്ടതിനെ തുടർന്ന് പ്രവേശന മേൽനോട്ട സമിതി പ്രവേശനം റദ്ദ് ചെയ്ത കരുണ മെഡിക്കൽ കോളേജ്, കണ്ണൂർ മെഡിക്കൽ കോളേജ് എന്നിവകളുടെ പ്രവേശനം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം പ്രവേശന പരീക്ഷാ കമ്മീഷണർ സ്പോട്ട് അഡ്മിഷനിലൂടെ മെറിറ്റ് ഉറപ്പാക്കി. ഉത്തരവ് അനുസരിച്ച് ഒരു റിപ്പോർട്ട് ബഹു. കേരള ഹൈക്കോടതിയിൽ പ്രവേശന പരീക്ഷ കമ്മീഷണർ സമർപ്പിച്ചത് തീർപ്പാക്കാനായി 19-10-2016-ലേക്ക് മാറ്റിയിട്ടുണ്ട്. സർക്കാരുമായി കരാറിൽ ഏർപ്പെടാത്ത കെ.എം.സി.റ്റി. മെഡിക്കൽ കോളേജിന്റെ പ്രവേശനം മെറിറ്റും സുതാര്യതയും ഉറപ്പാക്കി പ്രവേശന പരീക്ഷാ കമ്മീഷണർ 7-10-2016-ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്.

**ചൈനീസ് മുട്ട ഉയർത്തുന്ന ആരോഗ്യ ഭീഷണി**

20(*320) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണ കോഴിമുട്ടയിൽ നിന്ന് ഏതൊക്കെ തരത്തിലാണ് 'ചൈനീസ് മുട്ട' എന്ന പേരിലുള്ള വ്യാജ മുട്ടകൾ വ്യത്യാസപ്പെട്ടിരിക്കുന്നതെന്നും ജനങ്ങൾക്ക് ഇത് എങ്ങനെ തിരിച്ചറിയാൻ കഴിയുമെന്നും അറിയിക്കുമോ;

(ബി) കോഴിയുമായി ഒരു ബന്ധവും ഇല്ലാത്തതും കൃത്രിമമായി ഉല്പ്പാദിപ്പിക്കുന്നതുമായ ഇത്തരം വ്യാജമുട്ടകൾ ആരോഗ്യത്തിന് ഭീഷണി ഉയർത്തുന്നത് കണക്കിലെടുത്ത് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സംസ്ഥാനത്ത് സാധാരണ കോഴിമുട്ട എന്ന പേരിൽ വ്യാജ മുട്ടകൾ വിപണിയിൽ ലഭ്യമാണെന്നുള്ള മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ഈ വാർത്തയിൽ പറഞ്ഞിരിക്കുന്ന മുട്ട വ്യാജമല്ലെന്ന് തെളിഞ്ഞിട്ടുണ്ട്. വ്യാജ മുട്ടയെന്ന പരാതിയോടൊപ്പം ലഭ്യമാക്കിയിരുന്ന മുട്ടകൾ വിശദമായ പരിശോധനകൾക്കായി തൃശ്ശൂരിലെ കേരള വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള ഗവേഷണ സ്ഥാപനമായ Centre For Excellence in Poultry Science-ൽ പരിശോധിച്ചതിൽ ആയവ യഥാർത്ഥ കോഴിമുട്ടയാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) കോഴിയുമായി ഒരു ബന്ധവുമില്ലാതെ കൃത്രിമമായി വ്യാജമുട്ടകൾ ഉൽപ്പാദിപ്പിക്കുകയാണെങ്കിൽ അത് തികച്ചും ആരോഗ്യത്തിന് ഭീഷണി ഉയർത്തുമെന്നുള്ളതിന് സംശയമില്ല. ഇത്തരം പരാതികളുടെ നിജസ്ഥിതി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനുശേഷം ആവശ്യമുള്ളപക്ഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## ഇസ്ലാമിക് സ്റ്റേറ്റ്

21(*321) ശ്രീ. കെ. രാജൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്ന് ദുരൂഹ സാഹചര്യത്തിൽ കാണാതായ ചിലർ ഇസ്ലാമിക് സ്റ്റേറ്റ് എന്ന ഭീകര സംഘടനയിൽ ചേർന്നുവെന്നത് സ്ഥിരീകരിച്ചിട്ടുണ്ടോ; ഐ.എസ്.-ൽ ചേരുന്നതിന് എല്ലാ സഹായവും ചെയ്തു കൊടുത്ത ആളുകളെ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിനകത്തും പുറത്തും ഭീകരാക്രമണം നടത്തുകയെന്ന ലക്ഷ്യത്തോടെ മതമൗലികവാദികളായ യുവാക്കൾ, വിവിധ സംസ്ഥാനങ്ങളിലെ യുവാക്കളുമായി ചേർന്ന് പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നതായുള്ള റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ യുവാക്കൾ മതമൗലികവാദത്തിലധിഷ്ഠിതമായ ഭീകരവാദത്തിൽ ഏർപ്പെടാതിരിക്കാൻ വേണ്ട ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഏതൊക്കെ തലത്തിൽ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) ഇതുസംബന്ധിച്ച് സ്ഥിരീകരിക്കാത്ത വിവരം ലഭിച്ചിട്ടുണ്ട്. ആയതിന്റെ നിജസ്ഥിതിയെക്കുറിച്ച് സംസ്ഥാന ഇന്റലിജൻസ് വിഭാഗം അന്വേഷണം നടത്തിവരുന്നു. കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേരള പോലീസ് പതിമൂന്ന് കേസുകളും എൻ.ഐ.എ. കൊച്ചി ബ്രാഞ്ച് ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) വിദ്യാസമ്പന്നരും തൊഴിൽരഹിതരുമായ യുവതീ യുവാക്കളാണ് ഇത്തരത്തിലുള്ള ഭീകര സംഘടനകളിൽ കൂടുതലായി ആകൃഷ്ടരാകുന്നത് എന്നതിനാൽ സ്കൂൾ-കോളേജ് തലങ്ങളിൽ ബോധവത്ക്കരണം നടത്തുവാൻ ഉദ്ദേശിക്കുന്നു.

## ചികിത്സാരീതികൾ പരിശോധിക്കാൻ സമിതി

22(*322) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. എം. ഉമ്മർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയിൽ പുതുതായി ആവിഷ്കരിക്കുന്ന ചികിത്സാരീതികളുടെയും മരുന്നുകളുടെയും കാര്യക്ഷമത പരിശോധിക്കാൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ അതിന്റെ ഘടന, ചുമതലകൾ, അംഗങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) പ്രസ്തുത സമിതി ഏത് ഉത്തരവിലൂടെയാണ് നിയമിക്കപ്പെട്ടതെന്ന് അറിയിക്കാമോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകാമോ;

(ഡി) സമിതി രൂപീകരിച്ച ശേഷം നാളിതുവരെയുള്ള അതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്.

(ബി&സി) 15-7-2016-ലെ സ.ഉ.(സാധാ)നമ്പർ1947/2016/ആ.കു.വ. പ്രകാരമാണ് ഈ സമിതി രൂപീകരിച്ചിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) സമിതിയുടെ പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്.

## ഗൾഫ് രാജ്യങ്ങളിൽ ഗാർഹിക തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ സുരക്ഷ

23(*323) ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-മൈഗ്രേഷൻ മറികടന്നുകൊണ്ട് കേരളത്തിൽ നിന്നും ധാരാളം സ്ത്രീകളെ വീട്ടുജോലിക്കെന്ന പേരിൽ ട്രാവൽ ഏജൻസികളും മനുഷ്യക്കടത്തുകാരും ഗൾഫ് രാജ്യങ്ങളിൽ എത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ എത്തിപ്പെടുന്ന സ്ത്രീകളെ ശമ്പളമോ ഭക്ഷണമോ താമസ സൗകര്യങ്ങളോ നൽകാതെ ചൂഷണം ചെയ്യുന്നതായ വാർത്തകൾ ഗൗരവപൂർവ്വം പരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഗൾഫ് രാജ്യങ്ങളിൽ ഗാർഹിക തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനാവശ്യമായ ഇടപെടൽ നടത്തുമോയെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഇപ്രകാരമുള്ള ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗൗരവപൂർവ്വം പരിശോധിച്ചുവരുന്നു. ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടനടി കേന്ദ്ര സർക്കാരിന്റെ വിദേശകാര്യ വകുപ്പുമായും വിദേശത്തുള്ള ഇന്ത്യൻ എംബസികളുമായും ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

(സി) ഗൾഫ് രാജ്യങ്ങളിൽ ഗാർഹിക തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി നിലവിൽ എംബസികൾ, കേന്ദ്ര സർക്കാരിന്റെ വിദേശകാര്യ വകുപ്പ്, എമിഗ്രേഷൻ, കേന്ദ്ര അന്വേഷണ ഏജൻസികൾ എന്നിവയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്. ഈ വിഷയത്തിലുള്ള തട്ടിപ്പുകൾ തടയുന്നതിനായി ഗവൺമെന്റ് ഓഫ് ഇന്ത്യ 18 ഇ.സി.ആർ. രാജ്യങ്ങളിലേയ്ക്ക് വീട്ടുജോലിക്കായി സ്ത്രീകളെ റിക്രൂട്ട് ചെയ്യുന്നതിനുള്ള അനുമതി 2016 ആഗസ്റ്റ് 2-ലെ Z.11025/126/2015-Emig. നമ്പർ ഉത്തരവ് പ്രകാരം State Run Recruiting Agencies-നായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇതിനായി കേരളത്തിൽനിന്നും ചുമതലപ്പെടുത്തപ്പെട്ടിട്ടുള്ള ഏജൻസികൾ നോർക്ക റൂട്ട്സും ODEP-ഉം മാത്രമാണ്. വിദേശത്ത് പോകുന്നതിനുമുമ്പ് പ്രസ്തുത രാജ്യങ്ങളിലെ തൊഴിൽ നിയമങ്ങളെക്കുറിച്ചും ഗാർഹിക ജോലിക്കാർക്കുള്ള അവകാശങ്ങളെക്കുറിച്ചുമുള്ള വിശദമായ മാർഗ്ഗനിർദ്ദേശം ട്രെയിനിംഗ് രൂപത്തിലും ലഘുലേഖകൾ, പരസ്യം തുടങ്ങിയവയിലൂടെയും നൽകിവരുന്നു.

## ഭക്ഷ്യ വസ്തുക്കളുടെ വിലനിലവാരം

24(*324) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കാനായി കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്കു നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ബി) ജി.എസ്.റ്റി. പ്രാബല്യത്തിലായാൽ ഭക്ഷ്യ വസ്തുക്കൾ ഉൾപ്പെടെയുള്ള അവശ്യസാധനങ്ങളുടെ നികുതി ഒഴിവാക്കാനോ, കുറയ്ക്കാനോ സംസ്ഥാന സർക്കാരിന് സാധ്യമാകാത്ത സാഹചര്യത്തിൽ ഇത് ഭക്ഷ്യ വസ്തുക്കളുടെ വില നിലവാരത്തെ ഏതു രീതിയിൽ ബാധിക്കുമെന്ന് വിശദമാക്കാമോ;

(സി) ഉത്സവ കാലത്തെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും അവധി വ്യാപാരവും നിയന്ത്രിക്കാനായി കേന്ദ്ര സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുള്ളതായി അറിയാമോ ;

(ഡി) അന്തർദ്ദേശീയ കമ്പോളത്തിൽ പെട്രോളിയം ഉത്പന്നങ്ങളുടെ വില ഗണ്യമായി കുറഞ്ഞ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ ഇവയുടെ മേൽ ചുമത്തിയ അധിക എക്സൈസ് തീരുവ ഭക്ഷ്യ ഉത്പന്നങ്ങൾ ഉൾപ്പെടെയുള്ള അവശ്യ വസ്തുക്കളുടെ വില വർദ്ധനയ്ക്ക് വലിയ തോതിൽ പ്രേരകമായിട്ടുണ്ടോ; ഈ നടപടി തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കാനായി കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുകളുടെ പരിഗണനയ്ക്കായി അതാതു സംസ്ഥാനങ്ങളുടെ സാഹചര്യം കണക്കിലെടുത്ത് നടപ്പാക്കുന്നതിനായി ചില നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പയറുവർഗ്ഗങ്ങളുടെ വിലയിൽ വർദ്ധനവുണ്ടായ സാഹചര്യത്തിൽ ഇറക്കുമതിക്കാരുടെയും മൊത്ത വ്യാപാരികളുടെയും യോഗം വിളിച്ച് പയറുവർഗ്ഗങ്ങളുടെ വില പിടിച്ചു നിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഭക്ഷ്യവസ്തുക്കൾക്ക് ആവശ്യമെന്ന് തോന്നുന്നപക്ഷം സ്റ്റോക്ക് പരിധി നിശ്ചയിക്കണമെന്നും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനുപുറമെ 1955-ലെ അവശ്യസാധന നിയമം, 1980-ലെ പ്രിവെൻഷൻ ഓഫ് ബ്ലാക്ക് മാർക്കറ്റിംഗ് ആന്റ് മെയിന്റനൻസ് ഓഫ് സപ്ലൈസ് ഓഫ് എസ്സൻഷ്യൽ കമ്മോഡിറ്റീസ് നിയമം, ലീഗൽ മെട്രോളജി നിയമം എന്നിവ പ്രകാരവും നടപടികൾ എടുക്കുവാൻ വ്യവസ്ഥയുണ്ട്.

(ബി) ഒക്ടോബർ 18 മുതൽ 20 വരെ ഡൽഹിയിൽ നടത്തുവാൻ തീരുമാനിച്ചിട്ടുള്ള ജി.എസ്.റ്റി. കൗൺസിൽ മീറ്റിംഗിനുശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനം ഉണ്ടാകുകയുള്ളൂ.

(സി) ഉത്സവ കാലത്തെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും അവധി വ്യാപാരവും നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കുന്നതിന് കേന്ദ്ര സർക്കാർ 21-5-2015, 21-5-2016 എന്നീ തീയതികളിൽ സംസ്ഥാന ഭക്ഷ്യ മന്ത്രിമാരുടെ മീറ്റിംഗ് വിളിച്ചുകൂട്ടുകയും അവശ്യ സാധന

നിയമത്തിലെ സെക്ഷൻ 3(2)(C) ആവശ്യഘട്ടങ്ങളിൽ പ്രയോഗിക്കുവാനും കുറ്റക്കാർക്കെതിരെ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിക്കുവാനും ഇതുകൂടാതെ 1980-ലെ പ്രിവെൻഷൻ ഓഫ് ബ്ലാക്ക് മാർക്കറ്റിംഗ് ആന്റ് മെയിന്റനൻസ് ഓഫ് സപ്ലൈസ് ഓഫ് എസ്സൻഷ്യൽ കമ്മോഡിറ്റീസ് നിയമം, ലീഗൽ മെട്രോളജി നിയമം എന്നിവ പ്രകാരം നടപടികൾ സ്വീകരിച്ച് അറിയിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(ഡി) കേരളം പൂർണ്ണമായും ഒരു ഉപഭോക്തൃ സംസ്ഥാനമായതുകൊണ്ട് ഇന്ധന വിലയിലുള്ള വർദ്ധനവിന് ആനുപാതികമായി ഭക്ഷ്യവസ്തുക്കളുടെ വിലയിൽ വർദ്ധനവ് ഉണ്ടാകാറുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് കേന്ദ്ര സർക്കാർ ചുമത്തിയ അധിക എക്സൈസ് തീരുവ കുറയ്ക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന കാര്യം പരിശോധിക്കുന്നതാണ്.

**അങ്കണവാടി ജീവനക്കാരുടെ വർദ്ധിപ്പിച്ച വേതനം**

25(*325) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> :
<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി വർക്കർമാർ. ഹെൽപ്പർമാർ എന്നിവരുടെ വേതനം വർദ്ധിപ്പിച്ചുകൊണ്ടുള്ള ഏറ്റവും പുതിയ ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചത്; പ്രസ്തുത ഉത്തരവ് പ്രകാരം എത്ര തുകയാണ് വർക്കർക്കും ഹെൽപ്പർക്കും മാസവേതനമായി നിശ്ചയിച്ചിരിക്കുന്നതെന്നും ഏതു തീയതി മുതലാണ് വേതന വർദ്ധനവിന് പ്രാബല്യം നൽകിയിരിക്കുന്നതെന്നും അറിയിക്കുമോ;

(ബി) വർദ്ധിപ്പിച്ച തുകയുൾപ്പെടെയുള്ളതിൽ കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വിഹിതം എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(സി) വർക്കർമാർക്കും ഹെൽപ്പർമാർക്കും വർദ്ധിപ്പിച്ച തുക പൂർണ്ണമായി ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ബാക്കി തുക ലഭ്യമാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) അങ്കണവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവരുടെ വേതനം വർദ്ധിപ്പിച്ചുകൊണ്ടുള്ള ഏറ്റവും പുതിയ ഉത്തരവ് 25-2-2016-ലെ സ.ഉ.(എംഎസ്.) നമ്പർ 21/2016/സാനീവ പ്രകാരമാണ് പുറപ്പെടുവിച്ചിരിക്കുന്നത്. പ്രസ്തുത ഉത്തരവ് പ്രകാരം അങ്കണവാടി വർക്കർമാരുടെ ഓണറേറിയം 10,000 രൂപ (പതിനായിരം രൂപ മാത്രം) ആയും ഹെൽപ്പർമാരുടെ ഓണറേറിയം 7,000 രൂപ (ഏഴായിരം രൂപ മാത്രം) ആയും നിശ്ചയിച്ചിരിക്കുന്നു. ഓണറേറിയം വർദ്ധനവിന് 1-4-2016 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്.

(ബി) വർദ്ധിപ്പിച്ച തുകയുൾപ്പെടെയുള്ളതിൽ കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വിഹിതം സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 16-2-2016-ലെ സ.ഉ.(സാധാ) നമ്പർ 636/2016/ തസ്വഭവ പ്രകാരം വർദ്ധിപ്പിച്ച തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും നൽകുന്നതിന് സർക്കാർ ഉത്തരവായെങ്കിലും പ്രസ്തുത തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമല്ലാത്തതിനാൽ വർദ്ധനവ് ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിച്ചില്ല.

(ഡി) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ അങ്കണവാടി പ്രവർത്തകരുടെ ഓണറേറിയത്തിന്റെ 50% തുക സർക്കാർ വഹിക്കണമെന്നും ശേഷിക്കുന്ന 50% തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 50% തുകയായ 1,44,81,92,400 രൂപ (നൂറ്റിനാൽപ്പത്തിനാല് കോടി എൺപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി നാനൂറ് രൂപ മാത്രം) വകുപ്പ് വിഹിതം നൽകുന്നതിന് 30-8-2016-ലെ സ.ഉ(സാധാ) നമ്പർ 409/2016/സാനീവ പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് 1-9-2016-ൽ സാമൂഹ്യനീതി ഡയറക്ടർ പുറപ്പെടുവിച്ച ഐ.സി.ഡി.എസ്.-ബി6 5820/2016 നമ്പർ ഉത്തരവിൽ ആഗസ്റ്റ് മാസം ഓണറേറിയത്തോടൊപ്പം വർദ്ധിപ്പിച്ച സംസ്ഥാനവിഹിതം നൽകുവാനും 1-4-2016 മുതലുള്ള കുടിശ്ശിക ഓണറേറിയം നൽകുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ലൈംഗികാതിക്രമ ഇരകളുടെ പുനരധിവാസം

26(*326) ശ്രീമതി സി. കെ. ആശ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈംഗികാതിക്രമങ്ങളുടെ ഇരകൾക്ക് ഉണ്ടാകുന്ന സമ്മർദ്ദം ഒഴിവാക്കുന്നതിനും കുടുംബവും സമൂഹവും അവരെ ഒറ്റപ്പെടുത്താതിരിക്കുന്നതിനും അവർക്ക് സുരക്ഷിതമായ പുനരധിവാസം ഉറപ്പുവരുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(ബി) നിലവിൽ ലൈംഗികാതിക്രമങ്ങൾക്ക് ഇരയാകുന്നവരെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ പുനരധിവാസ കേന്ദ്രങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇരകളുടെ പുനരധിവാസത്തിന് പ്രത്യേകം കേന്ദ്രങ്ങൾ നിർമ്മിച്ച് മതിയായ ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനുവേണ്ട പരിശീലനം നൽകുന്ന പദ്ധതികൾ ആരംഭിക്കാൻ തയ്യാറാകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ലൈംഗികാതിക്രമങ്ങളുടെ ഇരകൾക്ക് ഉണ്ടാകുന്ന സമ്മർദ്ദം ഒഴിവാക്കുന്നതിന് നിർഭയ ഷെൽട്ടർ ഹോമുകളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സോഷ്യൽ വർക്കർ എന്നിവരുടെ സഹായത്തോടെ സൈക്കോളജിക്കൽ കൗൺസിലിംഗ്, ട്രോമാതെറാപ്പി എന്നിവ നൽകി വരുന്നു. പുനരധിവാസത്തിന്റെ ഭാഗമായി ഓരോ താമസക്കാരിയുടെയും സാമൂഹ്യ വിദ്യാഭ്യാസ പശ്ചാത്തലം അനുസരിച്ച് ഇൻഡിവിഡ്യുവൽ കെയർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ആയതനുസരിച്ച് ഓരോ താമസക്കാരിക്കും വിദ്യാഭ്യാസം, ഒക്കുപേഷണൽ/വൊക്കേഷണൽ ട്രെയിനിംഗ് എന്നിവ ലഭ്യമാക്കുന്നു. കൂടാതെ 18 വയസ്സിനു മുകളിൽ പ്രായമുള്ള തിരഞ്ഞെടുത്ത താമസക്കാർക്ക് പുനരധിവാസ പദ്ധതിയുടെ ഭാഗമായി തൊഴിൽ പരിശീലനത്തിലൂടെ സ്വയംപര്യാപ്തരാക്കാൻ ഒരു കേന്ദ്രീകൃത ആഫ്റ്റർ കെയർ സെന്റർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ ലൈംഗികാതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് വിവിധതരത്തിലുള്ള സേവനം ലഭ്യമാക്കുന്നതിന് ആരോഗ്യവകുപ്പിന് കീഴിലുള്ള പ്രധാന ആശുപത്രികളിൽ ഭൂമിക സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി&സി) ലൈംഗികാതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്നതിനായി വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ തിരുവനന്തപുരം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, മലപ്പുറം, കാസർഗോഡ് എന്നീ 9 ജില്ലകളിലായി 11 നിർഭയ ഷെൽട്ടർ ഹോമുകൾ നിലവിൽ പ്രവർത്തിപ്പിച്ചുവരുന്നു. കൊല്ലം ജില്ലയിൽ (ഫ്രാൻസിസ്കൻ സിസ്റ്റേഴ്സ് ഓഫ് ദി ഇമ്മാക്കുലേറ്റ് ഹാർട്ട് ഓഫ് മേരി എന്ന സന്നദ്ധ സംഘടനയുടെ സഹകരണത്തോടെ) ഒരു പുതിയ നിർഭയ ഷെൽട്ടർ ഹോം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇവരുടെ പുനരധിവാസത്തിനാവശ്യമായ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, കൗൺസിലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നിവ ഷെൽട്ടർ ഹോമുകളിലൂടെ നൽകിവരുന്നു. ഷെൽട്ടർ ഹോമുകളിലെ താമസക്കാരുടെ കേസുകൾ ചാർജ്ജ് ചെയ്യാനും കോടതിയിൽ എത്രയും വേഗം എത്തിക്കാനും ഷെൽട്ടർ ഹോം അധികൃതർ സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്. നിലവിൽ നിർഭയ ഷെൽട്ടർ ഹോമില്ലാത്ത കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കണ്ണൂർ എന്നീ 4 ജില്ലകളിൽ നിർഭയ ഷെൽട്ടർ ഹോമുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു.

**കേരള നഴ്സസ് & മിഡ് വൈവ്സ് കൗൺസിൽ**

27(*327) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നഴ്സസ്&മിഡ് വൈവ്സ് കൗൺസിലിൽ 1-1-2000-നും 31-12-2010-നുമിടയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ രജിസ്ട്രേഷൻ പുതുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യം വിശദമാക്കുമോ;

(ബി) പ്രസ്തുത കൗൺസിൽ നൽകുന്ന സേവനങ്ങൾക്ക് അമിത ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഫീസ് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്. മറ്റ് സംസ്ഥാന നഴ്സിംഗ് കൗൺസിലുകൾ അഞ്ച് വർഷ കാലാവധി വച്ചാണ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകുന്നത്. കേരള നഴ്സസ് & മിഡ് വൈവ്സ് കൗൺസിൽ 1-1-2013 മുതൽ നൽകുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ അഞ്ച് വർഷം കാലാവധി വച്ചാണ് നൽകിവരുന്നത്. കേരള നഴ്സസ് & മിഡ് വൈവ്സ് കൗൺസിൽ തീരുമാനത്തിന്റെ വെളിച്ചത്തിലാണ് 1-1-2000-നും 31-12-2010-നും

ഇടയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിന് നടപടി സ്വീകരിച്ചത്. ടി കാലയളവിൽ രജിസ്റ്റർ ചെയ്തവർക്ക് സർട്ടിഫിക്കറ്റ് പുതുക്കുന്നതിന് ഇപ്പോൾ സമയപരിധി നിശ്ചയിച്ചിട്ടില്ല. വിതരണം ചെയ്യുന്ന തീയതി മുതൽ അഞ്ച് വർഷ കാലാവധി വച്ചാണ് പുതുക്കിയ സർട്ടിഫിക്കറ്റുകൾ നൽകുന്നത്. രജിസ്ട്രേഷൻ അഞ്ച് വർഷത്തിലൊരിക്കൽ പുതുക്കണമെന്നും ഒരു വർഷം 30 മണിക്കൂർ തുടർവിദ്യാഭ്യാസ പരിപാടികളിൽ പങ്കെടുത്ത് 150 മണിക്കൂർ പൂർത്തീകരിക്കണമെന്നുമുള്ള ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ നിർദ്ദേശം നിലവിലുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ആരോഗ്യ രംഗത്ത് സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനുള്ള പദ്ധതികൾ

28(*328) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടാനുതകുന്ന തരത്തിലുള്ള പദ്ധതികളാണോ ആരോഗ്യ രംഗത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഇതിന്റെ ഭാഗമായി പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനും മറ്റ് അസുഖങ്ങൾകൊണ്ടുള്ള മരണനിരക്ക് കുറയ്ക്കുന്നതിനുമായി എന്തൊക്കെ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്;

(സി) മാതൃമരണ നിരക്ക്, ശിശു മരണ നിരക്ക് തുടങ്ങിയവ കുറയ്ക്കാനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിലുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങളും പ്രവർത്തനപരിപാടികളും വിദഗ്ദ്ധ സമിതി തയ്യാറാക്കി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) 2020-ഓടെ കേരളത്തിൽ തദ്ദേശീയ മലമ്പനിയുടെ വ്യാപനം പൂർണ്ണമായും ഇല്ലാതാക്കുവാനായി അന്യ സംസ്ഥാന തൊഴിലാളികളുടെയും അതുപോലെ കേരളത്തിന് പുറത്തുപോയി താമസിച്ച് തിരിച്ച് വരുന്നവരിൽ

പനിയുള്ളവരുടെയും രക്തസാമ്പിളുകൾ പരിശോധിച്ച് മലമ്പനി രോഗബാധയില്ലായെന്ന് ഉറപ്പുവരുത്തുവാനും രോഗമുള്ളവർക്ക് സമ്പൂർണ്ണ ചികിത്സ ലഭ്യമാക്കാനുമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ ഊർജ്ജിത കൊതുകുനിയന്ത്രണ പ്രവർത്തനങ്ങളും ഇതിനുവേണ്ട പരിശീലനപരിപാടികളും ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തുന്നതാണ്. മന്തുരോഗ നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി പാലക്കാട് ജില്ലയിൽ സമൂഹ ചികിത്സയും മറ്റു 7 ജില്ലകളിൽ മന്തുരോഗ വ്യാപന സാധ്യത സർവ്വേയും നടപ്പിലാക്കുന്നതാണ്. കൂടാതെ മന്തുരോഗ ബാധിതർക്ക് അംഗവൈകല്യം ഉണ്ടാകാതിരിക്കുവാനും അവരുടെ അവശത കുറയ്ക്കുവാനുമായി മോർബിഡിറ്റി മാനേജ്മെന്റ് ക്ലിനിക്കുകൾ എല്ലാ ജില്ലയിലും കുറഞ്ഞത് ഒന്നുവീതം (എല്ലാ ജനറൽ/ജില്ലാ ആശുപത്രിയിൽ) ആരംഭിക്കുന്നതാണ്. പുരുഷന്മാരിൽ വൃഷണ വീക്കം ഇല്ലാതാക്കുവാനുള്ള സർജറി ചികിത്സയും ഈ ക്ലിനിക്കുകളിൽ ലഭ്യമാണ്. കാലാഅസറിന്റെ വ്യാപനത്തിന് കാരണമാകുന്ന മണലീച്ചകളെ നിയന്ത്രിക്കുവാനും രോഗബാധിതരെ കണ്ടെത്തി ശരിയായ ചികിത്സ നൽകുവാനുമുള്ള പരിപാടികളും നടപ്പിലാക്കുന്നുണ്ട്. ജലജന്യരോഗങ്ങളുടെ തോത് കുറയ്ക്കുവാനായി ജലസ്രോതസ്സുകളുടെ സംരക്ഷണവും ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യതയും ഉറപ്പുവരുത്താൻ ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളും കുടിവെള്ള സ്രോതസ്സുകളുടെ ശുദ്ധീകരണവും ഇതരവകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്നു. പകർച്ചവ്യാധികൾമൂലമുള്ള മരണനിരക്ക് കുറയ്ക്കുവാനായി എല്ലാ ഡോക്ടർമാർക്കും (പ്രൈവറ്റ് ഉൾപ്പെടെ) വേണ്ട പരിശീലനവും ശരിയായ ചികിത്സാ മാർഗ്ഗരേഖ ലഭ്യമാക്കാനുള്ള നടപടികളും ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്നു.

(സി) ഇന്ത്യയിലെ ഏറ്റവും കുറഞ്ഞ മാതൃമരണനിരക്ക് കേരളത്തിന്റേതാണ് 61 (ഒരു ലക്ഷത്തിൽ 61). നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹെൽത്ത് ആന്റ് ക്ലിനിക്കൽ എക്സലൻസ് (NICE), കേരള ഫെഡറേഷൻ ഓഫ് ഓബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി (KFOG), ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ മാതൃമരണനിരക്ക് കുറയ്ക്കുന്നതിനുവേണ്ടി ക്വാളിറ്റി സ്റ്റാൻഡേർഡ്സ് തയ്യാറാക്കുകയും സംസ്ഥാനത്തെ 13 ഡെലിവറി പോയിന്റുകളിൽ അതിന്റെ ക്വാളിറ്റി സ്റ്റാൻഡേർഡ്സ് ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കുകയും ചെയ്തു. രണ്ടാം ഘട്ടത്തിൽ 27 ഹോസ്പിറ്റലുകളിൽ കൂടി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ ശിശുമരണ നിരക്ക് 12 (ആയിരത്തിൽ 12) ആണ്. ഇത് ഇന്ത്യയിലെ തന്നെ കുറഞ്ഞ നിരക്കാണ്. ഇനി ഇത് 9-ന് താഴെ കൊണ്ടുവരുന്നതിനുവേണ്ടി ഇന്ത്യൻ അസോസിയേഷൻ ഓഫ് പീഡിയാട്രിക്സ് (IAP)-ന്റെ സഹകരണത്തോടെ 13 ക്വാളിറ്റി സ്റ്റാൻഡേർഡുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ച് നടപ്പിലാക്കിവരുന്നു.

## സംസ്ഥാനത്തെ കാലാവസ്ഥാ വ്യതിയാനം

29(*329) പ്രൊഫ. കെ. യു. അരുണൻ :

ശ്രീ. ആർ. രാജേഷ് :

ശ്രീ. ഡി. കെ. മുരളി :

ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയം തയ്യാറാക്കിയ "സ്റ്റേറ്റ് ലെവൽ ക്ലൈമറ്റ് ചെയ്ഞ്ച് ട്രെൻഡ്സ് ഇൻ ഇന്ത്യ" റിപ്പോർട്ട് സംസ്ഥാന സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കേരളത്തിലെ താപനിലയിൽ കാര്യമായ വ്യതിയാനങ്ങൾ ഉണ്ടാകുന്നുവെന്ന കണ്ടെത്തൽ പരിശോധിക്കാൻ തയ്യാറാകുമോ;

(സി) കേരളത്തിൽ ലഭിച്ചുകൊണ്ടിരുന്ന മഴയുടെ അളവിലുണ്ടായ ഗണ്യമായ കുറവ് പരിസ്ഥിതിക്കും കൃഷിക്കും ആവാസ വ്യവസ്ഥയ്ക്കും ഭീഷണിയാണെന്ന നിഗമനം ഗൗരവമായി കാണുന്നുണ്ടോ;

(ഡി) ആഗോള താപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാലാവസ്ഥയിലുണ്ടാകുന്ന മാറ്റം നിരീക്ഷിക്കുന്നതിനും പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) റിപ്പോർട്ട് ഔദ്യോഗികമായി ലഭിച്ചിട്ടില്ലാത്തതിനാൽ വിലയിരുത്തിയിട്ടില്ല.

(ബി-ഡി) റിപ്പോർട്ട് പഠന വിധേയമാക്കിയശേഷം ശിപാർശകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം

30(*330) ശ്രീ. കോവൂർ കുഞ്ഞുമോൻ :

ശ്രീ. കെ. കൃഷ്ണൻകുട്ടി :

ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിൽ വനിതാ പോലീസുകാരുടെ എണ്ണം പതിനഞ്ച് ശതമാനത്തിലേക്ക് ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) തമിഴ്നാട് പോലീസ് സേനയിൽ വനിതാ പോലീസ് പ്രാതിനിധ്യം 50 ശതമാനമാണെന്നും വനിതാ പോലീസ് സ്റ്റേഷനുകൾ വ്യാപകമായി പ്രവർത്തിക്കുന്നുണ്ട് എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തമിഴ്നാട് മാതൃകയിൽ സ്ത്രീസൗഹൃദ വനിതാ പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്ത് തുടങ്ങാൻ എന്തെങ്കിലും തീരുമാനമുണ്ടോ; എങ്കിൽ വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാന പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വനിതാ എസ്.ഐ.-മാരുടെയും വനിതാ പോലീസുകാരുടെയും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴിയുള്ള നിയമനം, സ്ത്രീ പുരുഷ വ്യത്യാസം കൂടാതെ നിയമനം നടത്തുന്നതിലേയ്ക്ക് റിക്രൂട്ട്മെന്റ് ചട്ടങ്ങളുടെ പരിഷ്കരണം എന്നിവ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിലുണ്ടായിരുന്ന തിരുവനന്തപുരം സിറ്റി, കോഴിക്കോട് സിറ്റി, കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി എന്നിവിടങ്ങളിലെ വനിതാ പോലീസ് സ്റ്റേഷനുകൾക്കു പുറമെ, സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായി കൊല്ലം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ റൂറൽ, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിൽ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും മലപ്പുറം ഒഴികെയുള്ള സ്ഥലങ്ങളിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## അടിയന്തര ചോദ്യം

### ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസിന്റെ കൊച്ചി യൂണിറ്റ് സംരക്ഷിക്കുന്നതിന് നടപടി

1(1) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസിന്റെ കൊച്ചി യൂണിറ്റ് അടച്ചുപൂട്ടുവാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ തീരുമാനം പ്രസ്തുത സ്ഥാപനത്തിലെ തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ സ്ഥാപനം അടച്ചുപൂട്ടാതെ സംരക്ഷിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് 2012 മുതൽ സാമ്പത്തിക പ്രതിസന്ധി നേരിടുകയും പീഡിത വ്യവസായമായി പ്രഖ്യാപിക്കപ്പെട്ട് BIFR-ന്റെ പരിഗണനയിലുമാണ്. എന്നാൽ കമ്പനി അടച്ചുപൂട്ടാൻ തീരുമാനിച്ചതായി കേന്ദ്ര സർക്കാരിൽ നിന്ന് ഔദ്യോഗികമായി അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ ഈ യൂണിറ്റ് അസംസ്കൃത വസ്തുക്കളുടെ അഭാവംമൂലം പ്രവർത്തനരഹിതമാണ്. കമ്പനിയുടെ പുനരുദ്ധാരണ പദ്ധതിയോ/അടച്ചുപൂട്ടൽ സംബന്ധിച്ചോ വിശദമായ റിപ്പോർട്ട് 15-11-2016-ന് മുമ്പ് സമർപ്പിക്കുവാൻ കേന്ദ്ര കെമിക്കൽസ് & പെട്രോകെമിക്കൽസ് വകുപ്പിനോട് BIFR 21-7-2016-ലെ ഉത്തരവിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രവർത്തനം നിലച്ചതോടെ 13 മാസമായി ഈ യൂണിറ്റിലെ തൊഴിലാളികൾക്ക് ശമ്പളം ലഭിക്കുന്നില്ല.

(സി) സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ കമ്പനി തങ്ങളുടെ കൈവശമുള്ള ഭൂമി Container Corporation of India-യ്ക്കും BPCL-നും പണയം നൽകി 411 കോടി രൂപ സമാഹരിക്കുവാനുള്ള ശ്രമത്തിലാണ്. ഈ സ്ഥാപനം KSEB-യ്ക്ക് കുടിശ്ശികയിനത്തിൽ 17.67 കോടി രൂപയും KWA-യ്ക്ക് 62.81 കോടി രൂപയും നൽകുവാനുണ്ട്. പലിശയിൽ ഇളവു നൽകി ഒറ്റ തവണയായി കുടിശ്ശിക തീർക്കാൻ അനുവദിക്കണമെന്ന HOCL-ന്റെ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. കേരള സർക്കാരിന്റെ അഭ്യർത്ഥനയുടെ കൂടി അടിസ്ഥാനത്തിൽ HOCL-നെ പുനരുദ്ധരിക്കുവാൻ കേന്ദ്ര സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചി യൂണിറ്റിലെ മുഴുവൻ പ്ലാന്റുകളും പ്രവർത്തിപ്പിക്കും എന്ന് HOCL അറിയിച്ചിട്ടുണ്ട്. പ്രസ്തുത പുനരുദ്ധാരണ പദ്ധതിയുടെ അംഗീകാരത്തിനുവേണ്ടിയുള്ള കേന്ദ്ര കാബിനറ്റ് നോട്ട് വിവിധ മന്ത്രാലയങ്ങളുടെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ടെന്ന് അറിയുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഇ-ഫയൽ ട്രാക്കിംഗ് സംവിധാനം

1(2609) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ എല്ലാ വകുപ്പുകളിലും ഇ-ഫയൽ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും ഫയൽ ട്രാക്കിംഗ് സംവിധാനം ലഭ്യമാണോയെന്നും വ്യക്തമാക്കുമോ;

(ബി) നിയമസഭാംഗങ്ങൾക്ക് അവരുടെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ഫയലുകൾ ട്രാക്ക് ചെയ്യുന്നതിന് ഇ-ഓഫീസ് ഐ.ഡി. ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇ-ഓഫീസിലൂടെ കൈകാര്യം ചെയ്യുന്ന എല്ലാ ഫയലുകളും ട്രാക്ക് ചെയ്യുവാൻ കഴിയും. മാത്രമല്ല, ഫിസിക്കലായി കൈകാര്യം ചെയ്യുന്ന ഫയലുകളുടെ ചലനവും ഇ-ഓഫീസിൽ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യവും നിലവിലുണ്ട്.

(ബി) നിയമസഭാംഗങ്ങൾക്ക് നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ഇ-ഓഫീസിൽ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ വിവരങ്ങൾ ഇ-ഓഫീസ് സിറ്റിസൺ ഇന്റർഫേസ് മുഖേന ഐ.ഡിയോ, പാസ്‌വേഡോ ഇല്ലാതെ തന്നെ ഇന്റർനെറ്റിലൂടെ അറിയുവാൻ സാധിക്കും. (http:\\eoffice.kerala.gov.in). ഇതിന് ഇ-ഓഫീസ് ഐ.ഡി.-യുടെ ആവശ്യം ഇല്ല.

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്**

2(2610) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എന്നത്തേക്ക് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ വകുപ്പുകളെയാണ് പ്രസ്തുത സർവ്വീസിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) 24-9-2013-ലെ ജി.ഒ.(ആർടി.)7725/2013/ജിഎഡി, 16-8-2014-ലെ ജി.ഒ.(എംഎസ്.)228/2014/ജിഎഡി, 5-1-2015-ലെ ജി.ഒ.(എംഎസ്.) 1/2015/ ജിഎഡി എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് 18 വകുപ്പുകളെ ഉൾപ്പെടുത്തി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിരുന്നു. പ്രസ്തുത വകുപ്പുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതുകൂടാതെ ഈ സർക്കാർ അധികാരമേറ്റശേഷം ആഭ്യന്തര വിജിലൻസ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായിട്ടുള്ള സെക്രട്ടറിമാരുടെ ഒരു കമ്മിറ്റി 16-8-2016-ലെ ജി.ഒ.(ആർടി.) 322/2016/പി&എ.ആർ.ഡി. ഉത്തരവുപ്രകാരം രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി 30-8-2016-ൽ ആദ്യയോഗം ചേരുകയുമുണ്ടായി. ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുടെ അഭിപ്രായ സ്വരൂപണത്തിനായി 2016 ഒക്ടോബർ 15 വരെ സമയം അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

3(2611) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തുടക്കത്തിൽ ഏതെല്ലാം വകുപ്പുകളിലെ ഏതെല്ലാം തസ്തികകളെയാണ് ഇതിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സെക്രട്ടേറിയറ്റ് സർവ്വീസിനെ ഉൾപ്പെടുത്താൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മറ്റ് ഏതെല്ലാം സംസ്ഥാനങ്ങളിൽ ഇപ്രകാരം സെക്രട്ടേറിയറ്റ് സർവ്വീസിനെ ഉൾപ്പെടുത്തി അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) 24-9-2013-ലെ ജി.ഒ.(ആർടി.) 7725/2013/ജിഎഡി, 16-8-2014-ലെ ജി.ഒ.(എംഎസ്.) 228/2014/ജിഎഡി, 5-1-2015-ലെ ജി.ഒ.(എംഎസ്.) 1/2015/ ജിഎഡി എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് 18 വകുപ്പുകളെ ഉൾപ്പെടുത്തി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിരുന്നു. പ്രസ്തുത വകുപ്പുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഡി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം സംബന്ധിച്ച് മുൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി തയ്യാറാക്കിയ പഠന റിപ്പോർട്ടിൽ ബീഹാർ, തമിഴ്നാട്, ഉത്തർപ്രദേശ്, മഹാരാഷ്ട്ര, കർണ്ണാടക എന്നിവിടങ്ങളിൽ സെക്രട്ടേറിയറ്റ് സർവ്വീസിനെ ഉൾപ്പെടുത്തി അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കിയതായി കാണുന്നു.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

4(2612) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകളെയാണ് ഇതിലുൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഇത് രൂപീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്നറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) ഉണ്ട്. 24-9-2013-ലെ ജി.ഒ.(ആർടി.) 7725/2013/ജിഎഡി, 16-8-2014-ലെ ജി.ഒ.(എംഎസ്) 228/2014/ജിഎഡി, 5-1-2015-ലെ ജി.ഒ.(എംഎസ്.) 1/2015/ജിഎഡി എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് 18 വകുപ്പുകളെ ഉൾപ്പെടുത്തി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിന് തീരുമാന മെടുത്തിരുന്നു. പ്രസ്തുത വകുപ്പുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* ഈ സർക്കാർ അധികാരമേറ്റ ശേഷം ആഭ്യന്തര വിജിലൻസ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായിട്ടുള്ള സെക്രട്ടറിമാരുടെ ആറംഗ കമ്മിറ്റി 16-8-2016-ലെ ജി.ഒ.(ആർടി.) 322/2016/പി&എ.ആർ.ഡി. ഉത്തരവുപ്രകാരം രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ ആദ്യയോഗം 30-8-2016-ൽ ചേരുകയും ഉണ്ടായി. ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുടെ അഭിപ്രായ സ്വരൂപണത്തിനായി 2016 ഒക്ടോബർ 15 വരെ സമയം അനുവദിച്ചിട്ടുണ്ട്.

## അഡ്വൈസ് മെമ്മോ ലഭിച്ചിട്ടും നിയമനം ലഭിക്കാത്ത ഉദ്യോഗാർത്ഥികൾ

5(2613) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-യുടെ അഡ്വൈസ് മെമ്മോ ലഭിച്ച എത്ര ഉദ്യോഗാർത്ഥികൾക്ക് ഇനിയും നിയമനം ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ;

(സി) പി.എസ്.സി.-യുടെ അഡ്വൈസ് മെമ്മോ ലഭിച്ചിട്ടും നിയമനം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രശ്നം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടുവരുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-ഡി) വിവിരം ശേഖരിച്ചു നൽകുന്നതാണ്.

## തൃശ്ശൂർ ജില്ലയിലെ കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം

6(2614) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ കെ.എസ്.ഇ.ബി. മസ്ദൂർ നിയമനത്തിന് നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ ലിസ്റ്റിൽ ആകെ എത്ര പേരാണുള്ളതെന്നും അതിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റാങ്ക് ലിസ്റ്റിന്റെ കാലാവധി 2016 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) മുഖ്യ പട്ടികയിൽ 1053 പേരും സപ്ലിമെന്ററി ഉൾപ്പെടെ 2443 പേരും ഉൾപ്പെട്ടിട്ടുണ്ട്. നിയമനം ലഭിച്ചവരുടെ വിവരം ശേഖരിച്ചു വരുന്നു.

(സി) 2016 ഡിസംബർ 31 വരെ റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. തുടർന്ന് ദീർഘിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**എറണാകുളം ജില്ലയിലെ സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ്**

7(2615) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ നിലവിലുള്ള സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൻെറ കാലാവധി അവസാനിക്കുന്നതെന്നാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് ഇതുവരെ നിയമനം ലഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിൽ നിലവിലുള്ള സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ് 21-6-2016-നാണ് നിലവിൽ വന്നത്. സാധാരണഗതിയിൽ ഒരു വർഷമാണ് ലിസ്റ്റിന്റെ കാലാവധി.

(ബി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും 175 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. (ആകെ 182 പേർക്ക് അഡ്വൈസ് ലഭിച്ചിട്ടുണ്ട്. ഇതിൽ 7 എണ്ണം NJD ആണ്.)

(സി) 2017 ഡിസംബർ വരെയുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതുഭരണ വകുപ്പിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ്/സി.എ. വിഭാഗങ്ങൾ

8(2616) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിന്റെ 28-2-2011-ലെ GO.(P)No. 65/2011/GAD എന്ന സ്പെഷ്യൽ റൂൾ ഭേദഗതിയിൽ ഏത് തീയതിയ്ക്ക് ശേഷം സർവ്വീസിൽ പ്രവേശിച്ച കമ്പ്യൂട്ടർ അസിസ്റ്റന്റ്/സി.എ. വിഭാഗങ്ങൾക്കാണ് തസ്തികമാറ്റത്തിനായി അസിസ്റ്റന്റിന്റെ എൻട്രി കേഡറിൽ 20% നീക്കിവയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്;

(ബി) അസിസ്റ്റന്റ്/സി.എ. വിഭാഗത്തിൽ 25-3-2006-ന് മുമ്പ് സർവ്വീസിൽ പ്രവേശിക്കുകയും, നിലവിൽ അസിസ്റ്റന്റ് ട്രെയിനിയായി ജോലി ചെയ്യുന്നവരെയും കൂടി ഉൾപ്പെടുത്തിയാണ് പ്രസ്തുത 20% തസ്തികമാറ്റം കണക്കാക്കേണ്ടതെന്ന് സ്പെഷ്യൽ റൂളിൽ എവിടെയെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏത് ചട്ടപ്രകാരം എന്ന് വ്യക്തമാക്കാമോ;

(സി) അസിസ്റ്റന്റ് ട്രെയിനി നിയമനം ചട്ടപ്രകാരം ഒരു തസ്തികമാറ്റ നിയമനമാണോ; വ്യക്തമാക്കാമോ;

(ഡി) പൊതുഭരണ വകുപ്പിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് വിഭാഗത്തിൽ നിന്ന് അസിസ്റ്റന്റ് ട്രെയിനിയായി നിലവിൽ ജോലി ചെയ്യുന്നവർ ആരൊക്കെയാണെന്നും, ഇവർ സർവ്വീസിൽ പ്രവേശിച്ചത് എന്നാണെന്നും, ഏത് ഗ്രേഡിൽ (ഗ്രേഡ് II, ഗ്രേഡ് I, സീനിയർ ഗ്രേഡ്, സെലക്ഷൻ ഗ്രേഡ്) ജോലി ചെയ്യുമ്പോഴാണ് ഇവർക്ക് അസിസ്റ്റന്റ് ട്രെയിനിയായി നിയമനം ലഭിച്ചതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 25-3-2006-ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും 6 വർഷ സർവ്വീസ് പൂർത്തിയാക്കിയതുമായ ടൈപ്പിസ്റ്റ്/സി.എ.മാർക്കും 25-3-2006-നോ അതിനു ശേഷമോ ടൈപ്പിസ്റ്റ്/സി.എ. ആയി സർവ്വീസിൽ പ്രവേശിച്ച് 4 വർഷം സേവനം പൂർത്തിയാക്കിയവർക്കും സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം അസിസ്റ്റന്റ് ആയി തസ്തികമാറ്റ നിയമനത്തിന് അർഹതയുണ്ട്.

(ബി&സി) സ്പെഷ്യൽ റൂൾ പ്രകാരം വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ ടൈപ്പിസ്റ്റ്/സി.എ. തസ്തികയിൽ നിന്നുള്ള തസ്തികമാറ്റം സംബന്ധിച്ച് 17-3-2007-ൽ പുറപ്പെടുവിച്ച സ.ഉ.(പി)നമ്പർ 199/07/പൊഭവ ഉത്തരവിൽ 25-3-2006-ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും 6 വർഷം പൂർത്തിയാക്കിയതുമായ ടൈപ്പിസ്റ്റ്/സി.എ.-മാർക്ക് നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം അസിസ്റ്റന്റ് (എൻട്രി കേഡർ)

തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം നൽകാവുന്നതാണെന്നും 25-3-2006-ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ച ടൈപ്പിസ്റ്റ്/സി.എ.മാരിൽ അവസാനത്തെ ആളും സെക്ഷൻ ഓഫീസർ ആകുന്നതുവരെ നിലവിലുള്ള സെക്ഷൻ ഓഫീസർ തസ്തികമാറ്റ നിയമനം തുടരാവുന്നതാണെന്നും 25-3-2006-നോ അതിന് ശേഷമോ ടൈപ്പിസ്റ്റ്/ സി.എ. ആയി സർവ്വീസിൽ പ്രവേശിച്ചവർക്ക് 4 വർഷം പൂർത്തിയാകുമ്പോൾ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം അസിസ്റ്റന്റ് എൻട്രി കേഡർ തസ്തികയുടെ 20% ഒഴിവുകളിൽ 2:1 അനുപാതത്തിൽ നിയമനം നൽകാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു. അസിസ്റ്റന്റ് ട്രെയിനി ആയി നിയമിതരാകുന്നവർ അസിസ്റ്റന്റ് കേഡർ തസ്തികയിൽ ഒഴിവുള്ളിടത്താണ് നിയമിക്കപ്പെടുന്നത്. അതായത് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളാണ് ഇവരുടെ നിയമനം വഴി നികത്തപ്പെടുന്നത്. ഈ സാഹചര്യത്തിൽ തസ്തികമാറ്റം വഴി അസിസ്റ്റന്റ് കേഡറിലേയ്ക്ക് മാറുന്ന ജീവനക്കാരുടെ എണ്ണം കണക്കാക്കുമ്പോൾ അസിസ്റ്റന്റ് ട്രെയിനി തസ്തികയും കണക്കിലെടുക്കേണ്ടതുണ്ട്.

(ഡി) സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് ട്രെയിനിമാരായി നിയമിതരായി നിലവിൽ ജോലി ചെയ്തുവരുന്നവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

| | | |
|---|---|---|
| ബിന്ദുമോൾ കെ. എൻ. | - | 28-2-1997 |
| വി.എസ്. വാസുദേവ് | - | 21-2-1997 |
| ശ്രീലത വി.എസ്. | - | 26-3-1997 |
| ജ്യോതി എ.ജെ. | - | 26-3-1997 |
| ബിജി സി.എൻ. | - | 23-6-1997 |
| കൃഷ്ണകുമാരി കെ.വി. | - | 23-6-1997 |
| ആന്റണി കെ.എ. | - | 21-8-1997 |

**ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള പദ്ധതി**

9(2617) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ഓഫീസുകളിൽ ഫയലുകൾ വേഗത്തിൽ തീർപ്പാക്കാനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

ഉണ്ട്. സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് നിലവിലുള്ള നിർദ്ദേശങ്ങൾക്ക് പുറമെ വകുപ്പ് തലവൻമാരുടെയും മറ്റ് ഉദ്യോഗസ്ഥന്മാരുടെയും യോഗം വിളിച്ചുചേർത്ത് ഫയലുകൾ അടിയന്തരമായി

തീർപ്പാക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യ ഏർപ്പെടുത്തി വകുപ്പുകളിൽ ഫയൽ നീക്കം ത്വരിതഗതിയിലാക്കി വരുന്നു. ഫയൽ നീക്കം പൂർണ്ണമായും e-office സംവിധാനത്തിലൂടെ നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇതിലൂടെ ഫയലുകൾ കെട്ടിക്കിടക്കുന്ന അവസ്ഥ ഗണ്യമായി കുറയുന്നതാണ്. നിയമപരമായ മറ്റ് തടസ്സങ്ങളില്ലാത്തതും സങ്കീർണ്ണമായ നടപടിക്രമങ്ങൾ ആവശ്യമില്ലാത്തതുമായ അപേക്ഷകളിന്മേലും പരാതികളിന്മേലും സമയപരിധിക്കുള്ളിൽ തീരുമാനമെടുത്ത് തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളുടെയും പ്രതിമാസ പ്രവർത്തന പത്രിക അവലോകനം ചെയ്ത് വകുപ്പുകളിലെ ഫയൽ തീർപ്പാക്കൽ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നുണ്ട്.

## പെന്റിംഗ് ഫയലുകളിൽ തീർപ്പുകൽപ്പിക്കാൻ നടപടി

10(2619) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല ഓഫീസുകളിലും ചുരുക്കം ചില ഉദ്യോഗസ്ഥർ ജോലി സമയത്ത് സീറ്റിലിരിക്കാതെയും ഓഫീസിലെത്തുന്ന അപേക്ഷകരോട് സേവന തൽപ്പരതയോടെ മറുപടി പറയാതെയും ബുദ്ധിമുട്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുന്നതിന് ഓരോ ജീവനക്കാരനും മാനുവൽ ഓഫ് ഓഫീസ് പ്രൊസീജർ പ്രകാരം ജോലി ചെയ്യുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട സൂപ്പർവൈസറി ഉദ്യോഗസ്ഥന് കർശന നിർദ്ദേശം നൽകുമോ;

(സി) ഓരോ ഉദ്യോഗസ്ഥന്റെയും പേഴ്സണൽ രജിസ്റ്റർ മാസാമാസം പരിശോധിച്ച് പെന്റിംഗ് ഫയലുകളുടെ എണ്ണം തിട്ടപ്പെടുത്താനും അത്തരം ഫയലുകളിൽ നിയമതടസ്സങ്ങൾ ഇല്ലാത്തവ സമയബന്ധിതമായി തീർപ്പു കൽപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ&ബി) എല്ലാ വിഭാഗം ജീവനക്കാരും മാനുവൽ ഓഫ് ഓഫീസ് പ്രൊസീജർ പ്രകാരം ജോലി ചെയ്യാൻ ബാദ്ധ്യസ്ഥരാണ്. അപ്രകാരം ജോലി ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ പരാതികൾ ലഭിക്കുന്ന പക്ഷം നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളും പേഴ്സണൽ രജിസ്റ്ററുകളുടേയും അനുബന്ധ രജിസ്റ്ററുകളുടേയും പരിശോധന കർശനമായി നടത്തേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. സെക്രട്ടേറിയറ്റ് വകുപ്പുകൾ/വകുപ്പ് മേധാവികൾ/ ജില്ലാകളക്ടർമാർ മൂന്നുമാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകമായി നീക്കിവയ്ക്കുകയും സാധ്യമായ എല്ലാ ഫയലുകളും തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

## കോടതികളിൽ അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിൽ നിലനിൽക്കുന്ന അഭിപ്രായ വ്യത്യാസം

11(2620) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതി ഉൾപ്പെടെയുള്ള കേരളത്തിലെ ചില കോടതികളിൽ അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിൽ നിലനിൽക്കുന്ന അഭിപ്രായ വ്യത്യാസമുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ മുൻകൈ എടുത്ത് നടത്തിയ ശ്രമങ്ങൾ പ്രശ്നപരിഹാരത്തിന് വഴി തെളിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ഇപ്രകാരമുള്ള സംഭവങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം മുൻകരുതലുകളും തുടർ നടപടികളുമാണ് സ്വീകരിക്കുന്നത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിലുണ്ടായ സംഘർഷങ്ങൾക്ക് പരിഹാരം കാണുന്നതിലേയ്ക്കായി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എറണാകുളം ഗസ്റ്റ് ഹൗസിൽ വച്ച് ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന സംഘർഷങ്ങൾ തീർപ്പാക്കുന്നതിനായി അഡ്വക്കേറ്റ് ജനറൽ ചെയർമാനായും മാധ്യമ പ്രവർത്തകരുടേയും അഭിഭാഷകരുടേയും പ്രതിനിധികളെ ഉൾപ്പെടുത്തിയും ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഇവർക്കു പുറമെ പോലീസുകാരുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സംസ്ഥാന പോലീസ് മേധാവിയും ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ പോലീസ് മേധാവിയും സമിതിയിൽ ഉൾപ്പെടുന്നതാണ്. ഇതിനുപുറമെ മുഖ്യമന്ത്രി അഡ്വക്കേറ്റ് ജനറലിനോടൊപ്പം ബഹു. ഹൈക്കോടതി ചീഫ് ജസ്റ്റിസിനെ നേരിൽ കാണുകയും മാധ്യമ പ്രവർത്തകർക്ക് കോടതികളിൽ തടസ്സമുണ്ടാവില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നിയമം അനുശാസിക്കുന്ന തരത്തിൽ നേരിടുന്നതിന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

## സർക്കാർ ഉത്തരവുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി

12(2622) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവുകൾ പുറത്തിറങ്ങി 48 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട വകുപ്പുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ സർക്കാർ നിർദ്ദേശം ഉണ്ടായിട്ടും ഭൂരിഭാഗം വകുപ്പുകളും ഇത് നടപ്പിലാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പാലിക്കാത്തവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അതാത് വകുപ്പുകളിൽനിന്നും പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും സർക്കുലറുകളും അവ പുറപ്പെടുവിക്കപ്പെടുന്ന സമയംതന്നെ കേരള സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന നിർദ്ദേശം 9-6-2016-ലെ 590/ എസ്.സി1/2016/പൊ.ഭ.വ. സർക്കുലർ പ്രകാരം നൽകിയിട്ടുണ്ട്. മന്ത്രിസഭായോഗ തീരുമാനത്തിന്മേലുള്ള ഉത്തരവുകൾ 48 മണിക്കൂറിനുള്ളിൽ പുറപ്പെടുവിക്കണമെന്നും അപ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അപ്പോൾത്തന്നെ സർക്കാർ വെബ് സൈറ്റിലും വകുപ്പുകൾക്ക് പ്രത്യേക വെബ്സൈറ്റ് ഉണ്ടെങ്കിൽ അതിലും പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ചില വകുപ്പുകൾ യഥാസമയം ഉത്തരവുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിൽ വീഴ്ചവരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിവിധ വകുപ്പുകളിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ യഥാസമയം വെബ്സൈറ്റിൽ ലഭ്യമല്ലെങ്കിൽ അവ അടിയന്തരമായി ലഭ്യമാക്കാൻ കർശന നിർദ്ദേശം നൽകുന്നതാണ്.

## വകുപ്പുകളുടെ സബ് ഡിവിഷണൽ ഓഫീസുകൾ

13(T*2623) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മുൻസർക്കാർ അനുവദിച്ച വെള്ളരിക്കുണ്ട്, മഞ്ചേശ്വരം താലൂക്കുകളിൽ വിവിധ വകുപ്പുകളുടെ സബ് ഡിവിഷൻ ഓഫീസുകൾ ഇല്ലാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടങ്ങളിൽ ബന്ധപ്പെട്ട സബ് ഡിവിഷണൽ ഓഫീസുകൾ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## ജനസമ്പർക്ക പരിപാടി

14(2624) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് 2015 മേയ് മാസത്തിൽ കാസർഗോഡ് സംഘടിപ്പിച്ച ജനസമ്പർക്ക പരിപാടിയിൽ കാസർഗോഡ് ജില്ലയിലെ കൊളത്തല്ല വില്ലേജിൽ അമ്മാവൻ മണികണ്ഠന്റെ സംരക്ഷണയിൽ കഴിയുന്ന സാജ്ന, സന്ധ്യ, സഞ്ജന എന്നീ കുട്ടികളെ ദത്തെടുക്കുന്നതായി പ്രഖ്യാപിച്ചിരുന്നോ; പ്രസ്തുത കുട്ടികൾക്ക് നൽകിയ വാഗ്ദാനങ്ങളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിൽ ഏതെങ്കിലും വാഗ്ദാനം കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പാവപ്പെട്ടവരെ വിളിച്ച് വരുത്തി വാഗ്ദാനങ്ങൾ നൽകി തുടർനടപടികൾ സ്വീകരിക്കാതെ ഒഴിവാക്കിയതായി ആക്ഷേപമുള്ള ഈ വിഷയത്തിൽ പുതിയ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) 2015-ലെ ജനസമ്പർക്ക പരിപാടിയിൽ മണികണ്ഠൻ സമർപ്പിച്ച അപേക്ഷയിന്മേൽ കുട്ടികളെ ഏറ്റെടുത്ത് കുടുംബത്തിന് വീട് വയ്ക്കുന്നതിനായി ഭൂമിയും ധനസഹായവും നൽകുന്നതിന് നിർദ്ദേശിച്ചിരുന്നു. കുട്ടികളെ സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. കുടുംബത്തിന് സ്ഥലത്തിന്റെ പട്ടയം നൽകിയിട്ടുണ്ട്. കൂടാതെ സന്ധ്യ എന്ന കുട്ടിയെ 'സ്നേഹപൂർവ്വം' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

## അസിസ്റ്റന്റ് തസ്തികയുടെ എൻട്രി കേഡറിൽ തസ്തികമാറ്റം

15(2625) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 28-2-2011-ലെ GO(P)No.65/2011/GAD എന്ന സ്പെഷ്യൽ റൂൾ ഭേദഗതി പ്രകാരം, 25-3-2006-ന് ശേഷം സർവ്വീസിൽ പ്രവേശിച്ച കമ്പ്യൂട്ടർ അസിസ്റ്റന്റ്/സി.എ.-മാരുടെ തസ്തികമാറ്റത്തിനായി അസിസ്റ്റന്റ് തസ്തികയുടെ എൻട്രി കേഡറിൽ 20% നീക്കിവയ്ക്കണമെന്ന ചട്ടം പൊതുഭരണ വകുപ്പിൽ പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) 25-3-2006-ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചവരും അസിസ്റ്റന്റ് ട്രെയിനിയായവരുമായ സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ്/സി.എ.-മാരെ പ്രസ്തുത 20 ശതമാനത്തിൽ ഉൾപ്പെടുത്തണമെന്ന് സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(സി) നിലവിൽ സ്പെഷ്യൽ റൂൾ പ്രകാരം സെലക്ഷൻ ഗ്രേഡിലുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റ്മാർക്കും/സി.എ.-മാർക്കും അസിസ്റ്റന്റ് തസ്തികയുടെ എൻട്രി കേഡറിൽ തസ്തികമാറ്റത്തിന് അർഹതയുണ്ടോ എന്ന് അറിയിക്കുമോ;

(ഡി) 25-3-2006-ന് ശേഷം സർവ്വീസിൽ പ്രവേശിച്ച കമ്പ്യൂട്ടർ അസിസ്റ്റന്റുമാർക്കും/ സി.എ.-മാർക്കും അസിസ്റ്റന്റ് തസ്തികയുടെ എൻട്രി കേഡറിൽ 20% തസ്തികമാറ്റം ഉത്തരവ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) 25-3-2006-ന് ശേഷം സർവ്വീസിൽ പ്രവേശിച്ച പൊതുഭരണ വകുപ്പിലെ കമ്പ്യൂട്ടർ അസിസ്റ്റന്റുമാർക്ക് സ്പെഷ്യൽ റൂൾ പ്രകാരം അസിസ്റ്റന്റ് തസ്തികയുടെ എൻട്രി കേഡറിൽ എത്ര തസ്തികയിലേക്കാണ് തസ്തികമാറ്റം നൽകേണ്ടത്; 25-3-2006-ന് ശേഷം സർവ്വീസിൽ പ്രവേശിച്ച കമ്പ്യൂട്ടർ അസിസ്റ്റന്റുമാരിൽ നിന്ന് തസ്തികമാറ്റം ലഭിച്ച എത്രപേർ അസിസ്റ്റന്റിന്റെ എൻട്രി കേഡറിൽ ജോലി ചെയ്യുന്നുണ്ട്; ഇനി എത്ര കമ്പ്യൂട്ടർ അസിസ്റ്റന്റുമാർക്ക് അസിസ്റ്റന്റിന്റെ എൻട്രി കേഡറിൽ തസ്തികമാറ്റം നൽകാനുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്. തസ്തികമാറ്റം വഴിയും അസിസ്റ്റന്റ് ട്രെയിനി നിയമനം വഴിയുമായി അസിസ്റ്റന്റ് എൻട്രി കേഡറിൽ 20% ഒഴിവുകൾ നീക്കിവച്ചിട്ടുണ്ട്.

(ബി) സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ ടൈപ്പിസ്റ്റ്/സി.എ. തസ്തികയിൽ നിന്നുള്ള തസ്തികമാറ്റം സംബന്ധിച്ച് 17-3-2007-ൽ പുറപ്പെടുവിച്ച സ.ഉ.(പി)നമ്പർ 199/07/പൊഭവ ഉത്തരവിൽ 25-3-2006-ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും 6 വർഷം പൂർത്തിയാക്കിയതുമായ ടൈപ്പിസ്റ്റ്/സി.എ.മാർക്ക് നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം അസിസ്റ്റന്റ് (എൻട്രി കേഡർ) തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം നൽകാവുന്നതാണെന്നും 25-3-2006-ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ച ടൈപ്പിസ്റ്റ്/സി.എ.-മാരിൽ അവസാനത്തെ ആളും സെക്ഷൻ ഓഫീസർ ആകുന്നതുവരെ നിലവിലുള്ള സെക്ഷൻ ഓഫീസർ തസ്തികമാറ്റ നിയമനം തുടരാവുന്നതാണെന്നും 25-3-2006-നോ അതിന് ശേഷമോ ടൈപ്പിസ്റ്റ്/സി.എ. ആയി സർവ്വീസിൽ പ്രവേശിച്ചവർക്ക് 4 വർഷം പൂർത്തിയാകുമ്പോൾ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം അസിസ്റ്റന്റ് എൻട്രി കേഡർ തസ്തികയുടെ 20% ഒഴിവുകളിൽ 2:1 അനുപാതത്തിൽ

നിയമനം നൽകാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു. അസിസ്റ്റന്റ് ട്രെയിനി ആയി നിയമിതരാകുന്നവർ അസിസ്റ്റന്റ് കേഡർ തസ്തികയിൽ ഒഴിവുള്ളിടത്താണ് നിയമിക്കപ്പെടുന്നത്. അതായത് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളാണ് ഇവരുടെ നിയമനം വഴി നികത്തപ്പെടുന്നത്. ഈ സാഹചര്യത്തിൽ തസ്തികമാറ്റം വഴി അസിസ്റ്റന്റ് കേഡറിലേക്ക് മാറുന്ന ജീവനക്കാരുടെ എണ്ണം കണക്കാക്കുമ്പോൾ അസിസ്റ്റന്റ് ട്രെയിനി തസ്തികയും കണക്കിലെടുക്കേണ്ടതുണ്ട്.

(സി) സ്പെഷ്യൽ റൂൾ പ്രകാരം അർഹതയില്ല.

(ഡി&ഇ) കമ്പ്യൂട്ടർ അസിസ്റ്റന്റ് വിഭാഗത്തിന് തസ്തികമാറ്റ നിയമനത്തിനും അസിസ്റ്റന്റ് ട്രെയിനി നിയമനത്തിനുമായി അസിസ്റ്റന്റ് എൻട്രി കേഡറിൽ 50 ഒഴിവുകൾക്ക് അർഹതയുണ്ട്. 37 പേർ തസ്തികമാറ്റം വഴിയും 7 പേർ അസിസ്റ്റന്റ് ട്രെയിനിയായും നിലവിലുണ്ട്. ബാക്കിയുള്ളവർക്ക് നിയമനം നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

### റിപ്പോർട്ട് ചെയ്ത ഒഴിവുകൾ

16(2626) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ഒഴിവുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്; ഇതിന്റെ വിശദാംശം വകുപ്പ് തിരിച്ച് എണ്ണം സഹിതം വിവരിക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്ന 25-5-2016 മുതൽ 31-8-2016 വരെ കാലയളവിൽ ആകെ 9708 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.*

### കരുനാഗപ്പള്ളി ടാങ്കർ ദുരന്തത്തിനിരയായവർക്ക് തൊഴിൽ

17(2627) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 ഡിസംബർ 31-ന് കരുനാഗപ്പള്ളി-പുത്തൻ തെരുവിൽ വച്ചുണ്ടായ ടാങ്കർ ദുരന്തത്തിൽപ്പെട്ടവരെ രക്ഷിക്കുന്നതിനുള്ള പ്രവർത്തനത്തിനിടയിൽ കാഴ്ച നഷ്ടപ്പെട്ട ശ്രീ. രാമദാസ്, കൊച്ചോലിക്കൽ കിഴക്കതിൽ, ചങ്ങൻകുളങ്ങര, വവ്വാക്കാവ് എന്നയാളിന് മുൻസർക്കാർ സമാശ്വാസമായി തൊഴിൽ നൽകുമെന്ന് അറിയിച്ചിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ദുരന്തത്തിനിരയായി മരണപ്പെട്ടവരുടെ ആശ്രിതരുൾപ്പെടെ എത്ര പേർക്ക് തൊഴിൽ നൽകി; അവരുടെ പേരുവിവരം ലഭ്യമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഇനിയും തൊഴിൽ നൽകാനുള്ളവരുടെ പേരു വിവരം ലഭ്യമാക്കാമോ; ശ്രീ. രാമദാസിന് തൊഴിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കശുവണ്ടി വികസന കോർപ്പറേഷനിൽ ജോലി നൽകുന്നതിന് ഉത്തരവ് നൽകിയിരുന്ന ശ്രീമതി റഷീദ, പറക്കുളത്തിൽ കിഴക്കതിൽ, തൊടിയൂർ; ഷീജ, താലൂർ കിഴക്കതിൽ, കടത്തൂർ, തഴവ എന്നീയാളുകൾക്ക് ജോലി നൽകിയിട്ടുണ്ടോയെന്നും ഇവർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രീ. രാമദാസിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു ലക്ഷം രൂപ ധനസഹായമായി ജി.ഒ.(ആർടി.) നമ്പർ 3915/2015/റവ. തീയതി 25-7-2015 പ്രകാരം ഉത്തരവായിട്ടുണ്ട്. ടിയാൾക്ക് ജോലി നൽകുന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല.

(ബി-ഡി) കായംകുളം അഗ്നിശമന രക്ഷാനിലയത്തിൽ ജോലി നോക്കിയിരുന്ന ഫയർമാൻ ഒ. സമീർ സംഭവത്തിൽ മരണപ്പെട്ടിരുന്നു. ടിയാന്റെ ഭാര്യ ശ്രീമതി എ. ഷീജയ്ക്ക് സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ ആശ്രിത നിയമനം നൽകിയിട്ടുണ്ട്. അപകടത്തിൽ മരണപ്പെട്ട തുളസീധരൻപിള്ളയുടെ ഭാര്യ ശ്രീമതി ജയലക്ഷ്മി പി.-യ്ക്കും പി. കെ. അഭിലാഷിന്റെ സഹോദരൻ ശ്രീ. അരുൺ കുമാർ കെ. പി.-യ്ക്കും സപ്ലൈകോയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ ജോലി നൽകിയിട്ടുണ്ട്. പ്രസ്തുത അപകടത്തിൽ മരണപ്പെട്ട അഷറഫിന്റെ ഭാര്യ ശ്രീമതി ഷംനയ്ക്ക് ജി.ഒ.(എംഎസ്.) നമ്പർ 26/2016/എഎച്ച്ഡി തീയതി 9-9-2016 പ്രകാരം കൊല്ലം ജില്ലയിലെ കേരളാ ഫീഡ്സിന്റെ കരുനാഗപ്പള്ളി യൂണിറ്റിൽ ജോലി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സംഭവത്തിൽ മരണപ്പെട്ട പോലീസ് ഉദ്യോഗസ്ഥരായ സുനിൽ കുമാർ, പ്രദീപ് കുമാർ എന്നിവരുടെ മക്കൾക്ക് ആശ്രിത നിയമന പദ്ധതി പ്രകാരം തൊഴിൽ നൽകേണ്ടതായിട്ടുണ്ട്. ഇനി ആർക്കെങ്കിലും തൊഴിൽ നൽകാനുണ്ടോ എന്ന വിവരം മറ്റ് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ച് നൽകുന്നതാണ്.

## മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി

18(2628) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതിയുടെ ആനുകൂല്യം ലഭിക്കാൻ വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ;

(ബി) ഏത് കാലയളവിൽ വായ്പയെടുത്തവർക്കാണ് കടാശ്വാസ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാവുക എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതിയുടെ ആനുകൂല്യം ലഭിക്കാൻ വരുമാനപരിധി നിശ്ചയിച്ചിട്ടില്ല.

(ബി) 20-8-2016-ലെ സ.ഉ.(പി) നമ്പർ 118/2016/ധന പ്രകാരം വായ്പയെടുത്തതിന്റെ കാലയളവ് നിശ്ചയിച്ചിട്ടില്ലെങ്കിലും പ്രസ്തുത ഉത്തരവ് തീയതിയിൽ വായ്പാകുടിശ്ശികയുള്ളവർക്കാണ് ഉത്തരവിന് വിധേയമായി കടാശ്വാസ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാവുക.

## സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനം

19(2629) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനങ്ങൾക്കായുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്ന് നിലവിൽ വന്നുവെന്നും എത്ര ഒഴിവുകൾ ഇപ്പോൾ ഉണ്ടെന്നും എത്ര പേർക്ക് നിയമനം നൽകിയെന്നും വിശദമാക്കാമോ;

(ബി) മുൻ വർഷങ്ങളിലെ നിയമനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഒഴിവുകളിൽ ഉണ്ടാകുന്ന കുറവിന് കാരണം വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ മുൻകൂറായി കണക്കാക്കി നിയമനങ്ങൾ നടത്താറുണ്ടോ; ഉണ്ടെങ്കിൽ വകുപ്പ് തിരിച്ചുള്ള മുൻകൂർ ഒഴിവുകളുടെ എണ്ണം വ്യക്തമാക്കാമോ;

(ഡി) പി.എസ്.സി., ലോക്കൽ ഫണ്ട് ഓഡിറ്റ് എന്നിവിടങ്ങളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ കൂടുതൽ തസ്തികകൾ സൃഷ്ടിച്ച് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിൽ ആശ്രിത നിയമനം, സ്പോർട്സ് ക്വാട്ട, തസ്തികമാറ്റം, പ്രത്യേക ഉത്തരവ് എന്നിവയിലൂടെ നിയമനം നൽകുന്നവരുടെ ശതമാനം എത്രയാണെന്ന് വിശദമാക്കാമോ; ആകെ ഒഴിവുകളിൽ എത്ര ശതമാനം പേർക്ക് പി.എസ്.സി. വഴി നിയമനം ലഭിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. മറ്റ് വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) വിരമിക്കുന്ന ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായിട്ടാണ് ഒഴിവുകൾ ഉണ്ടാകുന്നത്.

(സി) ഒഴിവുകൾ മുൻകൂറായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്. 2016 ജനുവരി മുതൽ ഡിസംബർ വരെ പൊതുഭരണ വകുപ്പിൽ ഉണ്ടാകുന്ന 67 വിരമിക്കൽ ഒഴിവുകൾ മുൻകൂറായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ആശ്രിത നിയമനം 5%, താഴ്ന്ന വിഭാഗം ജീവനക്കാരുടെ തസ്തിക മാറ്റം 4%, കമ്പ്യൂട്ടർ അസിസ്റ്റന്റ്/സി.എ. തസ്തികയിലുള്ളവരുടെ തസ്തിക മാറ്റം 20% എന്നിങ്ങനെ നിയമനം നൽകുന്നു. കൂടാതെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി വിജ്ഞാപനം ചെയ്യുന്ന ആകെ തസ്തികകളുടെ 10% സബോർഡിനേറ്റ് സർവ്വീസിലെ അസിസ്റ്റന്റ് തസ്തികകളിലെ നിയമനത്തിനായി മാറ്റിവച്ചിട്ടുണ്ട്. മേൽ പറഞ്ഞ ഒഴിവുകൾ കിഴിച്ചുള്ള മുഴുവൻ ഒഴിവുകളിലും പി.എസ്.സി. വഴി നിയമനം നൽകി വരുന്നു.

**വിശ്വകർമ്മജരുടെ വിവിധ ആവശ്യങ്ങൾ**

20(2631) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെപ്റ്റംബർ 17 വിശ്വകർമ്മദിനം സംസ്ഥാന അവധിയായി പ്രഖ്യാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പരമ്പരാഗത തൊഴിലാളികളായ വിശ്വകർമ്മജരുടെ പാരമ്പര്യ അവകാശങ്ങൾ നിലനിർത്തി ഇരുമ്പുപണി, മരപ്പണി, സ്വർണ്ണപ്പണി, കൽപ്പണി, മൂശാരിപ്പണി തുടങ്ങിയ തൊഴിലുകൾ സംരക്ഷിക്കുന്നതിന് തൊഴിൽ സംരക്ഷണ നിയമം നടപ്പിലാക്കുമോ;

(സി) വിശ്വകർമ്മജരുടെ വിവിധ പ്രശ്നങ്ങൾ പഠിച്ച ഡോ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് ബന്ധപ്പെട്ട സംഘടനകളുമായി ചർച്ച ചെയ്ത് നടപ്പിലാക്കുമോ;

(ഡി) ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ ഫണ്ട് അനുവദിക്കുമോ;

(ഇ) പരമ്പരാഗത തൊഴിലാളി എന്ന നിലയിൽ 60 വയസ്സ് കഴിഞ്ഞ വിശ്വകർമ്മജർക്ക് വരുമാന പരിധി ഉയർത്തി അനുവദിച്ച പെൻഷൻ വിതരണം ചെയ്യുമോ;

(എഫ്) ഉന്നതവിദ്യാഭ്യാസ രംഗത്ത് വിശ്വകർമ്മജർക്ക് അനുവദിച്ച 2% സംവരണം, സർക്കാർ എയ്ഡഡ് മേഖലയിലും നടപ്പാക്കി 10% ആയി ഉയർത്തുമോ; ദേവസ്വം ബോർഡിൽ വിശ്വകർമ്മജർക്ക് പ്രാതിനിധ്യം നൽകുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി-ഡി) പരിശോധിക്കാവുന്നതാണ്.

(ഇ) പരിശോധിച്ചുവരുന്നു.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

**സെക്രട്ടേറിയറ്റിലെ വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ**

21(2632) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ പൊതുവിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ വകുപ്പുകളിലെ ചില സെക്ഷനുകളിൽ ഫയലുകൾ കെട്ടിക്കിടന്ന് പ്രവർത്തന ക്ഷമമല്ലാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രശ്നം നവംബർ ഒന്നാം തീയതിക്ക് മുമ്പ് പരിഹരിക്കുന്നതിനായി പ്രസ്തുത ഫയലുകൾ അതേ വകുപ്പിൽതന്നെ ജോലിഭാരം കുറഞ്ഞ സെക്ഷനിലേക്ക് മാറ്റി ഫയൽ തീർപ്പാക്കൽ പ്രക്രിയ ആരംഭിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജോലി ഭാരക്കൂടുതൽ ഫയൽ കെട്ടിക്കിടക്കുന്നതിന് കാരണമാകുന്നുണ്ടെങ്കിൽ അക്കാര്യം ഉചിതതലത്തിൽ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ജില്ലാ കളക്ടർമാരുടെ മികവ് വിലയിരുത്തൽ**

22(2633) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജില്ലാ കളക്ടർമാരുടെ മികവ് വിലയിരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) ജില്ലാ കളക്ടർമാർക്ക് ജനസമ്പർക്ക പരിപാടി നടത്താൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നിയമ സാധുത പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഐ.എ.എസ്. ഓഫീസർമാർക്ക് ഗ്രേഡ് നിശ്ചയിക്കുന്നത് സംസ്ഥാന സർക്കാരിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണോ എന്നത് സംബന്ധിച്ച് നിയമോപദേശം തേടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഉണ്ടെങ്കിൽ ആയതിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഇ) ഇതു സംബന്ധിച്ച് ഐ.എ.എസ്. ഉദ്യോഗസ്ഥ സംഘടനകൾ നിവേദനം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് ജില്ലാ കളക്ടർമാരുടെ മികവ് വിലയിരുത്താൻ നടപടി സ്വീകരിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ഐ.എ.എസ്. ഓഫീസർമാർക്ക് അഖിലേന്ത്യാ സർവ്വീസ് ചട്ടം പ്രൊമോഷൻ ഗൈഡ്ലൈൻസ് പ്രകാരം തസ്തികകൾക്ക് ഗ്രേഡ് നിശ്ചയിച്ചിട്ടുണ്ട്. അതായത് ചീഫ് സെക്രട്ടറി ഗ്രേഡ്, പ്രിൻസിപ്പൽ സെക്രട്ടറി ഗ്രേഡ്, സെക്രട്ടറി ഗ്രേഡ്, സെലക്ഷൻ ഗ്രേഡ്, ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് ഗ്രേഡ് ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ ജീവനക്കാര്യങ്ങളിലെ ഉത്തരവുകൾ കേന്ദ്ര സർക്കാരിന്റെ പേഴ്സണൽ മന്ത്രാലയമാണ് പുറപ്പെടുവിക്കുന്നത് എന്നതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ നിയമോപദേശം തേടിയിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) നൽകിയിട്ടില്ല.

**ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ വികസന നിർദ്ദേശങ്ങൾ**

23(2634) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിന്റെ സമഗ്ര സാമ്പത്തിക വികസനത്തിനായി മുൻ രാഷ്ട്രപതി ഡോ. എ. പി. ജെ. അബ്ദുൾ കലാം എന്തെങ്കിലും നിർദ്ദേശങ്ങൾ അവതരിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സാക്ഷാത്കരിക്കുന്നതിന് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

മുൻ രാഷ്ട്രപതിയായിരുന്ന ഡോ. എ.പി.ജെ. അബ്ദുൾ കലാം കേരളത്തിന്റെ സമഗ്ര സാമ്പത്തിക വികസനത്തിനായി താഴെപ്പറയുന്ന 10 ഇന കർമ്മ പദ്ധതികൾ നിർദ്ദേശിക്കുകയുണ്ടായി:

1. ആത്മീയവും ആരോഗ്യപരവും ശാസ്ത്രീയവുമായ വിനോദസഞ്ചാര പദ്ധതികൾ
2. സ്മാർട്ട് ജലപാതാ വികസനം
3. അറിവുൽപ്പന്നങ്ങളുടെ (Knowledge products) വികസനവും വിപണനവും
4. ആയുർവേദ ഔഷധസസ്യങ്ങളിൽ നിന്നുള്ള മരുന്നുല്പന്നങ്ങൾ
5. നഴ്സുമാരുടെയും മറ്റ് പാരാമെഡിക്സിന്റെയും ഗുണനിലവാരം ഉയർത്തുന്നതിനുള്ള പരിശീലന പരിപാടി
6. വിദേശ ഇന്ത്യക്കാരെയും മറ്റ് നിക്ഷേപകരേയും ആകർഷിക്കുന്നതിനുള്ള പ്രത്യേക സാമ്പത്തിക മേഖലാ രൂപീകരണം
7. ആഴക്കടൽ മത്സ്യബന്ധനം, മത്സ്യസംസ്കരണം, കടൽ ഭക്ഷ്യ വിഭവങ്ങളുടെ വിപണനം എന്നിവയ്ക്കായുള്ള പദ്ധതികൾ
8. തീരദേശ മേഖലകളിൽ PURA നടപ്പാക്കുക വഴി ഗ്രാമ-നഗര ജനവിഭാഗങ്ങളുടെ തുല്യ ഉന്നമനത്തിനായുള്ള പദ്ധതികൾ
9. ചായ, കാപ്പി, സുഗന്ധവ്യഞ്ജനങ്ങൾ, നാളികേരം, പഴവർഗ്ഗങ്ങൾ എന്നിവയ്ക്ക് മൂല്യവർദ്ധനവ്
10. സംസ്ഥാനത്തിന്റെ വികസനത്തിനായി ഐ.എസ്.ആർ.ഒ.-യുടെ പങ്കാളിത്തത്തോടുകൂടി ബഹിരാകാശ സാങ്കേതികവിദ്യാ ഉപയോഗം.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി 2-8-2005-ലെ സ.ഉ.(കൈ) 49/2005/പ്ലാനിംഗ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം മേൽ പദ്ധതികളിന്മേൽ ജലവിഭവം, വിനോദസഞ്ചാരം, മൃഗസംരക്ഷണം, ഗതാഗതം, പൊതുഭരണം, കൃഷി, ആരോഗ്യം, വ്യവസായം, മത്സ്യബന്ധനവും തുറമുഖവും, ശാസ്ത്ര സാങ്കേതികം എന്നീ വകുപ്പുകളിൽ തുടർ നടപടികൾ പുരോഗമിച്ചുവരുന്നു.

**ഹാഡ പദ്ധതിയിൽ ഉൾപ്പെടുത്തി നിലമ്പൂർ മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ**

24(2635) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ഹാഡ (ഹിൽ ഏരിയ ഡെവലപ്മെന്റ് അതോറിറ്റി)-യിൽ ഉൾപ്പെടുത്തി നിലമ്പൂർ മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഹാഡ പദ്ധതിയിൽ നിലമ്പൂർ മണ്ഡലത്തിലെ അർഹതയുള്ള 6 പഞ്ചായത്തുകളെക്കൂടി (വഴിക്കടവ്, പോത്തുകല്ല്, കരുളായി, മൂത്തേടം, എടക്കര, അമരമ്പലം, ചുങ്കത്തറ)ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് ഹാഡ (ഹിൽ ഏരിയ ഡെവലപ്മെന്റ് അതോറിറ്റി)യിൽ ഉൾപ്പെടുത്തി നിലമ്പൂർ മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം ശേഖരിച്ചുനൽകുന്നതാണ്.

(ബി) നിലമ്പൂർ മണ്ഡലത്തിലെ വഴിക്കടവ്, പോത്തുകല്ല്, കരുളായി, അമരമ്പലം, ചുങ്കത്തറ എന്നീ പഞ്ചായത്തുകൾ മലയോര വികസന ഏജൻസിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. നിലവിലുള്ള നിബന്ധനയനുസരിച്ച് ഭൂവിസ്തൃതിയുടെ കുറഞ്ഞത് 25% എങ്കിലും പ്രദേശം 800 മീറ്റർ കോണ്ടൂറിന് മുകളിൽ വരികയോ പാരിസ്ഥിതിക ദുരന്തങ്ങൾക്ക് വിധേയമാവുകയോ ചെയ്യുന്ന പഞ്ചായത്തുകളെയാണ് ഹാഡയുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തുന്നത്.

**സംസ്ഥാന ആസൂത്രണ ബോർഡിന്റെ പുനഃസംഘടന**

25(2637) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാന ആസൂത്രണ ബോർഡിന്റെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഏജൻസികൾ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് പഠനത്തിനായി പ്രസ്തുത ഏജൻസിയ്ക്ക് നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും മാറ്റങ്ങൾ ആസൂത്രണ ബോർഡിൽ നടത്തിയിട്ടുണ്ടോ;

(സി) പഠന റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) 8-1-2013-ലെ സ.ഉ.(സാധാ) നമ്പർ 12/2013/പ്ലാനിംഗ് പ്രകാരം ഹൈദരാബാദിലെ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് ഓഫ് ഇന്ത്യയെ സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്ലാൻ റീ സ്ട്രക്ച്ചറിംഗ് സംബന്ധിച്ച് പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിയിരുന്നു. ഇതിനായി 22.95 ലക്ഷം രൂപയാണ് ഏജൻസിക്ക് നൽകിയത്.

(ബി&സി) റിപ്പോർട്ടിന് സർക്കാർ അംഗീകാരം നൽകിയിട്ടില്ല.

**പഞ്ചവത്സര പദ്ധതികൾ**

26(2638) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പ്ലാനിങ്ങ് കമ്മീഷൻ നിർത്തലാക്കിയ സാഹചര്യത്തിൽ സംസ്ഥാനത്ത് പഞ്ചവത്സര പദ്ധതി എങ്ങനെ നടപ്പാക്കാനാണുദ്ദേശിക്കുന്നത്;

(ബി) ഈ സാഹചര്യം മറികടക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. വ്യക്തമായ ആസൂത്രണത്തിലൂടെ മാത്രമേ സ്ഥായിയായ വികസനം നേടാനാവൂ എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് ഈ തീരുമാനം. പതിമൂന്നാം പഞ്ചവത്സര പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡിൽ 43 കർമ്മ സമിതികൾക്ക് രൂപം നൽകുകയും ഈ സമിതികളുടെ യോഗം നടന്നുവരികയും ചെയ്യുന്നു. ഇവയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നത്. പദ്ധതിയുടെ സമീപന രേഖ (approach paper) പുറത്തിറക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ ആദ്യ വർഷമായ 2017-18 വാർഷിക പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വകുപ്പു മേധാവികൾ, ഗവൺമെന്റ് സെക്രട്ടറിമാർ, മന്ത്രിമാർ എന്നിവരുമായുള്ള ചർച്ചകൾ ഒക്ടോബർ, നവംബർ മാസങ്ങളിൽ നടക്കുന്നതാണ്. വാർഷിക പദ്ധതി 2017-18-ന്റെ പദ്ധതി രേഖ ഫെബ്രുവരി 2017-നും പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പദ്ധതി രേഖ 2017-18-ന്റെ ആദ്യ പാദത്തിൽ തന്നെ പുറത്തിറക്കുന്നതിനും ലക്ഷ്യമിടുന്നു.

**പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മുൻഗണനാക്രമങ്ങൾ**

27(2639) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം പദ്ധതിയുടെ ലക്ഷ്യങ്ങളിലും പരിപാടികളിലും മുൻഗണനാ ക്രമങ്ങൾ ഏതെല്ലാം കാര്യങ്ങളിലാണ് എന്ന് നിശ്ചയിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്നത് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന ആസൂത്രണ ബോർഡിൽ പതിമൂന്നാം പദ്ധതിയുടെ ഭാഗമായി 43 കർമ്മ സമിതികളുടെ റിപ്പോർട്ടിന്റെയും സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കുന്ന സമീപന രേഖയുടെയും അടിസ്ഥാനത്തിലുമാണ് മുൻഗണനാ ക്രമങ്ങൾ നിശ്ചയിക്കുന്നത്. കർമ്മ സമിതികളുടെ റിപ്പോർട്ടും സമീപന രേഖയും ഉടൻ തന്നെ പ്രസിദ്ധീകരിക്കുന്നതാണ്.

## സംസ്ഥാനത്തെ ആസൂത്രണ പ്രക്രിയ

28(2640) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പഞ്ചവൽസര ആസൂത്രണം ഉപേക്ഷിക്കുകയും ആസൂത്രണ കമ്മീഷൻ തന്നെ ഇല്ലാതാക്കുകയും ചെയ്ത പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ആസൂത്രണ പ്രക്രിയ ഏതു തരത്തിൽ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ലക്ഷ്യമിട്ട പദ്ധതികളും അവയുടെ ഫലപ്രാപ്തിയും അറിയിക്കാമോ;

(സി) സാമൂഹ്യനീതിയിൽ അധിഷ്ഠിതമായി ജനപങ്കാളിത്തത്തോടെ വികസനം സാദ്ധ്യമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന വികസനതന്ത്രം വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. വ്യക്തമായ ആസൂത്രണത്തിലൂടെ മാത്രമേ സ്ഥായിയായ വികസനം നേടാനാവൂ എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് ഈ തീരുമാനം. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡിൽ 43 കർമ്മ സമിതികൾക്ക് രൂപം നൽകുകയും ഈ സമിതികളുടെ യോഗം നടന്നുവരികയും ചെയ്യുന്നു. ഇവയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നത്. പദ്ധതിയുടെ സമീപന രേഖ (approach paper) പുറത്തിറക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വാർഷിക പദ്ധതി 2017-18-ന്റെ പദ്ധതി രേഖ ഫെബ്രുവരി 2017-ന് പുറത്തിറക്കുന്നതിനും പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പദ്ധതി രേഖ 2017-18-ന്റെ ആദ്യ പാദത്തിൽ തന്നെ പുറത്തിറക്കുന്നതിനും ലക്ഷ്യമിടുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ കൃഷിയും അനുബന്ധ മേഖലകളും, ഗ്രാമ വികസനം, പ്രാദേശിക വികസനത്തിനുള്ള പ്രത്യേക പരിപാടി, ജലസേചനവും വെള്ളപ്പൊക്ക നിവാരണവും, ഊർജ്ജ വികസനം, വ്യവസായവും ധാതുക്കളും, ഗതാഗതം, ശാസ്ത്ര സാങ്കേതികവും

പരിസ്ഥിതിയും, പൊതു സാമ്പത്തിക സേവനങ്ങൾ, സാമൂഹ്യ സേവനം, പൊതുസേവനങ്ങൾ എന്നീ മേഖലകളിൻ കീഴിൽ വിവിധ സ്കീമുകൾ, പ്രോജക്ടുകൾ, പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലത്തുള്ള വാർഷിക പദ്ധതികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ നാലു വർഷ കാലത്തെ ഉപമേഖല തിരിച്ചുള്ള വിഹിതവും ചെലവും അനുബന്ധമായി കൊടുത്തിട്ടുണ്ട്.*

(സി) സംസ്ഥാന ആസൂത്രണ ബോർഡിൽ പതിമൂന്നാം പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച 43 കർമ്മ സമിതികളുടെ റിപ്പോർട്ടിന്റെയും സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കുന്ന സമീപന രേഖയുടെയും അടിസ്ഥാനത്തിലാണ് വികസന തന്ത്രം രൂപപ്പെടുത്തുന്നത്. കർമ്മ സമിതികളുടെ റിപ്പോർട്ടും സമീപനരേഖയും ഉടനെ പ്രസിദ്ധീകരിക്കുന്നതാണ്.

## ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജീവനക്കാരുടെ സർവ്വീസ് ആനുകൂല്യങ്ങൾ

29(2641) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലറേഷൻ, ഗ്രേഡ് ആനുകൂല്യം തുടങ്ങിയ വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ പ്രൊവിഷണൽ പ്രൊമോഷൻ വഴി നിയമിതരായ 14 ജീവനക്കാരുടെ പ്രൊമോഷൻ ഇതുവരെ റഗുലറൈസ് ചെയ്തിട്ടില്ലാത്തതിനാൽ ടി ജീവനക്കാരുടെ പ്രൊബേഷൻ പ്രഖ്യാപിക്കുവാൻ കഴിഞ്ഞിട്ടില്ല. ഗ്രേഡ് ആനുകൂല്യങ്ങൾക്ക് കാലതാമസം നേരിട്ടിട്ടില്ല.

(ബി) ഈ വിഷയം പരിഹരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

30(2643) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മൊത്തം എത്ര കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ കേന്ദ്രാവിഷ്കൃത പദ്ധതിയുടെയും പേരും ഈ പദ്ധതികൾക്ക് 2013-14 മുതൽ 2016-17 വരെ ഓരോ വർഷവും സംസ്ഥാനത്തിന് മൊത്തം അർഹമായ തുകയുടെയും അനുവദിച്ച് കിട്ടിയ തുകയുടെയും കണക്കുകൾ വ്യക്തമാക്കാമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ്, പദ്ധതികളുടെ സമർപ്പണം, അവലോകനം എന്നിവയ്ക്ക് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; ഇതിന്റെ സംഘടനാ സംവിധാനവും ഘടനയും വ്യക്തമാക്കാമോ;

(ഡി) കേരളത്തിൽ നടപ്പാക്കി വരുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പട്ടിക, മാർഗ്ഗനിർദ്ദേശങ്ങൾ സഹിതം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) നടപ്പു സാമ്പത്തിക വർഷത്തിൽ (2016-17) 189 കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. എന്നാൽ ഈ വർഷം മുതൽ കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് മൊത്തം കേന്ദ്രാവിഷ്കൃത പദ്ധതികളെ 28 അംബ്രല്ലാ സ്കീംസ് ആയി പുതുക്കുകയും ഇവയെ കോർ ഓഫ് ദ കോർ സ്കീംസ് (6 എണ്ണം), കോർ സ്കീംസ് (20 എണ്ണം), ഓപ്ഷണൽ സ്കീംസ് (2 എണ്ണം) എന്നീ 3 കാറ്റഗറിയായി തരംതിരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ്, പദ്ധതികളുടെ സമർപ്പണം, അവലോകനം എന്നിവ അതത് പദ്ധതി നിർവ്വഹണ വകുപ്പുകൾ/ഏജൻസികൾ ആണ് പ്രാഥമികമായി നടത്തുന്നത്. കൂടാതെ അതത് വകുപ്പുകളുടെ സെക്രട്ടറിമാർ അവലോകനം ആനുകാലികമായി നടത്തുന്നുണ്ട്. ചീഫ് സെക്രട്ടറി തലത്തിൽ എല്ലാ മാസവും അവലോകനം നടത്തുന്നുണ്ട്. ഈ വർഷം ഒക്ടോബർ 1-ാം തീയതി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ (പ്ലാൻ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി) അവലോകനം നടത്തുകയുണ്ടായി. തുടർന്നും എല്ലാ ത്രൈമാസങ്ങളിലും മുഖ്യമന്ത്രിയുടെ അവലോകനം ഉണ്ടായിരിക്കുന്നതാണ്. സംസ്ഥാന ആസൂത്രണബോർഡും സമയാസമയങ്ങളിൽ അവലോകനം നടത്തി നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കാറുണ്ട്. പദ്ധതികൾ അതത് വകുപ്പുകൾ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന് വിധേയമായി കേന്ദ്രസഹായത്തിനായി അയയ്ക്കുകയാണ് ചെയ്യുന്നത്.

(ഡി) കേരളത്തിൽ നടപ്പാക്കിവരുന്ന പദ്ധതികളുടെ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.* പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് 28 എണ്ണമായി ചുരുക്കിയ അംബ്രല്ലാ സ്കീമുകളുടെ മാർഗ്ഗനിർദ്ദേശങ്ങൾ അതതു വകുപ്പുകളിൽ നിന്നും ലഭ്യമാക്കി സമർപ്പിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സി.ആർ.ഇസെഡ്. പരിധിയിൽപ്പെട്ടവർക്ക് വീട്‌വയ്ക്കുന്നതിന് അനുമതി

31(*T2644) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആർ.ഇസെഡ്. പരിധിയിൽപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിന് ശാസ്ത്ര സാങ്കേതികവകുപ്പിൽനിന്നും അനുമതി ലഭ്യമാക്കുവാൻ വേണ്ടി സമർപ്പിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെങ്കിലും പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ&ബി) സി.ആർ.ഇസെഡ്. മേഖലയിൽ വീട് വയ്ക്കുന്നതിന് അനുമതി നൽകുന്നത് കേരള തീരദേശ പരിപാലന അതോറിറ്റിയാണ്. മുൻ അതോറിറ്റിയുടെ കാലാവധി 2016 മാർച്ചിൽ കഴിയുകയും പുതിയ അതോറിറ്റി നിലവിൽ വരാൻ കാലതാമസം നേരിടുകയും ചെയ്തതിനാൽ അപേക്ഷകളിൽ നടപടി സ്വീകരിക്കാൻ കാലതാമസം നേരിടുകയുണ്ടായി. പുതിയ അതോറിറ്റി പ്രവർത്തനം തുടങ്ങുകയും തുടരെത്തുടരെ മീറ്റിംഗുകൾ കൂടി കാലതാമസം ഒഴിവാക്കാൻ ഇതിനോടകം നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## സി.ഡബ്ല്യൂ.ആർ.ഡി.എം.-ലെ നിയമനങ്ങൾ

32(2645) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ഡബ്ല്യൂ.ആർ.ഡി.എം.-ന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ നിയമനത്തിനായി ഇന്റർവ്യൂ പാനൽ ശിപാർശ ചെയ്ത ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സി.ഡബ്ല്യൂ.ആർ.ഡി.എം.-ലെ സയന്റിസ്റ്റ് എഫ്-ലുള്ളവരുടെ അസസ്സ്മെന്റ് നടത്തിയിട്ടും റിസൾട്ട് പ്രസിദ്ധീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; റിസൾട്ട് പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇവിടെ പുതുതായി നിയമനം ലഭിച്ച ജീവനക്കാർക്ക് 3 വർഷം കഴിഞ്ഞിട്ടും പ്രോവിഡന്റ് ഫണ്ട് വരിസംഖ്യ പിടിച്ചു തുടങ്ങാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) ഉണ്ട്. റാങ്ക് ലിസ്റ്റ് പ്രകാരം ഒന്നാമതായി തിരഞ്ഞെടുക്കപ്പെട്ട ആൾക്ക് നിയമന ഉത്തരവ് നൽകിയെങ്കിലും ഇയാൾ ഉത്തരവ് നിരസിച്ചു.

(ബി) റിസൾട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) ഉണ്ട്. പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## ജൈവ വൈവിധ്യ ബോർഡ്

33(2646) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ജൈവവൈവിധ്യ ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് അതിലെ അംഗങ്ങൾ എന്നറിയിക്കാമോ?

<u>ഉത്തരം</u>

21-3-2015-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 01/2015/പരി. പ്രകാരം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

## തീരദേശ പരിപാലന നിയമപരിധിയിലുള്ള കെട്ടിടങ്ങളുടെ നിർമ്മാണ അനുമതി

34(2647) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമപ്രകാരം സംസ്ഥാനത്ത് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്ന സ്ഥാപനം ഏതാണ്;

(ബി) ഇത്തരത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്;

(സി) അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് എപ്പോൾ പരിഹരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(ഡി) അപേക്ഷകൾ ലഭിച്ചതിന്റെയും നടപടികൾ സ്വീകരിച്ചതിന്റെയും ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) തീരദേശ പരിപാലന വിജ്ഞാപന പ്രകാരം തീരദേശ നിയന്ത്രണ നിയമം ബാധകമായ പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നത് കേരള തീരദേശ പരിപാലന അതോറിറ്റിയാണ് (കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി- KCZMA).

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1896-ഓളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ മുന്നൂറിൽപ്പരം അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

(സി) മുൻ അതോറിറ്റിയുടെ കാലാവധി 2016 മാർച്ചിൽ കഴിയുകയും പുതിയ അതോറിറ്റി നിലവിൽ വരാൻ കാലതാമസം നേരിടുകയും ചെയ്തതിനാൽ അപേക്ഷകളിൽ നടപടി സ്വീകരിക്കാൻ കാലതാമസം നേരിടുകയുണ്ടായി. പുതിയ അതോറിറ്റി പ്രവർത്തനം തുടങ്ങുകയും അതോറിറ്റി യോഗം ചേർന്ന് പരമാവധി അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയുമാണ്.

(ഡി) ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

## സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

35(2648) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ജീവനക്കാരുടെ പത്താം ശമ്പള കമ്മീഷൻ ശിപാർശ ചെയ്ത ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സം എന്താണ്;

(ബി) ശമ്പള പരിഷ്കരണം എന്ന് നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ഒരു വിഭാഗം ജീവനക്കാർക്ക് ഓണം അലവൻസോ ബോണസോ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ മുഴുവൻ ജീവനക്കാർക്കും നൽകുന്ന ഓണം അലവൻസും ബോണസും സംസ്ഥാന ശാസ്ത്ര സാങ്കേതിക കൗൺസിലിലെ എല്ലാ വിഭാഗം ജീവനക്കാർക്കും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇല്ല. ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി&ഡി) 6-12-1987-ലെ സ.ഉ.(കൈ)നമ്പർ 30/87/ശാ.സ.വ. പ്രകാരം CSIR ശമ്പള സ്കെയിൽ/അലവൻസുകൾ ബാധകമായിട്ടുള്ള സയന്റിഫിക്/തത്തുല്യ വിഭാഗം ജീവനക്കാർക്ക് അതിൽ പ്രതിപാദിക്കാത്ത ആനുകൂല്യങ്ങൾക്ക് അർഹതയില്ല. ആയതിനാൽ 2016-ലെ ഓണം അലവൻസ് പ്രസ്തുത ജീവനക്കാർക്ക് നൽകിയിട്ടില്ല.

## സംസ്ഥാന തണ്ണീർത്തട അതോറിറ്റി

36(2649) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തണ്ണീർത്തട അതോറിറ്റി കേരളത്തിൽ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലെ അംഗങ്ങൾ ആരെല്ലാമാണ്;

(സി) തണ്ണീർത്തട അതോറിറ്റിയുടെ യോഗം ഈ സർക്കാർ വന്നതിനുശേഷം വിളിച്ച് ചേർത്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്നാണെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന തണ്ണീർത്തട അതോറിറ്റി കേരളത്തിൽ നിലവിലുണ്ട്.

(ബി) കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റിയിൽ പരിസ്ഥിതി വകുപ്പിന്റെ ചുമതലയുള്ള മന്ത്രി ചെയർമാനും പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറുമായി ആകെ പതിനൊന്ന് അംഗങ്ങളാണ് ഉള്ളത്. അതോറിറ്റി രൂപീകരിച്ചുകൊണ്ടുള്ള 25-5-2015-ലെ സ.ഉ.(കൈ) നമ്പർ 8/15/പരി. എന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) ഈ സർക്കാർ വന്നതിനുശേഷം തണ്ണീർത്തട അതോറിറ്റിയുടെ യോഗം ചേർന്നിട്ടില്ല. 25-5-2015-ലെ സ.ഉ.(കൈ) നമ്പർ 8/15/പരി. പ്രകാരം നിലവിൽ വന്ന ടി അതോറിറ്റിയുടെ ആസ്ഥാനം പരിസ്ഥിതി കാലാവസ്ഥാ ആസ്ഥാനം പരിസ്ഥിതി കാലാവസ്ഥാ ഡയറക്ടറേറ്റിലാക്കിക്കൊണ്ടും അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയി പരിസ്ഥിതി കാലാവസ്ഥാ വകുപ്പ് ഡയറക്ടറെ നിയമിച്ചും സ.ഉ.(സാധാ) നമ്പർ 7/2016/പരി. തീയതി 1-9-2016 ആയി ഉത്തരവ് പുറപ്പെടുവിച്ച് അതോറിറ്റിയുടെ യോഗം വിളിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങൾ

37(2650) ശ്രീ. വി. ടി. ബൽറാം :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്ര സാങ്കേതിക കൗൺസിലിന്റെ കീഴിലുള്ള ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ (TBGRI) നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമന രീതി എന്താണെന്ന് വിശദമാക്കാമോ;

(ബി) ഈ സ്ഥാപനത്തിൽ നിലവിൽ അനുവദിച്ച് അംഗീകാരം ലഭിച്ചിട്ടുള്ള തസ്തികകളും അതിന്റെ എണ്ണവും എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ സ്ഥാപനത്തിൽ റെക്കോർഡ് കീപ്പർ എന്ന തസ്തിക നിലവിലുണ്ടോ; പ്രസ്തുത തസ്തികയിൽ ആർക്കെങ്കിലും സ്ഥിര നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും പത്രപ്പരസ്യങ്ങളിലൂടെയുമാണ് നിയമനങ്ങൾ നടത്തിവരുന്നത്.

(ബി) നിലവിലുള്ള തസ്തികകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത തസ്തികകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടില്ല.

(സി) റെക്കോർഡ് കീപ്പർ തസ്തികയിൽ ഒരാൾ പ്രവൃത്തിയെടുക്കുന്നുണ്ട്.

## കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട സി.ആർ.ഇസെഡ്. ക്ലിയറൻസ്

38(2651) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശമേഖലയിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട സി.ആർ.ഇസെഡ്. ക്ലിയറൻസ് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ കാസർഗോഡ് ജില്ലയിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; സി.ആർ.ഇസെഡ്.-മായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് വാസയോഗ്യമായ വീടുകൾ/കച്ചവടസ്ഥാപനങ്ങൾ ഉണ്ടായിരുന്നവർക്ക് അത് പൊളിച്ച് അവിടെത്തന്നെ നിർമ്മിക്കാൻ നിയമപ്രകാരം എന്തെങ്കിലും തടസ്സമുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേരളം പോലെ ജനസാന്ദ്രതയുള്ള സംസ്ഥാനത്തിന്റെ തീരദേശങ്ങളിൽ വസിക്കുന്ന ദുർബലവിഭാഗത്തിൽപ്പെട്ടവർ ഉൾപ്പെടെയുള്ളവർക്ക് ഇത്തരം നിയമങ്ങൾ വലിയതോതിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതിനാൽ ലളിതവൽക്കരിച്ച നിയമങ്ങൾ ഉണ്ടാക്കാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിൽനിന്നും ഇതുവരെ 69-ഓളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 1991-ന് മുമ്പ് നിലവിലുള്ള കെട്ടിടത്തിന്റെ പുനർനിർമ്മാണം മാത്രമേ അനുവദിക്കുകയുള്ളൂ. തീരദേശ നിയന്ത്രണ മേഖല III-ൽ പുനർനിർമ്മാണം നടത്തുമ്പോൾ പ്ലിന്ത് ഏരിയ നിലവിലുള്ള കെട്ടിടത്തിനേക്കാൾ കൂടാൻ പാടില്ലെന്ന നിബന്ധനയുണ്ട്. തീരദേശ നിയന്ത്രണ മേഖല II-ൽ പുനർനിർമ്മാണം കെട്ടിട ഉപയോഗത്തിന് മാറ്റം വരുത്താതെ തറ വിസ്തീർണ്ണ അനുപാതം (FAR) 1991-ലെ ചട്ടങ്ങൾക്ക് അനുസൃതമായി നടത്താവുന്നതാണ്.

(ബി) തീരദേശ നിയന്ത്രണ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് കേന്ദ്ര സർക്കാരാണ്. അതിനാൽ ഇളവുകൾ നൽകാൻ കേരള സർക്കാർ കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പുതിയ ഇളവുകൾ ഒന്നുംതന്നെ കേന്ദ്രം ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല.

## ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

39(2652) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സി.എസ്.ഐ.ആർ.-ന് എന്നത്തേയ്ക്ക് പൂർണ്ണമായും കൈമാറ്റം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇത് നയപരമായ ഒരു വിഷയമായതിനാൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു വരുന്നതേയുള്ളൂ.

## പി.എസ്.സി. നിയമനങ്ങൾക്ക് സ്പോർട്സ് വെയ്റ്റേജ്

40(2653) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നിയമനങ്ങൾക്ക് സ്പോർട്സ് വെയ്റ്റേജ് നൽകാറുണ്ടോ, എങ്കിൽ എത്ര മാർക്കാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ഏജൻസികൾ നടത്തുന്ന ഏതെല്ലാം തരം മത്സര ഇനങ്ങളിൽ പങ്കെടുത്തവർക്കാണ് വെയ്റ്റേജ് നൽകുന്നതെന്ന് അറിയിക്കുമോ;

(സി) സർക്കാർ സംഘടിപ്പിക്കുന്ന മത്സരങ്ങൾ മാത്രമാണോ ഇതിന് പരിഗണിക്കുന്നത്, എങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) നാഷണൽ റൂറൽ സ്പോർട്സ് ആന്റ് ഗെയിംസിൽ പങ്കെടുക്കുന്നവർക്ക് വെയ്റ്റേജ് നൽകുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകാരത്തോടെ മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് വെയ്റ്റേജ് നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. കേരള സംസ്ഥാന സർവ്വീസിലെ ക്ലാസ്സ് III, ക്ലാസ്സ് IV തസ്തികകളിലെ നിയമനങ്ങൾക്ക് കായികരംഗത്ത് പ്രാഗത്ഭ്യം തെളിയിച്ച ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നടത്തുന്ന തെരഞ്ഞെടുപ്പുകളിൽ താഴെപ്പറയും പ്രകാരം അധികമാർക്ക് നൽകിവരുന്നുണ്ട്:

(i) അന്തർദേശീയ മത്സരങ്ങളായ ഒളിമ്പിക്സ്, ഏഷ്യൻ ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ് തുടങ്ങിയവയിലെ വ്യക്തിഗത ഇനങ്ങളിൽ രാജ്യത്തെ പ്രതിനിധീകരിക്കുന്നവർക്ക് 30% അധികമാർക്ക് നൽകിവരുന്നു.

(ii) ദേശീയ മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നവർക്ക് 20% അധികമാർക്കും, ഇന്റർ സോൺ മത്സരങ്ങളിൽ സർവ്വകലാശാലകളെ പ്രതിനിധീകരിക്കുന്നവർക്ക് 15% അധികമാർക്കും, ദേശീയ സ്കൂൾ ഗെയിംസിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നവർക്ക് 10% അധികമാർക്കും സൗത്ത് സോണൽ മത്സരങ്ങളിൽ സംസ്ഥാനത്തെയോ സർവ്വകലാശാലയെയോ പ്രതിനിധീകരിച്ചാൽ 7½% അധികമാർക്കും സംസ്ഥാന ചാമ്പ്യൻഷിപ്പുകളിൽ ജില്ലയെ/ കോളേജുകളെ പ്രതിനിധീകരിച്ച് വിജയിക്കുന്നവർക്ക് 5% അധികമാർക്കും നൽകി വരുന്നു. ടീം ഇനത്തിൽ അന്തർദ്ദേശീയ മത്സരത്തിൽ രാജ്യത്തെ പ്രതിനിധീകരിച്ചാൽ 20%, ദേശീയ മത്സരത്തിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ചാൽ 15%, അന്തർസർവ്വകലാശാല/ആൾ ഇന്ത്യാ സ്കൂൾ മത്സരങ്ങളിൽ സർവ്വകലാശാലയെ/സംസ്ഥാനത്തെ പ്രതിനിധീകരിച്ചാൽ 10%, സൗത്ത് സോൺ മത്സരങ്ങളിൽ സംസ്ഥാനത്തെ

പ്രതിനിധീകരിച്ചാൽ 7½%, ഇന്റർ കൊളീജിയറ്റ് ചാമ്പ്യൻ ഷിപ്പുകളിൽ കോളേജുകളെ/സംസ്ഥാന ചാമ്പ്യൻഷിപ്പിൽ ജില്ലയെ പ്രതിനിധീകരിച്ച് വിജയിച്ചാൽ 4% അധികമാർക്കും നൽകിവരുന്നു.

കൂടാതെ അന്തർദ്ദേശീയ മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിൽ 1 മുതൽ 3 വരെ സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന ഉദ്യോഗാർത്ഥികൾക്ക് യഥാക്രമം 30%, 25%, 15% നിരക്കിലും മറ്റു മത്സരങ്ങളിൽ യഥാക്രമം 10%, 7½%, 5% എന്ന നിരക്കിലും അധികമാർക്ക് നൽകിവരുന്നു. ഇതിനു പുറമേ ടീമിനത്തിൽ അന്തർദ്ദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് വിജയികളാകുന്ന ടീമംഗങ്ങൾക്ക് 25%, റണ്ണർഅപ്പാകുന്ന ടീമംഗങ്ങൾക്ക് 15%-ഉം മറ്റു മത്സരങ്ങളിൽ യഥാക്രമം 10%, 5% എന്ന നിരക്കിലും അധികമാർക്ക് നൽകിവരുന്നു.

ഇന്റർ യൂണിവേഴ്സിറ്റി സ്പോർട്സ് ബോർഡ്, ഓൾ ഇൻഡ്യാ സ്കൂൾ ഗെയിംസ് ഫെഡറേഷൻ, സംസ്ഥാനത്തെ യൂണിവേഴ്സിറ്റികൾ, സായ്-യുടെ അംഗീകാരമുള്ള സംഘടനകൾ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള സംഘടനകൾ, ദേശീയ സ്പോർട്സ് അസോസിയേഷനുകളുടെ അംഗീകാരമുള്ള ഫെഡറേഷനുകൾ, അസോസിയേഷനുകൾ എന്നിവർ നടത്തുന്ന കായികമത്സര ഇനങ്ങളെയാണ് ഗ്രേസ് മാർക്കിന് പരിഗണിക്കുന്നത്.

(ഡി) ഇല്ല.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

## എസ്.എ.പി. സിവിൽ പോലീസ് ഓഫീസർ (തിരുവനന്തപുരം ജില്ല)ഒഴിവുകളിൽ നിയമനം

41(2654) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. 21-6-2016-ന് പ്രസിദ്ധീകരിച്ച എസ്.എ.പി. സിവിൽ പോലീസ് ഓഫീസറുടെ (തിരുവനന്തപുരം ജില്ല) ഒഴിവുകളിൽ നിയമനം നടത്തുന്നതിന് ഉദ്യോഗാർത്ഥികളെ ശിപാർശ ചെയ്യുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അടിയന്തരമായി നിയമന ശിപാർശ നൽകുവാൻ പി.എസ്.സി.-ക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) 21-6-2016-ന് പ്രസിദ്ധീകരിച്ച തിരുവനന്തപുരം ജില്ലയിലെ സിവിൽ പോലീസ് ഓഫീസർ തസ്തികയ്ക്ക് 19-8-2016-ൽ കൂട്ടിച്ചേർക്കൽ തിരുത്തൽ വിജ്ഞാപനങ്ങൾ നിലവിൽ വരികയുണ്ടായി. ടി തസ്തികയിലേയ്ക്ക് 338 (മുന്നൂറ്റി മുപ്പത്തിയെട്ട്) ഉദ്യോഗാർത്ഥികളുടെ റൊട്ടേഷൻ 3-10-2016-ൽ അംഗീകരിച്ചിട്ടുണ്ട്. ടി ഉദ്യോഗാർത്ഥികളുടെ നിയമന ശിപാർശാ നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്.

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്**

42(2655) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ആരംഭിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നടപടി ഏതുവരെയായെന്ന് വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച ഫയലിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ചർച്ചകളുടെ മിനുട്ട്സ് ലഭ്യമാക്കുമോ;

(ഡി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ ദൂഷ്യ വശങ്ങളെക്കുറിച്ച് സമഗ്രമായ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) 24-9-2013-ലെ ജി.ഒ.(ആർടി.) 7725/2013/ജിഎഡി, 16-8-2014-ലെ ജി.ഒ.(എംഎസ്.) 228/2014/ജിഎഡി, 5-1-2015-ലെ ജി.ഒ.(എംഎസ്.) 1/2015/ ജിഎഡി എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് 18 വകുപ്പുകളെ ഉൾപ്പെടുത്തി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിന് തീരുമാനം എടുത്തിരുന്നു. കൂടാതെ ഈ സർക്കാർ അധികാരമേറ്റ ശേഷം ആഭ്യന്തര വിജിലൻസ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായിട്ടുള്ള സെക്രട്ടറിമാരുടെ ഒരു കമ്മിറ്റി, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ പുനഃസംഘടനയ്ക്കായി 16-8-2016-ലെ ജി.ഒ.(ആർടി.) 322/2016/പി&എ.ആർ.ഡി. ഉത്തരവുപ്രകാരം രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ ആദ്യയോഗം 30-8-2016-ൽ കൂടുകയും ഉണ്ടായി. ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുടെ അഭിപ്രായ സ്വരൂപണത്തിനായി 2016 ഒക്ടോബർ 15 വരെ സമയം അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്. മിനുട്ട്സ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം സംബന്ധിച്ച് മുൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി "ദി കേസ് ഫോർ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്" എന്ന പേരിൽ പഠനറിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.* ദൂഷ്യവശങ്ങളെക്കുറിച്ച് മാത്രമായി പ്രത്യേക പഠനം നടത്തിയിട്ടില്ല.

## എൽ.ഡി.ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ്

43(2656) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പി.എസ്.സി. എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിന്റെ കാലാവധി ആറ് മാസം നീട്ടി നൽകിയിട്ടുണ്ടോ; എങ്കിൽ ഈ കാലപരിധിക്കുള്ളിൽ പുതിയ ലിസ്റ്റ് പ്രസിദ്ധീകരിച്ചാൽ നീട്ടിക്കൊടുത്ത ലിസ്റ്റിലെ ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുത്താതെ മുൻ ലിസ്റ്റിൽ നിന്നും തുടർന്നും നിയമനം നടത്തുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

30-6-2016-ൽ ചില വ്യവസ്ഥകൾക്ക് വിധേയമായി, 3 വർഷം പൂർത്തിയായതും 4½ വർഷം പൂർത്തിയാകാത്തതുമായ റാങ്ക് പട്ടികകളുടെ കാലാവധി പി.എസ്.സി. ദീർഘിപ്പിച്ച അവസരത്തിൽ എൽ.ഡി.ടൈപ്പിസ്റ്റ് റാങ്ക് പട്ടികയുടെ കാലാവധിയും ദീർഘിപ്പിച്ചിരുന്നു. എന്നാൽ ടി തസ്തികയിലേയ്ക്ക് 31-8-2016-ന് ഒരു പുതിയ റാങ്ക് പട്ടിക നിലവിൽ വന്നതിനെത്തുടർന്ന് പഴയ റാങ്ക് പട്ടിക 30-8-2016-ന് റദ്ദായി. റദ്ദായ റാങ്ക് പട്ടികയിൽ നിന്നും തുടർന്ന് നിയമനം നടത്തുവാൻ ചട്ടപ്രകാരം സാധിക്കുകയില്ല.

## ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലാർക്ക്/കാഷ്യർ തസ്തികയിലെ നിയമനം

44(*T2657) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലാർക്ക്/കാഷ്യർ തസ്തികയിലേക്ക് പി.എസ്.സി. നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻ ലിസ്റ്റിന്റെ കാലാവധി രണ്ടുവർഷം മുമ്പ് അവസാനിച്ചിട്ടും പുതിയ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) റാങ്ക് ലിസ്റ്റ് എത്രയുംവേഗം പ്രസിദ്ധീകരിച്ച് ഉദ്യോഗാർത്ഥികളുടെ ആശങ്ക ദൂരീകരിക്കുവാനും നിയമന നടപടികൾ ത്വരിതപ്പെടുത്തുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ജില്ലാ സഹകരണ ബാങ്കിലെ ക്ലാർക്ക്/കാഷ്യർ തസ്തികയിലേക്ക് (കാറ്റഗറി നമ്പർ 20/14&21/14)തെരഞ്ഞെടുപ്പിനായി നടത്തിയ OMR പരീക്ഷയുടെ അടിസ്ഥാനത്തിൽ സാധ്യതാ പട്ടികകൾ 2016 ഒക്ടോബർ അവസാനത്തോടെയും റാങ്ക് പട്ടിക നവംബറിലും പ്രസിദ്ധീകരിക്കാനുള്ള നിർദ്ദേശം പി.എസ്.സി. 14 ജില്ലാ ആഫീസുകൾക്കും നൽകിയിട്ടുണ്ട്.

## റാങ്ക് ലിസ്റ്റുകളിൽനിന്ന് നിയമനം

45(2658) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്ന് നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് ലിസ്റ്റുകൾ തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഒരു നിയമനവും നടക്കാത്ത എത്ര റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) 13 റാങ്ക് പട്ടികകളാണ് ഒരാൾക്കുപോലും നിയമന ശിപാർശ നൽകാത്തതായുള്ളത്. മേൽപ്പറഞ്ഞ 13 തസ്തികകളുടെയും റാങ്ക് പട്ടികകളുടെ കാലാവധി 3 വർഷം പൂർത്തിയാക്കിയിട്ടില്ല. 3 വർഷം പൂർത്തിയായ ശേഷവും ഒരാൾക്കുപോലും നിയമനശിപാർശ നൽകിയിട്ടില്ലായെങ്കിൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഒരു വർഷം അല്ലെങ്കിൽ ഒരാളെ എങ്കിലും നിയമനശിപാർശ നൽകുന്നതുവരെ (ഏതാണോ ആദ്യം വരുന്നത്) ദീർഘിപ്പിക്കാൻ നിലവിൽ വ്യവസ്ഥയുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റ്

46(2659) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-യുടെ കാറ്റഗറി നമ്പർ 567/2013 ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്; ഇതിന്റെ കാലാവധി എന്നാണ് കഴിയുന്നത്; വിശദമാക്കുമോ;

(ബി) വിവിധ ഡിപ്പാർട്ടുമെന്റുകളിലേക്കുള്ള ഈ ലിസ്റ്റിൽ നിന്നും 14 ജില്ലകളിലായി നാളിതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് ഒന്നരവർഷമായിട്ടും നാളിതുവരെ നാമമാത്രമായ നിയമനങ്ങളാണ് നടത്തിയിട്ടുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) ഈ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ പലരും പ്രായപരിധി കഴിഞ്ഞതിനാൽ ഇനി ഒരു പി.എസ്.സി. പരീക്ഷ എഴുതുവാൻ സാധിക്കാത്തവരാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിൽ 14 ജില്ലകളിലുമുള്ള ഒഴിവുകളിലേക്ക് ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ഇ) ഈ സർക്കാർ വന്നശേഷം ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ ശിപാർശ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) നിലവിലുള്ള ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ജി) ഈ സർക്കാർ നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ട്; എങ്കിൽ നിരോധനം ഒഴിവാക്കി പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) എൽ.ജി.എസ്. തസ്തികയുടെ നിലവിലെ റാങ്ക് പട്ടിക 30-6-2015-ന് പ്രാബല്യത്തിൽ വന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ പ്രകാരം പി.എസ്.സി. പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റുകൾ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷത്തേക്ക് പ്രാബല്യത്തിലുണ്ടായിരിക്കും. മിനിമം കാലാവധിയായ ഒരു വർഷത്തിനുശേഷം പുതിയ ഒരു റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുവരെയോ അല്ലെങ്കിൽ ലിസ്റ്റ് നിലവിൽ വന്ന തീയതി മുതൽ 3 വർഷം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ ആ ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കും.

(ബി)

| നമ്പർ | ജില്ല | ആകെ നിയമന ശിപാർശ |
|---|---|---|
| 1 | തിരുവനന്തപുരം | 355 |
| 2 | കൊല്ലം | 223 |
| 3 | പത്തനംതിട്ട | 178 |
| 4 | കോട്ടയം | 186 |
| 5 | ആലപ്പുഴ | 178 |
| 6 | ഇടുക്കി | 181 |
| 7 | എറണാകുളം | 289 |
| 8 | തൃശ്ശൂർ | 256 |
| 9 | പാലക്കാട് | 282 |
| 10 | മലപ്പുറം | 254 |
| 11 | കോഴിക്കോട് | 233 |
| 12 | വയനാട് | 103 |
| 13 | കണ്ണൂർ | 225 |
| 14 | കാസർഗോഡ് | 128 |

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന മുറയ്ക്ക് നിയമനം നടത്തിവരുന്നുണ്ട്.

(ഡി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ വകുപ്പു മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ)

| നമ്പർ | ജില്ല | ഈ സർക്കാർ അധികാരമേറ്റ ശേഷമുള്ള നിയമന ശിപാർശ |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 76 |

| (1) | (2) | (3) |
|---|---|---|
| 2 | കൊല്ലം | 90 |
| 3 | പത്തനംതിട്ട | 48 |
| 4 | കോട്ടയം | 55 |
| 5 | ആലപ്പുഴ | 58 |
| 6 | ഇടുക്കി | 41 |
| 7 | എറണാകുളം | 105 |
| 8 | തൃശ്ശൂർ | 88 |
| 9 | പാലക്കാട് | 84 |
| 10 | മലപ്പുറം | 89 |
| 11 | കോഴിക്കോട് | 66 |
| 12 | വയനാട് | 34 |
| 13 | കണ്ണൂർ | 73 |
| 14 | കാസർഗോഡ് | 37 |

(എഫ്) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജി) ഇല്ല.

**ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിലുള്ളവർക്ക് പി.എസ്.സി. അഡ്വൈസ് മെമ്മോ**

47(2660) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും കോഴിക്കോട് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിലുള്ളവർക്ക് പി.എസ്.സി. അഡ്വൈസ് മെമ്മോ അയക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിലുള്ളവർക്ക് അഡ്വൈസ് മെമ്മോ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ എൽ.ജി.എസ്. തസ്തികയുടെ റാങ്ക് പട്ടികയിൽ നിന്നും വിവിധ വകുപ്പുകളിലേക്ക് നിയമനാധികാരികൾ എഴുതി അറിയിക്കുന്ന ഒഴിവുകളിലേക്ക് പി.എസ്.സി. സമയബന്ധിതമായി നിയമന ശിപാർശ നൽകി വരുന്നുണ്ട്. ഇതുവരെ 223 പേർക്ക് നിയമനശിപാർശ നൽകിയിട്ടുണ്ട്.

(ബി) നിയമന ശിപാർശ നൽകുന്നതിലേയ്ക്കായി പുതുതായി 18 ഒഴിവുകളാണ് നിലവിലുള്ളത്. ആയതിലേക്കുള്ള നിയമന ശിപാർശാ നടപടികൾ പുരോഗമിച്ചു വരുന്നു.

## മലപ്പുറം ജില്ലയിലെ പി.എസ്.സി. നിയമന ശിപാർശകൾ

48(2661) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നിലവിലുള്ള എൽ.ഡി. ക്ലർക്ക്, ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റുകളിൽ നിന്നും നാളിതുവരെ എത്ര പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയെന്നും എത്ര പേരെ നിയമിച്ചുവെന്നും വ്യക്തമാക്കുമോ; ഓരോ വിഭാഗങ്ങളിലേയും കണക്കുകൾ പ്രത്യേകമായി വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) 2016 ജൂൺ ഒന്നു മുതൽ ജില്ലയിലെ വിവിധ വകുപ്പ് മേധാവികൾ പി. എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ വിശദവിവരം നൽകുമോ; പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും 7-9-2016 വരെ 304 പേർക്കും എൽ.ജി.എസ്. റാങ്ക് ലിസ്റ്റിൽ നിന്നും 29-9-2016 വരെ 250 പേർക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 27-5-2016-ലെ ഉപ.സി.3/38/16/ഉഭപവ സർക്കുലർ പ്രകാരം പി.എസ്.സി. റാങ്ക് പട്ടിക നിലവിലുള്ള എല്ലാ ഒഴിവുകളും 3-6-2016-നകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. കൂടാതെ 17-8-2016-ലെ സർക്കുലർ നമ്പർ ഉപ.സി.3/104/16/ഉഭപവ പ്രകാരം 2017-ലെ പ്രതീക്ഷിത ഒഴിവുകൾ 2016 സെപ്റ്റംബർ 30-ഓടുകൂടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 1-6-2016 മുതൽ 31-8-2016 വരെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.* റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടത്തിവരുന്നു.

## പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് ക്ലാർക്ക്-കാഷ്യർ തസ്തികയിലേയ്ക്കുള്ള നിയമനം

49(2662) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് ക്ലാർക്ക്-കാഷ്യർ തസ്തികയിലേക്ക് പി.എസ്.സി. പരീക്ഷ നടത്തിയത് എന്നാണ്; പ്രസ്തുത പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചോ; ഇല്ലെങ്കിൽ ആയതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള ഷോർട്ട് ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പരീക്ഷ എഴുതി കാത്തിരിക്കുന്ന പലരുടേയും പ്രായപരിധി കഴിയാറായതിനാൽ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനം നടത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ-സി) ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലാർക്ക്, കാഷ്യർ തസ്തികയുടെ നിയമനത്തിനായി OMR പരീക്ഷ നടന്നത് 19-12-2015-നാണ്. ടി തസ്തികയുടെ സാധ്യതാ പട്ടിക 2016 ഒക്ടോബർ അവസാനത്തോടെയും റാങ്ക് പട്ടിക നവംബർ മാസത്തിലും പ്രസിദ്ധീകരിക്കാൻ ജില്ലാ ഓഫീസുകൾക്ക് പി.എസ്.സി. നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തസ്തിക മാറ്റം വഴി എൽ.ഡി. ക്ലാർക്കായി നിയമനം

50(2663) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തസ്തികമാറ്റം വഴി എൽ.ഡി. ക്ലാർക്കായി നിയമനം ലഭിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു റാങ്കുവരെയുള്ളവർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇനി നിയമനം ലഭിക്കാനുള്ളവരുടെ പേരു വിവരം ഉൾപ്പെടുന്ന റാങ്ക് ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) തസ്തികമാറ്റം വഴി എൽ.ഡി. ക്ലാർക്കായി നിയമനം നൽകുന്നതിനായി എത്ര ശതമാനം ഒഴിവുകളാണ് നീക്കിവയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ എൽ.ഡി.സി. തസ്തികയുടെ By transfer നിയമനത്തിനുള്ള റാങ്ക് പട്ടിക നിലവിലുണ്ട്.

(ബി) 108-ാം റാങ്ക് വരെയുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) അനുബന്ധമായി ചേർക്കുന്നു.*

(ഡി) 10% ഒഴിവുകളാണ് നീക്കിവച്ചിട്ടുള്ളത്.

## സൂപ്പർന്യൂമററി തസ്തികകളിൽ ആശ്രിത നിയമനം

51(2664) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 21-7-2014-ലെ ജി.ഒ.(എംഎസ്.) 22/2014/P&ARD ഉത്തരവ് പ്രകാരം സൂപ്പർന്യൂമററി തസ്തികകളിൽ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ചവരിൽ ഭൂരിപക്ഷം പേരുടെയും സേവനം റെഗുലറൈസ് ചെയ്തിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദീകരിക്കാമോ;

(ബി) പ്രസ്തുത പരാതി പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) റഗുലറൈസ് ചെയ്യപ്പെടുമ്പോൾ ജോയിനിംഗ് തീയതി മുതലുള്ള സീനിയോറിറ്റി അനുവദിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) മൂന്ന് വർഷമായി ഇത്രയധികം ജീവനക്കാർ റഗുലറൈസ് ചെയ്യപ്പെടാതെ ജോലി ചെയ്യാനിടയായതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) ഉണ്ട്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പൊതുഭരണ (സി.ഇ. സെൽ) വകുപ്പിൽ അപേക്ഷ നൽകിയവർക്ക് തൊഴിൽ ലഭ്യമാക്കുവാൻ കാലതാമസം നേരിട്ട സാഹചര്യത്തിലാണ് കുടിശ്ശിക നിയമനം ഒറ്റത്തവണയായി തീർപ്പാക്കുന്നതിന്റെ ഭാഗമായി 549 സൂപ്പർന്യൂമററി തസ്തികകൾ 2012-ൽ സർക്കാർ സൃഷ്ടിച്ചത്. തുടർന്നും വിവിധ വകുപ്പുകളിൽ ഇത്തരത്തിൽ കാലതാമസം ഒഴിവാക്കുന്നതിനായി കുടിശ്ശിക നിയമനങ്ങൾക്കായി സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചിരുന്നു. എന്നാൽ സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കപ്പെടുന്നവരെ ക്രമവൽക്കരിക്കുന്നത് ഓരോ വർഷവും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നടത്തുന്നതിനായി നീക്കിവച്ചിട്ടുള്ള 5% ഒഴിവുകളിൽ ആയിരിക്കുമെന്ന് (മാതൃവകുപ്പിൽതന്നെ നിയമനം ലഭിക്കുന്നവർ ഒഴികെ) വ്യവസ്ഥ ചെയ്തിരുന്നു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിച്ചവരുടെ സർവ്വീസിന്റെ ക്രമവൽക്കരണത്തിന് സ്വീകരിക്കേണ്ട കാര്യങ്ങൾ വിശദമാക്കി 4-5-2015-ൽ സ.ഉ. (എംഎസ്.)നമ്പർ 26/15/പി& എ.ആർ.ഡി. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)* പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ച് മാത്രമായിരിക്കും ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ചവരുടെ നിയമനം ക്രമവൽക്കരിക്കപ്പെടുന്നതും സീനിയോറിറ്റി നിശ്ചയിക്കുന്നതും എന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവു വരുന്ന തസ്തികയിലേക്ക് നിലവിലുള്ള ചട്ടമനുസരിച്ച് മാത്രമേ ഇവരെ സർവ്വീസിൽ ക്രമവൽക്കരിക്കുവാൻ നിർവ്വാഹമുള്ളൂ എന്നതിനാലാണ് ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നത്.

## ഇ-ഓഫീസ് സംവിധാനത്തിൽ ഭരണഭാഷയായ മലയാളത്തിനുള്ള പ്രാധാന്യം

52(2665) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ഇ-ഓഫീസ്' സംവിധാനത്തിന് ഭരണഭാഷയായ മലയാളം ഉപയോഗിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഭരണഭാഷയായി മലയാളം എല്ലാ തലങ്ങളിലും ഉപയോഗിക്കാത്തത് ഇതിന്റെ വ്യാപനത്തിന് തടസ്സം സൃഷ്ടിക്കുന്നുണ്ടെന്ന വസ്തുത ഗൗരവമായി കാണുന്നുണ്ടോ;

(സി) സംസ്ഥാനത്തെ 'ഇ-ഓഫീസ്' സംവിധാനം പൂർണ്ണമായും മലയാളത്തിലാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) യൂണികോഡിലുള്ള മലയാളം ഫോണ്ടുകൾ ഉപയോഗിച്ച് ഇ-ഓഫീസിൽ മലയാളത്തിൽ ആയാസരഹിതമായി ടൈപ്പിംഗ് സാദ്ധ്യമാകുമെന്നതിനാൽ മലയാളത്തിലുള്ള ഫയലുകൾ വളരെ നന്നായി കൈകാര്യം ചെയ്യുവാൻ സാധിക്കുന്നുണ്ട്.

(സി) ഇ-ഓഫീസ് ആപ്ലിക്കേഷനിൽ മലയാളത്തിലും ഇംഗ്ലീഷിലും ഫയൽ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനമുണ്ട്. കേന്ദ്ര സർക്കാർ, കേന്ദ്ര സർക്കാർ ഏജൻസികൾ, സംസ്ഥാനത്തിന് പുറമേയുള്ള മറ്റ് ഏജൻസികൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കത്തിടപാടുകളും ഫയൽ കൈകാര്യം ചെയ്യലും പൂർണ്ണമായി മലയാളത്തിൽ നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ ഇ-ഓഫീസ് സംവിധാനം പൂർണ്ണമായി മലയാളത്തിലാക്കുന്ന കാര്യം പരിഗണനയിലില്ല.

**ജില്ലകൾതോറും ഐ.ടി. പാർക്കുകൾ**

53(2666) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലകൾതോറും ഐ.ടി. പാർക്കുകൾ സ്ഥാപിക്കുമെന്ന കഴിഞ്ഞ സർക്കാരിന്റെ പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; എത്ര ജില്ലകളിൽ ഇതനുസരിച്ച് ഐ.ടി. പാർക്കുകൾ ആരംഭിക്കുകയോ നിർമ്മാണം തുടങ്ങുകയോ ചെയ്തിട്ടുണ്ടെന്നും അവ ഏതൊക്കെ ജില്ലകളിൽ ആണെന്നും വ്യക്തമാക്കുമോ;

(ബി) പത്തനംതിട്ട ജില്ലയിൽ എവിടെയാണ് ഐ.ടി. പാർക്ക് സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുന്നത്; ഇതിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഈ പ്രഖ്യാപനം അനുസരിച്ച് ഇതുവരെ ഐ.ടി. പാർക്കുകൾ സ്ഥാപിക്കാത്ത ജില്ലകളിൽ ഇവ ആരംഭിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ജില്ലകൾതോറും ഐ.ടി. പാർക്കുകൾ സ്ഥാപിക്കുമെന്ന കഴിഞ്ഞ സർക്കാരിന്റെ പ്രഖ്യാപനമനുസരിച്ച് നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ഐ.ടി. പാർക്കുകൾ പ്രവർത്തിച്ചുവരുന്നു. ജില്ലകൾതോറും ഐ.ടി. പാർക്കുകൾ സ്ഥാപിക്കേണ്ടതുണ്ടോ എന്ന കാര്യം പരിശോധിച്ചുവരികയാണ്.

(ബി) തീരുമാനിച്ചിട്ടില്ല. പ്രസക്തമല്ല.

(സി) ഇക്കാര്യത്തിലുള്ള സമഗ്രമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച കരട് ഐ.ടി. നയം ഉടനെ അവതരിപ്പിക്കുകയും എല്ലാ വിഭാഗം ആൾക്കാരുടെയും അഭിപ്രായങ്ങൾ തേടി അവ കൂടി ഏകോപിപ്പിച്ച് ഐ.ടി. നയവും തുടർ പദ്ധതികളും ആവിഷ്കരിക്കുകയും ചെയ്യാനാണ് സർക്കാർ നിലവിൽ ഉദ്ദേശിക്കുന്നത്.

**വീരമൃത്യു വരിച്ച മലയാളി സൈനികർ**

54(2667) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈനിക സേവനത്തിൽ വിവിധ ഓപ്പറേഷനുകളിൽ വീരമൃത്യു വരിച്ച മലയാളി സൈനികരെ കുറിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഈ സൈനികരുടെ കുടുംബാംഗങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ കാലതാമസമില്ലാതെ ലഭ്യമാക്കുന്നതിൽ സൈനിക ക്ഷേമ വകുപ്പിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(സി) ചേലിയ സ്വദേശി ധീരജവാൻ സുബിനേഷിന്റെ കുടുംബത്തിന് ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ച് സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സൈനിക സേവനത്തിനിടെ വിവിധ ഓപ്പറേഷനുകളിൽ വീരമൃത്യു വരിച്ച മലയാളി സൈനികരുടെ ലഭ്യമായ വിവരം (ജില്ല തിരിച്ചുള്ളത്) അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മരണപ്പെട്ട സൈനികരുടെ കുടുംബത്തിന് കേന്ദ്ര/സംസ്ഥാന സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങളെക്കുറിച്ച് ബോധവത്കരിക്കുകയും ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനാവശ്യമായ രേഖകൾ ബന്ധപ്പെട്ട റെക്കോർഡ് ആഫീസ്/മിലിട്ടറി ആഫീസുകളിൽനിന്നും ലഭ്യമാക്കി ജില്ലാ സൈനികക്ഷേമ ഓഫീസ് മുഖാന്തരം സ്വീകരിച്ച്, സൂക്ഷ്മപരിശോധന നടത്തി യഥാസമയം സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയാണ് ചെയ്യുന്നത്. കേന്ദ്രസർക്കാരിൽനിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾക്കായി ബന്ധപ്പെട്ട ആഫീസുകൾക്ക് അയച്ചുകൊടുക്കുകയും ചെയ്യാറുണ്ട്.

(സി) ധീരജവാൻ സുബിനേഷിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽനിന്നും സാമ്പത്തിക സഹായമായി 10 ലക്ഷം രൂപ GO(Rt) No.2941/16/GAD dated 9-5-2016 പ്രകാരം അദ്ദേഹത്തിന്റെ മാതാവ് ശ്രീമതി ശോഭനയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്. തൊഴിൽ സഹായമായി സഹോദരി ശ്രീമതി സുബിഷ എ.എം.-ന് കോഴിക്കോട് ജില്ലയിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ GO(MS) No.66/16/GAD dated 9-5-2016 പ്രകാരം നിയമിക്കുന്നതിന് ഉത്തരവാകുകയും പഞ്ചായത്ത് വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ക്ലാർക്കിന്റെ ഒഴിവ് ഉണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 4-10-2016-ലെ GO(MS) No.146/16/GAD സർക്കാർ ഉത്തരവ് പ്രകാരം, ശ്രീമതി സുബിഷ എ.എം.-ന് പഞ്ചായത്ത് വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ക്ലാർക്കായി നിയമനം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(ഡി) ഉദിക്കുന്നില്ല.

**ചികിത്സ സഹായ നിധി**

55(2668) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം എടയൂർ (പി.ഒ.), രായിംമാക്കാർ വീട്ടിൽ ബാവക്കുട്ടിയുടെ മകൻ ആർ. വി. മുഹമ്മദ്കുട്ടി എന്നയാളുടെ മകൻ ഷമീമിന് ചികിത്സ സഹായ നിധിയിൽ നിന്ന് എന്തെങ്കിലും ധനസഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അപേക്ഷയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) G3/66782/15 നമ്പർ ഫയൽ ഇപ്പോൾ നിലവിലുണ്ടോ; ചികിത്സ സഹായം അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 26-9-2016-ലെ ജി.ഒ. (ആർറ്റി.) 3856/2016/റവ നമ്പർ ഉത്തരവ് പ്രകാരം അപേക്ഷകന് മകന്റെ ചികിത്സയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 5,000 (അയ്യായിരം രൂപ മാത്രം) ധനസഹായം അനുവദിച്ചിട്ടുണ്ട്.

**ചികിത്സാ സഹായ അപേക്ഷകൾ**

56(2669) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസുഖ ബാധിതരായ പാവങ്ങൾക്കു നൽകി വരുന്ന ചികിത്സാ ധന സഹായത്തിനുള്ള അപേക്ഷകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) റിപ്പോർട്ട് സഹിതം നൽകുന്ന അപേക്ഷകൾ വീണ്ടും ജില്ലാ കളക്ടർക്ക് അയച്ചുകൊടുക്കുന്നത് എന്തിനാണെന്ന് വിശദമാക്കുമോ;

(സി) മുൻ ഗവൺമെന്റിന്റെ കാലത്ത് ചികിത്സാ ധനസഹായമായി അനുവദിച്ച പണം എന്ന് കൊടുത്തു തീർക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ധനസഹായത്തിനുള്ള അപേക്ഷകൾ ദിനംപ്രതി ലഭിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അർഹരായ എല്ലാ അപേക്ഷകർക്കും ധനസഹായം അനുവദിച്ചുവരുന്നു. അതിനാൽ അപേക്ഷകൾ കെട്ടിക്കിടക്കുകയാണ് എന്ന് പറയാനാവില്ല.

(ബി) ജില്ലാ കളക്ടറുടെ റിപ്പോർട്ട് (കുടുംബത്തിന്റെ വാർഷിക വരുമാനം തുടങ്ങി അവശ്യം വേണ്ട വിവരങ്ങൾ ഉൾക്കൊള്ളുന്നവ) സഹിതം ലഭിക്കുന്ന അപേക്ഷകൾ വീണ്ടും ജില്ലാ കളക്ടർക്ക് അയച്ചുകൊടുക്കാറില്ല.

(സി) മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച എല്ലാവർക്കും തുക വിതരണം ചെയ്തുവരുന്നു.

**ചികിത്സാ ദുരിതാശ്വാസ പദ്ധതി**

57(2670) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ എത്ര പേർക്ക് ചികിത്സാ ദുരിതാശ്വാസ പദ്ധതി പ്രകാരമുള്ള തുക അനുവദിച്ചുവെന്നും അവരുടെ പേരുവിവരവും ലഭ്യമാക്കുമോ;

(ബി) ഇതിൽ മൂന്ന് ലക്ഷം രൂപ ധനസഹായം അനുവദിച്ച എല്ലാ ഗുണഭോക്താക്കൾക്കും തുക നൽകി കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ അപേക്ഷകർക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച എത്ര തുക ഈ സർക്കാരിന്റെ കാലത്ത് കൊടുത്തു തീർത്തുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ചത് സംബന്ധിച്ചുള്ള കണക്കുകൾ നിയോജകമണ്ഡലം തിരിച്ച് സൂക്ഷിച്ചിട്ടില്ല.

**ചികിത്സാ ധനസഹായത്തിനുള്ള ഓൺലൈൻ സംവിധാനം**

58(2671) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള ഓൺലൈൻ സംവിധാനത്തെപ്പറ്റി വിശദീകരിക്കുമോ;

(ബി) വില്ലേജ് ഓഫീസർ ഓൺലൈൻ റിപ്പോർട്ട് സമർപ്പിക്കേണ്ടത് ആർക്കാണെന്നും ഓൺലൈൻ റിപ്പോർട്ടിംഗിന് അപേക്ഷകൻ എന്തൊക്കെ രേഖകളാണ് സമർപ്പിക്കേണ്ടതെന്നും വ്യക്തമാക്കുമോ;

(സി) ഇപ്രകാരം അനുവദിച്ച ചികിത്സാ ധനസഹായം അപേക്ഷകരുടെ ബാങ്ക് അക്കൗണ്ട് മുഖാന്തിരമാണോ വിതരണം ചെയ്യുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായം ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നത് പരിശോധിച്ചുവരുന്നു.

**ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം**

59(2672) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീമതി രഞ്ജിനി മോൾ, തുണ്ടിയിൽ, ചെമ്മണ്ണാർ എന്നയാൾക്ക് എത്ര രൂപയാണ് മുഖ്യമന്ത്രിയുടെ (നമ്പർ 24439/DRF/CM/2015 തീയതി 7-5-2015 പ്രകാരം) ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷകയ്ക്ക് ധനസഹായം അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) അപേക്ഷകയ്ക്ക് അനുവദിച്ച ധനസഹായം നാളിതുവരെ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അടിയന്തരമായി തുക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) 14-10-2016 തീയതിയിലെ സ.ഉ. (സാധാ)നമ്പർ 4250/16/റവ പ്രകാരം ശ്രീമതി രഞ്ജിനിമോൾ, തുണ്ടിയിൽ, ചെമ്മണ്ണൂർ എന്നയാൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഒരു ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**കടാശ്വാസ പദ്ധതി**

60(2673) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടാശ്വാസ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) കടാശ്വാസ പദ്ധതിയിൽ സഹകരണ സംഘങ്ങളിൽ നിന്ന് വായ്പയെടുത്തവരെയും ഉൾപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തവർക്ക് കടാശ്വാസം അനുവദിക്കുമ്പോൾ പ്രസ്തുത സ്ഥാപനങ്ങൾക്കുണ്ടാകുന്ന ബാദ്ധ്യത പൂർണ്ണമായും സർക്കാർ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇതുമൂലം പ്രതിസന്ധിയിലാകാൻ സാദ്ധ്യതയുള്ള സഹകരണ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് പ്രത്യേക പാക്കേജ് നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ) 20-8-2016-ലെ സ.ഉ. (പി) നമ്പർ 118/2016/ധന പ്രകാരം സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ ജപ്തി ഭീഷണി നേരിടുന്നവർക്ക് വായ്പാ പലിശ/പിഴപ്പലിശയിളവും കടാശ്വാസവും അനുവദിക്കുന്നതിനായി ഒറ്റത്തവണ കടാശ്വാസ പദ്ധതി നടപ്പാക്കിവരുന്നു.

(ബി) കടാശ്വാസ പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ സഹകരണ വകുപ്പിനെ കൂടി ഉൾപ്പെടുത്താനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി&ഡി) സഹകരണ കടാശ്വാസ പദ്ധതി നടപ്പാക്കുന്നതുമൂലം ഉണ്ടായേക്കാവുന്ന അധിക സാമ്പത്തിക ബാധ്യത തിട്ടപ്പെടുത്തിയശേഷം സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് ഇവ സംബന്ധിച്ച ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## എൻഡോസൾഫാൻ സെൽ

61(2674) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ സെൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; എൻഡോസൾഫാൻ സെൽ യോഗം അവസാനമായി ചേർന്നതെപ്പോഴാണെന്ന് വ്യക്തമാക്കാമോ; യോഗം ചേരാറില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) എൻഡോസൾഫാൻ സെല്ലിന്റെ ഉത്തരവാദിത്തമെന്തൊക്കെയാണ്; സെല്ലിന്റെ ഘടന എങ്ങനെയാണെന്നും ആരൊക്കെയാണ് അതിൽ അംഗങ്ങളെന്നും വ്യക്തമാക്കാമോ;

(സി) എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി കഴിഞ്ഞ സർക്കാർ നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്നും വിതരണം ചെയ്ത ആനുകൂല്യങ്ങൾ എന്തെല്ലാമായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ഇ) എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റ് സർക്കാരിന്റെ പക്കലുണ്ടോ; എങ്കിൽ എത്ര പേരാണ് ഈ ലിസ്റ്റിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ; ഈ ലിസ്റ്റ് തയ്യാറാക്കിയതെപ്പോഴാണ്; ഈ ലിസ്റ്റിൽപ്പെട്ട മുഴുവൻ ആളുകൾക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇതുവരെ നൽകിയത്; ഏത് വർഷങ്ങളിലാണ് ആനുകൂല്യങ്ങൾ നൽകിയതെന്നും അവ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ; ഈ ആനുകൂല്യങ്ങൾ വിതരണം ചെയ്ത വർഷങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രഖ്യാപിച്ച ആനുകൂല്യങ്ങളിൽ ഇനി എന്തൊക്കെയാണ് നടപ്പാക്കാൻ ബാക്കിയുള്ളത്;

(എഫ്) എൻഡോസൾഫാൻ ലിസ്റ്റിൽ ഇല്ലാത്ത എൻഡോസൾഫാൻ ദുരിതബാധിതർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെയാണെന്നും എപ്പോഴാണ് നൽകിയതെന്നും വിശദീകരിക്കാമോ; ഇല്ലെങ്കിൽ ലിസ്റ്റിൽപ്പെടാത്ത എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി സർക്കാർ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും രൂപീകരിച്ച ജില്ലാതല സെൽ പ്രവർത്തന പുരോഗതി വിലയിരുത്തുകയും ആവശ്യമായ തുടർ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്തിരുന്നു. പ്രസ്തുത സെല്ലിൽ ജില്ലയുടെ ചുമതലയുള്ള അന്നത്തെ കൃഷി വകുപ്പുമന്ത്രി ചെയർമാനും ജില്ലാ കളക്ടർ കൺവീനറും

ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടി പ്രതിനിധികളും സന്നദ്ധസംഘടനാ പ്രതിനിധികളും ഉദ്യോഗസ്ഥരും അംഗങ്ങളായിരുന്നു. പ്രസ്തുത ഉത്തരവിൽ അംഗങ്ങളായ ജനപ്രതിനിധികളുടെയും രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെയും ഔദ്യോഗിക പദവികൾക്കൊപ്പം പേര് കൂടി ചേർത്താണ് ഉത്തരവിറക്കിയിരുന്നത്. 2015-ലെ പഞ്ചായത്ത്, 2016-ലെ നിയമസഭ തെരഞ്ഞെടുപ്പുകൾക്കുശേഷം നിലവിലെ ചെയർമാനും ജനപ്രതിനിധികളും മാറിയതിനാൽ നിലവിലെ ജില്ലാതല സെൽ യോഗം ചേർന്നിരുന്നില്ല. മുൻ കൃഷി വകുപ്പുമന്ത്രി അദ്ധ്യക്ഷനായ ജില്ലാതല സെൽ 30-1-2016-നാണ് അവസാനമായി യോഗം ചേർന്നത്.

(ബി) ജില്ലയിലെ എൻഡോസൾഫാൻ ദുരിത നിവാരണ പ്രവർത്തനങ്ങളുടെ ഏകോപനവും അവലോകനവും ചെയ്യുക എന്നതാണ് സെല്ലിന്റെ ഉത്തരവാദിത്വം.

ജില്ലാതല സെല്ലിന്റെ ഘടന

കൃഷി വകുപ്പുമന്ത്രി - ചെയർമാൻ

ജില്ലാ കളക്ടർ - കൺവീനർ

ഡെപ്യൂട്ടി കളക്ടർ - ജോയിന്റ് കൺവീനർ

(സ്പെഷ്യൽ സെൽ ഫോർ റീഹാബിലിറ്റേഷൻ ഓഫ് എൻഡോസൾഫാൻ വിക്ടിംസ്)

സ്ഥലം എം.പി, എം.എൽ.എ.-മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മുനിസിപ്പാലിറ്റി ചെയർമാൻമാർ, ജില്ലയിലെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ദുരിതബാധിത പ്രദേശങ്ങളിലെ പഞ്ചായത്ത് പ്രസിഡന്റുമാർ, സന്നദ്ധസംഘടനാ പ്രതിനിധികൾ, ജില്ലാതല ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ സെല്ലിലെ അംഗങ്ങളാണ്.

(സി) ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ പ്രകാരമുള്ള പ്രത്യേക ധനസഹായം, സൗജന്യ സ്പെഷ്യലിസ്റ്റ് & സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ, മൊബൈൽ മെഡിക്കൽ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, ദുരിതബാധിതർക്ക് യാത്രാസൗകര്യം, ഫിസിയോതെറാപ്പി സേവനം, പീഡിയാട്രിക് ഐ.സി.യു., ഡെത്ത് ഓഡിറ്റ് കമ്മിറ്റിയുടെ ശിപാർശ പ്രകാരമുള്ള ധനസഹായം, ദുരിതബാധിതരുടെ കടബാദ്ധ്യതകൾ എഴുതിത്തള്ളുന്നതിനായുള്ള നടപടികൾ, NABARD-RIDF ENDOSULFAN PACKAGE, സമഗ്ര പുനരധിവാസ ഗ്രാമം, ബഡ്സ് (സ്പെഷ്യൽ) സ്കൂളുകൾ, എൻഡോസൾഫാൻ നിർവീര്യമാക്കൽ, സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി, സ്നേഹ സാന്ത്വനം പദ്ധതി, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ബി.പി.എൽ. കാറ്റഗറിയിൽ ഉൾപ്പെടുത്തി സൗജന്യ റേഷൻ, സാഫല്യം ഭവന

പദ്ധതി, ദുരിതബാധിതർക്ക് തിരിച്ചറിയൽ കാർഡ് മുതലായ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശ പ്രകാരമുള്ള പ്രത്യേക ധനസഹായം അനുവദിക്കുന്നതിലേക്കായി 89.975 കോടി രൂപ രണ്ട് ഗഡുക്കളായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ എൻഡോസൾഫാൻ ദുരിതബാധിതരുടെ 50,000 രൂപവരെയുള്ള ലോണുകൾ എഴുതിത്തള്ളുന്നതിലേക്കായി 1,20,31,949 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) 'സി' പിരിവിൽ സൂചിപ്പിച്ച പദ്ധതികൾ തുടരുന്നുണ്ട്. കൂടാതെ താഴെപ്പറയുന്ന ആനുകൂല്യങ്ങൾ കൂടി നടപ്പിലാക്കി:

1. എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാധ്യതകൾക്ക് മൂന്ന് മാസത്തേക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.
2. ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് ഓണത്തോടനുബന്ധിച്ച് ഒറ്റത്തവണ ധന സഹായമായി 1000 രൂപ വീതം അനുവദിച്ചിട്ടുണ്ട്.
3. എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാത്തവരും എന്നാൽ മാരകരോഗങ്ങൾ ഉള്ളവരുമായ 128 പേരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു ലക്ഷം രൂപ വീതം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ഇ) 5848 പേരാണ് എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്. 2010 ഡിസംബർ, 2011 ജനുവരി, 2011 ആഗസ്റ്റ്, 2011 ഡിസംബർ, 2013 ആഗസ്റ്റ് എന്നീ മാസങ്ങളിൽ വ്യത്യസ്ത കേന്ദ്രങ്ങളിലായി നടത്തിയ 34 മെഡിക്കൽ ക്യാമ്പുകളുടെ അടിസ്ഥാനത്തിലാണ് ദുരിതബാധിതരുടെ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് സൗജന്യ ചികിത്സാ സൗകര്യം, ബി.പി.എൽ. കാറ്റഗറിയിൽ ഉൾപ്പെടുത്തി സൗജന്യ റേഷൻ, പ്രതിമാസ പെൻഷൻ, സ്പെഷ്യൽ ആശ്വാസ കിരണം പദ്ധതി, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് പ്രത്യേക ധനസഹായം തുടങ്ങിയ ആനുകൂല്യങ്ങൾ അനുവദിച്ച് വരുന്നുണ്ട്. എൻഡോസൾഫാൻ ദുരിതംമൂലം മരണമടഞ്ഞവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 2006 മുതൽ 2011 വരെ പ്രത്യേക ധനസഹായം അനുവദിച്ചിരുന്നു. പ്രതിമാസ പെൻഷൻ-2010-11, വിദ്യാഭ്യാസ സ്കോളർഷിപ്പ്-2011-12, സ്പെഷ്യൽ ആശ്വാസ കിരണം പദ്ധതി-2012-13, ബി.പി.എൽ. കാറ്റഗറിയിൽ ഉൾപ്പെടുത്തി സൗജന്യ റേഷൻ-2013, മനുഷ്യാവകാശ കമ്മീഷൻ ശിപാർശ പ്രകാരമുള്ള പ്രത്യേക ധനസഹായം-2012 എന്നീ വർഷങ്ങളിലാണ് അനുവദിച്ചത്. ഈ ആനുകൂല്യങ്ങൾ

ഇപ്പോഴും നൽകിവരുന്നു. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ പ്രകാരമുള്ള പ്രത്യേക ധനസഹായത്തിന്റെ ഒന്നുംരണ്ടും ഗഡുക്കൾ അർഹരായവർക്ക് വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ മൂന്നാം ഗഡു അർഹരായവർക്ക് അനുവദിക്കേണ്ടതായിട്ടുണ്ട്. കടബാദ്ധ്യത എഴുതിത്തള്ളുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും ആയത് പൂർത്തീകരിച്ചിട്ടില്ല.

(എഫ്) മെഡിക്കൽ ക്യാമ്പിനെ തുടർന്നുള്ള ഫീൽഡ്തല പരിശോധനയ്ക്ക് ശേഷമാണ് എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടിക അന്തിമമാക്കുന്നത്. ഇപ്രകാരം നടത്തിവരുന്ന പ്രക്രിയയിൽ പങ്കെടുക്കുകയും അതേസമയം എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാത്തവരുമായ 315 കാൻസർ രോഗികൾക്ക് സൗജന്യ ചികിത്സയും 18 വയസ്സിന് താഴെയുള്ള 932 കുട്ടികളെ ആരോഗ്യകിരണം, RBSK എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി ആവശ്യമായ ചികിത്സയും അനുവദിക്കുന്നതിന് 2014 മുതൽ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തവരിൽനിന്നും നിലവിലുള്ള മാനദണ്ഡപ്രകാരം ദുരിതബാധിത പട്ടികയിൽ ഉൾപ്പെടുത്താൻ സാധിക്കാത്തതും എന്നാൽ ഗുരുതര രോഗമുള്ളവരുമായ 128 പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ഒരു ലക്ഷം രൂപ വീതം അനുവദിക്കുന്നതിന് ജി.ഒ. (ആർടി.)3615/16/റവ തീയതി 7-9-2016 പ്രകാരം ഉത്തരവായിട്ടുണ്ട്. ഏതെങ്കിലും രോഗികൾ എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായുള്ള മെഡിക്കൽ ക്യാമ്പിൽ എത്താൻ വിട്ടുപോയിട്ടുണ്ടെങ്കിൽ അവരെക്കൂടി തുടർ ക്യാമ്പുകളിൽ പരിശോധിച്ച് പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായം

62(2675) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം ലഭിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ അടിയന്തര തീരുമാനമെടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ചികിത്സാ സഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ ആരെല്ലാം മുഖേനയാണ് സമർപ്പിക്കേണ്ടതെന്നും, എത്ര തുകവരെ അനുവദിക്കുമെന്നും വിശദമാക്കുമോ;

(സി) മാരകരോഗങ്ങൾ പിടിപെട്ട് ചികിത്സയിൽ കഴിയുന്നവർക്ക് ഈ സർക്കാർ ചികിത്സാ സഹായമായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 3-9-2016 തീയതിയിലെ സ.ഉ. (കൈയെഴുത്ത്) നമ്പർ 492/16/റവ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായമായി ജില്ലാ കളക്ടർമാർക്ക് 10,000 രൂപ വരെയും റവന്യൂ വകുപ്പുമന്ത്രിക്ക് 25,000 രൂപവരെയും മുഖ്യമന്ത്രിക്ക് 3,00,000 രൂപ വരെയും അനുവദിക്കാവുന്നതാണ്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്തുപറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ആനുകൂല്യം പാവപ്പെട്ട രോഗികൾക്ക് എത്രയുംവേഗം ലഭ്യമാക്കുന്നതിനായി നടപടിക്രമങ്ങൾ ലഘൂകരിക്കുവാനും ഓൺലൈൻ സംവിധാനം ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങൾ നടപ്പിൽവരുത്തുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നിശ്ചിത മാതൃകയിലുള്ള അപേക്ഷ വെള്ളക്കടലാസിൽ തയ്യാറാക്കി ആറുമാസത്തിൽ കവിയാത്ത മെഡിക്കൽ സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്ത് സ്ഥലം വില്ലേജ് ഓഫീസ്/താലൂക്ക് ഓഫീസ്/കളക്ടറേറ്റ് എന്നിവിടങ്ങളിൽ സമർപ്പിക്കാവുന്നതാണ്. അപേക്ഷ വില്ലേജ് ഓഫീസിൽ സമർപ്പിക്കുന്നതാണ് ഉചിതം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാധനസഹായമായി ജില്ലാ കളക്ടർമാർ 10,000 രൂപവരെയും റവന്യൂ വകുപ്പുമന്ത്രി 25,000 രൂപവരെയും മുഖ്യമന്ത്രി 3,00,000 രൂപവരെയും അനുവദിക്കുന്നു. മന്ത്രിസഭായോഗ തീരുമാനത്തിന് വിധേയമായി മൂന്ന് ലക്ഷം രൂപയിൽ കൂടുതൽ തുകയും അനുവദിക്കുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 1-10-2016 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 14 ജില്ലകളിലായി 20815 പേർക്ക് 33,04,87,646 (മുപ്പത്തിമൂന്ന് കോടി നാല് ലക്ഷത്തി എൺപത്തിയേഴായിരത്തി അറുന്നൂറ്റി നാൽപ്പത്തിയാറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി**

63(2676) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; നിയമസഭാ മണ്ഡലം തിരിച്ചുള്ള കണക്ക് നൽകാമോ; ഈ അപേക്ഷകളിന്മേൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; മണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം അനുവദിക്കുന്നതിനായി ലഭിച്ച അപേക്ഷകളിന്മേൽ തീരുമാനം എടുക്കാൻ ബാക്കിയുണ്ടോ; എങ്കിൽ എത്ര അപേക്ഷകളിന്മേൽ തീരുമാനം എടുക്കാൻ ബാക്കിയുണ്ടെന്ന് മണ്ഡലം തിരിച്ചുള്ള കണക്ക് നൽകാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ പണം അനുവദിച്ചിട്ടും വിതരണം ചെയ്യാത്ത എത്ര അപേക്ഷകളുണ്ട്; മണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; അനുവദിച്ച തുക നൽകാത്തതിനുള്ള കാരണമെന്താണ്; പ്രസ്തുത തുക ഇനി എപ്പോഴാണ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(ഡി) 2016 ജനുവരി മുതൽ ഏപ്രിൽ വരെ കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നതിന് കിട്ടിയ അപേക്ഷകരുടെ പേരുവിവരം വ്യക്തമാക്കാമോ; ഇവരിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ ഇനി അനുവദിക്കാൻ സാധ്യതയുണ്ടോ; എങ്കിൽ എപ്പോൾ അനുവദിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സെപ്റ്റംബർ 15 വരെ ഏകദേശം 28300-ഓളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ നിയോജക മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

(ബി&സി) മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അഭ്യർത്ഥിച്ച ലഭിച്ച മുഴുവൻ അപേക്ഷകളും പരിശോധിച്ച് അർഹതയുള്ളവർക്കെല്ലാം ധനസഹായം അനുവദിച്ചുവരുന്നു.

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അഭ്യർത്ഥിച്ച് ലഭിക്കുന്ന അപേക്ഷകളുടെയും ധനസഹായം അനുവദിച്ചവരുടെയും കണക്കുകളും പേരുവിവരങ്ങളും നിയോജകമണ്ഡലം തിരിച്ച് സൂക്ഷിച്ചിട്ടില്ല.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

64(2677) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും സഹായം നൽകുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ട്;

(ബി) ദുരിതാശ്വാസനിധിയുടെ അപേക്ഷകൾ ബഹു. നിയമസഭാ സാമാജികർ മുഖേനയും അല്ലാതെയും നൽകിയതിന്റെയും അനുവദിച്ചതിന്റെയും മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ചത് സംബന്ധിച്ചുള്ള കണക്കുകൾ നിയോജകമണ്ഡലം തിരിച്ച് സൂക്ഷിച്ചിട്ടില്ല.

**ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം**

65(2678) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 17-5-2015-ാം തീയതി 24377/DRF/CM/2015 മുതൽ 24482/DRF/CM/2015 വരെയുള്ള അപേക്ഷകർക്ക് അനുവദിച്ച ധനസഹായം നാളിതുവരെയും വിതരണം ചെയ്യാത്തതിനുള്ള കാരണം വിശദീകരിക്കാമോ;

(ബി) അപേക്ഷകരുടെ പേരും അവർക്ക് അനുവദിക്കപ്പെട്ടിരിക്കുന്ന തുകയും സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) അപേക്ഷകർക്ക് അനുവദിച്ച ധനസഹായം അടിയന്തരമായി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) 14-10-2016 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 4250/16/റവ പ്രകാരം തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**വാഹനാപകടങ്ങളിൽപ്പെട്ടവർക്ക് ധനസഹായം**

66(2679) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടിപ്പറുകൾ മുതലായ ചരക്കുവാഹനങ്ങളുടെ അശ്രദ്ധമായ മത്സര ഓട്ടങ്ങൾമൂലം എത്ര പേർ അപകടത്തിൽ മരണപ്പെട്ടു ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇത്തരത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അതിനു കാരണക്കാരായ വാഹന ഉടമകളിൽ നിന്നും ധനസഹായം ലഭ്യമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്ക് ഇതുവഴി എത്ര തുകയുടെ സഹായം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇവരിൽ അശരണരായ കുടുംബങ്ങൾക്ക് സർക്കാർ ധനസഹായമായി എത്ര തുക നൽകിയെന്നും അത് ആർക്കെല്ലാം ലഭ്യമായി എന്നും വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (25-5-2016 മുതൽ 9-10-2016 വരെ) ടിപ്പറുകൾ മുതലായ ചരക്കുവാഹനങ്ങൾ ഉൾപ്പെട്ട അപകടങ്ങളിൽ 179 പേർ മരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | 25-5-2016 മുതൽ 9-10-2016 വരെ ഉണ്ടായ ചരക്കു വാഹനാപകടങ്ങളിൽ മരിച്ച എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം സിറ്റി | 3 |
| തിരുവനന്തപുരം റൂറൽ | 7 |
| കൊല്ലം സിറ്റി | 6 |
| കൊല്ലം റൂറൽ | 9 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 22 |
| കോട്ടയം | 4 |
| ഇടുക്കി | 1 |
| എറണാകുളം സിറ്റി | 16 |
| എറണാകുളം റൂറൽ | 14 |

| (1) | (2) |
|---|---|
| തൃശ്ശൂർ സിറ്റി | 5 |
| തൃശ്ശൂർ റൂറൽ | 6 |
| പാലക്കാട് | 16 |
| മലപ്പുറം | 31 |
| കോഴിക്കോട് സിറ്റി | 9 |
| കോഴിക്കോട് റൂറൽ | 7 |
| വയനാട് | 3 |
| കണ്ണൂർ | 18 |
| കാസർഗോഡ് | 1 |
| ആകെ | 179 |

(ബി) ഇത്തരത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് വാഹന ഉടമകളിൽ നിന്നും ഈടാക്കി ധനസഹായം നൽകുന്നതിന് വ്യവസ്ഥയില്ല.

(സി) അപകടത്തിൽപ്പെടുന്നവർക്കുള്ള ചികിത്സാ സഹായത്തിനു പുറമേ ദാരുണ മരണം സംഭവിക്കുന്ന കേസുകളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് വ്യവസ്ഥകൾക്ക് അനുസൃതമായി ഓരോ ലക്ഷം രൂപ വീതം നൽകി വരുന്നുണ്ട്. വിശദ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

**കാവേരി നദീജല ട്രിബ്യൂണൽ**

67(2680) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവേരി നദീജല ട്രിബ്യൂണൽ വിധി പ്രകാരം കബനി നദിയിൽ നിന്നും എത്ര ടി.എം.സി. ജലം വയനാട് ജില്ലയ്ക്ക് ഉപയോഗിക്കാം എന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ എത്ര ടി.എം.സി. ജലം ജില്ലയിൽ ഉപയോഗിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) കബനി നദീജലം ജില്ലയിൽ കൂടുതലായി പ്രയോജനപ്പെടുത്താൻ പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാവേരി നദീജല ട്രിബ്യൂണൽ വിധി പ്രകാരം കബനി ബേസിനിൽ 21 ടി.എം.സി. ജലമാണ് അനുവദിച്ചിട്ടുള്ളത്.

(ബി) കബനി ബേസിനിൽ അനുവദിക്കപ്പെട്ടിട്ടുള്ള 21 Tmc ജലത്തിൽ 11.71 Tmc ജലം കേരളം ഉപയോഗപ്പെടുത്തി വരുന്നു.

(സി) കബനി നദിയിൽനിന്നും കാവേരി കരാർ പ്രകാരം ലഭിച്ചിരിക്കുന്ന ജലം ഉപയോഗിക്കുന്നതിനുവേണ്ടി പനമരം, മാനന്തവാടി, നൂൽപ്പുഴ-ബാവലി എന്നീ പുഴകളിൽ റഗുലേറ്റർ നിർമ്മിക്കുന്നതിനുവേണ്ടി ടോപ്പോഗ്രാഫിക്കൽ സർവ്വേ പൂർത്തീകരിച്ച്, അവയുടെ സ്ഥാനനിർണ്ണയവും നടത്തിവരുന്നു. കൂടാതെ കാവേരി ട്രിബ്യൂണൽ അനുവദിച്ചിരിക്കുന്ന ജലം ഉപയോഗിക്കുന്നതിനുവേണ്ടി 9 പുതിയ പദ്ധതികളുടെ (കടമാൻതോട്, നൂൽപ്പുഴ, ചൂണ്ടാലിപ്പുഴ, തിരുനെല്ലി, ചേക്കാട്ട്, മഞ്ചാട്ട്, തോടാർ, പെരിങ്ങോട്ടുപ്പുഴ, കല്ലുംപതി) സാധ്യതാപഠനം പൂർത്തീകരിച്ചു. കാവേരി അവാർഡ് പ്രകാരം കബനി ബേസിനിൽ അനുവദിച്ച ജലം പൂർണ്ണമായി വിനിയോഗിക്കാൻ വേണ്ടി, പ്രസ്തുത ബേസിനിലെ പോഷകനദികളിലേയും കൈവഴികളുടെയും ടോപ്പോഗ്രാഫിക്കൽ സർവ്വേ നടത്തുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

**പറമ്പിക്കുളം-ആളിയാർ പദ്ധതി**

68(*T2681) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തമിഴ്നാട്ടുമായുള്ള കരാർ പ്രകാരം പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ നിന്ന് കേരളത്തിന് എത്ര അളവ് ജലമാണ് ലഭിക്കേണ്ടത്; ഈ വർഷം ലഭ്യമാക്കിയ ജലത്തിന്റെ അളവ് വ്യക്തമാക്കാമോ?

ഉത്തരം

പറമ്പിക്കുളം-ആളിയാർ അന്തർസംസ്ഥാന നദീജല കരാർ പ്രകാരം ഒരു ജലവർഷം 19550 എം.സി.എഫ്.ടി. ജലമാണ് മണക്കടവിലും കേരള ഷോളയാറിലുമായി കേരളത്തിന് ലഭിക്കേണ്ടത്. മണക്കടവ് വിയറിൽ 7250 എം.സി.എഫ്.ടി.-യും

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

കേരള ഷോളയാർ സംഭരണിയിൽ 12300 എം.സി.എഫ്.ടി.-യുമാണ് കേരളത്തിന്റെ വിഹിതം. ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർ നീരാറിലെ തനതുനീരൊഴുക്കും കേരളത്തിന് അവകാശപ്പെട്ടതാണ്. ഇതിനുപുറമെ പറമ്പിക്കുളം സിസ്റ്റം ഡാമുകളുടെയും ലോവർ നീരാർ ഡാമിന്റെയും തനതുനീരൊഴുക്ക് 16350 എം.സി.എഫ്.ടി. കവിയുകയാണെങ്കിൽ അധികമായി വരുന്ന 2500 എം.സി.എഫ്.ടി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും ശേഷിക്കുന്ന ജലം ചാലക്കുടി പുഴയിലേയ്ക്കും വിടേണ്ടതാണ്. നടപ്പ് (2016-17) ജലവർഷത്തിൽ മണക്കടവ് വിയറിൽ 2016 സെപ്തംബർ 30 വരെ 1134 എം.സി.എഫ്.ടി. ജലമാണ് ലഭിച്ചിരിക്കുന്നത്. ഈ കാലയളവിൽ 1880 എം.സി.എഫ്.ടി. ജലമാണ് ലഭിക്കേണ്ടിയിരുന്നത്. കേരള ഷോളയാറിൽ സെപ്തംബർ 1-ന് നിലനിർത്തേണ്ട ജലനിരപ്പ് 2663 അടിയാണ്. എന്നാൽ നിലനിർത്തിയത് 2651.4 അടിയാണ്. ഇതിന് ആനുപാതികമായി 1073 എം.സി.എഫ്.ടി. ജലത്തിന്റെ കുറവുണ്ടായിട്ടുണ്ട്.

**പി.ആർ.ഡി. വഴി നൽകിയ പരസ്യത്തിന്റെ വിവരങ്ങൾ**

69(2682) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പി.ആർ.ഡി. വഴിയുള്ള പരസ്യത്തിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ഓരോ വർഷത്തെയും കണക്കുകൾ പ്രത്യേകം വ്യക്തമാക്കുമോ;

(ബി) ഇതിൽ ഓരോ മാധ്യമ സ്ഥാപനങ്ങൾക്കും നൽകിയ തുക പ്രത്യേകം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ച് ക്രോഡീകരിച്ചുവരുന്നു.

**മാധ്യമപ്രവർത്തകർക്ക് പെരുമാറ്റച്ചട്ടം**

70(2683) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതിയിലെ ചേമ്പറിലും മറ്റും മാധ്യമ പ്രവർത്തകരെ അനുവദിക്കുന്ന കാര്യം സാഹചര്യം പരിഗണിച്ച് ഓരോ ജഡ്ജിക്കും തീരുമാനിക്കാമെന്നും ഇവർക്ക് കോടതി വളപ്പിൽ പെരുമാറ്റച്ചട്ടം ഏർപ്പെടുത്തുന്നതിനെപ്പറ്റിയും ഹൈക്കോടതി രജിസ്ട്രാർ നൽകിയ സൂചന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാധ്യമ പ്രവർത്തകർക്ക് പെരുമാറ്റച്ചട്ടം ഏർപ്പെടുത്തുന്നതിന് രാജ്യത്ത് നിലവിലുള്ള നിയമപ്രകാരം ആർക്കെങ്കിലും അധികാരമുണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**എറണാകുളം പ്രസ് ക്ലബിന് സ്ഥലം**

71(2684) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ആദ്യ പ്രസ് ക്ലബായ എറണാകുളം പ്രസ് ക്ലബ് പ്രവർത്തിക്കുന്നത് അപര്യാപ്തമായ സ്ഥലത്തായതിനാൽ പ്രസ് ക്ലബിന് സൗകര്യ പ്രദമായ സ്ഥലം അനുവദിച്ച് നൽകുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

പ്രസ് ക്ലബിന്റെ വികസനങ്ങൾക്ക് പര്യാപ്തമായതും സൗകര്യപ്രദവുമായ ഭൂമി നിലവിൽ പ്രസ് ക്ലബ് പ്രവർത്തിച്ചുവരുന്ന കണയന്നൂർ താലൂക്കിന്റെ പരിധിയിൽ ലഭ്യമല്ല. എറണാകുളം ജില്ലയിൽ മറ്റ് താലൂക്കുകളിൽ ലഭ്യമായ ഭൂമി സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**കോടതികളിൽ മാധ്യമ പ്രവർത്തകർക്കുള്ള വിലക്ക് നീക്കാൻ നടപടി**

72(2685) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ജൂലൈ 19-ന് ശേഷം കേരളത്തിലെ വിവിധ കോടതികളിൽ മാധ്യമ പ്രവർത്തകർക്കുള്ള വിലക്ക് ഇപ്പോഴും നിലവിലുണ്ടോ;

(ബി) എങ്കിൽ വിലക്ക് നീക്കുന്നതിനായി സംസ്ഥാന സർക്കാർ ഇടപെടണമെന്നാവശ്യപ്പെട്ട് ഇന്റർനാഷണൽ പ്രസ് ഇൻസ്റ്റിറ്റ്യൂട്ട് കത്ത് നൽകിയിട്ടുണ്ടോ;

(സി) ഇതേ ആവശ്യമുന്നയിച്ചുകൊണ്ടുള്ള "പ്രസ് കൗൺസിൽ ഓഫ് ഇൻഡ്യ" യുടെ സെക്രട്ടറിയുടെ കത്ത് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഹൈക്കോടതിയിലെ മീഡിയ റൂം തുറക്കുക, വിവിധ കോടതികളിൽ നിന്നും വാർത്ത ശേഖരിക്കുന്നതിന് അച്ചടി, ദൃശ്യ മാധ്യമങ്ങൾക്കുള്ള നിലവിലെ വിലക്ക് നീക്കുക എന്നീ കാര്യങ്ങൾക്കായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ കോടതികളിൽ മാധ്യമപ്രവർത്തകർക്ക് വിലക്കുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, അപൂർവ്വം ചിലയിടങ്ങളിൽ തടസ്സം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) മാധ്യമപ്രവർത്തകർക്ക് റിപ്പോർട്ടിംഗിന് തടസ്സമുണ്ടാകുന്നത് പരിഹരിക്കുന്നതിനും അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിലുള്ള തർക്കം അവസാനിപ്പിക്കുന്നതിനുമായി അഡ്വക്കേറ്റ് ജനറൽ ചെയർമാനും മാധ്യമ പ്രവർത്തകരുടേയും അഭിഭാഷകരുടേയും പ്രതിനിധികളെ ഉൾപ്പെടുത്തിയും ഇവർക്കുപുറമെ പോലീസുകാരുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സംസ്ഥാന പോലീസ് മേധാവിയും ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ പോലീസ് മേധാവിയും ഉൾപ്പെടുന്ന ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. അതിനുശേഷവും തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് മുഖ്യമന്ത്രി അഡ്വക്കേറ്റ് ജനറലിനോടൊപ്പം ബഹുമാനപ്പെട്ട ഹൈക്കോടതി ചീഫ് ജസ്റ്റിസിനെ കാണുകയും തടസ്സങ്ങൾ ഉണ്ടാവില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഹൈക്കോടതി രജിസ്ട്രാർ ജനറൽ ഇതുസംബന്ധിച്ച് പത്രക്കുറിപ്പ് ഇറക്കുകയും ചെയ്തു. ഇനിയുണ്ടാകുന്ന പ്രശ്നങ്ങളെ നിയമം അനുശാസിക്കുന്ന രീതിയിൽ കർശനമായി നേരിടാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഗൾഫ് രാജ്യങ്ങളിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങുന്നവർ**

73(2686) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് ധാരാളം പേർ മടങ്ങിവരുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ 1-7-2011 മുതൽ 31-3-2016 വരെ എത്ര പേർ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തി എന്ന വിവരം ലഭ്യമാണോ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഗൾഫ് രാജ്യങ്ങളിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധിമൂലം കേരളീയർക്ക് ജോലി നഷ്ടപ്പെടുമെന്ന ആശങ്കയുണ്ട്. എന്നാൽ ഇതുമൂലം ധാരാളം പേർ തിരിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തിരികെയെത്തുന്ന പ്രവാസി കേരളീയർക്കായി നോർക്ക-റൂട്ട്സ് ഒരു ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ 1-7-2011 മുതൽ 31-3-2016 വരെ 30188 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | തിരികെയെത്തിയവർ |
|---|---|
| ആലപ്പുഴ | 1160 |
| എറണാകുളം | 1029 |
| ഇടുക്കി | 312 |
| കണ്ണൂർ | 1777 |
| കാസർഗോഡ് | 331 |
| കൊല്ലം | 2696 |
| കോട്ടയം | 1073 |
| കോഴിക്കോട് | 3004 |
| മലപ്പുറം | 10522 |
| പാലക്കാട് | 2202 |
| പത്തനംതിട്ട | 1012 |
| തിരുവനന്തപുരം | 3397 |
| തൃശ്ശൂർ | 971 |
| വയനാട് | 702 |
| ആകെ | 30188 |

## പ്രവാസി പുനരധിവാസ പാക്കേജുകൾ

74(2687) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് സംസ്ഥാനത്തേക്ക് മടങ്ങിയെത്തുന്നവർക്ക് സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിക്കാറുള്ള പുനരധിവാസ പാക്കേജുകൾ യഥാസമയം നടപ്പിലാക്കുന്നുണ്ടോയെന്ന കാര്യം പരിശോധിക്കാറുണ്ടോ; എങ്കിൽ ഏത് തരത്തിലുള്ള വിലയിരുത്തലാണ് ഇക്കാര്യത്തിൽ നടത്താറുള്ളത്;

(ബി) ഇത്തരത്തിലുള്ള പുനരധിവാസ പാക്കേജുകൾ പ്രകാരം ബാങ്ക് വായ്പാ ഇളവുകൾ പ്രഖ്യാപിച്ചിട്ടുള്ള കേസുകളിൽ ബാങ്കുകളിൽ നിന്നും വായ്പാ ഇളവുകൾ യഥാസമയം നേടിയെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ പുനരധിവസിപ്പിക്കപ്പെട്ടുമെന്ന് ഉറപ്പ് ലഭിച്ച പലരും വായ്പാ കുടിശ്ശികമൂലം ജപ്തി ഭീഷണി നേരിടുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ പ്രഖ്യാപിക്കുന്ന പുനരധിവാസ പാക്കേജുകൾ യഥാസമയം നടപ്പിലാക്കുന്നുണ്ടെന്ന കാര്യം ഉറപ്പുവരുത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ?

ഉത്തരം

(എ) വിദേശരാജ്യങ്ങളിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് സംസ്ഥാനത്തേക്ക് മടങ്ങിയെത്തുന്നവർക്കുവേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതിയുടെ ഓരോ ഘട്ടത്തിലും സമഗ്രമായ വിശകലനം നടത്തിവരുന്നു. അകാരണമായ കാലതാമസം, മറ്റ് പ്രതിബന്ധങ്ങൾ എന്നിവ വിശകലനം ചെയ്ത് പരിഹാര മാർഗ്ഗം സ്വീകരിച്ചു വരുന്നു. ബാങ്കുകളുമായി ബന്ധപ്പെട്ട പദ്ധതി ആയതിനാൽ ആവശ്യാനുസരണം നിർദ്ദേശങ്ങൾ ബാങ്കുകൾക്കും നൽകിവരുന്നുണ്ട്.

(ബി&സി) തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുകയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി. ഈ പദ്ധതി പ്രകാരം 20 ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലുവർഷം 3% പലിശ

സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നുണ്ട്. നാളിതുവരെയായി ബാങ്ക് ലഭ്യമാക്കിയ വായ്പാ വിവരങ്ങൾ അനുസരിച്ച് മൂലധന സബ്സിഡിയും പലിശ സബ്സിഡിയും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതല്ലാതെ ബാങ്ക് വായ്പാ ഇളവുകൾ ഒന്നുംതന്നെ പ്രഖ്യാപിച്ചിട്ടില്ല. ബാങ്കുകൾ വായ്പ നൽകുന്നത് അവരുടെ സമഗ്രമായ ചട്ടങ്ങൾ പാലിച്ചുകൊണ്ടാണ് എന്നതിനാൽ വായ്പ തിരിച്ചടവുകൾ നിയന്ത്രിക്കുന്നതിനുള്ള അധികാരം ബാങ്കുകളിൽ നിക്ഷിപ്തമാണ്. ഈ പദ്ധതി പ്രകാരം വായ്പയെടുത്ത പലരും വായ്പാ തിരിച്ചടവിൽ വീഴ്ച വരുത്തിയതുമൂലം റിക്കവറി പ്രശ്നങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നങ്ങൾ ഒഴിവാക്കാൻ ഇപ്പോൾ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് മുമ്പുതന്നെ അവർ തിരഞ്ഞെടുക്കുന്ന വ്യവസായ മേഖലയെക്കുറിച്ചും സാമ്പത്തിക മാനേജ്മെന്റിനെക്കുറിച്ചും വിദഗ്ദ്ധ പരിശീലനം നൽകുന്നുണ്ട്.

(ഡി) സർക്കാർ നടപ്പാക്കുന്ന പുനരധിവാസ പദ്ധതി സ്റ്റേറ്റ് പ്ലാൻ ഫണ്ടിന്റെ കീഴിലാണ് നടപ്പാക്കി വരുന്നത്. ഇത് കാലാകാലങ്ങളിൽ അവലോകനം ചെയ്തു വരുന്നുണ്ട്.

## പ്രവാസി വ്യവസായികളുടെ ആശങ്ക

75(2688) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് നാടുകളിൽ നടന്നുവരുന്ന സ്വദേശിവൽക്കരണം കേരളത്തിലുണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) ഈ രാജ്യങ്ങളിൽ ദീർഘകാലമായി മലയാളികൾ നടത്തിയിട്ടുള്ള ഭീമമായ നിക്ഷേപത്തെ സ്വദേശിവൽക്കരണം ബാധിക്കാനിടയുണ്ടെന്ന പ്രവാസി വ്യവസായികളുടെ ആശങ്ക ഗൗരവമായി കാണുന്നുണ്ടോ;

(സി) എങ്കിൽ ഈ ആശങ്ക ദൂരീകരിക്കുന്നതിനാവശ്യമായ എന്തെല്ലാം ഇടപെടലുകളാണ് സാധ്യമാകുന്നതെന്ന് അറിയിക്കാമോ?

### ഉത്തരം

(എ-സി) വിദേശത്ത് പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക പ്രതിസന്ധിയും പ്രത്യേക തൊഴിൽ നയങ്ങളും കാരണം പ്രവാസി മലയാളികളുടെ ജോലി നഷ്ടപ്പെടാനും അവരുടെ ബിസിനസ്സ് സംരംഭങ്ങൾക്ക് പ്രത്യാഘാതങ്ങൾ ഉണ്ടാകാനും സാധ്യതയുണ്ട്. ഇക്കാരണത്താൽ ജോലി നഷ്ടപ്പെട്ട അനേകം

പ്രവാസികൾ തിരിച്ച് വന്നതായി രേഖകളില്ല. ഏത് സാഹചര്യത്തിലായാലും പ്രവാസി മലയാളികളെ ശാശ്വതമായി പുനരധിവസിപ്പിക്കുന്നതിനായി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പോലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ തങ്ങളുടെ സമ്പാദ്യം നാട്ടിലെ ബിസിനസ് സംരംഭങ്ങളിൽ വിജയകരമായി നിക്ഷേപിക്കുന്നതിനും ചെറുകിട/വൻകിട വ്യവസായ സ്ഥാപനങ്ങൾ നടത്തിക്കൊണ്ട് പോകുന്നതിനുമായി എല്ലാ സഹായവും നൽകാൻ പദ്ധതി ആവിഷ്കരിച്ച് വരുന്നു.

**പ്രവാസികളുടെ പുനരധിവാസം**

76(2689) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വദേശിവത്കരണംമൂലം ഗൾഫ് രാജ്യങ്ങളിൽനിന്നും 2016 ജനുവരി 1 മുതൽ നാളിതുവരെ എത്ര പ്രവാസികളാണ് മടങ്ങിവന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് നോർക്ക എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും അതിൽ ഏതൊക്കെ പദ്ധതികൾ പ്രാവർത്തികമാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഇവരെ മടക്കിക്കൊണ്ടുവരുന്നതിന് വിമാനയാത്രക്കൂലിയിനത്തിൽ ഈ സർക്കാർ എന്തു തുക ചെലവഴിച്ചു;

(ഡി) ഈ വിഷയത്തിൽ കേന്ദ്രസർക്കാരിന്റെ സഹായം അഭ്യർത്ഥിച്ചിരുന്നോ; എന്തൊക്കെ സഹായങ്ങളാണ് കേന്ദ്രസർക്കാർ ലഭ്യമാക്കിയതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരികെയെത്തുന്ന പ്രവാസി കേരളീയർക്കായി നോർക്ക റൂട്ട്സ് ഒരു ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ 2016 ജനുവരി 1 മുതൽ നാളിതുവരെ 1692 പ്രവാസികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) തിരികെ വരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി നിലവിലുണ്ട്. തിരികെയെത്തുന്ന പ്രവാസികളെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുകയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി വിഭാവന

ചെയ്യുന്നത്. ചുരുങ്ങിയത് രണ്ടുവർഷം വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി 20 ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലുവർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. നാളിതുവരെയായി ഈ പദ്ധതിയിൻ കീഴിൽ 1254 പേർക്ക് ലോൺ അനുവദിക്കുകയും 11.45 കോടി രൂപ മൂലധന/പലിശ സബ്സിഡിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സൗദി അറേബ്യയിലെ സൗദി ഓജർ കമ്പനി അടച്ചുപൂട്ടിയതുമായി ബന്ധപ്പെട്ട് ഡൽഹിയിൽ എത്തിയ 12 പേരെ കൊച്ചി വരെ എത്തിക്കാൻ 1,22,615 രൂപ സെപ്റ്റംബർ 2016 വരെ ചെലവഴിച്ചു.

(ഡി) ഈ വിഷയത്തിൽ കേന്ദ്രസർക്കാരിന്റെ അടിയന്തര ഇടപെടൽ അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര വിദേശകാര്യ മന്ത്രിക്ക് കത്തയച്ചിരുന്നു. ആയതിന്മേൽ കേന്ദ്ര വിദേശകാര്യ മന്ത്രാലയം അടിയന്തര നടപടി സ്വീകരിക്കുകയും സൗദി ഓജർ കമ്പനിയിൽ ദുരിതത്തിൽ കഴിയുകയായിരുന്ന മലയാളികളെ നാട്ടിലെത്തിക്കാനുള്ള സഹായം ലഭ്യമാക്കുകയും ചെയ്തു.

**സോഫ്റ്റ് പദ്ധതി**

77(2690) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് വോളണ്ടിയർമാരുടെ 'സോഫ്റ്റ്' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) വാഹനാപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് എന്തെല്ലാം വൈദ്യ സഹായമാണ് പദ്ധതിയനുസരിച്ച് നൽകുന്നത്;

(ഡി) ഈ പദ്ധതി സംസ്ഥാനത്ത് എവിടെയൊക്കെയാണ് നടപ്പാക്കി വരുന്നത്?

<u>ഉത്തരം</u>

(എ-സി) കേരള പോലീസ് നടപ്പിലാക്കിവരുന്ന 'ശുഭയാത്ര' പദ്ധതിയുടെ ഭാഗമായി, കേരളത്തിൽ റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അതിവേഗം വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് 'സോഫ്റ്റ് ' (SOFT-Save Our Fellow Travellers) എന്നറിയപ്പെടുന്ന സന്നദ്ധ സേവകരുടെ ഒരു ഗ്രൂപ്പ്/കൂട്ടായ്മ പോലീസ് വകുപ്പ് രൂപവൽക്കരിച്ചുകൊണ്ടിരിക്കുകയാണ്. റോഡപകടത്തിന് വിധേയമാകുന്ന വ്യക്തികൾക്ക് എത്രയുംവേഗം പ്രാഥമിക ശുശ്രൂഷ നൽകുകയും, അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് SOFT എന്ന കൂട്ടായ്മയിലൂടെ വിഭാവനം ചെയ്യുന്നത്. അതിവേഗം പ്രാഥമിക ശുശ്രൂഷ നൽകുന്നതുവഴി പരിക്കിന്റെ കാഠിന്യം പതിൻമടങ്ങ് ലഘൂകരിക്കുകയും മരണം പരമാവധി ഒഴിവാക്കാനും സാധിക്കുന്നു. റോഡപകടങ്ങളിൽ ഗുരുതരമായി പരിക്കേൽക്കുന്നവർക്ക് കുറ്റമറ്റ പ്രാഥമിക ശുശ്രൂഷയും മെച്ചപ്പെട്ട വൈദ്യസഹായവും ഉറപ്പാക്കുന്നതിന് പരിശീലനം ലഭിച്ച ഒരു കൂട്ടം വ്യക്തികളെ (സന്നദ്ധ സേവകരെ) വാർത്തെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(ഡി) ഈ പദ്ധതി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ തിരുവനന്തപുരം സിറ്റിയിലെ പോലീസ് സർക്കിളുകളിൽ നിന്നും തിരഞ്ഞെടുത്തവർക്ക് പരിശീലനം നൽകിക്കഴിഞ്ഞു. തിരുവനന്തപുരം (റൂറൽ) പോലീസ് സർക്കിളുകളിലെ പരിശീലന പരിപാടികൾ നടന്നു കൊണ്ടിരിക്കുകയാണ്.

**ഇ-മെയിൽ ചോർത്തൽ കേസ്**

78(2691) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-മെയിൽ ചോർത്തൽ കേസിന്റെ ഇപ്പോഴത്തെ അന്വേഷണ ഉദ്യോഗസ്ഥൻ ആരാണ്;

(ബി) പ്രസ്തുത കേസിൽ യു.എ.പി.എ. ഒഴിവാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത കേസിൽ എത്രപേരെ സർക്കാർ സർവ്വീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ട്;

(ഡി) യു.എ.പി.എ. ചുമത്തിയിട്ടുള്ളതും എന്നാൽ കേസിനു യാതൊരു അടിസ്ഥാനവും കണ്ടെത്താൻ സാധിക്കാത്തതുമായ കേസുകളിൽ ഇരകൾക്ക് നീതി ലഭ്യമാക്കാൻ തയ്യാറാവുമോ?

<u>ഉത്തരം</u>

(എ) ശ്രീ. രാധാകൃഷ്ണപിള്ള (ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി.)

(ബി) ഈ കേസിൽ യു.എ.പി.എ. പ്രകാരമുള്ള വകുപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

(സി) ഒരാളെ (ശ്രീ. എസ്. ബിജു, റിസർവ് സബ് ഇൻസ്പെക്ടർ) സർവ്വീസിൽനിന്നും പിരിച്ചു വിട്ടിട്ടുണ്ട്.

(ഡി) ഒരു കുറ്റകൃത്യം നടന്നതായി വെളിവായാൽ ആയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി തെളിവുകളുടെ അടിസ്ഥാനത്തിലാണ് കേസിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നത്.

**ഇ-കംപ്ലെയിന്റ് പോർട്ടൽ**

79(2692) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> :
<u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. എ. എൻ. ഷംസീർ</u> :
<u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യയിലെ ചില സംസ്ഥാനങ്ങളിൽ പൊതുജനങ്ങൾക്ക് പോലീസിൽ പരാതി നൽകുന്നതിന് ഇ-പോർട്ടൽ സംവിധാനം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നമ്മുടെ സംസ്ഥാനത്തും ഇപ്രകാരം പൊതുജനങ്ങൾക്ക് സൗകര്യപ്രദമാകുന്ന വിധത്തിൽ പരാതി നൽകുന്നതിന് ഇ-കംപ്ലയിന്റ് പോർട്ടൽ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) വിവര സാങ്കേതിക വിദ്യയുടെ പ്രയോജനം പോലീസ് വകുപ്പിൽ എപ്രകാരമാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ജനങ്ങൾക്ക്, കുറ്റക്കാരായ പോലീസുകാർക്കെതിരെ പരാതി നൽകുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) CCTNS പദ്ധതിയുടെ ഭാഗമായി സിറ്റിസൺ പോർട്ടൽ നടപ്പിലാക്കുന്നതോടെ പൊതുജനങ്ങൾക്ക് ഓൺലൈനായി പോലീസിൽ പരാതി നൽകുന്നതിനുള്ള സംവിധാനം പ്രാബല്യത്തിൽ വരുന്നതാണ്.

(സി) പോലീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾ മികവുറ്റതാക്കുന്നതിനൊപ്പം കാര്യക്ഷമവും സുതാര്യവുമായ പോലീസ് സംവിധാനം സൗകര്യപ്രദവും അനായാസവുമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലേക്കായി വിവര സാങ്കേതികവിദ്യ അടിസ്ഥാനമാക്കി ഒട്ടനവധി സോഫ്റ്റ്‌വെയറുകൾ പോലീസ് വകുപ്പിൽ ഉപയോഗിച്ചുവരുന്നു. പോലീസ് ഡിപ്പാർട്ടുമെന്റിനെ കുറിച്ച് അടിസ്ഥാന വിവരങ്ങളടങ്ങിയ പോലീസ് വെബ്സൈറ്റ്, ശബരിമലയിലെ തിരക്ക് നിയന്ത്രിക്കുന്നതിലേക്ക് നടപ്പിലാക്കിയ ശബരിമല വിർച്വൽ ക്യൂ സിസ്റ്റം, പ്രോപ്പർട്ടി ഒഫൻസിൽ ഉൾപ്പെട്ട കുറ്റവാളികളെക്കുറിച്ചുള്ള ഡാറ്റാ ബേസ് ഉൾപ്പെടുന്ന ആപ്ലിക്കേഷൻ ആയ ക്യാപ്സ്, അഡ്മിനിസ്ട്രേഷനു വേണ്ടിയുള്ള 'I APS' എന്ന ആപ്ലിക്കേഷൻ, കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട/ മോഷ്ടിക്കപ്പെട്ട വാഹനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്ന വാഹൻ സമന്വയ എന്ന ആപ്ലിക്കേഷൻ, കുറ്റകൃത്യങ്ങളേയും കുറ്റവാളികളെയും കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും രാജ്യവ്യാപകമായി പോലീസ് സ്റ്റേഷനുകളുമായും അനുബന്ധ പോലീസ് ഓഫീസുകളുമായും മറ്റ് ഡിപ്പാർട്ടുമെന്റുകളായ Transport, Immigration, Passport, Central Police agencies തുടങ്ങിയവയുമായും കമ്പ്യൂട്ടർ ശൃംഖലയിലൂടെ ബന്ധിപ്പിക്കുകയും ചെയ്യുന്ന ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് & സിസ്റ്റം (CCTNS), ശബരിമലയിലെ ക്യൂ, വാഹനം പാർക്ക് ചെയ്യാനുള്ള സൗകര്യം, കാലാവസ്ഥ തുടങ്ങിയ കാര്യങ്ങളുടെ തൽസ്ഥിതി അറിയുവാനുള്ള ശബരിമല പോർട്ടൽ തുടങ്ങി മെച്ചപ്പെട്ട പോലീസ് സംവിധാനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലേക്കായി വിവര സാങ്കേതികവിദ്യ അടിസ്ഥാനമാക്കി മേൽപ്പറയുന്ന വിവിധതരം സോഫ്റ്റ്‌വെയറുകൾ പോലീസ് വകുപ്പിൽ ഉപയോഗിച്ചുവരുന്നു. കൂടാതെ ആദ്യകാല ക്രൈം റിക്കോർഡുകൾ ഡിജിറ്റൈസേഷൻ ചെയ്യുന്നതിനുള്ള പ്രവൃത്തികളും പുരോഗമിച്ചുവരുന്നുണ്ട്.

(ഡി) പൊതുജനങ്ങൾക്ക്, കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികൾ നേരിട്ടും ഇ-മെയിൽ, ടെലിഫോൺ മുഖേനയും ഉയർന്ന മേലുദ്യോഗസ്ഥർക്ക് നൽകാവുന്നതാണ്. എല്ലാ മേലുദ്യോഗസ്ഥരുടെയും ഇ-മെയിൽ, ടെലിഫോൺ വിവരങ്ങൾ കേരള പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. കൂടാതെ CCTNS പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ പോകുന്ന സിറ്റിസൺ പോർട്ടൽ വഴി ജനങ്ങൾക്ക് പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഓൺലൈനായി പരാതി നൽകാവുന്നതുമാണ്.

**എ.ടി.എം. തട്ടിപ്പുകൾ**

80(2693) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ.ടി.എം. കവർച്ചയും അതിനോടനുബന്ധിച്ചുള്ള സൈബർ കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര എ.ടി.എം. കവർച്ചകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു; എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടി; വിശദാംശം ലഭ്യമാക്കുമോ;

(സി) എ.ടി.എം. തട്ടിപ്പുകൾ കൂടുമ്പോഴും എ.ടി.എം. പരിപാലനത്തിൽ വരുത്തുന്ന വീഴ്ചകൾ, വ്യാജ ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകളുണ്ടാക്കി പണം അപഹരിക്കുന്നതു കണ്ടെത്താൻ നടപടി സ്വീകരിക്കാത്തത് തുടങ്ങി ബാങ്കുകളുടെ ഭാഗത്തു നിന്നുള്ള വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം വീഴ്ചകളുടെ ഭാഗമായി ഉപഭോക്താവിന് നഷ്ടപ്പെടുന്ന തുക ബാങ്കുകൾ തന്നെ ഉപഭോക്താവിന് യഥാസമയം ലഭ്യമാക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഇ) എ.ടി.എം.-കളിൽ സുരക്ഷ ഉറപ്പുവരുത്താതെ മോഷണം നടന്നാൽ ആ തുക പ്രസ്തുത ബാങ്ക് തന്നെ ഉപഭോക്താവിന് തിരികെ നൽകുവാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ സംസ്ഥാനതല ബാങ്കേഴ്സ് സമിതിക്ക് നിർദ്ദേശം നല്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 28 എ.ടി.എം. കവർച്ചകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. 13 കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സംസ്ഥാനത്ത് എ.ടി.എം. തട്ടിപ്പിലൂടെ നിക്ഷേപകന് നഷ്ടമാകുന്ന പണത്തിന്റെ ഉത്തരവാദിത്തം അതാത് ബാങ്കുകൾക്കാണ്.

(ഇ) നിലവിൽ പരിഗണനയിലില്ല.

**ഹോംഗാർഡിന്റെ സേവനം**

81(2695) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ പോലീസ് സ്റ്റേഷന്റെ നിയന്ത്രണത്തിലുള്ള ചെങ്ങന്നൂർ - പന്തളം എം.സി. റോഡിൽ ആഞ്ഞലിച്ചുവട് ജംഗ്ഷനിൽ മാവേലിക്കരയ്ക്ക് തിരിയുന്ന ഭാഗത്തുണ്ടാകുന്ന അപകടങ്ങളും, അപകടസാധ്യതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ജംഗ്ഷനിൽ അപകടങ്ങൾ കുറയ്ക്കുന്നതിനും വാഹന ഗതാഗതം നിയന്ത്രിക്കുന്നതിനും ഹോം ഗാർഡിന്റെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണിക്കാവുന്നതാണ്

**എഫ്.ഐ.ആർ. വെബ്സൈറ്റിൽ**

82(2696) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ എഫ്.ഐ.ആർ. (പ്രഥമ വിവര റിപ്പോർട്ട്) രജിസ്റ്റർ ചെയ്താൽ അത് ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ തന്നെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന സുപ്രീംകോടതി നിർദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എല്ലാ കേസുകളുടേയും എഫ്.ഐ.ആർ. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഏതൊക്കെ ഇനം കേസുകൾക്കാണ് ഇതിൽ നിന്ന് ഇളവ് നൽകിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഈ ഉത്തരവ് എന്നു മുതൽ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് 24 മണിക്കൂറിനുള്ളിൽ പ്രസിദ്ധീകരിക്കണമെന്ന് ക്രിമിനൽ റിട്ട് പെറ്റീഷൻ നമ്പർ 68/2016-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവായിട്ടുണ്ട്.

(ബി) എല്ലാ എഫ്.ഐ.ആർ.-കളും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതില്ല.

(സി) ഭീകര പ്രവർത്തനം, ലൈംഗിക കുറ്റകൃത്യങ്ങൾ, കലാപ സംബന്ധമായ കേസ്സുകൾ, കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ (POCSO Act) തുടങ്ങിയവയുടെ എഫ്.ഐ.ആർ. പ്രസിദ്ധീകരിക്കുന്നതിൽനിന്ന് ഇളവ് നൽകിയിട്ടുണ്ട്.

(ഡി) രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ.-കൾ 24 മണിക്കൂറിനകം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നടപടികൾ പൂർത്തിയായാൽ ഉടൻ പ്രസ്തുത സംവിധാനം നിലവിൽ വരുന്നതാണ്.

## വീട് ആക്രമണം

83(2697) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ പഞ്ചായത്ത് മെമ്പറായ ശ്രീ. പി. ആർ. രോഹിൽ നാഥിന്റെ പാണ്ടിക്കാട് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള വീട് 26-5-2016-ന് ആക്രമിച്ചതും വാഹനം തീയിട്ട് നശിപ്പിച്ചതുമായി ബന്ധപ്പെട്ട പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതുമായി ബന്ധപ്പെട്ട് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) നാളിതുവരെയും പ്രതികളെ കണ്ടുപിടിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) പ്രസ്തുത കേസിൽ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പ്രതികളെ തിരിച്ചറിയാൻ സാധിച്ചിട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല.

(ഡി) ഇക്കാര്യത്തിൽ ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നുണ്ട്.

## പാലാ റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘത്തിനെതിരെയുള്ള പോലീസ് കേസ്സുകൾ

84(2698) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ട ഇടത്തരം ചെറുകിട റബ്ബർ കർഷകരുടെ ആശ്രയമായിരുന്ന പാലാ റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘവും, മീനച്ചിൽ റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘവും കർഷകർക്ക് കോടിക്കണക്കിന് തുക റബ്ബർ ഉല്പന്നങ്ങൾ വാങ്ങിയ വകയിൽ നൽകുവാനുണ്ടെന്നുള്ളത് സംബന്ധിച്ച് നിലവിൽ എത്ര പോലീസ് കേസുകൾ ഉണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിച്ച് പാവപ്പെട്ട കർഷകർക്ക് നൽകുവാനുള്ള തുക അവർക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ടി സഹകരണ സംഘത്തിന്റെ അഴിമതിയ്ക്കെതിരെ നൽകിയ പരാതികളിൽ നടപടി സ്വീകരിക്കാതിരിക്കാൻ മുൻമന്ത്രിസഭയിലെ ഒരു അംഗം ഇടപെട്ടതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതികളിൻമേൽ നീതി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ;

(ഡി) 2016 മേയ് 14-ാം തീയതി സംഘം ഓഫീസുകൾ അവധിയായിരുന്നിട്ടും യു.ഡി.എഫ്. സ്ഥാനാർത്ഥിക്ക് വോട്ട് ഉറപ്പിയ്ക്കാൻ വേണ്ടി പാലാ നിയോജക മണ്ഡലത്തിലെ റബ്ബർ കർഷകർക്ക് മാത്രമായി ഒരു കോടിയോളം രൂപ സഹകരണ വകുപ്പിന്റെ അനുമതിയില്ലാതെ വിതരണം ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ നിയമവിരുദ്ധമായി യു.ഡി.എഫ്. സ്ഥാനാർത്ഥിക്ക് വോട്ടു പിടിക്കുവാൻ വേണ്ടി ഈ പണ വിതരണം നടത്തിയ സംഘങ്ങൾക്ക് എതിരെ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-ഇ) വിവരം ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

**വനിത കോൺസ്റ്റബിൾ നിയമനം**

85(2699) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പി.എസ്.സി. നടത്തിയ 198/2015 കാറ്റഗറി നമ്പർ വനിത കോൺസ്റ്റബിൾ പരീക്ഷയും കായിക ക്ഷമത പരീക്ഷയും പാസ്സായി, 7-6-2016-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാന പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വനിതാ എസ്.ഐ.-മാരേയും വനിതാ പോലീസുകാരെയും നിയമിക്കുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ്, സ്ത്രീ പുരുഷ വ്യത്യാസം കൂടാതെ നിയമനം നടത്തുന്നതിലേക്ക് റിക്രൂട്ട്മെന്റ് ചട്ടങ്ങളുടെ പരിഷ്കരണം എന്നിവ പരിഗണിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## ആന്റി പൈറസി സെല്ലിന്റെ പ്രവർത്തനം

86(2700) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാവ്യവസായത്തെ പ്രതിസന്ധിയിലാക്കുന്ന തരത്തിലുള്ള വ്യാജ സിഡി നിർമ്മാണവും പകർപ്പവകാശ ലംഘനങ്ങളും വ്യാപകമാകുന്നുണ്ടെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം പരാതികളിൽ കർശന നടപടി സ്വീകരിക്കുന്ന കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ആന്റി പൈറസി സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) വ്യാജ സി.ഡി. നിർമ്മാണം, പകർപ്പവകാശ ലംഘനങ്ങൾ എന്നിവയ്ക്കെതിരെ ആന്റി പൈറസി സെൽ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. വ്യാജ തിയേറ്റർ പ്രിന്റുകൾ പൂർണ്ണമായും ഇല്ലാതാക്കിയും ഇന്റർനെറ്റ് വഴി സിനിമകൾ അപ്‌ലോഡ് ചെയ്യുന്നവരെ പിടികൂടിയും കേബിൾ ടി.വി. നെറ്റ്‌വർക്ക് വഴി അനുമതിയില്ലാതെ പുതിയ സിനിമകൾ സംപ്രേഷണം ചെയ്തവർക്കെതിരെ കർശനമായ നിയമനടപടികളും സ്വീകരിച്ചുവരുന്നു.

(സി) നിലവിലുള്ള പോരായ്മകൾ വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## വനിതാ സിവിൽ പോലീസ് ഓഫീസർ

87(2701) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) നിലവിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) നിലവിൽ വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ ഒഴിവുകളൊന്നുംതന്നെ ഇല്ല.

(സി) നിലവിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

## കേരള പോലീസിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ സബ്ഇൻസ്പെക്ടർ ടെസ്റ്റ്

88(2702) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-ന് ശേഷം കേരള പോലീസിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ സബ് ഇൻസ്പെക്ടർ തസ്തികയിലേക്ക് ഫിസിക്കൽ ടെസ്റ്റ് ജയിക്കാത്ത എത്ര പോലീസുകാരെ KSSR. 39 ഇൻവോക്ക് ചെയ്ത് നേരിട്ട് സബ് ഇൻസ്പെക്ടർ (GE) ബ്രാഞ്ചിൽ നിയമനം നൽകി ഉത്തരവായിട്ടുണ്ടെന്ന് ഉത്തരവിന്റെ നമ്പർ സഹിതം വിശദമാക്കുമോ;

(ബി) KSSR. 39 ഇൻവോക്ക് ചെയ്ത് നിയമനം നടത്തുന്ന രീതിയിൽ അവലംബിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിലേക്ക് അപേക്ഷിച്ച ഉദ്യോഗാർത്ഥി പ്രസ്തുത വിഭാഗത്തിൽ തന്നെ പി.എസ്.സി. നടത്തുന്ന കായിക ക്ഷമതാ പരീക്ഷ ജയിക്കണമെന്ന നിയമം എന്നു മുതലാണ് മാറ്റിയതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇപ്രകാരം ഒരാളെ 25-2-2016-ലെ സർക്കാർ ഉത്തരവ് നമ്പർ 458/05/ആഭ്യന്തരം പ്രകാരം നിയമിച്ചിട്ടുണ്ട്.

(ബി) ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ സേവനവേതന കാര്യങ്ങളിൽ സർക്കാരിന് വിവേചനാധികാരം നൽകി തീരുമാനമെടുക്കാൻ KS&SSR 39 അധികാരം നൽകുന്നു. ഇത്തരം സന്ദർഭങ്ങളിൽ ഉചിതവും നീതിപൂർവ്വവുമാണെന്ന് സർക്കാരിന് ബോദ്ധ്യമായാൽ അങ്ങനെയുള്ള രീതിയിൽ നിയമനം നടത്തുന്നതിന് ചട്ടം 39 പ്രകാരം സർക്കാരിന് അധികാരമുണ്ട്. 131867/റൂൾസ്/72/പിഡി തീയതി 14-9-1973 പ്രകാരം ഇതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) നിയമം നിലവിലുണ്ട്.

## വിവാഹമോചന കേസുകൾ

89(2703) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിവാഹമോചന കേസുകൾ വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊല്ലം ജില്ലയിൽ 2015 ജനവരി മുതൽ 2016 ജൂൺ 31 വരെയുള്ള കാലത്ത് വിവാഹമോചനം ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷകൾ എത്രയെന്ന് വ്യക്തമാക്കുമോ; വിവാഹമോചനം അനുവദിച്ച കേസുകൾ എത്രയെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വിവാഹമോചന കേസുകൾ നിയന്ത്രിക്കുന്നതിനും ദൃഢമായ കുടുംബബന്ധം നിലനിർത്തുന്നതിനും വേണ്ടി സമഗ്ര കൗൺസിലിംഗ് ഉൾപ്പെടെയുള്ള പദ്ധതികൾക്ക് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കൊല്ലം ജില്ലയിൽ വിവാഹമോചനം ആവശ്യപ്പെട്ട് 3417 അപേക്ഷകൾ ഈ കാലയളവിൽ രജിസ്റ്റർ ചെയ്യുകയും ഇതിൽ 1567 കേസുകളിൽ വിവാഹമോചനം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കുടുംബകോടതി ആക്റ്റ്, 1984-ലെ സെക്ഷൻ 9 പ്രകാരം കുടുംബ കോടതികൾ കൗൺസിലിംഗ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ Family Court (Kerala) Rules, 1989, Family Court (Procedure) Rules, 1989 and the Family Court (Kerala) Additional Rules, 1990 പ്രകാരം കൗൺസിലിംഗ് നടത്തുകയും അനുരഞ്ജന ശ്രമങ്ങളിലൂടെ വിവാഹമോചന കേസ് തീർപ്പാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനായി കുടുംബകോടതികളിലെ കൗൺസിലിംഗ് സെന്ററുകളിൽ പ്രിൻസിപ്പൽ കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ, ദിവസവേതനാടിസ്ഥാനത്തിൽ ഇവിടെ കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്.

## എടക്കര സി.ഐ. ഓഫീസിന് കെട്ടിടം

90(2704) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ മണ്ഡലത്തിലെ എടക്കരയിൽ പുതുതായി അനുവദിച്ച സി. ഐ. ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടി സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

ഉണ്ട്. എന്നാൽ പ്രസ്തുത സ്ഥലത്ത് കെട്ടിടം പണിയുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**റൂറൽ എ.ആർ. ക്യാമ്പ്**

91(2705) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകരയിൽ പ്രവർത്തിച്ചിരുന്ന തിരുവനന്തപുരം റൂറൽ എ.ആർ. ക്യാമ്പ് 2/2003-ൽ പുളിങ്കുടിയിലേക്ക് മാറ്റിയിരുന്നെങ്കിലും അവിടെ സൗകര്യം കുറഞ്ഞതിനാൽ G.O (Rt) No. 464/16/Home Dated 10-2-2016 പ്രകാരം ഒരു അസിസ്റ്റന്റ് കമാൻഡന്റ് ഉൾപ്പെടെയുള്ള ഒരു കമ്പനി നെയ്യാറ്റിൻകരയിലേക്ക് മാറ്റുന്നതിന് സ്വീകരിച്ചു വരുന്ന നടപടിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

10-2-2016-ലെ ജി.ഒ. (ആർറ്റി.) നമ്പർ 464/2016/ആഭ്യന്തരം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം റൂറൽ എ.ആർ. ക്യാമ്പിന്റെ 2 പ്ലാറ്റൂണുകൾ ഉൾപ്പെടുത്തി ഒരു ഡിറ്റാച്ച്മെന്റ് ക്യാമ്പ് നെയ്യാറ്റിൻകരയിൽ പഴയ സർക്കിൾ ഇൻസ്പെക്ടർ ആഫീസ് കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

**പിങ്ക് ബീറ്റ് പോലീസ്**

92(2706) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക് പിങ്ക് ബീറ്റ് പോലീസ് രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് പിങ്ക് ബീറ്റ് പോലീസ് നടത്തിവരുന്നതെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പിങ്ക് ബീറ്റ് പോലീസിന്റെ പ്രവർത്തനം നടന്നുവരുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ മുൻനിർത്തി പിങ്ക് ബീറ്റ് പോലീസ് എന്ന സംവിധാനം തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി എന്നീ പോലീസ് ജില്ലകളിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ബി) സ്ത്രീകളും കുട്ടികളും കൂടുന്ന സ്ഥലങ്ങളിൽ (സ്കൂളുകൾ, കോളേജുകൾ, ലേഡീസ് ഹോസ്റ്റലുകൾ, ആരാധനാലയങ്ങൾ) എന്നിവിടങ്ങളിൽ പ്രത്യേക പട്രോളിംഗ് നടത്തുന്നുണ്ട്. കൂടാതെ, സ്ത്രീകളുടെയും കുട്ടികളുടെയും മുതിർന്ന പൗരൻമാരുടെ സുരക്ഷയുമായി ബന്ധപ്പെട്ട് ബോധവൽക്കരണവും ആവശ്യമായി വരുന്ന ഘട്ടത്തിൽ സഹായങ്ങളും ചെയ്തു കൊടുക്കുന്നുണ്ട്.

(സി) ദക്ഷിണ മേഖലയിൽ തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി പോലീസ് ജില്ലകളിൽ പിങ്ക് ബീറ്റ് പൂർണ്ണമായും നടന്നുവരുന്നു.

**പോലീസ് സ്റ്റേഷനുകളിലെ മതപരമായ ആചാരങ്ങളും ആരാധനകളും**

93(2707) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ മതപരമായ ആചാരങ്ങളും ആരാധനകളും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ അതിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

**തെരുവുനായ്ക്കൾക്ക് പരിശീലനം നൽകി പോലീസിന്റെ ഭാഗമാക്കുന്ന പദ്ധതി**

94(2708) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവു നായ്ക്കളെ പിടികൂടി പരിശീലനം നൽകുന്ന ഒരു പദ്ധതി ആഭ്യന്തരവകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇതു സംബന്ധമായി എന്തെങ്കിലും റിപ്പോർട്ട് ഇതിനകം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ നായ്ക്കളെ പിടികൂടി പ്രത്യേക കേന്ദ്രങ്ങളിൽ പാർപ്പിച്ച് പരിശീലനം നൽകുന്നകാര്യം പരിഗണനയിലുണ്ടോ;

(ഡി) മണം പിടിക്കൽ ഉൾപ്പെടെ കാര്യങ്ങളിൽ വൈദഗ്ദ്ധ്യം തെളിയിക്കുന്ന നായ്ക്കളെ പോലീസിന്റെ ഭാഗമാക്കുന്ന കാര്യം പരിശോധിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) ബാധകമല്ല.

(സി) പരിഗണനയിലില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**നിർഭയ കേരളം സുരക്ഷിത കേരളം**

95(2709) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പ് നിർഭയ കേരളം സുരക്ഷിത കേരളം എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്;

(സി) പദ്ധതി നടപ്പിൽ വരുത്തുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നും എത്ര കേസ്സുകളിൽ ഇതനുസരിച്ച് നടപടികൾ എടുത്തിട്ടുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ സാമൂഹ്യനീതി, ആഭ്യന്തരം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ 'നിർഭയ കേരളം സുരക്ഷിത കേരളം' എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ബി&സി) സ്കൂൾ-കോളേജ് ക്യാമ്പസുകളിൽ പെൺകുട്ടികൾക്ക് അപ്രതീക്ഷിതവും പ്രതികൂലവുമായ സാഹചര്യങ്ങളെ തന്റേടത്തോടെ നേരിടുന്നതിനും കുറ്റകൃത്യങ്ങൾക്കെതിരെ പ്രതികരിക്കാനുമുള്ള പരിശീലനവും അവബോധവും നൽകുന്നതുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആയതിന്റെ ഭാഗമായി ബോധവൽക്കരണ ക്ലാസുകളും വുമൺ

സെൽഫ് ഡിഫൻസ് ടെക്നിക് (WSDT) പരിശീലനവും കൊടുത്തുവരുന്നു. സ്ത്രീകളെയും കുട്ടികളെയും ഭിക്ഷാടനത്തിനും വേശ്യാവൃത്തിക്കുമായി കടത്തി കൊണ്ടുപോകുന്നത് കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനുമായി Anti Human Trafficking Unit (AHTU)-കൾ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. Anti Human Trafficking Unit-ന്റെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം സ്പെഷ്യൽ ഡ്രൈവുകൾ നടത്തിയും ജനങ്ങളെ ബോധവത്കരിച്ചും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നു. ഈ പദ്ധതിയുടെ പേരിൽ പ്രത്യേകമായി കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

**സൈബർ കേസുകൾ**

96(2710) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും ഈ വിഷയത്തിൽ കൂടുതൽ ഗവേഷണങ്ങൾ നടത്തുന്നതിനും ആസൂത്രണം ചെയ്തിട്ടുള്ള കർമ്മ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ നടപ്പിൽ വരുത്തുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സൈബർ കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേകം പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ജില്ലകളിൽ സൈബർ സെല്ലുകളും സൈബർ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി തിരുവനന്തപുരം ആസ്ഥാനമായി സൈബർ പോലീസ് സ്റ്റേഷനും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. സൈബർ സെല്ലുകൾ മുഖാന്തിരം സംഘടിപ്പിച്ചു വരുന്ന ക്ലാസുകളിൽ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നത് സംബന്ധിച്ച ബോധവൽക്കരണം നടത്തിവരുന്നുണ്ട്. ഓൺലൈൻ തട്ടിപ്പു സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് ശക്തമായി നിരീക്ഷണം നടത്തി വരുന്നതും മൊബൈൽ ഫോൺ, ഇന്റർനെറ്റ്, ഇ-മെയിൽ എന്നിവ വഴി വരുന്ന വ്യാജ സന്ദേശം സംബന്ധിച്ച വിവരം ഉടനടി പോലീസിനെ അറിയിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകി

വരുന്നുമുണ്ട്. ഇത്തരം വ്യാജ സന്ദേശങ്ങളെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ഇക്കാര്യം പോലീസിന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജ് വഴിയും മറ്റ് മാധ്യമങ്ങളിലൂടെയും പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള നടപടികൾ സംസ്ഥാനത്ത് സ്വീകരിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം ആസ്ഥാനമായി കേരള പോലീസ് സൈബർ ഡോം എന്ന പേരിൽ ഒരു സൈബർ റിസർച്ച് സെന്റർ പ്രവർത്തിച്ചുവരുന്നു.

(സി) സൈബർ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി തിരുവനന്തപുരം ആസ്ഥാനമായി സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നുണ്ട്.

## മലബാർ മേഖലയിൽ രാഷ്ട്രീയ ആക്രമണങ്ങളിൽ ഇരകളായവർക്കുള്ള നഷ്ടപരിഹാരം

97(2711) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ രാഷ്ട്രീയ ആക്രമണങ്ങളിൽ വീടും മറ്റ് സ്ഥാവരജംഗമ വസ്തുക്കൾ നഷ്ടപ്പെട്ടവർക്കും, അവയ്ക്ക് കേടുപാടുകൾ സംഭവിച്ചവർക്കും നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരം നഷ്ടങ്ങൾ വരുത്തുന്ന പ്രതികളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കിയതിന് ശേഷം മാത്രം ജാമ്യം അനുവദിക്കുന്ന രീതിയിൽ ബന്ധപ്പെട്ട നിയമങ്ങളിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പരിഗണനയിലില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## കൊല്ലം ജില്ലയിലെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

98(2712) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൊല്ലം ജില്ലയിലെ ഏതെല്ലാം സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി അനുവദിച്ചിരുന്നു;

(ബി) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന കുളക്കട സർക്കാർ ഹയർസെക്കണ്ടറി സ്കൂൾ, കൊട്ടാരക്കര മാർത്തോമ്മ ഗേൾസ് സ്കൂൾ എന്നീ വിദ്യാലയങ്ങളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി അനുവദിക്കുന്നതിനുള്ള നിവേദനത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം ജില്ലയിലെ സ്കൂളുകളിൽ ഒന്നുംതന്നെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ അനുവദിച്ചിട്ടില്ല.

(ബി) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കുകയാണെങ്കിൽ പ്രസ്തുത സ്കൂളുകളെയും പദ്ധതിയുടെ ജില്ലാ/സംസ്ഥാനതല ഉപദേശക സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

**സ്കൂൾ കുട്ടികൾ ബൈക്കുകൾ ഓടിക്കുന്നതിനെതിരെ ബോധവൽക്കരണം**

99(2713) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യു.പി, ഹൈസ്കൂൾ തലത്തിലുള്ള വിദ്യാർത്ഥികൾ വലിയതോതിൽ മോട്ടോർ സൈക്കിൾ ഓടിക്കുന്നതിലേക്ക് ആകർഷിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രക്ഷിതാക്കൾ അറിയാതെയും, സുഹൃത്തുക്കൾ വഴിയും ലഭിക്കുന്ന മോട്ടോർസൈക്കിളുകളിൽ പലതും അപകടത്തിൽപ്പെടുന്നതുമൂലം മാരകമായ പരിക്കും മരണവുമൊക്കെ ഉണ്ടാകുന്നത് കണക്കിലെടുത്ത്, സ്കൂളുകൾ കേന്ദ്രീകരിച്ച് മോട്ടോർ വാഹന വകുപ്പ്, പോലീസ്, യുവജന സംഘടനകൾ, സ്കൂൾ P.T.A. എന്നിവയുടെ സഹകരണത്തോടെ സ്കൂൾ കുട്ടികൾക്ക് ബോധവൽക്കരണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്തുന്ന ബോധവൽക്കരണ ക്ലാസുകളിലും ട്രാഫിക് ക്ലാസുകളിലും ഇതുസംബന്ധിച്ച വിവരങ്ങൾ കുട്ടികൾക്ക് നൽകി വരുന്നുണ്ട്. കൂടാതെ, സ്കൂളുകൾ കേന്ദ്രീകരിച്ച് മോട്ടോർ വാഹന വകുപ്പ്, സ്കൂൾ പി.ടി.എ., സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവരുടെ സഹകരണത്തോടെ പോലീസിന്റെ നേതൃത്വത്തിൽ ഇതുസംബന്ധിച്ച ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കുന്നുണ്ട്.

**പോലീസ് ഹാൻഡ്ബോൾ ടീമിൽ സെലക്ഷൻ**

100(2714) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഹാൻഡ് ബോൾ ടീമിൽ സെലക്ഷൻ ലഭിക്കാത്തതു സംബന്ധിച്ച് ജെസ്സൽ. കെ, S/o. സിദ്ദിഖ്, കാഞ്ഞിരത്തിങ്കൽ (H), കണ്ണോത്ത് (പി.ഒ), കോടഞ്ചേരി എന്നയാളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഇയാൾക്ക് സെലക്ഷൻ ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) കേരള പോലീസിലെ സ്പോർട്ട്സ് ക്വാട്ട നിയമനത്തിനായി യോഗ്യരായ കായികതാരങ്ങളെ തെരഞ്ഞെടുക്കുന്നതിനായി സർക്കാർ രൂപീകരിച്ച സമിതി സമർപ്പിച്ച സെലക്ട് ലിസ്റ്റിൽ റിസർവ് കാറ്റഗറിയിൽ രണ്ടാമനായി ശ്രീ. ജെസ്സലിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.) നമ്പർ 183/2014/ആഭ്യന്തരം തീയതി 16-9-2014 പ്രകാരം ഹാൻഡ്ബോൾ വിഭാഗത്തിന് 12 പേർ ഉൾപ്പെടുന്ന ഒരു ടീമിനെ നിയമിക്കാനുള്ള അനുവാദം മാത്രമേ നൽകിയിരുന്നുള്ളൂ. മെയിൻ ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ആരെങ്കിലും നിശ്ചിതകാലയളവിനുള്ളിൽ നിയമനം സ്വീകരിക്കാതെ വന്നാൽ ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് മാത്രമേ റിസർവ് ലിസ്റ്റിലുള്ളവർക്ക് നിയമന സാധ്യത ഉണ്ടാവുകയുള്ളൂ. ആയതിനാൽ ശ്രീ. ജെസ്സൽ കെ.-യുടെ അപേക്ഷ ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

**അബ്ദുൾ കരീം വധം**

101(2715) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി സ്വദേശി അബ്ദുൾ കരീമിന്റെ വധവുമായി ബന്ധപ്പെട്ട് പ്രത്യേക സംഘത്തെകൊണ്ട് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് ഖദീജ ഉമ്മ W/o കാദിരി ഹാജി, എരഞ്ഞോണ (H), അടിവാരം പി.ഒ., പുതുപ്പാടി എന്നയാളുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കേസിന്റെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ;

(ഡി) അബ്ദുൾ കരീം വധം പ്രത്യേകാന്വേഷണ സംഘത്തെക്കൊണ്ട് പുനരന്വേഷണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ടി കേസ് അന്വേഷണത്തിനായി CBCID HHW-III Wayanad Sub unit-ലെ ഡിവൈ.എസ്.പി.-യുടെ കീഴിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുള്ളതും പ്രസ്തുത കേസ് ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നതുമാകുന്നു. (CBCID Crime No.58/HHW-III/KKD/2014).

(സി) കണ്ടെടുത്ത ശരീരാവശിഷ്ടം ഡി.എൻ.എ. ടെസ്റ്റ് നടത്തിയതിൽ, ആയത് മരണപ്പെട്ട അബ്ദുൾ കരീമിന്റേതല്ലെന്ന് വെളിവായതിനാൽ സമഗ്രമായ തുടരന്വേഷണം നടത്തിവരുന്നു.

(ഡി) പുനരന്വേഷണം നടത്തണമെന്ന ആവശ്യം ഇപ്പോൾ പരിഗണനയിലില്ല.

## സ്വകാര്യ ആവശ്യത്തിന് ഔദ്യോഗിക വാഹനം ഉപയോഗിക്കാനുള്ള അനുമതി

102(2716) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ എസ്.പി. മുതൽ ഉയർന്ന റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് സ്വകാര്യ ആവശ്യത്തിന് ഔദ്യോഗിക വാഹനം ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ നിലവിൽ അതിന് നിശ്ചയിച്ചിട്ടുള്ള നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഒരേ സമയം ഒന്നിലേറെ വാഹനങ്ങൾ ഉപയോഗിക്കാൻ ഏതൊക്കെ ഉദ്യോഗസ്ഥർക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നോൺ ഡ്യൂട്ടി പർപ്പസിന് ഔദ്യോഗിക വാഹനം ഉപയോഗിച്ചതിന് ഓരോ ഉദ്യോഗസ്ഥരും എന്തു തുക വീതം സർക്കാരിലേക്ക് അടച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) എസ്.പി. മുതൽ ഉയർന്ന റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് Non Duty Purpose-നായി ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നതിന് സംസ്ഥാന സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. നിലവിൽ കിലോമീറ്ററിന് 6 രൂപ നിരക്കിലാണ് നിശ്ചയിച്ചിട്ടുള്ളത്.

(ബി) ഔദ്യോഗിക ആവശ്യത്തിനുവേണ്ടി ഒരു ഡിപ്പാർട്ടുമെന്റ് വാഹനം അനുവദിച്ചിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ ജില്ലകളിലേയ്ക്കും യൂണിറ്റുകളിലേക്കും അനുവദിച്ചിട്ടുള്ള Pool Vehicle ഉപയോഗിക്കാറുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉദ്യോഗസ്ഥർ Non Duty Purpose-നായി ഔദ്യോഗിക വാഹനം ഉപയോഗിച്ച വകയിൽ ആകെ 45,054 രൂപ (നാൽപത്തി അയ്യായിരത്തി അൻപത്തിനാല് രൂപ) സർക്കാരിലേക്ക് അടച്ചിട്ടുണ്ട്.

**ട്രാഫിക് വാർഡന്മാർ**

103(2717) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ട്രാഫിക് വാർഡന്മാരുടെ പ്രതിമാസ വേതനം ആറായിരം രൂപയിൽ നിന്നും വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ടി വേതനം എത്ര രൂപയായി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് ട്രാഫിക് വാർഡന്മാരുടെ എണ്ണം വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; നിലവിലെ വാർഡന്മാരുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ട്രാഫിക് വാർഡന്മാരുടെ വേതനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് അതാത് മുനിസിപ്പാലിറ്റികളാണ്. കൂടാതെ ട്രാഫിക് വാർഡന്മാരുടെ വേതനം സ്കൂളുകൾ, വ്യാപാരി വ്യവസായികൾ, എയർപോർട്ടുകൾ തുടങ്ങിയ സ്പോൺസർമാരിൽനിന്നുമാണ് ഈടാക്കി നൽകുന്നത്.

(സി) സംസ്ഥാനത്ത് ട്രാഫിക് വാർഡന്മാരെ നിയമിക്കുന്നത് ബന്ധപ്പെട്ട സ്പോൺസർമാരാണ്. നിലവിൽ ഇവരുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. നിലവിലെ ട്രാഫിക് വാർഡന്മാരുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| ജില്ല | ട്രാഫിക് വാർഡന്മാരുടെ എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം സിറ്റി | 122 |

| (1) | (2) |
|---|---|
| തിരുവനന്തപുരം റൂറൽ | Nil |
| കൊല്ലം സിറ്റി | 31 |
| കൊല്ലം റൂറൽ | 9 |
| പത്തനംതിട്ട | Nil |
| ആലപ്പുഴ | Nil |
| കോട്ടയം | Nil |
| ഇടുക്കി | Nil |
| കൊച്ചി സിറ്റി | Nil |
| എറണാകുളം റൂറൽ | Nil |
| തൃശ്ശൂർ സിറ്റി | Nil |
| തൃശ്ശൂർ റൂറൽ | Nil |
| പാലക്കാട് | Nil |
| മലപ്പുറം | 3 |
| കോഴിക്കോട് സിറ്റി | Nil |
| കോഴിക്കോട് റൂറൽ | Nil |
| വയനാട് | Nil |
| കണ്ണൂർ | Nil |
| കാസർഗോഡ് | Nil |

## ചാലിയത്ത് പുതിയ പോലീസ് സ്റ്റേഷൻ

104(2718) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിലെ'ചാലിയം' പ്രദേശം നിലവിൽ ബേപ്പൂർ പോലീസ് സ്റ്റേഷന്റെ പരിധിയിൽ ആണെന്നും ചാലിയത്തുനിന്നും പോലീസ് സ്റ്റേഷനിലേക്ക് എത്തിപ്പെടുന്നതിന് ഫറോക്ക്-കടലുണ്ടി വഴി കിലോമീറ്ററുകൾ യാത്ര ചെയ്യേണ്ടതുണ്ടെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് ചാലിയത്ത് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കടലുണ്ടി-ചാലിയം കേന്ദ്രീകരിച്ച് കടലുണ്ടി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം വകുപ്പ് തലത്തിൽ പരിശോധിച്ചുവരുന്നു.

## ബേപ്പൂർ പോലീസ് സ്റ്റേഷന്റെ ശോചനീയാവസ്ഥ

105(2719) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ പോലീസ് സ്റ്റേഷന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 37-ലധികം പോലീസുകാർ ജോലി ചെയ്യുന്ന ഇവിടെ പ്രാഥമിക ആവശ്യങ്ങൾക്കുപോലും സൗകര്യമില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ അവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പോലീസുകാരുടെ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പുതിയ പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. ബേപ്പൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള 20 സെന്റ് സ്ഥലം പോലീസ് വകുപ്പിന് കൈമാറി ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം തുറമുഖ വകുപ്പിൽ പരിശോധിച്ചുവരുന്നു.

**കനകമലയിലെ തീവ്രവാദ പരിശീലന ക്യാമ്പ്**

106(2720) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ പെരിങ്ങത്തൂരിലെ കനകമലയിൽ നിന്നും ഏതാനും പേരെ എൻ.ഐ.എ. അറസ്റ്റ് ചെയ്യുന്നതിന് മുമ്പ് ഈ സ്ഥലത്ത് തീവ്രവാദ പരിശീലന ക്യാമ്പ് നടക്കുന്നതായി ആരെങ്കിലും പോലീസിന് പരാതി നൽകിയിരുന്നോ;

(ബി) എങ്കിൽ പോലീസ് ഇതിന്റെ അടിസ്ഥാനത്തിൽ അവിടെ തെരച്ചിൽ നടത്തിയിരുന്നോ; അതിന്റെ ഫലം എന്തായിരുന്നു വ്യക്തമാക്കുമോ;

(സി) എൻ.ഐ.എ. സ്ഥലത്തെത്തുന്ന വിവരം കേട്ടറിഞ്ഞ് ധാരാളം ആളുകൾ അവിടെ എത്തിയിരുന്നുവെന്നും, എന്നാൽ പോലീസിന് ഇക്കാര്യത്തിൽ വിവരം ലഭിച്ചിരുന്നില്ലെന്നുമുള്ള പത്രവാർത്തകളുടെ നിജസ്ഥിതി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) എൻ.ഐ.എ.-യുടെ അന്വേഷണത്തിലിരിക്കുന്ന കേസിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താനാവുകയില്ല.

**ചാരുംമൂട് സർക്കിൾ ഇൻസ്പെക്ടർ ആഫീസ്**

107(2721) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ചാരുംമൂട് കേന്ദ്രീകരിച്ച് ഒരു പോലീസ് സർക്കിൾ ഇൻസ്പെക്ടർ ആഫീസ് പ്രവർത്തനം ആരംഭിക്കണം എന്ന ആവശ്യം പരിഗണന യിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ആവശ്യം പരിഗണിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കു മോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) മാവേലിക്കര ആസ്ഥാനമാക്കി ഇപ്പോൾ ഒരു സർക്കിൾ ആഫീസ് പ്രവർത്തിക്കുന്നുണ്ട്. മാവേലിക്കര ചാരുംമൂട് കേന്ദ്രീകരിച്ച് ഒരു പോലീസ് ഇൻസ്പെക്ടർ ആഫീസ് സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പേഴ്സണൽ സെക്യൂരിറ്റി ഓഫീസർമാർ**

108(2722) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ കേന്ദ്ര-സംസ്ഥാന മന്ത്രിമാരും, വിരമിച്ച ഐ.പി.എസ്. ഉദ്യോഗസ്ഥരും പേഴ്സണൽ സെക്യൂരിറ്റി ഓഫീസർമാരെ നിലനിർത്തുന്നുണ്ടോ; ഇത് ഇവർക്ക് അനുവദനീയമാണോ; ആണെങ്കിൽ എത്ര പേരെ;

(ബി) അനുവദനീയമല്ലെങ്കിൽ ആരൊക്കെ പി. എസ്. ഒ. മാരെ വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇവരെ തിരിച്ചു വിളിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സെക്യൂരിറ്റി റിവ്യൂ കമ്മിറ്റി ഉത്തരവ് നമ്പർ ജി.ഒ. (ആർ.റ്റി) നമ്പർ 1137/2016/ആഭ്യന്തരം തീയതി 31-3-2016 പ്രകാരം സുരക്ഷാ ഭീഷണി കണക്കിലെടുത്ത് താഴെപ്പറയുന്ന മുൻ കേന്ദ്രമന്ത്രിമാർക്ക് എസ്.ബി.സി.ഐ.ഡി. സുരക്ഷാ വിഭാഗത്തിൽനിന്നും നൽകിവരുന്ന പി.എസ്.ഒ.മാരുടെ വിവരം പ്രസ്തുത മുൻ മന്ത്രിമാരുടെ പേരിന് നേരെ ചേർക്കുന്നു:

| | | |
|---|---|---|
| ശ്രീ. എ. കെ. ആന്റണി | - | 6 PSO |
| ശ്രീ. വയലാർ രവി | - | 2 PSO |
| ശ്രീ. കെ. വി. തോമസ് | - | 2 PSO |
| ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ | - | 5 PSO |
| ശ്രീ. കെ.സി. വേണുഗോപാൽ | - | 1 PSO |
| ശ്രീ. ശശി തരൂർ | - | 2 PSO |
| ശ്രീ. കൊടിക്കുന്നിൽ സുരേഷ് | - | 3 PSO |
| ആകെ | - | 21 PSO |

മുൻ സംസ്ഥാന മന്ത്രിസഭയിലെ അംഗമായിരുന്ന ശ്രീ. കെ.എം. മാണിക്ക് ഉത്തരവ് നമ്പർ ജി.ഒ. (ആർറ്റി.)1137/2016/ആഭ്യന്തരം തീയതി 31-3-2016 പ്രകാരം നിലവിലുള്ള A-Category സുരക്ഷ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ എസ്.ബി.സി.ഐ.ഡി. സുരക്ഷാ വിഭാഗത്തിൽ നിന്നും 5 സേനാംഗങ്ങളെ സുരക്ഷാ ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്. 2016 മേയ് മാസത്തിൽ കാലാവധി അവസാനിച്ച സംസ്ഥാന മന്ത്രിസഭയിലെ താഴെപ്പറയുന്ന അംഗങ്ങൾക്ക് നിലവിലെ സുരക്ഷാ ഭീഷണിയിലും ഉത്തരവ് നമ്പർ ജി.ഒ. (ആർറ്റി.) നമ്പർ 1137/2016/ആഭ്യന്തരം തീയതി 31-3-2016-യുടെ നിർദ്ദേശവും അനുസരിച്ച് എസ്.ബി.സി.ഐ.ഡി. സുരക്ഷാ വിഭാഗത്തിൽനിന്നും നൽകിവരുന്ന പി.എസ്.ഒ.-മാരുടെ വിവരവും പ്രസ്തുത വ്യക്തികളുടെ പേരിന് നേരെ ചേർക്കുന്നു:

| | | |
|---|---|---|
| ശ്രീ. ഉമ്മൻചാണ്ടി | - | 6 PSO |
| ശ്രീ. ആര്യാടൻ മുഹമ്മദ് | - | 3 PSO |
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | - | 4 PSO |
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | - | 2 PSO |
| ശ്രീ. പി.ജെ. ജോസഫ് | - | 2 PSO |
| ആകെ | - | 17 PSO |

വിരമിച്ച ഐ.പി.എസ്. ഉദ്യോഗസ്ഥനായ ശ്രീ. കെ. ലക്ഷ്മണയ്ക്ക് സർക്കാർ ഉത്തരവ് നമ്പർ (ആർറ്റി.)1137/16/ആഭ്യന്തരം തീയതി 31-3-2016 പ്രകാരം 4 പോലീസുദ്യോഗസ്ഥരെ സെക്യൂരിറ്റി ചുമതലയ്ക്കായി അനുവദിച്ചിട്ടുണ്ട്.

(ബി) സർക്കാർ അനുമതിയില്ലാതെ ആരേയും പി.എസ്.ഒ.-മാരായി നിയമിച്ചിട്ടില്ല.

(സി) മുൻ കേന്ദ്ര സംസ്ഥാന മന്ത്രിമാർക്കും വിരമിച്ച ഐ.പി.എസ്. ഉദ്യോഗസ്ഥർക്കും പേഴ്സണൽ സെക്യൂരിറ്റി ഉദ്യോഗസ്ഥരെ നിയമിച്ച സാഹചര്യവും വിലയിരുത്തി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

**പ്രഥമവിവര റിപ്പോർട്ട് (എഫ്.ഐ.ആർ.) ഓൺലൈനിൽ**

109(2723) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് തയ്യാറാക്കുന്ന പ്രഥമവിവര റിപ്പോർട്ട് (എഫ്.ഐ.ആർ.) ഓൺലൈനിൽ ലഭ്യമാണോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രഥമവിവര റിപ്പോർട്ട് ഓൺലൈനിൽ ലഭ്യമാക്കുന്നതിന് സാങ്കേതികപരമായോ, നിയമപരമായോ എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ പ്രഥമവിവര റിപ്പോർട്ട് ഓൺലൈനിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ എഫ്.ഐ.ആർ.-കൾ ഓൺലൈനിൽ ലഭ്യമല്ല.

(ബി&സി) ഇല്ല. രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ.-കൾ 24 മണിക്കൂറിനകം വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**കുട്ടികളെ ഉപയോഗിച്ചുള്ള ഭിക്ഷാടനം**

110(2724) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളെ കാണാതാവുന്നത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ കാണാതായ എത്ര കുട്ടികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) കുട്ടികളെ ഉപയോഗിച്ചുള്ള ഭിക്ഷാടനം നിർത്തലാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2011 മുതൽ 9-10-2016 വരെയുള്ള കാലയളവിൽ കാണാതായ കുട്ടികളുടെ എണ്ണവും കണ്ടെത്തിയ കുട്ടികളുടെ എണ്ണവും ചുവടെ കൊടുക്കുന്നു:

| വർഷം | കാണാതായ കുട്ടികളുടെ എണ്ണം | കണ്ടെത്തിയ കുട്ടികളുടെ എണ്ണം |
|---|---|---|
| 2011 | 952 | 923 |
| 2012 | 1079 | 1056 |
| 2013 | 1208 | 1188 |
| 2014 | 1229 | 1195 |
| 2015 | 1630 | 1617 |
| 2016 (9-10-2016 വരെ) | 1194 | 1142 |

(സി) ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, തീർത്ഥാടന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ കർശനമായ പോലീസ് പട്രോളിംഗും രഹസ്യ നിരീക്ഷണങ്ങളും ശക്തമാക്കിയിട്ടുണ്ട്. കൂടാതെ ഇത്തരം സംഭവങ്ങളിൽ പിടിക്കപ്പെടുന്നവർക്കെതിരെ നിലവിലുള്ള നിയമമനുസരിച്ച് ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**പട്ടികജാതി-വർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമം**

111(2725) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-വർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ 'കൺവിക്ഷൻ റേറ്റ്' കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ സർക്കാരിന്റെ ഭരണകാലത്ത് ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) 2011-2016 വരെയുള്ള കാലയളവിൽ എത്ര കേസുകൾ ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ; ഈ കേസുകളുടെ 'കൺവിക്ഷൻ റേറ്റ്' സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ഓർഡർലി നിയമനങ്ങൾ**

112(2726) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത പോലീസ്, സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ വ്യക്തിപര സേവനങ്ങൾക്കും സുരക്ഷയ്ക്കുമായി കീഴുദ്യോഗസ്ഥരെ നിയമിക്കാറുണ്ടോ;

(ബി) എങ്കിൽ അങ്ങനെ നിയോഗിക്കുന്നതിന്റെ മാനദണ്ഡവും ഓരോരുത്തർക്കും എത്രപേരെ വീതം നിയോഗിക്കാമെന്നതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ സംസ്ഥാനത്ത് എത്ര ഉദ്യോഗസ്ഥരുടെ സേവനം വിട്ടുകൊടുത്തിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ സുരക്ഷയ്ക്കായി പോലീസ് ഉദ്യോഗസ്ഥരെ (CPO/SCPO) നിയമിക്കാറുണ്ട്. എന്നാൽ വ്യക്തിപര സേവനങ്ങൾക്കായി പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കാറില്ല.

(ബി) DySP-1 PC, SP- 2PCs, DIG & above-2 PC/HC എന്നിങ്ങനെയാണ് സുരക്ഷാ ജോലിക്കായി ഉന്നത ഉദ്യോഗസ്ഥർക്ക് നിയോഗിക്കുവാൻ അനുവാദമുള്ളത്. ഇതുസംബന്ധിച്ച് പോലീസ് ആസ്ഥാനത്തുനിന്നും എക്സിക്യൂട്ടീവ് ഡയറക്ടീവ് 3/2012 തീയതി 30-3-2012 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(സി) ഇത്തരത്തിൽ സംസ്ഥാന പോലീസിൽ 202 പേർ പി.എസ്.ഒ.മാരായി പ്രവൃത്തിയെടുത്തുവരുന്നു.

**കൊണ്ടോട്ടി താലൂക്കിൽ കോടതി**

113(*T2727) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിച്ച കൊണ്ടോട്ടി താലൂക്കിൽ കോടതി സ്ഥാപിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ എന്തെല്ലാം കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് ചെയ്തിട്ടുണ്ടെന്നറിയിക്കുമോ;

(ബി) മുൻ സർക്കാർ ഇതിനുവേണ്ടി ചെയ്ത കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) സ.ഉ.(കൈ) നമ്പർ 79/2016/ആഭ്യന്തരം തീയതി 2-3-2016 പ്രകാരം കോടതി രൂപീകരണ മുൻഗണനാ പട്ടികയിൽ ഇനം നമ്പർ 45 ആയി കൊണ്ടോട്ടി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ഉൾപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും പട്ടികയിലെ മുൻഗണനാ ക്രമമനുസരിച്ചും പുതിയ കോടതികൾ രൂപീകരിക്കുകയാണ് ചെയ്യുന്നത്.

**മഞ്ചേശ്വരം മണ്ഡലത്തിലെ ക്രിമിനൽ കേസുകൾ**

114(2728) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മഞ്ചേശ്വരം മണ്ഡലത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി എത്ര ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ പോലീസ് സ്റ്റേഷനുകളിൽ ഏതൊക്കെ കേസുകൾ രജിസ്റ്റർ ചെയ്തു; വിശദാംശം അറിയിക്കുമോ;

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) കേസുകൾ സംബന്ധിച്ച് പോലീസ് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മഞ്ചേശ്വരം മണ്ഡലത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി 655 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) രജിസ്റ്റർ ചെയ്ത 655 കേസുകളിൽ അന്വേഷണം നടത്തി 519 കേസുകളിൽ കുറ്റപത്രം സമർപ്പിച്ചു. 133 കേസുകളിൽ അന്വേഷണം പൂർത്തിയാക്കാൻ ബാക്കിയുണ്ട്. (3 കേസുകൾ ഫാൾസായി റിപ്പോർട്ട് നൽകിയിട്ടുണ്ട്.) ടി കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കുന്നതിനുള്ള ഊർജ്ജിതമായ നടപടികൾ നടന്നുവരുന്നു.

(ഡി) കുറ്റവാളികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പോലീസ് പട്രോളിംഗ്, ബീറ്റ്, നൈറ്റ് പട്രോളിംഗ്, ഹൈവേ പട്രോളിംഗ് എന്നിവ ശക്തമാക്കുന്നുണ്ട്. ഉപ്പള ടൗണിൽ 10 പോലീസുകാർ അടങ്ങുന്ന QRT സംഘത്തെ നിയോഗിച്ചിട്ടുണ്ട്. ജനമൈത്രി സംവിധാനം കൂടുതൽ കാര്യക്ഷമമാക്കി ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെ നടന്ന പീഡനങ്ങൾ**

115(2729) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെ നടന്ന പീഡനങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഓരോ വർഷത്തേയും കണക്കുകൾ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇത്തരത്തിലുള്ള എത്ര കേസുകൾ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെയുള്ള കേസുകൾ കഴിവതും വേഗത്തിൽ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) 4798 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഓരോ വർഷത്തേയും കണക്കുകൾ ചുവടെ ചേർക്കുന്നു:

| വർഷം | SC/ST (PoA) Act പ്രകാരമുള്ള കേസുകളുടെ എണ്ണം |
|---|---|
| 18-5-2011 മുതൽ 31-12-2011 വരെ | 645 |
| 2012 | 921 |
| 2013 | 874 |
| 2014 | 967 |
| 2015 | 955 |
| 2016 (24-5-2016 വരെ) | 436 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 9-10-2016 വരെ SC/ST (PoA) Act പ്രകാരമുള്ള 490 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള കേസുകൾ നിയമാനുസരണം ഡിവൈ.എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥൻ അന്വേഷണം നടത്തിവരുന്നതും ഇത്തരം കേസുകൾ മോണിറ്ററിംഗ് നടത്തി അന്വേഷണം പരമാവധി വേഗത്തിലാക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഏതെങ്കിലും കേസുകളിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആയതിന്റെ കാരണം അന്വേഷിച്ച് അത് പരിഹരിച്ച് കുറ്റപത്രം സമർപ്പിക്കുന്നതിന് സത്വരശ്രദ്ധനൽകിവരുന്നുണ്ട്. കൂടാതെ SC/ST (PoA) Act പ്രകാരമുള്ള കേസുകളുടെ നടപടികൾ വേഗത്തിലാക്കുന്നതിനുവേണ്ടി എല്ലാ മാസവും ജില്ലാ പോലീസ് മേധാവികളുടെ അദ്ധ്യക്ഷതയിൽ അതാത് ജില്ലകളിൽ റിവ്യൂ മീറ്റിംഗ് നടത്തി അന്വേഷണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.

**മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരെ നടപടി**

116(2730) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, സംസ്ഥാനത്ത് ഉണ്ടായ വാഹനാപകടങ്ങളിൽ, എത്ര പേർ മദ്യപിച്ച് വാഹനം ഓടിച്ചിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്;

(ബി) അപകടത്തെ തുടർന്നുള്ള രക്ഷാപ്രവർത്തനത്തിനുശേഷം കഴിവതും വേഗത്തിൽ ഡ്രൈവറുടെ രക്തപരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മദ്യപിച്ച് വാഹനം ഓടിച്ച് അപകടം വരുത്തി വയ്ക്കുന്നവർക്കെതിരെ കടുത്ത ശിക്ഷാനടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (25-5-2016 മുതൽ 9-10-2016 വരെ) സംസ്ഥാനത്തുണ്ടായ വാഹന അപകടങ്ങളിൽ 70 പേർ മദ്യപിച്ച് വാഹനം ഓടിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) അപകടമുണ്ടായാൽ രക്ഷാപ്രവർത്തനത്തിനുശേഷം എത്രയും പെട്ടെന്ന് ഡ്രൈവറുടെ രക്തപരിശോധന നടത്തണമെന്നുള്ളത് പോലീസ് നടപടിക്രമങ്ങളിൽ ഉൾപ്പെട്ടതാണ്.

(സി) മദ്യപിച്ച് വാഹനമോടിച്ച് അപകടം ഉണ്ടാക്കുന്നവർക്കെതിരെ നിലവിലുള്ള നിയമവ്യവസ്ഥകൾക്കനുസരിച്ച് കർശനമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. മരണം ഉണ്ടാക്കുന്ന ഡ്രൈവർമാർക്കെതിരെ സെക്ഷൻ 304 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്നുണ്ട്. കൂടാതെ ഇവരുടെ ലൈസൻസ് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ആർ.ടി.ഒ.മാർക്ക് റിപ്പോർട്ട് സമർപ്പിച്ചും വരുന്നുണ്ട്.

**കൊട്ടാരക്കര ട്രാഫിക് പോലീസ് സ്റ്റേഷൻ**

117(2732) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത സ്റ്റേഷൻ എത്രയും വേഗം ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) 27-2-2016-ലെ ജി.ഒ. (എംഎസ്.) നമ്പർ 68/2016/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കൊട്ടാരക്കരയിൽ ട്രാഫിക് യൂണിറ്റ് നിലവിലുള്ള അംഗബലവും ഭൗതിക സാഹചര്യങ്ങളും ഉപയോഗപ്പെടുത്തിത്തന്നെ ട്രാഫിക് പോലീസ് സ്റ്റേഷനായി ഉയർത്തി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ട്രാഫിക് പോലീസ് സ്റ്റേഷന്റെ അതിർത്തി നിർണ്ണയിച്ച് ഗസറ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൊയിലാണ്ടി മണ്ഡലത്തിൽ അപകടങ്ങളിൽ മരണപ്പെട്ടവർ**

118(2733) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016 ജനവരി മുതൽ സെപ്റ്റംബർ 30 വരെ കൊയിലാണ്ടി മണ്ഡലത്തിൽ വാഹനാപകടങ്ങൾ ഉൾപ്പെടെ വിവിധ തരത്തിലുള്ള അപകടങ്ങളിൽപ്പെട്ട് എത്ര പേർ മരണപ്പെട്ടു; ഇവരുടെ പേര്, വിലാസം എന്നിവ വിശദമാക്കുമോ?

ഉത്തരം

കൊയിലാണ്ടി മണ്ഡലത്തിൽ 81 പേർ വാഹനാപകടങ്ങൾ ഉൾപ്പെടെ വിവിധ തരത്തിലുള്ള അപകടങ്ങളിൽ മരണപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**വീടുകയറിയുള്ള അക്രമങ്ങൾ**

119(2734) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ അക്രമ സംഭവങ്ങൾ കൂടുന്നത് സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിച്ചു; കണ്ണൂരിൽ വീടുകയറിയുള്ള അക്രമങ്ങൾ ഈ ഗവൺമെന്റ് വന്നതിന് ശേഷം കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് ഇടയായ സാഹചര്യം വ്യക്തമാക്കുമോ?

ഉത്തരം

കേരളത്തിൽ അക്രമ സംഭവങ്ങൾ വർദ്ധിച്ചുവരുന്നില്ല. കണ്ണൂരിൽ വീട് കയറിയുള്ള അക്രമങ്ങൾ ഈ സർക്കാർ വന്നതിനുശേഷം കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അപമര്യാദയായി പെരുമാറുന്ന പോലീസ് ഉദ്യോഗസ്ഥർ**

120(2735) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളോട് സഭ്യമല്ലാത്ത രീതിയിലും അപമര്യാദയായും പെരുമാറുന്ന പോലീസുദ്യോഗസ്ഥരെ നിയന്ത്രിക്കുന്നതിനും, ശിക്ഷിക്കുന്നതിനും നിലവിൽ സംവിധാനമുണ്ടോ; ഉണ്ടെങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) നിയമനടപടി സ്വീകരിച്ച് ഇത്തരം ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നതിനെക്കുറിച്ച് ആലോചിക്കുമോ; വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഇതുസംബന്ധിച്ച് പരാതി ശ്രദ്ധയിൽപ്പെട്ടാൽ അതിന്മേൽ അന്വേഷണം നടത്തി അച്ചടക്ക നടപടികൾ സ്വീകരിച്ച് കുറ്റക്കാർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ചും കുറ്റകൃത്യത്തിന്റെ കാഠിന്യം അനുസരിച്ചും സർവ്വീസിൽനിന്നും മാറ്റി നിർത്തിക്കൊണ്ടുതന്നെയുമുള്ള കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## രേഖകളില്ലാത്ത വിദേശ തൊഴിലാളികൾ

121(2736) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മലയോര മേഖലകളിൽ രേഖകളില്ലാതെ വിദേശ തൊഴിലാളികൾ ജോലി ചെയ്യുന്നതായി രഹസ്യാന്വേഷണ വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) വ്യാജരേഖകൾ തയ്യാറാക്കി ഇവരെ എത്തിക്കുന്ന ഏജന്റുമാർ കേരളത്തിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം വിദേശികളെ കണ്ടെത്തി അവരെ തിരികെ അയയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കണ്ടെത്തിയിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

122(2737) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) നെടുമങ്ങാട് മണ്ഡലത്തിലെ എത്ര സ്കൂളുകളിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും ഇവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നെടുമങ്ങാട് മണ്ഡലത്തിൽ താഴെപ്പറയുന്ന 5 സ്കൂളുകളിലാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി നിലവിലുള്ളത്:

1. Government Boys HS, Kanyakulangara
2. Government Girls HS, Kanyakulangara
3. SN & VHSS, Anad
4. PHMKMV & HSS, Panavoor
5. Government HSS, Neduveli, Vembayam

**കടലുണ്ടിയിൽ പോലീസ് സ്റ്റേഷൻ**

123(2738) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലുണ്ടിയിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ കെട്ടിടം അപകട ഭീഷണിയിലായതിനെത്തുടർന്ന് പ്രവർത്തനം നിർത്തിയ പോലീസ് എയ്ഡ് പോസ്റ്റ് പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കടലുണ്ടി ഔട്ട്പോസ്റ്റിനായി പുതിയ കെട്ടിടം കണ്ടെത്താൻ ചെറുവണ്ണൂർ സർക്കിൾ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അനുയോജ്യമായ കെട്ടിടം നാളിതുവരെ ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തിരുവനന്തപുരം അട്ടക്കുളങ്ങര മുതൽ മണക്കാട് ജംഗ്ഷൻ വരെയുള്ള റോഡിലെ വാഹന പാർക്കിംഗ്

124(2739) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ അട്ടക്കുളങ്ങര മുതൽ മണക്കാട് ജംഗ്ഷൻ വരെയുള്ള റോഡിൽ ചില സ്ഥാപനങ്ങൾക്ക് മുന്നിൽ വാഹനം പാർക്ക് ചെയ്യുന്നതിന് സൗത്ത് ട്രാഫിക് സി.ഐ. മൗനാനുമതി നൽകിയിട്ടുള്ളതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവേചനപരവും പക്ഷപാതപരവുമായ ഈ നടപടി സംഘർഷമുണ്ടാകുന്നതിനിടയാക്കുമെന്നത് പരിഗണിച്ച് ഇവിടെ നിഷ്പക്ഷമായി നിയമം നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇത്തരത്തിൽപ്പെട്ട പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

## എയർപോർട്ട് ജീവനക്കാരൻ ഭദ്രന്റെ ആത്മഹത്യ

125(2740) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ടിലെ താൽക്കാലിക ജീവനക്കാരൻ ഭദ്രൻ ആത്മഹത്യ ചെയ്യാൻ ഇടയായ സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ക്രൈം നമ്പർ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ടിയാന്റെ ആത്മഹത്യക്കുറിപ്പ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതുപ്രകാരം ആത്മഹത്യയ്ക്കിടയാക്കിയ കാരണം വ്യക്തമാക്കുമോ;

(സി) ആത്മഹത്യയ്ക്ക് ഉത്തരവാദികൾ ആരൊക്കെയാണെന്ന് കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആർക്കൊക്കെ എതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഏതൊക്കെ വകുപ്പ് പ്രകാരമെന്ന് വിശദമാക്കുമോ;

(ഡി) കേസന്വേഷണം എത്രയും വേഗം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിക്കുന്നതിന് നടപടിയുണ്ടാകുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**അന്തർ സംസ്ഥാന ഭിക്ഷാടന/മയക്കമരുന്ന് മാഫിയകൾ**

126(2741) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്തർസംസ്ഥാന ഭിക്ഷാടന/മയക്കമരുന്ന് മാഫിയ പ്രവർത്തിച്ചുവരുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) സൗമ്യ വധക്കേസിൽ, പ്രതി ഗോവിന്ദച്ചാമിക്കുവേണ്ടി ഹാജരാകാൻ ഏല്പിച്ചത് പ്രസ്തുത ഭിക്ഷാടന/മയക്കമരുന്ന് മാഫിയയാണെന്ന ഗോവിന്ദച്ചാമിയുടെ അഭിഭാഷകന്റെ വെളിപ്പെടുത്തൽ ഗൗരവമായി കാണുന്നുണ്ടോ;

(സി) അന്തർ സംസ്ഥാന ഭിക്ഷാടന/മയക്കമരുന്നു മാഫിയകൾ കേരളത്തിൽ പിടിമുറുക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ഇത്തരം വെളിപ്പെടുത്തലുകൾ ഗൗരവമായി കാണുന്നുണ്ട്. അന്തർ സംസ്ഥാന ഭിക്ഷാടന/മയക്കമരുന്ന് മാഫിയകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, പ്രധാനപ്പെട്ട ആരാധനാലയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പോലീസ് പട്രോളിംഗ് കാര്യക്ഷമമാക്കിയും വാഹന പരിശോധന കർശനമാക്കിയും അതിർത്തി ചെക്ക്പോസ്റ്റുകളിൽ ശക്തമായ നിരീക്ഷണം നടത്തിയും സ്പെഷ്യൽ ബ്രാഞ്ച് പോലീസിന്റെ സേവനം ഉപയോഗിച്ച് രഹസ്യാന്വേഷണങ്ങൾ നടത്തിയും ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചുവരുന്നു.

**ലബോറട്ടറികളുടെ ആധുനികവത്കരണം**

127(2742) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫോറൻസിക് സയൻസ് ലബോറട്ടറിയുടെയും കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളുടെയും ആധുനികവൽക്കരണത്തിന്റെ ആവശ്യകത ശ്രദ്ധയിലുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(സി) സംസ്ഥാനത്തെ ഫോറൻസിക് ലബോറട്ടറിയിൽ ഫിംഗർപ്രിന്റ് അനാലിസിസ് സൗകര്യം ലഭ്യമാണോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ആധുനിക ഉപകരണങ്ങൾ വഴിയും കമ്പ്യൂട്ടർവൽക്കരണം വഴിയും NABL അക്രഡിറ്റേഷൻ വഴിയും കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ കീഴിലുള്ള മൂന്ന് ലബോറട്ടറികളിലും ആധുനികവൽക്കരണം നടപ്പാക്കിവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇല്ല. ഫിംഗർപ്രിന്റ് അനാലിസിസ് സൗകര്യം തിരുവനന്തപുരം പട്ടത്തുള്ള ഫിംഗർപ്രിന്റ് ബ്യൂറോയിൽ ലഭ്യമാണ്.

**ദുരൂഹമരണത്തിൽ പുനരന്വേഷണത്തിനുള്ള നടപടി**

128(2743) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീമതി ലീലാമ്മ തങ്കച്ചൻ, കളപ്പുരയ്ക്കൽ, പുറ്റടി എന്നയാൾ ടിയാളുടെ മകൾ ജിൻസി, പേരക്കുട്ടി അലിയ എന്നിവരുടെ ദുരൂഹമരണം അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ നിവേദനം ലഭിച്ചത് എന്നാണെന്നും നിവേദനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്താണെന്നും വിശദീകരിക്കുമോ;

(ബി) പ്രസ്തുത ദുരൂഹ മരണത്തിൽ പുനരന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്പോൾ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. ടി പരാതി ഇടുക്കി ജില്ലാ പോലീസ് മേധാവിക്ക് അന്വേഷണത്തിന് കൈമാറിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വണ്ടൻമേട് പോലീസ് സ്റ്റേഷനിൽ ക്രൈം 101/16/u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വന്നിരുന്നതും തുടർന്ന് Sec. 174 CrPC മാറ്റി, Sec.306, 34 IPC കൂട്ടിച്ചേർത്തു. ഒന്നാം പ്രതി ഷിബുവിനെയും രണ്ടാംപ്രതി ബിൻസിയെയും 24-3-2016 തീയതി അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും ബഹു. കോടതി പ്രതികളെ റിമാൻഡ് ചെയ്തിട്ടുള്ളതുമാണ്. ഈ കേസിൽ കൃത്യത്തിൽ ഉൾപ്പെട്ട 14 വയസ്സുള്ള കുട്ടിയെ 5-5-2016 തീയതി നിയമാനുസരണം Juvenile Justice Board മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും, 12-5-2016 തീയതി Juvenile Justice Board മുമ്പാകെ ഹാജരാകണമെന്ന് നിർദ്ദേശിച്ച് അന്നുതന്നെ ടി കുട്ടിയെ വിട്ടയച്ചിട്ടുണ്ട്. അന്വേഷണത്തിൽ അപാകതകളൊന്നും ഇതുവരെ കണ്ടെത്തിയിട്ടില്ല.

(ബി) പുനരന്വേഷണം പരിഗണനയിലില്ല.

## അക്രമങ്ങൾക്കെതിരെ നടപടി

129(2744) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടതുപക്ഷ രാഷ്ട്രീയക്കാർ സംസ്ഥാനത്തൊട്ടാകെ നടത്തുന്നതായി പറയപ്പെടുന്ന അക്രമങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ബി.ജെ.പി.-യുടെ സംസ്ഥാന കാര്യാലയത്തിനു നേരെ അക്രമം അഴിച്ചു വിട്ടവരെ നാളിതുവരെയും കണ്ടെത്താനോ അവർക്കെതിരെ നടപടികൾ സ്വീകരിക്കുവാനോ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ രാഷ്ട്രീയ വിശ്വാസികൾ പ്രതികളായിട്ടുള്ള കേസുകളിൽ കാര്യക്ഷമമായ അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ നടപടി കൈക്കൊണ്ടിട്ടുണ്ട്.

(ബി) ബി.ജെ.പി. സംസ്ഥാന കാര്യാലയത്തിനു നേരെ നടന്ന ആക്രമണത്തിന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഈ കേസിൽ പ്രതികളെ ഇതുവരെയും തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. ഈ കേസിലെ പ്രതികളെ പിടികൂടുന്നതിനായി ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

## കേസ്സുകളിൽപ്പെട്ട വാഹനങ്ങൾ

130(2745) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ കേസ്സുകളിൽപ്പെട്ട നിരവധി വാഹനങ്ങൾ കൂട്ടിയിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു കാരണം സ്റ്റേഷന്റെ കോമ്പൗണ്ടിൽ അനുഭവപ്പെടുന്ന സ്ഥലപരിമിതി പരിഹരിക്കുന്നതിന് തുരുമ്പെടുത്ത് നശിച്ച വാഹനങ്ങളുടെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേസിൽപ്പെട്ട വാഹനങ്ങൾ എ.ആർ. ക്യാമ്പിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേസിൽ ഉൾപ്പെടാത്ത ഉടമസ്ഥരില്ലാത്ത വാഹനങ്ങൾ ലേലത്തിലൂടെ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മാനസികാസ്വാസ്ഥ്യമുള്ള തടവുകാർ**

131(2746) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ മാനസികാസ്വാസ്ഥ്യമുള്ള തടവുകാരെ പാർപ്പിക്കുന്നതിന് പ്രത്യേക സംവിധാനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം തടവുകാരെ മറ്റ് തടവുകാർക്കൊപ്പം പാർപ്പിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജയിലുകളിൽ പുനരധിവാസകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) എങ്കിൽ എല്ലാ ജയിലുകളിലും പ്രസ്തുത കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഇത്തരം കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെയും മറ്റ് ആരോഗ്യവകുപ്പ് ജീവനക്കാരുടെയും സ്ഥിരം സേവനം ഒരുക്കുന്നതിനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ജയിലുകളിൽ മാനസികാസ്വാസ്ഥ്യമുള്ള തടവുകാരെ പാർപ്പിക്കുന്നതിന് പ്രത്യേക സംവിധാനം നിലവിലില്ല.

(ബി) ഇത്തരം തടവുകാരെ പാർപ്പിക്കുന്നതിന് ജയിലുകളിൽ പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഇത്തരം കേന്ദ്രങ്ങൾ എല്ലാ ജയിലുകളിലും സ്ഥാപിക്കുന്നത് പ്രായോഗികമല്ല. സ്ഥല ലഭ്യതയുള്ള മൂന്ന് സെൻട്രൽ ജയിലുകളോടനുബന്ധിച്ച് ഇത്തരം കേന്ദ്രങ്ങൾ സ്ഥാപിക്കാനാണ് നടപടി സ്വീകരിച്ചുവരുന്നത്.

(ഡി) ഇത്തരം കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെയും മറ്റ് പാരാമെഡിക്കൽ സ്റ്റാഫിന്റേയും സേവനം ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**കുട്ടികൾക്കെതിരെയുള്ള കേസ്സുകൾ**

132(2747) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊലപാതകമടക്കം കുട്ടികൾക്കെതിരെയുള്ള കേസ്സുകളിൽ നാലിരട്ടിയിലധികം വർദ്ധനയുള്ളതായി കേരള പോലീസ് ക്രൈം ഡിറ്റാച്ച്മെന്റിന്റെ കണക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റിപ്പോർട്ടനുസരിച്ച് കഴിഞ്ഞ 3 വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത കേസ്സുകളും അവയുടെ എണ്ണവും വെളിപ്പെടുത്തുമോ;

(സി) കുട്ടികളുടെ സുരക്ഷയ്ക്കായുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിലുള്ള വീഴ്ചകൾ പരിശോധിക്കുവാനും അവ പരിഹരിക്കുവാനും സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കഴിഞ്ഞ 3 വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| വർഷം | കൊലപാതകം | മറ്റു കുറ്റകൃത്യങ്ങൾ | Total |
|---|---|---|---|
| 2013 | 40 | 1837 | 1877 |
| 2014 | 44 | 2347 | 2391 |
| 2015 | 43 | 2341 | 2384 |
| 2016 (9-10-2016 വരെ) | 21 | 2086 | 2107 |

(സി) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി സ്കൂൾ കുട്ടികൾക്കും രക്ഷകർത്താക്കൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നൽകിവരുന്നു. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, ജനമൈത്രി എന്നീ പദ്ധതികൾ മുഖേനയാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തിവരുന്നത്. പ്രസ്തുത കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കും. ഇത്തരം കേസുകളിൽ പഴുതടച്ച അന്വേഷണം നടത്തി അതിവേഗം കുറ്റപത്രം സമർപ്പിക്കുവാനും കുറ്റവാളികൾക്ക് പരമാവധി ശിക്ഷ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുംവേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## 2004-ൽ സബ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് നടത്തിയ സെലക്ഷൻ

133(2748) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 കാലഘട്ടത്തിൽ സബ്ഇൻസ്പെക്ടർ ബ്രാഞ്ചിലേക്ക് നടത്തിയ സെലക്ഷനിൽ ജി.ഒ.(ആർറ്റി.) നമ്പർ 458/05/ഹോം തീയതി 25-2-2005 പ്രകാരം ആരെയെല്ലാമാണ് സബ്ഇൻസ്പെക്ടർ ആയി പരിഗണിച്ചതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവു പ്രകാരം സബ്ബ് ഇൻസ്പെക്ടറായി പരിഗണിക്കുന്നതിനുള്ള അധികയോഗ്യതകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) 60930/എ 4/2006/ഹോം, 68974/എ 2/04/ഹോം എന്നീ ഫയലുകളിൽ നടപടികൾ സ്വീകരിച്ചപ്പോൾ ജി.ഒ.(ആർറ്റി.) നമ്പർ 458/05/ഹോം എന്ന ഉത്തരവിൻ പ്രകാരമുള്ള മാനദണ്ഡം പാലിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ഡി) ജി.ഒ.(ആർറ്റി.) 458/05/ഹോം നമ്പർ ഉത്തരവിൻ പ്രകാരമുള്ള മാനദണ്ഡം 60930/എ 4/06/ഹോം, 68974/എ 2/04/ഹോം എന്നീ ഫയലുകളിലും സ്വീകരിച്ച് ഉത്തരവാകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ജി.ഒ. (ആർറ്റി.) നമ്പർ 458/05/ആഭ്യന്തരം തീയതി 25-2-2005 പ്രകാരം ശ്രീ. സി. ജോൺ E 8244 PTC എന്ന ഹെഡ്കോൺസ്റ്റബിളിനെ SI(GE) ആയി നിയമനം നൽകിയിട്ടുണ്ട്.

(ബി) സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ചാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ സേവനവേതന കാര്യങ്ങളിൽ സർക്കാരിന് വിവേചനാധികാരം നൽകി തീരുമാനം എടുക്കാൻ KS & SSR ചട്ടം 39 അധികാരം നൽകുന്നു. പരിഗണിക്കപ്പെടുന്ന കാര്യം ഉചിതവും നീതിപൂർവ്വവുമാണെന്ന് സർക്കാരിന് തോന്നുന്ന സന്ദർഭത്തിൽ പ്രസ്തുത ചട്ട പ്രകാരം അങ്ങനെയുള്ള രീതിയിൽ കൈകാര്യം ചെയ്യുന്നതിന് സർക്കാരിന് അധികാരമുണ്ട്. എല്ലാ കേസുകളും പ്രസ്തുത ചട്ടപ്രകാരം പരിശോധിക്കാനാവില്ല.

(ഡി) 60930/എ 4/2006/ആഭ്യന്തരം, 68974/എ 2/2004/ആഭ്യന്തരം എന്നീ ഫയലുകൾ സർക്കാർ പരിശോധിച്ച് ഇതിനോടകം തീർപ്പാക്കിയിട്ടുള്ളതാണ്.

## കാസർഗോഡ് വിദ്യാനഗർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 201/2016

134(2749) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് വിദ്യാനഗർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 201/2016 ആയി രജിസ്റ്റർ ചെയ്ത കേസ്സിൽ എത്ര പ്രതികളുണ്ടെന്നും പ്രതികൾ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സെക്ഷനുകൾ അനുസരിച്ചാണ് ഈ കേസ് രജിസ്റ്റർ ചെയ്തത്; പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഈ കേസ്സിൽ കോടതിയിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് സമർപ്പിച്ചതെന്നും എഫ്.ഐ.ആർ.-ൽ പറഞ്ഞ മുഴുവൻ പ്രതികളുടെയും പേരുകൾ ചാർജ്ജ് ഷീറ്റിലുണ്ടോയെന്നും വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആരുടെ പേരാണ് ഒഴിവായതെന്നും അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കുമോ;

(ഡി) ചാർജ്ജ് ഷീറ്റിൽ ഏതെങ്കിലും പ്രതി ABSCONDING ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ വിദ്യാനഗർ പോലീസ് സ്റ്റേഷൻ ക്രൈം 201/2016 കേസിൽ FIR-ലെ മൊഴി പ്രകാരം കബീർ, അസീസ്, മുഹമ്മദ്, അബൂബക്കർ, ഉബൈദ് തുടങ്ങി പത്തോളം പേരാണ് പ്രതികൾ.

(ബി) സെക്ഷൻ 143, 147, 148, 341, 323, 324 r/w 149 IPC വകുപ്പുകൾ അനുസരിച്ചാണ് കേസ് രജിസ്റ്റർ ചെയ്തത്. പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല.

(സി&ഡി) ഈ കേസിന്റെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടില്ല.

**മിൽമ പ്ലാന്റ് അറ്റൻഡർ തസ്തിക നിയമനത്തിലെ അഴിമതി**

135(2750) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിജിലൻസ് കോടതി ഉത്തരവിൻ പ്രകാരം മിൽമ, തിരുവനന്തപുരം മേഖലാ യൂണിയനിൽ 2015-16-ൽ നടന്ന പ്ലാന്റ് അറ്റൻഡർ തസ്തിക നിയമനത്തിലെ അഴിമതിയെക്കുറിച്ച് വിജിലൻസ് നടത്തിയ ത്വരിത പരിശോധനാ റിപ്പോർട്ട് പ്രകാരം 14-7-2016-ൽ ടി കോടതി ഉത്തരവായ കേസ് നമ്പർ CMP41/2016(V.C.04/2016/SIU-1)-ന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലുള്ള നിയമനത്തിന്റെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയായ 30-8-2013-ന് ശേഷം അന്നത്തെ മിൽമ ചെയർമാൻ കല്ലട രമേശൻ എന്ന ആൾ ടിയാന്റെ വീടിന്റെ അടുത്തുള്ള 5 പേരുടെ അപേക്ഷ വ്യാജമായി സ്വീകരിച്ചെന്നും ഈ 5 പേരിൽ പലർക്കും ജോലി അവിഹിതമായി ടി ചെയർമാൻ ഇടപെട്ട് നൽകിയെന്നും വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തിരുകി കയറ്റിയ അപേക്ഷകർ ആരെല്ലാം; ഇതിൽ ആർക്കൊക്കെ ജോലി നൽകി; പേരും അഡ്രസ്സും സഹിതം വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിയമനത്തിന്റെ എഴുത്തു പരീക്ഷയിൽ 67 മാർക്ക് വാങ്ങിയ സന്തോഷ് കുമാർ എന്ന യോഗ്യതയുള്ള അപേക്ഷകന് നിയമാനുസരണം ജോലി നൽകാതെ വെറും 54 മാർക്ക് വാങ്ങിയ ആൾക്ക് ജോലി കൊടുത്തതായി വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ മാർക്ക് കുറഞ്ഞ എത്ര പേർക്കാണ് ജോലി നൽകിയിരിക്കുന്നത് ; പേരു സഹിതം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിയമനങ്ങളിൽ ചെയർമാനും ഭരണസമിതി അംഗങ്ങളും കൂടി സാമ്പത്തിക അഴിമതി നടത്തിയാണ് ആൾക്കാർക്ക് നിയമനം നൽകിയതെന്ന് വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ഈ തസ്തികയിൽ എത്ര പേർക്കാണ് ഈ ബോർഡ് നിയമനം നൽകിയതെന്ന് വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ; ഇവരുടെ പേരുവിവരങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) ഈ നിയമനം സംബന്ധിച്ച് വിജിലൻസ് അധികാരികൾക്ക് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത പരാതികളിൽ പരാമർശിക്കപ്പെട്ടിട്ടുള്ളവർ ആരൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഇ) V.C. 04/2016/SIU-I നമ്പർ കേസിന്റെ അന്വേഷണം പുരോഗമിച്ചു വരുന്നു. അന്വേഷണം പൂർത്തിയായാൽ മാത്രമേ വിശദ വിവരങ്ങൾ അറിയാൻ സാധിക്കുകയുള്ളൂ.

(എഫ്) ഈ കേസ് രജിസ്റ്റർ ചെയ്തതിനുശേഷം ഇതുസംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

## മിനിറ്റ്സ് തിരുത്തിയതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം

136(2751) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണ സമിതിയുടെ മിനിട്ട്സ് തിരുത്തിയതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് യൂണിറ്റാണ് അന്വേഷിക്കുന്നതെന്നും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശവും അറിയിക്കുമോ;

(സി) അന്വേഷണം പൂർത്തീകരിച്ചെങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ; ഇല്ലെങ്കിൽ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 25-11-2015-ൽ ചേർന്ന ഭരണ സമിതിയുടെ മിനിറ്റ്സ് തിരുത്തിയതുമായി ബന്ധപ്പെട്ട് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് എതിരെ ശ്രീ. ശരത്ചന്ദ്ര പ്രസാദ് എന്നയാൾ തിരുവനന്തപുരം എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതി മുമ്പാകെ ഫയൽ ചെയ്ത സി.എം.പി. 378/2016 പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ തിരുവനന്തപുരം ദക്ഷിണമേഖലാ ഓഫീസിൽ ഒരു പ്രാഥമിക അന്വേഷണം നടന്നുവരുന്നു. കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

**സ്പോർട്സ് ലോട്ടറി അഴിമതി**

137(2752) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കിയ സ്പോർട്സ് ലോട്ടറിയിലെ അഴിമതി സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് മുൻ സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന്റെ അപേക്ഷയിൽ വിജിലൻസ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) സ്പോർട്സ് ലോട്ടറിയിൽ എന്തെല്ലാം ക്രമക്കേടുകളും നിയമ ലംഘനങ്ങളും നടന്നതായിട്ടാണ് പ്രാഥമിക അന്വേഷണങ്ങളിൽ ബോദ്ധ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ;

(സി) കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ തിരുവനന്തപുരം യൂണിറ്റിൽ ക്യൂ.വി. 16/16 നമ്പരായി സ്പോർട്സ് കൗൺസിലിലെ ക്രമക്കേടുകൾ സംബന്ധിച്ച് ഒരു സത്വര അന്വേഷണം നടന്നുവരുന്നു. കൂടാതെ മുൻ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം സ്പോർട്സ് ലോട്ടറിയിൽ നടത്തിയ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) അന്വേഷണം പൂർത്തിയായാൽ മാത്രമേ എന്തെല്ലാം ക്രമക്കേടുകളും നിയമലംഘനങ്ങളും നടന്നുവെന്ന് വ്യക്തമാവുകയുള്ളൂ.

(സി) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ചക്കിട്ടാംപാറയിലെ ക്വാറി കേസ്**

138(2753) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചക്കിട്ടാംപാറയിലെ ക്വാറി കേസിൽ വനം, പരിസ്ഥിതി വകുപ്പ് കക്ഷി ചേരാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

ഉത്തരം

ഏത് കേസിനെ സംബന്ധിച്ചാണെന്ന് ചോദ്യത്തിൽനിന്നും വ്യക്തതയില്ലാത്തതിനാൽ മറുപടി നൽകാൻ നിർവ്വാഹമില്ല.

**ഗ്രാമീണ കോടതികൾ**

139(2754) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ കോടതികൾ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് പുതിയ ഗ്രാമീണകോടതികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കോടതികളിൽ കേസ്സുകൾ പെരുകുന്ന സാഹചര്യത്തിൽ കൂടുതൽ സിവിൽ/ക്രിമിനൽ കോടതികൾ അനുവദിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സ.ഉ. (കൈ) നമ്പർ 86/2011/ആഭ്യന്തരം തീയതി 1-3-2011 പ്രകാരം 30 ഗ്രാമന്യായാലയങ്ങൾ തുടങ്ങാനുള്ള ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. താഴെ പറയുന്ന 10 ഗ്രാമന്യായാലയങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചടയമംഗലം, നെടുങ്കണ്ടം, പാറശ്ശാല, അഴുത, കൽപ്പറ്റ, ഇരിട്ടി, കൊടുവള്ളി, പാമ്പാടി, വടവുക്കോട്, പൊന്നാനി.

(സി) സ.ഉ. (കൈ)നമ്പർ 79/2016/ആഭ്യന്തരം തീയതി 2-3-2016 പ്രകാരം കോടതി രൂപീകരണ മുൻഗണനാ പട്ടിക നിലവിലുണ്ട്. അതിൻപ്രകാരം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും കോടതിയുടെ മുൻഗണന ക്രമമനുസരിച്ചും മാത്രമേ പുതിയ കോടതികൾ ആരംഭിക്കുകയുള്ളൂ.

## അഗ്നിസുരക്ഷാ ക്രമീകരണങ്ങൾ

140(2755) ശ്രീ. കെ. ദാസൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. വി. ജോയി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബഹുനില കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അഗ്നി സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധന നടത്താറുണ്ടോ;

(ബി) ഉയരമുള്ള കെട്ടിടങ്ങളിൽ അഗ്നിബാധയുണ്ടാകുമ്പോൾ രക്ഷാ പ്രവർത്തനം നടത്തുന്നതിനാവശ്യമായ ആധുനിക ഉപകരണങ്ങൾ സംസ്ഥാനത്തെ മിക്ക ഫയർ സ്റ്റേഷനുകളിലും ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) ഫയർ &റെസ്ക്യൂ വകുപ്പിന് രക്ഷാപ്രവർത്തനം നടത്തുന്നതിനാവശ്യമായ ആധുനിക ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിന് 2016-17 സാമ്പത്തിക വർഷം 38.56 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയവ വാങ്ങുന്നത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## ഉയരമുള്ള കെട്ടിടങ്ങളിലെ രക്ഷാപ്രവർത്തനത്തിന് ആവശ്യമായ ആധുനിക ഉപകരണങ്ങൾ

141(2756) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉയരമുള്ള കെട്ടിടങ്ങളിൽ തീ പിടുത്തമുണ്ടായാൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ ആധുനിക ഉപകരണങ്ങൾ (സ്കൈ ലിഫ്റ്റ്, ഗ്രൗണ്ട് മോണിറ്ററുകൾ തുടങ്ങിയവ) കോഴിക്കോട് ജില്ലയിലെ ഫയർ സർവ്വീസ് സ്റ്റേഷനുകളിൽ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ ലഭ്യമാക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉയരമുള്ള കെട്ടിടങ്ങളിൽ അഗ്നിബാധയുണ്ടാകുമ്പോൾ രക്ഷാപ്രവർത്തനം നടത്തുന്നതിനാവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് ഉൾപ്പെടെ 2016-17 സാമ്പത്തിക വർഷം 38.56 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയവ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വാങ്ങുന്ന മുറയ്ക്ക് കോഴിക്കോട് ജില്ലയിൽ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**പുതിയതായി അനുവദിച്ച ഫയർ സ്റ്റേഷനുകൾ**

142(2757) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ എവിടെയെല്ലാം പുതിയ ഫയർ സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം പുതുതായി പ്രഖ്യാപിച്ച ഏതെല്ലാം ഫയർസ്റ്റേഷനുകളുടെ ഭരണാനുമതി ഉത്തരവുകളാണ് ഇതുവരെ പുറപ്പെടുവിച്ചിട്ടുള്ളത്; ഉത്തരവുകളുടെ പകർപ്പ് സഹിതം വിശദമാക്കാമോ;

(സി) കൊയിലാണ്ടിയിലെ ഫയർസ്റ്റേഷൻ സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത പ്രൊപ്പോസലിൽ സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ; കൊയിലാണ്ടി ഫയർസ്റ്റേഷന് ഭരണാനുമതി എന്ന് നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അരൂർ, കോങ്ങാട്, കൊയിലാണ്ടി, ശ്രീപത്മനാഭസ്വാമി ക്ഷേത്രം, ഗവൺമെന്റ് സെക്രട്ടേറിയറ്റ് എന്നിവിടങ്ങളിൽ പുതിയ ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുമെന്ന് 2016-17-ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) കോങ്ങാട് ഫയർ സ്റ്റേഷന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്.

(ഡി) കൊയിലാണ്ടി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനായി ഫയർ & റെസ്ക്യൂ ഡയറക്ടർ ജനറൽ ലഭ്യമാക്കിയ പ്രൊപ്പോസൽ ധനകാര്യ വകുപ്പുമായി ചേർന്ന് പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോഴിക്കോട് ബീച്ച് ഫയർ സ്റ്റേഷൻ

143(2758) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ച് ഫയർസ്റ്റേഷൻ കെട്ടിടവും വാട്ടർ ടാങ്കും വളരെയധികം ശോചനീയാവസ്ഥയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കോഴിക്കോട് ബീച്ച് അഗ്നിരക്ഷാ നിലയത്തിന്റെ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും വാട്ടർ ടാങ്ക് പുതുക്കി പണിയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## ഈരാറ്റുപേട്ട, എരുമേലി ഫയർ സ്റ്റേഷനുകൾ

144(2759) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ടയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഫയർ സ്റ്റേഷൻ, ഈരാറ്റുപേട്ട-പൂഞ്ഞാർ സംസ്ഥാന പാതയോട് ചേർന്ന് മറ്റയ്ക്കാട്ട് പി.ഡബ്ല്യു.ഡി. പുറംപോക്കിലേയ്ക്ക് മാറ്റിസ്ഥാപിക്കാൻ നടപടികൾക്കായി നിരവധി അപേക്ഷകൾ നൽകിയെങ്കിലും നാളിതുവരെ സ്ഥലം വിട്ടുനൽകാൻ നടപടി യായിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഫയർ സ്റ്റേഷൻ മാറ്റിസ്ഥാപിക്കാൻ എന്തെല്ലാം അനുകൂല നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) എരുമേലി ഫയർ സ്റ്റേഷൻ നിലവിൽ ശബരിമല സീസണിൽ മാത്രം താൽക്കാലിക സംവിധാനത്തോടെയാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) ശബരിമലയുടെ പ്രാധാന്യം കണക്കാക്കി എരുമേലിയിൽ സ്ഥിരം സംവിധാനത്തോടുകൂടി അടിയന്തരമായി ഒരു ഫയർ സ്റ്റേഷൻ അനുവദിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഈരാറ്റുപേട്ട ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കു ന്നതിനുവേണ്ടി മീനച്ചിൽ താലൂക്കിൽ പൂഞ്ഞാർ നടുഭാഗം വില്ലേജിൽ ബ്ലോക്ക് നമ്പർ-68-ൽ റീസർവ്വേ നമ്പർ 15-ൽപെട്ടതും പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ളതുമായ 17.18 ആർ ഭൂമി റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കി ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് ഉപയോഗാനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി സ്ഥലം ഏറ്റെടുത്ത് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) എരുമേലിയിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തനമാരംഭിക്കുന്നതിനായി അനുയോജ്യമായ ഭൂമിയോ, കെട്ടിടത്തോടുകൂടിയ സ്ഥലമോ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

**കൊഴിഞ്ഞാമ്പാറയിൽ ഫയർ സ്റ്റേഷൻ**

145(2760) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ചിറ്റൂർ നിയോജക മണ്ഡലത്തിലെ കൊഴിഞ്ഞാമ്പാറയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിക്ക് എത്ര തുക ചെലവ് വരും; അതിനായി എത്ര തുക പ്ലാൻ - നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ ചിറ്റൂർ നിയോജകമണ്ഡലത്തിൽ നാട്ടുകൽ എന്ന സ്ഥലത്താണ് നിലവിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശമുള്ളത്. കൊഴിഞ്ഞാമ്പാറയിൽ പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി&സി) ബാധകമല്ല.

**ഇടുക്കി ജില്ലയിലെ മുട്ടം ജില്ലാ ജയിൽ**

146(2761) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ ഇടുക്കി ജില്ലയിലെ മുട്ടത്തുള്ള ജില്ലാ ജയിൽ പ്രവർത്തനക്ഷമമാക്കാൻ കഴിയാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മുട്ടം ജില്ലാ ജയിലിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകാത്തതിനാൽ ഇതേവരെ പ്രവർത്തനം തുടങ്ങിയിട്ടില്ല.

(ബി) പ്രവർത്തനസജ്ജമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**എറണാകുളം ജില്ലയിലെ ജയിലുകൾ**

147(2762) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ നിലവിൽ എത്ര സബ് ജയിലുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എറണാകുളം ജില്ലയിൽ ജില്ലാ ജയിൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് വിപുലീകരിച്ച് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 3 സബ് ജയിലുകൾ (എറണാകുളം, മട്ടാഞ്ചേരി, ആലുവ).

(ബി) എറണാകുളം ജില്ലയിൽ നിലവിലുള്ള ജില്ലാ ജയിലിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കേരളത്തിലെ സ്ത്രീ തടവുകാർ**

148(2763) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജയിലുകളിൽ എത്ര വനിതകൾ നിലവിൽ തടവുശിക്ഷ അനുഭവിച്ച വരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് പരോൾ അനുവദിക്കുന്നതിലും ശിക്ഷാ കാലാവധി കുറച്ചു നൽകുന്നതിനും പ്രത്യേക പരിഗണന നൽകുന്നുണ്ടോ;

(സി) പുരുഷ തടവുകാർക്കും സ്ത്രീ തടവുകാർക്കും പ്രത്യേകം മാനദണ്ഡങ്ങൾ നിലവിലുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) 65 വനിതകൾ.

(ബി) വനിതാ തടവുകാർക്ക് പരോൾ അനുവദിക്കുന്നതിന് പ്രത്യേക പരിഗണന നൽകുന്നില്ല. എന്നാൽ ശിക്ഷാ കാലാവധി കുറച്ചുനൽകുന്ന കാര്യത്തിൽ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം പ്രത്യേക പരിഗണന നൽകുന്നുണ്ട്.

(സി) പ്രത്യേക മാനദണ്ഡങ്ങൾ നിലവിലുണ്ട്. 2014-ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ 464 പ്രകാരം ജീവപര്യന്തം ശിക്ഷിക്കപ്പെട്ടവരും എന്നാൽ ക്രിമിനൽ നടപടിക്രമം 433 (A) യുടെ പരിധിയിൽ വരാത്തവരുമായ വനിതാ തടവുകാരുടെ കേസുകൾ ശിക്ഷായിളവ് ഉൾപ്പെടെ ഏഴുവർഷം പൂർത്തിയാകുമ്പോൾ മോചനത്തിന് പരിഗണിക്കാവുന്നതാണ്. എന്നാൽ പുരുഷ തടവുകാരെ ഇപ്രകാരം പരിഗണിക്കുന്നതിന് ഇളവുൾപ്പെടെ 10 വർഷം ശിക്ഷ പൂർത്തിയാക്കേണ്ടതുണ്ട്. ജീവപര്യന്തം തടവ് ഒഴികെയുള്ള ഒരു വർഷത്തിൽ കൂടുതൽ കാലയളവിലേക്ക് ശിക്ഷിക്കപ്പെട്ട സ്ഥിരം കുറ്റവാളികൾ അല്ലാത്ത വനിതാ തടവുകാരെ യഥാർത്ഥ ശിക്ഷയുടെ പകുതിയോ ഏഴുവർഷമോ ഏതാണോ കുറവ് എന്ന വ്യവസ്ഥയിൽ മോചനത്തിന് പരിഗണിക്കാവുന്നതാണ്. എന്നാൽ ഇത്തരത്തിലുള്ള പുരുഷ തടവുകാരുടെ കാര്യത്തിൽ അവർ ഇളവുൾപ്പെടെ ശിക്ഷയുടെ പകുതി പൂർത്തിയാക്കിയിരിക്കണം. ക്രിമിനൽ നടപടിക്രമം 433 (A) യുടെ പരിധിയിൽ വരാത്ത 55 വയസ് കഴിഞ്ഞ സ്ത്രീകളായ ശിക്ഷാ തടവുകാരുടെ ശിക്ഷയുടെ 1/3 പൂർത്തിയാക്കുന്ന മുറയ്ക്ക്, ഇളവ് ഉൾപ്പെടെ കുറഞ്ഞത് ഒരു വർഷം ജയിലിൽ കഴിഞ്ഞിരിക്കണമെന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ മോചനത്തിന് പരിഗണിക്കാവുന്നതാണ്. എന്നാൽ പുരുഷ തടവുകാരെ ഇപ്രകാരം പരിഗണിക്കുന്നതിന് അവർ 65 വയസ്സ് പൂർത്തിയാക്കിയിരിക്കണം.

**നിയമസഭാ സാമാജികർക്ക് വിതരണം ചെയ്യുന്ന സ്റ്റേഷനറി സാധനങ്ങൾ**

149(2764) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ സാമാജികർക്ക് വിതരണം ചെയ്യുന്ന സ്റ്റേഷനറി സാധനങ്ങളിൽ കാലഹരണപ്പെട്ടവ ഒഴിവാക്കുന്നതിനും കാലോചിതമായ ഇനങ്ങൾ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ;

(ബി) സെക്രട്ടേറിയറ്റ് അനക്സിലെ നിലവിലുള്ള സ്റ്റേഷനറി സ്റ്റോറിൽ സാധനങ്ങൾ എത്തിക്കുന്നതിനും അവ ഏറ്റുവാങ്ങുന്നതിനും ബന്ധപ്പെട്ടവർ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്റ്റേഷനറി സ്റ്റോർ കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിയമസഭാ സാമാജികർക്ക് വിതരണം ചെയ്തുവന്നിരുന്ന ഇനങ്ങളിൽ അവർക്ക് ഉപയോഗമില്ലാത്തതെന്നുകണ്ട ചില ഇനങ്ങളുടെ വിതരണം ഒഴിവാക്കിയിട്ടുണ്ട്. കൂടുതൽ ഇനങ്ങൾ ആവശ്യമാണെങ്കിൽ അവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും.

(ബി) ഉണ്ട്.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**ഉൾനാടൻ ജലാശയങ്ങളുടെ മലിനീകരണം തടയാൻ നടപടി**

150(*T2765) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന വിനോദ സഞ്ചാരകേന്ദ്രങ്ങളായ ഉൾനാടൻ ജലാശയങ്ങളുടെ മലിനീകരണവും അതുമൂലമുള്ള ദുർഗന്ധവും വിനോദസഞ്ചാര മേഖലയിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ഗൗരവപൂർവ്വം വീക്ഷിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് കായലുകളിൽ സർവ്വീസ് നടത്തുന്ന ഹൗസ് ബോട്ടുകളിലെ മാലിന്യങ്ങൾ കായലിൽ നിക്ഷേപിക്കാതെ സംസ്കരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കാനാണ് ബോട്ടുടമകളോട് നിർദ്ദേശിച്ചിട്ടുള്ളത്; ആയത് പാലിക്കാത്തതിന്റെ പേരിൽ എത്ര ബോട്ട് സർവ്വീസുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; ഇത്തരത്തിലുള്ള പരിശോധന എന്നാണ് അവസാനമായി നടത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിന് പരിഹാരം കാണുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിവിധ വകുപ്പുകളുടെ ഏകോപനവും പൊതുജന പങ്കാളിത്തവും ആവശ്യമായ സാഹചര്യത്തിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രധാന വിനോദ സഞ്ചാരകേന്ദ്രങ്ങളായ ജലാശയങ്ങളിലെ മാലിന്യ നിയന്ത്രണമടക്കമുള്ള സംഗതികൾ ഗൗരവമായി പരിഗണിച്ചിട്ടുള്ളതാണ്. ഹൗസ് ബോട്ടുകളിൽനിന്നും നേരിട്ട് സ്വീവേജ് അടക്കമുള്ള ദ്രവമാലിന്യങ്ങൾ കായലിലേക്ക് തുറന്നുവിടുന്നത് കർശനമായി നിയന്ത്രിക്കുന്നതിനുള്ള ഉപാധികൾ ബോട്ടുകൾക്കുള്ള ലൈസൻസിനോടൊപ്പം നിഷ്കർഷിച്ചിട്ടുണ്ട്. എല്ലാ ഹൗസ്

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ബോട്ടുകളിലും ബയോ ടോയ്‌ലറ്റ് സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ കുമരകത്തും ആലപ്പുഴയിലും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ പ്രധാന വിനോദസഞ്ചാര മേഖലയായ വേമ്പനാട് തടാകത്തിലെ മലിനീകരണവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിന് CWRDM-നെ ചുമതലപ്പെടുത്തുകയുണ്ടായി. ടി സ്ഥാപനം സമർപ്പിച്ച പഠന റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) മൂന്ന് മാസത്തിലൊരിക്കൽ കരയിൽ സ്ഥാപിച്ചിരിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ ഹൗസ് ബോട്ടുകളിലെ ബയോടോയ്‌ലറ്റിൽ ശേഷിക്കുന്ന മാലിന്യം എത്തിച്ച് സംസ്കരിക്കണമെന്ന് ബോട്ടുടമകളോട് നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ ജലയാനങ്ങളിൽ നിന്നും മാലിന്യങ്ങൾ നേരിട്ട് ജലാശയങ്ങളിലേക്ക് പുറന്തള്ളപ്പെടുന്ന പ്രവണത ശ്രദ്ധിക്കപ്പെട്ടതിനാൽ ജലയാനങ്ങളുടെ പുതിയ രജിസ്ട്രേഷൻ പരിമിതപ്പെടുത്തിയിട്ടുണ്ട്. ബോട്ടുടമകളുടെ സംഘടനകൾക്ക് രജിസ്ട്രേഷനോടനുബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകുന്നുണ്ട്. വിവിധ കുറ്റങ്ങൾക്കായി 53 ബോട്ടുകൾക്കെതിരെ നടപടി സ്വീകരിക്കുകയും 38,500 രൂപ പിഴയായി വസൂലാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ടൂറിസം, തുറമുഖം, പോലീസ്, മലിനീകരണ നിയന്ത്രണ ബോർഡ്, ജില്ലാ ഭരണകൂടം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഹൗസ് ബോട്ട് ഉടമകളുടെ പ്രതിനിധികൾ തുടങ്ങിയവരുടെ യോഗം വിളിച്ചുകൂട്ടി ഓരോ വകുപ്പുകളും ചെയ്യേണ്ട കാര്യങ്ങളെപ്പറ്റി വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. ആയത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇൻലാൻഡ് നാവിഗേഷനു കീഴിലെ പ്രവൃത്തികൾ**

151(*T2766) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം മണ്ഡലത്തിൽ ഇൻലാൻഡ് നാവിഗേഷനു കീഴിൽ നടന്നുവരുന്നതും ഭരണാനുമതി ലഭിച്ചതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

ഉത്തരം

ഉൾനാടൻ ജലഗതാഗത്തിന്റെ കീഴിൽ കൊല്ലം മണ്ഡലത്തിൽ ജലപാതാ വികസനവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവൃത്തിയുടെ വിശദാംശം താഴെ കൊടുക്കുന്നു. ഇരവിപുരം കായൽ മുതൽ അഷ്ടമുടി കായൽ വരെ കൊല്ലം തോടിന്റെ വികസനം (ചെ.66.32 കി.മീ. മുതൽ 74.18 കി.മീ. വരെ) 950 ലക്ഷം രൂപയ്ക്ക്

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഭരണാനുമതി നൽകിയ ടി പ്രവൃത്തി കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത് 42 ശതമാനം പണി പൂർത്തീകരിച്ചിട്ടുണ്ട്. പണി പുരോഗതിയിലാണ്. ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(1) കൊല്ലം കല്ലുപാലത്തിന്റെ പുനർനിർമ്മാണത്തിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ടി പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പണികൾ പൂർത്തിയാക്കി രൂപരേഖയുണ്ടാക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(2) തൃക്കരുവ ഗ്രാമ പഞ്ചായത്തിലെ വാർഡ് നമ്പർ 18-ൽ പാറശ്ശേരി കായൽവാരത്ത് ബോട്ട് ജെട്ടി നിർമ്മിക്കുന്നതിനായി 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ടെണ്ടർ നടപടികൾ നടത്തി തുടർനടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.

**ഉപയോഗശൂന്യമായി കിടക്കുന്ന ജലപാതകൾ**

152(2767) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജലപാതകൾ (കനാലുകൾ) പലതും മാലിന്യങ്ങൾ, പായൽ എന്നിവ നിറഞ്ഞു ഉപയോഗശൂന്യമായി കിടക്കുന്നവയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ നവീകരിക്കുന്നതിനും ജലഗതാഗത മാർഗ്ഗം ശക്തിപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ;

(സി) ഇക്കാര്യങ്ങൾ വിശദമായ ഒരു പഠനത്തിന് വിധേയമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കോവളം മുതൽ കൊല്ലം വരെയും കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുമുള്ള ജലപാത പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ടി ജലപാതകളിൽ ജലഗതാഗതത്തിന് തടസ്സമായി വരുന്ന മാലിന്യങ്ങളും പായലും നീക്കം ചെയ്യുന്ന പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ ജലപാതയുടെ വീതിയും ആഴവും വർദ്ധിപ്പിച്ചും സംരക്ഷണഭിത്തികൾ നിർമ്മിച്ചും ഉപ്പുവെള്ളം തടയുന്നതിന് ലോക്കുകൾ സ്ഥാപിച്ചും ജെട്ടികൾ, കാർഗോ ടെർമിനലുകൾ എന്നിവ സ്ഥാപിച്ചും ജലപാതകൾ നവീകരിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

(സി) ജലപാതകളുടെ നവീകരണം സംബന്ധിച്ച പ്രാഥമിക പഠനങ്ങൾ National Transportation Planning and Research Centre (NATPAC) മുഖേന നടത്തിയിട്ടുണ്ട്.

## അപകടാവസ്ഥയിലുള്ള തടി ബോട്ടുജെട്ടികൾ

153(*T 2768) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട്ടിലെ തടി ബോട്ടുജെട്ടികളിൽ കാലപ്പഴക്കത്താൽ അപകടാവസ്ഥയിലുള്ളവ മാറ്റി കോൺക്രീറ്റ് ജെട്ടികൾ നിർമ്മിക്കുന്നതിന് അനുമതി നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കുട്ടനാട്ടിലെ കാലപ്പഴക്കത്താൽ ജീർണ്ണിച്ച് അപകടാവസ്ഥയിലുള്ള തടി ബോട്ടുജെട്ടികൾ മാറ്റി പുതിയവ നിർമ്മിക്കുന്നതിനുള്ള പട്ടിക തയ്യാറാക്കിയിട്ടുണ്ട്. (പട്ടിക അനുബന്ധമായി ചേർക്കുന്നു.*) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

## ക്ഷേമപെൻഷനുകൾ സംബന്ധിച്ച ക്യാബിനറ്റ് തീരുമാനം

154(2769) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമപെൻഷനുകൾ ആയിരം രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് മുൻ സർക്കാരിന്റെ കാലാവധി അവസാനിക്കുംമുമ്പ് ക്യാബിനറ്റ് തീരുമാനം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ആ തീരുമാനം നടപ്പാകാതിരിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ; ഉത്തരവു പുറപ്പെടുവിക്കാൻ തടസ്സം നേരിട്ടത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

## സിറ്റി ഗ്യാസ് പദ്ധതി

155(2770) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ പ്രകൃതി വാതകം വീടുകളിൽ എത്തിക്കുന്ന സിറ്റി ഗ്യാസ് പദ്ധതിയുടെ നിജസ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) എറണാകുളം ജില്ലയിലെ വീടുകളിൽ പ്രകൃതി വാതക വിതരണം നടത്തുവാനുള്ള ചുമതല കേന്ദ്ര സർക്കാരിന്റെ പെട്രോളിയം & നാച്വറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്കാണ് നൽകിയിട്ടുള്ളത്. പ്രകൃതി വാതകത്തിന്റെ സുരക്ഷിതത്വവും മേന്മകളും ജനങ്ങളെ ബോധ്യപ്പെടുത്തുവാനായി ഒരു പ്രാരംഭ പദ്ധതി (PILOT Project) നടപ്പിലാക്കിയിരുന്നു. ഇപ്പോൾ കളമശ്ശേരി മെഡിക്കൽ കോളേജിലെ അഞ്ച് ഹോസ്റ്റൽ ക്യാന്റീനുകളിലും ഒരു കുടുംബശ്രീ ക്യാന്റീനിലും 70-ൽ പരം വീടുകളിലും ഗ്യാസ് കണക്ഷൻ എത്തിച്ചിട്ടുണ്ട്. 20 കിലോമീറ്ററോളം പൈപ്പ് ലൈൻ ഇടുന്നതിനായുള്ള പണി പുരോഗമിക്കുകയാണ്. അഞ്ച് മാസത്തിനുള്ളിൽ എറണാകുളം ജില്ലയിൽ കേരളത്തിലെ ആദ്യത്തെ CNG സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പെട്രോളിയം &നാച്വറൽ ഗ്യാസ് റെഗുലേറ്ററി ബോർഡിന്റെ കോമൺ മിനിമം പ്രോഗ്രാമിൽ പറഞ്ഞിരിക്കുന്ന അഞ്ച് വർഷത്തെ സമയപരിധിയ്ക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

**റബ്ബർ വില സ്ഥിരതാ പദ്ധതി**

156(2771) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി നിയമസഭയിൽ പ്രസ്താവിച്ച പ്രകാരം, റബ്ബർ വിലസ്ഥിരതാ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ടവരുടെ യോഗം വിളിക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) "കൃത്രിമ റബ്ബർ ഉദ്പാദിപ്പിക്കുന്ന ഏതെങ്കിലും കമ്പനി കർഷകരെ വഞ്ചിക്കുവാനുള്ള നടപടി സ്വീകരിച്ചാൽ കർക്കശ നിലപാട് സ്വീകരിക്കും" എന്ന് 4-10-2016-ൽ മുഖ്യമന്ത്രി നിയമസഭയിൽ നടത്തിയ പ്രസ്താവനയുടെ വെളിച്ചത്തിൽ ,Royal Marketing & distributors, DCA For Reliance Industrial Ltd, Ist Floor, Sebastian Road, Kalloor, Ernakulam - എന്ന സ്ഥാപനം പ്രവർത്തിക്കുന്നത് എങ്ങനെയെന്ന് അന്വേഷിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കമ്പനിയുടെ ബിസിനസ്സ് റബ്ബർ ഉല്പന്നങ്ങളുമായി ബന്ധപ്പെട്ടതാണോയെന്ന് അറിയുവാൻ ആവശ്യമായ അന്വേഷണം നടത്തി വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത കമ്പനി കഴിഞ്ഞ യു.ഡി.എഫ്. മന്ത്രിസഭയിലെ ഏതെങ്കിലും മന്ത്രിയുടെ അടുത്ത ബന്ധുവിന്റേതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷിച്ച് സത്യാവസ്ഥ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ രണ്ടാം ഘട്ടം ആരംഭിക്കുന്നതിന്റെ ഭാഗമായി ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു അവലോകനയോഗം ചേരുകയും പ്രസ്തുത യോഗത്തിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ രണ്ടാം ഘട്ടത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ 12-10-2016-ലെ 152/2016/ധന നമ്പർ സർക്കാർ ഉത്തരവ് മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം പ്രസ്തുത പദ്ധതിയിൻ കീഴിൽ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത റബ്ബർ കർഷകർക്ക് പുതിയതായി രജിസ്റ്റർ ചെയ്യുവാൻ 2016 ഒക്ടോബർ 15 മുതൽ 2016 നവംബർ 30 വരെ അവസരവും നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ രണ്ടാംഘട്ടം 2016 ജൂലൈ 1 മുതൽ ആരംഭിച്ചിട്ടുണ്ട്.

(ബി-ഡി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**യുദ്ധക്കപ്പൽ രൂപകല്പനാ കേന്ദ്രമായ നിർദ്ദേശ്**

157(2772) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയത്ത് മുൻ യു.പി.എ. സർക്കാരിന്റെ കാലത്ത് അനുവദിച്ച യുദ്ധക്കപ്പൽ രൂപകല്പനാ കേന്ദ്രമായ 'നിർദ്ദേശ്'നിർത്തലാക്കുവാൻ കേന്ദ്രസർക്കാർ തീരുമാനിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര ഏക്കർ സ്ഥലമാണ് സംസ്ഥാന സർക്കാർ സൗജന്യമായി പ്രസ്തുത പദ്ധതിക്ക് നൽകിയത്;

(സി) നാമമാത്രമായ കേന്ദ്രസർക്കാർ സ്ഥാപനങ്ങളുള്ള മലബാറിൽ ഈ സ്ഥാപനം നിലനിർത്തുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്ന് ഔദ്യോഗികമായ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ബി) 40.52 ഏക്കർ ഭൂമിയാണ് പദ്ധതിക്കായി സംസ്ഥാന സർക്കാർ സൗജന്യമായി നൽകിയിട്ടുള്ളത്.

(സി) ഈ വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

## എൻഡോസൾഫാൻ പുനരധിവാസ ഗ്രാമം

158(2773) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മുളിയാറിൽ എൻഡോസൾഫാൻ പുനരധിവാസ ഗ്രാമം സ്ഥാപിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ നിലവിലുള്ള പുരോഗതി എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തീരുമാനം എടുത്തിട്ടുണ്ട്.

(ബി) Habitat Technology Group തയ്യാറാക്കിയ പ്രോജക്ട് പരിശോധിച്ച് വ്യക്തമായ ശിപാർശയോടെ പ്രൊപ്പോസൽ സമർപ്പിക്കുവാൻ സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മണപ്പള്ളി പ്രാഥമികാരോഗ്യ സബ് സെന്ററിന്റെ അപ്ഗ്രഡേഷൻ

159(2774) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ തഴവാ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പ്രസ്തുത പഞ്ചായത്തിലെ പാവുമ്പ, മണപ്പള്ളി മേഖലയിലുള്ളവർക്ക് എത്തിച്ചേരുന്നതിന് ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ തഴവാ ഗ്രാമപഞ്ചായത്തിലെ മണപ്പള്ളി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ സബ് സെന്ററിനെ പ്രാഥമികാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഒരു പഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രം എന്ന മാനദണ്ഡമാണ് ഇപ്പോൾ പ്രാബല്യത്തിലുള്ളത്. മണപ്പള്ളി സബ് സെന്റർ സ്ഥിതി ചെയ്യുന്നത് തഴവ പഞ്ചായത്തിലാണ്. കൂടുതൽ സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിനേക്കാൾ വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.

## പാലിന്റെ ഗുണനിലവാര പരിശോധന

160(*T2775) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്സവ ദിവസങ്ങളിലെ സ്ഥിരം പരിശോധനയിൽ കണ്ടെത്താനാകാത്ത തരത്തിൽ മായംകലർത്തിയ പാൽ സംസ്ഥാനത്തെത്താൻ സാദ്ധ്യതയുള്ളതായി കരുതുന്നുണ്ടോ;

(ബി) പാൽ വേഗത്തിൽ കേടാകാതിരിക്കാൻ ചില ആന്റിബയോട്ടിക്കുകളും ഇഞ്ചക്ഷൻ മരുന്നുകളും വരെ പാലിൽ കലർത്തുന്നുണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉത്സവ സമയത്ത് മാത്രം പരിശോധനകൾ കാര്യക്ഷമമാകുകയും അല്ലാത്തപ്പോൾ പരിശോധനകൾ പ്രഹസനം മാത്രമാവുകയും ചെയ്യുന്ന രീതി കൃത്രിമ പാലുകളുടെ വരവിന് ആക്കം കൂട്ടുന്നതായി കരുതുന്നുണ്ടോ;

(ഡി) എങ്കിൽ പരിശോധന എപ്പോഴും കാര്യക്ഷമമാക്കുവാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന എല്ലാ ബ്രാൻഡുകളിലും ഉള്ള പാലും പാൽ ഉൽപ്പന്നങ്ങളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ശേഖരിച്ച് കൃത്യമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്താറുണ്ട്. ഓണം പോലുള്ള ആഘോഷവേളകളിൽ ക്ഷീരവികസന വകുപ്പിന്റെ സഹായത്തോടുകൂടി ചെക്ക്പോസ്റ്റുകളിൽ പാൽ പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി-ഡി) ആന്റിബയോട്ടിക് ചേർത്ത പാൽ രാജ്യത്ത് പല സ്ഥലങ്ങളിലും ലഭ്യമാണെന്നുള്ള പത്രവാർത്തകളുടെ നിജസ്ഥിതി പരിശോധിക്കേണ്ടത് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ ആണ്. ഇത്തരത്തിൽ ആന്റിബയോട്ടിക് ചേർത്ത പാൽ പരിശോധനയിൽ കണ്ടെത്തിയതായി ഭക്ഷ്യസുരക്ഷാ അതോറിറ്റി ഓഫ് ഇന്ത്യ സംസ്ഥാനങ്ങളെ അറിയിച്ചിട്ടില്ല. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ നാഷണൽ മിൽക്ക് ക്വാളിറ്റി സർവ്വെ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതനുസരിച്ച് വിവിധ സംസ്ഥാനങ്ങളെ 8 ക്ലസ്റ്ററുകളായി തിരിച്ച് സർവ്വെ നടത്തി വരികയാണ്. ഇതിൽ തമിഴ്നാട്, കർണ്ണാടക, പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങളടങ്ങിയ 5-ാം ക്ലസ്റ്ററിലാണ് കേരളത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ സെപ്റ്റംബർ 29-ന് ഡൽഹിയിൽ

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

നടന്ന സെൻട്രൽ അഡ്വൈസറി കമ്മിറ്റി മീറ്റിംഗിൽ പാലിന്റെ ഗുണനിലവാരം കണ്ടുപിടിക്കുന്നതിനും മായം ചേർത്തത് കണ്ടുപിടിക്കുന്നതിനും ആവശ്യമായ Electronic Milk Adulteration Tester with milk analyser എന്ന ഉപകരണം 2 എണ്ണം കേരളത്തിൽ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നിരീക്ഷിച്ചതിനുശേഷം ഈ ഉപകരണം ഫലപ്രദമാണെന്ന് കണ്ടെത്തിയാൽ കൂടുതൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യസുരക്ഷാ വകുപ്പും ക്ഷീരവികസന വകുപ്പും സംസ്ഥാനത്തെ വിപണിയിൽ ലഭ്യമായിട്ടുള്ളതും അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നത് ഉൾപ്പെടെയുള്ള വിവിധ ബ്രാൻഡുകളിലുള്ള പാലിന്റെ സാമ്പിൾ പരിശോധനയ്ക്ക് എടുക്കുകയും അതിൽ നിശ്ചിത ഗുണനിലവാരം ഇല്ലാതെ വിൽപ്പന നടത്തിയവർക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുമുണ്ട്. ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലെ 21-ാം വകുപ്പുപ്രകാരം ഭക്ഷണ പദാർത്ഥങ്ങളിൽ നേരിട്ടോ അല്ലാതെയോ ആന്റി ബയോട്ടിക്സിന്റെയോ കീടനാശിനികളുടെയോ വെറ്ററിനറി ഡ്രഗ്സിന്റേയോ അംശം ഭക്ഷണപദാർത്ഥത്തിൽ അനുവദനീയമല്ല. ഇതനുസരിച്ച് അനുവദനീയമല്ലാത്ത ഇത്തരം വസ്തുക്കൾ പാലുൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളിൽ കണ്ടെത്തിയാൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ഇത്തരം ഭക്ഷ്യവസ്തുക്കൾ നിരോധിക്കാനും സാധിക്കും.

## പ്രൈമറി ഹെൽത്ത് സെന്ററുകളിലെ തസ്തിക നിർണ്ണയം

161(2776) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011 കാലയളവിൽ കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പി.എച്ച്.സി.-കളാണ് സി. എച്ച്. സി. കളായി അപ്ഗ്രേഡ് ചെയ്തത് എന്ന് വിശദമാക്കാമോ; ഇവയിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഇതുവരെയും തസ്തിക നിർണ്ണയം/പോസ്റ്റ് ക്രിയേഷൻ നടന്നിട്ടില്ലാത്ത സി.എച്ച്.സി.-കൾ ഏതെല്ലാം;

(ബി) കൊയിലാണ്ടി മണ്ഡലത്തിലെ പ്രധാനപ്പെട്ട മേലടി, തിരുവങ്ങൂർ സി.എച്ച്.സി.-കളിലും ഇതുവരെയും പോസ്റ്റ് ക്രിയേഷൻ നടന്നിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൊയിലാണ്ടി മണ്ഡലത്തിലെ ഈ രണ്ട് സി.എച്ച്.സി.-കളുടെ കാര്യത്തിൽ മുൻസർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിലേക്ക് ഡി.എം.ഒ. സമർപ്പിച്ചിരുന്ന പ്രൊപ്പോസലുകളുടെ വിശദാംശം നൽകുമോ;

(ഡി) 2010 മുതൽ നിരന്തരമായി ആവശ്യപ്പെടുന്ന ഈ കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കുരാച്ചുണ്ട്, കുന്നമ്മേൽ എന്നീ പി.എച്ച്.സി.-കളും ചെറുവാടി, മേലടി, വളയം, ഒളവണ്ണ, ചെറുവണ്ണൂർ എന്നീ ബ്ലോക്ക് പി.എച്ച്.സി.-കളും സി.എച്ച്.സി.-കളായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനങ്ങളിലൊന്നും തന്നെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ പാറ്റേൺ അനുസരിച്ച് തസ്തിക സൃഷ്ടിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) കൊയിലാണ്ടി മണ്ഡലത്തിലെ മേലടി, തിരുവങ്ങൂർ സി.എച്ച്.സി.-കളുടെ അപ്ഗ്രഡേഷൻ സംബന്ധിച്ച പ്രൊപ്പോസൽ ജില്ലാ ആഫീസർമാരിൽനിന്നും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ലഭിച്ചിരുന്നു. സർക്കാരിന്റെ സജീവ പരിഗണനയിലുള്ള സ്പെഷ്യാലിറ്റി യൂണിറ്റോടുകൂടിയ ചികിത്സാ സൗകര്യം ഒരുക്കുന്ന പദ്ധതിയിലും സ്റ്റാൻഡേർഡൈസേഷൻ പ്രൊപ്പോസലിലും മേൽ ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

## അപ്ഗ്രേഡ് ചെയ്ത ജനറൽ ആശുപത്രികൾ

162(2777) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിൻെറ കാലത്ത് ജനറൽ ആശുപത്രികളായി അപ്ഗ്രേഡ് ചെയ്ത സ്ഥാപനങ്ങളെ തരംതാഴ്ത്തുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൻെറ കാരണം വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ആശുപത്രികളെയാണ് ഇത്തരത്തിൽ തരംതാഴ്ത്തുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

## പി.എച്ച്.സി.-കൾ ആരംഭിക്കുന്നതിന് നടപടി

163(2778) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പി.എച്ച്.സി.-കൾ നിലവിലുണ്ട്;

(ബി) പി.എച്ച്.സി.-കൾ നിലവിലില്ലാത്ത പഞ്ചായത്തുകൾ ഉണ്ടോ; വിശദമാക്കാമോ;

(സി) പി.എച്ച്.സി.-കൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പി.എച്ച്.സി. ആരംഭിക്കുന്നതിന് സർക്കാരിന് ആലോചനയുണ്ടോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 849 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ നിലവിലുണ്ട്.

(ബി&സി) ഒരു ഗ്രാമപഞ്ചായത്തിൽ ഒരു പി.എച്ച്.സി.-യോ സി.എച്ച്.സി.-യോ ഗവൺമെന്റ് ആശുപത്രിയോ എങ്കിലും ഉണ്ടായിരിക്കണം എന്നതാണ് നിലവിൽ സ്വീകരിച്ചിട്ടുള്ള നയം. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു പി.എച്ച്.സി.-യോ സി.എച്ച്.സി.-യോ താലൂക്കാശുപത്രിയോ നിലവിലുണ്ട്.

**പി.എച്ച്.സി.-കളിലേയും സി.എച്ച്.സി.- കളിലേയും ഒഴിവുകൾ**

164(2779) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.എച്ച്.സി.-കളിലെയും സി.എച്ച്.സി.കളിലെയും ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

പി.എച്ച്.സി.-കളിലും സി.എച്ച്.സി.-കളിലും നിലവിലുള്ള പി.എസ്.സി. മുഖേന നികത്തേണ്ട ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും മറ്റുള്ളവ ഉദ്യോഗക്കയറ്റം മുഖേന നികത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഇതര സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന പാട്ടത്തൈര്**

165(2780) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിൽനിന്ന് സംസ്ഥാനത്തേക്ക് പാട്ടത്തൈര് കൊണ്ടുവരുന്നത് ഗുണനിലവാരമില്ലാത്ത ഡ്രമ്മുകളിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എടുത്ത നടപടികൾ വ്യക്തമാക്കാമോ;

(ബി) വിലകുറഞ്ഞ പാട്ടത്തൈര് കൊണ്ടുവരുന്നത് ഭക്ഷ്യ വസ്തുക്കൾ കൊണ്ടുവരാനുള്ള നിലവാരമുള്ള ഡ്രമ്മുകളിലല്ല എന്നത് പരസ്യമായ സാഹചര്യത്തിൽ ഇക്കാര്യത്തിൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന മുൻകരുതൽ നടപടി വ്യക്തമാക്കാമോ;

(സി) തമിഴ്നാട് കൂടാതെ മറ്റേതെല്ലാം സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് പാട്ടത്തൈര് കൊണ്ടുവരുന്നുണ്ടെന്നും, പാട്ടത്തൈര് ഇതര സംസ്ഥാനങ്ങളിൽനിന്ന് ഏതെല്ലാം ജില്ലകളിൽ എത്തുന്നുണ്ടെന്നും ഈ ജില്ലകളിൽ പരിശോധന നടത്തുന്നതിന് വകുപ്പുതലത്തിൽ ഒരുക്കിയ ക്രമീകരണങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തമിഴ്നാട്ടിൽ നിന്ന് സംസ്ഥാനത്തേക്ക് പാട്ടത്തൊര് നിലവിൽ കൊണ്ടുവരുന്നത് ഫുഡ് ഗ്രേഡ് നിലവാരത്തിലുള്ള ഡ്രമ്മുകളിലാണ്.

(ബി) ഇക്കാര്യത്തിൽ പരാതി ലഭിക്കുന്നപക്ഷം പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് കർശന പരിശോധന നടത്തി ആവശ്യമെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) സ്ക്വാഡ് പരിശോധനകളിൽ ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും പ്രത്യേക നിർദ്ദേശം എല്ലാ ജില്ലകളിലെയും അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റിക്ക് നൽകിയിട്ടുണ്ട്.

**ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള പാലിലെ മായം**

166(2781) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്ന് സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന പാലിൽ വ്യാപകമായി മായം ചേർത്തിട്ടുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ സർക്കാർ നടത്തിയ പരിശോധനയുടെ വിശദാംശം അറിയിക്കുമോ;

(ബി) പാൽ എളുപ്പം കേടാകാതിരിക്കാൻ മരുന്നുകളും, ആന്റിബയോട്ടിക്കുകളും ഉപയോഗിക്കുന്നതായി ഭക്ഷ്യസുരക്ഷാ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതുതടയാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ആരോഗ്യത്തിന് ഹാനികരമായ ഇത്തരം പാൽ സംസ്ഥാനത്ത് വിതരണത്തിനായി എത്തുന്നത് തടയുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് വിറ്റഴിക്കുന്ന എല്ലാ ബ്രാൻഡുകളിലും ഉള്ള പാലും, പാൽ ഉൽപ്പന്നങ്ങളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ശേഖരിച്ച് കൃത്യമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്താറുണ്ട്. ഓണം പോലുള്ള ആഘോഷവേളകളിൽ ക്ഷീരവികസന വകുപ്പിന്റെ സഹായത്തോടുകൂടി ചെക്ക്പോസ്റ്റുകളിൽ

പാൽ പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആന്റിബയോട്ടിക് ചേർത്ത പാൽ രാജ്യത്ത് പല സ്ഥലങ്ങളിലും ലഭ്യമാണെന്നുള്ള പത്രവാർത്തകളുടെ നിജഃസ്ഥിതി പരിശോധിക്കേണ്ടത് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ ആണ്. ഇത്തരത്തിൽ ആന്റിബയോട്ടിക് ചേർത്ത പാൽ പരിശോധനയിൽ കണ്ടെത്തിയതായി ഭക്ഷ്യസുരക്ഷാ അതോറിറ്റി ഓഫ് ഇന്ത്യ സംസ്ഥാനങ്ങളെ അറിയിച്ചിട്ടില്ല. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ നാഷണൽ മിൽക്ക് ക്വാളിറ്റി സർവ്വെ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതനുസരിച്ച് വിവിധ സംസ്ഥാനങ്ങളെ 8 ക്ലസ്റ്ററുകളായി തിരിച്ച് സർവ്വേ നടത്തിവരികയാണ്. ഇതിൽ തമിഴ്നാട്, കർണ്ണാടക, പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങളടങ്ങിയ 5-ാം ക്ലസ്റ്ററിലാണ് കേരളത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ സെപ്റ്റംബർ 29-ന് ഡൽഹിയിൽ നടന്ന സെൻട്രൽ അഡ്വൈസറി കമ്മിറ്റി മീറ്റിംഗിൽ പാലിന്റെ ഗുണനിലവാരം കണ്ടുപിടിക്കുന്നതിനും മായം ചേർത്തത് കണ്ടുപിടിക്കുന്നതിനും ആവശ്യമായ Electronic Milk Adulteration Tester with milk analyser എന്ന ഉപകരണം 2 എണ്ണം കേരളത്തിൽ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നിരീക്ഷിച്ചതിനുശേഷം ഈ ഉപകരണം ഫലപ്രദമാണെന്ന് കണ്ടെത്തിയാൽ കൂടുതൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യസുരക്ഷാ വകുപ്പും ക്ഷീരവികസന വകുപ്പും സംസ്ഥാനത്തെ വിപണിയിൽ ലഭ്യമായിട്ടുള്ളതും അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നതുൾപ്പെടെയുള്ള വിവിധ ബ്രാൻഡുകളിലുള്ള പാലിന്റെ സാമ്പിൾ പരിശോധനയ്ക്കെടുക്കുകയും അതിൽ നിശ്ചിത ഗുണനിലവാരം ഇല്ലാതെ വിൽപ്പന നടത്തിയവർക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുമുണ്ട്. ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലെ 21-ാം വകുപ്പുപ്രകാരം ഭക്ഷണ പദാർത്ഥങ്ങളിൽ നേരിട്ടോ അല്ലാതെയോ ആന്റി ബയോട്ടിക്സിന്റെയോ കീടനാശിനികളുടെയോ വെറ്ററിനറി ഡ്രഗ്സിന്റേയോ അംശം അനുവദനീയമല്ല. ഇതനുസരിച്ച് അനുവദനീയമല്ലാത്ത ഇത്തരം വസ്തുക്കൾ പാലുൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളിൽ കണ്ടെത്തിയാൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ഇത്തരം ഭക്ഷ്യവസ്തുക്കൾ നിരോധിക്കാനും സാധിക്കും.

**പഴം-പച്ചക്കറികളിലെ വിഷാംശം പരിശോധിക്കുന്നതിനുള്ള ലാബുകൾ**

167(2782) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ് പ്രകാരം ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പഴം-പച്ചക്കറികളിലെ വിഷാംശം പരിശോധിക്കാൻ അതിർത്തി ചെക്ക് പോസ്റ്റുകൾക്ക് സമീപം എത്ര ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് ചെക്ക് പോസ്റ്റുകൾക്ക് സമീപം ലാബ് സ്ഥാപിച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) പഴം-പച്ചക്കറികളിലെ വിഷാംശം പരിശോധിക്കുന്നതിന് മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) അതിർത്തി ചെക്ക്പോസ്റ്റുകൾക്ക് സമീപം ലാബുകൾ സ്ഥാപിച്ചിട്ടില്ല.

(സി) അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന ഭക്ഷ്യവിഭവങ്ങളിലെ മായവും വിഷാംശവും കണ്ടുപിടിക്കുവാൻ സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ 4 ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നു.

1. ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി , തിരുവനന്തപുരം
2. റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, കാക്കനാട്, എറണാകുളം.
3. റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, കോഴിക്കോട്.
4. ഡിസ്ട്രിക്റ്റ് ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി, പത്തനംതിട്ട.

തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോട്ടുമുള്ള ലാബുകളിൽ ഭക്ഷ്യ പദാർത്ഥങ്ങളിലെ മായം കണ്ടുപിടിക്കുന്നതിനുള്ള ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇപ്പോൾ പച്ചക്കറികളിലെയും പഴങ്ങളിലെയും കീടനാശിനികളുടെ സാന്നിധ്യം കണ്ടുപിടിക്കുന്നതിനുവേണ്ടി തിരുവനന്തപുരം, എറണാകുളം ലാബുകളിൽ ഗ്യാസ് ക്രൊമാറ്റോഗ്രാഫ് മാസ്സ്പെക്ടോ ഫോട്ടോമീറ്റർ എന്ന ഉപകരണം സ്ഥാപിച്ചിട്ടുണ്ട്. ഇതുപയോഗിച്ച് രണ്ടുമാസത്തിനകം കീടനാശിനികളുടെ പരിശോധനകൾ ആരംഭിക്കുന്നതാണ്. ഇതുകൂടാതെ തിരുവനന്തപുരം, വെള്ളായണി കാർഷിക കോളേജിലും പഴം പച്ചക്കറികളിലെ കീടനാശിനികളുടെ സാന്നിധ്യം സംബന്ധിച്ച പരിശോധനകൾ അടിയന്തര ഘട്ടത്തിൽ നടത്താറുണ്ട്. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും സാമ്പിളുകൾ ചെക്ക്പോസ്റ്റുകളിൽ നിന്നുതന്നെ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുന്നതിനുവേണ്ടി മൊബൈൽ ലബോറട്ടറികൾ സജ്ജമാക്കിവരുന്നു.

**ബീഡി പാക്കറ്റിന്മേൽ സചിത്ര ആരോഗ്യ മുന്നറിയിപ്പ് പരസ്യം**

168(2783) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീഡിയുടെ മൊത്ത വിതരണ പാക്കറ്റിന്മേൽ സചിത്ര ആരോഗ്യ മുന്നറിയിപ്പ് പരസ്യം രേഖപ്പെടുത്തണമെന്ന് നിലവിൽ വ്യവസ്ഥയുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ബീഡി വ്യവസായ പ്രതിസന്ധി പരിഗണിച്ച് ഉപഭോക്താവിന്റെ കൈകളിലെത്തുന്ന ചില്ലറ വില്പന പാക്കറ്റിൽ മാത്രം സചിത്ര ആരോഗ്യ മുന്നറിയിപ്പ് പരസ്യം രേഖപ്പെടുത്തിയാൽ മതിയെന്ന നിർദ്ദേശം നല്കാമോ?

<u>ഉത്തരം</u>

(എ ) ഉണ്ട്.

(ബി) പുകവലി നിയന്ത്രണം ഉദ്ദേശിച്ചുകൊണ്ട് രാജ്യത്ത് നടപ്പിലാക്കിയ നിയമമാണ് COTPA (Cigarettes and Other Tobacco Product Act). ഈ നിയമത്തിന്റെ സെക്ഷൻ 7 പ്രകാരം പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നതും വിതരണം ചെയ്യുന്നതുമായ എല്ലാ പായ്ക്കറ്റുകളിലും 85% സ്ഥലത്ത് സചിത്ര ആരോഗ്യമുന്നറിയിപ്പ് നിർബന്ധമാക്കിയിട്ടുണ്ട്. COTPA നിയമം, കേന്ദ്ര നിയമമായതിനാൽ അതിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പിന് അധികാരമില്ല.

**മായം ചേർത്ത ഭക്ഷ്യസാധനങ്ങൾ**

169(2784) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന പാക്കറ്റ് പാൽ, വെളിച്ചെണ്ണ, കറിമസാലകൾ ഇവയിൽ പലതിലും അപകടകരമാംവിധം മായം കലർന്നതാണെന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഭക്ഷ്യ സുരക്ഷാ വിഭാഗം ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; ഏതൊക്കെ കമ്പനികളുടെ പാക്കറ്റ് പാൽ, വെളിച്ചെണ്ണ, കറി മസാലകൾ ഇവയിലാണ് മായം കലർത്തിയതായി കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഭക്ഷ്യ വസ്തുക്കളിൽ ശരീരത്തിന് ദോഷകരമാംവിധം മായം കലരുന്നത് പരിശോധിച്ച് കണ്ടെത്തിയാൽ ഇത്തരം കമ്പനികൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; അത്തരം കമ്പനികളുടെ പേരുകൾ വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത കമ്പനികൾ ഇതേ തെറ്റ് ആവർത്തിച്ചാൽ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ ) ഉണ്ട്.

(ബി&സി) അന്വേഷണം നടത്തിയിട്ടുണ്ട്. കഴിഞ്ഞ നാല് വർഷമായി പാക്കറ്റ് പാലുകളൊന്നും നിരോധിച്ചിട്ടില്ല. 26 ബ്രാൻഡുകളിലുള്ള വെളിച്ചെണ്ണകൾക്ക് ഗുണനിലവാരമില്ലെന്ന് പരിശോധനയിൽ കണ്ടെത്തിയതിനാൽ അവ നിരോധിച്ചിട്ടുണ്ട്. നിറപറ എന്ന കമ്പനിയുടെ കറിമസാലകൾ നിരോധിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിഷയം സംബന്ധിച്ച കേസ് ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്. ശരീരത്തിന് ദോഷകരമാംവിധം മായം കലരുന്നത് പരിശോധിച്ച് കണ്ടെത്തിയാൽ ഇത്തരം കമ്പനികൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്. അത്തരം കമ്പനി ഉടമകളുടെ പേരുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) പ്രോസിക്യൂഷൻ കേസുകളിൽ ഇത്തരം കമ്പനികൾക്കെതിരെ വിധി ഉണ്ടാകുകയാണെങ്കിൽ അത്തരം കമ്പനികളെ തുടർന്ന് പ്രവർത്തിക്കാൻ അനുവദിക്കുന്നതല്ല.

**ഭൂമിക പദ്ധതി**

170(2786) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭൂമിക പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം ജില്ലാ ആശുപത്രികളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഭൂമിക പദ്ധതി താഴെപറയുന്ന 9 ജില്ലാ ആശുപത്രികളിൽ നടപ്പിലാക്കി വരുന്നു:

1. ജില്ലാ ആശുപത്രി, നെയ്യാറ്റിൻകര, തിരുവനന്തപുരം.
2. ജില്ലാ ആശുപത്രി, കൊല്ലം.
3. ജില്ലാ ആശുപത്രി, കോട്ടയം
4. ജില്ലാ ആശുപത്രി, ഇടുക്കി
5. ജില്ലാ ആശുപത്രി, തൃശ്ശൂർ
6. ജില്ലാ ആശുപത്രി, പാലക്കാട്
7. ജില്ലാ ആശുപത്രി, മലപ്പുറം
8. ജില്ലാ ആശുപത്രി, വടകര, കോഴിക്കോട്
9. ജില്ലാ ആശുപത്രി, കണ്ണൂർ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വ്യാജ ചികിത്സാ രീതികൾ

171(2787) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒറ്റമൂലി, പ്രകൃതി ചികിത്സ, അക്യുപങ്ചർ, ആയുർവേദം തുടങ്ങിയ മേഖലകളിൽ ശാസ്ത്രീയ അടിത്തറയില്ലാത്ത വ്യാജചികിത്സകൾ വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രാഥമിക വിദ്യാഭ്യാസം പോലുമില്ലാത്ത ഇത്തരം വ്യാജ ചികിത്സകർ പിടിക്കപ്പെടുമ്പോൾ ഇവർക്കെതിരെ നിസാര വകുപ്പുകൾ മാത്രം ചേർത്ത് കേസെടുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇങ്ങനെ എളുപ്പത്തിൽ ജാമ്യം നേടി വീണ്ടും വ്യാജ ചികിത്സാരംഗത്ത് സജീവമാകാൻ ഇവർക്ക് സൗകര്യം ലഭിക്കുന്ന സാഹചര്യം പരിശോധിക്കുമോ;

(ഡി) ഇതര സംസ്ഥാനക്കാരാണ് ഇത്തരം വ്യാജ ചികിത്സകരിൽ ഭൂരിപക്ഷമെന്നകാര്യം പരിശോധിക്കുമോ;

(ഇ) എങ്കിൽ ഇത്തരം വ്യാജ ചികിത്സാ രീതിക്ക് തടയിടാൻ എന്തൊക്കെ നടപടികൾ കൈകൊള്ളുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ) ഉണ്ട്.

(ബി) ഇല്ല.

(സി) ശ്രദ്ധയിൽപ്പെട്ടാൽ പരിശോധിക്കുന്നതാണ്.

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) വ്യാജ ചികിത്സ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം നടത്തി കർശന നടപടി സ്വീകരിക്കുന്നതാണ്.

## പേവിഷ വാക്സിൻ

172(2788) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി എത്ര കോടി രൂപയുടെ പേവിഷ വാക്സിൻ വാങ്ങുന്നുണ്ട്;

(ബി) കഴിഞ്ഞ 10 വർഷം പേവിഷ വാക്സിൻ വാങ്ങിയതിന്റെ കണക്ക് വർഷം തിരിച്ച് വിശദമാക്കുമോ;

(സി) ഇവ ഏതെല്ലാം മരുന്നുനിർമ്മാണ കമ്പനികളിൽ നിന്നാണ് വാങ്ങിയത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിൽ 4.82 കോടി രൂപയുടെ പേവിഷ വാക്സിൻ കോർപ്പറേഷൻ വാങ്ങി മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസവകുപ്പും കൂടി നൽകിയ ഇന്റൻഡ് പ്രകാരം ഏകദേശം ആറു കോടിയോളം രൂപ മൂല്യമുള്ള പേവിഷ പ്രതിരോധ മരുന്നുകൾ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചത്. 2008 മുതലാണ്. 2008 മുതൽ പേവിഷ വാക്സിൻ വാങ്ങിയതിന്റെ കണക്ക് താഴെ കൊടുക്കുന്നു:

| വർഷം | ചെലവഴിച്ച തുക (രൂപയിൽ ) |
|---|---|
| 2008-09 | 1,03,48,113.00 |
| 2009-10 | 1,84,96,620.00 |
| 2010-11 | 2,26,25,766.88 |
| 2011-12 | 1,76,49,307.00 |
| 2012-13 | 4,51,12,703.00 |
| 2013-14 | 4,74,09,642.00 |
| 2014-15 | 5,32,29,306.00 |
| 2015-16 | 4,82,37,264.00 |
| 2016-17 | 3,36,39,148.08 |

(സി) 2008-09 മുതൽ 2016-17 വരെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് പേവിഷ വാക്സിൻ വിതരണം ചെയ്ത/ചെയ്യുന്ന മരുന്നു നിർമ്മാണ കമ്പനികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ദേശീയ നഗരാരോഗ്യ ദൗത്യം**

173(2789) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ നഗരാരോഗ്യ ദൗത്യത്തിൽ സംസ്ഥാനത്തെ എല്ലാ നഗരങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കുമോ;

(സി) എത്ര ലക്ഷം പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇതുവഴി നഗരവാസികൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എല്ലാ നഗരങ്ങളെയും ഉൾപ്പെടുത്തിയിട്ടില്ല.

(ബി) 2011-ലെ കനേഷുമാരിയനുസരിച്ച് സംസ്ഥാനത്തെ അര ലക്ഷത്തിൽ കുറയാത്ത ജനസംഖ്യയുള്ള 43 നഗരങ്ങളെയാണ് ദേശീയ നഗരാരോഗ്യ ദൗത്യത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജനസംഖ്യ മുഖ്യ മാനദണ്ഡമായി നിശ്ചയിച്ചിട്ടുള്ളതിനാൽ കൂടുതൽ നഗരങ്ങളെ ഇതിൽ ഉൾപ്പെടുത്താൻ നിവൃത്തിയില്ല.

(സി) സംസ്ഥാനത്തെ അര ലക്ഷത്തിൽ കുറയാത്ത ജനസംഖ്യയുള്ള 43 നഗരങ്ങളിലെ താമസക്കാരായ 52.21 ലക്ഷം (5221697) പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

(ഡി) രാവിലെ ഒൻപത് മണി മുതൽ രാത്രി എട്ട് മണി വരെ പ്രവർത്തിക്കുന്ന നഗര പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ സേവനമാണ് മുഖ്യമായും ലഭ്യമായിട്ടുള്ളത്. 43 നഗരങ്ങളിൽ ചേരികൾക്കും മറ്റ് സമീപത്തായി 83 നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ (Urbam Primary Health Centres) സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. താഴെപ്പറയുന്ന സേവനങ്ങളാണ് ഇവ നഗരവാസികൾക്ക് നൽകുന്നത്:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. കാലത്ത് ഒൻപത് മണി മുതൽ സൗജന്യ ലബോറട്ടറി സേവനങ്ങൾ.
2. ഉച്ചതിരിഞ്ഞു രണ്ടുമുതൽ രാത്രി എട്ട് മണി വരെ സൗജന്യ ഔട്ട് പേഷ്യന്റ് സേവനങ്ങൾ.
3. അവശ്യ മരുന്നുകൾ സൗജന്യമായി.
4. റഫറൽ സേവനങ്ങൾ.
5. ഗർഭിണികൾക്കുള്ള പ്രത്യേക സേവനങ്ങൾ.
6. ആഴ്ചതോറും ജീവിതശൈലീരോഗ ക്ലിനിക്കുകൾ.
7. ചേരികളിലും മറ്റും പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ (special outreach camps)
8. ഓരോ പതിനായിരം പേർക്ക് ഒന്ന് എന്ന ക്രമത്തിൽ നിയമിതരായിട്ടുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ (JPHNS) മുഖേനയുള്ള വീടുവീടാന്തര ആരോഗ്യ സേവനങ്ങൾ.
9. പ്രതിരോധ കുത്തിവെയ്പ്പുകൾ ഉൾപ്പെടെയുള്ള രോഗപ്രതിരോധ സേവനങ്ങൾ.
10. എല്ലാ ദേശീയ ആരോഗ്യ പരിപാടികളുടെയും ഭാഗമായുള്ള സേവനങ്ങൾ.

**പേവിഷ വാക്സിൻ വിതരണം**

174(T*2790) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യമരുന്നുകൾക്ക് ചെലവഴിക്കുന്നതിനേക്കാൾ കൂടുതൽ തുക പേവിഷ വാക്സിനിനായി ചെലവഴിക്കുന്നുണ്ടോ;

(ബി) പേവിഷ വാക്സിന്റെ വിതരണത്തെക്കുറിച്ച് ഇപ്പോഴത്തെ കൃഷി വകുപ്പ് ഡയറക്ടർ മുൻപ് ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ എന്താണ് റിപ്പോർട്ടിലെ പ്രസക്തമായ ഭാഗങ്ങളെന്നതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി ) പ്രസ്തുത റിപ്പോർട്ട് ഈ വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല.

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

**ഓട്ടോ അനലൈസറിന്റെ പ്രവർത്തനം**

175(2791) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജനറൽ ആശുപത്രിയിലെ ഓട്ടോ അനലൈസർ പ്രവർത്തനരഹിതമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പ്രവർത്തനസജ്ജമാക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി ഉപകരണം പ്രവർത്തനസജ്ജമാക്കുന്നതിന് കിർലോസ്കർ ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അറ്റകുറ്റപ്പണികൾ നടന്നുവരുന്നു.

**ജില്ലാ മലേറിയ ഓഫീസർ തസ്തിക**

176(2792) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ജില്ലാ മലേറിയ ഓഫീസർ തസ്തികയ്ക്ക് എന്ത് പ്രൊമോഷൻ അവസരമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി) അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) എന്നീ തസ്തികകളുടെ ഫീഡർ കാറ്റഗറി ആയി ജില്ലാ മലേറിയ ഓഫീസർ തസ്തികയെ അനുവദിക്കുന്നതിന് കെ.പി.എസ്.സി. അംഗീകാരം നൽകിയിട്ടും അതിന് ആവശ്യമായ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ജില്ലാ മലേറിയ ഓഫീസർ (ഹയർ ഗ്രേഡ്).

(ബി) ജില്ലാ മലേറിയ ഓഫീസർ തസ്തികയെ അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി), അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) തസ്തികകളുടെ ഫീഡർ കാറ്റഗറിയായി ഉൾപ്പെടുത്തുന്നതു സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

**ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ**

177(2793) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ എണ്ണമെത്രയെന്ന് തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഏഴ് വർഷത്തിൽ കൂടുതലായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ജോലി ചെയ്തു വരുന്ന ഉദ്യോഗസ്ഥർ എത്രയാണ്; തസ്തിക തിരിച്ച് വിശദമാക്കുമോ;

(സി) അച്ചടക്കനടപടിക്ക് വിധേയരായവരും അച്ചടക്കനടപടി നേരിടുന്നവരുമായ എത്ര ഉദ്യോഗസ്ഥർ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ജോലി ചെയ്യുന്നുണ്ട്; ഇവരുടെ പേര്, തസ്തിക എന്നിവ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) അനുബന്ധമായി ചേർക്കുന്നു.*

**വൈറൽ രോഗങ്ങൾ**

178(2794) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> :
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈറൽരോഗ പ്രതിരോധത്തിനും വൈറൽരോഗങ്ങൾ തടയുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ;

(ബി) കേന്ദ്ര സർക്കാർ അനുവദിച്ച വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്ത് എവിടെയാണ് സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുമോയെന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കൊതുകുകൾ വഴി പകരുന്ന വൈറൽ പനികളായ ഡെങ്കിപ്പനി, ചിക്കൻഗുനിയ, ജപ്പാൻ ജ്വരം തുടങ്ങിയവ പ്രതിരോധിക്കുന്നതിന് ആരോഗ്യവകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പും മറ്റു വകുപ്പുകളുമായി ചേർന്ന് മഴക്കാലപൂർവ്വ ശുചീകരണം, കൊതുകിന്റെ ഉറവിട നശീകരണം, ഡ്രൈഡേ ആചരണം ബോധവൽക്കരണം തുടങ്ങിയവ നടത്തിവരുന്നു. എച്ച്1 എൻ1 തുടങ്ങിയ വായു വഴി പകരുന്ന വൈറൽ പനികൾ പ്രതിരോധിക്കുന്നതിന് ബോധവൽക്കരണം, രോഗപരിശോധന, തൊണ്ടയിലെ സ്രവപരിശോധന തുടങ്ങിയവ നടത്തുന്നുണ്ട്. ഐ.ഡി.എസ്.പി. എച്ച്1 എൻ1 സെൽ, എൻ.വി.ബി.ഡി.സി.പി. സംവിധാനം എന്നിവ ഉപയോഗിച്ച് സബ്സെന്റർ മുതൽ വിവിധ തലങ്ങളിൽ വൈറൽരോഗങ്ങൾ ബാധിച്ചവരെ കണ്ടുപിടിക്കുകയും രോഗം സ്ഥിരീകരിക്കുകയും രോഗികൾക്ക് ശരിയായ ചികിത്സ നൽകുകയും ചെയ്തുവരുന്നു. രോഗം റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രദേശങ്ങളിൽ ദ്രുതകർമ്മസേന അന്വേഷണം നടത്തി രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നു.

(ബി) ആലപ്പുഴ ജില്ലയിൽ ഗവൺമെന്റ് റ്റി.ഡി. മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നും ഒന്നര കിലോമീറ്റർ മാറി കുറവൻതോട് എന്ന സ്ഥലത്താണ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത്.

(സി) ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ആരോഗ്യ വകുപ്പിലെ ഫയൽ**

179(2795) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ടതും, ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിൽ ജി 160705030 നമ്പർ പ്രകാരമുള്ളതുമായ ശ്രീമതി രൂപ. എം.ജെ. -യുടെ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) സെക്രട്ടേറിയറ്റിലെ ആരോഗ്യ വകുപ്പിലുള്ള ഫയൽ നമ്പർ ഇ-197/16-ൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും 7-10-2016-ൽ ലഭിച്ച ശ്രീമതി രൂപ. എം. ജെ-യുടെ 160800895-ാം നമ്പർ നിവേദനത്തിലെ ആവശ്യം സംബന്ധിച്ച ഫയൽ 197/ഇ 2/16/ ആകുവ ആരോഗ്യകുടുംബ ക്ഷേമ (ഇ) വകുപ്പിൽ നിലവിലുണ്ട്. ഇതുസംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് 7-10-2016-ൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്.

## ജനറൽ ആശുപത്രികൾ

180(2796) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനറൽ ആശുപത്രികൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രികളുടെ നടത്തിപ്പ് ചെലവുകൾക്ക് സർക്കാർ നിലവിൽ എന്ത് സഹായമാണ് നൽകുന്നതെന്നും ഈ തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിനുകീഴിലെ 15 ജനറൽ ആശുപത്രികളുടെ ഭരണ നിയന്ത്രണം അതതു പ്രദേശത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കു നൽകി സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്ക് പദ്ധതി, പദ്ധതിയേതര ഫണ്ടുകളിൽനിന്നും സർക്കാർ തുക ചെലവഴിക്കുന്നുണ്ട്.

## ജനറൽ ആശുപത്രികൾ

181(2797) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനറൽ ആശുപത്രികളെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിൽ കൊണ്ടുവരുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത തീരുമാനം എടുക്കുന്നതിനുമുമ്പ് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഡോക്ടർമാരുടെ സംഘടന ഇക്കാര്യത്തിൽ എതിർപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ;

(സി) ജനറൽ ആശുപത്രികളുടെ വികസനത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് കൂടി ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിനുകീഴിലെ 15 ജനറൽ ആശുപത്രികളുടെ ഭരണ നിയന്ത്രണം അതതു പ്രദേശത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകി സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

(ബി) ബാധകമല്ല.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിൽ കൊണ്ടുവന്നതോടെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൂടി ലഭ്യമാക്കാൻ കഴിയുന്നതാണ്.

## കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ

182(2798) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായി തുടർചികിത്സക്ക് പണമില്ലാതെ കഷ്ടത അനുഭവിക്കുന്നവരുടെ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവർക്ക് സൗജന്യ നിരക്കിൽ മരുന്ന് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികൾക്ക് കാരുണ്യ ബനവലന്റ് ഫണ്ടിൽനിന്നും രണ്ടുലക്ഷം രൂപയും പ്രധാനമന്ത്രിയുടെ ചികിത്സാ ധനസഹായത്തിൽനിന്നും രണ്ടു ലക്ഷം രൂപയും ഇൻഷ്വറൻസ് ചികിത്സാ പദ്ധതികളായ RSBY മുഖേന 30,000 രൂപയും CHIS Plus മുഖേന 70,000 രൂപയും താൽക്കാലികമായി അനുവദിക്കുന്നുണ്ട്.

## തൊടുപുഴ ജില്ലാ ആശുപത്രി

183(2799) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ ജില്ലാ ആശുപത്രിയിൽ ഡോക്ടർമാർ അടക്കമുള്ളവരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ജില്ലാ ആശുപത്രിയിൽ പുതിയ തസ്തികകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ?

ഉത്തരം

(എ) സ്പെഷ്യാലിറ്റി തസ്തികകളിലാണ് ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുള്ളത്. പ്രസ്തുത ഒഴിവുകൾ പ്രൊമോഷൻ വഴിയും ഓപ്ഷൻ മുഖേനയും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി. മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**മാതൃമരണ നിരക്ക്**

184(2800) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-11 കാലയളവിൽ കേരളത്തിലെ മാതൃമരണ നിരക്ക് എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) 2015-16 കാലയളവിൽ കേരളത്തിലെ മാതൃമരണ നിരക്ക് എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) മാതൃമരണ നിരക്ക് കുറച്ചുകൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2010-11 കാലയളവിലെ മാതൃമരണ നിരക്ക് SRS (Sample Registration System) പ്രകാരം 66 ആണ്.

(ബി) 2015-16 കാലയളവിലെ Sample Registration System പ്രകാരമുള്ള മാതൃമരണ നിരക്ക് ലഭ്യമായിട്ടില്ല. എന്നാൽ 2014-15 പ്രകാരം 61 ആണ് (1 ലക്ഷം പ്രസവത്തിൽ 61 മരണം).

(സി) കേരളത്തിലെ മാതൃമരണ നിരക്ക് 61 ആണ്. മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനായി പ്രധാനമായും താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്:

1. പ്രസവാനന്തര രക്തസ്രാവം മൂലമുള്ള മരണം കുറയ്ക്കുന്നതിനായുള്ള പദ്ധതികൾ.
2. ഗർഭകാല രക്താധിസമ്മർദ്ദം മൂലമുള്ള മരണങ്ങൾ കുറയ്ക്കുന്നതിനായുള്ള പദ്ധതികൾ.
3. അണുബാധമൂലമുള്ള മരണങ്ങൾ കുറയ്ക്കുന്നതിനായുള്ള പദ്ധതികൾ
4. മാതൃമരണങ്ങൾക്കുള്ള മറ്റ് കാരണങ്ങൾ തടയുവാനുള്ള പദ്ധതികൾ.

## പാട്ടൂർ പ്രൈമറി ഹെൽത്ത് സെന്ററിലെ ഒഴിവുകൾ

185(2801) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെങ്കിടങ്ങ് പഞ്ചായത്തിലെ പാട്ടൂർ പ്രൈമറി ഹെൽത്ത് സെന്ററിൽ അനുവദിക്കപ്പെട്ട ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും കണക്കുകൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രൈമറി ഹെൽത്ത് സെന്ററിന്റെ ഭാഗമായി നിർമ്മിക്കപ്പെട്ട ക്വാർട്ടേഴ്സിന്റെ ഉദ്ഘാടനം നടന്നതെന്നാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ക്വാർട്ടേഴ്സിൽ താമസിക്കുന്നവരുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഉദ്ഘാടനം കഴിഞ്ഞു വെറുതെകിടക്കുന്ന പ്രൈമറി ഹെൽത്ത് സെന്റർ ക്വാർട്ടേഴ്സിൽ ഡോക്ടർമാർ താമസിച്ച് സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) പ്രൈമറി ഹെൽത്ത് സെന്ററിൽ നിലവിലുള്ള ഒഴിവുകൾ നികത്താൻ അടിയന്തിര നടപടികൾ എടുക്കുമോ?

ഉത്തരം

(എ) പാട്ടൂർ പി.എച്ച്.സി.-യിൽ അനുവദിക്കപ്പെട്ട ഡോക്ടർമാരുടേയും മറ്റു ജീവനക്കാരുടേയും വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഉദ്യോഗപ്പേര് | അനുവദിച്ച എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | അസിസ്റ്റന്റ് സർജൻ | 3 |
| 2 | സ്റ്റാഫ് നഴ്സ് | 2 |
| 3 | നഴ്സിംഗ് അസിസ്റ്റന്റ് | 2 |
| 4 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 | 2 |
| 5 | ഫാർമസിസ്റ്റ് | 1 |
| 6 | പാർട്ട് ടൈം ക്ലീനർ | 1 |

| (1) | (2) | (3) |
|---|---|---|
| 7 | ക്ലർക്ക് | 1 |
| 8 | ആഫീസ് അറ്റൻഡന്റ് | 1 |
| 9 | ജെ.പി.എച്ച്.എൻ | 6 |
| 10 | ജെ.എച്ച്.ഐ ഗ്രേഡ് -1 | 1 |
| 11 | ജെ.എച്ച്.ഐ. ഗ്രേഡ്-2 | 3 |

(ബി) ക്വാർട്ടേഴ്സിന്റെ ഉദ്ഘാടനം 3-10-2015-ലാണ് നടന്നത്.

(സി) നിലവിൽ ക്വാർട്ടേഴ്സിൽ ആരും താമസിക്കുന്നില്ല.

(ഡി) ക്വാർട്ടേഴ്സിൽ കറണ്ട് കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവ ലഭ്യമായിട്ടില്ല. അവ ലഭ്യമാക്കി, താമസസൗകര്യം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്.

**ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജ്**

186(2802) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ പ്ലാസ്റ്റിക് സർജറി, വാസ്കുലർ സർജറി, ക്രിട്ടിക്കൽ കെയർ എന്നീ വിഭാഗങ്ങൾ ഇല്ലാത്തതുമൂലം റോഡപകടങ്ങളിൽപ്പെടുന്ന രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഭാഗങ്ങൾ പ്രസ്തുത മെഡിക്കൽ കോളേജിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) വണ്ടാനം മെഡിക്കൽ കോളേജിൽ സർജറി പി.ജി. സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പി.ജി. സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടെങ്കിൽ നോൺ പി.ജി. റസിഡന്റ് പോസ്റ്റുകൾ സർജറിയിലും സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റികളിലും സൃഷ്ടിക്കുമോ?

ഉത്തരം

(എ) ഇല്ല. അപര്യാപ്തതകൾ ഉണ്ടെങ്കിലും റോഡപകടങ്ങളിൽപ്പെടുന്ന രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകുന്നുണ്ട്.

(ബി) ആധുനിക സൗകര്യങ്ങളോടുകൂടിയ ക്രിട്ടിക്കൽ കെയർ യൂണിറ്റ് സജ്ജമായി വരുന്നുണ്ട്. ഡോക്ടർമാർ, നഴ്സുമാർ അടക്കമുള്ള സ്റ്റാഫുകളുടെ തസ്തിക സൃഷ്ടിക്കുന്നമുറയ്ക്ക് ക്രിട്ടിക്കൽ കെയർ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്.

(സി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി വണ്ടാനം മെഡിക്കൽ കോളേജിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന മുറയ്ക്ക് സർജറി, പി.ജി. സീറ്റുകളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടാകുന്നതാണ്.

(ഡി) നോൺ പി.ജി. റസിഡന്റ് പോസ്റ്റുകൾ സൃഷ്ടിക്കുന്നതിന് പകരമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് പി.ജി. സീറ്റുകൾ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**നെന്മാറ നിയോജക മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ പ്രവർത്തനം**

187(2803) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഓരോ ആശുപത്രികളിലും നിലവിൽ ഒ.പി. വിഭാഗം പ്രവർത്തിക്കുന്നത് ഏതൊക്കെ ദിവസങ്ങളിലാണെന്ന് വിശദമാക്കുമോ;

(സി) ഓരോ ആശുപത്രിയിലും ശരാശരി എത്ര പേർ ഒ.പി. വിഭാഗത്തിൽ എത്തുന്നുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ഓരോ ആശുപത്രികളുടേയും പ്രവർത്തനം വിലയിരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ജില്ലാതല പ്രതിമാസ അവലോകന യോഗങ്ങൾ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, രോഗ സ്ഥിതിവിവര കണക്കുകളുടെ അപഗ്രഥനം, ബ്ലോക്ക് തല പ്രതിമാസ അവലോകന യോഗങ്ങൾ, ജില്ലാതല പരിശോധനകൾ മുതലായ പ്രവർത്തനങ്ങളിലൂടെ നെന്മാറ മണ്ഡലത്തിലെ ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്തുകയും വീഴ്ചകൾ ഉണ്ടെങ്കിൽ ഉടൻ പരിഹരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) നെന്മാറ നിയോജക മണ്ഡലത്തിലെ നെന്മാറ, കൊടുവായൂർ, കൊല്ലങ്കോട്,

മുതലമട എന്നീ സർക്കാർ ആശുപത്രികളിൽ എല്ലാ ദിവസവും ഒ.പി. പ്രവർത്തിക്കുന്നുണ്ട്. ബാക്കി സ്ഥാപനങ്ങളിൽ ഞായർ, മറ്റു പൊതു അവധി ദിവസങ്ങൾ എന്നിവയൊഴികെയുള്ള ദിവസങ്ങളിൽ ഒ.പി. വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

(സി) നെന്മാറ നിയോജക മണ്ഡലത്തിലെ ആശുപത്രികളിലെ ശരാശരി ഒ.പി. താഴപ്പറയുംപ്രകാരമാണ് :

| സ്ഥാപനം | ഒ.പി (ശരാശരി) |
|---|---|
| സാമൂഹിക ആരോഗ്യ കേന്ദ്രം, നെന്മാറ | 600 |
| പ്രാഥമിക ആരോഗ്യ കേന്ദ്രം, അയിലൂർ | 80 |
| പ്രാഥമിക ആരോഗ്യ കേന്ദ്രം, നെല്ലിയാമ്പതി | 95 |
| പ്രാഥമിക ആരോഗ്യ കേന്ദ്രം, എലവഞ്ചേരി | 120 |
| പ്രാഥമിക ആരോഗ്യ കേന്ദ്രം, പല്ലശ്ശേന | 115 |
| പ്രാഥമിക ആരോഗ്യ കേന്ദ്രം, കൊല്ലങ്കോട് | 140 |
| പ്രാഥമിക ആരോഗ്യ കേന്ദ്രം, മുതലമട | 230 |
| പ്രാഥമിക ആരോഗ്യ കേന്ദ്രം, പറമ്പിക്കുളം | 15 |
| സാമൂഹിക ആരോഗ്യ കേന്ദ്രം, കൊടുവായൂർ | 350 |

(ഡി) എല്ലാ ജില്ലാതല മാസാവലോകന യോഗങ്ങളിലും നെന്മാറ നിയോജകമണ്ഡലത്തിലെ ആശുപത്രികളുടെ പ്രവർത്തനങ്ങൾ (ആശുപത്രികളിലെ സൗകര്യങ്ങൾ, ജീവനക്കാരുടെ ലഭ്യത, ഒ.പി./ഐ.പി. വിവരങ്ങൾ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, രോഗ സ്ഥിതിവിവര കണക്കുകൾ തുടങ്ങിയവ) വിലയിരുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ മാസങ്ങളിലും നടക്കുന്ന ബ്ലോക്കുതല മാസാവലോകന യോഗങ്ങളിൽ നെന്മാറ നിയോജകമണ്ഡലത്തിലെ ആശുപത്രികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരാറുണ്ട്. ഇവ കൂടാതെ ആശുപത്രികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ജില്ലാതല പരിശോധന നടത്താറുണ്ട്. ഇതുകൂടാതെ മിനിസ്റ്റീരിയൽ സ്റ്റാഫ്, സൂപ്പർവൈസർ, നഴ്സുമാർ, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻസ് തുടങ്ങി മറ്റിതര ജീവനക്കാരുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുന്നുണ്ട്.

## നൂറനാട് ലെപ്രസി സാനിട്ടോറിയം

188(2804) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് ലെപ്രസി സാനിട്ടോറിയം സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ഈ ആശുപത്രിയുടെ സ്ഥലം ആരോഗ്യവകുപ്പിന്റെ കീഴിൽ ബൃഹത്തായ പദ്ധതികൾ ആരംഭിക്കുന്നതിനായി ഉപയോഗിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാനിട്ടോറിയം ആശുപത്രിയിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഏതൊക്കെ പ്രവൃത്തികൾക്കാണ് തുക ചെലവഴിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) നൂറനാട് ലെപ്രസി സാനിട്ടോറിയം സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

(സി&ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാനിട്ടോറിയം ആശുപത്രിയിൽ ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1. | Construction of Pump House | - | 24409 |
| 2. | Diet | - | 1820413 |
| 3. | Telephone Bill | - | 7161 |
| 4. | Retired Patients pension | - | 127400 |

## നീണ്ടകര താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് മെഷീനുകൾ പ്രവർത്തിപ്പിക്കുന്നതിന് നടപടി

189(2805) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജകമണ്ഡലത്തിലെ നീണ്ടകര താലൂക്ക് ആശുപത്രിയിൽ വാങ്ങി സൂക്ഷിച്ചിരിക്കുന്ന 4 ഡയാലിസിസ് മെഷീനുകളിൽ ഒന്നുപോലും ഒരു വർഷം കഴിഞ്ഞിട്ടും പ്രവർത്തിപ്പിക്കാത്ത അനാസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നീണ്ടകര താലൂക്ക് ആശുപത്രി അധികൃതർ നിരന്തരം സാങ്കേതിക തടസ്സങ്ങൾ ഉന്നയിച്ച് പാവപ്പെട്ട രോഗികൾക്ക് കിട്ടേണ്ട ചികിത്സാ സൗകര്യം ഇല്ലാതാക്കുന്നത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇത്തരത്തിൽ ബോധപൂർവ്വമായ തടസ്സവാദങ്ങൾ ഉന്നയിച്ച് ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) നീണ്ടകര താലൂക്ക് ആശുപത്രിയിൽ KSFE യുടെ CSR fund-ഉം ബഹു. എക്സ്. എം.എൽ .എ. ശ്രീ. ഷിബു ബേബി ജോണിന്റെ ഫണ്ടും ഉപയോഗിച്ച് 5 ഡയലിസിസ് മെഷീനുകളും R.O. Plant-ഉം സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ആവശ്യമായ അനുബന്ധ ഉപകരണങ്ങളുടെയും സ്റ്റാഫിന്റെയും അപര്യാപ്തത മൂലമാണ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കാൻ കഴിയാതിരുന്നത്. അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഫണ്ട് പഞ്ചായത്ത് പ്രോജക്ട് തലത്തിൽ അപ്രൂവ് ചെയ്തിട്ടുണ്ട്. അത് എത്രയും പെട്ടെന്ന തന്നെ വാങ്ങുന്നതാണ്. ഒരു ഡോക്ടർക്കും സ്റ്റാഫ് നഴ്സിനും പരിശീലനം നൽകിയിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങിയാൽ ഉടൻ തന്നെ പ്ലാന്റ് പ്രവർത്തനക്ഷമമാകുന്നതാണ്.

**നാഷണൽ ഹെൽത്ത് മിഷന് അനുവദിച്ച സഹായം**

190(2806) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹെൽത്ത് മിഷന് ഈ വർഷം അനുവദിച്ച കേന്ദ്ര സഹായം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ; ഇതിന് സംസ്ഥാന വിഹിതം എത്ര കോടി രൂപയാണ് ഈ വർഷം അനുവദിച്ചത്;

(ബി) നാഷണൽ ഹെൽത്ത് മിഷന് ഈ വർഷം നാളിതുവരെ കേന്ദ്ര വിഹിതമായും സംസ്ഥാന വിഹിതമായും ലഭിച്ച തുക വിശദമാക്കാമോ;

(സി) 2006-2011, 2011-2016 കാലയളവിൽ നാഷണൽ ഹെൽത്ത് മിഷന് ലഭിച്ച സംസ്ഥാന വിഹിതവും കേന്ദ്രവിഹിതവും എത്രയാണെന്ന് വിശദമാക്കുമോ; തുക അനുവദിക്കുന്നതിൽ എന്തെങ്കിലും കാലതാമസമുണ്ടെങ്കിൽ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ദേശീയ ആരോഗ്യ മിഷന് ഈ സാമ്പത്തിക വർഷം (2016-17) കേന്ദ്രം അനുവദിച്ചത് 506.41 കോടി രൂപയാണ്. ഇതിൽ സംസ്ഥാന വിഹിതം 202.2 കോടി രൂപയാണ്.

(ബി) ഈ വർഷം നാളിതുവരെ കേന്ദ്ര വിഹിതമായി 226.04 കോടി രൂപ ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിലെ സംസ്ഥാന വിഹിത കുടിശ്ശികയായ 140 കോടി രൂപ ഈ സാമ്പത്തിക വർഷം ലഭ്യമാക്കിയിട്ടുണ്ട്.

(സി) 2006-2011 കാലയളവിൽ നാഷണൽ ഹെൽത്ത് മിഷന്റെ സംസ്ഥാന വിഹിതം ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ 98.58 കോടി രൂപയുടെ പ്ലാൻ ഫണ്ടുകൾ സംസ്ഥാന വിഹിതമായി കണക്കാക്കാനുള്ള സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. 2011-2016 കാലയളവിൽ നാഷണൽ ഹെൽത്ത് മിഷൻ സംസ്ഥാന വിഹിതമായി മാത്രം 297.41 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. 2006-2011 കാലയളവിൽ 832.55 കോടി രൂപയും 2011-16 കാലയളവിൽ 1224.67 കോടി രൂപയും നാഷണൽ ഹെൽത്ത് മിഷന് കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ട 120 കോടി രൂപയിൽ 70 കോടി രൂപ മാത്രമേ ആ സാമ്പത്തിക വർഷം ലഭിച്ചുള്ളൂ. ബാക്കി 2016-17 സാമ്പത്തിക വർഷത്തിലാണ് ലഭിച്ചത്.

## കാരുണ്യ ഡയാലിസിസ് സെന്റർ

191(T* 2807) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഗുരുതരമായ വൃക്കരോഗം ബാധിച്ചവരുടെ എണ്ണം വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ, കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ കാരുണ്യ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

2016-17 മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി വിവിധ തലത്തിലുള്ള 44 ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങാനുള്ള പദ്ധതിയിൽ കരുനാഗപ്പള്ളി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഇടുക്കി ജില്ലയിൽ ഡയാലിസിസ് സൗകര്യം

192(2808) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഡയാലിസിസ് ചെയ്യാൻ സൗകര്യമുള്ള എത്ര സർക്കാർ ആശുപത്രികൾ നിലവിലുണ്ട്;

(ബി) നെടുംകണ്ടം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഇടുക്കി ജില്ലയിലെ എല്ലാ താലൂക്ക് ആശുപത്രികളിലും ഈ വർഷം തന്നെ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

---

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) ഒന്ന്. തൊടുപുഴ ജില്ലാ ആശുപത്രി.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇടുക്കി ജില്ലയിൽ കട്ടപ്പന താലൂക്കാശുപത്രിയിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മണലൂർ മണ്ഡലത്തിലെ പാവറട്ടി പി.എച്ച്.സി.**

193(2809) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി.-യിൽ അനുവദിക്കപ്പെട്ട ഡോക്ടർമാർ, മറ്റു ജീവനക്കാർ എന്നിവരുടെ വിശദവിവരങ്ങൾ നൽകാമോ;

(ബി) ഇപ്പോൾ ഈ വിഭാഗങ്ങളിൽ ജോലിചെയ്യുന്നവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പി.എച്ച്.സി.-യിലെ കിടത്തി ചികിത്സക്കാവശ്യമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയാത്ത സ്ഥിതിക്ക് കാരണം എന്താണെന്ന് വിശദീകരിക്കാമോ;

(ഡി) തീരദേശ മേഖല ഉൾക്കൊള്ളുന്ന ഈ പ്രദേശത്തെ ജനങ്ങൾക്ക് ഏക ആശ്രയമായ ഈ പി.എച്ച്.സി.-യിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനും കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ആവശ്യമായ അധിക തസ്തികകൾ അനുവദിക്കുകയും ചെയ്താൽ മാത്രമേ രോഗികളെ കിടത്തി ചികിത്സിക്കാൻ സാധിക്കുകയുള്ളൂ.

(ഡി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്ന് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പരിയാരം സർക്കാർ ആയുർവ്വേദ കോളേജ്

194(2810) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജത ജൂബിലി ആഘോഷിക്കുന്ന മലബാറിലെ ഏക സർക്കാർ ആയുർവ്വേദ മെഡിക്കൽ കോളേജായ പരിയാരം സർക്കാർ ആയുർവ്വേദ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും അക്കാദമിക് നവീകരണത്തിനും ബഹു. മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിന് ഇതിനകം എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) യു.ജി. കോഴ്സിലെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വിവിധ ഫാക്കൽറ്റികളുടെ അഭാവംമൂലം ആയുർവ്വേദ മെഡിക്കൽ രംഗം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ പരിയാരത്ത് കൂടുതൽ പി.ജി. കോഴ്സുകൾ ആരംഭിക്കുവാനും, നിലവിലുള്ള നിയമനം ത്വരിതപ്പെടുത്തുവാനും നടപടി സ്വീകരിക്കുമോ;

(ഡി) പരിയാരം ആയുർവ്വേദ കോളേജിന് അനുവദിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ആയുർവ്വേദ ആശുപത്രിക്ക് ഇതുവരെയായി എത്ര രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ഇ) ഇവിടെ ഡോക്ടർമാരുടെയും ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പരിയാരം സർക്കാർ ആയുർവേദ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും അക്കാദമിക് നവീകരണത്തിനുംവേണ്ടി അദ്ധ്യാപക തസ്തികകൾ ഉൾപ്പെടെ വിവിധ തസ്തികകൾ സൃഷ്ടിക്കുന്നതിലേയ്ക്കായും പുതിയ പി.ജി. കോഴ്സുകൾ തുടങ്ങുന്നതിലേയ്ക്കായും യു.ജി. കോഴ്സിന്റെ സീറ്റ് വർദ്ധനയിലേയ്ക്കായും അധിക സാമ്പത്തിക സഹായം അനുവദിക്കുന്നതിനും ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) യു.ജി. കോഴ്സിലെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തുവാനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കൂടുതൽ പി.ജി. കോഴ്സുകൾ ആരംഭിക്കുവാനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. നിയമനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കണ്ണൂർ ഗവ. ആയുർവേദ കോളേജിനുവേണ്ടി അനുവദിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണത്തിനുവേണ്ടി 2.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2014-15, 2015-16, 2016-17 വർഷങ്ങളിൽ ബഡ്ജറ്റ് വിഹിതമായി മൂലധന ശീർഷകത്തിൽ അനുവദിച്ച 8.6 കോടി രൂപയുടെ ഭരണാനുമതിയും ടി കെട്ടിട നിർമ്മാണത്തിനുവേണ്ടി നൽകിയിട്ടുണ്ട്.

(ഇ) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആശുപത്രിയിലേയ്ക്കാവശ്യമായ തസ്തിക സൃഷ്ടിക്കുന്നത് പരിശോധിക്കുന്നതാണ്.

**മഞ്ചേരി മെഡിക്കൽ കോളേജിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിന് നടപടി**

195(2811) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽകോളേജുകളിലാണ് കാത്ത് ലാബ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) കാത്ത് ലാബ് ആരംഭിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) മലപ്പുറം ജില്ലയിലെ ഡോക്ടർ-രോഗി അനുപാതം കണക്കിലെടുത്ത് മഞ്ചേരി മെഡിക്കൽകോളേജിൽ കാത്ത് ലാബ് ആരംഭിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ മഞ്ചേരി മെഡിക്കൽ കോളേജിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഇ-174341/കെ3/2015 നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ഇ) മഞ്ചേരി മെഡിക്കൽ കോളേജിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഗവൺമെന്റ് മെഡിക്കൽ കോളേജ്, എറണാകുളം, ഗവൺമെന്റ് മെഡിക്കൽ കോളേജ്, പാരിപ്പള്ളി, ഗവൺമെന്റ് മെഡിക്കൽ കോളേജ്, തൃശ്ശൂർ.

(ബി) കാർഡിയോളജി ഡിപ്പാർട്ട്മെന്റ് പ്രവർത്തനക്ഷമമായിരിക്കണം. അടിസ്ഥാനസൗകര്യം ലഭ്യമായിരിക്കണം, രോഗികൾ കൂടുതലായി എത്തുന്നതിന്റെ ഭാഗമായി ആവശ്യകത ഉണ്ടാവുകയും വേണം.

(സി) ഉണ്ട്.

(ഡി&ഇ) മഞ്ചേരി മെഡിക്കൽ കോളേജിൽ കാത്ത് ലാബ് സ്ഥാപിക്കുന്നത് സർക്കാർ പരിശോധിച്ച് വരികയാണ്.

## സ്റ്റാഫ് നഴ്സ് പ്രൊമോഷൻ

196(2812) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II ആയി നേരിട്ട് നിയമനം ലഭിക്കുന്നവർക്ക് അടുത്ത് നൽകുന്ന പ്രൊമോഷൻ തസ്തിക ഏതാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്ന വ്യക്തിക്ക് ഗ്രേഡ് I ആയി ജോലിക്കയറ്റം ലഭിച്ചാൽ ജില്ല വിട്ട് സ്ഥലം മാറ്റുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) എൻട്രി തസ്തികയിൽ നിന്നും പ്രൊമോഷൻ ലഭിക്കുകയും തുടർന്ന് അതേ ഓഫീസിൽത്തന്നെ പലരും തുടരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പി.എസ്.സി. വഴി സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിൽ (ജില്ലാ വൈസ്) നിയമനം ലഭിച്ചവർക്ക് ഗ്രേഡ് I തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കുമ്പോൾ ഒഴിവുള്ള മറ്റ് ജില്ലകളിലേക്ക് മാറ്റം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) എൽ.ഡി. ക്ലാർക്കിന് യു.ഡി. ക്ലാർക്ക് പ്രൊമോഷൻ ലഭിക്കുമ്പോൾ ജില്ല മാറ്റി നിയമിക്കുന്നതുപോലെ സ്റ്റാഫ് നഴ്സിന്റെ കാര്യത്തിൽ ഗ്രേഡ് I പ്രൊമോഷൻ ലഭിക്കുമ്പോൾ സീനിയോരിറ്റി നഷ്ടമാകാതെ ജില്ല മാറ്റി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സ്റ്റാഫ് നഴ്സ് ഗ്രേഡ് I.

(ബി-ഇ) സ്റ്റാഫ് നഴ്സ് ഗ്രേഡ്-I തസ്തികയിലേക്ക് ജോലിക്കയറ്റം ലഭിക്കുമ്പോൾ ഒഴിവുകൾ ഉള്ള ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകിയിരുന്നു. എന്നാൽ സ.ഉ. (പി) നമ്പർ 1/91/ഉ.ഭ.പ.വ. തീയതി 7-1-1991 പ്രകാരം ജില്ലാതല നിയമനം ലഭിച്ച ജീവനക്കാർക്ക് ഗ്രേഡ് പ്രൊമോഷൻ ലഭിക്കുമ്പോൾ അവർക്ക് വ്യത്യസ്ത ഗ്രേഡുകളിൽ ജോലി സ്വഭാവം ഒന്നാണെങ്കിലും അവരെ പ്രൊമോഷനശേഷവും അതാത് ജില്ലകളിൽ തന്നെ നിലനിർത്തണമെന്നും അവരുടെ ഗ്രേഡിന്റെ അനുപാതം ജില്ലാതലത്തിൽ പരിഗണിക്കാതെ വകുപ്പിനെ ഒറ്റ യൂണിറ്റായി കണക്കാക്കി സംസ്ഥാനതലത്തിൽ അനുപാതം കർശനമായി പാലിക്കണമെന്നും

വ്യക്തമാക്കിയിട്ടുള്ളതിലാണ് സ.ഉ. (സാധാ) നമ്പർ 3844/2010/ആ.കു.വ. തീയതി 27-9-2010 പ്രകാരം ഗ്രേഡ്-I തസ്തികകൾ സംസ്ഥാനതല തസ്തികകളായി കണക്കാക്കിയിരുന്നത്. 2-3-2016-ലെ സ.ഉ. (സാധാ) നമ്പർ 741/16/ആ.കു.വ. നമ്പർ പ്രകാരം 27-9-2010 ലെ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ട്. 2-3-2016-ന് ശേഷം സ്റ്റാഫ് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നീ തസ്തികകളിലെ ഗ്രേഡ് -I നിയമനം സ.ഉ. (പി) നമ്പർ 1/91/ഉ.ഭ.പ.വ. തീയതി 7-1-1991-ന്റെ അടിസ്ഥാനത്തിൽ മാത്രം നടത്തേണ്ടതാണെന്നും അന്തർജില്ലാ സ്ഥലം മാറ്റത്തിന് ലഭിക്കുന്ന അപേക്ഷകൾ സ.ഉ. (പി) നമ്പർ 36/1991/ഉ.ഭ.പ.വ തീയതി 2-12-1991, സ.ഉ. (പി) നമ്പർ 37/1996/ഉ.ഭ.പ.വ. തീയതി 7-11-1996, സ.ഉ. (പി) നമ്പർ 42/2012/ഉ.ഭ.പ.വ. തീയതി 23-8-2012 എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

## എറണാകുളം ജനറൽ ആശുപത്രിയിൽ നെഞ്ചുരോഗ വിഭാഗം ആരംഭിക്കുന്നതിനുള്ള നടപടി

197(2813) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജനറൽ ആശുപത്രിയിൽ നെഞ്ചുരോഗ വിഭാഗം നിലവില്ലാത്തതിനാൽ ഒട്ടേറെ പ്രയാസങ്ങൾ പൊതുജനങ്ങൾക്ക് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എറണാകുളത്തെ പ്രധാന ആശുപത്രിയായ ജനറൽ ആശുപത്രിയിൽ നെഞ്ചുരോഗ വിഭാഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ;

(സി) ഇതു സംബന്ധിച്ച് ഏതെങ്കിലും അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജോലി ക്രമീകരണാടിസ്ഥാനത്തിൽ ഒരു ഡോക്ടർ, നെഞ്ചുരോഗ വിഭാഗത്തിൽ ആഴ്ചയിൽ രണ്ട് ദിവസം ജോലി ചെയ്യുന്നു.

(സി) ലഭിച്ചിട്ടില്ല.

## പൂജപ്പുര നൃത്താലയ ഹോസ്പിറ്റൽ

198(2814) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ പൂജപ്പുരയിലുള്ള നൃത്താലയ ഹോസ്പിറ്റലിന്റെ പണി പൂർത്തിയാക്കിയതിനുശേഷവും ആയത് വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ പ്രസ്തുത ഹോസ്പിറ്റൽ സന്ദർശിച്ച് അവിടുത്തെ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഇല്ല. തിരുവനന്തപുരത്തെ പൂജപ്പുരയിലുള്ള നൃത്താലയ ഹോസ്പിറ്റലിന്റെ പണി പൂർത്തിയാക്കി പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. പാരാമെഡിക്കൽ ജീവനക്കാരുടെ കുറവുണ്ടെങ്കിലും നിലവിൽ ഈ ആശുപത്രിയിലുള്ള പാരാമെഡിക്കൽ ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തി പ്രവർത്തിച്ചുവരുന്നു.

(ബി) പരിശോധിക്കുന്നതാണ്.

## സ്വകാര്യ ലാബുകളിലെ പരിശോധനാ നിരക്ക്

199(2815) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സ്വകാര്യ ലാബുകളിൽ ഒരേ പരിശോധനക്ക് വ്യത്യസ്ത നിരക്ക് ഈടാക്കുന്നു എന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) സ്വകാര്യ ലാബുകളിലെ പരിശോധനാ നിരക്ക് ഏകീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ-സി) ഉണ്ട്. നിലവിൽ സ്വകാര്യ ചികിത്സാലയങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിലല്ല. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും

പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2016-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുന്നതോടെ മാത്രമേ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുകയുള്ളൂ.

**വർക്കല പള്ളിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രം**

200(2816) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല പള്ളിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തെ സാമൂഹികാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയതിന്റെ ഭാഗമായി ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ആശുപത്രിയിൽ ഐ.പി. വിഭാഗം തുടങ്ങുന്നതിന് കെട്ടിടം നിർമ്മിച്ചിട്ടുണ്ടോ;

(സി) ഈ ആശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് ഭരണാനുമതി നല്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഭരണാനുമതി നല്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുമോ?

ഉത്തരം

(എ) വർക്കല പള്ളിക്കൽ PHC-യെ CHC- ആയി ഉയർത്തിയതിന്റെ ഭാഗമായി GO(MS)260/12/H&FWD തീയതി 4-8-2012 പ്രകാരം 12 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ജി.ഒ. (Ms) 731/12/H&FWD തീയതി 5-3-2013 പ്രകാരം 20 കിടക്കകൾ അനുവദിച്ച് കിടത്തി ചികിത്സയ്ക്ക് അനുമതി നൽകിയിട്ടുണ്ട്.

(ഡി) ബാധകമല്ല.

**സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കാൻ നടപടി**

201(2817) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികൾ രോഗികൾക്ക് ആവശ്യമില്ലാത്ത ചികിത്സയും ശസ്ത്രക്രിയയും നിർദ്ദേശിച്ച് ലാഭം കൊയ്യുന്ന എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കാൻ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സ്വകാര്യ സൂപ്പർ സ്പെഷ്യാലിറ്റി അശുപത്രികൾ അമിത ചാർജ് ഈടാക്കുന്നു എന്ന പരാതിയിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) സ്വകാര്യ ആശുപത്രികളിൽ നടക്കുന്ന തൊഴിലാളി വിരുദ്ധ നടപടികളെക്കുറിച്ചും മനുഷ്യാവകാശ വിരുദ്ധ സമീപനങ്ങൾക്കുമെതിരെ നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ-ഡി) നിലവിൽ സ്വകാര്യ ചികിത്സാലയങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിലല്ല. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2016-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുന്നതോടെ മാത്രമേ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുകയുള്ളൂ.

**സ്വകാര്യ ആശുപത്രികളിലെ സാമ്പത്തിക ചൂഷണം**

202(2818) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികൾ രോഗികളെ സാമ്പത്തികമായി ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ആശുപത്രികളിലെ ചികിത്സാ നിരക്കുകൾ ഏകീകരിക്കുന്നതിനും മാനവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ആശുപത്രികൾക്ക് സമൂഹത്തോടുള്ള ഉത്തരവാദിത്വം ഉറപ്പ് വരുത്തുന്നതിനായി നിയമനിർമ്മാണം നടത്തുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) നിലവിൽ സ്വകാര്യ ചികിത്സാലയങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിലല്ല. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2016-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുന്നതോടെ മാത്രമേ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുകയുള്ളൂ.

**സ്വകാര്യ ലബോറട്ടറികളുടെ അനധികൃത കോഴ്സുകൾ**

203(2819) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു പ്രവർത്തിക്കുന്ന സ്വകാര്യ ലബോറട്ടറികൾ എത്ര എന്നും ഇവയിൽ എത്ര സ്ഥാപനങ്ങളുടെ ലാബ് കോഴ്സുകൾക്ക് അംഗീകാരമുണ്ട് എന്നും ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) പല ലാബുകളും അംഗീകാരമില്ലാത്ത കോഴ്സുകൾ നടത്തി പഠിതാക്കളായ കുട്ടികളെ കബളിപ്പിച്ച് പണം തട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവയെ നിയന്ത്രിക്കാനും അംഗീകാരമില്ലാത്ത കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ/ലൈസൻസ് റദ്ദാക്കാനും എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) 'സേഫ് കേരള' യുടെ ഭാഗമായി ഇത്തരം ലാബുകളിൽ പരിശോധന നടത്തുകയുണ്ടായോ; പ്രസ്തുത പരിശോധനയിൽ അനധികൃത കോഴ്സുകൾ നടത്തുന്ന എത്ര സ്ഥാപനങ്ങൾ കണ്ടെത്തിയിട്ടുണ്ട്;

(ഇ) അംഗീകാരമുള്ളവയിൽ യോഗ്യരായ അദ്ധ്യാപകരുടെ കുറവ്, അംഗീകാരമുള്ളതും ഇല്ലാത്തതുമായ ഓരോ കോഴ്സിനും ഈടാക്കുന്ന ഫീസ് എന്നിവ സംബന്ധിച്ച കണ്ടെത്തലുകൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ലബോറട്ടറികളുടെ എണ്ണവും ലാബ് കോഴ്സുകളുടെ അംഗീകാരം സംബന്ധിച്ച വിവരങ്ങളും ആരോഗ്യ വകുപ്പിൽ ലഭ്യമല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്വകാര്യ ലാബുകളെ നിയന്ത്രിക്കുന്നതിനും മറ്റ് മാനദണ്ഡങ്ങൾ ഉറപ്പാക്കുന്നതിനുമുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2016-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുന്നതോടെ മാത്രമേ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുകയുള്ളൂ.

(ഡി&ഇ) ആരോഗ്യ വകുപ്പ് 'സേഫ് കേരള' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ലബോറട്ടറികളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലുള്ള ടീമുകൾ ചില അവസരങ്ങളിൽ പരിശോധന നടത്തിയിരുന്നു. ക്രമക്കേടുകൾ കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പരിശോധനയിൽ അനധികൃത കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല.

**വാഴയൂർ പ്രാഥമികാരോഗ്യ കേന്ദ്രം**

204(2820) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ വാഴയൂർ പ്രാഥമികാരോഗ്യ കേന്ദ്രം 24 മണിക്കൂറും പ്രവർത്തിക്കുന്ന വിഭാഗത്തിൽ ഉൾപ്പെടുന്നതാണോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിഭാഗത്തിൽ ഉൾപ്പെടുന്നതാണെങ്കിൽ ഇവിടെ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുവേണ്ടി ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വാഴയൂർ പി.എച്ച്.സി. 24x7 പി.എച്ച്.സി. വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്.

(ബി) വാഴയൂർ പി.എച്ച്.സി.യിലെ കിടക്കകളുടെ എണ്ണം 10 ആണ്. 10 കിടക്കകൾക്കനുസരിച്ച് ജീവനക്കാർ ഇപ്പോൾ അവിടെ നിലവിലുണ്ട്. ഈ പി.എച്ച്.സി.-യെ 24x7 ആക്കിയെങ്കിലും അതിനനുസരിച്ച് ജീവനക്കാരെ നിയമിച്ചിട്ടില്ല. ഡോക്ടർമാരെയും സ്റ്റാഫ് നഴ്സുമാരെയും മറ്റ് അനുബന്ധ ആശുപത്രി ജീവനക്കാരെയും അനുവദിക്കുന്നത് നിലവിലുള്ള കിടക്കകളുടെയും ലഭ്യമായ

സേവന സൗകര്യങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കും. 24x7 പി.എച്ച്.സി. ആയി പ്രവർത്തിപ്പിക്കണമെങ്കിൽ മിനിമം 5 ഡോക്ടർമാരും അതിനോടനുബന്ധ ജീവനക്കാരും ആവശ്യമാണ്. കൂടുതൽ സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിനെക്കാൾ വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

## സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

205(2821) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് ജില്ലാ ആശുപത്രിയുടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനം തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിനായി അനുവദിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) സാങ്കേതിക തടസ്സമൊഴിവാക്കി പ്രസ്തുത നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പ്ലാൻ ഫണ്ടിൽനിന്ന് 50 ലക്ഷം രൂപയും സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിൽനിന്ന് 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) പൂർത്തീകരിക്കാൻ ശ്രമിക്കുന്നുണ്ട്.

## കണ്ണൂർ വൻകുളത്തുവയൽ നഴ്സിംഗ് ഹോസ്റ്റലിന് പുതിയ കെട്ടിടം

206(2822) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, വൻകുളത്തുവയൽ നഴ്സിംഗ് ഹോസ്റ്റലിന് ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 4456/എം1/2016/ആരോഗ്യം നമ്പറായി സെക്രട്ടേറിയറ്റിലെ ആരോഗ്യവകുപ്പിലുള്ള ഫയലിൽ ഭരണാനുമതി നൽകുന്നതിന് നേരിടുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതിക്ക് എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) നടപടി സ്വീകരിച്ചുവരുന്നു.

**അവയവദാനം നടത്തുന്നവർക്ക് ധനസഹായം**

207(2823) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവദാനത്തിന്റെ പ്രാധാന്യം സംബന്ധിച്ച് ബോധവത്ക്കരണം നടത്തുന്നതിനും, അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വൃക്ക, കരൾ തുടങ്ങിയ അവയവങ്ങൾ ദാനം ചെയ്തവർ വിവിധ രോഗങ്ങൾക്കുള്ള ചികിൽസയ്ക്ക് പണമില്ലാതെ ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇത്തരം രോഗികൾക്ക് സൗജന്യമായി മരുന്നുകൾ നൽകുന്നതിനും, ഒരു സമാശ്വാസമെന്ന നിലയിൽ ധനസഹായം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനുംവേണ്ടി 2012-ൽ കേരള സർക്കാർ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ കേരള നെറ്റ്വർക്ക് ഫോർ ഓർഗൻ ഷെയറിംഗ്/മൃതസഞ്ജീവനി പദ്ധതിക്ക് രൂപംകൊടുത്തു. ഇതിന്റെ സംസ്ഥാനതല ഓഫീസ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തനമാരംഭിച്ചു. ഭരണ നിർവ്വഹണം സുഗമമാക്കുവാൻ സംസ്ഥാനത്തെ മൂന്ന് സോണുകളായി തരംതിരിക്കുകയും കോട്ടയം മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ സോണൽ ഓഫീസുകൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. മസ്തിഷ്ക മരണാനന്തര

അവയവദാന പദ്ധതികളായ മൃതസഞ്ജീവനിയുടെ ആഭിമുഖ്യത്തിൽ കേരളത്തിലുടനീളം ബോധവത്കരണ ക്ലാസ്സുകളും സെമിനാറുകളും ശിൽപ്പശാലകളും സംഘടിപ്പിക്കാറുണ്ട്. അവയവദാനത്തിന് താൽപ്പര്യമുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങൾവഴി വിവിധ സാംസ്കാരിക മേളകളിൽവച്ച് അവയവദാന സമ്മതപത്ര ശേഖരണവും നടത്തിവരുന്നു. പ്രശസ്ത മലയാള ചലച്ചിത്രതാരം പത്മശ്രീ മോഹൻലാലിനെ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനിയുടെ ഗുഡ്‌വിൽ അംബാസിഡറായി നിയമിച്ചിട്ടുണ്ട്. മസ്തിഷ്ക മരണാനന്തരം അവയവദാനം നൽകിയിട്ടുള്ളവരുടെ കുടുംബസംഗമം വർഷംതോറും നടത്തിവരുന്നു. കൂടാതെ മെഡിക്കൽ പാരാമെഡിക്കൽ സ്റ്റാഫ് അംഗങ്ങൾക്ക് ട്രെയിനിംഗ് പരിപാടികളും നടത്തിവരുന്നു.

(ബി) ഇല്ല.

(സി) ബാധകമല്ല.

## കായംകുളം താലൂക്കാശുപത്രിയിൽ സർജന്റെ പോസ്റ്റ് പുനഃസ്ഥാപിക്കുന്നതിന് നടപടി

208(2824) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിൽ നിലവിലുണ്ടായിരുന്ന സർജന്റെ പോസ്റ്റ് മറ്റൊരു ആശുപത്രിയിലേക്ക് ഷിഫ്റ്റ് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, നിരവധി വാഹനാപകടങ്ങൾ നടക്കുന്ന ദേശീയ പാതയോരത്ത് സ്ഥിതി ചെയ്യുന്ന ഈ ആശുപത്രിയിൽ സർജന്റെ പോസ്റ്റ് പുനഃസ്ഥാപിച്ച് സർജനെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽനിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## സിക്കിൾ സെൽ അനീമിയ

209(2825) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിക്കിൾ സെൽ അനീമിയ രോഗികൾക്ക് പ്രഖ്യാപിച്ച പെൻഷൻ എത്ര പേർക്ക് കൊടുക്കുന്നുണ്ട്;

(ബി) രോഗികളായ പട്ടിക വർഗ്ഗക്കാർക്ക് നൽകുന്ന പെൻഷൻ തുകയായ രണ്ടായിരം രൂപ മറ്റ് വിഭാഗത്തിൽപ്പെട്ട രോഗികൾക്കും നല്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സിക്കിൾ സെൽ അനീമിയ രോഗികളെ കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) സിക്കിൾ സെൽ അനീമിയ ബാധിതരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്പോട്ട് അഡ്മിഷൻ നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പദ്ധതി ആവിഷ്ക്കരിക്കുമോ?

ഉത്തരം

(എ) സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള പെൻഷൻ നിലവിൽ 47 പേർക്ക് കൊടുക്കുന്നു.

(ബി) സിക്കിൾ സെൽ അനീമിയ രോഗം ബാധിച്ച നോൺട്രൈബൽ വിഭാഗത്തിൽപ്പെട്ടവർക്ക് സാമൂഹ്യ സുരക്ഷാ മിഷനിൽനിന്നും പ്രതിമാസം 1000 രൂപ നിരക്കിൽ അനുവദിച്ചുവരുന്ന ധനസഹായം 2000 രൂപയാക്കി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(സി&ഡി) ഇപ്പോൾ പരിഗണനയിലില്ല.

**പാലക്കാട് ജില്ലാ ആയുർവ്വേദ ആശുപത്രി**

210(2826) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലാ ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ട പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

പാലക്കാട് ജില്ലാ ആയുർവ്വേദ ആശുപത്രിയോടനുബന്ധിച്ച് പഴയതും ഉപയോഗശൂന്യവുമായ ക്വാർട്ടേഴ്സ് പൊളിച്ച് പ്രസ്തുത സ്ഥലത്ത് പേവാർഡ് പണിയുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചിറ്റൂർ നിയോജക മണ്ഡലത്തിൽ ഹോമിയോ-ആയുർവ്വേദ-സിദ്ധ ഹോസ്പിറ്റലുകൾ**

211(2827) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജക മണ്ഡലത്തിലെ കൊഴിഞ്ഞാമ്പാറ കേന്ദ്രീകരിച്ച് രോഗികളെ കിടത്തി ചികിത്സിക്കുന്ന ഹോമിയോ-ആയുർവ്വേദ ഹോസ്പിറ്റലുകൾ ആരംഭിക്കുവാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ പ്രസ്തുത വിഭാഗങ്ങളുടെ ജില്ലാ അധികാരികൾ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ആയുർവ്വേദ, ഹോമിയോ, സിദ്ധ ഹോസ്പിറ്റലുകൾ ദേശീയ ആരോഗ്യ മിഷന്റെ കീഴിൽ ഉൾപ്പെടുത്തി സ്ഥാപിക്കാൻ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് വിശദമാക്കാമോ;

(സി) മേൽ പദ്ധതികൾ ആരംഭിക്കുവാൻ എന്തൊക്കെ സംസ്ഥാന - കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നിലവിലുള്ളത്;

(ഡി) പാലക്കാട് ജില്ലയിൽ ചിറ്റൂർ നിയോജക മണ്ഡലത്തിൽ ഹോമിയോ, ആയുർവേദം, തമിഴ് ന്യൂനപക്ഷങ്ങൾ ഏറ്റവും അധികം ആശ്രയിക്കുന്ന സിദ്ധ എന്നീ ഹോസ്പിറ്റലുകൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ; ഹോമിയോ, ആയുർവ്വേദം, സിദ്ധ ഹോസ്പിറ്റലുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഇവ തുടങ്ങാൻ എന്തൊക്കെ നടപടിക്രമങ്ങളാണ് ചെയ്യേണ്ടതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഭൗതിക സാഹചര്യങ്ങൾ പഞ്ചായത്ത് അധികാരികൾ ഒരുക്കിയാൽ പരിശോധിക്കുന്നതാണ്.

(സി) നിലവിൽ പദ്ധതികൾ ഇല്ല.

(ഡി) പാലക്കാട് ജില്ലയിലെ ചിറ്റൂർ നിയോജക മണ്ഡലത്തിൽ (ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറികൾ/എൻ.ആർ.എച്ച്.എം. താത്കാലിക ആയുർവേദ ഡിസ്പെൻസറികൾ) എല്ലാ പഞ്ചായത്തുകളിലും പ്രവർത്തിച്ചുവരുന്നു. ചിറ്റൂർ നിയോജക മണ്ഡലത്തിൽ ഹോമിയോ സ്ഥാപനങ്ങൾ (എൻ.എച്ച്.എം. അടക്കം) ഇല്ലാത്ത പഞ്ചായത്തുകൾ - പട്ടഞ്ചേരി, പെരുമാട്ടി, വടകരപ്പതി എന്നിവയാണ്. പുതുതായി ആയുർവേദ/ഹോമിയോ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഭൗതിക സാഹചര്യങ്ങൾ (വെള്ളം, വെളിച്ചം, ശൗചാലയം എന്നിവ) ഒരുക്കിത്തരാമെന്ന പഞ്ചായത്ത് തീരുമാനം/പ്രമേയം അത്യന്താപേക്ഷിതമാണ്. ആയത് ബന്ധപ്പെട്ട വകുപ്പുകൾക്ക് സമർപ്പിക്കുമ്പോൾ വകുപ്പ് സർക്കാരിലേക്ക് ശിപാർശ സമർപ്പിക്കുകയാണ് ചെയ്യുന്നത്.

**ഹരിപ്പാട് ജില്ലാ ആശുപത്രിക്ക് നിർമ്മിച്ച പുതിയ കെട്ടിടം**

212(2828) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആശുപത്രിയായി ഉയർത്തിയ ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗപ്പെടുത്തി നിർമ്മിച്ച പുതിയ കെട്ടിടം കരാറുകാരൻ ആശുപത്രിക്ക് കൈമാറിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത കെട്ടിടം ഏറ്റെടുത്ത് ആശുപത്രിയുടെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൈമാറിയിട്ടില്ല.

(ബി) പ്രസ്തുത കെട്ടിടം ആശുപത്രിക്ക് കൈമാറുവാനുള്ള നടപടികൾ നടന്നു വരികയാണ്.

**ജില്ലാ ആശുപത്രിയിലെ ഡോക്ടർമാരുടെ കുറവ്**

213(2829) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലാ ആശുപത്രിയിലെ ഡോക്ടർമാരുടെ കുറവ് നികത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പാലക്കാട് ജില്ലാ ആശുപത്രിയിൽ ഒഴിഞ്ഞ് കിടക്കുന്ന, സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ മൂന്ന് തസ്തികകളിൽ, അഡ്ഹോക്ക് വ്യവസ്ഥയിൽ മൂന്നുപേർ ജോലി ചെയ്തുവരുന്നു. സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ചും പ്രൊമോഷൻ മുഖേനയും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആലത്തൂർ താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ നിയമനം**

214(2830) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ആശുപത്രിയിൽ ആകെ എത്ര ഡോക്ടർ തസ്തികയാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഈ ആശുപത്രിയിൽ എത്ര ഡോക്ടർമാർ സേവനമനുഷ്ഠി ക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) ഈ ആശുപത്രിയിൽ ഡോക്ടർ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടെങ്കിൽ ആ ഒഴിവിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 16 എണ്ണം.

(ബി) 14 പേർ.

(സി) നിലവിൽ ഒഴിവുള്ള തസ്തികകളിൽ അഡ്ഹോക്ക് അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്.

## ഹീമോഫീലിയ ബാധിതരുടെ പെൻഷൻ കുടിശ്ശിക

215(2831) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹീമോഫീലിയ ബാധിതർക്ക് സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി പ്രതിമാസം നൽകിവരുന്ന പെൻഷൻ തുക കഴിഞ്ഞ കുറച്ച് മാസങ്ങളായി ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ തുക കുടിശ്ശിക തീർത്ത് എത്രയും വേഗം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഹീമോഫീലിയ രോഗബാധിതർക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നൽകിവരുന്ന പ്രതിമാസ ധനസഹായം 2016 ജൂൺ മാസം വരെയുള്ളത് അനുവദിച്ചിട്ടുണ്ട്. ടി ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ് പരിശോധിച്ചശേഷം തുടർന്നുള്ള ധനസഹായം കുടിശ്ശിക ഉൾപ്പെടെ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## കാൻസർ ചികിത്സയും ആയുർവ്വേദ മരുന്നുകളും

216(2832) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ ചികിത്സയിൽ ആയുർവ്വേദ മരുന്നുകൾക്കുള്ള പ്രാധാന്യത്തെയും, ഉപയോഗത്തെയും കുറിച്ച് ആർ.സി.സി.-യിൽ പഠനം നടക്കുന്നുണ്ടോ;

(ബി) എങ്കിൽ സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള ഏതൊക്കെ വിഭാഗങ്ങൾ ഈ പഠനവുമായി സഹകരിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇതോടൊപ്പം പാരമ്പര്യമായ അറിവുകളും, ചികിത്സാ വിധികളും ഗവേഷണ വിഷയമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആർ.സി.സി.-യിൽ ഇതുസംബന്ധിച്ച് പഠനങ്ങൾ ഒന്നും നടക്കുന്നില്ല.

(ബി&സി) ബാധകമല്ല.

## ഡയാലിസിസ് യൂണിറ്റുകൾ

217(2833) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ ആശുപത്രികളിലാണ് ഡയാലിസിസ് യൂണിറ്റുകൾ ഉള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഡയാലിസിസ് യൂണിറ്റുകളുടെ കുറവുമൂലം പാവപ്പെട്ട രോഗികൾ കഷ്ടത അനുഭവിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ജില്ലയിൽ കൂടുതൽ ഡയാലിസിസ് യൂണിറ്റുകൾ അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ജനറൽ ആശുപത്രി കാസർഗോഡ്, ഇവിടെ 10 മെഷീനുകൾ ഉണ്ട്. രണ്ട് ഷിഫ്റ്റുകളായി പ്രവർത്തിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സർക്കാരിന്റെ മാന്ദ്യ-വിരുദ്ധ പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ വിവിധ തലത്തിലുള്ള 44 ആശുപത്രികളിൽ ഡയാലിസിസ് സെന്റർ തുടങ്ങാനുള്ള പദ്ധതിയിൽ കാസർഗോഡ് ജില്ലയിലെ നീലേശ്വരം, തൃക്കരിപ്പൂർ എന്നീ താലൂക്ക് ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഓപ്പറേഷൻ മുക്തി

218(2834) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 'ഓപ്പറേഷൻ മുക്തി'യുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഇതുവരെ ഈ പദ്ധതിയുടെ കീഴിൽ എത്ര പേർക്ക് വാക്സിനേഷൻ നൽകിയിട്ടുണ്ടെന്ന കണക്കെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വാക്സിനേഷന് എതിരെ പ്രചരണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വളവന്നൂർ, ത്രിപ്പാനാച്ചി, കവന്നൂർ, പൂക്കൂർ, കുറുവാരക്കുണ്ട് എന്നീ പഞ്ചായത്ത് പ്രദേശങ്ങളിൽ ഓപ്പറേഷൻ മുക്തിവഴി പൂർണ്ണമായോ, ഭാഗികമായോ കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പ് എടുക്കാൻ സാധിച്ചു. മലപ്പുറം ജില്ലയിൽ ഓപ്പറേഷൻ മുക്തി എന്ന പരിപാടി ജനകീയാടിസ്ഥാനത്തിൽ കുത്തിവയ്പ്പ് വർദ്ധിപ്പിക്കാൻ ആരംഭിച്ച പദ്ധതിയാണ്. ഡോ. വി. ഉമ്മൻ ഫാറൂഖ്, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ചെയർമാനും, ഡോ. ബിനൂപ്, അസിസ്റ്റന്റ് പ്രൊഫസർ എം.ഇ.എസ്. മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ കൺവീനറായും ഒരു കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഇവർക്കുവേണ്ടി സാമ്പത്തിക സഹായം ഒഴികെ എല്ലാ സഹായ സഹകരണവും മാർഗ്ഗനിർദ്ദേശങ്ങളും ഓപ്പറേഷൻ മുക്തി എന്ന പരിപാടിക്ക് നൽകിവരുന്നുണ്ട്.

(ബി) പൂർണ്ണമായും പ്രതിരോധ കുത്തിവയ്പ്പ് എടുക്കാത്ത 35 പേർക്കും ഭാഗികമായ പ്രതിരോധ കുത്തിവയ്പ്പ് എടുക്കാത്ത 650 പേർക്കും ഈ പദ്ധതി പ്രകാരം കുത്തിവയ്പ്പ് നൽകാൻ സാധിച്ചിട്ടുണ്ട്.

(സി) ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ തരം ബോധവത്കരണ പ്രചരണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. പത്രമാധ്യമങ്ങളിലൂടെ വാർത്തകൾ, റേഡിയോ ടി.വി. ചാനലുകൾ, കേബിൾ ടി.വി. മുതലായവയിലൂടെ വാർത്തകൾ, അറിയിപ്പുകൾ, പരസ്യങ്ങൾ എന്നിവയും ഫീൽഡ്തല ഉദ്യോഗസ്ഥരിലൂടെ ആശ, അംഗൻവാടി, സന്നദ്ധ സംഘടനകൾ, സബ് സെന്ററുകൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സ്കൂൾ, കോളേജുകൾവഴി ചർച്ചാക്ലാസ്സുകൾ, മീറ്റിംഗുകൾ, സെമിനാറുകൾ എന്നീ പ്രവർത്തനങ്ങളും നടത്തി. കൂടാതെ, ഡോക്ടർമാരുടെ സംഘടനകൾ, സ്വകാര്യ ആശുപത്രികൾ, സാമൂഹിക സന്നദ്ധ സംഘടനകൾ, എന്നിവയിലൂടെയും വാക്സിനേഷൻ നടത്താത്തതിനും അതിന്റെ ആവശ്യകത ബോധിപ്പിക്കുന്നതിനും മീറ്റിംഗുകൾ, ക്ലാസ്സുകൾ എന്നീ പ്രവർത്തനങ്ങൾ നടത്തി. കൂടാതെ, പോസ്റ്ററുകൾ, നോട്ടീസുകൾ ചെറിയ ഹോർഡിംഗുകൾ എന്നിവയും ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ചെയ്തിട്ടുണ്ട്. ഭരണതലത്തിൽ സംസ്ഥാനതലത്തിലും ജില്ലാ ബ്ലോക്ക്തലത്തിലും വിവിധ തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ റിവ്യൂ മീറ്റിംഗുകൾ നടത്തി. വാക്സിനേഷൻ സംബന്ധമായ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വാക്സിനേഷൻ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനതലത്തിൽ അഡ്വൈസറി ഗ്രൂപ്പ് രൂപീകരിച്ച് ഇമ്മ്യൂണൈസേഷൻ സംബന്ധിച്ച തന്ത്രം രൂപംകൊടുക്കുകയും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ജില്ലാതലത്തിൽ ജില്ലാ ഭരണകൂടവും ജില്ലയിലെ ആരോഗ്യവകുപ്പും സംയുക്തമായി വാക്സിനേഷൻ പ്രവർത്തനങ്ങൾ

അവലോകനം നടത്തുകയും വാക്സിനേഷൻ ഊർജ്ജിതമാക്കുന്നതിനുവേണ്ട പ്രവർത്തന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു. താഴെത്തട്ടിൽ വാർഡ്, ആശ അംഗൻവാടി തലങ്ങളിൽ വാക്സിനേഷൻ ഫലവത്തായി നടത്തുന്നതിനും ഊർജ്ജിതമാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മെഡിക്കൽ ഓഫീസർ, ഫീൽഡ് സ്റ്റാഫ്, സൂപ്പർവൈസർമാർ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഐ.എം.എ., ഐ.എ.പി., ക്വാളിഫൈഡ് പ്രൈവറ്റ് മെഡിക്കൽ പ്രാക്ടീഷനേഴ്സ് അസോസിയേഷൻ തുടങ്ങിയ ഡോക്ടർമാരുടെ സംഘടനകളെയാണ് പ്രധാനമായും ഇതിനുവേണ്ടി പ്രയോജനപ്പെടുത്തിയിട്ടുള്ളത്. കൂടാതെ വിവിധ ജില്ലകളിൽ പ്രാദേശികമായി പ്രവർത്തിക്കുന്ന മതസാമൂഹിക സന്നദ്ധ സംഘടനകളെയും വാക്സിനേഷൻ ബോധവത്കരണ പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

**മാവേലിക്കര ജില്ലാ ആശുപത്രിക്ക് പുതിയ കെട്ടിട സമുച്ചയം**

219(2835) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയ്ക്ക് പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് 33 കോടി രൂപയുടെ പദ്ധതി പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) നബാർഡ് പ്രസ്തുത പദ്ധതിക്കാവശ്യമായ തുക ലഭ്യമാക്കുന്നില്ലെങ്കിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) മാവേലിക്കര ജില്ലാ ആശുപത്രിക്ക് പുതിയ കെട്ടിട സമുച്ചയം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതുസംബന്ധിച്ച് 33 കോടി രൂപയുടെ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ഒരു നിർദ്ദേശം ആരോഗ്യവകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ നബാർഡ് മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ഓരോ ആശുപത്രിയ്ക്കും പ്രത്യേകം പ്രത്യേകം പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി എസ്റ്റിമേറ്റ് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് തിരിച്ചയച്ചിരിക്കുകയാണ്.

**നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രി**

220(2836) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം ആരംഭിക്കുന്നതിനുള്ള എല്ലാ ആധുനിക സൗകര്യങ്ങളും പരവൂർ നഗരസഭ ഒരുക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താൻ നിരവധി നിവേദനങ്ങൾ നൽകിയെങ്കിലും (ഫയൽ നമ്പർ 6115/MZ/15) നാളിതുവരെ അവ അനുവദിക്കാത്തത് എന്തുകൊണ്ടാണെന്നും പ്രസ്തുത തസ്തികകൾ സൃഷ്ടിക്കാൻ തടസ്സമായി നിൽക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) തസ്തികകൾ സൃഷ്ടിച്ച്, നഗരസഭയൊരുക്കിയ സൗകര്യങ്ങൾ ജനങ്ങൾക്ക് ഉപയോഗപ്രദമാക്കുവാൻ അടിയന്തരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ 18 (പതിനെട്ട്) അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് 18-1-2016-ൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പുതിയ ശമ്പള സ്കെയിലുകളുടെ അടിസ്ഥാനത്തിൽ വീണ്ടും തയ്യാറാക്കി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ഇതുവരെ ലഭിച്ചിട്ടില്ല.

**നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രി**

221(2837) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ മുൻസർക്കാരിന്റെ കാലത്ത് ഏതെങ്കിലും തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സ്പെഷ്യാലിറ്റി കേഡറിലുള്ള ജീവനക്കാരുടെ കുറവുമൂലം പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം സുഗമമായി നടത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ, പുതിയ തസ്തിക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പുതിയ തസ്തിക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് നെടുങ്ങോലം രാമറാവു മെമ്മോറിയൽ ആശുപത്രിയിൽ ഒരു ദന്തൽ അസിസ്റ്റന്റ് സർജന്റെയും ഒരു ദന്തൽ ഹൈജീനിസ്റ്റിന്റെയും തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(ബി&സി) നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്കാശുപത്രിയിൽ 18 (പതിനെട്ട്) അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് 18-1-2016-ൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പുതിയ ശമ്പള സ്കെയിലുകളുടെ അടിസ്ഥാനത്തിൽ വീണ്ടും തയ്യാറാക്കി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ഇതുവരെ ലഭിച്ചിട്ടില്ല.

**കൊതുകുജന്യ രോഗങ്ങൾ**

222(2838) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊതുകുജന്യ രോഗങ്ങൾ ഏറിവരുന്നത് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പ്രത്യേകിച്ചും തെക്കൻ ജില്ലകളിൽ ഡെങ്കിപ്പനി ബാധിതരുടെ എണ്ണം കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ജില്ലകളിൽ കൊതുകിന്റെ സാന്ദ്രത കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കൊതുക് നിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമാകാത്തതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കൊതുകുജന്യ രോഗങ്ങൾ 2014-15-നെ അപേക്ഷിച്ച് ഈ വർഷം കൂടുതലാണെങ്കിലും 2013-നേക്കാൾ കുറവാണ്. പ്രതിവാര പ്രതിമാസ വാർഷിക യോഗങ്ങളിലും അടിയന്തര യോഗങ്ങളിലും വിവിധ തലങ്ങളിൽ ഇത് വിലയിരുത്തി വേണ്ട നിയന്ത്രണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്ത് പ്രത്യേകിച്ചും തെക്കൻ ജില്ലകളിൽ ഡെങ്കിപ്പനി 2014-15-നെ അപേക്ഷിച്ച് കൂടുതലാണ്. എങ്കിലും 2013-നേക്കാൾ വളരെ കുറവാണ്. കൊതുകുകളുടെ സാന്ദ്രത കുറയ്ക്കുന്നതിന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും

ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലെ ഉദ്യോഗസ്ഥരും സർവ്വെ നടത്തി കൊതുകുസാന്ദ്രത കൂടുതലുള്ള സ്ഥലങ്ങൾ കണ്ടുപിടിച്ച് അവിടെ ഊർജ്ജിതമായ കൊതുക നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതുകൂടാതെ കൊതുകുകളുടെ ഉറവിടനശീകരണ കാമ്പെയിനുകൾ, ഡ്രൈഡേ ആചരണം, കൂത്താടി നാശിനി സ്പ്രേയിംഗ്, ഫോഗിംഗ് തുടങ്ങിയവ നടത്തിയും കൊതുകുനിയന്ത്രണം പ്രാവർത്തികമാക്കിവരുന്നു.

(സി) വിലയിരുത്തിയിട്ടുണ്ട്. കാലാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ, വേനൽമഴ, ഒറ്റപ്പെട്ട മഴ, മാലിന്യ നിർമ്മാർജ്ജനത്തിലെ അപര്യാപ്തത, വർദ്ധിച്ച വരുന്ന നഗരവത്കരണവും ഗതാഗതസൗകര്യവും കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ, ജല ദൗർലഭ്യംമൂലം ജലം ശേഖരിച്ചുവയ്ക്കേണ്ടിവരുന്നത്, കൊതുകുകൾ കീടനാശിനിക്കെതിരെ പ്രതിരോധശേഷി ആർജ്ജിക്കുന്നത്, ജനപ്പെരുപ്പവും ജീവിതശൈലിയും തുടങ്ങിയവ കൊതുകുനിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമാകാത്തതിന് കാരണമാകുന്നുണ്ട്.

**കാസർഗോഡ് ജില്ലയിലെ കാൻസർ രോഗവർദ്ധന**

223(2839) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാസർഗോഡ് ജില്ലയിൽ എത്ര കാൻസർ രോഗികൾ ഉണ്ടെന്നുള്ളതു സംബന്ധിച്ച വിവരം ലഭ്യമാണോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഇത് സംബന്ധിച്ച് മലബാർ കാൻസർ കെയർ സൊസൈറ്റി പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ജില്ലയിലെ കാൻസർ രോഗികളുടെ വർദ്ധന സംബന്ധിച്ച് പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു പ്രത്യേക മേഖലയിൽ അർബുദ രോഗം കൂടിവരുന്നുണ്ടോ എന്നതിനെ സംബന്ധിച്ച് നാളിതുവരെ പഠനങ്ങളൊന്നുംതന്നെ നടത്തിയിട്ടില്ല. എന്നാൽ വിവിധ ആശുപത്രികളിൽ ചികിത്സയ്ക്കെത്തിയ രോഗികളുടെയും തുടർ ചികിത്സയ്ക്കെത്തിയവരുടെയും കണക്ക് പരിശോധിച്ചാൽ കാൻസർ രോഗം വർദ്ധിച്ചുവരുന്നതായി കാണുന്നു.

(ബി) കാസർഗോഡ് ജില്ലയിൽനിന്നും കാൻസർ ചികിത്സയ്ക്കായി വിവിധ ആശുപത്രികളിൽ എത്തിയവരുടെ കണക്കുകൾ ചുവടെ ചേർക്കുന്നു:

1. കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസറുടെ കാൻസർ രജിസ്റ്റർ പ്രകാരം 664 കാൻസർ രോഗികൾ പ്രസ്തുത ജില്ലയിൽനിന്നും ചികിത്സ തേടിയിട്ടുണ്ട്.

2. കാസർഗോഡ് ജില്ലയിൽനിന്നും മലബാർ കാൻസർ സെന്ററിൽ 2011 മുതൽ 2014 വരെ ആകെ 1757 കാൻസർ രോഗികൾ ചികിത്സ തേടിയിട്ടുണ്ട്.

3. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ കഴിഞ്ഞ 14 വർഷത്തെ കണക്കുകൾ പ്രകാരം ആകെ 1936 രോഗികൾ കാസർഗോഡ് ജില്ലയിൽനിന്നും ചികിത്സ തേടിയിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് പ്രത്യേക പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(ഡി) പരിശോധിക്കുന്നതാണ്.

**മാവേലിക്കര ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി**

224(2840) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയിൽ നിലവിലുണ്ടായിരുന്ന തസ്തികകളായ വിഷ ചികിത്സാ ഡോക്ടർ, ഫിസിയോതെറാപ്പിസ്റ്റ്, ക്ലാർക്ക് എന്നിവ നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികകൾ പുനഃസ്ഥാപിച്ച് നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിലെ ചികിത്സാ സൗകര്യങ്ങൾ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) അപര്യാപ്തകൾ പരിഹരിച്ച് ആശുപത്രി പൂർണ്ണ പ്രവർത്തന സജ്ജമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ; ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയിൽ നിലവിൽ ഫിസിയോ തെറാപ്പിസ്റ്റ്, ക്ലാർക്ക് എന്നീ തസ്തികകൾ നിലവിലില്ല. നിലവിലുണ്ടായിരുന്ന വിഷ ചികിത്സാ ഡോക്ടറുടെ തസ്തിക 28-2-2011-ലെ സർക്കാർ ഉത്തരവു പ്രകാരം മർമ്മ തസ്തികയാക്കി നെടുമങ്ങാട് ആയുർവ്വേദ ആശുപത്രിയിലേക്ക് മാറ്റിയിട്ടുണ്ട്.

(ബി) വിഷ ചികിത്സാ ഡോക്ടറുടെ തസ്തിക പുനഃസ്ഥാപിക്കുന്നത് സർക്കാർ പരിശോധിച്ചുവരുന്നു.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ 20 കിടക്കകളുള്ള ടി ആശുപത്രി 30 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

**വലിയകുന്ന് താലൂക്കാശുപത്രിയിലെ ഗൈനക്കോളജി വിഭാഗം**

225(2841) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ഗൈനക്കോളജി വിഭാഗം പ്രവർത്തിച്ചു തുടങ്ങിയെങ്കിലും നഴ്സുമാരില്ലാത്തത് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ എൻ.എച്ച്.എം. മുഖേനയെങ്കിലും നഴ്സുമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളിൽ എല്ലാം നഴ്സുമാർ ജോലി ചെയ്തുവരുന്നു.

(ബി) എൻ.എച്ച്.എം. വഴി 4 സ്റ്റാഫ് നഴ്സുമാർ ഇവിടെ ജോലി ചെയ്തുവരുന്നു.

**നിലമ്പൂർ ജില്ലാശുപത്രിയിൽ ബ്ലഡ് ബാങ്ക്**

226(2842) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ലാശുപത്രിയിൽ ബ്ലഡ് ബാങ്ക് അനുവദിക്കുന്നതിനുള്ള അപേക്ഷയിൻമേലുള്ള നടപടി എന്തായെന്ന് വിശദീകരിക്കാമോ;

(ബി) നിലമ്പൂർ ജില്ലാശുപത്രിയുടെ സമഗ്രവികസനത്തിനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; ആദിവാസിമേഖലയായതിനാൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് തുടങ്ങുന്നതിനുള്ള അപേക്ഷ നിലവിലില്ല. എന്നാൽ ബ്ലഡ് സ്റ്റോറേജ് പെർമിറ്റ് 10-7-2017 വരെ പുതുക്കി നൽകിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## തളിപ്പറമ്പ് താലൂക്കാശുപത്രി ജില്ലാ ആശുപത്രിയാക്കാൻ നടപടി

227(2843) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയാക്കാനും ഇരിക്കൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയാക്കാനും മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതു തീയതികളിലാണ് ഈ തീരുമാനങ്ങളെടുത്തത്;

(സി) ഇതിന്റെ ഉത്തരവുകൾ പുറപ്പെടുവിച്ചോ; എങ്കിൽ പകർപ്പ് നൽകുമോ;

(ഡി) ഇതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തളിപ്പറമ്പ് താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയാക്കുന്നതിനുള്ള സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. 16-11-2015-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 261/2015/ആ.കു.വ. പ്രകാരം ഇരിക്കൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ കാഷ്വാലിറ്റി യൂണിറ്റോടുകൂടിയ താലൂക്കാശുപത്രിയായി ഉയർത്തുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 23-9-2015-ലെ മന്ത്രിസഭാ യോഗ തീരുമാനം.

(സി) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ഡി) വിവിധ തലങ്ങളിലുള്ള ആശുപത്രികളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് പൊതുവായ മാനദണ്ഡം നിർദ്ദേശിച്ചതിനുശേഷം സമർപ്പിക്കുന്ന സമാഹൃത പ്രൊപ്പോസലിൽ ഇരിക്കൂർ താലൂക്ക് ആശുപത്രിയെയും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## മലപ്പുറത്ത് അനുവദിച്ച പബ്ലിക് ഹെൽത്ത് ലാബ്

228(2844) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്ത് അനുവദിച്ച പബ്ലിക് ഹെൽത്ത് ലാബിന്റെ തസ്തിക നിർണ്ണയം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ ലാബിന്റെ പ്രവർത്തനം ആരംഭിക്കാൻ മിനിമം വേണ്ടുന്ന ജീവനക്കാരുടെയും, തസ്തികകളുടെയും എണ്ണം എത്രയെന്ന് വിശദമാക്കാമോ;

(സി) തസ്തിക നിർണ്ണയം പൂർത്തിയാക്കി എത്രയും വേഗം ലാബിന്റെ പ്രവർത്തനം ആരംഭിക്കുമോ?

<u>ഉത്തരം</u>

(എ) ന്യൂ സർവ്വീസ് പ്രൊസീജിയർ പ്രകാരം തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

| | | | |
|---|---|---|---|
| (ബി) | മെഡിക്കൽ ഓഫീസർ | - | 1 |
| | ജൂനിയർ സയന്റിഫിക് ഓഫീസർ | - | 2 |
| | ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 | - | 4 |
| | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 | - | 2 |
| | ജൂനിയർ ലാബ് അസിസ്റ്റന്റ് | - | 2 |
| | എൽ. ഡി. ക്ലാർക്ക് | - | 1 |
| | പ്യൂൺ | - | 1 |

(സി) തസ്തിക സൃഷ്ടിക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

## ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറികൾ/എൻ.എച്ച്.എം. ഡിസ്പെൻസറികൾ

229(2845) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് എത്ര പഞ്ചായത്തുകളിൽ ഗവൺമെന്റ് ആയുർവ്വേദഡിസ്പെൻസറികൾ/എൻ.എച്ച്.എം.ഡിസ്പെൻസറികൾ സ്ഥാപിച്ചിട്ടുണ്ട്; എത്ര പഞ്ചായത്തുകളിൽ ആയുർവ്വേദ ഡിസ്പെൻസറികൾ സ്ഥാപിക്കാനുണ്ട്;

(ബി) ബാക്കി ആയുർവ്വേദ ഡിസ്പെൻസറികൾ എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ കാലത്ത് 77 പഞ്ചായത്തുകളിൽ ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറികളും 16 എൻ.എച്ച്.എം. ആയുർവേദ ഡിസ്പെൻസറികളും സ്ഥാപിച്ചിട്ടുണ്ട്. ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറികൾ/എൻ.എച്ച്.എം. ഡിസ്പെൻസറികൾ ഇല്ലാത്ത നാല് പഞ്ചായത്തുകളിൽ ഇനി ആയുർവ്വേദ ഡിസ്പെൻസറികൾ സ്ഥാപിക്കാനുണ്ട്.

(ബി) ഈ സാമ്പത്തിക വർഷംതന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## പാരിപ്പള്ളി മെഡിക്കൽ കോളേജ്

230(2846) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാരിപ്പള്ളി മെഡിക്കൽ കോളേജ് സംബന്ധമായി 26-9-2016-ലെ 231-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ കെട്ടിടങ്ങളുടെ താക്കോലുകളും യന്ത്രോപകരണങ്ങളുടെ വിവരങ്ങളും ഇ.എസ്.ഐ. കോർപ്പറേഷൻ കൈമാറിയിട്ടില്ലെന്നും ഡൽഹി ഹൈക്കോടതിയുടെ ഒരു സ്റ്റേ ഉത്തരവുള്ളതിനാൽ പ്രസ്തുത മെഡിക്കൽകോളേജ് കൈമാറൽ പ്രക്രിയ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണെന്നും വ്യക്തമാക്കിയിട്ടുള്ളതിനാൽ പ്രസ്തുത സ്റ്റേ അടിയന്തരമായി നീക്കിക്കിട്ടാനും മെഡിക്കൽ കോളേജ് കൈമാറ്റ പ്രക്രിയ അടിയന്തരമായി പൂർത്തിയാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

### ഉത്തരം

ഡൽഹി ഹൈക്കോടതിയുടെ ഒരു സ്റ്റേ ഉത്തരവ് ചൂണ്ടിക്കാണിച്ചുകൊണ്ട് മെഡിക്കൽ കോളേജ് കൈമാറൽ പ്രക്രിയ താൽക്കാലികമായി നിർത്തിവയ്ക്കാനുള്ള ഇ.എസ്.ഐ. കോർപ്പറേഷൻ ആസ്ഥാനത്തുനിന്നുള്ള നിർദ്ദേശം പാരിപ്പള്ളി ഇ.എസ്.ഐ. കോർപ്പറേഷൻ ആശുപത്രി സൂപ്രണ്ടിനെ സെപ്റ്റംബറിൽ അറിയിക്കുകയുണ്ടായി. കേരള സർക്കാർ ഈ കേസിൽ കക്ഷിയല്ലാത്തതിനാൽ സ്റ്റേ ഉത്തരവ് പിൻവലിക്കുവാനായി ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിതലത്തിൽ ഇ.എസ്.ഐ. കോർപ്പറേഷൻ ആസ്ഥാനവുമായി നിരന്തരം ബന്ധപ്പെടുകയുണ്ടായിട്ടുണ്ട്. ഒക്ടോബർ മാസം മൂന്നാം തീയതി ഈ കേസ് ഡൽഹി ഹൈക്കോടതി പരിഗണിക്കുകയും ഇ.എസ്.ഐ. കോർപ്പറേഷനും കേരള സർക്കാരും തമ്മിലുള്ള കരാർ പ്രകാരം മെഡിക്കൽ കോളേജ് കൈമാറൽ പ്രക്രിയ തുടരുവാൻ യാതൊരു തടസ്സവുമില്ല എന്ന് ഭേദഗതി വരുത്തിയ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കൈമാറൽ പ്രക്രിയ പൂർത്തിയാക്കുവാനായി ഇ.എസ്.ഐ. കോർപ്പറേഷൻ ആസ്ഥാനത്തു നിന്നും പാരിപ്പള്ളി ഇ.എസ്.ഐ. കോർപ്പറേഷൻ ആശുപത്രി സൂപ്രണ്ടിന് ഒക്ടോബർ മാസം 14-ാം തീയതി നിർദ്ദേശം ലഭിക്കുകയും അതിലേയ്ക്കായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നുള്ള പ്രക്രിയകൾ ത്വരിതമായി നടപ്പിലാക്കുമെന്ന് അറിയിച്ചുകൊള്ളുന്നു.

## ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രി

231(2847) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ കെട്ടിട സൗകര്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആരോഗ്യ വകുപ്പ് പ്ലാൻ ഫണ്ട് വിനിയോഗിച്ച് പ്രസ്തുത ആശുപത്രിയിൽ കെട്ടിടം നിർമ്മിക്കാൻ തീരുമാനിച്ചതുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് ബി സെക്ഷനിൽ 837336-ാം നമ്പർ ഫയലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യവുമില്ലാതെ ബുദ്ധിമുട്ടുന്ന ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ കെട്ടിട നിർമ്മാണത്തിന് എത്രയും പെട്ടെന്ന് ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. ആറ്റിങ്ങൽ താലൂക്കാശുപത്രിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള ആരോഗ്യ വകുപ്പിനുകീഴിലുള്ള പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ആരോഗ്യ കുടുംബക്ഷേമ(പി) വകുപ്പിന്റെ 837336/പി3/2016/ആ.കു.വ. നമ്പർ ഫയലിൽ പരിശോധിച്ചു വരികയാണ്.

**കാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**

232(2848) <u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ നിർദ്ദിഷ്ട കാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) ഹോസ്പിറ്റൽ സർവ്വീസസ് കൺസൾട്ടൻസി കോർപ്പറേഷൻ തയ്യാറാക്കിയ പഠന റിപ്പോർട്ട് എന്നാണ് സർക്കാരിന് ലഭിച്ചത്; പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(സി) എത്ര കോടി രൂപയാണ് പ്രസ്തുത പദ്ധതിക്ക് ആവശ്യമായിട്ടുള്ളത്; കിഫ്ബിയിൽ നിന്ന് പദ്ധതിക്ക് പണം അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) കാൻസർ രോഗികൾക്ക് കുറഞ്ഞ ചെലവിൽ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനായി പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് യാഥാർത്ഥ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സ്ഥാപനം മൂന്നുഘട്ടങ്ങളിലായി പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ കൊച്ചി മെഡിക്കൽ കോളേജ് കാമ്പസ്സിലെ സൗകര്യങ്ങൾ പരമാവധി ഉപയോഗിച്ച് ഒ.പി. വിഭാഗം സജ്ജമാക്കാനും കാമ്പസ്സിനോട് ചേർന്ന് 12.12 ഏക്കർ ഏറ്റെടുത്തു. അവിടെ 188 കിടക്കകളുള്ള ആശുപത്രി രണ്ടാം

ഘട്ടത്തിൽ നിർമ്മിക്കാനും വീണ്ടും 184 കിടക്കകൾ കൂടിച്ചേർത്ത മൂന്നാം ഘട്ടം പൂർത്തിയാക്കാനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഒന്നാംഘട്ടം പൂർത്തിയാക്കുന്നതിന്റെ ഭാഗമായുള്ള മരാമത്ത് പണികൾ അവസാന ഘട്ടത്തിലാണ്. ഒ.പി. വിഭാഗം പ്രവർത്തന ക്ഷമമാക്കുന്നതിനാവശ്യമായ ഉപകരണങ്ങളും മരുന്നുകളും കെ.എം.എസ്. സി.എൽ. മുഖേന സമാഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രിക്കാവശ്യമായ ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും സേവനം ലഭ്യമാക്കുന്ന വിഷയത്തിലും നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) ഹോസ്പിറ്റൽ സർവ്വീസസ് കൺസൾട്ടൻസി കോർപ്പറേഷൻ തയ്യാറാക്കിയ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല. 2014 ആഗസ്റ്റിൽ ഹോസ്പിറ്റൽ സർവ്വീസസ് കൺസൾട്ടൻസി കോർപ്പറേഷൻ ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പുതിയ ആശുപത്രി സമുച്ചയം നിർമ്മിക്കുന്നതിന് 482 കോടി രൂപ ചെലവഴിച്ച് ഒറ്റഘട്ടമായി പദ്ധതി നടപ്പാക്കുന്നതിനായുള്ള പ്രോജക്ട് റിപ്പോർട്ട് ആണ് 2014-ൽ ഹോസ്പിറ്റൽ സർവ്വീസസ് കൺസൾട്ടൻസി കോർപ്പറേഷൻ (എച്ച്.എസ്.സി.സി.എൽ.) സമർപ്പിച്ചിരുന്നത്. എന്നാൽ ഡി.പി.ആർ. അപര്യാപ്തമായതിനാൽ ആർ.സി.സി., എം.സി.സി. എന്നീ സർക്കാർ സ്ഥാപനങ്ങളുടെ മേധാവികളുമായി ചർച്ച ചെയ്ത് അനുയോജ്യമായ ഡി.പി.ആർ. തയ്യാറാക്കാൻ സ്പെഷ്യൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡി.പി.ആർ. പരിശോധിച്ച് അത് കിഫ്ബിയുടെ മാനദണ്ഡങ്ങൾ പൂർത്തീകരിക്കുമെങ്കിൽ പ്രസ്തുത ഏജൻസിക്ക് സമർപ്പിക്കുന്നതാണ്.

(ഡി) കൊച്ചിൽ കാൻസർ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**വെങ്കിടങ്ങ് പഞ്ചായത്തിലെ പാട്ടൂർ പി.എച്ച്.സി.യിൽ കിടത്തി ചികിത്സ**

233(2849) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെങ്കിടങ്ങ് പഞ്ചായത്തിലെ പാട്ടൂർ പി.എച്ച്.സി.-യിൽ കിടത്തി ചികിത്സക്കായി പത്ത് കിടക്കകൾ തയ്യാറാക്കിയിട്ടും കിടത്തി ചികിത്സ നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാട്ടൂർ പി.എച്ച്.സി.-യിൽ കിടത്തി ചികിത്സ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ എടുക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) കിടത്തി ചികിത്സയ്ക്കായുള്ള പത്ത് കിടക്കകളുടെ ഉദ്ഘാടനം നടന്നതെന്നാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ മിനി പി.എച്ച്.സി. ആയ പാട്ടൂർ പി.എച്ച്.സി.-യിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്താൽ മാത്രമെ കിടത്തി ചികിത്സ ആരംഭിക്കാൻ കഴിയുകയുള്ളൂ. വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് വകുപ്പിന്റെ മുൻഗണനാ വിഷയം.

(സി) 2004-ലാണ് ഉദ്ഘാടനം കഴിഞ്ഞത്.

**കൊട്ടാരക്കര താലൂക്കാശുപത്രിയിൽ തസ്തിക സൃഷ്ടിക്കൽ**

234(2850) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ലബോറട്ടറി ടെക്നീഷ്യന്റെ ഒരു തസ്തിക കൂടിയും ഫാർമസി സ്റ്റോർ സൂപ്രണ്ട് തസ്തികയും സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 7-10-2016-ലെ സ.ഉ.(എംഎസ്.)നമ്പർ 192/2016 ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട 204 ലാബ് ടെക്നീഷ്യൻ തസ്തികയിൽ ഒരെണ്ണം കൊട്ടാരക്കര താലൂക്കാശുപത്രിക്ക് അനുവദിച്ചിട്ടുണ്ട്. ഫാർമസി സ്റ്റോർ സൂപ്രണ്ട് തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

**വാക്സിനേഷൻ ബോധവത്കരണം**

235(2851) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാക്സിനേഷൻ വിമുഖത കാണിക്കുന്ന രോഗികളെ ബോധവത്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി ആരോഗ്യ വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വിശദമാക്കാമോ;

(സി) ഭരണതലത്തിൽ ഇതിനുവേണ്ടി എന്തെല്ലാം തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം സംഘടനകളെയാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വാക്സിനേഷൻ വിമുഖത കാണിക്കുന്ന രോഗികളെ ബോധവത്കരിക്കുന്നതിന് വ്യാപകമായ ബോധവത്കരണ പ്രചരണ പരിപാടികളാണ് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്നത്. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ ഫലപ്രദവും ക്രമപ്രകാരവുമുള്ള പ്രചരണങ്ങൾ നടത്തിവരുന്നു. ആരോഗ്യ വകുപ്പും ആരോഗ്യ കേരളവും സംയുക്തമായാണ് ബോധവത്കരണ പരിപാടികൾ നടത്തുന്നത്. സംസ്ഥാന-ജില്ല-ബ്ലോക്ക്-പഞ്ചായത്ത് തലങ്ങളിൽ പത്രമാധ്യമങ്ങളിലൂടെയും ടി.വി.-കേബിൾ ടി.വി. വഴിയും പ്രചരണങ്ങൾ നടത്തുന്നുണ്ട്. കൂടാതെ പോസ്റ്റർ, നോട്ടീസുകൾ തുടങ്ങിയവയും അച്ചടിച്ച് വിതരണം ചെയ്യുന്നുണ്ട്. ജൂനിയർ എച്ച്.ഐ./ജൂനിയർ പി.എച്ച്.എൻ/ആശ പ്രവർത്തകർവഴി മീറ്റിംഗുകൾ, പഠന ക്ലാസ്സുകൾ, പരിശീലന പരിപാടികൾ എന്നിവയും ഇതിനായി നടത്തുന്നു. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിലുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ:

മലപ്പുറം, കാസർഗോഡ് ജില്ലകൾ :

- പ്രതിരോധ കുത്തിവയ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ നൽകുന്ന പോസ്റ്ററുകൾ, ബിറ്റ് നോട്ടീസുകൾ, പ്രതിരോധ പട്ടിക എന്നിവ മലയാളം, കന്നട എന്നീ ഭാഷകളിൽ പ്രിന്റ് ചെയ്ത് വിതരണം ചെയ്തു.
- ആകാശവാണിയുടെ എഫ്.എം., എ.എം. സ്റ്റേഷനുകളിലൂടെ 4 മാസം നീണ്ടുനിന്ന വാക്സിനേഷൻ കാമ്പയിനുകൾ.
- ആശാ പ്രവർത്തകരിലൂടെ വാക്സിനേഷന്റെ ആവശ്യകതയെ കുറിച്ചുള്ള നോട്ടീസുകൾ വീടുവീടാന്തരം വിതരണം ചെയ്തു.
- പ്രതിരോധ കുത്തിവയ്പുകളുടെ ആവശ്യകതയെപ്പറ്റി റെയിൽവെ സ്റ്റേഷനുകളിലൂടെ 4 മാസം നീണ്ടുനിന്ന അനൗൺസ്മെന്റ്.
- പ്രതിരോധ വാക്സിനെക്കുറിച്ചുള്ള പത്രപരസ്യം, ആശുപത്രി കോമ്പൗണ്ടിനുള്ളിൽ പരസ്യ ബോർഡുകൾ എന്നിവ സ്ഥാപിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി. ഇത്തരം പ്രവർത്തനങ്ങളുടെ കൂട്ടായ മേൽനോട്ടവും, വിശകലനവും, അവലോകനവും നടത്തുകയുണ്ടായി.

- ജില്ലാതല പ്രവർത്തനങ്ങളുടെ ഭാഗമായി ഭവന സന്ദർശനം, ബോധവത്കരണ ക്യാമ്പുകൾ പ്രത്യേകിച്ചും വാക്സിൻ പ്രതിരോധിക്കുന്ന മേഖലകളിൽ നടത്തി.

- മത സാമൂഹ്യ മേലധ്യക്ഷന്മാരുടെ നേതൃത്വത്തിൽ പ്രതിരോധ വാക്സിൻ നൽകുന്നതിന്റെ ആവശ്യകതയെപ്പറ്റി അവബോധ ക്ലാസ്സുകൾ നൽകുകയും ടെലിവിഷൻ മീഡിയയിലൂടെ പ്രതിരോധ വാക്സിൻ സന്ദേശങ്ങൾ നൽകുകയും ചെയ്തു.

<u>കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ നടത്തിയ പ്രതിരോധ പ്രവർത്തനങ്ങൾ</u>:

- സിനിമാശാലകൾവഴി പ്രതിരോധ വാക്സിനുകളെക്കുറിച്ചുള്ള സന്ദേശം പ്രദർശിപ്പിച്ചു. ആകാശവാണിയുടെ എഫ്.എം., എ.എം. സ്റ്റേഷനുകളിലൂടെ 3 മാസം നീണ്ടുനിന്ന വാക്സിനേഷൻ ക്യാമ്പയിനുകൾ നടത്തുകയുണ്ടായി.

- പ്രതിരോധ കുത്തിവയ്പ്പുകളുടെ ആവശ്യകതയെപ്പറ്റി റെയിൽവെ സ്റ്റേഷനുകളിലൂടെ 3 മാസം നീണ്ടുനിന്ന അനൗൺസ്മെന്റ്.

- കേബിൾ ടി.വി. ശൃംഖലയിലൂടെ സ്ക്രോൾ സന്ദേശങ്ങൾ 3 മാസം നൽകി.

- ആശുപത്രി കോമ്പൗണ്ടിനുള്ളിൽ പ്രതിരോധ വാക്സിനെക്കുറിച്ചുള്ള പരസ്യ ബോർഡുകൾ സ്ഥാപിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി.

- ബ്ലോക്കുകൾ കേന്ദ്രീകരിച്ച് പ്രതിരോധ കുത്തിവയ്പ് നൽകുന്നതിനായുള്ള മൈക്ക് അനൗൺസ്മെന്റ് നൽകുകയുണ്ടായി.

- ബാനറുകൾ, പോസ്റ്ററുകൾ എന്നിവ പ്രിന്റ് ചെയ്ത് പ്രദർശിപ്പിച്ചു.

- ക്ഷേത്രങ്ങളും, പള്ളികളും കേന്ദ്രീകരിച്ച് പ്രതിരോധ കുത്തിവയ്പിന്റെ പ്രാധാന്യത്തെക്കുറിച്ചും സർക്കാർ ലഭ്യമാക്കുന്ന സൗജന്യ സേവനങ്ങളെക്കുറിച്ചും ബോധവത്കരണം നടത്തി.

- സന്നദ്ധ സംഘടനകളുടെയും ട്രൈബൽ സംഘടനകളുടെയും സഹകരണത്തോടെ നിരവധി മീറ്റിംഗുകൾ നടത്തുകയുണ്ടായി.

- ആരോഗ്യ വകുപ്പ് നൽകുന്ന ആരോഗ്യ സേവനങ്ങളെക്കുറിച്ചും പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചും ജില്ലാതല പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

എല്ലാ ജില്ലകളിലും നടത്തിയ പ്രവർത്തനങ്ങൾ :

- ലോക ഇമ്മ്യൂണൈസേഷൻ വാരം ആചരിച്ചു. ഈ ദിവസം ബ്ലോക്കുകളിൽ ഫീൽഡ് സ്റ്റാഫിന് പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. വാർഡുകളിൽ കോർണർ മീറ്റിംഗുകൾ, ആശുപത്രികളിൽ പ്രദർശനം എന്നിവ എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു.
- എല്ലാ ജില്ലകളിലും ഇമ്മ്യൂണൈസേഷൻ കാർഡും നോട്ടീസും പ്രിന്റ് ചെയ്ത് വിതരണം ചെയ്തു.
- ഐ.പി.വി. (പുതിയ പോളിയോ കുത്തിവയ്പ്)-യെക്കുറിച്ച് പത്ര പരസ്യം നൽകി. പോളിയോ തുള്ളി മരുന്ന് സർക്കാർ സ്വകാര്യ മേഖലയിലെ ആശുപത്രികളിൽനിന്ന് കുട്ടികൾക്ക് നൽകുന്ന എല്ലാ മാതാപിതാക്കളെയും ഐ.പി.വി.-യ്ക്കുവേണ്ടി സർക്കാർ ആശുപത്രികളിൽ എത്തിക്കുക എന്നതായിരുന്നു ഉദ്ദേശ്യം.
- ആകാശവാണിയിലെ എഫ്.എം., എ.എം. സ്റ്റേഷനുകളിൽ റേഡിയോ വഴി സ്പെഷ്യൽ ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി.

ഡിഫ്ത്തീരിയ നിയന്ത്രണ പ്രവർത്തനങ്ങൾക്കായി നടത്തിയ ബി.സി.സി.-ഐ.ഇ.സി. പ്രവർത്തനങ്ങൾ :

സംസ്ഥാനതല പ്രവർത്തനങ്ങൾ :

- ആരോഗ്യ വകുപ്പുമന്ത്രിയെ പങ്കെടുപ്പിച്ചുകൊണ്ട് വാക്സിനേഷൻ പ്രതിരോധത്തേയും ഡിഫ്ത്തീരിയയുടെ തിരിച്ചുവരവും എന്ന വിഷയത്തെ സംബന്ധിച്ച് ടി.വി. ചാനൽ ചർച്ച നടത്തി.
- ഡിഫ്ത്തീരിയയെക്കുറിച്ചുള്ള സംശയനിവാരണത്തിനും അവബോധത്തിനും പത്രപരസ്യങ്ങളും വാർത്തകളും നൽകി.
- ഡിഫ്ത്തീരിയ രോഗപ്രതിരോധം ജനങ്ങളിൽ എത്തിക്കുന്നതിനായി പ്രശസ്ത നടൻ ശ്രീ. മോഹൻലാൽ അഭിനയിക്കുന്ന പരസ്യചിത്രം നിർമ്മിച്ചു. പ്രദർശനത്തിനായുള്ള നടപടികൾ പൂർത്തിയായി വരുന്നു.

മലപ്പുറം ജില്ലയിലെ ഐ.ഇ.സി. ബി.സി.സി. ഡിഫ്ത്തീരിയ നിയന്ത്രണ പ്രവർത്തനങ്ങൾ :

- പ്രതിരോധ കുത്തിവയ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ നൽകുന്ന പോസ്റ്ററുകൾ, ബീറ്റ് നോട്ടീസുകൾ പ്രിന്റ് ചെയ്ത് വിതരണം ചെയ്തു.

- ഡിഫ്തീരിയ നിയന്ത്രണത്തെക്കുറിച്ചുള്ള ആർട്ടിക്കിളുകൾ പത്രത്തിലൂടെ നൽകി.
- സ്കൂളുകളിൽ പി.ടി.എ.-യുടെ നേതൃത്വത്തിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി, കൂടാതെ മദ്രസകളിലും വീടുകളിലും വീഡിയോ പ്രദർശനം, ബോധവത്കരണ പ്രവർത്തനങ്ങൾ.
- മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ ഭവന സന്ദർശനം
- വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ പ്രതിരോധ വാരാചരണം, റോഡ്ഷോകൾ എന്നിവ സംഘടിപ്പിച്ചു.
- ഉന്നതതല അവലോകനയോഗങ്ങൾ ആരോഗ്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ സംഘടിപ്പിച്ചു.

<u>എറണാകുളം ജില്ലയിലെ ഐ.ഇ.സി.-ബി.സി.സി. ഡിഫ്തീരിയ നിയന്ത്രണ പ്രവർത്തനങ്ങൾ</u> :

- ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലയിലെ ഡിഫ്തീരിയ രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ നിയന്ത്രണത്തിനും പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള അവലോകനയോഗങ്ങൾ
- നഗരപ്രാന്ത പ്രദേശങ്ങളിൽ ആശാ പ്രവർത്തകർ, ജെ.പി.എച്ച്.എൻ. എന്നിവരുടെ സഹായത്തോടെ ഭവന സന്ദർശനങ്ങൾ
- പത്രപരസ്യങ്ങളും അറിയിപ്പുകളും

<u>തൃശ്ശൂർ ജില്ലയിലെ ഐ.ഇ.സി.-ബി.സി.സി. ഡിഫ്തീരിയ നിയന്ത്രണ പ്രവർത്തനങ്ങൾ</u> :

- ആരോഗ്യകിരണം മെഗാ മേളയുടെ ഭാഗമായി തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ ഡിഫ്തീരിയ രോഗ പ്രതിരോധ പ്രവർത്തനങ്ങളെ കുറിച്ചുള്ള പ്രദർശനം സംഘടിപ്പിച്ചു. മുന്നൂറിലേറെ കുട്ടികളും രക്ഷകർത്താക്കളും പ്രദർശനത്തിൽ പങ്കെടുത്തു.
- വാർഡ് ഹെൽത്ത് സാനിട്ടേഷൻ ആന്റ് ന്യൂട്രീഷ്യൻ ഡേയുടെ ഭാഗമായി ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

<u>കോഴിക്കോട് ജില്ലയിലെ ഐ.ഇ.സി.-ബി.സി.സി. ഡിഫ്തീരിയ നിയന്ത്രണ പ്രവർത്തനങ്ങൾ</u> :

- കോഴിക്കോട് ബസ് സ്റ്റാന്റ് കേന്ദ്രീകരിച്ച് ഡിഫ്തീരിയ ബോധവത്കരണ പ്രദർശനം സംഘടിപ്പിച്ചു.

- ഡിഫ്ത്തീരിയ ബാധിത പ്രദേശങ്ങളിൽ കൂട്ടായ ചർച്ചകൾ സംഘടിപ്പിച്ചു.
- എൻ.എസ്.എസ്. വോളന്റിയർമാരുടെ സഹായത്തോടെ ഭവന സന്ദർശനം നടത്തി.
- വാർഡ് ഹെൽത്ത് സാനിട്ടേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ വാർഡ്തല ഡിഫ്ത്തീരിയ പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള മീറ്റിംഗ്
- മദ്രസകൾ കേന്ദ്രീകരിച്ച് ഡിഫ്ത്തീരിയ ബോധവത്കരണ പ്രവർത്തനങ്ങൾ, മത മേലധ്യക്ഷന്മാർക്ക് ബോധവത്കരണ ക്ലാസ്സുകൾ
- പൂർണ്ണമായും വാക്സിനേഷൻ നൽകാത്ത 117 കുട്ടികൾക്ക് പൂർണ്ണ വാക്സിനേഷൻ നൽകി.
- സ്കൂളുകളിൽ പി.ടി.എ.-യുടെ നേതൃത്വത്തിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി, കൂടാതെ മദ്രസകളിലും വീടുകളിലും വീഡിയോ പ്രദർശനം, ബോധവത്കരണ പ്രവർത്തനങ്ങൾ.
- വിദഗ്ധരുടെയും പ്രശസ്തരുടെയും നേതൃത്വത്തിൽ സ്കൂൾ അസംബ്ലികളിൽ ബോധവത്കരണ ചർച്ചകളും പ്രഭാഷണങ്ങളും
- ഡിഫ്ത്തീരിയ ബാധിത പ്രദേശങ്ങളിൽ വിദ്യാലയ കൗൺസിലർമാരുടെയും ഹെഡ്മാസ്റ്റർമാരുടെയും നേതൃത്വത്തിൽ റാലികൾ
- പ്രതിരോധ കുത്തിവയ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ നൽകുന്ന പോസ്റ്ററുകൾ, ബീറ്റ് നോട്ടീസുകൾ പ്രിന്റ് ചെയ്ത് വിതരണം ചെയ്തു.

<u>പാലക്കാട് ജില്ലയിലെ ഐ.ഇ.സി.-ബി.സി.സി. ഡിഫ്ത്തീരിയ നിയന്ത്രണ പ്രവർത്തനങ്ങൾ</u> :

- ഡിഫ്ത്തീരിയ നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ന്യൂസ് പേപ്പർ ആർട്ടിക്കിളുകൾ
- സർക്കാർ-സർക്കാർ അംഗീകൃത സ്കൂളുകളിൽ സ്കൂൾ ഹെൽത്ത് നഴ്സുമാരുടെ സഹായത്തോടെ ആരോഗ്യ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.
- പ്രതിരോധ കുത്തിവയ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ നൽകുന്ന പോസ്റ്ററുകൾ, ബീറ്റ് നോട്ടീസുകൾ പ്രിന്റ് ചെയ്ത് വിതരണം ചെയ്തു.
- ഡിഫ്ത്തീരിയ പ്രദേശങ്ങളിൽ ബോധവൽക്കരണ റാലികൾ

(ബി) ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധതരം ബോധവൽക്കരണ പ്രചരണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. പത്രമാധ്യമങ്ങളിലൂടെ വാർത്തകൾ റേഡിയോ, ടി.വി. ചാനലുകൾ, കേബിൾ ടി.വി. മുതലായവയിലൂടെ വാർത്തകൾ, അറിയിപ്പുകൾ, പരസ്യങ്ങൾ എന്നിവയും ഫീൽഡ്തല ഉദ്യോഗസ്ഥരിലൂടെയും ആശ വർക്കർ, അംഗൻവാടി, സന്നദ്ധ സംഘടനകൾ, സബ് സെന്ററുകൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സ്കൂൾ, കോളേജുകൾ വഴി ചർച്ചാക്ലാസ്സുകൾ, മീറ്റിംഗുകൾ, സെമിനാറുകൾ എന്നീ പ്രവർത്തനങ്ങളും നടത്തി. കൂടാതെ ഡോക്ടർമാരുടെ സംഘടനകൾ, സ്വകാര്യ ആശുപത്രികൾ, സാമൂഹ്യ-സന്നദ്ധ സംഘടനകൾ എന്നിവയിലൂടെയും വാക്സിനേഷൻ നടത്തുന്നതിനും അതിന്റെ ആവശ്യകത ബോധിപ്പിക്കുന്നതിനും മീറ്റിംഗുകൾ, ക്ലാസ്സുകൾ എന്നീ പ്രവർത്തനങ്ങൾ നടത്തി. കൂടാതെ പോസ്റ്ററുകൾ, നോട്ടീസുകൾ, ചെറിയ ഹോർഡിംഗുകൾ എന്നിവയും ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ചെയ്തിട്ടുണ്ട്.

(സി) ഭരണതലത്തിൽ സംസ്ഥാനതലത്തിലും ജില്ലാ-ബ്ലോക്ക്-പഞ്ചായത്ത് തലത്തിലും വിവിധ തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ റിവ്യൂ മീറ്റിംഗുകൾ നടത്തി വാക്സിനേഷൻ സംബന്ധമായ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വാക്സിനേഷൻ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനതലത്തിൽ അഡ്വൈസറി ഗ്രൂപ്പ് രൂപീകരിച്ച് ഇമ്മ്യൂണൈസേഷൻ സംബന്ധിച്ച തന്ത്രം രൂപം കൊടുക്കുകയും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ജില്ലാതലത്തിൽ ജില്ലാഭരണകൂടവും ജില്ലയിലെ ആരോഗ്യ വകുപ്പും സംയുക്തമായി വാക്സിനേഷൻ പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും വാക്സിനേഷൻ ഊർജ്ജിതമാക്കുന്നതിന് വേണ്ട പ്രവർത്തന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു. താഴെത്തട്ടിൽ വാർഡ്-ആശ-അംഗൻവാടി തലങ്ങളിൽ വാക്സിനേഷൻ ഫലവത്തായി നടത്തുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മെഡിക്കൽ ഓഫീസർ, ഫീൽഡ് സ്റ്റാഫ്, സൂപ്പർവൈസർമാർ എന്നിവരുടെ നേതൃത്വത്തിലും പ്രവർത്തന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഐ.എം.എ., ഐ.എ.പി. ക്വാളിഫൈഡ് മെഡിക്കൽ പ്രാക്ടീഷനേഴ്സ് അസോസിയേഷൻ തുടങ്ങിയ ഡോക്ടർമാരുടെ സംഘടനകളെയാണ് പ്രധാനമായും ഇതിനുവേണ്ടി പ്രയോജനപ്പെടുത്തിയിട്ടുള്ളത്. കൂടാതെ വിവിധ ജില്ലകളിൽ പ്രാദേശികമായി പ്രവർത്തിക്കുന്ന മത-സാമൂഹ്യ സന്നദ്ധ സംഘടനകളെയും വാക്സിനേഷൻ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

**മരുന്നുകളുടെ ഗുണനിലവാരം ജനങ്ങളെ അറിയിക്കുവാനുള്ള സംവിധാനം**

236(2852) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ ചുമതലകൾ വ്യക്തമാക്കുമോ;

(ബി) ഗുണനിലവാരം ഇല്ലാത്ത മരുന്നുകൾ കണ്ടെത്തിയാൽ ആ വിവരം ഉടൻതന്നെ ജനങ്ങളെ അറിയിക്കുവാനുള്ള സംവിധാനം ഉണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഗുണനിലവാരമില്ലാത്ത മരുന്നുകൾ രോഗികൾ ഉപയോഗിച്ചതിന് ശേഷമേ ഗുണനിലവാരം സംബന്ധിച്ച റിപ്പോർട്ടുകൾ പലപ്പോഴും പുറത്തുവരുന്നുള്ളൂ എന്ന കാര്യം ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ വിറ്റഴിക്കുന്ന മരുന്നുകളുടെയും വാക്സിനുകളുടെയും എണ്ണം എത്രയെന്നും ഇവയിൽ എത്ര എണ്ണം ഡ്രഗ്സ് കൺട്രോളർ പരിശോധിച്ചുവെന്നും പരിശോധിച്ചതിൽ എത്ര എണ്ണം ഗുണനിലവാരമില്ലാത്ത മരുന്നുകളെന്ന് കണ്ടെത്തിയെന്നും ഈ കാര്യം എപ്പോൾ ജനങ്ങളെ അറിയിച്ചുവെന്നുമുള്ള വിശദമായ വിവരം ലഭ്യമാക്കുമോ;

(ഇ) ഡ്രഗ്സ് കൺട്രോളറുടെ ഭാഗത്തുനിന്ന് ഇക്കാര്യത്തിൽ എടുത്ത നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; ഇക്കാര്യത്തിലുള്ള പോരായ്മകൾ പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര നിയമങ്ങളായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് 1940 & റൂൾസ് 1945, ഡ്രഗ്സ് ആന്റ് മാജിക്കൽ റെമഡീസ് ആക്ട്, എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിന്റെ പരിധിയിൽ വരുന്ന ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ, പോയിസൺസ് റൂൾസ് എന്നിവയും കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് അദർ സ്റ്റോർസ് (അൺലോഫുൾ പൊസഷണൽ ആക്ട്) എന്നീ നിയമങ്ങൾ സമഗ്രമായും കാര്യക്ഷമമായും സംസ്ഥാനത്ത് നടപ്പിലാക്കുക എന്നുള്ളതാണ് ഡ്രഗ്സ് കൺട്രോളറുടെ കർത്തവ്യം. പ്രസ്തുത നിയമങ്ങളുടെ പരിധിയിൽ നിന്നുകൊണ്ട് ലൈസൻസിങ്ങ് ആന്റ് കൺട്രോളിങ് അതോറിട്ടിയായ സംസ്ഥാന ഡ്രഗ്സ് കൺട്രോളർ വഹിക്കുന്ന ചുമതലകൾ ചുവടെ ചേർക്കുന്നു:

1. അലോപ്പതി/ഹോമിയോപ്പതി ഔഷധങ്ങളുടെ നിർമ്മാണം, വിതരണം, വിൽപ്പന എന്നിവയുടെ നിയന്ത്രണം.
2. സൗന്ദര്യവർദ്ധക വസ്തുക്കളുടെ നിർമ്മാണം ലൈസൻസിങ്ങിലൂടെ നിയന്ത്രിക്കുക.
3. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഔഷധങ്ങൾ/കോസ്മെറ്റിക്സ് റാൻഡം സാംപ്ലിങ്ങ് നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തുക.

4. ഗുണനിലവാരമുള്ള മരുന്നുകൾ കേന്ദ്രസർക്കാർ നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള മിതമായ വിലയ്ക്ക് വിപണിയിൽ ലഭ്യമാകുന്നത് ഉറപ്പുവരുത്തുക.

5. അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുക.

6. ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ വിപണനം തടഞ്ഞ് നിയമം ലംഘിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുക.

7. നിരോധിക്കപ്പെട്ട മരുന്നുകളുടെ നിർമ്മാണം/വിതരണം/ വിൽപ്പന തടയുക.

8. പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതും തെറ്റിദ്ധാരണാജനകവുമായതും അശാസ്ത്രീയവുമായ മരുന്നുപയോഗം പ്രോൽസാഹിപ്പിക്കുന്ന രീതിയിലുള്ള പരസ്യങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുക.

9. പോയിസൺസ് പെർമിറ്റ് അനുവദിക്കുക.

10. കേന്ദ്രസംസ്ഥാന ഡ്രഗ്സ് കൺട്രോൾ വിഭാഗം സംയുക്തമായി ബ്ലഡ് ബാങ്ക് ലൈസൻസ് അനുവദിക്കുക.

11. സർക്കാർ മരുന്ന് സ്വകാര്യ മേഖലയിലേക്ക് കടത്തുന്നത് തടയുക.

12. മേൽ വിവരിച്ചിട്ടുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി നിയമലംഘനങ്ങൾ നടത്തുന്നവർക്കെതിരെ വകുപ്പുതല നടപടികൾ/ നിയമനടപടികൾ സ്വീകരിക്കുക.

(ബി) കർശനമായ ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷം നിർമ്മാതാക്കൾ വിപണിയിലെത്തിക്കുന്ന ഓരോ ബാച്ച് മരുന്നുകളും അവയുടെ കാലാവധിയിലുടനീളം ഗുണനിലവാരം ഉറപ്പാക്കുന്നുണ്ടോ എന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് റാൻഡം സാംപ്ലിങ്ങിലൂടെ ഉറപ്പാക്കുന്നു. കാലാവസ്ഥാ വ്യതിയാനംമൂലം മരുന്നുകൾക്ക് സംഭവിക്കുന്ന രാസ-ഭൗതിക ഘടനയിലുണ്ടാകുന്ന വ്യത്യാസംമൂലം നിശ്ചിത ഗുണനിലവാരമില്ലാത്തതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ പരിശോധനാ ഫലം ലഭ്യമായ ഉടൻതന്നെ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്ന് എസ്.എം.എസ്. സംവിധാനം വഴി ടി മരുന്നുകളുടെ വിശദാംശങ്ങൾ ആരോഗ്യ മേഖലയിലെ ഡോക്ടർമാർ, നേഴ്സുകൾ, ഫാർമസിസ്റ്റുകൾ, സ്റ്റോക്കിസ്റ്റുകൾ, ചെറുകിട/മൊത്ത ഔഷധ വ്യാപാര സ്ഥാപനങ്ങൾ എന്നിവർക്ക് ലഭ്യമാക്കുകയും ആയത് വിപണിയിൽ നിന്നും പിൻവലിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(സി) സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ പ്രവർത്തിക്കുന്ന പരിശോധനാ ലബോറട്ടറികളിൽ ഗുണനിലവാര പരിശോധനയ്ക്കായി എത്തുന്ന എല്ലാ മരുന്നുകളും ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ചില സാങ്കേതിക കാരണങ്ങളാൽ അതായത് റഫറൻസ് സ്റ്റാൻഡേർഡിന്റെ ദൗർലഭ്യം പോലുള്ള ചില അപൂർവ്വ സന്ദർഭങ്ങളിൽ മാത്രമാണ് പരിശോധന നടത്താൻ ബുദ്ധിമുട്ട് നേരിടുന്നത്. ഒരു മരുന്ന് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നത് അതാത് ഫാർമകോപ്പിയ പ്രകാരമുള്ള വിവിധ പരിശോധനകൾ നടത്തിയാണ്. ഇത്തരത്തിൽ ഒരു മരുന്നിന് നിഷ്കർഷിച്ചിട്ടുള്ള 10 മുതൽ 15 വരെയുള്ള വിവിധ പരിശോധനകൾക്ക് ശേഷമാണ് ആയത് ഗുണനിലവാരം ഉള്ളതാണോ അല്ലയോ എന്ന് തീരുമാനിക്കുന്നത്. ഇത്തരം പരിശോധനകൾ നടത്തുന്നതിന് സാധാരണനിലയിൽ രണ്ട് മാസത്തെ സമയം ആവശ്യമാണ്. ചില മരുന്നുകളുടെ സ്വഭാവ സങ്കീർണ്ണത അനുസരിച്ച് പരിശോധനയ്ക്കായി കൂടുതൽ സമയം വേണ്ടിവരാറുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ച് വരുന്ന മരുന്ന് പരിശോധനാ ലബോറട്ടറികളിൽ കഴിവതും പെട്ടെന്നുതന്നെ മരുന്ന് പരിശോധന നടത്തുന്നതിലേയ്ക്കായി സോഫിസ്റ്റിക്കേറ്റഡ് ഇൻസ്ട്രുമെന്റ്സ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. ആയതിനാൽ മതിയായ കാരണങ്ങളില്ലാതെ പരിശോധനയ്ക്കായി ശേഖരിക്കുന്ന മരുന്ന് സാമ്പിളുകൾ യഥാസമയം പരിശോധന പൂർത്തിയാകാതെ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി&ഇ) കേരള സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന 98% മരുന്നുകളും അന്യസംസ്ഥാനങ്ങളിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നവയാണ്. ഏകദേശം 6000 കോടി രൂപയോളം പ്രതിവർഷം മരുന്നുകളുടെ വിറ്റുവരവ് സംസ്ഥാനത്ത് നടക്കുന്നുണ്ട്. ഒരു മരുന്നിനുതന്നെ വിവിധ ബ്രാൻഡുകളും ഓരോ ബ്രാൻഡിനും വിവിധ ബാച്ചുകളും നിലവിലുണ്ട്. ആയതുകൊണ്ടുതന്നെ സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മരുന്നുകളുടെയും വാക്സിനുകളുടെയും കൃത്യമായ കണക്കുകൾ ലഭ്യമല്ല. എന്നിരുന്നാലും നിലവിൽ സംസ്ഥാന വിപണിയിലുള്ള മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിലേക്കായി റാൻഡം സാംപ്ലിങ്ങ് നടത്തിവരുന്നു. വിപണിയിൽ വിറ്റഴിക്കപ്പെടുന്ന മരുന്ന് ബാച്ചുകളെല്ലാം പരിശോധിക്കേണ്ട സംവിധാനം രാജ്യത്തെങ്ങും നിലവിലില്ല. നിലവിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തും എറണാകുളത്തും പ്രവർത്തിക്കുന്ന മരുന്ന് പരിശോധനാ ലാബുകളിൽ പ്രതിവർഷം 8000 ത്തോളം മരുന്ന് സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിൽ രാജ്യത്ത് നമ്മുടെ സംസ്ഥാനം ഏറ്റവും മുൻപന്തിയിലാണ്. കഴിഞ്ഞ 5 വർഷങ്ങളിൽ പരിശോധന നടത്തിയ മരുന്ന് സാമ്പിളുകളുടെ എണ്ണവും അതിൽ ഗുണനിലവാരം കുറഞ്ഞതായി പ്രഖ്യാപിച്ച മരുന്നുകളുടെ കണക്കുകളും താഴെ ചേർക്കുന്നു:

| വർഷം | പരിശോധിച്ച സാമ്പിളുകളുടെ എണ്ണം | ഗുണനിലവാരമില്ലാത്തതായി പ്രഖ്യാപിച്ചവ |
|---|---|---|
| 2012-13 | 4080 | 215 |
| 2013-14 | 4580 | 235 |
| 2014-15 | 4964 | 190 |
| 2015-16 | 5637 | 198 |

**പൊതുജനാരോഗ്യ മേഖലയ്ക്ക് പ്രത്യേക വകുപ്പ്**

237(2853) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ, മലപ്പുറം ജില്ലയിൽ ജനസംഖ്യാനുപാതികമായി സംവിധാനങ്ങൾ ഉറപ്പാക്കാൻ കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) പൊതുജനാരോഗ്യ മേഖലയ്ക്ക് പ്രത്യേകം വകുപ്പ് വേണമെന്ന 2002-ലെ ദേശീയ ആരോഗ്യനയത്തിലെ ശിപാർശ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് പ്രായോഗിക തടസ്സങ്ങളുണ്ടെങ്കിൽ അത് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവിധ തലങ്ങളിലുള്ള ആശുപത്രികളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് പൊതുവായ മാനദണ്ഡം നിർദ്ദേശിച്ചതിനുശേഷം സമാഹൃത പ്രൊപ്പോസൽ 2-2-2015-ലെ സ.ഉ.(പി) നമ്പർ 58/15/ധന നമ്പർ ഉത്തരവിനോടൊപ്പമുള്ള പ്രൊഫോർമയിൽ സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജനസംഖ്യാനുപാതികമായി ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ തസ്തിക സൃഷ്ടിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ഇതുസംബന്ധിച്ചും നടപടി സ്വീകരിച്ചുവരുന്നു.

(സി) പൊതുജനാരോഗ്യവും ചികിത്സയും അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഈ രണ്ട് മേഖലകളും ഒരേ വകുപ്പ് കൈകാര്യം ചെയ്യുന്നതാണ് അഭികാമ്യം. പൊതുജനാരോഗ്യ മേഖലയിൽ ഒരു അർപ്പണ മനോഭാവത്തോടെയുള്ള ഭരണ സംവിധാനം ഉറപ്പാക്കിയിട്ടുണ്ട്.

## ഇരുപത്തിനാല് മണിക്കൂറും പോസ്റ്റ്മോർട്ടം നടത്തുന്ന ആശുപത്രികൾ

238(2854) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെങ്കിലും ആശുപത്രിയിൽ ഇപ്പോൾ ഇരുപത്തിനാല് മണിക്കൂറും പോസ്റ്റ്മോർട്ടം നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ സർക്കാർ ഉത്തരവ് ഉണ്ടായിട്ടും എന്തുകൊണ്ടാണ് വൈകുന്നേരം നാലു മണി കഴിഞ്ഞാൽ പോസ്റ്റ്മോർട്ടം നടക്കാത്തതെന്ന് വ്യക്തമാക്കാമോ;

(ബി) ഇരുപത്തിനാല് മണിക്കൂർ പോസ്റ്റ്മോർട്ടം അനുവദിച്ച് സർക്കാർ ഇറക്കിയ ഉത്തരവിനെതിരെ ആരെങ്കിലും ഹൈക്കോടതിയിൽ ഹർജി നൽകിയിട്ടുണ്ടോ; എങ്കിൽ ആരാണ് ഹർജി നൽകിയത്; ഈ ഹർജിക്കെതിരെ സർക്കാർ ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദീകരിക്കാമോ;

(സി) സംസ്ഥാനത്ത് ഇരുപത്തിനാലു മണിക്കൂർ പോസ്റ്റ്മോർട്ടം പ്രാവർത്തികമാക്കാൻ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ പ്രസ്തുത തടസ്സങ്ങൾ നീക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ ആശുപത്രികളിലൊന്നും തന്നെ നിലവിൽ ഇരുപത്തിനാല് മണിക്കൂറും പോസ്റ്റ്മോർട്ടം നടക്കുന്നില്ല. എന്നാൽ അവയവദാനവുമായി ബന്ധപ്പെട്ട കേസുകളിലും മെഡിക്കൽ ലീഗൽ കോഡ് പ്രകാരം ലോ ആന്റ് ഓർഡർ സ്ഥിതിഗതികളുമായി ബന്ധപ്പെട്ട കേസുകളിലും സമയക്രമം നോക്കാതെ തന്നെ ഇപ്പോഴും പോസ്റ്റ്മോർട്ടം നടത്തുന്നുണ്ട്. രാത്രികാല പോസ്റ്റ്മോർട്ടം നടത്താനാവശ്യമായ ജീവനക്കാർ, മറ്റ് അടിസ്ഥാനസൗകര്യങ്ങൾ, കൃത്രിമവെളിച്ചം എന്നിവയുടെ അപര്യാപ്തതയാണ് രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നതിന് പ്രധാനമായ തടസ്സമായി നിലകൊള്ളുന്നത്.

(ബി) ഇരുപത്തിനാല് മണിക്കൂർ പോസ്റ്റ്മോർട്ടം അനുവദിച്ച് സർക്കാർ ഇറക്കിയ ഉത്തരവിനെതിരെ മെഡിക്കോ ലീഗൽ സൊസൈറ്റി ഓഫ് കേരള ഹർജി നൽകിയിരുന്നു. ആയതിൽ വൈകുന്നേരം 5 മണിക്കുശേഷം പോസ്റ്റ്മോർട്ടം ചെയ്യേണ്ടതില്ലായെന്ന് കോടതി ഉത്തരവിട്ടിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## മെറ്റേണിറ്റി യൂണിറ്റുകൾ സ്ഥാപിക്കാൻ നടപടി

239(2855) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളിലും മെറ്റേണിറ്റി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിലവിൽ എത്ര താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളിൽ മെറ്റേണിറ്റി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മെറ്റേണിറ്റി യൂണിറ്റുകൾ നിലവിലില്ലാത്ത താലൂക്കാശുപത്രികളിൽ അവ സ്ഥാപിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ നടപ്പു സാമ്പത്തിക വർഷം ഈ ലക്ഷ്യത്തിനായി നീക്കിവെച്ചിട്ടുള്ള തുകയെത്രയാണ് ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) മെറ്റേണിറ്റി യൂണിറ്റിന് ആവശ്യമായ കെട്ടിട സൗകര്യം നിലവിലില്ലാത്ത താലൂക്കാസ്ഥാന ആശുപത്രികളിൽ ടി സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നിർമ്മാണ പ്രവർത്തനങ്ങൾക്കായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പ്രവൃത്തി ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

(ബി) ഗൈനക്കോളജിസ്റ്റിന്റെ സേവനത്തോടെ 36 താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളിൽ പ്രസവചികിത്സ നടന്നുവരുന്നു.

(സി) മെറ്റേണിറ്റി യൂണിറ്റുകൾക്ക് അടിസ്ഥാന സൗകര്യക്കുറവുള്ള താലൂക്ക് ആശുപത്രികളിൽ ഘട്ടംഘട്ടമായി പ്രസ്തുത സംവിധാനം ഒരുക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത നിർമ്മാണ പ്രവൃത്തിക്കായി 16 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

### കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ അപ്ഗ്രഡേഷൻ

240(2856) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ താലൂക്ക് ആശുപത്രികളാക്കി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ;

(ബി) എങ്കിൽ താലൂക്ക് ആശുപത്രികളായി ഉയർത്താൻ പറ്റുന്ന എത്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ഡി) നിലവിൽ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് പരിഗണിക്കുന്ന ആശുപത്രികളുടെ ജില്ലാതലത്തിലുള്ള വിവരം നൽകാമോ?

ഉത്തരം

(എ) നിലവിൽ താലൂക്ക് ആശുപത്രികൾ ഇല്ലാത്ത താലൂക്കുകളിലെ നിലവിലുള്ള സി.എച്ച്.സി.-കളെയാണ് താലൂക്ക് ആശുപത്രി പദവിയിലേയ്ക്ക് ഉയർത്താറുള്ളത്. കൂടുതൽ സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിനേക്കാൾ വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് വകുപ്പിന്റെ മുൻഗണനാ വിഷയം.

(ബി) താലൂക്ക് ആശുപത്രികളായി ഉയർത്താൻ പറ്റുന്ന 5 സി.എച്ച്.സി.-കളുടെ പ്രൊപ്പോസൽ മാത്രമാണ് സർക്കാരിലേക്ക് ലഭിച്ചിട്ടുള്ളത്.

(സി) കൂടുതൽ സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിനേക്കാൾ വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് വകുപ്പിന്റെ മുൻഗണനാ വിഷയം.

(ഡി) നിലവിൽ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് ആരോഗ്യ വകുപ്പ്ഡയറക്ടർ സമർപ്പിച്ച ആശുപത്രികളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു:

| ജില്ല | ആശുപത്രി |
|---|---|
| ആലപ്പുഴ | മുഹമ്മ സി.എച്ച്.സി. |
| പാലക്കാട് | വടക്കൻചേരി സി.എച്ച്.സി. |
| ഇടുക്കി | സി.എച്ച്.സി. കട്ടപ്പന |
| തിരുവനന്തപുരം | സി.എച്ച്.സി. കാട്ടാക്കട |
| കാസർഗോഡ് | സി.എച്ച്.സി. പരപ്പ പൂടംകല്ല് |

**വിദേശങ്ങളിൽ ജോലി ചെയ്യുന്ന സർക്കാർ ഡോക്ടർമാർ**

241(2857) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലുള്ള എത്ര ഡോക്ടർമാർ ലീവ് എടുത്ത് വിദേശങ്ങളിൽ ജോലി ചെയ്യുന്നുണ്ട് എന്ന് വിശദമാക്കുമോ;

(ബി) എത്ര വർഷത്തേക്കാണ് സർക്കാർ ലീവ് അനുവദിക്കുന്നത് എന്ന് വിശദമാക്കുമോ;

(സി) സർവ്വീസിൽ കയറുന്ന ഡോക്ടർമാരുടെ സേവനം സംസ്ഥാനത്തു തന്നെ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിനു കീഴിൽ ഒരു ഡോക്ടർ മാത്രമാണ് ശൂന്യവേതനാവധിയെടുത്ത് വിദേശത്ത് ജോലി ചെയ്തുവരുന്നത്.

(ബി) അഞ്ചുവർഷം.

(സി) ഡോക്ടർമാരുടെ സേവനം സംസ്ഥാനത്തുതന്നെ ഉറപ്പുവരുത്തുന്നതിന് 22-7-2003-ലെ സ.ഉ.(സാധാ)2190/2003/ആകുവ. പ്രകാരവും 1-8-2011-ലെ സർക്കുലർ നമ്പർ 29953/ഇ 1/2011/ആകുവ. പ്രകാരവും ഡോക്ടർമാർക്ക് ശൂന്യവേതനാവധി അനുവദിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**കുട്ടനാട്ടിലെ ആരോഗ്യ പ്രശ്നങ്ങൾ**

242(2858) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലമലിനീകരണംമൂലം കുട്ടനാട്ടിൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടനാട്ടിൽ കാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയങ്ങളിൽ ആരോഗ്യവകുപ്പ് ഒരു സമഗ്ര പഠനം നടത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും കുട്ടനാടൻ ജലാശയങ്ങളുടെ സമീപം പ്രവർത്തിക്കുന്ന ഹൗസ് ബോട്ടുകളിലെ കക്കൂസ് മാലിന്യങ്ങൾ ടി ജല സ്രോതസ്സുകളിലേക്ക് ഒഴുക്കിവിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഭാവിയിൽ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കാൻ സാധ്യതയുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരിശോധിച്ച് ആവശ്യമെങ്കിൽ പഠനം നടത്തുന്നതാണ്.

**ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം**

243(2859) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ആശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി വൈപ്പിൻ മണ്ഡലത്തിൽ ഏതൊക്കെ ആശുപത്രികളിൽ എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പ് കാര്യാലയത്തിനുകീഴിലുള്ള ആശുപത്രികളുടെ നവീകരണ അറ്റകുറ്റപ്പണികൾ, അടിസ്ഥാന സൗകര്യവികസനം, മെഡിക്കൽ, സർജ്ജിക്കൽ ഉപകരണങ്ങൾ, രോഗനിർണ്ണയ ഉപകരണങ്ങൾ വാങ്ങുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 2210-01-110-35 എന്ന ശീർഷകത്തിൽ 2375 ലക്ഷം രൂപയും വിവിധ ആശുപത്രികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 4210-01-110-74 എന്ന ശീർഷകത്തിൽ 4826 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) ഈ പദ്ധതികളുടെ ഭാഗമായി വൈപ്പിൻ മണ്ഡലത്തിലെ ആശുപത്രികൾക്ക് തുക അനുവദിച്ചിട്ടില്ല.

**ആശുപത്രികളിലെ രാത്രികാല ഫാർമസി പ്രവർത്തനം**

244(2860) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗികൾ ഏറെയെത്തുന്ന പാറശ്ശാല, നെയ്യാറ്റിൻകര, നെടുമങ്ങാട്, തൈക്കാട് സർക്കാർ ആശുപത്രികളിൽ രാത്രികാലങ്ങളിൽ ഫാർമസി പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മഴക്കാല രോഗ നിയന്ത്രണത്തിന്റെ ഭാഗമായി സർക്കാർ ആശുപത്രികളിൽ കരാറടിസ്ഥാനത്തിൽ നിയമിച്ച നഴ്സുമാർക്ക് ഇതുവരെ വേതനം ലഭിച്ചിട്ടില്ല എന്ന കാര്യം അറിയാമോ; ഇത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാറശാല താലൂക്ക് ആശുപത്രിയിൽ മാത്രം രാത്രി 8 മണിവരെ ഫാർമസി പ്രവർത്തിക്കുന്നുണ്ട്.

(ബി) മഴക്കാല രോഗ നിയന്ത്രണത്തിന്റെ ഭാഗമായി കരാറടിസ്ഥാനത്തിൽ നിയമിച്ച നഴ്സുമാർക്ക് വേതനം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പെറ്റ് സ്കാനർ**

245(2861) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 മുതലുള്ള എല്ലാ സംസ്ഥാന ബജറ്റിലും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പെറ്റ് സ്കാനർ സ്ഥാപിക്കുന്നതിന് ഫണ്ട് അനുവദിച്ചതായി പ്രഖ്യാപിച്ചിരുന്നതനുസരിച്ച് അവിടെ പെറ്റ് സ്കാനർ പ്രവർത്തനസജ്ജമായോ;

(ബി) ഇല്ലെങ്കിൽ ബന്ധപ്പെട്ട വകുപ്പ് പെറ്റ് സ്കാനറിനുള്ള പ്രൊപ്പോസൽ അയച്ചു കൊടുത്തിരുന്നോ എന്ന് വ്യക്തമാക്കാമോ;

(സി) ഇവിടെ പെറ്റ് സ്കാനർ സ്ഥാപിക്കാനുള്ള ഫണ്ട് ലഭ്യമാക്കുന്നതിനും ഭരണാനുമതിക്കുമായി ഡി.എം.ഇ.യും ഗവൺമെന്റും എന്ത് നടപടിയാണെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രവർത്തനസജ്ജമായിട്ടില്ല.

(ബി&സി) 2014-15 സാമ്പത്തിക വർഷം മുതൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പെറ്റ് സ്കാനർ വാങ്ങുന്ന കാര്യം സംസ്ഥാന ബജറ്റിൽ പ്രതിപാദിച്ചിരുന്നുവെങ്കിലും ബജറ്റുവിഹിതം ഉൾപ്പെടുത്തിയിരുന്നില്ല. 2014-15-ൽ ഭരണാനുമതി അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ഉപധനാഭ്യർത്ഥനയിലൂടെയും അഡീഷണൽ ഓതറൈസേഷനിലൂടെയും ഫണ്ടിനുവേണ്ടി പ്രൊപ്പോസലുകൾ സമർപ്പിച്ചിരുന്നുവെങ്കിലും കഴിഞ്ഞ വർഷങ്ങളിൽ ഒന്നുംതന്നെ ഇതിനായി തുക ലഭ്യമായിട്ടില്ല.

**ആരോഗ്യരംഗത്ത് വരുത്താൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ**

246(2862) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യരംഗത്ത് വരുത്താൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) ബി.പി.എൽ.-കാർക്ക് ചികിൽസ പൂർണ്ണമായും സൗജന്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന പദ്ധതിയുടെ ഭാഗമായി ആരോഗ്യരംഗത്ത് കാതലായ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പകർച്ചവ്യാധി നിയന്ത്രണം, ജീവിതശൈലി രോഗ നിയന്ത്രണം, സാന്ത്വന ചികിത്സാ പദ്ധതി, അർബുദ രോഗ ചികിത്സ, ട്രോമാകെയർ, മാതൃ-ശിശു സംരക്ഷണ പദ്ധതി തുടങ്ങി ആരോഗ്യവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും കാലോചിതമായ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓരോ മേഖലയിലും അവലംബിക്കേണ്ട ലക്ഷ്യങ്ങൾ കണ്ടെത്തുകയും വരും വർഷങ്ങളിൽ ഇത് കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. ആരോഗ്യസ്ഥാപനങ്ങളിലെ ചികിത്സാ സൗകര്യം

സ്റ്റാൻഡേഡൈസ് ചെയ്യുന്നതിനും പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. സുസ്ഥിരവികസന ലക്ഷ്യങ്ങൾ കൈവരിക്കാനും മറ്റുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കായി വിദഗ്ദ്ധസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാതലത്തിൽ ഒരു ആശുപത്രിയിൽ സൂപ്പർസ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങളും താലൂക്കുതലത്തിൽ ഒരു ആശുപത്രിയിൽ മേജർ സ്പെഷ്യാലിറ്റി സൗകര്യങ്ങളും ഘട്ടംഘട്ടമായി ഏർപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്.

(ബി) സംസ്ഥാനത്ത് ആരോഗ്യവകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ ആശുപത്രികളിലും ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളവർക്ക് ചികിത്സ സൗജന്യമായാണ് നൽകുന്നത്. ഇതിനുപുറമേ ആർ.എസ്.ബി.വൈ., ചിസ് കാർഡ്, ചിസ് പ്ലസ് കാർഡ് പദ്ധതികളുടെ സേവനവും ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളവർക്ക് ലഭിക്കുന്നുണ്ട്.

**കാലഹരണപ്പെട്ട മരുന്നുകൾ**

247(2863) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുൻസർക്കാരിന്റെ കാലത്ത് ഓരോ വർഷവും എത്ര തുകക്ക് മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങിയെന്നും ഇവയിൽ എത്ര തുക ആർക്കെല്ലാം നല്കിയെന്നും എത്ര തുക നൽകാൻ ബാക്കിയുണ്ടെന്നുമുള്ള വിശദാംശം നൽകുമോ;

(ബി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അധികാരികൾ ഉയർന്ന കമ്മീഷൻ വാങ്ങി ഗുണനിലവാരം കുറഞ്ഞതും ആവശ്യത്തിലധികവും മരുന്നുകൾ മുൻസർക്കാരിന്റെ കാലയളവിൽ വാങ്ങിയതു സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടോ എന്നറിയിക്കാമോ; എങ്കിൽ എന്ത് നടപടി നാളിതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ:

(സി) ഇത്തരത്തിൽ വാങ്ങിക്കൂട്ടിയ മരുന്നുകൾ, ഉപകരണങ്ങൾ തുടങ്ങിയവയിൽ തിരുവനന്തപുരം വെയർ ഹൗസ്, കാരുണ്യ ഫാർമസി, മരുന്നു സംഭരണ കേന്ദ്രം തുടങ്ങി മറ്റു സംഭരണ കേന്ദ്രങ്ങളിൽ എത്ര തുകയുടെ മരുന്നുകളും ഉപകരണങ്ങളും പാഴായതായും കുഴിച്ചുമൂടപ്പെട്ടതായും കണ്ടെത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഇനങ്ങളിൽ നഷ്ടമായ തുക കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും പിടിച്ചെടുക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലത്ത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി മരുന്നുകളും ഉപകരണങ്ങളും വാങ്ങിയതിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ താഴെ കൊടുക്കുന്നു:

| വർഷം | മരുന്ന് (തുക കോടിയിൽ) | ഉപകരണം (തുക കോടിയിൽ) | ആകെ (തുക കോടിയിൽ) |
|---|---|---|---|
| 2011 | 177.35 | 37.11 | 214.46 |
| 2012 | 308.41 | 34.33 | 342.74 |
| 2013 | 268.44 | 71.75 | 340.19 |
| 2014 | 246.95 | 27.32 | 274.27 |
| 2015 | 292.09 | 65.10 | 357.19 |

ഓരോ വർഷവും നൽകിയ തുകയും കമ്പനികളുടെ പേരും അനുബന്ധമായി ചേർത്തിരിക്കുന്നു.* 31-3-2016 വരെ മരുന്നുകൾ വാങ്ങിയ ഇനത്തിൽ 97.48 കോടി രൂപയും ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ 19.10 കോടി രൂപയും വിവിധ കമ്പനികൾക്ക് കോർപ്പറേഷൻ നൽകാനുണ്ട്.

(ബി) ഇല്ല. സംസ്ഥാന ആരോഗ്യ വകുപ്പിന്റെയും ആരോഗ്യവിദ്യാഭ്യാസ വകുപ്പിന്റെയും കീഴിൽ വരുന്ന സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്നുകളും അനുബന്ധ ഉൽപ്പന്നങ്ങളും പ്രസ്തുത വകുപ്പ് മേധാവികൾ അംഗീകരിച്ചു നൽകുന്ന വാർഷിക ഇന്റന്റ് പ്രകാരം ദേശീയ അടിസ്ഥാനത്തിൽ ക്ഷണിക്കുന്ന മത്സര ഇ-ടെണ്ടറുകളിലൂടെ സംഭരിച്ച് ആശുപത്രികൾക്ക് സൗജന്യമായി വിതരണം നടത്തുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ്. ഓരോ മരുന്നും വാങ്ങുന്നത് ഇന്റന്റ് അനുസരിച്ചായതിനാൽ ആവശ്യത്തിലധികം വാങ്ങാറില്ല. കോർപ്പറേഷൻ വഴി മരുന്നു വിതരണം ചെയ്യുന്ന കമ്പനികൾ ഓരോ ബാച്ചിന്റെയും ഗുണനിലവാരം ദേശീയ അംഗീകാരമുള്ള ലബോറട്ടറികളിൽ (National Accreditation Board for Testing and Calibration Laboratories) അല്ലെങ്കിൽ കേന്ദ്ര മരുന്നു പരിശോധനാ ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയ പരിശോധന റിപ്പോർട്ട് നിർബന്ധമാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കോർപ്പറേഷൻ 10% ത്തിൽ കുറയാതെ സാമ്പിളുകൾ ക്രമരഹിതമായി (Random) പരിശോധന നടത്തുകയുമാണ് ചെയ്യുന്നത്. ഒരു ഉല്പാദകൻ വിതരണം ചെയ്ത ഏതെങ്കിലും രണ്ട് ഇനം മരുന്നുകളുടെ ഒന്നിലധികം ബാച്ചുകൾ ഗുണനിലവാരമില്ലാത്തതായി പരിശോധനാകേന്ദ്രം അറിയിക്കുന്ന സാഹചര്യത്തിൽ ആ മരുന്നിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഒരു ഉല്പാദകൻ വിതരണം ചെയ്ത ഏതെങ്കിലും രണ്ട് ഇനം മരുന്നുകൾ ഇങ്ങനെ കരിമ്പട്ടികയിൽപ്പെട്ടാൽ പ്രസ്തുത മരുന്ന് കമ്പനിയെ തന്നെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും മൂന്നുവർഷത്തേയ്ക്ക് കോർപ്പറേഷന്റെ തുടർന്നുള്ള ദർഘാസ് നടപടിയിൽ നിന്നും വിലക്കുകയും ചെയ്യുന്നുണ്ട്.

(സി) തിരുവനന്തപുരം മരുന്നുസംഭരണശാലയുൾപ്പെടെ കേരളത്തിലെ 14 വെയർഹൗസുകളിലുമായി 2008 മുതൽ 2011 വരെ കാലയളവിൽ വിതരണത്തിനായി സൂക്ഷിച്ചിരുന്ന 2.91 കോടി രൂപയുടെ മരുന്നുകൾ ഗുണനിലവാരമില്ലാതെ ബ്ലാക്ക് ലിസ്റ്റ് പ്രക്രിയയിൽ ഉൾപ്പെട്ട് ആശുപത്രികൾക്ക് വിതരണം ചെയ്യാൻ സാധിക്കാതെ സൂക്ഷിച്ചിരുന്നു. ഈ മരുന്നുകൾ ഇൻഡ്യൻ മെഡിക്കൽ അസോസിയേഷന്റെ 'ഇമേജ് '-ന്റെ (ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ്) സഹായത്തോടെ നശിപ്പിച്ചിട്ടുണ്ട്. ഈ ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിതരണം ചെയ്ത കമ്പനികളിൽ നിന്നുമായി ദർഘാസ് ഉപഘടകങ്ങളുടെ വ്യവസ്ഥ പ്രകാരം 4.28 കോടി രൂപ പ്രസ്തുത കമ്പനികളിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ഇതിൽ കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചമൂലം 5.35 ലക്ഷം രൂപയുടെ മരുന്നാണ് പാഴായിപ്പോയിട്ടുള്ളത്. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി 2012 ജനുവരി മുതൽ 2016 സെപ്തംബർ വരെ 501.48 കോടി രൂപയുടെ മരുന്നുകളാണ് വാങ്ങിയിട്ടുള്ളത്. ഇതിൽ 13.59 കോടി രൂപയുടെ മരുന്നുകൾ കാലഹരണപ്പെടാൻ സാധ്യതയുള്ള മരുന്നുകൾ, വിൽപ്പന കുറവുള്ള മരുന്നുകൾ, കേടുപാടുകൾ സംഭവിച്ച മരുന്നുകൾ, വെയർഹൗസിൽ എലിയും മറ്റു പ്രാണികളും നശിപ്പിച്ച മരുന്നുകൾ എന്നിവ കമ്പനികളിലേയ്ക്ക് തിരികെ നൽകുകയുണ്ടായി. ഇതിൽ നിന്നും 11.39 കോടി രൂപയുടെ മരുന്നുകളുടെ വില വിതരണക്കാരിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ശേഷിക്കുന്ന തുക കമ്പനികളിൽ നിന്നും വസൂലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇപ്രകാരം മരുന്നുകൾ സംഭരിച്ചും മേൽപ്പറഞ്ഞ ഇനം മരുന്നുകൾ തിരികെ നൽകിയും ഈ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുകയാണ്. പൊതുവിപണിയിലെ ക്രയവിക്രയങ്ങളിൽ കെ.എം.എസ്.സി.എൽ.-ഉം കമ്പനികളുമായിട്ടുള്ള ഉടമ്പടിയുടെ അടിസ്ഥാനത്തിൽ കാലഹരണപ്പെട്ടതും വിൽപ്പനക്കുറവുള്ളതും കേടുപാടുള്ളതുമായ മരുന്നുകൾ തിരികെ നൽകുമ്പോൾ തത്തുല്യമായ തുകയ്ക്കുള്ള മറ്റ് മരുന്നുകളോ ക്രെഡിറ്റ് നോട്ടുകളോ (കമ്പനികളിൽ നൽകാനിരിക്കുന്ന പണത്തിൽ നിന്ന് ടി മരുന്നുകളുടെ തുക കിഴിക്കുക) എന്ന രീതിയിൽ കോർപ്പറേഷൻ പണം ഈടാക്കിവരുന്നു. കോർപ്പറേഷന് സാമ്പത്തിക ബാധ്യത വരുത്തുന്ന രീതിയിൽ ഉപയോഗരഹിതമായ മരുന്നുകളുടെ മൊത്തം തുക 52,671 രൂപ ആണ്. കോർപ്പറേഷൻ വാങ്ങി നൽകിയ യാതൊരു ഉപകരണങ്ങളും ഒരിടത്തും നശിപ്പിക്കപ്പെട്ടിട്ടില്ല.

(ഡി) വീഴ്ച വരുത്തിയ ജീവനക്കാരിൽനിന്നും തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കോട്ടയ്ക്കൽ മണ്ഡലത്തിലെ പി.എച്ച്.സി.-കളിലെ ഒഴിവുകൾ

248(2864) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ വളാഞ്ചേരി, പൊൻവള, ഇരിമ്പിളിയം, കോട്ടയ്ക്കൽ, മാറക്കര പി.എച്ച്.സി.കളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ പി.എച്ച്.സി.-കളിൽനിന്ന് ഉദ്യോഗസ്ഥരെ സ്ഥിരമായി സ്ഥലം മാറ്റുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉദ്യോഗസ്ഥരെ സ്ഥിരമായി മാറ്റുന്ന നടപടികൾ നിർത്തിവയ്ക്കുവാൻ ആവശ്യമായ നിർദ്ദേശം ഡി.എച്ച്.എസിന് നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോട്ടക്കൽ മണ്ഡലത്തിലെ വിവിധ പി.എച്ച്.സി.-കളിലെ നിലവിലെ ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

(1) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് - II:

പി.എസ്.സി.-യിൽനിന്നും അഡ്വൈസ് 29-9-2016-ന് ലഭിച്ചിട്ടുണ്ട്. ആയതിൽ നിയമന നടപടികൾ നടന്നുവരികയാണ്.

(2) പബ്ലിക് ഹെൽത്ത് നഴ്സ്:

ടി ഒഴിവ് ഉദ്യോഗക്കയറ്റത്തിലൂടെ നികത്തുന്നതാണ്.

(3) ആശുപത്രി അറ്റൻഡർ ഗ്രേഡ്-II:

ഈ തസ്തികയിലെ 50% ഒഴിവ് ഈ വകുപ്പിലെ പാർട്ട് ടൈം തസ്തികയിൽ നിന്ന് സ്ഥാനക്കയറ്റം നൽകിയും ബാക്കി 50% ജില്ലാ കളക്ടർ അനുവദിക്കുന്ന ഇതര വകുപ്പിലെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ ജില്ലാതല പൊതുസീനിയോറിട്ടി ലിസ്റ്റിൽനിന്നും സ്ഥാനക്കയറ്റം നൽകുന്നതിനുള്ള ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.

(4) ഫാർമസിസ്റ്റ്:

മേൽ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് മുഖേന ഒരാൾ ജോലി ചെയ്തുവരുന്നു.

(ബി) സ്ഥിരമായി സ്ഥലംമാറ്റം നൽകുന്നില്ല.

## കടമ്പഴിപ്പുറം സാമൂഹ്യാരോഗ്യ കേന്ദ്രത്തിന് താലൂക്ക് ആശുപത്രി പദവി

249(2865) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമ്പഴിപ്പുറം സാമൂഹ്യാരോഗ്യ കേന്ദ്രത്തെ താലൂക്ക് ആശുപത്രി പദവിയിലേക്ക് ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

## ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ച് ലാബുകളിൽ ഭക്ഷണ പദാർത്ഥങ്ങളുടെ പരിശോധന

250(2866) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ച് ലാബുകളിൽ ഭക്ഷണപദാർത്ഥങ്ങൾ പരിശോധിക്കുവാൻ എൻ.എ.ബി.എൽ. അംഗീകാരം നിർബന്ധമാണോയെന്ന് വ്യക്തമാക്കാമോ; ഭക്ഷ്യ സുരക്ഷാ ലാബുകൾക്ക് എൻ.എ.ബി.എൽ. അംഗീകാരം ലഭ്യമാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(ബി) ഭക്ഷ്യ സുരക്ഷാ വകുപ്പിൽ ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റിന്റെ എത്ര ഒഴിവുകളുണ്ടെന്നും ഈ ഒഴിവുകൾ നികത്തുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) നിലവിൽ എത്ര മൊബൈൽ ഭക്ഷ്യ പരിശോധനാ ലാബുകളുണ്ട് ; ഈ ലാബുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) ഫുഡ്സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് 2006-ന്റെ സെക്ഷൻ 43 പ്രകാരം ലബോറട്ടറികൾ എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ അല്ലെങ്കിൽ ഇന്ത്യാഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും ഏജൻസിയോ അക്രഡിറ്റ് ചെയ്തിരിക്കണമെന്ന് നിർബന്ധമാണ്. നിലവിൽ ഫുഡ്സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ അംഗീകാരം സംസ്ഥാനത്തെ ലാബുകൾക്ക് ഉണ്ട്. സംസ്ഥാനത്തെ ഫുഡ്സേഫ്റ്റി ലാബുകളുടെ എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ പ്രക്രിയ അവസാനഘട്ടത്തിലാണ്.

(ബി) മൂന്ന് ഒഴിവുകൾ, നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ ഇതിനകം ഒരു മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഒരെണ്ണത്തിന്റെ പ്രവർത്തനം ഈ സാമ്പത്തികവർഷം തന്നെ ആരംഭിക്കുന്നതാണ്. പാലിന്റെയും വെള്ളത്തിന്റെയും ഗുണനിലവാരം കണ്ടുപിടിക്കുന്നതിനും ഭക്ഷ്യ വസ്തുക്കളിലെ കൃത്രിമ നിറങ്ങൾ കണ്ടുപിടിച്ച് റിസൾട്ട് അപ്പോൾതന്നെ ലഭ്യമാക്കുന്നതിനും ആദ്യഘട്ടത്തിൽ ഈ ലാബുകൾ ഉപയോഗിക്കുന്നു.

**മത്സ്യങ്ങളിലെ രാസവസ്തു ഉപയോഗം**

251(2867) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാർക്കറ്റുകളിൽ വില്പനയ്ക്ക് എത്തുന്ന മത്സ്യം കേടാകാതെ സൂക്ഷിക്കുന്നതിന് ഫോർമാലിൻ എന്ന രാസവസ്തു വ്യാപകമായി ഉപയോഗിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കലും മത്സ്യങ്ങളിലെ അമിത രാസവസ്തുക്കളുടെ പ്രയോഗവും തടയുന്നതിനും പരാതികളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുകയും കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തിൽ ഫോർമാലിൻ കലർന്നത് അവയിൽ ഉപയോഗിക്കുന്ന ഐസിൽ നിന്നാണെന്നുള്ള പരാതികളെത്തുടർന്ന് ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്തെ വിവിധ ഐസ് പ്ലാന്റുകളിൽ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും ഫോർമാലിന്റെ സാന്നിധ്യം കണ്ടെത്തിയ ഐസ് പ്ലാന്റുകൾ അടച്ചുപൂട്ടുകയും ചെയ്തു. അവയ്ക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതുമാണ്.

**ഡോക്ടർമാരുടെ സ്വകാര്യ ചികിത്സ**

252(2868) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിനു കീഴിലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർക്ക് സ്വകാര്യ ചികിത്സ നടത്തുന്നതിന് അനുവാദമുണ്ടോ;

(ബി) ഇതുസംബന്ധിച്ച് നിലവിലുള്ള നിയമം ലംഘിക്കുന്നവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്ക് നിബന്ധനകൾക്ക് വിധേയമായാലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 270/2005/ആകുവ. തീയതി (25-10-2005) പ്രകാരം സ്വകാര്യ ചികിത്സ നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

(ബി) സർക്കാർ ഉത്തരവിലെ നിബന്ധനകൾ ലംഘിക്കുന്നവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു.

**പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനം**

253(2869) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി 20-6-2012-ലെ 187/12 ആ.കു.വ. നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തൊട്ടാകെ എത്ര ആരോഗ്യ പ്രവർത്തകരെയാണ് നിയമിച്ചിരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇവരിൽ എത്ര പേർ നിലവിൽ ജോലി ചെയ്തുവരുന്നുണ്ട്; വിശദീകരിക്കാമോ?

(സി) പി.എസ്.സി. വഴിയുള്ള നിയമനത്തിന് പ്രായപരിധി കഴിഞ്ഞ ഇവർക്ക് ഇനിയും അവസരമില്ലാത്ത സാഹചര്യത്തിൽ ഇവരെ പുനർനിയമിക്കുന്നതിന് സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി 20-6-2012-ലെ തീയതിയിലെ സ.ഉ.(കൈ) 187/12/ആ.കു.വ. പ്രകാരം സംസ്ഥാനത്തൊട്ടാകെ വിവിധ തസ്തികകളിലായി ആകെ 1902 ആരോഗ്യ പ്രവർത്തകരെയാണ് നിയമിച്ചിരുന്നത്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിൽ ഇവരിൽ ആരുംതന്നെ ജോലി ചെയ്യുന്നില്ല.

(സി) നിലവിൽ പരിഗണനയിലില്ല.

**വൃക്കസംബന്ധമായ രോഗങ്ങൾ**

254(2870) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്കസംബന്ധമായ രോഗങ്ങൾ കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയരാകുന്ന രോഗികളുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ മുഴുവൻ സർക്കാർ താലൂക്ക്, ജില്ലാ ഹോസ്പിറ്റലുകളിലും ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഡയാലിസിസ് ചെയ്യുന്നതിന് പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് എല്ലാ ജില്ലകളിലുമുള്ളത് എന്നിരിക്കെ, സാധാരണ ജനങ്ങൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ മുഴുവൻ സർക്കാർ ഹോസ്പിറ്റലുകൾക്ക് കീഴിലും സൗജന്യ ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 44 ആശുപത്രികളിൽ 2016-17-ൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

**നെയ്യാറ്റിൻകര ജനറൽ ആശുപത്രി**

255(2871) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ രാത്രികാലങ്ങളിൽ എത്തുന്ന രോഗികൾക്ക് കാഷ്വാലിറ്റിയിൽ ചെസ്റ്റ്, ഓർത്തോ, സർജറി, പീഡിയാട്രിക്സ് എന്നീ വിഭാഗങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഇപ്പോൾ ലഭിക്കുന്ന 34 ഡോക്ടർമാരുടെ സേവനം ഒരു താലൂക്ക് ആശുപത്രിയുടെ നിലവാരത്തിനനുസരിച്ചുള്ളതാണോയെന്ന് വിശദമാക്കുമോ;

(സി) G.O(MS) No.357/09/H&FW, Date 15-10-2009 പ്രകാരം ഒരു ജില്ലാ ആശുപത്രിയ്ക്കാവശ്യമായ ഡോക്ടർമാരെയോ, മറ്റ് വിഭാഗത്തിൽ ഉള്ള ജീവനക്കാരെയോ പ്രസ്തുത ആശുപത്രിയിൽ നിയമിച്ചിട്ടുണ്ടോ;

(ഡി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ നിലവിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഉള്ള ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ സാധിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. രാത്രികാലങ്ങളിൽ അസിസ്റ്റന്റ് സർജൻ നിലവാരത്തിൽ ഉള്ള ഡോക്ടർമാരുടെ സേവനമാണ് പ്രധാനമായും കാഷ്വാലിറ്റി സേവനം നൽകുന്ന ആശുപത്രികളിൽ നിലവിലുള്ളത്.

(ബി) 34 ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്ന ആശുപത്രി താലൂക്ക് നിലവാരത്തിന് അനുസരിച്ചുള്ള ആശുപത്രിയാണ്.

(സി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ടി ആശുപത്രിയുടെ പദവിക്ക് അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ഡി) തൽക്കാലം പരിഗണനയിലില്ല.

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി**

256(2872) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ മനോരോഗം, ചെസ്റ്റ് എന്നീ വിഭാഗങ്ങളിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദമാക്കുമോ;

(ബി) പെരുമ്പഴുതൂർ പി.എച്ച്.സി.യിൽ ഐ.പി. യൂണിറ്റ് ഇതുവരെയും തുടങ്ങാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ പണിപൂർത്തിയാകാത്ത വെൺപകൽ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) പ്രസ്തുത ആശുപത്രിയിൽ ടി തസ്തികകൾ നിലവിലില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരുമ്പഴുതൂർ പി.എച്ച്.സി.-യിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ല. ടി പി.എച്ച്.സി.യിൽ ഒരു ഡോക്ടറുടെ തസ്തികയാണുള്ളത്. അധിക തസ്തികകൾ സൃഷ്ടിച്ചെങ്കിൽ മാത്രമേ കിടത്തി ചികിത്സ ആരംഭിക്കാൻ കഴിയുകയുള്ളൂ.

(സി) Major Construction under DHS എന്ന പദ്ധതിയിൽ 2017-18 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഡോക്ടർമാരുടെ ഒഴിവുകൾ**

257(2873) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വിവിധ സർക്കാർ ആശുപത്രികളിലായി ഡോക്ടർമാരുടെ എത്ര ഒഴിവുകളുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 30 ഒഴിവുകൾ.

| | | |
|---|---|---|
| അസിസ്റ്റന്റ് ഡയറക്ടർ | - | 1 |
| ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് എം./ഒ. | - | 3 |
| മെഡിക്കൽ കൺസൾട്ടന്റ് | - | 8 |
| ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ് | - | 12 |
| കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | - | 2 |
| അസിസ്റ്റന്റ് സർജൻ | - | 2 |
| സിവിൽ സർജൻ | - | 1 |
| ഡെന്റൽ മെഡിക്കൽ കൺസൾട്ടന്റ് | - | 1 |

(ബി) അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ പി.എസ്.സി.-യിൽ നിന്നും അഡ്വൈസ് ലഭ്യമാകുന്ന മുറയ്ക്ക് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ചും പ്രൊമോഷൻ മുഖേനയും മറ്റ് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**അംഗപരിമിതർക്ക് മെഡിക്കൽ ചെക്കപ്പ്**

258(2874) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതർക്ക് മാസം തോറുമുള്ള മെഡിക്കൽ ചെക്കപ്പ് താലൂക്കാശുപത്രികളിൽ നടത്താനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ താലൂക്കാശുപത്രികളിൽ മേൽപ്പറഞ്ഞ സംവിധാനം ആരംഭിക്കുന്നതിന് സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അത്തരം ഒരു സംവിധാനം നിലവിലില്ല. എന്നാൽ അംഗപരിമിതർക്ക് വേണ്ടി വികലാംഗ സർട്ടിഫിക്കേഷൻ ബോർഡുകൾ ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലും നിലവിലുണ്ട്. മാസത്തിൽ ഒരിക്കലെങ്കിലും മെഡിക്കൽ ബോർഡുകൾ നടത്താറുണ്ട്. ഈ ബോർഡിൽ എല്ലാ വിഭാഗത്തിൽപ്പെട്ട ഡോക്ടർമാരും ഉൾപ്പെടുന്നു.

(ബി) താലൂക്കാശുപത്രികളിൽ മേൽപ്പറഞ്ഞ സംവിധാനം ആരംഭിക്കുന്നതിന് സാധിക്കുമോ എന്ന് പരിശോധിച്ചുവരുന്നു.

## ഭക്ഷ്യവസ്തുക്കളിലെ മായം

259(2875) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങൾ ആഹാരത്തിനായി ആശ്രയിക്കുന്നതും മറ്റു സംസ്ഥാനങ്ങളിൽ നിന്നെത്തുന്നതും സംസ്ഥാനത്തുള്ളവയുമായ പഴം, പച്ചക്കറി, പലവ്യഞ്ജനം, മത്സ്യം, മാംസം, പാൽ, വിവിധയിനം എണ്ണകൾ എന്നിവയിൽ മായവും വിഷവസ്തുക്കളും ചേർത്ത് വിൽക്കുന്നതും അമിതവില ഈടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവകളിൽ ഉപയോഗിക്കുന്ന മായം/വിഷവസ്തുക്കൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഏതു സ്ഥാപനങ്ങളാണ് ഇവ പരിശോധിക്കുന്നത് എന്നും കണ്ടെത്തിയ വിഷവസ്തുക്കളും മായം ചേർക്കലുകളും എന്താണ് എന്നും വ്യക്തമാക്കുമോ;

(സി) ഇവ നിയന്ത്രിക്കാൻ എന്തു നടപടികൾ നാളിതു വരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ഓണക്കാലത്ത് അന്യസംസ്ഥാനങ്ങളിൽ ഉൾപ്പെടെ ലഭ്യമായ വിവിധ പച്ചക്കറികളിൽ നിന്ന് 188 സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് വെള്ളായണി കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ പരിശോധിച്ചതിൽ 8.5 ശതമാനം സാമ്പിളുകൾ ഭക്ഷ്യസുരക്ഷാഗുണ നിലവാര ചട്ടങ്ങളിൽ അനുവദിച്ചിരുന്ന പരിധിക്ക് മുകളിൽ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. ആയതിൽ അന്യ സംസ്ഥാന പച്ചക്കറികളായ ബീൻസ്, കറിവേപ്പില, പച്ചമുളക്, പുതിനയില, മല്ലിയില, പാലച്ചീര, ബീറ്റ്റൂട്ട്, കോവയ്ക്ക എന്നിവയിൽ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയിട്ടുള്ളതും ബീൻസിൽ നിരോധിച്ച കീടനാശിനിയായ പ്രോഫെനോഫാസ് അടക്കം 4 കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുള്ളതുമാണ്. കറിവേപ്പിലയിലും മല്ലിയിലയിലും ഒന്നിൽ കൂടുതൽ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റേത് ഉൾപ്പെടെയുള്ള സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലിറ്റിക്കൽ ലാബിൽ പരിശോധന നടത്താറുണ്ട്. ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ പുതുതായി തുടങ്ങിയ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ സേവനം കൂടി പാലിന്റെ സാമ്പിളുകൾ ഉൾപ്പെടെ പരിശോധിക്കുന്നതിനായി നിരത്തിലിറക്കുന്നതാണ്. ഭക്ഷ്യസുരക്ഷാ നിലവാര നിയമത്തിലെ 21-ാം വകുപ്പുപ്രകാരം ഭക്ഷണ പദാർത്ഥങ്ങളിൽ നേരിട്ടോ അല്ലാതെയോ ആന്റിബയോട്ടിക്ക്സിന്റെയോ,

കീടനാശിനികളുടെയോ വെറ്റിനറി ഡ്രഗ്സിന്റെയോ അംശം അനുവദനീയമല്ല. ഇതനുസരിച്ച് ഇത്തരം വസ്തുക്കൾ പാലുൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളിൽ കണ്ടെത്തിയാൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ഇത്തരം ഭക്ഷ്യ വസ്തുക്കൾ നിരോധിക്കാനും സാധിക്കും.

രാസമത്സ്യത്തിന്റേതടക്കമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച സാമ്പിളുകൾ പരിശോധിച്ചതിൽ ഫോർമാലിന്റെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുള്ളതും ബന്ധപ്പെട്ടവർക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. കൂടാതെ രാസമത്സ്യം സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ മത്സ്യത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിൽ പരിശോധിച്ചതിൽ രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം കണ്ടെത്തിയിരുന്നില്ല. എന്നാൽ മത്സ്യം സൂക്ഷിക്കുവാനായി തയ്യാറാക്കിയിരുന്ന ഐസിൽ രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയെ തുടർന്ന് നാല് ഐസ് ഫാക്ടറികളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചിരുന്നു.

(ബി) പഴം, പച്ചക്കറികൾ എന്നിവ ശേഖരിച്ച് പരിശോധന നടത്തിയപ്പോൾ ചില സാമ്പിളുകളിൽ കീടനാശിനികളുടെ അംശം കണ്ടെത്തിയിട്ടുണ്ട്. ഈ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാകമ്മീഷണറുടെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിലുള്ള അനലിറ്റിക്കൽ ലാബുകളിലും കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റസിഡ്യൂ ടെസ്റ്റിംഗ് ലാബിലും അയച്ച് പരിശോധിക്കാറുണ്ട്. ചില മത്സ്യ സാമ്പിളുകളിൽ ഫോർമാലിൻ, അമോണിയ തുടങ്ങിയ രാസപദാർത്ഥങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇവ കൊച്ചിയിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലാണ് പരിശോധിക്കുന്നത്. പാലിൽ ഫോർമാലിൻ, സോഡിയം ബൈകാർബണേറ്റ് തുടങ്ങിയ മായങ്ങളാണ് സാധാരണയായി കണ്ടുവരുന്നത്. ഇവ ഭക്ഷ്യസുരക്ഷാകമ്മീഷണറുടെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചുവരുന്നു. വെളിച്ചെണ്ണയിൽ സാധാരണയായി പാം കേർണൽ ഓയിൽ, പാം ഓയിൽ തുടങ്ങിയ വിലകുറഞ്ഞ എണ്ണകൾ ചേർക്കുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ഇവ പരിശോധിക്കുന്നതിനുള്ള സൗകര്യം ഭക്ഷ്യ സുരക്ഷാകമ്മീഷണറുടെ കീഴിലുള്ള ലാബുകളിൽ ലഭ്യമാണ്. പലവ്യഞ്ജനങ്ങളിൽ സാധാരണയായി കൃത്രിമ നിറങ്ങൾ, സ്റ്റാർച്ച് എന്നിവ മായങ്ങളായി ചേർക്കാറുണ്ട്. ഇവ പരിശോധിക്കുന്നതിനുള്ള സൗകര്യം ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള ലാബുകളിൽ ലഭ്യമാണ്.

(സി) ഇവ നിയന്ത്രിക്കാൻ ഫുഡ്സേഫ്റ്റി ഓഫീസർമാരുടെ സേവനം ഉപയോഗിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്താറുണ്ട്. ഇതുകൂടാതെ ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ച് ഉത്സവകാലയളവുകളിൽ സ്പെഷ്യൽ സ്ക്വാഡുകളെ നിയോഗിച്ച് പഴം, പച്ചക്കറി, പലവ്യഞ്ജനം, മത്സ്യം, പാൽ, വിവിധയിനം എണ്ണകൾ കൊണ്ടുവരുന്ന വാഹനങ്ങൾ പരിശോധിക്കുകയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യാറുണ്ട്. കൂടാതെ പ്രത്യേക സാഹചര്യങ്ങളിൽ അതിർത്തി ചെക്ക്പോസ്റ്റുകളുള്ള ജില്ലയിൽ പ്രത്യേക ജാഗ്രത നിർദ്ദേശം നൽകാറുള്ളതും അതിർത്തി കടന്ന് വരുന്ന ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ കൂടുതലായി സ്വീകരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുമുണ്ട്. എല്ലാ മാസവും ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ചുള്ള പരിശോധനയ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പ് ഇത് സംബന്ധിച്ച് നിശ്ചിത ഇടവേളകളിൽ ചെക്ക്പോസ്റ്റുകൾ, മൊത്തചില്ലറ വ്യാപാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിക്കുകയും ഈ സ്ഥലങ്ങളിൽ പരിശോധന നടത്തുന്നതിനായി സ്പെഷ്യൽ സ്ക്വാഡുകളെയും നിയമിച്ച് ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006, അനുബന്ധ ചട്ടങ്ങളും അനുസരിച്ച് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## താലൂക്കാശുപത്രികളാക്കി ഉയർത്തിയ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ

260(2877) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്കാശുപത്രികളാക്കി ഉയർത്തപ്പെട്ട ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആനുപാതികമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) മേൽപ്പറഞ്ഞ കാര്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എല്ലാ താലൂക്ക് ആശുപത്രികളിലും ജൻ ഔഷധി സ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) താലൂക്ക് ആശുപത്രികളായി ഉയർത്തപ്പെട്ട ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് അതത് സാമ്പത്തിക വർഷങ്ങളിലെ പ്ലാൻ,

നോൺ പ്ലാൻ ഫണ്ടുകളിൽ ഉൾക്കൊള്ളിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി സർക്കാരിൽ നിന്നും നൽകാറുണ്ട്. താലൂക്ക് ആശുപത്രികളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സമാഹൃത പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളോടനുബന്ധിച്ചും സംസ്ഥാനത്തെ ഫാർമസി കോളേജുകളോടനുബന്ധിച്ചും 300 " ജൻ ഔഷധി സ്റ്റോറുകൾ" തുടങ്ങുന്നതിനുവേണ്ടി കേന്ദ്ര ഫാർമസ്യൂട്ടിക്കൽ ഡിപ്പാർട്ടുമെന്റിന് കീഴിലുള്ള ബ്യൂറോ ഓഫ് ഫാർമ പബ്ലിക് സെക്ടർ അണ്ടർ ടേക്കിംഗ്സ് ഓഫ് ഇന്ത്യ (BPPI) യും സംസ്ഥാന ഫാർമസി കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള "ഫാർമസ്യൂട്ടിക്കൽ സൊസൈറ്റി ഓഫ് കേരള" -യുമായി ധാരണാപത്രം കൈമാറിയിട്ടുണ്ട്. 2016, 2017, 2018 വർഷങ്ങളിൽ 100 വീതം ജൻഔഷധി സ്റ്റോറുകൾ തുടങ്ങുമെന്നാണ് ധാരണയിലെത്തിയിരിക്കുന്നത്.

**മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിലെ അപാകതകൾ**

261(2878) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി നൽകുന്ന ഔഷധങ്ങളുടെ പേര് നിലവിലെ ലിസ്റ്റിൽ ഇല്ലാത്തതിനാൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെയും മുൻ സാമാജികരുടെയും ചികിൽസാ ചെലവുകൾ (മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്) തിരികെ നൽകുന്നതിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രോഗ നിവാരണ ഔഷധങ്ങൾക്ക് മുൻകാലങ്ങളിൽ നിശ്ചയിച്ച വിലയാണ് ഇപ്പോഴും മടക്കി നൽകുന്നത് എന്നതിനാൽ ചെലവായ തുകയുടെ പാതി പോലും രോഗിക്ക് ലഭിക്കുന്നില്ലെന്നത് പരിശോധിക്കുമോ;

(സി) ക്യാൻസർ അടക്കമുള്ള മാരകരോഗങ്ങൾക്ക് ഏറ്റവും പുതുതായി നൽകുന്ന ഔഷധങ്ങളുടെ പേര് നിലവിലെ ലിസ്റ്റിൽ ഇല്ലാത്തതിനാൽ എം.ആർ.-ൽ ഉൾപ്പെടുന്നത് സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഇത് സംബന്ധമായി നൽകിയ 888809/16/M (PWD and R) എന്ന അപേക്ഷയിൻമേൽ എന്തു നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിലെ ലിസ്റ്റ് കാലോചിതമായി പരിഷ്കരിക്കുന്നതിനും എം.ആർ.-ലെ അപാകതകൾ പരിഹരിക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ സ്വീകരിക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.ജി.എസ്.എം. റൂൾ 1960 പ്രകാരവും സർക്കാർ ഉത്തരവ് പ്രകാരവും അംഗീകരിച്ചിട്ടുള്ള മരുന്നുകൾക്ക് സർക്കാർ നിരക്ക് നിശ്ചയിച്ചിട്ടില്ല. ആ ഇനത്തിൽ ബില്ലനുസരിച്ച് മുഴുവൻ തുകയും നൽകാറുണ്ട്.

(സി) ഉണ്ട്. ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കാൻസർ ചികിത്സയ്ക്കുപയോഗിക്കുന്ന ചില മരുന്നുകൾ റീ-ഇംബേഴ്സ് ചെയ്യാവുന്ന മരുന്നുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാൻസർ ചികിത്സാ പ്രൊസീജറുകൾ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) 14-10-2016-ൽ ആരോഗ്യ വകുപ്പിൽ ലഭിച്ചു. പ്രസ്തുത അപേക്ഷ പരിശോധിച്ചുവരുന്നു.

(ഇ) സ്വീകരിച്ചുവരുന്നു. ഇതിനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റുമായി ബന്ധപ്പെട്ട ഇത്തരം പ്രശ്നങ്ങൾ സമിതി പരിഗണിച്ചുവരുന്നു.

**ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II തസ്തികയിലെ നിയമനം**

262(2879) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ആരോഗ്യ വകുപ്പിലും മുൻസിപ്പൽ കോമൺ സർവ്വീസിലും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II തസ്തികയിൽ 150-ൽ അധികം ഒഴിവുകളുണ്ടെന്നും ഈ തസ്തികകളിൽ 4 വർഷമായി താത്കാലിക നിയമനം നടത്തുന്നതുകൊണ്ട് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് സ്ഥിരം നിയമനം ലഭിക്കുന്നതിന് തടസ്സമാകുന്നു എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## സ്ത്രീസുരക്ഷ-അഭയ കേന്ദ്രങ്ങൾ

263(2880) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിൽ സ്ത്രീസുരക്ഷ അഭയകേന്ദ്രങ്ങൾ നിലവിലുണ്ട്; ഇപ്പോൾ പ്രവർത്തിക്കുന്ന കേന്ദ്രങ്ങൾ ഏതൊക്കെ; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രവർത്തനരഹിതമായി കിടക്കുന്ന ഇത്തരം കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; ഇവ പ്രവർത്തനരഹിതമായി കിടക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ ഷെൽട്ടർ ഹോമുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 42 സ്ത്രീസുരക്ഷ അഭയകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലതിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കെട്ടിടപ്പണി നടക്കുന്നതിനാൽ വയനാട് മഹിളാ മന്ദിരത്തിന്റെ പ്രവർത്തനം മുടങ്ങിക്കിടക്കുന്നു.

(സി) നിർഭയ ഷെൽട്ടർ ഹോമുകൾ എല്ലാ പ്രധാന നഗരങ്ങളിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## പരിയാരം മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. അഡ്മിഷൻ

264(2881) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം മെഡിക്കൽ കോളേജിൽ 2011 മുതൽ 2015 വരെയുള്ള വർഷങ്ങളിൽ ഓരോ വർഷവും എം.ബി.ബി.എസ്. അഡ്മിഷന് മെറിറ്റ്, മാനേജ്മെന്റ്, എൻ.ആർ.ഐ. സീറ്റുകൾക്ക് ഈടാക്കിയ ഫീസ് എത്രയായിരുന്നു;

(ബി) ഓരോ വർഷവും തൊട്ടു മുമ്പത്തെ ഫീസിൽ നിന്നും എത്ര ശതമാനം വർദ്ധനയാണ് നടപ്പിലാക്കിയത്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2016-ലെ എം.ബി.ബി.എസ്. അഡ്മിഷന് ഓരോ വിഭാഗത്തിൽനിന്നും ഈടാക്കുന്ന ഫീസ് എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) 2015-നെ അപേക്ഷിച്ച് ഈ വർഷം ഫീസ് നിരക്കിൽ ഓരോ വിഭാഗത്തിനും വരുത്തിയ വർദ്ധനവ് എത്രയാണ്; അമിതമായ ഈ വർദ്ധനവ് അനുവദിച്ചതിനുള്ള സാഹചര്യം വ്യക്തമാക്കുമോ;

(ഇ) വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിയ അമിത ഫീസ് കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ)

| Year | Merit | Management | NRI | SEBC | BPL |
|---|---|---|---|---|---|
| 2011 | 1,00,000 | 4,50,000 | 10,00,000 | 44000 | 23000 |
| 2012 | 1,50,000 | 5,50,000 | 10,00,000 | 25000 | 25000 |
| 2013 | 1,50,000 | 6,00,000 | 11,00,000 | 45000 | 25000 |
| 2014 | 1,50,000 | 6,00,000 | 11,00,000 | 45000 | 25000 |
| 2015 | 1,50,000 | 6,50,000 | 12,00,000 | 45000 | 25000 |

മെറിറ്റ് ഫീസ് എല്ലായിടത്തും 1,85,000 ആയിരുന്നപ്പോൾ പരിയാരത്ത് 1,50,000 ആയിരുന്നു. ഇത് ഏകീകരിക്കുക മാത്രമാണ് ചെയ്തത്.

(ബി) 2012-ൽ, തൊട്ട് മുൻ വർഷത്തെ അപേക്ഷിച്ച് മെറിറ്റ് സീറ്റിൽ 50%-വും മാനേജ്മെന്റ് സീറ്റിൽ 22%-വും ഫീസ് വർദ്ധന വരുത്തുകയുണ്ടായി. എന്നാൽ എൻ.ആർ.ഐ. സീറ്റിൽ തൊട്ട് മുൻ വർഷത്തെ ഫീസ് നിലനിർത്തുകയുണ്ടായി. 2013-ൽ, മെറിറ്റ് സീറ്റിൽ തൊട്ട് മുൻ വർഷത്തെ ഫീസ് നിലനിർത്തുകയുണ്ടായി. എന്നാൽ തൊട്ട് മുൻ വർഷത്തെ അപേക്ഷിച്ച് മാനേജ്മെന്റ് സീറ്റിൽ 9%-വും എൻ.ആർ.ഐ.സീറ്റിൽ 10%-വും ഫീസ് വർദ്ധന വരുത്തുകയുണ്ടായി. 2014-ൽ, മെറിറ്റ് സീറ്റിലും മാനേജ്മെന്റ് സീറ്റിലും എൻ.ആർ.ഐ.സീറ്റിലും തൊട്ട് മുൻ വർഷത്തെ ഫീസ് നിലനിർത്തുകയുണ്ടായി. 2015-ൽ, മെറിറ്റ് സീറ്റിൽ തൊട്ട് മുൻ വർഷത്തെ ഫീസ് നിലനിർത്തുകയുണ്ടായി. എന്നാൽ തൊട്ട് മുൻവർഷത്തെ അപേക്ഷിച്ച് മാനേജ്മെന്റ് സീറ്റിൽ 8.3%-വും എൻ.ആർ.ഐ. സീറ്റിൽ 8.3%-വും ഫീസ് വർദ്ധന വരുത്തുകയുണ്ടായി.

| | | | |
|---|---|---|---|
| (സി) | ഗവൺമെന്റ് മെരിറ്റ് സീറ്റ് | - | 2,50,000 രൂപ |
| | മാനേജ്മെന്റ് സീറ്റ് | - | 10,00,000 രൂപ |
| | എൻ.ആർ.ഐ. സീറ്റ് | - | 14,00,000 രൂപ |
| | എസ്.ഇ.ബി.സി. സീറ്റ് | - | 45,000 രൂപ |
| | ബി.പി.എൽ. സീറ്റ് | - | 25,000 രൂപ |

(ഡി) 2016-ൽ തൊട്ട് മുൻ വർഷത്തെ അപേക്ഷിച്ച് മെറിറ്റ് സീറ്റിൽ 66.67%-വും മാനേജ്മെന്റ് സീറ്റിൽ 53.85%-വും എൻ.ആർ.ഐ. സീറ്റിൽ 16.67%-വും ഫീസ് വർദ്ധന വരുത്തുകയുണ്ടായി. മെഡിക്കൽ കോളേജ്/ആശുപത്രി നടത്തിപ്പിന് ഉണ്ടായ ചെലവ് ക്രമാതീതമായി വർദ്ധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിവിധ മാനേജുമെന്റുകളോടൊപ്പം പരിയാരം മെഡിക്കൽ കോളേജിന്റെ മാനേജുമെന്റുകളുമായും ചർച്ച നടത്തുകയും തുടർന്ന് പുതുക്കിയ നിരക്ക് പ്രാബല്യത്തിൽ വരുകയുമുണ്ടായി. മുൻ വർഷങ്ങളിൽ മാനേജ്മെന്റ് സീറ്റിന് (മെഡിക്കൽ) 6,50,000 രൂപയാണ്. എന്നാൽ മാനേജ്മെന്റുകളുടെ ചെലവ് ക്രമാതീതമായി വർദ്ധിച്ചുവെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ സർക്കാർ മേൽ പറഞ്ഞ പുതുക്കിയ നിരക്ക് 1-9-2016-ലെ സ.ഉ.(സാധാ)നമ്പർ 2463/2016/ആ.കു.വ. പ്രകാരം അനുവദിക്കുകയുണ്ടായി. (അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) അമിത ഫീസ് ഈടാക്കിയിട്ടില്ല.

**ഹരിപ്പാട് മെഡിക്കൽ കോളേജ് നിർമ്മാണം**

265(2882) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മെഡിക്കൽ കോളേജിന് വേണ്ടി സർക്കാർ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളതെന്നും എത്ര തുക അതിനായി ചെലവഴിച്ചെന്നും വിശദമാക്കാമോ;

(ബി) മെഡിക്കൽ കോളേജിന് വേണ്ടി എത്ര കുടുംബങ്ങളാണ് ഭൂമി വിട്ട് നൽകിയിട്ടുള്ളതെന്നും ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഇനിയും എത്രപേർക്ക് നഷ്ടപരിഹാരം നൽകാനുണ്ടെന്നും വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഹരിപ്പാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് പി.ഡബ്ല്യൂ.ഡി വിജിലൻസ് വിഭാഗം സർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത മെഡിക്കൽ കോളേജിന്റെ നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## കോഴിക്കോട്, തിരുവനന്തപുരം ദന്തൽ കോളേജുകളിൽ അനുവദിച്ച ഡി.ഒ.ആർ.എ. കോഴ്സ്

266 (2883) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, തിരുവനന്തപുരം എന്നീ ദന്തൽ കോളേജുകളിൽ അനുവദിച്ച ഡി.ഒ.ആർ.എ. (ഡിപ്ലോമ ഇൻ ഡെന്റൽ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ്) കോഴ്സിന് ഇന്ത്യൻ ഡെന്റൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കോഴ്സിന് അംഗീകാരമുള്ളതായി സർക്കാർ നൽകുന്ന സർട്ടിഫിക്കറ്റിൽ കാണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) ഈ കോഴ്സ് പൂർത്തീകരിച്ചവർക്ക് കേരള ദന്തൽ കൗൺസിലിൽ രജിസ്റ്റർ ചെയ്യുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;വിശദമാക്കാമോ;

(ഡി) രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തതിനാൽ കോഴ്സ് പാസായ വിദ്യാർത്ഥികൾക്ക് ജോലിയിൽ പ്രവേശിക്കാൻ സാധിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് പരിഹാരമാണ് ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഡിപ്ലോമ ഇൻ ഡെന്റൽ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ് കോഴ്സിന് ഇന്ത്യൻ ഡെന്റൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടില്ല.

(ബി) ഡിപ്ലോമ ഇൻ ഡെന്റൽ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ് കോഴ്സ് ആരംഭിക്കുന്നതിന് ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ അനുമതി നൽകിയതായി സർട്ടിഫിക്കറ്റിൽ കാണിച്ചിട്ടുണ്ട്.

(സി) നിലവിൽ ചില ഭേദഗതികൾ വരുത്തിയാൽ മാത്രമേ ഡിപ്ലോമ ഇൻ ഡെന്റൽ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ് കോഴ്സ് രജിസ്റ്റർ ചെയ്യാൻ സാദ്ധ്യമാവുകയുള്ളൂ എന്ന് ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ആവശ്യം ഉന്നയിച്ച് ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ റെഗുലേഷനിൽ ആവശ്യമായ ഭേദഗതികൾ വരുത്തി രജിസ്ട്രേഷൻ നൽകാൻ വേണ്ട സത്വര നടപടി സ്വീകരിച്ചുവരുന്നതായി ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട്.

**പാരിപ്പള്ളി മെഡിക്കൽ കോളേജ് പ്രവേശനം**

267(2884) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളി മെഡിക്കൽ കോളേജിൽ ഈ വർഷം എം.ബി.ബി.എസ്. പ്രവേശനത്തിന് അനുമതി ലഭിക്കുന്നതിനായി ലോധ കമ്മിറ്റിക്ക് എന്നാണ് അപേക്ഷ സമർപ്പിച്ചത്;

(ബി) ഈ മെഡിക്കൽ കോളേജിന് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചത്;

(സി) പ്രസ്തുത മെഡിക്കൽ കോളേജിൽ എത്ര അദ്ധ്യാപകരുടെയും പാരാ മെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്;

(ഡി) ഈ കോളേജിൽ ഈ വർഷം കുട്ടികൾക്ക് കുറഞ്ഞ ഫീസിൽ പഠിക്കാനുള്ള അവസരം ഇല്ലാതാക്കിയതിനുള്ള കാരണക്കാർ ആരാണെന്ന് അന്വേഷിച്ചിട്ടുണ്ടോ;

(ഇ) ഈ വർഷം ഈ കോളേജിൽ ക്ലാസ്സ് ആരംഭിക്കുന്നതിനെതിരെ എന്തെങ്കിലും കോടതി വിധി നിലവിലുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഈ ഉത്തരവ് പരിശോധിക്കുകയോ നിയമവിദഗ്ദ്ധരുടെ അഭിപ്രായം തേടുകയോ ചെയ്തശേഷമാണോ പാരിപ്പള്ളി മെഡിക്കൽ കോളേജിൽ ഈ വർഷം പ്രവേശനം വേണ്ടെന്ന് തീരുമാനിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 22-7-2016-ൽ.

(ബി) ഇല്ല.

(സി) അദ്ധ്യാപകരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഉൾപ്പെടെ 390 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) മെഡിക്കൽ കൗൺസിലിന്റെ പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ പരിഹരിച്ച് ലോധ കമ്മിറ്റിക്ക് അപ്പീൽ 22-7-2016-ൽ നൽകുകയുണ്ടായി. എന്നാൽ ലോധ കമ്മിറ്റിയിൽ നിന്നും അനുകൂല തീരുമാനം ഒന്നുംതന്നെ ഉണ്ടായില്ല.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

**ആയുർവേദ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകരുടെ ഒഴിവുകൾ**

268(2885) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജുകളിൽ നിലവിൽ അദ്ധ്യാപകരുടെ ഒഴിവുകളുണ്ടോ; കോളേജുകൾ തിരിച്ച് വിശദാംശങ്ങൾ നൽകാമോ;

(ബി) അദ്ധ്യാപകരുടെ കുറവുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കൂടുതൽ അദ്ധ്യാപകരുള്ള കോളേജുകളിൽ നിന്നും പുനർവിന്യാസം നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) കണ്ണൂർ ആയുർവ്വേദ കോളേജിൽ നിലവിൽ അവധിയിൽ പ്രവേശിച്ച എത്ര അദ്ധ്യാപകർ ഉണ്ട്; അനധികൃതമായി ലീവിൽ തുടരുന്ന അദ്ധ്യാപകരുണ്ടോ; ഉണ്ടെങ്കിൽ അവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) അദ്ധ്യാപക ക്ഷാമത്തിന് പരിഹാരം കാണാൻ സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൻകീഴിലെ മൂന്ന് സർക്കാർ ആയുർവേദ കോളേജുകളിൽ അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

<u>തിരുവനന്തപുരം ഗവ. ആയുർവേദ കോളേജ്:</u>

| | | |
|---|---|---|
| അഗദതന്ത്ര വിഭാഗം | - | 3 |
| ക്രിയാശരീര വിഭാഗം | - | 1 |
| പഞ്ചകർമ്മ വിഭാഗം | - | 3 |
| പ്രസൂതി-സ്ത്രീരോഗ വിഭാഗം | - | 1 |
| സംസ്കൃത, സിദ്ധാന്ത, സംഹിത വിഭാഗം | - | 2 |
| ദ്രവ്യഗുണ വിഭാഗം | - | 1 |
| കായചികിത്സ വിഭാഗം | - | 1 |

<u>തൃപ്പൂണിത്തുറ ഗവ. ആയുർവേദ കോളേജ്:</u>

| | | |
|---|---|---|
| സംസ്കൃത, സിദ്ധാന്ത, സംഹിത വിഭാഗം | - | 1 |
| രചനാശരീര വിഭാഗം | - | 1 |
| കൗമാരഭൃത്യവകുപ്പ് | - | 1 |
| രോഗനിദാന വിഭാഗം | - | 1 |
| ക്രിയാശരീര വിഭാഗം | - | 2 |
| പഞ്ചകർമ്മ വിഭാഗം | - | 1 |
| ശാലാക്യതന്ത്ര വിഭാഗം | - | 1 |
| ദ്രവ്യഗുണ വിഭാഗം | - | 2 |

<u>കണ്ണൂർ ഗവ. ആയുർവേദ കോളേജ്:</u>

| | | |
|---|---|---|
| സ്വസ്ഥവൃത്ത വകുപ്പ് | - | 1 |
| സംഹിത സംസ്കൃത സിദ്ധാന്ത വകുപ്പ് | - | 3 |
| കൗമാരഭൃത്യ വകുപ്പ് | - | 1 |
| രചനാശരീര വകുപ്പ് | - | 1 |
| പഞ്ചകർമ്മ വകുപ്പ് | - | 1 |
| അഗദതന്ത്ര വകുപ്പ് | - | 2 |
| ശാലാക്യതന്ത്ര വകുപ്പ് | - | 2 |
| ദ്രവ്യഗുണ വകുപ്പ് | - | 1 |
| രചനാശരീര വകുപ്പ് | - | 1 |

(ബി) പ്രവേശന തസ്തികയിലെ അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തുടങ്ങിയ ഉയർന്ന തസ്തികകളിലെ ഒഴിവുകളിലേക്ക് പ്രൊമോഷൻ നടത്തുന്നതിനായി ഡി.പി.സി. (ഹയർ) കൂടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ 2 അദ്ധ്യാപകർ അർഹതപ്പെട്ട അവധിയിലാണ്. അനധികൃതമായി ആരും അവധിയിലില്ല.

(ഡി) അദ്ധ്യാപക ക്ഷാമത്തിന് പരിഹാരം കാണുന്നതിന്റെ ഭാഗമായി ഇതിനകം 9 തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ ആയുർവ്വേദ, ഹോമിയോ ഡിസ്പെൻസറികൾ

269(2886) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ആയുർവേദ, ഹോമിയോ ഡിസ്പെൻസറികളില്ലാത്ത എത്ര പഞ്ചായത്തുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഹോമിയോ, ആയുർവ്വേദ ഡിസ്പെൻസറികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ ആയുർവ്വേദ ഡിസ്പെൻസറികളില്ലാത്ത പഞ്ചായത്തുകൾ നിലവിലില്ല. എന്നാൽ ഹോമിയോ ഡിസ്പെൻസറികൾ (സർക്കാർ/എൻ.എച്ച്.എം.) ഇല്ലാത്ത 17 പഞ്ചായത്തുകളാണ് നിലവിലുള്ളത്.

(ബി) പുതുതായി ആയുർവേദ/ഹോമിയോ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഭൗതിക സാഹചര്യങ്ങൾ (വെള്ളം, വെളിച്ചം, ശൗചാലയം എന്നിവ) ഒരുക്കിത്തരാമെന്ന പഞ്ചായത്ത് തീരുമാനം/പ്രമേയം അത്യന്താപേക്ഷിതമാണ്. ആയത് അതത് വകുപ്പിൽ സമർപ്പിക്കുമ്പോൾ വകുപ്പ് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുന്നു.

## സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വിഭാഗം

270(2887) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ ചുമതലപ്പെട്ട സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ മതിയായ സൗകര്യങ്ങളില്ലാത്തതിനാൽ ഫാർമസികളിലെത്തുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ലാബുകളിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും പുതിയ ലാബുകൾ ആരംഭിക്കാനും നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ ജീവനക്കാരുടെ കുറവ് പരിഹരിച്ചും ആവശ്യമായ ഫണ്ട് ലഭ്യമാക്കിയും മരുന്ന് പരിശോധന ക്രിയാത്മകമായി നടത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) പരിശോധന ശക്തിപ്പെടുത്താൻ ഡ്രഗ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; അവ നികത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ പ്രവർത്തിക്കുന്ന പരിശോധനാ ലബോറട്ടറികളിൽ ഗുണനിലവാര പരിശോധനയ്ക്കായി എത്തുന്ന എല്ലാ മരുന്നുകളും ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ചില സാങ്കേതിക കാരണങ്ങളാൽ, അതായത് റഫറൻസ് സ്റ്റാൻഡേർഡ്സിന്റെ ദൗർലഭ്യം പോലുള്ള ചില അപൂർവ്വ സന്ദർഭങ്ങളിൽ മാത്രമാണ് പരിശോധന നടത്താൻ ബുദ്ധിമുട്ട് നേരിടുന്നത്. ഒരു മരുന്ന് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നത് അതത് ഫാർമകോപ്പിയ പ്രകാരമുള്ള വിവിധ പരിശോധനകൾ നടത്തിയാണ്. ഇത്തരത്തിൽ ഒരു മരുന്നിന് നിഷ്കർഷിച്ചിട്ടുള്ള 10 മുതൽ 15 വരെയുള്ള വിവിധ പരിശോധനകൾക്കുശേഷമാണ് ആയത് ഗുണനിലവാരമുള്ളതാണോ അല്ലയോ എന്ന് തീരുമാനിക്കുന്നത്. ഇത്തരം പരിശോധനകൾ നടത്തുന്നതിന് സാധാരണനിലയിൽ രണ്ട് മാസത്തെ സമയം ആവശ്യമാണ്. ചില മരുന്നുകളുടെ സ്വഭാവ സങ്കീർണ്ണത അനുസരിച്ച് പരിശോധനയ്ക്കായി കൂടുതൽ സമയം വേണ്ടിവരാറുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ച് വരുന്ന മരുന്ന് പരിശോധനാ ലബോറട്ടറികളിൽ കഴിവതും പെട്ടെന്ന് തന്നെ മരുന്ന് പരിശോധന നടത്തുന്നതിലേയ്ക്കായി സോഫിസ്റ്റിക്കേറ്റഡ് ഇൻസ്ട്രുമെന്റ്സ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. ആയതിനാൽ മതിയായ കാരണങ്ങളില്ലാതെ പരിശോധനയ്ക്കായി ശേഖരിക്കുന്ന മരുന്ന് സാമ്പിളുകൾ യഥാസമയം പരിശോധന പൂർത്തിയാകാതെ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മരുന്നുകളുടെ ഷെൽഫ് ലൈഫ് കാലാവധിയിൽ ഉടനീളം നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാരം ഉറപ്പാക്കുന്നതിലേക്കായി മരുന്നുകളുടെ റാന്റം സാംപ്ലിങ്ങ് നടത്തി ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ പ്രവർത്തനസജ്ജമായിട്ടുള്ള തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പ്രതിവർഷം 4000 മരുന്ന് സാമ്പിളുകളും എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ നിലവിൽ 4000 സാമ്പിളുകളും

പരിശോധിക്കാനുള്ള സംവിധാനവുമുണ്ട്. കോഴിക്കോട്, തൃശ്ശൂർ, കോന്നി എന്നിവിടങ്ങളിലും മരുന്ന് പരിശോധനാ ലബോറട്ടറികൾ സ്ഥാപിക്കുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരള മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ.) സർക്കാർ ആശുപത്രികളിൽ വിതരണത്തിനെത്തിക്കുന്ന ഓരോ ബാച്ച് മരുന്നുകളും എൻ.എ.ബി.എൽ. ലബോറട്ടറികളിൽ പരിശോധിച്ച് വിതരണം ചെയ്യണമെന്ന് നിർമ്മാതാക്കളോട് നിഷ്കർഷിക്കുന്നുമുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

(ഡി) ഡ്രഗ് ഇൻസ്പെക്ടർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ല. എന്നിരുന്നാലും ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്ന് ഡ്രഗ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**അലോപ്പതി മരുന്നുകളുടെ ഗുണനിലവാരം**

271(2888) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇന്ത്യയിൽ ഉല്പാദിപ്പിക്കുന്ന അലോപ്പതി മരുന്നുകളിൽ നല്ലൊരു പങ്ക് സംസ്ഥാനത്ത് വിറ്റഴിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ആരോഗ്യവകുപ്പിൽ നിലവിലുള്ള സംവിധാനത്തെ കുറിച്ച് വിശദമാക്കാമോ?

ഉത്തരം

ഉണ്ട്. നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നുകളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിലേക്കായി ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസ് 1945-ലെ ഷെഡ്യൂൾ (എം) പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങളും പ്രസ്തുത ഷെഡ്യൂൾ നിർദ്ദേശിക്കുന്ന വ്യവസ്ഥകളും പാലിക്കുന്നുണ്ടോ എന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ നിരന്തരം നിർമ്മാണശാലകൾ വിവിധ ഘട്ടങ്ങളായി പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്. അതിനുശേഷമാണ് മരുന്നുനിർമ്മാണ ലൈസൻസുകൾ അനുവദിക്കുന്നത്. നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നുകളുടെയും കർശനമായ ഗുണനിലവാര പരിശോധന ഉറപ്പാക്കിയശേഷമാണ് നിർമ്മാതാക്കൾ അവ വിപണിയിൽ എത്തിക്കുന്നത്. കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാരപരിശോധനയ്ക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ (ഗവൺമെന്റ്/പ്രൈവറ്റ്)എന്നിവിടങ്ങളിൽ നിന്നും റാൻഡം സാമ്പിളുകൾ ചട്ടപ്രകാരം ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്കായി ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകളിലേയ്ക്ക് അയയ്ക്കുന്നുണ്ട്. നിലവിൽ വകുപ്പിന് കീഴിൽ

തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന രണ്ട് മരുന്ന പരിശോധനാ ലബോറട്ടറികളാണ് ഉള്ളത്. ഇവിടെ പ്രതിവർഷം 8000-ഓളം മരുന്ന സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കഴിഞ്ഞ 5 വർഷങ്ങളിലെ ഗുണനിലവാര പരിശോധനാ കണക്ക് പ്രകാരം ഗുണനിലവാരമില്ലാത്ത മരുന്നുകൾ 4%-ത്തിൽ താഴെ മാത്രമാണ് വരുന്നത്. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിൽ രാജ്യത്ത് നമ്മുടെ സംസ്ഥാനം മുൻപന്തിയിലാണ്. മരുന്ന് പരിശോധനാ സംവിധാനം വിപുലപ്പെടുത്തുന്നതിനായി തൃശ്ശൂർ, കോന്നി, കോഴിക്കോട് എന്നിവിടങ്ങളിൽ പുതിയ ലബോറട്ടറികൾ ആരംഭിക്കുന്നതിനുള്ള നടപടി പ്രാരംഭഘട്ടത്തിലാണ്. ഈ ലാബുകൾ കൂടി പ്രവർത്തനക്ഷമമാകുന്നതോടെ കേരള വിപണിയിൽ വിറ്റഴിക്കുന്ന ആകെ മരുന്നുകളുടെ ഏകദേശം 10% സാമ്പിളുകളുടെയെങ്കിലും ഗുണനിലവാര പരിശോധന നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ**

272(2889) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വിറ്റ എത്ര സ്ഥാപനങ്ങൾക്കെതിരെ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കർശനമായ ഗുണനിലവാര പരിശോധനയ്ക്കുശേഷം നിർമ്മാതാക്കൾ വിപണിയിലെത്തിക്കുന്ന ഓരോ ബാച്ച് മരുന്നുകളും കാലാവധിയിലുടനീളം നിശ്ചിത ഗുണനിലവാരം നിലനിർത്തുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിലേയ്ക്കായി റാൻഡം സാംപ്ലിങ്ങ് നടത്തുകയും ആയതിൽ ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യുന്ന മരുന്നുകളുടെ വിശദാംശങ്ങൾ മൊത്ത/ചില്ലറ വ്യാപാര സ്ഥാപനങ്ങൾക്കും മറ്റ് ആരോഗ്യമേഖലയിലുള്ളവർക്കും ലഭ്യമാക്കി ഇവയുടെ തുടർവിപണനം തടയുന്നതിനുള്ള സത്വരനടപടി ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ 2016-ൽ ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്ത 46 നിർമ്മാതാക്കൾക്കെതിരെ വകുപ്പുതല നടപടിയും 23 നിർമ്മാതാക്കൾക്കെതിരെ നിയമ നടപടിയും സ്വീകരിച്ചുകഴിഞ്ഞു.

(ബി) ഗുണനിലവാരം കുറഞ്ഞ മരുന്നുകളെ major/minor defects കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ major defects ആയി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ നിർമ്മാതാക്കൾക്ക് എതിരെ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി നിയമനടപടി സ്വീകരിച്ചുവരുന്നു. Minor defects ആയി റിപ്പോർട്ട് ചെയ്യപ്പെടുന്ന നിർമ്മാതാക്കളോട് വിശദീകരണം ആവശ്യപ്പെടുകയും തുടർ അന്വേഷണം നടത്തി ഇവർക്ക് എതിരെ ലൈസൻസ് സസ്പെൻഷൻ, കാൻസലേഷൻ ഉൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## ഗുണനിലവാരം കുറഞ്ഞ ആയുർവ്വേദ മരുന്നുകളും സൗന്ദര്യവർദ്ധക സാധനങ്ങളും

273(2890) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണനിലവാരം കുറഞ്ഞ ആയുർവ്വേദ മരുന്നുകളും സൗന്ദര്യവർദ്ധക സാധനങ്ങളും പരസ്യങ്ങളുടെ പിൻബലത്തോടെ വലിയതോതിൽ വിറ്റഴിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് നിയന്ത്രിക്കുന്നതിന് ആരോഗ്യ വകുപ്പിന് നിയമപരമായി നടപടി സ്വീകരിക്കാൻ കഴിയുമോ; ഇക്കാര്യത്തിൽ ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ?

### ഉത്തരം

(എ&ബി) ഉണ്ട്. ഇത് നിയന്ത്രിക്കുന്നതിന് ആരോഗ്യ വകുപ്പിന് നിയമപരമായി നടപടി സ്വീകരിക്കാൻ കഴിയും. ഗുണനിലവാരം കുറഞ്ഞ ആയുർവ്വേദ മരുന്നുകളും സൗന്ദര്യവർദ്ധക സാധനങ്ങളും വിപണനം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സ്ഥാപനം പരിശോധിച്ച് സാമ്പിൾ ശേഖരിക്കുകയും പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. പരിശോധനയിൽ ഗുണനിലവാരം ഉറപ്പാക്കുന്നില്ലെങ്കിൽ പ്രസ്തുത ഔഷധം പൂർണ്ണമായും വിപണിയിൽ നിന്നും പിൻവലിക്കുകയും നിർമ്മാതാവിനെതിരെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് ആന്റ് റൂൾസ് അനുസരിച്ച് നിയമനടപടി സ്വീകരിക്കുകയും ചെയ്യുന്നു.

## നിരോധിച്ച മരുന്നുകളുടെ വിൽപ്പന

274(2891) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരോധിച്ച പല മരുന്നുകളും ഇപ്പോഴും വിപണിയിൽ ലഭ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ഇത്തരം മരുന്നുകളുടെ വില്പന തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) നീണ്ടകാലത്തെ പരീക്ഷണ നിരീക്ഷണ അടിസ്ഥാനത്തിൽ വികസിപ്പിച്ചെടുക്കുന്ന പുതിയ മരുന്ന് തന്മാത്രകളുടെ Safety, Efficiency studies, Clinical/Non Clinical trials എന്നിവ നടത്തി clinical trials-ന്റെ അന്തിമ ഘട്ടമായ Post marketing surveillance study കഴിഞ്ഞാണ് മനുഷ്യർക്ക്

ഉപയുക്തമാക്കുന്നതിലേക്കായി കേന്ദ്ര ഗവൺമെന്റ് പുതിയ മരുന്നുകൾക്ക് അംഗീകാരം നൽകുന്നത്. ടി മരുന്നുകൾ കാലക്രമേണ മനുഷ്യരിൽ പാർശ്വഫലങ്ങൾ കൂടുതൽ ഉളവാക്കുന്നതായി കാണുകയോ ആയതിന്റെ പാർശ്വഫലം കുറഞ്ഞ പുതിയ തന്മാത്രകൾ വികസിപ്പിക്കുകയോ ചെയ്യുന്നപക്ഷം പാർശ്വഫലം കൂടുതലായി കാണുന്ന മരുന്നുകൾ കേന്ദ്രസർക്കാർ നിരോധിക്കുന്നുണ്ട്. ഇത്തരത്തിൽ നിരോധിച്ചിട്ടുള്ള മരുന്നുകളുടെ നിർമ്മാണവും വിതരണം ചെയ്തുകഴിഞ്ഞ മരുന്നുകളുടെ Supply chain track ചെയ്ത് അവയുടെ വിതരണവും വില്പനയും ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഫലപ്രദമായി തടയുന്നുണ്ട്. ആയതിനാൽ നിരോധിച്ച മരുന്നുകൾ ഒന്നുംതന്നെ വിപണിയിൽ ലഭ്യമല്ല എന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് കർശന പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് അംഗീകാരം ഇല്ലാതെ വിവിധ സംസ്ഥാനങ്ങളിൽ ലൈസൻസ് അനുമതി നൽകിയിട്ടുള്ള Fixed Dose Combination മരുന്നുകളുടെ Safety efficiency data വിശകലനം ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതിയുടെ ശിപാർശ പ്രകാരം Irrational ആയി കണ്ടെത്തിയിട്ടുള്ള 344 ഇനം Fixed Dose Combination മരുന്നുകൾ വിവിധ ഗസറ്റ് വിജ്ഞാപനം വഴി 10-3-2016-ൽ നിരോധിച്ചു. പ്രസ്തുത നീക്കത്തിനെതിരെ നിർമ്മാതാക്കൾ കോടതിയെ സമീപിക്കുകയും ബഹു. ഹൈക്കോടതി ടി നിരോധന ഉത്തരവിന് താല്ക്കാലിക സ്റ്റേ അനുവദിക്കുകയും ചെയ്തു. ആയതിനാൽ ടി മരുന്നുകൾ വിപണിയിൽ നിന്നും പിൻവലിക്കുന്നത് ബഹു. കോടതിയുടെ അന്തിമതീരുമാനത്തിന് വിധേയമാണ്.

**ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാരം**

275(2892) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ബാബു :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവ്വേദ മരുന്നുകളുടെ നിർമ്മാണത്തിനും വിതരണത്തിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്ത് ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാര പരിശോധന കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(ഡി) ആയുർവ്വേദ മരുന്നുകൾക്ക് 'സ്റ്റാൻഡേർഡൈസേഷൻ' ഏർപ്പെടുത്താൻ നടപടി സ്വീകരിയ്ക്കുമോ;

(ഇ) സംസ്ഥാനത്ത് ആയൂർവ്വേദ മരുന്ന് നിർമ്മാണത്തിനാവശ്യമായ ഔഷധ സസ്യങ്ങൾ ലഭ്യമാക്കുന്നതിന് ഔഷധ സസ്യത്തോട്ടങ്ങൾ വ്യാപകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആയുർവ്വേദ മരുന്നുകളുടെ വിപണനത്തിനുവേണ്ടിയുള്ള നിർമ്മാണത്തിന് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് ആന്റ് റൂൾസിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം ഡ്രഗ്സ് ലൈസൻസും ഷെഡ്യൂൾ ടി-യിൽ പ്രതിപാദിച്ചിരിക്കുന്ന സൗകര്യങ്ങളോടുകൂടിയ ജി.എം.പി. സർട്ടിഫിക്കറ്റും നിർബന്ധമാണ്. എന്നാൽ അംഗീകൃത ആയുർവ്വേദ ഡോക്ടർമാർക്ക് തന്റെ രോഗികൾക്ക് നൽകാൻ വേണ്ടി ഔഷധ നിർമ്മാണം നടത്തുന്നതിന് ഡ്രഗ്സ് ലൈസൻസ് ആവശ്യമില്ല. ഔഷധ നിർമ്മാണ ലൈസൻസ് നൽകുന്നതിന് മുമ്പായി നിർമ്മിക്കാനുദ്ദേശിക്കുന്ന മരുന്നുകളുടെ ആയുഷ് അംഗീകൃത ലാബ് ടെസ്റ്റ് റിപ്പോർട്ടും ഫോർമുലയും ഡ്രഗ്സ് കൺട്രോളർ(ആയുർവേദ)യുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. ടി ഫോർമുല, ടെസ്റ്റ് റിപ്പോർട്ട്, നിശ്ചിത ഫീസ്, ഷെഡ്യൂൾ ടി പ്രകാരമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയുന്നതിനുള്ള സ്ഥാപനപരിശോധനയും നടത്തിയശേഷമാണ് സംസ്ഥാനത്ത് ഔഷധ നിർമ്മാണത്തിനുള്ള ലൈസൻസ് നൽകുന്നത്. പേറ്റന്റ് ആന്റ് പ്രൊപ്രൈറ്ററി ഔഷധങ്ങൾക്ക് ഫലപ്രാപ്തി തെളിയിച്ച രേഖകൾ കൂടി സമർപ്പിക്കേണ്ടതുണ്ട്.

(ബി) ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനായി ഡ്രഗ്സ് ഇൻസ്പെക്ടർമാർ വിപണിയിൽ നിന്നും നിർമ്മാതാവിന്റെ പക്കൽ നിന്നും റാൻഡം അടിസ്ഥാനത്തിൽ സാമ്പിളുകൾ ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ ആയുർവ്വേദ വിഭാഗത്തിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കുന്നു. കൂടാതെ സംസ്ഥാനത്തുള്ള 7 ആയുഷ് അപ്രൂവ്ഡ് ലബോറട്ടറികളിലും ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്തിവരുന്നു. സംസ്ഥാനത്ത് ലൈസൻസ് അനുവദിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങൾക്കും ഗുഡ് മാനുഫാക്ച്ചറിംഗ് പ്രാക്ടീസ് (ജി.എം.പി.) അനുവദിക്കുന്നതിന്റെ ഭാഗമായി ഇൻഹൗസ് ലബോറട്ടറി സംവിധാനം നിർബന്ധമാക്കുകയും അവരവർ ഉൽപ്പാദിപ്പിക്കുന്ന ഔഷധങ്ങളുടെ ഗുണനിലവാര പരിശോധന അവരവർതന്നെ നടത്തി പരിശോധനാ ഫലങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. മുഴുവൻ മരുന്നുകളും പരിശോധിക്കാനുള്ള സൗകര്യം നിലവിലില്ല. എറണാകുളം റീജിയണൽ ലബോറട്ടറിയിൽ 5000 sq.ft. ഉള്ള ഒരു നില ആയുർവ്വേദത്തിനായി നീക്കിവച്ചിട്ടുണ്ട്. ഇവിടെ ഗുണനിലവാര പരിശോധന ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ തൃശ്ശൂരിൽ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന ലബോറട്ടറിയിലും ആയുർവ്വേദ സിദ്ധ യുനാനി ഔഷധങ്ങളുടെ ഗുണനിലവാര പരിശോധന തുടങ്ങാൻ ഉദ്ദേശിക്കുന്നു.

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) സംസ്ഥാനത്ത് ഔഷധസസ്യ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനും ഔഷധ സസ്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുംവേണ്ടി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാന ഔഷധസസ്യ ബോർഡ് 'ഗൃഹാങ്കണത്തിൽ ഔഷധോദ്യാനം', 'കാവുകളിലെ ഔഷധസസ്യ സംരക്ഷണം', 'സ്കൂളിലൊരു ഔഷധത്തോട്ടം', 'ഗൃഹാങ്കണത്തിൽ അശോകവും ചന്ദനവും' തുടങ്ങിയ ജനപ്രിയ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. തനത് ആവാസ വ്യവസ്ഥയിലെയും ആവാസവ്യവസ്ഥയ്ക്ക് പുറമെയുമുള്ള ഔഷധസസ്യ സംരക്ഷണം, ജില്ലാതല ഔഷധസസ്യ ഉദ്യാനങ്ങൾ, സർക്കാർ സർക്കാരിതര സ്ഥാപനങ്ങളിലെ ഔഷധ സസ്യഉദ്യാനങ്ങൾ, ഗുണമേന്മയുള്ള ഔഷധ സസ്യങ്ങളുടെ ഉല്പാദനം, തരിശുഭൂമിയിലെ ഔഷധ സസ്യകൃഷി, വനംവകുപ്പുമായി സഹകരിച്ചുള്ള ഔഷധ സസ്യകൃഷി തുടങ്ങി ഔഷധസസ്യമേഖലയെ പരിപോഷിപ്പിക്കാൻ ഉതകുന്ന വിവിധ പദ്ധതികൾ സംസ്ഥാന ഔഷധസസ്യ ബോർഡ് സംസ്ഥാനത്ത് നടപ്പാക്കിവരുന്നുണ്ട്. ഔഷധസസ്യകൃഷി കൂടുതൽ ജനകീയമാക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ഔഷധ സസ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളുമായി സഹകരിച്ചുകൊണ്ടും കർഷകസംഘങ്ങളുടെ സഹായസഹകരണത്തോടും ദേശീയ ഔഷധ സസ്യബോർഡിന്റെ സാമ്പത്തിക സഹായത്തോടും കൂടി 'ഗ്രാമീണം'എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഔഷധ സസ്യങ്ങളുടെ ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് 'ഔഷധി'യുടെ കണ്ണൂർ ജില്ലയിലെ പരിയാരത്തുള്ള നഴ്സറികളിലൂടെ എല്ലാ വർഷവും ഔഷധ തൈകൾ ഉല്പാദിപ്പിച്ച് സൗജന്യനിരക്കിൽ വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ വ്യാപകമായി പൊതുജനബോധവൽക്കരണ പരിപാടികളും വൃക്ഷത്തൈ വിതരണവും വീട്ടുമുറ്റത്ത് ഒരു ഔഷധത്തോട്ടം, സ്കൂളിൽ ഒരു ഔഷധത്തോട്ടം തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

## മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം

276(2893) ശ്രീ. എം. വിൻസെന്റ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കുന്ന മരുന്നുകളിൽ എത്ര ശതമാനം മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുവാനുള്ള സംവിധാനം നിലവിലുണ്ട്;

(ബി) ഇൻസുലിനിന്റെ ഗുണനിലവാരം എപ്രകാരമാണ് ഉറപ്പാക്കുന്നതെന്ന് അറിയിക്കുമോ;

(സി) മരുന്നുകൾ പരിശോധനയ്ക്ക് എടുത്ത വകയിൽ മെഡിക്കൽ സ്റ്റോറുകൾക്കും സ്ഥാപനങ്ങൾക്കും നൽകാനുള്ള കുടിശ്ശിക എത്രയാണ്?

ഉത്തരം

(എ) വിപണിയിൽ ലഭ്യമായ ഏകദേശം 4 ശതമാനത്തോളം മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം നിലവിലുണ്ട്. കോഴിക്കോട്, കോന്നി, തൃശ്ശൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന മരുന്ന് പരിശോധനാ ലബോറട്ടറികൾ പ്രവർത്തനസജ്ജമാകുന്നതോടുകൂടി സംസ്ഥാന വിപണിയിൽ വിറ്റഴിക്കുന്ന മരുന്നുകളുടെ ഏകദേശം 10% സാമ്പിളുകളുടെ എങ്കിലും ഗുണനിലവാര പരിശോധന നടത്താമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) സങ്കീർണ്ണമായ നിർമ്മാണപ്രക്രിയയിലൂടെ ആണ് (റീകോംപിനന്റ് ഡി.എൻ.എ. ടെക്നോളജി) ഇൻസുലിൻ വികസിപ്പിച്ചെടുക്കുന്നത്. നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളും ഗുണനിലവാരം ഉറപ്പാക്കുന്നതിലേയ്ക്കായുള്ള റഫറൻസ് സ്റ്റാൻഡേർഡും വളരെ താഴ്ന്ന ഊഷ്മാവായ മൈനസ് 40 ഡിഗ്രി സെൽഷ്യസിൽ സൂക്ഷിക്കേണ്ടതിനാൽ ഇതിനായി സജ്ജീകരിച്ചിട്ടുള്ള പ്രത്യേക ഡീപ് ഫ്രീസറും വൈദ്യുതി മുടങ്ങാതിരിക്കാൻ തക്കതായ ജനറേറ്ററും അനിവാര്യമാണ്. ഉല്പാദിപ്പിച്ച ഇൻസുലിൻ മരുന്നുകൾ 2-8$^0$ C-ൽ സൂക്ഷിക്കേണ്ടതാണ്. അതിനാൽ ഇത്തരം മരുന്നുകൾ ഉല്പാദനം തുടങ്ങി രോഗികൾക്ക് എത്തിക്കുന്നതുവരെ Cold Storage Chain Maintain ചെയ്യേണ്ടതാണ്. രാജ്യത്ത് ഇൻസുലിൻ പരിശോധിക്കാനുള്ള സംവിധാനം നോയിഡയിലെ കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ National institute of Biologicals-ൽ ഉണ്ട്. രാജ്യത്തെ മറ്റൊരു സംസ്ഥാനത്തിലും ഇവ ടെസ്റ്റ് ചെയ്യുന്നതിനായുള്ള സംവിധാനം ഇല്ല.

(സി) മരുന്നുകൾ പരിശോധനയ്ക്ക് എടുത്ത വകയിൽ മെഡിക്കൽ സ്റ്റോറുകൾക്കും സ്ഥാപനങ്ങൾക്കും നൽകാനുള്ള കുടിശ്ശിക ഏകദേശം ആറര ലക്ഷം രൂപയാണ്.

## ഏറനാട് നിയോജക മണ്ഡലത്തിലെ അങ്കണവാടികൾ

277(*T2894) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് നിയോജക മണ്ഡലത്തിൽ വിവിധ ഗ്രാമപഞ്ചായത്തുകളിലായി ആകെ എത്ര അങ്കണവാടികളാണ് പ്രവർത്തിക്കുന്നതെന്ന് അവയുടെ പേരും നമ്പരും ഉൾപ്പെടെ അറിയിക്കുമോ;

(ബി)പ്രസ്തുത അംങ്കണവാടികളിൽ സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്തവ ഉണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(സി) അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കാനായി പുതുതായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം അങ്കണവാടികളെയാണ് തിരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏറനാട് നിയോജക മണ്ഡലത്തിൽ വിവിധ ഗ്രാമപഞ്ചായത്തുകളിലായി ആകെ 236 അങ്കണവാടികളാണ് പ്രവർത്തിക്കുന്നത്. അവയുടെ പേരും നമ്പരും അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) 20 അങ്കണവാടികൾക്ക് സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ല. അവയുടെ ലിസ്റ്റ് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) പുതുതായി പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ നിലവിലുള്ള പദ്ധതി പ്രകാരം ഏറനാട് നിയോജക മണ്ഡലത്തിൽ 14 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കാനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. അവയുടെ ലിസ്റ്റ് അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

## വിധവകളുടെ ക്ഷേമം

278(2895) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെയുള്ള വിധവകളുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇല്ലെങ്കിൽ ഭർത്താവ് മരണപ്പെട്ടവർ, 40 വയസ്സിനുമുകളിൽ പ്രായമുള്ള വിവാഹം കഴിക്കാത്ത സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിച്ച സ്ത്രീകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ എന്നിവരുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) വിധവകളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) പരിശോധിക്കാവുന്നതാണ്.

(സി) വിധവാക്ഷേമത്തിനായി പുതിയ പദ്ധതി ആവിഷ്കരിക്കുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**അംഗപരിമിതരുടെ പുനർനിയമനം**

279(2896) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താൽക്കാലിക സേവനം അനുഷ്ഠിച്ച, അംഗപരിമിതരായിട്ടുള്ള എത്ര പേർക്കാണ് സർക്കാരിൽ പുനർനിയമനം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഏതു കാലയളവ് വരെ സേവനം അനുഷ്ഠിച്ച അംഗപരിമിതർക്കാണ് പുനർനിയമനം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) 2008-ൽ ജോലി ചെയ്തിരുന്ന അംഗപരിമിതരെ പുനർ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) താൽക്കാലിക സേവനം അനുഷ്ഠിച്ച സർക്കാരിൽ പുനർനിയമനം ലഭിച്ച അംഗപരിമിതരുടെ എണ്ണം ഈ വകുപ്പിൽ ശേഖരിച്ചിട്ടില്ല.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 1-1-1993 മുതൽ 31-12-2003 വരെ കാലയളവിൽ താൽക്കാലിക സേവനമനുഷ്ഠിച്ച അംഗപരിമിതർക്ക് വിവിധ ഉത്തരവുകളിലൂടെ പുനർ/സ്ഥിരനിയമനം നൽകിയിട്ടുണ്ട്.

(സി) പരിഗണനയിലില്ല.

## റീ-ഹാബിലിറ്റേഷൻ സെന്ററുകൾ

280(2898) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ രജിസ്ട്രേഷനുള്ള എത്ര റീ-ഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഈ സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് ഏത് വർഷം വരെയുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് സഹായം നൽകിയിട്ടുണ്ട്;

(സി) ഗ്രാന്റ്-ഇൻ-എയ്ഡ് ലഭിക്കുന്നതിനുവേണ്ടി ഏതെങ്കിലും സ്ഥാപനങ്ങളുടെ അപേക്ഷ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കോതമംഗലം മണ്ഡലത്തിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള 21 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഗ്രാന്റ് ഇൻ എയ്ഡിന് അർഹതയുള്ള സ്ഥാപനങ്ങൾക്ക് 2014-15 വരെയുള്ള ഗ്രാന്റ് ഇൻ എയ്ഡ് നൽകിയിട്ടുണ്ട്.

(സി) അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് ലഭിച്ചിട്ടുണ്ട്. ഗ്രാന്റ് ഇൻ എയ്ഡിന് അനുമതിയുള്ള സ്ഥാപനങ്ങളുടെ അപേക്ഷയിൻമേൽ പരിശോധന നടത്തി 2015-16 വർഷത്തെ ഗ്രാന്റ് നൽകുന്നതിനുള്ള നടപടി ജില്ലാ സാമൂഹ്യനീതി ഓഫീസർ സ്വീകരിച്ചുവരുന്നു.

## ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ നിയമനം

281(2899) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നും അവ ഏതൊക്കെ വിഭാഗത്തിലാണെന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ജനറൽ വിഭാഗത്തിലല്ലാതെ മറ്റ് വിഭാഗങ്ങൾക്കായി (10 വർഷം സേവന പരിചയമുള്ള വർക്കർമാർ, ബിരുദവും 10 വർഷം സേവന പരിചയവുമുള്ള വർക്കർമാർ, ഫീഡർ കാറ്റഗറി പ്രൊമോഷൻ) നീക്കിവച്ചിരിക്കുന്ന തസ്തികകളിൽ വർഷങ്ങളായി നിശ്ചിത യോഗ്യതയുള്ളവർ ഇല്ലാത്തതിനാൽ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തസ്തികകളുടെ എണ്ണം, വിഭാഗം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) നിർദ്ദിഷ്ട യോഗ്യതയുള്ളവരില്ലെങ്കിൽ പി.എസ്.സി. ലിസ്റ്റിൽനിന്നും പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ICDS സൂപ്പർവൈസർമാരുടെ ഒഴിവുള്ള തസ്തികകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| ജനറൽ വിഭാഗം(പി.എസ്.സി. മുഖേന) | 43 ഒഴിവുകൾ |
| എസ്.എസ്.എൽ.സി. യോഗ്യതയും 10 വർഷത്തെ സേവന പരിചയവുമുള്ള അങ്കണവാടി വർക്കർമാരിൽ നിന്നുള്ള നിയമനം (പി.എസ്.സി മുഖേന) | 13 ഒഴിവുകൾ |
| ബിരുദയോഗ്യതയും 10 വർഷത്തെ സേവന പരിചയവുമുള്ള അങ്കണവാടി വർക്കർമാരിൽനിന്നുള്ള നിയമനം (പി.എസ്.സി മുഖേന) | 146 ഒഴിവുകൾ |
| ഫീഡർ കാറ്റഗറിയിൽനിന്നുള്ള ഉദ്യോഗക്കയറ്റം | ഒഴിവുകൾ ഇല്ല |

(ബി) ജനറൽ വിഭാഗത്തിലല്ലാതെ മറ്റ് വിഭാഗങ്ങൾക്കായി പി.എസ്.സി. മുഖേന നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന തസ്തികകളിൽ നിശ്ചിത യോഗ്യതയുള്ളവർ ഇല്ലാത്തതായി പി.എസ്.സി-യിൽനിന്ന് അറിയിപ്പ് ഉണ്ടായിട്ടില്ല.

(സി) മേൽ പ്രസ്താവിച്ച ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) നിർദ്ദിഷ്ട യോഗ്യതയുള്ളവർ ഇല്ലാത്ത വിവരം പി.എസ്.സി. അറിയിക്കുന്നപക്ഷം മാത്രം സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

**ത്രീജി അങ്കണവാടികൾ**

282(2900) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ' ത്രീ ജി 'അങ്കണവാടികൾ ആരംഭിക്കുവാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) എത്ര ത്രി ജി അങ്കണവാടികൾക്ക് ഇതിനകം അനുമതി നൽകിയിട്ടുണ്ട്; ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാണോ?

ഉത്തരം

(എ) ഉണ്ട്. മാതൃകാ അങ്കണവാടികളെ ത്രീജി അങ്കണവാടികളായി ഉയർത്താൻ ഉദ്ദേശിക്കുന്നു. ടി പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിക്കുന്നതിന് തിരുവനന്തപുരം ജില്ലയിലെ വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിലെയും കാട്ടാക്കട നിയോജക മണ്ഡലത്തിലെയും മാതൃകാ അങ്കണവാടികളെ തിരഞ്ഞെടുത്ത് ത്രീ ജി അങ്കണവാടികളാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ത്രി ജി അങ്കണവാടിയായി ഉയർത്തുക എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് 0-6 പ്രായക്കാരായ കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ, സ്ത്രീ വയോജനങ്ങൾ എന്നിങ്ങനെയുള്ള മൂന്നു തലമുറകളുടെ സംഗമ സ്ഥാനമാക്കി മാറ്റുക എന്നതാണ്.

(ബി) നിലവിൽ 118 അങ്കണവാടികൾ മാതൃകാ അങ്കണവാടിയായി ഉയർത്താൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ത്രി ജി അങ്കണവാടികൾക്ക് മറ്റ് അങ്കണവാടികൾക്ക് ലഭിക്കുന്ന കേന്ദ്ര സഹായം മാത്രമാണ് ലഭിക്കുന്നത്.

**കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സ്ത്രീശാക്തീകരണ പദ്ധതികൾ**

283(2901) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീശാക്തീകരണ പദ്ധതികൾ നടപ്പാക്കാൻ കേരള സാമൂഹ്യ സുരക്ഷാ മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് സർക്കാർ ഉത്തരവ് പ്രകാരമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിൽ ഏതെല്ലാം മേഖലകളിലാണ് പദ്ധതികൾ ആവിഷ്കരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്;

(സി) സാമൂഹ്യ സുരക്ഷാ മിഷൻ ഇതുവരെ സ്ത്രീശാക്തീകരണത്തിനായി ആസൂത്രണം ചെയ്ത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ജി.ഒ.(എംഎസ്.) നമ്പർ 38/2016/റ്റി.ഡി. തീയതി 19-2-2016.

(ബി) സ്ത്രീശക്തി പദ്ധതി പ്രകാരം സ്ത്രീകളുടെ ഉന്നമനത്തിനും വിദ്യാഭ്യാസത്തിനും ആരോഗ്യ സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിക്കാനാണ് ടി ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്:

1. തൊഴിൽ പങ്കാളിത്തം ഉയർത്തുന്നതിനുള്ള പദ്ധതികൾ
2. അതിക്രമത്തിനും ചൂഷണത്തിനും വിധേയരാകുന്ന സ്ത്രീകളുടെയും പെൺകുട്ടികളുടെയും പുനരധിവാസത്തിനുള്ള പദ്ധതികൾ
3. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എന്നാൽ പഠനത്തിൽ മികച്ച വിജയം നേടിയ പെൺകുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ
4. ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന പെൺകുട്ടികൾക്കും സ്ത്രീകൾക്കുമായുള്ള പുനരധിവാസ പദ്ധതികൾ
5. സ്ത്രീകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികളുടെ പുനരധിവാസത്തിനുള്ള പദ്ധതികൾ
6. 60 വയസ്സിന് മുകളിൽ പ്രായമുള്ള വയോജനങ്ങളായ സ്ത്രീകൾക്ക് വേണ്ടിയുള്ള പദ്ധതികൾ
7. പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതികൾ
8. വിധവകളായ സ്ത്രീകൾക്ക് പുരധിവാസത്തിനുള്ള പദ്ധതികൾ.

(സി) സംസ്ഥാന ലോട്ടറി വകുപ്പ് സ്ത്രീശക്തി ലോട്ടറിയുടെ 17 നറുക്കെടുപ്പ് ഈ സാമ്പത്തികവർഷം നടത്തി. ഇതിൽനിന്നും കിട്ടുന്ന ലാഭം 'പ്ലാൻ ഫണ്ട് മുഖേന നിരവധി പദ്ധതികൾക്ക് ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് ഓരോ വിഭാഗങ്ങളിൽപ്പെട്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വിദഗ്ദ്ധരായവരെ പങ്കെടുപ്പിച്ചുകൊണ്ട് കേരള സാമൂഹ്യ സുരക്ഷാമിഷന്റെ നേതൃത്വത്തിൽ ശിൽപശാലകൾ സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.

## വനിതാ പ്രൊട്ടക്ഷൻ ഓഫീസർ

284(2902) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിലെ വനിത പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയുടെ നിയമന രീതി എങ്ങനെയാണെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) വകുപ്പിലെ വനിതാ ജീവനക്കാർക്ക് വനിത പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലെ നിയമനത്തിന് മുൻഗണന ഉണ്ടോയെന്ന് അറിയിക്കുമോ;

(സി) എങ്കിൽ നിലവിലുള്ള വനിതാ ജീവനക്കാർക്ക് നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിൽ 10 വർഷം സേവനകാലാവധി പൂർത്തിയാക്കിയ സൈക്കോളജി, സോഷ്യൽ വർക്ക് അല്ലെങ്കിൽ സോഷ്യോളജിയിലുള്ള ബിരുദാനന്തരബിരുദം അല്ലെങ്കിൽ അംഗീകൃത സർവകലാശാലയിൽനിന്നുള്ള നിയമബിരുദം ഉള്ള ഫീഡർ കാറ്റഗറിയിൽ ഉൾപ്പെട്ട അംഗീകൃത പ്രോബേഷണർമാരായ ജീവനക്കാരുടെ സംയുക്ത സീനിയോറിറ്റി ലിസ്റ്റിൽനിന്നും വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ നിയമനം നൽകാൻ വിശേഷാൽ ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. അർഹരായ ജീവനക്കാരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനം നൽകാനും വിശേഷാൽ ചട്ടപ്രകാരം നിഷ്കർഷിക്കുന്നു. ഇത് സംബന്ധിച്ച വകുപ്പിലെ വിശേഷാൽ ചട്ട ഭേദഗതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഉണ്ട്.

(സി) ടി തസ്തികയിൽ നിയമനം ലഭിക്കാൻ അർഹതയുള്ള ഏതൊക്കെ വിഭാഗം ജീവനക്കാരെയാണ് ഫീഡർ കാറ്റഗറിയിൽ ഉൾപ്പെടുത്തേണ്ടതെന്നത് സംബന്ധിച്ച വിവരം വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടാതിരുന്നതിനാലാണ് ഒഴിവുള്ള തസ്തികകളിൽ നിയമനം നൽകാൻ കഴിയാതിരുന്നത്. ഫീഡർ കാറ്റഗറിയിൽ ഏതൊക്കെ വിഭാഗം ജീവനക്കാരെ ഉൾപ്പെടുത്തണമെന്ന കാര്യം പരിശോധിച്ച് വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സാമൂഹ്യ സുരക്ഷാമിഷൻ

285(2903) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ മിഷന്റെ നേതൃത്വത്തിൽ ഭിന്നശേഷിക്കാർക്കായി നടത്താറുള്ള മെഡിക്കൽ ക്യാമ്പ് നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ മലപ്പുറം ജില്ലയിൽ നടത്തിയ ക്യാമ്പുകളുടെ വിവരങ്ങൾ തീയതി തിരിച്ച് ലഭ്യമാക്കാമോ;

(സി) ഇത്തരം മെഡിക്കൽ ക്യാമ്പുകൾ നടന്നിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലപ്പുറം ജില്ലയിൽ 9-8-2016, 12-8-2016, 25-8-2016 3-9-2016 എന്നീ തീയതികളിലായി 4 വൈകല്യനിർണ്ണയ മെഡിക്കൽ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്.

(സി) ബാധകമല്ല.

## സ്കൂൾ കൗൺസിലർമാരുടെ വേതനം

286(2904) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളിലും ഐ.സി.ഡി.എസ്. ബ്ലോക്കുകളിലും സേവനം അനുഷ്ഠിച്ചു വരുന്ന സ്കൂൾ കൗൺസിലർമാരുടെ വേതനം കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനും സ്ഥിര നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) ഐ.ഇ.ഡി. കൗൺസിലർമാർക്ക് തുല്യമായ വേതനം സ്കൂൾ കൗൺസിലർമാർക്കും ലഭ്യമാക്കണമെന്ന നിർദ്ദേശം നടപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂൾ കൗൺസിലർമാരുടെ വേതനം കാലാകാലങ്ങളിൽ പരിഷ്കരിച്ച് വരുന്നു. കൗൺസിലർമാർക്ക് സ്ഥിര നിയമനം നൽകുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) സ്കൂൾ കൗൺസിലിംഗുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള കൺസെപ്റ്റ് നോട്ടിൽ അവരുടെ വേതനം വിദ്യാഭ്യാസ വകുപ്പിലെ ഐ.ഇ.ഡി. കൗൺസിലർമാർക്ക് തുല്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇങ്ങനെ ഒരു തസ്തിക വിദ്യാഭ്യാസ വകുപ്പിൽ ഇല്ല. എന്നിരുന്നാലും സ്കൂൾ കൗൺസിലർമാരുടെ വേതനം കാലാകാലങ്ങളിൽ പരിഷ്കരിച്ച് വരുന്നു.

**അനാഥരും നിരാലംബരുമായവർക്കുള്ള ഭവന പദ്ധതി**

287(2905) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥരും നിരാലംബരുമായ ആളുകൾക്ക് ഒരുമിച്ച് താമസിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങളും പദ്ധതികളും വിശദമാക്കുമോ; അവർക്ക് വേണ്ടി രൂപീകരിക്കുന്ന പുതിയ സംവിധാനങ്ങളും പദ്ധതികളും എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) അച്ഛനും അമ്മയും മരണപ്പെട്ടതും പ്രായപൂർത്തിയാകാത്തതുമായ കുട്ടിൾക്ക് വീടും സ്ഥലവും കൊടുക്കുന്നതിനുള്ള പദ്ധതികൾ ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) അനാഥരും നിരാലംബരുമായ ആളുകൾക്ക് ഒരുമിച്ച് താമസിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. സാമൂഹ്യനീതി വകുപ്പിൽ വൃദ്ധർക്കായി വൃദ്ധസദനം, വികലാംഗരായ സ്ത്രീകൾക്കായി വികലാംഗ വനിതാസദനം, സ്ത്രീകൾക്കും നഗരത്തിൽ ജോലി ചെയ്യുന്ന നിരാലംബരായ സ്ത്രീകൾക്കുമായി മഹിളാമന്ദിരം തുടങ്ങിയ സ്ഥാപനങ്ങളാണ് നിലവിലുള്ളത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**നേർവഴി പദ്ധതി**

288(2906) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൊബേഷൻ സമ്പ്രദായം ആധുനികവത്ക്കരിച്ച് ശാക്തീകരിക്കുന്നതിനുള്ള നേർവഴി പദ്ധതിയുടെ തുടർഘട്ടത്തിൽ പദ്ധതിപ്രകാരം നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുക വകയിരുത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) നടപ്പു വർഷം സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന നേർവഴി പദ്ധതി അവലോകനയോഗ തീരുമാനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ആയതിൽ എന്തെല്ലാം തീരുമാനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പ്രൊബേഷൻ സമ്പ്രദായം ആധുനികവൽക്കരിച്ച് ശാക്തീകരിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് 'നേർവഴി' ആറുമാസം വീതമുള്ള 5 ഘട്ടങ്ങളായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ പൈലറ്റ് ഫെയ്സ് കണ്ണൂർ, പത്തനംതിട്ട, കൊല്ലം വയനാട്, എന്നീ ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്. തുടർന്ന് ഒന്നാംഘട്ട പദ്ധതി 14 ജില്ലകളിലായി നടപ്പിലാക്കേണ്ടതുണ്ട്. ഒന്നാംഘട്ടത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. ട്രെയിനിംഗ് ഓഫ് പ്രോജക്ട് സ്റ്റാഫ്
2. അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ
3. ഐ.ഇ.സി. പ്രോഗ്രാംസ്
4. എം.ഐ.എസ്. സിസ്റ്റത്തിന്റെ കമ്പ്യൂട്ടറൈസേഷൻ
5. എം.ഐ.എസ്. ട്രെയിനിംഗ്
6. ലീഗൽ കൗൺസിലേഴ്സിന്റെ നിയമനം
7. പാർട്ട് ടൈം ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ നിയമനം
8. പ്രൊബേഷൻ അസിസ്റ്റന്റുമാരുടെ നിയമനം

(ബി) നേർവഴി പദ്ധതി നടപ്പിലാക്കുന്നതിനായി ആകെ 2,50,17,700 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് 61,44,583 രൂപയാണ് ചെലവ് കണക്കാക്കുന്നത്.

(സി) സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 16-12-2015 ലാണ് അവലോകനയോഗം ചേർന്നിട്ടുള്ളത്. യോഗതീരുമാനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഒന്നാംഘട്ട പദ്ധതിപ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 6-7-2016-ലെ സ.ഉ.(സാധാ)നമ്പർ 317/2016/സാനീവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം അവലോകന യോഗതീരുമാനപ്രകാരമുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേനയുള്ള ക്ഷേമ പ്രവർത്തനങ്ങൾ**

289(2907) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന നടപ്പിലാക്കിവരുന്ന ക്ഷേമ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) വികലാംഗർക്ക് മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനങ്ങൾ ലഭ്യമാക്കുന്നതിന് ഏതെങ്കിലും പദ്ധതി സർക്കാർ രൂപപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന നടപ്പിലാക്കിവരുന്ന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വികലാംഗർക്ക് മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനങ്ങൾ വിതരണം നടത്തുന്ന പദ്ധതി വികലാംഗക്ഷേമ കോർപ്പറേഷനിൽ നിലവിലുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ചും മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടുമാണ് വിതരണം നടത്തി വരുന്നത്.

**റിട്ടയർ ചെയ്തവരുടെ പുനർ നിയമനം**

290(2908) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോർഡുകൾ, സൊസൈറ്റികൾ എന്നിവ ഉൾപ്പെടെ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച എത്ര പേർ ഇപ്പോഴും അവിടങ്ങളിൽ സേവനമനുഷ്ഠിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) വിരമിച്ച ജീവനക്കാരുടെ സേവനം ആ തസ്തികകളിൽ ആവശ്യമാണോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികകൾ വകുപ്പിലെ ജീവനക്കാരുടെ പ്രൊമോഷൻ തസ്തികകളാക്കി മാറ്റാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) പെൻഷൻ വാങ്ങുന്നയാൾക്ക് വീണ്ടും വേതനം നൽകുന്നത് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആലത്തൂർ നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ

291(2909) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ സ്വന്തമായി സ്ഥലമില്ലാതെ മറ്റ് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എത്ര അങ്കണവാടികളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആലത്തൂർ മണ്ഡലത്തിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര അങ്കണവാടികളുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ആലത്തൂർ നിയോജകമണ്ഡലത്തിൽ സ്വന്തം കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് അടിയന്തരമായി അവ നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ സ്വന്തമായി സ്ഥലമില്ലാതെ മറ്റ് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 42 അങ്കണവാടികളുണ്ട്.

(ബി) ആലത്തൂർ മണ്ഡലത്തിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 147 അങ്കണവാടികളുണ്ട്.

(സി) ആലത്തൂർ ഉൾപ്പെടെ എല്ലാ നിയോജകമണ്ഡലങ്ങളിലും സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികൾക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട്

292(2910) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട്, കേരള ബോർസ്റ്റൽ സ്കൂൾ ആക്ട് എന്നിവയുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

### ഉത്തരം

പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് മാത്രമാണ് നിലവിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്നത്. കേരള ബോർസ്റ്റൽ സ്കൂൾ ആക്ട് ജയിൽ വകുപ്പ് മുഖാന്തരമാണ് നടപ്പിലാക്കുന്നത്. പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി 'നേർവഴി' എന്ന പേരിൽ ഒരു പുതിയ പദ്ധതി സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

## മാവേലിക്കര നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ

293(2911) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ ആകെ എത്ര അങ്കണവാടികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികൾ എത്രയെണ്ണമെന്ന് വ്യക്തമാക്കാമോ;

(ബി) മാവേലിക്കര നിയോജക മണ്ഡലത്തിൽ സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടമില്ലാത്ത അങ്കണവാടികൾ എത്രയെണ്ണമുണ്ടെന്നും അവ ഏതൊക്കെ എന്നുമുള്ളതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ഈ അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ നിലവിൽ ഏതെങ്കിലും പദ്ധതിയുണ്ടോയെന്ന് വിശദമാക്കാമോ; ഉണ്ടെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ ആകെ 233 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതില സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികളുടെ എണ്ണം 97 ആണ്.

(ബി) മാവേലിക്കര നിയോജകമണ്ഡലത്തിൽ സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടമില്ലാത്ത 7 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പഞ്ചായത്തു തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത്/മുനിസിപ്പാലിറ്റി | അങ്കണവാടികളുടെ എണ്ണം | അങ്കണവാടി നമ്പർ |
|---|---|---|
| മാവേലിക്കര | 1 | 106 |
| ചുനക്കര | 1 | 33 |
| നൂറനാട് | 1 | 59 |
| താമരക്കുളം | 1 | 66 |
| വള്ളികുന്ന് | 3 | 131, 136,146 |
| ആകെ | 7 | |

(സി) സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികൾക്ക് നിലവിലുള്ള വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അങ്കണവാടികൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി സ്വീകരിച്ച നടപടികൾ

294(2912) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.സി.പി.എസ്. നടപ്പാക്കുന്നതിന് എന്തെങ്കിലും കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) ഐ.സി.പി.എസ്. പദ്ധതിക്ക് സംസ്ഥാന തലത്തിൽ നിന്നും ജില്ലാതലത്തിലേക്ക് തുക കൈമാറ്റത്തിനായി സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) കുട്ടികളുടെ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷന്മാരുടെ യോഗം വിളിച്ചു ചേർക്കുന്നതിന് സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതി നിർവ്വഹണത്തിനായി ജില്ലാകളക്ടർമാരുടെ യോഗം എത്ര തവണ വിളിച്ചുചേർത്തിട്ടുണ്ട്;

(ഇ) ജില്ലാതലത്തിൽ ഐ.സി.പി.എസ്.പദ്ധതി നിർവ്വഹണം കാര്യക്ഷമ മാക്കുന്നതിനായി സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

### ഉത്തരം

(എ) കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ചിരിക്കുന്ന ഐ.സി.പി.എസ്. മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമാണ് സംസ്ഥാനത്ത് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

(ബി) സംസ്ഥാനത്ത് ഐ.സി.പി.എസ്. പദ്ധതി നടപ്പിലാക്കുന്നതിനായി ശരാശരി 55:45 എന്ന അനുപാതത്തിലാണ് കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ലഭിക്കുന്നത്. ലഭ്യമാകുന്ന കേന്ദ്ര വിഹിതവും ആനുപാതിക സംസ്ഥാന വിഹിതവും സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ ദേശാൽകൃത ബാങ്കിലുള്ള അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിക്കേണ്ടതും പ്രസ്തുത തുകയിൽനിന്നും പദ്ധതി പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക വിനിയോഗിക്കേണ്ടതുമാണെന്ന് മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷംവരെ എസ്.സി.പി.എസ്. ന്റെ STSB അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന തുകയിൽനിന്നും ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ TSB അക്കൗണ്ടിലേക്ക് ചെക്ക് മുഖേന തുക

അനുവദിച്ചുവരികയായിരുന്നു. എന്നാൽ നടപ്പു സാമ്പത്തിക വർഷം (2016-17) സംസ്ഥാന സർക്കാർ BAMS (Budget Allocation and Management System)നടപ്പിലാക്കുകയും സാമൂഹ്യനീതിവകുപ്പിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ സബോർഡിനേറ്റ് കൺട്രോളിംങ് ഓഫീസർമാരായി നിയമിക്കുകയും ചെയ്ത സാഹചര്യത്തിൽ തുക ഐ.സി.പി.എസ്. -ന്റെ ശീർഷകമായ 2235-02-102-61(P)-ൽനിന്നും ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അലോട്ട്മെന്റായി അനുവദിക്കുകയും ഡി.എസ്.ജെ.ഒ. ജില്ലാ ശിശുസംരക്ഷണ ഓഫീസറുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഫണ്ട് ക്രെഡിറ്റ് ട്രാൻസ്ഫർ ചെയ്ത് നൽകുകയുമാണ് ചെയ്യുന്നത്.

(സി) സംയോജിത ശിശുസംരക്ഷണ പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന് വിവിധ വകുപ്പുകളുമായി ഏകോപനം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. വകുപ്പുകളുടെ ഏകോപനം സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും ഉണ്ടാകേണ്ടതുണ്ട്. ഐ.സി.പി.എസ്. ഗൈഡ്‌ലൈനും വിവിധ വകുപ്പുകളുമായുള്ള ഏകോപനം ഉറപ്പാക്കണമെന്ന് നിഷ്കർഷിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യം, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം, പഞ്ചായത്ത്, അർബൻ അഫയേഴ്സ്, തൊഴിൽ മുതലായ വകുപ്പുകളുമായാണ് ഏകോപനം ഉണ്ടാകേണ്ടത്. സംസ്ഥാനത്ത് ഐ.സി.പി.എസ്. പൂർണ്ണമായും പ്രവർത്തനക്ഷമമായ സാഹചര്യത്തിൽ വിവിധ വകുപ്പുകളുമായുള്ള ഏകോപനം ഉണ്ടാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

(ഡി) ജെ.ജെ. ആക്ട്, ജെ.ജെ. റൂൾസ് എന്നിവയുടെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി ഐ.സി.പി.എസ്. സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. 2000-ലെ ജെ.ജെ. ആക്ടിൽ ജില്ലാ കളക്ടർക്ക് ഐ.സി.പി.എസ്. പദ്ധതി പ്രവർത്തനങ്ങളുമായി നേരിട്ട് ബന്ധമുണ്ടായിരുന്നില്ല. ആയതിനാൽ ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ചു ചേർക്കേണ്ട ആവശ്യകത ഉണ്ടായിരുന്നില്ല. എന്നാൽ 2015-ലെ പുതുക്കിയ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ടും 2016-ലെ മോഡൽ റൂളും പ്രകാരം ജില്ലാ കളക്ടർമാർക്ക് ചില ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കേണ്ടതുള്ളതിനാൽ ജില്ലാ കളക്ടർമാരുടെ മീറ്റിംഗ് വിളിച്ചു ചേർക്കാവുന്നതാണ്.

(ഇ) 1. ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളെ കണ്ടുപിടിക്കുന്നതിനായി സമഗ്രമായ ഒരു സർവ്വേ (Vulnerability mapping) സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ നടപടി പൂർത്തിയായിവരുന്നു.

2. കാലാവധി പൂർത്തിയാക്കിയ CWC/JJB-കളിൽ മെമ്പർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

3. ഓരോ ജില്ലയിലേയും ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന (ഈ സാമ്പത്തിക വർഷത്തെ അവശേഷിക്കുന്ന 5 മാസ കാലയളവിലേയ്ക്കുള്ളത്.) പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ആയത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുവാദത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി

295(2913) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ അവകാശസംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷൻമാരുടെ യോഗം വിളിച്ചു ചേർക്കുന്നതിന് സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി എന്തെല്ലാം നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഐ.സി.പി.എസ്. പദ്ധതിയുടെ ജില്ലാതല നിർവ്വഹണ സംവിധാനമായ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ കാര്യക്ഷമമാക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ഇക്കഴിഞ്ഞ വർഷം എത്ര തവണ യോഗം വിളിച്ചു ചേർത്തിട്ടുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ;

(സി) ജില്ലാതലത്തിൽ ഐ.സി..പി.എസ്. പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനായി സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംയോജിത ശിശുസംരക്ഷണപദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന് വിവിധ വകുപ്പുകളുമായി ഏകോപനം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. വകുപ്പുകളുടെ ഏകോപനം സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഉണ്ടാകേണ്ടതുണ്ട്. ഐ.സി.പി.എസ്. ഗൈഡ്‌ലൈനും വിവിധ വകുപ്പുകളുമായുള്ള ഏകോപനം ഉറപ്പാക്കണമെന്ന് നിഷ്കർഷിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യം, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം, പഞ്ചായത്ത്, അർബൻ അഫയേഴ്സ്, തൊഴിൽ മുതലായ വകുപ്പുകളുമായാണ് ഏകോപനം ഉണ്ടാകേണ്ടത്. സംസ്ഥാനത്ത് ഐ.സി.പി.എസ്. പൂർണ്ണമായും പ്രവർത്തനക്ഷമമായ സാഹചര്യത്തിൽ വിവിധ വകുപ്പുകളുമായുള്ള ഏകോപനം ഉണ്ടാക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുന്നതാണ്.

(ബി) പതിനാല് ജില്ലകളിലുമായി നാൽപ്പത് യോഗങ്ങൾ കൂടിയിട്ടുണ്ട്. കുട്ടികളുടെ അവകാശസംരക്ഷണവുമായി ബന്ധപ്പെട്ട് ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ വൈസ് ചെയർമാനും ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ കൺവീനറുമാണ്. കഴിഞ്ഞ വർഷം പ്രസ്തുത യോഗം വിളിച്ചതിന്റെ ജില്ലതിരിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | - | 2 |
| കൊല്ലം | - | 3 |
| പത്തനംതിട്ട | - | 5 |
| ആലപ്പുഴ | - | 6 |
| കോട്ടയം | - | 3 |
| ഇടുക്കി | - | 2 |
| എറണാകുളം | - | 2 |
| തൃശ്ശൂർ | - | 3 |
| പാലക്കാട് | - | 3 |
| മലപ്പുറം | - | 2 |
| കോഴിക്കോട് | - | 3 |
| വയനാട് | - | 1 |
| കണ്ണൂർ | - | 3 |
| കാസർഗോഡ് | - | 2 |
| ആകെ | | 40 |

(സി) (i) ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളെ കണ്ടു പിടിക്കുന്നതിനായി സമഗ്രമായ ഒരു സർവ്വേ (vulnerability Mapping) സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ നടപടി പൂർത്തിയായിവരുന്നു.

(ii) കാലാവധി പൂർത്തിയാക്കിയ CWC/JJB-കളിൽ മെമ്പർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(iii) ഓരോ ജില്ലകളിലേയും ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന (ഈ സാമ്പത്തിക വർഷത്തെ അവശേഷിക്കുന്ന 5 മാസ കാലയളവിലേയ്ക്കുള്ളത്) പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ആയത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുവാദത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**അങ്കണവാടി ജീവനക്കാരുടെ സർവ്വീസ് കാലയളവ്**

296(2914) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അങ്കണവാടി ജീവനക്കാരുടെ ശമ്പളവർദ്ധനവ് നടപ്പാക്കുമ്പോൾ സർവ്വീസ് കാലയളവ് പ്രത്യേകമായി പരിഗണിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടേയും ഓണറേറിയം വർദ്ധിപ്പിച്ചപ്പോൾ അവരുടെ സർവ്വീസും കാലയളവും പരിഗണിച്ചിരുന്നില്ല.

**സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി**

297(2915) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് (SID)- ന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ വൈകല്യങ്ങൾ ഉള്ള എത്ര പേരുണ്ടെന്നും അവരിൽ എത്രപേർക്ക് വൈകല്യ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) നിലവിൽ വൈകല്യ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ട് അത് ലഭിക്കാത്ത എത്ര പേരുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; ഇവർക്ക് എന്നത്തേക്ക് തിരിച്ചറിയൽ കാർഡും സർട്ടിഫിക്കറ്റും നൽകാനാവുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് (SID)-യുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായി എസ്.ഐ.ഡി. ഇംപ്ലിമെന്റേഷൻ ആന്റ് മോണിറ്ററിംഗ് കമ്മിറ്റി നിലവിലുണ്ട്. ഈ കമ്മിറ്റിയിൽ സാമൂഹ്യനീതി, ആരോഗ്യം, വിദ്യാഭ്യാസ വകുപ്പ് അദ്ധ്യക്ഷൻമാരും ധന വകുപ്പിന്റെ പ്രതിനിധിയും അംഗങ്ങളാണ്. എസ്.ഐ.ഡി.-യുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയെന്നുള്ളതാണ് കമ്മിറ്റിയുടെ ചുമതല. കൃത്യമായ ഇടവേളകളിൽ ഈ കമ്മിറ്റി യോഗം ചേർന്ന് എസ്.ഐ.ഡി.-യുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

(ബി) സാമൂഹ്യനീതി വകുപ്പ് 2014-15-ൽ നടത്തിയ അംഗപരിമിത സെൻസസ് പ്രകാരം സംസ്ഥാനത്ത് 793937 അംഗപരിമിതരുണ്ട്. ഇവരിൽ 464777 പേർക്ക് സാമൂഹ്യനീതി വകുപ്പും സാമൂഹ്യസുരക്ഷാ മിഷനും ചേർന്ന് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡുകളും നൽകിയിട്ടുണ്ട്.

(സി) നിലവിൽ വൈകല്യ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ടുള്ളവർ 37165 ആണ്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | - | 1590 |
| കൊല്ലം | - | 1478 |
| പത്തനംതിട്ട | - | 361 |
| ആലപ്പുഴ | - | 1935 |
| കോട്ടയം | - | 913 |
| ഇടുക്കി | - | 1200 |
| എറണാകുളം | - | 1007 |
| തൃശ്ശൂർ | - | 9558 |
| പാലക്കാട് | - | 2950 |
| മലപ്പുറം | - | 5001 |
| കോഴിക്കോട് | - | 3001 |
| വയനാട് | - | 1385 |
| കണ്ണൂർ | - | 5040 |
| കാസർഗോഡ് | - | 1746 |

തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാൽ മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ ക്യാമ്പുകൾ നടത്തിയിരുന്നില്ല. 2016 ജൂലൈ മുതലാണ് ഈ വർഷത്തെ ക്യാമ്പുകൾ സംഘടിപ്പിച്ചുതുടങ്ങിയത്. 2017 മാർച്ച് മാസത്തിനുമുമ്പായി മുഴുവൻ അപേക്ഷകളും തീർപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**അങ്കണവാടി ജീവനക്കാർക്ക് വർദ്ധിപ്പിച്ച ശമ്പളം**

298(2916) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി ജീവനക്കാർക്ക് വർദ്ധിപ്പിച്ച ശമ്പളം കൃത്യമായി ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പല തദ്ദേശഭരണ സ്ഥാപനങ്ങളും (പഞ്ചായത്ത്) അങ്കണവാടി ജീവനക്കാർക്ക് നൽകാനുള്ള ശമ്പള വിഹിതം നൽകിയിട്ടില്ലെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി)അങ്കണവാടി ജീവനക്കാർക്ക് വർദ്ധിപ്പിച്ച ശമ്പളം സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നൽകുന്ന കാര്യം ആലോചിക്കുമോ ?

ഉത്തരം

(എ) അങ്കണവാടി ജീവനക്കാർക്ക് വർദ്ധിപ്പിച്ച ഓണറേറിയം കൃത്യമായി ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിച്ചുകൊണ്ട് 25-2-2016-ലെ സ.ഉ. (എംഎസ്.) നമ്പർ 21/2016/സാനീവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. അതുപ്രകാരം വർദ്ധിപ്പിച്ച മുഴുവൻ ഓണറേറിയവും തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും പല പഞ്ചായത്തുകൾക്കും പ്രസ്തുത തുക വഹിക്കാൻ കഴിയാത്ത സാഹചര്യത്തിൽ വർദ്ധിപ്പിച്ച ഓണറേറിയത്തിന്റെ 50% സർക്കാരിന്റെ പ്ലാൻ ഫണ്ടിൽനിന്നും വഹിക്കാൻ വ്യവസ്ഥ ചെയ്ത് 30-8-2016-യിലെ സ.ഉ.(സാധാ) നമ്പർ 409/16/ സാനീവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**കുട്ടികളുടെ അവകാശ സംരക്ഷണ പദ്ധതി**

299(2917) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ അവകാശ സംരക്ഷണത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.സി.പി.എസ്. പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഐ.സി.പി.എസ്. പദ്ധതി നിർവ്വഹണത്തിനായി സംസ്ഥാന തലത്തിൽ നിന്ന് ജില്ലാതലത്തിലേക്ക് ഫണ്ട് കൈമാറ്റം ചെയ്യുന്നതിന് ഐ.സി.പി.എസ്. മാർഗ്ഗനിർദ്ദേശക രേഖ നിലവിലുണ്ടോ; എങ്കിൽ ആയത് വിശദമാക്കുമോ;

(സി) ഐ.സി.പി.എസ്. പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധി പാലിച്ചുകൊണ്ട് സംസ്ഥാന തലത്തിൽ നിന്നും ജില്ലാ തലത്തിലേയ്ക്ക് ഐ.സി.പി.എസ്. പദ്ധതി തുക കൈമാറ്റം ചെയ്യുന്നതിനായി സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ചിരിക്കുന്ന ഐ.സി.പി.എസ്. മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമാണ് സംസ്ഥാനത്ത് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

(ബി) സംസ്ഥാനത്ത് ഐ.സി.പി.എസ്. പദ്ധതി നടപ്പിലാക്കുന്നതിനായി ശരാശരി 55:45 എന്ന അനുപാതത്തിലാണ് കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ലഭിക്കുന്നത്. ലഭ്യമാകുന്ന കേന്ദ്ര വിഹിതവും ആനുപാതിക സംസ്ഥാന വിഹിതവും സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ ദേശാൽകൃത ബാങ്കിലുള്ള അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിക്കേണ്ടതും പ്രസ്തുത തുകയിൽനിന്നും പദ്ധതി പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക വിനിയോഗിക്കേണ്ടതുമാണെന്ന് മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു.

(സി) കഴിഞ്ഞ സാമ്പത്തിക വർഷംവരെ എസ്.സി.പി.എസ്.-ന്റെ STSB അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന തുകയിൽനിന്നും ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ TSB അക്കൗണ്ടിലേക്ക് ചെക്ക് മുഖേന തുക അനുവദിച്ചു വരികയായിരുന്നു. എന്നാൽ നടപ്പു സാമ്പത്തിക വർഷം (2016-17) സംസ്ഥാന സർക്കാർ BAMS (Budget Allocation and Management System) നടപ്പിലാക്കുകയും സാമൂഹ്യനീതി വകുപ്പിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ സബോർഡിനേറ്റ് കൺട്രോളിംങ് ഓഫീസർമാരായി നിയമിക്കുകയും ചെയ്ത സാഹചര്യത്തിൽ തുക ഐ.സി.പി.എസ്. -ന്റെ ശീർഷകമായ 2235-02-102-61(P)-ൽ നിന്നും ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അലോട്ട്മെന്റായി അനുവദിക്കുകയും (Distric Social Justice Officer) ജില്ലാ സാമൂഹ്യനീതി ഓഫീസർ ഡി.എസ്.ജെ.ഒ. ജില്ലാ ശിശുസംരക്ഷണ ഓഫീസറുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഫണ്ട് ക്രെഡിറ്റ് ട്രാൻസ്ഫർ ചെയ്ത് നൽകുകയുമാണ് ചെയ്യുന്നത്.

**ആശ്വാസ കിരണം പദ്ധതി**

300(2918) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതി ആരംഭിച്ചത് എന്നാണെന്നും ഇതിന്റെ ഗുണഭോക്താക്കൾ ഏതു വിഭാഗത്തിൽപ്പെടുന്നവരാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഏജൻസി ഏതാണ്; പദ്ധതി ആരംഭിച്ചശേഷം ഓരോ വർഷവും പദ്ധതിക്ക് നീക്കിവെച്ച തുകയും ചെലവഴിച്ച തുകയും ഗുണഭോക്താക്കളുടെ എണ്ണവും വ്യക്തമാക്കുമോ;

(സി) പദ്ധതി ആരംഭിക്കുമ്പോൾ ഒരു ഗുണഭോക്താവിന് നൽകിയിരുന്ന സഹായധനം എത്രയായിരുന്നു എന്നും ഇത് വർദ്ധിപ്പിച്ചിട്ടുണ്ടോ എന്നതും സംബന്ധിച്ച വിശദവിവരം നൽകുമോ;

(ഡി) 2013-14 മുതൽ ഓരോ വർഷവും അപേക്ഷിച്ചവരുടെ എണ്ണം, ധനസഹായം ലഭിച്ചവരുടെ എണ്ണം, ഏതു വർഷംവരെ ധനസഹായം നല്കി, കുടിശ്ശിക എത്ര, ഇത്എന്നു വിതരണം ചെയ്യും എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2010-ലാണ് ആശ്വാസകിരണം പദ്ധതി ആരംഭിച്ചത്. ഗുരുതര രോഗങ്ങളാൽ ശയ്യാവലംബരായവർ, ബുദ്ധിപരവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ, 100% അന്ധർ തുടങ്ങിയ വിഭാഗത്തിൽപ്പെടുന്നവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ, മേൽപ്പറഞ്ഞ അവശതയുള്ളവരെ പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം നൽകിവരുന്നു.

(ബി) കേരള സാമൂഹ്യ സുരക്ഷാമിഷനാണ് ഈ പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഏജൻസി.

| വർഷം | ബഡ്ജറ്റ് വിഹിതം | അനുവദിച്ച തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 2010-11 | 4.61 കോടി | 4.61 കോടി | 43,84,900 | 386 |
| 2011-12 | 9 കോടി | 9 കോടി | 8,03,96,864 | 16048 |
| 2012-13 | 15 കോടി | 15 കോടി | 23, 10,05,545 | 38743 |
| 2013-14 | 20 കോടി | 20 കോടി | 37,61,47,384 | 57570 |
| 2014-15 | 23 കോടി | 23 കോടി | 46,45,41,000 | 64570 |
| 2015-16 | 45 കോടി | 45 കോടി | 45,08,33,000 | 73570 |
| ആകെ | 116.61 കോടി | 116.61 കോടി | 160.73 കോടി | 250887 |

(സി) പദ്ധതി ആരംഭിക്കുമ്പോൾ ഒരു ഗുണഭോക്താവിന് നൽകിയിരുന്ന ധനസഹായം 250 രൂപ ആയിരുന്നു. നിലവിൽ 525 രൂപ നിരക്കിൽ ധനസഹായം അനുവദിച്ചുവരുന്നു. ഈ ധനസഹായം 600 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

301(2919) ശ്രീ. എം. എം. മണി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജാതി-മത ചിന്തകൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മിശ്ര വിവാഹിതരായ ദമ്പതിമാർക്ക് നിലവിൽ എന്തൊക്കെ സഹായമാണ് നല്കി വരുന്നത്; ഇപ്പോൾ ഇവർക്ക് നൽകി വരുന്ന ധനസഹായം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇപ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; അപേക്ഷ സമർപ്പിക്കേണ്ടതെവിടെയെന്നും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളെന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(ഡി) അപേക്ഷ സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള വരുമാന പരിധിയും മറ്റു മാനദണ്ഡങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മിശ്ര വിവാഹം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി SC/ST ഒഴികെയുള്ള വിഭാഗത്തിൽപ്പെട്ട മിശ്ര വിവാഹിതർക്ക് സാമൂഹ്യനീതി വകുപ്പ് മുഖാന്തരം ധനസഹായം നൽകിവരുന്നുണ്ട്.

(ബി) SC/ST ഒഴികെയുള്ള മിശ്രവിവാഹിതർക്ക് 30,000 രൂപ ധനസഹായം സാമൂഹ്യനീതി വകുപ്പ് വഴി നൽകിവരുന്നു.

(സി) മിശ്ര വിവാഹം ധനസഹായം ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 50,000 രൂപയാണ്. മിശ്ര വിവാഹിതർ വിവാഹം കഴിഞ്ഞ് ഒരു വർഷം പൂർത്തിയാക്കിയതിനുശേഷം തുടർന്നുള്ള രണ്ട് വർഷത്തിനകം ജില്ലാ സാമൂഹ്യ നീതി ഓഫീസർ മുമ്പാകെ ധനസഹായം ലഭ്യമാകുന്നതിനുള്ള അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ.

1. ദമ്പതിമാരുടെ ജാതി സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.

2. വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വരുമാന സർട്ടിഫിക്കറ്റ്

3. മിശ്രവിവാഹം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ് (കോർപ്പറേഷൻ, പഞ്ചായത്ത്/മുനിസിപ്പാലിറ്റി)

4. ദമ്പതിമാർ ഒരുമിച്ച് താമസിക്കുന്നുവെന്ന് സാക്ഷ്യപ്പെടുത്തിയ ഗസറ്റഡ് ഓഫീസറുടെയോ/എം.പി./എം.എൽ.എ.-യുടേയോ സർട്ടിഫിക്കറ്റ്.

(ഡി) അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങളും വരുമാന പരിധിയും കാലോചിതമായി പരിഷ്കരിച്ചുവരുന്നു. 20-9-2015 സ.ഉ.(എംഎസ്.) നമ്പർ 63/2015/സാനീവ ഉത്തരവുപ്രകാരം മിശ്രവിവാഹ ധനസഹായത്തിനുള്ള അപേക്ഷ നൽകുന്നതിന്റെ വരുമാനപരിധി 22,000 രൂപയിൽനിന്നും 50,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**ജെറിയാട്രിക് നയം**

302(2920) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ 14 ശതമാനത്തിലേറെ വരുന്ന വയോജനങ്ങൾക്കായി ഒരു ജെറിയാട്രിക് നയം സർക്കാർ രൂപീകരിക്കുമോ;

(ബി) ഓരോ ജില്ല കേന്ദ്രീകരിച്ച് ഇതിനായി പ്രത്യേക സംവിധാനം രൂപീകരിക്കുമോ;

(സി) നിലവിൽ സാമൂഹ്യ നീതി വകുപ്പ് മുഖേന എന്തെല്ലാം സേവനങ്ങളാണ് വയോജനങ്ങൾക്കായി ഒരുക്കിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 6-5-2013 -ലെ സ.ഉ.(എംഎസ്.) 37/2013/സാനീവ നമ്പർ ഉത്തരവ് പ്രകാരം മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള സംസ്ഥാനനയം 2013-ൽ രൂപീകരിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) സാമൂഹ്യനീതി വകുപ്പിൽ വയോജനങ്ങൾക്കായി 16 ഗവൺമെന്റ് വൃദ്ധസദനങ്ങളും വകുപ്പ് ഗ്രാന്റ് നൽകുന്ന ഓർഫനേജ് കൺട്രോൾ ബോർഡിനു കീഴിലുള്ള 566 സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. (ലിസ്റ്റ് അനുബന്ധം I &II ആയി ചേർത്തിട്ടുണ്ട്)* ഗവൺമെന്റ് വൃദ്ധസദനങ്ങളിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിന്ന് വയോജനങ്ങൾക്ക് താമസം, ഭക്ഷണം മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി നൽകുന്നുണ്ട്. കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴി 65 വയസ്സിനുമുകളിൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി വയോമിത്രം എന്ന പദ്ധതി 38 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിലൂടെ സൗജന്യമായി മരുന്നുകൾ, പാലിയേറ്റീവ് കെയർ, കൗൺസിലിംഗ് സേവനം, 4 ഹെൽപ് ഡെസ്കിന്റെ സേവനം എന്നിവ നൽകിവരുന്നുണ്ട്. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് പദ്ധതിയുടെ സേവനംലഭിക്കും. പദ്ധതി നടപ്പാക്കുന്ന നഗര പ്രദേശങ്ങളുടെ വിശദാംശം അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.* കൂടാതെ സാമൂഹ്യനീതി വകുപ്പിലെ ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ താമസക്കാരുടെ ആരോഗ്യ സംരക്ഷണ ത്തിനായി ഭാരതീയ ചികിത്സാ വകുപ്പുമായി സഹകരിച്ച് വയോ അമൃതം എന്ന പേരിൽ ഒരു ആയുർവേദ ചികിത്സാ പദ്ധതി 2013-14 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നു.

### വയോജനങ്ങളുടെ ആരോഗ്യ പരിപാലനം

303(2921) ശ്രീ. ആന്റണി ജോൺ :
ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വയോജനങ്ങളുടെ ശാരീരികവും മാനസികവുമായ ആരോഗ്യ പരിപാലനത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

(സി) ഇതിനായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ മെച്ചപ്പെടുത്തി അവിടെ വയോജന ക്ലിനിക്കുകൾ ആരംഭിക്കുമോ;

(ഡി) വയോജനങ്ങൾക്ക് പകൽ സമയം ചെലവഴിക്കുന്നതിനുള്ള പകൽ വീടുകളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഇത്തരം പകൽ വീടുകൾ എല്ലാ നിയോജകമണ്ഡലങ്ങളിലും സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ?

#### ഉത്തരം

(എ&ബി) എല്ലാ സാമ്പത്തിക വർഷവും സംസ്ഥാന ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വയോജന ആരോഗ്യ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഒരു പ്രധാന ആശുപത്രിയിൽ വയോജന സൗഹൃദ വാർഡുകൾ പണിയുന്നതിനും എല്ലാ താലൂക്കാശുപത്രികളിലും വയോജന സൗഹൃദ ശൗചാലയങ്ങൾ പണിയുന്നതിനും നടപടികൾ സ്വീകരിച്ചു. വയോജന ക്ഷേമത്തിനായി ജെറിയാട്രിക് ക്ലിനിക്കുകളും ക്യാമ്പുകളും പ്രാഥമിക ആരോഗ്യ കേന്ദ്രതലം വരെ നടപ്പിലാക്കിവരുന്നു. കൃത്രിമ ശ്രവണസഹായി, കൃത്രിമ ദന്തങ്ങൾ, വൈകല്യ പരിമിതിക്കുതകുന്ന ഉപകരണങ്ങൾ എന്നിവ സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.എച്ച്.സി.ഇ. പ്രകാരം ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ജെറിയാട്രിക് കെയർ വാർഡും ജെറിയാട്രിക് ഒ.പി.യും ഫിസിയോതെറാപ്പി യൂണിറ്റും പ്രവർത്തിച്ചുവരുന്നു. ഇവിടേക്കുവേണ്ടി ഡോക്ടർമാരെയും മറ്റ് അനുബന്ധ ജീവനക്കാരെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. മാനസികാരോഗ്യ പരിചരണത്തിനായി എല്ലാ ജില്ലയിലും മാനസികാരോഗ്യ പദ്ധതി നടപ്പിലാക്കിവരുന്നു. രോഗനിർണ്ണയം, മരുന്ന് വിതരണം, കൗൺസിലിംഗ്, പകൽവീട്, തുടങ്ങി നിരവധി സേവനങ്ങൾ ഈ പദ്ധതിപ്രകാരം നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമത്തിനായി 16 ഗവൺമെന്റ് വൃദ്ധസദനങ്ങളും സന്നദ്ധ സംഘടനകൾ നടത്തുന്ന 566 വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. വൃദ്ധസദനങ്ങളിലൂടെ നിർദ്ധനരും അനാഥരുമായ വൃദ്ധജനങ്ങൾക്ക് താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം, എന്നിവ സൗജന്യമായി നൽകിവരുന്നുണ്ട്. വയോജനങ്ങളുടെ ശാരീരികവും മാനസികവുമായ ആരോഗ്യപരിപാലനത്തിനായി കേരള സാമൂഹ്യസുരക്ഷാമിഷൻ വഴി വയോമിത്രം എന്ന പദ്ധതി 65 വയസ്സിനു മുകളിൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി നടപ്പിലാക്കി വരുന്നു. കൂടാതെ സാമൂഹ്യനീതി വകുപ്പിന് കീഴിലെ ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ താമസക്കാരുടെ ആരോഗ്യസംരക്ഷണത്തിനായി വയോഅമൃതം എന്ന ആയുർവേദം ചികിത്സാ പദ്ധതി ഭാരതീയ ചികിത്സാ വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു.

(സി) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ എത്തുന്ന രോഗികളിൽ ഭൂരിഭാഗവും വയോജനങ്ങളാണെന്നിരിക്കെ ഒരു പ്രത്യേക വയോജന ക്ലിനിക്കിന്റെ പ്രസക്തി ഇപ്പോഴില്ല. എന്നിരുന്നാലും വയോജന ആരോഗ്യ പദ്ധതിയുടെ കീഴിൽ എല്ലാ സാമ്പത്തിക വർഷവും പ്രാഥമികാരോഗ്യ കേന്ദ്രതലം വരെ വയോജനക്ഷേമ പരിപാടികൾ നടത്തുന്നതിനായി ഫണ്ട് അനുവദിക്കാറുണ്ട്.

(ഡി) സാമൂഹ്യനീതി വകുപ്പിൽ വയോജനങ്ങൾക്ക് പകൽ സമയം ചെലവഴിക്കുന്നതിനുള്ള പകൽ വീടുകൾ നിലവിൽ ആരംഭിച്ചിട്ടില്ല. ചില സീനിയർ സിറ്റിസൺ സംഘടനകളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലും ചില പകൽ വീടുകൾ പ്രവർത്തിക്കുന്നുണ്ട്.

(ഇ) എല്ലാ നിയോജകമണ്ഡലങ്ങളിലുമുള്ള മോഡൽ അങ്കണവാടികളോടനുബന്ധിച്ച് പകൽ വീടുകൾ ആരംഭിക്കാൻ സാമൂഹ്യനീതി വകുപ്പ് പ്രാരംഭ നടപടികൾ ആരംഭിച്ചുവരുന്നു.

**അംഗപരിമിതരായ കുട്ടികൾക്ക് സാമൂഹ്യസുരക്ഷാ മിഷൻ വഴി പെൻഷൻ**

304(2922) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതരായ കുട്ടികൾക്ക് സാമൂഹ്യസുരക്ഷാ മിഷൻ വഴി പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പെൻഷൻ എല്ലാ ജില്ലകളിലും കൃത്യമായി വിതരണം ചെയ്യാനുള്ള സംവിധാനം നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അംഗപരിമിതരായ കുട്ടികൾക്ക് സാമൂഹ്യസുരക്ഷ മിഷൻ വഴി പെൻഷൻ നൽകുന്നില്ല.

(ബി) ബാധകമല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**വികലാംഗക്ഷേമ കോർപ്പറേഷന്റെ പദ്ധതികൾ**

305(2923) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) വികലാംഗർക്കായുള്ള മുച്ചക്രവാഹന വിതരണം നിലവിലുണ്ടോ; എങ്കിൽ ഇതിനായി ഏത് രീതിയിലാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്;

(സി) നിലവിൽ അപേക്ഷ നൽകിയ മുഴുവൻ ഗുണഭോക്താക്കൾക്കും മുച്ചക്ര വാഹനം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും ഈ വിഷയം ഏത് തരത്തിൽ പരിഹരിക്കുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ വികലാംഗക്ഷേമ കോർപ്പറേഷൻ വഴി നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വികലാംഗക്ഷേമ കോർപ്പറേഷൻ വഴി അംഗപരിമിതർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി സൗജന്യമായി മുച്ചക്രവാഹനം വിതരണം നടത്തി വരുന്നു. കോർപ്പറേഷന്റെ മുച്ചക്രവാഹനത്തിനുള്ള അപേക്ഷാഫോറത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. മാനദണ്ഡങ്ങൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു.*

(സി) നിലവിൽ അപേക്ഷ നൽകിയ മുഴുവൻ ഗുണഭോക്താക്കൾക്കും മുച്ചക്ര വാഹനം വിതരണം നടത്തിയിട്ടില്ല. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് വിതരണം നടത്തിവരുന്നത്.

## കടമ്പഴിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

306(2924) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമ്പഴിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ സിവിൽ സർജൻെറ സേവനം ലഭ്യമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കടമ്പഴിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ നിലവിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ഒഴിഞ്ഞു കിടക്കുന്ന പാരാമെഡിക്കൽ സ്റ്റാഫ് തസ്തികകൾ ഉൾപ്പെടെയുള്ള ഒഴിവുകൾ നികത്തുന്നതിനാവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അസിസ്റ്റന്റ് സർജന്റെ ഒഴിവിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഡോക്ടറെ നിയമിച്ചിട്ടുണ്ട്. നഴ്സിംഗ് അസിസ്റ്റന്റ്, ലാബ് ടെക്നീഷ്യൻ ഗ്രേഡ്-1, പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മുച്ചക്രവാഹനം വിതരണം നടത്തുന്നതിന് നടപടി

307(2925) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് വികലാംഗർക്ക് മുച്ചക്ര വാഹനങ്ങൾ നൽകുന്നതിനായി നടപടി സ്വീകരിച്ചെങ്കിലും, വാഹനങ്ങൾ ഇനിയും വിതരണം ചെയ്തിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുച്ചക്രവാഹന വിതരണത്തിന് വികലാംഗ ക്ഷേമ കോർപ്പറേഷൻ ചുമതലപ്പെടുത്തിയ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് ആയതിന് തയ്യാറാകാത്ത സാഹചര്യത്തിൽ വികലാംഗർക്ക് മുച്ചക്രവാഹനം വിതരണം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അംഗപരിമിതർക്ക് മുച്ചക്രവാഹനം വിതരണം ചെയ്യുന്നതിന് വികലാംഗ ക്ഷേമ കോർപ്പറേഷൻ കേരള ഓട്ടോ മൊബൈൽസുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

## സാമൂഹ്യ സുരക്ഷാ മിഷന് ലഭിച്ച സ്ത്രീശക്തി ലോട്ടറി ലാഭവിഹിതം

308(2926) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീശാക്തീകരണ പദ്ധതികൾക്കായി ലോട്ടറി വകുപ്പിൽനിന്നും സ്ത്രീ ശക്തി ലോട്ടറിയുടെ ലാഭവിഹിതയിനത്തിൽ എത്ര തുക സാമൂഹ്യ സുരക്ഷാ മിഷന് ലഭിച്ചു;

(ബി) തുകയൊന്നും ലഭിച്ചിട്ടില്ലെങ്കിൽ അത് ലഭ്യമാക്കുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) തുകയൊന്നും ലഭിച്ചിട്ടില്ല. 19-2-2016-ലെ സ.ഉ.(എംഎസ്.) നമ്പർ 38/2016/നിവ-ൽ പരാമർശിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിലേക്ക് ഫണ്ടിന്റെ ലഭ്യത അറിയുന്നതിനും പദ്ധതി നടത്തിപ്പിന്റെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും ഇതുസംബന്ധിച്ച വിശദമായ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനും 'സ്ത്രീസൗഹൃദ കേരളം' എന്ന വിഷയം മുൻനിർത്തി ഒരു ശിൽപ്പശാല നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

**സൂപ്പർവൈസറായി നിയമനം**

309(2927) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹികക്ഷേമ വകുപ്പിൽ അങ്കണവാടി വർക്കർമാരിൽനിന്നും ഐ.സി.ഡി.എസ്. സൂപ്പർവൈസറായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 6-4-2016-ൽ IRIC(1) 20348/10/GW പ്രകാരം അഡ്വൈസ് നൽകിയ ഉദ്യോഗാർത്ഥിക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) എസ്.എസ്.എൽ.സി. യോഗ്യതയും അങ്കണവാടി വർക്കറായി 10 വർഷത്തെ സേവനപരിചയവുമുള്ള അങ്കണവാടി വർക്കർമാരിൽനിന്ന് സൂപ്പർവൈസർ തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി സി. സുമതിയും കൂട്ടരും ബഹു.കെ.എ.റ്റി. മുമ്പാകെ ഫയൽ ചെയ്തിരുന്ന ഒ.എ. നമ്പർ 2431/2014-മേൽ19-12-2014-ൽ പുറപ്പെടുവിച്ച ഇടക്കാല വിധിന്യായത്തിന്മേൽ "അന്തിമ ഉത്തരവിന് വിധേയമായി മാത്രം നിയമന ശിപാർശ നൽകിയാൽ മതി" എന്ന വ്യവസ്ഥ പ്രകാരം 58 ഒഴിവുകൾ 23-12-2014-നുള്ളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ഉത്തരവായിരുന്നു. പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി 23-12-2014-ൽ അവസാനിച്ചു. മേൽ വിവരിച്ച തരത്തിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 58 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 3-2-2016-ലെ അന്തിമ വിധിന്യായത്തിൽ "27-12-2012-ലെ ജി.ഒ.(പി)നമ്പർ 78/2012-എസ്.ഡബ്ല്യൂ.ഡി. പ്രകാരമുള്ള വിശേഷാൽ ചട്ട ഭേദഗതി ഉത്തരവിൽ കാറ്റഗറി 13-ന്റെ കുറിപ്പ് 6-ൽ പരാമർശിക്കുന്ന വ്യവസ്ഥ അതായത് ഏതെങ്കിലും ഒരു വർഷം, ബിരുദ യോഗ്യതയുള്ള അങ്കണവാടി വർക്കർമാരുടെ അഭാവത്തിൽ എസ്.എസ്.എൽ.സി.-യും 10 വർഷത്തെ പ്രവൃത്തി പരിചയവുമുള്ള അങ്കണവാടി വർക്കർമാരിൽനിന്നും ഒഴിവുകൾ നികത്താം" എന്നതിന്റെ അടിസ്ഥാനത്തിൽ ഇടക്കാല ഉത്തരവ് ശരിവച്ച് അന്തിമ വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. 3-2-2016-ലെ അന്തിമ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നേരത്തെ നിലവിലുണ്ടായിരുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് 55 ഉദ്യോഗാർത്ഥികൾക്ക് 6-4-2016-ൽ കെ.പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. 1-4-2014 മുതൽ വിശേഷാൽ ചട്ടങ്ങളിൽ വന്ന ഭേദഗതി

പ്രകാരം സൂപ്പർവൈസർ തസ്തികയിലേക്കുള്ള നിയമന രീതി 58:29:11:2 എന്ന റേഷ്യോ പ്രകാരമാണ്. ഇതിൽ 29% തസ്തികകൾ മാത്രമാണ് എസ്.എസ്.എൽ.സി.-യും അങ്കണവാടി വർക്കറായി 10 വർഷത്തെ സേവന പരിചയമുള്ള അങ്കണവാടി വർക്കർ ക്വാട്ടയിലേക്ക് മാറ്റിവയ്ക്കേണ്ടത്. അതായത് ആകെയുള്ള 1327 തസ്തികയിൽ 385 തസ്തികകൾ മാത്രമാണ് ഈ വിഭാഗത്തിന് അർഹതയുള്ളത്. എന്നാൽ ഇടക്കാല ഉത്തരവ് തീയതിയായ 19-12-2014-ലോ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ച 23-12-2014-ലോ, ഈ വിഭാഗത്തിൽ ഒഴിവുകൾ ഇല്ലാതിരുന്നതിനാൽ 55 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകാൻ നിയമനാധികാരിയായ സാമൂഹ്യനീതി ഡയറക്ടർക്ക് കഴിഞ്ഞിട്ടില്ല. പി.എസ്.സി. മുഖേന നികത്തപ്പെടേണ്ട മറ്റ് ഫീഡർ കാറ്റഗറികളിൽപ്പെട്ട ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അഡ്വൈസ് ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് എപ്രകാരം നിയമനം നൽകാൻ കഴിയും എന്നതിനെക്കുറിച്ച് സർക്കാർ പരിശോധിച്ച് വരികയാണ്.

**അംഗപരിമിതർക്ക് തൊഴിലവസരങ്ങൾ**

310(2928) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതർക്ക് അർഹമായ ആനുകൂല്യവും അവസരങ്ങളും അവരിൽ എത്തിച്ചേരാത്തതായും അവ ക്രമവിരുദ്ധമായി തട്ടിയെടുക്കുന്നതായുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എസ്.എസ്.എൽ.സി. പാസ്സായശേഷം 25 വർഷത്തിലേറെയായി തൊഴിലിനായി കാത്തിരിക്കുന്ന അംഗപരിമിതരിൽ ആരെങ്കിലും സർക്കാരിന് ജോലിയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(സി) ഇത്തരത്തിലുള്ളവർക്ക് തൊഴിൽ നൽകുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതു സംബന്ധമായി 1284/SJ/N/M/(H1 FW4 SJ)2016 എന്ന ഫയൽ നമ്പരിലെ അപേക്ഷയുടെ വിശദാംശം ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത അപേക്ഷയിന്മേൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്.

(സി) എസ്.എസ്.എൽ.സി. പാസ്സായ ശേഷം 25 വർഷത്തിലേറെയായി തൊഴിലിനായി കാത്തിരിക്കുന്നവർക്ക് തൊഴിൽ നൽകുന്നതിന് ഈ വകുപ്പിൽ നിലവിൽ പദ്ധതി ഇല്ല. ആയതിലേക്ക് പുതിയ പദ്ധതികൾ തയ്യാറാക്കിയിട്ടില്ല.

(ഡി&ഇ) പ്രസ്തുത അപേക്ഷ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് അയച്ചിരിക്കുകയാണ്.

## 1958-ലെ കേരള പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട്

311(2929) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവകുറ്റവാളികൾക്കും, യോഗ്യരായ മറ്റ് കുറ്റവാളികൾക്കും ജയിൽ ശിക്ഷ ലഭിക്കാതെ പരിവർത്തനം ചെയ്യപ്പെടുന്നതിനുള്ള അവസരം ലഭ്യമാക്കുന്നതിനുള്ള 1958 ലെ കേരളാ പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട് പ്രകാരം 2014-15, 2015-16 വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര കുറ്റവാളികളെ പ്രൊബേഷൻ ആഫീസർമാരുടെ നിരീക്ഷണത്തിൻ കീഴിൽ നല്ല നടപ്പിന് വിട്ടിട്ടുണ്ടെന്ന വിവരം പേരുവിവരം സഹിതം ലഭ്യമാക്കുമോ;

(ബി) 1960-ലെ കേരളാ പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് റൂൾ പ്രകാരം രൂപീകൃതമായിട്ടുള്ള സംസ്ഥാനതല അഡ്വൈസറി കമ്മിറ്റി കഴിഞ്ഞ 5 വർഷവും ഈ സർക്കാരിന്റെ കാലത്തും എത്ര തവണ കൂടിയിട്ടുണ്ടെന്നുള്ള വിവരം വാർഷികാടിസ്ഥാനത്തിൽ അറിയിക്കുമോ;

(സി) ജില്ലാതല അഡ്വൈസറി കമ്മിറ്റികളും സംസ്ഥാനതല അഡ്വൈസറി കമ്മിറ്റികളും കൃത്യമായി കൂടി പ്രൊബേഷൻ നിയമത്തിന്റെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2014-15, 2015-16 വർഷങ്ങളിൽ സംസ്ഥാനത്ത് പ്രൊബേഷൻ ആഫീസർമാരുടെ നിരീക്ഷണത്തിൻകീഴിൽ നല്ല നടപ്പിന് വിട്ടിട്ടുള്ള പ്രൊബേഷണർമാരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 1960-ലെ കേരളാ പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് റൂൾ പ്രകാരം രൂപീകൃതമായിട്ടുള്ള സംസ്ഥാനതല അഡ്വൈസറി കമ്മിറ്റി കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഒറ്റത്തവണ മാത്രമാണ് കൂടിയിട്ടുള്ളത്. ആയത് 2014-15 വർഷത്തിലാണ്. ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനതല അഡ്വൈസറി കമ്മിറ്റി കൂടിയിട്ടില്ല.

(സി) സംസ്ഥാനതല അഡ്വൈസറി കമ്മിറ്റി സമയബന്ധിതമായി ചേരുന്നതിനും ജില്ലാതല അഡ്വൈസറി കമ്മിറ്റികൾ രൂപീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എ.പി.എൽ.-ബി.പി.എൽ കാർഡുകളുടെ അപാകത പരിഹരിക്കൽ

312(2930) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എ.പി.എൽ. - ബി.പി.എൽ. കാർഡുകളുടെ അപാകത സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദവിവരം നൽകുമോ;

(ബി) ഈ നടപടി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) നിലവിൽ ബി.പി.എൽ. കാർഡ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് നിലവിൽ എത്ര ബി.പി.എൽ. - എ.പി.എൽ. കാർഡുകളാണ് ഉള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി സംസ്ഥാനതല റാങ്കിംഗ് നടത്തി ഓൺലൈനായി കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്റെ പകർപ്പുകൾ താലൂക്ക് സപ്ലൈ ആഫീസ്, പഞ്ചായത്ത് ആഫീസ്, വില്ലേജ് ആഫീസ്, റേഷൻ കടകൾ എന്നിവിടങ്ങളിലും കൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണ്. കരട് പട്ടികയിന്മേലുള്ള പരാതി തദ്ദേശസ്വയംഭരണതല വെരിഫിക്കേഷൻ കമ്മിറ്റികൾ പരിശോധിച്ച് തീർപ്പാക്കി അതിന്മേൽ വീണ്ടും പരാതിയുണ്ടെങ്കിൽ ജില്ലാ കളക്ടർ ചെയർമാനായ അപ്പീൽ കമ്മിറ്റികളും കൂടി പരിശോധിച്ച് തീർപ്പാക്കി അന്തിമ പട്ടിക തയ്യാറാക്കി റേഷൻ കാർഡുകൾ അച്ചടിച്ച് 2017 മാർച്ച് മാസത്തോടുകൂടി വിതരണം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) 25-4-1997-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 12/97/ എഫ്&സി.എസ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ അംഗീകാരം നൽകിയ, മുൻപ് നിലനിന്നിരുന്ന, 42% ബി.പി.എൽ. കാർഡുകളെ അതേപോലെ നിലനിർത്തിയും 27-4-2012-ലെ സർക്കാർ ഉത്തരവ് (ആർറ്റി.)നമ്പർ 112/12/ തസ്വഭവ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചുമാണ് ബി.പി.എൽ. കാർഡുകൾ നൽകുന്നത്.

(ഡി) സംസ്ഥാനത്ത് 30-8-2016 പ്രകാരം 1478944 ബി.പി.എൽ. കാർഡുകളും 6261459 എ.പി.എൽ. കാർഡുകളുമാണുള്ളത്.

## എ.പി.എൽ./ബി.പി.എൽ റേഷൻ കാർഡുകളിലെ ന്യൂനതകൾ

313(T*2931) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എ.പി.എൽ./ബി.പി.എൽ. റേഷൻ കാർഡുകളിലെ ന്യൂനതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

2013-ലെ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന പ്രകാരം എ.പി.എൽ/ ബി.പി.എൽ. റേഷൻ കാർഡുകൾക്ക് പകരം മുൻഗണനാ/മുൻഗണനാ ഇതര കാർഡുകളാണ് അച്ചടിച്ച് വിതരണം ചെയ്യുന്നത്. നിലവിലെ എ.പി.എൽ./ ബി.പി.എൽ. പട്ടികയ്ക്ക് പകരം റേഷൻ കാർഡുടമകളിൽനിന്നും ശേഖരിച്ച വിവരങ്ങൾ ഉപയോഗിച്ച് സംസ്ഥാനതല റാങ്കിംഗ് നടത്തി മുൻഗണനാ വിഭാഗക്കാരുടെ കരട് പട്ടിക വെബ്സൈറ്റിലൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ.ഉ.(കൈ)നമ്പർ 112/2012/ തസ്വഭവ എന്ന ഉത്തരവിലെ എക്സ്ക്ലൂഷൻ/ഇൻക്ലൂഷൻ മാനദണ്ഡങ്ങളും സ.ഉ. (കൈ)നമ്പർ 16/2011/തസ്വഭവ എന്ന ഉത്തരവ് പ്രകാരമുള്ള മാർക്കിന്റെ മാനദണ്ഡങ്ങളുപയോഗിച്ച് എൻ.ഐ.സി. വികസിപ്പിച്ചിട്ടുള്ള റാങ്കിംഗ് സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് റാങ്കിംഗ് നടത്തിയിട്ടുള്ളത്. കരട് പട്ടികയിന്മേലുള്ള പരാതികളും ആക്ഷേപങ്ങളും പരിഹരിച്ച് ആധാർ ഉപയോഗിച്ച് ഡീ-ഡ്യൂപ്ലിക്കേഷനും നടത്തി അന്തിമ പട്ടിക പ്രസിദ്ധീകരിക്കാവുന്നതാണ്. പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയാകുമ്പോൾ റേഷൻ കാർഡിലെ ന്യൂനതകൾക്ക് പരമാവധി പരിഹാരം കാണുമെന്ന് പ്രതീക്ഷിക്കുന്നു.

## കെ.എസ്.സി.എസ്.സി-യുടെ കമലേശ്വരത്തുള്ള റീട്ടെയിൽ ഔട്ട്ലെറ്റ്

314(2932) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ കെ.എസ്.സി.എസ്.സി.-യുടെ റീട്ടെയിൽ ഔട്ട് ലെറ്റുകളിൽ നിരവധി തവണ പരിശോധന നടത്തിയിട്ടും കമലേശ്വരത്തുള്ള ഒരു ഔട്ട്ലെറ്റിനെ മാത്രം മിന്നൽ പരിശോധനയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയതിന്റെ കാരണം അറിയിക്കുമോ;

(ബി) പ്രസ്തുത ഔട്ട് ലെറ്റിനെ പരിശോധനയിൽ നിന്നും ഒഴിവാക്കുന്നതിന് പരിശോധനാ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ക്രമക്കേടുകൾ സംബന്ധിച്ച് നിരവധി പരാതികളുള്ള ഈ സ്ഥാപനത്തെ മാത്രം ഒഴിവാക്കിയതിനെതിരെ എന്തെല്ലാം നടപടി ആർക്കൊക്കെ എതിരെ സ്വീകരിച്ചു; വിശദാംശം നൽകുമോ?

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) കെ.എസ്.സി.എസ്.സി-യുടെ ഒരു റീട്ടെയിൽ ഔട്ട്‌ലെറ്റിനേയും മിന്നൽ പരിശോധനയിൽനിന്നും ഒഴിവാക്കിയിട്ടില്ല. സപ്ലൈകോയുടെ തിരുവനന്തപുരം ഫ്ലയിംഗ് സ്ക്വാഡ് ഓഫീസർ 7-9-2016-ന് കമലേശ്വരം സൂപ്പർമാർക്കറ്റ് പരിശോധിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഔട്ട്‌ലെറ്റിനെ പരിശോധനയിൽനിന്ന് ഒഴിവാക്കുവാൻ യാതൊരു നിർദ്ദേശവും നൽകിയിട്ടില്ല. പ്രസ്തുത ഔട്ട്‌ലെറ്റിനെ സംബന്ധിച്ച് പരാതികൾ ഒന്നും നിലവിലില്ല, ആയതിനാൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

**പൊതുവിതരണ മേഖല**

315(2933) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആവശ്യാനുസരണം മിതമായ നിരക്കിൽ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ;

(ബി) സപ്ലൈകോ, മാവേലിസ്റ്റോർ എന്നിവ വഴി പൊതു വിതരണ മേഖല ശക്തിപ്പെടുത്തുമോ;

(സി) എങ്കിൽ ഇതിനകം കൈക്കൊണ്ടിട്ടുള്ളതും ഭാവിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനായി സപ്ലൈകോ പൊതുവിപണിയിൽനിന്നും ശരാശരി 50% വരെ കുറഞ്ഞ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നുണ്ട്. സബ്സിഡി നിരക്കിലുള്ള വിൽപ്പനക്കുപുറമെ അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. കൂടാതെ ഉപഭോക്താവിന് നല്ല ഗുണമേൻമയുള്ള ഗോതമ്പ് പൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും സപ്ലൈകോ വിൽപ്പനശാലകൾ വഴിയും വിതരണം ചെയ്തുവരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി,

വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാന്റായ 'ശബരി' ബ്രാന്റിൽ കർശന ഗുണനിലവാര പരിശോധനയ്ക്ക് ശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമെ മറ്റ് അവശ്യസാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP യേക്കാൽ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ ഓണം, റംസാൻ, ക്രിസ്മസ്, വിഷു തുടങ്ങിയ ഉത്സവകാലങ്ങളിൽ പ്രത്യേക ഉത്സവകാല ചന്തകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ എല്ലാ അദ്ധ്യായനവർഷാരംഭങ്ങളിലും വിദ്യാർത്ഥികൾക്ക് ആവശ്യമായ നോട്ട്ബുക്ക്, പെൻസിൽ, പേന, ഇൻസ്ട്രുമെന്റ് ബോക്സ്, ബാഗുകൾ, കുടകൾ, തുടങ്ങിയ എല്ലാ പഠനോപകരണങ്ങളും ശരാശരി 20% വരെ വിലക്കുറവിൽ ലഭ്യമാക്കിവരുന്നു. സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ആവശ്യത്തിന് എല്ലാ വിൽപ്പന ശാലകളിലും ഉറപ്പുവരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും വിജിലൻസ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ തലങ്ങളിൽ പരിശോധനകളും നടത്തിവരുന്നുണ്ട്. ഇങ്ങനെ പൊതുവിപണിയിൽ സപ്ലൈകോ സജീവമായി ഇടപെട്ട് പൊതുവിപണിയിലെ അവശ്യസാധനങ്ങളുടെ വിക്കയറ്റം ഫലപ്രദമായ രീതിയിൽ നിയന്ത്രിക്കാനുള്ള നടപടികളെടുത്തുവരുന്നു.

(ബി&സി) സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത 32 പഞ്ചായത്തുകൾക്ക് മുൻഗണന നൽകി നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി പുതിയ സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. കൂടാതെ പൊതുവിപണന ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രതിമാസം 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ ഉപഭോക്താവിന് കൂടുതൽ സൗകര്യപ്രദമായി സാധനങ്ങൾ വാങ്ങുന്നതിന് സൗകര്യമുള്ള സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിനുള്ള നടപടികളും നടന്നുവരുന്നു. 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്. ആയത് അനുസരിച്ചുള്ള എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതോടുകൂടി പൊതുവിതരണ ശൃംഖല അഴിമതി രഹിതവും കൂടുതൽ സുതാര്യവുമായി തീരുന്നതാണ്.

**ദേശീയ ഭക്ഷ്യസുരക്ഷാനിയമം സംബന്ധിച്ച ആശങ്കകൾ**

316(2934) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് ലഭിക്കുന്ന അരിവിഹിതത്തിൽ കുറവ് വരാൻ സാധ്യതയുണ്ടോ;

(ബി) മുൻഗണന ലിസ്റ്റിൽ നിന്നും പുറത്ത് പോകുന്ന കാർഡുടമകളുടെ എണ്ണം നിരവധിയാണെന്നുള്ള ആശങ്ക സമൂഹത്തിൽ ഉയർന്ന് വന്നിരിക്കുന്ന സാഹചര്യത്തിൽ, ഭക്ഷ്യസുരക്ഷാ നിയമം ഫലപ്രദമായി നടപ്പാക്കാൻ പ്രതിജ്ഞാബദ്ധമായ സർക്കാർ ഇത്തരത്തിലുള്ള എന്തെല്ലാം പ്രശ്നങ്ങളാണ് കണ്ടെത്തിട്ടുള്ളത് എന്ന് വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിലെ ഷെഡ്യൂൾ 4 പ്രകാരം 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് പ്രതിവർഷം സംസ്ഥാനത്തിന് അലോട്ട്മെന്റായി ലഭ്യമാകുന്നത്. കേന്ദ്ര സർക്കാരിന്റെ 20-3-2015-ലെ പി.ഡി.എസ്. കൺട്രോൾ ഓർഡർ പ്രകാരം 1,54,80,040 പേരാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നത്. ഇവർക്ക് മാത്രമായി 10.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ പ്രതിവർഷം വേണ്ടിവരും. അവശേഷിക്കുന്നവർക്ക് ലക്ഷം മെട്രിക് ടൺ മാത്രമാണ് ലഭിക്കുന്നത്. ഇതിന് പരിഹാരമായി കൂടുതൽ ഭക്ഷ്യധാന്യം ലഭ്യമാക്കുന്നതിനുള്ള നടപടി ആലോചിച്ചുവരുന്നു.

**വിപണി ഇടപെടലിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നടപടികൾ**

317(2935) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സപ്ലൈകോയ്ക്ക് വിപണിയിൽ ഇടപെടുന്നതിനായി ഈ ഓണം-ബക്രീദ് കാലത്ത് എത്ര തുക അനുവദിച്ചുവെന്നും ഇതിന്റെ വിറ്റുവരവ് എത്രയെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

ഈ ഓണം-ബക്രീദ് കാലത്ത് വിപണിയിൽ ഇടപെടുന്നതിനായി സപ്ലൈകോയ്ക്ക് 81.42 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇക്കൊല്ലം ഓണത്തിനുമുൻപുള്ള 13 ദിവസങ്ങളിലായി സപ്ലൈകോയ്ക്ക് ആകെ 176.86 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്.

**റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം**

318(2936) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ക്രിയാത്മകവും കാര്യക്ഷമവുമായ നടപടി സ്വീകരിച്ചുപോരുന്നു. ടി ഭക്ഷ്യധാന്യങ്ങളുടെ സംഭരണവും വിതരണവും മുഖ്യമായും വഹിക്കുന്നത് എഫ്.സി.ഐ. ഗോഡൗണുകളിലാണ്. ആയത് വിട്ടെടുക്കുന്നതിനുമുമ്പായി ജില്ലാ സപ്ലൈ ഓഫീസർമാർ ബന്ധപ്പെട്ട എഫ്.സി.ഐ. ഗോഡൗണുകളിൽ ഗുണനിലവാരമുള്ള അരി/ഗോതമ്പ് എന്നിവയുടെ ലോട്ട് മുൻകൂറായി മാർക്ക് ചെയ്യുകയും ആയതിൽ നിന്ന് റേഷൻ മൊത്ത വ്യാപാരികൾ വിട്ടെടുക്കുകയും ചെയ്യുന്നു. എഫ്.സി.ഐ- യിൽ നിന്നും വിട്ടെടുക്കുന്നതിന്റെ സാമ്പിളുകളുടെ എല്ലാ വിവരങ്ങളും പ്രത്യേകം രേഖപ്പെടുത്തി സീൽ ചെയ്ത് സൂക്ഷിക്കുന്നു. കൂടാതെ റേഷൻ മൊത്ത വ്യാപാരികളിൽ നിന്നും റേഷൻ ഡിപ്പോകൾക്ക് ലഭ്യമാകുന്ന ഭക്ഷ്യ വിഹിതത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വിതരണ സമയത്തും റേഷനിംഗ് ഇൻസ്പെക്ടർ പ്രത്യേകം പരിശോധന നടത്തി സാമ്പിൾ പായ്ക്കറ്റുകൾ നൽകുന്നു. മാത്രമല്ല ഗുണനിലവാരം സംബന്ധിച്ചുള്ള പരാതി ലഭ്യമായാൽ നേരിട്ട് പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നു.

(ബി) വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥരാണ് ഇതിന് മേൽനോട്ടം വഹിക്കുന്നത്.

**ഭക്ഷ്യഭദ്രതാ നിയമം**

319(2937) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. സി.കെ. ഹരീന്ദ്രൻ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമം കേരളത്തിൽ നടപ്പിലാക്കാൻ വൈകിയതിന്റെ കാരണങ്ങൾ അറിയിക്കാമോ; ഇതു പൊതുവിതരണ സംവിധാനത്തെ ഏതു രീതിയിൽ ബാധിക്കുമെന്ന് അറിയിക്കുമോ;

(ബി) റേഷൻ സംവിധാനം കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനാവശ്യമായ എന്തെങ്കിലും തീരുമാനങ്ങൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി മൊത്ത വിൽപ്പന സംവിധാനത്തിലും, ചില്ലറ വിൽപ്പന സംവിധാനത്തിലും വരുത്താൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) 5-7-2013 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 10-7-2013-ലെ 29-ാം നമ്പർ ഗവൺമെന്റ് ഓഫ് ഇന്ത്യ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യപ്പെട്ട ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 2-12-2013-ലെ സ.ഉ.(കൈ) നമ്പർ 53/2013/ഭ.സി.സ.വ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. താലൂക്ക് തല റാങ്കിംഗിലെ അപാകതകൾ പരിഹരിച്ച് എൻ.ഐ.സി. വികസിപ്പിച്ച റാങ്കിംഗ് സോഫ്റ്റ്‌വെയറിലൂടെ സംസ്ഥാനതല റാങ്കിംഗ് നടത്തി കരട് ലിസ്റ്റ് 5-10-2016 മുതൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ അനുവദിക്കുന്ന നോർമൽ വിഹിതവും അധിക വിഹിതവും (അഡ്ഹോക്) ഉൾപ്പെടെയുള്ള മുഴുവൻ ഭക്ഷ്യധാന്യങ്ങളും പൂർണ്ണമായും വിട്ടെടുത്ത് ഉപയോഗിക്കുന്ന സംസ്ഥാനം എന്ന നിലയിൽ ദേശീയാ ഭക്ഷ്യ ഭദ്രതാനിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന്റെ മൊത്തം ഉപഭോഗത്തിന്റെ ശരാശരിക്ക് അനുസൃതമായി ടൈഡ് ഓവർ അലോട്ട്മെന്റ് കണക്കാക്കാതിരിക്കുന്നത് പൊതു വിതരണ രംഗത്ത് സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളെ പ്രതികൂലമായി ബാധിക്കാനിടയുണ്ടെന്നും ആയതിനാൽ അഡ്ഹോക് ഉൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങൾക്ക് അനുസൃതമായി ഭക്ഷ്യ ദഭ്രതാ നിയമം നടപ്പിലാക്കിയതിനുശേഷവും സംസ്ഥാനത്തിന് ലഭിക്കുന്നതിന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. റേഷൻ കടകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ ബാർ കോഡ് പോലെയുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും റേഷൻ കടകളിൽ ഡോർ ഡെലിവറി മുഖേന നേരിട്ട് റേഷൻ സാധനങ്ങൾ എത്തിക്കുന്നതിനും ഓരോ ട്രാൻസാക്ഷനും തത്സമയം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും കാണാനാകുന്ന വിധത്തിൽ ഒരു ട്രാൻസ്പരൻസി പോർട്ടൽ വികസിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സുതാര്യമായ ഒരു പരാതി പരിഹാര സംവിധാനവും കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി വികസിപ്പിക്കുന്നതാണ്.

(സി) നിലവിലുള്ള സ്വകാര്യ മൊത്ത വിതരണക്കാരെ വിതരണ രംഗത്തു നിന്നും ഒഴിവാക്കി സർക്കാർ തലത്തിൽ സംഭരണശാലകൾ ആരംഭിക്കുന്നതിനും കമ്പ്യൂട്ടർവൽക്കരിക്കുന്നതിലൂടെ കാർഡുടമകൾക്ക് സുതാര്യമായ രീതിയിൽ ഭക്ഷ്യ ധാന്യം വിതരണം ചെയ്യുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

**സൗജന്യ റേഷൻ പദ്ധതി**

320(2938) ശ്രീ. റോജി എം. ജോൺ :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ സൗജന്യ റേഷൻ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പദ്ധതി വിപുലീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ പദ്ധതിയിൽ ആരെയൊക്കെയാണ് ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) ഇതിനായി എത്ര കോടി രൂപ ബജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 7-4-2016 മുതൽ സംസ്ഥാനത്ത് സൗജന്യ റേഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ബി.പി.എൽ. എ.എ.വൈ. കാർഡുടമകളാണ് നിലവിൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ഈ വിഭാഗങ്ങൾക്കുള്ള പ്രതിമാസ അരി വിഹിതം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി&ഡി) ഉണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട കാർഡുടമകളെ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തീരുമാനിച്ചിട്ടുണ്ട്.

(ഇ) ഇതിനായി 300 രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

**ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി**

321(2939) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പാക്കാത്തതുമൂലം ഉളവായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് നിലവിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ കമ്മീഷനും ജില്ലാ

പരാതി പരിഹാര ഓഫീസുകളും രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഭക്ഷ്യധാന്യങ്ങൾ സബ്സിഡി നിരക്കിൽ ലഭിക്കുന്നതിന് ഗുണഭോക്താക്കളുടെ മുൻഗണനാപ്പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ പുരോഗതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 13-10-2016-ലെ സ.ഉ.(കൈ) നമ്പർ 16/2016/എഫ്&സി.എസ്.ഡി. നമ്പർ ഉത്തരവിലൂടെ മുൻഗണനാ ലിസ്റ്റ് പ്രസിദ്ധീകരണം മുതൽ റേഷൻ കാർഡ് വിതരണം വരെയുള്ള പ്രവൃത്തികൾ നടത്തുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. ഈ സമയക്രമം കൃത്യമായി പാലിച്ച് 31-3-2017-നകം എൻ.എഫ്.എസ്.എ. പൂർണ്ണമായ തോതിൽ സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 13-10-2016-ലെ സ.ഉ.(കൈ) നമ്പർ 16/2016/എഫ്&സി.എസ്.ഡി. നമ്പർ ഉത്തരവ് പ്രകാരം ജില്ലാതല പരാതിപരിഹാര ഓഫീസറുടെ ചാർജ്ജ് അഡീഷണൽ ഡിസ്ട്രിക് മജിസ്ട്രേട്ട്/ഡെപ്യൂട്ടി കളക്ടർ (ജനറൽ) നൽകി ഉത്തരവായിട്ടുണ്ട്. സ്റ്റേറ്റ് ഫുഡ് കമ്മീഷൻ രൂപീകരിക്കുന്നത് വരെ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനായിരിക്കും പരാതികൾ പരിഹരിക്കുന്നതിനുള്ള ചുമതല.

(സി) ഉണ്ട്. മുൻഗണന/മുൻഗണനേതര പട്ടിക തയ്യാറാക്കിയത് 5-10-2016 മുതൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**കൊല്ലം താലൂക്ക് സപ്ലൈ ഓഫീസ് വിഭജനം**

322(2940) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മറ്റ് താലൂക്ക് സപ്ലൈ ഓഫീസുകളെ അപേക്ഷിച്ച് കൊല്ലം താലൂക്ക് സപ്ലൈ ഓഫീസിൽ റേഷൻ കടകളും റേഷൻ കാർഡുകളും ഇരട്ടിയിലധികമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലമുള്ള പ്രയാസങ്ങൾ ഒഴിവാക്കി കാര്യക്ഷമമായ ആഫീസ് സൗകര്യമൊരുക്കി ജനങ്ങൾക്ക് സമയബന്ധിതമായ സേവനം ഉറപ്പാക്കാൻ വേണ്ടി കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് വിഭജിക്കുന്നതിനെക്കുറിച്ച് വകുപ്പ് ആലോചിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാനിയമം നടപ്പിലാക്കി കമ്പ്യൂട്ടർ ശൃംഖല വഴി എല്ലാ ഓഫീസുകളേയും ബന്ധിപ്പിക്കുവാൻ പോകുകയാണ്. ഈ നടപടി കഴിയുമ്പോഴത്തെ സ്ഥിതിവിശേഷം കണക്കിലെടുത്തുകൊണ്ട് മാത്രമെ ഈ വിഷയത്തിൽ അനന്തര നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുള്ളൂ.

**റേഷൻ സമ്പ്രദായം**

323(2941) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സമ്പ്രദായം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ;

(ബി) റേഷൻ വ്യാപാരികൾക്ക് നൽകുന്ന നാമമാത്രമായ കമ്മീഷൻ ആണ് റേഷൻ വ്യാപാര രംഗത്തെ അഴിമതിക്ക് കാരണമെന്ന് പ്രസ്തുത പഠന റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടോ;

(സി) റേഷൻ വ്യാപരികൾക്ക് കമ്മീഷൻ കൂട്ടി നൽകിയും, പ്രതിമാസം ഒരു നിശ്ചിത വേതനം നൽകിയും ഈ രംഗത്തെ അഴിമതി ഇല്ലാതാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) റേഷൻ സമ്പ്രദായത്തെക്കുറിച്ച് പഠിക്കുന്നതിനായി സർക്കാർ ശ്രീമതി നിവേദിതാ പി. ഹരൻ ചെയർമാനായി 18-12-2012-ലെ സ.ഉ. (കൈ) നമ്പർ 39/12/ഭ.സി.സ.വ. നമ്പർ ഉത്തരവ് പ്രകാരം കമ്മീഷൻ രൂപീകരിക്കുകയും ടി കമ്മീഷൻ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുകയും ഈ റിപ്പോർട്ട് 18-4-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 16/15/ഭ.പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഒരു റേഷൻ വ്യാപാരിക്ക് മാസം 6000 രൂപ മാത്രമാണ് കമ്മീഷൻ തുകയായി ലഭിക്കുന്നതെന്നും ആയതിനാൽ കൂടുതൽ വരുമാനം ലഭിക്കുന്നതിനായി റേഷൻ വ്യാപാരികൾ റേഷൻ സാധനങ്ങൾ തിരിമറി നടത്തുന്നതായും കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നു.

(സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതോടുകൂടി റേഷൻ വിതരണ സംവിധാനം കമ്പ്യൂട്ടർ ശൃംഖലവഴി നിയന്ത്രിക്കാനും അഴിമതി പൂർണ്ണമായിത്തന്നെ ഒഴിവാക്കാനും കഴിയും.

**റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത**

324(2942) ശ്രീ. എസ്. ശർമ്മ :
ശ്രീ. പി. കെ. ശശി :
ശ്രീ. കെ. ആൻസലൻ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് റേഷൻ സാധനങ്ങളുടെ പൂഴ്ത്തിവെയ്പും കരിഞ്ചന്തയും വ്യാപകമായി നടത്തിയിരുന്നത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) റേഷൻ സാധനങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവെയ്പും മായം ചേർക്കലും തടയുന്നതിനായി എന്തെല്ലാം മുൻകരുതലും ഇടപെടലുമാണ് നടത്താനുദ്ദേശിക്കുന്നത്;

(സി) ഉപഭോക്താകൾക്ക് നിശ്ചിത അളവിലും വിലയിലും ഗുണമേന്മയിലും കൃത്യമായും റേഷൻ വിതരണം ഉറപ്പുവരുത്തുവാൻ കൈക്കൊണ്ടിട്ടുള്ള നടപടി അറിയിക്കാമോ?

ഉത്തരം

(എ&ബി) റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ് തിരിമറി എന്നിവ തടയുന്നതിന് ശക്തമായ പരിശോധനാസംവിധാനം വകുപ്പുതലത്തിൽ നടത്തി വരികയും കുറ്റക്കാർക്കെതിരെ പിഴ ഉൾപ്പെടെയുള്ള ശക്തമായ നടപടി സ്വീകരിക്കുന്നുമുണ്ട്. 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാനിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടി ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്. ആയത് അനുസരിച്ചുള്ള 'എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ' നടപ്പിലാക്കുന്നതോടുകൂടി പൊതുവിതരണ ശൃംഖല അഴിമതിരഹിതവും കൂടുതൽ സുതാര്യവുമായി തീരുന്നതാണ്.

(സി) പൊതു വിതരണ കേന്ദ്രങ്ങളിൽ വിലവിവരപ്പട്ടിക വിതരണ തോത്, സ്റ്റോക്കിന്റെ നില എന്നിവ ഉപഭോക്താക്കൾ കാണുന്ന വിധം പ്രദർശിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് ലംഘിക്കുന്നവർക്കെതിരെ 1966-ലെ കെ.ആർ.ഒ. പ്രകാരവും 1968-ലെ കെ.കെ.സി. ഉത്തരവ് പ്രകാരവും ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. എഫ്.സി.ഐ.-യിൽ നിന്നും വിട്ടെടുക്കുന്ന അരി/ഗോതമ്പ് എന്നിവയുടെ ലോട്ട് മുൻകൂറായി മാർക്ക് ചെയ്യുകയും ആയതിൽ നിന്ന് എ.ഡബ്യൂ.ഡി.-കൾ വിട്ടെടുക്കുകയും ചെയ്യുന്നു. ഇതുസംബന്ധിച്ച എല്ലാ വിവരങ്ങളും പ്രത്യേകം രേഖപ്പെടുത്തി സീൽ ചെയ്ത് സൂക്ഷിക്കുന്നു. സാമ്പിൾ പാക്കറ്റ് പ്രദർശിപ്പിക്കാറുമുണ്ട്.

## റേഷൻ കാർഡുകൾ സ്മാർട്ട് കാർഡുകളാക്കുന്ന പദ്ധതി

325(2943) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡുകൾ സ്മാർട്ട് കാർഡുകളാക്കുന്ന പദ്ധതി എപ്പോൾ നടപ്പിലാക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(ബി) റേഷൻ കടകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) എല്ലാ കടകളിലും ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ സ്ഥാപിക്കുന്നതിനും ഇതിലൂടെ റേഷൻ വിതരണം പൂർണ്ണമായും ആധാർ അധിഷ്ഠിത ബയോമെട്രിക് സംവിധാനത്തിലൂടെ ഗുണഭോക്താക്കളെ തിരിച്ചറിഞ്ഞ് നടത്തുന്നതിനുമുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

## റേഷൻ കാർഡുകളുടെ വിതരണം

326(2944) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡുകൾ ഡിസംബർ മാസത്തിൽ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) എ.പി.എൽ., ബി.പി.എൽ. തരംതിരിവിൽ കേന്ദ്രമാനദണ്ഡത്തിന് എന്തെങ്കിലും മാറ്റം വന്നിട്ടുണ്ടോ എന്നറിയിക്കാമോ ?

ഉത്തരം

(എ) മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി സംസ്ഥാനതല റാങ്കിംഗ് നടത്തി ഓൺലൈനായി കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്റെ പകർപ്പുകൾ താലൂക്ക് സപ്ലൈ ആഫീസ്, പഞ്ചായത്ത് ആഫീസ്, വില്ലേജ് ആഫീസ്, റേഷൻ കടകൾ എന്നിവിടങ്ങളിലുംകൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണ്. കരട് പട്ടികയിന്മേലുള്ള പരാതി തദ്ദേശ സ്വയംഭരണതല

വെരിഫിക്കേഷൻ കമ്മിറ്റികൾ പരിശോധിച്ച് തീർപ്പാക്കി അതിന്മേൽ വീണ്ടും പരാതിയുണ്ടെങ്കിൽ ജില്ലാകളക്ടർ ചെയർമാനായ അപ്പീൽ കമ്മിറ്റികളും കൂടി പരിശോധിച്ച് തീർപ്പാക്കി അന്തിമ പട്ടിക തയ്യാറാക്കി റേഷൻ കാർഡുകൾ എത്രയും വേഗം അച്ചടിച്ച് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) മാറ്റം വരുത്തിയിട്ടില്ല. 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, വകുപ്പ് 10 പ്രകാരം മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിന് സംസ്ഥാനതല റാങ്കിംഗ് നടത്തി കരട് പട്ടിക സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റിലൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**റേഷൻ കടയുടമകൾക്ക് ധനസഹായം**

327(2945) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകൾ നവീകരിക്കുന്നതിനും മറ്റു പലചരക്കുകൾ കൂടി വിൽക്കുന്ന കടകളായി അവയെ രൂപാന്തരപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ റേഷൻ കടയുടമകൾക്ക് ഇതിനുവേണ്ടി ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വിവരിക്കുമോ ?

ഉത്തരം

(എ&ബി) 2016-17 ബഡ്ജറ്റിൽ റേഷൻ കടകളെ നവീകരിക്കാനും അവ പലചരക്ക് സാധനങ്ങൾകൂടി ന്യായവിലയ്ക്ക് വിൽക്കാനുള്ള കടകളായി രൂപമാറ്റം നടത്തുന്നതിനും പലിശരഹിത വായ്പ കെ.എസ്.എഫ്.ഇ. വഴി നൽകുന്നത് പരിഗണിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

**മൊബൈൽ മാവേലി യൂണിറ്റുകൾ**

328(2946) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗോത്ര ആദിവാസികൾ കൂടുതലായി വസിക്കുന്ന നിലമ്പൂർ മണ്ഡലത്തിൽ, മൊബൈൽ മാവേലി യൂണിറ്റുകളും ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പിനു കീഴിലുള്ള മറ്റ് സൂപ്പർ മാർക്കറ്റുകളും അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

നിലവിൽ നിലമ്പൂർ മണ്ഡലത്തിലെ മൂത്തേടം, കരുളായി പഞ്ചായത്തുകളിലെ തീക്കടി കോളനി, കലക്കുളം കോളനി, മുണ്ടക്കടവ് കോളനി, നെടുങ്കയം കോളനി എന്നീ ഗോത്രവർഗ്ഗ മേഖലയിൽ സപ്ലൈകോ മൊബൈൽ മാവേലി സ്റ്റോറിന്റെ സേവനം ലഭ്യമാക്കിവരുന്നുണ്ട്. കൂടാതെ നിലമ്പൂർ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും സപ്ലൈകോയുടെ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഈ മേഖലയിൽ പുതിയ മൊബൈൽ മാവേലി സ്റ്റോറുകൾ/സൂപ്പർ മാർക്കറ്റുകൾ അനുവദിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണമേന്മ**

329(2948) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണമേന്മ ഉറപ്പാക്കാൻ സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

സപ്ലൈകോയുടെ ഔട്ട് ലെറ്റുകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ശക്തമായ ഒരു പരിശോധന വിഭാഗം നിലവിലുണ്ട്. സപ്ലൈകോയുടെ ക്വാളിറ്റി മാനുവലിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ ഓരോ ഡിപ്പോകളിലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ലഭിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ വിവിധ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ യഥാസമയങ്ങളിൽ CFRD കോന്നിയിലുള്ള മൈക്രോ ബയോളജിക്കൽ ലാബിലും, റീജിയണൽ അനലിറ്റിക്കൽ ലാബിലും പരിശോധന നടത്തുന്നുണ്ട്. പാക്കറ്റ് ഭക്ഷ്യവസ്തുക്കൾക്ക് HACCP, ISO 22000, അഗ്മാർക്ക് എന്നീ ഗുണമേന്മ നിർബന്ധമാക്കിയിട്ടുണ്ട്. സപ്ലൈകോയുടെ വിജിലൻസ് വിഭാഗം സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്നുണ്ട്. കാലാകാലങ്ങളിൽ ഗുണമേൻമയിലുണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പരിശോധന കൂടുതൽ ശക്തിപ്പെടുത്തി വരുന്നു.

## സിവിൽ സപ്ലൈസിന്റെ വിൽപ്പനശാലകളിൽ വില സ്ഥിരത

330(2950) ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസിന്റെ വില്പനശാലകളിൽ സാധനങ്ങൾക്ക് വില വർദ്ധന വരുത്താതെ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം തരം സാധനങ്ങളാണ് വില വർദ്ധന ഇല്ലാതെ നൽകാനുദ്ദേശിക്കുന്നത്; വിവരിക്കുമോ;

(സി) വില വർദ്ധന വരുത്താതെ സാധനങ്ങൾ എങ്ങനെയാണ് ലഭ്യമാക്കുന്നതെന്ന് വിശദീകരിക്കുമോ;

(ഡി) ഇതിനായി സിവിൽ സപ്ലൈസിന് എന്തെല്ലാം സഹായങ്ങൾ നൽകാനാണുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പനശാലകൾ വഴി സബ്സിഡിയോടെ വിതരണം ചെയ്യുന്ന 13 ഇനം സാധനങ്ങളുടെ വില ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല.

(ബി) വിലവർദ്ധന വരുത്താതെ നൽകിവരുന്ന അവശ്യസാധനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) സംസ്ഥാന സർക്കാർ സപ്ലൈകോയ്ക്ക് അനുവദിക്കുന്ന ധനസഹായം സബ്സിഡി വിൽപ്പനയിൽക്കൂടി സംഭവിക്കുന്ന നഷ്ടം നികത്താൻ സഹായകരമാണ്. ഈ സർക്കാർ അധികാരമേറ്റശേഷം 2016-17 സാമ്പത്തിക വർഷത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് വിപണിയിടപെടലിനായി അനുവദിച്ച തുകയായ 70 കോടി രൂപ 150 കോടി രൂപയായി വർദ്ധിപ്പിച്ചു ഇത് സിവിൽ സപ്ലൈസ് കോർപ്പറേഷന് അനുവദിച്ച ഏറ്റവും കൂടുതൽ ബജറ്റ് വിഹിതമാണ്. 2016 സെപ്റ്റംബർ മാസം വരെ 131.52 കോടി രൂപ സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സപ്ലൈകോ ജീവനക്കാരുടെ ശമ്പള പരിഷ്കരണവും പെൻഷനും

331(2951) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷം സപ്ലൈകോയ്ക്ക് എത്ര കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും എത്ര രൂപ ലോൺ എടുത്തിട്ടുണ്ടെന്നും എവിടെ നിന്നൊക്കെയാണ് ലോൺ എടുത്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) സപ്ലൈകോ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സപ്ലൈകോ ജീവനക്കാർക്ക് പെൻഷൻ നൽകാൻ പുതുതായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷം സപ്ലൈകോ എടുത്തിട്ടുള്ള വായ്പ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. സപ്ലൈകോയ്ക്ക് ഫെഡറൽ ബാങ്ക് ഗിരിനഗർ ശാഖയിലും കാനറാ ബാങ്ക് പനമ്പിള്ളി നഗർ ശാഖയിലും 350 കോടി രൂപ വീതമുള്ള കാഷ് ക്രെഡിറ്റ് സൗകര്യം ഉണ്ട്. ടി അക്കൗണ്ടുകളിൽ, 31-3-2016-ലെ വായ്പത്തുക താഴെ ചേർക്കുന്നു.

   ഫെഡറൽ ബാങ്ക് -292,90,38,629.70 രൂപ

   കാനറാ ബാങ്ക് -124,23,72,645.87 രൂപ

2. മേൽ വായ്പകൾ കൂടാതെ, പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും 2015-2016 സാമ്പത്തിക വർഷത്തിൽ 100 കോടി രൂപ വായ്പ എടുക്കുകയും 2015-16-ൽ തന്നെ സർക്കാർ സഹായത്തോടെ പലിശ സഹിതം തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സപ്ലൈകോ ജീവനക്കാരുടെ ശമ്പളപരിഷ്കരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ആയതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) സപ്ലൈകോ ജീവനക്കാർക്കായി NPS (നാഷണൽ പെൻഷൻ സിസ്റ്റം) നടപ്പിൽ വരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിൽ വരുത്തുന്നതുമൂലം സപ്ലൈകോയ്ക്ക് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല. എന്ന വിവരം 25-5-2015-ൽ അറിയിച്ചിട്ടുണ്ട്. 21-7-2016-ൽ

തിരുവനന്തപുരത്തുവച്ച് ഡിപ്പാർട്ടുമെന്റും PFRDA യും സംയുക്തമായി സംഘടിപ്പിച്ച 'NPS' awareness Programme -നെ തുടർന്ന് KSR Part III ബാധകമല്ലാത്ത സർക്കാർ സ്വയംഭരണ സ്ഥാപനങ്ങളേയും പൊതുമേഖലാ സ്ഥാപനങ്ങളേയും NPS ന്റെ കീഴിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സപ്ലൈകോ ജീവനക്കാരുടെ ശമ്പളപരിഷ്കരണം**

332(2952) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 10- ാം ശമ്പള കമ്മീഷന്റെ നിർദ്ദേശപ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2016 ഫെബ്രുവരി മുതൽ നടപ്പിലാക്കിയ പുതുക്കിയ ശമ്പളം, സപ്ലൈകോയിലെ സ്ഥിരം ജീവനക്കാർക്കും ലഭ്യമാക്കുന്നതിന് ഉത്തരവായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) സപ്ലൈകോയിൽ ഡെപ്യൂട്ടേഷനിൽ വരുന്ന ജീവനക്കാർക്ക് പുതുക്കിയ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിന് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) 2015-16 വർഷത്തിൽ നടപടിക്രമങ്ങൾ ആരംഭിക്കുകയും എന്നാൽ ഇതുവരെയും പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതുമായ സപ്ലൈകോ ഔട്ട് ലെറ്റുകളുടെ പ്രൊപ്പോസലുകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സപ്ലൈകോ ജീവനക്കാരുടെ ശമ്പളപരിഷ്കരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) പ്രത്യേക ഫണ്ട് ലഭ്യമാക്കാറില്ല.

(ഡി) 2015-16 വർഷത്തിൽ നടപടിക്രമങ്ങൾ ആരംഭിക്കുകയും എന്നാൽ ഇതുവരെയും പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതുമായ സപ്ലൈകോ ഔട്ട്ലെറ്റുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കോതമംഗലം മണ്ഡലത്തിൽ സഞ്ചരിക്കുന്ന മാവേലിസ്റ്റോർ**

333(2953) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ സഞ്ചരിക്കുന്ന മാവേലിസ്റ്റോർ പ്രവർത്തിക്കുന്നുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കോതമംഗലം മണ്ഡലത്തിലെ മലയോര പ്രദേശങ്ങളായ കുട്ടമ്പുഴ, മാമലക്കണ്ടം, വടാട്ടുപാറ പ്രദേശങ്ങളിലേക്ക് സഞ്ചരിക്കുന്ന മാവേലിസ്റ്റോറിന്റെ സേവനം ലഭ്യമാക്കുമോ;

(സി) വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ പുതുതായി അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കോതമംഗലം മണ്ഡലത്തിലെ മലയോര പ്രദേശങ്ങളായ കുട്ടമ്പുഴയിലും വടാട്ടുപാറയിലും നിലവിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. മാമലക്കണ്ടം പ്രദേശത്തേയ്ക്കുള്ള റോഡ് (നേര്യമംഗലം മുതൽ മാമലക്കണ്ടം വരെ) വാഹന ഗതാഗത യോഗ്യമല്ലാത്തതിനാലാണ് മൊബൈൽ മാവേലിസ്റ്റോറിന്റെ സേവനം ലഭ്യമാക്കാൻ സാധിക്കാത്തത്.

(സി) വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി പുതിയ മൊബൈൽ മാവേലിസ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം**

334(T*2954) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കഴിഞ്ഞ സീസണിൽ എത്ര ടൺ നെല്ലാണ് സംഭരിച്ചതെന്ന് വിശദമാക്കുമോ;

(ബി) ഈ വർഷത്തെ നെല്ല് സംഭരണത്തിനുള്ള ക്രമീകരണങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ച് കർഷകർ ഉത്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംഭരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സീസണിൽ പാലക്കാട് ജില്ലയിൽനിന്നും 131499.764 മെട്രിക് ടൺ നെല്ലാണ് സംഭരിച്ചത്.

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) 2016-17 സീസണിലെ നെല്ല് സംഭരണത്തിനായി 2016 ഓഗസ്റ്റ് 1-ാം തീയതി മുതൽ ഓൺലൈൻ കർഷക രജിസ്ട്രേഷൻ തുടങ്ങുകയും 2016 സെപ്റ്റംബർ 21-ാം തീയതി മുതൽ നെല്ല് സംഭരണം ആരംഭിക്കുകയും ചെയ്തു. നാളിതുവരെ 66440 കർഷകർ ഓൺലൈനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന 11 മില്ലുകളും എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന 31 മില്ലുകളും നെല്ല് സംഭരണത്തിനായി ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ട്.

(സി) നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കർഷകർ നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച് സാക്ഷ്യപത്രം അതത് പഞ്ചായത്തിലെ കൃഷി ഓഫീസർ ആണ് നൽകുന്നത്. ഓരോ പ്രദേശത്തിന്റെ പ്രത്യേകത, കൃഷി ചെയ്ത ഇനം എന്നിവയുടെ അടിസ്ഥാനത്തിൽ കർഷകർ ഉൽപ്പാദിപ്പിച്ച നെല്ല് മുഴുവൻ നിശ്ചിത ഗുണമേന്മാ മാനദണ്ഡങ്ങൾക്കനുസൃതമായി സപ്ലൈകോ സംഭരിക്കുന്നതാണ്.

**ചിറ്റൂർ നിയോജകമണ്ഡലത്തിലെ ബി.പി.എൽ. റേഷൻ കാർഡുകൾ**

335(2955) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിൽ നിലവിൽ ബി.പി.എൽ. റേഷൻ കാർഡുകൾ ലഭ്യമല്ലാത്ത എത്ര ദരിദ്ര കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ ദരിദ്ര കുടുംബങ്ങൾക്കും ബി.പി.എൽ. റേഷൻ കാർഡ് ലഭ്യമാക്കാൻ പ്രത്യേക അദാലത്ത് സംഘടിപ്പിക്കുമോ ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ റേഷൻ കാർഡുകൾ ആധാർബന്ധിതമാക്കുമ്പോൾ ആധാർ രേഖകളിലെ അപാകതകൾ ഈ സംവിധാനത്തെ മൊത്തം തകരാറിലാക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതേക്കുറിച്ച് വിശദമായ പഠനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) കൃത്യമായ വിവരം ലഭ്യമല്ല. എങ്കിലും പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുമ്പോൾ ഇത്തരത്തിലുള്ള എല്ലാ പാരാതികളും പരിഹരിക്കുന്നതാണ്.

(ബി) സംഘടിപ്പിക്കും. അർഹരായ എല്ലാ കുടുംബങ്ങൾക്കും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉപയോഗിച്ച് സംസ്ഥാനതല റാങ്കിംഗ് നടത്തി കരട് മുൻഗണനാ പട്ടിക ഓൺലൈനായി

പ്രസിദ്ധീകരിച്ചിട്ടുണ്ട്. അർഹരായ ആരെങ്കിലും ഉൾപ്പെടാതെ വന്നിട്ടുണ്ടെങ്കിലോ അനർഹർ ഉൾപ്പെട്ടിട്ടുണ്ടെങ്കിലോ ആക്ഷേപങ്ങളും പരാതികളും താലൂക്ക് സപ്ലൈ ആഫീസുകളിൽ സമർപ്പിക്കാവുന്നതും പരിഹാരം തേടാവുന്നതുമാണ്. ഇതിനായി തദ്ദേശഭരണ സ്ഥാപന സെക്രട്ടറി ചെയർമാനായ വെരിഫിക്കേഷൻ കമ്മിറ്റികളും അപ്പീൽ പരിശോധിച്ച് തീർപ്പാക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായ അപ്പീൽ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

**ചിറ്റൂരിലെ സപ്ലൈകോ ഗോഡൗണും മാവേലി സ്റ്റോറുകളും**

336(2956) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വന്നിരുന്ന കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഗോഡൗൺ എന്നുമുതലാണ് പ്രവർത്തനം അവസാനിപ്പിച്ചത്; അതിന് പ്രത്യേകിച്ച് എന്തെങ്കിലും കാരണമുണ്ടോ; ഇതുസംബന്ധിച്ച രേഖകൾ ലഭ്യമാക്കാമോ;

(ബി) ചിറ്റൂർ കേന്ദ്രീകരിച്ച് സപ്ലൈകോ ഗോഡൗൺ പ്രവർത്തനം പുനരാരംഭിക്കാൻ എന്തൊക്കെ നടപടിക്രമങ്ങളാണ് സ്വീകരിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ;

(സി) ചിറ്റൂർ നിയോജക മണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പുതുതായി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ചിറ്റൂർ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്ന കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഗോഡൗണിന്റെ പ്രവർത്തനം നിലവിലും തുടർന്നുവരുന്നുണ്ട്. പ്രസ്തുത ഗോഡൗണിൽനിന്നും റേഷൻ കടകൾക്കുള്ള ആട്ടയും പഞ്ചസാരയും സ്കൂളുകൾക്ക് ഉച്ചക്കഞ്ഞിക്കുള്ള അരിയും നിലവിൽ വിതരണം ചെയ്തുവരുന്നുണ്ട്.

(സി) ഉണ്ട്. ചിറ്റൂർ നിയോജക മണ്ഡലത്തിലെ പട്ടഞ്ചേരി, എരുത്തേമ്പതി എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നില്ല.

(ഡി) നിലവിലെ സർക്കാർ മാനദണ്ഡമനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിൽ പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 5 വർഷത്തേയ്ക്ക് 500 ചതുരശ്ര അടിയുള്ള വാടകരഹിത കെട്ടിടവും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും ഫർണിഷിംഗിനുമായി ഒരു ലക്ഷം രൂപയും രണ്ടാമത് ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് അതു പ്രവർത്തിക്കുന്ന കാലത്തേയ്ക്ക് വാടക രഹിത കെട്ടിടവും കൂടാതെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും ഫർണിഷിംഗിനുമായി ഒരു ലക്ഷം രൂപയും അതാത് തദ്ദേശഭരണ സ്ഥാപനം ഒടുക്കേണ്ടതും പ്രതിമാസ പ്രതീക്ഷിത വിറ്റുവരവ് കുറഞ്ഞത് 4 ലക്ഷം രൂപയും ആയിരിക്കണം.

**കേരളത്തിന് അർഹമായ ഭക്ഷ്യധാന്യം**

337(2957) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ലെ സെൻസസ് പ്രകാരം കേരളത്തിന് അർഹമായ ഭക്ഷ്യധാന്യം കേന്ദ്രത്തിൽ നിന്നും നേടിയെടുക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) 2011-ലെ സെൻസസ് പ്രകാരം സംസ്ഥാനത്തിന് എത്ര ലക്ഷം ടൺ ഭക്ഷ്യധാന്യമാണ് വേണ്ടി വരികയെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിന് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് എത്രയെന്നും ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം എത്രയെന്നും വെളിപ്പെടുത്താമോ;

(ഡി) സംസ്ഥാനത്ത് റേഷൻ കടകളുടെ എണ്ണം വർദ്ധിപ്പിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ഇ) റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന അവശ്യ വസ്തുക്കളുടെ എണ്ണം വർദ്ധിപ്പിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സാധനങ്ങളാണ് അധികമായി വിതരണം ചെയ്യുകയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരളത്തിന് അധിക വിഹിതം ഉൾപ്പെടെയുള്ള അർഹമായ ഭക്ഷ്യധാന്യം ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് പ്രതിവർഷം ഏകദേശം 20.347 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം വേണ്ടിവരും.

(സി) സംസ്ഥാനത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ അധിക വിഹിതം ഉൾപ്പെടെ 15.91 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് ലഭ്യമായത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അനുവദിച്ച നോർമൽ വിഹിതം അതേ അളവിൽ ഈ സാമ്പത്തിക വർഷത്തിലും കേന്ദ്രത്തിൽനിന്നും അനുവദിച്ചിട്ടുണ്ട്. എന്നാൽ അധിക വിഹിതം 2016 ഏപ്രിൽ മുതൽ 2016 ജൂൺ വരെയുള്ള മൂന്ന് മാസങ്ങളിലേക്ക് മാത്രമാണ് ഇതുവരെ അനുവദിച്ചത്. എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങൾക്കുള്ള അധിക ഭക്ഷ്യധാന്യം 2016 ജൂണിന് ശേഷം അനുവദിച്ച നൽകിയിട്ടില്ല. ആയതിനാൽ ഏകദേശം മൂന്നുലക്ഷം മെട്രിക് ടൺ ഭക്ഷ്യ ധാന്യങ്ങളുടെ കുറവാണ് അലോട്ട്മെന്റിൽ ഉണ്ടായിരിക്കുന്നത്.

(ഡി&ഇ) നിലവിൽ പരിഗണനയിലില്ല.

## നെല്ലിന്റെ താങ്ങുവില

338(2958) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിൻെറ താങ്ങുവില വർദ്ധനവ് പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വില വർദ്ധനവ് എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വർദ്ധനവ് എന്നു മുതൽ കർഷകർക്ക് നൽകി തുടങ്ങുമെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന സർക്കാർ നെൽ കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന് കിലോയ്ക്ക് എത്ര രൂപയാണ് നിലവിൽ നൽകിവരുന്നത്;

(ഇ) കൃഷി ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്ന കാര്യത്തിൽ അടിയന്തര തീരുമാനം കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ-ഇ) നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. നെൽ കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന് കിലോയ്ക്ക് 21.50 രൂപയാണ് നിലവിൽ നൽകിവരുന്നത്.

## സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ നിയമനം

339(2959) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ നിയമനം നടത്തുമ്പോൾ വകുപ്പ് ജീവനക്കാരിൽ നിന്നും ഓപ്ഷൻ ചോദിച്ചതിനുശേഷം മാത്രമാണ് നിയമനം നടത്തുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ നിയമനം നടത്തുമ്പോൾ സിവിൽ സപ്ലൈസ് വകുപ്പ് ജീവനക്കാരിൽ നിന്നും ഓപ്ഷൻ സ്വീകരിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഡെപ്യൂട്ടേഷൻ ജീവനക്കാരെ നിയമിക്കുമ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷന് ഉണ്ടാകുന്ന ലാഭനഷ്ടങ്ങൾ വ്യക്തമാക്കുമോ;

(സി) സപ്ലൈകോ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കാനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നത്തേക്ക് ശമ്പള പരിഷ്കരണം നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) സപ്ലൈകോയിൽ കോമൺ സർവ്വീസ് റൂൾ നടപ്പിലാക്കണമെന്ന ഐ.ആർ.സി.തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) സപ്ലൈകോയിൽ അന്യത്ര സേവനത്തിൽ നിയമനം നടത്തുമ്പോൾ സിവിൽ സപ്ലൈസ് വകുപ്പിലെ ജീവനക്കാരിൽനിന്നും ഓപ്ഷൻ സ്വീകരിക്കാറില്ല. നിലവിലുള്ള അന്യത്ര സേവനനിയമ മാനദണ്ഡമനുസരിച്ചാണ് ടി നിയമനം നടത്തുന്നത്. സിവിൽ സപ്ലൈസ് വകുപ്പിലെ ജീവനക്കാരെ ഉപയോഗപ്പെടുത്തിയാണ് സപ്ലൈകോ പ്രവർത്തിക്കുന്നത്.

(ബി) ഡെപ്യൂട്ടേഷൻ ജീവനക്കാരെ നിയമിക്കുമ്പോൾ സപ്ലൈകോയ്ക്ക് ഉണ്ടാകുന്ന ലാഭനഷ്ടങ്ങൾ കണക്കാക്കിയിട്ടില്ല.

(സി) ഇല്ല. സപ്ലൈകോ ജീവനക്കാരുടെ ശമ്പളപരിഷ്കരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ആയതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ഡി) സപ്ലൈകോ ജീവനക്കാർക്കുവേണ്ടിയുള്ള കോമൺ സർവ്വീസ് റൂൾ 30-12-2015-ൽ സപ്ലൈകോ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിന് 31-3-2016 വരെ സമയം നൽകുകയും ടി കാലയളവിൽ ആയത് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മേൽ പരാതികളും നിർദ്ദേശങ്ങളും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മാനേജർ (ഫിനാൻസ്) കൺവീനറായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഭക്ഷ്യനിയമം നടപ്പാക്കാത്തതുമൂലമുള്ള വിലവർദ്ധനവ്**

340(2960) <u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യനിയമം നടപ്പാക്കാത്തതുമൂലം കേന്ദ്രം അനുവദിക്കുന്ന റേഷൻ അരിയുടെയും ഗോതമ്പിന്റെയും വിലവർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം വിഭാഗക്കാർക്കാണ് ഈ വർദ്ധനവ് ബാധകമായിട്ടുള്ളത്; വിവരിക്കുമോ;

(സി) ഈ വിലവർദ്ധനവിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇതു സംബന്ധിച്ച് നിയമസഭാ പാസ്സാക്കിയ പ്രമേയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; കേന്ദ്ര ഗവൺമെന്റിന്റെ പ്രതികരണം എന്തായിരുന്നു; വിശദമാക്കുമോ?

ഉത്തരം

(എ&ബി) എഫ്.സി.ഐ.-യിൽ നിന്നും സംസ്ഥാനത്തിന് അനുവദിച്ചുവരുന്ന എ.പി.എൽ. വിഭാഗത്തിനുള്ള ഭക്ഷ്യധാന്യങ്ങൾക്ക് 2016 നവംബർ മുതൽ കേന്ദ്ര സർക്കാർ വില വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ഭക്ഷ്യ ഭദ്രതാനിയമം നിശ്ചിത സമയത്തിനുള്ളിൽ സംസ്ഥാനത്ത് നടപ്പിലാക്കാത്തതാണ് കാരണം, ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗത്തെ കണ്ടെത്തുക, ഓൺലൈൻ അലോട്ട്മെന്റ് നൽകുക, വാതിൽപ്പടി വിതരണം നടത്തുക, സംസ്ഥാന-ജില്ലാതല പരാതി പരിഹാര ഓഫീസർമാരെ നിയമിക്കുക, സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടത്തുക എന്നീ നടപടികൾ സമയബന്ധിതമായി നടപ്പിലാക്കിവരുന്നു.

(ഡി) ഉണ്ട്. സംസ്ഥാനത്തിന്റെ പൊതു വികാരം പരിഗണിക്കാമെന്നായിരുന്നു പ്രതികരണം, എന്നാൽ തന്നെയും നവംബർ 1 മുതൽ National Food Security Act നടപ്പിലാക്കുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന് കർശന നിലപാടാണുള്ളത്.

**ഭക്ഷ്യോപദേശക വിജിലൻസ് സമിതികളുടെ രൂപീകരണം**

341(2961) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. വി. ജോയി :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങൾ പൊതുജനങ്ങൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനുമായി സംസ്ഥാനത്ത് ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സമിതികളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) റേഷൻ സാധനങ്ങളുടെ വിതരണം സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ യഥാസമയം തീർപ്പാക്കുന്നതിനും സുതാര്യവും കാര്യക്ഷമവും അഴിമതി രഹിതവുമായ പൊതുവിതരണ സമ്പ്രദായം നടപ്പാക്കുന്നതിനും പ്രസ്തുത സമിതികൾ മുഖേന എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി മൂന്ന് തലത്തിലുള്ള ഭക്ഷ്യോപദേശക വിജിലൻസ് സമിതികളാണ് നിലവിലുള്ളത്. ജില്ല/താലൂക്ക് തല വിജിലൻസ് സമിതികൾ മാസത്തിലൊരിക്കലും പഞ്ചായത്തുതല വിജിലൻസ് സമിതികൾ രണ്ട് മാസത്തിലൊരിക്കലും യോഗം ചേരേണ്ടതാണ്. പൊതുവിതരണ സമ്പ്രദായം കാര്യക്ഷമതയോടും കുറ്റമറ്റ രീതിയിലും പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും കൂടാതെ കാർഡുടമകൾക്ക് അർഹതപ്പെട്ട റേഷൻ കൃത്യമായ അളവിലും വിലയിലും ഗുണനിലവാരത്തിലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും കമ്മിറ്റിയുടെ ചുമതലകളിൽ ഉൾപ്പെടുന്നു.

(സി) എല്ലാ ജില്ലകളിലും കൃത്യമായ ഇടവേളകളിൽ യോഗം ചേരുക, കമ്മിറ്റികളിൽ ഉന്നയിക്കുന്ന പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുക, ഗുണനിലവാരമുള്ള ഭക്ഷ്യ വസ്തുക്കൾ കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, കൃത്യമായ അളവിലും തൂക്കത്തിലും സാധനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, വ്യാപാര സ്ഥാപനങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, കേടായ ഭക്ഷ്യസാധനങ്ങൾ വിൽക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക, വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക എന്നിവയാണ് ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റിയിലൂടെ ലക്ഷ്യമിടുന്നത്.

**ഹോട്ടലുകളിലെ അമിത നിരക്ക്**

342(2962) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ നൽകുന്ന ഭക്ഷണത്തിന് പല സ്ഥലങ്ങളിലും പല നിരക്കുകൾ വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഹോട്ടലുകളുടെ നിലവാരമനുസരിച്ച് അവിടെ നൽകുന്ന ഭക്ഷണത്തിന് നിരക്ക് നിശ്ചയിക്കാനും, ആ നിരക്കുകൾ പ്രദർശിപ്പിക്കാനും അതുതന്നെയാണ് വാങ്ങുന്നതെന്ന് ഉറപ്പുവരുത്താനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഹോട്ടലുകൾ വാങ്ങുന്ന അമിതനിരക്ക് സംബന്ധിച്ച മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അമിതനിരക്ക് വാങ്ങുന്ന ഹോട്ടലുകൾക്കെതിരെ നടപടി എടുക്കാനും സംസ്ഥാനത്തൊട്ടാകെ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ ഗ്രാമങ്ങൾ/പട്ടണങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഹോട്ടലുകൾക്ക് ഗ്രേഡ് നിശ്ചയിച്ചുകൊണ്ട് ഭക്ഷണസാധനങ്ങളുടെ വില നിശ്ചയിച്ച് നൽകുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹോട്ടലുകളിൽ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്ക വിധം പ്രദർശിപ്പിക്കുന്നത് നിയമംമൂലം നിർബന്ധമാക്കിയിട്ടുണ്ട്. ഇത് ഉറപ്പുവരുത്തുന്നതിനായി വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും റവന്യൂ ലീഗൽ മെട്രോളജി എന്നീ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചേർന്നും നിരന്തരം പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ Kerala Food Stuffs (Display of Prices by catering Establishments) Order, 1977-ലെയും 1980-ലെയും Kerala Essential commudities (Maintenance of Accounts and Display of Price and Stocks) Order എന്നിവ പ്രകാരവും ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ ഹോട്ടലുകളുടെ നിലവാരമനുസരിച്ച് അവിടെ നൽകുന്ന ഭക്ഷണത്തിന് നിരക്ക് നിശ്ചയിക്കാനുള്ള അധികാരം നിലവിൽ സർക്കാരിനില്ല.

(സി) ഉണ്ട്. ഹോട്ടലുകളിലെ ഭക്ഷണപദാർത്ഥങ്ങളുടെ വില ക്രമീകരിക്കുന്നതിനായി രൂപം നൽകിയ"2015-ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബില്ല്" ബിൽ നമ്പർ382 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും പതിമൂന്നാം കേരള നിയമസഭ സമ്മേളന കാലയളവിൽ നിയമനിർമ്മാണത്തിനായി സഭയുടെ അംഗീകാരത്തിന് വയ്ക്കാൻ സാധിക്കില്ല. ഈ വിഷയത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനായി സർക്കാരിന് നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതായിട്ടുണ്ട്.

**കോട്ടയ്ക്കൽ മണ്ഡലത്തിലെ മാവേലി സ്റ്റോർ**

343(2963) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇന്ത്യനൂരിൽ അനുവദിച്ച മാവേലി സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) മാവേലി സ്റ്റോർ ഉടൻ തുറന്നു പ്രവർത്തിപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇന്ത്യനൂരിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച് പാലക്കാട് റീജിയണൽ മാനേജർ ലഭ്യമാക്കിയിരിക്കുന്ന സാധ്യതാപഠന റിപ്പോർട്ടിന്റെയും ജീവനക്കാരുടെ ലഭ്യതയുടേയും അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചുവരുന്നു.

**താലൂക്കുകൾ കേന്ദ്രീകരിച്ച് സംഭരണശാലകൾ**

344(2964) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്കുകൾ കേന്ദ്രീകരിച്ച് റേഷൻ സാധനങ്ങളും സപ്ലൈകോയുടെ സാധനങ്ങളും സംഭരിക്കുന്നതിനായി സംഭരണശാലകൾ അനുവദിക്കുന്നതിനുള്ള നീക്കമുണ്ടോ;

(ബി) ഏതൊക്കെ താലൂക്കുകളിൽ ഇത്തരം സംഭരണശാലകൾക്ക് സ്ഥലം കണ്ടെത്തിയിട്ടുണ്ട്; ഈ സ്ഥലങ്ങൾ ഡിപ്പാർട്ട്മെന്റ് ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(സി) റാന്നി താലൂക്കിൽ ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെ; ഈ സ്ഥലം വിട്ടുകിട്ടുന്നതിനായി സ്വീകരിച്ച നടപടി എന്തൊക്കെ; ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത്;

(ഡി) ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി ഇപ്പോൾ താലൂക്കുകൾ കേന്ദ്രീകരിച്ച് റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ നിർത്തലാക്കാൻ സാധ്യതയുണ്ടോ; അങ്ങനെ വന്നാൽ താലൂക്കുകൾ കേന്ദ്രീകരിച്ച് സംഭരണശാലയുടെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനായി എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) വെയർഹൗസിംഗ് കോർപ്പറേഷൻ വക ഉപയോഗിക്കാതെ കിടക്കുന്ന സംഭരണശാലകൾ ഈ ആവശ്യത്തിനായി ഉപയോഗിച്ചാൽ, അനാവശ്യ സാമ്പത്തിക ചെലവ് ഒഴിവാക്കാൻ കഴിയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 29-8-2016-ലെ സ.ഉ.(കൈ) നമ്പർ 11/2016/ഭ.പൊ.വി.വ നമ്പർ ഉത്തരവുപ്രകാരം റേഷൻ വിതരണ രംഗത്തുള്ള സ്വകാര്യ മൊത്തവിതരണ ശാലകൾക്ക് പകരം സർക്കാർ അധീനതയിൽ ബ്ലോക്ക് തലത്തിൽ സംഭരണ ശാലകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) നെയ്യാറ്റിൻകര, കുന്നത്തൂർ, റാന്നി, അമ്പലപ്പുഴ, മീനച്ചിൽ, ഉടുമ്പൻചോല, ദേവികുളം, പീരുമേട് തൃശ്ശൂർ, കൊടുങ്ങല്ലൂർ, ചാലക്കുടി, ചാവക്കാട്, പാലക്കാട്, തളിപ്പറമ്പ്, കോഴിക്കോട്, കൊയിലാണ്ടി, മഞ്ചേശ്വരം, വെള്ളരിക്കുണ്ട്, എന്നീ താലൂക്കുകളിൽ ഗോഡൗൺ പണിയുന്നതിലേയ്ക്കായി കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങൾ സിവിൽ സപ്ലൈസ് വകുപ്പിന് കൈമാറി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് അതത് ജില്ലാ കളക്ടർമാർക്ക് റിക്വസിഷൻ ഫോം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. റാന്നി താലൂക്കിൽ ഏലന്തൂർ ബ്ലോക്കിൽ ചെറുകോൽ വില്ലേജിൽ ഈ സ്ഥലം സിവിൽസപ്ലൈസ് വകുപ്പിന് പതിച്ച് നൽകണമെന്നാവാശ്യപ്പെട്ടു കൊണ്ട് പത്തനംതിട്ട ജില്ലാ സപ്ലൈ ആഫീസർ ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

(ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ സ്വകാര്യ സംരംഭകർക്ക് പകരം സർക്കാർ അധീനതയിൽ ഗോഡൗണുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) ഉണ്ട്. നടപടി സ്വീകരിച്ചുവരുന്നു.

**കേന്ദ്രത്തിൽ നിന്നുള്ള അധിക ഭക്ഷ്യധാന്യം**

345(2965) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് കേന്ദ്രത്തിൽനിന്നും അധിക ഭക്ഷ്യധാന്യം നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്തിന് 2016 ജൂൺ മാസത്തിനുശേഷം എത്ര അളവ് ഭക്ഷ്യധാന്യം അധികമായി ലഭിച്ചിട്ടുണ്ട്;

(സി) സംസ്ഥാനത്തിന് അധിക ഭക്ഷ്യധാന്യം നൽകുന്നതിന് കേന്ദ്രം എന്തെങ്കിലും നിയന്ത്രണമേർപ്പെടുത്തിയിട്ടുള്ളതായി അറിയാമോ; എങ്കിൽ എന്താണ് കാരണം; ഇത് മറികടക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) സംസ്ഥാനത്തിന് അധിക ഭക്ഷ്യധാന്യം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന് കേന്ദ്രത്തിൽനിന്നും 2016 ജൂൺ മാസത്തിനുശേഷം അധിക ഭക്ഷ്യ ധാന്യം ലഭിച്ചിട്ടില്ല.

(സി) നിയന്ത്രണമേർപ്പെടുത്തിയിട്ടുള്ളതായി അറിയാം. ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കാത്തതാണ് ഇതിന് കാരണം. ഭക്ഷ്യ ഭദ്രതാ നിയമം ഉടൻ തന്നെ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്തത്

346(2966) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹോട്ടൽ ഉൾപ്പെടെയുള്ള കച്ചവട സ്ഥാപനങ്ങളെല്ലാം വില്പന നടത്തുന്ന ഉൽപ്പന്നങ്ങളുടെ കൃത്യമായ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ പല സ്ഥാപനങ്ങളും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നിയമ ലംഘനങ്ങൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അമിത വില പ്രദർശിപ്പിച്ച് അത് ഈടാക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ നിയമമുണ്ടോ?

ഉത്തരം

(എ) ഉണ്ട്. ഹോട്ടൽ ഉൾപ്പെടെയുള്ള കച്ചവട സ്ഥാപനങ്ങൾ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്ന് നിയമംമൂലം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് കർശനമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് വകുപ്പിലെ ഉദ്യോഗസ്ഥരും

റവന്യൂ ലീഗൽ മെട്രോളജി എന്നീ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചേർന്നും നിരന്തരം പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ Kerala Food Stuffs (Display of Prices by catering Establishment) Order, 1977-ലെയും 1980-ലെയും (Kerala Essential Commodities Maintenance of Account and Display of Price and Stock) Order എന്നിവ പ്രകാരവും ശക്തമായി നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഉണ്ട്. നിയമലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ Kerala Food Stuffs (Display of Prices by catering Establishment) Order, 1977 ലെയും 1980-ലെയും (Kerala Essential commodities Maintenance of Account and Display of Price and Stock) Order എന്നിവ പ്രകാരം ശക്തമായി നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) നിലവിൽ നിയമം ഇല്ല.

**അർഹരായവർക്ക് ബി.പി.എൽ. കാർഡ്**

347(2967) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനർഹരായ നിരവധി കുടുംബങ്ങൾ ഇപ്പോഴും ബി.പി.എൽ. കാർഡ് കൈവശംവച്ച് ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത്തരം കാർഡുടമകളെ ബി.പി.എൽ. കാർഡിന്റെ പരിധിയിൽ നിന്നൊഴിവാക്കി അർഹരായവർക്ക് ബി.പി.എൽ. റേഷൻ കാർഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. അനർഹരായി ബി.പി.എൽ./എ.എ.വൈ. കാർഡുകൾ കൈവശം വച്ചിട്ടുള്ള സർക്കാർ/അർദ്ധസർക്കാർ/സഹകരണ മേഖലയിൽ ജോലി നോക്കുന്നവർ കാർഡുടമകളായോ അംഗങ്ങളായോ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവ തിരികെ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസിൽ നൽകി മാറ്റിവാങ്ങുന്നതിന് നിർദ്ദേശം നൽകിയിരുന്നു. നിലവിൽ അനർഹരായവർക്ക് സ്വയം കാർഡുകൾ തിരിച്ചേൽപ്പിക്കുന്നതിനുള്ള സൗകര്യം ഉള്ളതോടൊപ്പം വകുപ്പിലെ പരിശോധനയിലൂടെ അനർഹരെ കണ്ടെത്തുകയും കാർഡുകൾ മാറ്റി നൽകുകയും ചെയ്തുവരുന്നു. 2013-ലെ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽ വരുത്തുമ്പോൾ നിലവിലെ വിവരങ്ങൾ പരിശോധിച്ച് മുൻഗണനാ വിഭാഗത്തെ കണ്ടെത്തി അനർഹരെ ഒഴിവാക്കാൻ കഴിയും.

**റേഷൻകാർഡുകൾ ബി.പി.എൽ. ആക്കി നൽകുന്നതിന് നടപടി**

348(2968) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാൻസർ, വൃക്ക, കരൾ, ഹൃദ്രോഗ രോഗബാധിതരായിട്ടുള്ളവർ കുടുംബാംഗങ്ങളായിട്ടുള്ളവരുടെ റേഷൻകാർഡുകൾ ബി.പി.എൽ. ആക്കി നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

ഉണ്ട്. കാൻസർ, വൃക്ക, കരൾ രോഗബാധിതരായിട്ടുള്ളവർ കുടുംബാംഗങ്ങളായിട്ടുള്ളവരുടെ റേഷൻ കാർഡുകൾ 27-4-2012-ലെ സ.ഉ.(കൈ) നമ്പർ 112/2012/തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർ ബി.പി.എൽ. കാർഡുകളാക്കി മാറ്റി നൽകുന്നുണ്ട്. 2013-ലെ ദേശീയ ഭക്ഷ്യഭദ്രതാ പദ്ധതി നടപ്പിലാക്കുമ്പോൾ മേൽപ്പറഞ്ഞ വിഭാഗക്കാരെ മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

**ഭക്ഷ്യധാന്യങ്ങളുടെ കേന്ദ്രവിഹിതം**

349(2969) ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കേണ്ട അർഹമായ വിഹിതം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഈ സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഭക്ഷ്യധാന്യ ശേഖരണ സൗകര്യങ്ങളുടെ അപര്യാപ്തത ഭക്ഷ്യധാന്യ വിതരണത്തിൽ തടസ്സം സൃഷ്ടിക്കുന്നുണ്ടോ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട അധിക വിഹിതം ഉൾപ്പെടെയുള്ള അർഹമായ വിഹിതം ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 7-10-2016-ലെ 1-2/2015-BP111 നമ്പർ കത്തുപ്രകാരം കേരളത്തിന് ലഭ്യമായിരുന്ന എ.പി.എൽ./ബി.പി.എൽ. വിഭാഗത്തിനുള്ള അധിക വിഹിതം നൽകുകയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. പ്രതിമാസ ആവശ്യകത പ്രകാരം 2.30 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യ സംഭരണ സ്ഥലം വേണ്ട സ്ഥാനത്ത് 0.9 ലക്ഷം മെട്രിക് ടൺ സംഭരണ സ്ഥലം മാത്രമാണ് നിലവിലുള്ളത്. 29-8-2016-ലെ സ.ഉ.(കൈ) നമ്പർ 11/2016/ഭ.പൊ.വി.വ. പ്രകാരം ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള മൊത്തവ്യാപാരികളെ ഒഴിവാക്കിക്കൊണ്ട് ബ്ലോക്ക് തലത്തിൽ സർക്കാർ അധീനതയിലുള്ള സംഭരണ ശാലകൾ നിർമ്മിക്കാൻ ഉത്തരവായിട്ടുണ്ട്.

**വിദ്യാർത്ഥികൾക്ക് 5 കിലോ അരി നൽകുന്ന പദ്ധതി**

350(2970) ശ്രീ. പി. ടി. തോമസ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓണം പ്രമാണിച്ച് സ്കൂൾ വിദ്യാർത്ഥികൾക്ക് 5 കിലോ അരി നൽകുന്ന പദ്ധതി പ്രകാരമുള്ള അരി വിതരണം ഓണാവധിക്ക് ശേഷം സ്കൂൾ തുറന്ന ഈ അവസരത്തിലെങ്കിലും പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഓണം പ്രമാണിച്ച് സ്കൂൾ വിദ്യാർത്ഥികൾക്ക് 5 കിലോ സ്പെഷ്യൽ അരിയുടെ വിതരണം 30-9-2016-ന് പൂർത്തീകരിച്ചിട്ടുണ്ട്.

**പുതിയ റേഷൻ കാർഡ് നൽകുന്നതിനുള്ള മാനദണ്ഡം**

351(2971) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻകാർഡ് നൽകുന്നതിന് മുന്നോടിയായി മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നതിനുള്ള റാങ്ക് പട്ടിക പൂർത്തിയായിട്ടുണ്ടോ;

(ബി) പുതിയ റേഷൻകാർഡ് നൽകുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡത്തിൽ ഈ സർക്കാർ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; പുതുക്കിയ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയർ പരിഷ്കരിച്ചുവോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നതിന് സംസ്ഥാന തലത്തിൽ റാങ്കിംഗ് നടത്തി സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റിൽ കരട് മുൻഗണനാപട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. താലൂക്കുതല റാങ്കിംഗിനു പകരം മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിന് സംസ്ഥാനതല റാങ്കിംഗാണ് നടത്തിയിട്ടുള്ളത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ക്ലാസ്-4 ജീവനക്കാരെകൂടി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. സോഫ്റ്റ് വെയറിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്.

**ഹോട്ടൽ ഭക്ഷണവില നിയന്ത്രണ നിയമം**

352(2972) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> :
<u>ശ്രീ. കെ. എം. ഷാജി</u> :
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> :
<u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടൽ ഭക്ഷണവില നിയന്ത്രണ നിയമം വേണമെന്ന കോടതി നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഹോട്ടലുകളെ തരംതിരിച്ച് ഭക്ഷണവില ഏകീകരിക്കുന്നതിനുള്ള നിയമ നിർമ്മാണത്തിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഹോട്ടൽ ഉടമകളുടെ ഹർജിയിലാണ് കോടതിയുടെ നിർദ്ദേശമുണ്ടായിരിക്കുന്നത് എന്നതു പരിഗണിച്ച് നിയമനിർമ്മാണ നടപടികൾ ത്വരിതപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ശബരിമല തീർത്ഥാടനത്തിന് എത്തുന്ന അയ്യപ്പ ഭക്തൻമാരിൽനിന്നും ഹോട്ടലുകൾ അമിതമായി വില ഈടാക്കിയ സാഹചര്യത്തിൽ പത്തനംതിട്ട ജില്ലാ കളക്ടർ ജില്ലയിൽ സസ്യാഹാരത്തിന് വില നിശ്ചയിക്കുകയും ആയതിന്മേൽ ഹോട്ടലുടമകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റിഷനിന്മേൽ പമ്പയിലും ശബരിമലയിലും ദേവസ്വം ബോർഡിന്റെ അംഗീകാരത്തോടെ താൽക്കാലിക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോട്ടലുകളിൽ മാത്രം വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കാൻ മാത്രമേ ജില്ലാകളക്ടർക്ക് അധികാരമുള്ളൂവെന്ന് കോടതി വിധിച്ചിരുന്നു. ഇതിന് തുടർച്ചയായി വന്ന കേസിൽ ബഹുമാനപ്പെട്ട

ഹൈക്കോടതിയുടെ അഭിപ്രായപ്രകാരം പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലെ ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന സസ്യാഹാരങ്ങൾ അവശ്യ വസ്തുക്കളായി പ്രഖ്യാപിക്കപ്പെടുകയും പ്രസ്തുത ജില്ലകളിലെ കളക്ടർമാർക്ക് പ്രസ്തുത ആഹാരസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള അധികാരം വിജ്ഞാപനത്തിലൂടെ നൽകിയിട്ടുമുണ്ട്.

(ബി&സി) ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമീകരിക്കുന്നതിനായി രൂപം നൽകിയ "2015-ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബില്ല്" ബിൽ നമ്പർ 382 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും പതിമൂന്നാം കേരള നിയമസഭാ സമ്മേളന കാലയളവിൽ നിയമനിർമ്മാണത്തിനായി വയ്ക്കാൻ കഴിയാത്തതിനാൽ ലാപ്സായിരിക്കുന്നു. ഈ വിഷയത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനായി സർക്കാരിന് നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതായിട്ടുണ്ട്.

## അളവുതൂക്കങ്ങളുടെ വെട്ടിപ്പ്

353(2973) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ വസ്തുക്കൾ നിർമ്മിക്കുന്ന കമ്പനികൾ അവരുടെ ഉൽപ്പന്നങ്ങളുടെ അളവും, തൂക്കവും നിരന്തരം മാറ്റം വരുത്തി വിപണനം നടത്തുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് വിപണനം ചെയ്യപ്പെടുന്ന നിത്യോപയോഗ സാധനങ്ങളുടെ പായ്ക്കറ്റുകളിലെ ഉൽപ്പന്നങ്ങളുടെ തൂക്കവും, അളവും, വിലയും പരിശോധിച്ച് ആയത് ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അളവുതൂക്കങ്ങളുടെ വെട്ടിപ്പുമായി ബന്ധപ്പെട്ട് 2016 ജനുവരി 1 മുതൽ സെപ്തംബർ 30 വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം എത്രയെന്ന് വിശദീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പായ്ക്കറ്റുകളിലാക്കി വിപണനം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ അളവും തൂക്കവും പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. പായ്ക്കേജ്ഡ് കമ്മോഡിറ്റീസ് റൂൾസിലെ വ്യവസ്ഥകൾപ്രകാരം രേഖപ്പെടുത്തിയിട്ടുള്ള MRP-യിൽ അധികം ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആയതിനെതിരെ നിയമാനുസൃതമായി നടപടി സ്വീകരിച്ചുവരുന്നു.

(സി) അളവുതൂക്കങ്ങളുടെ വെട്ടിപ്പുമായി ബന്ധപ്പെട്ട് 2016 ജനുവരി 1 മുതൽ സെപ്റ്റംബർ 30 വരെ സംസ്ഥാനത്ത് 15,167 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## ചെറുകിട കച്ചവടസ്ഥാപനങ്ങളുടെ പ്രവർത്തനം

354(2974) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട കച്ചവടസ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) വിലവിവരപട്ടിക പ്രദർശിപ്പിക്കാത്തതും അളവ് തൂക്കങ്ങളിൽ നടത്തുന്ന കൃത്രിമങ്ങളും കണ്ടെത്താൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇത്തരക്കാർക്കെതിരെ എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ നിയമ ലംഘനം നടത്തുന്നുണ്ടോയെന്ന് സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധിക്കുന്നുണ്ട്.

(ബി) പൊതുവിപണിയിൽ പരിശോധന നടത്തി വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്തവർക്കെതിരെ 1977-ലെ Kerala Food Stuffs (Display of Prices by catering Establishment) Order, 1977 ലെയും 1980-ലെയും Kerala Essential commodities (Maintenance of Accounts and Display of Price and Stock) Order എന്നിവ പ്രകാരം ശക്തമായ നടപടി സ്വീകരിച്ചുവരുന്നു. അളവിലും തൂക്കത്തിലും വ്യത്യാസം ഉണ്ടാകുന്നത് നിയന്ത്രിക്കുന്നതിന് സംവിധാനമുണ്ട്. കേരളത്തിൽ മൂന്ന് മേഖലകളിൽ, ഓരോന്നിലും ഓരോ ഡെപ്യൂട്ടി കൺട്രോളർമാരുടെ കീഴിൽ ജില്ലാതലത്തിൽ അസിസ്റ്റന്റ് കൺട്രോളർമാരും ഫ്ലയിംഗ് സ്ക്വാഡ് അസിസ്റ്റന്റ് കൺട്രോളർമാരും താലൂക്ക് തലത്തിൽ സീനിയർ ഇൻസ്പെക്ടർമാരും, അളവുതൂക്ക ഉപകരണങ്ങളുമായി ബന്ധപ്പെട്ട കൃത്രിമം തടയുന്നതിനായും ടി ഉപകരണങ്ങൾ യഥാസമയം മുദ്ര പതിപ്പിക്കുന്നതിനായും കാര്യക്ഷമമായി പരിശോധനകൾ നടത്തി വരുന്നുണ്ട്. ആയതു മോണിറ്റർ ചെയ്യുന്നതിനായി എല്ലാ മാസവും ബന്ധപ്പെട്ട ഡെപ്യൂട്ടി കൺട്രോളർമാർ റിപ്പോർട്ട് അയയ്ക്കുകയും മേൽപ്പടി റിപ്പോർട്ട് പ്രതിമാസം നടന്നുവരുന്ന നിർവ്വഹണ ഉദ്യോഗസ്ഥരുടെ കോൺഫറൻസിൽ അവലോകനം ചെയ്തും വരുന്നു.

(സി) അളവുതൂക്ക കൃത്രിമങ്ങൾ നടത്തുന്നവർക്കെതിരെ ലീഗൽ മെട്രോളജി വകുപ്പുതലത്തിൽ കേസ് ഫയൽ ചെയ്തു പിഴ ഈടാക്കിവരുന്നു. എന്നാൽ വകുപ്പ് തലത്തിൽ രാജിയാക്കി പിഴ അടക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ നിയമാനുസൃതമായ നടപടി കൈക്കൊള്ളാൻ മേൽപ്പടി കേസുകൾ കോടതിക്ക് വിടാറുണ്ട്.

## സിനിമാശാലകളോട് ചേർന്ന് പ്രവർത്തിക്കുന്ന വിൽപ്പന കേന്ദ്രങ്ങൾ

355(T*2975) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിനിമാ തിയേറ്ററുകളുടെ കോമ്പൗണ്ടിൽ പ്രവർത്തിച്ച് വരുന്ന കഫറ്റേരിയ, സ്നാക്സ് ഷോപ്പുകൾ, ചെറുകിട വിൽപ്പന ശാലകൾ എന്നിവിടങ്ങളിൽ വിൽക്കുന്ന സാധനങ്ങൾക്ക് പരമാവധി ചില്ലറ വില (MRP)യേക്കാൾ കൂടുതൽ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ കൂടുതൽ വില ഈടാക്കിയതിന്റെ പേരിൽ എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പേരുൾപ്പെടെ വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾക്ക് സാധാരണ നിരക്കിൽ നിന്ന് കൂടിയ വിലയ്ക്ക് സാധനങ്ങൾ വിൽക്കുന്നതിന് എന്തെങ്കിലും പ്രത്യേകാനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 5 തിയേറ്ററുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത തിയേറ്ററുകളുടെ വിവരം ചുവടെ ചേർക്കുന്നു:

1. പത്മം തിയേറ്റർ, മലപ്പുറം
2. വിസ്മയ തിയേറ്റർ, പെരുന്തൽമണ്ണ
3. ക്രൗൺ തിയേറ്റർ, കോഴിക്കോട്
4. പി.വി.എസ് ഫിലിം സിറ്റി, കോഴിക്കോട്
5. വിനായക തിയേറ്റർ കോംപ്ലക്സ്, കാഞ്ഞങ്ങാട്

(സി) പ്രത്യേകാനുമതി ആർക്കും നൽകിയിട്ടില്ല.

(നക്ഷത്രചിഹ്നമിടാത്ത 2618, 2621, 2630, 2636, 2642, 2694, 2731, 2785, 2876, 2897, 2947, 2949 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

9.30 AM]

## II അടിയന്തരപ്രമേയം

### പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം

മി. സ്പീക്കർ : ചട്ടം 50 അനുസരിച്ച് ഇന്ന് രണ്ട് അടിയന്തരപ്രമേയങ്ങളുടെ നോട്ടീസാണ് ചെയറിന് ലഭിച്ചിട്ടുള്ളത്. രണ്ട് നോട്ടീസും ഏതാണ്ട് ഒരേ സമയത്താണ് ലഭ്യമായിട്ടുള്ളത്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിലെ അപാകത സംബന്ധിച്ച് ശ്രീ. വി. ഡി. സതീശനും കൂട്ടരും നൽകിയതും സ്വാഭാവിക റബ്ബറിന്റെ വിലയിടിവുമായി ബന്ധപ്പെട്ട് ശ്രീ. കെ. എം. മാണി നൽകിയതുമാണ് പ്രമേയങ്ങൾ. ഇതിൽ ആദ്യം പരാമർശിച്ച പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിർണ്ണായകമായ സ്ഥാനങ്ങളിൽ നിയമങ്ങളും ചട്ടങ്ങളും മറികടന്നുകൊണ്ട് ബന്ധുക്കളെ നിയമിച്ചുവെന്ന് കുറ്റസമ്മതം നടത്തി വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജൻ രാജിവയ്ക്കാനുണ്ടായ സാഹചര്യവും ഇക്കാര്യത്തിൽ മുഖ്യമന്ത്രിയുടെ പങ്കിനെപ്പറ്റി സംശയം ഉയർന്നിട്ടുള്ള സാഹചര്യവും കണക്കിലെടുത്ത് ഈ ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, സി. മമ്മൂട്ടി, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. കെ. എം. മാണി : സർ, എന്റെ പ്രമേയം പരിഗണിക്കണം.

മി. സ്പീക്കർ : നാളെ പരിഗണിക്കാം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളുമായി ബന്ധപ്പെട്ടുള്ള ഈ അടിയന്തരപ്രമേയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരാവശ്യവുമില്ല.

മി. സ്പീക്കർ : ഒരു അബദ്ധം പറ്റിയിട്ടുണ്ട്. അടിയന്തരപ്രമേയം എടുക്കുന്നതിനു മുമ്പ് ചട്ടം 64 അനുസരിച്ചുള്ള പ്രസ്താവന പരിഗണിക്കേണ്ടതായിരുന്നു. അത് വിട്ടുപോയി. ചട്ടം 64 അനുസരിച്ച് രാജിവച്ച മന്ത്രിക്ക് പ്രസ്താവന നടത്താവുന്നതാണ്.

## III വ്യക്തിപരമായ വിശദീകരണം

### മന്ത്രിസ്ഥാനം രാജിവയ്ക്കാനിടയായ സാഹചര്യം

ശ്രീ. ഇ. പി. ജയരാജൻ : സർ, ഞാനതാണ് ഇങ്ങനെ ശങ്കിച്ചുനിൽക്കുന്നത്.

മി. സ്പീക്കർ : ഒരു അബദ്ധം പറ്റിയതാണ്.

ശ്രീ. ഇ. പി. ജയരാജൻ : സർ, ചോദ്യോത്തരവേള കഴിഞ്ഞാൽ ചട്ടമനുസരിച്ച് ഞാൻ രാജിവയ്ക്കാനിടയായ കാരണങ്ങളെക്കുറിച്ച് സഭയിൽ പറയാൻ അവസരം നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നതാണ്. അത് കാണാതിരുന്നപ്പോൾ ചട്ടലംഘനക്കാർ ആരെങ്കിലും ഇടപെട്ടോ എന്നെനിക്ക് സംശയം തോന്നി. ഞാൻ വ്യവസായ വകുപ്പിന്റെ ചുമതല ഏറ്റെടുത്തപ്പോൾ കേരളത്തിന്റെ വ്യവസായരംഗം ആകെ തകർച്ചയിലായിരുന്നു. കെടുകാര്യസ്ഥതയും അഴിമതിയും ധൂർത്തുമാണ് ഈ സ്ഥാപനങ്ങളിൽ നിറഞ്ഞുനിന്നിരുന്നത്. അതുകൊണ്ട് വ്യവസായങ്ങളെ കുറിച്ച് പഠിക്കാനാണ് ഞാൻ ആദ്യം ശ്രമിച്ചത്. പ്രധാനപ്പെട്ട പൊതുമേഖലാ വ്യവസായങ്ങളെ തകർച്ചയിൽനിന്നും പുനരുദ്ധരിക്കാനുള്ള ഫലപ്രദമായ നടപടികളാണ് ആദ്യം ചെയ്തത്. വ്യവസായ മേഖല കയ്യടക്കി ഇതുവരെ ഭരണം നടത്തിയിരുന്നവർക്ക് അത് തുടരാനാവാത്ത സാഹചര്യമുണ്ടായി. അങ്ങോട്ട് ഒരു എൻട്രി ഇല്ലാതായി. പാലക്കാടുള്ള മലബാർ സിമന്റ്സ് പൂട്ടിക്കിടക്കുകയാണ്. ഈ സ്ഥാപനം പൂട്ടേണ്ട ഒരു സാഹചര്യവും ഇല്ലായിരുന്നു. അതിനെ പൂട്ടിക്കുകയാണ് ചെയ്തത്. മലബാർ സിമന്റ്സിനെ തകർക്കുക എന്ന പ്രക്രിയയാണ് കുറെക്കാലമായി നടന്നുവന്നിരുന്നത്. അതിനെ പ്രതിരോധിക്കാൻ ആരുമുണ്ടായിരുന്നില്ല. മലബാർ സിമന്റ്സിന്റെ ഉല്പാദനം എത്രയോ വർദ്ധിപ്പിക്കാൻ കഴിയുമായിരുന്നു. കേരളത്തിന് ആവശ്യമുള്ളതിന്റെ 10 ശതമാനം സിമന്റ് മാത്രമേ അവിടെ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. സിമന്റ് ഉല്പാദനം ഇരട്ടിയാക്കി മാർക്കറ്റിലെത്തിച്ച് അതിന്റെ സാധ്യത വിപുലീകരിക്കാനും ഇപ്പോഴത്തെ പ്രതിസന്ധി നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും തയ്യാറായി. തമിഴ്നാട്ടിൽ അമ്മ സിമന്റുണ്ട്. സാധാരണക്കാർക്ക് 200 രൂപയിൽ കുറഞ്ഞ വിലയ്ക്ക് കിട്ടുന്ന സിമന്റാണ്. അതുപോലുള്ള പുതിയ സംരംഭങ്ങളിൽ ഏർപ്പെടാനാണ് ഞാൻ പുറപ്പെട്ടത്. സിമന്റ് ലോബി വളരെ ശക്തമാണ്. അതിനെ തകർക്കാനുള്ള നീക്കത്തിന്റെ ഫലമായാണ് ഈ കമ്പനി പൂട്ടിച്ചത്. അപ്പുറത്തിരിക്കുന്നവർ ഈ കാര്യങ്ങൾ വിശദമായി പരിശോധിച്ചാൽ മനസ്സിലാകും. എനിക്ക് തോന്നുന്നത് മുൻ വ്യവസായ വകുപ്പുമന്ത്രിക്ക് ഈ കാര്യം അറിയാമെന്നാണ്. ഇതിനെ ശക്തമായി പ്രതിരോധിച്ചുകൊണ്ടുള്ള നിലപാടാണ് സ്വീകരിച്ചത്. എന്നെ സ്വാധീനിക്കാൻ ആർക്കും സാധിക്കില്ല. പല ശ്രമങ്ങളും പലരും നടത്തിയിട്ടുണ്ടായിരിക്കും.

കേരളത്തിലെ പ്രധാനപ്പെട്ട ഒരു പൊതുമേഖലാ സ്ഥാപനവും വൻ ലാഭമുണ്ടാക്കാൻ സാധിക്കുന്നതുമായ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് (റ്റി.സി.സി.എൽ.) നഷ്ടത്തിലാണ്. ഇവിടെ ഉപയോഗിക്കുന്ന റാമെറ്റീരിയൽസ് ഉപ്പും ഇലക്ട്രിസിറ്റിയുമാണ്. അവിടെ ഉല്പാദിപ്പിക്കുന്ന ഹൈഡ്രോക്ലോറിക് ആസിഡ്, കാസ്റ്റിക് സോഡ മുതലായവയ്ക്ക് നല്ല മാർക്കറ്റാണുള്ളത്. ഇറക്കുമതി

ചെയ്യുന്ന ഗുണനിലവാരം കുറഞ്ഞ 10 ടൺ ഉപ്പിന് 12 ടണ്ണിന്റെ കാശുകൊടുക്കുന്ന രീതിയാണുള്ളത്. റേറ്റ് നിശ്ചയിച്ച് ഒരു ലോഡ് ഹൈഡ്രോക്ലോറിക് ആസിഡ് അവിടെനിന്ന് പുറത്തുപോകുമ്പോൾ 75 ലക്ഷം ഉറുപ്പികയാണ് കൈക്കൂലി വാങ്ങുന്നത്. ഈ രീതി അവിടെ കൊടികുത്തി വാഴുകയാണ്. ഇപ്പോൾത്തന്നെ അതിനെ തകർക്കാനുള്ള ഒരു നീക്കം നടന്നു. അധികം സമയമില്ലാത്തതുകൊണ്ട് എല്ലാ വിശദാംശങ്ങളിലേയ്ക്കും പോകുന്നില്ല. ഇവിടെയുള്ള മാധ്യമങ്ങൾ പന്ത്രണ്ട് ദിവസമായി എന്നെ വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. ഞാൻ അതിനെക്കുറിച്ചല്ല ഇവിടെ പറയുന്നത്.

കെ.എം.എം.എൽ. ഏറ്റവും ലാഭകരമായി പ്രവർത്തിക്കാൻ കഴിയുന്ന സ്ഥാപനമാണ്. എന്തൊക്കെ പ്രതിസന്ധിയാണ് അവിടെ ഉണ്ടാക്കിയത്? അതിന് തൊട്ടടുത്തുകിടക്കുന്ന 150 ഏക്കർ ഭൂമിയിൽ ജനങ്ങൾക്ക് താമസിക്കാൻ സാധിക്കുകയില്ല. പ്രകൃതി നമുക്ക് തരുന്ന സമ്പത്താണ് കരിമണൽ. അവയെല്ലാം കൊള്ളയടിച്ചുകൊണ്ടുപോകുകയാണ്. അവിടെ ഒരു അഡീഷണൽ യൂണിറ്റ് പ്രവർത്തിപ്പിച്ച് കരിമണൽ സ്വത്ത് കേരളത്തിന്റേതാക്കി തീർക്കാൻ ശ്രമിച്ചു. മാലിന്യം നിറഞ്ഞുകിടക്കുന്ന 150 ഏക്കർ സ്ഥലം ഏറ്റെടുത്ത് ഒരു പുതിയ യൂണിറ്റ് ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചു. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാനുള്ള ശ്രമങ്ങളാണ് നടത്തിയത്. വ്യവസായ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളാണ് ഞാൻ കൈകാര്യം ചെയ്തിരുന്നത്. കയർ വകുപ്പ് എന്റെ കീഴിൽ വരുന്നതല്ല. വ്യവസായ വകുപ്പിനുകീഴിൽ ആകെ 41 പൊതുമേഖലാസ്ഥാപനങ്ങളാണുള്ളത്. അതിൽ 1,739 കോടി രൂപയുടെ സഞ്ചിത നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. ആകെ 10 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിരുന്നത്. അതും നഷ്ടത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയായിരുന്നു.

കുണ്ടറ അലിൻഡ് എന്ന പൊതുമേഖലാസ്ഥാപനം ഏറ്റവും പ്രധാനപ്പെട്ടതാണ്. കേരളത്തിൽ മാത്രമല്ല തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒറീസാ തുടങ്ങിയ സംസ്ഥാനങ്ങളിൽ വ്യാപിച്ചുകിടക്കുകയും കോടിക്കണക്കിന് രൂപയുടെ ആസ്തിയുമാണ് ആ സ്ഥാപനത്തിനുള്ളത്. അതിനെ നഷ്ടത്തിലാക്കി, കയ്യടക്കാൻ ശ്രമം നടത്തി എ.എ.ഐ.എഫ്.ആർ.-ൽ കേസ് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ആ സ്ഥാപനത്തെ ലിക്വിഡേറ്റ് ചെയ്ത് തകർക്കാൻ നീക്കം തുടങ്ങിയിട്ട് കാലം എത്രയായി; നിങ്ങൾ അതിൽ എന്തെങ്കിലും നടപടി സ്വീകരിച്ചോ? അതുസംബന്ധിച്ച് അവസാനം എ.എ.ഐ.എഫ്.ആർ. ചെയ്തിരിക്കുന്നത് സോമാനി ഗ്രൂപ്പിനെ അത് നടത്തുന്നതിനുവേണ്ടി അധികാരപ്പെടുത്തി. ആ സ്ഥാപനത്തെ തട്ടിയെടുക്കാനുള്ള ശ്രമം എന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. 2014-ൽ എ.എ.ഐ.എഫ്.ആർ.-ൽ വിധി ഉണ്ടായപ്പോൾ അതിനെതിരെ അപ്പീൽ കൊടുക്കുന്നതിന് വ്യവസായ വകുപ്പ് സെക്രട്ടറി ആവശ്യമായ എല്ലാ കാര്യങ്ങളും

ചെയ്യുകയും റെസിഡന്റ് കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടും യാതൊരു നടപടിയും സ്വീകരിച്ചില്ല. ആറുമാസം കഴിഞ്ഞപ്പോൾ വ്യവസായ വകുപ്പ് സെക്രട്ടറി വീണ്ടും കത്തെഴുതിയെങ്കിലും ഒരു നടപടിയും സ്വീകരിച്ചില്ല. എന്തുകൊണ്ടാണ്; അവർ ആ സ്ഥാപനത്തെ കയ്യടക്കുകയായിരുന്നു. ഞാൻ വ്യവസായ വകുപ്പുമന്ത്രിയായതിനുശേഷം ഇതിൽ ഇടപെട്ടുവെന്ന് മാത്രമല്ല അതിൽ കക്ഷിചേരുകയും ആ സ്ഥാപനം തിരിച്ചുപിടിക്കാനുള്ള ശ്രമം നടത്തുകയും ചെയ്തു. കുണ്ടറയാണ് അതിന്റെ രജിസ്റ്റേഡ് സ്ഥാപനം. അലിൻഡ് കേരളത്തിന്റെ മൂലധനമാണ്, അത് തിരിച്ചുപിടിക്കാനുള്ള ഓർഡിനൻസ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിലുള്ള ഒട്ടനവധി സംഭവങ്ങൾക്കെതിരെ ഈ സർക്കാർ ശക്തമായ നിലപാട് സ്വീകരിച്ചു.

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു രംഗമാണ് കൈത്തറി. സർക്കാർ അതിന് റിബേറ്റ് നൽകുന്നുണ്ട്. കൈത്തറി ഉൽപ്പന്നങ്ങളാണോ കേരളത്തിൽ വിൽക്കുന്നത്? തമിഴ്നാട്ടിൽ പവ്വർലൂമിൽ നിർമ്മിക്കുന്ന സാധനങ്ങൾ കേരളത്തിൽ കൊണ്ടുവന്ന് റിബേറ്റ് എഴുതിവാങ്ങുകയാണ് ചെയ്യുന്നത്. എത്രവലിയ തട്ടിപ്പാണ് ഇവിടെ നടക്കുന്നത്; ഇതൊന്നും ഇന്നും ഇന്നലെയും തുടങ്ങിയതല്ല.

കേരളത്തിലെ മറ്റൊരു പ്രധാനപ്പെട്ട രംഗമാണ് ഖാദി. ഖാദി ഉൽപ്പന്നങ്ങളാണോ കേരളത്തിൽ വിൽക്കുന്നത്? തമിഴ്നാട്ടിൽ പവ്വർലൂമിൽ നിർമ്മിക്കുന്ന സാധനങ്ങൾ കേരളത്തിൽ കൊണ്ടുവന്ന് റിബേറ്റ് എഴുതിവാങ്ങുകയാണ് ചെയ്യുന്നത്. അതിനൊരു ഏജൻസി പ്രവർത്തിക്കുന്നുണ്ട്. എത്രമാത്രം കെടുകാര്യസ്ഥതയാണ് ഇവിടെ നടക്കുന്നത്? ഇതിനെതിരായി ശക്തമായ നിലപാട് സ്വീകരിക്കാൻ തുടങ്ങിയപ്പോൾ കുറേ ശത്രുക്കളുണ്ടായി.

കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പൊതുമേഖലാസ്ഥാപനമാണ് കിൻഫ്ര. കിൻഫ്രയുടെ എം.ഡി.-ക്ക് 70 വയസ്സായി. ഞാൻ അതിന്റെ വിശദാംശമൊന്നും ഇപ്പോൾ പറയുന്നില്ല. അവിടെ നടക്കുന്നത് എന്താണ്? പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒട്ടനവധി പ്രശ്നങ്ങൾ നിലനിൽക്കുന്നതിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു. കിൻഫ്രയിൽ മാത്രമല്ല ഇത്തരത്തിലുള്ള സ്ഥാനങ്ങളിൽ എം.ഡി.-മാരായിരുന്ന് ദുർഭരണം കാഴ്ചവച്ച് പൊതുമേഖലാ സ്ഥാപനങ്ങളെ ദുരുപയോഗപ്പെടുത്തുന്നതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കാനാണ് പുറപ്പെട്ടത്. പൊതുമേഖലാ സ്ഥാപനങ്ങൾ പ്രൊഫഷണലൈസ് ചെയ്യണം, പവർഫുൾ മാനേജ്മെന്റായിരിക്കണം. പലതും ദുർബലമാണ്. നിങ്ങൾ സ്വീകരിച്ചതുപോലുള്ള നടപടിയല്ല ഞാൻ സ്വീകരിച്ചത്. അവിടെ നിയമനം നടത്തുന്നതിനുവേണ്ടി ആദ്യം ഇതിനെക്കുറിച്ച് പഠിച്ചു. അതിനനുസരിച്ച് ആവശ്യമായ പ്രൊഫഷണൽ മാനേജ്മെന്റ് ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും നിയമനം നടത്തണമെന്നും പറ്റാത്തവരെ ഒഴിവാക്കണമെന്നുമുള്ള നിർദ്ദേശം

നൽകിയതിന്റെ അടിസ്ഥാനത്തിലാണ് എല്ലാ നിയമങ്ങളും ചട്ടങ്ങളും പാലിച്ചു കൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നടത്തിയത്. 2011-ൽ നിയമനം നടത്താൻ ലിസ്റ്റ് തയ്യാറാക്കാൻ റിയാബിനെ ഏല്പിച്ചില്ലേ? അവിടെ ഒരാളെയെങ്കിലും നിങ്ങൾ നിയമിച്ചോ? 2012-ൽ വീണ്ടും നിങ്ങൾ ലിസ്റ്റ് തയ്യാറാക്കി; ആരെയെങ്കിലും നിയമിച്ചോ? അവസാനം ഒന്നാം റാങ്കിലുള്ള ഒരാൾ കോടതിയിൽ പോയതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ നിയമിച്ചു. അല്ലാതെ വേറെയാരെയെങ്കിലും നിങ്ങൾ നിയമിച്ചോ? റിയാബ് കൃത്യമായി വെരിഫിക്കേഷൻ നടത്തി പാനൽ തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ അവിടത്തെ പ്രധാനികളുമായി ഡിസ്കസ് ചെയ്ത് എല്ലാ കാര്യങ്ങളും സുതാര്യമായി നടത്തി. നിങ്ങൾ കുറേ ആക്ഷേപങ്ങൾ ഉന്നയിച്ചു. വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ എം.ഡി.-മാരെ നിയമിക്കുന്നതിന് അപ്പോയിന്റ്മെന്റ് മാന്വൽ നിലവിലില്ല. നിങ്ങൾ ഇപ്പോൾ എന്റെ ബന്ധുക്കളെക്കുറിച്ചൊക്കെ പറയുന്നുണ്ട്. ഞാൻ അതിന്റെ ലിസ്റ്റ് ഇപ്പോൾ എടുക്കുന്നില്ല. ഇനിയും ഇവിടെ ഭരണമുണ്ടല്ലോ? ഇന്നത്തെ നിയമങ്ങളും ചട്ടങ്ങളും വച്ചുകൊണ്ട് അതിനെ തെറ്റെന്ന് പറയാൻ സാധിക്കില്ല. അതിന് മാന്വലില്ല, ക്വാളിഫിക്കേഷൻ പറയുന്നില്ല, ഗവൺമെന്റിന് ആരെവേണമെങ്കിലും നിശ്ചയിക്കാം. ഏത് നിയമവും ചട്ടവും മറികടന്നുവെന്നതിന്റെ അടിസ്ഥാനത്തിലാണ് നിങ്ങൾ പത്രക്കാരെയെല്ലാം ഉപയോഗിച്ചുകൊണ്ട് എന്നെ ആക്രമിച്ചത്? ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിലെ പ്രൊവിഷൻ പ്രകാരം വിജിലൻസ് അന്വേഷിച്ച്, വിജിലൻസ് ക്ലിയറൻസിന് വിധേയമായിരിക്കും എന്ന വ്യവസ്ഥയോടെയും വിജിലൻസ് ക്ലിയറൻസോടെയുമാണ് ഞാൻ എല്ലാ നിയമനങ്ങളും നടത്തിയിട്ടുള്ളത്. എന്റെ രക്തത്തിനുവേണ്ടിയാണല്ലോ നിങ്ങൾ എന്നെ വേട്ടയാടുന്നത്? അത് വേണമെങ്കിൽ കുറച്ചുതരാം. പക്ഷേ ഈ രാജ്യത്തിനുവേണ്ടിയാണ് ഞാൻ പോരാടുന്നത്. അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാസ്ഥാപനങ്ങളുടെ എം.ഡി.-മാരെ നിയമിക്കുന്നതിനുവേണ്ടിയുള്ള നടപടികളിൽ ഞാൻ കിൻഫ്രയെ സംബന്ധിച്ച് പറയുകയുണ്ടായി.

മറ്റൊരു പൊതുമേഖലാസ്ഥാപനമാണ് സിഡ്കോ. എന്താണ് ആ സ്ഥാപനത്തിന്റെ സ്ഥിതി; എത്ര വിജിലൻസ് കേസ്സുകളാണുള്ളത്? നിങ്ങൾ ആരെയാണ് അവിടെ എം.ഡി. ആയി നിയമിച്ചത്? ഞാൻ ഒന്നുരണ്ട് കാര്യങ്ങൾ പറയാം. സിഡ്കോയെ സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ട്. സിഡ്കോയിൽ ഏതാണ്ട് 5.7 കോടി രൂപയുടെ അഴിമതി സംബന്ധിച്ച് ശ്രീ. എസ്. ദിലീപ് എന്നുപറയുന്ന ഒരാൾ അവിടത്തെ എം.ഡി.-ക്കെതിരായി 2011-ൽ വിജിലൻസിന് പരാതി കൊടുത്തെങ്കിലും ഒരു നടപടിയും സ്വീകരിച്ചില്ല. അദ്ദേഹം ഹൈക്കോടതിയിൽ പരാതി കൊടുത്തതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഹൈക്കോടതി ഉത്തരവിട്ടു. അതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഡിവൈ.എസ്.പി. അന്വേഷണം നടത്തുകയുണ്ടായി.

ഗുരുതരമായ തട്ടിപ്പും വെട്ടിപ്പും വഴിവിട്ട നടപടികളുമാണ് ഇവിടെ നടക്കുന്നതെന്നും പ്രസ്തുത സ്ഥാപനത്തിന്റെ എം.ഡി. ശ്രീ. സജി ബഷീറിനെ ആ സ്ഥാനത്തുനിന്ന് മാറ്റിനിർത്തണമെന്നുമുള്ള റിപ്പോർട്ടാണ് നൽകിയത്. എനിക്ക് തോന്നുന്നത് പ്രതിപക്ഷ നേതാവിനൊക്കെ പരിചയമുള്ള ആളാണ് ശ്രീ. സജി ബഷീർ എന്നാണ്. വിജിലൻസ് എസ്.പി.-യും ഈ നിലപാടാണ് സ്വീകരിച്ചത്. വിജിലൻസ് ഡയറക്ടറായ ശ്രീ. വിൻസൺ എം. പോളിന്റെ നേതൃത്വത്തിലാണ് അന്ന് അന്വേഷണം നടത്തിയത്. അദ്ദേഹവും ഇത് അംഗീകരിച്ചു. അതിനുശേഷം നിയമ വകുപ്പ് സെക്രട്ടറിക്ക് ഫയൽ അയയ്ക്കുകയും അദ്ദേഹത്തെ ഈ സ്ഥാനത്തു നിന്ന് മാറ്റിനിർത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അഡ്വക്കേറ്റ് ജനറൽ ശ്രീ. ദണ്ഡപാണിയും ഇത് അംഗീകരിച്ചു. ഫയൽ ആഭ്യന്തര വകുപ്പിന്റെ മുന്നിലെത്തിയപ്പോൾ അദ്ദേഹത്തെ മാറ്റേണ്ടതില്ലെന്ന് ആഭ്യന്തര വകുപ്പുമന്ത്രി എഴുതിവച്ചു. എന്താണ് ചെയ്തത്; ആരാണ് ശ്രീ. സജി ബഷീർ; എന്താണ് കേസ്; ഇപ്പോൾ അദ്ദേഹത്തിനെതിരെ എത്ര കേസുകളാണുള്ളതെന്ന് അറിയുമോ? കുവൈറ്റിലെ ഭരണാധികാരിയെ പറ്റിച്ച കേസ് ഇപ്പോൾ വന്നിരിക്കുകയാണ്. അവർ എന്നെ സമീപിച്ചിരുന്നു. ഇതൊരു അന്താരാഷ്ട്ര പ്രശ്നമായി ഉയർത്തുമെന്നാണ് അവർ പറയുന്നത്. ഉത്തർപ്രദേശിൽ കോ-ഓപ്പറേറ്റീവ് കമ്പനി എന്നുപറഞ്ഞ് ഒരു കമ്പനിയുണ്ടാക്കി കുവൈറ്റിലെ ഷെയ്ക്കുമായി ഇടപാടുനടത്തി അഞ്ചുകോടിയിൽപ്പരം രൂപയുടെ ബാങ്ക് ഗ്യാരന്റി വാങ്ങി ഇല്ലാത്ത കമ്പനിയുടെ പേരിൽ ബാങ്ക് ഗ്യാരന്റി മാറിയെടുത്തു. സിഡ്കോയാണ് എഗ്രിമെന്റ് വച്ചത്. കാര്യങ്ങളാകെ മാറിമറിഞ്ഞപ്പോൾ ഷെയ്ക്കിന്റെ അഭിഭാഷകൻ ഇവിടെവന്ന് ഇതുസംബന്ധിച്ച് അവർക്ക് ചില നടപടികൾ സ്വീകരിക്കേണ്ടിവരുമെന്ന് പറഞ്ഞിരുന്നു. ഇത് വിജിലൻസിന് അയച്ചിരിക്കുകയാണ്. കെ.എസ്.ഐ.ഇ.-യുടെ പേരിൽ മണലിറക്കാനായി കരാർ തരാമെന്നുപറഞ്ഞ് തൃശ്ശൂരിലുള്ള ഒരു വ്യക്തിയിൽനിന്നും ശ്രീ. സജി ബഷീർ 75 ലക്ഷം രൂപ വാങ്ങി. ആ പരാതിയും വിജിലൻസിന് അയച്ചിരിക്കുകയാണ്. ബഹുമാന്യനായ വി. എസ്. അച്യുതാനന്ദൻ കടവന്ത്രയിലുള്ള സിഡ്കോയുടെ ഭൂമിയെക്കുറിച്ച് ഉന്നയിച്ച സബ്മിഷന് ഞാൻ അന്ന് മറുപടി പറഞ്ഞിരുന്നു. 100 കോടി രൂപയിലധികം വിലവരുന്ന ഭൂമി തട്ടിയെടുത്ത ശ്രീ. സജി ബഷീറിനെയാണ് സംരക്ഷിച്ചുകൊണ്ടിരിക്കുന്നത്. ഇതുസംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിനായി ഞങ്ങൾ ഫയൽ കൊടുത്തിരിക്കുകയാണ്. ഇങ്ങനെയുള്ളവരാണ് എം.ഡി.-മാർ. അവരെക്കുറിച്ച് അന്വേഷിച്ച് ഒഴിവാക്കേണ്ടവരെ ഒഴിവാക്കാൻ തന്നെയാണ് റിയാബ്-നെ ചുമതലപ്പെടുത്തിയത്. ഇവിടെയുള്ള എക്സ്പെർട്ടുകൾ ഇന്റർവ്യൂ നടത്തി തയ്യാറാക്കിയിട്ടുള്ള പാനലിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയത്. ഒരാളെയും നിയമവിരുദ്ധമായി നിയമിച്ചിട്ടില്ല. നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ടുതന്നെയാണ് നിയമിച്ചിട്ടുള്ളത്. നിങ്ങൾ എന്ത് ബഹളമാണ് ഉണ്ടാക്കിയത്; ഞാൻ രാജിവച്ചത് എന്തു

കൊണ്ടാണെന്ന് നിങ്ങൾ ചോദിക്കുന്നുണ്ടാവും. നിങ്ങൾ ചിന്തിക്കുന്നതുപോലെയല്ല ഞാൻ ചിന്തിക്കുന്നത്. എന്റെ രാഷ്ട്രീയവും മുന്നണിയും പാർട്ടിയുമെല്ലാം ഉയർന്നുചിന്തിക്കുന്നതുപോലെ ഞാനും ചിന്തിച്ചു. ഈ നാടിനെ തകർക്കാൻ ശ്രമിക്കുന്ന ശക്തികൾക്കുവേണ്ടി, കേരളത്തിന്റെ വ്യവസായത്തെ തകർക്കാൻ ശ്രമിക്കുന്നവർക്കുവേണ്ടി മാധ്യമങ്ങളെല്ലാം രംഗത്തിറങ്ങിയിരിക്കുകയാണ്. രണ്ടാഴ്ച ഇവിടത്തെ ദൃശ്യമാധ്യമങ്ങളിൽ എന്തെങ്കിലുമൊരു വാർത്തയുണ്ടായിരുന്നോ? ഇന്ദിരാഗാന്ധി വെടിയേറ്റ് മരിച്ചപ്പോൾ എന്നതുപോലെ പതിനാല് ദിവസമായി ഇവിടത്തെ പത്രങ്ങളിൽ മറ്റെന്തെങ്കിലും വാർത്ത ഉണ്ടായിരുന്നോ? നിങ്ങൾ ആലോചിക്കണം, ചിന്തിക്കുന്നവർ ചിന്തിക്കട്ടെ. കേരളത്തിന്റെ ചരിത്രത്തിൽ ഇങ്ങനെയുണ്ടായിട്ടുണ്ടോ; എന്തിനാണ് ഇങ്ങനെ വേട്ടയാടിയത്? സത്യത്തിനും നീതിക്കും വേണ്ടിയാണോ; അഴിമതിക്കെതിരായ നടപടിയാണോ; എന്തിനു വേണ്ടിയാണ് ഇങ്ങനെ ചെയ്തത്? ഈ മാധ്യമങ്ങൾക്കുപിന്നിൽ ആരാണ് പ്രവർത്തിച്ചത്? എല്ലാ മാധ്യമങ്ങളിലും ഒരേ വാർത്തയല്ലേ വന്നത്, അത് തയ്യാറാക്കിക്കൊടുക്കുകയല്ലേ ചെയ്തത്. നമ്മുടെ വ്യവസായത്തെ കൊള്ളയടിക്കുന്ന കേരളത്തിലും പുറത്തുമുള്ള വൻതോക്കുകൾ കേരളത്തിന്റെ സമ്പത്ത് തട്ടിയെടുക്കാൻ ശ്രമിച്ചപ്പോൾ അതിന് ഈ ഗവൺമെന്റ് കൂട്ടുനിൽക്കില്ലെന്നും എന്നെ സ്വാധീനിക്കാൻ കഴിയില്ലെന്നുമുള്ള സാഹചര്യമുണ്ടായപ്പോൾ രണ്ടും കൽപ്പിച്ച് പുറപ്പെട്ടു. എനിക്ക് ഭീഷണിയുണ്ടായിരുന്നു. ഞാനത് പറഞ്ഞുനടക്കാറില്ല. അകത്തുനിന്നും പുറത്തുനിന്നും ഭീഷണിയുണ്ടായിരുന്നു. എന്നുവച്ചാൽ രാജ്യത്തിനകത്തുനിന്നും വിദേശത്തുനിന്നും എന്നാണ് ഉദ്ദേശിച്ചത്. ശ്രീ. വി. ഡി. സതീശനും ശ്രീ. പി. ടി. തോമസ്സിനും ഇത്തരത്തിൽ എന്തെങ്കിലുമുണ്ടായാൽ രക്ഷയുണ്ടാകില്ലെന്ന് മുൻ വ്യവസായ വകുപ്പുമന്ത്രിക്ക് അറിയാമായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. മുമ്പ് പലരും ഇങ്ങനെ ചെയ്യാൻ ഭയന്നിട്ടുണ്ട്. ഏതെല്ലാം തരത്തിലുള്ള ഭീഷണിപ്പെടുത്തലുകളാണുണ്ടായത്. ഇത്തരം ഭീഷണികൾക്കുമുന്നിൽ തലകുനിക്കില്ല, ഇനി തലകുനിക്കാൻ തയ്യാറാകില്ല.

ഇവിടെ എനിക്കെതിരെ ഉന്നയിച്ച ആരോപണം, നിയമവും ചട്ടവും അനുസരിച്ച് യോഗ്യതയുള്ള ആളെയാണ് നിയമിച്ചത്. ഒരു ചെറുപ്പക്കാരന് ജോലിക്ക് അപേക്ഷ കൊടുക്കാൻ അവകാശമില്ലേ? നിങ്ങളുടെ സഹോദരന് ജോലിക്കായി അപേക്ഷ കൊടുക്കാൻ അവകാശമില്ലേ; കൊടുത്തിട്ടില്ലേ, വാങ്ങിയിട്ടില്ലേ? അപേക്ഷ കൊടുത്തതിന് നിങ്ങൾ എത്രമാത്രമാണ് ആക്ഷേപിച്ചത്? കെ.എസ്.ഐ.ഇ.-യിൽ നിയമവിധേയമായി, വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ അനുമതി കിട്ടുന്നതുവരെ പ്രത്യേക നിബന്ധനകൾക്ക് വിധേയമായി നിയമിച്ചു. ആ നിയമനം 1-ാം തീയതി കൊടുത്തു. വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ അനുമതിക്കായി നേരത്തെ അയച്ചതാണ്. വിജിലൻസ് റിപ്പോർട്ട് കാത്തിരിക്കുകയാണ്. കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, ടെക്സ്റ്റൈൽ രംഗം, ഹാന്റിക്രാഫ്റ്റ് എന്നിവിടങ്ങളിലെ നിയമനത്തിന് എം.ടെക്

യോഗ്യത ആവശ്യമില്ല. കെ.എസ്.ഐ.ഇ. എന്നുപറയുന്നത് മൂന്ന് ഏജൻസികളുടെ സാധനം ചുമട്ടുകാരെക്കൊണ്ട് എടുപ്പിച്ച് പരിശോധന നടത്തി ബിൽ എഴുതിക്കൊണ്ടു പോകുന്നതും ചുമട്ടുപണി എടുപ്പിക്കുകയും ചെയ്യുന്ന കാർഗോ ക്ലിയറൻസ് സ്ഥാപനമാണ്. ഇത് വലിയ സ്ഥാപനമൊന്നുമല്ല. ഇങ്ങനെയുള്ള കുറേ സ്ഥാപനങ്ങളുണ്ട്. കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിൽ ഇപ്പോൾ എം. ഡി. സ്ഥാനത്തിരിക്കാൻ ആളില്ല. റിയാബിന്റെ പാനലിലും ആളില്ല. ഉള്ള പാനൽവച്ച് അർഹരായവരെയെല്ലാം നിശ്ചയിച്ചു. ഇരുപതോളം വരുന്ന എം.ഡി.-മാരുടെ കഴിവുകൾ പരിശോധിച്ചപ്പോൾ അവർ ഈ ചുമതല നിർവഹിക്കാൻ പ്രാപ്തരല്ലാത്തതിനാൽ പകരം ആളെ നിയമിച്ചു. അതെല്ലാം വിശദമായി പഠിച്ച് റിയാബ്-ന്റെതന്നെ നിർദ്ദേശങ്ങൾക്ക് വിധേയമായാണ് പ്രവർത്തിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയത്. 1-ാം തീയതി നിയമനം നൽകിയെങ്കിലും അദ്ദേഹം മറ്റൊരു കമ്പനിയിൽ ജോലി ചെയ്യുന്നതിനാൽ ജോലിയിൽ പ്രവേശിക്കുന്നതിന് സമയം നീട്ടിനൽകണമെന്ന് ആവശ്യപ്പെട്ടു. സമയം നീട്ടിനൽകാൻ കഴിയില്ല, ഈ സ്ഥാപനങ്ങളിൽ ഭരണസ്തംഭനം ഉണ്ടാകരുതെന്നുള്ളതുകൊണ്ടാണ് ഇങ്ങനെയൊരു നിലപാട് സ്വീകരിച്ചത്. ഇതൊന്നും ഐ.എ.എസ്.-കാരെ ഏൽപ്പിക്കാൻ കഴിയുന്ന പോസ്റ്റുകളല്ല. സമയം നീട്ടിത്തരാൻ കഴിയില്ലെന്നുപറഞ്ഞ് അപ്പോൾത്തന്നെ അത് റദ്ദുചെയ്തു. ഇതാണ് നിങ്ങൾ എന്നെ ആക്രമിക്കാൻ ഉപയോഗിച്ചത്. ഏതെങ്കിലും നിയമത്തിന്റെയും ചട്ടങ്ങളുടെയും കീഴ്‌വഴക്കങ്ങളുടെയും ലംഘനമുണ്ടായിട്ടുണ്ടോ? നിങ്ങൾ എങ്ങനെയാണ് നിയമനം നടത്തിയത്? നിയമിക്കാൻ നിങ്ങൾക്ക് അധികാരമുണ്ട്. അതുകൊണ്ടാണ് നിങ്ങളുടെ ബന്ധുക്കളെക്കുറിച്ച് ഞാൻ പറയാത്തത്.

രണ്ടാമത് നിങ്ങൾ ഉന്നയിച്ച ആരോപണം, കണ്ണൂരിലുള്ള കേരള ക്ലേയ്സ് ആന്റ് സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡുമായി ബന്ധപ്പെട്ടതാണ്. കേരള ക്ലേയ്സ് ആന്റ് സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡിലെ നിയമനവുമായി ഗവൺമെന്റിന് ബന്ധമില്ല. ഈ സ്ഥാപനം ഒന്നര വർഷമായി പൂട്ടിയിരിക്കുകയാണ്. ആ കമ്പനി മറ്റൊരു കമ്പനിയായി മാറ്റി അവിടത്തെ എല്ലാ തൊഴിലാളികൾക്കും ജോലി കൊടുക്കാൻ ആവശ്യമായ പുതിയൊരു സംവിധാനം ഏർപ്പെടുത്തുകയാണ് ചെയ്തത്. ആയിരം പശുക്കളുടെ ഡയറി ഫാമുണ്ടാക്കി അതുമായി ബന്ധപ്പെട്ട് വലിയ പ്രോജക്ട് തയ്യാറാക്കി അതിനെ സംരക്ഷിക്കാൻ കമ്പനി രൂപീകരിച്ച് പ്രവർത്തിച്ചു വരികയാണ്. ഇപ്പോഴുള്ള ക്ലേ ആന്റ് സെറാമിക്സ് മൂന്ന് മാസമേ ഉണ്ടാവുകയുള്ളൂ. ഇന്ന് നിലവിലുള്ള ആസ്തിയും കാര്യങ്ങളും മനസ്സിലാക്കിയാണ് ക്ലേ ആന്റ് സെറാമിക്സ് പ്രവർത്തിക്കേണ്ടത്. അതിന്റെ മാനേജർ മൂന്ന് മാസത്തേയ്ക്ക് ലീവിൽ പോയി. അവിടെയുള്ള ജീവനക്കാരെ നിയമിച്ചപ്പോഴുണ്ടായിരുന്ന എല്ലാ മാനദണ്ഡങ്ങളും തന്നെയാണ് ഇപ്പോഴും പാലിച്ചത്. ലോക്കലായി അപേക്ഷ ക്ഷണിച്ച് അതിന്റെ

അടിസ്ഥാനത്തിൽ അവർതന്നെ ഇന്റർവ്യൂ നടത്തി മൂന്ന് മാസത്തേക്ക് ആ കമ്പനിയിൽ മാനേജരെ നിയമിച്ചു. ഞാൻ നിങ്ങളുടെ കാര്യങ്ങളൊക്കെ പറയാം. ഇനിയും ദിവസങ്ങളുണ്ടല്ലോ. എല്ലാവരുടെ കാര്യവും പറഞ്ഞുതരാം.

മി. സ്പീക്കർ: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം.

10.00 AM]

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞാൻ നിയമിച്ചുവെന്നുപറഞ്ഞല്ലേ നിങ്ങൾ ബഹളം ഉണ്ടാക്കുന്നത്? ഞാൻ എങ്ങനെയാണ് നിയമിക്കുന്നത്; എന്റെ മുമ്പിൽ വരേണ്ട കാര്യമില്ല. ഈ ഗവൺമെന്റിനെ കളങ്കപ്പെടുത്തുകയെന്നുള്ളതാണ് ഇതിന്റെയൊക്കെ ലക്ഷ്യം. സ്വാശ്രയ പ്രശ്നത്തിന്റെ പേരിൽ പ്രതിപക്ഷം തലകുത്തിവീണു. തലയുയർത്തിനടക്കാൻ നാണക്കേടായ നിങ്ങൾ കണ്ടുപിടിച്ച മാർഗ്ഗമാണ് ഈ ഗവൺമെന്റിനെ ആക്രമിക്കുകയെന്നുള്ളത്. അതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ആക്രമിക്കണം. വ്യവസായ വകുപ്പുമന്ത്രി വ്യവസായ വകുപ്പിൽ നിന്നും മാറണമെന്നുള്ളതായിരുന്നു നിങ്ങളുടെ പ്രധാന ഡിമാന്റ്. അതുതന്നെയായിരുന്നു മാഫിയ സംഘത്തിന്റെ ആവശ്യവും. അതിനുവേണ്ടിയാണ് നിങ്ങൾ പ്രവർത്തിച്ചതും മുഖ്യമന്ത്രിയെ ആക്ഷേപിച്ചതും. കേരളത്തിന്റെ ഭരണരംഗത്ത് സംശുദ്ധമായ ഭരണം നടപ്പിലാക്കാൻ അങ്ങേയറ്റം പോരാടിക്കൊണ്ടിരിക്കുന്ന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നടന്നുപോയ വഴിയേ നിങ്ങൾക്ക് നടക്കാൻ കഴിയില്ല, അതിന് നിങ്ങൾ ഒരിക്കൽക്കൂടി ജനിക്കണം. അത്തരത്തിലുള്ള മുഖ്യമന്ത്രിയെ കളങ്കപ്പെടുത്താനും ചെളിവാരി എറിയാനും നിങ്ങൾ ഉപയോഗിക്കുന്ന വഴിയാണിത്. ചരിത്രം നിങ്ങൾക്ക് മാപ്പുതരില്ല. നിങ്ങൾ നടത്തിയിട്ടുള്ള ഈ വ്യായാമം കേരളത്തിന്റെ പൊതുസമ്പത്ത് കൊള്ളയടിക്കുന്ന മാഫിയാ സംഘത്തിനു വേണ്ടിയാണ്. മാധ്യമങ്ങൾക്ക് പണംകൊടുത്താണ് നിങ്ങൾ ഇത്തരം പ്രചാരവേല സംഘടിപ്പിച്ചത്. ഇത്തരത്തിൽ തെറ്റായ നടപടി സ്വീകരിച്ച് കീഴ്പ്പെടുത്താമെന്ന് നിങ്ങൾ കരുതണ്ട.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. പി. ടി. തോമസ്: സർ, .....

ശ്രീ. ഇ. പി. ജയരാജൻ: ശ്രീ. പി. ടി.. തോമസ്, നിങ്ങൾക്ക് അസഹിഷ്ണുതയുണ്ടാകും. നിങ്ങളുടെ ചരിത്രം വേണമെങ്കിൽ ഞാൻ പറയാം. ഇപ്പോൾ അതിലേക്ക് കടക്കുന്നില്ല. ഇനിയും നമ്മൾ ഈ വേദിയിൽത്തന്നെ ഉണ്ടല്ലോ. തത്വാധിഷ്ഠിത നിലപാടും ഉന്നതമായ മൂല്യവും ഉയർത്തിപ്പിടിക്കുന്നതിന്റെ ഭാഗമായി, മാധ്യമങ്ങൾകൂടി ആക്രമിക്കുന്ന ഇന്നത്തെ നിലയിൽ സംശുദ്ധമായ ഭരണത്തെ കളങ്കപ്പെടുത്താനുള്ള നീക്കമായതിനാൽ ഞാൻ സ്വമേധയാ മുഖ്യമന്ത്രിയോട്

രാജിവയ്ക്കാൻ അനുവദിക്കണമെന്നപേക്ഷിച്ചു. അദ്ദേഹം സമ്മതം നൽകുകയും ഞാൻ രാജി സമർപ്പിക്കുകയും ചെയ്തു. ഞാൻ നീതിക്കുവേണ്ടിയും വ്യവസായത്തെ സംരക്ഷിക്കാനുമാണ് പോരാടിയിട്ടുള്ളത്. വ്യവസായത്തെ തകർത്തുകൊണ്ടിരിക്കുന്ന മാഫിയകൾക്കെതിരെ ഇനിയും പോരാടുകയും പ്രവർത്തിക്കുകയും ചെയ്യും. ബാഹ്യശക്തികളാണ് എം.ഡി.-മാരെ നിയമിച്ചിരുന്നതും വ്യവസായത്തെ നയിച്ചിരുന്നതും. അവർക്ക് എൻട്രിയില്ലാത്ത സാഹചര്യം ഞാൻ സൃഷ്ടിച്ചിട്ടുണ്ട്. കേരളത്തിന്റെ താൽപ്പര്യം ഉയർത്തിപ്പിടിച്ചുവെന്ന അന്തസ്സോടെ, അഭിമാനത്തോടെ ഞാൻ മന്ത്രിസ്ഥാനം വിടാൻ ഇടയായിട്ടുണ്ടെന്ന് അങ്ങയേയും സഭയേയും അറിയിക്കാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: എന്താണ് അങ്ങ് ഉദ്ദേശിക്കുന്നത്, പോയിന്റ് ഓഫ് ഓർഡറാണോ?

ശ്രീ. പി. ടി. തോമസ്: സർ, എന്റെ മകനുണ്ടായ ആക്സിഡന്റുകാരണം കഴിഞ്ഞ ഒരുമാസമായി നിയമസഭയിൽപ്പോലും വരാൻ കഴിയാതെ ഞാൻ ബാംഗ്ലൂരിലെ ഒരാശുപത്രിയിലായിരുന്നു. എന്തുകൊണ്ടാണ് ശ്രീ. ഇ. പി. ജയരാജൻ അദ്ദേഹത്തിന്റെ രാജിയുമായി ബന്ധപ്പെട്ട് എന്റെ പേര് വലിച്ചിഴച്ചതെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്.... ഇരിക്കു.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ കേരളത്തിൽപ്പോലും ഉണ്ടായിരുന്നില്ല.

ശ്രീ. ഇ. പി. ജയരാജൻ: സർ, അങ്ങ് അവിടെയിരുന്ന് എന്നെ പരിഹസിക്കുകയായിരുന്നു.

മി. സ്പീക്കർ: വളരെ ദൗർഭാഗ്യകരമാണ്. പ്ലീസ്.... അങ്ങ് ഇരിക്കു, അങ്ങ് പരിഹസിച്ചുകൊണ്ട് പറഞ്ഞതാണെന്ന് പറഞ്ഞല്ലോ.

ശ്രീ. പി. ടി. തോമസ്: സർ, എന്റെ പേര് പരാമർശിച്ചുകൊണ്ട് എനിക്ക് വ്യക്തിപരമായ എക്സ്പ്ലനേഷൻ നടത്തണം.

## IV ക്രമപ്രശ്നം

### അടിയന്തരപ്രമേയത്തിന് അനുവാദം നൽകുന്നത് സംബന്ധിച്ച്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, റൂൾ 64-ന് ഡിബേറ്റില്ല. അത് മാൻഡേറ്ററിയാണ്. ചട്ടപ്രകാരം വ്യക്തിപരമായ എക്സ്പ്ലനേഷൻ പിന്നീട് എഴുതിക്കൊടുക്കാവുന്നതാണ്.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ എഴുതിത്തരാം.

മി. സ്പീക്കർ: അങ്ങ് എഴുതിത്തന്നാൽ മതി. ശ്രീ. എ. കെ. ബാലൻ, പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കൂ.

ശ്രീ. എ. കെ. ബാലൻ: സർ, അടിയന്തരപ്രമേയാവതരണത്തിനുള്ള അനുമതി അങ്ങ് കൊടുത്തുകഴിഞ്ഞു. അതിനുമുമ്പ് ക്രമപ്രശ്നം ഉന്നയിക്കാൻ ഞാൻ എഴുതിത്തന്നിരുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആ ബിസിനസ് കഴിഞ്ഞതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഇല്ല. ഈ ബിസിനസ് കഴിഞ്ഞേയുള്ളൂ.

മി. സ്പീക്കർ: ക്രമപ്രശ്നം ഉന്നയിക്കാൻ അനുവാദം കൊടുക്കാനുള്ള അവസരമെങ്കിലും ചെയറിന് നൽകണം; അത് ചെയർ തീരുമാനിക്കും.

ശ്രീ. എ. കെ. ബാലൻ: സർ, ഏതവസരത്തിലും ക്രമപ്രശ്നം ഉന്നയിക്കാനുള്ള അധികാരം എനിക്കുണ്ട്. ക്രമപ്രശ്നം ഉന്നയിക്കാനുള്ള അധികാരം നിഷേധിക്കാൻ ബഹുമാനപ്പെട്ട സഭയ്ക്ക് കഴിയില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അടുത്ത സബ്ജക്ട് എടുത്തുകഴിഞ്ഞു.

ശ്രീ. എ. കെ. ബാലൻ: സർ, ഒരു ബിസിനസ് കഴിഞ്ഞ് അടുത്തതിലേക്ക് പോകുന്നതിനുമുമ്പാണ് ക്രമപ്രശ്നം ഉന്നയിക്കേണ്ടത്.

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ അനുവദിക്കുന്നതിനുള്ള അവകാശമെങ്കിലും തരൂ. പ്ലീസ്, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് ഇരിക്കൂ. ശ്രീ. എ. കെ. ബാലൻ, അങ്ങ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കൂ.

ശ്രീ. എ. കെ. ബാലൻ: റൂൾ 64 കഴിഞ്ഞ് അടുത്തതിലേക്ക് പോകുന്നതിനുമുമ്പാണ് ഞാൻ റൂൾ 307 invoke ചെയ്യുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനവുമായി ബന്ധപ്പെട്ട് ശ്രീ. രമേശ് ചെന്നിത്തലയും ബി. ജെ. പി. നേതാക്കളായ ശ്രീ. വി. മുരളീധരനും ശ്രീ. കെ. സുരേന്ദ്രനും 8-10-2016-ന് വിജിലൻസ് ഡയറക്ടർക്ക് കത്ത് കൊടുത്തിരുന്നു. പ്രാഥമികമായ അന്വേഷണം നടത്തി എഫ്.ഐ.ആർ. കൊടുക്കണമെന്നാണ് ആ കത്തിൽ ആവശ്യപ്പെട്ടത്. അതിന്റെ അടിസ്ഥാനത്തിൽ പ്രാഥമികാന്വേഷണം നടത്താനുള്ള വിജിലൻസ് ഡയറക്ടറുടെ തീരുമാനം സംശയത്തിന്റെമുന മുഖ്യമന്ത്രിയിലേയ്ക്ക് നീങ്ങാൻ വഴിതെളിയിക്കുന്നുവെന്നും ഈ അസാധാരണമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുമാണ്

അടിയന്തരപ്രമേയ നോട്ടീസിൽ കൊടുത്തിരിക്കുന്നത്. ഇവർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർ quick verification തുടങ്ങിക്കഴിഞ്ഞു. റൂൾ 52(v) പ്രകാരം 'പ്രമേയത്തിൽ വാദങ്ങളോ അഭ്യൂഹങ്ങളോ, വ്യാജോക്തികളോ ആരോപണങ്ങളോ അപകീർത്തികരമായ പ്രസ്താവനകളോ ഉണ്ടായിരിക്കാൻ പാടില്ലാത്തതും...' എന്നുപറയുന്നുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ അടിയന്തരപ്രമേയത്തിന് അനുവാദം നൽകുന്നത് ചട്ടപ്രകാരമല്ല. 12 ലക്ഷംവരുന്ന റബ്ബർ കൃഷിക്കാരുടെ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ശ്രീ. കെ. എം. മാണിയുടെ പ്രമേയത്തിനപ്പുറം സംശയത്തിന്റെ ആനുകൂല്യം നൽകി അഭ്യൂഹങ്ങളുടെ അടിസ്ഥാനത്തിൽ കൊണ്ടുവരുന്ന അടിയന്തരപ്രമേയം എങ്ങനെയാണ് റൂൾ 50 പ്രകാരം invoke ചെയ്യുന്നത്. ഇതിന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകണം.

## റൂളിംഗ്

മി. സ്പീക്കർ: റൂൾ 50 പ്രകാരമുള്ള നോട്ടീസിന്റെ വിശദീകരണത്തിൽ സംശയത്തിന്റെ അടിസ്ഥാനത്തിൽ സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന് പറയുന്നത് ആശാസ്യമല്ല എന്ന അഭിപ്രായം തന്നെയാണ് ചെയറിനുമുള്ളത്. കാരണം, റൂൾ 52 പ്രകാരമുള്ള വിശദീകരണക്കുറിപ്പിലാണ് അദ്ദേഹം അതെഴുതിത്തന്നിട്ടുള്ളത്. റൂൾ 52(v)-ൽ പറയുന്ന 'പ്രമേയത്തിൽ വാദങ്ങളോ അഭ്യൂഹങ്ങളോ, വ്യാജോക്തികളോ ആരോപണങ്ങളോ അപകീർത്തികരമായ പ്രസ്താവനകളോ ഉണ്ടായിരിക്കാൻ പാടില്ലാത്തതും വ്യക്തികളുടെ ഔദ്യോഗിക നിലയിലോ, പൊതുകാര്യ നിലയിലോ അല്ലാതെയുള്ള അവരുടെ സ്വഭാവത്തെയോ നടപടിയെയോ കുറിച്ച് പരാമർശിക്കാൻ പാടില്ലാത്തതുമാകുന്നു;' എന്നത് നോട്ടീസ് നൽകിയ ബഹുമാനപ്പെട്ട അംഗങ്ങളെ ഓർമ്മപ്പെടുത്തുകയാണ്. എന്നിരുന്നാലും നിലവിലുണ്ടായിട്ടുള്ള പൊതുവായ കാര്യങ്ങളെ സംബന്ധിച്ച് നോട്ടീസിൽ പരാമർശിച്ചതിന്റെ അടിസ്ഥാനത്തിൽ അതുസംബന്ധിച്ച നടപടികളുമായി മുന്നോട്ടുപോകാവുന്നതാണ്.

## അടിയന്തരപ്രമേയം (തുടർച്ച)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആക്ഷേപങ്ങളും അതേത്തുടർന്നുള്ള വിവാദങ്ങളുമാണ് ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള വിഷയം. ഇക്കാര്യത്തിൽ വകുപ്പുമന്ത്രിയായിരുന്ന ബഹുമാന്യനായ ഇ. പി. ജയരാജൻതന്നെ പ്രസ്താവന നടത്തിക്കഴിഞ്ഞിരിക്കുകയാണ്. ഇക്കാര്യത്തിൽ വിജിലൻസ് കോടതി മുമ്പാകെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റേതുൾപ്പെടെയുള്ള പരാതികൾ ഉണ്ടായിട്ടുണ്ട്. മുൻ ഗവൺമെന്റിന്റെ കാലത്തെ നിയമനത്തെയും ഇപ്പോഴത്തെ നിയമനത്തെയും

സംബന്ധിച്ചതാണ് പരാതികൾ. വിജിലൻസിന്റെയും വിജിലൻസ് കോടതിയുടെയും പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ അതിന്റെ മെറിറ്റിലേയ്ക്ക് ഞാൻ കടക്കുന്നില്ല. വിജിലൻസ് ഡയറക്ടർ മുഖ്യമന്ത്രിയെ രഹസ്യമായി കണ്ടുവെന്ന വാദമാണ് പ്രമേയത്തിലുള്ളത്. ഒരു മന്ത്രിയുടെ വകുപ്പിനുകീഴിലുള്ള ഉദ്യോഗസ്ഥർക്ക് ഏതുസമയത്തും മന്ത്രിയെ കാണാമെന്നത് സാധാരണ നടക്കുന്ന കാര്യമാണ്. അതുപോലും ദുരൂഹമെന്ന് വാദിക്കുന്നത് ഭരണനടപടികളെ സംബന്ധിച്ചുള്ള ധാരണയില്ലാത്തതുകൊണ്ടാണെന്ന് പറയാൻ സാധിക്കില്ല. വിവാദത്തിന്റെ പശ്ചാത്തലത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉന്നതതല നിയമനങ്ങൾ സംബന്ധിച്ച് 13-10-2016-ൽ ചേർന്ന മന്ത്രിസഭ ചർച്ചചെയ്യുകയും ചില തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

(1) പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉന്നതതല ഉദ്യോഗസ്ഥ നിയമനങ്ങളെ സംബന്ധിച്ച ആക്ഷേപങ്ങളിൽ സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

(2) പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉന്നതതല നിയമനങ്ങൾക്ക് വിജിലൻസ് ക്ലിയറൻസ് നിർബന്ധമാക്കാനും കർശനമായി പാലിക്കാനും തീരുമാനിച്ചു.

(3) പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ തുടങ്ങിയ ഉന്നതതല നിയമനങ്ങൾക്ക് ദേശീയതലത്തിൽ അംഗീകാരമുള്ള സാങ്കേതിക വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തി അവരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചു.

(4) നിയമനങ്ങളിൽ സുതാര്യതയും നിഷ്പക്ഷതയും ഉറപ്പുവരുത്തി പ്രൊഫഷണലുകളെ നിയമിക്കുന്നതിന് നിയമനിർമ്മാണം നടത്താൻ തീരുമാനിച്ചു.

ഇത്തരത്തിൽ നാല് പ്രധാനപ്പെട്ട തീരുമാനങ്ങൾ കഴിഞ്ഞ മന്ത്രിസഭായോഗം എടുത്തിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ കമ്പനീസ് ആക്ട് അനുസരിച്ച് പ്രവർത്തിക്കുന്നവയാണ്. ഇവിടെ ആക്ഷേപിക്കപ്പെട്ടിട്ടുള്ള കെ.എസ്.ഐ.ഇ.-യുടെ അംഗീകരിച്ചിട്ടുള്ള ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിലെ വകുപ്പ് 15 (1) പ്രകാരം കെ.എസ്.ഐ.ഇ.-യിലെ ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ ഒരാളെ മാനേജിംഗ് ഡയറക്ടറായി നിയമിക്കുന്നതിനുള്ള പൂർണ്ണ അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. അതാണ് മുൻ വ്യവസായ വകുപ്പുമന്ത്രി ബഹുമാന്യനായ ഇ. പി. ജയരാജൻ നേരത്തെ ഇവിടെ പ്രസ്താവിച്ചത്. 'The Governor may appoint one of the Directors to be Managing Director on such terms and conditions and on such remuneration as he may think fit' എന്നാണ് ആർട്ടിക്കിൾസ് ഓഫ്

അസോസിയേഷനിൽ പറയുന്നത്. 'The Managing Director shall hold office during the pleasure of the Governor' എന്നും പറയുന്നുണ്ട്. റൂൾസ് ഓഫ് ബിസിനസ് അനുസരിച്ച് ബന്ധപ്പെട്ട വകുപ്പുമന്ത്രിക്കാണ് നിയമനാധികാരം. മുഖ്യമന്ത്രിയുടെ പരിഗണനയ്ക്ക് വരേണ്ട ആവശ്യമില്ല; വന്നിട്ടുമില്ല. ഇതാണ് വസ്തുത എന്നിരിക്കെ ആ നിലയ്ക്കുള്ള ആക്ഷേപങ്ങൾക്കൊന്നും യാതൊരു അടിസ്ഥാനവുമില്ല. ഇവിടെ ഒരു കാര്യം ആവർത്തിച്ചുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആക്ഷേപങ്ങളോടുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നിലപാടും യു.ഡി.എഫ്. ഗവൺമെന്റിന്റെ നിലപാടും തീർത്തും വ്യത്യസ്തമാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മന്ത്രിമാർക്കെതിരെ ഒട്ടേറെ അഴിമതി ആരോപണങ്ങൾ ഉന്നയിക്കപ്പെട്ട അനുഭവം നമ്മുടെ മുന്നിലുണ്ട്. ആ കാലത്ത് തെളിവില്ലെന്നായിരുന്നു ഒരു ഭാഗത്തെ മറുപടി. തെളിവ് കാണിക്കുമ്പോൾ നിയമം നിയമത്തിന്റെ വഴിക്കുപോകുമെന്നായിരുന്നു പറഞ്ഞത്. നിയമം എതിരാകുമ്പോൾ കോടതി എല്ലാം തീരുമാനിക്കട്ടെ എന്നായിരുന്നു മറുപടി. കോടതി കുറ്റക്കാരനെന്ന് വിധിച്ചാലോ ജനകീയ കോടതിയിലാണ് എനിക്ക് വിശ്വാസം എന്നായിരുന്നു നിലപാട്. ജനങ്ങൾ എതിരായാലോ മനഃസാക്ഷിയുടെ ശക്തിയിലാണ് വിശ്വാസം എന്നായിരുന്നു നിലപാട്. ഇത്തരത്തിലുള്ള ഒരു നിലപാടും എൽ.ഡി.എഫ്.-ന് ഇല്ല. അതുകൊണ്ടു തന്നെ സഭ നിർത്തിവച്ച് ചർച്ച ചെയ്യത്തക്ക ഒരു അടിയന്തര സ്വാഭാവവും ഇതിനകത്തില്ല.

ശ്രീ. വി. ഡി. സതീശൻ:സർ, അഴിമതിക്കെതിരായി കുരിശുയുദ്ധം പ്രഖ്യാപിച്ച് അധികാരത്തിൽവന്ന പിണറായി സർക്കാർ 100 ദിവസത്തിനകം നടത്തിയ അഴിമതികളുടെ പരമ്പര പുറത്തുവന്നപ്പോൾ മന്ത്രിസഭയിലെ രണ്ടാമൻ കാലിടറി വീണു.....(ബഹളം).... ഇത് ശരിയല്ല.

*Mr. Speaker*: Please keep silence. അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, വ്യവസായ വകുപ്പുമന്ത്രി രാജിവച്ചു. ഇന്നദ്ദേഹം നടത്തിയ പ്രസംഗം കേട്ടപ്പോൾ എനിക്ക് വളരെ പ്രയാസം തോന്നി. 'ദുഷ്ടന്മാർ, കൊള്ളക്കാർ, വ്യവസായ ലോബികൾ, മാഫിയകൾ, മാധ്യമങ്ങൾ എല്ലാവരുംചേർന്ന് എന്നെ സ്വാധീനിക്കാൻ ശ്രമിച്ചപ്പോൾ ഞാൻ ആ സ്വാധീനത്തിന് വഴങ്ങിയില്ല' എന്നാണ് അദ്ദേഹം പറഞ്ഞത്. അവരുടെയെല്ലാം സ്വാധീനത്തിന് വഴങ്ങിയത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണെന്ന് പറയാതെ ശ്രീ. ഇ. പി. ജയരാജൻ ഒഴിഞ്ഞു. ഇത്രയും വിശദീകരണം നൽകാൻ ആ പാവത്തിന് ക്യാബിനറ്റിൽ ഒരവസരം കൊടുക്കേണ്ടതായിരുന്നില്ലേ; സംസ്ഥാന സെക്രട്ടേറിയറ്റിലൊരവസരം ഈ പാവത്തിന് കൊടുക്കുമോ; ഈ കാര്യങ്ങളെല്ലാം

വിശദീകരിച്ച് അദ്ദേഹത്തിന്റെ നിഷ്കളങ്കത തെളിയിക്കാനുള്ള ഒരവസരം അങ്ങ് കൊടുത്തോ? ഇപ്പോൾ രാജിവയ്പിക്കാൻ എടുത്ത തീരുമാനത്തിന്റെ പേരിൽ അങ്ങ് വീരവാദം മുഴക്കുമ്പോൾ ഇവിടെ നടന്ന പിന്നാമ്പുറ നാടകങ്ങൾക്ക് തിരശ്ശീല വീഴ്ത്തികൊണ്ട് ആ കാര്യങ്ങൾ ജനങ്ങൾ അറിയാതിരിക്കാൻ ഓടിയൊളിക്കാനാണ് ശ്രമിക്കുന്നത്. രാജിവയ്പിക്കാതിരിക്കാൻ വേറെ നിവൃത്തിയില്ലാതെ വന്നപ്പോൾ ഇവിടെ മുഖ്യമന്ത്രിയും കൂട്ടരും അഴിമതിവിരുദ്ധരായി ചമയുകയാണ്. യഥാർത്ഥത്തിൽ മുഖ്യമന്ത്രി ഇപ്പോൾ വീണിടത്തുകിടന്ന് ഉരുളുകയാണ് ചെയ്യുന്നത്. മന്ത്രിയെ രാജിവയ്പിച്ചു. ഇവിടെ എന്താണ് നടന്നത്; റിയാബിന്റെ നടപടിക്രമങ്ങളുണ്ടായി. ജൂലൈ 15-ാം തീയതിക്കുമുമ്പായി ഉദ്യോഗാർത്ഥികളെ എല്ലാവരെയും വിളിച്ചു. അതിൽ പറഞ്ഞിരിക്കുന്ന ക്വാളിഫിക്കേഷൻ, 'the candidates should have Graduation in Engineering or equivalent or Post Graduation in Business Administration with good academic record from a recognized University or Institution. He should have atleast 15 years post qualification and experience of which, 5 years has to be at Senior Levels with independent charge of a reputed Organization or a division of a large Company'. അതായത്, പ്രഗത്ഭരെയും സാങ്കേതിക മികവുള്ളവരെയും പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് നിയമിക്കുന്നതിനായി 45-നും 55-നും വയസ്സിനിടയിലുള്ളവർ, ബി.ടെക്./ എം.ബി.എ. ബിരുദധാരികൾ, 15 വർഷത്തെ പ്രവർത്തന പരിചയമുള്ളവർ എന്നതായിരുന്നു ക്വാളിഫിക്കേഷൻ. ഏകദേശം നൂറുകണക്കിനാളുകൾ അപേക്ഷ അയയ്ക്കുകയും റിയാബ് 39 പേരെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും ചെയ്തു. അതിൽ നിന്ന് 17 പേരെയാണ് വ്യവസായ വകുപ്പ് മൊത്തമായി സെലക്ട് ചെയ്തത്. അതിൽ ആറുപേരെ മാത്രമാണ് റിയാബിന്റെ ലിസ്റ്റിൽനിന്ന് പോസ്റ്റ് ചെയ്തത്. ബാക്കി 11 പേർ റിയാബിൽപ്പോലും അപേക്ഷിക്കാത്ത ഉറ്റവരും ഉടയവരുമാണ്. എന്നിട്ടാണ് ഇവിടെവന്ന് ന്യായം പറയുന്നതും മുഖ്യമന്ത്രി ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ വായിക്കുന്നതും. പി.എസ്.യു.-വിന്റെ തലപ്പത്തിരിക്കുന്ന ആളുകളെ സംബന്ധിച്ച് റിയാബ് പരസ്യമായി ഓൺലൈനിൽ അപേക്ഷ ക്ഷണിച്ചതാണ്. എന്നിട്ട് കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ വായിക്കുകയാണ്. അതാണോ പ്രധാനപ്പെട്ട കാര്യം. നിങ്ങൾ നൂറുദിവസംകൊണ്ട് ചട്ടങ്ങളും നടപടിക്രമങ്ങളും കാറ്റിൽപ്പറത്തി നിയമിച്ച ബന്ധുക്കളുടെ ലിസ്റ്റ് വായിച്ചുതീർക്കാൻ എന്തായാലും ബഹുമാനപ്പെട്ട സ്പീക്കർ എന്നെ അനുവദിക്കില്ല. കാരണം, എനിക്ക് അനുവദിച്ച സമയം തികയാതെ വരും. നൂറുദിവസംകൊണ്ട് എത്രയാളുകളെയാണ് നിങ്ങൾ നിയമിച്ചത്? വ്യവസായ വകുപ്പിൽ മാത്രമാണോ, സർവ്വകലാശാലകളിൽ, ഹൈക്കോടതിയിൽ. ഞാൻ അതിലേക്ക് പിന്നീട് വരാം. എല്ലാ അധികാരങ്ങളും തന്നിൽ കേന്ദ്രീകരിച്ച് മന്ത്രിമാരെയും ഉദ്യോഗസ്ഥരെയും വിറപ്പിച്ചുനിർത്തുന്ന ഒരു

മുഖ്യമന്ത്രിയായിരുന്ന ശ്രീ. പിണറായി വിജയൻ. പക്ഷേ കുറച്ചുദിവസമായി നിഷ്കളങ്കനായ ഒരു മുഖ്യമന്ത്രി, ഒന്നും അറിയാത്ത ഒരു മുഖ്യമന്ത്രി. അധികാരത്തിന്റെ കേന്ദ്രബിന്ദുവായിരുന്ന മുഖ്യമന്ത്രി മാറി നിഷ്കളങ്കനായ മുഖ്യമന്ത്രിയായി. ഒരാളുടെ അപ്പോയിന്റ്മെന്റ് മാത്രം ഞാനിവിടെ വായിക്കാം. 'Sanction is accorded to the Managing Director KINFRA to appoint Sri. Nikhanth.U., Prasadam, Kizhakkumbhagam, Pinarayi, Kannur as Managing Director, KINFRA Export Promotion Industrial Parks Limited on contract basis.' ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനിച്ച ഗ്രാമത്തിൽനിന്ന് ഒരാളെ മാനേജിംഗ് ഡയറക്ടറായി നിയമിച്ചതും മുഖ്യമന്ത്രി അറിഞ്ഞില്ലായെന്ന് പറഞ്ഞാൽ കേരളത്തിൽ ആര് വിശ്വസിക്കും.....(ബഹളം)....

മി. സ്പീക്കർ : പ്ലീസ്.... ഇരിക്കൂ. അങ്ങ് സംസാരിക്കൂ. ശ്രീ. രാജേഷ്... ശ്രീ. ജെയിംസ് മാത്യു... ശ്രീ. വിജയദാസ്... ശ്രീ. ബാബു... പ്ലീസ്....

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ തെറ്റൊന്നും പറഞ്ഞില്ല. ഞാനൊരു ഗവൺമെന്റ് ഓർഡർ വായിച്ചതിന് ഇങ്ങനെ ബഹളമുണ്ടാക്കുന്നതെന്തിനാണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് നന്ദി പറയാനെങ്കിലും ആ മാനേജിംഗ് ഡയറക്ടർ വന്നുകാണില്ലേ? ഇതിന്റെയെല്ലാം നടപടിക്രമങ്ങൾ അറിയുമ്പോൾ മുഖ്യമന്ത്രി അറിഞ്ഞില്ല എന്ന വാദം സ്വീകരിക്കാൻ നമ്മുടെ സാമാന്യബോധത്തിന് നിരക്കുന്നതല്ല. മുഖ്യമന്ത്രി ഈ നിയമനങ്ങൾ അറിഞ്ഞിരുന്നുവെന്ന് തെളിയിക്കാൻ മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങൾ ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ....(ബഹളം)..... ഇതെന്താണ് സർ? Sir, I am on my legs. You have to protect me. ....(ബഹളം)....

മി. സ്പീക്കർ: നിങ്ങൾ എല്ലാപേരും ഇത് ചെയ്യാറുണ്ട്. ആരും ഇങ്ങനെ ചെയ്യാൻ പാടില്ലായെന്ന് ഞാൻ എപ്പോഴും പറയാറുണ്ട്. രണ്ടുഭാഗത്തുനിന്നും ഈ തകരാർ കാണാറുണ്ട്. ശ്രീ. രാജേഷ് ഇരിക്കൂ.... പ്ലീസ്.... ശ്രീ. നൗഷാദ്.... പ്ലീസ്...

ശ്രീ. വി. ഡി. സതീശൻ : സർ, ഞങ്ങൾ പറയാനുള്ള കാര്യങ്ങൾ പറഞ്ഞിട്ടേ പോവുകയുള്ളൂ. ഈ സഭയിലല്ലാതെ ഞങ്ങൾക്ക് പറയാൻ കഴിയില്ല. അങ്ങ് എനിക്ക് പ്രൊട്ടക്ഷൻ തരണം. മൂന്ന് കാര്യങ്ങളാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അത് നിങ്ങൾ കേൾക്കണം. ....(ബഹളം).... ഇനി മുതൽ പി.എസ്.യു.-വിന്റെ തലപ്പത്ത് നിയമിക്കുന്ന ആളുകളെക്കുറിച്ച് വിജിലൻസ് അന്വേഷണം നിർബന്ധമാക്കുമെന്ന് കഴിഞ്ഞ മന്ത്രിസഭായോഗം തീരുമാനിച്ചു എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ഇവിടെ ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞത്,

ഞാൻ നടത്തിയ എല്ലാ നിയമനങ്ങളും വിജിലൻസിന്റെ അറിവോടുകൂടിയും വിജിലൻസ് അന്വേഷിച്ച് അംഗീകരിച്ചതിനുശേഷവുമാണ് എന്നാണ്. പിന്നെ എന്തിനാണ് മന്ത്രിസഭ അങ്ങനെയൊരു തീരുമാനമെടുത്തത്? ....(ബഹളം)......... 9-11-2001-ന് പ്ലാനിംഗ് ഡിപ്പാർട്ടുമെന്റ് ഇതുപോലെ സർക്കുലർ ഇറക്കിയിട്ടുണ്ട്. സമയക്കുറവുമൂലം ഞാൻ അത് വായിക്കുന്നില്ല...........(ബഹളം).... കാര്യങ്ങൾ പറയുമ്പോൾ എന്തിനാണ് പേടിക്കുന്നത്? പറയുന്നത് കേൾക്കണം............. (ബഹളം).......ഈ സഭയുടെ ചരിത്രത്തിൽ ഇങ്ങനെ ബഹളം ഉണ്ടാക്കികൊണ്ടുള്ള ഒരു അടിയന്തരപ്രമേയാവതരണം ഉണ്ടായിട്ടില്ല. ഇത് ശരിയല്ല. ഇങ്ങനെ തടസ്സപ്പെടുത്തി സംസാരിപ്പിക്കാതിരിക്കുകയാണെങ്കിൽ ഈ സഭയിൽ ആരും സംസാരിക്കില്ല. 2001-ൽ ഇറക്കിയ സർക്കുലർ അനുസരിച്ച് പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയമനങ്ങൾക്ക് പ്രയറായിട്ടുള്ള വിജിലൻസ് എൻക്വയറി മാൻഡേറ്ററിയാണ്. വിജിലൻസ് ഇതെല്ലാം അന്വേഷിച്ചുവെന്ന് മുൻവ്യവസായ വകുപ്പുമന്ത്രി ഇവിടെ പറയുന്നു. വിജിലൻസ് അന്വേഷിച്ചിട്ടും വിജിലൻസിന്റെ ചുമതലകൂടിയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതറിഞ്ഞില്ലെന്നു പറയുന്നത് ആരാണ് വിശ്വസിക്കുന്നത്? അപ്പോൾ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും dereliction of duty- that amounts to clear case of corruption. അതിന് കൂട്ടുനിൽക്കുന്നതും അഴിമതിയാണ്. ഇവിടെ Secretary-യുടെ instruction ഉണ്ട്. അതിൽ para 18 (a)- ൽ വളരെ കൃത്യമായി പറയുന്നത് 'proposals for creation of or appointment to or abolition of any public office, the minimum of the scale of pay of which exceeds…..'നേരത്തെ 1,125 രൂപയായിരുന്നു ഇപ്പോൾ അത് അമെന്റ് ചെയ്ത് 80,000 രൂപയാക്കി. അതിൽ കൂടുതലുള്ളത്...including posts in public corporations to which appointments are made by Government or the Corporations themselves with the prior approval of the Government should inter-alia be placed before the Council of Ministers.' ഇത് ക്യാബിനറ്റിൽ കൊണ്ടുവരണം. സെക്രട്ടറിയുടെ ഇൻസ്ട്രക്ഷനാണ്. അത് ചെയ്യാതിരിക്കുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥരാണോ വ്യവസായ വകുപ്പിലുണ്ടായിരുന്നത്? വ്യവസായ വകുപ്പുമന്ത്രി സ്വന്തം ലെറ്റർപാഡിൽ എഴുതിക്കൊടുത്ത നിയമനങ്ങൾ സെക്രട്ടേറിയറ്റിലെ പരിണിതപ്രജ്ഞരായ ഉദ്യോഗസ്ഥർ ഫയലാക്കി ക്യാബിനറ്റിൽ പ്ലെയ്സ് ചെയ്യണം എന്നെഴുതിക്കൊടുത്ത ആ ഫയൽ നിങ്ങളുടെ ക്യാബിനറ്റിൽ വന്നോ; വന്നില്ലെങ്കിൽ അതിനുത്തരവാദികൾ ആരാണ്? പിണറായി സർക്കാരിന്റെ കാലത്ത് നിയമങ്ങളും ചട്ടങ്ങളും നടപടിക്രമങ്ങളും കാറ്റിൽപ്പറത്തി എന്തും ചെയ്യുമെന്ന നിലപാടിന്റെ ഏറ്റവും വലിയ ഉദാഹരണമാണിത്. ഇക്കാര്യങ്ങളിൽ മുഖ്യമന്ത്രി പാലിച്ച മൗനം ഇതിനെല്ലാം അദ്ദേഹം കൂട്ടുനിന്നു എന്ന് തെളിയിക്കുകയാണ്. അതുകൂടാതെ Rules of Business-ന്റെ para 34(1)(3)(b)

പ്രകാരം ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റിന് തുല്യമായി വരുന്ന എം.ഡി.-മാരുടെ നിയമനം സംബന്ധിച്ച ഫയലുകൾ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പായി മുഖ്യമന്ത്രിക്ക് സമർപ്പിക്കണം. നിയമനങ്ങൾ സംബന്ധിച്ച മൂന്ന് ഫയലുകളിൽ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. പോൾ ആന്റണി, ഇൻഡസ്ട്രീസ് ആന്റ് പോർട്ട്സ് 234 (എം) 16 എന്ന നമ്പരിൽ ഫയൽ മുഖ്യമന്ത്രിക്ക് സമർപ്പിക്കണം എന്നെഴുതി മടക്കി അയച്ചു. ഈ ഫയലുകൾ മുഖ്യമന്ത്രിക്ക് സർക്കുലേറ്റ് ചെയ്തതിന്റെ രേഖകൾ സെക്രട്ടേറിയറ്റിലുണ്ട്. എന്നിട്ടും മുഖ്യമന്ത്രി ഇത് അറിഞ്ഞില്ലെന്ന് പറയുന്നത് ശരിയാണോ? ഈ മൂന്ന് ഫയലുകളും മുഖ്യമന്ത്രി കണ്ടിരുന്നു. അല്ലെങ്കിൽ അഡീഷണൽ ചീഫ് സെക്രട്ടറി മുഖ്യമന്ത്രി കാണണമെന്ന് എഴുതിയ ഫയൽ അപ്രത്യക്ഷമായെങ്കിൽ 125 ദിവസം മാത്രം പ്രായമായ ഈ ഭരണത്തിൽ നടക്കുന്ന അഴിമതിക്കും കെടുകാര്യസ്ഥതയ്ക്കും നിയമനങ്ങൾക്കും മുഖ്യമന്ത്രിതന്നെ ഉത്തരവാദിത്വമേറ്റെടുത്ത് ശ്രീ. ഇ. പി. ജയരാജൻ സെക്രട്ടേറിയറ്റിൽ പറഞ്ഞതു പോലെ മാപ്പ് പറയണം. ശ്രീ. ഇ. പി. ജയരാജൻ കുറ്റസമ്മതം നടത്തിയെന്നാണ് പാർട്ടി സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ കേരളം മുഴുവൻ പറഞ്ഞത്. ഇന്ന് ഇവിടെ ശ്രീ. ഇ. പി. ജയരാജന്റെ പ്രസംഗം കേട്ടപ്പോൾ തോന്നുന്നത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ വസ്തുതാവിരുദ്ധമായ കാര്യമാണ് പറഞ്ഞിരിക്കുന്നതെന്നാണ്. ശ്രീ. ഇ. പി. ജയരാജൻ നിയമസഭയിൽ കുറ്റസമ്മതം നടത്തിയിട്ടില്ല. സെക്രട്ടേറിയറ്റിൽ കുറ്റസമ്മതം നടത്തി എന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറയുന്നത് വിശ്വസിക്കണോ ഇവിടെ വികാരഭരിതനായി കാര്യങ്ങൾ അവതരിപ്പിച്ച മുൻ വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞത് വിശ്വസിക്കണോ? നിങ്ങൾ ആളുകളെ തെറ്റിദ്ധരിപ്പിക്കുകയാണ്. പുറത്ത് നിങ്ങളുടെ പാർട്ടി സെക്രട്ടറി ഒന്നുപറയുന്നു, രാജിവച്ച മന്ത്രി വേറൊന്ന് പറയുന്നു. ഈ കാര്യങ്ങളിലെല്ലാം മുഖ്യമന്ത്രിക്ക് പങ്കുണ്ട്. അതുകൊണ്ട് വിജിലൻസിന്റെ അന്വേഷണപരിധിയിൽ മുഖ്യമന്ത്രിയെക്കൂടി ഉൾപ്പെടുത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

കൂട്ടിലെ തത്ത പുറത്തുവന്നോ? ചുവന്ന കാർഡും മഞ്ഞ കാർഡുമൊക്കെ എവിടെപ്പോയി? ആറ് ദിവസം പ്രതിപക്ഷ നേതാവിന്റെ പരാതി പൂഴ്ത്തിവച്ചു. ആറാം ദിവസം ആ തത്ത സ്വന്തം വാഹനം മാറ്റി മറ്റൊരു വാഹനത്തിൽ വേഷപ്രച്ഛന്നനായി മുഖ്യമന്ത്രിയെ കാണാനെത്തി. കൂട്ടിലെ തത്ത സ്വതന്ത്രമായെങ്കിൽ കേസെടുക്കുന്നതിനുമുമ്പ് മുഖ്യമന്ത്രിയെ കാണേണ്ട കാര്യമെന്താണ്? പ്രതിപക്ഷ നേതാവിന്റെ പരാതിയിലെടുത്തത് quick verification ആണ്. സുപ്രീം കോടതി പറഞ്ഞിട്ടുള്ളത് 'the scope for quick verification is only when there is vague allegation, there is no scope for quick verification when there is clear and specific allegation' എന്നാണ്. ഇവിടെ എഫ്.ഐ.ആർ. എടുത്ത് കേസ്സെടുക്കണമായിരുന്നു.

ശ്രീ. സുധീർ നമ്പ്യാർ ശ്രീമതി ടീച്ചറുടെ മകനാണെന്ന കാര്യത്തിൽ സംശയമുണ്ടോ? വ്യവസായ വകുപ്പുമന്ത്രിയുടെ ഉത്തരവുപ്രകാരമാണ് അദ്ദേഹത്തെ നിയമിച്ചതെന്ന കാര്യത്തിൽ തർക്കമുണ്ടോ? പിന്നെയെന്താണ് എഫ്.ഐ.ആർ. എടുത്ത് കേസ് രജിസ്റ്റർ ചെയ്യാതിരുന്നത്? ശ്രീ. ഇ. പി. ജയരാജൻ കുറ്റം സമ്മതിച്ചിരിക്കുന്നുവെന്ന് നിങ്ങൾ പറയുന്നു. ആരോപണ വിധേയൻതന്നെ കുറ്റം സമ്മതിക്കുമ്പോൾ പിന്നെയെന്തിനാണ് ക്വിക് വെരിഫിക്കേഷൻ. എഫ്.ഐ.ആർ. എടുത്ത് കേസ്സെടുക്കണ്ടേ? കൂട്ടിലെ തത്ത കൂട്ടിൽനിന്ന് പുറത്തുവന്നില്ല എന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ ആ തത്ത ഇപ്പോഴും കൂട്ടിൽനിന്ന് പുറത്തുവന്ന് ക്ലിഫ് ഹൗസ് കോമ്പൗണ്ടിനകത്ത് പറന്നുനടക്കുകയാണ്, പുറത്തേക്ക് പറക്കാൻ അതിന് പറ്റുന്നില്ല. Vigilance Director has to prove his credentials. This is a litmus test for measuring his integrity, അത് മാത്രമാണ് വിജിലൻസ് ഡയറക്ടറെ കുറിച്ച് ഞങ്ങൾക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെയുള്ള പ്രശ്നമെന്താണ്? വ്യവസായ വകുപ്പിൽ മാത്രമല്ല, നൂറുദിവസംകൊണ്ട് ഹൈക്കോടതിയിൽ, സർവ്വകലാശാലകളിൽ, നിരവധി വകുപ്പുകളിൽ എത്ര സ്വന്തക്കാരെയാണ് നിങ്ങൾ കുത്തിനിറച്ചത്? ഒരു പത്രത്തിൽ ഇങ്ങനെയൊരു വാർത്തവന്നു, എന്റെ ആരോപണമല്ല. ഒരു സി.പി.ഐ.(എം) നേതാവിന്റെ കാമുകിയെ സർവ്വകലാശാല സിൻഡിക്കേറ്റ് മെമ്പറാക്കിയെന്നാണ് പത്രവാർത്ത. നിങ്ങളിലാരെങ്കിലും ഒരാൾ അത് നിഷേധിച്ചോ? അത് തെറ്റാണ്, ഈ ഗവൺമെന്റിനെ അപകീർത്തിപ്പെടുത്താൻവേണ്ടി മാധ്യമങ്ങൾ പറയുന്നതാണെന്ന് ഏതെങ്കിലും ഒരു മന്ത്രി മറുപടി പറഞ്ഞോ? ഗവൺമെന്റ് പ്ലീഡർമാരുടെ ലിസ്റ്റ് ഞാൻ വായിക്കുന്നില്ല. ചില പേരുകൾ കണ്ടാൽ നിങ്ങൾ ഞെട്ടും, നിങ്ങളിൽ അഭിമാനബോധമുള്ളവർ തലയിൽ മുണ്ടിട്ടുപോകും. ഈ പാർട്ടിയെക്കുറിച്ച് ഒരുചുക്കും നിങ്ങൾക്കറിയില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പാർട്ടി സെക്രട്ടറിയായിരുന്നപ്പോൾ പറഞ്ഞത്. ഇപ്പോൾ ഞങ്ങൾക്ക് കുറേശ്ശേ മനസ്സിലായിരിക്കുകയാണ്. ഈ നൂറ്റിയിരുപത്തിയഞ്ച് ദിവസക്കാലം ഗവൺമെന്റിന്റെ എല്ലാ വകുപ്പുകളിലും നടന്ന ബന്ധുക്കളുടെയും ഉറ്റവരുടെയും ഉടയവരുടെയും പിൻവാതിലിൽക്കൂടി നടത്തിയ മുഴുവൻ നിയമനങ്ങളും അന്വേഷിക്കാൻ തയ്യാറാകണം. മുഖ്യമന്ത്രിക്കുകൂടി പങ്കാളിത്തമുള്ള ഗുരുതരമായ ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ബഹുമാന്യനായ വി. ഡി. സതീശൻ പഴയ ചില കാര്യങ്ങൾ ഓർത്തുകൊണ്ടാണ് ഒട്ടേറെ പരാമർശങ്ങൾ നടത്തിയതെന്നാണ് തോന്നുന്നത്. അദ്ദേഹം പഴയ കാര്യങ്ങളിൽ വലിയ ക്ഷോഭം പ്രകടിപ്പിച്ചിട്ടുണ്ടെന്ന് ഞാനും പത്രത്തിൽ വായിച്ചിരുന്നു. പക്ഷേ ആ ക്ഷോഭത്തിന്റെ പര്യവസാനമെന്തായിരുന്നുവെന്നത് നമ്മളെല്ലാവരും കണ്ടതാണ്. ഇവിടെ എൽ.ഡി.എഫ്.

സർക്കാർ പൊതുവായ മാനദണ്ഡങ്ങൾ വച്ചുകൊണ്ടാണ് കാര്യങ്ങൾ നീക്കുന്നത്. ഏതെങ്കിലും തരത്തിലുള്ള വഴിവിട്ട നീക്കങ്ങൾ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകാൻ പാടില്ലെന്നുതന്നെയാണ് സർക്കാർ നിലപാട്. സംസ്ഥാനത്തിന്റെ പൊതുതാല്പര്യങ്ങൾ സംരക്ഷിക്കാനുള്ള സർക്കാർ എന്ന നിലയിൽ തന്നെയാണ് കാര്യങ്ങൾ നീക്കുന്നത്. ഇതിനകത്ത് ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിന് പ്രത്യേക പരിരക്ഷ നൽകുന്ന സമീപനം സർക്കാരിന്റെ ഭാഗത്തുനിന്ന് ഇതുവരെയില്ല, ഇനിയുണ്ടാകുകയുമില്ല. ഇക്കഴിഞ്ഞ ദിവസങ്ങളിൽ അത് തെളിയിക്കുന്ന നടപടി തന്നെയാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. ഓരോ രംഗത്തും അത്തരം നിലപാട് സ്വീകരിക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ഇവിടെ ബഹുമാന്യനായ ഇ. പി. ജയരാജൻ അദ്ദേഹത്തിന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. മൂല്യങ്ങൾ മുൻനിർത്തി രാജിവയ്ക്കുകയാണ് ചെയ്തതെന്ന് അദ്ദേഹംതന്നെ ഇവിടെ പറയുകയുണ്ടായി. അദ്ദേഹം അങ്ങനെയൊരു നിലപാടെടുത്തപ്പോൾ ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ അത് അംഗീകരിക്കുന്ന നിലയാണ് ഞങ്ങളും സ്വീകരിച്ചത്. അത് മനസ്സിലാക്കാൻ കുറച്ച് വിഷമമുണ്ടാകും. കാരണം അത് നിങ്ങൾക്ക് ഊഹിക്കാൻപോലും കഴിയുന്നതല്ല. ബഹുമാന്യനായ ഇ. പി. ജയരാജനെപ്പോലെയുള്ളൊരു വ്യക്തിത്വം ഇത്തരത്തിലുള്ള ഒരു പ്രശ്നത്തിന്മേൽ രാജിവച്ച് ഒഴിയുന്നുവെന്നത് സങ്കല്പിക്കാൻപോലും കഴിയാത്തവരാണ് നിങ്ങൾ. ആ യാഥാർത്ഥ്യം കണ്ടപ്പോൾ നിങ്ങൾക്ക് അമ്പരപ്പുണ്ടായിട്ടുണ്ട്, അതാണ് യഥാർത്ഥത്തിൽ സംഭവിച്ചിരിക്കുന്നത്.

ഇവിടെ സർക്കാരിനെയാകെ ആക്ഷേപിക്കണമെന്ന ഉദ്ദേശ്യമാണ് ഇതിന്റെ പിന്നിലെന്നത് ബഹുമാന്യനായ വി. ഡി. സതീശൻ കാര്യങ്ങൾ അവതരിപ്പിച്ചപ്പോൾ വ്യക്തമായി. അതിന് അദ്ദേഹം ഒരുപാട് കാര്യങ്ങളാണ് ചൂണ്ടിക്കാണിച്ചത്. അതിൽ ഒരു കാര്യം വളരെ രസാവഹമായി എനിക്ക് തോന്നിയത്, പിണറായിയിലെ ഏതോ ഒരാൾ ഇതിൽപ്പെട്ടിരിക്കുന്നുവെന്നാണ്. പിണറായി എന്ന സ്ഥലത്തെ ഒരാളും ഇതിനൊന്നിനും പറ്റില്ല എന്ന നിലയിലേക്കെത്തിയോ? അവിടെ പലതരത്തിലുള്ള ആളുകളുണ്ട്. നിങ്ങൾക്കറിയാവുന്ന ആളുകളുടെ പേരുതന്നെ നാവിൽ വരുന്നുണ്ട്. എല്ലാം പിണറായി വിജയന്റെ സ്വന്തം ആളുകളല്ല. ശ്രീ. വി. ഡി. സതീശന്റെയും ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്റെയുമൊക്കെ അടുത്തയാളുകൾ അവിടെയുണ്ട്. അവരുടെ പേര് ഞാൻ സഭയിൽ പറയുന്നില്ല, അങ്ങനെ പറയേണ്ട കാര്യമില്ല. അപ്പോൾ അങ്ങനെയുള്ള ഒരു നാടാണത്. ഒരു നാട്ടിൽനിന്ന് ഒരാൾ വരുമ്പോൾ അസഹിഷ്ണുത പ്രകടിപ്പിക്കുന്നത് എന്തിനാണെന്ന് എനിക്കറിയില്ല. അങ്ങനെയൊരു സമീപനം സ്വീകരിക്കാൻ പാടില്ല. ആക്ഷേപിക്കാൻവേണ്ടി

ഇത്തരമൊരു പരാമർശം നടത്തുന്നത് ശരിയല്ല. ഇവിടെ വിജിലൻസ് പരിശോധനയുടെ കാര്യം അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. ബഹുമാന്യനായ ഇ. പി. ജയരാജൻ തന്നെ പ്രസ്താവിച്ച ഒരുകാര്യം, അങ്ങും ശ്രദ്ധിച്ചിട്ടുണ്ടാകും. വിജിലൻസിന്റെ പരിശോധനയ്ക്ക് വിധേയമായിട്ടാണ് കെ.എസ്.ഐ.ഇ.-യിലെ നിയമനം. രണ്ടും തമ്മിലുള്ള വ്യത്യാസം ഞാൻ പറയേണ്ടതില്ലല്ലോ. രേഖ പരിശോധിച്ചാൽ മനസ്സിലാകും. കെ.എസ്.ഐ.ഇ.-യിലെ നിയമനത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞ വാചകമാണ് ഞാൻ ആവർത്തിക്കുന്നത്. യഥാർത്ഥത്തിൽ വിജിലൻസ് പരിശോധന നടത്തി കൊണ്ടുമാത്രമേ നിയമനം നടത്താറുള്ളൂ. സാധാരണഗതിയിൽ ഉന്നത നിയമനങ്ങളൊക്കെ വരുമ്പോൾ വിജിലൻസിന്റെ പരിശോധനയുംകൂടി ഉൾപ്പെടുത്തിയാണ് നിയമനം നടത്തുന്നത്. അതുതന്നെയാണ് നിലപാട്. സാധാരണനിലയ്ക്ക് മുഖ്യമന്ത്രി അറിയണ്ടേ എന്നൊരു ചോദ്യം അങ്ങ് ചോദിച്ചു. അതും സാധാരണനിലയ്ക്ക് ചോദിക്കാവുന്ന ഒരു ചോദ്യമാണ്. അതിനകത്ത് മുഖ്യമന്ത്രി ഇക്കാര്യം അറിഞ്ഞുകൊള്ളണമെന്നില്ല. ഒരു കീഴ്വഴക്കമെന്ന നിലയ്ക്ക് പല നിയമനങ്ങളും മുഖ്യമന്ത്രിയെ അറിയിക്കാറുണ്ട്. എന്നാൽ നിയമിക്കാനുള്ള അധികാരം ബന്ധപ്പെട്ട വകുപ്പിനുതന്നെയാണ്. ഇക്കാര്യത്തിൽ മുഖ്യമന്ത്രി അറിഞ്ഞിട്ടില്ല എന്ന് ഞാൻ നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്, ശ്രീ. വി. ഡി. സതീശൻ ഇത് ഉന്നയിച്ച ഘട്ടത്തിൽ പറഞ്ഞതല്ല. ഇക്കാര്യത്തിൽ വകുപ്പിന് അതിന്റേതായ അധികാരമുണ്ട്, ബന്ധപ്പെട്ട വകുപ്പുതന്നെ കാര്യങ്ങൾ തീരുമാനിക്കുന്ന നിലയാണുണ്ടായിട്ടുള്ളത്. പ്രശ്നങ്ങൾ ഉയർന്നുവന്നപ്പോൾ മൗനം പാലിക്കുന്ന നിലപാടല്ല മുഖ്യമന്ത്രിയെന്ന നിലയിൽ സ്വീകരിച്ചത്. ഇത് ഗൗരവമായ പ്രശ്നമാണ്. ഞങ്ങൾ കൂട്ടായി ചർച്ചചെയ്ത് ഉചിതമായ തീരുമാനമെടുക്കുമെന്നാണ് പരസ്യമായി പറഞ്ഞ കാര്യം. അതിൽ ഒരു വ്യത്യാസവും വന്നിട്ടില്ല. ബഹുമാന്യനായ ഇ. പി. ജയരാജൻ മൂല്യങ്ങൾ സംരക്ഷിക്കുന്നതിന് രാജിവയ്ക്കുന്നതാണ് നല്ലതെന്ന നിലപാടെടുത്തപ്പോൾ ഞങ്ങൾ അതിനോടൊപ്പം നിന്നു. അതാണ് ഉചിതമായ തീരുമാനമെടുക്കുമെന്ന് പറഞ്ഞത്. ഇവിടെ ഏതെങ്കിലും തരത്തിൽ നിലവിലുള്ളതിൽ നിന്ന് വ്യത്യസ്തമായ സംസാരം ഉണ്ടായിട്ടില്ല. ബഹുമാന്യനായ ഇ. പി. ജയരാജൻ ഇവിടെ പറഞ്ഞതും പിന്നെ എവിടെനിന്നോ അങ്ങ് കേട്ടതും തമ്മിൽ വ്യത്യാസമുണ്ടെന്ന് പറഞ്ഞു. ഇവിടെ ബഹുമാന്യനായ ഇ. പി. ജയരാജൻ പറഞ്ഞത്, മൂല്യങ്ങൾ സംരക്ഷിക്കാൻവേണ്ടി മന്ത്രിസ്ഥാനം രാജിവയ്ക്കാൻ തീരുമാനിച്ചുവെന്നാണ്. ഇതാണ് അദ്ദേഹം എടുത്ത നിലപാട്. ആ നിലപാടിനോട് മുഖ്യമന്ത്രിയെന്ന നിലയ്ക്ക് ഞാനും യോജിക്കുകയാണ് ചെയ്തത്. അതുകൊണ്ടാണ് സർക്കാർ യോജിച്ചുവെന്ന് പറയുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, സി.പി.ഐ. (എം)-ന്റെ സംസ്ഥാന സെക്രട്ടറി, സെക്രട്ടേറിയറ്റ് യോഗം കഴിഞ്ഞ് പത്ര സമ്മേളനം നടത്തി പറഞ്ഞത്, ശ്രീ. ഇ. പി. ജയരാജൻ, കുറ്റം സമ്മതിച്ചിരിക്കുന്നുവെന്നും അതിന്റെ അടിസ്ഥാനത്തിൽ ധാർമ്മികത ഉയർത്തിപ്പിടിച്ചുകൊണ്ട് രാജിവയ്ക്കുന്നുവെന്നുമാണ്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ : സർ, നമ്മൾ രാഷ്ട്രീയക്കാരാണെങ്കിലും പാർട്ടികൾക്കും അതിന്റെ രീതികൾക്കും വ്യത്യാസമുണ്ടാകും. ഞങ്ങളുടെ രീതി വച്ച്, ഒരാൾക്ക് രാജിവയ്ക്കാൻ തോന്നിയാൽ പെട്ടെന്ന് കടലാസ് എടുത്ത് രാജി എഴുതിക്കൊടുക്കില്ല. ഞാൻ രാജിവയ്ക്കാൻ ഉദ്ദേശിക്കുന്നുവെന്ന് പറഞ്ഞ് പാർട്ടിയുടെ അനുമതി വാങ്ങും. അതാണ് ശ്രീ. ഇ. പി. ജയരാജൻ ചെയ്തത്. അതാണ് സഖാവ് കോടിയേരി ബാലകൃഷ്ണൻ പത്രസമ്മേളനത്തിലൂടെപ്പറഞ്ഞത്. മൂല്യങ്ങൾ സംരക്ഷിക്കുകയെന്ന് ബഹുമാന്യനായ ഇ. പി. ജയരാജൻ ഇവിടെ പറഞ്ഞത് അതുതന്നെയാണ്. അതിനുവേണ്ടി അദ്ദേഹം രാജിവയ്ക്കാൻ തീരുമാനിച്ചപ്പോൾ പൊതുവിൽ പാർട്ടിക്ക് അത് തടയേണ്ട കാര്യമില്ല. അതാണ് പാർട്ടി സെക്രട്ടറിയെന്ന നിലയ്ക്ക് സഖാവ് കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്. രാജിവയ്ക്കാൻ മുഖ്യമന്ത്രിയോട് സമ്മതം ചോദിച്ചപ്പോൾ മുഖ്യമന്ത്രിയെന്ന നിലയ്ക്ക് ഞാനും അതിനോട് യോജിക്കുകയാണ് ചെയ്തത്. ഞങ്ങൾ പൊതുവിൽ അതിനോട് യോജിക്കുന്ന നിലപാട് സ്വീകരിച്ചു. ഇവിടെ ബഹുമാന്യനായ വി. ഡി. സതീശൻ, ഒരു തത്തയുടെ കാര്യം പറയുന്നത് കേട്ടു. തത്തയുടെ കാല് തല്ലിയൊടിച്ചു ചിറക് മുഴുവൻ ഇല്ലാതാക്കി തത്തയെ കളിപ്പിക്കുന്ന ശീലം ഞങ്ങൾക്കില്ല. തത്ത തത്തയായിത്തന്നെ നിന്നോട്ടെയെന്നാണ്, അതിന് യതൊരു പ്രയാസവുമില്ല. അതിന് എല്ലാ സ്വാതന്ത്ര്യവും കൊടുക്കും. ഒരുതരത്തിലുള്ള പോറൽപോലും അത്തരം തത്തകൾക്ക് ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. അതാണ് ഇവിടെ വ്യക്തമാകുന്നത്.

ഇവിടെ കുറേ ദിവസം അവധിയായിരുന്നു. ഇതുമായി ബന്ധപ്പെട്ട കാര്യമല്ലെങ്കിലും അവധി വന്നതുകൊണ്ട് പരാമർശിക്കാൻ ആഗ്രഹിക്കുകയാണ്. ഇതിനിടയ്ക്ക് ഞാൻ ചീഫ് ജസ്റ്റിസിനെ കണ്ടിരുന്നു. അവധി ഒരുമിച്ചുവരുമ്പോൾ അതിന്റെ പ്രയാസങ്ങൾ വലിയതോതിലുണ്ടാകുന്നുവെന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. അവധി തുടങ്ങുന്ന ദിവസം വൈകുന്നേരം ഒരാളെ അറസ്റ്റ് ചെയ്താൽ അവധികഴിഞ്ഞ് മാത്രമേ കോടതിയിൽ ഹാജരാക്കാൻ സാധിക്കൂ. ....(ബഹളം)....

ശ്രീ. രമേശ് ചെന്നിത്തല: സർ, അവധിയാണെങ്കിൽ മജിസ്ട്രേറ്റിന്റെ വീട്ടിൽ കൊണ്ടുപോകാം.

ശ്രീ. പിണറായി വിജയൻ : സർ, മജിസ്ട്രേറ്റുള്ള ദിവസം മാത്രമേ വീട്ടിൽ കൊണ്ടുപോകാൻ സാധിക്കൂ. ....(ബഹളം)....

ശ്രീ. രമേശ് ചെന്നിത്തല: സർ, തലശ്ശേരിയിൽ മജിസ്ട്രേറ്റ് ഇല്ലെങ്കിൽ കണ്ണൂരിലുള്ള മജിസ്ട്രേറ്റിന്റെ മുമ്പിൽ ഹാജരാക്കാം....(ബഹളം)....

ശ്രീ. പിണറായി വിജയൻ : സർ, പ്രവൃത്തി ദിവസങ്ങളിൽ ഈ പറഞ്ഞ കാര്യം ശരിയാണ്. ഒരു മജിസ്ട്രേറ്റ് ഇല്ലെങ്കിൽ മറ്റൊരു മജിസ്ട്രേറ്റിന്റെയടുത്ത് കൊണ്ടുപോകും അല്ലെങ്കിൽ അദ്ദേഹത്തിന്റെ വീട്ടിൽ കൊണ്ടുപോകും. അഞ്ച്

ദിവസമൊക്കെ അവധി വന്നാൽ ഹൈക്കോടതിയിൽ സംവിധാനമുണ്ട്. മറ്റ് സ്ഥലങ്ങളിൽ സംവിധാനമില്ല. മറ്റ് സ്ഥലങ്ങളിൽ സർക്കുലർ അയയ്ക്കാമെന്ന് അദ്ദേഹം പറഞ്ഞു. ഞാൻ ഇത് പറയാനല്ല വന്നത്. അത് വേറെ കാര്യം. ഇത്രയും അവധികൾ ഒന്നിച്ചുവന്നപ്പോൾ അതിന്റെ മുഴുവൻ ഉത്തരവാദിത്വവും എന്റെ തലയിൽവയ്ക്കുണ്ട. ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിനും നടപടിയെടുക്കുന്നതിനും താമസം ഉണ്ടായിട്ടുണ്ടെങ്കിൽ ആ അവധിയുടെ ഭാഗമായി ഉണ്ടായിട്ടുള്ള കാര്യമാണെന്ന് ബഹുമാന്യനായ വി. ഡി. സതീശൻ മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യത്തക്കവിധത്തിലുള്ള ഒരു ഗൗരവാവസ്ഥയും ഇല്ലെന്നുള്ളതാണ് എനിക്ക് വ്യക്തമാക്കാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. മുൻ വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജന്റെ പ്രസംഗം വളരെ ശ്രദ്ധയോടെയാണ് ഞാൻ കേട്ടത്. രാജിവച്ച മന്ത്രിയെന്ന നിലയിൽ അദ്ദേഹം നടത്തിയ പ്രസംഗം വളരെ കൗതുകത്തോടെയാണ് ഞങ്ങൾ കേട്ടുകൊണ്ടിരുന്നത്. എന്റെ ഭരണം മാഫിയകൾക്കും നിക്ഷിപ്ത താൽപ്പര്യക്കാർക്കും രസിച്ചിട്ടില്ലെന്നും അവരുടെ ഗൂഢാലോചനമൂലമാണ് ഞാൻ രാജിവയ്ക്കാൻ കാരണമായതെന്നുമാണ് ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞത്. ആരാണ് മാഫിയ? ആരാണ് നിക്ഷിപ്ത താൽപ്പര്യക്കാർ? ഇവിടെ ശ്രീ. ഇ. പി. ജയരാജൻ രാജിവയ്ക്കണമെന്ന തീരുമാനമെടുത്തത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പാർട്ടി സംസ്ഥാന സെക്രട്ടറിയും സെക്രട്ടേറിയറ്റുമാണെന്നാണ് വാർത്തകൾ പുറത്തുവന്നത്. പാർട്ടി സെക്രട്ടേറിയറ്റ് ആലോചിക്കുമെന്ന് മുഖ്യമന്ത്രിതന്നെ പറഞ്ഞതാണ്. അപ്പോൾ മാഫിയയെന്ന് പറഞ്ഞത് ഇവർ ആരെങ്കിലുമാണോയെന്ന് സംശയിച്ചാൽ ഇവരെ കുറ്റപ്പെടുത്താൻ കഴിയുമോ? അങ്ങ് ഇവിടെ മൂല്യങ്ങളെയും ധാർമ്മികതയെയും പറ്റിയാണ് പറയുന്നത്. ധാർമ്മികത ഉയർത്തിപ്പിടിക്കാനാണ് ശ്രീ. ഇ. പി. ജയരാജൻ രാജിവച്ചതെന്ന് സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി പറഞ്ഞു. ധാർമ്മികത വല്ലാതെ ഉയർന്നുവെന്ന് സി.പി.ഐ.(എം) നേതാക്കന്മാർ പാടിപുകഴ്ത്തുന്നുണ്ട്. എവിടെയാണ് ധാർമ്മികത; കള്ളം കയ്യോടെ പിടിച്ചതാണോ ധാർമ്മികത; അഴിമതിയും സ്വജനപക്ഷപാതവും കയ്യോടെ പിടിച്ചതാണോ ധാർമ്മികത; ഇവിടെ എന്താണ് സംഭവിച്ചത്? ബഹുമാനപ്പെട്ട ഇ. പി. ജയരാജന് മന്ത്രിയെന്ന നിലയിലുള്ള പരിചയക്കുറവു കൊണ്ടാകാം ഇങ്ങനെ സംഭവിച്ചതെന്ന്

ഞാൻ കരുതുന്നു. അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫ് മന്ത്രിയെ ഉപദേശിച്ചു കാണില്ലേ? ശ്രീ. ഇ. പി. ജയരാജൻ തന്റെ ലെറ്റർ പാഡിൽ ബന്ധുക്കൾക്കും പാർട്ടിക്കാർക്കും നിയമനം നൽകിയതാണോ ധാർമ്മികത? കേരള ചരിത്രത്തിൽ ഏതെങ്കിലും ഒരു മന്ത്രി സ്വന്തം ലെറ്റർപാഡിൽ ഇന്ന ആളെ നിയമിക്കണമെന്ന് എഴുതിക്കൊടുത്തിട്ടുണ്ടോ? ശ്രീ. ഇ. പി. ജയരാജനെ വ്യവസായ വകുപ്പ് മാത്രമേ ഏൽപ്പിച്ചിരുന്നുള്ളൂ. അദ്ദേഹത്തിന് വ്യവസായ വകുപ്പ് തീറെഴുതിക്കൊടുത്തിട്ടുണ്ടോ?

ശ്രീ. ഇ. പി. ജയരാജന്റെ നാല് കത്ത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ആദ്യത്തെ കത്ത്, Shri. E.P. Jayarajan, Minister for Industries and Commerce and Sports. Letter No. 234/M/Industries & Sports/2016 dated 31-8-2016-ലെ കത്താണ്. As per the provisions, vide clause 63 of Articles of Association, KINFRA Film and Video Park, Suraj Raveendran, VNRA C, 27A, Sreekrishna Lane, Kowdiar, Thiruvananthapuram, Pin-695003 may be appointed as Managing Director, KINFRA Film and Video Park on contract basis. നമ്മളെല്ലാവരും ബഹുമാനിക്കുന്ന മുൻ മുഖ്യമന്ത്രി നായനാരുടെ മകൾ ഉഷയുടെ മകനാണ് അദ്ദേഹം. മന്ത്രിയുടെ ലെറ്റർപാഡിൽ അഡീഷണൽ ചീഫ് സെക്രട്ടറിയായ ശ്രീ. പോൾ ആന്റണി എഴുതിയിരിക്കുന്നത് Put up the file to CM through Industries Minister എന്നാണ്. ആ വാചകം ശ്രദ്ധിക്കണം. ഞങ്ങൾക്ക് എങ്ങനെ കിട്ടിയെന്നത് മുഖ്യമന്ത്രി പരിശോധിക്കട്ടെ. ഞങ്ങളുടെ കാലത്ത് നിങ്ങൾക്കും ഇതുപോലെ കിട്ടും. കേരളത്തിലെ മുഖ്യമന്ത്രി അറിഞ്ഞില്ലെന്ന് പറയുന്നു. അഡീഷണൽ ചീഫ് സെക്രട്ടറി, ഇൻഡസ്ട്രീസ് എഴുതിയിരിക്കുന്നത്, ഇൻഡസ്ട്രീസ് മിനിസ്റ്റർ മുഖേന മുഖ്യമന്ത്രിക്ക് ഈ ഫയൽ നൽകണമെന്നാണ്. അങ്ങ് ഈ ഫയൽ കണ്ടിട്ടുണ്ടോയെന്നാണ് എനിക്ക് മുഖ്യമന്ത്രിയോട് ചോദിക്കാനുള്ളത്. ഇതുമായി ബന്ധപ്പെട്ട ഫയലുകൾ അങ്ങ് മേശപ്പുറത്തുവയ്ക്കുമോ? ശ്രീ. ഇ. പി. ജയരാജൻ മന്ത്രിയായിരുന്ന കാലത്തെടുത്തിട്ടുള്ള തീരുമാനങ്ങളുടെ ഫയലുകൾ മേശപ്പുറത്തുവയ്ക്കുമോ? മൂന്നുനാല് കത്തുകൾകൂടി എന്റെ കയ്യിലുണ്ട്. എല്ലാം ഞാൻ വായിക്കുന്നില്ല. Direction may be issued to Managing Director, KINFRA to appoint Nikanth. U, Prasadham, Kizhakkumbhagam, Pinarayi P.O., Kannur as Managing Director, KINFRA Export Promotion Industries Park limited on contract basis. Put up the file എന്നാണ് അഡീഷണൽ ചീഫ് സെക്രട്ടറി എഴുതിയിരിക്കുന്നത്. അതുപോലെ മൂന്നുനാലുപേരെ നിയമിക്കാനുള്ള കത്തുകളാണ് ശ്രീ. ഇ. പി. ജയരാജൻ എഴുതിയിരിക്കുന്നത്. ഒരു മന്ത്രി ഇങ്ങനെ കത്തെഴുതാമോ; ഏതെങ്കിലും ഒരു മന്ത്രി ഇങ്ങനെ കത്തെഴുതുമോ? Issue orders എന്നാണ് അഡീഷണൽ ചീഫ് സെക്രട്ടറി അതിൽ എഴുതിയിരിക്കുന്നത്. അങ്ങയുടെ മന്ത്രിസഭയിലെ ഒരു മന്ത്രി, നിയമങ്ങളും

ചട്ടങ്ങളും കീഴ്വഴക്കങ്ങളും ലംഘിച്ചുകൊണ്ട് സ്വന്തം ലെറ്റർപാഡിൽ നിയമന ഉത്തരവ് നൽകണമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുള്ളത് എന്ത് ധാർമ്മികതയുടെയും മൂല്യങ്ങളുടെയും അടിസ്ഥാനത്തിലാണ്? എന്റെ കയ്യിൽ നാല് കത്തുകൾ മാത്രമേ കിട്ടിയിട്ടുള്ളൂ. ഇതുപോലെ എത്ര കത്തുകളായിരിക്കും ഈ സംസ്ഥാനത്തെ മന്ത്രിമാർ എഴുതിയിട്ടുള്ളത്; മുഖ്യമന്ത്രി എന്തുകൊണ്ട് ഇത് അറിയില്ലെന്ന് പറയുന്നു? മുഖ്യമന്ത്രി അറിയണമെന്നില്ല എന്നാണ് അദ്ദേഹം ഇന്നിപ്പോൾ പറഞ്ഞത്. Rules of Business - para 34 (1) 3 (b) പ്രകാരം ഹെഡ്സ് ഓഫ് ഡിപ്പാർട്ട്മെന്റിന് തുല്യമായി വരുന്ന എം.ഡി.-മാരുടെ നിയമനങ്ങൾ സംബന്ധിച്ച ഫയലുകൾ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിക്കേണ്ടതാണ്. എന്തുകൊണ്ട് അങ്ങേയ്ക്ക് അത് നൽകിയില്ല; അല്ലെങ്കിൽ മുഖ്യമന്ത്രി അത് കിട്ടിയിട്ടും മറച്ചുവയ്ക്കുകയാണ്. അതുകൊണ്ട് വ്യവസായ വകുപ്പിലെ എല്ലാ നിയമനങ്ങളുടെയും ഫയലുകൾ ഈ മേശപ്പുറത്തുവയ്ക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

സ്വന്തം തറവാട്ടുസ്വത്തുപോലെയാണ് ശ്രീ. ഇ. പി. ജയരാജൻ ഇത് ചെയ്തത്. ഇങ്ങനെ ചെയ്തത് തെറ്റാണെന്ന് അദ്ദേഹത്തിന് അറിയില്ലെങ്കിൽ അത് തുറന്നു പറയണം. അദ്ദേഹം ആരെയൊക്കെയാണ് നിയമിച്ചത്? ശ്രീമതി ടീച്ചറുടെ മകനെ നിയമിച്ചു. ശ്രീമതി ടീച്ചറുടെ മകന് അതിന് അർഹതയുണ്ടെങ്കിൽ അതിനെ എതിർക്കുന്ന ഒരാളല്ല ഞാൻ. ഒരു രാഷ്ട്രീയ പ്രവർത്തകന്റെ ബന്ധുവാണെന്നുകരുതി ഈ നാട്ടിലെ ഒരു നിയമനവും ആർക്കും കൊടുക്കരുതെന്ന അഭിപ്രായം ഞങ്ങൾക്കില്ല. പക്ഷേ ഈ വ്യക്തിക്ക് അതിനുള്ള അർഹതയുണ്ടോ? അത് പരിശോധിക്കേണ്ടതാണ്. ശ്രീ. ഇ. പി. ജയരാജൻ നല്ല ചിറ്റപ്പനാണ്. എനിക്കതിൽ സന്തോഷമുണ്ട്. അദ്ദേഹം നല്ല ചിറ്റപ്പന്റെ ജോലി ചെയ്തതിൽ കേരളം അദ്ദേഹത്തെ ക്രൂശിക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. മാധ്യമങ്ങൾ ഇക്കാര്യം പുറത്തുകൊണ്ടു വന്നത് തെറ്റാണോ? അവർ അവരുടെ ഡ്യൂട്ടിയല്ലേ ചെയ്തത്? 1967-ൽ സി.പി.എം.-ന്റെ നേതാവ് ഇമ്പിച്ചി ബാവ സിഗററ്റ് കൂടിന്റെപുറത്തെഴുതി നിയമനങ്ങൾ നൽകിയെന്നുള്ള ഒരു വാർത്ത കുട്ടിക്കാലത്ത് സ്കൂളിൽ പഠിക്കുമ്പോൾ ഞാൻ കേട്ടിട്ടുണ്ട്. അതിനെ നമുക്ക് ന്യായീകരിക്കാം. പാർട്ടിക്കാർക്കാണ് കൊടുത്തത്, രക്തസാക്ഷികൾക്ക് കൊടുത്തു എന്നുപറഞ്ഞു.

ശ്രീ. ഇ. പി. ജയരാജൻ: സർ, കിൻഫ്രാ പാർക്കിൽ നിയമിച്ചിട്ടുള്ള ശ്രീകാന്ത് പി. കൃഷ്ണ, ശശിധരൻ എന്നീ രണ്ടുപേരും അറുപതിനായിരം രൂപ ശമ്പളം പറ്റി, ഒരുദിവസംപോലും കിൻഫ്രയിൽ പോയിട്ടില്ല. അത് നിങ്ങളുടെ വീട്ടിലുള്ളതാണെന്നും നിങ്ങളുടെ മണ്ഡലത്തിന്റെ കാര്യം നോക്കി നടക്കുകയാണെന്നും അറിയാമോ? ഒരു ദിവസംപോലും കിൻഫ്രയിൽ പോയിട്ടില്ല. ഇങ്ങനെ നടത്തിയ നിങ്ങളാണോ ഇത് പറയുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അതിന് മറുപടി പറയേണ്ട ഉത്തരവാദിത്വം എനിക്കില്ല. അന്നത്തെ വ്യവസായ വകുപ്പുമന്ത്രി കിൻഫ്രയിൽ ആളുകളെ നിയമിച്ചതിന് ഞാൻ എന്തുവേണം; ഏതായാലും എന്റെ മകനേയും മകളേയും ഞാൻ നിയമിച്ചില്ല. എന്റെ സഹോദരിയുടെ മകനേയും നിയമിച്ചില്ല. ഞാൻ ജയരാജനോട് തർക്കത്തിനില്ല. അങ്ങയുടെ ഈ അവസ്ഥയിൽ എനിക്ക് വിഷമവും സഹതാപവുമുണ്ട്..... (ബഹളം)....

കേരളത്തിലെ വ്യവസായ സ്ഥാപനങ്ങളെ കരകയറ്റാൻ നിരവധി പ്രൊഫഷണലുകളെ നിയോഗിക്കുമെന്ന് പറഞ്ഞു. നിശ്ചിത മാനദണ്ഡങ്ങളനുസരിച്ചാണോ ഇത്...... (ബഹളം).......

മി. സ്പീക്കർ: ശ്രീ. ആർ. രാജേഷ്.... പ്ലീസ്.... ഇരിക്കു.

ശ്രീ. രമേശ് ചെന്നിത്തല: സർ, രാജേഷേ, എന്റെ ഒരു ബന്ധുവിനെയും നിയമിച്ചിട്ടില്ലെന്ന് ഞാൻ വെല്ലുവിളിക്കുന്നു. അത് എന്റെ ബന്ധുവല്ല. വെറുതെ ആവശ്യമില്ലാതെ വർത്തമാനം പറയരുത്. ഇവിടെ മാനദണ്ഡങ്ങൾ മുഴുവൻ മറികടന്നുകൊണ്ട്, നിയമങ്ങളും ചട്ടങ്ങളും കാറ്റിൽപ്പറത്തിക്കൊണ്ട് നടന്ന നിയമനങ്ങൾ ധാർമ്മികതയാണോ? മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചതാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ബന്ധുക്കളെയും സ്വന്തക്കാരെയും മുഴുവൻ വിവിധ തലപ്പത്ത് നിയമിച്ചത് മൂല്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണോ; ഇതാണോ നിയമങ്ങൾ; ഈ നിയമങ്ങളെ കാറ്റിൽ പറത്തിയതിന്റെ പേരിൽ ജനങ്ങളോട് ഉത്തരം പറയണ്ടേ; മാധ്യമങ്ങളെ കുറ്റപ്പെടുത്തിയിട്ട് കാര്യമുണ്ടോ? ഇടതുമുന്നണിക്ക് ധാർമ്മികത വീണ്ടെടുക്കാൻ കഴിഞ്ഞെന്നാണ് പറയുന്നത്.

സെയിന്റ് ബുദ്ധിസ്റ്റുകളുടെ ഒരു കഥയുണ്ട്. പാപം പരിഹരിക്കാൻ എന്ത് ചെയ്യണമെന്ന് പുരോഹിതൻ ശിഷ്യനോട് ചോദിച്ചു. അതിനായി ആദ്യം പാപം ചെയ്യണമെന്നായിരുന്നു ശിഷ്യന്റെ മറുപടി. പാപം ചെയ്താലേ അതിന് പരിഹാരം ചെയ്യാൻ കഴിയുകയുള്ളൂ. ഇവിടെ ശ്രീ. ഇ. പി. ജയരാജൻ ചെയ്തത് അതാണ്. ഇടതുമുന്നണിയുടെ ധാർമ്മികത ഉയർത്തിപ്പിടിക്കാൻ ആദ്യം അധാർമ്മികത ചെയ്യുന്നു. പിന്നീട് ധാർമ്മികത ഉയർത്തിപ്പിടിക്കുന്നു. നാലുമാസമായ ഗവൺമെന്റിന്റെ സ്ഥിതി ഇതാണെങ്കിൽ നാലരവർഷംകൊണ്ട് എന്തായിരിക്കും ഇവിടെ നടക്കാൻ പോകുന്നത്? ഇവിടെ അഴിമതി അവസാനിപ്പിക്കുകയും ഭരണം സുതാര്യമാക്കുകയും ചെയ്യുമെന്ന് ഇടതുമുന്നണി പ്രകടനപത്രികയിൽ പറഞ്ഞു. എല്ലാം ശരിയാകുമെന്നും പറഞ്ഞു. ഇപ്പോൾ പാവം ശ്രീ. ഇ. പി. ജയരാജൻ മാത്രമാണ് ശരിയായിട്ടുള്ളത്. മുഖ്യമന്ത്രി രക്ഷപ്പെട്ടില്ലേ; ശ്രീ. പോൾ ആന്റണി ഫയൽ മുഖ്യമന്ത്രിക്ക് സർക്കുലേറ്റ് ചെയ്യണമെന്ന് പറഞ്ഞിട്ട് സർക്കുലേറ്റ് ചെയ്തോ? വസ്തുതകൾ മുഖ്യമന്ത്രി അറിയുന്നില്ലേ? ഒന്നാം നമ്പരിലിരിക്കുന്ന മുഖ്യമന്ത്രി തൊട്ടടുത്തിരിക്കുന്ന ശ്രീ. ഇ. പി.

ജയരാജൻ ചെയ്ത ഈ കുറ്റങ്ങളൊന്നും അറിഞ്ഞില്ലെന്ന് പറയുന്നത് ആരെ വിഡ്ഢിയാക്കാനാണ്? എല്ലാ കാര്യങ്ങളും അറിഞ്ഞിട്ടാണ് ഇത് ചെയ്തിരിക്കുന്നത്. പക്ഷേ കയ്യോടെ പിടിച്ചപ്പോൾ മുഖം രക്ഷിക്കാൻ ശ്രീ. ഇ. പി. ജയരാജനെ ബലികൊടുത്തുവെന്നതാണ് യാഥാർത്ഥ്യം. ശ്രീ. ഇ. പി. ജയരാജൻ കുറ്റം സമ്മതിച്ചെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറയുന്നു. ഞാൻ ഒരു കുറ്റവും ചെയ്തിട്ടില്ലായെന്ന് ശ്രീ. ഇ. പി. ജയരാജൻ ഇവിടെ പറയുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണനാണോ ശ്രീ. ഇ. പി. ജയരാജന്റെ ഈ ബലിക്ക് ഉത്തരവാദിയെന്ന് ആളുകൾ സംശയിക്കുകയാണ്.

വിജിലൻസ് ഡയറക്ടറെക്കുറിച്ച് മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. വിജിലൻസ് ഡയറക്ടർ മന്ത്രിയെ കാണുന്നതുകൊണ്ട് തെറ്റൊന്നുമില്ല. മന്ത്രിയെ കാണേണ്ടി വരും. തന്റെ വാഹനം ഉപേക്ഷിച്ച് അതിരാവിലെ തന്നെ തലയിൽ മുണ്ടിട്ട് മുഖ്യമന്ത്രിയെ കാണേണ്ട കാര്യമെന്താണ്? തത്തയ്ക്ക് എല്ലാ സ്വാതന്ത്ര്യവുമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. തത്തയുടെ പേരിൽ ഇപ്പോൾ അഴിമതി ആരോപണം വന്നിരിക്കുകയാണ്. അതിന് ആര് ഉത്തരം പറയും? ഫിനാൻസ് ഡിപ്പാർട്ട്മെന്റ് തന്നെയാണ് ഈ വസ്തുതകളെല്ലാം പുറത്തുവിടുന്നതെന്നാണ് ഞങ്ങൾ അറിയുന്നത്. കൂടുതൽ വിവരങ്ങൾ ഞാൻ അടുത്തദിവസം പറയാം. തത്തയെ ആരാണ് ശിക്ഷിക്കുന്നത്; തത്തയ്ക്ക് ആരാണ് മഞ്ഞ കാർഡ് കാണിക്കുന്നത്; തത്തയ്ക്ക് ആരാണ് ചുമന്ന കാർഡ് കാണിക്കുന്നത്? ഇവരെല്ലാംകൂടി കൂട്ടകച്ചവടമാണ് ഇവിടെ നടത്തുന്നത്. അഴിമതിയുടെ ദുർഗന്ധമാണ് ഈ ഗവൺമെന്റിലൂടെ ഇന്ന് പുറത്തു വന്നുകൊണ്ടിരിക്കുന്നത്. ലെറ്റർപാഡിൽ ഒപ്പിട്ടുകൊടുത്ത് നിയമനങ്ങൾ നടത്തിയിട്ട് ഇവിടെവന്ന് മേനി പറയുകയാണ്. അഞ്ചുവർഷത്തെ നിയമനങ്ങൾ അന്വേഷിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. എന്തിനാണ് അഞ്ച് വർഷത്തേത് ആക്കുന്നത്? പത്തുവർഷത്തെ നിയമനം അന്വേഷിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതിന് തയ്യാറാകുമോ?

സംസ്ഥാന മുഖ്യമന്ത്രിയെന്നുള്ള നിലയിൽ അങ്ങേയ്ക്ക് ഈ കാര്യങ്ങൾ അറിയാനുള്ള ധാർമ്മികമായ ഉത്തരവാദിത്വമില്ലേ; മന്ത്രിമാർ എന്തുചെയ്യുന്നുവെന്ന് അറിയാനും മനസ്സിലാക്കാനുമുള്ള ഉത്തരവാദിത്വമില്ലേ? ഒരു മന്ത്രിസഭയാകുമ്പോൾ കൂട്ടുത്തരവാദിത്വം ഉണ്ടാകണം.

11.00 AM]

ശ്രീ. ഇ. പി. ജയരാജൻ ചെയ്ത എല്ലാ കാര്യങ്ങളും മുഖ്യമന്ത്രി അറിഞ്ഞിട്ടു തന്നെയാണെന്നുള്ളതിൽ തർക്കമില്ല. അതുകൊണ്ട് മുഖ്യമന്ത്രി ഇക്കാര്യത്തിൽ വിശുദ്ധനാകാൻ നോക്കണ്ട. ധാർമ്മികത ഉയർത്തിപ്പിടിച്ചു എന്നുള്ള മുഖ്യമന്ത്രിയുടെ പ്രചരണം അടിസ്ഥാനരഹിതമാണ്. കേരളത്തിലെ ഇടതുമുന്നണി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നോക്കുമ്പോൾ ഏതെങ്കിലും ഒരു മന്ത്രിക്ക് നാലുമാസംകൊണ്ട് രാജി

വയ്ക്കേണ്ട അവസ്ഥയുണ്ടായിട്ടുണ്ടോ? പണ്ടും മന്ത്രിമാർ രാജിവച്ചിട്ടുണ്ട്. അത് വേറെ കാര്യം. എത്ര യു.ഡി.എഫ്. മന്ത്രിമാർ രാജിവച്ചിട്ടുണ്ടെന്ന് അദ്ദേഹം ചോദിക്കുകയുണ്ടായി. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററും ശ്രീ. കെ. പി. വിശ്വനാഥനും ഇന്ന് നിങ്ങളോടൊപ്പം ഇരിക്കുന്ന ശ്രീ. കെ. ബി. ഗണേഷ് കുമാറും എന്തിന് രാജിവച്ചു? യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് രാജിവച്ച മന്ത്രിമാരുടെ കാര്യമേ അങ്ങേക്ക് പറയാനുള്ളൂ. മുഖ്യമന്ത്രിക്കും ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ടെന്ന് ഞങ്ങളും ജനങ്ങളും വിശ്വസിക്കുന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ മുഖ്യമന്ത്രിയുടെ പങ്കുകൂടി അന്വേഷിക്കണം. അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ബഹുമാനപ്പെട്ട ഇ. പി. ജയരാജൻ സ്വമനസ്സാലെ രാജിവയ്ക്കുകയും സഭാദ്ധ്യക്ഷനായ മുഖ്യമന്ത്രി അംഗീകരിക്കുകയും ചെയ്തശേഷം അദ്ദേഹം രാജിവയ്ക്കാൻ പാടില്ല, തുടരണമെന്ന് എന്ത് ഓർഡറിലാണ് പ്രതിപക്ഷ നേതാവ് പറയുന്നത് ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇവിടെ അടിയന്തരപ്രമേയവും മന്ത്രിയുടെ രാജിയും അതിനെത്തുടർന്ന് വ്യവസായ വകുപ്പുമന്ത്രി നടത്തിയ പ്രസ്താവനയും കഴിഞ്ഞപ്പോൾ ചർച്ചയ്ക്കുള്ള നല്ലൊരു സ്കോപ്പുണ്ടായി. ആ ചർച്ച ഇല്ലെന്ന് പറയുന്നതിൽ പ്രതിഷേധിച്ചാണ് ഞങ്ങൾ വാക്കൗട്ട് നടത്തുന്നത്. രണ്ടാംസ്ഥാനത്തിരുന്ന ഒരു മന്ത്രി നാലുമാസംകൊണ്ട് രാജിവച്ച് പുറത്തുനില്ക്കുമ്പോൾ ഒരു കരിയില കൊഴിഞ്ഞവിലപോലുമില്ലെന്ന് വരാൻ പാടില്ലല്ലോ? ഇനിയും അദ്ദേഹത്തിന്റെ കാര്യത്തിൽ ചർച്ച ചെയ്യാനുള്ള ധാരാളം സ്കോപ്പുണ്ട്. വ്യവസായ വകുപ്പിനെ വളരെയധികം നന്നാക്കാനായി ധാരാളം നല്ല നടപടികളൊക്കെ സ്വീകരിച്ചപ്പോൾ ചില മാഫിയകൾ പ്രത്യക്ഷപ്പെട്ടുവെന്ന് അദ്ദേഹം പറഞ്ഞു. നാലഞ്ചുകൊല്ലം വ്യവസായ വകുപ്പുമന്ത്രിയായിരുന്ന എനിക്ക് ഈ മാഫിയ ഏതാണെന്ന് മനസ്സിലായില്ല. ഞാൻ അദ്ദേഹവുമായി സംസാരിക്കാം. നാലുമാസം വ്യവസായ വകുപ്പുമന്ത്രിയായിരുന്ന് രാജിവച്ച ഒരാൾ, എന്തുതന്നെയായാലും മനുഷ്യനാണല്ലോ, അദ്ദേഹത്തിന്റെ മാനസികവിഷമം എനിക്കറിയാം. മലബാർ സിമന്റ് അടുത്തകാലം വരെ നല്ല ലാഭത്തിലാണ് പ്രവർത്തിച്ചിരുന്നത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, 50 കോടി രൂപ പ്രോഫിറ്റുണ്ടായിരുന്ന സ്ഥാപനം ഇപ്പോൾ 11 കോടി രൂപയിൽ എത്തിനിൽക്കുകയാണ്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, അങ്ങയുടെ കാലത്ത് 11 കോടി രൂപ എന്നുള്ളത് ഇൻക്രീസ് ചെയ്തുവരികയായിരുന്നു. നേരത്തെയുണ്ടായിരുന്ന അതേ മാനേജ്മെന്റും മാനേജിംഗ് ഡയറക്ടറും തന്നെയാണ് ഇപ്പോഴുമുള്ളത്. അവിടെ പെട്ടെന്നൊരു മാറ്റംവന്നു. മെറ്റീരിയൽ കിട്ടാതെ തകർന്ന അവസ്ഥയിലായി. എന്താണെന്ന് എനിക്കറിഞ്ഞുകൂടാ. അങ്ങയുടെ മനസ്സിൽ ചെറിയൊരു വിഷമമുള്ളതു പോലെ തോന്നി. അവിടെ വന്ന മാറ്റം എന്താണെന്ന് നോക്കേണ്ടത് ഗവൺമെന്റാണ്. സിമന്റ് ലോബി ഉപദ്രവിക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞതിന്റെ അർത്ഥം. മലബാർ സിമന്റ്സിലും മറ്റ് സ്ഥാപനങ്ങളിലുമൊക്കെ ലാഭം ഏറിയും കുറഞ്ഞും നില്ക്കും. ഞങ്ങളുടെ ഗവൺമെന്റ് പോകുന്നതുവരെ അവിടെ ഒരു പ്രശ്നവും ഉണ്ടായിരുന്നില്ല. റിയാബിന്റെ സെക്രട്ടറി തന്നെയാണ് അവിടത്തെ എം.ഡി.-യും. ശ്രീ. പത്മകുമാർ തന്നെയാണ് അങ്ങ് പറഞ്ഞ കാര്യങ്ങളിലെല്ലാം കറക്ടായിട്ടുള്ള സെലക്ഷൻ നടത്തിയത്. റിയാബിന്റെ സെക്രട്ടറിയും അന്നുള്ളവർ തന്നെ. ഇതിലൊന്നും ഒരു മാറ്റവുമില്ല. വ്യവസായ വകുപ്പ് സെക്രട്ടറി അപ്പീലിന് പോകാൻ പറഞ്ഞു. എന്നാൽ അപ്പീലിന് പോയില്ലെന്നും പറയുന്നു. ഏതാണ് ഈ ലോബി? മാഫിയകളെ കൺട്രോൾ ചെയ്യാനുള്ള ഒരു ശ്രമം വ്യവസായ വകുപ്പുമന്ത്രി നടത്തിയിരുന്നു എന്നുപറയുന്നു. വളരെ നല്ല കാര്യമാണ് അദ്ദേഹം ചെയ്തത്. അദ്ദേഹത്തിന്റെ പ്രസ്താവനയിൽ പറ്റിയ ഒരബദ്ധത്തിന്റെ പേരിലാണ് രാജി വയ്ക്കേണ്ടിവന്നത്. മറ്റു കാര്യങ്ങളെക്കുറിച്ച് അദ്ദേഹം പറഞ്ഞത് എന്താണെന്നുള്ളത് അദ്ദേഹം തന്നെ വിശദീകരിക്കണം. എം.ഡി.-മാരെക്കുറിച്ച് അദ്ദേഹം പറഞ്ഞു. അവരൊക്കെ പണ്ടേ അവിടെയിരിക്കുന്ന ആളുകളാണ്. ഞാൻ വ്യവസായ വകുപ്പുമന്ത്രിയായിരുന്നപ്പോൾ എം.ഡി.-മാരെ മാറ്റിയിട്ടില്ല.

സിഡ്കോയെപ്പറ്റി ചില കാര്യങ്ങൾ പറഞ്ഞത് ശരിയാണ്. അത് നിയമസഭയിൽ ക്ലാരിഫൈ ചെയ്യണമല്ലോ. കടവന്ത്രയിൽ നടന്നതു പോലുള്ള ചില കാര്യങ്ങളിലേയ്ക്ക് പോയപ്പോൾ ഗവൺമെന്റ് അത് കർശനമായി തടഞ്ഞു. പണ്ടേ നടന്ന ഒരു ശ്രമം ഇങ്ങനെ കണ്ടിന്യൂ ചെയ്ത് വരികയായിരുന്നു. അതുപോലെതന്നെ വളം ഇറക്കുമതി ചെയ്യാൻ ശ്രമിച്ചത് ഞാൻ തടഞ്ഞതാണ്. ഗവൺമെന്റിന്റെ അനുവാദമില്ലാതെ എം.ഡി.-മാർ ഇങ്ങനെ പലതും ചെയ്യുന്നുണ്ട്. വ്യവസായ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഞാൻ തടഞ്ഞതാണ്. നമ്മൾ അതൊന്നും അനുവദിച്ചിട്ടില്ല. നാലുമാസത്തിനുള്ളിൽ ഇതൊക്കെ നടത്താൻ നോക്കിയപ്പോൾ അങ്ങ് തടഞ്ഞെങ്കിൽ അത് നന്നായി. ലോബികളാണ് ഇതൊക്കെ ചെയ്തതെങ്കിൽ മുഖ്യമന്ത്രി അത് പരിശോധിക്കണം. ഏതാണ് ആ ലോബികളെന്ന് കണ്ടുപിടിക്കണമെന്നുതന്നെയാണ് എന്റെയും അഭിപ്രായം.

നിയമനങ്ങളെ സംബന്ധിച്ച് പറയുമ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വ്യവസായ വകുപ്പിൽ ബന്ധുക്കളെ ആരെയും നിയമിച്ചിട്ടില്ല. അതാണല്ലോ ഇപ്പോഴത്തെ പ്രശ്നം. അത് ഞാൻ ക്ലാരിഫൈ ചെയ്യുകയാണ്.

ശ്രീ. പി. കെ. ശശി: സർ, 22 വയസ്സുള്ള ഒരു വ്യക്തിയെ നിയമിച്ചതോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അത് എന്റെ ബന്ധുവല്ല. വ്യവസായ വകുപ്പിൽ എന്റെ ബന്ധുക്കളാരുമില്ല. ശ്രീ. രമേശ് ചെന്നിത്തലയുടെ ബന്ധുവും എന്റെ ബന്ധുവും ഒരാളാവാനുള്ള സാധ്യത വളരെ കുറവാണ്, ഉണ്ടായിക്കൂടെന്നില്ല. അതുപോലെതന്നെ ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ ബന്ധുവും അല്ലെങ്കിൽ വേറെ ഏതെങ്കിലും മന്ത്രിമാരുടെ ബന്ധുവുമൊക്കെ ഉണ്ടായേക്കാം. ഞാൻ ഈ സാഹചര്യം വന്നപ്പോൾ വളരെ വിശദമായി പരിശോധിച്ചു. കഷ്ടകാലത്തിന് എന്റെ ബന്ധുക്കളാരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടോയെന്ന് നോക്കി. എന്റെ പവിത്രതകൊണ്ട് പറയുന്നതല്ല. കാരണം അവരാരും സർക്കാർ ജോലിക്ക് വരുന്നവരല്ല. ചാൻസ് കിട്ടിയാൽ പുറത്തുപോകുകയോ കച്ചവടം ചെയ്യുകയോ ചെയ്യുന്നവരായതുകൊണ്ട് ഇതിനകത്ത് ഉൾപ്പെടില്ല. ഞാനിപ്പോൾ അദ്ദേഹത്തെ ആക്ഷേപിച്ച് പറയുന്നതല്ല. അടിയന്തരപ്രമേയവും പ്രസ്താവനയും കൂടിയായപ്പോൾ ചർച്ചയ്ക്കുള്ള സ്കോപ്പുണ്ടായി എന്നുപറഞ്ഞെന്നേയുള്ളൂ. രാജിവച്ചത് അത്രയും നന്നായി. നാലുമാസത്തിനുള്ളിൽ ഒരുപാട് അബദ്ധങ്ങൾ പറ്റിയിരിക്കുന്നുവെന്നുള്ളത് ഉറപ്പാണ്. ഇങ്ങനെയുള്ള കത്തുകളൊന്നും എഴുതേണ്ട ആവശ്യമില്ലായിരുന്നു. പറഞ്ഞാൽ മതിയായിരുന്നു. എനിക്ക് മുഖ്യമന്ത്രിയോട് പറയാനുള്ളത്, അവരവരുടെ ഓഫീസിൽ കാര്യങ്ങൾ അറിയാവുന്ന ആളുകളെ വച്ചില്ലെങ്കിൽ ഇതിലും വലിയ അബദ്ധം സംഭവിക്കും. മറ്റ് മന്ത്രിമാരും ഇത് ശ്രദ്ധിക്കണം. പറഞ്ഞാൽ തന്നെ ചെയ്യില്ലേ; പിന്നെന്തിനാണ് ഇങ്ങനെ സെക്ഷനും വകുപ്പുമൊക്കെ പറയുന്നത്? ഏതായാലും ഞാൻ അതിനെപ്പറ്റി കൂടുതൽ വിശദീകരിക്കുന്നില്ല. ചർച്ച ചെയ്യാൻ സ്കോപ്പുണ്ടായിട്ടും ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാതെ ....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്..... ശ്രീ. അനൂപ് ജേക്കബ് അങ്ങ് സംസാരിക്കൂ.

ശ്രീ. കെ. ബാബു: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മന്ത്രി എന്ന നിലയിൽ താങ്കളുടെ പേരിൽ എത്ര കേസ്സുകളുണ്ട്?

ശ്രീ. അനൂപ് ജേക്കബ്: സർ, പ്രതിപക്ഷം ഉന്നയിച്ച അടിയന്തരപ്രമേയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് വാക്കൗട്ട് പ്രസംഗം നടത്താനാണ് ഞാൻ എഴുന്നേറ്റുനിന്നത്. എന്റെ പേരിൽ വിജിലൻസ് കേസ് ഉണ്ടോയെന്നാണ് ബഹുമാനപ്പെട്ട അംഗങ്ങൾ ചോദിച്ചത്. എന്റെ പേരിൽ ഒരു വിജിലൻസ് കേസുമില്ല. തെറ്റിദ്ധാരണ വച്ച് സംസാരിക്കരുത്. കാര്യങ്ങൾ മനസ്സിലാക്കിയിട്ട്

വേണം സംസാരിക്കാൻ. എനിക്കെതിരെ ഉണ്ടായിരുന്ന എൻക്വയറികളെല്ലാം അവസാനിപ്പിച്ചതാണ്. ഒരു വ്യക്തിക്കെതിരെ പരാതി കൊടുത്താൽ വിജിലൻസ് എൻക്വയറി നടത്തും. അത് അതിന്റെ ഭാഗമാണ്. വിജിലൻസ് എൻക്വയറികൾ കേസ്സായി എന്ന നിലയിൽ ബഹുമാനപ്പെട്ട അംഗങ്ങൾ വ്യാഖ്യാനിക്കരുത്. ചില നിയമനങ്ങളുമായി ബന്ധപ്പെട്ട് വന്ന ആക്ഷേപങ്ങളെ സംബന്ധിച്ച് പത്രങ്ങളിൽ പല സന്ദർഭങ്ങളിലും ഞാൻ പ്രസ്താവന കൊടുത്തിരുന്നു. ചട്ടപ്രകാരമല്ലാത്ത ഒരു നിയമനവും എന്റെ ബന്ധുക്കൾ എന്ന നിലയിൽ വന്നിട്ടുണ്ടായിരുന്നില്ല. അതിനെക്കുറിച്ചും അന്വേഷിക്കാം. എന്റെ ബന്ധുക്കളെക്കുറിച്ച് വന്ന ആക്ഷേപങ്ങളെ സംബന്ധിച്ച് ലോകായുക്തയും വിജിലൻസും എൻക്വയറി നടത്തിയിട്ടുള്ളതാണ്. ലോകായുക്ത എൻക്വയറി നടത്തി ആ നിയമനങ്ങൾ ക്രമപ്രകാരമാണെന്ന് കണ്ടെത്തിയിട്ടുള്ളതാണ്. കഴിഞ്ഞ അഞ്ചുവർഷത്തെ എല്ലാ നിമയനങ്ങളും അന്വേഷിക്കുമെന്നാണ് ഈ ഗവൺമെന്റ് പറയുന്നത്. ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ കഴിഞ്ഞ അഞ്ചുവർഷത്തെയല്ല, 1996 മുതലുള്ള നിയമനങ്ങൾ നിങ്ങൾ അന്വേഷിക്കുക. അതിന് നിങ്ങൾക്ക് ധൈര്യമുണ്ടോ? അഞ്ചുവർഷമെന്ന് ചുരുക്കരുതെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. ഇവിടത്തെ വിഷയം അതല്ല. ബഹളം വച്ചതുകൊണ്ട് പറഞ്ഞതാണ്.

നിയമന കാര്യങ്ങളിൽ മുഖ്യമന്ത്രിയുടെ പങ്ക് അന്വേഷിക്കാൻ വിജിലൻസ് എൻക്വയറിയുടെ പരിധിയിൽ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടതാണ് ഇവിടത്തെ വിഷയം. എം. ഡി. നിയമനങ്ങളിൽ വിജിലൻസിന്റെ ക്ലിയറൻസ് ഉണ്ടാകേണ്ടത് അനിവാര്യമാണ്. അത് ഉണ്ടായിട്ടില്ലായെന്നത് ഒരു ഭാഗത്ത് നിൽക്കുന്നു. റൂൾസ് ഓഫ് ബിസിനസ്സ് പ്രകാരം എം. ഡി.-മാരുടെ നിയമനങ്ങൾ സംബന്ധിച്ച ഫയൽ മുഖ്യമന്ത്രി കാണണമെന്നുണ്ട്. റൂൾസ് ഓഫ് ബിസിനസ്സ് അനുസരിച്ചല്ലെങ്കിൽപ്പോലും ഒരു കീഴ്വഴക്കമെന്ന നിലയിൽ എം. ഡി.-മാരുടെ നിയമനം അല്ലെങ്കിൽ ഒരു വകുപ്പ് മേധാവിയുടെ നിയമനം ഗവൺമെന്റിന്റെ ചുമതല വഹിക്കുന്ന മുഖ്യമന്ത്രി കാണേണ്ടതാണ്. ഇവിടെ മുഖ്യമന്ത്രി കണ്ടിട്ടുണ്ടോ ഇല്ലയോ എന്നത് സംബന്ധിച്ച് വ്യക്തമാക്കേണ്ടതുണ്ട്. അതുകൊണ്ടാണ് അന്വേഷണ പരിധിയിൽ മുഖ്യമന്ത്രിയെക്കൂടി കൊണ്ടുവരണമെന്ന് പ്രതിപക്ഷം സൂചിപ്പിക്കാനിടയായത്. മാഫിയകളുടെ സംരക്ഷണാർത്ഥമാണ് അല്ലെങ്കിൽ മാഫിയകളാണ് അദ്ദേഹത്തെ മന്ത്രിസഭയിൽ നിന്നും രാജിവയ്പ്പിക്കുവാൻ ഇടയാക്കിയതെന്ന് പറഞ്ഞു. അത്രമാത്രം മാഫിയകൾ കേരളത്തിലുണ്ടെങ്കിൽ അത് നിയന്ത്രിക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ലേ? കാര്യങ്ങൾ വ്യക്തമായി നിയമസഭയിൽ അവതരിപ്പിക്കാൻ കഴിയണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എന്തായാലും ഈ വിഷയം ചർച്ച ചെയ്യേണ്ടതായിരുന്നു, ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും ഈ വാക്കൗട്ടിൽ പങ്ക് ചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, ഇവിടെയെല്ലാം നിയമപ്രകാരമാണ് നടന്നിട്ടുള്ളതെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മുൻ വ്യവസായ വകുപ്പുമന്ത്രിയും അവകാശപ്പെടുന്നത്. പബ്ലിക് സെക്ടറിനെ സംബന്ധിച്ച് വ്യവസായ പുനഃസംഘടനാ ബോർഡിന്റെ ശിപാർശയോടുകൂടി മാത്രമേ നിയമനങ്ങൾ നടത്താവൂ. പുനഃസംഘനാ ബോർഡ് തയ്യാറാക്കിയ 39 പേരുടെ ലിസ്റ്റിൽ നിന്നാണോ നിയമനം നടത്തിയിട്ടുള്ളതെന്നുകൂടി ഈ ഗവൺമെന്റ് പരിശോധിക്കണം. 39 പേരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ട് അതിൽ പേരില്ലാത്ത 17 പേരെ ഇതിനോടകം നിയമിച്ചുകഴിഞ്ഞു. അത് മുഖ്യമന്ത്രി പരിശോധിച്ചാൽ കൊള്ളാം. നിയമവിരുദ്ധമായ നിയമനങ്ങൾ ഇവിടെ നടക്കുന്നു. ഒരു കാര്യം പറയുകയും അതിന് വിപരീതമായി പ്രവർത്തിക്കുകയും ചെയ്യുന്നു. ലിസ്റ്റിൽ പേരില്ലാതെ പുറത്തുനിന്നും നിയമിച്ചവരിൽ ആരെങ്കിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിൽ ഇപ്പോൾ ജോലി ചെയ്യുന്നുണ്ടോയെന്ന് അങ്ങ് പരിശോധിക്കണം. കാര്യങ്ങൾ നമുക്ക് വ്യക്തമാകണമല്ലോ? വാസ്തവത്തിൽ ഇവിടെ നടക്കുന്നതൊന്നും നടപടിക്രമങ്ങളനുസരിച്ചല്ലെന്ന് വ്യക്തമാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, അങ്ങ് ഭരണകക്ഷിയായിരുന്ന കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളിൽ എങ്ങനെയാണ് നിയമനം നടത്തിയത്? ഇഷ്ടമുള്ള ആളുകളെ ഇഷ്ടമുള്ള സ്ഥലത്ത് നിയമിക്കുകയായിരുന്നു ഞങ്ങൾ ചെയ്തത്, ഈ സ്ഥാപനങ്ങൾ നടത്താൻ പ്രാപ്തിയില്ലാത്ത ഏതെല്ലാം എം. ഡി.-മാരുണ്ടെന്ന് പരിശോധിച്ചു. വർക്ക് ചെയ്തുകൊണ്ടിരിക്കുന്നതിൽ പ്രാപ്തിയുള്ളവരാര് എന്ന് പഠിച്ച് ആവശ്യമായ നിർദ്ദേശം നൽകാൻ റിയാബിനെ ചുമതലപ്പെടുത്തി. അവർ കുറച്ച് നിർദ്ദേശങ്ങൾ വച്ചു. അവരുടെ പ്രൊപ്പോസലിൽ അങ്ങയുടെ നാട്ടിലെ സ്പിന്നിംഗ് മില്ലിലേയ്ക്കും ആലപ്പുഴ സ്പിന്നിംഗ് മില്ലിലേയ്ക്കും ആരുമില്ല. നിങ്ങൾ പറഞ്ഞ 39 പേരുടെ ലിസ്റ്റ് അതാണ്. ഇതിനെല്ലാം എം.ടെക് ഉള്ളവരൊന്നും വേണ്ട. ഇന്ന സ്ഥാപനത്തിൽ ഇന്ന ആൾ എന്നുള്ള നിലയിലല്ല റിയാബ് അപേക്ഷ ക്ഷണിച്ചതും കൊടുത്തതും. ഇതൊന്നും മനസ്സിലാക്കാതെയാണ് പ്രതിപക്ഷനേതാവും മറ്റും കാര്യങ്ങൾ ഉന്നയിച്ചിട്ടുള്ളത്.

ശ്രീ. കെ. എം. മാണി: സർ, അരി എത്ര എന്നുചോദിച്ചാൽ പയർ അഞ്ഞാഴി എന്നുപറയുന്നതിൽ വല്ല കാര്യവുമുണ്ടോ? 39 പേരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ട് അതിൽനിന്നും ഒരാളെപ്പോലും എടുക്കാതെ പുറത്തുനിന്നും ആളെ നിയമിച്ചുവെന്നാണ് പറയുന്നത്. ആ ലിസ്റ്റിൽ കൊള്ളാവുന്ന ആളില്ലെന്നാണ് അങ്ങ് പറയുന്നത്. ആദ്യത്തെ ലിസ്റ്റിൽ ആളില്ലായെങ്കിൽ രണ്ടാമത് ലിസ്റ്റ് തയ്യാറാക്കി തരാൻ പറയണം. ഇതൊന്നും ന്യായമല്ല.

ശ്രീ. ഇ. പി. ജയരാജൻ: സർ, അങ്ങ് മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. അങ്ങ് ഇതിനെക്കുറിച്ച് വിശദമായി മനസ്സിലാക്കിയിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. 39 പേരുടെ ലിസ്റ്റിൽ സ്പിന്നിംഗ് മില്ലുകളുമുണ്ട്. ആ ലിസ്റ്റിൽ നിന്നുമാണ് ക്വാളിഫൈഡായിട്ടുള്ള ആളുകളെ എടുത്തിട്ടുള്ളത്.

ശ്രീ. കെ. എം. മാണി: സർ, നടപടിക്രമങ്ങൾ പാലിക്കാതെ, നടപടിക്രമങ്ങൾക്ക് വിരുദ്ധമായി നിയമനം നടത്തുന്നുവെന്നാണ് കേസ്. ഇത് തെറ്റാണെന്നും ഫയൽ മുഖ്യമന്ത്രിയെ കാണിക്കണമെന്നും വ്യവസായ വകുപ്പ് സെക്രട്ടറി എഴുതിയിട്ടുണ്ട്. വേണ്ടെന്ന് മന്ത്രിതന്നെ എഴുതുകയാണ്. സെക്രട്ടറി എഴുതിയത് വളരെ ഗൗരവമുള്ള കാര്യമാണ്. മുഖ്യമന്ത്രിയെപ്പോലും veto ചെയ്തുകൊണ്ട് വ്യവസായ വകുപ്പുമന്ത്രി പ്രവർത്തിച്ചു. ഇതൊക്കെ പരിശോധിക്കണ്ടേ? ഇങ്ങനെയുള്ള സംഭവങ്ങൾ ഇനി നടക്കാൻ പാടില്ല.

ശ്രീ. ഇ. പി. ജയരാജൻ: സർ, അങ്ങനെയൊരു സംഭവവുമില്ല.

ശ്രീ. കെ. എം. മാണി: സർ, ഇവിടെ നടക്കുന്നതൊക്കെ വളരെ ആക്ഷേപകരമായ കാര്യമാണ്. എല്ലാകാര്യത്തിനും വാക്കൗട്ട് എന്നുള്ള രീതി ഞാനും എന്റെ പാർട്ടിയും സ്വീകരിക്കുന്നില്ല. പ്രതിഷേധം അറിയിക്കാൻ പല രീതികളുണ്ട്. അതുകൊണ്ട് ഞാൻ ഇറങ്ങിപ്പോകുന്നില്ല. ഞാൻ പ്രതിഷേധം അറിയിച്ചുകൊണ്ട് ഇവിടെ ഇരിക്കുന്നു.

(സഭവിട്ട് പുറത്തുപോയ യു.ഡി.എഫ്. അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

## V ശ്രദ്ധ ക്ഷണിക്കൽ

### (1) സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങൾ

ശ്രീ. റ്റി. വി. രാജേഷ്: സർ, ജീവിതപ്രാരാബ്ധം കാരണം ഗൾഫിൽ ഒരു ജോലിയെന്ന സ്വപ്നവുമായി അവിടെ എത്തുന്ന മലയാളികളിൽ പലരും ചെന്നു ചാടുന്നത് കൊടിയ ദുരിതത്തിലാണ്. കപടവാഗ്ദാനങ്ങൾ നൽകി ഗൾഫ് നാടുകളിലേയ്ക്ക് കടത്തിക്കൊണ്ടുപോയി, അവിടെ ചൂഷണം ചെയ്യപ്പെടുന്ന നിരവധി സംഭവങ്ങളാണ് ഈ അടുത്തകാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഇങ്ങനെ പോകുന്നവരിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. നല്ല തൊഴിൽ നൽകാമെന്ന പ്രലോഭനങ്ങൾ നൽകിയാണ് അവരെ വിദേശത്തേയ്ക്ക് കടത്തുന്നത്. ഇതിനുവേണ്ടി വൻ റാക്കറ്റുകൾ നമ്മുടെ നാട്ടിൽ പ്രവർത്തിക്കുകയാണ്. നമ്മുടെ വിമാനത്താവളത്തിലെ എമിഗ്രേഷൻ വിഭാഗത്തിലുള്ളവരുടെ സഹായത്തോടുകൂടിയാണ് ഈ റാക്കറ്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. തൊഴിൽ വിസ എന്ന പേരിൽ വിസിറ്റിംഗ് വിസ നൽകി ഇവരെ കൊണ്ടുപോകുകയും അവിടെ വച്ച് അവരെ മറ്റ് രാജ്യങ്ങളിലേക്ക് കടത്തുകയുമാണ് ചെയ്യുന്നത്. വ്യാജ പാസ്പോർട്ടുകളാണ് ഇവരിൽ പലരും ഉപയോഗിക്കുന്നത്. വ്യാജ പാസ്പോർട്ടിൽ ആവശ്യമായ യാത്രാരേഖകളില്ലാതെ കയറ്റിവിടുന്നതുകാരണം ഇത്തരം കാര്യങ്ങൾ അവർക്ക് ബന്ധപ്പെട്ട എംബസികളെ അറിയിക്കാൻ പലപ്പോഴും കഴിയാറില്ല. മതിയായ യാത്രാരേഖകളില്ലാത്തതിനാൽ പിടിക്കപ്പെട്ടാൽ ജയിലിൽ കഴിയേണ്ടിവരുമെന്നുള്ളതുകൊണ്ട് ഇത്തരം പീഡനങ്ങൾക്കും ചൂഷണങ്ങൾക്കും വഴങ്ങിക്കൊടുക്കാൻ ഇവർ നിർബന്ധിതരാവുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഇത്തരത്തിലുള്ള തട്ടിപ്പിനും ചൂഷണത്തിനും വിധേയരാകുന്നവരിൽ മഹാഭൂരിപക്ഷവും വിധവകളും ചെറുപ്രായത്തിൽ വിധവകളാകേണ്ടിവന്നവരും പാവപ്പെട്ടവരുമാണ്. ഈ തട്ടിപ്പ് മനസ്സിലാക്കിയിട്ടും ഇതുസംബന്ധിച്ച് കാര്യമായ അന്വേഷണങ്ങളൊന്നും നടക്കാത്ത സാഹചര്യമാണുള്ളത്. 'ബെന്യാമിന്റെ ആടുജീവിതം' എന്ന നോവലിൽ പറയുന്നതിനേക്കാൾ ഭീകരമായ അവസ്ഥയാണ് ഗൾഫ് രാജ്യങ്ങളിൽ കുടുങ്ങിയ പലർക്കും അനുഭവിക്കേണ്ടിവരുന്നത്. സെക്സ് റാക്കറ്റിന്റെ പിടിയിൽനിന്നും രക്ഷപ്പെട്ട പല സ്ത്രീകളുടേയും ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തലുകളാണ് കൈരളി ചാനലിന്റെ 'പ്രവാസി ലോകം' പുറത്തുകൊണ്ടു വന്നിട്ടുള്ളത്. ഇങ്ങനെ ചൂഷണത്തിന് വിധേയരായവരുടെ പേരുവിവരങ്ങൾ പുറത്തുവന്നിട്ടും ഇതുസംബന്ധിച്ച് പരാതികളുണ്ടായിട്ടും ഇക്കാര്യത്തിൽ അന്വേഷണമോ തുടർനടപടിയോ ഉണ്ടാകുന്നില്ല. ഇത്തരം റാക്കറ്റുകളെ അടിയന്തരമായി പിടികൂടുകയും ഇത്തരം കേസ്സുകളിൽ തുടരന്വേഷണം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

2015-ൽ കേന്ദ്രസർക്കാർ കൊണ്ടുവന്ന ഇ-മൈഗ്രേഷൻ അട്ടിമറിക്കാനുള്ള ആസൂത്രിത നീക്കമാണ് ഇന്ന് നടക്കുന്നത്. മലയാളികളായ പലരേയും ഇവിടത്തെ വിമാനത്താവളങ്ങൾ വഴിയല്ല, മറിച്ച് ദക്ഷിണേന്ത്യയിലെ മറ്റു പല വിമാനത്താവളങ്ങൾ വഴിയാണ് കടത്തപ്പെടുന്നത്. ഈ വിഷയം വളരെ ഗൗരവമുള്ളതാണ്. ഇവരിൽ പലരേയും സന്ദർശക വിസയിൽ ദുബായിലെത്തിച്ച്, ദുബായിൽനിന്നും സൗദിയിലേക്കും മറ്റുരാജ്യങ്ങളിലേക്കും കടത്തുകയാണ് ചെയ്യുന്നത്. കഴിഞ്ഞ ഒക്ടോബർ 17-ാം തീയതിയിലെ മംഗളം ദിനപത്രത്തിൽ 'സൗദി അറേബ്യയിലെ റിയാദിൽ വീട്ടുജോലിക്കെത്തി ദുരിതത്തിലായ മലയാളി യുവതിയെ മോചിപ്പിച്ചു' എന്ന വാർത്ത വന്നു. തൃശ്ശൂരിലെ മാള സ്വദേശിനി ശാരദാ കണ്ണൻ ആറുമാസം മുമ്പാണ് റിയാദിലെ റബ്വയിൽ ജോലിക്കായി എത്തിയത്. വിസ നൽകിയ ഏജന്റ് 1300 റിയാൽ മാസശമ്പളവും മറ്റാനുകൂല്യങ്ങളും വാഗ്ദാനം നൽകിയിരുന്നു. എന്നാൽ അവർക്ക് അതൊന്നും ലഭിച്ചില്ലെന്നുമാത്രമല്ല അവർ അവിടെ കടുത്ത ചൂഷണത്തിന് ഇരയാവുകയാണുണ്ടായത്. ഈ വാർത്തയറിഞ്ഞ കേളി സാംസ്കാരികവേദി പ്രവർത്തകർ സമയോചിതമായ ഇടപെടൽ നടത്തുകയുണ്ടായി. അവർ എംബസിയിൽ പരാതി നൽകുകയും എംബസി ഇടപെട്ട് ഈ മലയാളി യുവതിയെ മോചിപ്പിക്കുകയും ചെയ്തു. ഇങ്ങനെയുള്ള മനുഷ്യക്കടത്ത് സംഘങ്ങൾക്ക് അവിടത്തെ സെക്സ് റാക്കറ്റുകളുമായി ബന്ധമുണ്ട്. മാത്രവുമല്ല, ഈ സെക്സ് റാക്കറ്റുകളെ വിമാനത്താവളത്തിലെ എമിഗ്രേഷൻ ജീവനക്കാർ സഹായിക്കുന്നുവെന്ന ഞെട്ടിപ്പിക്കുന്ന വാർത്തകളും വെളിപ്പെട്ടിട്ടുണ്ട്.

വിദേശത്ത് തൊഴിൽ തേടിയെത്തുന്നവരെ സംരക്ഷിക്കാനും അവരുടെ അവകാശങ്ങൾ ഉറപ്പുവരുത്താനുമാണ് കേന്ദ്രസർക്കാർ 2015 ജൂൺ 1-ാം തീയതി ഇ-എമിഗ്രേഷൻ പദ്ധതി നടപ്പിലാക്കിയത്. ഇതനുസരിച്ച് വിദേശത്തെ ഒരു തൊഴിലുടമ അദ്ദേഹത്തിന്റെ സ്ഥാപനത്തിന്റെയും നൽകുന്ന വിസയുടെയും വിശദവിവരങ്ങൾ ഇ-എമിഗ്രേഷൻ സംവിധാനത്തിലൂടെ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് എംബസി മുഖേന ഉറപ്പു വരുത്തിയതിനുശേഷമേ ഉദ്യോഗാർത്ഥികൾക്ക് വിദേശത്ത് പോകാൻ അനുമതിയുള്ളൂ. ഇതാണ് നിയമത്തിന്റെ പ്രത്യേകത. പക്ഷേ ഇത് വളരെ നല്ല നിയമമാണെങ്കിലും ഇ-എമിഗ്രേഷൻ സംവിധാനത്തെ പല രീതിയിലും മറികടന്നുകൊണ്ടാണ് ഇന്ന് മനുഷ്യക്കടത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്നത്. മാത്രവുമല്ല, ഈ നിയമം പ്രാവർത്തികമായതോടുകൂടി ചില കമ്പനികൾ ഇന്ത്യൻ തൊഴിലാളികളെ ജോലിക്ക് കൊണ്ടുപോകുന്നത് ഒഴിവാക്കുകയാണുണ്ടായത്. ഇത് മറയാക്കിക്കൊണ്ടാണ് ഒരു ഭാഗത്ത് തൊഴിലന്വേഷകരായ ആളുകളുടെ ആവശ്യത്തെ മുൻനിർത്തി അനധികൃത കടത്ത് തകൃതിയായി നടക്കുന്നത്. ഗൾഫ് നാടുകളിൽ കടുത്ത ചൂഷണത്തിന് ഇരയാകുന്നവരെ നാട്ടിലെത്തിക്കാനും അവരെ സംരക്ഷിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന് ആവശ്യപ്പെടുകയാണ്. അതിനുവേണ്ടി നമ്മുടെ സംവിധാനം കുറേക്കൂടി ജാഗ്രതയോടെ പ്രവർത്തിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് പരിമിതിയുണ്ടെന്നറിയാം, എങ്കിലും സാധ്യമായ വിധത്തിൽ സർക്കാർ ഇടപെടണമെന്ന് ആവശ്യപ്പെടുകയാണ്. മനുഷ്യക്കടത്തുകാർക്കെതിരെ കർശനമായ നടപടി സ്വീകരിക്കാനും മതിയായ ശിക്ഷ ഉറപ്പാക്കാനും സാധ്യമായ ഇടപെടൽ നടത്തണമെന്ന് ഒന്നുകൂടി സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, അതീവ ഗുരുതരമായ ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിരിക്കുന്നത്. വിദേശ റിക്രൂട്ട്മെന്റിന്റെ കാര്യത്തിൽ ഇപ്പോൾ ചില മേഖലകളിൽ നിയന്ത്രണങ്ങൾ വന്നിട്ടുണ്ട്. വിദേശകാര്യ വകുപ്പിന്റെ 12-3-2015-ലെ ഉത്തരവുപ്രകാരം നമ്മുടെ സംസ്ഥാനത്ത് പ്രവാസികാര്യ വകുപ്പിന്റെ കീഴിലുള്ള നോർക്കാറൂട്ട്സ്, തൊഴിൽ വകുപ്പിനുകീഴിലെ ഒഡെപെക് ഇവയെ മാത്രമായി 2015 മാർച്ച് മാസം മുതൽ ജി.സി.സി. രാജ്യങ്ങളിലേക്കുള്ള നഴ്സിംഗ് റിക്രൂട്ട്മെന്റ് ഏജൻസികളായി കേന്ദ്ര സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ 12-8-2016-ലെ ഉത്തരവുപ്രകാരം എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമുള്ള 18 രാജ്യങ്ങളിലേക്ക് ഫീമെയിൽ വർക്കർമാരെ റിക്രൂട്ട് ചെയ്യുന്നത് നോർക്ക റൂട്ട്സ്-നും ഒഡെപെക്-നും പുറമേ ഇതര സംസ്ഥാനങ്ങളിലെ നാല് ഏജൻസികൾവഴി മാത്രമായും നിയന്ത്രിക്കപ്പെട്ടിട്ടുണ്ട്.

എന്നാൽ ഇതര വിഭാഗങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റ് അംഗീകൃത സ്വകാര്യ ഏജൻസികൾ വഴിയാണ് ഇപ്പോഴും നടക്കുന്നത്. കേന്ദ്രസർക്കാർ, മിനിസ്ട്രി ഓഫ് ഓവർസീസ് ഇന്ത്യൻ അഫയേഴ്സ് വകുപ്പിന്റെ അംഗീകാരമില്ലാത്ത പല സ്വകാര്യ ഏജൻസികളും വ്യാജ വാഗ്ദാനങ്ങൾ നൽകി വൻതുക ഈടാക്കിയതിനുശേഷം നിർദ്ധനരായ കേരളീയ സ്ത്രീകളുൾപ്പെടെയുള്ളവരെ വിദേശരാജ്യങ്ങളിലേയ്ക്ക് കൊണ്ടുപോകുകയും അവിടെവച്ച് പലവിധ ചൂഷണങ്ങൾക്ക് വിധേയമാക്കുകയും ചെയ്യുന്നതായി പരാതികൾ സർക്കാരിന് ലഭിക്കാറുണ്ട്. ചൂഷണത്തിന് വിധേയരായി വിദേശത്ത് അകപ്പെട്ടുപോയവരെ തിരികെ കൊണ്ടുവരുന്നതിന് കേന്ദ്ര വിദേശകാര്യ മന്ത്രാലയം, എംബസികൾ എന്നിവ മുഖേന സർക്കാർ നടപടി സ്വീകരിക്കും. ഈ പ്രശ്നം സംസ്ഥാന സർക്കാർ കേന്ദ്ര വിദേശ്യകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇവിടെ ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ ഒട്ടേറെ സ്ത്രീകൾ ജോലിക്കുപോയി വലിയ തോതിൽ പീഡിപ്പിക്കപ്പെടുന്ന അവസ്ഥയുണ്ടാകുന്നുണ്ട്. നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്ന ചില അനധികൃത റിക്രൂട്ടിംഗ് ഏജസികളാണ് ഇത്തരത്തിൽ ആളുകളെ കൊണ്ടുപോയി ചൂഷണം ചെയ്യുന്നത്. ഈ ഏജൻസികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടിവരും. അവിടെ എത്തപ്പെടുന്ന സ്ത്രീകൾക്ക് സംരക്ഷണം നൽകാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഇതിനകം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് കേന്ദ്രസർക്കാർ പറയുന്നത്. പക്ഷേ അനധികൃതമായി റിക്രൂട്ട് ചെയ്യപ്പെട്ട് അവിടെ എത്തപ്പെടുന്നവർ എംബസിയെ സമീപിക്കില്ല, എംബസിക്ക് അറിയാൻ സാധിക്കില്ല. അങ്ങനെയാണ് ഇത്തരം സംഭവങ്ങൾ വർദ്ധിച്ചുവരുന്നത്. അനധികൃത ഏജൻസികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതായിവരും. സംസ്ഥാന പോലീസ്, കേന്ദ്രസർക്കാരിന്റെ വിദേശകാര്യ വകുപ്പ്, കേന്ദ്ര അന്വേഷണ ഏജൻസികളായ സി.ബി.ഐ., ഐ.ബി., ബ്യൂറോ ഓഫ് എമിഗ്രേഷൻ എന്നിവയും മനുഷ്യക്കടത്ത് തടയുന്നതിൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വ്യാജ റിക്രൂട്ട്മെന്റ്, വിസാത്തട്ടിപ്പ് എന്നിവയ്ക്കെതിരെ മാധ്യമങ്ങളിലൂടെ വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. യൂറോപ്പ്, പടിഞ്ഞാറൻ രാജ്യങ്ങൾ, മറ്റ് വിദേശ രാജ്യങ്ങൾ എന്നിവിടങ്ങളിൽ കുടിയേറുന്നവർക്ക് അതത് രാജ്യങ്ങളിലെ നിയമ വ്യവസ്ഥകളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നുണ്ട്. കേരള പോലീസിൽ മനുഷ്യക്കടത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും മനുഷ്യക്കടത്തിന് ഇരയാകുന്ന സ്ത്രീകളുടെ പുനരധിവാസത്തിനുമായി ഐ.ജി. നോഡൽ ഓഫീസറായി രണ്ടംഗങ്ങളടങ്ങിയ നോഡൽ സെല്ലും ജില്ലകളിൽ ഡി.സി.ആർ.ബി., ഡിവൈ.എസ്.പി. നോഡൽ ഓഫീസറായി ജില്ലാതല ആന്റി-ഹ്യൂമൻ ട്രാഫിക്കിംഗ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. ഓരോ മാസവും ജില്ലാതലത്തിൽ ഇതുസംബന്ധിച്ച് സ്വീകരിച്ച

നടപടികളുടെയും രജിസ്റ്റർചെയ്ത കേസുകളുടെയും സമയാസമയങ്ങളിലുള്ള വിവരം ക്രോഡീകരിച്ച് വിലയിരുത്തുകയും സ്റ്റേറ്റ് നോഡൽ ഓഫീസർ മുഖാന്തിരം കേന്ദ്ര ആഭ്യന്തര വകുപ്പിനേയും നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയേയും അറിയിക്കുകയും മനുഷ്യക്കടത്തിന് വിധേയരാകുന്ന വ്യക്തികൾക്ക് പുനരധിവാസം ഏർപ്പെടുത്തുകയും ചെയ്തുവരുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഗൾഫ് രാജ്യങ്ങളിൽ ചൂഷണത്തിന് ഇരയാകുന്നവർക്ക് തിരിച്ച് നാട്ടിലെത്താനും അവർക്ക് നിയമപരിരക്ഷ ഉറപ്പാക്കാനും എംബസിയുമായി ആലോചിച്ച് അവിടെ ഒരു ഹെൽപ്പ് ഡസ്ക് ആരംഭിക്കാൻ സർക്കാർ മുൻകയ്യെടുക്കുമോ ?

ശ്രീ. പിണറായി വിജയൻ: സർ, കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ഓരോ രാജ്യത്തും എന്തുചെയ്യാൻ സാധിക്കുമെന്നുള്ളത് പരിശോധിക്കാവുന്നതാണ്.

## (2) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ശ്രീ. അൻവർ സാദത്ത്: സർ, കേരളത്തിലെ ഗവൺമെന്റ്-എയ്ഡഡ് സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും അവരുടെ കുടുംബത്തിനും സഹായകരമായ വിഷയമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. സംസ്ഥാനത്തെ എല്ലാ സർക്കാർ-എയ്ഡഡ് സ്കൂളുകളിലെയും വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഇന്ന് അനിവാര്യമായിരിക്കുകയാണ്. ഇന്ന് കുട്ടികളുടെ ചികിത്സ വളരെയധികം ചെലവേറിയതുകൊണ്ട് സാധാരണക്കാരായ മാതാപിതാക്കൾക്ക് അത് താങ്ങാൻ കഴിയാതെ ബുദ്ധിമുട്ടുകയാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് 30-9-2016-ന് പുറത്തിറക്കിയ ഉത്തരവുപ്രകാരം നിലവിലുണ്ടായിരുന്ന സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽനിന്നും മാറ്റി പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിരിക്കുകയാണ്. ഇതുപ്രകാരം വിദ്യാർത്ഥികൾക്ക് അപകട മരണം സംഭവിച്ചാൽ 50,000 രൂപയും ഗുരുതരമായി പരിക്കേറ്റാൽ 10,000 രൂപയും നൽകും. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികളുടെ രക്ഷകർത്താവ് മരണപ്പെട്ടാൽ ആ കുട്ടിയുടെ പേരിൽ 50,000 രൂപ ട്രഷറിയിൽ ഡെപ്പോസിറ്റ് ചെയ്യുന്ന പദ്ധതിക്ക് ഇന്ന് ഗവൺമെന്റ് തുടക്കം കുറിച്ചിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതെന്നത് മാറ്റി ഗവൺമെന്റ്-എയ്ഡഡ് സ്കൂളുകളിലെ ഏതൊരു കുട്ടിയുടേയും മാതാപിതാക്കൾ അപകടത്തിൽ മരണപ്പെട്ടാൽ എന്നാക്കണം. രോഗംമൂലം ചികിത്സയ്ക്ക് ബുദ്ധിമുട്ടുന്ന കുട്ടികൾക്ക് ചികിത്സയ്ക്കുള്ള സഹായം ഈ പദ്ധതിയിലൂടെ ലഭിക്കില്ല. കേരളത്തിൽ ആദ്യമായിട്ടാണ് അങ്ങനെയൊരു പദ്ധതിക്ക് തുടക്കം കുറിച്ചത്. എന്റെ നിയോജകമണ്ഡലത്തിലാണെന്നാണ് എനിക്ക് മനസിലാക്കാൻ സാധിച്ചത്. അന്ന് കേരളത്തിലെ മുഖ്യമന്ത്രിയായിരുന്ന

ശ്രീ. ഉമ്മൻ ചാണ്ടിയാണ് ആ പദ്ധതിക്ക് തുടക്കമിട്ടത്. എന്റെ നിയോജക മണ്ഡലത്തിലെ ഗവൺമെന്റ്-എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന ഇരുപതിനായിരത്തോളം കുട്ടികളെ ഇൻഷ്വറൻസ് പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നു. ഡോ. കെ. ടി. മുഹമ്മദ് റബീഹ് റബീയുള്ള എം.ഡി.-യായ ഷിഫാ-അൽ-ജസീറാ മെഡിക്കൽ ഗ്രൂപ്പ് എന്നുപറയുന്ന സ്ഥാപനത്തെ സ്പോൺസറായി കണ്ടെത്തി 20 ലക്ഷം രൂപയ്ക്ക് ഇരുപതിനായിരം കുട്ടികളെ ഇൻഷ്വർ ചെയ്യുന്ന ഒരു സാഹചര്യമുണ്ടായി. ഒരു വർഷത്തിൽ അമ്പതിനായിരം രൂപയാണ് ഒരു കുട്ടിക്ക് ചികിത്സാ സഹായമായി ലഭിക്കുന്നത്. അപകടം സംഭവിച്ചാലും മാരകമായ എന്ത് രോഗംവന്നാലും ഹോസ്പിറ്റലിൽ ആ കാർഡുമായി ചെന്നാൽ വിദ്യാർത്ഥികൾക്ക് ചികിത്സാസൗകര്യം ലഭിക്കുന്ന ഒരു സാഹചര്യമുണ്ട്. ഇതുമൂലം ധാരാളം ഗുണം ലഭിച്ചതായി പല മാതാപിതാക്കളും എന്നോട് പറഞ്ഞിട്ടുണ്ട്. 20 ലക്ഷം രൂപ പ്രീമിയം അടച്ച സ്ഥാനത്ത്, ഇൻഷ്വറൻസ് കമ്പനി കുട്ടികൾക്ക് 20 ലക്ഷത്തിൽപ്പരം രൂപയ്ക്ക് ചികിത്സ കൊടുക്കുന്ന ഒരു സാഹചര്യമാണുണ്ടായത്. അതുമൂലം ധാരാളം കുട്ടികൾക്ക് ചികിത്സാസഹായം ലഭിച്ചു. ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾ തുച്ഛവരുമാനമുള്ളവരാണ്. പതിനായിരം/ പതിനയ്യായിരം രൂപ മാസവരുമാനമുള്ള മാതാപിതാക്കൾ ചികിത്സയ്ക്കുവേണ്ടി ഒരു ഹോസ്പിറ്റലിൽ ചെല്ലുമ്പോൾ 5,000-6,000 അല്ലെങ്കിൽ 10,000 രൂപ വരെ ചെലവുവരും. പിന്നെ അസുഖത്തെ ഡിപ്പെന്റ് ചെയ്തിരിക്കും. അങ്ങനെയുള്ള മാതാപിതാക്കൾക്ക് ഇത്രയും തുക സ്വാഭാവികമായും ഹോസ്പിറ്റലിൽ അടയ്ക്കേണ്ടി വരുമ്പോൾ ആ കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത തകരാറിലാകും. അങ്ങനെയുള്ളവരെ സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് എന്റെ നിയോജകമണ്ഡലത്തിൽ ഈ പദ്ധതി നടപ്പിലാക്കിയത്. നമുക്കറിയാം നമ്മുടെ നാട്ടിൽ ഒരുപാട് വ്യവസായികളുടെയും ലാഭകരമായി മുന്നോട്ടുപോകുന്ന സ്ഥാപനങ്ങളുടെയും CSR ഫണ്ട് (Corporate Social Responsibility Fund) നമുക്ക് ഉപയോഗിക്കാൻ സാധിക്കും. 140 ആളുകളെ കണ്ടെത്തിയാൽ ഗവൺമെന്റിന് ചെലവുണ്ടാകില്ല. 140 നിയോജക മണ്ഡലങ്ങളിലും ഈ പദ്ധതി നടപ്പിലാക്കിയാൽ പാവപ്പെട്ട കുട്ടികളുടെ ചികിത്സ നല്ലരീതിയിൽ നടത്താൻ സാധിക്കും. അതോടൊപ്പം പരോക്ഷമായി ആ കുടുംബത്തെ, മാതാപിതാക്കളെ സാമ്പത്തികമായി സഹായിക്കുന്നതിന് തുല്യമാകും. സ്വാഭാവികമായും കുട്ടികളുടെ വിദ്യാഭ്യാസത്തിൽ മാതാപിതാക്കൾക്ക് കൂടുതൽ ശ്രദ്ധ ചെലുത്താൻ സാധിക്കും. ഗവൺമെന്റ് ഇപ്പോൾ നടപ്പിലാക്കിയ ആ പദ്ധതിയോടൊപ്പം കുട്ടികളുടെ എല്ലാ ചികിത്സയ്ക്കും ഉതകുന്ന രീതിയിൽ ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുവാൻ തയ്യാറാകണമെന്നാണ് എനിക്ക് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഇപ്പോൾ നിലവിലില്ല. എന്നാൽ സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി 30-9-2016-ലെ 163-ാം നമ്പർ ഉത്തരവ് പ്രകാരം അപകട ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അപകടം സംഭവിച്ച് മരണപ്പെട്ടാൽ 50,000 രൂപയും പരിക്കു പറ്റിയാൽ പരമാവധി 10,000 രൂപയും നൽകുന്നതാണ് ഈ പദ്ധതി. കൂടാതെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ രക്ഷിതാക്കൾ മരണപ്പെട്ടാൽ 50,000 രൂപ കുട്ടിയുടെ പേരിൽ സ്ഥിരനിക്ഷേപം നടത്തി അതിൽനിന്ന് ലഭിക്കുന്ന പലിശ കുട്ടിയുടെ തുടർപഠനത്തിന് ഉപയോഗിക്കാൻ കഴിയുന്ന തരത്തിലാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. അങ്ങ് പറഞ്ഞ ഈ ആശയം പൊതുവിൽ എല്ലാവർക്കും മറ്റ് മേഖലയിലുള്ള ചികിത്സയ്ക്കുംകൂടി സഹായകമാകുന്ന രീതിയിലാണ്. പക്ഷേ ഇപ്പോൾ ആരോഗ്യ വകുപ്പ് 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യമായ ചികിത്സയാണ് നൽകുന്നത്. അപകടത്തിന് ഇൻഷ്വറൻസ് ആവശ്യമാണെന്ന രീതിയിലാണ് 18 വയസ്സുവരെയുള്ള കുട്ടികൾക്കുള്ള സൗജന്യമായ ചികിത്സ എന്ന പദ്ധതികൂടി മനസ്സിൽവച്ചുകൊണ്ട് അപകട ഇൻഷ്വറൻസ് പദ്ധതി പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന നടപ്പിലാക്കുന്നത്. ഇവിടെ ഇൻഷ്വറൻസ് കമ്പനിയൊന്നും ഈ ചിത്രത്തിലില്ല.

ശ്രീ. അൻവർ സാദത്ത്: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. ഇപ്പോൾ ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ ചികിത്സ ഫ്രീയാണ് എന്നത് സമ്മതിക്കുന്നു. സ്വാഭാവികമായും മെഡിക്കൽ കോളേജുകളിൽ മറ്റുള്ള ചികിത്സയ്ക്ക് പലപ്പോഴും ബുദ്ധിമുട്ടാറുണ്ട്. ഇത്തരമൊരു പദ്ധതിക്ക് ഗവൺമെന്റ് ഇനിഷ്യേറ്റീവ് എടുത്താൽ നടക്കും. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ സ്പോൺസർമാരെ കണ്ടെത്തിയാൽ ഗവൺമെന്റിന് നിഷ്പ്രയാസം സാധിക്കും. കാരണം ഇതിന് തയ്യാറുള്ള നിരവധിപ്പേർ സമൂഹത്തിലുണ്ട്. വ്യവസായികളിൽ ചാരിറ്റി പ്രവർത്തനം നടത്തുന്ന ധാരാളം പേരുണ്ട്. ഞാൻ ഇവിടെ പറഞ്ഞതുപോലെ ഒരു വർഷം 50,000 രൂപയുടെയെങ്കിലും ചികിത്സ ഒരു കുട്ടിക്ക് കിട്ടുന്ന രീതിയിലുള്ള പദ്ധതി കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകില്ലേ എന്നാണ് വീണ്ടും എനിക്ക് ചോദിക്കാനുള്ളത്.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, നേരത്തെ പറഞ്ഞതുതന്നെയാണ് ഇതിനുമുള്ള ഉത്തരം. വാസ്തവത്തിൽ കേരളത്തിലെ മെഡിക്കൽ കോളേജുകളിലും സർക്കാർ ആശുപത്രികളിലുമാണ് ഏറ്റവും നല്ല ചികിത്സ ലഭിക്കുന്നത്. അവിടെ 18 വയസ്സുവരെയുള്ള ഏത് കുട്ടിക്കും എത്ര ചെലവ് വന്നാലും പൂർണ്ണമായും ചികിത്സ സൗജന്യമാണ്. പിന്നെ എന്തിനാണ് ആ ചികിത്സ ഒരു ഇൻഷ്വറൻസ് കമ്പനിയെ

ഏൽപ്പിക്കുന്നത്; ചികിത്സയും ഇൻഷ്വറൻസും തമ്മിലുള്ള ബന്ധം ലോകത്തിൽ പലതരത്തിലും പഠിക്കപ്പെട്ടിട്ടുള്ളതാണ്. ആരോഗ്യരംഗത്തെ കച്ചവടവൽക്കരണത്തിന്റെ ഒരു വശം ആണ് ഇൻഷ്വറൻസ് ഏർപ്പെടുത്തുക എന്നുള്ളത്. സ്വാഭാവികമായും ചികിത്സയുടെ ചെലവ് സ്വകാര്യ ആശുപത്രിയിൽ വർദ്ധിക്കും. ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നത് സൗജന്യമായ ചികിത്സകൾ ഇല്ലാത്ത ഒരു പ്രദേശത്ത് വേണമെങ്കിൽ ആലോചിക്കാം. ഇവിടെ സർക്കാർ സൗജന്യമായി ചികിത്സ കൊടുക്കുമ്പോൾ ഇൻഷ്വറൻസ് കമ്പനിയുമായി ബന്ധപ്പെട്ട് ചികിത്സ കച്ചവടവൽക്കരിക്കുന്ന സാഹചര്യം ഉണ്ടാകരുതെന്നുള്ള നല്ല ഉദ്ദേശ്യത്തോടുകൂടിയാണ് കുട്ടികൾക്ക് എല്ലാത്തരത്തിലുമുള്ള ചികിത്സ ലഭ്യമാക്കിയത്. രക്ഷകർത്താക്കൾ മരിച്ചുകഴിഞ്ഞാൽ കുട്ടിയുടെ പേരിൽ ഡെപ്പോസിറ്റ് ചെയ്തുപോലും ആ കുട്ടിയുടെ തുടർപഠനത്തിന് സാഹചര്യമുണ്ടാക്കുന്ന രീതിയിൽ വളരെ സമഗ്രമായി കുട്ടികളുടെ ആരോഗ്യപ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയാണ് ഈ പദ്ധതി. അതു തുടർന്നുകൊണ്ടിരിക്കാം. ഒന്നോ രണ്ടോ കൊല്ലം നമുക്കിത് പരിശോധിച്ച് കാര്യങ്ങൾ മനസ്സിലാക്കാം.

ശ്രീ. അൻവർ സാദത്ത്: സർ, ദാരിദ്ര്യരേഖയ്ക്ക് താഴെ എന്നുള്ളത് മാറ്റി ഗവൺമെന്റ്-എയ്ഡഡ് സ്കൂളുകളിലെ ഏത് കുട്ടികളുടെയും മാതാപിതാക്കൾ അപകടത്തിൽപ്പെട്ട് മരണപ്പെട്ടാൽ എന്നുള്ള രീതിയിൽ ആലോചിക്കണം.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇപ്പോൾ ഇതാണ് തീരുമാനിച്ചിരിക്കുന്നത്. നമുക്കെല്ലാവർക്കും ചേർന്ന്, ഇത് എങ്ങനെയാണ് പോകുന്നത്, ഇതിൽ എന്തെല്ലാം പ്രശ്നങ്ങളുണ്ട് എന്ന് ഒന്നോ രണ്ടോ വർഷം പരിശോധിച്ച് പിന്നീട് ആലോചിക്കാം. ഇപ്പോൾ സമഗ്രമായ രീതിയിൽ കൊണ്ടുവന്നിട്ടുള്ള പദ്ധതി ഇതാണ്.

## VI സബ്മിഷൻ

### (1) പ്രവർത്തന മേഖല വ്യാപിപ്പിക്കൽ

ശ്രീ. കെ. ജെ. മാക്സി: സർ, കേരള ഫയർഫോഴ്സ് പ്രത്യേക വകുപ്പായി പ്രവർത്തനമാരംഭിച്ച 1963 കാലഘട്ടം മുതൽ കേരള ഫയർ സർവ്വീസിന്റെ പരിശീലന കേന്ദ്രമായിരുന്ന ഫോർട്ട് കൊച്ചി ഫയർ സ്റ്റേഷനിൽ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്, വാഹന ഗ്യാരേജുകൾ, ജലലഭ്യത തുടങ്ങിയ സംവിധാനങ്ങളൊക്കെയുണ്ട്. 2007 ജൂൺ 4-ാം തീയതി തൃശ്ശൂർ ജില്ലയിലെ വിയ്യൂരിൽ ഫയർ സർവ്വീസ് ട്രെയിനിംഗ് അക്കാഡമി ആരംഭിച്ചതിനെത്തുടർന്ന് ഫോർട്ട് കൊച്ചി ഫയർ സ്റ്റേഷൻ മട്ടാഞ്ചേരിയുടെ ഒരു ഭാഗം മാത്രമെന്ന നിലയ്ക്ക് മാറുകയുണ്ടായി. ആയിരക്കണക്കിന് വിദേശ ടൂറിസ്റ്റുകൾ ഉൾപ്പെടെയുള്ള വിനോദസഞ്ചാരികൾ എത്തിച്ചേരുന്ന ഫോർട്ട് കൊച്ചിയിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഫയർ സ്റ്റേഷൻ ഒഴിച്ചുകൂടാനാകാത്തതാണ്. 2015-ൽ

ഉണ്ടായ ബോട്ടപകടം 11 ആളുകളുടെ ജീവൻ കവർന്നത് ഈയവസരത്തിൽ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. അതിനാൽ തൊട്ടടുത്തുള്ള ഫോർട്ട് കൊച്ചി ഫയർ സ്റ്റേഷനിൽ ആവശ്യമായ സൗകര്യം ഒരുക്കുകയാണെങ്കിൽ വിദേശികളും സ്വദേശികളുമായ വിനോദസഞ്ചാരികൾക്കും പൊതുജനങ്ങൾക്കും ബോട്ട് യാത്രക്കാർക്കും ഇത്തരത്തിലുള്ള അപകടമുണ്ടാകുമ്പോൾ സുരക്ഷാ സംവിധാനം ഒരുക്കുവാൻ എളുപ്പത്തിൽ സാധിക്കും. ജലാശയങ്ങളിലെ ആഴത്തിലുള്ള രക്ഷാപ്രവർത്തനം സാദ്ധ്യമാക്കുന്നതിന്റെ ഭാഗമായ സ്കൂബാ ഡൈവിംഗിന് കേരള ഫയർ സർവ്വീസ് സജ്ജമായിട്ടുണ്ട്. ഇത്തരത്തിൽ ജീവനക്കാരെ സജ്ജമാക്കുകവഴി ഫോർട്ട് കൊച്ചിയിലെ ഫയർ ആന്റ് റെസ്ക്യൂ സംവിധാനം കാര്യക്ഷമമാക്കാനും രക്ഷാപ്രവർത്തനത്തിനൊപ്പം ടൂറിസം മേഖലയിലേയ്ക്കും ഫോർട്ട് കൊച്ചി സ്റ്റേഷനെ വ്യാപിപ്പിക്കാനും സാധിക്കും. ഫോർട്ട് കൊച്ചിയുടെ ഈ സവിശേഷ സാഹചര്യങ്ങൾ കണക്കിലെടുത്ത് ആവശ്യമായ ജീവനക്കാരെ നിയമിച്ചും ഫോർട്ട് കൊച്ചി ഫയർ സ്റ്റേഷനിൽ സ്കൂബാ ഡൈവിംഗ് വിംഗ് ഉൾപ്പെടുത്തിയും നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തിയും ഒരു സ്ഥിരം സ്റ്റേഷനാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരള ഫയർ & റെസ്ക്യൂ സർവ്വീസസിന്റെ ആദ്യകാല പരിശീലന കേന്ദ്രമായ ഫോർട്ട് കൊച്ചി ട്രെയിനിംഗ് സ്കൂളിലെ പരിശീലന പരിപാടികൾ തൃശ്ശൂർ ആസ്ഥാനമായ കേരള ഫയർ സർവ്വീസസ് അക്കാദമി നിലവിൽ വന്നതോടുകൂടി പൂർണ്ണമായും തൃശ്ശൂരിലേക്ക് മാറ്റിയിരുന്നു. എന്നാൽ ഫോർട്ട് കൊച്ചി മേഖലയിലെ വൻതോതിലുള്ള വിദേശ ടൂറിസ്റ്റുകളുടെയും നിരവധി വ്യാപാര-വ്യവസായ സ്ഥാപനങ്ങളുടെയും സാന്നിദ്ധ്യം കണക്കിലെടുത്ത് മട്ടാഞ്ചേരി അഗ്നിരക്ഷാനിലയത്തിൽനിന്നും ഒരു ഫയർ ടെണ്ടറിനേയും ആവശ്യമായ അഗ്നിശമനസേനാ വിദഗ്ധരെയും പ്രസ്തുത മേഖലയിലുണ്ടാകുന്ന ഏത് തരത്തിലുള്ള അപകടങ്ങളിലും കാര്യക്ഷമമായ രക്ഷാപ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് സജ്ജമാക്കി ഫോർട്ട് കൊച്ചി സ്കൂളിൽ നിലനിർത്തിയിട്ടുണ്ട്. നാല് കിലോമീറ്റർ അകലെ സുസജ്ജമായ മട്ടാഞ്ചേരി അഗ്നിരക്ഷാ നിലയം ഉള്ളതിനാൽ തൊട്ടടുത്തുള്ള ഫോർട്ട് കൊച്ചിയിൽ വീണ്ടുമൊരു നിലയത്തിന്റെ ആവശ്യകത നിലവിലില്ല.

## (2) അബ്ദുൽ ലത്തീഫിന്റെ കുടുംബത്തിന് ധനസഹായം

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വണ്ടൂർ, പള്ളിക്കുന്ന് സ്വദേശിയായ അബ്ദുൽ ലത്തീഫ് കഴിഞ്ഞ സെപ്റ്റംബർ മാസം 11-ാം തീയതി വണ്ടൂർ പോലീസ് സ്റ്റേഷനിലെ ബാത്ത്റൂമിൽ ദുരൂഹ സാഹചര്യത്തിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയ സംഭവമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന നൂറാം ദിവസത്തിന്റെ

ആഘോഷ പരിപാടികൾക്കിടയിലാണ് പോലീസ് സ്റ്റേഷനിൽ ഒരു കസ്റ്റഡി മരണം സംഭവിച്ചിരിക്കുന്നത്. ഒരു കേസ്സുമായി ബന്ധപ്പെട്ടാണ് അബ്ദുൽ ലത്തീഫിനെ പോലീസ് സ്റ്റേഷനിലേക്ക് 9-ാം തീയതി വിളിച്ചുവരുത്തിയത്. അന്ന് ചോദ്യം ചെയ്ത് വിട്ടയച്ച അബ്ദുൽ ലത്തീഫിനെ 10-ാം തീയതി വീണ്ടും പോലീസ് സ്റ്റേഷനിൽ വിളിപ്പിച്ചു. 11-ാം തീയതി ഉച്ചയ്ക്ക് 2 മണിയോടുകൂടി അബ്ദുൽ ലത്തീഫ് മരണപ്പെട്ട വിവരമാണ് കുടുംബാംഗങ്ങൾ അറിയുന്നത്. ഈ മരണവുമായി ബന്ധപ്പെട്ട് കുടുംബാംഗങ്ങൾക്ക് സംശയമുണ്ട്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് അബ്ദുൽ ലത്തീഫിന്റെ വീട് സന്ദർശിക്കുകയുണ്ടായി. തൂങ്ങിമരിക്കാനുള്ള ഒരു സാഹചര്യവും അബ്ദുൽ ലത്തീഫിനില്ലെന്നാണ് അദ്ദേഹത്തിന്റെ ഭാര്യയും മാതാവും മകനും പറഞ്ഞത്. കൂടാതെ അബ്ദുൽ ലത്തീഫിന്റെ മരണത്തിൽ വളരെയേറെ സംശയങ്ങൾ നിലനിൽക്കുന്നുവെന്ന് സൂചിപ്പിക്കുകയും ചെയ്തു. ആ സംശയത്തെ ശക്തിപ്പെടുത്തുന്ന രീതിയിലുള്ള സംഭവങ്ങളും അവിടെ നടക്കുകയുണ്ടായി. ഈ സംഭവം നടന്നത് ഏകദേശം 12.30-നാണ് എന്നാണ് ഞാൻ അറിഞ്ഞത്. ഒരു മാധ്യമ സുഹൃത്ത് മലപ്പുറത്തുനിന്നും വിളിച്ചുപറയുമ്പോഴാണ് വണ്ടൂരിലുള്ള ഞാൻ ഈ വിവരം അറിയുന്നത്. പോലീസ് സ്റ്റേഷന് ഒരു കിലോമീറ്റർ അപ്പുറത്തുതന്നെ ഞാൻ ഉണ്ടായിരുന്നു. വണ്ടൂർ ടൗണിന് നടുവിലുള്ള പോലീസ് സ്റ്റേഷനിൽ എന്തെങ്കിലും സംഭവിച്ചാൽ ഒരുമിനിട്ടുകൊണ്ട് ആളുകൾക്ക് അവിടെ എത്തിച്ചേരാൻ സാധിക്കും. എന്നാൽ ഞാൻ അവിടെ ചെല്ലുമ്പോൾ ഒരാളുപോലും സ്റ്റേഷനിൽ എത്തിയിട്ടില്ല. പക്ഷേ പോലീസ് സ്റ്റേഷനിൽ ജില്ലാ പോലീസ് സൂപ്രണ്ട് ഉൾപ്പെടെയുള്ളവർ എത്തിയിരിക്കുന്നു. മലപ്പുറത്തുനിന്നും പോലീസ് സൂപ്രണ്ടിന് വണ്ടൂരിൽ എത്തണമെങ്കിൽ ചുരുങ്ങിയത് ഒരുമണിക്കൂറെങ്കിലും വേണം. ആ സംഭവം നടന്ന് രണ്ടരമണിക്കൂർ കഴിഞ്ഞ് പോലീസ് ഉദ്യോഗസ്ഥരും എത്തിയതിനുശേഷമാണ് വണ്ടൂർ പോലീസ് സ്റ്റേഷനിൽനിന്നും ഒരു കിലോമീറ്റർ മാത്രം ദൂരമുള്ള അബ്ദുൽ ലത്തീഫിന്റെ വീട്ടിൽ വിവരം അറിയുന്നത്. ഇതിൽ ദുരൂഹതയോ മറ്റ് സംശയങ്ങളോ ഇല്ലെങ്കിൽ സ്വാഭാവികമായും ജില്ലാ പോലീസ് സൂപ്രണ്ടിനെ വിവരം ധരിപ്പിക്കുന്നതോടൊപ്പം തന്നെ അബ്ദുൽ ലത്തീഫിന്റെ കുടുംബാംഗങ്ങളെയും വിവരമറിയിക്കേണ്ടതായിരുന്നു. പോലീസ് അത് മറച്ചുവച്ചുവെന്നത് വളരെ ഗുരുതരമായ വീഴ്ചയാണ്. ഇത് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെ സംശയത്തിന് കാരണമായി. ഈ വിഷയവുമായി ബന്ധപ്പെട്ട് പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റി ചെയർമാൻ പോലീസ് സ്റ്റേഷൻ സന്ദർശിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രസ്താവന പ്രത്യേകം ശ്രദ്ധേയമാണ്. അദ്ദേഹം പറഞ്ഞത് പത്തടി ഉയരത്തിലുള്ള തൂങ്ങിമരണം ഒരു തികഞ്ഞ അഭ്യാസിക്കല്ലാതെ മറ്റാർക്കും കഴിയില്ലെന്നാണ്. അബ്ദുൽ ലത്തീഫിന്റെ മരണവുമായി ബന്ധപ്പെട്ട് വലിയ സംശയങ്ങൾ നിലനിൽക്കുകയാണ്. പോലീസ് സ്റ്റേഷനുകൾ കസ്റ്റഡി മരണത്തിന്റെ വേദിയായി മാറുന്നത് ഒരു ഗവൺമെന്റിനും ഭൂഷണമല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇത്തരം ഒരു സാഹചര്യം ഉണ്ടായപ്പോൾ, പ്രതിപക്ഷം ആ പ്രശ്നം ഉന്നയിക്കുന്നതിന് മുമ്പുതന്നെ അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല ജുഡീഷ്യൽ അന്വേഷണം

പ്രഖ്യാപിക്കാൻ തീരുമാനിച്ചത് ഞാൻ ഈയവസരത്തിൽ ഓർക്കുകയാണ്. ഇത്തരം സംഭവങ്ങൾ ഗവൺമെന്റ് ഗൗരവത്തോടുകൂടി കണ്ടില്ലെങ്കിൽ ഇത് ആവർത്തിക്കപ്പെടും. ഈ പ്രശ്നം ഗൗരവത്തോടുകൂടി അന്വേഷിക്കാൻ തയ്യാറാകണം. ക്രൈംബ്രാഞ്ചിനെ കൊണ്ട് അന്വേഷിപ്പിക്കുമെന്നാണ് ഗവൺമെന്റ് പറഞ്ഞതെങ്കിൽ ഇന്ന് 40 ദിവസം പിന്നിട്ടുകഴിഞ്ഞു. ക്രൈംബ്രാഞ്ച് അന്വേഷണം ഇതുവരെ എവിടെയും എത്തിയിട്ടില്ല. ഈ മരണത്തിൽ അബ്ദുൽ ലത്തീഫിന്റെ കുടുംബാംഗങ്ങൾക്കും വണ്ടൂരിലെ ജനങ്ങൾക്കും വളരെയേറെ സംശയമുണ്ട്. ഇതൊരു തൂങ്ങിമരണമല്ലെന്ന നിലപാടാണ് കുടുംബാംഗങ്ങളുടേത്. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് ഒരു ജുഡീഷ്യൽ അന്വേഷണം ഉണ്ടാകണം. മരണപ്പെട്ട അബ്ദുൽ ലത്തീഫ് വളരെ പാവപ്പെട്ട കുടുംബത്തിലെ അംഗമാണ്. അദ്ദേഹത്തിന്റെ കുടുംബത്തിന് സാമ്പത്തികസഹായം നൽകുവാനുള്ള നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വണ്ടൂർ പോലീസ് കസ്റ്റഡിയിലെടുത്ത പള്ളിക്കുന്ന് സ്വദേശി അബ്ദുൽ ലത്തീഫ് 11-9-2016-ന് പോലീസ് സ്റ്റേഷനിലെ ബാത്ത്റൂമിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയ സംഭവമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിരിക്കുന്നത്. വണ്ടൂർ എസ്.ഐ. 11-9-2016-ന് അറസ്റ്റ് ചെയ്ത് സ്റ്റേഷനിൽ പാർപ്പിച്ചിരുന്ന അബ്ദുൽ ലത്തീഫ് 11-9-2016-ന് പകൽ 11.20-നും 11.30-നും ഇടയിൽ പോലീസ് സ്റ്റേഷന്റെ കുളിമുറിയുടെ ചുമരിലെ എയർഹോളിൽ കെട്ടിത്തൂങ്ങിമരിച്ചുവെന്നാണ് അറിയുന്നത്. നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിച്ച് മൃതദേഹം ഇൻക്വസ്റ്റ് തയ്യാറാക്കി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റുമോർട്ടം നടത്തി ബന്ധുക്കൾക്ക് വിട്ടുകൊടുക്കുകയാണുണ്ടായത്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് മലപ്പുറം ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി.-യെ ചുമതല പ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയ വണ്ടൂർ എസ്.ഐ., സീനിയർ സി.പി.ഒ., സി.പി.ഒ. എന്നീ മൂന്നുപേരെ അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുമുണ്ട്. ഇതുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാം. അതിനെത്തുടർന്ന് ആവശ്യമായ നടപടികൾ വേണ്ടതുണ്ടെങ്കിൽ ആ നടപടികളും സ്വീകരിക്കാം. ഉചിതമായ സാമ്പത്തിക സഹായം അനുവദിക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്.

## (3) കൊച്ചിൻ റിഫൈനറിയിലെ വാതകച്ചോർച്ച

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ റിഫൈനറിയിൽ 24,500 കോടി രൂപയുടെ വലിയൊരു പ്രോജക്ട് നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ആ പ്രോജക്ട് സന്ദർശിച്ച് ഗവൺമെന്റിന്റെ എല്ലാവിധ പിന്തുണയും വാഗ്ദാനം ചെയ്തു. എന്നാൽ കഴിഞ്ഞ ദിവസമുണ്ടായ ഒരു സംഭവത്തെത്തുടർന്ന് കൊച്ചിൻ റിഫൈനറിയുടെ സമീപപ്രദേശത്തെ ജനങ്ങളാകെ ഭയാശങ്കയിലാണ്. 29-9-2016-ന്

രാവിലെ 9 മണിക്ക് റിഫൈനറിയിൽ നിന്നുണ്ടായ വാതകച്ചോർച്ചയെ തുടർന്ന് തൊട്ടടുത്തുള്ള അമ്പലമുകൾ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ 36-ഓളം കുട്ടികളും 3 അദ്ധ്യാപകരും ഒരു അറ്റൻഡറും ഹോസ്പിറ്റലിലായി. അവിടത്തെ ആളുകൾ ഇതിനെക്കുറിച്ച് അന്വേഷിക്കണമെന്ന് നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ കൊച്ചിൻ റിഫൈനറിയുടെ കോമ്പൗണ്ടിൽ നിന്നല്ല ഈ വാതകച്ചോർച്ച ഉണ്ടായതെന്നാണ് അധികൃതർ പറയുന്നത്. അവർ ഇത് നിഷേധിച്ചിരിക്കുകയാണ്. ആ പ്രദേശത്തെ മുഴുവൻ ജനങ്ങളും ഭയത്തോടുകൂടിയാണ് ഈ സംഭവത്തിനുശേഷം അവിടെ ജീവിക്കുന്നത്. റിഫൈനറിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും നാട്ടിലെ മുഴുവൻപേരും പ്രോത്സാഹനമാണ് നൽകുന്നത്. വാതകച്ചോർച്ച ഉണ്ടായപ്പോൾ എന്റെ നിയോജകമണ്ഡലത്തിൽ മാത്രമല്ല, കാറ്റിന്റെ ഗതിക്കനുസരിച്ച് തൊട്ടടുത്ത ശ്രീ. പി. ടി. തോമസിന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിലും ഇതിന്റെ സ്മെൽ ഉണ്ടായതായി അദ്ദേഹം എന്നോട് പറഞ്ഞു. പക്ഷെ അവിടെ ആരും ഹോസ്പിറ്റലിൽ ആയിട്ടില്ല. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്, റിഫൈനറിക്കോ ഈ പ്രോജക്ടിനോ യാതൊരു എതിർപ്പും ആർക്കുമില്ല. പക്ഷെ, ജനങ്ങളുടെ ഭയാശങ്ക അകറ്റി അവരുടെ ജീവന് സംരക്ഷണം നൽകുന്നതിനുവേണ്ടി അടിയന്തരമായി ഇതിനെക്കുറിച്ച് ഒരു അന്വേഷണം നടത്തണം. അതോടൊപ്പം ആ സ്കൂളിൽനിന്നും കുട്ടികളെ മുഴുവൻ താൽക്കാലികമായി മാറ്റിയിരിക്കുകയാണ്. മറ്റൊരു സ്ഥലം കണ്ടെത്തി സ്കൂൾ അങ്ങോട്ട് മാറ്റാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും കുട്ടികൾ പഠിക്കുന്ന ഈ ഗവൺമെന്റ് സ്കൂൾ റിഫൈനറിയുടെ സഹായത്തോടുകൂടി അടിയന്തരമായി മാറ്റിസ്ഥാപിക്കുകയും വാതകച്ചോർച്ചയെക്കുറിച്ച് ഗവൺമെന്റ് തലത്തിൽ അന്വേഷണം നടത്തുകയും വേണം. അതോടൊപ്പം ഇതുപോലൊരു സംഭവം ഇനി ഉണ്ടാകാതിരിക്കാനും ഉദ്യോഗസ്ഥരുടെ ശ്രദ്ധക്കുറവുമൂലം എന്തെങ്കിലും പാളിച്ച പറ്റിയിട്ടുണ്ടെങ്കിൽ അവർക്കെതിരെ നടപടിയെടുക്കാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തരമായി ഇടപെടണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 20-9-2016-ന് രാവിലെ അമ്പലമുകൾ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, കുഴിക്കാട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയുടെ പരിസരത്ത് അസഹനീയമായ രൂക്ഷഗന്ധം അനുഭവപ്പെട്ടതിന്റെ തുടർച്ചയായി അമ്പലമേട് പോലീസ് സബ് ഇൻസ്പെക്ടറും പാർട്ടിയും സ്ഥലത്തെത്തുകയുണ്ടായി. പ്രസ്തുത സ്ഥലത്ത് ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ട നിലയിൽ കാണപ്പെട്ട സ്കൂൾ കുട്ടികളെയും മറ്റും ചികിത്സയ്ക്കായി ആശുപത്രിയിൽ അയച്ചു. ഉദാസീനമായി വേണ്ടത്ര മുൻകരുതലില്ലാതെ മനുഷ്യജീവന് അപായകരമായ രീതിയിൽ അന്തരീക്ഷമലിനീകരണം ഉണ്ടാക്കിയതിൽ അമ്പലമേട് പോലീസ് സ്റ്റേഷനിൽ ക്രൈം 1106/16 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. വാതകച്ചോർച്ചയിൽ ദേഹാസ്വാസ്ഥ്യം ഉണ്ടായവർക്ക് വിവിധ

ആശുപത്രികളിൽ ചികിത്സ നൽകി. ഇവരിൽ കുട്ടികളും അദ്ധ്യാപകരും മറ്റു ജീവനക്കാരുമൊക്കെ ഉണ്ടായിരുന്നു. വലിയ ആരോഗ്യപ്രശ്നങ്ങൾ ഇല്ലാതിരുന്ന കുട്ടികളെ ഒരു ദിവസത്തെ നിരീക്ഷണത്തിനുശേഷം ആശുപത്രിയിൽനിന്നും വിട്ടയച്ചു. എന്നാൽ രക്ഷിതാക്കളുടെ ആവശ്യപ്രകാരം ചില കുട്ടികളെ എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. ഇപ്പോൾ അവരെയെല്ലാം വിട്ടയച്ചിട്ടുണ്ട്. ഈ സ്കൂൾ പരിസരത്ത് FACT, BPCL കമ്പനികളും BPCL കമ്പനിയുടെ രണ്ട് അനുബന്ധ യൂണിറ്റുകളും സ്ഥിതി ചെയ്യുന്നുണ്ട്. വാതകചോർച്ച ഏത് കമ്പനിയിൽ നിന്നാണ് ഉണ്ടായതെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടില്ല. ഇക്കാര്യത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡിപ്പാർട്ടുമെന്റ് ഇവയുടെയൊക്കെ സഹായം പോലീസ് തേടിയിട്ടുണ്ട്. ഇത്തരം സംഭവം ആവർത്തിക്കാതിരിക്കാനായി വാതക നിർഗ്ഗമന കുഴൽ സ്ഥിരമായി അടച്ചിട്ടുണ്ട്. മാത്രമല്ല അമ്പലമുകളിലെ സ്കൂൾ മാറ്റി സ്ഥാപിക്കുന്ന കാര്യവും ആലോചിച്ചുവരികയാണ്.

### (4) റീ-സർവ്വേ അപാകതകൾക്ക് പരിഹാരം

ശ്രീ. ഡി. കെ. മുരളി: സർ, വാമനപുരം നിയോജകമണ്ഡലത്തിലെ കുറുപുഴ വില്ലേജിലെ റീ-സർവ്വേ അപാകതകളെ സംബന്ധിച്ച് സൂചിപ്പിക്കുന്നതിനാണ് ഈ സബ്മിഷൻ. അവിടെ റീ-സർവ്വേ അപാകതകൾമൂലം ഭൂമിയുടെ ക്രയവിക്രയം നടക്കാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. വിവാഹാവശ്യത്തിന് പെൺകുട്ടികൾക്ക് സ്വന്തം ഭൂമി എഴുതിക്കൊടുക്കാൻപോലും കഴിയാത്ത അവസ്ഥയിലാണ്. കൈവശഭൂമി ഉണ്ടെങ്കിലും തണ്ടപ്പേരുംമറ്റും പല പേരുകളിലാണ്. അതുപോലെ വിസ്തീർണ്ണത്തെ സംബന്ധിച്ചും വലിയ തർക്കങ്ങളുണ്ട്. 1500-ലപ്പരം പരാതികൾ ഇപ്പോൾ കെട്ടിക്കിടക്കുകയാണ്. 2014 മുതൽ ഈ ആക്ഷേപങ്ങൾ നിലനിൽക്കുകയാണ്. എന്നാൽ നാളിതുവരെ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ഇതൊരു പ്രദേശത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ പ്രശ്നമായി വളർന്നുവരികയാണ്. സർവ്വേ സംബന്ധിച്ച പരാതികൾ പരിഹരിക്കാനായി ആവശ്യമായ ഉദ്യോഗസ്ഥരില്ലെന്നാണ് മനസ്സിലാകുന്നത്. രണ്ടുപേരെ മാത്രമാണ് അതിനായി നിയോഗിച്ചിരിക്കുന്നത്. അവർ മാത്രം വിചാരിച്ചാൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയില്ല. 10 സർവ്വേയർമാരുടെയെങ്കിലും സേവനം ഉണ്ടെങ്കിൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുകയുള്ളൂ. നെടുമങ്ങാട് റീ-സർവ്വേ സൂപ്രണ്ട് ആഫീസിലെ നിലവിലുള്ള ജീവനക്കാരിൽനിന്ന് ആവശ്യത്തിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയാൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുകയുള്ളൂ. വർഷങ്ങളായി പരിഹാരം കാണാതെ നീണ്ടുപോകുന്നു എന്നുള്ളത് അവിടെ പലരുടേയും ജീവിതംതന്നെ ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്. ഒരു ലോണെടുക്കാൻ നിവൃത്തിയില്ല, കരമൊടുക്കാൻ നിവൃത്തിയില്ല. ആ നിലയിലുള്ള എല്ലാ ബുദ്ധിമുട്ടുകളും അവിടത്തെ

ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കുറുപുഴ വില്ലേജിലെ റീ-സർവ്വേ പരാതികൾ പരിഹരിക്കുന്നതിന് കൂടുതൽ ഉദ്യോഗസ്ഥരെ നിയോഗിക്കുകയും സമയബന്ധിതമായി വളരെ അടിയന്തരമായി ഈ നടപടികൾ പൂർത്തിയാക്കുകയും ചെയ്യുണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, വാമനപുരം നിയോജകമണ്ഡലത്തിലെ കുറുപുഴ വില്ലേജിലെ റീ-സർവ്വേ റെക്കോർഡുകൾ 1-2-2014-ൽ റവന്യൂ ഭരണത്തിന് കൈമാറിയിരുന്നു. നാളിതുവരെ 3625 പരാതികൾ ലഭിച്ചതിൽ 1503 പരാതികൾ തീർപ്പാക്കി. 2122 പരാതികൾ തീർപ്പാക്കാൻ ബാക്കിയുണ്ട്. നിലവിൽ രണ്ട് സർവ്വേയർമാരുടെ സേവനം ഇതിനായി വിനിയോഗിച്ചുവരുന്നു. കുറുപുഴ വില്ലേജ് ഉൾപ്പെടെ തിരുവനന്തപുരം ജില്ലയിലെ വിവിധ താലൂക്കുകളിലെ റീ-സർവ്വേ അപാകതകൾ പരിഹരിക്കുന്നതിനും കയ്യേറ്റം കണ്ടുപിടിക്കുക തുടങ്ങിയ മറ്റു ജോലികൾക്കുമായി 44 സർവ്വേയർമാരുടെ സേവനം തിരുവനന്തപുരം ജില്ലാ കളക്ടർ ആവശ്യപ്പെടുകയും 14-10-2014-ൽ എറണാകുളത്തുവച്ച് നടത്തിയ റവന്യൂ ഉദ്യോഗസ്ഥരുടെ യോഗത്തിൽ വേണ്ടത്ര ജീവനക്കാരെ അടിയന്തരമായി വിട്ടുനൽകുന്നതിന് സർവ്വേ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കുറുപുഴ വില്ലേജിലെ റീ-സർവ്വേ അപാകതകൾ സംബന്ധിച്ച പരാതികൾ തരംതിരിച്ച് സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

### (5) ദുരന്തനിവാരണ സേനയ്ക്ക് സ്ഥിരം യൂണിറ്റ്

ശ്രീ. ഇ. കെ. വിജയൻ: സർ, കോഴിക്കോട് ജില്ലയിലെ നാദാപുരം മണ്ഡലത്തിലെ മരുതോംകര വില്ലേജ് പ്രകൃതിദുരന്തമുണ്ടാകുന്ന ഒരു പ്രദേശമാണ്. വർഷങ്ങൾക്കുമുമ്പ് 9 പേർ അവിടെ മരിക്കാനിടയായി. കഴിഞ്ഞമാസം 18-ാം തീയതി വയനാടിന്റെ വനാന്തരങ്ങളിൽ പെട്ടെന്നുണ്ടായ മേഘസ്ഫോടനത്തിന്റെ ഭാഗമായുള്ള മലവെള്ളപ്പാച്ചിലിൽ ആറ് ചെറുപ്പക്കാർ മരണപ്പെട്ടു. ബഹുമാന്യരായ മന്ത്രിമാർ, മറ്റു ജനപ്രതിനിധികൾ, ഗവൺമെന്റ് ഏജൻസികളുടെ പ്രതിനിധികൾ, തദ്ദേശവാസികൾ എല്ലാവരും അവിടെ എത്തിച്ചേർന്നു. ജനങ്ങളുടെ പൂർണ്ണ സഹകരണത്തോടെ രക്ഷാപ്രവർത്തനങ്ങൾ നടത്തിയെങ്കിലും ആറുപേരെ രക്ഷിക്കാൻ കഴിഞ്ഞില്ല. 21-ാം തീയതിയോടുകൂടിയാണ് അവസാനത്തെ ആളെ കണ്ടെത്താനായത്. അവിടെ ദുരന്തം ആവർത്തിക്കുന്ന സാഹചര്യമാണുള്ളത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അവിടെ ദുരന്തനിവാരണ സേനയുടെ ഒരു യൂണിറ്റ് ആരംഭിക്കുകയും അവർക്ക് ക്യാമ്പ് ചെയ്യാനുള്ള സൗകര്യമൊരുക്കുകയും ചെയ്തിരുന്നു. എന്നാൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അത്

അവിടെനിന്നും മാറ്റി മറ്റു ചില മേഖലകളിലേക്ക് കൊണ്ടുപോവുകയാണുണ്ടായത്. ഇത്തരം സാഹചര്യം ആവർത്തിക്കുന്നത് കണക്കിലെടുത്ത് പശ്ചുക്കടവ് കേന്ദ്രീകരിച്ച് മരുതോംകര പഞ്ചായത്തിൽ നേരത്തെ ഉണ്ടാക്കിയ ഷെൽട്ടറുമായി ബന്ധപ്പെടുത്തി ദുരന്തനിവാരണ സേനയുടെ ഒരു യൂണിറ്റ് ആരംഭിക്കണമെന്നും ആത്മാർത്ഥമായി ജീവൻരക്ഷാപ്രവർത്തനങ്ങൾ നടത്തുന്ന തദ്ദേശവാസികളായ ചെറുപ്പക്കാർക്ക് ഇതിന്റെ പരിശീലനം നൽകണമെന്നും അഭ്യർത്ഥിക്കുന്നു. അപകടമുണ്ടായ സാഹചര്യത്തിൽ ഗവൺമെന്റ് സത്വരമായി ഇടപെട്ടു. ഇന്നലെ ബഹുമാന്യരായ റവന്യൂ വകുപ്പുമന്ത്രി, തൊഴിലും എക്സൈസും വകുപ്പുമന്ത്രി, ഗതാഗത വകുപ്പുമന്ത്രി ഉൾപ്പെടെയുള്ളവർ അവിടെവന്ന് ഈ കുടുംബങ്ങൾക്ക് സർക്കാരിന്റെ 8 ലക്ഷം രൂപ വീതം ആശ്വാസ ധനസഹായം നൽകി. രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ നൂറ്റിയൻപതോളം ചെറുപ്പക്കാരെ അഭിനന്ദിക്കുന്ന ചടങ്ങും സംഘടിപ്പിച്ചു. ഈ പുഴ ഇവിടത്തെ ജനങ്ങളെ പലപ്പോഴും പ്രയാസത്തിലാക്കുകയാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർദ്ദേശങ്ങളുണ്ടാകണമെന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്. അടിയന്തര ആവശ്യങ്ങൾക്കായി റോപ്, ലൈഫ് ജാക്കറ്റ്, നെറ്റ് (പുഴയ്ക്ക് കുറുകെ ഇടാനുള്ളത്), സ്ട്രെക്ച്ചർ, സേഫ്റ്റി ഹെൽമറ്റ്, സർച്ച് ടോർച്ച്, ലൈഫ് ട്യൂബ്, ജനറേറ്റർ, സ്ഥിരമായ വാഹന സംവിധാനം തുടങ്ങിയവയൊക്കെ ഉണ്ടായാൽ അത് വളരെയധികം സഹായകരമാകും.

ചെറുപ്പക്കാരെ കുറ്റംപറഞ്ഞിട്ട് കാര്യമില്ല. ഒരു തുള്ളി വെള്ളമില്ലാത്ത സാഹചര്യത്തിലായിരിക്കും ഈ മനോഹരമായ സ്ഥലത്തേയ്ക്ക് ആളുകൾ വരുന്നത്. അഞ്ച് നിമിഷംകൊണ്ടാണ് വെള്ളത്തിന്റെ കുത്തൊഴുക്ക് ഉണ്ടാകുന്നത്. അതിനാൽ ഇത്തരമൊരു സാഹചര്യം ഒഴിവാക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉടനടി പരിഹാരമുണ്ടാകണമെന്നും ദുരന്തനിവാരണസേനയുടെ ഒരു യൂണിറ്റ് അവിടെ സ്ഥാപിക്കാൻ സത്വരനടപടി സ്വീകരിക്കണമെന്നുമാണ് സബ്മിഷനിലൂടെ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നത്.

12 NOON]

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ബഹുമാനപ്പെട്ട നാദാപുരം എം.എൽ.എ. ശ്രീ. ഇ. കെ. വിജയൻ ഇവിടെ ഉന്നയിച്ച പോലെ ആ ദുരന്ത ഭൂമിയിലെ യഥാർത്ഥ പ്രയാസങ്ങൾ ഞങ്ങൾ നേരിട്ട് കണ്ടതാണ്. തുടർന്ന് ഇന്നലെ നടന്ന ചടങ്ങുൾപ്പെടെ അദ്ദേഹം വിശദീകരിക്കുകയുണ്ടായി. കേരളത്തിൽ കേന്ദ്ര ദുരന്തപ്രതികരണസേനയുടെ ഒരു പ്രാദേശിക ദുരന്തപ്രതികരണ കേന്ദ്രമാണ് അനുവദിച്ചിട്ടുള്ളത്. 24-6-2016-ലെ ഉത്തരവുപ്രകാരം ഈ കേന്ദ്രം എറണാകുളത്ത് സ്ഥാപിക്കാനാണ് സ്ഥലം അനുവദിച്ചിരിക്കുന്നത്. മദ്ധ്യകേരളമെന്ന

പരിഗണനയും വിമാന-കപ്പൽ-റെയിൽ-റോഡ് മാർഗ്ഗങ്ങളിലുള്ള സഞ്ചാര സൗകര്യങ്ങളും എറണാകുളത്തെ വ്യവസായശാലകളുമായി ബന്ധപ്പെട്ട അപകട സാധ്യതയും പരിഗണിച്ചാണ് ദുരന്തനിവാരണ അതോറിറ്റിയുടെ ശിപാർശ മാനിച്ച് കേന്ദ്ര സർക്കാർ കേന്ദ്രദുരന്തപ്രതികരണ സേനയുടെ കേരളത്തിലെ പ്രാദേശിക ദുരന്തപ്രതികരണകേന്ദ്രം എറണാകുളത്ത് അനുവദിച്ചത്. നിലവിൽ നാൽപ്പത്തിയേഴുപേർ അടങ്ങുന്ന ഒരു സംഘം തൃശ്ശൂർ ജില്ലയിൽ സംസ്ഥാന സാമൂഹികാധിഷ്ഠിത ദുരന്തപ്രതികരണസേനയുടെ പരിശീലന കേന്ദ്രത്തിൽ തങ്ങി കേരളത്തിന്റെ വിവിധ ഭാഗങ്ങളിലെ ദുരന്തപ്രതികരണ പ്രവർത്തനങ്ങളെ സഹായിക്കുന്നുണ്ട്. മറ്റൊരു കേന്ദ്രം സ്ഥാപിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. കേരളത്തേക്കാൾ ദുരന്തസാദ്ധ്യതയുള്ള സംസ്ഥാനങ്ങളിൽപ്പോലും കേന്ദ്രസേനയുടെ ഒരു പ്രാദേശിക ദുരന്തപ്രതികരണകേന്ദ്രമാണ് അനുവദിച്ചിട്ടുള്ളത്. 2016 സെപ്റ്റംബർ 7-ാം തീയതി അംഗീകരിച്ച സംസ്ഥാന ദുരന്തലഘൂകരണ ആസൂത്രണ രേഖയിൽ സാമൂഹികാധിഷ്ഠിത ദുരന്തപ്രതികരണസേനകൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന സാമൂഹികാധിഷ്ഠിത ദുരന്തപ്രതികരണസേനയുടെ പരിശീലന കേന്ദ്രം തൃശ്ശൂർ ജില്ലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പശുക്കടവ് മേഖലയിൽ പഞ്ചായത്ത് കമ്മിറ്റി ശിപാർശ ചെയ്യുന്ന ഒരു വാർഡിലെ പത്ത് വീതം സന്നദ്ധ പ്രവർത്തകർക്ക് സാമൂഹികാധിഷ്ഠിത ദുരന്ത പ്രതികരണ പരിശീലനം നൽകുന്നതും പഞ്ചായത്തുതല ദുരന്തനിവാരണ കമ്മിറ്റി രൂപീകരിക്കാൻവേണ്ട സാങ്കേതിക സഹായം സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, ജില്ലാ ദുരന്തനിവാരണ അതോറിറ്റി എന്നിവർ ചേർന്ന് നൽകുന്ന കാര്യവും പരിശോധിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## (6) നഷ്ടപരിഹാരം

<u>ശ്രീ. കെ. എം. ഷാജി</u> : സർ, കണ്ണൂർ കൊടിക്കുണ്ട് രാജേന്ദ്ര നഗർ കോളനിക്ക് സമീപം 2016 മാർച്ച് 24-ന് രാത്രി 11.20-ന് ജോത്സ്ന പവിത്രന്റെ ഉടമസ്ഥതയിലുള്ളതും വാടകയ്ക്ക് നൽകിയതുമായ വീട്ടിൽനിന്നും വലിയൊരു സ്ഫോടനമുണ്ടായി. വാടകയ്ക്ക് താമസിച്ചിരുന്നവർ അനധികൃതമായി വെടിമരുന്ന് സൂക്ഷിച്ചിരുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. ഉഗ്ര സ്ഫോടനത്തിന്റെ ഫലമായി സമീപത്തുള്ള 79 വീടുകൾക്ക് വലുതും ചെറുതുമായ നാശനഷ്ടം സംഭവിക്കുകയും അഞ്ച് വീടുകൾ പൂർണ്ണമായി നശിക്കുകയും ചെയ്തു. പി.ഡബ്ല്യു.ഡി./കോർപ്പറേഷൻ എഞ്ചിനീയർമാർ നാശനഷ്ടം സംബന്ധിച്ച അസ്സെസ്സ്മെന്റ് നടത്തുകയുണ്ടായി. വീടുകൾക്ക് രണ്ടുകോടി പത്തുലക്ഷത്തിപതിനായിരം രൂപയുടെ നാശനഷ്ടവും കൃഷിക്ക് അൻപത്തി അയ്യായിരം രൂപയുടെ നഷ്ടമുണ്ടായതായും കണക്കാക്കിയിട്ടുണ്ട്. ആ തുക

ഇതുവരേയും അവർക്ക് നൽകിയിട്ടില്ല. സ്ഫോടനം കേട്ട് ഞെട്ടിയുണർന്ന ഒരാൾ ഇവിടെ ഇരിപ്പുണ്ട്. ശ്രീ. ജെയിംസ് മാത്യു എം.എൽ.എ.-യുടെ വീട്ടിന്റെ അടുത്താണ് ഈ സംഭവം. കക്ഷിരാഷ്ട്രീയത്തിനതീതമായി അവിടത്തെ ജനങ്ങൾ ഒരുമിച്ച് ഈ പ്രശ്നം നേരിടാൻ തയ്യാറായിരിക്കുകയാണ്. കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻകയ്യെടുത്താണ് രണ്ടാമത് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. കാര്യം വളരെ ഗൗരവമുള്ളതാണ്. കേസ്സും അന്വേഷണവുമൊക്കെ ഗംഭീരമായി നടക്കട്ടെ. പക്ഷേ നിരപരാധികളായ വീട്ടുകാർക്ക് അടിയന്തരമായി സഹായം അനുവദിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, കണ്ണൂർ ജില്ലയിൽ പുഴാതി വില്ലേജിൽ രാജേന്ദ്രനഗർ കോളനിക്കുസമീപമുള്ള വീട്ടിൽ സൂക്ഷിച്ചിരുന്ന പടക്കം 24-3-2016-ന് രാത്രി പൊട്ടുകയുണ്ടായി. സ്ഫോടനത്തിൽ പരിക്കേറ്റവർക്കും വീടുകൾക്കുണ്ടായ നാശനഷ്ടത്തിനും ധനസഹായം നൽകുന്നതിനായി ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ട് 6-4-2016-ൽ കൂടിയ മന്ത്രിസഭായോഗം പരിഗണിക്കുകയും നഷ്ടപരിഹാരം നൽകുന്നതിന് ജില്ലാ കളക്ടർ കണക്കാക്കിയ 90,82,400 രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും തെരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതിക്ക് വിധേയമായി നൽകാനും അന്ന് തീരുമാനിച്ചിരുന്നു. ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്ന സമയത്ത് ഫയലുകൾ പരിശോധിക്കുന്നതിനായി നിയോഗിച്ചിരുന്ന കമ്മിറ്റി ടി വിഷയം 19-4-2016-ൽ പരിശോധിക്കുകയും പ്രസ്തുത അപകടത്തിന് ഇരയായവരുടെ വിശദവിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ആയതുപ്രകാരം കണ്ണൂർ ജില്ലാ കളക്ടറിൽനിന്ന് ലഭിച്ച റിപ്പോർട്ടിൽ രണ്ടുകോടി മൂന്നുലക്ഷത്തി പതിനേഴായിരം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് അറിയിക്കുകയും സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുകയുമുണ്ടായി. വീട്ടിൽ സൂക്ഷിച്ചിരുന്ന പടക്കം പൊട്ടിയാണ് ദുരന്തം സംഭവിച്ചതെന്നതിനാലും ഈ അപകടം സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനയിൽ വന്നിട്ടില്ലാത്തതിനാലും ഇതൊരു സ്റ്റേറ്റ് സ്പെസിഫിക് ഡിസാസ്റ്ററായി അംഗീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടി അപകടത്തിൽപ്പെട്ടവർക്ക് സംസ്ഥാന ദുരന്തപ്രതികരണ നിധി, ദേശീയ ദുരന്ത പ്രതികരണ നിധി എന്നിവയിൽനിന്നും സാമ്പത്തിക സഹായം നൽകാൻ കഴിയില്ല. തുടർന്ന് ടി വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

### (7) ഭക്ഷ്യോൽപ്പന്നങ്ങളുടെ വിപണനം തടയൽ

ശ്രീ. പി. കെ. ശശി : സർ, ജനങ്ങളുടെ ജീവനും ആരോഗ്യത്തിനും ഏറെ ഹാനികരമായ ഭക്ഷ്യോൽപ്പന്നങ്ങൾ നമ്മുടെ നാട്ടിൽ ഏറെ വിറ്റഴിക്കപ്പെടുന്നുവെന്നത് ഇതിനുമുമ്പ് ചർച്ചചെയ്തിട്ടുള്ളതാണ്. അതിൽ ഭക്ഷ്യധാന്യങ്ങളും പഴവും പച്ചക്കറിയും പലവ്യഞ്ജനങ്ങളും മത്സ്യവും മാംസവുമൊക്കെ ഉൾപ്പെടും. ഇതിനിടയിൽ

ജനങ്ങളിൽ ഭീതി പരത്തിക്കൊണ്ട് വ്യാജമുട്ട സംബന്ധിച്ച് ഒരു വാർത്ത പുറത്തു വന്നു. അത് സാമൂഹ്യ മാധ്യമങ്ങളിലും പത്രമാധ്യമങ്ങളിലും വലിയ ചർച്ചയായി. ഇപ്പോൾ പറഞ്ഞുകേൾക്കുന്നത് പ്ലാസ്റ്റിക്കിനോട് സമാനമായ ഒരു മുട്ടയുടെ തോടാണ് ഇതിനുള്ളതെന്നാണ്. രണ്ട് വേർഷനുണ്ട്. ഒന്ന് രാസമുട്ട, മറ്റൊന്ന് കാലാവസ്ഥയിലുണ്ടായ വ്യതിയാനത്തിന്റെ ഭാഗം. ഇതുസംബന്ധിച്ച് യഥാർത്ഥ വസ്തുതയെന്താണെന്ന് ജനങ്ങളെ അറിയിക്കേണ്ടതുണ്ട്. ഗവൺമെന്റിന്റെയും ആരോഗ്യ വകുപ്പിന്റേയും ഫലപ്രദമായ ഇടപെടൽ ഇക്കാര്യത്തിലുണ്ടാകണം. ജനങ്ങൾ വലിയ ആശങ്കയിലാണ്. ഇതുപോലെയാണ് ഉണക്ക മത്സ്യത്തിന്റെ അവസ്ഥയും. അതും ജനങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നതാണ്. ഇപ്പോൾ പുറത്തുവരുന്ന വാർത്ത മൃതദേഹം കേടുകൂടാതെ സൂക്ഷിക്കാൻ ഉപയോഗിക്കുന്ന ഫോർമാലിൻ എന്ന വിഷപദാർത്ഥം ചേർത്താണ് മത്സ്യം ഉണക്കുന്നതെന്നാണ്. അഴുകിയ മീനാണ് നാഗപട്ടണത്തുനിന്നും മറ്റും നമ്മുടെ നാട്ടിലേക്ക് വരുന്നത്. ഇത് മാരകമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. വിദേശ രാജ്യങ്ങളിൽനിന്നാണ് ഇവിടെ വരുന്നതെങ്കിലും അത് ചെന്നൈ വഴിയാണ് എത്തുന്നത്. അവിടെവച്ച് ഇതിന്റെ പരിശോധന ഫലപ്രദമായി നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഗവൺമെന്റിന് സാധിക്കണം. മറ്റൊന്ന്, ഇവിടേയ്ക്കുവരുന്ന ഭക്ഷ്യവസ്തുക്കൾ സംസ്ഥാനാതിർത്തിയിൽ വച്ചുതന്നെ പരിശോധിക്കാൻ സംവിധാനമുണ്ടാകണം. ജനങ്ങളുടെ ആരോഗ്യത്തിന്റെയും ജീവന്റെയും പ്രശ്നത്തിൽ ഗൗരവമായ ഇടപെടൽ ആരോഗ്യ വകുപ്പിന്റെ ഭാഗത്തു നിന്നുമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ): സർ, 1976-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തെ അടിസ്ഥാനമാക്കിയാണ് ഇക്കാര്യങ്ങളൊക്കെ പരിശോധിക്കുന്നത്. മത്സ്യം, മാംസം, മുട്ട, പച്ചക്കറി, പാൽ, പാലുല്പന്നങ്ങൾ തുടങ്ങിയവയും പാകം ചെയ്യാതെ കഴിക്കുന്ന ഭക്ഷ്യവസ്തുക്കളും ഹോട്ടലുകളിലും മറ്റും പാകം ചെയ്ത് വിൽക്കുന്ന ഭക്ഷ്യവസ്തുക്കളും മായമില്ലാത്തതും ആരോഗ്യത്തിന് ഹാനികരമല്ലാത്തതുമാണെന്ന് ഉറപ്പുവരുത്തണമെന്ന് ഈ നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇതനുസരിച്ച് പരിശോധനയ്ക്കാവശ്യമായ സംവിധാനങ്ങൾ സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ എല്ലാ ജില്ലകളിലും അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർമാർ പ്രത്യേക പരിശോധന നടത്തുന്നുണ്ട്. അതുപോലെ നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ ഫുഡ് സേഫ്റ്റി ആഫീസർമാരും ചുമതലവഹിക്കുന്നുണ്ട്. ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന സാമ്പിളും മറ്റും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലുള്ള മൂന്ന് ലബോറട്ടറികളിൽ പരിശോധനയ്ക്ക് അയയ്ക്കും. പരിശോധനയിൽ കുറ്റക്കാരാണെന്ന് കണ്ടെത്തിയാൽ നിയമം അനുശാസിക്കുന്ന വിധത്തിൽ പ്രോസിക്യൂഷൻ/ അഡ്ജൂഡിക്കേഷൻ/നിരോധന നടപടികൾ സ്വീകരിക്കും. ഇതിനായി സംസ്ഥാനത്തെ

എല്ലാ ആർ.ഡി.ഒ.-മാരേയും അഡ്ജ്യൂഡിക്കേഷൻ ഓഫീസർമാരായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. അപ്പീലുകൾ പരിഹരിക്കുന്നതിന് തിരുവനന്തപുരം II-ാം അഡീഷണൽ ജില്ലാ ജഡ്ജിയെ സംസ്ഥാന ഭക്ഷ്യ സുരക്ഷാ അപ്പലേറ്റ് ട്രിബ്യൂണലായി സർക്കാർ നോട്ടിഫൈ ചെയ്തിട്ടുണ്ട്. ഈ സംവിധാനങ്ങളെല്ലാം ഉപയോഗിച്ചാണ് ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. ചിലപ്പോൾ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചുള്ള പരിശോധനയും നടത്തുന്നുണ്ട്. പ്രോസിക്യൂഷൻ നടപടികളും ഫൈനും അടക്കമുള്ള തുടർനടപടികൾ ഇത്തരം കാര്യങ്ങളിൽ സ്വീകരിച്ചു വരുന്നുണ്ട്. ഇങ്ങനെയുള്ള നടപടികളുടെ ഭാഗമായി മായംകലർന്ന ആഹാരപദാർത്ഥങ്ങൾ നൽകുന്നതിൽ കുറവുവന്നിട്ടുണ്ട്. ചിലയിനം പച്ചക്കറികളിൽ കീടനാശിനികളുടെ അംശം കണ്ടെത്തിയിട്ടുണ്ട്. ബീൻസ്, കറിവേപ്പില, പച്ചമുളക്, പുതിനയില, മല്ലിയില, പാലക്ചീര, ബീറ്റ്റൂട്ട്, കോവയ്ക്ക തുടങ്ങിയ പച്ചക്കറികളിൽ ഇത്തരത്തിലുള്ള കീടനാശിനികൾ അമിതമായി കണ്ടെത്തിയിട്ടുണ്ട്. അതിനെതിരെ ചില നടപടികളും സ്വീകരിച്ചിട്ടുണ്ട്. കറിവേപ്പിലയിലും മല്ലിയിലയിലുമാണ് ഒന്നിൽക്കൂടുതൽ കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുള്ളത്. ഇവിടെ പരാമർശിച്ചിട്ടില്ലെങ്കിലും കോഴിയിറച്ചിയിലും ഇതുപോലുള്ള വിഷാംശമുണ്ട്. പത്ത് ചിക്കൻ സാമ്പിളുകൾ ശേഖരിച്ച് ആന്റിബയോട്ടിക് പരിശോധന നടത്തുന്ന ഹൈദരാബാദിലെ ലാബിൽ പരിശോധിച്ചപ്പോൾ രണ്ടെണ്ണത്തിൽ ആന്റിബയോട്ടിക്കിന്റെ സാന്നിദ്ധ്യം കണ്ടെത്തി. കൃത്രിമ കോഴിമുട്ടയുടെ കാര്യം ഇവിടെ പരാമർശിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് ധാരാളം വാർത്തകൾ വന്നിരുന്നു. ചില മുട്ടയുടെ ഘടനയിൽ വലിയ വ്യത്യാസം കണ്ടെത്തി. മുട്ടയുടെ സാമ്പിളുകൾ ശേഖരിച്ച് ശാസ്ത്രീയ പരിശോധന നടത്തിയപ്പോൾ അത് യഥാർത്ഥ കോഴിമുട്ടയാണെന്ന് മനസ്സിലായി. ജനിതക പ്രത്യേകതയുള്ളതുകൊണ്ടാണോ ഘടനയിൽ ചെറിയ മാറ്റമുണ്ടായതെന്ന് അറിയില്ല. കോഴിമുട്ടയുടെ വെയിറ്റ് പരിശോധിച്ച് തൂക്കത്തിൽ വ്യത്യാസമുള്ള മൂന്ന് സാമ്പിളുകളാണ് കൂടുതൽ ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കിയത്. എന്നാൽ പരിശോധനയിൽ ഇതിന്റെ ഉള്ളടക്കത്തിൽ ഏതെങ്കിലും രാസവസ്തുക്കൾ ഉള്ളതായി കണ്ടെത്താൻ സാധിച്ചിട്ടില്ല. ഈ പരിശോധനാ റിപ്പോർട്ട് പുറത്തുവന്നതിനുശേഷവും പല സ്ഥലത്തുനിന്നും പ്ലാസ്റ്റിക് മുട്ട ലഭിച്ചിട്ടുണ്ടെന്ന വാർത്ത ഉദ്യോഗസ്ഥരെ അറിയിക്കുകയുണ്ടായി. അത് വീണ്ടും പരിശോധനയ്ക്ക് വിധേയമാക്കാനായി കൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ ജനങ്ങൾ ഭീതിയിലാണ്. വ്യാജമുട്ട ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നില്ലെന്ന വാർത്ത വന്നെങ്കിലും പരിശോധനകൾ നിർത്തിവയ്ക്കുന്നില്ല. ഇത്തരം കാര്യങ്ങളിൽ ഇനിയും പരിശോധന നടത്തുന്നതാണ്. ഭക്ഷ്യയോഗ്യമല്ലാത്ത മായംകലർന്ന ആഹാരം പരിശോധിക്കുന്നതിനുള്ള സംവിധാനം കൂടുതൽ ശക്തമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പുറത്തുനിന്നുവരുന്ന ആഹാരസാധനങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടത് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ്

ഇന്ത്യയാണ്. ഈ അതോറിറ്റിയുടെ സർട്ടിഫിക്കറ്റ് ലഭിച്ചാൽ പിന്നീട് പരാതിയുടെ ഭാഗമായിട്ടേ കേരളത്തിൽ പരിശോധന നടത്താൻ സാധിക്കൂ. ചെന്നൈയിൽനിന്ന് ഭക്ഷണസാധനങ്ങൾ വരുന്നത് എഫ്.എസ്.എസ്.എ.ഐ. (Food Safety and Standards Authority of India)യുടെ മുദ്രയോടുകൂടിയാണ്. അവിടത്തെ പരിശോധന കർശനമാക്കാൻ ഗവൺമെന്റ് ഓഫ് ഇന്ത്യയോട് ആവശ്യപ്പെടാവുന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പരിശോധനാ നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. 2121 സ്ഥാപനങ്ങൾ പരിശോധിച്ചിട്ടുണ്ട്. അൻപത്തിനാല് ലക്ഷത്തി അയ്യായിരത്തി അഞ്ഞൂറ് രൂപ നാല് മാസത്തിനിടയിൽ ഫൈൻ ഈടാക്കിയിട്ടുണ്ട്. ഗുരുതരമായ ലംഘനം കണ്ടെത്തിയ പത്തൊൻപത് സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്ക്കുകയും കോടതി മുമ്പാകെ 79 കേസ്സുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച പരിശോധന ഊർജ്ജിതമാക്കിയിട്ടുണ്ട്. ഈ പറയുന്ന പരാതികളുടെ അടിസ്ഥാനത്തിൽ പരിശോധന കുറേക്കൂടി ഊർജ്ജിതമാക്കാം. ശുദ്ധമായ ഭക്ഷണം ജനങ്ങൾക്ക് ലഭിക്കുമെന്ന് ഉറപ്പുവരുത്താൻ എല്ലാ സജ്ജീകരണവും സർക്കാർ ഉപയോഗപ്പെടുത്തുമെന്നാണ് ഈ സബ്മിഷന് മറുപടിയായി നൽകാനുള്ളത്.

## (8) സ്പോട്ട് അഡ്മിഷൻ

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, കേരളത്തിന്റെ സ്വാശ്രയ വിദ്യാഭ്യാസ ചരിത്രത്തിൽ രക്തരൂക്ഷിത സമരങ്ങൾക്ക് നേതൃത്വം നൽകിയ, രക്തസാക്ഷികളെ സൃഷ്ടിച്ച സി.പി.ഐ.(എം.)-ന്റെയും പോഷക സംഘടനയുടെയും ഏറ്റവും വലിയ മലക്കംമറിച്ചിലിനാണ് കേരളം സാക്ഷ്യം വഹിച്ചത്. പ്രതിപക്ഷ സമരത്തിനൊടുവിൽ കേരളീയ പൊതുസമൂഹവും വിദ്യാർത്ഥി സമൂഹവും ആഗ്രഹിക്കുന്നതുപോലെ ഒരുവേള ഫീസ് കുറയ്ക്കാൻ തയ്യാറായി മാനേജ്മെന്റുകൾ കടന്നുവന്നപ്പോൾ അതിന് തയ്യാറാകാതെ വിദ്യാർത്ഥികളെ കൊള്ളയടിക്കുന്ന തീരുമാനങ്ങൾക്ക് മുമ്പിൽ പഞ്ചപുച്ഛമടക്കിനിന്ന ഇടത് യുവജന നേതാക്കന്മാർക്ക് എന്റെ റെഡ് സല്യൂട്ട് അർപ്പിക്കുകയാണ്.

കണ്ണൂർ, കരുണ മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ട് 'നീറ്റ്' അട്ടിമറിക്കപ്പെടുന്ന ഒരു സ്ഥിതിവിശേഷം സ്പോട്ട് അലോട്ട്മെന്റിൽ കാണാനിടയായി. മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതുപോലെ എല്ലാ നിയമങ്ങളും കാറ്റിൽപ്പറത്തി കൊണ്ടാണ് ഈ കോളേജുകൾ അഡ്മിഷൻ പ്രക്രിയയുമായി മുന്നോട്ടുപോയത്. ഇവിടെ സാമൂഹ്യനീതിയെല്ലാം അട്ടിമറിക്കപ്പെട്ടു. 250 എം.ബി.ബി.എസ്. സീറ്റുകളിൽ വലിയ ക്രമക്കേടാണ് നടന്നത്. സുപ്രീം കോടതി അവർക്ക് ഫീസുമായി ബന്ധപ്പെട്ട് ചില ആനുകൂല്യങ്ങൾ നൽകിയെങ്കിൽപ്പോലും അതിൽനിന്നെല്ലാം വ്യത്യസ്തമായി കൂടുതൽ ഫീസ് ഈടാക്കുകയാണുണ്ടായത്. അറുപത്തിനാല് ലക്ഷം രൂപയോളം

ഉണ്ടെങ്കിൽമാത്രം അഡ്മിഷനുവേണ്ടി ശ്രമിച്ചാൽ മതിയെന്ന കർശന നിർദ്ദേശം നൽകുകയും പത്ത് ലക്ഷം രൂപ പലിശരഹിത ഡെപ്പോസിറ്റായി നൽകണമെന്നും ഫീസിനുപുറമേ ബാങ്ക് ഗ്യാരണ്ടി, അതും നാൽപ്പത് ലക്ഷത്തിന്റെ മുഴുവൻ തുകയും ഉണ്ടെങ്കിൽ മാത്രമേ അവർക്ക് അഡ്മിഷൻ ലഭ്യമാകുകയുള്ളൂവെന്നും കെട്ടിവച്ച രണ്ടരലക്ഷം രൂപപോലും നഷ്ടമാകുകയും അതിനുപുറമേ ഫൈൻ ചുമത്തുകയും ചെയ്യുമെന്ന സ്ഥിതിവിശേഷം സംജാതമാകുകയും ചെയ്തു. മെറിറ്റിൽ അഡ്മിഷൻ ലഭിച്ച, ആൾ ഇന്ത്യ എൻടൻസിൽ പ്രവേശനം ലഭിച്ച കേരളത്തിലെ കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കാത്ത സ്ഥിതവിശേഷമുണ്ടായി. സി.പി.ഐ.(എം)-ന്റെ മുതിർന്ന നേതാക്കന്മാർക്ക് നേരിട്ട് ബന്ധമുള്ള കണ്ണൂർ മെഡിക്കൽ കോളേജിൽ മാനേജുമെന്റുമായി ഒത്തുകളിച്ച സ്ഥിതിവിശേഷം നിലവിലുണ്ട്. കേരളത്തെ പ്രതിനിധീകരിക്കുന്ന അഡ്വക്കേറ്റ് ജനറൽ ഹൈക്കോടതിയിൽ കുറ്റകരമായ മൗനമാണ് അവലംബിച്ചത്. മാനേജുമെന്റുകൾക്കെതിരെ ഒരുവാക്കുപോലും ശബ്ദിക്കാൻ അദ്ദേഹം തയ്യാറായില്ല. അവിടെയാണ് ഈ ഇരട്ടത്താപ്പ് നയം നമ്മൾ മനസ്സിലാക്കേണ്ടത്. നിലവിൽ കേരളത്തിലെ മെഡിക്കൽ സീറ്റ് അലോട്ട്മെന്റുമായി ബന്ധപ്പെട്ട് നിയമങ്ങൾക്കും സർക്കാരിനും കോടതിക്കും വിലകൽപ്പിക്കാത്ത ഈ മാനേജുമെന്റുകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? 250 സീറ്റുകളിലേക്കുള്ള അഡ്മിഷൻ റദ്ദ് ചെയ്യാനും അഡ്മിഷന് അർഹരായ കുട്ടികളെ ജോയിൻ ചെയ്യിപ്പിക്കാനും വേണ്ട നടപടികൾ സ്വീകരിക്കണം. സമരം അട്ടിമറിക്കാൻ കാണിച്ച ആർജ്ജവത്തിന്റെ നൂറിലൊന്ന് ഈ മാനേജുമെന്റുകൾക്കെതിരെ പുലർത്താൻ കഴിഞ്ഞിരുന്നുവെങ്കിൽ അവരുടെ എൻ.ഒ.സി.-യും അഫിലിയേഷനും റദ്ദ് ചെയ്യാൻ കഴിയുമായിരുന്നു. ഇക്കാര്യത്തിലാണ് ഈ ഗവൺമെന്റ് ഇച്ഛാശക്തിയോടുകൂടി ഇടപെടേണ്ടതെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, മെഡിക്കൽ, ഡെന്റൽ പ്രവേശനത്തിന് സർക്കാരുമായി കരാർ ഒപ്പിടാത്ത കണ്ണൂർ, കരുണാ മെഡിക്കൽ കോളേജുകൾ സ്വന്തംനിലയ്ക്ക് നടത്തിയ പ്രവേശന വിവരം യഥാസമയം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് കൈമാറണമെന്ന ഹൈക്കോടതി നിർദ്ദേശം ഈ കോളേജുകൾ അട്ടിമറിച്ചതിനെത്തുടർന്ന് സ്വാശ്രയ പ്രവേശനത്തിൽ നിലനിൽക്കുന്ന പ്രതിസന്ധി സംബന്ധിച്ച സബ്മിഷനാണ് ശ്രീ. ഹൈബി ഈഡൻ ഇവിടെ ഉന്നയിച്ചത്. എന്നാൽ എഴുതിക്കൊടുക്കാതെ അദ്ദേഹം പരാമർശിച്ച കുറച്ച് വിഷയങ്ങളുണ്ട്. അതിനുള്ള മറുപടി ഈ വിഷയം പരാമർശിച്ചശേഷം നൽകാം.

കണ്ണൂർ മെഡിക്കൽ കോളേജ്, കരുണാ മെഡിക്കൽ കോളേജ്, കോഴിക്കോട് കെ.എം.സി.ടി. മെഡിക്കൽ കോളേജ് എന്നീ സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളാണ് ഈവർഷം സർക്കാരുമായുള്ള കരാർ ഒപ്പുവയ്ക്കാതിരുന്നത്. സർക്കാരിന് ഈ കോളേജുകളെ നിയന്ത്രിക്കാനുള്ള നിയമപരിരക്ഷ ഇല്ലാതിരുന്നതിനാൽ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയാണ് പ്രവേശന നടപടികളിലെ സുതാര്യത

പരിശോധിക്കുന്നത്. ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്നതിലെ സുതാര്യതയില്ലായ്മയും അപേക്ഷകരുടെ ലിസ്റ്റ്, റാങ്ക് ലിസ്റ്റ്, അലോട്ട്മെന്റ് ലിസ്റ്റ് എന്നിവ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്തതും അപേക്ഷാ സമർപ്പണത്തിന് വെബ്സൈറ്റ് സൗകര്യം പലപ്പോഴും ലഭ്യമാക്കാതിരുന്നതിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ മെഡിക്കൽ കോളേജ്, കരുണ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലെ പ്രവേശനം അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി 2-10-2016-ലെ ഉത്തരവിലൂടെ റദ്ദാക്കുകയുണ്ടായി. പ്രസ്തുത വിഷയം ബഹുമാനപ്പെട്ട സ്പീക്കർക്കുടി ശ്രദ്ധിക്കേണ്ടതാണ്. ഇതിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നാണ് ശ്രീ. ഹൈബി ഈഡന്റെ ആരോപണം. ഇത്തരത്തിൽ പ്രവേശനം റദ്ദ് ചെയ്ത അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് കരുണ, കണ്ണൂർ മെഡിക്കൽ കോളേജുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. ഈ രണ്ട് മെഡിക്കൽ കോളേജുകളാണ് സർക്കാരുമായി കരാർ ഒപ്പിടാതിരുന്നത്. കെ.എം.സി.ടി.-യുടെത് വേറൊരു കേസ്സാണ്. അവസാന നിമിഷത്തിലാണ് അവർക്ക് എം.സി.ഐ.-യുടെ അംഗീകാരം ലഭിച്ചത്. ഈ കോളേജുകളിലെ അപേക്ഷകരെയും അപേക്ഷ നിരസിക്കപ്പെട്ടവരെയും പ്രവേശനം നേടിയവരെയും പ്രവേശനം സംബന്ധിച്ച് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിക്ക് പരാതി നൽകിയവരെയുമെല്ലാം പരിഗണിച്ചുകൊണ്ട് പ്രവേശനം പൂർത്തിയാക്കേണ്ട അവസാന തീയതിയായ 7-10-2016-നുതന്നെ പ്രവേശന നടപടികളുടെ സൂക്ഷ്മ പരിശോധന നടത്തുന്നതിനും മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ഉറപ്പുവരുത്തുന്നതിനും പ്രവേശന കമ്മീഷണറെ ചുമതലപ്പെടുത്തിക്കൊണ്ട് 6-10-2016-ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. കൂടാതെ ഇതുസംബന്ധിച്ച റിപ്പോർട്ട് ഹൈക്കോടതിയിൽ സമർപ്പിക്കാനും പ്രവേശന പരീക്ഷാ കമ്മീഷണറോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ കോടതി ഉത്തരവിൽ പരാമർശിച്ചിരുന്ന പ്രവേശനം സംബന്ധിക്കുന്ന ആധികാരിക രേഖകളൊന്നും തന്നെ കണ്ണൂർ മെഡിക്കൽ കോളേജ് അധികാരികൾ ഹാജരാക്കിയിട്ടില്ല. എന്നാൽ ഹാജരാക്കിയ ഏതാനും രേഖകൾ ആധികാരികത ഉള്ളതോ അപേക്ഷകരുടെ റാങ്ക്, കാറ്റഗറി എന്നിവ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ഉൾക്കൊള്ളുന്നതോ ആയിരുന്നില്ല. കൂടാതെ കോളേജിനെ പ്രതിനിധീകരിച്ചുവന്നവർ സ്പോട്ട് അഡ്മിഷൻ പ്രക്രിയയിൽ സഹകരിക്കുകയോ ഹാജർ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. കോളേജ് അധികൃതരുടെ നിസ്സഹകരണവും പൂർണ്ണമായ വിവരങ്ങളുടെ അഭാവവുംമൂലം കണ്ണൂർ മെഡിക്കൽ കോളേജിലെ പ്രവേശനം സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്താനോ മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം ഉറപ്പുവരുത്താനോ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സാധിച്ചിട്ടില്ല. പാലക്കാട് കരുണ മെഡിക്കൽ കോളേജ് അധികൃതർ ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ, പരാതിക്കാരെ സംബന്ധിച്ച വിവരങ്ങൾ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിക്ക് ലഭിച്ച സാഹചര്യത്തിൽ പാലക്കാട് കരുണ മെഡിക്കൽ കോളേജ് അധികൃതർ പ്രവേശനം നൽകിയിരുന്ന 70 വിദ്യാർത്ഥികൾ ഉൾപ്പെടെ അർഹരായ 100 വിദ്യാർത്ഥികളെ തെരഞ്ഞെടുത്തു.

നേരത്തെ പ്രവേശനം നേടിയിരുന്നവരിൽ 30 പേർ ക്രമവിരുദ്ധമായി പ്രവേശനം നേടിയതായി കണ്ടെത്തി അവരുടെ ലിസ്റ്റ് പ്രത്യേകം തയ്യാറാക്കി. ഇതുസംബന്ധിച്ച് വിശദമായ റിപ്പോർട്ടും ലിസ്റ്റുകളും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 13-10-2016-ന് സമർപ്പിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതി ഈ കേസ് 19-10-2016-ന് പരിഗണനയ്ക്കെടുക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗവൺമെന്റുമായി കരാറുണ്ടാക്കാതെ കണ്ണൂർ മെഡിക്കൽ കോളേജ് 10 ലക്ഷം രൂപ ഫീസ് ഈടാക്കാനും കരുണ മെഡിക്കൽ കോളേജ് 7.45 ലക്ഷം രൂപ ഫീസ് ഈടാക്കാനുമുള്ള അനുവാദം ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിച്ച് നേടുകയുണ്ടായി. ആ സമയത്ത് ഫീ റെഗുലേറ്ററി കമ്മിറ്റി അത് അനുവദിക്കാൻ പറ്റില്ലെന്നും 4.40 ലക്ഷം രൂപ വാങ്ങി ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസിൽ അലോട്ട്മെന്റ് നടത്തണമെന്നും അവർക്ക് ഉത്തരവ് കൊടുത്തു. ആ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് വീണ്ടും അവർ ഹൈക്കോടതിയെ സമീപിച്ചു. ഹൈക്കോടതി ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ ഉത്തരവ് set aside ചെയ്തിട്ട് പ്രോസ്പെക്ടസിൽ അവർ സൂചിപ്പിച്ചിട്ടുള്ള 10 ലക്ഷം രൂപയും 7.45 ലക്ഷം രൂപയും വാങ്ങുന്നതിനുള്ള ഉത്തരവ് നൽകുകയുണ്ടായി. അതനുസരിച്ചാണ് ഇത്രയും ഉയർന്ന ഫീസിൽ അഡ്മിഷൻ നടത്തേണ്ടിവന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ബാങ്ക് ഗ്യാരന്റിയൊന്നും ഞങ്ങൾ നിശ്ചയിച്ചതല്ല. അതെല്ലാം സുപ്രീം കോടതിയുടെ ഓർഡിനൻസിൽ ഉള്ളതാണ്. നേരത്തെയുള്ള കരാറുകളിലുള്ളതാണ്. അതവരുടെ അവകാശമായി അംഗീകരിച്ചുനിൽക്കുന്ന കാര്യമാണ്. അത് ഞങ്ങൾ കൊണ്ടുവന്നതോ സർക്കാർ ഉണ്ടാക്കിയ എഗ്രിമെന്റിന്റെ ഭാഗമായിട്ടുള്ളതോ അല്ല. തെറ്റായ നിരവധി കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. ഇനിയെങ്കിലും പ്രതിപക്ഷം സ്വാശ്രയ മെഡിക്കൽ കരാറുമായി ബന്ധപ്പെട്ട ഇത്തരത്തിലുള്ള അടിസ്ഥാനരഹിതമായ ആരോപണം അവസാനിപ്പിക്കണം. അവസാന പരിശോധനയിൽ 1225 മെരിറ്റ് സീറ്റ് ഇത്തവണ ഈ ഗവൺമെന്റിന്റെ പ്രത്യേക പരിശ്രമത്തിന്റെ ഭാഗമായി കിട്ടി. മെരിറ്റ് സീറ്റിൽ കൂടുതൽ കുട്ടികൾക്ക് പ്രവേശനം നേടാൻ കഴിഞ്ഞു എന്നുള്ളതാണ് ഗവൺമെന്റുമായി ഉണ്ടാക്കിയ കരാറിന്റെ ഏറ്റവും വലിയ ഗുണം. അതിലെ നാമമാത്രമായ ഫീസ് വർദ്ധനവിനെ ചോദ്യം ചെയ്തുകൊണ്ട് സമരംനടത്തിയ പ്രതിപക്ഷം കരുണ മെഡിക്കൽ കോളേജിന്റേയോ കണ്ണൂർ മെഡിക്കൽ കോളേജിന്റേയോ.... ....(ബഹളം)....

<u>മി. സ്പീക്കർ:</u> യെസ്.... യെസ്.... ബഹുമാനപ്പെട്ട മന്ത്രി.....

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, എല്ലാം ഇവിടെ വിശദീകരിക്കപ്പെട്ടിട്ടുള്ളതാണ്. ജനങ്ങൾക്ക് നന്നായി അറിയാം. ചരിത്രത്തിൽ രേഖപ്പെടുത്തേണ്ട ചരിത്രപ്രസിദ്ധമായിട്ടുള്ള കരാറാണ് ഇത്തവണ......(ബഹളം)....

<u>മി. സ്പീക്കർ:</u> യെസ്.... പറഞ്ഞ് അവസാനിപ്പിക്കു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഈ ഗവൺമെന്റ് ഇരുപത് കോളേജുകളെ സർക്കാരിന്റെ പരിധിയിൽ കൊണ്ടുവന്ന് ഇരുപത്തി അയ്യായിരം രൂപയ്ക്കും രണ്ടര ലക്ഷം രൂപയ്ക്കും പഠിക്കാനുള്ള സീറ്റുകളുണ്ടാക്കി. കഴിഞ്ഞ തവണ ആറ് കോളേജുകളെ കയറൂരിവിട്ട് അവർക്ക് തോന്നിയതുപോലെ ഫീസീടാക്കാനുള്ള അനുവാദം നേടി ലക്ഷക്കണക്കിന്, കോടിക്കണക്കിന് രൂപയുടെ അഴിമതി നടത്താനുള്ള സാഹചര്യം സൃഷ്ടിച്ചുകൊടുത്ത യു.ഡി.എഫ്.-നെ പോലെയല്ല ഇത്തവണ കരാറുണ്ടാക്കിയത്. ഈ രണ്ട് കോളേജുകളുടെ കാര്യം അനുഭവമാണ്. ഈ രണ്ട് കോളേജുകളും സർക്കാരുമായി കരാറുണ്ടാക്കാത്തതിന്റെ മാത്രം ഭാഗമായിട്ടാണ് 10 ലക്ഷം രൂപയ്ക്ക് കുട്ടികൾക്ക് അവിടെ അഡ്മിഷൻ തേടി ചെല്ലേണ്ടിവന്നത്. കുട്ടികൾ എന്നെ വിളിച്ചിട്ട് പറഞ്ഞു, ഈ കോളേജുകളെക്കൂടി മിനിസ്റ്റർ കരാറിൽ ഉൾപ്പെടുത്തിയിരുന്നെങ്കിൽ ഞങ്ങൾക്ക് കുറച്ചുകൂടി മെരിറ്റ് സീറ്റ് കിട്ടുമായിരുന്നുവെന്ന്. ഞാൻ പറഞ്ഞു ഞങ്ങൾ പരിശ്രമിച്ചു ആ രണ്ട് കോളേജുകളും നിന്നില്ല. യു.ഡി.എഫ്.-കാർ സമരം നടത്തേണ്ടത് ഈ രണ്ട് കോളേജുകളുടെ മുറ്റത്തായിരുന്നു. ആ മാനേജ്മെന്റിനെതിരെ ചെറുവിരലനക്കാതെ ഈ സർക്കാർ കരാറുണ്ടാക്കിയതിനെ എതിർത്തുകൊണ്ട് ജനങ്ങളെ ദ്രോഹിക്കുന്ന തീരുമാനമാണ് ഉണ്ടാക്കുന്നതെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. നിയമപരമായ എല്ലാ നടപടികളും ഈ മെഡിക്കൽ കോളേജുകൾക്കെതിരെ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. തുടർന്ന് സുപ്രീംകോടതിവരെ അപ്പീൽ പോകാൻ ഞങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. കോളേജുകൾ കാണിക്കുന്ന അഴിമതിക്കെതിരെ ശക്തമായ നടപടി ഈ സർക്കാർ സ്വീകരിക്കുന്നതാണ്.

## (9) തൊഴിൽ സംരക്ഷണം

ശ്രീ. പുരുഷൻ കടലുണ്ടി: സർ, സംസ്ഥാനത്തെ ഫോട്ടോഗ്രാഫി/വീഡിയോ ഗ്രാഫി തൊഴിൽ മേഖലയിലുള്ളവരുടെ സംരക്ഷണം ഉറപ്പുവരുത്താനും അവർക്ക് ആവശ്യമായ ക്ഷേമപെൻഷനുകൾ അനുവദിക്കാനും തീരുമാനമുണ്ടാകണമെന്ന് ആവശ്യപ്പെടുന്നതാണ് എന്റെ സബ്മിഷൻ. വർത്തമാനകാലത്ത് വളരെ റിസ്കുള്ള, വെല്ലുവിളികളുള്ള ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി തൊഴിൽ മേഖലയിലെ ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ഇന്ന് യാതൊരു സർക്കാർ ആനുകൂല്യവും ലഭിക്കുന്നില്ല. ക്ഷേമനിധി പെൻഷൻ, ആരോഗ്യ ഇൻഷ്വറൻസ്, വായ്പാ പദ്ധതികൾ, തൊഴിൽ സംരക്ഷണം എന്നിവ ഈ മേഖലയ്ക്കും ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. തൊഴിലാളികളുടെ ഹൃദയമറിയുന്ന തൊഴിൽ വകുപ്പുമന്ത്രിയായ അങ്ങയുടെ ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, സംസ്ഥാനത്ത് ഫോട്ടോഗ്രാഫി/വീഡിയോഗ്രാഫി മേഖലകളിൽ പണിയെടുക്കുന്നവരിൽ തൊഴിലുടമകളുടെ കീഴിൽ ജോലിചെയ്യുന്നവരും സ്വന്തമായി തൊഴിൽ ചെയ്യുന്നവരുമുണ്ട്. ഒരു തൊഴിലുടമയുടെ കീഴിൽ ജോലിചെയ്യുന്നവർക്ക് 1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം, 1948-ലെ മിനിമം വേതന നിയമം, 1957-ലെ പ്രസവാനുകൂല്യ നിയമം തുടങ്ങിയ തൊഴിൽ നിയമങ്ങൾ ബാധകമാണ്. തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകാൻ തൊഴിലുടമ ബാധ്യസ്ഥനാണ്. നിയമപ്രകാരമുള്ള സേവന-വേതന വ്യവസ്ഥകൾ ഉറപ്പുവരുത്താൻ വേണ്ട നടപടി തൊഴിൽ വകുപ്പ് സ്വീകരിക്കുന്നുണ്ട്. ഈ മേഖലയെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ളതും അവർക്കായി മിനിമം വേതനം നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം മിനിമം വേതന ഉപദേശക സമിതിയുടെ പരിശോധനയിലുമാണ്. സംസ്ഥാന ഫോട്ടോഗ്രാഫി/വീഡിയോഗ്രാഫി തൊഴിൽ മേഖലയിലുള്ള 5717 തൊഴിലാളികൾ, 5-10-2016 വരെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്തിട്ടുണ്ട്. ഇതിലെ അംഗങ്ങൾക്ക് കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. ഈ പദ്ധതിപ്രകാരം 10 വർഷം തുടർച്ചയായി അംശദായം അടയ്ക്കുന്ന അംഗങ്ങൾക്ക് പെൻഷൻ നൽകാൻ വ്യവസ്ഥയുണ്ട്. ഒരു വർഷമെങ്കിലും അംശദായം തുടർച്ചയായി അടച്ചിട്ടുള്ള വനിതാംഗത്തിന് പ്രസവാനുകൂല്യം, മൂന്ന് വർഷമെങ്കിലും അംശദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടേയും സ്ത്രീ അംഗങ്ങളുടെയും വിവാഹച്ചെലവിനായി 5,000 രൂപ നിധിയിൽനിന്ന് നൽകുന്നു. അംഗത്തിന്റെയോ അംഗത്തിന്റെ കുടുംബാംഗങ്ങളുടേയോ മരണാനന്തര ചെലവുകൾക്കായി 1,000 രൂപ വീതം നൽകുന്നു. മൂന്ന് വർഷമെങ്കിലും നിധിയിലേക്ക് തുടർച്ചയായി അംശദായം അടച്ച അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് അംഗത്വ കാലാവധിയിൽ പരമാവധി 10,000 രൂപ ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി ചികിത്സാ ധനസഹായം നൽകുന്നു. ഒരു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നു. ഒരംഗം മരണപ്പെട്ടാൽ ആദ്യ മൂന്ന് വർഷത്തെ അംഗത്വ കാലയളവിനുള്ളിൽ 5,000 രൂപയും ശേഷമുള്ള ഓരോ വർഷ കാലയളവിന് 1,000 രൂപ വീതവും രണ്ടുംകൂടി പരമാവധി 20,000 രൂപ അംഗത്തിന്റെ കുടുംബത്തിന് മരണാനന്തര ധനസഹായം നൽകുന്നുണ്ട്. കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്ത തൊഴിലാളികളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ മേഖലയിലെ സംഘടനാ പ്രതിനിധികളുമായി

തൊഴിലും എക്സൈസും വകുപ്പുമന്ത്രി 2016, സെപ്റ്റംബർ 7-ന് ചർച്ച നടത്തുകയുണ്ടായി. ഛായാഗ്രഹണ മേഖലയിൽ പണിയെടുക്കുന്നവരെക്കൂടി ക്ഷേമനിധി അംഗത്വത്തിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കാനും അവരെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാനും തീരുമാനിച്ചിട്ടുണ്ട്.

## (10) ദേശീയഗാനം നിരോധിച്ചത് സംബന്ധിച്ച്

ശ്രീ. ഒ. രാജഗോപാൽ: സർ, പഴയ മലബാർ മേഖലയിലെ ഏറ്റവും പഴയ കോളേജാണ് പാലക്കാട് വിക്ടോറിയ കോളേജ്. വി. കെ. കൃഷ്ണമേനോൻ, ഒ. വി. വിജയൻ, ശ്രീ. ടി. എൻ. ശേഷൻ എന്നിങ്ങനെ പ്രഗൽഭ വ്യക്തികൾ പഠിച്ച കോളേജാണ് അത്. ആ കോളേജുമായി ബന്ധപ്പെട്ട് അടുത്തകാലത്ത് വന്ന ചില വാർത്തകൾ ഖേദകരവും ആശങ്കയുളവാക്കുന്നതുമാണ്. അവിടത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രിൻസിപ്പാൾ വളരെകാലം പ്രവർത്തിച്ചശേഷം റിട്ടയർ ചെയ്ത ദിവസം കുട്ടികൾ അവർക്ക് ശവമഞ്ചം ഒരുക്കിയതായി ഒരു റിപ്പോർട്ട് വായിക്കുകയുണ്ടായി, വളരെ വേദനയുണ്ടായി. അതിനുശേഷംവന്ന മറ്റൊരു റിപ്പോർട്ട്, ആ കോളേജിൽ ദേശീയഗാനം പാടുന്നത് നിരോധിച്ചിരിക്കുന്നുവെന്നതാണ്. ഇതിൽ വളരെ ആശങ്കയുണ്ട്. ഇതിനെപ്പറ്റി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതോടൊപ്പം ആ സ്ഥാപനത്തിന്റെ സൽപ്പേര് നിലനിർത്താൻ ശ്രമിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ അങ്ങയുടെ മണ്ഡലമായതുകൊണ്ട് അങ്ങേയ്ക്ക് ഒരു വാചകം പറയാവുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, പാലക്കാട് വിക്ടോറിയ കോളേജുമായി ബന്ധപ്പെട്ടതായതുകൊണ്ടാണ് ഒരു വാചകത്തിനായി അനുമതി ചോദിച്ചത്. വിക്ടോറിയ കോളേജെന്നല്ല പാലക്കാട് മണ്ഡലത്തിലെ ഏത് ക്യാമ്പസിലും എൽ.പി. സ്കൂളിലാണെങ്കിൽപ്പോലും ദേശീയഗാനം ആലപിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിരോധനം ഏർപ്പെടുത്തുന്നത് ഒരു കാരണവശാലും ആരും അംഗീകരിക്കുമെന്ന് ഞാൻ കരുതുന്നില്ല, അങ്ങനെയൊരു തീരുമാനമുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഇവിടെ പറഞ്ഞ രണ്ട് കാര്യങ്ങളിലൊന്ന് പ്രിൻസിപ്പലുമായി ബന്ധപ്പെട്ട വിഷയമാണ്. ആ സംഭവം വളരെ ഖേദകരമാണ്. അവരുടെ ശവമഞ്ചം തയ്യാറാക്കിയെന്നത് വളരെ പ്രയാസമുണ്ടാക്കിയ കാര്യമാണ്. 125 വർഷത്തെ പാരമ്പര്യമുള്ള ഒട്ടേറെ പ്രഗത്ഭരെ സൃഷ്ടിച്ച ഒരു ക്യാമ്പസിനെ ദേശീയഗാന നിരോധിതമേഖലയായി ഒരു കാരണവശാലും ചിത്രീകരിക്കരുത്. എന്റെ അറിവിൽ അങ്ങനെ ഒരു നിരോധനം അവിടെ നടന്നിട്ടില്ല. അവിടെ മൈക്കുമായി ബന്ധപ്പെട്ട്

ചില പരാതികളുണ്ടായി. അത് പരിഹരിച്ച് ഇപ്പോൾ വീണ്ടും അവിടെ ദേശീയഗാനം ആലപിക്കാൻ തുടങ്ങിയിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. ഒരിക്കലും ദേശവിരുദ്ധരുടെ കേന്ദ്രമായി വിക്ടോറിയ കോളേജ് പോലൊരു ക്യാമ്പസിനെ ചിത്രീകരിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകരുത്. അത് ജാഗ്രയോടുകൂടി തന്നെ ഗവൺമെന്റ് കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിൽ വിവിധ വിദ്യാർത്ഥി സംഘടനകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കോഴിക്കോട് സർവ്വകലാശാല യൂണിയന്റെ പ്രസിഡൻഷ്യൽ രീതിയിലുള്ള തെരഞ്ഞെടുപ്പാണ് അവിടെ നടക്കുന്നത്. ഈ കോളേജിൽ രാഷ്ട്രീയ അതിപ്രസരമുണ്ടെന്നുള്ള പരാതി അടിസ്ഥാനരഹിതമാണ്. 2009 മുതൽ കോളേജിലെ പൊതു ഉച്ചഭാഷണിയിലൂടെ രാവിലെ ദേശീയഗീതവും വൈകുന്നേരം ദേശീയഗാനവും കേൾപ്പിച്ചുവരികയായിരുന്നു. എന്നാൽ ഉച്ചഭാഷിണി സംവിധാനത്തിലെ സാങ്കേതിക തകരാർ കാരണം ഓണാവധിക്കുശേഷം കുറച്ചുദിവസം ഇവ കേൾപ്പിക്കാൻ സാധിച്ചിരുന്നില്ല. സാങ്കേതിക പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഉച്ചഭാഷിണിയിലൂടെ ദേശീയഗീതവും ദേശീയഗാനവും 3-10-2016 മുതൽ കേൾപ്പിക്കാൻ തുടങ്ങിയിട്ടുണ്ട്. ഉച്ചഭാഷിണി സംവിധാനം പൂർണ്ണമായും പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## VII മേശപ്പുറത്തുവച്ച കടലാസ്സുകൾ

(1) ലിസ്റ്റ് 1 പ്രകാരം ചട്ടം 47(2) അനുസരിച്ചുള്ള കടലാസ്സുകൾ

1. മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 258, പതിനഞ്ചാം സമ്മേളനത്തിലെ 2022, 3521, പതിനാറാം സമ്മേളനത്തിലെ 3090 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 3490-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(2) ലിസ്റ്റ് 2 പ്രകാരം ചട്ടം 236(5) അനുസരിച്ചുള്ള കടലാസ്സുകൾ

1. മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

| | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| സബ്ജക്ട് കമ്മിറ്റി | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV വ്യവസായവും ധാതുക്കളും | 2012-13 | 2 | 79 |
| | 2014-15 | 4 | 34, 44, 45, 48, 50, 57, 58, 59 |
| XIV ആഭ്യന്തരകാര്യങ്ങൾ | 2014-15 | 4 | 2, 3, 4, 5, 6 |

2. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

കാലതാമസ പത്രികകളുടെ വിശദാംശം

| സബ്ജക്ട് കമ്മിറ്റി | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
|---|---|---|---|
| XIV ആഭ്യന്തരം | 2014-15 | 4 | 3, 4, 10 |

3. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

കാലതാമസ പത്രികകളുടെ വിശദാംശം

| സബ്ജക്ട് കമ്മിറ്റി | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
|---|---|---|---|
| I കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2014-15 | 4 | 36, 37, 38, 39, 40, 41, 42, 56, 57, 58 |

4. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

കാലതാമസ പത്രികകളുടെ വിശദാംശം

| സബ്ജക്ട് കമ്മിറ്റി | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
|---|---|---|---|
| VII വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2014-15 | 4 | 51, 52, 53, 54, 55, 56, 57, 58, 59, 60, 61, 62 |

5. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

കാലതാമസ പത്രികകളുടെ വിശദാംശം

| സബ്ജക്ട് കമ്മിറ്റി | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
|---|---|---|---|
| III ജലവിഭവം | 2012-13 | 2 | പൊതുശിപാർശ 3 |
| | 2014-15 | 4 | 12, 15, 35, 41, 44, 45, 47, 48, 49, 50, 61, 67, 68, 70, 71, 76 |

6. കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

കാലതാമസ പത്രികകളുടെ വിശദാംശം

| സബ്ജക്ട് കമ്മിറ്റി | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
|---|---|---|---|
| I കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2013-14 | 3 | 28 |

## VIII റിപ്പോർട്ട് സമർപ്പണം

(1) സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച വിഷയ നിർണ്ണയ സമിതി VIII-ന്റെ റിപ്പോർട്ട്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി II-ന്റെ റിപ്പോർട്ട്

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ സമിതിയുടെ 1-4-2015 മുതൽ 31-3-2016 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## IX പ്രത്യേക പരാമർശം

### സംഗ്രഹം തയ്യാറാക്കുന്നത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, നിയമസഭാംഗങ്ങളുടെ പ്രസംഗത്തിന്റെ സംഗ്രഹം തയ്യാറാക്കുമ്പോൾ പ്രധാനപ്പെട്ട പോയിന്റുകൾ വിട്ടുപോകുകയാണ്. ഞാൻ അങ്ങേയ്ക്ക് ഇതുസംബന്ധിച്ച് ഒരു കത്ത് നൽകിയിരുന്നു. സാധാരണഗതിയിൽ പ്രസംഗത്തിന്റെ മാറ്റർ സംഗ്രഹമായി, ഒരു ബുള്ളറ്റിൻപോലെ തരുന്നതാണ്. കഴിഞ്ഞദിവസം എന്റെ പ്രസംഗത്തിലെ പ്രധാനപ്പെട്ട എല്ലാ ഭാഗങ്ങളും ഒഴിവാക്കിയിരിക്കുകയാണ്. അതുകൊണ്ട് അങ്ങ് നിയമസഭാ സെക്രട്ടേറിയറ്റിന് നിർദ്ദേശം നൽകണം. എല്ലാ ഭാഗവും ഉൾപ്പെടുത്താൻ കഴിയില്ലെങ്കിലും പ്രസംഗത്തിലെ പ്രസക്തഭാഗമെങ്കിലും ഉൾപ്പെടുത്താനുള്ള നിർദ്ദേശം നൽകണമെന്ന് ഞാൻ അങ്ങയോട് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. സാധാരണഗതിയിൽ അംഗങ്ങളുടെ പ്രസംഗങ്ങൾ അവർ അപ്രൂവ് ചെയ്തതിനുശേഷമാണ് സംക്ഷിപ്തമായി തയ്യാറാക്കുന്നത്. അതിൽ പ്രധാനമായി ഉദ്ദേശിക്കപ്പെട്ട കാര്യങ്ങൾ വിട്ടുപോകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകും.

## X ധനകാര്യം

### 2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ബഹുമാനപ്പെട്ട വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിക്ക് മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2016-17

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥന യുടെ പേര് | 24-02-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 14-7-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
|---|---|---|---|---|---|---|---|---|
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| XV | പൊതുമരാമത്ത് | 815,99,56,000 | 766,34,81,000 | 611,99,68,000 | 574,76,11,000 | 1019,99,45,000 | 957,93,53,000 | 1977,92,98,000 |
| XXXI | മൃഗസംരക്ഷണം | 204,07,14,000 | 17,56,67,000 | 153,05,36,000 | 13,17,50,000 | 255,08,93,000 | 21,95,83,000 | 277,04,76,000 |
| XXXII | ക്ഷീരവികസനം | 54,49,07,000 | ... | 40,86,81,000 | ... | 68,11,35,000 | ... | 68,11,35,000 |
| XXXIV | വനം | 187,46,04,000 | 36,40,01,000 | 140,59,53,000 | 27,30,01,000 | 234,32,57,000 | 45,50,00,000 | 279,82,57,000 |

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയേയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയേയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയേയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഖണ്ഡനോപക്ഷപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ XV—പൊതുമരാമത്ത് നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1. ശ്രീ. കെ. സി. ജോസഫ്: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1977,92,98,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പൊട്ടിപ്പൊളിഞ്ഞ റോഡുകൾ സമയബന്ധിതമായി ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. ശ്രീ. വി. ഡി. സതീശൻ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1977,92,98,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ ക്രിയാത്മകമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. ശ്രീ. പി. ടി. തോമസ്: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1977,92,98,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (റോഡുകളുടെ ശോചനീയാവസ്ഥ കാരണം വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1977,92,98,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ശബരിമല മണ്ഡലകാലം ആരംഭിക്കാൻ ഒരു മാസം മാത്രം ബാക്കി നിൽക്കേ ശബരിമലയിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. ശ്രീ. മഞ്ഞളാംകുഴി അലി: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1977,92,98,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിവിധ ഏജൻസികൾ റോഡുകൾ കുഴിച്ച ശേഷം യഥാസമയം പുനർനിർമ്മിക്കാത്തതുമൂലം പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1977,92,98,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് പൊളിഞ്ഞ് കിടക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നില്ലായെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7. ശ്രീ. എം. ഉമ്മർ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1977,92,98,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്യാത്തതു കൊണ്ട് സംസ്ഥാനത്തെ റസ്റ്റ് ഹൗസുകൾ വാസയോഗ്യമല്ലാതായ സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8. ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1977,92,98,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (റോഡ് വികസനത്തിനായി മുറിച്ചുമാറ്റുന്ന തണൽ മരങ്ങൾക്ക് പകരം തണൽ മരങ്ങൾ വച്ച് പിടിപ്പിക്കാത്തതായി പറയപ്പെടുന്ന വിഷയംചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9. ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1977,92,98,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (റോഡ് വികസനത്തിന് സ്ഥലം വിട്ടുനൽകിയവർക്ക് കോടതിനിർദ്ദേശിച്ച അധിക നഷ്ടപരിഹാരത്തിനെതിരായി സുപ്രീം കോടതിയിൽ വരെ അപ്പീൽ നൽകി ഭൂമി വിട്ടുനൽകിയവരെ പീഡിപ്പിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1977,92,98,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു:

1. ശ്രീ. പാറക്കൽ അബ്ദുല്ല
2. ശ്രീ. ടി. വി. ഇബ്രാഹിം
3. ശ്രീ. അബ്ദുൽ ഹമീദ്. പി.
4. ശ്രീ. പി. ഉബൈദുള്ള
5. ശ്രീ. അനിൽ അക്കര
6. ശ്രീ. ഷാഫി പറമ്പിൽ
7. ശ്രീ. അൻവർ സാദത്ത്

ധനാഭ്യർത്ഥന നമ്പർ XXXI—മൃഗസംരക്ഷണം നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 277,04,76,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (തെരുവ് നായ വംശവർദ്ധന നിയന്ത്രണത്തിന് ക്രിയാത്മകമായ പദ്ധതി ആവിഷ്ക്കരിക്കാത്തതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. ശ്രീ. മഞ്ഞളാംകുഴി അലി: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 277,04,76,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മൃഗശാലകളിൽ ആവശ്യത്തിന് മൃഗഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും സേവനം ലഭ്യമല്ലാത്തതുകാരണം ഇവയുടെ പ്രവർത്തനത്തിന് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 277,04,76,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിന്റെ പരിപാടികൾ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 277,04,76,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് നിലവിൽ വ്യാപകമായി ക്കൊണ്ടിരിക്കുന്ന പക്ഷിപ്പനി പ്രത്യേകിച്ച് ഇറച്ചിക്കോഴികളിൽ, തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 277,04,76,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എൻ. ഷംസുദ്ദീൻ
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. ഉബൈദുള്ള
4. ശ്രീ. അബ്ദുൽ ഹമീദ്. പി.
5. ശ്രീ. ടി. വി. ഇബ്രാഹിം
6. ശ്രീ. എം. ഉമ്മർ
7. ശ്രീ. കെ. എം. ഷാജി
8. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
9. ശ്രീ. മോൻസ് ജോസഫ്
10. ശ്രീ. അടൂർ പ്രകാശ്

## ധനാഭ്യർത്ഥന നമ്പർ XXXII-ക്ഷീരവികസനം നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1. ശ്രീ. കെ. മുരളീധരൻ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 68,11,35,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അന്യസംസ്ഥാനത്തുനിന്നും വരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കാനുള്ള സംവിധാനം ചെക്ക് പോസ്റ്റുകളിൽ ഏർപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. ശ്രീ. മോൻസ് ജോസഫ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 68,11,35,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതും അവർക്ക് അർഹമായ പെൻഷൻ നൽകുന്നതും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. ശ്രീ. മഞ്ഞളാംകുഴി അലി: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 68,11,35,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥനത്ത് വിതരണം ചെയ്യുന്ന കാലിത്തീറ്റകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 68,11,35,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ക്ഷീരവികസന വകുപ്പിന്റെ പദ്ധതികളും പരിപാടികളും പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 68,11,35,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രാദേശിക ക്ഷീരോൽപ്പാദനം വ്യാപിപ്പിക്കുന്നതിനും നിലവിലെ ഇത്തരം പ്രവൃത്തികളെ പരിപോഷിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 68,11,35,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു:

1. ശ്രീ. എം. ഉമ്മർ
2. ശ്രീ. ടി. വി. ഇബ്രാഹിം
3. ശ്രീ. അബ്ദുൽ ഹമീദ്. പി.
4. ശ്രീ. പി. ഉബൈദുള്ള
5. ശ്രീ. പാറക്കൽ അബ്ദുല്ല
6. ശ്രീ. എൻ. ഷംസുദ്ദീൻ
7. ശ്രീ. കെ. എം. ഷാജി
8. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
9. ഡോ. എം. കെ. മുനീർ

ധനാഭ്യർത്ഥന നമ്പർ XXXIV-വനം നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1. ശ്രീ. പാറക്കൽ അബ്ദുല്ല: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 279,82,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വനാതിർത്തികൾ പൂർണ്ണമായും ജണ്ടകെട്ടി അടയാളപ്പെടുത്തി കയ്യേറ്റം തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. ശ്രീ. പി. ഉബൈദുള്ള: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 279,82,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വന്യജീവികൾ നാട്ടിലിറങ്ങി കൃഷിയും മറ്റ് വസ്തുവകകളും നശിപ്പിക്കുന്നതിനെതിരെ ഫലപ്രദമായ സംരക്ഷണ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. ശ്രീ. എം. ഉമ്മർ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 279,82,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വനവിഭവ ശേഖരണത്തിന് കാട്ടിൽ പോവുന്ന ആദിവാസികളെ കള്ളക്കേസ്സിൽ പ്രതികളാക്കി പീഡിപ്പിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. ശ്രീ. ടി. വി. ഇബ്രാഹിം: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 279,82,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സാമൂഹ്യ വനവൽക്കരണ പദ്ധതിയിൽ അക്കേഷ്യ പോലുള്ള വിദേശ ജനുസ്സുകളിൽപ്പെട്ട മരങ്ങൾക്കുപകരം നാടൻ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. ശ്രീ. അബ്ദുൽ ഹമീദ്. പി. : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 279,82,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വനമേഖലയിൽ നഗരമാലിന്യങ്ങൾ വൻതോതിൽ കൊണ്ടുതള്ളുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. ശ്രീ. മഞ്ഞളാംകുഴി അലി: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 279,82,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വനപരിപാലത്തിനിടയിൽ മരണമടയുന്ന വനപാലകരുടെ ആശ്രിതർക്ക് സഹായങ്ങൾ സമയബന്ധിതമായി നൽകാത്തതായി പറയപ്പെടുന്ന നടപടി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7. <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 279,82,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വനം വകുപ്പിന്റെ പരിപാടികളും പദ്ധതികളും പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8. <u>ശ്രീ. എം. വിൻസെന്റ്</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 279,82,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (1977 ജനുവരി ഒന്നിനുശേഷമുള്ള വനഭൂമി കയ്യേറ്റം ഒഴിപ്പിക്കണമെന്ന ഹൈക്കോടതി വിധിയിന്മേൽ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9. <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 279,82,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രകൃതിക്ക് ദോഷം വരാത്ത രീതിയിൽ കേരളത്തിലെ വനമേഖലകളിൽ ടൂറിസം സാദ്ധ്യതകൾ കണ്ടെത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 279,82,57,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു:

1. ശ്രീ. കെ. എം. ഷാജി
2. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
3. ശ്രീ. എൻ. ഷംസുദ്ദീൻ
4. ശ്രീ. മോൻസ് ജോസഫ്

<u>മി. സ്പീക്കർ</u>: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. ഇനി ചർച്ചയാണ് ശ്രീ. എസ്. രാജേന്ദ്രൻ....

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ,

'ஔ்று ஔியும் இதசுதந்திர தகம்

ஔ்று மடியும் இத சுதந்திர ஷேக் ഇത് സ്വതന്ത്ര ഇന്ത്യയ്ക്കുമുമ്പ്, സ്വതന്ത്ര ഇന്ത്യയെക്കുറിച്ച് മനസ്സിലാക്കിക്കൊണ്ട് തമിഴ്നാട്ടിലെ ഭാരതീയാർ എന്ന കവി പാടിയ പാട്ടാണ്. അന്ന് അദ്ദേഹം പറഞ്ഞതിന്റെ അർത്ഥം ഇതാണ്. പാമരമക്കൾ, ഗ്രാമങ്ങൾക്കപ്പുറത്തുപോലും ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭ്യമായിട്ടില്ല എന്നുള്ള വസ്തുത ഇപ്പോഴും നിലനിൽക്കുന്നു. അത് എല്ലാവർക്കും ലഭ്യമാകണമെ ന്നുണ്ടെങ്കിൽ നമ്മുടെ രാജ്യത്ത് എല്ലാവർക്കും ഒരുപോലെ ഭരണനീതി ഉറപ്പാക്കുന്ന സാഹചര്യമുണ്ടാകണമെന്നുള്ളതാണ് അതുകൊണ്ട് ഉദ്ദേശിച்ചത്. தீத ஷேணும் ஷேணும் இறும் நிலைகிறது അതേ സന്ദർഭത്തിൽ

'உக்கருத்தம்வேசொக்கு

இவ்வங்களும் நீப்பு' ഇത് തിരുവള്ളുവർ പാടിയതാണ്. ഗവൺമെന്റ് ആ നിലയിലുള്ള പ്രവർത്തനം നടത്തണമെന്നുള്ളതുകൊണ്ടാണ് മുൻഗാമികളെല്ലാം രാഷ്ട്രീയരംഗത്തെ ഭരണത്തലവന്മാരോട് ഇങ്ങനെ ചില കാര്യങ്ങൾ പറഞ്ഞിട്ടുപോയത്.

ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരിനെ എല്ലാനിലയിലും ഞാൻ ഈ അവസരത്തിൽ അനുമോദിക്കുകയും ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയും ചെയ്യുകയാണ്. സഖാവ് ഇ. പി. ജയരാജനെ ഞാൻ ഈ അവസരത്തിൽ ആശംസിക്കാനും അനുമോദിക്കാനും ആഗ്രഹിക്കുന്നു. മാതൃകാപരമായ പ്രവർത്തനമാണ് അദ്ദേഹം ഏറ്റെടുത്തിട്ടുള്ളതും ഈ സമൂഹത്തിന് സന്ദേശം നൽകിയിട്ടുള്ളതും എന്നതിൽ ആർക്കും സംശയമുണ്ടാകാനിടയില്ല. പ്രകടനപ്പത്രികയിൽ പറഞ്ഞിട്ടുള്ളതുപോലെ അഴിമതിവിമുക്തമായ ഒരു ഗവൺമെന്റിന് ഒരാക്ഷേപമുണ്ടാകരുതെന്നുള്ള സന്ദേശമാണ് അദ്ദേഹത്തിന്റെ ഈ പ്രവൃത്തിയിലൂടെ ഉണ്ടായിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ സംസാരിച്ചപ്പോൾ അവധിദിവസങ്ങളെ സംബന്ധിച്ച് ഓർമ്മിപ്പിക്കുകയുണ്ടായി. അവധിദിവസം ആരംഭിക്കുന്നതിന് തൊട്ടുമുമ്പ് നിയമസഭാ കവാടത്തിൽ എന്റെ പ്രിയപ്പെട്ട ചില സുഹൃത്തുക്കൾ ഉണ്ടായിരുന്നു, അവർ മയക്കത്തിലായിരുന്നു, മയങ്ങിയിരുന്നു. ആരും ശ്രദ്ധിച്ചിട്ടില്ല. ആരൊക്കെയാണ് അവിടെ കിടന്നതെന്ന് ഇപ്പോൾ ആർക്കെങ്കിലും ഓർമ്മയുണ്ടോ, ആരൊക്കെയാണ് എന്നുള്ളതിനെ സംബന്ധിച്ച് ഓർക്കാനിടയില്ല. എന്തിനായിരുന്നു അവർ സമരം നടത്തിയത്? നമുക്കറിയാം മഷിതേയ്ക്കുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കിയവർ, മഷിക്കുപ്പി പദ്ധതിയുമായി മുന്നോട്ടുവന്നവർ, അതിനുശേഷം ആരുടെ പേരൊക്കെയാണ് ബോർഡിൽ വരേണ്ടത്, രണ്ടാമത് നിരാഹാരത്തിലിരിക്കുന്ന ചിലരുടെ പേരും

ഫോട്ടോയും ബോർഡിൽ വയ്ക്കാൻ ശ്രമിച്ചതിന്റെ ചില പ്രവണതകൾ തുടങ്ങിയവയെല്ലാം ഓർക്കുമ്പോൾ തീർച്ചയായും വേദപുസ്തകങ്ങൾ വായിച്ചിട്ടുള്ളവർക്ക് അറിയാം, കുറ്റം ചെയ്യാത്തവർക്ക് കല്ലെറിയാം. ശ്രീ. ഇ. പി. ജയരാജനും എൽ.ഡി.എഫ്. ഗവൺമെന്റും നയപരമായി, രാഷ്ട്രീയപരമായി എടുക്കുന്ന ചുവടനുസരിച്ചാണ് മുമ്പോട്ടുപോകേണ്ടതെന്നാണ് ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നത്. രാഷ്ട്രീയത്തിന്റെ പേരിൽ ഒട്ടനവധി സംഭവങ്ങൾ നടന്നിട്ടുണ്ട്. രാജീവ് ഗാന്ധി മരണപ്പെട്ടപ്പോൾ രാജ്യത്ത് എല്ലായിടത്തും ദുഃഖാചരണം നടത്തി. പക്ഷേ അദ്ദേഹം മരണപ്പെട്ടപ്പോൾ ആ പാർട്ടിയിൽപ്പെട്ട ഒരാൾക്കെങ്കിലും പരിക്കേറ്റെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നോ? അങ്ങനെ ചരിത്രപരമായി പരിശോധിച്ചാലും മനസ്സിലാകും ഭരണപരമായി ഓരോരുത്തരും അധികാരങ്ങൾ നിലനിർത്തുന്നതിനുവേണ്ടി ശ്രമിച്ചിരുന്നുവെന്ന്. യു.ഡി.എഫ്.-ന്റെ സമരമോഹങ്ങളും വാദഗതികളും ആക്ഷേപങ്ങളും പരാമർശങ്ങളും പ്രചരണങ്ങളും പ്രസംഗങ്ങളുമെല്ലാം നാളിതുവരെയുള്ള രാഷ്ട്രീയ സാംസ്കാരത്തിൽനിന്നും വ്യത്യസ്തമാകുന്നുവെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. ഉമ്മർ)

എന്റെ മണ്ഡലത്തിൽ ചില പ്രശ്നങ്ങളുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് 2007-ൽ വനമേഖലയുമായി ബന്ധപ്പെട്ട് ഒരു നിയമം പാസ്സാക്കുകയുണ്ടായി. സെക്ഷൻ 5 അനുസരിച്ച് നോട്ടിഫൈഡല്ലാത്ത പട്ടയഭൂമിയിൽ നിന്നും മരം മുറിക്കുന്നത് സംബന്ധിച്ച് പാസ്സാക്കിയ നിയമം നടപ്പിലാക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. ഇപ്പോൾ നടപ്പിലാക്കുന്നില്ലേ എന്നുചോദിച്ചാൽ ഇഷ്ടമുള്ള ചില സ്ഥലത്ത് നടപ്പിലാക്കും ഇഷ്ടമില്ലാത്ത സ്ഥലത്ത് നടപ്പിലാക്കില്ല. സഖാവ് ശ്രീ. എം. എം. മണി ഈ സഭയിലെ ഒരംഗമാണ്. അദ്ദേഹത്തിന്റെ ഒരു ചോദ്യത്തിന് ഇങ്ങനെയൊരു നിയമമുള്ളതായിപ്പോലും ഉത്തരത്തിൽ പരാമർശിക്കപ്പെട്ടില്ല. അങ്ങനെ വസ്തുതകളും നിയമങ്ങളും ലംഘിക്കപ്പെടുകയും അത് മറച്ചുവയ്ക്കുകയും അവകാശങ്ങളും അവസരങ്ങളും ബഹുജനങ്ങൾക്ക് നൽകാതിരിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ട്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഉദ്യോഗസ്ഥതലത്തിൽ പരിഹരിക്കാൻ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നത്.

സംസ്ഥാനത്ത് പച്ചക്കറി ക്ഷാമം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ചില നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. എന്റെ മണ്ഡലത്തിലെ കാന്തല്ലൂർ-വട്ടവട പ്രദേശത്ത് വളരെ പ്രാധാന്യം നൽകി കൃഷി ചെയ്യുകയാണ്. ശ്രീമതി നിവേദിത പി. ഹരന്റെ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ള യൂക്കാലിപ്റ്റസ് ഉൾപ്പെടെയുള്ള 28 ഇനം മരങ്ങൾ വെട്ടിമാറ്റുന്നതിന് നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ കൃഷി/വനം വകുപ്പുകൾ കൂടിയാലോചിച്ച്

മരങ്ങൾ മുറിച്ചുമാറ്റി പച്ചക്കറികൃഷി ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. ശ്രീമതി നിവേദിത പി. ഹരന്റെ റിപ്പോർട്ടിൽ സർക്കാർ ഭൂമിയിലെ മരങ്ങൾ മുറിച്ചുകൊണ്ടുപോകാതെ നോക്കണമെന്നും മരം മുറിച്ചുകൊണ്ടുപോയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും പരാമർശിച്ചിട്ടുണ്ട്. ലയബിലിറ്റി ഉദ്യോഗസ്ഥർക്കാണ് വരുന്നത്. സർക്കാരിന്റെ ഭൂമി ഏതാണെന്ന് തിരിച്ചറിയാൻ കഴിയണം. പട്ടയമുള്ളവരുടെ അവകാശങ്ങൾ അംഗീകരിക്കാതെ സാധാരണക്കാരന്റെ ജീവിതം ഇല്ലാതാക്കുന്ന നിലപാടിലേക്കാണ് വനം വകുപ്പ് പൊയ്ക്കൊണ്ടിരിക്കുന്നത്. വനം വകുപ്പ് ശ്രദ്ധയോടുകൂടി ആ നിലപാടിൽ തിരുത്തൽ വരുത്തുകയും വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റ് കൊണ്ടുവന്ന നിയമം ഫലപ്രദമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം. ബഹുമാനപ്പെട്ട മന്ത്രി ഇന്നുതന്നെ സഭയിൽ ഇതുസംബന്ധിച്ച് വ്യക്തത വരുത്തുകയും നിയമം നടപ്പിലാക്കുകയും ചെയ്യണമെന്ന് വളരെ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

വന്യജീവികളുടെ പ്രശ്നം സംബന്ധിച്ച് ഞാൻ വീണ്ടും പറയാൻ ആഗ്രഹിക്കുന്നില്ല. വന്യമൃഗം എന്നുപറഞ്ഞാൽപ്പോലും വേദനയുണ്ടാകുമെന്നതിനാൽ വന്യജീവി എന്നാണ് പറയേണ്ടത്. അത്രത്തോളം അവയെ വലുതായി കാണാനാഗ്രഹിക്കുന്ന വനം വകുപ്പുമന്ത്രി ജീവനോടെയിരിക്കുന്ന ആളുകളെയും കാണണം. ജനങ്ങളെ സംരക്ഷിക്കാനുള്ള നിലപാടുകൂടി ഉണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന. അവിടെ ഏതെല്ലാം തരത്തിലുള്ള സംരക്ഷണം നൽകണമെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, വൈൽഡ് ലൈഫ് വാർഡൻ എന്നിവരുൾപ്പെടെയുള്ളവരുമായി ആലോചിച്ചെങ്കിലും അത് നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സാമ്പത്തിക സഹായവും മറ്റും ലഭിക്കേണ്ടതുണ്ട്. ഇവിടെ രാവിലെ പേപ്പട്ടിയെ സംബന്ധിച്ച ചർച്ചയുണ്ടായിരുന്നു. പട്ടി നാട്ടുകാരുമായി പരിചയപ്പെട്ടതുകൊണ്ടാണ് അവയെപ്പറ്റി ചർച്ച നടത്തിയത്. വന്യജീവികളും ജനങ്ങളുമായി ഒരുമിച്ച് ജീവിക്കണമെന്നു പറഞ്ഞാൽ മനുഷ്യന് നടക്കാൻ കൂട്ടിനുവേണ്ടി ആനയെയോ പന്നിയെയോ പാമ്പിനെയോ വിളിക്കാൻ സാധിക്കുമോ? ഇപ്പോൾ വനം വകുപ്പ് പറയുന്നത് ഒറ്റയ്ക്കുപോകാതെ പന്നിയെയും കുരങ്ങനെയും കൂട്ടിന് വിളിച്ചുകൊണ്ടുപോകാനാണ്. ഈ രീതിക്ക് മാറ്റം വരുത്തണം. അതുപോലെ ശ്രീമതി നിവേദിത പി. ഹരന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എച്ച്.എൻ.എൽ.-ന്റെ യൂക്കാലി പ്ലാന്റേഷനെ സംബന്ധിച്ച് പരിശോധിക്കുകയും അത്രയും ക്വാണ്ടിറ്റി ആവശ്യമുണ്ടോയെന്ന് അന്വേഷിച്ച് നിലപാട് സ്വീകരിക്കേണ്ടതുമാണ്. അവിടെയാണ് തട്ടിപ്പും വെട്ടിപ്പും എത്രത്തോളമുണ്ടെന്നത് പരിശോധിക്കേണ്ടത്. അതുകൊണ്ട് ഈ രണ്ട് കാര്യങ്ങളിലും വ്യക്തമായ നിലപാട് സ്വീകരിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്.

മറ്റൊന്ന്, തമിഴ്നാട്ടിൽനിന്ന് കേരളത്തിലേക്ക് വരുന്ന പാൽ പരിശോധിക്കപ്പെടേണ്ടതാണ്. വിഷാംശം കൂടുതലുള്ള പാൽ തന്നെ വാങ്ങണമെന്ന് നിർബന്ധിക്കാതെ പുതിയ പ്രോജക്ടുകൾ വികസിപ്പിക്കാനും ക്ഷീരോല്പാദകർക്ക് കാലിത്തീറ്റയ്ക്ക് കാലികമായ സബ്സിഡി നൽകാനും പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ചിന്തിക്കണം. ചില മേഖലകളിൽ ഊന്നൽ നൽകിക്കൊണ്ട്, വൈൽഡ് ലൈഫ് ആണെങ്കിലും ലോക്കലാണെങ്കിലും അടിസ്ഥാനപരമായി പഞ്ചായത്തുകളുടെ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി കൂട്ടായ്മയിലേയ്ക്കുവരാനുള്ള ശ്രമം തുടരണം. വനം വകുപ്പുമായി ബന്ധപ്പെട്ട് ധാരാളം കാര്യങ്ങൾ പറയാനുണ്ടെങ്കിലും ഞാൻ മറ്റ് ചില കാര്യങ്ങൾകൂടി പറയാൻ ആഗ്രഹിക്കുന്നു.

മൂന്നാർ ഒരു ടൂറിസം മേഖലയാണ്. ആ പ്രദേശത്ത് റോഡിന് വീതികൂട്ടാൻ സാധിക്കില്ലെങ്കിലും എന്തെങ്കിലും അപകടമുണ്ടായാൽ ഉടനടി പരിഹാരം കാണുന്നതിനുള്ള സാഹചര്യമുണ്ടാക്കണം. ഫ്ലൈ ഓവർ, ബൈപ്പാസ് പോലുള്ള ചില സൗകര്യങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആ പ്രവർത്തനങ്ങൾ വളരെ വേഗത്തിൽത്തന്നെ ഏറ്റെടുക്കുന്നതിനുള്ള നിലപാടുണ്ടാകണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു. വനം വകുപ്പും പി.ഡബ്ല്യു.ഡി.-യും ചേർന്നെടുത്ത യോഗ തീരുമാനങ്ങളൊന്നും നടപ്പിലായിട്ടില്ല. അതുകൊണ്ട് ജില്ലകളിൽ സംയുക്തമായ യോഗങ്ങൾ വിളിച്ച് എൻ.എച്ച്., സ്റ്റേറ്റ് ഹൈവേ, ഗ്രാമീണ റോഡ് എന്നിവിടങ്ങളിലെ തടസ്സങ്ങൾ മാറ്റി ജനജീവിതത്തിന് അനുകൂല നിലപാട് സ്വീകരിക്കാൻ പൊതുമരാമത്ത് വകുപ്പുമന്ത്രി മുൻകയ്യെടുക്കണം. എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥർ ശ്രദ്ധിക്കണം. ജനാധിപത്യരാജ്യത്ത് എല്ലാം ഉദ്യോഗസ്ഥർതന്നെ ചെയ്യണമെന്നല്ല, ജനാധിപത്യ വ്യവസ്ഥകൾ പാലിക്കണമെന്നുള്ള ആഗ്രഹവും അഭിപ്രായവും ഉദ്യോഗസ്ഥർക്കുണ്ടാകണമെന്നുകൂടി ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നു. ഈ ഗവൺമെന്റ് ധാരാളം സഹായങ്ങൾ ചെയ്യുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റ് കൊടുക്കാനുണ്ടായിരുന്ന പെൻഷനുൾപ്പെടെയുള്ള കുടിശ്ശികകൾ ഈ ഗവൺമെന്റാണ് കൊടുത്തത്. ഈ ഗവൺമെന്റിനെ എല്ലാവിധത്തിലും അനുമോദിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു. ഗവൺമെന്റിന്റെ പദ്ധതികൾ വേഗത്തിൽ നടപ്പാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിമാർ ശ്രദ്ധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

<u>ശ്രീ. അനിൽ അക്കര</u>: സർ, ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എല്ലാം ശരിയാക്കാം എന്നുപറഞ്ഞ് അധികാരത്തിൽവന്ന സർക്കാരാണിത്. ഈ സർക്കാരിന്റെ ആദ്യപാദം കഴിഞ്ഞപ്പോൾ അടുത്തിറങ്ങിയ പുലിമുരുകൻ സിനിമയെപ്പോലെ അഴിമതി പിടിച്ചുകെട്ടുമെന്ന് പറഞ്ഞു. എന്നിട്ട് അഴിമതിക്കെതിരായി പുലിമുരുകനായി വന്ന സർക്കാർ മക്കൾക്കുവേണ്ടി മരിച്ച പുലിമുരുകനിലെ ഡാഡി ഗിരിജയെപ്പോലെയായി എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ

കാലത്ത് ഇവിടത്തെ പി.ഡബ്ല്യു.ഡി റോഡുകൾ നല്ല റോഡുകളായിരുന്നുവെന്ന് എല്ലാ അംഗങ്ങൾക്കും അറിയാവുന്നതാണ്. നമ്മുടെ റോഡുകളൊക്കെ റബ്ബറൈസ്ഡ് അല്ലെങ്കിൽ ബി.എം. ആന്റ് ബി.സി. മോഡലിലേക്ക് മാറ്റുകയും രാത്രിയിൽ റോഡുകളിൽ വഴിവിളക്കുകൾ പ്രകാശിപ്പിക്കുകയും ചെയ്യുമായിരുന്നു. ഇന്ന് ആ റോഡുകളെല്ലാം കുണ്ടുംകുഴിയുമായി. റോഡിലെ കുഴികൾ അടയ്ക്കാൻവേണ്ടി ചില കാര്യങ്ങൾ ചെയ്തു. സാധാരണ ടാറിംഗ് മിശ്രിതത്തിന് പകരം മെക്കാർഡം ടാറിംഗായതുകൊണ്ട് അതൊന്നും ശരിയാകാത്ത അവസ്ഥയാണുള്ളത്. ടാർ ചെയ്യുന്നതിന് പിന്നാലെ റോഡുകൾ കുണ്ടുംകുഴിയുമായി മാറുന്ന കാഴ്ചയാണ് കാണുന്നത്. ഞാൻ ഈ വിഷയത്തിലേക്ക് കൂടുതൽ കടക്കുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വലിയ സമരങ്ങൾ നടന്ന തൃശ്ശൂർ ജില്ലയിലെ ഒരു പ്രദേശവുമായി ബന്ധപ്പെട്ട് വരുന്ന ആളാണ് ഞാൻ. മണ്ണുത്തിയിലെ പാലിയേക്കര ടോൾ പ്ലാസയുമായി ബന്ധപ്പെട്ട് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടന്ന സമരങ്ങൾക്ക് യാതൊരു കണക്കുമില്ലായിരുന്നു. ഏറ്റവും അടുത്തുള്ള പുതുക്കാട്ടേയ്ക്കും അളഗപ്പ നഗറിലേയ്ക്കും പോകാൻ ആ പ്രദേശത്ത് ഗ്രാമപഞ്ചായത്ത് നിർമ്മിച്ച ഒരു സമാന്തര പാതയുണ്ടായിരുന്നു. ആ പാത ടോൾ കമ്പനികൾ പോലീസിന്റെ സഹായത്തോടെ അടയ്ക്കാൻ ശ്രമിച്ചപ്പോഴൊക്കെ അവിടെയുള്ള പഞ്ചായത്തുകളും ജനപ്രതിനിധികളും ചേർന്ന് അത് തടഞ്ഞിരുന്നു. പക്ഷേ ഇന്ന് ആർക്കും തുറക്കാൻ കഴിയാതെ ഭയാനകമായ രീതിയിൽ ആ സമാന്തരപാത അടച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി രണ്ടാമത്തെ നിരയിൽനിന്നും ഒന്നാമത്തെ നിരയിൽ വന്നത് വളരെ സന്തോഷമുള്ള കാര്യമാണ്. അദ്ദേഹം അഴിമതിക്കെതിരായി പോരാടുന്ന ഒരാളാണ്. അദ്ദേഹം ഈ ടോളിന്റെ വിഷയത്തിലും പുലിമുരുകനായി മാറണം. അല്ലാതെ ഡാഡി ഗിരിജയെപ്പോലെ അദ്ദേഹം അടിപതറരുത് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്തെ എല്ലാ ഗ്രാമീണ റോഡുകൾക്കും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഏകദേശം ഒരു കോടി രൂപ അനുവദിച്ചിരുന്നു. ജില്ലാ പഞ്ചായത്ത് റോഡുകൾ ജില്ലാ പഞ്ചായത്ത് നേരിട്ടാണ് ചെയ്തിരുന്നത്. കോടിക്കണക്കിന് രൂപയുടെ റോഡുകളാണ് പി.ഡബ്ല്യു.ഡി. കഴിഞ്ഞ അഞ്ച് വർഷമായി പഞ്ചായത്തുകളിലും മറ്റ് പ്രദേശങ്ങളിലും നിർമ്മിച്ചത്. പഞ്ചായത്തുകളിൽ പി.ഡബ്ല്യു.ഡി. നിർമ്മിച്ച റോഡുകൾ കേടാകുന്നു. ഇതുസംബന്ധിച്ച് യതൊരു നിർദ്ദേശവും ലഭിക്കുന്നില്ല. മന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെടുമ്പോൾ ഓട്ട അടയ്ക്കാം എന്നാണ് പറയുന്നത്. ഇത് ഓട്ട അടയ്ക്കാൻ വന്ന സർക്കാരാണോ; എല്ലാം ശരിയാക്കാൻ വന്ന സർക്കാരല്ലേ; ഓട്ട അടയ്ക്കൽ സർക്കാരാണോ? ഇക്കാര്യത്തിൽ മാറ്റം ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. ഇവിടെപ്പറഞ്ഞതു പോലെ, എല്ലാം ശരിയാക്കാമെന്ന് പറഞ്ഞെങ്കിലും ഒന്നും ശരിയാകുന്നില്ല.

1.00 PM]

പട്ടിയെ പിടിക്കാൻപോലും കഴിയാത്ത സർക്കാരാണിത്. പട്ടിയെപ്പിടിക്കാനും കൊല്ലാനുമുള്ള ചർച്ചകൾമാത്രമാണ് നാട്ടിൽ നടക്കുന്നത്. നമ്മുടെ രാജ്യത്തും വിദേശത്തും ഇക്കാര്യത്തിൽ വലിയ മാതൃകയുണ്ട്. വീടുകളിൽ കൂട്ടിലടച്ചിടുന്ന അൽസേഷ്യൻ നായ്ക്കളോ മറ്റ് നായ്ക്കളോ അല്ല നമ്മുടെ നാട്ടിലെ ജനങ്ങളെ കടിക്കുന്നത്, നാടൻ പട്ടികളാണ് കടിക്കുന്നത്. ഈ വിഷയത്തിൽ സർക്കാർ ശാസ്ത്രീയ പഠനത്തിലേയ്ക്ക് പോകാത്തത് എന്തുകൊണ്ടാണെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. നാടൻപട്ടികൾ വർഷത്തിൽ രണ്ടുതവണയാണ് പ്രസവിക്കുന്നത്. 12 മാസവും പട്ടികൾ പ്രസവിക്കാറില്ല. പട്ടികൾ പ്രസവിക്കുന്നത് ജൂൺ-ജൂലൈ, മാസങ്ങളിലും ഡിസംബർ-ജനുവരി മാസങ്ങളിലുമാണ്. 160 ദിവസത്തെ ഇടവേളയിലാണ് നാട്ടിലെ പട്ടികൾ പ്രസവിക്കുന്നത്. പട്ടികൾ കടിക്കുന്നത് ആഗസ്റ്റ്-ഫെബ്രുവരി മാസങ്ങളിലാണ്. ഇണചേരുന്ന മാസങ്ങളിൽ ഇണചേരാൻ കഴിയാത്ത ആൺ നായ്ക്കളാണ് കൂടുതലായി ആളുകളെ കടിക്കാറുള്ളത്. പെൺനായ്ക്കൾ കടിച്ച കഥകൾ വളരെ കുറവാണ്. ഇത്തരം ശാസ്ത്രീയമായ പഠനത്തിലേക്ക് ആരും പോകുന്നില്ലെന്നതാണ് യാഥാർത്ഥ്യം. വിദേശത്തും മറ്റ് സംസ്ഥാനങ്ങളിലും പ്രസവിച്ച് ഏഴ് ദിവസമായ കണ്ണുതുറക്കാത്ത പട്ടിക്കുട്ടികളെ വളർത്തി ആറുമാസം കഴിയുമ്പോൾ വന്ധ്യംകരിച്ച് പരിശീലിപ്പിച്ചാണ് മറ്റ് രാജ്യങ്ങളിൽ കൊടുക്കുന്നത്. തമിഴ്നാട്ടിലെ രാജപാളയത്ത് നാടൻപട്ടികൾക്ക് പതിനായിരക്കണക്കിന് രൂപയാണ് വില. എന്തുകൊണ്ടാണ് കേരളത്തിലെ ഗ്രാമങ്ങളിലെ പട്ടികൾക്ക് വിലയില്ലാതെ പോകുന്നത്? നമ്മുടെ രാഷ്ട്രീയം പോലെ നാട്ടിലെ പട്ടികൾക്കും വിലയില്ലാതാകുന്ന കാലഘട്ടത്തിലൂടെ നാം കടന്നുപോവുകയാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല.

കേരളത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാട് തിരി കൊളുത്തിയ അധികാരവികേന്ദ്രീകരണം നല്ലരീതിയിൽ പോകുമെന്നാണ് ഉദ്ദേശിച്ചിരുന്നത്. ഡോ. ടി. എം. തോമസ് ഐസക്കിനെ ധനകാര്യ വകുപ്പുമന്ത്രിയായി കാണുന്നതിനേക്കാൾ ഞാൻ ഇഷ്ടപ്പെടുന്നത് അദ്ദേഹത്തിന്റെ പ്ലാനിംഗ് ബോർഡിലെ പ്രവർത്തന കാലഘട്ടത്തെയാണ്. അദ്ദേഹം കേരളത്തിന്റെ രണ്ടാമത്തെ ധനകാര്യ വകുപ്പുമന്ത്രിയായപ്പോൾ, ധനകാര്യ വകുപ്പ് കൂടുതൽ വികേന്ദ്രീകരണ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുമെന്നാണ് ധരിച്ചത്. നേരത്തെ പറഞ്ഞുപോലെ മുഴുവൻ അധികാരങ്ങളും അദ്ദേഹം കവർന്നെടുത്തുകൊണ്ട് അധികാരവികേന്ദ്രീകരണത്തിനുപകരം അധികാരം കേന്ദ്രീകരിക്കുന്ന നടപടിയിലേക്ക് പോകുന്നുണ്ടോയെന്ന വലിയ സംശയം ഉയർത്താൻ ആഗ്രഹിക്കുകയാണ്. അധികാരവികേന്ദ്രീകരണത്തിന് ഏറ്റവും വലിയ അപ്പോസ്തലനായ, പ്ലാനിംഗ് ബോർഡ് മെമ്പറായ ധനകാര്യ വകുപ്പുമന്ത്രിയോട് ഞാനൊന്ന് ചോദിക്കട്ടെ, കേരളത്തിലെ പ്ലാനിംഗ് ബോർഡ് ഇന്നെവിടെയാണ്?

അടുത്ത പഞ്ചവൽസര പദ്ധതിയിലേയ്ക്ക് പോവുകയാണ്. കഴിഞ്ഞ 60 വർഷത്തെ പഞ്ചവൽസര പദ്ധതികളിൽ കേരളം ധാരാളം കാര്യങ്ങൾക്ക് മാതൃകയായിട്ടുണ്ട്. ഡോ. ടി. എം. തോമസ് ഐസക് പ്ലാനിംഗ് ബോർഡ് മെമ്പറായിരുന്ന കാലഘട്ടം സുവർണ്ണകാലഘട്ടങ്ങളിൽ ഒന്നാണെന്ന് പറയാം, അതിന് എതിരഭിപ്രായവുമുണ്ടാകാം. കേരളത്തിന്റെ ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പ്ലാനിംഗ് ബോർഡിൽ ഉണ്ടായിരുന്നപ്പോൾ ചെയർമാനും മെമ്പർമാരും ആരാണെന്നറിയാത്ത സ്ഥിതിയുണ്ടായിരുന്നു. അടുത്ത പഞ്ചവൽസര പദ്ധതിയിലേക്ക് കടക്കുമ്പോൾ എന്ത് മുന്നൊരുക്കം നടത്തുന്നുവെന്നറിയാത്ത സ്ഥിതിയുണ്ട്. അധികാരവികേന്ദ്രീകരണത്തെ പൂർണ്ണമായും തകർത്തുകൊണ്ടും ഇ.എം.എസ്.-ന്റെ ആത്മാവിനെ മുറിവേൽപ്പിച്ചും സ്വാശ്രയ കോളേജിനെതിരെയും സമസ്ത മേഖലകളിലെ അഴിമതിക്കെതിരെയും ഉയർത്തിയ മുദ്രാവാക്യങ്ങൾ മാറ്റിയും കൂത്തുപറമ്പിലെ രക്തസാക്ഷികളോടുപോലും നീതിപുലർത്താൻ കഴിയാതെയുമുള്ള പിണറായി വിജയന്റെ സർക്കാർ കേരളത്തിന് നാണക്കേടാണെന്നുമാത്രം സൂചിപ്പിച്ചുകൊണ്ടും ഞാൻ നിർത്തുന്നു.

ശ്രീ. ഇ. കെ വിജയൻ: സർ, രണ്ട് മന്ത്രിമാർ കൈകാര്യം ചെയ്യുന്ന നാല് ധനാഭ്യർത്ഥനകളേയും ഞാൻ പിന്താങ്ങുന്നു. എനിക്കുമുമ്പ് സംസാരിച്ച ശ്രീ. അനിൽ അക്കര രാഷ്ട്രീയ പ്രവർത്തനത്തിന്റെ വിലകുറവിനെക്കുറിച്ചാണ് സൂചിപ്പിച്ചത്. സ്വാഭാവികമായും ശ്രീ. അനിൽ അക്കരയെപ്പോലുള്ള ഇന്ത്യയിലെ കോൺഗ്രസ് പ്രവർത്തകർക്ക് അത്തരമൊരു ചിന്ത കടന്നുവരുന്ന സാഹചര്യമാണിത്. ദേശീയ രാഷ്ട്രീയത്തിൽ കോൺഗ്രസ് നിലംപരിശായ സാഹചര്യത്തിൽ, കോൺഗ്രസ്സിനുണ്ടായ അപചയത്തിൽ വിലപിക്കുന്നവരുടെ കൂട്ടത്തിലായിരിക്കാം ശ്രീ. അനിൽ അക്കരയും. പക്ഷേ, എന്താണ് യഥാർത്ഥ രാഷ്ട്രീയമെന്ന് ആലോചിക്കാതെ രാഷ്ട്രീയ പ്രവർത്തനത്തെ കാണുന്നതിന്റെ ഭാഗമായുണ്ടാകുന്ന നിരാശയിലാണ് അത്തരം ചിന്തകൾ ഉയർന്നുവരുന്നതെന്നാണ് എന്റെ കാഴ്ചപ്പാട്. രാഷ്ട്രത്തെ സംബന്ധിച്ച പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതാണ് രാഷ്ട്രീയ പ്രവർത്തനം. അതിൽനിന്ന് മാറിയ അനുഭവങ്ങളുടെയും കഴിഞ്ഞ അഞ്ചുവർഷത്തെ ഭരണത്തിന്റെ കെടുതികളുടെയും പ്രയാസങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കാം അത്തരത്തിലൊരു ചിന്ത അദ്ദേഹത്തിനുണ്ടായത്. അഞ്ചുവർഷത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ ചെയ്തികളുടെ ഫലമായാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നേതൃത്വത്തിൽ ശ്രീ. പിണറായി വിജയൻ നയിക്കുന്ന കേരളത്തിലെ ഗവൺമെന്റ് ഉയർന്നുവന്നത്. തെരഞ്ഞെടുപ്പ് മുന്നിൽക്കണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി വോട്ടർമാരുടെ മുമ്പിൽ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോ വച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് അക്കമിട്ട് ഒന്ന്, രണ്ട്, മൂന്ന് എന്ന മുൻഗണനാക്രമത്തിൽ ഇവിടത്തെ ജനങ്ങളുടെ

പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നിലപാടുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഒരു നേരത്തെ റേഷനരി വാങ്ങാൻ പണമില്ലാതെ പ്രയാസപ്പെടുന്നവർക്ക് കുടിശ്ശികതീർത്ത് ഒരു മാസത്തെ അഡ്വാൻസടക്കം പെൻഷൻ നൽകി. ഇങ്ങനെ മനുഷ്യന്റെ വേദന അറിയുന്ന പ്രസ്ഥാനമാണെന്ന് തെളിയിച്ച് അവരുടെ സന്തോഷത്തോടൊപ്പമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രവർത്തകർ നീങ്ങുന്നത്. അത്തരം സാഹചര്യത്തിലാണ് ധനാഭ്യർത്ഥകളെ കുറിച്ച് സംസാരിക്കുന്നത്. തീർച്ചയായും അഭിമാനത്തോടെയാണ് കേരള ജനത ഈ ഗവൺമെന്റിനെ കാണുന്നത്.

കഴിഞ്ഞ അഞ്ചുവർഷം നാദാപുരം പോലുള്ള മണ്ഡലങ്ങൾ പരിശോധിച്ചാൽ മനസ്സിലാകും പൊതുമരാമത്ത് മേഖലയിൽ ആഗ്രഹത്തിനനുസരിച്ച് ഫണ്ട് ലഭിക്കാത്ത സാഹചര്യമുണ്ടായിരിന്നു. പ്രതിപക്ഷ മണ്ഡലങ്ങളിൽ ഏറിയ ഭാഗവും അങ്ങനെയായിരുന്നുവെന്ന് നിയമസഭയിൽപ്പോലും ചർച്ച ഉയർന്നുവന്നതാണ്. എല്ലാ മണ്ഡലങ്ങളേയും ഒരുപോലെ കാണേണ്ടതുണ്ട്. മണ്ഡലത്തിന്റെ വിസ്തൃതി, പി.ഡബ്ല്യു.ഡി. റോഡുകളുടെ വ്യാപ്തി എന്നിവ മനസ്സിലാക്കി ഫണ്ടനുവദിക്കുന്ന നിലപാടിലേക്ക് വകുപ്പുകളിൽ മാറ്റം വരേണ്ടതുണ്ടെന്ന അഭിപ്രായമാണ് എനിക്കുള്ളത്. മലയോര മേഖലകൾക്കനുസൃതമായി റോഡുകൾക്ക് വികസനമുണ്ടാകണം. പ്രത്യേകിച്ചും നമ്മുടെ കാലാവസ്ഥ റോഡുകളെ തകർക്കുന്നതാണ്. അതിനനുസരിച്ച് റോഡിന്റെ പുനർനിർമ്മാണം, സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഫണ്ട് കണ്ടെത്തുന്നതിനെക്കുറിച്ച് പൊതുമരാമത്ത് വകുപ്പിൽ ചർച്ച നടന്നാൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. പൊതുമരാമത്ത് വകുപ്പുമന്ത്രിയെ ഏറെ പ്രതീക്ഷയോടെയാണ് കേരളം കാണുന്നത്. അദ്ദേഹം കൈകാര്യം ചെയ്ത വകുപ്പുകളിലെല്ലാം മികവ് തെളിയിച്ചിട്ടുണ്ട്. ആ സാഹചര്യത്തിലാണ് അദ്ദേഹം പൊതുമാരമത്ത് വകുപ്പ് ഏറ്റെടുത്തത്. ദീർഘകാല റോഡ് മെയിന്റനൻസ് ഉൾപ്പടെയുള്ള പുതിയ റോഡ് പ്രവർത്തനങ്ങളിലേയ്ക്കാണ് അദ്ദേഹം നീങ്ങുന്നതെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. മലയോര റോഡായാലും തീരദേശ റോഡായാലും ടോൾ പിരിക്കാതെ മേന്മയേറിയ റോഡുകൾ നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. നമ്മുടെ റോഡുകളിൽ ചെറിയ കുഴികളാണ് ആദ്യം ഉണ്ടാകുന്നത്. പിന്നീട് ആ റോഡുകളിലൂടെയുള്ള വാഹനഗതാഗതംമൂലം റോഡ് കൂടുതൽ മോശമാകുകയും മെയിന്റനൻസ് നടപടികളിലേക്ക് നീങ്ങുകയും ചെയ്യും. ചെറിയ പ്രശ്നങ്ങൾ അപ്പപ്പോൾ പരിഹരിക്കുന്ന നിലപാട് നേരത്തെ പൊതുമരാമത്ത് വകുപ്പിൽ ഉണ്ടായിരുന്നു. പിന്നീടത് നിന്നുപോയതാണ്. എൻ.എം.ആർ. ജീവനക്കാർ സാധന സാമഗ്രികളുമായി വന്ന് റോഡുകളുടെ മെയിന്റനൻസ് നടത്തുന്ന രീതിയുണ്ടായിരുന്നു. മണ്ഡലങ്ങളിൽ മൊബൈൽ യൂണിറ്റുണ്ടെങ്കിൽ എവിടെ

പ്രശ്നമുണ്ടെങ്കിലും അത് അപ്പപ്പോൾ പരിഹരിക്കാൻ കഴിയും. അതിലൂടെ കോടാനുകോടി രൂപ കേരളത്തിന് മിച്ചമുണ്ടാക്കാൻ സാധിക്കുമെന്ന് മാത്രമല്ല റോഡുകൾ തകരുന്നത് ഒഴിവാക്കാനും കഴിയും. മഴയ്ക്കുമുമ്പ് റോഡുകൾ മെയിന്റനൻസ് നടത്തുകയും മഴകഴിയുമ്പോൾ വീണ്ടും കുണ്ടുംകുഴിയുമാകുകയും ചെയ്യുന്ന അവസ്ഥയുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ പേരിലുള്ള ആ രീതി മാറ്റേണ്ടതുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ മെയിന്റനൻസ് നടത്തുന്നതിനുള്ള ആലോചന ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണം. പൊതുമാരമത്ത് വകുപ്പിന്റെ കൺസെപ്റ്റനുസരിച്ച് കേരളത്തിന്റെ പാരമ്പര്യം ഉയർത്തിപ്പിടിക്കുന്നതിന് കഴിയണം. ആശുപത്രികളും മറ്റു കെട്ടിടങ്ങളും ഇങ്ങനെയായിരിക്കണമെന്ന ധാരണയുണ്ടാകണം. ഒരു പ്രത്യേക ധാരണയുടെ അടിസ്ഥാനത്തിലുള്ള നിർമ്മാണങ്ങളാണ് പി.ഡബ്ല്യു.ഡി. കെട്ടിട നിർമ്മാണരംഗത്ത് ഇപ്പോഴുള്ളത്. ആർക്കിടെക്ട് വിംഗിൽ അതിനനുസരിച്ചുള്ള മാറ്റംവരുത്തുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ട്. ആ നിലയിലേക്ക് കാര്യങ്ങൾ വരണം. കെട്ടിടങ്ങൾ കണ്ടാൽത്തന്നെ കേരളമാണെന്ന് പറയുന്ന നിലയിലേയ്ക്ക് മാറ്റംവരുത്തുന്ന ഒരു സ്ഥിതിയുണ്ടാകണം.

ഇവിടെ സൂചിപ്പിച്ചതുപോലെ, വലിയ തോതിൽ ബാധ്യതകളുള്ള സമയത്താണ് ഈ ഗവൺമെന്റ് അധികാരമേറ്റെടുത്ത് മുന്നോട്ടുപോകുന്നത്. എന്നാൽ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) രൂപീകരിച്ച് ഒരു പുതുചലനം സൃഷ്ടിക്കാനുള്ള പ്രവർത്തനം പൂർവ്വാധികം ശക്തിയായി നടത്തിക്കൊണ്ടിരിക്കുകയാണ്. അതിലൂടെ സമഗ്ര വികസനപ്രവർത്തനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിന് കഴിയുന്നുമെന്നത് അഭിനന്ദനാർഹമാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഗ്രാമീണ റോഡുകൾക്കായി 3,500 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചെങ്കിലും പിന്നീട് വന്ന ഗവൺമെന്റ് അത് നടപ്പാക്കിയില്ല. ഗ്രാമീണ റോഡുകളുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ ഗവൺമെന്റ് നേരിട്ടിടപെടുന്ന ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനത്തിന് പി.ഡബ്ല്യു.ഡി. ഇടപെടണം. ഗ്രാമപഞ്ചായത്തുകളെയാണ് ഇത് വളരെയധികം ബാധിക്കുന്നത്. നമ്മുടെ കുട്ടികൾക്ക് പേപ്പട്ടിയെ പേടിച്ച് തനിയെ സ്കൂളുകളിലേയ്ക്ക് പോകാൻ കഴിയില്ല. ആയതിനാൽ ഗ്രാമീണ റോഡുകളിൽ ഗതാഗത സൗകര്യമുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. അതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

കടലിൽ കല്ലിട്ട് മടുത്തവരാണ് നമ്മൾ. വനസംരക്ഷണത്തിനായി വനമേതെന്ന് തിട്ടപ്പെടുത്തി അത് ശാശ്വതമായി നിലനിർത്താനുള്ള നടപടിയുണ്ടാകണം. ഇപ്പോൾ രണ്ടു കിലോമീറ്റർ ഫെൻസിങ്, അതിനപ്പുറത്ത് രണ്ട് കിലോമീറ്റർ ട്രെഞ്ചിംഗ് ഇത്തരത്തിലുള്ള സംവിധാനങ്ങളാണുള്ളത്. ഇതൊക്കെ മൃഗങ്ങൾക്കറിയാമെന്നുള്ളതു

കൊണ്ട് അവ മാറിപ്പോകും. കരിങ്കൽ ഭിത്തികൾ എങ്ങനെ ചവിട്ടിയാൽ പൊളിയുമെന്ന് ആനയ്ക്ക് നല്ല നിശ്ചയമുണ്ട്. ശാശ്വതമായി കാടേത്, നാടേതെന്ന് തിട്ടപ്പെടുത്തുന്ന ഒരു പദ്ധതി ആസൂത്രണം ചെയ്താൽ ഖജനാവിന്റെ ചോർച്ച തടയാൻ കഴിയും.

ക്ഷീരവികസനത്തെ സംബന്ധിച്ച് പറയുമ്പോൾ, നേരത്തെ പേപ്പട്ടിയുമായി ബന്ധപ്പെട്ട ചർച്ച ഇവിടെ നടന്നിരുന്നു. മനുഷ്യരെ മാത്രമല്ല കന്നുകാലികളെയും വലിയ തോതിൽ നായ്ക്കൾ ആക്രമിക്കുന്നുണ്ട്. പേ ഇളകിയതിനുശേഷമാണ് കന്നുകാലികൾക്ക് പേപിടിച്ചിട്ടുണ്ടെന്ന് മനസ്സിലാകുന്നത്. അതുവരെ അതിന്റെ പാൽ നാം ഉപയോഗിക്കുകയാണ്. എല്ലാവരും തിളപ്പിച്ച പാലല്ല കഴിക്കുന്നത്. പാലുമായി ബന്ധപ്പെട്ട് അതിഭീകരമായ പ്രശ്നങ്ങൾ ഇങ്ങനെ ഉയർന്നുവരികയാണ്. മിൽമയിലൂടെ ലഭിക്കുന്ന പാൽ മുഴുവൻ ശുദ്ധീകരിച്ചതാണെന്ന അഭിപ്രായം എനിക്കില്ല. കർഷകർ നാടൻ പീടികകളിൽ നേരിട്ട് പാലെത്തിക്കുന്നുണ്ട്. അത് സംബന്ധിച്ച് പ്രശ്നങ്ങളുമുണ്ട്. പേപ്പട്ടിയുടെ കടിയേറ്റ് നിരവധി പശുക്കൾ മരണപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ നഷ്ടം സംഭവിച്ച കർഷകരെ സഹായിക്കാൻ ഈ വകുപ്പ് തയ്യാറാകണം. എല്ലാ കൃഷിക്കാരും പശുക്കളെ ഇൻഷ്വർ ചെയ്യുന്നില്ല. എന്റെ മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ മുപ്പതിലേറെ പശുക്കളാണ് പേപ്പട്ടിയുടെ കടിയേറ്റ് മരണപ്പെട്ടിട്ടുള്ളത്. മരണപ്പെട്ട പശുവിന്റെ തലയുമായി കർഷകൻ പരിശോധനയ്ക്കായി വയനാട്ടിൽ നേരിട്ട് ഹാജരാകണം. ഈ ഗതികേടിലാണ് അവരിപ്പോൾ. അത് പരിഹരിക്കാനുള്ള നടപടിയുണ്ടായാൽ മാത്രമേ അവരെ സംരക്ഷിക്കാൻ കഴിയുകയുള്ളൂ. കാർഷിക മേഖലയുടെ അഭിവൃദ്ധിക്കുവേണ്ടി ജൈവകൃഷിയുമായി മുമ്പോട്ടുപോകുമ്പോൾ ഇവകൂടി ശക്തിപ്പെടുത്താനുള്ള പ്രവർത്തനം നടത്തണം. വനത്തിനുള്ളിൽ മേഘസ്പോടനത്തിന്റെ ഫലമായി വലിയ തോതിൽ ഉരുൾ പൊട്ടാനുള്ള സാധ്യതയുള്ള ചില മേഖലകളുണ്ട്. അത് മനസ്സിലാക്കി അത്തരം മേഖലകളിൽ അപ്പോഴുണ്ടാകുന്ന വെള്ളത്തെ തടഞ്ഞുനിർത്താനുള്ള പദ്ധതി നടപ്പാക്കണം. നിമിഷങ്ങൾക്കകം നദികളിലേയ്ക്കും പുഴകളിലേക്കുമുള്ള വെള്ളത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് എത്രയോ മനുഷ്യരാണ് മരിക്കുന്നത്. ഒരു പ്രത്യേക പഠനം നടത്തി ആ വെള്ളത്തെ അണ കെട്ടിയോ മറ്റു വഴികളിലൂടെയോ നദികളിലും പുഴകളിലും എത്തിക്കാനുള്ള ശ്രമംകൂടി ഇതിന്റെ ഭാഗമായി ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

നേരത്തെ പറയാൻ വിട്ടുപോയ ഒരു കാര്യം, പി.ഡബ്ല്യു.ഡി. റോഡുകളിൽ ചിലത് ചതുപ്പുനിലങ്ങളും ചിലത് വയൽ നികത്തിയ സ്ഥലങ്ങളുമാണ്. അവിടെയൊക്കെ റോഡുകൾ നിർമ്മിക്കുമ്പോൾ ഉറവവരാനുള്ള സാധ്യതയുണ്ട്. അത് മുൻകൂട്ടി കണ്ടുവേണം റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തേണ്ടത്. മഴ വരുമ്പോഴും

ഹെവി വെഹിക്കിൾസ് കടന്നുപോകുമ്പോഴും റോഡ് പൊട്ടുകയും തകരുകയും ചെയ്യുന്നതിന് പരിഹാരമുണ്ടാക്കണം. അതുമായി ബന്ധപ്പെട്ട് പ്രത്യേക പരിശോധന നടത്തിയതിനുശേഷമായിരിക്കണം ഏത് രീതിയിലുള്ള റോഡാണ് അവിടെ നിർമ്മിക്കേണ്ടതെന്ന് തീരുമാനിക്കേണ്ടത്. മഴയും മഞ്ഞും വെയിലും മാറിവരുന്ന സാഹചര്യത്തിൽ കാലാവസ്ഥയ്ക്കനുയോജ്യമായ ടാറിംഗാണ് വേണ്ടത്. അതിനെക്കുറിച്ചു കൂടി ആലോചിക്കേണ്ടതുണ്ട്. സംസ്ഥാനത്തെ റോഡിന്റെ സംരക്ഷണത്തിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പൊതുമരാമത്ത്, മൃഗസംരക്ഷണം, വനം തുടങ്ങിയ വളരെ സുപ്രധാനമായ വകുപ്പുകളുടെ ധനാഭ്യർത്ഥനകളാണ് ഇന്ന് ചർച്ച ചെയ്യുന്നത്. സംസ്ഥാനത്തെ റോഡുകളുടെ അവസ്ഥയാണ് ഇവിടത്തെ ഭരണത്തെ വിലയിരുത്താനുള്ള ഒരു പ്രധാന ഘടകമായി കഴിഞ്ഞ കാലങ്ങളിലൊക്കെ കണക്കാക്കിയിരുന്നത്. സംസ്ഥാനത്തുടനീളമുള്ള റോഡുകൾ നിറയെ കുണ്ടുംകുഴിയുമാണ്. ഇന്ന് ഈ റോഡുകളിലൂടെയുള്ള യാത്ര ദുഷ്കരമാണെന്നുള്ളത് എല്ലാവർക്കുമറിയാവുന്നതാണ്. ഈ വർഷം മഴ വളരെ കുറവായിട്ടുപോലും റോഡുകളെല്ലാം പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണ്. അക്കാര്യത്തിൽ അടിയന്തരമായി ഗവൺമെന്റിന്റെ ഇടപെടലുണ്ടാകണം. റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. ഇവിടെ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് സൂചിപ്പിക്കുമ്പോൾ, കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുമുമ്പ് പി.ഡബ്ല്യു.ഡി. സെക്രട്ടറി ചെയർമാനായ ടെക്നിക്കൽ കമ്മിറ്റി യോഗം ചേർന്ന് എല്ലാ നടപടികളും പൂർത്തിയായി എൽ. റ്റി. ശിപാർശ ചെയ്ത പ്രവൃത്തികളിൽ ഇനിയും ടെക്നിക്കൽ സ്ക്രൂട്ടിനി നടത്തണമെന്ന് തീരുമാനിച്ചിരിക്കുകയാണ്. എല്ലാ പൊതുമരാമത്ത് പ്രവൃത്തികളും പൊതുവേ മന്ദഗതിയിലാണ്. ഈ തീരുമാനംകൂടി വരുമ്പോൾ അവ കുറേക്കൂടി വൈകാൻ ഇടയാക്കും. ഗ്രാമീണ റോഡുകളുടെ സ്ഥിതി ഇവിടെ എനിക്കുമുമ്പ് സംസാരിച്ചവർ ചൂണ്ടിക്കാണിച്ചു, അതിലൊരു കടുംപിടിത്തം നല്ലതല്ല. കഴിഞ്ഞ ഗവൺമെന്റ് ഏകദേശം 1,000 കോടി രൂപ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനുവേണ്ടി നൽകി. പഞ്ചായത്തുകളുടെ കയ്യിലുള്ള റോഡുകളൊന്നും മെയിന്റയിൻ ചെയ്യാനുള്ള ഫണ്ട് അവർക്കില്ല. പി.ഡബ്ല്യു.ഡി. റോഡല്ലാത്തതിനാൽ മെയിന്റനൻസിനായി പണം നൽകില്ലെന്ന സമീപനം സ്വീകരിച്ചാൽ ആ റോഡുകൾ ഉപയോഗശൂന്യമാകും. അതുകൊണ്ട് കഴിഞ്ഞ ഗവൺമെന്റ് ചെയ്തതുപോലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് പ്രത്യേകമായ ഒരു പാക്കേജും ഫണ്ടും വയ്ക്കണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഈ പ്രാവശ്യത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 76 വർക്കുകൾക്ക് എ.എസ്. കൊടുത്തതായി അറിയാൻ സാധിച്ചു. ആയിരത്തിൽപ്പരം

കോടി രൂപയുടെ എ.എസ്. ലഭിച്ചപ്പോൾ പിന്നോക്ക മേഖലയിലെ മണ്ഡലങ്ങളിലെ പ്രവൃത്തികൾ അതിൽ പരിഗണിക്കപ്പെട്ടിട്ടില്ല. അതുകൂടി അങ്ങയുടെ ശ്രദ്ധയിലുണ്ടാകണം. പ്രധാനമായും ഭരണകക്ഷി എം.എൽ.എ.-മാരുടെ മണ്ഡലങ്ങളാണ് പരിഗണിക്കപ്പെട്ടിട്ടുള്ളതെന്ന സങ്കടകരമായ സംഗതിയും ഞാനിവിടെ ചൂണ്ടിക്കാണിക്കുകയാണ്. ഇപ്പോൾ പ്രവൃത്തികൾക്ക് എ.എസ്. ലഭിച്ചതിനുശേഷം റ്റി.എസ്. നൽകുന്നതിന് വളരെ കാലതാമസം നേരിടുകയാണ്. അതൊക്കെ നമ്മുടെ പൊതുവികസനത്തെ ബാധിക്കുന്നുണ്ട്. എ.എസ്.-ഉം ടി.എസ്.-ഉം ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കി സമർപ്പിച്ച പ്രവൃത്തികൾക്ക് ഇപ്പോൾ അംഗീകാരം ലഭിക്കുന്നില്ല. ഇതിലൊക്കെ കാര്യക്ഷമമായ ഇടപെടലുണ്ടാകണം. വികസനമുരടിപ്പിലേക്ക് ഈ സംസ്ഥാനം പോകുന്നുവെന്ന സൂചനകളാണ് നമുക്ക് കാണാൻ സാധിക്കുന്നത്.

മലയോര ഹൈവേയുടെ പ്രവൃത്തികൾ വീണ്ടും സജീവമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. നാഷണൽ ഹൈവേയുടെ കാര്യത്തിൽ നമ്മൾ തീർത്തും അവഗണിക്കപ്പെടുകയാണ്. അതിൽ എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത് പാലക്കാട്-കോഴിക്കോട് നാഷണൽ ഹൈവേയിലെ എല്ലാ പ്രവൃത്തികളും വളരെ മന്ദഗതിയിലാണ് നീങ്ങുന്നത്. മണ്ണാർക്കാട് ബൈപ്പാസിനും മണ്ണാർക്കാട് ടൗൺ വികസനത്തിനും വേണ്ടിയുള്ള പദ്ധതികൾക്ക് MORTH (Ministry of Road Transport and Highways)-ൽ നിന്നും അംഗീകാരം കിട്ടിയെങ്കിലും തുക ലഭിച്ചിട്ടില്ല. ഞാൻ പലതവണ ഇക്കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അക്കാര്യങ്ങളിൽ ഒരു ശ്രദ്ധയുണ്ടാകണം. അതുപോലെ പാലങ്ങളുടെ വികസനമെന്നുപറയുന്നത് ഒരു നാടിന്റെ പ്രാദേശിക വികസനത്തിൽ പ്രധാനപ്പെട്ട ഒരു ഘടകമാണ്. പാലങ്ങളാണ് നാടുകളെ തമ്മിൽ ബന്ധിപ്പിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അഞ്ചുകൊല്ലംകൊണ്ട് 245 പാലങ്ങൾ പൂർത്തീകരിച്ചു. ഈ ഗവൺമെന്റിനും അങ്ങനെയൊരു പദ്ധതിയുണ്ടാകണം. പാലങ്ങൾ ടാർജറ്റ് ചെയ്ത് പൂർത്തീകരിക്കാൻ കഴിയണം. നൂറ് ദിവസംകൊണ്ട് നൂറ് പാലങ്ങൾ പൂർത്തീകരിക്കുന്ന ഒരു പ്രത്യേക പദ്ധതി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്നു. വികസനത്തിന്റെ കാര്യത്തിൽ പാലങ്ങൾക്ക് വളരെ പ്രധാന പങ്കുണ്ട്. വിവിധ സ്റ്റേജിൽ പണി പൂർത്തിയാകാതെ കിടക്കുന്ന മൂന്നുനാല് പാലങ്ങൾ എന്റെ മണ്ഡലത്തിലുണ്ട്. അതിന്റെ ഓരോ സ്റ്റേജും വളരെ മന്ദഗതിയിൽ നീങ്ങുന്നുവെന്നാണ് ഞാൻ അന്വേഷിച്ചപ്പോൾ അറിഞ്ഞത്. പാലങ്ങളുടെ പൂർത്തീകരണത്തിന് മന്ത്രിയുടെ ഭാഗത്തുനിന്നും പ്രത്യേക ശ്രദ്ധയുണ്ടാകണം. പൊതുമരാമത്ത് വകുപ്പിൽ അങ്ങ് സ്വീകരിച്ചിട്ടുള്ള പല നടപടികളും സമീപനങ്ങളുമൊക്കെ വളരെ ഇഷ്ടപ്പെടുന്ന ഒരാളാണ് ഞാൻ. പക്ഷെ വികസന മുരടിപ്പും വേഗതക്കുറവും ഈ രംഗത്തുണ്ട്. ആ അർത്ഥത്തിലുള്ള ഇടപെടലുകൾകൂടി ഉണ്ടാകണമെന്ന് സാന്ദർഭികമായി ഇവിടെ സൂചിപ്പിക്കുകയാണ്.

ഇനി കേരളത്തിലെ വനവുമായി ബന്ധപ്പെട്ട ചില കാര്യങ്ങളാണ് ഇവിടെ സൂചിപ്പിക്കാനുള്ളത്. കേരളത്തിന്റെ വനവിസ്തൃതിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ 25 കൊല്ലംമുമ്പ് നമുക്കുണ്ടായിരുന്ന വനവിസ്തൃതി 19 ശതമാനമായിരുന്നുവെങ്കിൽ ഇപ്പോഴത് 29 ശതമാനമായി വർദ്ധിച്ചിരിക്കുകയാണ്. ഇപ്പോൾ വനവും നാടും തിരിച്ചറിയാൻ കഴിയാത്തവിധം അതിർവരമ്പുകളില്ലാതെ വനവിസ്തൃതി കൂടി കൊണ്ടിരിക്കുകയാണ്. വനം കൂടുന്നത് നല്ലകാര്യമാണ്. 2015-ലെ കണക്കുപ്രകാരം 11309 ചതുരശ്ര കിലോമീറ്റർ വനമുണ്ട്. അതുപോലെ വന്യമൃഗങ്ങളുടെയും എണ്ണം കൂടുകയാണ്. അതുകൊണ്ടുള്ള പ്രശ്നങ്ങളും കൂടിക്കൂടിവരികയാണ്. വന്യജീവി ആക്രമണത്തിൽ ആളപായങ്ങൾ ഉണ്ടാകുന്നു. ഇതൊക്കെ വലിയ വിഷയമാണ്. കടമ്മനിട്ടയുടെ ഒരു കവിതയുടെ ഹെഡ്ഡിംഗ് 'പൂച്ചയാണിന്നെന്റെ ദുഃഖം' എന്നതു പോലെ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയോടും ഈ സഭയോടും എനിക്ക് പറയാനുള്ളത് 'ആനയാണിന്നെന്റെ ദുഃഖം' എന്നാണ്. മണ്ണാർക്കാടും പരിസരത്തുമൊക്കെ ആനശല്യമുണ്ട്. ആനയുടെ ആക്രമണത്തിൽ ഒരു ദിവസം ഒരാൾക്കെങ്കിലും പരിക്കേൽക്കാത്തതായിട്ടില്ല. നിരവധി ജീവൻ നഷ്ടപ്പെടുന്ന സ്ഥിതിയുണ്ട്. 'പൂച്ചയാണിന്നെന്റെ ദുഃഖം' എന്ന് കടമ്മനിട്ട പാടിയതുപോലെ മണ്ണാർക്കാട്ടുകാരെ സംബന്ധിച്ചിടത്തോളം അവരുടെ ജനപ്രതിനിധി എന്നനിലയ്ക്ക് എന്നെ സംബന്ധിച്ചും 'ആനയാണിന്നെന്റെ ദുഃഖം'. ഈ ദുഃഖത്തിന് അറുതിയുണ്ടാക്കണം. അങ്ങ് മണ്ണാർക്കാട് വന്ന് ആനപ്രശ്നം ചർച്ച ചെയ്യാൻ യോഗം കൂടിയിരുന്നു. ആ യോഗത്തിൽ അങ്ങെടുത്ത തീരുമാനങ്ങൾപോലും ഉദ്യോഗസ്ഥർ ഇതുവരെ നടപ്പാക്കിയില്ലെന്ന് വളരെ ഖേദപൂർവ്വം പറയട്ടെ. ഇപ്പോഴും ആനയുടെ ആക്രമണം അവിടെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അവിടെ ആറ് ആനകളുള്ള ഒരു കൂട്ടമുണ്ട്. ഈ ആനക്കൂട്ടം മണ്ഡലത്തിന്റെ പല ഭാഗങ്ങളിലും സൈലന്റ്‌വാലി പ്രദേശങ്ങളിലും മണ്ണാർക്കാട് വനമേഖലയിലും ഒക്കെ കറങ്ങിനടക്കുകയാണ്. മണ്ണാർക്കാട് മണ്ഡലത്തിൽ മാത്രമല്ല, തൊട്ടടുത്ത മലമ്പുഴയിലും നെന്മാറയിലുമൊക്കെ പ്രശ്നമാണ്. പ്രതിപക്ഷ നേതാവിന്റെ മണ്ഡലത്തിൽ അടുത്തദിവസം വലിയ റോഡ് ഉപരോധമൊക്കെയുണ്ടായി, ഒരാൾ മരിക്കുകയും ചെയ്തു. ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള ഇപ്പോഴത്തെ നടപടികൾ വളരെ അപര്യാപ്തമാണ്. വനം വകുപ്പിന്റെ ഭാഗത്തുള്ളത് ആർ.ആർ.ടി. (rapid response team) ജീവനക്കാരാണ്. ഏറ്റവും അവസാനം നിയോഗിച്ച ആളുകളെയാണ് അതിലേക്ക് വിടുന്നത്. അവർ ഏറ്റവും പ്രായം ചെന്നവരായിരിക്കും. ഇവർ ആനയെക്കണ്ട് പകച്ചുനിൽക്കുകയാണ്. നാട്ടുകാർ ഭീതികൊണ്ടാണ് ഇവരെ വിളിക്കുന്നത്. ഇവരെക്കൊണ്ട് പ്രത്യേകിച്ച് ഒന്നും ചെയ്യാനാവില്ല. അവരുടെ കയ്യിലുള്ളത് കേവലം ഓലപ്പടക്കം മാത്രമാണ്. ആനയുടെ മുമ്പിലേയ്ക്ക് ഓലപ്പടക്കം ഇട്ടാൽ ആന ചിരിച്ചിട്ട് സല്യൂട്ട് അടിക്കുകയാണ് ചെയ്യുന്നത്. കാരണം, ആനയ്ക്ക് ഓലപ്പടക്കത്തിനെ യാതൊരു പേടിയുമില്ല.

തമിഴ്നാട്ടിലൊക്കെ ഒച്ചയുള്ള അമിട്ടുകൾ പൊട്ടിച്ചിട്ടാണ് ആനയെ ഓടിക്കുന്നത്. ശബ്ദംകൂടിയ അത്തരം കരിമരുന്നുകൾ വാങ്ങുന്നതിന് എന്താണ് നമുക്കുള്ള തടസ്സം? ഇന്ന് കേരളത്തിലെ വനങ്ങളിൽ ആനയുടെ എണ്ണം ക്രമാതീതമായി പെരുകിയിട്ടുണ്ട്. രണ്ടായിരത്തിൽപ്പരം ആനകളാണ് ഇന്ന് കേരളത്തിലെ വനങ്ങളിലുള്ളത്. ഇതെല്ലാംകൂടി പുറത്തേക്കിറങ്ങുകയാണ്. മൃഗസ്നേഹികൾ എന്തുപറയുമെന്നറിയില്ല, എങ്കിലും പറയുകയാണ്, പാശ്ചാത്യനാടുകളിലൊക്കെ ആനകളുടെ എണ്ണം കൂടുമ്പോൾ നിയന്ത്രണ വിധേയമാക്കുകയാണ് ചെയ്യുന്നത്. പച്ചമലയാളത്തിൽ പറഞ്ഞാൽ കൂടുതലുള്ള ആനകളെ കൊന്നുകളയുകയാണ് ചെയ്യുന്നത്. നായ്ക്കളുടെ പ്രശ്നമൊക്കെ പറയുമ്പോൾ ഇതും ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. ഇവിടെ ആനകൾ പെരുകുന്നത് നിയന്ത്രിക്കാനുള്ള നടപടിയുണ്ടാകണം. ഈ അടുത്ത ദിവസം വൈകുന്നേരം രണ്ടുമൂന്ന് ആനകൾ മണ്ണാർക്കാട് ടൗണിൽ നടുറോഡിലൂടെ നടന്നുപോകുന്ന സ്ഥിതിയുണ്ടായി. ഇങ്ങനെപോയാൽ എവിടെയെത്തുമെന്ന് ജനങ്ങൾക്ക് വലിയ ആശങ്കയുണ്ട്. പാലക്കാട് മനോരമ പത്രം ഇതിന്റെ മുഴുവൻ കണക്കെടുത്ത് 'കാട് കലക്കിയ ജീവിതങ്ങൾ' എന്നുപറഞ്ഞ് ഒരു ഫീച്ചർ തയ്യാറാക്കി. ബഹുമാനപ്പെട്ട മന്ത്രി അത് ശ്രദ്ധിക്കണം. ഓരോ കുടുംബത്തിന്റെയും അവസ്ഥയെക്കുറിച്ച് ആ പത്രം തയ്യാറാക്കിയ റിപ്പോർട്ടിന്റെ തലക്കെട്ടുകൾ ഇങ്ങനെയാണ്- "അച്ഛനെയും മകനെയും ഒന്നിച്ച് കൊന്നത്, അമ്മയെയും മകനെയും കൊന്നത്, അച്ഛൻ മരിക്കുകയും മകൻ അപകടത്തിൽപ്പെട്ട് ജീവിത കാലം മുഴുവൻ നരകയാതനയോടുകൂടി കഴിയുന്നത്, കാട്ടാനകൾ ചിന്നംവിളിക്കുന്നു, നാട്ടുകാർ നിലവിളിക്കുന്നു, അപഹരിക്കപ്പെട്ടത് ആനമൂളിയുടെ സമാധാനം, അട്ടപ്പാടി 2010 ജൂണിലെ രണ്ട് സങ്കടങ്ങൾ (രണ്ട് സങ്കടങ്ങൾ എന്നുപറഞ്ഞാൽ രണ്ടാളെ ആന ചവിട്ടിക്കൊന്നു എന്നർത്ഥം), ജീവൻ ഭയന്ന് ഇരുട്ടിലായ ജന്മങ്ങൾ". ഇതൊക്കെ മലയോര മേഖലയിലെ ഇന്നത്തെ അസമാധാനത്തിന്റെ ചിഹ്നങ്ങളാണ്. ഇതെല്ലാം നമ്മുടെ പരിഗണനയിലുണ്ടാകണം. അതിനനുസരിച്ച് തീരുമാനങ്ങളുണ്ടാകണം. കസ്തൂരി രംഗൻ വിഷയത്തിൽ കഴിഞ്ഞ ഗവൺമെന്റ് ജനവാസ കേന്ദ്രങ്ങളെ മുഴുവൻ ഒഴിവാക്കിയിരുന്നു. പക്ഷെ ഇപ്പോൾ ഉണ്ടായിട്ടുള്ള ഹൈക്കോടതി അഫിഡവിറ്റ് ദോഷം ചെയ്യും. അതിലൊക്കെ കൃത്യമായ ഇടപെടലുണ്ടാകണം. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം.

ഞാൻ രാഷ്ട്രീയത്തിലേക്കൊന്നും കടന്നിട്ടില്ല. വിഷയത്തിൽ നിന്നുകൊണ്ടാണ് സംസാരിച്ചത്. നമ്മുടെ സംസ്ഥാനത്തിന്റെ ക്രമസമാധാനത്തകർച്ചയെക്കുറിച്ച് പറയുകയാണെങ്കിൽ ഈ അടുത്ത ദിവസങ്ങളിലുണ്ടായ രണ്ട് കൊലപാതകങ്ങളിൽ പ്രത്യേകമായൊരു സംഗതി കാണേണ്ടത് കാലത്തിന്റെ മാറ്റത്തിനനുസരിച്ചുള്ളതാണ്. അതായത് 10.10 എന്ന സമയത്തിന് ഒരു വലിയ പ്രസക്തി വന്നിരിക്കുകയാണ്.

ഒരു സി.പി.എം. പ്രവർത്തകൻ കൊല്ലപ്പെട്ടത് 10.10-നാണ്. ബി.ജെ.പി.-ക്കാർക്ക് എതിരെ അതിന് പ്രതികാരം ചെയ്തത് 24 മണിക്കൂർ കഴിയുന്നതിനുമുമ്പ് വീണ്ടും 10.10-ന്. എല്ലാ ക്ലോക്കുകളുടെയും പരസ്യത്തിൽ സമയം 10.10 എന്ന് കാണാറുണ്ട്. എന്റെ അന്വേഷണത്തിൽ മനസ്സിലായത് മുൻ അമേരിക്കൻ പ്രസിഡന്റ് ജോൺ എഫ്. കെന്നഡി വെടിയേറ്റ് മരിക്കുന്നത് 10.10-നാണെന്നും അതിനെത്തുടർന്നാണ് എല്ലാ ക്ലോക്കുകളിലും ആ സമയം പരസ്യമായി വന്നതെന്നുമാണ്. പക്ഷേ കേരളത്തിലെ ഇന്നത്തെ സ്ഥിതി എന്താണ്? ഇന്ന് നമ്മുടെ കുട്ടികളോട് 10.10 -ന്റെ പ്രസക്തി എന്താണെന്ന് ചോദിച്ചാൽ രാഷ്ട്രീയ കൊലപാതകത്തിന് പറ്റിയ സമയമാണ്, നല്ല മുഹൂർത്തമാണ് എന്നു പറയുന്നിടത്തേക്ക് നമ്മുടെ സംസ്ഥാനം പോവുകയാണ്. ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല. ചർച്ചകളുണ്ടാകണം, ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകണം. ഏത് പാർട്ടിയിൽപ്പെട്ടവരായാലും പൊലിഞ്ഞു വീഴുന്ന ജീവനുകൾക്ക് ഒരമ്മയുണ്ട്, സഹോദരിമാരുണ്ട്, ഭാര്യയുണ്ട്, മക്കളുണ്ട്. ഇതൊക്കെ പരിഗണിക്കപ്പെടേണ്ടതാണ് എന്നുമാത്രം ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

വന്യമൃഗങ്ങളുടെ പ്രശ്നത്തിൽ മന്ത്രിയുടെ അതിശക്തമായ ഇടപെടൽ ഉണ്ടാകണം. വനം വകുപ്പിന്റെ റാപ്പിഡ് റെസ്പോണ്ട്സ് ടീമിൽ കഴിവുള്ള ആൾക്കാരെ നിയമിക്കണം. അവർക്ക് ആവശ്യമായ എക്വിപ്മെന്റ്സും വെടിമരുന്നും റബ്ബർ ബുള്ളറ്റിനും നൽകി ആനയെ തുരത്താനുള്ള അനുമതി നൽകണം. ഈ നാട്ടിലെ ജനങ്ങളുടെ സ്വൈരജീവിതത്തെ ബാധിക്കുന്ന ഈ പ്രശ്നത്തിൽ ഇനിയും ഗവൺമെന്റ് നിസ്സംഗതകാട്ടരുതെന്ന് പറഞ്ഞുകൊണ്ട് ഞാൻ ധനാഭ്യർത്ഥനകളെ ഒന്നുകൂടി എതിർക്കുന്നു.

<u>ശ്രീ. സി. കെ. നാണു</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഭാരം കൂടിയ വാഹനങ്ങളുടെ സഞ്ചാരംമൂലം റോഡുകൾ തകരുകയാണ്. ബ്രിട്ടീഷുകാരുടെ കാലത്തുണ്ടാക്കിയ നാഷണൽ ഹൈവേയിലെ പാലങ്ങൾ പലതും ഇന്ന് ഭീഷണിയിലാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ കഴിവുകൾ പരമാവധി ഉപയോഗിച്ചുകൊണ്ട് നാഷണൽ ഹൈവേയും സ്റ്റേറ്റ് ഹൈവേയുമെല്ലാം അടിയന്തരമായി നന്നാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇവിടെ പറഞ്ഞതുപോലെ ഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞുവരുകയാണ്, റോഡുകളാണ് കൂടുതലുള്ളത്. വീടിന്റെ സമീപത്തുകൂടി വാഹനം കടന്നുപോകാനുള്ള ചെറിയ റോഡുകളെങ്കിലും വേണമെന്നുള്ളതാണ് മിക്കവരുടേയും ആഗ്രഹം. അതുമായി പൊരുത്തപ്പെട്ടുപോവുകയല്ലാതെ നിർവ്വാഹമില്ല. പി.ഡബ്ല്യു.ഡി. കഴിഞ്ഞ കാലത്ത് ചെലവഴിച്ചതിനേക്കാൾ കൂടുതൽ പണം ചെലവഴിക്കേണ്ട സാഹചര്യമാണ്

ഇപ്പോഴുള്ളത്. എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗത്തെ ഒരു കാര്യം ഓർമ്മിപ്പിക്കുകയാണ്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് കാലത്ത് അവസാന വർഷം അഞ്ചുകോടി രൂപ ചെലവഴിച്ച് റോഡിന്റെ പണി നടത്തിയെന്ന് ഭരണകക്ഷിയിൽപ്പെട്ട എം.എൽ.എ.-മാർ തെരഞ്ഞെടുപ്പ് പ്രചരണരംഗത്ത് പറയുകയുണ്ടായി. എനിക്ക് അഞ്ചുകോടി രൂപയിൽ കുറച്ചുമാത്രമേ ലഭിച്ചുള്ളൂവെന്ന് പറഞ്ഞു. ഒന്നിനും കൊള്ളാത്ത ഒരു എം.എൽ.എ. ആണ് ഞങ്ങളുടെ എം.എൽ.എ. എന്ന് എന്റെ മണ്ഡലത്തിലെ ആളുകൾക്ക് തോന്നുന്ന തരത്തിലുള്ള പ്രചരണമുണ്ടായി. ഒന്നേമുക്കാൽ കോടി രൂപയുടെ വർക്ക് ഈ തെരഞ്ഞെടുപ്പിനുശേഷം നടന്നു. അത്തരം വൈരുദ്ധ്യം ഇനി ഉണ്ടാകരുത്. റോഡിന്റെ കാര്യത്തിൽ ഭരണ-പ്രതിപക്ഷ കക്ഷികളോട് സമമായ നിലപാട് സ്വീകരിക്കാൻ താങ്കൾക്ക് സാധിക്കും. അതുകൊണ്ട് ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ഗൗരവമായ നടപടി കൈക്കൊള്ളണം. ഫണ്ട് കൂടുതൽ ലഭിക്കേണ്ട മേഖലയായി കേരളത്തിലെ പി.ഡബ്ല്യു.ഡി. മേഖല മാറണം.

വനം സംരക്ഷിക്കാൻ സാധിക്കണം. കുടിവെള്ളം ലഭ്യമാക്കാൻ സാധിക്കാത്തവിധം നമ്മുടെ നദികൾ മലിനമാകുന്നു. നമ്മുടെ കുന്നുകൾ തകരുകയാണ്. വടക്കേ ഇന്ത്യയിലുണ്ടാകുന്നതുപോലുള്ള പ്രകൃതിഭീഷണി കേരളത്തിലുണ്ടാകുമെന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു. കുന്നുകൾ ഇടിച്ചാൽ പ്രകൃതിക്കുതന്നെ അപകടമുണ്ടാകും. ആഫ്രിക്കയിലെ റുവാണ്ടയിൽനിന്നും വന്ന എന്റെ ഒരു സുഹൃത്ത് പറഞ്ഞത്, അവിടത്തെ പ്രധാനപ്പെട്ട നിയമം കുന്നുകൾ തകർക്കാൻ പാടില്ലെന്നുള്ളതാണ് എന്നാണ്. കുന്നുകൾ തകർത്താൽ അവരുടെ സ്റ്റേറ്റ് തകരുമെന്ന് ജനങ്ങൾ ഭയപ്പെടുന്നു. പക്ഷേ ഇവിടെ ഓരോ പ്രദേശത്തുമുള്ള ചെറുതും വലുതുമായ കുന്നുകളും വനങ്ങളും നമ്മൾ ഇല്ലാതാക്കുകയാണ്. ഇന്ന് സംസാരിച്ച ബഹുമാനപ്പെട്ട എം.എൽ.എ., ഇ. കെ. വിജയന്റെ മണ്ഡലത്തിൽ ഇടയ്ക്കിടെ അപകടമുണ്ടാവുകയാണ്. ജനങ്ങളെ ഭീഷണിപ്പെടുത്തുന്ന രൂപത്തിൽ പെട്ടെന്ന് വെള്ളം കുത്തൊഴുക്കായിവന്ന് കുറേപ്പേരുടെ ജീവനെടുക്കുകയാണ്. ഇതിനെക്കുറിച്ച് കുറേക്കൂടി ശക്തമായ ശാസ്ത്രീയ പഠനം ആവശ്യമാണ്. നമ്മുടെ വനങ്ങൾ സംരക്ഷിക്കണം. അതുപോലെ കുന്നുകൾ, ചെറിയ ചെറിയ മലകൾ ഇവയൊക്കെ സംരക്ഷിക്കാൻ സാധിക്കണം. ഇല്ലെങ്കിൽ വലിയ അപകടത്തിലേക്ക് പോകും. ഇന്ത്യയിലെ ബദരീനാഥ് ക്ഷേത്രത്തിൽ രണ്ടുകൊല്ലം മുമ്പുണ്ടായ വമ്പിച്ച പ്രളയത്തിൽ അനേകമാളുകൾ മരിക്കാനിടയായി. അനുമതിയില്ലാതെ പ്രവർത്തിക്കുന്ന ചെറിയ ചെറിയ ക്വാറികൾമൂലമാണ് ഇതുണ്ടായതെന്നാണ് വസ്തുതാപരമായ വിലയിരുത്തൽ. ഇതൊക്കെ നമ്മൾ ശ്രദ്ധിക്കേണ്ട കാര്യമാണ്. സംസ്ഥാനത്തെ പരിപൂർണ്ണമായി സംരക്ഷിക്കാൻ വേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. പല നഗരങ്ങളും കുടിവെള്ള ഭീഷണിയിലാണ്. നമ്മുടെ നദികളിലെ വെള്ളം കുടിക്കാനുപയുക്തമാക്കണം.

ജലസ്രോതസ്സുകളിലെ മാലിന്യം നീക്കംചെയ്ത് അവ പഴയതുപോലെ നിലനിർത്താൻ സാധിക്കണം. ഇതിലൊക്കെ നടപടി സ്വീകരിക്കാനുള്ള സമീപനമുണ്ടാകണം. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയും വനം വകുപ്പുമന്ത്രിയും ഇവിടെ അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ ഞാൻ അംഗീകരിക്കുന്നു.

ശ്രീ. എൻ. വിജയൻ പിള്ള: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യമിടുന്ന ഒരു ബജറ്റാണ് ഡോ. ടി. എം. തോമസ് ഐസക് ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. ഒരു ഭരണത്തെ പെട്ടെന്ന് വിലയിരുത്തുന്നത് നമ്മുടെ നാട്ടിലെ റോഡുകളുടെ അവസ്ഥ പരിശോധിച്ചിട്ടാണ്. കാരണം ജനങ്ങളെ ഏറ്റവും ബുദ്ധിമുട്ടിക്കുന്നത് റോഡുകളുടെ ദുരവസ്ഥയാണ്. അതിൽ വളരെ പ്രധാനം പി.ഡബ്ല്യു.ഡി. റോഡുകളും ഗ്രാമീണ റോഡുകളുമാണ്. പി.ഡബ്ല്യു.ഡി. റോഡുകൾ പ്രത്യേകിച്ച് നാഷണൽ ഹൈവേ റോഡുകൾ, നിർമ്മിച്ച് മാസങ്ങൾ കഴിയുമ്പോൾ തകർന്നുപോകുന്ന കാഴ്ചയാണ് കഴിഞ്ഞ അഞ്ചുവർഷം നമ്മൾ കണ്ടത്. ഇതിന് പിന്നിലെ കടുത്ത അഴിമതിക്കഥകൾ നമ്മൾ കേട്ടുകൊണ്ടിരിക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം ജനങ്ങൾക്ക് അക്കാര്യത്തിൽ ആശങ്കയില്ല. കാരണം പി.ഡബ്ല്യു.ഡി. കൈകാര്യം ചെയ്യുന്നത് എന്നും അഴിമതിക്കെതിരെ പോരാടുകയും അധികാരത്തിൽ വരുമ്പോൾ താൻ കൈകാര്യം ചെയ്യുന്ന വകുപ്പുകളിൽ അഴിമതി ഇല്ലാതാക്കാനുള്ള ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന ശ്രീ. ജി. സുധാകരനാണ്. കഴിഞ്ഞ എൽ. ഡി.എഫ്. ഗവൺമെന്റിൽ മന്ത്രിയായിരുന്നപ്പോൾ ദേവസ്വം, സഹകരണം എന്നീ വകുപ്പുകളിൽ കൊണ്ടുവന്ന സുതാര്യ പരിഷ്കരണങ്ങൾ ജനങ്ങൾക്ക് പ്രതീക്ഷ നൽകിയിരുന്നു. മരിച്ചുകിടന്ന സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന് പുതുജീവൻ നൽകിയ നേതൃത്വപാടവം നമ്മുടെ പ്രതീക്ഷ വർദ്ധിപ്പിക്കുന്നു. വർഷങ്ങൾക്കുമുമ്പ് തിരുവനന്തപുരത്തുനിന്ന് കൊച്ചിയിലേക്കുള്ള യാത്ര നാലുമണിക്കൂർ കൊണ്ട് പൂർത്തിയാക്കാമായിരുന്നു. ഇന്ന് അതിന് അഞ്ചുമണിക്കൂറിൽക്കൂടുതൽ വേണം. കൊല്ലം ചവറയിൽനിന്ന് തിരുവനന്തപുരത്തേയ്ക്കെത്താൻ ഏതാണ്ട് രണ്ടരമണിക്കൂർ വേണ്ടിവരുന്നു. എൻ.എച്ച്. 47 കടന്നുപോകുന്നത് എന്റെ മണ്ഡലമായ ചവറയിലൂടെയാണ്. യാത്രയുടെ കാലതാമസം ഒഴിവാക്കാൻ കൊല്ലം, ആലപ്പുഴ ബൈപ്പാസ്സുകൾ വേഗത്തിൽ പൂർത്തിയാക്കണം. പി.ഡബ്ല്യു.ഡി. ഗ്രാമീണ റോഡുകൾ, പി.ഡബ്ല്യു.ഡി.-യുടേതല്ലാത്ത എന്നാൽ ഗ്രാമപഞ്ചായത്തുകൾക്ക് പൂർത്തിയാക്കാൻ കഴിയാത്ത സാമാന്യം വലിയ റോഡുകൾ എന്നിവയുടെ വൺ ടൈം അപ്ഗ്രഡേഷന് മുൻ എൽ.ഡി.എഫ്. ഗവൺമെന്റ് പണം അനുവദിച്ചിരുന്നുവെന്ന് അറിയാൻ കഴിഞ്ഞു. ഇപ്പോൾ അതിനുള്ള പണം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? ഇല്ലെങ്കിൽ നോൺ പ്ലാൻ ഫണ്ട് അനുവദിച്ചുകൊണ്ട് ഗ്രാമീണ റോഡുകൾ

നവീകരിച്ചാൽ അതിലൂടെ ഗ്രാമങ്ങളുടെ പുരോഗതി ഉറപ്പാക്കാൻ കഴിയും. വലിയ റോഡുകളുടെ വികസനത്തിനാവശ്യമായ തുക കിഫ്ബിയിൽനിന്നും അനുവദിക്കുമെന്ന് ബഡ്ജറ്റിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞു. പക്ഷേ മറ്റ് നിലയിലുള്ള പി.ഡബ്ല്യു.ഡി. റോഡുകളുടെ നിലനിൽപ്പിനും പുതുക്കിപ്പണിയുന്നതിനും വേണ്ടത്ര പണം ബഡ്ജറ്റിൽ നീക്കിവച്ചതായി കാണുന്നില്ല. അതിനുകൂടി ഒരു വ്യക്തത വരുത്താൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രമിച്ചാൽ നന്നായിരിക്കുമെന്ന് ഞാൻ കരുതുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ആദ്യ ബജറ്റ് കേരളത്തിന്റെ സമഗ്ര പുരോഗതിക്ക് ഒരു നാഴികക്കല്ലായിരിക്കുമെന്ന് ഞാനും ജനങ്ങളും കരുതുന്നു. അഴിമതിയില്ലാത്ത പി.ഡബ്ല്യു.ഡി. എന്ന കേരള ജനതയുടെ സ്വപ്നം യാഥാർത്ഥ്യമാക്കാൻ ബഹുമാനപ്പെട്ട ജി. സുധാകരന് കഴിയുമെന്നതിൽ ആർക്കും സംശയമില്ല. അഴിമതിയില്ലാത്ത എൽ.ഡി.എഫ്. ഭരണം നാടിന്റെ പുരോഗതിയെ നയിക്കുമെന്നതിൽ ആർക്കും സംശയമില്ല. അതിനാൽ ഈ ധനാഭ്യർത്ഥനകളെ ആത്മാർത്ഥമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, കേരളത്തിന്റെ വികസനം ലോകം മുഴുവൻ ശ്രദ്ധിക്കുന്നത് റോഡുകളുടെ വികസനത്തിലൂടെയാണ്. വിവിധ വികസന മേഖലകളുണ്ടെങ്കിൽപ്പോലും മെച്ചപ്പെട്ട നിലവാരത്തിലുള്ള റോഡുകൾ കേരളത്തിലുണ്ടാവുകയെന്നുള്ളത് ജനങ്ങൾക്ക് അവകാശപ്പെട്ടതും അത് നടപ്പാക്കുകയെന്നുള്ളത് ഗവൺമെന്റിന്റെ ഏറ്റവും വലിയ ഉത്തരവാദിത്വവുമാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റും അതിനുതൊട്ടുമുമ്പുള്ള എൽ.ഡി.എഫ്. ഗവൺമെന്റുമൊക്കെ കാര്യമായ പ്രവർത്തനങ്ങൾ നടപ്പാക്കിയെന്ന ബോദ്ധ്യമാണ് കേരള ജനതയ്ക്കുള്ളത്. നമുക്ക് ഒത്തിരിദൂരം മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് അഭിമാനകരമാണ്. ഇന്നത്തെ സാഹചര്യത്തിൽ ഇനിയും കൂടുതൽ വികസനത്തിലേക്ക് കേരളം വരുന്നതിന് നമ്മുടെ റോഡുകൾ മെച്ചപ്പെടേണ്ടതുണ്ട്. ലോകനിലവാരത്തിലുള്ള റോഡുകൾ എന്ന് ചർച്ചചെയ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ ആ നിലയിലേക്ക് നമ്മുടെ റോഡുകളെ എത്തിക്കാനുള്ള പരിശ്രമം സ്വാഗതാർഹമാണ്. അതിനുള്ള നിരവധി പദ്ധതികൾ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പുതിയ ബജറ്റിൽ പ്രഖ്യാപിച്ചതിനെ ഞങ്ങളെല്ലാം വളരെ പ്രതീക്ഷയോടുകൂടി നോക്കിക്കാണുകയാണ്. ഇക്കാര്യങ്ങളൊക്കെ എങ്ങനെ നടപ്പാകുമെന്നതാണ് ഇന്നുണ്ടായിരിക്കുന്ന ആശങ്ക. ഗവൺമെന്റ് അതിനു വേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തട്ടെ. പക്ഷെ ഇപ്പോൾ ജനങ്ങൾക്കിടയിലെ പ്രധാനപ്പെട്ട പ്രശ്നം, നിലവിലുള്ള റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കാതെ എങ്ങനെ കേരളം ഈ വികസനത്തിലേക്ക് പോകുമെന്നതാണ്. ഇക്കാര്യത്തിൽ വളരെ വലിയ ആശങ്കയിലാണ് കേരളജനത എത്തിയിരിക്കുന്നതെന്നാണ് എനിക്ക് തോന്നുന്നത്. ഇപ്പോൾ റോഡ് നന്നാക്കേണ്ട സമയമാണ്. സംസ്ഥാനത്തെ

പി.ഡബ്ല്യു.ഡി. റോഡുകളുടെ അറ്റകുറ്റപ്പണി നടത്താനും റോഡ് നവീകരിക്കാനും ഈ സമയം പ്രയോജനപ്പെടുത്താൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ എന്ന സംശയം നിലനിൽക്കുകയാണ്. ബഹുമാന്യനായ മന്ത്രിയും ഗവൺമെന്റും അടിയന്തര പ്രാധാന്യം കൊടുക്കേണ്ടകാര്യം ഇതാണെന്നാണ് ഈ ചർച്ചയിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒരുപോലെ ബാധിക്കുന്ന ഒരു പ്രശ്നമെന്നനിലയിൽ നിലവിലുള്ള റോഡുകൾ നവീകരിക്കുന്നതിനുള്ള അടിയന്തര നടപടിയുണ്ടാകേണ്ടത് ഇപ്പോൾ അത്യന്താപേക്ഷിതമാണ്. ഇക്കാര്യത്തിൽ മന്ത്രി വിഷമിക്കുന്നതായിട്ടാണ് ഞങ്ങളെല്ലാം മനസ്സിലാക്കുന്നത്. അദ്ദേഹത്തിന് വേണ്ടത്ര ഫണ്ട് ലഭിക്കുന്നുണ്ടോയെന്ന ആശങ്ക ഇവിടെ ചർച്ചയിൽ പങ്കെടുത്ത പല അംഗങ്ങളും ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇവിടെ അറ്റകുറ്റപ്പണികൾക്ക് മാത്രമായിട്ടാണ് ഫണ്ട് കിട്ടിയതെന്നാണ് എം.എൽ.എ.-മാർ മനസ്സിലാക്കുന്നത്. ജില്ലകളിലെ ഉദ്യോഗസ്ഥരോട് ചോദിക്കുമ്പോൾ റോഡുകളുടെ അറ്റകുറ്റപ്പണിക്കുവേണ്ടി മാത്രമുള്ള അലോട്ട്മെന്റാണ് ഇപ്പോൾ അനുവദിച്ചിരിക്കുന്നതെന്നാണ് പറയുന്നത്. അത് നല്ല കാര്യം. പത്തുകോടി രൂപയുടെ അറ്റകുറ്റപ്പണി നടത്തേണ്ട ഒരു ജില്ലയ്ക്ക് 2 കോടി രൂപ കൊടുത്താൽ 100 റോഡ് ചെയ്യേണ്ടിടത്ത് 20 റോഡ് ചെയ്യാനേ കഴിയൂ. ഈ പ്രശ്നം പരിഹരിക്കപ്പെടേണ്ടതാണ്. എല്ലാ റോഡുകളും അറ്റകുറ്റപ്പണി നടത്തി സഞ്ചാര യോഗ്യമാക്കാനാവശ്യമായ അടിയന്തര ഇടപെടലുണ്ടാകണം. കൂടുതൽ അറ്റകുറ്റ പണിയുള്ള റോഡുകളുടെ കാര്യത്തിൽ റോഡ് നവീകരണത്തിനുള്ള നടപടി സ്വീകരിക്കുക എന്നതാണ് എല്ലാകാലത്തുമുള്ളത്. ഇപ്പോൾ ഉദ്യോഗസ്ഥർക്ക് അതിലേയ്ക്ക് പോകാൻ കഴിയാത്ത സാഹചര്യം വന്നിരിക്കുകയാണ്. റോഡ് നവീകരണത്തിന് ഗവൺമെന്റ് അധിക ഫണ്ട് അനുവദിക്കണം. ഈ ആവശ്യങ്ങൾ നിറവേറ്റാനുള്ള ഫണ്ട് ലഭ്യമല്ലെന്നുള്ളത് വളരെ വ്യക്തമാണ്. അക്കാര്യത്തിൽ ഗവൺമെന്റ് പ്രത്യേക മുൻഗണന കൊടുക്കേണ്ടതായിട്ടുണ്ട്. കൂടുതൽ ഫണ്ട് അനുവദിച്ച് മെച്ചപ്പെട്ട നിലയിൽ റോഡുകൾ നവീകരിക്കാൻ കഴിയുന്ന സാഹചര്യം ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. മരാമത്ത് വകുപ്പിൽ എല്ലാകാലത്തും വരുന്ന പ്രശ്നങ്ങളിലൊന്നാണ് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയം. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രതിസന്ധി എന്നും നിലനിൽക്കുകയാണ്. പുതിയ കേന്ദ്ര നിയമം വന്നു, സ്പെഷ്യൽ റൂൾസ് കേരളത്തിൽ നടപ്പാക്കിയിട്ടും ഇനിയും ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി കാത്തിരിക്കേണ്ട ഗതികേടാണ്. അതുകൊണ്ട് ഭൂമി വിട്ടുതരാൻ തയ്യാറുള്ളവരുമായി നെഗോഷ്യബിൾ പർച്ചേസ് ആക്ട് പ്രകാരം ഭൂമി എടുക്കുന്ന നടപടി ത്വരിതപ്പെടുത്തണം. അതിനുവേണ്ടി ഗവൺമെന്റ് പ്രത്യേക കർമ്മ പരിപാടി എല്ലാ ജില്ലകളിലും ആവിഷ്കരിക്കുന്നത് ഈ പ്രശ്നം പരിഹരിക്കാൻ ഏറ്റവും സഹായകരമാകുമെന്ന് കരുതുകയാണ്. ഏറ്റെടുത്ത ഭൂമിയുടെ പണം

കൊടുക്കാത്തത് വലിയ പ്രശ്നമാണ്. ഇതൊക്കെ എല്ലാ കാലത്തുമുള്ളതാണ്. ഞാൻ പ്രത്യേകിച്ച് ഈ ഗവൺമെന്റിന്റെ ചുരുങ്ങിയ കാലയളവിലെ വിഷയമെന്നുള്ള നിലയിലല്ല പറയുന്നത്. ഇപ്പോൾ ഭൂമി ഏറ്റെടുത്ത ആളുകൾക്ക് പണം കൊടുക്കാനുള്ള സാഹചര്യമൊരുക്കണം. ഇന്നത്തെ പത്രത്തിൽ ഒരു വാർത്ത വന്നിട്ടുണ്ട്. നമ്മൾ വികസനത്തിനുവേണ്ടി വലിയ ശ്രമം നടത്തുന്ന കാലഘട്ടമാണ്. കരമന-കളിയിക്കാവിള റോഡിന്റെ കരമന മുതലുള്ള ആദ്യ റീച്ചിന്റെ പണി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൂർത്തിയായി. ഇപ്പോൾ അടുത്ത റീച്ചിന്റെ നിർമ്മാണം ആരംഭിക്കുമെന്ന് പുതിയ ഗവൺമെന്റ് പ്രഖ്യാപിച്ചു. 200 കോടി രൂപയുടെ പ്രഖ്യാപനം രണ്ട് ബഡ്ജറ്റിലും വന്നിട്ടുണ്ട്. എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം പറഞ്ഞു. പക്ഷേ, 50 കോടി രൂപപോലും ഭൂമി വിട്ടുനൽകിയവർക്ക് കിട്ടിയിട്ടില്ല. അവർക്ക് കാശ് കിട്ടാനുള്ള സാഹചര്യമുണ്ടാക്കണം. ഇന്നത്തെ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്ന വാർത്തയാണ്. എന്റെ മണ്ഡലത്തിൽ റോഡിനും പാലത്തിനുമായി ഭൂമി വിട്ടുനൽകിയവർക്ക് നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടും ഫണ്ട് നൽകാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണ്. അതുകൊണ്ട് ഭൂമി തന്നവർക്ക് ഫണ്ട് റിലീസ് ചെയ്യുന്നതിന് മുൻഗണന നൽകികൊണ്ടുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ചില പദ്ധതികളെക്കുറിച്ച് കുറേക്കാലമായി നമ്മൾ ചർച്ച ചെയ്യുകയാണ്. പ്ലാസ്റ്റിക് ഉപയോഗിച്ച് ടാറിംഗ് നടത്തുന്നതിനുള്ള സ്കീം ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരൻ കഴിഞ്ഞ ദിവസം ഉദ്ഘാടനം ചെയ്തു. അത് വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള സ്കീമായിത്തന്നെ തുടരേണ്ടതാണ്. ഒരു പ്ലാന്റാണ് ഇപ്പോൾ ഉദ്ഘാടനം ചെയ്തത്. നൂറുകണക്കിന് പ്ലാന്റുകൾ സ്ഥാപിക്കാൻ കഴിയുംവിധം ദീർഘവീക്ഷണത്തോടെ ഇക്കാര്യങ്ങൾ ആലോചിക്കേണ്ടതുണ്ട്. പുതിയ പ്ലാസ്റ്റിക് അതിൽ ഉൾപ്പെടുത്തുന്നതിൽ ഒരു അർത്ഥവുമില്ല. വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിച്ച് പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിനും അതോടൊപ്പം പുതിയ ടാറിംഗിനുമുള്ള സാഹചര്യം അതിലൂടെ ഉണ്ടാവുകയാണ്. റബ്ബർ കർഷകർ മുഴുവനും പ്രയാസപ്പെടുന്ന കാലഘട്ടമാണിത്. വലിയ ക്വാണ്ടിറ്റിയൊന്നും നമുക്ക് വേണ്ടിവരില്ലെങ്കിലും റബ്ബറൈസ്ഡ് റോഡുകളെന്നത് കേരളം മുഴുവൻ തത്വത്തിൽ അംഗീകരിച്ചതാണ്. റബ്ബറൈസ്ഡ് റോഡുകൾക്കുവേണ്ടി നമ്മുടെ സംസ്ഥാനത്ത് ഉണ്ടായ പ്ലാന്റുപോലും ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണ്. അത് വ്യാപകമാക്കി മാറ്റാൻ കഴിയണം. ബഹുമാന്യനായ മന്ത്രി നിയമസഭയിൽ പലപ്രാവശ്യം ഉന്നയിച്ച് ഒരു കാലഘട്ടത്തിൽ നമ്മൾ അംഗീകരിച്ചതാണ് ജിയോ ടെക്സ്റ്റൈൽ. ചതുപ്പുനിലങ്ങളിൽ ടാറിംഗ് നടത്തിയാൽ ആഴ്ചകൾക്കകം താഴ്ന്നുപോകുമെന്നത് സാമാന്യബോധമുള്ളവർക്ക് മനസ്സിലാകുന്നതാണ്. അവിടെ കയർ ഭൂവസ്ത്രമായി

ഉപയോഗിച്ചുള്ള ടാറിംഗ് വ്യാപകമാക്കുകയെന്നത് കേരളത്തിന്റെ ആവശ്യമാണ്. ഇത്തരത്തിലുള്ള കാര്യങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ടുള്ള കർമ്മ പരിപാടി, പൊതുമരാമത്ത് വകുപ്പിന്റെ നവീകരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ കഴിഞ്ഞാൽ ചെയ്യുന്ന വർക്കുകൾ ദീർഘകാലം നിലനിൽക്കും. അത് കണക്കിലെടുത്തു കൊണ്ടുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ക്ഷീരകർഷകരുടേതുൾപ്പെടെ നിരവധി പ്രശ്നങ്ങൾ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് നിലനിൽക്കുകയാണ്. പാലിന്റെ വില കുറഞ്ഞതിന്റെ ബുദ്ധിമുട്ട് നിലനിൽക്കുമ്പോഴാണ് കാലിത്തീറ്റയുടെ വില അന്യായമായി കൂട്ടിയിരിക്കുന്നത്. ഇതുമൂലം ക്ഷീരകർഷകർ പ്രതിസന്ധിയിലാണ്. നെല്ലുല്പാദനത്തിൽ കുറവുണ്ടായപ്പോൾ പുല്ലിനും വയ്ക്കോലിനുമെല്ലാം മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരികയാണ്. ക്ഷീരകർഷകർക്കായുള്ള വിവിധ പദ്ധതികൾ ഗവൺമെന്റ് പരിഗണിക്കുമ്പോൾ അവർക്ക് കൂടുതൽ സബ്സിഡി അനുവദിക്കുന്ന കാര്യത്തിലും നടപടിയുണ്ടാകണം. 1997-ലെ കന്നുകാലി സമ്പത്ത് 24.7 ലക്ഷം ആണെങ്കിൽ ഇന്ന് അത് 14 ലക്ഷമായി കുറഞ്ഞിരിക്കുകയാണ്. ഈ സാഹചര്യത്തിൽപ്പോലും മൃഗ ഡോക്ടർമാർ ഗ്രാമപ്രദേശങ്ങളിൽ ജോലിനോക്കാൻ തയ്യാറാകുന്നില്ല. ഒരു പുനർവിന്യാസം ഇക്കാര്യത്തിൽ ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. ഡോക്ടർമാർ ഗ്രാമ പ്രദേശങ്ങളിൽ ജോലിചെയ്യാൻ കഴിയുന്ന സാഹചര്യം ഉണ്ടാക്കണം. 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം കന്നുകാലി പരിപാലനത്തിന് ഉണ്ടാകേണ്ടതുണ്ട്. പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നതുമൂലം കൃഷിക്കാരൻ വിഷമിക്കുകയാണ്. ഒരു പശുക്കുട്ടിയെ വളർത്തിയെടുക്കാൻ 3 വർഷം വേണം, അതിന് 60,000-ത്തോളം രൂപയുടെ ചെലവുവരും. ഇന്ന് അതിനെയൊക്കെ വിൽക്കുന്ന അവസ്ഥയിലേക്ക് കർഷകൻ എത്തിനിൽക്കുകയാണ്. അതുകൊണ്ട് ക്ഷീരകർഷകരെ സഹായിക്കാൻ കഴിയുന്ന വിധത്തിൽ സബ്സിഡിയോടുകൂടിയ പാക്കേജ് അങ്ങ് കൊണ്ടുവരണം. ഗവൺമെന്റിന് ക്ഷീരകർഷകരെ സംരക്ഷിക്കാൻ കഴിയണം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, നെതർലാന്റിൽനിന്നും ആസ്ട്രേലിയയിൽനിന്നും പാൽ ഇറക്കുമതി ചെയ്യാനുള്ള കരാറിൽ കേന്ദ്ര ഗവൺമെന്റ് ഒപ്പിടാൻ പോകുകയാണ്. അതോടുകൂടി കാർഷിക മേഖലയിൽ ഗ്രാമപ്രദേശങ്ങളിലുള്ള ജനങ്ങളുടെ ഉപജീവന മാർഗ്ഗമായ പാലുല്പാദനം തകരുമെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. മോൻസ് ജോസഫ്: സർ, കാർഷികനയം തന്നെ കേരളത്തിൽ കൊണ്ടുവന്നയാളാണ് ബഹുമാനപ്പെട്ട അംഗം. അദ്ദേഹം ചോദിക്കുമ്പോൾ ഇരിക്കാതെ പറ്റില്ല. ഒരു കരാറും ഒപ്പിടാതെ തന്നെ കേരളത്തിലെ ക്ഷീര കർഷകൻ പ്രതിസന്ധിയിലാകും.

റബ്ബറിന്റെയും കാർഷികോല്പന്നങ്ങളുടെയും വിലത്തകർച്ചമൂലം പ്രയാസപ്പെടുമ്പോൾ കന്നുകാലി വളർത്തലിലേക്ക് ഗ്രാമവാസികൾ മുന്നോട്ടുവരുന്നതിനെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. അതിന് കഴിയുന്ന വിധത്തിലുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത്തരം നടപടികൾ ഉണ്ടാകാത്തതിൽ ഞങ്ങൾക്ക് പ്രയാസമുണ്ട്.

കേരള കോൺഗ്രസ് പാർട്ടി യു.ഡി.എഫ്. വിട്ടതിനുശേഷം പ്രത്യേക ബ്ലോക്കായി ഇരിക്കാനുള്ള തീരുമാനമെടുത്തു. പ്രശ്നാധിഷ്ഠിതമായ നിലപാടെന്നാണ് പാർട്ടി പ്രഖ്യാപിച്ചത്. റോഡ് നന്നാക്കാനുള്ള പൈസ കിട്ടുന്നില്ല, ക്ഷീര കർഷകർക്ക് കാശ് കിട്ടുന്നില്ല തുടങ്ങിയ പ്രയാസങ്ങൾ നിലനിൽക്കുമ്പോൾ ഞങ്ങൾക്ക് സപ്പോർട്ട് ചെയ്യാൻ കഴിയില്ല. നല്ല കാര്യങ്ങൾ ചെയ്താൽ സപ്പോർട്ട് ചെയ്യുന്നതിന് സന്തോഷമേയുള്ളൂ. കർഷകർ വിഷമിക്കുന്നു, റോഡെല്ലാം തകർന്നിരിക്കുന്നു ആകെ ബുദ്ധിമുട്ടിയിരിക്കുന്ന സാഹചര്യത്തിൽ കേരള കോൺഗ്രസ് പാർട്ടിയും ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഞങ്ങളുടെ പ്രതിഷേധം ഇവിടെ അറിയിക്കുന്നു. ഇത്തരം കാര്യങ്ങൾ തിരുത്തി ഗവൺമെന്റ് ജനങ്ങൾക്കുവേണ്ടി നല്ല നിലയിൽ കാര്യങ്ങൾ ചെയ്യാൻ മുന്നോട്ടുവരണം. അതിലൂടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നല്ല അന്തരീക്ഷം ഉണ്ടാകട്ടേ എന്ന ശുഭാപ്തിവിശ്വാസത്തോടെ ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ചുരുക്കുന്നു.

ശ്രീ. ബി. ഡി. ദേവസ്സി: സർ, പൊതുമരാമത്ത്, മൃഗസംരക്ഷണം, ക്ഷീരവികസനം, വനം എന്നീ വകുപ്പുകളിന്മേലുള്ള ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിൽ 'പുതിയ കാലം പുതിയ നിർമ്മാണം' എന്ന ആശയം മുന്നോട്ടുവച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പിനെ ശക്തിപ്പെടുത്താനും ആധുനികവൽക്കരിക്കാനും കൂടുതൽ പ്രയോജനപ്രദമാക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്ന വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ദേശീയപാതാ വികസനത്തിനുള്ള തടസ്സങ്ങൾ നീക്കാൻ അതിവേഗം ഈ ഗവൺമെന്റ് ഇടപെട്ടുകൊണ്ടിരിക്കുന്നുവെന്നതും സന്തോഷകരമായ കാര്യമാണ്. ഭൂമി ഏറ്റെടുക്കാനുള്ള തടസ്സങ്ങൾ മാറ്റാൻ, അതുപോലെതന്നെ 80 ശതമാനം ഭൂമി ഏറ്റെടുത്താലേ ദേശീയപാതാ നിർമ്മാണം ആരംഭിക്കൂവെന്ന നിലപാടിൽനിന്ന് കേന്ദ്ര ഗവൺമെന്റിൽ ഇടപെട്ടുകൊണ്ട് 60 ശതമാനം ഭൂമി ഏറ്റെടുത്താൽ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നുള്ളതൊക്കെ വകുപ്പിന്റെ സത്വരമായ ഇടപെടലിന്റെ ഭാഗമായി ഉണ്ടായിട്ടുള്ളതാണ്. അതുപോലെ മലയോര-തീരദേശ ഹൈവേ ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുമെന്ന നിശ്ചയദാർഢ്യം ഏറെ താൽപ്പര്യപൂർവ്വമാണ് കേരളീയ സമൂഹം നോക്കിക്കാണുന്നത്. റോഡുകളുടെ അറ്റകുറ്റപ്പണികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് ഒരു വിവേചനവുമില്ലാതെ

എല്ലാ മണ്ഡലങ്ങൾക്കും ഫണ്ട് അനുവദിച്ചുവെന്നതും സന്തോഷകരമായ കാര്യമാണ്. അതുപോലെ കാലേക്കുട്ടി, സീസണുമുമ്പുതന്നെ യോഗംചേർന്ന് ശബരിമലയിലേക്കുള്ള എല്ലാ റോഡുകളും നവീകരിക്കുന്നതിനും അത് കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനും നടപടി സ്വീകരിച്ചുവെന്നുള്ളത് സ്വാഗതാർഹമാണ്. കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന റോഡുകളും പാലങ്ങളും ടോളില്ലാതെ ജനങ്ങൾക്ക് സഞ്ചാരയോഗ്യമാക്കുമെന്ന പ്രഖ്യാപനം ഏറെ സന്തോഷകരമായിട്ടുള്ളതാണ്. ഇൻഫ്രാസ്ട്രക്ച്ചർ വികസനമെന്നത് മറ്റെല്ലാ വികസനവും വരുന്നതിനുള്ള മുന്നൊരുക്കമാണ്. എൽ.ഡി.എഫ്. സർക്കാർ പൊതുമരാമത്ത് രംഗത്ത് ക്രിയാത്മകമായ നിരവധി പദ്ധതികളാണ് തീരുമാനിച്ചിട്ടുള്ളത്. ബജറ്റിന് പുറത്ത് കോടിക്കണക്കിന് രൂപ കണ്ടെത്തിയാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നതെന്നതാണ് പ്രധാന നേട്ടം. ഈ രീതി പരീക്ഷിക്കുന്നത് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ്. എസ്.പി.വി. രൂപീകരിച്ചുകൊണ്ടുള്ള പുതിയ സമീപനം ബദൽ സാമ്പത്തിക നയത്തിന്റെ ഭാഗമായിട്ടുള്ളതാണ്. ട്രഷറി നിക്ഷേപത്തെ ആശ്രയിച്ചുകൊണ്ടാണ് 2006-2011 വരെയുള്ള കാലഘട്ടത്തിൽ പി.ഡബ്ല്യു.ഡി.-യിലെ പ്രോജക്ടുകൾ നടപ്പാക്കിയത്. ട്രഷറി നിക്ഷേപ ഫണ്ട് സമാഹരണത്തിന്റെ ഭാഗമായി എന്റെ മണ്ഡലത്തിൽ മാത്രമാണ് പത്തുകോടി രൂപ ലഭിച്ചത്. എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായി അത് മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞില്ല. അതുകൊണ്ടാണ് ബഡ്ജറ്റിന് പുറമേ കടം വാങ്ങുക എന്ന സമീപനം ഈ ഗവൺമെന്റിന് സ്വീകരിക്കേണ്ടിവന്നത്. ഇതിന്റെ ഭാഗമായി റോഡുകൾ, പാലങ്ങൾ, ഫ്ലൈ ഓവറുകൾ, ബൈപ്പാസുകൾ എന്നിവ ധാരാളം വരാൻ പോകുന്നു എന്നുള്ളത് കേരളത്തിന്റെ വികസനത്തിന് ഏറെ സാധ്യതകൾ വർദ്ധിപ്പിക്കുന്നതാണ്. സംസ്ഥാനത്തെ റോഡുകളെല്ലാം ഗതാഗതയോഗ്യമായാൽ പെട്രോൾ, ഡീസൽ ചെലവ് വളരെയേറെ കുറയുമെന്നതിനുപുറമേ സ്പെയർ പാർട്സുകളുടെ തേയ്മാനം കുറയ്ക്കാനും സാധിക്കും.

റോഡുകളുടെ അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് നേരത്തെ എൻ.എം.ആർ. എന്ന ഒരു പരിപാടി പി.ഡബ്ല്യു.ഡി. റോഡുകളിലുണ്ടായിരുന്നു. ഒരു കുഴി കണ്ടാൽ എൻ.എം.ആർ.-ലെ തൊഴിലാളികൾ വന്ന് അത് കൂടുതൽ കുഴിയാകാതിരിക്കാനുള്ള നടപടി സ്വീകരിക്കുമായിരുന്നു. ഇപ്പോൾ അങ്ങനെയൊരു സംവിധാനമില്ല. അതുകൊണ്ട് കുഴികൾ കാണുമ്പോൾത്തന്നെ അത് അടയ്ക്കാനും മെയിന്റനൻസ് നടത്താനുമുള്ള സംവിധാനമുണ്ടാകണം.

റോഡുകളുടെ നിർമ്മാണത്തിൽ പ്ലാസ്റ്റിക് ഉൾപ്പെടെ ഉപയോഗിച്ചുകൊണ്ടുള്ള നവീകരണ പ്രവർത്തനങ്ങൾ ആവശ്യമാണ്. പരമാവധി റോഡുകൾ ബി.എം. & ബി.സി. ആക്കാൻ കഴിയണം. റോഡുകളുടെ ഇന്നത്തെ ഗുണനിലവാരം വളരെ

മോശമാണ്. റോഡ് നിർമ്മാണത്തിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള മെറ്റീരിയൽസിന്റെ ക്വാണ്ടിറ്റിയും ക്വാളിറ്റിയും പലപ്പോഴും പാലിക്കപ്പെടാത്ത അവസ്ഥയുണ്ട്. അതുകൊണ്ട് ഇത് കൃത്യമായി പാലിക്കപ്പെടണം. റോഡുകൾ നല്ല രീതിയിൽ നന്നാക്കിയാൽ, അത് ദീർഘകാലം നിലനിന്നാൽ മെയിന്റനൻസ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഒഴിവാക്കാൻ കഴിയും.

പി.ഡബ്ല്യു.ഡി. റോഡുകളുമായി ബന്ധപ്പെട്ടുള്ള മറ്റൊരു പ്രശ്നം കാനകളില്ല എന്നതാണ്. അതുകൊണ്ട് റോഡ് നിർമ്മാണത്തിൽ കാനകൾ നിർബന്ധമാക്കണം. കാനകളില്ലാത്തതിന്റെ ഫലമായി റോഡുകൾ ഗതാഗതയോഗ്യമല്ലാതാകുന്ന അവസ്ഥ നിലനിൽക്കുകയാണ്. 2007-2011-ൽ എൽ.ഡി.എഫ്. സർക്കാരിന്റെ അവസാന കാലത്താണ് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഗ്രാമീണ റോഡുകൾ നന്നാക്കാൻ തുക നീക്കിവച്ചത്. കാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൊണ്ട് ഗ്രാമീണ റോഡുകൾ നന്നാക്കാൻ കഴിയില്ല. ആ പദ്ധതി വീണ്ടും ആരംഭിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ - ഹൈവേയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്. പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗത്തിൽ നിലനിൽക്കുന്ന ഒരു പ്രശ്നമാണ് സിവിൽ വർക്കുകൾ കഴിഞ്ഞാലും ഇലക്ട്രിഫിക്കേഷൻ വർക്കുകൾ വളരെ താമസിക്കുന്നു എന്നുള്ളത്. അതുകൊണ്ട് സിവിൽ വർക്കുകൾ പൂർത്തിയാക്കിയ പല കെട്ടിടങ്ങളും ഇലക്ട്രിഫിക്കേഷൻ നടക്കാത്തതിന്റെ ഭാഗമായി പൂർത്തീകരിക്കാൻ കഴിയുന്നില്ല. ഇതിനൊരു ഏകോപനമുണ്ടാകണം. എയർടൈറ്റ് കംപാർട്ട്മെന്റുകളായി നിൽക്കുന്ന പി.ഡബ്ല്യു.ഡി. ഇലക്ട്രിക്/സിവിൽ വിഭാഗങ്ങളെ യോജിപ്പിച്ചുകൊണ്ട് കെട്ടിടം പണി പൂർത്തീകരിച്ചാലുടൻതന്നെ ഇലക്ട്രിഫിക്കേഷൻ നടത്താനുള്ള നടപടികളു ണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

പാലിയേക്കര ടോൾ പിരിവുമായി ബന്ധപ്പെട്ട് ഇവിടെ പരാമർശിക്കുകയുണ്ടായി. ബി.ഒ.ടി. സംവിധാനം കൊണ്ടുവന്നത് കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള യു.പി.എ. സർക്കാരാണ്. കോൺഗ്രസ് 1990-കളിൽ ആരംഭിച്ച ആഗോളവത്കരണ നയങ്ങളുടെ ഭാഗമായിട്ടാണ് ടോൾ കൊടുത്ത് യാത്ര ചെയ്യണമെന്നുള്ള സംവിധാനം കൊണ്ടുവന്നത്. സേവനം വേണമെങ്കിൽ കാശ് മുടക്കണം എന്നുള്ള നയത്തിന്റെ ഭാഗമായിട്ടാണ് മണ്ണുത്തി മുതൽ അങ്കമാലി വരെയുള്ള 40 കിലോമീറ്റർ റോഡ് ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിച്ചത്. 2006-ൽ എൽ.ഡി.എഫ്. സർക്കാർ വന്നപ്പോൾ സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് വയ്ക്കാൻ മടിച്ചു. കാരണം ഇത് വന്നുകഴിഞ്ഞാൽ ജനങ്ങൾ ടോൾ കൊടുക്കേണ്ടിവരും. ആറുമാസമായിട്ടും ഹൈവേ

നന്നാക്കാൻ കേന്ദ്ര ഗവൺമെന്റ് ഫണ്ട് തരാത്ത സാഹചര്യത്തിലാണ് ഗത്യന്തരമില്ലാതെ അന്നത്തെ എൽ.ഡി.എഫ്. സർക്കാരിന് സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് വയ്ക്കേണ്ടിവന്നത്. എൽ.ഡി.എഫ്. സർക്കാർ വരുന്നതിന് മുമ്പുതന്നെ സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് പോലുമില്ലാതെ യു.ഡി.എഫ്. ഭരണകാലത്ത് ഈ റോഡിന്റെ നിർമ്മാണം ആരംഭിച്ചു. എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷം സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് വച്ച് നിർമ്മാണം ആരംഭിച്ചു. 2011-ൽ യു.ഡി.എഫ്. സർക്കാർ വന്നതിനുശേഷമാണ് ടോൾ പിരിവ് ആരംഭിക്കുന്നത്. എന്നാൽ അതിനുമുമ്പ് അനുബന്ധ നിർമ്മാണപ്രവർത്തനങ്ങളായ സർവ്വീസ് റോഡുകൾ, സ്ട്രീറ്റ് ലൈറ്റ്, ബസ് ബേ, ബസ് ഷെൽട്ടർ, ഡ്രെയിനേജ്, സുരക്ഷാ നടപടികൾ ഇവയൊന്നും ചെയ്തിരുന്നില്ല. ടോൾ പിരിക്കാനുള്ള റോഡ് മാത്രം ശരിയാക്കി. അനുബന്ധ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാതെയാണ് യു.ഡി.എഫ്. സർക്കാർ ടോൾ പിരിക്കാൻ അനുമതി നൽകിയത്. ഇതുമായി ബന്ധപ്പെട്ട് അനുബന്ധ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ ഇന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥും ഞാനും ഉൾപ്പെടെ അന്നത്തെ മുഖ്യമന്ത്രിയുടെയും പി.ഡബ്ല്യു.ഡി. മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ എത്രയോ മീറ്റിംഗുകൾ നടത്തിയെന്നല്ലാതെ യാതൊരു പുരോഗതിയും ഉണ്ടായില്ല. അനുബന്ധ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചില്ല. കരാറിലില്ലാത്ത അനുബന്ധ നിർമ്മാണപ്രവർത്തനങ്ങൾക്കായി 98 കോടി രൂപ യു.ഡി.എഫ്. സർക്കാർ അനുവദിക്കുമെന്ന് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി മീറ്റിംഗിൽ പറഞ്ഞെങ്കിലും അത് അനുവദിച്ചില്ല. തുകയുടെ പരിമിതികൊണ്ടാണ് അത് അനുവദിക്കാത്തതെന്ന് പിന്നീട് പറഞ്ഞു. ചില കാര്യങ്ങൾ ചെയ്യാൻ 67 കോടി രൂപ അനുവദിക്കാമെന്ന് പറഞ്ഞെങ്കിലും ഒരു പൈസപോലും അനുവദിച്ചില്ല. വ്യത്യാസം പറയാനാണ് ഞാനിത് സൂചിപ്പിച്ചത്. ഇപ്പോഴത്തെ എൽ.ഡി.എഫ്. സർക്കാർ വന്നപ്പോൾ ഇക്കാര്യം ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ ശ്രദ്ധയിൽപ്പെടുത്തി. അദ്ദേഹം എന്നെയും ഒല്ലൂർ എം.എൽ.എ.-യേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും വിളിച്ചു. എന്തുകൊണ്ട് കരാർ ലംഘിച്ച കോൺട്രാക്ടറെ ഒഴിവാക്കിയില്ലെന്നാണ് അദ്ദേഹം എൻ.എച്ച്.എ.ഐ. ഉദ്യോഗസ്ഥരോട് ചോദിച്ചത്. അതിനായി അദ്ദേഹം ഒരു പരിപാടി ആവിഷ്കരിച്ചു. കരാറിലുള്ള അനുബന്ധ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ ഇത്ര സമയംകൊണ്ട് ഇന്നയിന്ന കാര്യങ്ങൾ ചെയ്യണമെന്ന് നിഷ്കർഷിക്കുകയും അതിന് സൂപ്പർവിഷൻ നടത്താനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. അതിന്റെ ഭാഗമായി ഹൈവേ അതോറിറ്റിക്കും എൻ.എച്ച്.എ.ഐ.-യുടെ വർക്ക് നടത്തുന്ന കോൺട്രാക്ടർക്കും കമ്പനിക്കും ഭയമുണ്ടായതിന്റെ ഫലമായി കുറച്ച് കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു. ഇനിയും പൂർത്തീകരിക്കേണ്ട കാര്യങ്ങളുണ്ട്. അവ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം.

സമാന്തര പാതയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് യഥാർത്ഥത്തിൽ സമാന്തര പാതയല്ല. അവിടെ ഉണ്ടായിരുന്ന സഞ്ചാര സ്വാതന്ത്ര്യമാണ് കോടതി വിധിയുടെ മറവിൽ എൻ.എച്ച്.എ.ഐ. ഇപ്പോൾ ഇല്ലാതാക്കിയത്. അതുകൊണ്ട് പഴയ സ്ഥിതി പുനഃസ്ഥാപിക്കണം. അവിടെ മുമ്പുണ്ടായിരുന്ന ഓപ്പണിംഗിന്റെ വീതി കുറച്ചിട്ടുണ്ട്. ആ വീതി ഒരിക്കലും കുറയ്ക്കാൻ പാടില്ല. മുമ്പുണ്ടായിരുന്ന സ്ഥിതിയിലേക്ക് അത് എത്തിക്കണം. എൻ.എച്ച്.എ.ഐ.-യുടെ അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനും പാലിയേക്കര ടോളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനും സത്വരനടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കേരളത്തിൽ ആദ്യമായിട്ടാണ് വനം വകുപ്പിന് പ്രായോഗികമായ ഒരു നിലപാടുണ്ടാകുന്നത്. വനം വനത്തിനുവേണ്ടിയല്ല. മറിച്ച് വനം മനുഷ്യർക്കും നാടിനും കൂടിയുള്ളതാണെന്ന ആശയം നടപ്പിലാക്കാൻ ശ്രമിക്കുന്ന ഒരു മന്ത്രിയാണ് ഇപ്പോഴുള്ളതെന്നത് വളരെ സന്തോഷകരമാണ്. വനവും നന്നാകും അതിന്റെ ഭാഗമായി നാട്ടും നന്നാകുമെന്ന ഒരവസ്ഥ ഉണ്ടാകുമെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. വനം വകുപ്പുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെടുത്താനുള്ള ചില കാര്യങ്ങൾ - കഴിഞ്ഞമാസം പറമ്പിക്കുളത്തോട് ചേർന്ന് തമിഴ്നാട്ടിൽ ഒരു പ്രക്ഷോഭം ഉയർന്നുവന്നു. തമിഴ്നാട് റോഡിലൂടെയാണ് പറമ്പിക്കുളത്തേക്ക് കടന്നുവരേണ്ടത്. ആ പ്രക്ഷോഭത്തിന്റെ ഭാഗമായി എം.എൽ.എ.മാരടക്കമുള്ള ജനപ്രതിനിധികൾക്കും പോലീസിനും വനം വകുപ്പ് ഉദ്യോഗസ്ഥർക്കും പറമ്പിക്കുളത്തേക്ക് കടന്നുചെല്ലാൻ കഴിഞ്ഞില്ല. ഇതിനൊരു ബദൽമാർഗ്ഗം ആലോചിക്കേണ്ടതുണ്ട്. കേരളത്തിന്റെ വനത്തിലൂടെ പറമ്പിക്കുളത്തേക്ക് വരാൻവേണ്ടി നെല്ലിയാമ്പതിയിൽനിന്നും വാഴച്ചാലിൽനിന്നും പണ്ടുമുതൽക്കേ ഒരു പാതയുണ്ട്. ഇങ്ങനെയൊരു പ്രശ്നം വന്നപ്പോൾ നെല്ലിയാമ്പതിയിൽനിന്നുള്ള ആ പാത ഉപയോഗിച്ച കാര്യം ഇത്തരുണത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്. അതുകൊണ്ട് കേരളത്തിന്റെ വനത്തിലൂടെ പറമ്പിക്കുളത്തേക്ക് പോകാനുള്ള ഒരു ബദൽ പാത ഒരുക്കണമെന്നാണ് എനിക്ക് ഇതിനെ സംബന്ധിച്ച് പറയാനുള്ളത്.

മറ്റൊരു കാര്യം പെരിങ്ങൽക്കുത്ത് ഡാമിൽ കെ. എസ്. ഇ. ബി. ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി ബോട്ടിംഗ് നടത്തിയിരുന്നു. അത് ഇതിനുമുമ്പത്തെ എൽ.ഡി.എഫ്. സർക്കാർ ആരംഭിച്ചതും യു.ഡി.എഫ്. സർക്കാർ തുടർന്നുവന്നതുമാണ്. എന്നാൽ ഇപ്പോൾ അത് ടൈഗർ റിസർവ് ആണെന്നുപറഞ്ഞ് നിർത്തി വച്ചിരിക്കുകയാണ്. ഇതിലൊരു വൈരുദ്ധ്യമുള്ളത്-ഇപ്പോഴും തേക്കടി കടുവ സങ്കേതമാണ്. അവിടെ ബോട്ടിംഗ് നടത്തുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് പെരിങ്ങൽക്കുത്തിൽ വീണ്ടും ബോട്ടിംഗ് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ആദിവാസികൾക്ക് ഭൂമിയിൽനിന്ന് മരങ്ങൾ മുറിക്കാനുള്ള അനുവാദം നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ സത്വര ഇടപെടലുണ്ടാകണം. എന്റെ മണ്ഡലത്തിൽ കണ്ണൻകുഴി എന്നൊരു എസ്.സി. കോളനിയുണ്ട്. അമ്പത് വർഷങ്ങൾക്കുമുമ്പ് അവർക്ക് പട്ടയം കൊടുത്തതാണ്. എന്നാൽ ഫോറസ്റ്റ് ഡീ-വെസ്റ്റ് ചെയ്യാത്തതുകൊണ്ടും നോട്ടിഫിക്കേഷൻ നടക്കാത്തതുകൊണ്ടും അത് കൊടുക്കാൻ കഴിയാത്ത അവസ്ഥ വന്നിരിക്കുകയാണ്. അതുപോലെ വന്യജീവികളുടെ ശല്യം തടയാനുള്ള സത്വര നടപടി സ്വീകരിക്കണം. ചാലക്കുടിയിൽ റാപ്പിഡ് റെസ്പോൺസ് ടീമിനെ നിയോഗിക്കണം.

മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് എന്റെ മണ്ഡലത്തിൽ പോത്തിറച്ചി സംസ്കരണ ഫാക്ടറി ആരംഭിക്കുന്നതിന് 30 വർഷങ്ങൾക്കുമുമ്പ് 15 ഏക്കർ സ്ഥലം വാങ്ങിയിട്ടതാണ്. പലവക കാരണങ്ങളാൽ അത് നീണ്ടുപോകുകയാണ്. അവിടെ ആധുനിക മാംസ സംസ്കരണ ഫാക്ടറി തുടങ്ങാനുള്ള നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

2.00 PM]

മറ്റൊരു കാര്യം, ക്ഷീരമേഖലയുമായി ബന്ധപ്പെട്ടതാണ്. പാലിന്റെ ഉല്പാദന ചെലവിനനുസരിച്ച് വിലകിട്ടാത്തതിനാൽ ക്ഷീരകർഷകർ വളരെ നിരാശയിലാണ്. കാലിത്തീറ്റയുടെ വില വർദ്ധിക്കുന്നതനുസരിച്ച് സബ്സിഡി വർദ്ധിക്കുന്നില്ല. സബ്സിഡിയുടെ പരിധി ഉയർത്തണം. ക്ഷീരകർഷകർക്കുള്ള പെൻഷനും ക്ഷേമനിധി ആനുകൂല്യങ്ങളും വർദ്ധിപ്പിക്കണം. ക്ഷീരമേഖലയിലെ ജീവനക്കാരുടെ സ്ഥിതി വളരെ പരിതാപകരമാണ്. അവർക്ക് ആവശ്യമായ ആനുകൂല്യങ്ങൾ നല്കണം. മിൽമയുടെ അടിത്തറയാണ് പ്രാഥമിക ക്ഷീരസഹകരണസംഘങ്ങൾ. ഈ പ്രാഥമിക സഹകരണസംഘങ്ങളിലെ പാൽ വാങ്ങുന്നതിന്റെ ഭാഗമായാണ് മിൽമ മെച്ചപ്പെടുന്നത്. ഈ സംഘങ്ങളിൽനിന്ന് ഇരുപത്തിയെട്ടോ മുപ്പതോ രൂപയ്ക്കെടുക്കുന്ന പാലിൽനിന്ന് മിൽമ ക്രീം മാറ്റിയതിനുശേഷം 39 രൂപയ്ക്കാണ് വില്ക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് കിട്ടുന്നില്ല. മിൽമയിലെ നിയമനത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് കൂടുതൽ പ്രാതിനിധ്യം നൽകണമെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്.

കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് കാലികൾക്ക് വസന്ത രോഗമുണ്ടായി. തൃശ്ശൂർ ജില്ലയിൽ കുരുളടപ്പൻ, കുളമ്പുരോഗം തുടങ്ങിയവയുടെ ഭാഗമായി പശുക്കൾ ചാകുന്ന അവസ്ഥയുണ്ടായി. ഓരോ പശുവിന്റെ ഉടമസ്ഥനും 40,000 രൂപവീതം കൊടുക്കുമെന്ന് അന്നത്തെ ക്ഷീരവികസന വകുപ്പുമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. ലക്ഷക്കണക്കിന് ക്ഷീരകർഷകർക്ക് 40,000 രൂപവച്ച് കൊടുക്കുമെന്ന് പറഞ്ഞിട്ട് അത് കൊടുത്തിട്ടില്ലെന്ന കാര്യംകൂടി ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

രാസപ്പാൽ, രാസമുട്ട തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഏറെ ചർച്ച ചെയ്യപ്പെടുകയാണ്. ഇക്കാര്യത്തിൽ ആവശ്യമായ പരിശോധനയുണ്ടാകണം. ഗുണമേന്മയുള്ള പാലും മുട്ടയും വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇത്രയും പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഒരിക്കൽ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയോട് ഒരു പത്രപ്രവർത്തകൻ 'കാട്ടിൽ വന്യമൃഗങ്ങൾ കുറഞ്ഞുവരുന്നതിന്റെ കാരണമെന്താണ്; അത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുന്നുണ്ടോയെന്ന്' ചോദിച്ചപ്പോൾ രാഷ്ട്രപിതാവ് ചിരിച്ചുകൊണ്ട് പറഞ്ഞ മറുപടി 'നാട്ടിൽ വന്യമൃഗങ്ങളുടെ വർദ്ധനവ് നിങ്ങൾ ശ്രദ്ധിക്കുന്നില്ലേ എന്നാണ്'. ഇവിടെ ആനകളുടെയും പട്ടികളുടെയും ശല്യം പറയുകയുണ്ടായി. കേരളത്തിൽ മനുഷ്യൻ മനുഷ്യനെ കൊല്ലുമ്പോൾ മൃഗങ്ങളുടെ ശല്യത്തെക്കുറിച്ച് പറയാനുള്ള ചിന്ത മനുഷ്യനുണ്ടാകുന്നത് എങ്ങനെയാണ്? ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 70 കൊലപാതകങ്ങളാണ് നടന്നിരിക്കുന്നത്. രാഷ്ട്രീയ കൊലപാതകങ്ങൾ ഒൻപതിലധികമായി. ഇങ്ങനെ മനുഷ്യനെ കൊല്ലുന്ന ഈ നാട്ടിൽ മൃഗങ്ങളുമായി ബന്ധപ്പെട്ട ഉപദ്രവത്തെക്കുറിച്ച് സംസാരിക്കാൻ എങ്ങനെയാണ് കഴിയുക? ഇവിടെ ഇവർ ഒച്ചയെടുക്കുന്നത് എന്തുകൊണ്ടാണ്; ഇവർ ബഹളംവയ്ക്കുന്നത് എന്തുകൊണ്ടാണ്? 'കാലൊച്ച കേൾക്കവേ വാതിൽ തുറക്കും' എന്ന് അവർ പറഞ്ഞു. ഇപ്പോൾ കണ്ടില്ലേ നാലുമാസം കഴിഞ്ഞപ്പോഴേയ്ക്കും വാതിൽതുറന്ന് ഒരു മന്ത്രി പുറത്തേക്കുപോയത്. ഇങ്ങനെയാണെങ്കിൽ ഓരോ നാലുമാസം കഴിയുമ്പോഴും ഓരോ മന്ത്രിവീതം പുറത്തേക്കുപോയാൽ ഇവിടെ ഒച്ചയെടുത്തവർക്കൊക്കെ മന്ത്രിയാകാനുള്ള അവസരം ലഭിക്കും. അതുകൊണ്ടാണ് അവർ ഇങ്ങനെ പ്രവർത്തിക്കുന്നതെന്ന് എനിക്കറിയാം. ഈ നാടിനെ എങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും? നമുക്കറിയാം, ഇവിടെ നിരവധി വിഷയങ്ങളുണ്ട്. ഇവിടെ മന്ത്രിമാർക്കെതിരെ കരിങ്കൊടി കാണിച്ചാൽ എന്താണ് അവസ്ഥ? ഇവിടെ സമരസഖാക്കളുണ്ടല്ലോ; യൂത്ത് കോൺഗ്രസ് പ്രവർത്തകർ കരിങ്കൊടി കാണിച്ചപ്പോൾ എന്തുണ്ടായി? പാലക്കാടും മലപ്പുറത്തും തിരുവനന്തപുരത്തും എറണാകുളത്തുമൊക്കെ ജാമ്യമില്ലാ വകുപ്പെടുത്ത് ഇവരെ ജയിലിലേക്ക് വിടുമ്പോൾ ഒരുകാര്യം ഞങ്ങൾക്ക് ബോധ്യപ്പെട്ടു. 'കാലൊച്ച കേൾക്കവേ വാതിൽ അടയ്ക്കുക' എന്നുള്ളതാണ് ഇവരുടെ രഹസ്യനീക്കമെന്ന്. സമയത്തിന്റെ പരിമിതികൊണ്ട് ഇവിടെ ചിലർ പറയുന്ന കാര്യങ്ങളൊന്നും ഞാൻ ശ്രദ്ധിക്കുന്നില്ല. നിരവധി വിഷയങ്ങൾ സംസാരിക്കാനുള്ളതു കൊണ്ടാണ് അതൊന്നും കേൾക്കാതിരിക്കുന്നത്. എനിക്ക് ചെവിയില്ലാത്തതു കൊണ്ടല്ല അങ്ങോട്ട് നോക്കാത്തത്; ഞാൻ ചെയറിനോടാണ് സംസാരിക്കുന്നത്.

ഇവിടത്തെ പൊതുമരാമത്ത് വകുപ്പിന്റെ അവസ്ഥയെന്താണ്; ഇന്ന് റോഡിലൂടെ യാത്ര ചെയ്യാൻ സാധിക്കുമോ? റോഡിൽ കുണ്ടും കുഴികളുമാണ്. കേരളത്തിൽ റോഡ് നിർമ്മിക്കുന്നത് നൂറ് ദിവസത്തേയ്ക്കാണെന്ന് എനിക്ക് തോന്നിപ്പോയിട്ടുണ്ട്. വിദേശരാജ്യങ്ങളിലാണെങ്കിൽ 100 വർഷത്തേയ്ക്കാണ് റോഡ് നിർമ്മിക്കുന്നത്.

ശ്രീ. വി. ടി. ബൽറാം: സർ, പോയിന്റ് ഓഫ് ഓർഡർ. ഇത്രയും പ്രധാനപ്പെട്ട ചർച്ച നടക്കുമ്പോൾ ഈ രണ്ട് വകുപ്പിന്റെയും മന്ത്രിമാർ സീറ്റിലില്ല. ചെയർ ഇത് നോട്ട് ചെയ്യണം.

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, സീറ്റിലുണ്ടായിട്ടും വലിയ കാര്യമൊന്നുമില്ല. പിന്നീട് ഇതിന്റെ വീഡിയോ കാണട്ടേ. ഇവിടെ നൂറ് വർഷത്തേക്കു വേണ്ടി റോഡുകൾ പണിയുന്ന ഒരവസ്ഥയുണ്ടാകണം. .... (ബഹളം)....

മി. ചെയർമാൻ: പ്ലീസ്.... പ്ലീസ്.... രണ്ട് മന്ത്രിമാരുണ്ട്. താങ്കൾ സംസാരിക്കണം. ....(ബഹളം)....

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, പൊതുമരാമത്ത് വകുപ്പിൽ 5,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധപാക്കേജ് നടപ്പിലാക്കുമെന്നാണ് പറയുന്നത്. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ഏത് രീതിയിലാണ് മുന്നോട്ടുപോകാൻ കഴിയുക? എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂരിൽ ബൈപ്പാസിനുവേണ്ടി പ്രാഥമിക ഘട്ടത്തിൽ വകയിരുത്തിയത് 43 കോടി രൂപയായിരുന്നു. എന്നാൽ അനുവദിച്ചത് 20 കോടി രൂപയാണ്. നിരവധി ആവശ്യങ്ങളുണ്ട്. റോഡുകളുടെ കുണ്ടും കുഴിയും അടയ്ക്കുന്നതിനു മാത്രം 225 ലക്ഷം രൂപ ആവശ്യമുള്ളപ്പോൾ കേവലം 75 ലക്ഷം രൂപയേ അനുവദിച്ചിട്ടുള്ളൂ എന്നുപറയുമ്പോൾ ഈ ഗവൺമെന്റിന്റെ നയം എന്താണെന്ന് മനസ്സിലാക്കാൻ കഴിയും.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ക്ഷീരവികസന വകുപ്പുമന്ത്രിയെക്കുറിച്ച് വ്യക്തിപരമായ ആക്ഷേപമൊന്നും എനിക്കില്ല. അദ്ദേഹം ക്ഷീരത്തിന്റെ ഗുണമുള്ള ഒരു മന്ത്രിയാണ്. കാരണം ഞാൻ എം.എൽ.എ. ആയതിനുശേഷം എന്റെ നിയോജകമണ്ഡലത്തിലെ ഒരു പൊതുപരിപാടിയിൽ പങ്കെടുക്കാൻ ക്ഷണിച്ചപ്പോൾ അവിടത്തെ ലോക്കൽ കമ്മിറ്റി അംഗങ്ങളുടെ സമ്മതം വാങ്ങാതെ ഓടിയെത്തിയ ഒരേയൊരു മന്ത്രി അദ്ദേഹമാണ്. മറ്റു പല മന്ത്രിമാരും അവിടെ എത്താതിരുന്നതിന്റെ അമർഷവുംകൂടി രേഖപ്പെടുത്തി കൊണ്ടാണ് ഞാൻ ഇക്കാര്യം പറയുന്നത്. ഒരു കാര്യം സൂചിപ്പിക്കട്ടെ, ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബജറ്റ് പ്രസംഗത്തിൽ ഒട്ടും പരിഗണന കിട്ടാതെ പോയ ഒരു മേഖലയാണ് മൃഗസംരക്ഷണവും ക്ഷീര

വികസനവും. മൃഗസംരക്ഷണത്തിന് കിട്ടിയ അത്രയും പരിഗണനപോലും ക്ഷീര വികസന വകുപ്പിന് കിട്ടിയില്ലെന്നത് യാഥാർത്ഥ്യമല്ലേ? കേവലം 383 കോടി രൂപ മാത്രമാണ് ഇരുമേഖലകളിലുമായി ബന്ധപ്പെട്ട് നീക്കിവച്ചിരിക്കുന്നത്. ഇതിൽ മൃഗസംരക്ഷണ വകുപ്പിന് 290 കോടി രൂപ നീക്കിവച്ചിരിക്കുന്നു. എന്നാൽ ഡയറി വകുപ്പിന് കേവലം 90 കോടി രൂപ മാത്രമേയുള്ളൂ എന്നുപറയുമ്പോൾ പണ്ടു മുതൽക്കേ എല്ലാവരും പാടിനടക്കുന്നതുപോലെ

"ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും

ചോരതന്നെ കൊതുകിന്നു കൗതുകം"

എന്നുപറയുന്ന രീതിയിൽ ക്ഷീരവകുപ്പിനെ മനഃപൂർവ്വം അവഗണിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നുവെന്ന് കാണാൻ കഴിയും. കന്നുകുട്ടി പരിപാലനത്തിന് 50 കോടി രൂപ നീക്കിവച്ചിരിക്കുന്നുവെന്ന് പറയുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കന്നുകുട്ടി പരിപാലനത്തിനുള്ള തീറ്റ കഴിഞ്ഞ നാലുമാസമായി നല്കിയിട്ടില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. കാലിത്തീറ്റ സബ്സിഡിക്ക് കേവലം 20 കോടി രൂപ മാത്രമാണ് നീക്കിവച്ചിരിക്കുന്നത്. ഞാൻ എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്നപ്പോൾ അവസാന വർഷംതന്നെ സബ്സിഡി ഇനത്തിൽ കാലിത്തീറ്റയ്ക്കുവേണ്ടി ആറേകാൽ കോടി രൂപയുടെ 'പാൽക്കടൽ' എന്നുപറയുന്ന ഒരു പദ്ധതി നടപ്പിലാക്കിയിരുന്നു. ഒരു ഗവൺമെന്റ് സംസ്ഥാനത്തിനാകമാനമായി 20 കോടി രൂപ മാറ്റിവച്ചാൽ ഏതു രീതിയിലുള്ള സബ്സിഡിയാണ് കൊടുക്കുവാൻ കഴിയുകയെന്നത് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഉത്തരം പറയേണ്ട കാര്യമാണ്. ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു നൂതന പദ്ധതിയും പ്രഖ്യാപിക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. കേവലം 5 കോടി രൂപയുടെ വർദ്ധനവ് മാത്രമേ ഈ ഗവൺമെന്റിന് ബഡ്ജറ്റിലൂടെ നല്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നുപറയുമ്പോൾ ഇതൊന്നും പ്രാവർത്തികമാക്കാൻ വേണ്ടിയുള്ളതല്ലെന്ന് മനസ്സിലാക്കാം.

മി. സ്പീക്കർ: യെസ്.... അങ്ങയുടെ സമയം തീർന്നു.

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, എന്റെ സമയം അഞ്ചുമിനിറ്റോളം കളഞ്ഞു. വകുപ്പുമന്ത്രിമാർ ആരുമില്ലാത്തതുകൊണ്ട് ചെയറിന്റെ അനുമതിയോടുകൂടി ഇവർ ബഹളമുണ്ടാക്കിയപ്പോൾ ഞാൻ ഇവിടെ ഇരിക്കുകയായിരുന്നു.

കേരളത്തിലെ പ്രധാന സ്വയംതൊഴിൽരംഗമായ കന്നുകാലി വളർത്തൽ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ ബഹുമാനപ്പെട്ട ക്ഷീരവികസന വകുപ്പുമന്ത്രി മാത്രമല്ല ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രികൂടി പരിഗണിക്കണമെന്നാവശ്യപ്പെടുകയാണ്. വികസനത്തിന് അനന്ത സാധ്യതയുള്ള മേഖലയാണിത്. കൂടുതൽ സഹായം നൽകി ഈ മേഖലയെ വിപുലപ്പെടുത്തണം. അതിനായി

ക്ഷീരകർഷക പ്രമുഖരുടെയും മുൻ ക്ഷീരവികസന മന്ത്രിമാരുടെയും യോഗം വിളിക്കുവാൻ വകുപ്പുമന്ത്രി ശ്രീ. കെ. രാജു മുൻകയ്യെടുക്കണം. മുൻമന്ത്രി ശ്രീ. കെ. സി. ജോസഫ് ഇത് നന്നായി നടത്തിക്കൊണ്ടുപോയതാണ്. അദ്ദേഹത്തോട് ചോദിക്കാൻ മടിയുണ്ടെങ്കിൽ അതിനുമുൻപുണ്ടായിരുന്ന ബഹുമാനപ്പെട്ട സി. ദിവാകരനോടെങ്കിലും ഉപദേശം തേടണമെന്നാണ് എന്റെ എളിയ അഭ്യർത്ഥന. കാരണം അദ്ദേഹം നടപ്പിലാക്കിയ 'ഗോസുരക്ഷാ പദ്ധതി' ആ കാലഘട്ടത്തിൽ ഏറെ ചർച്ചചെയ്യപ്പെട്ടതായിരുന്നു. കാലിത്തീറ്റയുടെ വിലവർദ്ധനവാണ് ക്ഷീര കർഷകർ നേരിടുന്ന പ്രധാന പ്രശ്നം. അടിക്കടി വില വർദ്ധിപ്പിക്കുന്ന സ്വകാര്യ കമ്പനികളെ നിയന്ത്രിക്കണം. സർക്കാരിന്റെ അനുവാദമില്ലാതെ സ്വകാര്യ കമ്പനികൾക്ക് കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കാൻ പാടില്ലെന്ന നിയമം കൊണ്ടുവരണം. ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ യു.ഡി.എഫ്. ഗവൺമെന്റ് നടത്തിയ നീക്കങ്ങൾ തുടരണം. കാലിത്തീറ്റയ്ക്ക് കൂടുതൽ സബ്സിഡി നൽകണം. സർക്കാർ ഉടമസ്ഥതയിലുള്ള കേരളാ ഫീഡ്സിനും മിൽമയ്ക്കും കാലിത്തീറ്റയുടെ വില നിയന്ത്രിക്കുന്നതിൽ പ്രധാന പങ്കുവഹിക്കാൻ കഴിയും. ഇവർ ആവശ്യത്തിന് കാലിത്തീറ്റ മാർക്കറ്റിൽ ഇറക്കിയാൽ വിലക്കയറ്റം നിയന്ത്രിക്കാൻ സാധിക്കും. പുതിയ തലമുറയെയും യുവാക്കളെയുമൊക്കെ ക്ഷീര മേഖലയിൽ കൊണ്ടുവരാനുള്ള കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ നടപടികളുമായി മുന്നോട്ടുപോകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട രണ്ട് മന്ത്രിമാരുടെ കീഴിലുള്ള വകുപ്പുകളെ സംബന്ധിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. സുസ്ഥിര സാമ്പത്തിക വികസനത്തിന് പശ്ചാത്തല വികസനത്തിന്റെ അനിവാര്യത പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. സമ്പദ്ഘടനയുടെ വളർച്ചയുടെ പ്രതിഫലനം പശ്ചാത്തല മേഖലയുടെ വികസനവുമായി ബന്ധപ്പെട്ടുള്ളതാണ്. സംസ്ഥാനത്തെ പാവപ്പെട്ടവർക്ക് വിദ്യാഭ്യാസം, ആരോഗ്യസേവനം, ജലവിതരണം, മാലിന്യ നിർമ്മാർജ്ജന പദ്ധതി, റോഡുകൾ, ഊർജ്ജം എന്നിവ ലഭ്യമാക്കുന്നതിലൂടെയാണ് സന്തുലിതവികസനവും സാമൂഹ്യനീതിയും ഉറപ്പുവരുത്താനാകുന്നത്. ഗുണനിലവാരമുള്ള പശ്ചാത്തലസൗകര്യങ്ങൾ ഉൾപ്പെട്ടതാണ് കേരളത്തിന്റെ ഗതാഗത പശ്ചാത്തല മേഖല. കേരളത്തിൽ നഗര-ഗ്രാമീണ വ്യത്യാസമില്ലാതെ ആവാസവ്യവസ്ഥ നിലനിൽക്കുന്നതിനാൽ പൊതുഗതാഗത സംവിധാനത്തിൽ റോഡ് ഗതാഗതത്തിന് വളരെ പ്രാധാന്യമുണ്ടെന്നാണ് നാം കരുതുന്നത്. റോഡ് ഗതാഗതമേഖലയിൽ 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ വകയിരുത്തിയ വിഹിതവും ചെലവഴിച്ച തുകയും പരിശോധിച്ചാൽ എത്രമാത്രം ആത്മാർത്ഥതയാണ് കഴിഞ്ഞ ഗവൺമെന്റ് പുലർത്തിയതെന്ന് വ്യക്തമാകും. നാട് സ്വർഗ്ഗമാക്കാൻ ബാദ്ധ്യതപ്പെട്ടത്

ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റിനാണെന്ന് വാചാലമായി സംസാരിക്കുന്നുണ്ട്. കഴിഞ്ഞ മൂന്നുവർഷം ഈ രംഗത്ത് മാറ്റിവച്ചതും ചെലവഴിച്ചതുമായ തുക പരിശോധിച്ചാൽ കഴിഞ്ഞ ഗവണ്മെന്റിന് എത്രമാത്രം ആത്മാർത്ഥതയുണ്ടായിരുന്നുവെന്ന് മനസ്സിലാക്കാൻ സാധിക്കും. കേരളത്തിലെ പ്രധാന റോഡുകളെല്ലാം വേണ്ട രീതിയിൽ ബന്ധിപ്പിച്ചിട്ടുണ്ടെങ്കിലും അനധികൃതമായ അർബൻ ഡെവലപ്മെന്റും അനധികൃത കയ്യേറ്റങ്ങളുംമൂലം വളരെയേറെ ഗതാഗത തടസ്സങ്ങൾ സൃഷ്ടിക്കുകയാണ്. എല്ലാ റോഡുകളും അവയ്ക്ക് ഉൾക്കൊള്ളാൻ കഴിയുന്നതിനേക്കാൾ വലിയ ഗതാഗത ബാഹുല്യത്താൽ സമ്മർദ്ദത്തിലാണ്. ഓരോ വർഷവും ഗതാഗത ബാഹുല്യം പത്തുമുതൽ പതിനഞ്ച് ശതമാനം വരെ വർദ്ധിക്കുന്നുവെന്നാണ് ഔദ്യോഗിക കണക്ക്. ഭൂമി ഏറ്റെടുക്കുന്നതിലുണ്ടാകുന്ന പ്രശ്നങ്ങൾകാരണം റോഡുകളുടെ വീതി വർദ്ധിപ്പിക്കാൻ കഴിയാത്ത സാഹചര്യവും സംസ്ഥാനത്ത് നിലവിലുണ്ട്. റോഡ് സാന്ദ്രതയിൽ കേരളം വളരെ മുന്നിലാണെങ്കിലും മിക്കവാറും റോഡുകളുടെ സ്ഥിതി പരിതാപകരമാണ്. പുതിയ റോഡുകൾ നിർമ്മിക്കുന്നതിനോടൊപ്പം നിലവിലുള്ള റോഡുകളുടെ നവീകരണത്തിനും വികസനത്തിനും പ്രാധാന്യം നൽകേണ്ടതുണ്ട്. കേരളത്തിന് യോജിച്ച രീതിയിലുള്ള സ്വാശ്രയ റവന്യൂ മാതൃകകൾ തെരഞ്ഞെടുക്കുന്നത് എന്തുകൊണ്ടും അനിവാര്യമായിരിക്കും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവിധ ഏജൻസികളുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനം ശ്ലാഘനീയമാണ്. പ്ലാസ്റ്റിക് നാച്വറൽ റബ്ബർ മിക്സ് ബിറ്റുമിൻ, ജിയോ ടെക്സ്റ്റയിൽ എന്നിവ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിന്റെ സാധ്യതയും ആവശ്യകതയും ബോധ്യപ്പെടുത്തുന്നതിനുവേണ്ടി ഉദ്യോഗസ്ഥരുടെ യോഗംചേർന്ന് നടത്തിയ പ്രവർത്തനങ്ങളെ അനുമോദിക്കുകയാണ്. എന്റെ മണ്ഡലത്തിലെ മാരായമുട്ടം-പാലിയോട് റോഡ് ഒരു കിലോമീറ്റർ ദൂരത്തിൽ പ്ലാസ്റ്റിക് ചേർത്തുകൊണ്ടുള്ള ടാറിംഗ് നടത്തിയത് എത്രമാത്രം ഗുണകരമായിരുന്നുവെന്ന് അനുഭവത്തിലൂടെ എനിക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഈ ടെക്നോളജി ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ ആദ്യമായി നിർമ്മിച്ച റോഡാണിതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത് സ്വീകരിച്ചാൽ കൂടുതൽകാലം റോഡുകൾ സംരക്ഷിക്കാനാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. വളരെയധികം ലക്ഷ്യബോധത്തോടുകൂടിയാണ് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇക്കാര്യങ്ങളിൽ ഇടപെട്ടതെന്ന് ഞാൻ മനസ്സിലാക്കുന്നു. കാലാവധി പൂർത്തിയാകുന്നതിനുമുൻപ് തകരുന്ന റോഡുകൾ സംസ്ഥാനത്തിന് ശാപമാണ്. നിർമ്മാണത്തിലെ അപാകത, എസ്റ്റിമേറ്റിലെ ന്യൂനത, മേൽനോട്ടത്തിലെ വീഴ്ച, അഴിമതി തുടങ്ങിയ പല കാരണങ്ങളും ഇതിനുണ്ട്. മുൻ സർക്കാർ ഈ രംഗത്ത് നടത്തിയിട്ടുള്ള പ്രവർത്തനം നമ്മുടെ മുമ്പിലുള്ളതാണ്. കഴിഞ്ഞ

ഗവൺമെന്റിന്റെ കാലത്ത് 39 കേസുകളാണ് പി.ഡബ്ല്യൂ.ഡി.-യുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണത്തിന് വിധേയമാക്കപ്പെട്ടത്. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാനനാളുകളിൽ 3,771.47 കോടി രൂപയാണ് റോഡ് വികസത്തിനുവേണ്ടി നീക്കിവച്ചത്. കരാറുകാർക്ക് പണം നൽകാത്തതിനാൽ റോഡുകൾ കോൺട്രാക്ട് എടുക്കാൻ അവർ രംഗത്ത് വരാത്ത അവസ്ഥയുണ്ടായിരുന്നു. എം.എൽ.എ.-മാർ അവരുടെ മണ്ഡലങ്ങളിലെ റോഡ് വികസനത്തിനുവേണ്ടി പദ്ധതികളുമായി വരുമ്പോൾ പണമില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. കഴിഞ്ഞ ഗവൺമെന്റ് റോഡ് വികസനരംഗത്ത് പണം ചെലവാക്കാൻ തയ്യാറായില്ലെന്ന് മാത്രമല്ല എം.എൽ.എ.-മാരെ കബളിപ്പിക്കുന്ന നിലപാട് സ്വീകരിച്ചുവെന്ന് കണക്കുകൾ വ്യക്തമാക്കിക്കൊണ്ട് ഞാൻ നിയമസഭയിൽ അവതരിപ്പിക്കുകയാണ്. കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് വഴി ആറായിരം കോടി രൂപയുടെ റോഡുകൾ, പാലങ്ങൾ, ബൈപ്പാസുകൾ, ഫ്ലൈ ഓവറുകൾ, അണ്ടർ പാസുകൾ, റെയിൽവേ മേൽപ്പാലങ്ങൾ തുടങ്ങിയവ ഏറ്റെടുത്ത് പണിയുമെന്ന പ്രഖ്യാപനം എന്തുകൊണ്ടും സ്വാഗതാർഹമാണ്. തിരുവനന്തപുരം, ശ്രീകാര്യം, ഉള്ളൂർ, പട്ടം, തമ്പാനൂർ എന്നിവടങ്ങളിലെ ഫ്ലൈ ഓവറുകൾ നിർമ്മിക്കാനുള്ള നടപടി ആരംഭിച്ചുവെന്നത് അഭിമാനകരമാണ്. പൊതുമരാമത്ത് വകുപ്പിനെ അഴിമതിവിമുക്തവും സുതാര്യവും കാര്യക്ഷമവുമാക്കി ജനങ്ങളുടെ ആഗ്രഹം സഫലമാക്കുമെന്ന് പൂർണ്ണമായും കരുതുന്നു. പുതിയ കാലം, പുതിയ നിർമ്മാണം എന്ന പുതിയ പശ്ചാത്തല വികസന സങ്കൽപ്പത്തിലൂടെ ആധുനിക കേരളം കെട്ടിപ്പടുക്കുന്നതിനുള്ള ദിശാബോധമാണ് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയിൽനിന്നും എൽ.ഡി.എഫ്. സർക്കാരിൽ നിന്നും ജനങ്ങൾ പ്രതീക്ഷിക്കുന്നത്. ആയതിനുള്ള ബഹുജന പിന്തുണ ഇടതുപക്ഷ ഗവൺമെന്റിനുണ്ട്. കേരളത്തിലെ വനമേഖല ആകെ ഭൂവിസ്തൃതിയുടെ 29 ശതമാനമാണെന്ന് ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. എൻക്രോച്ച്മെന്റ്, വനനശീകരണം, വനേതര ഭൂവിനിയോഗം എന്നിവയിൽ വന ആവാസ വ്യവസ്ഥയുടെ ധർമ്മങ്ങൾ നിർവ്വഹിക്കുന്ന ഭൂവിസ്തൃതി ഇതിലും വളരെ കുറവാണ്. കേരളം ഉൾപ്പെടെയുള്ള പശ്ചിമഘട്ട മലനിരകൾ വ്യാപകമായ കയ്യേറ്റത്തിന് സാക്ഷ്യം വഹിക്കുകയാണ്. കയ്യേറ്റത്തിന്റെ വിസ്തൃതി പരിശോധിച്ചാൽ ഒൻപതാം സ്ഥാനമാണ് കേരളത്തിനുള്ളതെന്ന് മനസ്സിലാകും. കേന്ദ്ര അനുമതിയില്ലാതെ 1250 ഏക്കർ വന ഭൂമി കയ്യേറ്റക്കാർക്ക് നൽകാനുള്ള തീരുമാനമാണ് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചത്. 1993-ലെ ഭൂമി പതിവ് ചട്ടം അനുസരിച്ചാണ് സർക്കാർ വനഭൂമിക്ക് പട്ടയം നൽകുന്നത്. ഇതനുസരിച്ച് 1977 ജനവരി 1-ന് മുൻപ് വനഭൂമി കയ്യേറിയവർക്കാണ് പട്ടയത്തിന് അർഹതയുള്ളത്. അർഹതയുള്ളവർക്ക് പട്ടയം

നൽകാനുള്ള നിയമ നടപടികൾ സ്വീകരിക്കുമെന്ന് ഈ ഗവൺമെന്റ് വ്യക്തമാക്കിയത് സ്വാഗതാർഹമാണ്. എന്റെ മണ്ഡലത്തിൽ നൂറുകണക്കിന് പട്ടയം ലഭിക്കേണ്ടവരുണ്ടെന്നുള്ളത് ഞാൻ യാദൃശ്ചികമായി പരാമർശിക്കുകയാണ്. 60 ദിവസത്തേക്ക് താൽക്കാലിക പട്ടയം നിയമവിരുദ്ധമായി നൽകിയ ഗവൺമെന്റായിരുന്നു യു.ഡി.എഫ്. ഗവൺമെന്റ്. 60 ദിവസത്തേക്ക് പട്ടയം കൊടുക്കുന്ന പതിവ് ഏത് ചട്ടപ്രകാരമാണെന്ന് ആ പ്രദേശത്തെ ജനങ്ങൾക്ക് ഇതുവരെ മനസ്സിലായിട്ടില്ല. അനധികൃത കയ്യേറ്റക്കാരുടെ പക്കൽ 3250 ഹെക്ടർ വനഭൂമിയുള്ളതായി പത്ര റിപ്പോർട്ടുകൾ പുറത്തുവന്നിട്ടുണ്ട്. കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ സംസ്ഥാനത്ത് കോടികളുടെ നാശനഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇവയ്ക്ക് പരിഹാരം കാണേണ്ടതുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇത്തരം നാശനഷ്ടങ്ങൾക്ക് സഹായം ലഭിച്ചിരുന്നില്ല. വർദ്ധിച്ചുവരുന്ന വനസമ്പത്തുകളുടെ കൊള്ള അവസാനി പ്പിക്കേണ്ടതുണ്ട്. കേരളത്തിന്റെ വനസമ്പത്ത് സംരക്ഷിക്കുന്നതിനുള്ള നിരവധി കേസ്സുകളിൽ അടിയന്തരമായി തീർപ്പ് കൽപ്പിക്കണം.

കേരളീയരുടെ പരമ്പരാഗത ഭക്ഷണക്രമത്തിൽ പാലിനും പാലുല്പന്നങ്ങൾക്കും മറ്റു സംസ്ഥാനങ്ങളിലെന്നപോലെ നമ്മുടെ സംസ്ഥാനത്തും വലിയ സ്ഥാനമുണ്ടാ യിരുന്നില്ല. എന്നാൽ ഇതിനുമുമ്പുള്ള ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് ആ രംഗത്ത് ശ്രദ്ധാപൂർവ്വമായ ഇടപെടലുകൾ നടത്തിയത് നമുക്ക് ഓർമ്മയുണ്ട്. ശ്രീ സി. ദിവാകരൻ മന്ത്രിയായിരുന്ന സമയത്ത് പാലുല്പാദനവുമായി ബന്ധപ്പെട്ട് എടുത്ത ചില നടപടികൾ ഓർക്കുകയാണ്. പാൽ, മുട്ട എന്നിവയുടെ ഉല്പാദന രംഗങ്ങളിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് എടുത്തിട്ടുള്ള നടപടികൾ കേരളത്തിൽ വലിയ മാറ്റമാണ് വരുത്തിയിട്ടുള്ളത്. കേരളത്തിലെ കാർഷിക മേഖലയിൽ നിന്നുള്ള വരുമാനത്തിന്റെ ഇരുപത്തിരണ്ട് ശതമാനവും മൃഗസംരക്ഷണ മേഖലയിൽ നിന്നുള്ളതാണ്. 70 ലക്ഷം കുടുംബങ്ങളിൽ 6 ലക്ഷം കുടുംബങ്ങളുടേയും മുഖ്യ വരുമാനമാർഗ്ഗം മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ടുള്ളതാണെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. സംസ്ഥാനത്ത് കുടുംബശ്രീ നടത്തിയ പഠനത്തിൽ 37 ലക്ഷം കുടുംബങ്ങളെ സഹായിച്ചപ്പോൾ 70 ശതമാനം മൃഗസംരക്ഷണ മേഖലയാണ് തെരഞ്ഞെടുത്തതെന്ന് നാം കണ്ടു. മൃഗസംരക്ഷണമേഖലയിൽ നേട്ടങ്ങൾ കൈവരിക്കാനുള്ള ഇടപെടലുകളാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്.

കേരളത്തിലെ കൊലപാതകങ്ങളെ സംബന്ധിച്ച് ചില നിയമസഭാ സാമാജികർ ഇവിടെ പരാമർശിക്കുകയുണ്ടായി. മതേതരത്വത്തിന് വലിയ തോതിലുള്ള സന്ദേശം ഉയർത്തിപ്പിടിച്ച ഒരു സംസ്ഥാനമാണ് നമ്മുടേത്. ഇടതുപക്ഷക്കാരെ കൊലചെയ്യുമ്പോൾ മറുഭാഗത്തുനിന്ന് പക്ഷംചേർന്ന് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളിൽ

അവർ ഇന്നല്ലെങ്കിൽ നാളെ പശ്ചാത്തപിക്കേണ്ടിവരുമെന്ന കാര്യം വിനയപൂർവ്വം ഓർമ്മിപ്പിക്കുകയാണ്. നമ്മുടേത് ഒരു മതേതര സംസ്ഥാനമാണ്. ഈ സംസ്ഥാനത്തിൽ കൊലചെയ്യപ്പെട്ടവരുടെ കണക്കുകൾ പരിശോധിച്ചാലറിയാം ഏറ്റവും കൂടുതൽ കമ്മ്യൂണിസ്റ്റുകാരാണ് കൊലചെയ്യപ്പെട്ടിട്ടുള്ളതെന്ന്. ആ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി കേരള സമൂഹത്തെ ഒരു മതേതര സംസ്ഥാനമായി ഉയർത്തിപ്പിടിക്കുന്നതിനുവേണ്ടി നിലകൊള്ളാൻ ബാദ്ധ്യതപ്പെട്ടവർ മറുപക്ഷം ചേരുന്നത് ഭാവിയിൽ ഗുണകരമായിരിക്കില്ലെന്ന് ഓർക്കുന്നത് നന്നായിരിക്കും. ഇവിടെ അഴിമതിവിമുക്തമായ ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനുള്ള വമ്പിച്ച പരിശ്രമത്തിലാണ് ഇടതുപക്ഷ ഗവൺമെന്റ് എന്നത് മനസ്സിലാക്കിക്കൊണ്ട് സഹകരിക്കുന്നതാണ് ഈ സംസ്ഥാനത്തിന്റെ ഭാവിക്ക് ഉചിതമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്:</u> സർ, ബഹുമാനപ്പെട്ട ഹരീന്ദ്രൻ സഖാവ്, മതേതരത്വത്തെപ്പറ്റി പറഞ്ഞതുകൊണ്ട് ഒരുവാക്ക് ഞാനും അതിനെക്കുറിച്ച് പറയുകയാണ്. എല്ലാ ഞായറാഴ്ചയും മാതൃഭൂമി ദിനപത്രത്തിൽ വിവാഹപ്പരസ്യം വരാറുണ്ട്. 2016 ഒക്ടോബർ 9, ഞായറാഴ്ചത്തെ വിവാഹപരസ്യം വായിക്കുമ്പോൾ മതേതരത്വത്തെപ്പറ്റി അങ്ങേയ്ക്ക് മനസ്സിലാകും. കല്യാണ ആലോചനയാണ്. 'സർക്കാർ ജോലി, വെജിറ്റേറിയൻ, ഹിന്ദു യുവാവ്, ആയില്യം നക്ഷത്രം, ഹിന്ദുവിലേതും (എസ്.സി./എസ്.ടി. ഒഴികെ).' മതിയോ; പരസ്യമാണ്. എസ്.സി./എസ്.റ്റി. ഒഴികെ, ഹിന്ദുവാണെതാനും നമ്മുടെ മതേതരത്വം ആ വഴിക്കാണ് പോയിനിൽക്കുന്നത്. ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കാൻ സൂചിപ്പിച്ചുവെന്നേയുള്ളൂ. അതുകൊണ്ട് മതേതരത്വം പറഞ്ഞിട്ട് വലിയ കാര്യമൊന്നുമില്ല. എല്ലാമാണ്, ഹിന്ദുവാകണം, പക്ഷേ എസ്.സി./എസ്.ടി. ഒഴികെ. ഇവരെയൊക്കെ പ്രതിയാക്കി കേസ്സെടുക്കണമെന്നാണ് എന്റെ അഭിപ്രായം. ഇവിടെയൊരു ഗവൺമെന്റുണ്ടെങ്കിൽ ചെയ്യേണ്ടത് അതാണ്. പാവപ്പെട്ട പട്ടികജാതിക്കാരനും പട്ടികവർഗ്ഗക്കാരനും ഈ രാജ്യത്ത് ജീവിക്കാൻ പാടില്ലേ, കല്യാണപ്പരസ്യത്തിലൂടെ അവരെ അപമാനിക്കുകയാണോ? ഇത് ചോദിക്കാനും പറയാനും ഈ രാജ്യത്ത് ആരുമില്ലാത്തതാണ് കുഴപ്പം. ഞാൻ ഒരു കാര്യം പറയാം, ശ്രീ. ജി. സുധാകരന്റെയും ശ്രീ. കെ. രാജുവിന്റെയും വകുപ്പുകളുമായി ബന്ധപ്പെട്ട ചർച്ചയാണ് ഇവിടെ നടക്കുന്നത്. ഞാൻ ഏറ്റവും ഇഷ്ടപ്പെടുന്ന രണ്ട് മന്ത്രിമാരാണ്. അതിൽ യാതൊരു സംശയവും വേണ്ട. പക്ഷെ, ഞാൻ ഒരു സ്വതന്ത്ര അംഗമായതുകൊണ്ട് നിങ്ങളെ പിന്തുണയ്ക്കാൻ നിവൃത്തിയില്ലാത്തതിൽ ഖേദിക്കുന്നു.

പി.ഡബ്ല്യു.ഡി.-യിൽ ചില മാറ്റങ്ങൾ വരേണ്ടതായിട്ടുണ്ട്. ആ മാറ്റത്തിന് തുടക്കം കുറിക്കാൻ പ്രിയങ്കരനായ സുധാകരൻ സഖാവിന് കഴിഞ്ഞിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. അങ്ങ് കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ചയെന്ന നിലയിൽ പ്രഖ്യാപിക്കപ്പെട്ട എല്ലാ റോഡുകളും പണിയാനുള്ള നടപടികളുമായി മുന്നോട്ട്

പോകുകയാണ്. എല്ലാവിധ സഹായവും പിന്തുണയും അർഹിക്കുന്നുവെന്ന അഭിപ്രായം തന്നെയാണ് എനിക്കുള്ളത്. പക്ഷേ, അങ്ങേക്ക് എവിടെനിന്ന് പണം ലഭിക്കും? ശബരിമല അനുബന്ധറോഡുകൾ മുഴുവൻ പണിയുമെന്ന് അങ്ങ് പ്രഖ്യാപിച്ചു. ഇതുവരെയും പണം എവിടെനിന്ന് ലഭിക്കുമെന്ന് പറഞ്ഞിട്ടില്ല. പണമില്ലാതെ എങ്ങനെ പണിയും? അങ്ങയുടെ നല്ലമനസ്സ്, ശുദ്ധമനസ്സ്, തങ്ക മനസ്സാണ്. പക്ഷെ പണം വേണ്ടേ? ഡോ. ടി. എം. തോമസ് ഐസക് കനിയുന്നുണ്ടോ, എനിക്കൊരു സംശയം. ശ്രീ. ഐസക് പറഞ്ഞതെന്താണ്? ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് വേണം, ഡി.പി.ആർ. ഉണ്ടാകണമെങ്കിൽ എന്തുവേണം; അംഗീകൃത ഏജൻസി വേണം. ഏതാണ് ഏജൻസി; ഏത് റോഡിനാണ് ഡി.പി.ആർ. എടുത്തിട്ടുള്ളത്; രണ്ടാഴ്ചയെങ്കിലും വേണ്ടേ? അപ്പോൾ ഏത് റോഡിന്റെ പണി നടക്കും? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെയില്ല. ധനകാര്യ വകുപ്പുമന്ത്രിയോട് പണം നൽകാൻ പറയണം. പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റത്തിന് കാശ് വാങ്ങാത്ത നീതിബോധമുള്ള സത്യസന്ധനായൊരു മന്ത്രി ചാർജെടുത്തിരിക്കുകയാണ്. അങ്ങയുടെ കൈ അയച്ചുവിടണം. അപ്പോൾ അന്തസ്സോടുകൂടി അദ്ദേഹം റോഡുകൾ പണിയും. ഒരു ലക്ഷം രൂപയെങ്കിൽ, ഒരു ലക്ഷം രൂപകൊണ്ട് റോഡ് പണിയാനുള്ള നടപടി അദ്ദേഹം സ്വീകരിക്കും. പക്ഷെ, പണം കൊടുക്കണ്ടേ; ഡി.പി.ആർ. കൊടുത്താലല്ലേ പണി ചെയ്യാൻ പറ്റൂ. ഡി.പി.ആർ. നോക്കിയിരിക്കുകയാണ്. ഇതുവരെയും പണി തുടങ്ങിയിട്ടില്ല. ഡി.പി.ആർ. എപ്പോൾ ഉണ്ടാക്കും; അംഗീകൃത ഏജൻസിയെ എവിടെനിന്ന് കൊണ്ടുവരും; ഇതൊക്കെ പറയാൻ ബാദ്ധ്യതയുണ്ടെന്ന് ഞാൻ ഇവിടെ സൂചിപ്പിക്കുന്നുവെന്നേയുള്ളൂ. അപ്പോൾ നിർബന്ധമായി ഇക്കാര്യങ്ങളിൽ തീരുമാനമുണ്ടാകേണ്ടതായിട്ടുണ്ട് എന്നുതന്നെയാണ് എന്റെ അഭിപ്രായം. പി.ഡബ്ല്യു.ഡി. വർക്കുകൾ നടക്കുമ്പോൾ 100 രൂപയ്ക്ക് 40 രൂപപോലും റോഡിൽ വരുന്നില്ല. എം.എൽ.എ. ഫണ്ടിന്റെ ഗതിയും അതുതന്നെയല്ലേ? ത്രിതല പഞ്ചായത്ത് സംവിധാനങ്ങളുടെ കാര്യമെടുത്ത് നോക്കണം. അധികാരം വികേന്ദ്രീകരിച്ച് കൊടുത്തു, പറയാൻ ദുഃഖമുണ്ട്. അവിടെയും കമ്മീഷനായിപ്പോയി. എങ്ങനെ ഈ നാട് നന്നാകും? വളരെ ശക്തമായി വിജിലൻസിന്റെ നടപടികളുമായി മുന്നോട്ടു പോകാൻ തയ്യാറായില്ലെങ്കിൽ ഒരുകാരണവശാലും പി.ഡബ്ല്യു.ഡി. രക്ഷപെടില്ലെന്നു തന്നെയാണ് എന്റെ കാഴ്ചപ്പാട്, അത് പറയാതെ പോകുന്നില്ല.

വനം വകുപ്പുമന്ത്രി നല്ലവണ്ണം പ്രവർത്തിക്കുന്നുവെന്നുതന്നെയാണ് എന്റെ അഭിപ്രായം. പക്ഷേ ഒരു കാര്യമുണ്ട്, ആനശല്യത്തിൽനിന്നും ഞങ്ങളെ രക്ഷിക്കണം. ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിൽ ഈ അടുത്തകാലത്തായി ആനശല്യം ഉണ്ടായപ്പോൾ അഞ്ച് കിലോമീറ്ററിൽ വേലി കെട്ടാമെന്ന് പറഞ്ഞു.

മി. സ്പീക്കർ: അങ്ങ് രണ്ട് മിനിട്ട് അധികം എടുത്തു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, അങ്ങ് എന്നോട് കരുണ കാണിക്കുമെന്ന് എനിക്കറിയാം, അതെനിക്ക് ബോദ്ധ്യമാണ്. നിർബന്ധമായും ആനയുടെ ശല്യത്തിൽ നിന്നും പൂഞ്ഞാറിലെ ജനങ്ങളെ രക്ഷിക്കണം. എരുമേലി, കോരുത്തോട് പഞ്ചായത്തുകളിൽ പന്നി, കടുവ, പോത്ത് ഇവയെല്ലാം കൂട്ടമായി ഇറങ്ങിയിരിക്കുകയാണ്. വലിയ ശല്യമാണ്. രക്ഷപ്പെടണ്ടേ; അതുകൊണ്ട് മൊത്തത്തിൽ കമ്പിവേലി കെട്ടാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്കപേക്ഷിക്കാനുള്ളത്. ഒരുകാര്യം സൂചിപ്പിക്കാതിരിക്കാൻ എനിക്ക് പറ്റില്ല. അതിന് അങ്ങ് എന്നെ അനുവദിക്കണം.

ഇന്നുരാവിലെ ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. ഇ. പി. ജയരാജൻ വേദനയോടുകൂടി അദ്ദേഹം രാജിവയ്ക്കേണ്ട സാഹചര്യത്തെക്കുറിച്ച് പറഞ്ഞു. ഒരു വാക്ക് അതുസംബന്ധിച്ച് പറയാൻ അനുവദിക്കണം. അദ്ദേഹം പറഞ്ഞ കാര്യങ്ങളിൽ പ്രധാനപ്പെട്ട മലബാർ സിമെന്റ്സ്, മലബാർ സിമെന്റ്സ് പോലെ കൊള്ള നടക്കുന്ന സ്ഥാപനമുണ്ടോ; അവിടെയൊരു പാവപ്പെട്ട ഉദ്യോഗസ്ഥൻ സത്യസന്ധമായി അഴിമതിക്കെതിരെ പ്രവർത്തിച്ചതിന്റെ പേരിൽ അയാളെയും അയാളുടെ രണ്ട് മക്കളെയും തല്ലിക്കൊന്ന് കെട്ടിത്താഴ്ത്തി. ആരാണ്; ചാക്ക് രാധാകൃഷ്ണൻ? ചാക്ക് രാധാകൃഷ്ണൻ ആരുടെ ആളാണ്; അയാളെപ്പോലൊരു കശ്മലനെ നിലയ്ക്കുനിർത്താൻ ഈ രാജ്യത്ത് ആളില്ലേ; ഞാൻ അന്ന് അവിടെപ്പോയി. ഈ നിയമസഭയിൽ എത്രപ്രാവശ്യം പറഞ്ഞു. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയോടും മുഖ്യമന്ത്രിയോടും പറഞ്ഞു. ഞാൻ പേഴ്സണലായി കേസ്സുമായി പോയില്ലേ; അയാളെ അന്ന് അറസ്റ്റ് ചെയ്തു. അവസാനം വന്ന റിപ്പോർട്ട് എന്താണ്; കൊലപാതകമെന്ന് സമ്മതിച്ചില്ല, അത് ആത്മഹത്യയാക്കി. എങ്ങനെയാണ് 35 കിലോഗ്രാമുള്ള കുട്ടിയെ 52 കാരൻ കെട്ടിത്താഴ്ത്തുന്നത്; കൊലപാതക ശ്രമത്തിന് കേസ്സെടുത്ത് ചാക്ക് രാധാകൃഷ്ണനെ രക്ഷിച്ചിരിക്കുകയാണ്.

അതുപോലെയാണ് KMML-ന്റെ കാര്യം. 1994 മുതൽ ഈ നിയമസഭയിൽ ഞാൻ ശബ്ദമുയർത്തുന്ന കാര്യമാണ്. ബഹുമാനപ്പെട്ട മുൻമന്ത്രി ഇവിടെ പറഞ്ഞതുപോലെ ഇടത്തട്ടുകാരെ ഒഴിവാക്കിക്കൊണ്ട് നീങ്ങിയാൽ, ബഹുമാനപ്പെട്ട പിണറായി വിജയൻ സത്യസന്ധമായി വ്യവസായ വകുപ്പിൽ തീരുമാനമെടുത്താൽ 20,000 കോടി രൂപയുടെ ലാഭം KMML-ലൂടെ മാത്രം കേരളത്തിന്റെ ഖജനാവിലേക്ക് കൊണ്ടുവരാൻ കഴിയും. എന്തുകൊണ്ട് അത് ചെയ്യുന്നില്ല; നാളിതുവരെയായി ചെയ്യാൻ കഴിഞ്ഞിട്ടില്ല. നിർബന്ധമായും ഏറ്റവും വലിയ അഴിമതിക്കാരായ ഉദ്യോഗസ്ഥരെ അവിടെ വച്ചുകൊണ്ട് കച്ചവടംചെയ്യുന്ന ഈ രാഷ്ട്രീയ മനഃസ്ഥിതി മാറ്റിക്കൊണ്ട്, ശ്രീ. ഇ. പി. ജയരാജൻ രാജിവച്ചപ്പോഴെങ്കിലും തുറന്നുപറഞ്ഞ അക്കാര്യം സത്യസന്ധമായി സ്വീകരിച്ചുകൊണ്ട് KMML-നെ രക്ഷിക്കാൻ,

അവിടത്തെ കരിമണലിലൂടെ ചുരുങ്ങിയത് 20,000 കോടി രൂപ ഈ ഖജനാവിലേക്ക് വരുത്തിക്കൊണ്ട് ഈ രാജ്യത്തെ പാവങ്ങൾക്ക് വീടുവച്ചുകൊടുക്കാനുള്ള നടപടി എങ്കിലും നിങ്ങൾ സ്വീകരിക്കണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്, നന്ദി.

ശ്രീ. കെ. രാജൻ: സർ, പൊതുമരാമത്ത്, ക്ഷീരവികസനം, മൃഗസംരക്ഷണം, വനം എന്നീ വകുപ്പുകൾക്കായുള്ള ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്താങ്ങുന്നു.

യഥാർത്ഥത്തിൽ ഒരു ഡിമാന്റ് ഡിസ്കഷനിൽ തീർച്ചയായും പുതുമുഖങ്ങളായ ഞങ്ങൾ കുറേക്കൂടി ശക്തമായ മാറ്റർ മാത്രമാണ് അവതരിപ്പിക്കേണ്ടതെന്ന് എനിക്കുറപ്പുണ്ട്. ആ ധാരണയിലാണ് ഞാൻ സംസാരത്തിന് തുടക്കം കുറിക്കാനിരുന്നത്. എന്നാൽ ശ്രീ. എൽദോസ് കുന്നപ്പിള്ളി പറഞ്ഞ ഒരു പ്രധാനപ്പെട്ട കാര്യം ഈ ഗവൺമെന്റിന്റെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്താതിരിക്കാൻ കഴിയില്ല. ശ്രീ. എൽദോസ് കുന്നപ്പിള്ളി എൽ.ഡി.എഫ്. ഗവൺമെന്റ് ഉന്നയിച്ച മുദ്രാവാക്യത്തെ അംഗീകരിച്ചു. 'കാലൊച്ച കേൾക്കവേ വാതിൽ തുറക്കുക' എന്നതുതന്നെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ നാട്ടിലെ ജനങ്ങളുടെ മുന്നിൽവച്ച ഏറ്റവും പ്രസക്തമായ മുദ്രാവാക്യം. ഈ മുദ്രാവാക്യം കേരളത്തിന്റെ മണ്ണിൽ ഒരു പുതിയ മുദ്രാവാക്യം തന്നെയാണ്. പക്ഷേ ബഹുമാനപ്പെട്ട മെമ്പർ വാദിക്കുന്നത് ഈ മുദ്രാവാക്യം എൽ.ഡി.എഫ്. പുതിയതായി വച്ചതാണെങ്കിലും ഈ ആശയം ഞങ്ങൾ നേരത്തെ അവതരിപ്പിച്ചതാണ് എന്നാണ്, ശരിയാണ്. നിലമ്പൂരിലെ കോൺഗ്രസ് ഓഫീസിൽ രാധ എന്ന തൂപ്പുകാരിയുടെ കാലൊച്ച കേൾക്കവേ ഓഫീസ് സെക്രട്ടറി വാതിൽ തുറന്നു. പക്ഷേ രാധയെ പിന്നീട് തിരിച്ചുകിട്ടിയില്ല. കേരളത്തിലെ ഗവൺമെന്റ് കേരളത്തെ യഥാർത്ഥ അർത്ഥത്തിൽ തിരിച്ചുകൊടുക്കും. കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നത് ഈ ഗവൺമെന്റ് അവർക്കുമുമ്പിൽ അവതരിപ്പിക്കും.

പാലിന്റെ കാര്യത്തിൽ 'സ്വയംപര്യാപ്തതയും ശുദ്ധമായ പാലിന്റെ ലഭ്യതയും' ക്ഷീരവകുപ്പ് കേരളത്തിലെ കർഷകരുടെ മുന്നിൽവയ്ക്കുന്ന ഏറ്റവും പ്രധാനപ്പെട്ട മുദ്രാവാക്യമാണ്. തീർച്ചയായും വളരെ ആവേശകരമായിത്തന്നെയാണ് ഞങ്ങൾ അതിനെ ഏറ്റെടുക്കുന്നത്. എന്നാൽ കേരളത്തിലെ ക്ഷീര കർഷകർ അനുഭവിച്ചു പോരുന്ന ചില പ്രശ്നങ്ങൾ ഈ ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടാകണമെന്ന് സവിനയം അഭ്യർത്ഥിക്കുകയാണ്. ആ പ്രശ്നങ്ങൾ ഈ ഗവൺമെന്റ് പഠിച്ചിട്ടുണ്ടെന്ന് കുറഞ്ഞകാലംകൊണ്ട് ഞങ്ങൾക്ക് ബോദ്ധ്യപ്പെട്ടുവെങ്കിലും അവർ ഇന്നും വലിയ പ്രയാസത്തിലാണ്. നേരത്തേ രണ്ട് കന്നുകാലികളുള്ള ഒരു വീട്ടിലെ രക്ഷകർത്താവിന് മക്കളെ പഠിപ്പിക്കാനും കുട്ടികളെ വിവാഹം കഴിപ്പിക്കാനും സുഖകരമായി ഒരു

കുടുംബത്തെ മുന്നോട്ട് കൊണ്ടുപോകാനും അതുമാത്രം മതിയായിരുന്നു. പക്ഷേ ഇപ്പോൾ അത് പോരാത്ത സ്ഥിതിയാണ്. കേരളത്തിൽ മിൽമ കർഷകന് ഒരു ലിറ്റർ പാലിന് കൊടുക്കുന്നത് 30 രൂപ 50 പൈസയാണ്. 8.5 SNF-ഉം 3.5 Fat-ഉം ഉറപ്പാക്കിയാൽ മാത്രമേ 30 രൂപ 50 പൈസ കർഷകന് ലഭിക്കൂ. കേരളത്തിലെ കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ കാരണം പല കർഷകർക്കും അങ്ങനെ കൊടുക്കാൻ പറ്റാത്ത സാഹചര്യമാണുള്ളത്. 26 രൂപ മുതൽ 29 രൂപ വരെയാണ് ഒരു ലിറ്റർ പാലിന് ഇപ്പോൾ കർഷകന് കിട്ടിക്കൊണ്ടിരിക്കുന്നത്. 8 ലിറ്റർ പാൽ നൽകുന്ന ഒരു പശുവിന് ഏറ്റവും ചുരുങ്ങിയത് 5½ കിലോ തീറ്റ കൊടുക്കേണ്ടിവരുമെന്നാണ് കണക്ക്. അതിനു മാത്രം 120 രൂപ ചെലവുവരും. വയ്ക്കോലും മറ്റ് ചെലവുകളും കൂട്ടിയാൽ 150 രൂപ ചെലവഴിക്കുന്ന ഒരു കർഷകന് പാലിന്റെ വിലയായി ഏറ്റവും കൂടിയാൽ കിട്ടുന്നത് 240 രൂപയാണ്. ക്ഷീരമേഖലയിൽ ആളുകൾ കൊഴിഞ്ഞുപോകുന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഇതാണ്. 30 രൂപ 50 പൈസയ്ക്ക് പാൽ വാങ്ങുന്ന മിൽമ, 40 രൂപയ്ക്കാണ് സ്റ്റാൻഡേർഡ് പാൽ എന്ന പേരിൽ വിൽക്കുന്നത്. 40 രൂപ മുതൽ 45 രൂപ വരെ മിൽമ വാങ്ങുന്നുണ്ട്. കേരള ഗവൺമെന്റ് തീരുമാനിച്ചതുപോലെ മിൽമയിലെ ധൂർത്തും അഴിമതിയും ഒഴിവാക്കി മിൽമ സമാഹരിക്കുന്ന പരമാവധി പണം കർഷകർക്ക് കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കണം. തീറ്റ ഉൽപ്പാദനത്തിനു വേണ്ടി ഗോപാലിക ഗ്രൂപ്പ് ഉൾപ്പെടെ രൂപീകരിച്ച് തരിശുനിലങ്ങളിൽ വ്യാപകമായി കൃഷിയാരംഭിക്കാനുള്ള ഗവൺമെന്റിന്റെ തീരുമാനത്തെ വളരെ സന്തോഷത്തോടെയാണ് നമുക്ക് കാണാൻ കഴിയുന്നത്. പുനലൂരിൽ സംരംഭ വികസനകേന്ദ്രം ആരംഭിച്ചതും ആലത്തൂർ ട്രെയിനിംഗ് സെന്റർ സെന്റർ ഓഫ് എക്സലൻസ് ആക്കിയതുൾപ്പെടെ നിരവധി പ്രവർത്തനങ്ങൾ ഗവൺമെന്റ് ശ്രദ്ധേയമായി നടത്തിയിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്താൻ കഴിയണമെന്നുള്ളതാണ്. ചെറിയ കുട്ടികൾക്കുവരെ പ്രതിരോധശേഷി നഷ്ടപ്പെടുത്തുന്ന തരത്തിൽ സിന്തറ്റിക് മിൽക്കും ആന്റിബയോട്ടിക്കും കലർന്ന പാൽ കേരളത്തിലെ വിപണിയിൽ ധാരാളമായി വരുന്നുവെന്ന ആക്ഷേപം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടുകാണുമെന്ന് ഞാൻ കരുതുന്നു. സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ശ്രീ. റ്റി. എസ്. ഠാക്കൂർ അദ്ധ്യക്ഷനും ജസ്റ്റിസുമാരായ ആർ. ഭാനുമതിയും യു. യു. ലളിതും അംഗങ്ങളായിട്ടുള്ള സുപ്രീംകോടതി ബഞ്ച് വിധിച്ചത് പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്താൻ ഇന്ത്യയിലെ സംസ്ഥാനങ്ങൾ അവരുടെ പത്തിന കല്പനകളെ ശിരസ്സാ വഹിക്കണമെന്നാണ്. സർ, തീർച്ചയായും ആ പ്രവർത്തനം നന്നായി കൊണ്ടുപോകാൻ ഈ ഗവൺമെന്റിന് കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. NABL-ന്റെ അക്രെഡിറ്റേഷനോടെ ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിൽ ഗുണനിലവാരം ഉറപ്പുവരുത്താൻ കഴിഞ്ഞ മൂന്നുവർഷമായി പണം ചെലവാക്കി ഗവൺമെന്റ്

വാങ്ങിയ ഉപകരണങ്ങൾ തുരുമ്പ് പിടിക്കുന്നത് കേരളത്തിലെ ക്ഷീരവികസന വകുപ്പുമന്ത്രിക്ക് കാണാനായി എന്നതിൽ ഞാൻ സന്തോഷം രേഖപ്പെടുത്തുന്നു. അങ്ങ് ജൂൺ മാസത്തിൽ സ്ഥലം സന്ദർശിച്ചു. അവിടെ ഉപയോഗിക്കാതിരുന്ന മുഴുവൻ ഉപകരണങ്ങളും രണ്ടുമാസം കൊണ്ട് തുരുമ്പുമാറ്റി രംഗത്തിറക്കാൻ കഴിഞ്ഞു. കുമ്പളയിൽ പണി പൂർത്തിയാക്കി വർഷങ്ങളായി കിടന്നിരുന്ന ഉപകരണ പരിശോധനാരംഗം വളരെ പെട്ടെന്ന് സജീവമാക്കാൻ അങ്ങേക്ക് കഴിഞ്ഞു. ക്ഷീരകർഷകരാണ് ക്ഷീരവകുപ്പിന്റെ ബ്രാൻഡ് അംബാസിഡർ എന്ന നിലയിൽ മുന്നോട്ടുപോകാൻ കഴിയണം. ഞാൻ ദീർഘിപ്പിക്കുന്നില്ല.

സർ, വനം കയ്യേറ്റം തടയാൻ നടപടി സ്വീകരിക്കുമെന്ന് അങ്ങ് പറഞ്ഞു. പരിസ്ഥിതിക്ക് കോട്ടം വരാത്ത വിധത്തിൽ വനവും വന്യജീവികളേയും സംരക്ഷിക്കുക എന്നത് ഒരു ഗവൺമെന്റിന്റെ കടമയാണ്. പക്ഷേ ആ കടമ നിർവ്വഹിക്കുമ്പോഴും മണ്ണിന്റെ ഉടമകളായ ആദിവാസികളുടെ നെഞ്ചിന്റെ ചൂടും വിയർപ്പും കണ്ണീരും ചോരയും ഒഴുകിയ മണ്ണാണ് അവർ ഉപയോഗിച്ചുകൊണ്ടിരിക്കുന്നതെന്ന ധാരണ വനം വകുപ്പിന് ഉണ്ടാകുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. സർ, സംസ്ഥാനത്തെ 510 ഊരുകളിൽ 181 ഊരുകളിൽ മാത്രമാണ് വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ലഭ്യമാകേണ്ട അവകാശങ്ങൾ ഇപ്പോൾ ലഭ്യമാകുന്നത്. വനവിഭവങ്ങളിലുള്ള സാമൂഹിക അവകാശം ലഭിക്കുന്നതുൾപ്പെടെ മറ്റ് ഊരുകളിലുള്ളവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയണം. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, മനുഷ്യനും വന്യജീവികളും തമ്മിൽ നടന്നുകൊണ്ടിരിക്കുന്ന സംഘർഷത്തിന് തടയിടാൻ വളരെ അടിയന്തരമായി ഈ ഗവൺമെന്റ് നടപടി സ്വീകരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ ഗവൺമെന്റിനോട് ഒല്ലൂരിലെ എം.എൽ.എ. എന്ന നിലയിൽ അവിടത്തെ ജനങ്ങൾക്കുവേണ്ടി പ്രത്യേകമായി നന്ദി രേഖപ്പെടുത്തുന്നു. സൗത്ത് ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ആകർഷണ കേന്ദ്രമായി മാറാവുന്ന പുത്തൂർ മൃഗശാല കഴിഞ്ഞ പത്തുവർഷമായി രേഖയിൽ മാത്രമായി ഒതുങ്ങി നിൽക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പുമന്ത്രി 150 കോടി രൂപ അതിനുവേണ്ടി പ്രഖ്യാപിച്ചു. ആഹ്ലാദത്തോടെയാണ് ഒല്ലൂരിലെയും തൃശ്ശൂർ ജില്ലയിലെയും ജനങ്ങൾ അതിനെ ഏറ്റുവാങ്ങുന്നത്. ഒരുപക്ഷേ സൗത്ത് ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു മൃഗശാലയായി സുവോളജിക്കൽ പാർക്ക് വരുമെന്ന സന്തോഷം ഞാൻ ഇവിടെ രേഖപ്പെടുത്തുകയാണ്.

പൊതുമരാമത്ത് വകുപ്പിലെ കാര്യങ്ങൾകൂടി ഇവിടെ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ശക്തമായ നിലപാടുകൾ സ്വീകരിച്ച് കേരളത്തെ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞ പൊതുമരാമത്ത് വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. റോഡുകൾ എത്ര പണിതു എന്നതല്ല. ആളുകൾ ഇവിടെ വാദിക്കുന്നത്, എവിടെ നിന്നുമാണ് പണം;

എന്ന് പണിയും; എന്നേക്ക് പൂർത്തിയാകും എന്നുള്ളതാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം എത്ര റോഡ് പണിതു എന്നതിനേക്കാൾ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഒരു ഗവൺമെന്റിന്റെ മനോഭാവമെന്താണ് എന്നുള്ളതാണ്. ഗവൺമെന്റിന് റോഡ് നവീകരണവുമായി ബന്ധപ്പെട്ട് പുതിയ കാലഘട്ടത്തിലെ പുതിയ നിർമ്മാണങ്ങളെക്കുറിച്ചുള്ള ചിന്തയുണ്ട് എന്നതാണ്. കഴിഞ്ഞ നാലുമാസത്തിനിടയിൽ കേരളത്തിന്റെ വിവിധ മേഖലകളിൽ നടത്തിയ പുതിയ പരീക്ഷണങ്ങളും ചർച്ചകളും പരിസ്ഥിതി സൗഹാർദ്ദമായ റോഡുകൾ എങ്ങനെ നിർമ്മിക്കാമെന്നുള്ളതിനെ സംബന്ധിച്ചായിരുന്നു. ശ്രീ. ഇ. ശ്രീധരൻ, പ്രൊഫ. പി. കെ. അരവിന്ദൻ, ഡോ. പ്രഭാകരൻ എന്നിവരുൾപ്പെടെ ലോകത്തിലെ ശ്രദ്ധേയമായ നിർമ്മാണ പ്രവർത്തകരെ കൊണ്ടുവന്ന് ഇവിടത്തെ എഞ്ചിനീയർമാർക്കും വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവർക്കും അങ്ങ് ആരോഗ്യം പകർന്നത് കേരളത്തിലെ ജനങ്ങൾക്ക് മറക്കാനാവാത്ത ഒന്നാണ്. കാസർഗോഡ് മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാത നാലുവരിയാക്കുന്നതിനും അതിന്റെ പ്രവൃത്തിക്ക് വേഗത കൂട്ടുന്നതിനും അങ്ങ് സ്വീകരിച്ച നടപടി ശ്ലാഘനീയമാണ്. ശ്രീ. നിതിൻ ഗഡ്കരിയുമായി ബഹുമാന്യനായ മുഖ്യമന്ത്രി നടത്തിയ ചർച്ചയിൽ 80 ശതമാനം ഭൂമി ഏറ്റെടുക്കണമെന്ന നിർബന്ധം ഒഴിവാക്കി. 60 ശതമാനം ഭൂമി ഏറ്റെടുത്താൽ മതിയെന്ന പുതിയ അവകാശം കേരളത്തിന് ലഭിച്ചു. വർഷങ്ങളായി മുടങ്ങി കിടക്കുന്ന കാസർഗോഡ് മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാത വികസിച്ചാൽ കേരളത്തിന്റെ ചിത്രം മാറും. അങ്ങനെ മാറുന്ന ചിത്രത്തിൽ അങ്ങയുടെ പേരുകൂടി കേരള ജനത റോഡുകളിലെ കല്ലുകളിലല്ല, മനസ്സിൽ കുറിച്ചിടും. അക്കാര്യത്തിൽ യാതൊരു തർക്കവുമില്ല. മലയോര ഹൈവേയും തീരദേശ ഹൈവേയും എത്രകാലമായി കേരളത്തിൽ നടക്കുന്ന വാചകക്കസർത്തുകളാണ്. അതിന് കൃത്യമായ നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചു. അഡീഷണൽ ചീഫ് സെക്രട്ടറി (ചെയർമാൻ), ചീഫ് എഞ്ചിനീയർ, നാറ്റ്പാക് പ്രതിനിധി എന്നിവരുൾപ്പെടുന്ന ഒരു കമ്മിറ്റി ഇതിനുവേണ്ടി രൂപീകരിച്ച് അതിവേഗം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്, ഒരു മിനിട്ടുകൂടി എനിക്ക് അനുവദിക്കണം.

ഈ ഗവൺമെന്റ് ടോൾ നിർത്തലാക്കാൻ നടപടി സ്വീകരിച്ചത് ചരിത്രത്തിലെ ഏറ്റവും ഉജ്ജ്വലമായ തീരുമാനമാണ്. നാഷണൽ ഹൈവേയിലെ നാല് പാലങ്ങളിൽ ആക്കുളം, കുണ്ടന്നൂർ, വരാപ്പുഴ എന്നിവിടങ്ങളിൽ നിലവിലുണ്ടായിരുന്ന ടോൾ 8-9-2016-ലും പടന്നക്കാട് ഉണ്ടായിരുന്ന ടോൾ 9-10-2016-ലും ഈ ഗവൺമെന്റ് പിൻവലിച്ചു. അത് ചെറിയ കാര്യമല്ല. പക്ഷെ എന്റെ ജില്ലയിലെ ഒരു പ്രധാനപ്പെട്ട പ്രശ്നത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. എന്റെ ജില്ലയിലെ രണ്ട്

എം.എൽ.എ.-മാർ അക്കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് പാലിയേക്കര ടോൾ പിരിവ് സംബന്ധിച്ചാണ്. പകൽക്കൊള്ളയാണ് അവിടെ നടക്കുന്നത്. മണ്ണുത്തി മുതൽ ഇടപ്പള്ളി വരെയുള്ള സ്ഥലത്തിനുവേണ്ടിയാണ് പണം പിരിച്ചത്. ഒരു വാഹനം ഒല്ലൂരിൽനിന്ന് പുതുക്കാടേക്ക് അഞ്ച് കിലോമീറ്റർ യാത്ര ചെയ്യണമെങ്കിൽ 100 രൂപ ഒരു വശത്തേക്ക് മാത്രം കൊടുക്കണം.

<u>മി. സ്പീക്കർ:</u> ശ്രീ. കെ. രാജൻ, അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. കെ. രാജൻ:</u> സർ, ഒരു മിനിട്ടുകൂടി. എന്റെ ധാരണ ശരിയാണെങ്കിൽ, യഥാർത്ഥത്തിൽ അങ്കമാലി മുതൽ ഇടപ്പള്ളി വരെയുള്ള പണി നടത്തിയത് നാഷണൽ ഹൈവേ അതോറിറ്റിയല്ല, കേരളത്തിലെ പി.ഡബ്ല്യു.ഡി. ആണ്. ആ സ്ഥലത്തിന്റെകൂടി ടോൾ പിരിച്ചുകൊണ്ടിരിക്കുകയായിരുന്നു ഇതുവരെ. ഇപ്പോഴുള്ള പുതിയ സവിശേഷത ആലുവ മുതൽ ഇടപ്പള്ളി വരെ മെട്രോ റെയിൽ നിർമ്മാണം നടക്കുകയാണ്. ആ റോഡ് ഉപയോഗിക്കാൻ കഴിയില്ല. ഇത്തരത്തിൽ കാശ് വാങ്ങാൻ പാലിയേക്കര ടോൾ കമ്പനിക്കുള്ള അവകാശത്തെ സംബന്ധിച്ച് മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പലതവണ നടത്തിയ യോഗത്തിനുശേഷം പറഞ്ഞത്, സമാന്തര റോഡുകൾ സമ്പൂർണ്ണമായി തുറക്കാതെ, കരാറിലെ പ്രഖ്യാപിക്കപ്പെട്ട നടപടികൾ നടപ്പിലാക്കിയെന്ന് ഉറപ്പുവരുത്താതെ ടോൾ പിരിക്കാൻ എന്റെ ഗവൺമെന്റ് സമ്മതിക്കില്ല എന്നാണ്. പിന്നീട് അക്കാര്യത്തിൽ യാതൊരു പരിശോധനയും അന്നത്തെ ഗവൺമെന്റ് നടത്തിയില്ല. കേരളത്തിൽ ജീവിക്കുന്നതിന് നാണം തോന്നുന്നു. ഒരു ജനാധിപത്യ സംവിധാനത്തിൽ ടോൾ പിരിവ് കമ്പനി രാജാക്കന്മാരാണോ? അവിടെ നാട്ടുകാർക്ക് യാത്രചെയ്യാൻ കഴിയുന്ന ചെറിയ വഴി ആരുമില്ലാത്ത നേരത്ത് ഇരുമ്പുപൈപ്പ് കൊണ്ടുവന്ന് ഘടിപ്പിച്ച് സഞ്ചാര സ്വാതന്ത്ര്യമില്ലാതാക്കി. കേരളത്തിൽ ഒരു ജനകീയ ഗവൺമെന്റുണ്ട്. കേരളത്തിൽ ഒരു ജനാധിപത്യ ഗവൺമെന്റ് ഭരിക്കുന്ന കാലത്ത് തമ്പുരാക്കന്മാരാകാൻ ടോൾ കമ്പനിയെയും പകൽക്കൊള്ളക്കാരെയും അനുവദിക്കരുതെന്ന് ഞാൻ സവിനയം അഭ്യർത്ഥിക്കുകയാണ്. ഞാൻ ഈ രണ്ട് ധനാഭ്യർത്ഥനകളെയും ശക്തമായി പിന്താങ്ങുന്നു, അതിന് നേതൃത്വം നൽകുന്ന ഈ ഗവൺമെന്റിനെ അഭിവാദ്യം ചെയ്യുന്നു, അഭിനന്ദിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, വികസനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളിലൊന്ന് അടിസ്ഥാനസൗകര്യമാണ്. അതിൽ റോഡുകൾക്ക് പ്രധാന പങ്കുണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇവിടെ ചർച്ചയിൽ പലപ്പോഴും ഉയർന്നുവന്നതാണ്, റോഡുകൾ പെട്ടെന്ന് മോശമാവുകയും ഗതാഗതയോഗ്യമല്ലാതാവുകയും ചെയ്യുന്ന സാഹചര്യം കേരളത്തിന്റെ വലിയൊരു പ്രതിസന്ധി തന്നെയാണ്.

നിർമ്മിക്കുന്ന റോഡുകൾ പലപ്പോഴും പൊളിഞ്ഞുപോകുന്ന സാഹചര്യമുണ്ട്. ഇത്തവണ കാര്യമായ മഴപെയ്യാതിരുന്നിട്ടും റോഡുകൾ താറുമാറായ പല സന്ദർഭങ്ങളുമുണ്ടായി. പി.ഡബ്ല്യു.ഡി. റോഡുകൾ മാത്രമല്ല പഞ്ചായത്ത് റോഡുകൾക്കും അത്തരത്തിലുള്ള സാഹചര്യം വരുന്നുണ്ട്. ഇക്കാര്യങ്ങളിൽ ഗവൺമെന്റ് കർശന നിലപാട് സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എല്ലാ റോഡുകൾക്കും ഗ്യാരണ്ടി പിരീഡ് നിശ്ചയിക്കുന്നുണ്ടെങ്കിലും അത് പാലിക്കപ്പെടുകയോ നിഷ്കർഷിക്കുകയോ ചെയ്യുന്നില്ല. ഗ്യാരണ്ടി പീരീഡിനുള്ളിൽ റോഡുകൾ തകരുമ്പോൾ കരാറുകാരെക്കൊണ്ട് പുനരുദ്ധരിക്കാനുള്ള നടപടി പലപ്പോഴും സ്വീകരിക്കാറില്ല. അത് ഉദ്യോഗസ്ഥരും കരാറുകാരും തമ്മിലുള്ള ബന്ധമാണോ അല്ലാത്ത മറ്റു കാര്യങ്ങളാണോ എന്നറിയില്ല. ഏതായാലും അങ്ങനെയുള്ള കാര്യങ്ങളിൽ ഗവൺമെന്റ് കർശന സമീപനം സ്വീകരിച്ച് ക്വാളിറ്റി ഉറപ്പുവരുത്താൻ കഴിയണമെന്നതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. റോഡുകളുടെ കാര്യത്തിൽ ക്വാളിറ്റിയും ഗ്യാരണ്ടിയും നിർബന്ധമാക്കി മുന്നോട്ടു പോകുമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന വായിക്കാനിടയായി. അങ്ങനെയുണ്ടെങ്കിൽ അത് സ്വാഗതാർഹമാണ്. റോഡുകൾക്ക് ആവശ്യമായ വീതിയില്ലാത്ത സാഹചര്യമുണ്ട്. റോഡുകൾക്ക് വീതികൂട്ടാതെ ഉള്ള റോഡുകൾ നന്നാക്കി ഉന്നത നിലവാരത്തിൽ ടാർ ചെയ്യുകയാണ് ചെയ്യുന്നത്. നമ്മുടെ നിരത്തിൽപ്പൊലിയുന്ന ജീവനുകൾ വളരെ വലുതാണ്. രോഗംവന്ന് മരിക്കുന്നതിനേക്കാൾ കൂടുതൽപ്പേർ റോഡപകടങ്ങളിൽ സംസ്ഥാനത്ത് മരിക്കുന്നുവെന്നത് വസ്തുതയാണ്. അശാസ്ത്രീയമായ റോഡ് നിർമ്മാണമാണ് അതിന് പ്രധാന കാരണം. റോഡുകളുടെ അശാസ്ത്രീയത തീർച്ചയായും പഠന വിഷയമാക്കേണ്ട ഒന്നുതന്നെയാണ്. റോഡുകൾ വീതി കൂട്ടാതെയും വളവുകൾ ക്ലിയർ ചെയ്യാതെയും വലിയ നിലവാരത്തിൽ ടാർ ചെയ്യുകയാണ്. ആവശ്യമായ വീതിയിൽ ഉന്നതനിലവാരത്തിൽ റോഡുകൾ ടാർ ചെയ്യാനുള്ള നടപടി സ്വീകരിക്കണം. ഒരുകാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകൾക്ക് വീതികൂട്ടാൻ സ്വമേധയാ സ്ഥലം വിട്ടുതരുന്ന സന്ദർഭങ്ങൾ ഞാൻ നേരിൽ കണ്ടിട്ടുള്ളതാണ്. ഒരു പൈസപോലും വാങ്ങാതെ റോഡ് വീതിക്കൂട്ടുന്നതിന് സ്ഥലം വിട്ടുനൽകുന്നവർക്ക് മതിൽ കെട്ടിക്കൊടുക്കാൻ പലപ്പോഴും ഡിപ്പാർട്ട്മെന്റ് തയ്യാറാകുന്നുണ്ട്. പക്ഷെ നിസ്സാരമായ കയ്യാലകൾ വച്ചുകൊടുക്കാൻ ഡിപ്പാർട്ട്മെന്റ് തയ്യാറാകുന്നില്ല. അതിനുള്ള വകുപ്പില്ലെന്നാണ് ഉദ്യോഗസ്ഥർ പലപ്പോഴും പറയുന്നത്. മതിൽ കെട്ടിക്കൊടുക്കും കയ്യാല വച്ചുകൊടുക്കില്ലെന്ന് പറയുന്നതിൽ എന്തോ വൈരുദ്ധ്യമുണ്ട്.

കെ.എസ്.ടി.പി. വളരെ ഭംഗിയായി എം.സി. റോഡുകളുടെ നിർമ്മാണ പ്രവർത്തനവുമായി വളരെ വേഗതയിൽ മുന്നോട്ടുപോകുകയാണ്. അതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാകണമെങ്കിൽ എം. സി. റോഡിലെ പ്രധാന ടൗണുകൾക്ക്

ബൈപ്പാസ് ഉണ്ടാകേണ്ടത് അനിവാര്യമാണ്. എന്റെ നിയോജകമണ്ഡലത്തിലെ കൂത്താട്ടുകുളം ഏറ്റവും കൂടുതൽ ഗതാഗത പ്രശ്നമുണ്ടാകുന്ന ഒരു സ്ഥലമാണ്. തൊട്ടടുത്തുള്ള മൂവാറ്റുപുഴ, പെരുമ്പാവൂർ, അങ്കമാലി തുടങ്ങിയവയെല്ലാം എം. സി. റോഡുമായി ബന്ധപ്പെട്ട പ്രധാന ഠൗണുകളാണ്. അവിടെയെല്ലാം കെ.എസ്.ടി.പി. റോഡുകൾ വളരെ നല്ല രീതിയിൽ വരുകയാണ്. പക്ഷേ അതിന്റെ പൂർണ്ണമായ പ്രയോജനം യാത്രക്കാർക്ക് ഉണ്ടാകണമെങ്കിൽ ബൈപ്പാസുകൾ അനിവാര്യമാണ്.

മി. സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. അനൂപ് ജേക്കബ്: സർ, എം. സി. റോഡിലെ കൂത്താട്ടുകുളം പോലുള്ള സ്ഥലങ്ങൾക്ക് അതിനുള്ള സാഹചര്യം അടിയന്തരമായി ഒരുക്കണം. അതുപോലെ കേന്ദ്ര റോഡ് ഫണ്ടിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷവും ഈ വർഷവും ഒരു റോഡുപോലും ലഭിച്ചിട്ടില്ലെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അത് നമുക്ക് ലഭ്യമാകേണ്ടതാണ്. അത്തരം പദ്ധതികളിൽ കേന്ദ്ര സർക്കാർ കേരളത്തോട് വിമുഖത കാണിക്കുന്നുവെന്നത് ഒരു വിഷയമായി നമ്മുടെ മുന്നിൽ നിൽക്കുകയാണ്. അക്കാര്യങ്ങളിൽ നടപടി ഉണ്ടാകണം.

വനം വകുപ്പുമായി ബന്ധപ്പെട്ട ഒരു കാര്യം കൂടി സൂചിപ്പിച്ച് ഞാൻ അവസാനിപ്പിക്കുകയാണ്. Man-animal conflict-നെക്കുറിച്ച് പല എം.എൽ.എ.-മാരും ഇവിടെ സൂചിപ്പിച്ചു. നായ്ക്കൾ മനുഷ്യരെ ആക്രമിക്കുന്ന സംഭവങ്ങൾ ഒരു ഭാഗത്ത്, മറ്റൊരു ഭാഗത്ത് വന്യമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങിവന്ന് ജനങ്ങളെ ആക്രമിക്കുന്നു. ജലസ്രോതസ്സുകളുടെ കുറവ് പലപ്പോഴും മൃഗങ്ങളെ ഗ്രാമങ്ങളിലേയ്ക്ക് ഇറക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കാടുകളിൽ ചെക്ക്ഡാമുകൾ നിർമ്മിച്ച് തനതായ ജലസ്രോതസ്സുകളും വാട്ടർ ബോഡീസും സംരക്ഷിച്ചുകൊണ്ട് മൃഗങ്ങൾക്ക് ആവശ്യമായ സാഹചര്യങ്ങൾ അവിടെത്തന്നെ ഒരുക്കിക്കൊടുക്കാനുള്ള പരിശ്രമങ്ങൾ നടത്തിയതായി അറിയാൻ കഴിഞ്ഞു. അതിന്റെ നടപടികൾ ഈ ഗവൺമെന്റ് മുന്നോട്ടുകൊണ്ടുപോകുന്നുണ്ടോ ഇല്ലയോ എന്നറിയാൻ ആഗ്രഹമുണ്ട്. ഇല്ലെങ്കിൽ അത്തരത്തിലുള്ള നടപടികളിൽ നയപരമായ തീരുമാനമെടുക്കണം.

കാലിത്തീറ്റയുടെ വില വളരെയേറെ വർദ്ധിക്കുകയാണ്. കഴിഞ്ഞ മൂന്നുമാസമായി സബ്സിഡി ലഭിക്കാത്ത സാഹചര്യമുണ്ട്. ഇത്തരത്തിലുള്ള വിഷയങ്ങൾ വളരെ ഗൗരവമേറിയതാണ്. സാധാരണക്കാരെ ബാധിക്കുന്ന ഇത്തരം വിഷയങ്ങളിൽ ഗവൺമെന്റ് തുറന്ന സമീപനം സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. ജോർജ് എം. തോമസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. മറ്റു വിഷയങ്ങളിലേക്ക് കടക്കുന്നതിനുമുൻപായി ചില കാര്യങ്ങൾ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. അതിലൊന്ന് വനം വകുപ്പിന്റെ തെറ്റായ നടപടികൾ തിരുത്തേണ്ടതിനെക്കുറിച്ചാണ്. മലയോര മേഖലയിലെ

കൃഷിക്കാരുടെ ഭൂമി വനം വകുപ്പ് ഏകപക്ഷീയമായി സർവ്വേ നടത്തി ജെണ്ടയിട്ട് തിരിക്കുന്നതിന്റെ ഫലമായി എന്റെ നാട്ടിൽ കണിയറാത്ത് ജോസ് എന്നയാൾ ആത്മഹത്യ ചെയ്യുകയുണ്ടായി. അദ്ദേഹത്തിന്റെ 6 ഏക്കർ ഭൂമിയിൽ 3 ഏക്കറും ഇങ്ങനെ വേർതിരിച്ചുപോയതുകൊണ്ടാണ് ആത്മഹത്യ ചെയ്യേണ്ടിവന്നത്. അതിനാൽ വനം/റവന്യൂ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ എന്നിവർ ചേർന്നുള്ള ജോയിന്റ് വെരിഫിക്കേഷനിലൂടെ മാത്രമേ ഈ സർവ്വേ നടപടികൾ പൂർത്തീകരിക്കാവൂ എന്ന നിർദ്ദേശമാണ് എനിക്ക് വയ്ക്കുവാനുള്ളത്.

വയനാട് ചുരം പൂർണ്ണമായും തിരുവമ്പാടി നിയോജകമണ്ഡലത്തിലാണ് സ്ഥിതി ചെയ്യുന്നത്. ചുരത്തിലെ 5, 6, 7 എന്നീ ഹെയർപിൻ ബെന്റുകളിൽ ടൈൽസ് പാകുന്നതിനായി പി.ഡബ്ല്യു.ഡി. ഒരു പ്രൊപ്പോസൽ തയ്യാറാക്കി. അതിനായി 0.3 ഹെക്ടർ ഭൂമിയാണ് യഥാർത്ഥത്തിൽ വനം വകുപ്പ് വിട്ടുകൊടുക്കേണ്ടത്. മാസങ്ങളുടെ എഴുത്തുകുത്തുകൾക്കുശേഷം സ്ഥലം വിട്ടുകൊടുക്കാൻ തീരുമാനിച്ചു. അതിനുശേഷം അവർ ഏകപക്ഷീയമായി മരത്തിന്റെ വിലനിശ്ചയിച്ച് മുറിക്കപ്പെടുന്ന മരത്തിന്റെ പത്തിരട്ടി മരം വച്ചുപിടിപ്പിക്കുന്നതിനായി 8 ലക്ഷം രൂപ കെട്ടിവയ്ക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. എന്നാൽ ഈ മരം ലേലം വിളിച്ചാൽ എത്രരൂപ കിട്ടുമെന്ന് ആർക്കുമറിയില്ല. അനുമതി കൊടുത്തതിനുശേഷം പിന്നെയും 14 ലക്ഷം രൂപ കൂടി കെട്ടിവയ്ക്കണമെന്ന് പറയുകയാണ്. പി.ഡബ്ല്യു.ഡി.-ക്ക് ഒരിക്കൽ അനുവദിച്ച തുകയ്ക്കുപുറമേ അഡീഷണലായി 14 ലക്ഷം രൂപയുടെ സാങ്ഷൻകൂടി വാങ്ങേണ്ട സ്ഥിതിയാണ്. ആദ്യംതന്നെ ഇതെല്ലാം പറഞ്ഞിരുന്നുവെങ്കിൽ ഒരുമിച്ച് നടപടി സ്വീകരിക്കാമായിരുന്നു. ഇങ്ങനെ ഘട്ടംഘട്ടമായി പറയുന്നത് കാരണം പ്രവൃത്തി നീണ്ടുപോകും.

വന്യജീവി പ്രശ്നം-ആന, കുരങ്ങ്, പട്ടി, പന്നി ഇവയെല്ലാം നാട്ടിൽ വിലസിക്കൊണ്ടിരിക്കുകയാണ്. വനാന്തരങ്ങളിൽ ആവശ്യമായ ഭക്ഷണം ലഭ്യമല്ലാതെ വരുന്നതുകൊണ്ടാണ് ഇവ വനത്തിന് പുറത്തേക്ക് വരുന്നത്. അതുകൊണ്ട് വനത്തിനുള്ളിൽ ആനകൾക്ക് ഭക്ഷണത്തിനാവശ്യമായ ഈറ്റ, മുള തുടങ്ങിയവ വച്ചുപിടിപ്പിക്കുന്നതിനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനുമാവശ്യമായ ക്രമീകരണം ഉണ്ടാക്കണം. അതുപോലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി പ്രകാരം വനാതിർത്തി പൂർണ്ണമായും മതിൽകെട്ടി സംരക്ഷിക്കുന്ന നടപടി സ്വീകരിക്കേണ്ടതുണ്ട് എന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

പൊതുമരാമത്ത് വകുപ്പ് ചരിത്രത്തിലെ ഏറ്റവും വലിയ വികസന പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുകയാണ്. ഹിൽ ഹൈവേ, തീരദേശ ഹൈവേ, നാഷണൽ ഹൈവേ എന്നിവയെല്ലാം ഈ സർക്കാരിന്റെ കാലത്തുതന്നെ പൂർത്തീകരിക്കാനാവശ്യമായ നടപടികളുമായി പൊതുമരാമത്ത് വകുപ്പുമന്ത്രി മുന്നോട്ടുപോകുന്നത് തീർച്ചയായും അഭിനന്ദനാർഹവും ശ്ലാഘനീയവുമാണ്.

അത്തരത്തിലുള്ള എല്ലാ നടപടികളും എത്രയുംവേഗം ഫലസിദ്ധി കാണട്ടെ എന്ന് ആശംസിക്കുകയാണ്. പി.ഡബ്ല്യൂ.ഡി. രംഗത്തെ അഴിമതി അവസാനിപ്പിക്കുന്നതിനായി അദ്ദേഹം വലിയൊരു യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. പ്രവൃത്തി ടെണ്ടർ ചെയ്യുമ്പോഴുള്ള റേറ്റിനുശേഷം പ്രവൃത്തി നീട്ടിക്കൊണ്ടുപോയി റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിപ്പിക്കുകയും അതിന്റെ മറവിൽ കോടികൾ കൊള്ളയടിക്കുകയുമായിരുന്നു നേരത്തെ ചെയ്തിരുന്നത്. യാതൊരു കാരണവശാലും റിവൈസ്ഡ് എസ്റ്റിമേറ്റ് അനുവദിക്കില്ലെന്ന നിലപാട് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചതിനെത്തുടർന്ന് ആ രംഗത്ത് ഇപ്പോൾ മാറ്റമുണ്ടായിരിക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രിയുടെ സ്വന്തക്കാർ ആവശ്യപ്പെടുന്നതിനുമാത്രം ഫണ്ട് അനുവദിക്കുക എന്നതായിരുന്നു പണ്ടുണ്ടായിരുന്നത്. അതിൽ സവിശേഷമായ പ്രാവീണ്യം നേടിയ ഒരു മുസ്ലീംലീഗ് എം.എൽ.എ. ഉണ്ട്. ഞങ്ങളുടെ അയൽവാസിയാണ്. ട്വന്റി ട്വന്റി എന്നാണ് അവിടെ അറിയപ്പെടുന്നത്. 20 ശതമാനം മിനിസ്റ്ററുടെ ആഫീസിൽ, പി.ഡബ്ല്യൂ.ഡി.-യിൽ, ധനകാര്യ വകുപ്പുമന്ത്രിയുടെ ആഫീസിൽ, പിന്നെ കരാറുകാരും ഇവരെല്ലാംകൂടി 20 ശതമാനം. അങ്ങനെ ട്വന്റി ട്വന്റി എന്നറിയപ്പെടുന്ന ഒരു സംവിധാനം അവിടെ ഉണ്ടായിരുന്നു. അതെല്ലാം ഇപ്പോൾ പൂർണ്ണമായും നിലച്ചിരിക്കുകയാണ്. അതുകൊണ്ട് അഴിമതിരഹിതമായ പൊതുമരാമത്ത് വകുപ്പ് സാധ്യമാകുമെന്നാണ് നമ്മുടെ പ്രതീക്ഷ. എനിക്കതിൽ സൂചിപ്പിക്കാനുള്ളത്, കെട്ടിട നിർമ്മാണരംഗത്ത് ഒരേ ടൈപ്പ് കെട്ടിടങ്ങളാണ് കണ്ടുവരുന്നത്. തീപ്പെട്ടി മേൽക്കുമേൽ അടുക്കിവച്ചതുപോലുള്ള സിസ്റ്റമാണ്. അതിനുപകരം വാസ്തുശിൽപ്പ ഭംഗിയുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി 1972-ൽ പാർലമെന്റ് പാസ്സാക്കിയ ആർക്കിടെക്റ്റ്സ് ആക്ട് ഇവിടെ നടപ്പിൽവരുത്താൻ ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കേണ്ടതുണ്ട്. അതുപോലെതന്നെ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ, ടെക്നിക്കൽ സാംഗ്ഷൻ, ടെണ്ടർ നടപടി എന്നിവയ്ക്കിടയിലെ സമയദൈർഘ്യം കുറയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. സമയം ലാഭിക്കുക എന്നത് ഏറ്റവും പ്രധാനപ്പെട്ട ഒരു ആവശ്യമാണ്. റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിക്കുക എന്നത് റബ്ബർ കൃഷിക്കാരെ സംരക്ഷിക്കുന്നതിനും റോഡിന്റെ ലൈഫ് കൂടുതൽ നീട്ടുന്നതിനും ഉപകരിക്കും. അതുകൊണ്ട് റബ്ബറൈസ്ഡ് ബിറ്റുമിൻ എല്ലാ മേഖലകളിലും ഉപയോഗിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തീരുമാനിക്കണമെന്നാണ് പറയുവാനുള്ളത്.

റോഡ് പണിതിട്ടുവേണം റോഡ് കുഴിക്കാൻ എന്നുപറഞ്ഞ് കാത്തുനിൽക്കുന്നവരുണ്ട്. സർക്കാർ ജോലി കിട്ടിയിട്ടുവേണം ലീവെടുക്കാൻ എന്നു പറയുന്നതുപോലെ റോഡുപണി പൂർത്തിയായാൽ പിറ്റേന്നുതന്നെ വാട്ടർ അതോറിറ്റിക്കാരോ ടെലിഫോൺ കേബിളുകാരോ ഇലക്ട്രിസിറ്റി ബോർഡുകാരോ അല്ലെങ്കിൽ മറ്റാരെങ്കിലുമോ റോഡ് കുഴിക്കുകയാണ്. ഒരിക്കൽ പണി പൂർത്തിയായ റോഡ് ഇങ്ങനെ കുഴിക്കുന്നതുമൂലം വളരെ ബുദ്ധിമുട്ടുണ്ടാവുകയാണ്. അതുകൊണ്ട്

നേരത്തെതന്നെ എന്തെല്ലാം ആവശ്യങ്ങൾ ഉണ്ടെന്ന് മനസ്സിലാക്കി അതനുസരിച്ചുള്ള പ്രൊവിഷൻസ് പ്രൊവൈഡ് ചെയ്ത് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ ഡിസൈൻ അംഗീകരിക്കാൻ പൊതുമരാമത്ത് വകുപ്പ് തയ്യാറാകേണ്ടതുണ്ട്.

ഇവിടെ ഈ ധനാഭ്യർത്ഥനകളെ എതിർക്കാൻ ആർക്കും കഴിയില്ല. ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നവരെ നാട്ടിലെ ജനങ്ങൾ വെറുതേ വിടുമെന്ന് കരുതണ്ട. ഞങ്ങളുടെ സ്ഥലത്തുണ്ടായ അനുഭവം പറയാം. കർഷകത്തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ തുടങ്ങിയ ക്ഷേമപെൻഷനുകളെല്ലാം കൃത്യമായി വിതരണം ചെയ്തതിനെത്തുടർന്ന്, നേരത്തെ സഖാവ് ശ്രീ. വി. എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് 12 മാസത്തെ കുടിശ്ശിക ഒന്നിച്ച് കൊടുത്തപ്പോൾ ഞങ്ങളുടെ നാട്ടിൽ ഒരാൾ സന്തോഷംകൊണ്ട് ഹൃദയംപൊട്ടി മരിച്ചുപോയി. കിലുക്കം സിനിമയിൽ ഒരു കക്ഷിക്ക് ലോട്ടറി അടിച്ച സംഗതി അവതരിപ്പിക്കുകയുണ്ടായി. ഇന്നസെന്റിന് ലോട്ടറി അടിച്ചതായി രേവതി വായിച്ച് കേൾപ്പിക്കുകയാണ്. ആദ്യമാദ്യം നമ്പർ വായിച്ചപ്പോൾ അയാൾ അത് വിശ്വസിച്ചിരുന്നില്ല, അവസാനത്തെ നമ്പരുകൾ വായിച്ചപ്പോൾ അയാളുടെ ലോട്ടറി ടിക്കറ്റിനുതന്നെയാണ് പ്രൈസ് കിട്ടിയതെന്നറിഞ്ഞ് അദ്ദേഹം ബോധം കെട്ടുവീണു എന്നതായിരുന്നു ആ ചിത്രത്തിലെ ഒരു രംഗം. അതുപോലെ ഞങ്ങളുടെ പുല്ലൂരാംപാറയിലെ കുട്ടായി എന്നു വിളിക്കുന്ന വേലായുധൻ, അന്ന് 1,440 രൂപയായിരുന്നു അയാൾക്ക് പെൻഷൻ കിട്ടിയത്. അത് എണ്ണിയെണ്ണി ആയിരം രൂപ വരെ എണ്ണുമ്പോഴും വലിയ കുഴപ്പമുണ്ടായില്ല. 1,100 രൂപ എണ്ണുമ്പോഴേക്കും അയാളുടെ കൈ വിറച്ചുതുടങ്ങി. 1,200 രൂപ എന്നുപറഞ്ഞ് പന്ത്രണ്ടാമത്തെ നൂറിന്റെ നോട്ട് എണ്ണുമ്പോഴേക്കും അയാൾക്ക് ശബ്ദമിടറി. ചുരുക്കത്തിൽ 1,300 രൂപ എണ്ണിയപ്പോഴേയ്ക്കും സന്തോഷംകൊണ്ട് വീണ് അവിടെതന്നെ പിടഞ്ഞുമരിച്ചു. ഈ അനുഭവമുള്ളതുകൊണ്ട് ഞാൻ ഇത്തവണ തെരഞ്ഞെടുപ്പുകാലത്തും പിന്നീടും പറഞ്ഞു, ഞങ്ങളുടെ ഗവൺമെന്റ് വരും എല്ലാ കുടിശ്ശികയും തരും അപ്പോൾ സന്തോഷാധിക്യംകൊണ്ട് ആരും ഹൃദയംപൊട്ടി മരിക്കാൻ ഇടവരരുത് എന്ന ഒരു സൂചന നേരത്തെ കൊടുത്തിരുന്നു. അതുകൊണ്ട് ഇത്തവണ അങ്ങനെയൊരു അനുഭവം ഉണ്ടായില്ല. പക്ഷേ 80 വയസ്സായ ഒരു അമ്മ, അവർക്ക് ഇത്തവണ പത്തിരുപതിനായിരത്തോളം രൂപ പെൻഷൻ കിട്ടി. അരപ്പവന്റെ ഒരു മാലയും ഒരു ചെറിയ ലോക്കറ്റും വാങ്ങി. അവരുടെ ജീവിതത്തിൽ ആദ്യമായിട്ടാണ് ഒരു സ്വർണ്ണമാല ഇടുന്നത്. അവരുടെ വീടിന്റെ തൊട്ടടുത്ത് ഒരു കല്യാണവീട്ടിൽ ഞാൻ പോയപ്പോൾ അവർ എന്നെ വിളിച്ചു. കെട്ടിപ്പിടിച്ച് തലയിൽ ഉമ്മവച്ചിട്ട് പറയുകയാണ് "മോനേ നിന്റെ ഗവൺമെന്റ് വന്ന് ഞങ്ങളെ സഹായിച്ചു. ഞാനെന്റെ ജീവിതത്തിൽ ആദ്യമായി ഒരു സ്വർണ്ണമാല ധരിക്കുകയാണ്." കോൺഗ്രസ്സുകാർ നടത്തുന്ന തിരുവമ്പാടി മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രസിഡന്റ് എന്നോട് പറഞ്ഞത് അവരുടെ ചരിത്രത്തിൽ ആദ്യമായി ഈ ഓണക്കാലത്ത് ഒന്നേകാൽ കോടി രൂപയുടെ കച്ചവടം നടന്നു എന്നാണ്. ഈ ഗവൺമെന്റ് ഇല്ലായിരുന്നുവെങ്കിൽ ഇത് സാധിക്കുമായിരുന്നില്ല എന്ന് കോൺഗ്രസ്സുകാർ പറയുകയാണ്. ഇങ്ങനെയാണ്

ബഹുജനങ്ങൾ ചിന്തിച്ചുകൊണ്ടിരിക്കുന്നത്. പൊതുജനങ്ങളുടെ അഭിപ്രായം ഇങ്ങനെ നിൽക്കുമ്പോൾ ഇവിടെവന്ന് സൂര്യനെ മറയ്ക്കാൻ പാഴ്മുറം എടുത്ത് പ്രയോഗിക്കുന്നതു പോലെ വൃഥാവിലായ അഭ്യാസങ്ങളുമായി ഇവർ ഇറങ്ങുകയാണ്. സഖാവ് ഇ. പി. ജയരാജൻ ഇപ്പോൾ രാജിവച്ചു. ഇനി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കൂടി രാജിവയ്പിക്കാനാണ് ശ്രമം. ഇപ്പോൾ കണ്ടില്ലേ യു.ഡി.എഫ്.-ന്റെ അവസ്ഥ; കോൺഗ്രസ്സുകാർ മുഖ്യമന്ത്രിയെക്കൂടി അന്വേഷണ പരിധിയിൽപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടപ്പോൾ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് അതിനെക്കുറിച്ച് ഒരക്ഷരം മിണ്ടുന്നില്ല. എനിക്ക് അദ്ദേഹത്തെ അഭിനന്ദിക്കണമെന്ന് തോന്നിപ്പോയി. അദ്ദേഹം പറഞ്ഞു ഒരു ചർച്ചയൊക്കെ ആവാമായിരുന്നു എന്ന്. ചർച്ചയില്ലാത്തതു കൊണ്ട് ഞാനങ്ങുപോയി. ശ്രീ. മാണിസാർ പറഞ്ഞു, എനിക്ക് പ്രതിഷേധമുണ്ട്, പക്ഷേ ഞാൻ വാക്കൗട്ടിനില്ല. എന്താണ് ഇത് സൂചിപ്പിക്കുന്നത്; മഹാനായ സഖാവ് ഇ. എം. എസ്. അവസാനമായി കോഴിക്കോട് നടത്തിയ ഒരു പ്രസംഗത്തിൽ പറഞ്ഞു, 'കോൺഗ്രസ് 1967-ലെ സംഖ്യയുടെ വാലില്ലാത്ത അവസ്ഥയിലേക്ക് എത്തും. (എന്നുവച്ചാൽ അത് 9 ആയിരുന്നു.) അത് കാണാൻ ഒരുപക്ഷേ ഞാനുണ്ടാവില്ലെങ്കിലും ഈ നാട്ടിലെ ജനങ്ങൾ അത് കാണും.' ആ അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുന്നു. ഞാൻ ചോദിക്കട്ടെ, ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ സ്വർണ്ണനിക്ഷേപം കഴിഞ്ഞാൽപ്പിന്നെ ഏറ്റവും വലിയ നിക്ഷേപം ഉണ്ടായത് മുൻമന്ത്രി ശ്രീ. കെ. ബാബുവിന്റെ ലോക്കറിലല്ലേ; ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് സമാനമായ സ്വർണ്ണനിക്ഷേപമുള്ള മുൻമന്ത്രി ശ്രീ. കെ. ബാബുവിന്റെ രാജിക്കത്ത് കീശയിൽവച്ച് പത്തുപതിനഞ്ച് ദിവസത്തോളം നടന്ന ശ്രീ. ഉമ്മൻ ചാണ്ടിയാണ് ഇവിടെ ഇരിക്കുന്നത്. അദ്ദേഹം ഒരക്ഷരം മിണ്ടിയോ ഈ പ്രശ്നത്തിൽ; എന്താണ് മിണ്ടാത്തത്? ശ്രീ. കെ. ബാബുവെന്ന അഴിമതിവീരനായ, കേരളം കണ്ടിട്ടുള്ള ഏറ്റവും ഭീകരമായ അഴിമതി നടത്തിയ മുൻമന്ത്രിയുടെ രാജി വാങ്ങി കീശയിൽ കൊണ്ടുനടന്ന മുൻ മുഖ്യമന്ത്രി ജയരാജേട്ടന്റെ രാജിയെ സംബന്ധിച്ച് പറഞ്ഞത് എന്താണെന്നറിയാമോ; 'ഓ, ഇത് ശ്രീ. ഇ. പി. ജയരാജൻ ആദ്യമായിട്ടങ്ങ് ചെയ്യുന്നതാണോ; ഇതൊക്കെ ഞങ്ങളും പണ്ട് ചെയ്തതല്ലേ.' എന്നാണ്.

3.00 PM]

സോഷ്യൽ മീഡിയയിൽ ഒരു വൈറൽ വന്നിട്ടുണ്ട്, ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി അതൊന്ന് ശ്രദ്ധിക്കുന്നത് നല്ലതാണ്. എന്താണെന്ന് അറിയാമോ ? ഉമ്മൻ ചാണ്ടി ചിരിച്ചുകൊണ്ടിരിക്കുമ്പോൾ ആത്മഗതം - 'ശ്ശെ മണ്ടൻ.' ആരെപ്പറ്റിയാണ് പറയുന്നതെന്ന് അറിയാമോ? ജയരാജേട്ടനെപ്പറ്റിയാണ് പറയുന്നത്. 'ഇതുപോലുള്ള കാര്യങ്ങൾക്കുവേണ്ടി ആരെങ്കിലും രാജിവയ്ക്കുമോ?' അദ്ദേഹത്തെക്കുറിച്ച് ചോദിക്കുകയാണ്. രാജിവച്ചത് മണ്ടത്തരമാണെന്നാണ് ആ പറഞ്ഞതിന്റെ അർത്ഥം. ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബ് എന്താണ് പറഞ്ഞത്? ഇതൊക്കെ രേഖപ്പെടുത്തേണ്ട ആവശ്യമുണ്ടായിരുന്നോ എന്നാണ്; വെറുതെ പറഞ്ഞാൽ പോരായിരുന്നോ ഞങ്ങളൊക്കെ അങ്ങനെയല്ലേ ചെയ്തത്. ഒരു ഉപദേശമാണ്. ഞങ്ങളെല്ലാ

കാര്യങ്ങളും ഫോണിൽക്കൂടി പറയുകയായിരുന്നു. നിങ്ങൾ വിഡ്ഢിത്തംകൊണ്ട് എഴുതിക്കൊടുത്തു. ആ ഒരു തെറ്റാണ് ജയരാജേട്ടൻ ചെയ്തതെന്നാണ് ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബ് ഇപ്പോൾ പറഞ്ഞത്. ഇല്ലാത്ത ഒരു പ്രശ്നത്തിന്റെ പേരിൽ, അഴിമതി ആരോപണം ഉന്നയിച്ച് ഈ ഗവൺമെന്റിനെ താറടിക്കുക, അതിന്റെ പ്രൈം ടാർജറ്റായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ തന്നെ വയ്ക്കുക. ഞാൻ ഒരുകാര്യം വളരെ വ്യക്തമായി പറയാൻ ആഗ്രഹിക്കുകയാണ്. തലശ്ശേരിയിലും കണ്ണൂരുമുള്ള ആർ.എസ്.എസ്.-കാരുടെ നീട്ടിപ്പിടിച്ച കഠാരകൾക്കും വലിച്ചെറിഞ്ഞ ബോംബുകൾക്കും നടുവിലൂടെ കനൽവഴികൾ താണ്ടിയാണ് സഖാവ് പിണറായി വിജയൻ കേരളത്തിന്റെ മുഖ്യമന്ത്രിയായത്. സൂര്യതേജസ്സാർന്ന ആ വ്യക്തിത്വത്തെ ഇതിന്റെ പേരിൽ കളങ്കപ്പെടുത്താമെന്ന് നിങ്ങൾ വിചാരിച്ചാൽ അത് നടക്കില്ല. ജനങ്ങൾ അംഗീകരിച്ചിട്ടുള്ള, കോൺഗ്രസ്സുകാരുൾപ്പെടെയുള്ള സാധാരണ ജനങ്ങൾ നെഞ്ചിലേറ്റിയ ഈ ഗവൺമെന്റിനെ താറടിക്കാൻ നിങ്ങൾ വൃഥാ ശ്രമിക്കണ്ട. ശ്രീ. വി. ഡി. സതീശനെപ്പോലെയുള്ളവർ നിരാശകൊണ്ട് എന്തെങ്കിലും പറഞ്ഞു പറ്റിക്കും. അത് സ്വാഭാവികമാണ്. ശ്രീ. വി. ഡി. സതീശൻ ഇപ്പോൾ ഒരുപാട് ആത്മഗതം പറഞ്ഞുകൊണ്ടിരിക്കുകയാണ്. ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. വി. എം. സുധീരനുമൊക്കെ നേതൃത്വം മാറാതെ കേരളത്തിലെ കോൺഗ്രസ് രക്ഷപ്പെടുകയില്ല, അടുത്ത ദിവസം ശ്രീ. കെ. മുരളീധരൻ പറയുകയാണ് കോൺഗ്രസ് എങ്ങനെ രക്ഷപ്പെടാൻ എന്ന്. അവരുടെ സ്ക്വാഡ് വർക്കിനെപ്പറ്റി ശ്രീ. കെ. മുരളീധരൻ പറഞ്ഞു-കുറേ വയസ്സന്മാരും കൗതുകംകൊണ്ട് കൂടെനടക്കുന്ന കുറച്ച് കുട്ടികളും മാത്രമാണുള്ളത്; പാർട്ടി പ്രവർത്തകരില്ല. ഇതല്ലേ കോൺഗ്രസ്സിന്റെ അവസ്ഥ. ഇന്ന് നിയമസഭയിൽ കാണിച്ച നയമാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും പാർട്ടിയും തുടരുന്നതെങ്കിൽ ഇം.എം.എസ്.-ന്റെ പ്രവചനം സാക്ഷാൽക്കരിക്കാൻ അടുത്ത തെരഞ്ഞെടുപ്പുവരെ കാത്തിരിക്കേണ്ടിവരില്ല. കോൺഗ്രസ് വാലില്ലാത്ത ഒൻപതായിമാറും എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ വീണ്ടും പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u> : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം പകൽസമയങ്ങളിൽ നായ്ക്കളുടെ ആക്രമണംകാരണം മനുഷ്യർക്ക് റോഡിൽക്കൂടി നടക്കാൻ കഴിയുന്നില്ല. രാത്രികാലങ്ങളിൽ മനുഷ്യരെ സി.പി.ഐ.(എം)-കാർ ആക്രമിച്ച് കൊല്ലുമോയെന്ന ഭയംകാരണം പുറത്തിറങ്ങാൻ കഴിയുന്നില്ല. എവിടെയാണ് സമാധാനമുള്ളത്? കോൺഗ്രസ്സിന്റെ ചരിത്രത്തെക്കുറിച്ച് അവർ പറഞ്ഞപ്പോൾ ആ പാർട്ടി വാലില്ലാത്ത ഒൻപതാകുമെന്നൊക്കെ ഇവിടെ ചിലർ ആക്ഷേപിക്കുന്നു. നിങ്ങളുടെ പാർട്ടിയുടെ അവസ്ഥയെന്താണെന്നറിയാൻ പശ്ചിമ ബംഗാളിലേക്കൊന്ന് നോക്കിയാൽ മനസ്സിലാകും. നിങ്ങൾ കോൺഗ്രസ്സിനെ എന്തിനാണ് എടങ്ങേറാക്കുന്നത്? നിങ്ങളുടെ വലിപ്പം എത്രയെന്നുള്ളത് ഇപ്പോൾ ഞങ്ങൾക്കല്ലേ അറിയൂ. ഇവിടെ രാജിവച്ച മുൻമന്ത്രി ശ്രീ. ഇ. പി. ജയരാജനോട് എനിക്ക് ബഹുമാനമാണുള്ളത്.

രണ്ട് മന്ത്രിമാരാണ് ഇവിടെ ശ്രദ്ധഗതിക്കാരായുള്ളത്. ഒന്ന് ശ്രീ. ഇ. പി. ജയരാജനും മറ്റൊന്ന് ശ്രീ. ജി. സുധാകരനുമാണ്. ശ്രീ. ഇ. പി. ജയരാജൻ അന്ന് മുഹമ്മദാലിയുടെ മരണത്തെപ്പറ്റി പറഞ്ഞപ്പോൾ എല്ലാപേരുംകൂടി അദ്ദേഹത്തിന്റെ നേരെകൂടി. എന്നാൽ ഇത്തരം കാര്യങ്ങളിൽ ഡോക്ടറേറ്റും വിവരവുമുള്ള പണ്ഡിതന്മാരായ ആളുകൾ വേറെയുമുണ്ടല്ലോ നിങ്ങളുടെ കൂടെ. ഡോ. കെ. ടി. ജലീൽ, അദ്ദേഹം വലിയ ബുദ്ധിജീവിയാണല്ലോ, അദ്ദേഹം ആർട്ടിസ്റ്റ് ശങ്കറിനെ കാർട്ടൂണിസ്റ്റ് ശങ്കറാക്കി. അപ്പോൾ ആരും അദ്ദേഹത്തിന്റെ പുറകെകൂടാൻ ഉണ്ടായിരുന്നില്ലല്ലോ. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ മുഖ്യമന്ത്രിയെ Honourable Prime Minister Pinarayi Vijayan എന്ന് പറഞ്ഞപ്പോൾ ആരും ഇല്ലായിരുന്നല്ലോ, ഈ മീഡിയക്കാരെല്ലാം അപ്പോൾ എവിടെയായിരുന്നു? പാവം ശ്രീ. ഇ. പി. ജയരാജൻ മിനിസ്റ്റർ ഒരു കാര്യം പറഞ്ഞപ്പോൾ എല്ലാപേരും അദ്ദേഹത്തിന്റെ പുറകിലായിരുന്നു. അദ്ദേഹത്തിന് ചെറിയൊരു അബദ്ധം പറ്റി. ഇന്നെങ്കിലും ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബിനെ നന്നാക്കി പറഞ്ഞല്ലോ. എനിക്കത് കേട്ടപ്പോൾ സമാധാനമായി. അത് ശ്രീ. ജോർജ് എം. തോമസ് തന്നെ പറയുകയും ചെയ്തു. ബഹുമാനപ്പെട്ട ജി. സുധാകരൻ മിനിസ്റ്റർ വളരെ സമാധാനത്തോടുകൂടി അവിടെ ഇരിക്കുകയായിരുന്നു. അദ്ദേഹത്തെ കൊണ്ടുപോയി ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ അടുത്തിരുത്തി. അല്ലെങ്കിൽത്തന്നെ പാളിനോക്കിയതിന്റെ പേരിൽ ഒരു കേസുണ്ട്. ഇനി രണ്ടാമതൊരു കേസുകൂടി എടുക്കുന്നുണ്ട്. അദ്ദേഹത്തിന് ഏതൊക്കെ നിലയിൽ മാനസിക സംഘർഷമുണ്ടാക്കി.

<u>മി. സ്പീക്കർ</u> : പാളിനോക്കിയതിന്റെ വിവർത്തനം വേണോ?

<u>ശ്രീ. പി. കെ. ബഷീർ</u> : സർ, അപ്പോൾ എത്തിനോക്കിയെന്ന് പറയാം. ഇങ്ങനെ കുറെ സംഗതികൾ അൺപാർലമെന്ററിയായുണ്ട്. നിങ്ങൾക്ക് നീക്കം ചെയ്യാനുള്ളതെല്ലാം നീക്കം ചെയ്തോ, ഞാൻ പറയാനുള്ളത് പറയും. കേട്ട് കഴിച്ചുള്ളതെല്ലാം നിങ്ങൾ എടുത്തോളൂ. ഈ ഗവൺമെന്റിന് എന്ത് കോട്ടമുണ്ടായാലും നിങ്ങൾ ശ്രീ. ഇ. പി. ജയരാജനെ പറഞ്ഞിട്ട് കാര്യമില്ല. നിങ്ങൾ ആദ്യം ചെയ്തത് ശ്രീ. വി. എസ്. അച്ചുതാനന്ദന് ആദ്യം ഒരു കാറും ബംഗ്ലാവും പിന്നെ ഒരു ആഫീസും അനുവദിച്ചു. നിയമസഭയ്ക്കകത്ത് ആഫീസ് വേണമെന്ന് പറഞ്ഞു അത് അനുവദിച്ചു. ഇപ്പോൾ ആഫീസ് ശരിയാകാത്തതുകൊണ്ടാണ് വീട്ടിൽ മീറ്റിംഗ് കൂടിയത്. അദ്ദേഹവും നിങ്ങളുടെ പാർട്ടിയിൽപ്പെട്ടതാണല്ലോ, നിങ്ങൾ എല്ലാപേരെയും ഇങ്ങനെ പറയും.

നിങ്ങൾ എന്താണ് ചെയ്തത്? എല്ലാപേർക്കും പെൻഷൻ വീട്ടിലെത്തിക്കുമെന്ന് പറഞ്ഞു, അടുത്ത മൂന്ന് മുതൽ ഒൻപത് മാസത്തേക്ക് പെൻഷൻ കിട്ടില്ല എന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നത്, അത് ഞങ്ങൾക്കറിയാം. ഞങ്ങളുടെ

ഭരണകാലത്ത് ശ്രീ. ഉമ്മൻ ചാണ്ടി 2,100 കോടി രൂപ പെൻഷൻ നൽകുന്നതിനായി പാസ്സാക്കിവച്ചത് നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ കൊടുത്തുവെന്നല്ലാതെ ഒന്നും ചെയ്തിട്ടില്ല. ഞങ്ങളുടെ ഗവൺമെന്റാണ് ബഡ്ജറ്റിൽ വിഹിതം മാറ്റിവച്ചത്. നിങ്ങൾ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടേയുള്ളൂ. അതിന്റെ കണക്കൊന്നും നിങ്ങൾ പറയിപ്പിക്കണ്ട. അത് കിട്ടിയവരൊക്കെ ദേശാഭിമാനിയുടെ വരിക്കാരാകണമെന്ന് പറഞ്ഞതൊന്നും ഞങ്ങളെക്കൊണ്ട് പറയിപ്പിക്കേണ്ട. അത് പറഞ്ഞാൽ ശ്രീ. ഇ. പി. ജയരാജനെപ്പോലെ എത്രപേരെക്കൊണ്ട് രാജിവയ്പിക്കേണ്ടി വരും.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ചിറ്റയം ഗോപകുമാർ)

ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രീ, 126 കോടി രൂപയാണ് പൊതുമരാമത്ത് വകുപ്പിന് കിട്ടിയത്. ശ്രീ. പി. സി. ജോർജ് പറഞ്ഞല്ലോ ഹിന്ദു മതവിശ്വാസികളുടെ തീർത്ഥാടന കേന്ദ്രമായ ശബരിമലയെപ്പറ്റി. ഇത്രയും തുക കിട്ടിയിട്ട് അവിടേയ്ക്കുള്ള അനുബന്ധ റോഡിന്റെ പണി ഇന്നുവരെ നടത്താൻ കഴിഞ്ഞോ? ഞാൻ കഴിഞ്ഞ ആഴ്ച അതുവഴി പോയിരുന്നു. എന്തായിരുന്നു അവിടത്തെ റോഡുകളുടെ അവസ്ഥ? ഡിസംബർ-ജനുവരി മാസമാകുമ്പോൾ ശബരിമല സീസൺ തുടങ്ങും. ഇനി അഞ്ച് മാസമേയുള്ളൂ. എവിടെ പണി തുടങ്ങി? ഇത്രയും തീർത്ഥാടകർ പോകുന്നിടത്തേക്ക് ആവശ്യമായ എസ്റ്റിമേറ്റ് ഉണ്ടാക്കിയോ? ഇനിയാണോ തയ്യാറാക്കുന്നത്?

പൊതുമരാമത്ത് വകുപ്പിനെപ്പറ്റി പറയുമ്പോൾ, ഒരു വർക്ക് ഏറ്റെടുക്കുമ്പോൾ ആർക്കാണ് പ്രൊപ്പോസൽ കൊടുക്കുക? ബഹുമാനപ്പെട്ട മന്ത്രി പറയണം ആർക്കാണ് പ്രൊപ്പോസൽ സമർപ്പിക്കേണ്ടത്? ഇവിടെ ഏതോ ഒരു 'കിഫ്ബി'-യെപ്പറ്റി പറയുന്നു. ഇവിടെ ഏതെങ്കിലുമൊരു എം.എൽ.എ.-യ്ക്ക് അഞ്ചോ പത്തോ കോടി രൂപയുടെ ഒരു പാലം അനുവദിച്ചാൽ ആർക്കാണ് എസ്റ്റിമേറ്റ് കൊടുക്കേണ്ടത്? എസ്റ്റിമേറ്റ് തയ്യാറാക്കി വകുപ്പുമന്ത്രിക്കാണോ ധനകാര്യ വകുപ്പുമന്ത്രിക്കാണോ കൊടുക്കേണ്ടതെന്ന് മന്ത്രിതന്നെ പറയണം. 126 കോടി രൂപയാണ് ആകെയുള്ളത്. ഇത് ആർക്കാണ് അനുവദിക്കാൻ കഴിയുന്നത്? ഭരണപക്ഷമായ നിങ്ങൾക്ക് അനുവദിച്ചാൽതന്നെ ഒരു കോടി രൂപ തരാൻ ഉണ്ടാകുമോ? പദ്ധതിച്ചെലവ് വെറും എട്ട് ശതമാനമേ ആയിട്ടുള്ളൂ. ഇനി അഞ്ച് മാസമേയുള്ളൂ, എവിടെയാണ് പണം ചെലവഴിക്കുന്നത്? നിങ്ങൾ വാചകക്കസർത്ത് നടത്തുകയല്ലാതെ ഒരു പരിപാടിയും നടത്തുന്നില്ല. സാധാരണനിലയ്ക്ക് നാലാം വർഷത്തിലാണ് അബദ്ധം പറ്റുന്നത് ഇത് നാലാം മാസത്തിലേ തുടങ്ങി. പൊതുമാരാമത്ത് വകുപ്പുമന്ത്രിയോട് പാറയാനുള്ളത്, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരുപാട് വികസനപ്രവർത്തനങ്ങൾ നടന്നു. പതിനൊന്നായിരം കോടി രൂപയുടെ വികസനപ്രവർത്തനങ്ങളാണ് നടന്നത്. അതുപോലെ ഗ്രാമീണ, കോർപ്പറേഷൻ റോഡുകളൊക്കെ പൊതുമരാമത്ത്

വകുപ്പിന്റെ ഫണ്ടുപയോഗിച്ച് നടത്തുന്ന സംവിധാനമുണ്ടായിരുന്നു. അന്ന് ഈ 'കിഫ്ബി'-യൊന്നും ഇല്ലായിരുന്നു. അന്ന് കേരളത്തിന്റെ എല്ലാഭാഗത്തും പണികൾ നടത്തിയിരുന്നു. അന്ന് നൂറ് രൂപ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഉണ്ടായിരുന്നാലും പണികളെല്ലാം നടത്തിയിരുന്നു. മാറിമാറി അധികാരത്തിൽ വന്ന ഗവൺമെന്റുകൾ എല്ലാക്കാലത്തും ഇതൊക്കെ നടത്തിയിരുന്നു. ഇപ്പോൾ അങ്ങനെയൊരു സംവിധാനം എവിടെയെങ്കിലുമുണ്ടോ? പി.ഡബ്ല്യു.ഡി.-യിലെ ഉദ്യോഗസ്ഥരെയെല്ലാം നിലയ്ക്കുനിർത്തിയതിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. നിങ്ങൾ അഴിമതിക്കാരനല്ല. നൂറ് ശതമാനം പെർഫെക്ടാണെന്ന് എനിക്കറിയാം. പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് റോഡ് സൈഡിൽ മെറ്റൽ കൊണ്ടിട്ട് അപകടങ്ങൾ ഉണ്ടാക്കുന്നതും സ്വകാര്യ വ്യക്തികളുടെ റോഡ് കയ്യേറ്റവും നിയന്ത്രിക്കണം. പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർ ആരുംതന്നെ ഇക്കാര്യങ്ങൾ ശ്രദ്ധിക്കാറില്ല. ഇതിനെല്ലാം ബഹുമാനപ്പെട്ട മന്ത്രി ശക്തമായ നടപടിയെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

അതുപോലെ ബഹുമാനപ്പെട്ട രാജു മിനിസ്റ്ററോട്, നമ്മുടെ നാട്ടിൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് വികസനപ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഒരു ഹെക്ടർ സ്ഥലം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനുണ്ടെങ്കിൽ സംസ്ഥാനത്തെ ചീഫ് കൺസർവ്വേറ്റർ ഓഫ് ഫോറസ്റ്റിന് അനുമതി കൊടുക്കാം. ഒരു പാലം പണിയു കയാണെങ്കിൽ അതിന്റെ വീതിയും അളവും നോക്കിയാൽ അതിനും അനുമതി കൊടുക്കാം. അതുപോലെതന്നെ സംസ്ഥാന ഗവൺമെന്റിന് അഞ്ച് ഹെക്ടർവരെ പെർമിഷൻ നൽകാം. അഞ്ചുമുതൽ നാൽപ്പത് ഹെക്ടർ വരെയുള്ള സ്ഥലത്തിന്റെ അനുമതിക്ക് മാത്രമേ ബാംഗ്ലൂരിൽ പേകേണ്ടതുള്ളൂ. ഡി.എഫ്.ഒ.-യ്ക്ക് ചില അധികാരങ്ങളുണ്ട്. ഏതെങ്കിലും അധികാരം ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥർ ഉപയോഗിക്കുന്നുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. എന്റെ മണ്ഡലത്തിലെ ഒരു റോഡിന് നാലരക്കോടി രൂപയുടെ സാംഗ്ഷൻ ലഭിച്ചതിൽ 150 മീറ്ററിന് മാത്രമേ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അനുമതി ആവശ്യമുള്ളൂ. പ്രസ്തുത അനുമതി നൽകാൻ ഒന്നേമുക്കാൽ കൊല്ലമെടുത്തു, ഡി.എഫ്.ഒ.-യ്ക്ക് അധികാര മുള്ളതാണ്. വെറുതെ റിപ്പോർട്ട് അങ്ങോട്ടുമിങ്ങോട്ടും ചോദിക്കുകയാണ്. അവസാനം അതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് ഉണ്ടാക്കേണ്ടിവന്നു. ആറരക്കോടി രൂപയ്ക്കാണ് പിന്നീട് ആ വർക്ക് ടെണ്ടർ ചെയ്യുന്നത്. ഇതാണ് നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതി. ഒരു പാലം നിർമ്മിക്കുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ അനുവാദമെന്തിനാണ്? ഇതെല്ലാം ആവശ്യമില്ലാത്ത കാര്യങ്ങളാണ്. ബഹുമാനപ്പെട്ട മന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മീറ്റിംഗ് വിളിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കണം. കേന്ദ്രഫണ്ട് ശരിയായ വിധത്തിൽ ചെലവഴിക്കുന്നുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം.

രജിസ്ട്രേഷൻ വകുപ്പിനെക്കുറിച്ച് കുറച്ചുകാര്യങ്ങൾ പരാമർശിക്കാനുണ്ട്. ഭാഗപത്രത്തിന്റെ കാര്യങ്ങളെക്കുറിച്ച് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഭാഗപത്രത്തിന്റെ നിരക്ക് മുമ്പ് ആയിരം രൂപയായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ നിരക്ക് വർദ്ധിപ്പിച്ചു. ഭാഗപത്രത്തിന്റെ നിരക്ക് വർദ്ധന സംബന്ധിച്ച് ആഗസ്റ്റ് മാസത്തിൽ തീരുമാനമെടുക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും ഇതുവരെ യാതൊരു തീരുമാനവും എടുത്തിട്ടില്ല. മാത്രമല്ല പുതുതായിവന്ന ഉത്തരവുപ്രകാരം ആധാരം രജിസ്ട്രേഷന് വീട്ടുകരത്തിന്റെ ആയിരം മടങ്ങ് ഫീസ് ഈടാക്കാൻ പോകുകയുമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ ഇതുസംബന്ധിച്ച കാര്യങ്ങൾ വ്യക്തമാക്കണം. ആധാരം രജിസ്റ്റർ ചെയ്യുന്ന ഭൂമിയിൽ വീടുണ്ടെങ്കിൽ നിലവിൽ തദ്ദേശ സ്ഥാപനത്തിൽ അടയ്ക്കുന്ന വീട്ടുകരത്തിന്റെ ആയിരം മടങ്ങ് വില നിശ്ചയിച്ച് ഫീസ് ഈടാക്കുകയാണ്. നികുതിയുടെ ആയിരം മടങ്ങ് വിലകാണിച്ച്, അതനുസരിച്ചുള്ള മുദ്രപ്പത്രം ഉപയോഗിക്കാത്ത ആധാരങ്ങൾ രജിസ്റ്റർ ചെയ്യാൻ സബ് രജിസ്ട്രാർമാർ തയ്യാറാകുന്നില്ല. ഇതെല്ലാം എവിടത്തെ നിയമമാണ്; തലയിൽ കളിമണ്ണാണോ; ഏതെങ്കിലുമൊരു ഉദ്യോഗസ്ഥൻ ഒരു ഓർഡർ ഇറക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഫയൽ കാണില്ലേ; ഇക്കാര്യങ്ങൾ മന്ത്രിമാർ ശ്രദ്ധിക്കണ്ടേ? ഞാനിത് വെറുതെ പറയുന്നതല്ല. 30-7-2016-ന് മാതൃഭൂമി പത്രത്തിൽ വന്ന വാർത്തയാണിത്. ഇതെല്ലാം നിങ്ങൾ പരിശോധിക്കണം.

പൊതുമരാമത്ത് വകുപ്പിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇ-ഗവേണൻസും ഇ-ടെണ്ടറും പ്രൈസ് സോഫ്റ്റ്‌വെയറും കൊണ്ടുവന്നു. സബ് ഡിവിഷനിൽനിന്നോ മറ്റേതെങ്കിലും ഡിവിഷനിൽനിന്നോ എസ്റ്റിമേറ്റെടുത്താൽ പ്രൈസ് സോഫ്റ്റ്‌വെയർ ഉള്ളതിനാൽ അത് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പെട്ടെന്നെത്തും. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ എത്തിയാൽ പിന്നീട് അത് സെക്രട്ടേറിയറ്റിൽ എത്തണമെങ്കിൽ സമയം പിടിക്കും. അതുകൊണ്ട് സെക്രട്ടേറിയറ്റിലും പ്രൈസ് സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ സർക്കാർ അധികാരമേറ്റിട്ട് ഇവിടെ കിഫ്ബി മുഖേന ഏതെങ്കിലും പദ്ധതി നടപ്പിലാക്കിയോ? ശ്രീ. വി. എസ്. സുനിൽ കുമാർ എത്രയോ പാർക്കുകൾ പരാമർശിക്കുന്നുണ്ട്. അതെല്ലാം എവിടെയാണ്? അവർ അതെല്ലാം ഇങ്ങനെ പറഞ്ഞുകൊണ്ട് നടക്കുകയാണ്. എ.എസ്.-ഉം എസ്.എസ്.-ഉം കൊടുത്ത വർക്കുകൾ പൂർത്തീകരിക്കണം. ഗവൺമെന്റ് തുടർച്ചയാണ്. അതിനാൽ കഴിഞ്ഞ ഗവൺമെന്റ് തുടങ്ങിവച്ച വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, പൊതുമരാമത്ത്, വനം തുടങ്ങിയ വകുപ്പുകളുടെ മന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവിധ മേഖലകളിലായി കേരള പിറവിക്കുശേഷം ഏറ്റവും വലിയ വികസനക്കുതിപ്പിന് കളമൊരുക്കുന്ന വലിയ പദ്ധതികളാണ് ബജറ്റും കിഫ്ബിയും വഴി പ്രഖ്യാപിച്ചത്. മുൻകാലത്ത് നമുക്ക് അനുഭവമില്ലാത്ത പല വൻ പദ്ധതികളുമുണ്ടായിരുന്നു. പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് വിവിധ ഡിപ്പാർട്ടുമെന്റുകളെ ഭരണപരമായും സാങ്കേതികമായും സുസജ്ജമാക്കാൻ ഇന്നത്തെ ഗവൺമെന്റിന് കഴിയേണ്ടതുണ്ട്. ഞാൻ മനസ്സിലാക്കുന്നത്, പ്രഖ്യാപിച്ച പദ്ധതികളിൽ വലിയൊരുപങ്കും പൊതുമരാമത്ത് വകുപ്പിന്റേതാണ്. പൊതുമരാമത്ത് വകുപ്പിൽ ഏറ്റവും മികച്ച എഞ്ചിനീയർമാരും വിദഗ്ദ്ധരുമുണ്ടെങ്കിലും അവിടെ കുറെക്കാലമായി പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. ആയതിനാൽ ഇത്രയും വലിയ പ്രവൃത്തികൾ വിജയകരമായി പൂർത്തിയാക്കാൻ സാധിക്കണമെന്നില്ല. 'പുതിയ കാലം, പുതിയ നിർമ്മാണം' എന്ന് പേര് കൊടുത്തുകൊണ്ട് പൊതുമരാമത്ത് വകുപ്പിനെ വലിയ പദ്ധതികൾ ആവിഷ്കരിക്കാനും അത് നിർവ്വഹിക്കാനും പ്രാപ്തമാക്കുന്നതിനു വേണ്ടിയുള്ള വലിയൊരു ശ്രമം ഇപ്പോൾ ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. മിനിസ്റ്റർ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ വിദഗ്ദ്ധരെ പങ്കെടുപ്പിച്ചു കൊണ്ട് എഞ്ചിനീയർമാർക്കുവേണ്ടി ഒരു ശിൽപ്പശാല നടത്തിയതായി അറിയാൻ കഴിഞ്ഞു. ഈ പദ്ധതികളെല്ലാം നടപ്പിലാക്കുന്നതിന് പ്ലാനിംഗ്, ഡിസൈനിംഗ്, ഇംപ്ലിമെന്റേഷൻ എന്നിവയുടെ നിലവിലെ ദൗർബല്യങ്ങൾ പരിഹരിച്ചുകൊണ്ട് ഇതിനെയെല്ലാം സുസജ്ജമാക്കുന്നതിന് ശ്രമിക്കേണ്ടതുണ്ട്. റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണ ഘട്ടത്തിൽ ഓരോന്നും മികച്ച വാസ്തുശിൽപ്പ മാതൃകകളാക്കാൻ കഴിയണം. വിക്ടോറിയൻ ആർക്കിടെക്ചർ, മുഗൾ ആർക്കിടെക്ചർ എന്നെല്ലാംപറഞ്ഞ് കുട്ടികൾക്ക് കാണിച്ചുകൊടുക്കാറുണ്ട്. അതെല്ലാം ഓരോ കാലത്തെ സംസ്കാരത്തിന്റെയും ജീവിതത്തിന്റെയും പ്രതീകങ്ങളാണ്. നമ്മളെല്ലാം ജീവിക്കുന്ന ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ഇന്നത്തെ സാങ്കേതികവിദ്യയും സൗന്ദര്യബോധവും സമന്വയിപ്പിച്ചുകൊണ്ടുള്ള ഏത് നിർമ്മിതിയാണ് സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി.-യിൽ സമീപകാലത്തുണ്ടായിട്ടുള്ളത്? അതിനുള്ള സംവിധാനം നമുക്കിന്നില്ല. ഇതിൽ എഞ്ചിനീയർമാരെ കുറ്റംപറഞ്ഞിട്ട് കാര്യമില്ല. പി.ഡബ്ല്യു.ഡി.-ക്ക് ആർക്കിടെക്ചർ ഡിപ്പാർട്ട്മെന്റുണ്ടെങ്കിലും അത് വളരെ ദുർബ്ബലമാണ്. അവിടെ കുറച്ച് അംഗങ്ങൾ മാത്രമേയുള്ളൂ. അവർക്ക് മാത്രമായി ഇക്കാര്യങ്ങൾ ചെയ്യാൻ കഴിയില്ല. ഇതിനെ ശക്തിപ്പെടുത്തുന്നതിനോടൊപ്പം മികച്ച വാസ്തുശില്പികളുടെ സാധ്യതകൾ ലഭ്യമാക്കണം. ലോകത്തിലെതന്നെ എറ്റവും മികച്ച വാസ്തുശില്പികളുള്ളത് ബംഗ്ലാദേശിലും വിയറ്റ്നാമിലും ശ്രീലങ്കയിലുമാണ്. കുറഞ്ഞ ചെലവിൽ അവരുടെ സഹായം നമുക്ക് ലഭിക്കും. ആ നിലയ്ക്കുള്ള എല്ലാ സാധ്യതകളും നമുക്ക് തേടാൻ സാധിക്കും.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, കേരളത്തിലും ഇന്ത്യയിലാകെയുമുള്ള മികച്ച ശില്പികളുടെ ഒരു പാനൽ ഉണ്ടാക്കി അവരെ കാലാകാലങ്ങളിൽ ഓരോ കെട്ടിട നിർമ്മാണത്തിനും കൺസൾട്ട് ചെയ്യുന്ന രീതി ഉണ്ടാക്കാമോ?

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. എ. പ്രദീപ്കുമാർ: സർ, തീർച്ചയായിട്ടും. ഞാൻ അതുതന്നെയാണ് പറഞ്ഞു വരുന്നത്. ഡിപ്പാർട്ടുമെന്റിന് മാത്രമായി കഴിയില്ലെങ്കിലും ടൂറിസം ഡിപ്പാർട്ട്മെന്റൊക്കെ എംപാനൽ ചെയ്യുന്നതുപോലെ പി.ഡബ്ല്യു.ഡി.-യുടെ പ്രവർത്തനങ്ങൾക്ക് അവരുടെ സേവനം ലഭ്യമാക്കിയാൽ ഓരോ നിർമ്മാണത്തിനും അതിന്റെ സൗകര്യത്തോടൊപ്പം സൗന്ദര്യവും സാങ്കേതികവിദ്യയുമെല്ലാം ഉണ്ടാകും. വികസനപ്രവർത്തനത്തെക്കുറിച്ച് നമ്മുടെ കാഴ്ചപ്പാടെന്താവണം; എന്താണ് വികസനമെന്ന് പറഞ്ഞാൽ? സാധാരണ ജനങ്ങളുടെ നിലവിലുള്ള ജീവിതനിലവാരത്തെ കൂടുതൽ ശ്രേഷ്ഠമായ ഒരവസ്ഥയിലേക്ക് ഉയർത്തുക എന്നതാണ് വികസനം. ഭാവിതലമുറയ്ക്ക് അനുഭവിക്കാനും ആസ്വദിക്കാനുമാണ് നമ്മുടെ ഓരോ വികസനവും വരേണ്ടത്. അതുകൊണ്ട് ആ കാഴ്ചപ്പാടോടുകൂടി സധൈര്യം ഈ മേഖലയിൽ അങ്ങ് നടത്തിക്കൊണ്ടിരിക്കുന്ന ഇടപെടൽ കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോകണമെന്നാണ് എനിക്ക് പറയാനുള്ളത്.

റോഡുകളുടെ നിർമ്മാണത്തിൽ തിരുവനന്തപുരത്ത് കെ.എസ്.ടി.പി.-യുടെ വർക്കിന്റെ ഭാഗമായി ഒരുവിധം മെച്ചപ്പെട്ട ചില റോഡുകൾ ചെയ്തതല്ലാതെ കേരളത്തിൽ എവിടെയാണ് ഡിസൈനർ റോഡുകളോ പാലങ്ങളോ ഉള്ളത്? എനിക്ക് ഒരിക്കൽ ചൈനയിലേയ്ക്ക് പോകാൻ അവസരമുണ്ടായി, ഞാനും ശ്രീ. വി. എസ്. സുനിൽ കുമാറുമുണ്ടായിരുന്നു. ലോകത്തിലെ ഏറ്റവും നീളം കൂടിയ, ഈസ്റ്റ് ചൈന ഉൾക്കടലിന്റെ മുകളിലൂടെയുള്ള, പാലത്തിലൂടെ യാത്രചെയ്യാൻ അവസരമുണ്ടായി. 35 കിലോമീറ്ററാണ് ആ പാലത്തിന്റെ നീളം. 35 കിലോമീറ്റർ പാലത്തിലൂടെ യാത്രചെയ്യുന്ന സമയത്ത് മടുപ്പുണ്ടാവാതിരിക്കാൻ നാലഞ്ച് കിലോമീറ്റർ കൂടുമ്പോൾ അതിന്റെ ഡിസൈനും കളറും മാറുകയാണ്. ഇവിടെ പണ്ടുകാലത്ത് ആരോ ചെയ്തുവച്ച നീളവും വീതിയും കൂട്ടുക എന്നതാണ് ഇപ്പോഴും നമ്മൾ ചെയ്യുന്നത്. ഈ നിലയിലുള്ള മാറ്റം എല്ലാ നിർമ്മിതികളിലും കൊണ്ടുവരാൻ കഴിയണം.

ബിൽഡിംഗ്സിന്റെ കാര്യം നേരത്തെ ചിലരൊക്കെ പറഞ്ഞു. കൃത്യമായ ഇലക്ട്രിഫിക്കേഷൻ എപ്പോഴെങ്കിലും നടക്കും, ചെയ്ത ബിൽഡിംഗ് കുത്തിപ്പൊളിച്ച് പണിചെയ്യും. ഇതുപോലുള്ള ഒരുപാട് അപാകതകൾ പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

ഇതോടൊപ്പം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട മറ്റൊരുകാര്യം, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.ഡബ്ല്യു.ഡി. രംഗത്ത് അനുവർത്തിച്ച ചില സമ്പ്രദായങ്ങൾ പൂർണ്ണമായും അവസാനിപ്പിക്കേണ്ടതുണ്ട്. ഇത് ഒരനുഭവത്തിന്റെ അടിസ്ഥാനത്തിൽ വിമർശനപരമായി പറയുകയാണ്. ആ കാലയളവിലെ മന്ത്രി ഇവിടെ ഇരിപ്പുണ്ട്. എന്തെങ്കിലും തരത്തിലുള്ള നീതി കഴിഞ്ഞ ഗവൺമെന്റിന്റെ

കാലത്ത് നമുക്ക് ലഭ്യമായിരുന്നോ? ഞങ്ങളെല്ലാം എം.എൽ.എ.-മാർ ആയിരുന്നു. ധനകാര്യ വകുപ്പുമന്ത്രിയുടെ മണ്ഡലത്തിലെ റോഡുകൾക്കുമാത്രം 350 കോടിയിലധികം രൂപ അനുവദിച്ചു. പി.ഡബ്ല്യു.ഡി. മിനിസ്റ്റർക്ക് 250-300 കോടിയോളം രൂപയുടെ അനുമതി കൊടുത്തു. മറ്റ് പ്രതിപക്ഷ എം.എൽ.എ.-മാർക്ക് എങ്ങനെയാണ് കൊടുത്തത്? ശ്രീമതി ഗീതാ ഗോപിയുടെ മണ്ഡലത്തിന് 2.9 കോടി രൂപ കൊടുത്തുവെന്ന് ആരോ പറഞ്ഞു. ഞങ്ങൾക്കാർക്കും കാര്യമായി ഒന്നും കിട്ടിയിട്ടില്ല. അഞ്ചുവർഷം ഒരു പ്രോജക്ടുമായി പിന്നാലെ നടന്നിട്ട് ഒരിക്കൽപ്പോലും അത് അനുവദിച്ചില്ല. കോഴിക്കോട് ജില്ലയുടെ അനുഭവമാണ് ഞാൻ പറയുന്നത്. ബഹുമാനപ്പെട്ട എം. കെ. മുനീർ മന്ത്രിയായിരുന്ന സമയത്ത് വൺ ടൈം മെയിന്റനൻസ് സ്കീമിന്റെ ഭാഗമായി ലീഗിന്റെ മൂന്ന് എം.എൽ.എ.-മാർക്ക് അവരുടെ മണ്ഡലത്തിനായി അഞ്ച് കോടി രൂപ വീതം കൊടുത്തു. ഒരു രൂപപോലും എൽ.ഡി.എഫ്. എം.എൽ.എ.-മാർക്ക് ഉണ്ടായിരുന്നില്ല, അവസാനം ഞങ്ങൾ അന്ന് മന്ത്രിയായിരുന്ന ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബിനോട് പരാതിപ്പെട്ടു. അദ്ദേഹം ഇടപെട്ടത് ഞാൻ നന്ദിയോടെ ഓർക്കുകയാണ്. അദ്ദേഹത്തിന്റെ ഇടപെടലിനെത്തുടർന്ന് രണ്ടുകോടി രൂപ അവസാനം അനുവദിച്ചു. തന്നത് തന്നുവെന്ന് പറയുകയാണ്. പക്ഷെ ഇതായിരുന്നു സമീപനം. ഒരു സമഭാവനയും നീതിയുമില്ലാത്ത നിലയിലായിരുന്നു പി.ഡബ്ല്യു.ഡി. പ്രവർത്തനങ്ങൾക്ക് തുക വീതം വച്ചത് അല്ലെങ്കിൽ പദ്ധതികളുടെ നിർമ്മാണത്തിന് പണം അനുവദിച്ചത്. തീർച്ചയായും അങ്ങയുടെ നേതൃത്വത്തിൽ അങ്ങനെയൊരു സമീപനം ഉണ്ടാകില്ലെന്ന് ഉറപ്പാണ്. കാരണം, സാധാരണഗതിയിൽ ഒരു പട്ടി വന്ന് കടിച്ചാൽ പട്ടിയെ നമ്മൾ തിരിച്ച് കടിക്കില്ലല്ലോ, എന്തുകൊണ്ടാണ്? നമ്മൾ പട്ടിയല്ലാത്തതുകൊണ്ട്. നമ്മൾ വിശേഷബുദ്ധിയുള്ള മനുഷ്യനായതുകൊണ്ട്. അതുകൊണ്ട് നമ്മളെ വന്ന് കടിക്കുന്ന പട്ടിയുടെ സമീപനം ഇതിലെടുക്കണ്ട. അതുകൊണ്ട് ഇത്തരം സമീപനങ്ങൾ മാറണം.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പ്രതിപക്ഷ അംഗങ്ങളുമെല്ലാം ഈ ഗവൺമെന്റിനെ നിരന്തരമായി വിമർശിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നും അത് ഉണ്ടായിരുന്നു. എന്തിനാണ് ഇന്നത്തെ അടിയന്തരപ്രമേയം അവതരിപ്പിച്ചതെന്ന് മനസ്സിലായിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എന്തായിരുന്നു പി.ഡബ്ല്യു.ഡി.-യിൽ നടന്നിരുന്നത്? യഥാർത്ഥത്തിൽ അംബരചുംബികളായ വലിയ സൗധങ്ങളാണ് നിർമ്മിച്ചിരുന്നത്. അന്നത്തെ ഭരണകക്ഷി എം.എൽ.എ. തന്നെ പി.ഡബ്ല്യു.ഡി.-യിൽ നടന്ന അഴിമതിയെക്കുറിച്ച് ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. ശ്രീ. കെ. ബി. ഗണേഷ് കുമാർ ഭരണകക്ഷി എം.എൽ.എ. ആയിരിക്കുമ്പോഴാണ് മൂവർ സംഘത്തെക്കുറിച്ചൊക്കെ ഉന്നയിച്ചത്. എന്തെങ്കിലും നടപടി സ്വീകരിച്ചോ; ഇപ്പോൾ അഴിമതിയെ സംബന്ധിച്ചും സ്വാശ്രയ കോളേജുകളുടെ വിഷയത്തിലുമൊക്കെ വാചാലരാകുന്ന ആളുകൾ എന്തെങ്കിലും കാര്യങ്ങൾ അന്ന് ചെയ്തിരുന്നോ?

അങ്ങനെയുള്ള ഒരു നടപടിയും ഉണ്ടായിട്ടില്ല. മാത്രവുമല്ല പ്രതിപക്ഷ നേതാവ് ഒരു വസ്തുതകളുടേയും പിൻബലമില്ലാതെ മുഖ്യമന്ത്രിയെപ്പോലും ഓരോ ദിവസവും ആക്ഷേപിച്ചുകൊണ്ടിരിക്കുകയാണ്. റോഡ് പണിയുടേയും സ്ഥലംമാറ്റത്തിന്റേയും പേരിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.ഡബ്ല്യു.ഡി.-യിൽ നടന്ന വൻ അഴിമതിയെ സംബന്ധിച്ച് വിജിലൻസ് അന്വേഷിച്ച ഒരു റിപ്പോർട്ട് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന അദ്ദേഹത്തിന്റെ കയ്യിൽ 2015, ജൂൺ 5-ന് കൊടുത്തിരുന്നു. ചിലപ്പോൾ ഡേറ്റിന്റെ വ്യത്യാസമുണ്ടാകാം. അതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്? ശ്രീ. വിൻസൺ എം. പോൾ ആയിരുന്നു അന്നത്തെ ഡയറക്ടർ. അതിൽ എസ്റ്റിമേറ്റ് പുതുക്കൽ, സ്ഥലംമാറ്റത്തിന്റെ കോഴ, ബിൽ തയ്യാറാക്കാൻ കൊടുക്കേണ്ട ശതമാനം ഇതിന്റെയെല്ലാം വിശദാംശങ്ങൾ വച്ചുകൊണ്ടാണ് കൊടുത്തത്. അദ്ദേഹം ആദ്യം നടപടിക്കൊരുങ്ങി എന്ന് തോന്നുന്നു. പിന്നീട് സമ്മർദ്ദത്തെത്തുടർന്ന് അത് അട്ടിമറിക്കപ്പെട്ടു. ഞാൻ മനസ്സിലാക്കിയത് അത് പ്രതിയുടെ കയ്യിൽതന്നെ കൊടുത്തു എന്നാണ്. പ്രതിയുടെ കയ്യിലാണ് അതുള്ളത്. അന്നത്തെ ധനകാര്യ-പി.ഡബ്ല്യു.ഡി. വകുപ്പ് കൈകാര്യം ചെയ്ത ആളുകളുടെ - അതിൽ ഉദ്യോഗസ്ഥരുണ്ട്, മന്ത്രിമാരുണ്ട്, അവരുടെ പങ്ക് വ്യക്തമാക്കുന്ന റിപ്പോർട്ട് പൊടിതട്ടി പുറത്തെടുക്കേണ്ടതുണ്ട്. കാരണം ആ ഉദ്യോഗസ്ഥരിൽ ചിലരെല്ലാം ഇപ്പോഴും അവശേഷിക്കുന്നുണ്ടാകും. അക്കാലത്ത് നടന്ന അന്യായങ്ങൾ ഓരോന്നും പുറത്തുകൊണ്ടുവരാൻ കഴിയണം.

ഞാൻ ഈ നിയമസഭയിൽ ഓരോ ദിവസവും പ്രതിപക്ഷം ഉന്നയിക്കുന്ന പല കാര്യങ്ങളെക്കുറിച്ചും ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. ജനാധിപത്യ വ്യവസ്ഥയുടെ ആരോഗ്യകരമായ നിലനില്പിന് ശക്തമായ പ്രതിപക്ഷം ആവശ്യമാണ്. ആ ശക്തി എങ്ങനെയാണ് ഉണ്ടാകേണ്ടത്? പ്രതിപക്ഷത്തിന് വിമർശനങ്ങൾ ഉന്നയിക്കാം. പക്ഷെ ആ വിമർശനം വസ്തുതകളുടെ അടിസ്ഥാനത്തിലാകണം. വാദങ്ങൾ യുക്തിഭദ്രമാകണം. നിലപാട് സത്യസന്ധമാകണം. പ്രതിപക്ഷം ഓരോ ദിവസവും ഇത്തരത്തിലുള്ള നിലപാട് സ്വീകരിക്കുന്നുണ്ടോ; വസ്തുതകളുടെ അടിസ്ഥാനത്തിലാണോ വിമർശനങ്ങൾ ഉന്നയിക്കുന്നത്; വാദങ്ങൾ യുക്തിഭദ്രമായിട്ടാണോ അവതരിപ്പിക്കുന്നത്; സത്യസന്ധമായ നിലപാട് സ്വീകരിക്കാനാകുന്നുണ്ടോ? വളരെ ദയനീയവും പരിഹാസ്യവുമായ നിലപാടാണുണ്ടാകുന്നത്.

ഇവിടെ സഖാവ് ഇ. പി. ജയരാജൻ രാജിവച്ചതുമായി ബന്ധപ്പെട്ട് പറയുകയുണ്ടായി. അഭിപ്രായങ്ങൾ വന്നു, അടിയന്തരപ്രമേയം കൊണ്ടുവന്നു, മുഖ്യമന്ത്രിയെ ഉൾപ്പെടെ അതുമായി ബന്ധിപ്പിക്കാൻ നോക്കി. അതിന് ഇവിടെ ഒരു അപരാധവും നടന്നിട്ടില്ല. സാങ്കേതികമായോ നിയമപരമായോ പിഴവുകളൊന്നും സംഭവിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, ചില മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ഒരു

വിമർശനത്തിന്, ചെറിയ വിമർശനമാണെങ്കിൽപോലും അതിന് ഇടനൽകാത്ത നിലയിൽ ധാർമ്മികത ഉയർത്തിപ്പിടിച്ചുകൊണ്ടാണ് അദ്ദേഹം രാജിവച്ചത് എന്ന്. അതിനെ ശ്ലാഘിക്കണം, അഭിനന്ദിക്കണം. അങ്ങനെയൊരു പാരമ്പര്യമുണ്ടായിരുന്ന ഇവിടെ. പക്ഷെ ആ പാരമ്പര്യം അധികാരത്തിനുവേണ്ടി കളഞ്ഞുകുളിച്ചത് നിങ്ങളുടെ ഭരണകാലത്താണ്. നിങ്ങൾ രേഖകൾ മുക്കിയിട്ട് തെളിവുണ്ടോയെന്നും ഒരു രൂപയെങ്കിലും സർക്കാരിന് നഷ്ടപ്പെട്ടിട്ടുണ്ടോയെന്നും ചോദിച്ചു. നഷ്ടപ്പെട്ടതിന്റെ കണക്കുകളൊക്കെ വേറെയുണ്ട്. ഇവിടെ അങ്ങനെയുള്ള നഷ്ടമുണ്ടായിട്ടില്ല. ധാർമ്മികത എന്നുപറഞ്ഞാൽ എനിക്കറിയില്ല എങ്ങനെയാണ് പറഞ്ഞ് മനസ്സിലാക്കേണ്ടതെന്ന്. ചെയറിന്റെ സഹായം വേണം. ധാർമ്മികത, മൂല്യം എന്നൊക്കെ പറയുന്നത് എന്താണെന്ന് അവർക്ക് പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കാൻ നിയമസഭയുടെ ഭാഗമായി ഒരു ക്ലാസ് അറേഞ്ച് ചെയ്യണം. അത് പറഞ്ഞ് ബോധ്യപ്പെടുത്താവുന്നതല്ല, അനുഭവിച്ചറിയേണ്ടതാണ്. ലാൽബഹദൂർശാസ്ത്രി രാജിവച്ചുവെന്ന് അഭിമാനത്തോടെ പറഞ്ഞു, അത് ധാർമ്മികതയാണ്. ആ ധാർമ്മികത ആരെങ്കിലും ഉയർത്തിപ്പിടിക്കുമ്പോൾ അതിനെ അഭിനന്ദിക്കുകയാണ് വേണ്ടത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. കെ. സുരേഷ് കുറുപ്പ് ബാർകോഴ കേസുമായി ബന്ധപ്പെട്ട് അടിയന്തരപ്രമേയം അവതരിപ്പിച്ചു. അതിന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അന്ന് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ പറഞ്ഞ മറുപടി, കോടതി വിധിയൊക്കെ വന്ന പശ്ചാത്തലത്തിലാണ്. "ഈ വിധിയുടെ അടിസ്ഥാനത്തിൽ മന്ത്രിമാർ രാജിവയ്ക്കാൻ പോയാൽ ഒരു മന്ത്രിക്കും കേരളത്തിലെന്നല്ല ഇന്ത്യയിലും ഭരിക്കാൻ കഴിയില്ല. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇനിയും എഫ്.ഐ.ആർ. എടുക്കുമ്പോൾ ഏതെങ്കിലും മന്ത്രി രാജിവയ്ക്കണമെന്ന ആവശ്യം വന്നാൽ ഒരു സ്ഥാനത്തും ഒരു മന്ത്രിക്കും ഇരിക്കാൻ കഴിയില്ല. കാരണം ഭരണഘടനാ ബഞ്ചിന്റെ വിധി ആ നിലയിലാണ് പോകുന്നത്" എന്നുപറഞ്ഞുകൊണ്ട് അങ്ങ് ആ സംഭവങ്ങളെ ന്യായീകരിച്ച് ഇടപെട്ടതാണ്. അന്നത്തെ മുഖ്യമന്ത്രിയാണെങ്കിൽ തെളിവുണ്ടോ എന്ന് ചോദിക്കുകയായിരുന്നു. അവസാനം കോടതി പറഞ്ഞപ്പോൾ, എന്റെ മനസ്സാക്ഷിക്ക് ബോധ്യപ്പെട്ടിട്ടില്ലായെന്ന് പറഞ്ഞുകൊണ്ട് ഇത്തരം അഴിമതികളേയും കൊള്ളരുതായ്മകളേയും ന്യായീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന നിലപാടാണ് അന്ന് സ്വീകരിച്ചത്. ഇതൊക്കെ അരണയുടെ ബുദ്ധിയാണ്. തലവച്ചിടത്ത് വാലെത്തുമ്പോഴേക്കും മറന്നുപോകരുത്. ഇതൊക്കെ നിങ്ങൾ പറഞ്ഞതാണ്. അങ്ങനെയുള്ള ഒരു ആക്ഷേപവും ഉന്നയിക്കാനുള്ള സാഹചര്യമില്ലാതിരുന്നിട്ടു പോലും ഇക്കഴിഞ്ഞ ദിവസങ്ങളിൽ നിങ്ങളെന്താണ് പറഞ്ഞത്? എന്തെങ്കിലുമൊരു കൊഗ്നിസിബിൾ ഒഫൻസിന്റെ ലാഞ്ചനയുണ്ടായിരുന്നോ ശ്രീ. ഇ. പി.ജയരാജന്റെ പ്രശ്നത്തിൽ? ആ ധാർമ്മികമായ നിലപാടെടുത്തത് നിങ്ങൾക്ക് സങ്കൽപ്പിക്കാനോ ഊഹിക്കാനോ കഴിയില്ല.

മി. സ്പീക്കർ: ശ്രീ. പ്രദീപ്കുമാർ അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞ് ഒരു മിനിട്ട് അധികമായി.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഇതാണ് നിങ്ങളുടെ നിലപാട്. സ്വാശ്രയ കോളേജുമായി ബന്ധപ്പെട്ട വിഷയത്തിൽ ഗവൺമെന്റിനെതിരെ സമരം നടത്തി. എന്തിനായിരുന്നു ആ സമരം നടത്തിയത്; എന്തിന്റെ അടിസ്ഥാനത്തിലാണ് നിങ്ങൾ ആ സമരം അവസാനിപ്പിച്ചത്; നിങ്ങളുടെ മഷിക്കുപ്പി സമരം എന്തിന്റെ അടിസ്ഥാനത്തിലാണ് അവസാനിപ്പിച്ചത്? നിങ്ങൾ സമരം തെരുവിലേക്ക് വ്യാപിപ്പിക്കുമെന്ന് പറഞ്ഞു. പഴയകാലത്തെ മെഡിക്കൽ സമരം ഞങ്ങൾക്ക് ഓർമ്മയുണ്ട്. അന്ന് മെഡിക്കൽ വിദ്യാർത്ഥികളാണ് സമരരംഗത്തേയ്ക്ക് വന്നത്. അതിനെ പിന്തുണച്ചുകൊണ്ടാണ് എസ്.എഫ്.ഐ.-യും മറ്റു വിദ്യാർത്ഥി സംഘടനകളും സമരരംഗത്തേയ്ക്ക് വന്നത്. അതാണ് ജനകീയ പ്രക്ഷോഭമായി പടർന്നത്. നിങ്ങളുടെ സമരം ആർക്കുവേണ്ടിയായിരുന്നു? എത്ര പരിഹാസ്യമായിരുന്നു ആ സമരം. വളരെ പക്വതയോടുകൂടി ഗവൺമെന്റിനെ വിമർശിക്കാനുള്ള കഴിവ് പ്രതിപക്ഷത്തിനുണ്ടാകണമെന്നതുകൊണ്ടാണ് ഞാൻ ഈ കാര്യങ്ങൾ ഇവിടെ പറയുന്നത്.

മി. സ്പീക്കർ: എട്ട് മിനിട്ടായി.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ സർട്ടിഫിക്കറ്റ് എന്നുപറയുന്നത് ഇന്ന് ഈ സഭയിൽ നടന്ന പ്രസംഗങ്ങളാണ്. നിങ്ങൾ ഇന്ന് രാവിലെ എന്തിനാണ് അടിയന്തരപ്രമേയം അവതരിപ്പിച്ചതെന്ന് മറ്റ് പ്രസംഗങ്ങൾ കേട്ടപ്പോൾ മനസ്സിലായി. ഒരാൾ മൃഗസംരക്ഷണ വകുപ്പിനെ കുറിച്ച് സംസാരിക്കുമ്പോൾ പട്ടിപുരാണം പറയുകയാണ്. അനുവദിച്ച ഏഴ് മിനിട്ടിൽ ആറു മിനിട്ടും പട്ടിയെക്കുറിച്ചാണ് സംസാരിച്ചത്. ശ്രീ. എൻ. ഷംസുദ്ദീൻ ആനയെക്കുറിച്ചാണ് സംസാരിച്ചത്. അദ്ദേഹം രാഷ്ട്രീയമായി വിമർശിക്കുന്ന വ്യക്തിയാണ്. പത്തുമിനിട്ടിൽ ഏതാണ്ട് 6-7 മിനിട്ടോളം ആനയുടെ വരവിനെയും പോക്കിനെയുംകുറിച്ച് പറഞ്ഞു നേരംകളഞ്ഞു. വസ്തുതകൾ വച്ചുകൊണ്ട് ഈ സർക്കാരിനെതിരെ ഒരു വിമർശനവും ഉന്നയിക്കാനായില്ല. ശ്രീ. പി. കെ. ബഷീർപോലും മന്ത്രിമാരുടേയും ശ്രീ. ഇ.പി. ജയരാജന്റേയും നന്മയെക്കുറിച്ചാണ് സംസാരിച്ചത്. ശ്രീ. അനിൽ അക്കര പുലിമുരുകനെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിയോട് അങ്ങ് പുലിമുരുകനായി മാറണമെന്നാണ് പറഞ്ഞത്. അഴിമതിയുടെ വരയൻപുലികൾ അടയിരിക്കുന്ന മടയാണ് യു.ഡി.എഫ്. അങ്ങനെയുള്ള അഴിമതിയുടെ വരയൻപുലികൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രിയെയും വനം വകുപ്പുമന്ത്രിയെയും കാണുമ്പോൾ പുലിമുരുകനാണെന്നു തോന്നും. 'മുരുകാ' എന്നുവിളിക്കുമ്പോൾ പുലിമുരുകൻ അതിന്റെ സർവ്വസംഹാരഭാവത്തിൽ അഴിമതിക്കെതിരെ ചാടിവരുമെന്ന

കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് അഴിമതിക്കെതിരെ, അഴിമതിയുടെ വരയൻപുലികൾക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിലെ മന്ത്രിമാരാകുന്ന പുലിമുരുകന്മാർ ഒന്നിച്ച് നിലപാട് സ്വീകരിക്കും എന്നകാര്യം ഇവിടെ സൂചിപ്പിച്ചുകൊണ്ട് ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. സി. ജോസഫ് : സർ, പൊതുമരാമത്ത്, മൃഗസംരക്ഷണം, ക്ഷീര വികസനം, വനം എന്നീ വകുപ്പുകളിലെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ശ്രീ. എ. പ്രദീപ്കുമാർ ഇവിടെ പറഞ്ഞവസാനിപ്പിച്ചത് കേട്ടാൽ അദ്ദേഹം കേരളത്തിലാണോ ജീവിക്കുന്നതെന്ന് സംശയം തോന്നും. കേരളത്തിന്റെ കഴിഞ്ഞ നാലരമാസത്തെ ചിത്രം പരിശോധിച്ചാൽ മനസ്സിലാകും കേരളം ഭരിച്ച ഒരു ഗവൺമെന്റും നാലരമാസംകൊണ്ട് ഇത്രയേറെ അൺപോപ്പുലറായിട്ടില്ല എന്ന്. യാഥാർത്ഥ്യം കാണാതെ പോകരുത്. അങ്ങേയ്ക്ക് സ്വയം തൃപ്തിയടയാം. പക്ഷേ, കേരളചരിത്രത്തിൽ നാലരമാസംകൊണ്ട് ജനവിരുദ്ധമായി മാറിയ ഗവൺമെന്റിന്റെ ഡിമാന്റുകളാണ് ഇവിടെ ചർച്ച ചെയ്യുന്നത്. യു.ഡി.എഫ്. ഭരണകാലത്ത് വമ്പിച്ച മാറ്റമുണ്ടാക്കിയ അടിസ്ഥാന സൗകര്യവികസന മേഖലയിലെ യാഥാർത്ഥ്യങ്ങൾ ആരും വിസ്മരിക്കരുത്. കേരള ചരിത്രത്തിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ചുകൊല്ലമുണ്ടായ അടിസ്ഥാന സൗകര്യവികസന മുന്നേറ്റം മുമ്പൊരിക്കലും ഉണ്ടായിട്ടില്ല എന്നത് യാഥാർത്ഥ്യമാണ്. ഇവിടെ നിങ്ങൾ ഉദ്ഘാടനം ചെയ്ത പാലാരിവട്ടം-ഇടപ്പള്ളി ഫ്ലൈഓവറുകളും മെക്കാഡം റോഡുകളുടെ വലിയ ശൃംഖലയും സംഭാവന ചെയ്തത് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെയും യു.ഡി.എഫ്. ഗവൺമെന്റിന്റെയും നേട്ടംതന്നെയാണ്. ഇവിടെ എന്തെല്ലാം പദ്ധതികളാണ് ഉണ്ടായത്. ശ്രീ. എ. പ്രദീപ്കുമാർ പറഞ്ഞത് വിവേചനം കാണിച്ചു എന്നാണ്. തൊട്ടടുത്തിരിക്കുന്ന ശ്രീ. ജെയിംസ് മാത്യുവിനോട് ചോദിക്കണം, വിവേചനം കാണിച്ചോയെന്ന് ? കണ്ണൂർ ജില്ലയിൽ ശ്രീ. ജെയിംസ് മാത്യുവിനും എനിക്കും ശ്രീ. സണ്ണി ജോസഫിനും ശ്രീ. കെ. എം. ഷാജിക്കും എല്ലാം ഒരേ പരിഗണനയാണ് കിട്ടിയിട്ടുള്ളത്. വിവേചനം കാണിച്ചിട്ടില്ല. നിങ്ങൾ എന്തെല്ലാം കുറ്റപ്പെടുത്തിയാലും യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ സമീപനംമൂലം ഈ രംഗത്തുണ്ടായ വമ്പിച്ച മുന്നേറ്റം കേരളം മനസ്സിലാക്കുന്നുണ്ട്. സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്, ജില്ലാതല ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം, ഫ്ലൈഓവറുകൾ, ബൈപ്പാസുകൾ ഇങ്ങനെ എത്രയോ പദ്ധതികൾ കേരളത്തിലുണ്ടായി. കഴിഞ്ഞ ബഡ്ജറ്റിൽ ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത് മാസ്റ്റർ പ്ലാനിനുവേണ്ടി 150 കോടി രൂപ മാറ്റിവയ്ക്കുന്നു എന്നാണ്. നടപ്പുസാമ്പത്തിക വർഷം 25 കോടി രൂപ, ത്രിവേണി പാലത്തിന് 5 കോടി രൂപ, നിലയ്ക്കൽ

പാലത്തിന് 5 കോടി രൂപ, ഇടത്താവളങ്ങൾക്ക് 100 കോടി രൂപ, സ്വീവേജ് പ്ലാന്റിന് 20 കോടി രൂപ. എന്തെങ്കിലും പദ്ധതി ആരംഭിക്കാൻ സാധിച്ചിട്ടുണ്ടോ? ബഹുമാനപ്പെട്ട ശ്രീ. ജി. സുധാകരനോട് എനിക്ക് പറയാനുള്ളത്, ശബരിമല തീർത്ഥാടനകാലം ആരംഭിക്കാൻ ഒരു മാസം അവശേഷിക്കുമ്പോൾ ദയവായി അങ്ങ് മുൻകയ്യെടുത്ത് ഇനിയെങ്കിലും വൈകാതെ പ്രഖ്യാപനങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കണം. ഇവിടെ കഴിഞ്ഞ ബഡ്ജറ്റിൽ വലിയ വാഗ്ദാനങ്ങൾ നൽകിയ ഡോ. ടി. എം. തോമസ് ഐസക് ഇപ്പോൾ ഇവിടെയില്ല. മാന്ദ്യവിരുദ്ധ പാക്കേജിനെ കുറിച്ച് എന്താണ് പറഞ്ഞത്? ഇതിൽ അടിസ്ഥാനസൗകര്യ വികസനത്തിന് 5,000 കോടി രൂപ, 68 പാലങ്ങൾക്ക് 1,405 കോടി രൂപ, അണ്ടർ പാസേജുകൾക്ക് 150 കോടി രൂപ, ബൈപ്പാസുകൾക്ക് 385 കോടി രൂപ, റെയിൽവേ മേൽപ്പാലത്തിന് 300 കോടി രൂപ. ഈ പ്രഖ്യാപനങ്ങൾ ഉൾപ്പെടെ 20,000 കോടി രൂപയുടെ പാക്കേജ്. ഇന്ന് പി.ഡബ്ല്യൂ.ഡി.-യുടെ അവസ്ഥ എന്താണ്? ശ്രീ. ജി. സുധാകരൻ കഴിവ് തെളിയിച്ച മന്ത്രിയാണ്. ഞാൻ സമ്മതിക്കുന്നു. പക്ഷേ അങ്ങ് ആലോചിക്കേണ്ടത് അങ്ങയുടെ വകുപ്പ് ഇന്ന് വന്ധ്യംകരിക്കപ്പെട്ട ഒരു വകുപ്പാണ്. അങ്ങേക്ക് ഫണ്ടില്ല. ഈ വകുപ്പിനെ നോക്കുകുത്തിയാക്കി മാറ്റിയിരിക്കുന്നു. ഇന്ന് നിയമസഭയിൽ രാവിലെ ഡോ. ടി. എം. തോമസ് ഐസക് കിഫ്ബിയുടെ റിപ്പോർട്ട് അവതരിപ്പിച്ചത് ഞാൻ വായിച്ചു. അങ്ങും സബ്ജക്ട് കമ്മിറ്റിയിൽ അംഗമാണ്. അടിസ്ഥാനസൗകര്യവികസന മേഖല എന്നു പറഞ്ഞാൽ എന്താണ്? ഇത് പ്രധാനമായും ബാധിക്കുന്നത് പി.ഡബ്ല്യൂ.ഡി.യെയാണ്. മറ്റു മേഖലകളെയല്ല. കിഫ്ബിയുടെ ബോർഡിൽ പി.ഡബ്ല്യൂ.ഡി. മന്ത്രിയില്ല. 20,000 കോടി രൂപയുടെ ഫണ്ട് പി.ഡബ്ല്യൂ.ഡി.-ക്കുവേണ്ടി വകയിരുത്തിയിരിക്കുന്നു, അതിന്റെ ചുമതലയുള്ള കിഫ്ബിയുടെ ബോർഡിൽ പി.ഡബ്ല്യൂ.ഡി. മന്ത്രി വേണ്ടേ? മന്ത്രിയില്ല, പി.ഡബ്ല്യൂ.ഡി. സെക്രട്ടറിയില്ല. ആകെയുള്ളത് ചീഫ് സെക്രട്ടറി, ലാ സെക്രട്ടറി, ഫിനാൻസ് സെക്രട്ടറി, റിസോഴ്സസ് സെക്രട്ടറി എന്നിവരാണ്. ഇതാണ് പി.ഡബ്ല്യൂ.ഡി.-യുടെ അവസ്ഥ. പി.ഡബ്ല്യൂ.ഡി.-യെ ഇന്ന് സൈഡ്‌ലൈൻ ചെയ്യുന്നു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെയും ശ്രീ. വി. ഡി. സതീശന്റെയും ഡോ. എൻ. ജയരാജിന്റേയും ഡിസെന്റിംഗ് നോട്ടുണ്ട്. കിഫ്ബിയുടെ മലയാളമെന്താണ്? കേരള അടിസ്ഥാനസൗകര്യ നിക്ഷേപ നിധി ബിൽ. ആ മേഖലയുടെ ചുമതലയുള്ള മന്ത്രി ഈ ബോർഡിലില്ല, സെക്രട്ടറിയില്ല. ബോധപൂർവ്വമായി പി.ഡബ്ല്യൂ.ഡി.-യെ സൈഡ്‌ലൈൻ ചെയ്യുന്ന ഒരു ദയനീയമായ കാഴ്ചയാണ് സഭ കാണുന്നത്. ദയവായി ഈ സമീപനം മാറ്റണം. കാരണം കേരളത്തിന്റെ വികസനത്തിന് പി.ഡബ്ല്യൂ.ഡി.- യുടെ സംഭാവന വളരെ വലുതാണ്. ഈ രംഗത്ത് പണം ചെലവഴിച്ചില്ലെങ്കിൽ ഇൻവെസ്റ്റ്മെന്റുണ്ടാകുകയില്ല. കിഫ്ബി രൂപീകരിച്ചപ്പോൾ ഡോ. തോമസ് ഐസക് പറഞ്ഞത്, I quote "കിഫ്ബി

സമാഹരിക്കുന്ന പണം ഒരുകാരണവശാലും സർക്കാരിന്റെ ഖജനാവിൽ നിക്ഷേപിക്കുകയോ ഡിപ്പാർട്ടുമെന്റുകൾവഴി ചെലവഴിക്കുകയോ ചെയ്യില്ല." പി.ഡബ്ല്യൂ.ഡി.-യെ വിശ്വാസം ഇല്ലേ? അഴിതിക്കാരുണ്ടാകും, കണ്ടുപിടിക്കണം. പി.ഡബ്ല്യൂ.ഡി.-യെപ്പോലെ അടിസ്ഥാനസൗകര്യ സംവിധാനങ്ങളുള്ള - ചീഫ് എഞ്ചിനീയർ മുതൽ താഴോട്ട് അസിസ്റ്റന്റ് എഞ്ചിനീയറും ഓവർസീയറും വരെയുള്ള ഒരു വകുപ്പിനെ മുഴുവൻ മാറ്റിനിർത്തി പുതിയ സംവിധാനമുണ്ടാക്കുന്നത് ശരിയാണോ? ഈ നയം തിരുത്തണം. കിഫ്ബിയിൽ ആവശ്യമായ പങ്കാളിത്തം ഈ വകുപ്പിന് നൽകണം. അദ്ദേഹത്തിന്റെ വകുപ്പിനെ ഒരു വാസക്ടമി ഓപ്പറേഷന് വിധേയമാക്കരുത്.

വനം മേഖലയിൽ മാൻ-ആനിമൽ കോൺഫ്ലിക്റ്റ് വലിയ പ്രശ്നമാണ്. വനം വകുപ്പുമന്ത്രി പുനലൂർ എം.എൽ.എ. ആണ്. വനം മേഖലയെക്കുറിച്ച് അദ്ദേഹത്തിനറിയാം. ഇന്നലെയും എന്റെ മണ്ഡലമായ ഉദയഗിരി ചീക്കാട് മേഖലയിൽ ആന കയറി. വനമേഖലയിലെല്ലാം വലിയ സംഘർഷങ്ങളുണ്ടാകുന്നു. കൃഷി നശിപ്പിക്കുന്നു. നഷ്ടപരിഹാരം നൽകാൻ സാധിക്കുന്നില്ല. ദയവായി അങ്ങ് ശ്രദ്ധിക്കണം. ദയവായി man-animal conflict തടയാൻ ശ്രമിക്കണം. ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ. ഇതുസംബന്ധിച്ച് ഇവിടെ നേരത്തേ പറഞ്ഞിരുന്നു. ഇലക്ട്രിക് ഫെൻസിംഗിനുള്ള നടപടി പൂർത്തിയാക്കണം. ഇ.എഫ്.എൽ.-ന്റെ കാര്യവും പറയുകയുണ്ടായി. കസ്തൂരിരംഗൻ റിപ്പോർട്ടിൽ പറഞ്ഞ 3314 ചതുരശ്ര കിലോമീറ്റർ ഭൂമിയിൽ കൃഷിയിടങ്ങളും ജനവാസവും ഒഴിവാക്കിയാണ് 2014 മാർച്ച് 10-ന് കേന്ദ്രസർക്കാർ വിജ്ഞാപനമിറക്കിയത്. എന്തുകൊണ്ട് സംസ്ഥാന സർക്കാർ അഫിഡവിറ്റിൽ മാറ്റംവരുത്തി? അത് അങ്ങ് പരിശോധിക്കണം. വളരെ സെൻസിറ്റീവായ ഒരു വിഷയമാണിത്. പരിസ്ഥിതിലോല മേഖലയിൽ കഴിഞ്ഞ ഗവൺമെന്റ് ആരംഭിച്ച നടപടികൾ തുടർന്നും മുന്നോട്ടുകൊണ്ടുപോകണം. ജനവാസകേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതിലോല മേഖലയിൽ നിന്നും ഒഴിവാക്കണം.

ക്ഷീരമേഖലയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായ മാറ്റങ്ങൾ നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതാണ്. ഞങ്ങൾ ചുമതലയേൽക്കുമ്പോൾ ആഭ്യന്തര ഉപഭോഗത്തിന്റെ 67 ശതമാനമാണ് ഉല്പാദനമുണ്ടായിരുന്നത്. അധികാരമൊഴിയുമ്പോൾ അത് ഏതാണ്ട് 82 ശതമാനമായി വർദ്ധിച്ചു. നാലുകൊല്ലം മുമ്പ് 6.4 ലക്ഷം ലിറ്റർ പാൽ സംഭരിച്ചിരുന്നത് പത്തുലക്ഷമാക്കി വർദ്ധിപ്പിച്ചു, ഉൽപ്പാദനംകൂടി. അതിനുള്ള കാരണമെന്താണ്? കഴിഞ്ഞ അഞ്ചു കൊല്ലക്കാലം പാലിന് 13 രൂപ വില വർദ്ധിപ്പിച്ചു. ഇവിടെ പറഞ്ഞത് ശരിയാണ്. ഇന്ന് കായികാദ്ധ്വാനമുള്ള ജോലിക്ക് മലയാളികൾ തയ്യാറല്ല. ഇവിടെ കന്നുകാലി വളർത്തൽ വളരെ പ്രയാസമുള്ള ജോലിയാണ്. രാവിലെ കന്നുകാലികൂട്ടിൽപോയി പശുവിനെ കറക്കണം, ചാണകം വാരണം, കുളിപ്പിക്കണം, പാൽ സംഘത്തിൽ

എത്തിക്കണം തുടങ്ങിയ ജോലികളുണ്ട്. ഇന്ന് മലയാളികളുടെ സംസ്കാരം മാറി, പണിയെടുക്കില്ല. പണിയെടുക്കാൻ ബംഗാളികളും ബീഹാറികളും വേണം. ഈ രംഗത്തുള്ളവർ പിടിച്ചുനിൽക്കണമെങ്കിൽ പാലിന് വിലവർദ്ധനവുണ്ടാകണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, ശ്രീ. ഉമ്മൻ ചാണ്ടിയുടെ അവസാനത്തെ ബഡ്ജറ്റിൽ ക്ഷീരകർഷക പെൻഷൻ 750 രൂപയാക്കി വർദ്ധിപ്പിച്ചു. പക്ഷേ അതിനുള്ള ഉത്തരവ് ആയിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ ബഡ്ജറ്റിലെ വാഗ്ദാനങ്ങൾ പാലിക്കുമെന്നാണ് ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത്. ആ വാഗ്ദാനം ശരിയാണെങ്കിൽ വർദ്ധിപ്പിച്ച പെൻഷൻ തുകയായ 750 രൂപ ലഭ്യമാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കണം. എല്ലാ പെൻഷനും ആയിരം രൂപയാക്കി വർദ്ധിപ്പിക്കുമെന്നാണ് എൽ.ഡി.എഫ്.-ന്റെ മാനിഫെസ്റ്റോയിൽ പറഞ്ഞിരിക്കുന്നത്. ആ വാഗ്ദാനങ്ങൾ ശരിയാണെങ്കിൽ ക്ഷീരകർഷക പെൻഷനും ആയിരം രൂപയാക്കണം. കാരണം ഈ മേഖലയ്ക്ക് ആവശ്യമായ പിൻബലം കൊടുത്തില്ലെങ്കിൽ കർഷകർ ഈ രംഗത്തുനിന്നും പോകും. ക്ഷീരകർഷകരിൽ ഏതാണ്ട് 60 ശതമാനം പേരും 60 വയസ്സ് പ്രായമായവരാണ്, ചെറുപ്പക്കാരില്ല. യുവാക്കൾ ഈ രംഗത്ത് കടന്നുവരുന്നില്ല. യുവാക്കൾ ഈ രംഗത്ത് കടന്നുവരണമെങ്കിൽ ഇത് ലാഭകരമാകണം. ദയവായി ക്ഷീരകർഷക പെൻഷൻ വർദ്ധിപ്പിക്കണം. മിൽമയെ കല്ലെറിഞ്ഞ് നശിപ്പിക്കാൻ ശ്രമിക്കരുത്. മിൽമ കേരളത്തിലെ ഏറ്റവും ശക്തമായ സഹകരണ സ്ഥാപനമാണ്. പാലിന്റെ ചാർട്ട് പരിഷ്കരിക്കാൻ ഞാൻ ശ്രമിച്ചുനോക്കി, നടന്നില്ല. പാലിന്റെ ചാർട്ട് പരിഷ്കരിക്കുകയും ന്യായവില കൃഷിക്കാർക്ക് ലഭിക്കുകയും വേണം. വനം-ക്ഷീരവകുപ്പുകളിൽ അങ്ങയെപ്പോലെ വളരെ സൗമ്യനായൊരു മന്ത്രി ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്നു. നല്ലകാര്യം. എന്തോ വലിയൊരു അത്ഭുതമുണ്ടാകാൻ പോകുന്നുവെന്ന് എല്ലാവരും പ്രസംഗിച്ചപ്പോൾ പറയുകയുണ്ടായി. കിഫ്ബിയെ സംബന്ധിച്ച് മലർപ്പൊടിക്കാരന്റെ സ്വപ്നമാണെന്ന് ശ്രീ. കെ. എം. മാണി പറയുകയുണ്ടായി. പണം സമാഹരിച്ചിട്ടുണ്ടോ, ധനസമാഹരണമില്ലാതെ ആയിരക്കണക്കിന് കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിക്കുന്ന ഒരു സ്വപ്നപദ്ധതിയാണിത്. നിങ്ങളുടെ വിശ്വാസം നിങ്ങളെ രക്ഷിക്കട്ടെ എന്നുപറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മൂന്നുമണിക്കൂർ വളരെ ക്രിയാത്മകവും സജീവവുമായ ചർച്ചയിൽ പങ്കെടുത്ത സഭയോട്, പ്രത്യേകിച്ച് പ്രതിപക്ഷത്തോട് ഞാൻ ആദ്യമായി നന്ദി പറയുകയാണ്. ഈ സഭ ആരംഭിച്ചശേഷം ഒരുപക്ഷേ ആദ്യത്തെ ദിവസമായിരിക്കണം പ്രതിപക്ഷം ഒന്നടങ്കം ചർച്ചയിൽ പങ്കെടുക്കുന്നത്. ഇനിയുള്ള ദിവസങ്ങളിൽ സഹകരിക്കാമെന്ന ധാരണ ഉണ്ടായതിൽ ഞാൻ സന്തോഷിക്കുന്നു, അഭിനന്ദിക്കുന്നു.

ഇപ്പോൾ നിർമ്മിക്കുന്ന റോഡുകളുടെയും പാലങ്ങളുടെയും പേരിൽ മാത്രമല്ല പൊതുമരാമത്ത് വകുപ്പിനെ സർക്കാർ കാണുന്നത്. കേരളത്തിലെ പൊതുമരാമത്ത് വകുപ്പ്-ഏതാണ്ട് 1400 ഓളം എഞ്ചിനീയർമാരും ആയിരത്തിലേറെ ഓവർസീയർമാരും അടങ്ങിയ ബൃഹത്തായ അടിസ്ഥാനവികസനമുള്ള, വളരെ സാങ്കേതിക ബോധമുള്ള ഒരു പ്രസ്ഥാനമാണ്. നമ്മുടെ ഭരണഘടനയിൽ ലിഖിതമായൊരു വകുപ്പാണിത്. ആർക്കും എടുത്തുകളയാൻ പറ്റുന്ന ഒന്നല്ല. ബ്രിട്ടീഷുകാരുടെ കാലത്തും രാജവാഴ്ച കാലത്തും മരാമത്ത് വകുപ്പുണ്ട്. മനുഷ്യ സംസ്കാരമുണ്ടാകാൻ തുടങ്ങിയകാലം മുതൽ ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ മരാമത്ത് വകുപ്പുണ്ട്. അതിനെ ആർക്കും ഒന്നും ചെയ്യാൻ കഴിയില്ല. അത് വേറൊരു പ്രശ്നം. പക്ഷേ നിർമ്മാണ സംസ്കാരത്തിൽനിന്ന്, നിർമ്മാണപരമായ സൗന്ദര്യശാസ്ത്രത്തിൽനിന്ന് ബഹുദൂരം അകന്നുപോയിരിക്കുകയാണ് കേരളത്തിലെ പൊതുമരാമത്ത് വകുപ്പ്. അതുമായി ഇന്നവർക്ക് യാതൊരു ബന്ധവുമില്ല. കോളേജിൽ പഠിച്ചതൊന്നും എഞ്ചിനീയർമാർ ഓർക്കുന്നതുപോലുമില്ല. അതൊരാളിന്റെ കുറ്റമല്ല, അങ്ങനെ സംഭവിച്ചു. കഴിഞ്ഞ അഞ്ചുവർഷം ആ അകൽച്ച കുറച്ചുകൂടി, റോഡ് നിർമ്മിച്ചില്ലെന്നല്ല ഞാൻ പറയുന്നത്. എനിക്ക് തോന്നുന്നത് അടുത്തകാലത്ത് ഏറ്റവും കൂടുതൽ മരാമത്ത് പണികൾ നടത്തിയത് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് തന്നെയാണെന്നാണ്. അതിൽ ഒരു സംശയവുമില്ല, ഞാൻ പരസ്യമായിത്തന്നെ പറയുകയാണ്. പക്ഷേ നമ്മൾ വളരെ അകന്നുപോയി. അതുകൊണ്ട് പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ച് സംസാരിക്കുമ്പോൾ ഇനി അങ്ങോട്ട് പുതിയ ലോകം, പുതിയ നിർമ്മാണം തുടങ്ങിയവയൊക്കെയാണ്. അത് അങ്ങനെ തന്നെയാണ്, മാറ്റമില്ല. പക്ഷേ അതിനുള്ള സന്നാഹങ്ങളൊക്കെ ഒരുക്കാൻ എല്ലാവരുടെയും സഹകരണം ഉണ്ടാകണം. അല്ലാതെ ഞാൻ ഇവിടെനിന്ന് പ്രസംഗിച്ചതുകൊണ്ട് ഒന്നും ആകില്ല. ആദ്യം എഞ്ചിനീയർമാരുടെ ബോധം മാറണം. അവർ ഒറിജിനൽ ബോധത്തിലേക്ക് വരണം. നമ്മുടെ ഗവൺമെന്റ് അതിനെ പൂർണ്ണമായി പിന്തുണയ്ക്കണം. ഇപ്പോൾ പ്രതിപക്ഷത്തിരിക്കുന്നവർ കഴിഞ്ഞതവണ ഗവൺമെന്റിന്റെ ഭാഗമായിരുന്നല്ലോ? എല്ലാവരുടെയും പിന്തുണ ഉണ്ടാകണം. എം.എൽ.എ.-മാർ അവരവരുടെ മണ്ഡലങ്ങളിലെ പ്രവർത്തനങ്ങൾ പരിശോധിക്കണം. പക്ഷേ പലരും അത് ചെയ്യുന്നില്ല എന്നുള്ളത് വേറെ കാര്യം. എല്ലാവരും കൂടിച്ചേർന്നാൽ നമുക്ക് പൊതുമരാമത്ത് വകുപ്പിന്റെ മഹനീയത വീണ്ടെടുക്കാം. ഇത് വളരെ ഫിലോസഫിക്കലായ ഒരു വകുപ്പാണ്. പഴയ ഗ്രന്ഥങ്ങളൊക്കെ എടുത്ത് വായിച്ചുനോക്കൂ. വളരെ aesthetical ആയ, സൗന്ദര്യനിർമ്മാണമാണ്. ഒരു റോഡ് നിർമ്മിച്ചാൽ ഒരു കവിത എഴുതുന്നതു പോലെയാണ്, ഒരു പെയിന്റിംഗ് നടക്കുന്നതുപോലെയാണ്, a piece of art. അതാണ് എഞ്ചിനീയറിംഗ് കോളേജുകളിൽ പഠിപ്പിക്കുന്നത്. ഞാൻ എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കാൻ പോയിട്ടില്ലെങ്കിലും ഇതൊക്കെ വായിക്കാറുണ്ട്, aesthetical

ആയിട്ടുള്ള ഒരു ആസ്പെക്ട് അതിനുണ്ട്, പൂർണ്ണമായും സയന്റിഫിക്കാണ്. മാത്തമാറ്റിക്കൽ കാൽക്കുലേഷൻ തെറ്റുന്നതുകൊണ്ടാണ് റോഡ് പൊളിയുന്നത്. ഇത് വളരെ പ്രാക്ടിക്കലാണ്, പ്രായോഗികമായാണ് ചെയ്യുന്നത്. അതുപോലെ ജിയോഗ്രഫിക്കലാണ്, ജിയോഗ്രഫി അനുസരിച്ചാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട എ. പ്രദീപ്കുമാർ ചൈനയിലെ റോഡിനെ സംബന്ധിച്ച് പറയുകയുണ്ടായി. ആളുകൾക്ക് മുഷിവുണ്ടാകാതിരിക്കാൻ ഡിസൈൻ മാറിക്കൊണ്ടിരിക്കുകയാണ്. ഇവിടെയാണെങ്കിൽ ആർട്ട്ഗ്യാലറി, സ്കൂൾ തുടങ്ങി എന്ത് നിർമ്മിച്ചാലും എല്ലാം ഒരുപോലെയാണ്. ഓട നിർമ്മിച്ചാൽ ചീങ്കണ്ണി വായ് തുറന്നതുപോലെയിരിക്കും. അതല്ലേ സത്യം? മേൽനോട്ടമെന്ന് പറഞ്ഞാൽ എഞ്ചിനീയർമാർ മേലോട്ട് നോക്കുകയാണ്. ഇതാണ് കേരളത്തിൽ നടക്കുന്നത്. ഡെമോക്രാറ്റിക്കായിരിക്കണം, ജനങ്ങളുടെ അഭിപ്രായങ്ങൾ കണക്കിലെടുക്കണം. അതുപോലെയാണ് ധനപരമായ കാര്യവും. ഇതൊക്ക പ്രധാനമാണ്. ഈ ഘടകങ്ങളെല്ലാം ഇതിൽ സമ്മേളിക്കുന്നതാണ്. ഇതെല്ലാം സമ്മേളിച്ചാണ് ലോകാതിശയങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. താജ്മഹൽ നിർമ്മിച്ചതും ലോകത്തെ ഏറ്റവും വലിയ ഈഫൽ ഗോപുരം നിർമ്മിച്ചതും എഞ്ചിനീയർമാരാണ്. ഈജിപ്റ്റിലെ മമ്മി എന്നുവിളിക്കുന്ന ശവകുടീരം ആരാണ് നിർമ്മിച്ചത്; നമ്മുടെ നിയമസഭ ആരാണ് നിർമ്മിച്ചത്? ഇത്രമനോഹരമായ ഒരു നിയമസഭാ മന്ദിരം ഇന്ത്യയിലില്ല. ഇന്ത്യൻ പാർലമെന്റിൽ ഒരാളുടെ മടിയിലാണ് വേറൊരു മെമ്പർ ഇരിക്കുന്നത്. കണ്ടിട്ടില്ലേ? കുടയും വടിയുംകൂടി വച്ചുകഴിഞ്ഞാൽ ഇരിക്കാൻ സ്ഥലമില്ല. പലരും കുടയുമായിട്ടാണ് വരുന്നത്. പഴയ പാർലമെന്റാണ്. ഇനി പുതുതായി പണിയുമായിരിക്കും. ഇങ്ങനെ എത്രയോ ഉദാഹരണങ്ങളാണുള്ളത്. ഇതൊക്കെ എഞ്ചിനീയർമാരാണ് നിർമ്മിക്കുന്നത്. മോഹഞ്ചദാരോയും ഹാരപ്പയും ആരാണ് നിർമ്മിച്ചത്? ആ ഒരു കഴിവ് എഞ്ചിനീയർമാർക്കുണ്ട്. നമ്മുടെ എഞ്ചിനീയർമാർക്കും കഴിവ് ഉണ്ടായിരുന്നു. പുനലൂർ തൂക്കുപാലം ആരാണ് നിർമ്മിച്ചത്? അത് എങ്ങോട്ടുപോയി? അതേപ്പറ്റി ഞാൻ ഗവേഷണം നടത്തുകയല്ല, നിങ്ങൾക്കെല്ലാം അറിയാവുന്ന കാര്യമാണെന്ന് എനിക്കും അറിയാം. ഞാൻ ഈ വകുപ്പിന്റെ ചുമതലയേറ്റെടുത്തപ്പോൾ ഇതിനൊരു മാറ്റം വരുത്തണമെന്ന് ആഗ്രഹിച്ചു. നെഹ്റുവിന്റെ കാലത്ത് ഭക്രാനംഗൽ, ഹിരാകുഡ് ഡാം, വിശാഖപട്ടണം ഇതൊക്കെ നിർമ്മിച്ചത് എഞ്ചിനീയർമാരല്ലേ? അവർ നിർമ്മിക്കാത്തതായി എന്തെങ്കിലുമുണ്ടോ? എഞ്ചിനീയറാണോ ഡോക്ടറാണോ പ്രധാനി എന്നുചോദിച്ചാൽ എഞ്ചിനീയറാണെന്നേ ഞാൻ പറയൂ. നമ്മുടെ നാട്ടുകാർ വിചാരിക്കുന്നത് ഒന്നാമത് ഡോക്ടറും രണ്ടാമത് എഞ്ചിനീയറുമാണെന്നാണ്. രോഗം ഇല്ലെങ്കിൽ ഡോക്ടറെ ആവശ്യമില്ല. പക്ഷേ മാനസികരോഗികൾക്കായി കുറച്ച് ഡോക്ടർമാരെ വേണ്ടിവരും. പക്ഷേ ഇത് അങ്ങനെയല്ല. ധാരാളം രോഗികളും ആശുപത്രികളുമുണ്ടാകട്ടെ എന്ന് നമ്മൾ പറയാൻ പാടില്ല. ഇന്നത്തെ സ്ഥിതിയിൽ ഡോക്ടർമാരും ആശുപത്രികളും കൂടുതൽ

വേണം. അതിന് മെഡിക്കൽ കോളേജുകൾ വേണമെന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമില്ല. പക്ഷേ എഞ്ചിനീയർമാർ നിർമ്മാണം നടത്തുകയാണ് ചെയ്യുന്നത്. To engineer എന്നുപറഞ്ഞാൽതന്നെ മുൻകയ്യെടുക്കുക, മുന്നോട്ട് പോകുക എന്നാണ്. പിറകിലേക്ക് പോകുന്ന പ്രശ്നമേയില്ല. പക്ഷേ നമ്മുടെ എഞ്ചിനീയർമാർ പിറകോട്ട് പൊയ്ക്കൊണ്ടേയിരിക്കുന്നു. നിർമ്മിക്കുകയാണ് ചെയ്യേണ്ടത്, അടിച്ചുപൊളിക്കുകയോ കുഴിയുണ്ടാക്കുകയോ അല്ല. ഇപ്പോൾ നിർമ്മിക്കുന്നത് കുഴിയുണ്ടാക്കാനാണ്. എസ്റ്റിമേറ്റ് തയ്യാറാക്കലാണ് പ്രധാനപ്പെട്ട ജോലി. കാരണം അവിടെയാണ് പപ്പടം പൊള്ളിച്ചതു പോലെ കാര്യങ്ങളുള്ളത്. ഇതുപോലുള്ള കാര്യങ്ങളിൽ അടിസ്ഥാനപരമായ പിശകുപറ്റി. അതുപോലെ ഇവിടെ വൈവിദ്ധ്യത്തെപ്പറ്റി പറഞ്ഞു. എഞ്ചിനീയറിംഗ് പലതരത്തിലുണ്ട്. റോഡ്, ബ്രിഡ്ജ്, ബിൽഡിംഗ്, ഇറിഗേഷൻ, റെയിൽവേ, എയർപോർട്ട്, ഷിപ്പിംഗ്, മെക്കാനിക്കൽ, എൻവയോൺമെന്റ്, സ്പോർട്സ്, മെഡിക്കൽ, സ്പെയ്സ് ടെക്നോളജി, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ആർക്കിടെക്ചറൽ, മെയിന്റനൻസ്, ഇൻഡസ്ട്രിയൽ, സോയിൽ, വാട്ടർ ട്രീറ്റ്മെന്റ് തുടങ്ങി ഇരുപത്തഞ്ചോളം എഞ്ചിനീയറിംഗ് മേഖലകളുണ്ട്. ഈ മേഖലകളിലെല്ലാം വെവ്വേറെ എഞ്ചിനീയർമാരാണ് വേണ്ടത്. നമുക്ക് എല്ലാത്തിനും കൂടി ഒരു പഞ്ചായത്തിൽ ഒരു എഞ്ചിനീയറാണ് ഉണ്ടാവുക. ഒരു പഞ്ചായത്തിൽ പത്ത് എഞ്ചിനീയർമാരെങ്കിലും വേണം. എന്നാൽ മാത്രമേ പഞ്ചായത്തീരാജ് നടക്കുകയുള്ളൂ. ഇതിനായി ഏകദേശം 25000 എഞ്ചിനീയർമാരെ നിയമിച്ചാൽ നമുക്ക് ധാരാളം പണം ലാഭിക്കാൻ സാധിക്കും. ഇതിലേയ്ക്കൊന്നും നമ്മൾ എത്തിയിട്ടില്ല. എഞ്ചിനീയർമാർ മാനവ സംസ്കാരത്തിന്റെ ശില്പികളാണ്. അവരെ കൊള്ളക്കാരും അഴിമതിക്കാരുമാക്കി മാറ്റുന്ന ഒരു വ്യവസ്ഥ നമ്മൾ ഇവിടെ കെട്ടിപ്പടുത്തു. അത് പൂർണ്ണമായും മാറ്റാൻ കഴിയില്ലെങ്കിലും കുറച്ച് മാറ്റങ്ങൾ വരുത്തണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. എഞ്ചിനീയർക്ക് ഏറ്റവും പ്രധാനമായി വേണ്ടത് സൂക്ഷ്മതയാണ്. കണ്ണാടിവച്ചാൽ സൂക്ഷ്മത കിട്ടില്ല. അത് എഞ്ചിനീയർ പഠിച്ചതിന്റെ ഇൻറ്റ്യൂഷനാണ്, നോളഡ്ജാണ്, ഡെഡിക്കേഷനാണ്, പ്രത്യേക കഴിവാണ്. എഞ്ചിനീയർക്ക് ജാഗ്രത, ശാസ്ത്രീയമായ മേൽനോട്ടം, സൗന്ദര്യബോധം, സയന്റിഫിക് ഫിനിഷിംഗ് തുടങ്ങിയവയൊക്കെവേണം, aesthetical എഞ്ചിനീയറിംഗ് മനസ്സിലാക്കിയിരിക്കണം. It is a piece of art എന്ന് ഞാൻ നേരത്തെ പറഞ്ഞിരുന്നു. അതാണ് താജ്മഹൽ അങ്ങനെ നിർമ്മിച്ചിരിക്കുന്നത്. കഴിഞ്ഞ മാസം ഹൈക്കോടതിയിൽ ഒരു ഓഡിറ്റോറിയത്തിന്റെ ഉദ്ഘാടനത്തിന് ഞാനും പോയിരുന്നു. ഇന്റർനാഷണൽ ലെവലിലുള്ള ആ ഓഡിറ്റോറിയം നമ്മുടെ എഞ്ചിനീയർമാർ നിർമ്മിച്ചതാണ്. കാരണം എല്ലാ ദിവസവും ചീഫ് ജസ്റ്റിസും ജഡ്ജിമാരും അവിടെ പോയി നോക്കുമായിരുന്നു. അതുകൊണ്ട് കോൺട്രാക്ടറും എഞ്ചിനീയർമാരും നന്നായി വർക്ക് ചെയ്തു. ഈ 1-ാം തീയതി ജില്ലാ കോടതിയിൽ നാലുനില കെട്ടിടം ഉദ്ഘാടനം ചെയ്യുകയാണ്. ഉദ്ഘാടനത്തിന് ചീഫ് ജസ്റ്റിസ് ഓഫ് ഇന്ത്യയാണ് വരുന്നത്. നേരത്തെ ഹൈ

ഓവറിനെക്കുറിച്ച് ഇവിടെ പറഞ്ഞിരുന്നല്ലോ. ഫ്ലൈ ഓവർ നിർമ്മിച്ചത് നമ്മുടെ എഞ്ചിനീയർമാരല്ലേ. കഴിഞ്ഞ സെപ്റ്റംബർ 11-ന് ഒരു ഫ്ലൈ ഓവർ ഉദ്ഘാടനം ചെയ്തിരുന്നു. ഇതുപോലെ രണ്ടെണ്ണം കോഴിക്കോട് പണിതുകൊണ്ടിരിക്കുകയാണ്. കുണ്ടന്നൂരും വൈറ്റിലയും മേൽപ്പാലങ്ങൾ നിർമ്മിക്കാൻ തീരുമാനിച്ചപ്പോൾ സെൻട്രൽ ഗവൺമെന്റ് ഡൽഹി മെട്രോയുടെ ആഭിമുഖ്യത്തിൽ നാല് മേൽപ്പാലങ്ങൾ തിരുവനന്തപുരത്ത് നിർമ്മിക്കാൻ പോകുകയാണ്. പണിയുന്നത് മന്ത്രിമാരല്ലല്ലോ, മന്ത്രിമാർ അവരുടെ ആശയങ്ങൾ കൊടുക്കും. നമുക്ക് ആശയങ്ങളുണ്ട്. ആശയങ്ങളും നയങ്ങളും നമ്മൾ കൊടുക്കുന്നതിനനുസരിച്ച് നന്നായി പണിയുകയാണെങ്കിൽ പ്രശ്നമില്ല. ഇവിടെയുള്ള പ്രശ്നം അഴിമതിയുണ്ടാകുന്നു എന്നതാണ്. എഞ്ചിനീയർമാർ ഇങ്ങനെയാകാൻ കാരണം അഴിമതിയാണ്. ഞാൻ പത്തനംതിട്ടയിലെ അഞ്ച് മണ്ഡലങ്ങളിൽ റിവ്യൂവിന് പോയി. ആ റിവ്യൂവിൽ പരിപാടി നടത്തുന്ന കൊച്ചുകുട്ടികൾ പോലും ചെയ്യാത്ത വൃത്തികേടാണ് KIIFB-യിലെ എഞ്ചിനീയർമാർ അവിടെ കാണിച്ചുകൊണ്ടിരിക്കുന്നത്. അവിടത്തെ ഡി.പി.ആർ. ശരിയാകാൻ പോകുന്നില്ല. എ. ഇ. പറയുന്നതല്ല എ.എക്സ്.ഇ പറയുന്നത്. എന്നാൽ ഒന്നും അറിയാത്ത ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറുമാണുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിയമിച്ചതാണ്. ഞാൻ മാറ്റാനൊന്നും പോയില്ല. ആ എഞ്ചിനീയർക്ക് ഒരു കാര്യവും അറിയില്ല. എന്നാൽ ഇതെല്ലാം അറിയാവുന്ന മിടുക്കൻമാരും മിടുക്കികളുമുണ്ട്. ഇതെല്ലാം കൂടിക്കുഴഞ്ഞ് കിടക്കുകയാണ്. ഇതൊരു രാഷ്ട്രീയ പ്രശ്നമൊന്നുമല്ല. നല്ല നിർമ്മാണമാണെങ്കിൽ അത് നമ്മുടെ ഭാവനയെ ഉദ്ദീപിപ്പിക്കുകയും സന്തോഷമുണ്ടാക്കുകയും ചെയ്യും. അങ്ങനെതന്നെയാവണം നിർമ്മാണം. അതുപോലെ ജനവിരുദ്ധനിർമ്മാണം നടത്തിയാൽ ജനങ്ങളാരും അത് ഇഷ്ടപ്പെടുകയില്ല. ചെലവ് കുറഞ്ഞതും ദീർഘായുസ്സുള്ളതുമായ നിർമ്മാണം കേരളത്തിൽ ഇപ്പോൾ നടക്കാത്തത് എന്തുകൊണ്ടാണ്? എന്തുകൊണ്ടാണ് കോൺട്രാക്ടർമാരും ഉദ്യോഗസ്ഥരും അഴിമതിക്കാരായ രാഷ്ട്രീയക്കാരും ചേർന്ന് പണം തട്ടിയെടുക്കുന്നത്? മുപ്പത് ശതമാനവും ഇരുപത് ശതമാനവുമൊക്കെ പറഞ്ഞില്ലേ, ഇതിൽ രാഷ്ട്രീയക്കാർക്കും പങ്കുണ്ട്. ഇത് വർഷങ്ങൾക്കുമുമ്പ് വോറ കമ്മീഷൻ കണ്ടുപിടിച്ച് പാർലമെന്റിൽ രാപ്പകൽ ചർച്ച ചെയ്തതാണ്. ബ്യൂറോക്രാറ്റുകളും കോൺട്രാക്ടർമാരും കറപ്റ്റ് പൊളിറ്റീഷ്യൻസും ചേർന്നാണ് നാടിന്റെ പഞ്ചവത്സര പദ്ധതിയുടെ പണത്തിന്റെ 40 ശതമാനവും കൊണ്ടുപോകുന്നതെന്നാണ് വോറ കമ്മീഷന്റെ കണ്ടെത്തൽ. അതിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നതാണ് പൊതുമരാമത്ത് വകുപ്പ്. എന്തുകൊണ്ടാണ് ഇങ്ങനെയുണ്ടാകുന്നത്? നമ്മുടെ കുട്ടികൾ ചോദിക്കുന്നതുപോലെ "എന്തുകൊണ്ട് എന്തുകൊണ്ട് എന്തുകൊണ്ട്" എന്ന് ചോദിക്കണം. അത് ചോദിക്കുമ്പോൾ എല്ലാം ശരിയാകും, ശരിയായി വരികയാണ്. ഇക്കാര്യത്തിൽ എനിക്ക് നിരാശയൊന്നുമില്ല. സ്ഥലംമാറ്റത്തിന് എന്തിനാണ് കൈക്കൂലി വാങ്ങുന്നത്? ഈ വർഷം ഒരു രൂപപോലും ആരും കൊടുത്തതുമില്ല, വാങ്ങിയതുമില്ല. വാങ്ങിയെന്ന്

നിങ്ങൾക്കാർക്കെങ്കിലും പറയാൻ കഴിയുമോ? പി.ഡബ്ല്യു.ഡി.-യിലെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ഒരു വർഷം 200 കോടി രൂപയാണ് റോൾ ചെയ്യുന്നത്. 5 കോടി രൂപ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡ്സ്)-ന് ഒരു ജില്ലയിൽ തരാൻ തയ്യാറാണ്. കാരണം അവിടെ 200 കോടി രൂപയുടെ വർക്ക് കിട്ടും. 200 കോടി രൂപയുടെ വർക്ക് കിട്ടുമ്പോൾ 100 കോടി രൂപയുടെ വർക്കേ നടക്കുന്നുള്ളൂ. ബാക്കി 100 കോടി രൂപ പോക്കറ്റിലിരിക്കും. അപ്പോൾ 5 കോടി രൂപ നൽകിയാലെന്താണ്? ഇത് ഇവിടെ വർഷങ്ങളായി നടന്നുകൊണ്ടിരിക്കുകയാണ്. ഒരാളെയും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. അതൊക്കെ ഇപ്പോൾ ഒഴിവായി. രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിലും ഇപ്പോൾ ട്രാൻസ്ഫറിന് കൈക്കൂലി നൽകുന്നത് ഒഴിവായി. കൈക്കൂലി കൊടുത്താൽ അവർ ഉദ്ദേശിക്കുന്ന ആളെ അവിടെ നിയമിക്കുമെന്ന് ഉറപ്പില്ലാത്തതിനാൽ കൈക്കൂലി കൊടുക്കുന്നില്ല. ചില പോലീസുകാർ ലോക്കൽ പോലീസിൽ മതിയെന്ന് പറയാറുണ്ട്. ചിലർ ബിവറേജസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷൻ വേണമെന്ന് പറയാറുണ്ട്. കൈക്കൂലി ലഭിക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെ ചോദിച്ചുവാങ്ങുന്നത്. കള്ളുകുടിയന്മാരും കാശ് കൊടുക്കും അല്ലാതെ മറ്റുതരത്തിലും ലഭിക്കും. ഇതെല്ലാം നമുക്കറിയാവുന്ന കാര്യങ്ങളാണ്. ഇതിനെല്ലാം മാറ്റംവരുത്തേണ്ടതാണ്. ശ്രീ. ടി. ഒ. സൂരജ് എന്ന ഐ.എ.എസ്. ഉദ്യോഗസ്ഥൻ ഗവൺമെന്റ് ഓർഡർ എന്നുംപറഞ്ഞ് എന്തെല്ലാമാണ് ഇറക്കിയിരിക്കുന്നത്. ഈ ഓർഡറുകളെല്ലാം അന്നത്തെ ഗവൺമെന്റ് എങ്ങനെയാണ് കൈകാര്യം ചെയ്തത്? അതെല്ലാം നമ്മൾ ഒഴിവാക്കി. തീർച്ചയായും അഴിമതി വലിയൊരു പ്രശ്നമായിരുന്നു. അത് ഒഴിവാക്കുന്നതോടുകൂടി പുതിയ നിർമ്മാണങ്ങൾ നല്ല രീതിയിൽ ചെയ്യാൻ സാധിക്കും.

ഇവിടെ ന്യൂ ടെക്നോളജിയെപ്പറ്റി പറഞ്ഞു. റോഡ് നിർമ്മാണത്തിന് പ്ലാസ്റ്റിക് ഉപയോഗിച്ചതായി നെയ്യാറ്റിൻകര എം.എൽ.എ. പറഞ്ഞു. റബ്ബറൈസ്ഡ് റോഡുകൾ നിർമ്മിക്കുന്നതിനും പുതിയ റോഡുകളുടെ നിർമ്മാണത്തിന് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കയറിന്റെ സുവർണ്ണകാലം വരാൻ പോകുകയാണ്. വെള്ള കെട്ടുള്ളിടത്തെല്ലാം കയർ ജിയോ ടെക്സ്റ്റെയിൽസ് ഉപയോഗിക്കാൻ പോകുകയാണ്. നേരത്തെ ഇത് മാനുവലിൽ ഉൾപ്പെടുത്താൻ ശ്രമിച്ചെങ്കിലും ഉദ്യോഗസ്ഥർ തടഞ്ഞതിനാൽ നടന്നില്ല. എന്നാൽ ഇപ്പോൾ എല്ലാം ശരിയായിട്ടുണ്ട്. എല്ലാ എം.എൽ.എ.-മാരും അവരവരുടെ മണ്ഡലങ്ങളിൽ ഇത് ഉൾപ്പെടുത്തുന്നതിനുള്ള ശ്രമം നടത്തണം. ഇതിന്റെ എസ്റ്റിമേറ്റൊക്കെ പ്രാദേശികമായാണ് എടുക്കുന്നത്. അതുപോലെ കോൺട്രാക്ടർമാരെ പറ്റിയുള്ള സങ്കല്പം-അവർക്കുതന്നെ അറിയില്ല അവർ ആരാണെന്ന്. കോൺട്രാക്ടർമാർ വർക്കിൽനിന്നും പണം തട്ടിയെടുത്ത് കാണുന്നവർക്കെല്ലാം സംഭാവനയൊക്കെ നൽകി ആഡംബരമായി നടക്കുന്നു. അങ്ങനെയല്ല, ഇത് ലാ ഓഫ് കോൺട്രാക്ടിൽ നിന്ന് വരുന്നതാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങും ഞാനും ഒരേ

ബഞ്ചിലിരുന്ന് ഇത് പഠിച്ചതല്ലേ. അത് കോൺസ്റ്റിറ്റ്യൂഷനിൽനിന്ന് വരുന്നതാണ്. വ്യക്തമായി പറഞ്ഞാൽ കോൺസ്റ്റിറ്റ്യൂഷനുമായി ബന്ധപ്പെട്ടവരാണ് കോൺട്രാക്ടർമാർ. അത് ആദ്യം അവരെ മനസ്സിലാക്കിക്കണം. അവർക്ക് ക്ലാസ് കൊടുക്കണം. അവരുടെ കീഴിലുള്ള തൊഴിലാളികൾക്ക് പ്രൊഫഷണലായിട്ടുള്ള നിർമ്മാണത്തിന് ക്ലാസ് കൊടുക്കേണ്ടതായിട്ടുണ്ട്. കേരളത്തിൽ ഇതൊന്നും വന്നിട്ടില്ല. നിങ്ങൾ എന്തൊക്കെ പറഞ്ഞാലും ഇതൊക്കെ കേരളത്തിൽ നടപ്പാക്കാൻ കഴിയുന്ന ആളാണ് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ. നിങ്ങളും അക്കാര്യം സമ്മതിക്കും. കാരണം അദ്ദേഹത്തിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. മറ്റ് കാര്യങ്ങളൊക്കെ നിങ്ങൾ അങ്ങോട്ടു മിങ്ങോട്ടും പറഞ്ഞോളൂ. അതൊക്കെ വേറെ കാര്യം. അദ്ദേഹം നല്ല നേതൃത്വം നൽകുന്ന ആളാണ്. അതുകൊണ്ട് ഈ കാര്യങ്ങളെല്ലാം ഈ കാലഘട്ടത്തിൽ നടപ്പിലാക്കാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം. അതുപോലെ പി.ഡബ്ല്യു.ഡി. മാന്വലിൽ കുറച്ച് മാറ്റം വരുത്തണം. അതിന്റെ ബേസിസിലൊന്നും ഒരു കുഴപ്പവുമില്ല. അതിനുള്ള കോൺഫറൻസും കാര്യങ്ങളുമൊക്കെ നടത്തേണ്ടതായിട്ടുണ്ട്. ഇപ്പോൾ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ പരീക്ഷണശാലയിൽനിന്നും പാടത്തേക്ക് എന്നൊരു രീതിയുണ്ട്. അതുപോലെ എഞ്ചിനീയർമാർ ഓഫീസിലല്ല ഇരിക്കേണ്ടത്. അവർ വർക്ക് സൈറ്റിൽ പോകണം. ഒരു എ.ഇ.-യോ ഓവർസീയറോ ഇല്ലാതെ ഒരു പണിയും നടത്താൻ പാടില്ല. പക്ഷേ ഇവർ ആരുംതന്നെ വർക്ക് സൈറ്റിൽ ഉണ്ടാകാറില്ല. കോൺട്രാക്ടർക്ക് വിട്ടുകൊടുക്കുന്നതിന്റെ കാരണം ഞാൻ നേരത്തെ പറഞ്ഞ അഴിമതി മനോഭാവമാണ്. ഗവൺമെന്റ് ആവശ്യമെങ്കിൽ മഴക്കാലത്ത് എഞ്ചിനീയർമാർക്ക് കുടയോ മഴക്കോട്ടോ ടൂ വീലറോ വാങ്ങി നൽകാം. ഇതൊക്കെ ഔദ്യോഗികാവശ്യമായതിനാൽ ഗവൺമെന്റിന് തീരുമാനമെടുക്കാവുന്നതാണ്. ആധുനിക രാജ്യങ്ങളിലൊക്കെ ഇങ്ങനെ നടക്കുന്നുണ്ട്.

4.00 PM]

മെയിന്റനൻസിനെപ്പറ്റി പ്രാകൃതമായ സങ്കൽപ്പമാണുള്ളത്. പ്രതിപക്ഷത്തു നിന്നും ഒരു യുവ എം.എൽ.എ. കുഴിയടയ്ക്കുന്നതിനെക്കുറിച്ച് നാട്ടിലൊക്കെ ഉപയോഗിക്കുന്ന ഒരു പദം പ്രയോഗിക്കുകയുണ്ടായി. നിർമ്മാണം പോലെതന്നെ ഏറ്റവും പ്രധാനമാണ് മെയിന്റനൻസും. അമേരിക്കയിലോ കാനഡയിലോ ഉള്ള റോഡ് നിർമ്മാണത്തിലെ ലിറ്ററേച്ചർ എടുത്തുനോക്കിയാൽ അവിടെയെല്ലാം മെയിന്റനൻസിന് ഒരു ചീഫ് എഞ്ചിനീയറുണ്ട്. കേരളത്തിലും മെയിന്റനൻസ് പോളിസി കൊണ്ടുവരാൻ പോവുകയാണ്. അതുപോലെ ഇവിടെയും ചീഫ് എഞ്ചിനീയറെയും താഴെത്തലം വരെയുള്ള ഉദ്യോഗസ്ഥരെയും നിയമിക്കും. ഞാൻ സ്കൂളിൽ പഠിക്കുന്ന കാലത്ത് ഓട്ടോറിക്ഷകളൊന്നും അധികമുണ്ടായിരുന്നില്ല. അന്ന്

സൈക്കിളിന്റെ പുറകിൽ ഇരുമ്പുചട്ടിയിൽ ആവിപറക്കുന്ന മെറ്റലും ടാറും മിക്സ് ചെയ്ത് കൊണ്ടുപോയി റോഡിലെ കുഴി അടയ്ക്കുന്ന എൻ.എം.ആർ. എന്നൊരു വിഭാഗമുണ്ടായിരുന്നു. ആർക്കോ അത് വളരെ മോശമായി തോന്നിയതിനാൽ എൻ.എം.ആർ. വിഭാഗത്തിനെ പിരിച്ചുവിട്ടു. ഇത്തരം കാര്യങ്ങളൊക്കെ ക്യാബിനറ്റ് അജണ്ടയിൽ കൊണ്ടുവരാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യു.ഡി. സെക്രട്ടറി ഉൾപ്പെടെയുള്ളവർ ചർച്ചചെയ്ത് ഏകദേശരൂപം തയ്യാറാക്കിവരികയാണ്. അങ്ങനെ ഒന്നാന്തരം മെയിന്റനൻസ് വിഭാഗമുണ്ടാക്കാൻ പോകുകയാണ്. മെയിന്റനൻസ് വിഭാഗത്തിന്റെ ഏറ്റവും മുകളിൽ നിലവിലുള്ളതിൽ നിന്നും ഒരു ചീഫ് എഞ്ചിനീയറെ നിയമിക്കാം. കോൺട്രാക്ടർ എന്നുപറയുന്നത് ലാ ഓഫ് കോൺട്രാക്ട് പ്രകാരം കോൺസ്റ്റിറ്റ്യൂഷണൽ ജോലി ചെയ്യുന്ന ആളാണ്. അത് അവർകൂടി മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പിന്നെയുള്ളത് ടാർ മോഷണമാണ്. ബി.പി.സി.എൽ. ആണ് ടാർ കൊടുക്കുന്നത്. ഇത്തവണ 50000 ടൺ റബ്ബറൈസ്ഡ് ടാറാണ് ചോദിച്ചിരിക്കുന്നത്. ഇന്നുവരെ ഇത്രയും റബ്ബറൈസ്ഡ് ടാർ ആരും ഉപയോഗിച്ചിട്ടില്ല. 50000 ടൺ റബ്ബറൈസ്ഡ് ടാർ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുണ്ട്. 40000-ത്തോളം കിലോമീറ്റർ വരുന്ന കേരളത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളും നാഷണൽ ഹൈവേയും നിർമ്മിക്കുന്നതിന് കോൺട്രാക്ടർമാരാണ് ടാർ വാങ്ങുന്നത്. കണക്കും കാര്യങ്ങളുമൊക്കെ ഡിപ്പാർട്ടുമെന്റ് വാങ്ങും. അവിടെ നിന്നും ന്യായമായ വിലയ്ക്കല്ലേ ടാർ കിട്ടുന്നത്? പക്ഷേ, ഒന്നര ലക്ഷം വരുന്ന ഗ്രാമീണ/മുനിസിപ്പാലിറ്റി റോഡുകൾക്കുവേണ്ടി ആരും ടാർ വാങ്ങുന്നില്ലെന്നുള്ളത് അത്ഭുതമാണ്. ഈ ടാറാണ് അവർക്കും കൊടുക്കുന്നത്. പഞ്ചായത്ത് റോഡുകൾ ടാർ ചെയ്യുന്നത് സംബന്ധിച്ച് സമഗ്രമായ അന്വേഷണത്തിനായി മാസംതോറുമുള്ള കണക്കുകൾ വേണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. കുറച്ച് ടാർമാത്രം ഉപയോഗിക്കുന്നതു കൊണ്ടാണ് റോഡുകൾ തകർന്ന് തരിപ്പണമാകുന്നത്. ഇതുപോലുള്ള വലിയ പ്രശ്നങ്ങളുണ്ട്, ഇതൊക്കെ നിസ്സാരമല്ല എന്നാണ് എനിക്ക് പറയാനുള്ളത്.

ഇവിടെ നാഷണൽ ഹൈവേയുടെ കാര്യം പറയുകയുണ്ടായി. നാഷണൽ ഹൈവേ നാലുവരിപ്പാതയാക്കാൻ നേരത്തെ തീരുമാനിച്ചിരുന്നതാണ്. ഈ ഗവൺമെന്റ് അക്കാര്യത്തിൽ വളരെ ശക്തമായ നടപടികളുമായി മുന്നോട്ടുപോവുകയാണ്. അതിന് മുമ്പിൽ നിൽക്കുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെയാണ്. അദ്ദേഹം ഡൽഹിയിൽ പോയി ശ്രീ. ഗഡ്ഗരിയെ കണ്ട് കാര്യമെല്ലാം പറയുകയുണ്ടായി. 80 ശതമാനം possession എന്നുള്ളത് 60 ശതമാനം ആയാലും പണി തുടങ്ങാൻ സാധിക്കും. സ്ഥലം ഏറ്റെടുക്കുന്നതിൽ കുറച്ച് പ്രശ്നമുണ്ടെങ്കിലും സ്തംഭിക്കുന്നുവെന്ന് പറയാൻ കഴിയില്ല. അങ്ങനെയെങ്കിൽ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ കാലത്ത് എന്തുകൊണ്ടാണ് സ്ഥലം എടുക്കാതിരുന്നത്? അന്നൊന്നും ഭൂമി

ഏറ്റെടുക്കാൻ കഴിയാത്തതുകൊണ്ടാണ് ഇപ്പോൾ ഏറ്റെടുക്കേണ്ടിവന്നത്. ചില സ്ഥലങ്ങളിലെല്ലാം കുറ്റിവച്ചിട്ടേയുള്ളൂ. അന്ന് തർക്കങ്ങളൊന്നും പരിഹരിക്കാൻ കഴിഞ്ഞിരുന്നില്ല, ഇപ്പോൾ തർക്കങ്ങളെല്ലാം പരിഹരിച്ചു. ചില കളക്ടർമാർ പുതിയതാണ്. അവരോട് മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും സംസാരിച്ച് കാര്യങ്ങൾ ശരിയാക്കാൻ കഴിയും. വളരെവേഗംതന്നെ നാഷണൽ ഹൈവേ നാലുവരി ആക്കുന്നതിനുള്ള പ്രവർത്തനം ആരംഭിക്കുന്നതാണ്. ആളുകളെക്കൂട്ടി ബഹളം വയ്ക്കുന്നതിനുപകരം എല്ലാവരും ഇക്കാര്യത്തിൽ സഹകരിക്കണം. 2013-ലെ സ്ഥലമേറ്റെടുക്കൽ ഭേദഗതി നിയമമനുസരിച്ച് തുക കൊടുക്കാം. ചില ഉദ്യോഗസ്ഥർ പണം കൊടുക്കാത്ത സംഭവങ്ങളുമുണ്ട്. ചില സ്ഥലങ്ങളിൽ റോഡിന്റെ ഇരുഭാഗത്തു നിന്നും ഒരുപോലെ സ്ഥലമെടുക്കാത്തത് സംബന്ധിച്ച് പരാതികളുണ്ട്. അതൊന്നും ഗവൺമെന്റ് അംഗീകരിക്കുന്നില്ല. കാസർഗോഡ് മുതൽ കളിയിക്കാവിള വരെ നാഷണൽ ഹൈവേ നാലുവരിയാക്കാനുള്ള നീക്കം ശക്തമായി മുന്നോട്ടുവച്ചിരിക്കുകയാണ്. കൂടുതൽ വേഗത്തിൽ പ്രവർത്തനങ്ങൾ നടത്തും. 18-10-2016-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയം ചർച്ച ചെയ്യുന്നതിന് എൻ.എച്ച്.എ.ഐ.-യിലെ ഉദ്യോഗസ്ഥരെ വിളിച്ചിരിക്കുകയാണ്. നേരത്തെ രണ്ട് കോൺഫറൻസ് നടത്തിയിട്ടുണ്ട്. ശ്രീ. പി. സി. ജോർജ്ജും ശ്രീ. പി. കെ ബഷീറും പറഞ്ഞതുപോലെ, റോഡുകൾ ഓരോരുത്തർ കയ്യേറിയിരിക്കുകയാണ്. തടി, കല്ല്, കട്ട തുടങ്ങിയവ കച്ചവടം ചെയ്യുന്നത് ഹൈവേയിലാണ്. ഇതൊന്നും ശരിയല്ല. കഴിഞ്ഞ മാസംതന്നെ ക്യാബിനറ്റ് യോഗം ചേർന്ന് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് കേരളത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചു. ഗവൺമെന്റ് പറഞ്ഞാൽ ഇതെല്ലാം അപ്പോൾത്തന്നെ എടുത്തുകൊണ്ടുപോകും. പക്ഷേ, ഡെമോക്രാറ്റിക്കായി പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും സഹായത്തോടെ ഇതെല്ലാം മാറ്റുന്നതിനുള്ള പരിശ്രമം ആരംഭിച്ചിട്ടില്ല, അതിന്റെ കാമ്പയിൻ തുടങ്ങുന്നതേയുള്ളൂ. ജനങ്ങളുടെ പൊതുസ്വത്തായ കോടിക്കണക്കിന് രൂപയുടെ റോഡുകൾ ഏതാനുംപേർ കയ്യേറി അനാവശ്യ വസ്തുക്കൾ സൂക്ഷിക്കുന്നത് റോഡിന്റെ സൗന്ദര്യത്തെയും സൗകര്യത്തെയും ബാധിക്കുക മാത്രമല്ല, കാൽനട യാത്രക്കാർക്ക് നടക്കാൻ കഴിയാത്ത സ്ഥിതിയുമുണ്ട്. ഹൈവേ പ്രൊട്ടക്ഷൻ ആക്ട് കേരളത്തിൽ നിലവിൽ വന്നിരിക്കുകയാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് ജില്ലയിലെ അതിന്റെ അതോറിറ്റി. അത് നടന്നില്ലെങ്കിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ നടപടിയെടുക്കാമെന്ന് നിയമത്തിലുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അത് മനസ്സിലായിട്ടുണ്ടോയെന്ന് എനിക്ക് സംശയമുണ്ട്. ഇതുസംബന്ധിച്ച് അവർക്ക് നോട്ടീസ് കൊടുക്കണം. അപ്പോൾ കുറച്ചുപേർ സ്വയം ഒഴിഞ്ഞുപോകും. നാലുവരിയാക്കുന്നതിന് എല്ലാവരും സഹകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കെ.എസ്.ടി.പി.-യുടെ പ്രവർത്തനത്തിൽ ഗവൺമെന്റിന് അങ്ങേയറ്റം അസംതൃപ്തിയുണ്ട്. കെ.എസ്.ടി.പി.-യുടെ ക്രെഡിബിലിറ്റി നഷ്ടപ്പെട്ടിരിക്കുകയാണ്. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. അവിടെ റിപ്പയർപോലും നടക്കുന്നില്ല. എം.സി. റോഡിൽ കെ.എസ്.ടി.പി. വർക്കുമായി ബന്ധപ്പെട്ട് ട്രാഫിക് താറുമാറാക്കുന്നത് ഒഴിവാക്കുകയും ഗവൺമെന്റിനെതിരെയും പ്രസ്തുത മണ്ഡലങ്ങളിലെ എം.എൽ.എ.-മാർക്കെതിരെയും വികാരമുണ്ടാക്കുന്ന തെറ്റായ നടപടി അവസാനിപ്പിക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. തിരക്കുള്ള റോഡുകളിലെ പരമാവധി ജോലികൾ, രാത്രി 9 മണി മുതൽ രാവിലെ 5 മണി വരെ ചെയ്താൽ മതിയെന്നത് സംബന്ധിച്ച് ചർച്ച ചെയ്യാൻ പോവുകയാണ്. വെയിൽ ഇല്ലാത്തതുകൊണ്ട് തൊഴിലാളികൾക്കും വളരെ സുഖമാണ്. മഴയുണ്ടെങ്കിൽ മാത്രമേ പ്രശ്നമുള്ളൂ. ഇങ്ങനെയൊക്കെ ചിന്തിക്കണം. അന്തർദ്ദേശീയ നിലവാരമെന്ന് പറഞ്ഞാൽ എന്താണ്? ഇപ്പോൾ പറഞ്ഞതുപോലെ ചെയ്താൽ അന്തർദ്ദേശീയമായിക്കൊള്ളും. അതിന് അമേരിക്കയിലൊന്നും പോയി താമസിക്കേണ്ട ആവശ്യമില്ല. അതിനായി നമ്മൾ പറയുന്ന കാര്യങ്ങൾ ചെയ്യണം. കെ.എസ്.ടി.പി.-യുടെ പ്രവർത്തനങ്ങളിൽ ഗവൺമെന്റിന് അസംതൃപ്തിയില്ലാത്തതിനാൽ മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പി.ഡബ്ല്യൂ.ഡി.-ക്ക് ധാരാളം കമ്പനികളുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ്, റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള (RICK), കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, കേരളാ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ തുടങ്ങിയവയെല്ലാം പി.ഡബ്ല്യൂ.ഡി. ഉണ്ടാക്കിയിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾസ് (എസ്.പി.വി.) ആണ്. ഡോ.ടി. എം. തോമസ് ഐസക് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന വൻകിട പദ്ധതികളെല്ലാം എസ്.പി.വി. വഴിയാണ് ചെയ്യുന്നത്. പ്രവൃത്തികൾ കണ്ടതിനുശേഷംമാത്രം അതിനെക്കുറിച്ചുള്ള ആശങ്കകൾ മാറ്റിയാൽ മതി. പക്ഷേ ഗവൺമെന്റിന് എവിടെനിന്നാണ് പണം ലഭിക്കുന്നത്?

<u>ശ്രീ. പി. സി. ജോർജ്</u>: സർ, അങ്ങ് പറഞ്ഞതിനോടെല്ലാം നമ്മൾ അനുകൂലിക്കുന്നുണ്ട്. ഡി.പി.ആർ. തയ്യാറാക്കാൻ പ്രത്യേക കമ്മിറ്റി വേണമെന്ന് പറഞ്ഞിട്ടില്ലേ; ഡി.പി.ആർ. എങ്ങനെയാണ് പ്രിപ്പയർ ചെയ്യുന്നത്? എന്റെ നിയോജകമണ്ഡലത്തിൽ ഒരു റോഡ് വേണമെങ്കിൽ അതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിന് നേരത്തെതന്നെ നടപടി സ്വീകരിക്കണ്ടേ? ഇതുവരെയും അതിനായി പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല. ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത് സ്പെഷ്യൽ ഏജൻസി ചെയ്യുമെന്നാണ്. ഡി.പി.ആർ. തയ്യാറാക്കുന്നത് എങ്ങനെയെന്നും അതിനുള്ള പണം എവിടെ നിന്നാണെന്നും പറയണം.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഇപ്പോൾത്തന്നെ ഡി.പി.ആർ. തയ്യാറാക്കി കൊടുത്തുകഴിഞ്ഞു. നാലെണ്ണം കിഫ്ബിയുടെ മുമ്പിൽ അടുത്ത യോഗത്തിൽത്തന്നെ വരും. ബഡ്ജറ്റിൽ പറഞ്ഞ 320-ഓളം വർക്കുകൾക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. റോഡുകളും പാലങ്ങളും ഉണ്ടാക്കുന്നത് ഡിപ്പാർട്ട്മെന്റാണ്. ബാക്കിയുള്ള വർക്കുകൾ

ചെയ്യുന്നത് സ്പെഷ്യൽ പർപ്പസ് വെഹിക്കിളുമായി ബന്ധപ്പെട്ടാണ്. എസ്.പി.വി.-യിൽ ആവശ്യമായ എക്സ്പെർട്ടുകളെ നിയമിക്കാം. അതിന്റെ പണമെല്ലാം അവർ തരും. അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഏതായാലും അതിനെ കുറിച്ചുള്ള ആശങ്ക വേണ്ട. എന്നാൽ കേരളത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് ഇത്തരം പ്രവൃത്തികൾ ചെയ്ത് പരിചയമില്ല. അതിനുള്ള കൂടുതൽ ചർച്ചകൾ നടക്കുന്നുണ്ട്. നല്ല ട്രാക്കിൽ പോകുമെന്ന് തന്നെയാണ് വിശ്വസിക്കുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഇന്നലെ ഒരുകാര്യം അന്വേഷിക്കുന്നതിനായി പാലക്കാട് എക്സിക്യൂട്ടീവ് എഞ്ചിനീയറെ വിളിക്കുകയുണ്ടായി. എന്റെ നിയോജക മണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം ഒരു പ്രോജക്ടും അനൗൺസ് ചെയ്തിട്ടില്ല. എന്നാൽ ബഡ്ജറ്റിൽ ഒരു റോഡ് പ്രഖ്യാപിച്ചിരുന്നു. ഡിപ്പാർട്ടുമെന്റിന്റെ പ്ലാൻ ഫണ്ടിൽനിന്നും പുതിയ റോഡിന് എന്തെങ്കിലും പ്രൊപ്പോസൽ സ്വീകരിക്കുന്നുണ്ടോയെന്ന് പി.ഡബ്ല്യു.ഡി., പാലക്കാട് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ചോദിച്ചപ്പോൾ, തൽക്കാലം കിഫ്ബിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ മാത്രമാണ് ഞങ്ങളോട് നിർദ്ദേശിച്ചിട്ടുള്ളതെന്നും മറ്റൊന്നും ഇതുവരെ നിർദ്ദേശിച്ചിട്ടില്ലെന്നുമാണ് അദ്ദേഹം ഫോണിൽക്കൂടി അറിയിച്ചത്. കിഫ്ബി പദ്ധതി പ്രകാരം റോഡുകൾ ഒന്നും അനുവദിക്കാത്ത മണ്ഡലങ്ങളിൽ ബഡ്ജറ്റ് വർക്കിന്റെ ഭാഗമായി പുതിയ റോഡുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, ഇങ്ങനെ പറയുമ്പോൾ എനിക്ക് നിഷേധിക്കാൻ സാധിക്കില്ല. അദ്ദേഹം വേറെ എന്തോ ഓർത്ത് പറഞ്ഞതാണ്. കാരണം അത്തരത്തിലൊരു തീരുമാനമെടുക്കാൻ സാധിക്കുമോ; എല്ലാ എസ്റ്റിമേറ്റുകളും അവർ തന്നെ തയ്യാറാക്കണം. എന്തുകൊണ്ടാണ് അങ്ങനെ പറഞ്ഞതെന്ന് അറിയില്ല. ചിലപ്പോൾ ഇക്കാര്യത്തിലുള്ള ആശയക്കുഴപ്പമായിരിക്കും. അത് വസ്തുതാപരമല്ലെന്നാണ് എനിക്ക് പറയാനുള്ളത്. സഞ്ചരിക്കാനുള്ള മൗലികാവകാശം നമ്മുടെ ഭരണഘടനയിലുണ്ട്. അതിനുള്ള തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനുവേണ്ടിയാണ് ഗവൺമെന്റും നമ്മളെല്ലാവരും ചേർന്ന് നല്ല റോഡുകളും പാലങ്ങളും നിർമ്മിക്കുന്നത്. അതുപോലെ 30 ശതമാനം എന്നുപറയുന്നത് ശരിയാണ്. ബിൽ കൊടുക്കണമെങ്കിൽ പണം ചോദിക്കുന്ന ഉദ്യോഗസ്ഥരുണ്ട്. അതിനെപ്പറ്റി ഞാൻ നേരത്തെ പറഞ്ഞു.

ശ്രീ. അനിൽ അക്കര: സർ, നേരത്തെ ടാറിന്റെ കാര്യം പറഞ്ഞു. യഥാർത്ഥ ടാറിന്റെ വിലയും എസ്റ്റിമേറ്റിലെ വിലയും തമ്മിൽ വലിയ അന്തരമുണ്ട് എന്നതാണ് കരാറുകാരും പഞ്ചായത്തും നമ്മളുമൊക്കെ അനുഭവിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അതിന്റെ ഭാഗമായി വലിയ എസ്റ്റിമേറ്റുള്ള പ്രവൃത്തികൾ വരുമ്പോൾ ലക്ഷക്കണക്കിന് രൂപയാണ് കരാറുകാർക്ക് നഷ്ടപ്പെടുന്നത്.

ശ്രീ. ജി. സുധാകരൻ: സർ, ആ അന്തരത്തിന് അർത്ഥമില്ല. കാരണം, ബി.പി.സി.എൽ. പറയുന്നതാണ് ടാറിന്റെ വില. അതിൽനിന്ന് മാറ്റി പലയിടത്തും വിലകൂട്ടി എഴുതിയിട്ടുണ്ട്. അത് അഴിമതിയാണ്. ബി.പി.സി.എൽ. നിശ്ചയിക്കുന്ന വില എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണം. ചർച്ച ചെയ്ത് അത്തരം സമീപനങ്ങളെടുക്കണം. ശബരിമലയെപ്പറ്റി പറഞ്ഞു. ശബരിമലയിലെ റോഡുകളുടെ പുനരുദ്ധാരണത്തിനു വേണ്ടി 89 കോടി രൂപ ക്യാബിനറ്റ് അംഗീകരിച്ച് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇത്തവണ ഒക്ടോബർ 31-നുതന്നെ ശബരിമലയിലെ മെയിൻ റോഡുകളുടെ പണി തീരുകയാണ്. ആദ്യമായാണ് ഇത്ര വേഗത്തിൽ ചെയ്യുന്നത്. പക്ഷെ അനുബന്ധ റോഡുകളുടെ പണികൾക്കായി 100 കോടി രൂപ ആവശ്യമുണ്ട്. അത് ലഭിച്ചിട്ടില്ല എന്നത് ശരിയാണ്. ധനകാര്യ വകുപ്പിൽനിന്ന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കുറച്ച് താമസിച്ചുപോയി എന്നത് ശരിയാണ്. അത് ലഭിക്കണം. കാരണം എല്ലാ വർഷവും തന്നുകൊണ്ടിരിക്കുന്നതാണ്. ഇതുവരെ അനുവദിച്ചതിൽ ഏറ്റവും കൂടിയ തുകയാണ് 89 കോടി രൂപയെന്നുപറയുന്നത്. അതുപോലെ ഗ്രാമീണ റോഡുകളുടെ മെയിന്റനൻസ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്നതല്ല. ഗവൺമെന്റ് വൺടൈം മെയിന്റനൻസിന് ഫണ്ട് തരികയാണെങ്കിൽ മെയിന്റനൻസ് ചെയ്തുകൊടുക്കാമെന്നേയുള്ളൂ. അത് നമ്മൾ ഇവിടെ ചർച്ച ചെയ്യേണ്ട കാര്യമില്ല. ധനകാര്യ വകുപ്പ് ക്യാബിനറ്റ് വഴി വൺടൈം മെയിന്റനൻസിനുള്ള തുക തരുന്ന മുറയ്ക്ക് പി.ഡബ്ല്യൂ.ഡി.-യാണ് അത് ചെയ്യുന്നത്. ആ പാക്കേജ് വന്നിട്ടില്ല. അത് വന്നാൽ മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. അതിനുള്ള ശ്രമമുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പും ഇക്കാര്യത്തിൽ ശക്തമായി നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. സി. എഫ്. തോമസ്: സർ, ഗവൺമെന്റ് തരികയാണെങ്കിൽ എന്നുപറയുന്നതെന്തുകൊണ്ടാണ്?

ശ്രീ. ജി. സുധാകരൻ: സർ, ഗവൺമെന്റ് തരികയാണെങ്കിൽ എന്നൊന്നും ഞാൻ പറഞ്ഞില്ല. അത് താങ്കളുടെ വാക്കാണ്. ഞാൻ പറഞ്ഞത് ഫൈനാൻസ് ഡിപ്പാർട്ട്മെന്റിൽനിന്ന് പണം തരുമെന്ന് പ്രതീക്ഷിക്കുന്നു, പ്രോജക്ട് കൊടുത്തിട്ടുണ്ട് എന്നാണ്. അവർ തരും. കഴിഞ്ഞ തവണ തന്നതല്ലേ. ഗവൺമെന്റ് തരും എന്നല്ല, ഞാനും ഗവൺമെന്റിന്റെ ഭാഗംതന്നെയാണ്. ആ വകുപ്പ് എന്നാണ് പറഞ്ഞത്. എന്റെ വകുപ്പിൽ പണം അടിക്കുന്ന യന്ത്രമൊന്നുമില്ല. എല്ലാ വകുപ്പിനും ഫൈനാൻസ് ഡിപ്പാർട്ട്മെന്റിൽനിന്നാണ് പണം തരുന്നത്. കിഫ്ബി എന്നുപറയുന്നത് അനിവാര്യമായ ഘടകമാണ്. കാരണം നമ്മുടെ കയ്യിൽ പൈസയില്ല. 100 കോടി രൂപയുടെ പാലം നിർമ്മിക്കുന്നതിന് എവിടെയാണ് പണം? ആ തുക പുറത്തുനിന്നെടുത്ത് ചെയ്യുന്നതിന് ഏറ്റവും ഫലപ്രദമായ മാർഗ്ഗമാണിത്. അല്ലെങ്കിൽ മുഖ്യമന്ത്രി ഇതിന്റെ ചെയർമാനായാൽ ഇത് ഏറ്റവും നന്നായി പ്രവർത്തിക്കും. 10

കോടി രൂപയ്ക്ക് താഴെവരുന്ന വർക്കുകളാണ് ജനങ്ങൾക്കിടയിൽ പോപ്പുലറാകുന്നത്. മൂന്നും നാലും മണ്ഡലങ്ങളും ജില്ലകളുമൊക്കെ ബന്ധപ്പെട്ടുകൊണ്ടുള്ള റോഡുകൾ പണിഞ്ഞുവരുമ്പോൾ താമസിക്കും. അതാണ് ഇതിലെ ഒരു പ്രശ്നം. ഈ കാര്യത്തിൽ എങ്ങനെ വേണമെന്ന് ആലോചിക്കാം. ഈ ഒരു പ്രശ്നമാണ് എല്ലാ മണ്ഡലങ്ങളിലും കക്ഷിവ്യത്യാസമില്ലാതെ പറയുന്ന ഒരു കാര്യം. എന്താണ് വേണ്ടതെന്ന് തീർച്ചയായും നമുക്ക് ചർച്ച ചെയ്യാം. അതുപോലെ റോഡുകൾ പുനർനിർമ്മിക്കണം. അറ്റകുറ്റപ്പണിക്കാണ് ഇപ്പോൾ തുക തരുന്നത്. 25 ലക്ഷം രൂപയല്ല, എഞ്ചിനീയർമാർ എത്ര തുകയാണോ ആവശ്യപ്പെടുന്നത് അത്രയും തുക തരാം. അതിനെക്കുറിച്ച് വിഷമിക്കണ്ട. കാരണം, അറ്റകുറ്റപ്പണികൾക്കായി 3 കോടി രൂപ വരെ നൽകും. റോഡുകളുടെ പുനർനിർമ്മാണത്തിന് ഈ തുക മതിയാകുകയില്ല. എന്നാൽ എല്ലായിടങ്ങളിലും ഇത്രയും തുക ആവശ്യം വരില്ല. അറ്റകുറ്റപ്പണികൾക്ക് തന്ന തുക തികഞ്ഞില്ലെങ്കിൽ ഇനിയും തുക തരാം. അത് സംബന്ധിച്ച് ചർച്ച വേണ്ട.

ശ്രീ. വി. ടി. ബൽറാം: സർ, ഈ വർക്കുകളൊക്കെ നവംബർ മാസത്തിനു ശേഷമേ ചെയ്യാൻ സാധിക്കൂ എന്നറിയാൻ കഴിഞ്ഞു. മുമ്പത്തെ വർക്കുകളൊന്നും നടക്കുന്നില്ല.

ശ്രീ. ജി. സുധാകരൻ: സർ, എല്ലാ വർക്കുകളും നടക്കുന്നുണ്ട്. കുട്ടനാട് ഉൾപ്പെടെ പലസ്ഥലങ്ങളിലും വർക്ക് നടക്കുന്നുണ്ട്. എം.എൽ.എ.-യ്ക്ക് അധികാരമുണ്ടല്ലോ, അത് പരിശോധിക്കണം. ഒരു വർക്കിനും തടസ്സമില്ല എന്ന് ദയവായി മനസ്സിലാക്കണം. തുക നൽകിയിട്ടുണ്ട്. വർക്കുകൾ നടന്നിട്ടില്ലെങ്കിൽ അങ്ങ് ഇടപെടണം. എഞ്ചിനീയറുടെ പേര് എഴുതിത്തന്നാൽ നടപടിയെടുക്കുന്നതാണ്. ഇതിൽ ഇനി ഒരു ചർച്ച ആവശ്യമില്ല. ഒരു നിയോജകമണ്ഡലത്തിൽ ആവശ്യമുണ്ടെങ്കിൽ 3 കോടി രൂപ വരെ അറ്റകുറ്റപ്പണികൾക്കായി മാറ്റിവച്ചിട്ടുണ്ട്. ചിലയിടങ്ങളിൽ കുറച്ചുതുക മതിയാകും. കുട്ടനാട്ടിലാണെങ്കിൽ 3 കോടി രൂപയും ആവശ്യമായിവന്നു. അറ്റകുറ്റപ്പണികൾക്കായി ഇനിയും തുക വേണമെങ്കിൽ നിങ്ങളെഴുതിത്തരണം. അത്രയേയുള്ളൂ. അറ്റകുറ്റപ്പണികൾ നന്നായി ചെയ്യണം. മുമ്പെല്ലാം അഴിമതി ആയിരുന്നു, അറ്റകുറ്റപ്പണികൾ നടത്തുകയില്ല. ഇന്ന് കേരളത്തിൽ പുതിയ സിറ്റുവേഷനാണ്. ആളുകൾക്ക് വലിയ പ്രതീക്ഷയാണ്. രാഷ്ട്രീയമായ അഭിപ്രായവ്യത്യാസങ്ങളും വാദപ്രതിവാദങ്ങളുമെല്ലാം നടക്കട്ടെ, ഓരോന്നും ശുഭപര്യവസായിയായി അവസാനിക്കുകയാണല്ലോ; അതെല്ലാം നല്ല കാര്യം.

ഞാൻ 2008-ൽ നിയമസഭയിലുണ്ടായിരുന്നപ്പോൾ ഒരു ചർച്ചയിൽ പങ്കെടുത്ത് വില്യം വേർഡ്സ്വർത്തിന്റെ ഒരു കവിത പറഞ്ഞു, ഞാനിപ്പോൾ അത് വീണ്ടും ഓർക്കുകയാണ്. ഫ്രഞ്ച് വിപ്ലവം കാണാൻ അദ്ദേഹത്തിന് വലിയ ആഗ്രഹമായിരുന്നു. അദ്ദേഹം സമാധാനവാദിയും പ്രകൃതിഗായകനുമാണ്. അദ്ദേഹം അവിടെ പോയി. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങളുടെ പേരിൽ വലിയ കലാപം നടക്കുന്നു. രാഷ്ട്രീയ തടവുകാരെല്ലാം സ്വയം ജയിൽതകർത്ത് പുറത്തിറങ്ങുകയാണ്.

അദ്ദേഹം അവിടെ പോയത് വലിയ ആവേശത്തിലാണ്. വലിയ സമാധാനവാദിയായ അദ്ദേഹം ഈ ആശയങ്ങൾക്കുവേണ്ടിയുള്ള പോരാട്ടത്തിൽ വലിയ സന്തോഷത്തിലാണ്. അദ്ദേഹം 'The Excursion', 'Prelude' എന്നിങ്ങനെ ആത്മകഥാപരമായ രണ്ട് കാവ്യസമാഹാരങ്ങളെഴുതി. അതിലദ്ദേഹം പറഞ്ഞത്, 'Bliss was it in that dawn to be alive' - ആ പ്രഭാതത്തിൽ ജീവിച്ചിരിക്കുന്നത് ഏറ്റവും വലിയ ആനന്ദമായിരുന്നു. 'And to be young was very heaven'- യുവാവായി ജീവിച്ചു എന്നത് ഏറ്റവും വലിയ ആനന്ദമായിരുന്നു. കാരണം 'France standing on the top of Golden Hours'-ഫ്രാൻസ് ചരിത്രത്തിന്റെ സുവർണ്ണനിമിഷങ്ങളുടെ ഉന്നതിയിൽ നിൽക്കുകയാണ്. 'And human nature seeming born again'- പ്രകൃതി (തടവിലാക്കപ്പെട്ട പ്രകൃതി-അത് എന്റെ അനോട്ടേഷനാണ്) പുനർജീവിക്കുന്നതായി കണ്ടു. അത് വിപ്ലവത്തിന്റെ കാര്യമാണ്. ഇതൊരു പാർലമെന്ററി മുന്നേറ്റമാണ്. ബഹുമാന്യനായ പിണറായി വിജയന്റെ നേതൃത്വത്തിൽ ഇവിടെ ഒരു പുതിയ കേരളം ഉണരുകയാണ്. നിങ്ങളതിൽ വിഷമിക്കേണ്ട കാര്യമില്ല, നിങ്ങൾക്കും അതിനകത്തൊരു പങ്കുണ്ട്. നിങ്ങളെയും അംഗീകരിക്കുന്നു. അദ്ദേഹം എല്ലാ കാര്യങ്ങളും എത്ര നന്നായിട്ടാണ് പറയുന്നത്. എനിക്ക് പ്രതിപക്ഷ നേതാവിനോട് യാതൊരു വിരോധവുമില്ല, മിസ്റ്റർ വിജയൻ എന്നൊന്നും മുഖ്യമന്ത്രിയെ വിളിക്കരുത്, അത് ശരിയല്ല. ഞാൻ കാര്യമായി പറഞ്ഞതാണ്. അങ്ങനെ വിളിക്കാൻ പാടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നുവിളിച്ചാൽ മതി. അദ്ദേഹം അങ്ങനെയൊക്കെ വിളിക്കുന്നുണ്ടായിരുന്നു. ശ്രീ. ഉമ്മൻ ചാണ്ടി സീനിയർ ആയതുകൊണ്ട് ഒന്നു പറഞ്ഞു മനസ്സിലാക്കണം. എന്റെ നാട്ടുകാരനും എന്റെ സുഹൃത്തുമാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മുൻ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദൻ, മുഖ്യമന്ത്രിയെ മിസ്റ്റർ ഉമ്മൻ ചാണ്ടി എന്ന് വിളിച്ചിട്ടുണ്ട്.

ശ്രീ. ജി. സുധാകരൻ: സർ, മിസ്റ്റർ ഉമ്മൻ ചാണ്ടി എന്നാണ് വിളിച്ചിട്ടുള്ളത്, അങ്ങനെയാണെങ്കിൽ മിസ്റ്റർ പിണറായി വിജയൻ എന്നുപറയണം. അതു ഞാൻ സമ്മതിച്ചു. മിസ്റ്റർ ചാണ്ടി എന്നല്ലല്ലോ പറഞ്ഞത്. ഇതൊരു വിവാദ വിഷയമല്ല. അപ്പീലാണ് പറഞ്ഞത്. അങ്ങനെ വിളിച്ചാൽ നന്നായിരുന്നുവെന്നാണ് ഞാൻ പറഞ്ഞത്. അതു വേറെ കാര്യം. വേറെ യാതൊരു അഭിപ്രായവ്യത്യാസവുമില്ല. അപ്പോൾ അങ്ങനെയൊക്കെ ചില പ്രശ്നങ്ങളുണ്ടെങ്കിലും ഞാൻ പറഞ്ഞത് സത്യമാണ്. എന്നെ ശ്രീ. വി. എസ്. അച്യുതാനന്ദന്റെ അടുത്തിരുത്തിയെന്ന് നിങ്ങൾ പറയുന്നു. വി. എസ്.-ഉം ഞാനും തമ്മിലുള്ള ബന്ധം നിങ്ങൾക്കാർക്കെങ്കിലും അറിയാമോ; എന്നെ രാഷ്ട്രീയം പഠിപ്പിച്ചത് അദ്ദേഹമാണ്, എന്റെ രാഷ്ട്രീയ ഗുരുവാണ്. അതുകൊണ്ട് അദ്ദേഹം പറയുന്നതെല്ലാം ഞാൻ ഏറ്റുപറയണമെന്നുണ്ടോ? അങ്ങനെയൊന്നുമില്ല. അദ്ദേഹം അന്നും ഇന്നും ഞങ്ങളുടെ ഏറ്റവും വലിയ ആളാണ്. ഞാൻ നേരത്തെ മുഖ്യമന്ത്രിയുടെ പുറകിലത്തെ സീറ്റിലാണ് ഇരുന്നത്, അതു വലിയ സന്തോഷമായിരുന്നു.

ഇവിടെ വന്നപ്പോൾ അതിലും സന്തോഷം തന്നെയാണ്. അതൊക്കെ ഔദ്യോഗികമായ കാര്യങ്ങളാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ശ്രീ. പി. കെ. ബഷീർ പറഞ്ഞ ഒരു ആക്ഷേപം തെറ്റാണെന്ന് ഇവിടെ റിപ്പോർട്ട് വന്നിട്ടുണ്ട്. വസ്തു രജിസ്റ്റർ ചെയ്യുമ്പോൾ അങ്ങനെയൊരു നിയമമില്ല. രജിസ്ട്രേഷൻ വകുപ്പ് അപ്രകാരം നിർദ്ദേശം നൽകിയിട്ടില്ല. പക്ഷെ, ആന്തരികമായി വസ്തു ഭാഗംവയ്ക്കലിന്റെ ചെലവ് കൂടുതലാണെന്ന് ആരോപണമുണ്ട്. അത് പുനഃപരിശോധിക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറഞ്ഞിട്ടുണ്ട്. അതിനെക്കുറിച്ച് ഈ നിയമസഭയിൽ അദ്ദേഹം പറയും.

ശ്രീ. പി. കെ. ബഷീർ: സർ, ആധാരം രജിസ്റ്റർ ചെയ്യുന്ന ഭൂമിയിൽ വീടുണ്ടെങ്കിൽ നിലവിൽ ഒടുക്കുന്ന വീട്ടുകരത്തിന്റെ ആയിരം മടങ്ങ് ഫീസ് ഈടാക്കണമെന്ന ഉത്തരവ് നിലവിലുണ്ടെന്ന് അറിയാൻ കഴിഞ്ഞു.

ശ്രീ. ജി. സുധാകരൻ: സർ, അങ്ങനെയൊരു ഉത്തരവ് രജിസ്ട്രേഷൻ വകുപ്പ് ഇറക്കിയിട്ടില്ല. കുടുംബത്തിനകത്ത് വസ്തു വീതംവയ്ക്കുമ്പോഴുള്ള രജിസ്ട്രേഷൻ ഫീസ് കൂടുതലാണെന്ന അഭിപ്രായമാണ് പൊതുവേ ഉള്ളത്. അത് പുനഃപരിശോധിക്കാമെന്നുള്ള നിലയിലാണ് ധനകാര്യ വകുപ്പുമന്ത്രി. അദ്ദേഹംതന്നെ അത് പ്രഖ്യാപിക്കണം. കാരണം ധനകാര്യ വകുപ്പിന്റെ ടാക്സസ് വിഭാഗം പ്രഖ്യാപിച്ചിട്ടുള്ളതാണ്. രജിസ്ട്രേഷൻ വകുപ്പിന് ഈ അധികാരമില്ല. അതദ്ദേഹംതന്നെ പറയും. ഇവിടെ ഹരിതാഭമായി തന്നെയാണ് കാര്യങ്ങൾ പോകുന്നത്. അതിന്റെ എല്ലാ ഏർപ്പാടുകളുമായിട്ടുണ്ട്. ട്രെയിനിംഗ് നൽകുന്നതിനായി ഈ മാസം 21, 22 തീയതികളിൽ നാഷണൽ സെമിനാർ നടക്കുകയാണ്. സമയമില്ലാത്തതിനാൽ ഞാൻ കൂടുതലായി അതിലേക്ക് കടക്കുന്നില്ല. പദ്ധതിച്ചെലവ് 67 ശതമാനമായി എന്ന് പ്ലാനിംഗ് ബോർഡിന്റെ റിപ്പോർട്ട് വന്നിട്ടുണ്ട്. തീരദേശ ഹൈവേയെക്കുറിച്ച് ഞാൻ ഇവിടെ പറഞ്ഞതു കൊണ്ട് ആവർത്തിക്കേണ്ട കാര്യമില്ല. മലയോര ഹൈവേയുടെ റിപ്പോർട്ട് വരാൻ പോവുകയാണ്. റിപ്പോർട്ട് ലഭിച്ചാലുടൻ മലയോര ഹൈവേ നിർമ്മിക്കാം. അതുപോലെ നാഷണൽ ഹൈവേയുടെ കാര്യം നേരത്തെ പറഞ്ഞു. റോഡുകൾ പുനർനിർമ്മിക്കാൻ അയ്യായിരം കോടി രൂപ ആവശ്യമുണ്ട്. അതിന്റെ എസ്റ്റിമേറ്റ് എടുത്തുകഴിഞ്ഞു. ഗവൺമെന്റിന്റെ മുമ്പിലുണ്ട്. അതിന് പണം കണ്ടെത്തേണ്ടതുണ്ട്. പണം കണ്ടെത്തിയാലുടൻ സകല റോഡുകളും പുനർനിർമ്മിക്കും. പ്ലാസ്റ്റിക്കും ജിയോ ടെക്സ്റ്റൈൽസും റബ്ബറും ഉപയോഗിച്ചായിരിക്കും റോഡുകൾ പുനർനിർമ്മിക്കുന്നത്. അതിന് എല്ലാവരുടേയും പിന്തുണ ആവശ്യമാണ്. റോഡുവക്കിൽനിന്ന് ആളുകളെയും സാധനങ്ങളുമൊക്കെ മാറ്റുമ്പോൾ നിങ്ങളുടെയൊക്കെ പിന്തുണ വേണം. അല്ലാതെ പുറകിൽനിന്നുകൊണ്ട് നമ്മുടെ ആളാണെന്ന് പറയരുത്. നമ്മുടെ സംസ്കാരത്തിന്റെയും സമ്പത്തിന്റെയും സാമൂഹിക ജീവിതത്തിന്റെയും മുഖശ്രീയാണ് റോഡ്. അവിടെ നല്ല കെട്ടിടങ്ങൾ, പാലങ്ങൾ, അടിപ്പാതകൾ, മേൽപ്പാലങ്ങൾ എന്നിവയെല്ലാം

നിർമ്മിക്കുന്നതിനുള്ള ബൃഹത്തായ പദ്ധതിയാണ് ബഡ്ജറ്റിലുള്ളത്. അത് നടപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വം പി.ഡബ്ള്യു.ഡി.-ക്കുണ്ട്. അതിലൊന്നുംപെടാത്ത ലക്ഷക്കണക്കിന് പി.ഡബ്ള്യു.ഡി. റോഡുകൾ ഗ്രാമങ്ങളിലുണ്ട്. ഇതെല്ലാം നിർമ്മിക്കേണ്ടതുണ്ട്. പാരമ്പര്യമായ നിർമ്മാണ കലയിലേക്ക് തിരിച്ചുപോയി ആധുനികതയുടെ പ്രത്യേകതകൂടി ചേർത്ത് മുന്നോട്ടുപോകാൻ കഴിയും. അതിനുവേണ്ടി ബഡ്ജറ്റ് നിർദ്ദേശങ്ങൾ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വനം, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ ധനാഭ്യർത്ഥനകളുടെ ചർച്ചയിൽ ഭരണപക്ഷത്തുനിന്ന് പത്തുപേരും പ്രതിപക്ഷത്തുനിന്ന് ആറുപേരും നിഷ്പക്ഷർ എന്ന നിലയിൽ രണ്ടുപേരും ഉൾപ്പെടെ പതിനെട്ടുപേർ പങ്കെടുത്തു. അതിൽ ബഹുമാനപ്പെട്ട ഒരു മെമ്പർ ഒഴിച്ച് ബാക്കി എല്ലാപേരും ഇവിടെ പറഞ്ഞ വിഷയങ്ങളുമായി ബന്ധപ്പെട്ടുള്ള ചർച്ചകൾ നടത്തിയിട്ടുള്ളവരാണ്. അവരെല്ലാം മുന്നോട്ടുവച്ച വിലമതിക്കപ്പെട്ട നിർദ്ദേശങ്ങൾ സ്വീകരിച്ച് അതിനനുസൃതമായ സമീപനങ്ങൾ ഭരണമേഖലയിൽ കൊണ്ടുവരുമെന്ന് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എനിക്കുമുമ്പ് മൃഗസംരക്ഷണ വകുപ്പ് കൈകാര്യം ചെയ്തിരുന്ന രണ്ട് മന്ത്രിമാർ ഈ സഭയിലുണ്ട്. ഒന്ന്, എൽ.ഡി.എഫ്.-ന്റെ കാലത്ത് ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ശ്രീ. സി. ദിവാകരനും മറ്റൊന്ന് യു.ഡി.എഫ്.-ന്റെ കാലത്ത് ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ശ്രീ. കെ. സി. ജോസഫുമാണ്. ശ്രീ. കെ. സി. ജോസഫ് ഇവിടെ സംസാരിച്ചപ്പോൾ ചെറിയൊരു വാണിംഗ് അല്ലെങ്കിൽ ഒരു നിർദ്ദേശംപോലെ 'മിൽമയെ തകർക്കരുത്' എന്ന് പറയുകയുണ്ടായി. അദ്ദേഹം അങ്ങനെ പറയാൻ കാരണമെന്താണെന്ന് എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലാകുന്നില്ല. എൽ.ഡി.എഫ്.-ന്റെ കാലത്ത് ശ്രീ. സി. ദിവാകരൻ മന്ത്രിയായിരുന്ന സമയത്ത് മിൽമയെ തകർത്തില്ലല്ലോ? അങ്ങ് മിൽമയ്ക്കുവേണ്ടി പ്രത്യേകിച്ച് എന്തെങ്കിലും ചെയ്തോ; ചെയ്തില്ലല്ലോ? ആ സാഹചര്യത്തിൽ തുടക്കത്തിൽത്തന്നെ മിൽമയെ തകർക്കരുത് എന്ന് പറഞ്ഞതിന്റെ കാര്യമെന്താണെന്ന് മനസ്സിലായില്ല. ഈ ഗവൺമെന്റിന് ക്ഷീര മേഖലയിൽ ഒരു നയമുണ്ട്. ആ നയം ഞാൻ മിൽമയുടെ വേദിയിലും തുറന്നുപറഞ്ഞിട്ടുണ്ട്. ഇന്നലെയും മിൽമയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മേഖലാ യൂണിയന്റെ ഒരു സമ്മേളനം കൊല്ലത്തു വച്ചുണ്ടായിരുന്നു. മിൽമയുടെ ഭാരവാഹികളെല്ലാം പങ്കെടുത്ത ആ യോഗത്തിൽ ഞാൻ നയം വ്യക്തമാക്കിയിട്ടുണ്ട്. ക്ഷീരമേഖലയുടെ നട്ടെല്ല് എന്നുപറയുന്നത് ക്ഷീര കർഷകനാണ്. അതാണ് ഈ ഗവൺമെന്റിന്റെ നയം. മിൽമ പാൽ സംഭരിച്ച് വിപണനം നടത്തുകയാണ് ചെയ്യുന്നത്. പാലിന്റെ സംഭരണവും വിതരണവുമല്ല പാലിന്റെ ഉത്പാദനമാണ് പ്രധാനം എന്നതാണ് ഈ ഗവൺമെന്റിന്റെ സമീപനം.

ക്ഷീരകർഷകർ ഈ മേഖലയുടെ നട്ടെല്ലാണ്. കർഷകന്റെ കയ്യിൽനിന്നും മിൽമ പാൽ സംഭരിക്കുന്നത് 29 രൂപയ്ക്കാണ്. 29 രൂപയ്ക്ക് സംഭരിച്ച പാൽ മിൽമ വിൽക്കുന്നത് 39-40 രൂപയ്ക്കാണ്. ഒരു ലിറ്റർ പാലിന്റെ വിലയിൽ ഇത്രയും വലിയ അന്തരമാണുള്ളത്. അങ്ങ് പറഞ്ഞതുപോലെ കർഷകർ ഈ മേഖലയിൽ നിൽക്കണമെങ്കിൽ, പുതിയ ആളുകൾ ഈ മേഖലയിലേയ്ക്ക് കടന്നുവരണമെങ്കിൽ, ക്ഷീരകർഷകർ ഈ രംഗത്ത് ഉറച്ചുനിൽക്കണമെങ്കിൽ അവർക്ക് സംതൃപ്തി ഉണ്ടാകണം. അവർക്ക് സംതൃപ്തി വേണമെങ്കിൽ പാലിന് ന്യായവില ലഭിക്കണമെന്നുള്ള കാര്യത്തിൽ സംശയമില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഒരു ലിറ്റർ പാലിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുമ്പോൾ 185 രൂപ ലാഭം കിട്ടുന്നുവെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. രാജു: സർ, മിൽമ തന്നെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നുണ്ട്. ഇവിടെ പാലിന്റെ വില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് കർഷകന് ന്യായവില ലഭിക്കുന്നതിനാവശ്യമായ സമീപനം ഉണ്ടാകണം. അത് പാൽ വാങ്ങി ഉപയോഗിക്കുന്ന രോഗികൾ മുതൽ വൃദ്ധരായ സാധാരണക്കാരെ ബാധിക്കാത്ത തരത്തിലായിരിക്കണം. ഉപഭോക്താവിനെ ബാധിക്കാത്ത തരത്തിൽ പാലിന്റെ വിലയിൽ വർദ്ധനവ് വരുത്തണം. അതാണ് ഞാൻ മിൽമയുടെ വേദികളിൽ ഭാരവാഹികളോട് ആവശ്യപ്പെട്ടത്. അത് ന്യായമല്ലേ; ശ്രീ. കെ. സി. ജോസഫിനോ യു.ഡി.എഫ്.-നോ എതിർക്കാൻ കഴിയുമോ? ഉപഭോക്താവിന് ഭാരംവരാത്ത തരത്തിൽ കർഷകന് കൂടുതൽ വില കൊടുക്കുക. ഇപ്പോൾ ഇരുപത്തിയൊൻപത് രൂപ കിട്ടുന്നിടത്ത് മുപ്പത്തിയഞ്ചോ മുപ്പത്തിയാറോ രൂപയെങ്കിലും കർഷകന് കിട്ടണം. ബാക്കി രൂപകൊണ്ട് മിൽമ തൃപ്തരാകണമെന്നാണ് എനിക്ക് പറയാനുള്ളത്. മിൽമ കർഷകർക്കുവേണ്ടി ഒന്നും ചെയ്യുന്നില്ല എന്ന അഭിപ്രായമൊന്നും എനിക്കില്ല. നിരവധി പ്രോത്സാഹനങ്ങൾ അവർക്ക് നൽകുന്നുണ്ട്. പക്ഷെ വിലയിലെ ഈ അന്തരം മാറ്റാനുള്ള നിർദ്ദേശം നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്. പാലിന്റെ വില നിശ്ചയിക്കുന്നതിനുള്ള അവകാശം മിൽമയ്ക്കുണ്ട് എന്ന കോടതിവിധി അവർ കൈവശം വച്ചിട്ടുണ്ട്. അത് ശ്രീ. കെ. സി. ജോസഫിനും അറിയാമല്ലോ; അതുകൊണ്ട് ഗവൺമെന്റിന് വില നിശ്ചയിക്കാൻ സാധിക്കില്ല. അപ്പോൾ സ്വാഭാവികമായും അവരോട് റിക്വസ്റ്റ് ചെയ്യുകയാണ് ചെയ്യുന്നത്. അത് ഒരിക്കലും മിൽമയെ തകർക്കാനല്ല. സംഭരണ-വിതരണ മേഖലയിൽ മിൽമ നല്ല പ്രവർത്തനം നടത്തുന്നുണ്ട്. എന്നാൽ കർഷകന് പ്രയോജനം ചെയ്യുന്ന രീതിയിലുള്ള സമീപനം അവർ സ്വീകരിക്കണം. അതോടൊപ്പം മിൽമയുമായി ബന്ധപ്പെട്ട് നിയമനമടക്കം പല അഴിമതി ആരോപണങ്ങളും ഉയർന്നുവരുന്നുണ്ട്. അതിനും പരിഹാരം കാണണം. നിയമനവുമായി ബന്ധപ്പെട്ട ചില അഴിമതികളെ

സംബന്ധിച്ച് അന്വേഷിക്കാൻ വിജിലൻസിനെ ചുമതലപ്പെടുത്താൻ തീരുമാനമെടുത്തിട്ടുണ്ട്. ഇതൊന്നും മിൽമയുടെ സ്വതന്ത്രമായ പ്രവർത്തനത്തെ തടസ്സപ്പെടുത്താനോ, തകർക്കാനോ അല്ല എന്നാണ് ശ്രീ. കെ. സി. ജോസഫിനോട് സൂചിപ്പിക്കാനുള്ളത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പ്രശ്നമെന്താണെന്നുവച്ചാൽ പാലിന്റെ വില 50 പൈസയോ 25 പൈസയോ വർദ്ധിപ്പിക്കുമ്പോൾ കാലിത്തീറ്റയുടെ വിലയും പലപ്പോഴും വർദ്ധിക്കുകയാണ്. കാലിത്തീറ്റയുടെ വില അനിയന്ത്രിതമായി കൂടുന്നത് തടയാൻ സർക്കാരിന് എന്തെങ്കിലും പദ്ധതിയുണ്ടോ?

ശ്രീ. കെ. രാജു: സർ, ഈ പറഞ്ഞത് വളരെ ശരിയാണ്. കർഷകൻ സംതൃപ്തനാകണമെങ്കിൽ പാലിന് മെച്ചപ്പെട്ട വില കിട്ടിയെന്നുള്ളതുകൊണ്ടു മാത്രമായില്ല, ന്യായമായ വിലയ്ക്ക് കാലിത്തീറ്റ ലഭിക്കണം. സ്വകാര്യ കമ്പനികൾ കാലിത്തീറ്റയ്ക്ക് ഇഷ്ടംപോലെ വിലകൂട്ടുകയാണ്. എന്നാൽ കഴിഞ്ഞ നാലുവർഷമായി കേരളാ ഫീഡ്സ് കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചിട്ടേയില്ല. സ്വാഭാവികമായും കേരളാ ഫീഡ്സിനും വില വർദ്ധിപ്പിച്ചുകിട്ടണം, കാരണം സ്വകാര്യ കമ്പനികളെല്ലാം വൻതോതിൽ വില വർദ്ധിപ്പിച്ചിരിക്കുകയാണ്. സ്വകാര്യ കമ്പനികളെല്ലാം ഒരു ചാക്കിന് 200 രൂപയുടെ വിലവർദ്ധനവാണ് വരുത്തിയിട്ടുള്ളത്. അപ്പോൾ അത്രയും വലിയ വ്യത്യാസം നിലനിൽക്കുന്നുവെന്നതുകൊണ്ട് സ്വാഭാവികമായും ഞങ്ങൾക്കും വിലകൂട്ടണമെന്ന ഡിമാന്റ് കേരളാ ഫീഡ്സിന്റെ ഭാഗത്തുനിന്നുമുണ്ടാകും. ഇപ്പോൾ ചില പ്രതിസന്ധികൾ ഉയർന്നുവന്നിട്ടുണ്ട്. ഇവിടെ മെമ്പർമാർ സൂചിപ്പിച്ചത് ശരിയാണ്. കാലിത്തീറ്റയ്ക്ക് സബ്സിഡി കൊടുക്കുന്നതുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പിൽ ചില പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. കുറച്ചുനാളുകളായി അത് പരിഹരിക്കുന്നതിനുള്ള പരിശ്രമത്തിലാണ് ഗവൺമെന്റ് എന്നുകൂടി ഈയവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, കാലിത്തീറ്റയുടെ വില കൂട്ടണമെന്ന് പൊതുമേഖലയിൽ കേരളാ ഫീഡ്സടക്കം ആവശ്യപ്പെടുന്നതായി അങ്ങ് ചൂണ്ടിക്കാണിച്ചു. വില കൂട്ടാതിരിക്കുന്നത് ആശ്വാസമാണ്. പക്ഷേ കർഷകർക്ക് ആവശ്യമുള്ള കാലിത്തീറ്റ ഉല്പാദിപ്പിക്കാൻ കേരളാ ഫീഡ്സിന് കഴിയുന്നില്ല, പ്രൈവറ്റ് ഏജൻസികളെ ആശ്രയിക്കേണ്ടിവരികയാണ്. അന്യായമായി വിലകൂട്ടുന്ന പ്രൈവറ്റുകാരന്റെ പുറകെ കർഷകന് പോകേണ്ടിവരികയാണ്. കേരള ഫീഡ്സടക്കമുള്ള പൊതുമേഖലയിൽ ഇതിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടപടിയെടുക്കുമോ?

ശ്രീ. കെ. രാജു: സർ, കേരള ഫീഡ്സിന്റെ പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടക്കുകയാണ്. ഉദാഹരണത്തിന് കോഴിക്കോട് ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തീകരിച്ച നിലയിലാണ് എന്നാൽ ഉല്പാദനം ആരംഭിച്ചിട്ടില്ല. ആ നിലയിൽ കാലിത്തീറ്റയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ കേരളാ ഫീഡ്സ് പരിശ്രമം നടത്തിവരികയാണ്. കൂടുതൽ അത് വ്യാപിപ്പിക്കുമെന്ന് അറിയിക്കുകയാണ്.

മി. സ്പീക്കർ : 18 പേർ ചർച്ചയിൽ പങ്കെടുത്തു. ചർച്ച നടക്കുന്ന സമയത്ത് വിഷയത്തിൽ വേണ്ടത്ര കേന്ദ്രീകരിക്കാതിരിക്കുകയും മന്ത്രി മറുപടി പറയുമ്പോൾ ചോദ്യോത്തരവേളയാക്കുകയും ചെയ്യുന്ന പ്രവണത ശരിയല്ല.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, ഗവൺമെന്റ് ക്ഷീരകർഷകരെ വ്യവസായ മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അവരെ കാർഷിക മേഖലയിൽ ഉൾപ്പെടുത്തേണ്ടതാണ്. കാർഷിക മേഖലയിൽ കർഷകർക്ക് 4 ശതമാനം പലിശയ്ക്ക് ലോൺ കിട്ടും. എന്നാൽ പശുക്കളെ വാങ്ങുമ്പോൾ 11 ശതമാനം പലിശ കൊടുക്കണം. അതുപോലെ സൊസൈറ്റികളായാലും മിൽമയായാലും കർഷകരിൽ നിന്ന് പാൽ വാങ്ങുമ്പോൾ 26 മുതൽ 30 രൂപയാണ് മാക്സിമം കൊടുക്കുന്നത്. എന്നാൽ അവർ ഇത് വിൽക്കുന്നത് 40 രൂപയ്ക്കാണ്. എസ്.എൻ.എഫ്. അടിസ്ഥാനപ്പെടുത്തിയാണ് അത് കൊടുക്കുന്നത്. കേരളത്തിൽ 8.5 ശതമാനമാണ് എസ്.എൻ.എഫ്. കണക്കാക്കിയിരിക്കുന്നത്. എന്നാൽ കേരളത്തിലെ കാലാവസ്ഥയും മറ്റു കാര്യങ്ങളുമായി ബന്ധപ്പെട്ട് ആ രംഗത്തെ വിദഗ്ധർ പറയുന്നത് ഇത് 8.2 ശതമാനമായി ചുരുക്കാൻ കഴിയുമെന്നാണ്. അപ്പോൾ ഓട്ടോമാറ്റിക്കായി കർഷകർക്ക് കൂടുതൽ വില ലഭിക്കും. ഇതിനെക്കുറിച്ച് വിദഗ്ദ്ധ അന്വേഷണം നടത്താൻ കഴിയുമോ?

ശ്രീ. കെ. രാജു: സർ, യഥാർത്ഥത്തിൽ ലക്ഷക്കണക്കിനാളുകൾ ഉപജീവനം നടത്തുന്ന ഒരു മേഖലയാണ് ക്ഷീരമേഖല. ഗ്രാമീണമേഖലയിലും കുറച്ചൊക്കെ പട്ടണങ്ങളിലും നമ്മുടെ കർഷകർക്ക്; സാധാരണക്കാരായ ആളുകൾക്ക് അഡീഷണൽ വരുമാനമുണ്ടാക്കിക്കൊടുക്കാൻ കഴിയുന്ന ഒരു കൃഷിയാണ് ക്ഷീരകൃഷി. പക്ഷേ കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ക്ഷീര വികസനവും മൃഗസംരക്ഷണവും കൃഷിയായി അംഗീകരിച്ചിട്ടില്ല. പക്ഷേ ഇത് കാർഷിക മേഖലയാണ്, കൃഷി അനുബന്ധ പ്രവർത്തനമാണ്. കൃഷി അനുബന്ധ പ്രവർത്തനമെന്ന രീതിയിൽ ഒരു കൃഷിക്കാരന് പശുവിനെ വാങ്ങാൻ 12 ശതമാനം പലിശയ്ക്കാണ് ലോൺ കൊടുക്കുന്നത്. അതേസമയം കൃഷി ആവശ്യത്തിനുള്ള കാർഷിക ലോൺ 4 ശതമാനത്തിന് ലഭ്യമാകും. ഈ മേഖലയ്ക്കും അതേ നിരക്കിൽ ലോൺ ലഭിക്കണമെന്നുതന്നെയാണ് സർക്കാരിന്റെ അഭിപ്രായം. ഇവിടെ സൂചിപ്പിച്ചതു പോലെ ഈ മേഖലയെ സമ്പുഷ്ടമാക്കുന്നതിന് നിരവധി പദ്ധതികൾ ഗവൺമെന്റ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. ഉരുക്കൾക്ക് സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ് ആലോചിക്കുകയാണ്. ഈ വർഷംതന്നെ ഒരു ലക്ഷം കന്നുകാലികളെ ഇൻഷ്വറൻസിന്റെ കീഴിൽ കൊണ്ടുവരുന്നതിനാവശ്യമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. മുമ്പ് അങ്ങനെയൊരു പദ്ധതി നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്നു. എന്നാൽ ഇടക്കാലത്ത് അത് നിന്നു പോയി. ചില സംഘങ്ങളും മേഖലാ യൂണിയനുമൊക്കെ ഇൻഷ്വറൻസിനുവേണ്ടി

ചെറിയ സഹായങ്ങൾ ചെയ്തുവെന്നല്ലാതെ ഗവൺമെന്റിന്റെ വിഹിതം അതിനു വേണ്ടി കൊടുക്കുന്നില്ല. എന്നാൽ അത്തരം ഒരു സ്കീം പുതിയതായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഗവൺമെന്റ് ആലോചിക്കുകയാണ്. അതിന്റെ ഭാഗമായി ഈ വർഷം ഒരുലക്ഷം കന്നുകാലികളെ ഈ സ്കീമിൽ കൊണ്ടുവരുന്നതിന് ആലോചിക്കുന്നുണ്ട്.

ഇവിടെ പേവിഷ ബാധയെ സംബന്ധിച്ചും അതിന്റെ മരുന്നിന്റെ ലഭ്യതയെ സംബന്ധിച്ചെല്ലാം രാവിലെ ചോദ്യോത്തരവേളയിൽ ചർച്ച ഉയർന്നുവന്നു. സർക്കാർ മേഖലയിൽ പേവിഷ വാക്സിന്റെ നിർമ്മാണമില്ലാത്തതിനാൽ കോടിക്കണക്കിന് രൂപ പ്രതിവർഷം ഖജനാവിൽനിന്നും അന്യസംസ്ഥാനങ്ങളിലേക്കും മറ്റ് സ്വകാര്യ സ്ഥാപനങ്ങളിലേയ്ക്കും ഒഴുകിക്കൊണ്ടിരിക്കുകയാണ്. അത് കുറയ്ക്കുന്നതിനായി പൊതുമേഖലയിൽ പേവിഷ വാക്സിന്റെ നിർമ്മാണത്തിനുള്ള സംവിധാനം ഒരുക്കുന്നതിനെ കുറിച്ച് ആലോചിക്കുകയാണ്. പാലോട് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, പേവിഷ പ്രതിരോധ വാക്സിൻ ഉല്പാദന യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. അതിനാവശ്യമായ സൗകര്യങ്ങൾ ഇപ്പോൾത്തന്നെ അവിടെയുണ്ട്. അത് വികസിപ്പിച്ച് നമുക്കാവശ്യമായ പേവിഷ നിരോധന വാക്സിൻ ഇവിടെത്തന്നെ ഉല്പാദിപ്പിക്കാൻ കഴിയും. ഈ വർഷംതന്നെ അതിലേക്കുള്ള നടപടികളുമായി ഗവൺമെന്റ് നീങ്ങുമെന്നാണ് എനിക്ക് ഈയവസരത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്.

കർഷകർ ഇന്ന് അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകും. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെയുള്ള പല നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിന് ഗവൺമെന്റ് ആലോചിക്കുമെന്നാണ് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

അതുപോലെതന്നെ മൃഗശാലയെ സംബന്ധിച്ച് ശ്രീ. കെ. രാജൻ മാത്രമാണ് ഇവിടെ ചർച്ചയിൽ പ്രതിപാദിച്ചത്. തൃശ്ശൂരിലെ നിർദ്ദിഷ്ട മൃഗശാലയെ രാജ്യത്തിന്റെ മാത്രമല്ല അന്തർദ്ദേശീയ നിലവാരത്തിലുള്ള ഒരു മാതൃകാ മൃഗശാലയാക്കി മാറ്റുന്നതിനാവശ്യമായ സംവിധാനങ്ങളെല്ലാം ഒരുക്കിയിട്ടുണ്ട്. വനം വകുപ്പിന്റെ ആഭിമുഖ്യത്തിലാണ് ആ മൃഗശാലയുടെ നിർമ്മാണം നടത്താൻ പോകുന്നത്. ഞാൻ ആ സ്ഥലത്ത് പോയിരുന്നു. 12.5 ഏക്കർ സ്ഥലത്തെ മൃഗശാലയാണ് 356 ഏക്കർ സ്ഥലത്തേക്ക് മാറ്റുന്നത്. സ്വാഭാവികമായിട്ടും ദേശീയ മൃഗശാല അതോറിറ്റി പറയുന്നതുപോലെ ഒരു മൃഗത്തിന് ആവശ്യമായിട്ടുള്ള സ്പെയ്സ് പ്രൊവൈഡ് ചെയ്തുകൊണ്ട്, മൃഗശാലയുടെ വിവിധ ഭാഗങ്ങളിൽ കാൽനടയായിട്ടല്ലാതെ സന്ദർശിക്കാൻ കഴിയുന്ന തരത്തിൽ ഏറ്റവും മെച്ചപ്പെട്ട ആധുനിക സംവിധാനങ്ങളോടുകൂടിയ മൃഗശാലയ്ക്കാണ് ഈ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുള്ളത്. അതിലേയ്ക്ക് 150 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിൽ 15 കോടി രൂപ ഈ വർഷംതന്നെ ചെലവഴിക്കുന്നതിന് അനുമതി ലഭിച്ച വിവരം ഈയവസരത്തിൽ

അറിയിക്കുകയാണ്. തിരുവനന്തപുരം മൃഗശാലയുമായി ബന്ധപ്പെട്ട്, അവിടെയില്ലാത്ത ചില മൃഗങ്ങളെയും പക്ഷികളെയുമൊക്കെ കൊണ്ടുവന്ന് ആ മൃഗശാല കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ ഈ ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

ഇവിടെ പ്രധാനമായും എല്ലാവരും ഉന്നയിച്ചത് വനം മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. വനം മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട വിഷയം man-animal conflict തന്നെയാണ്. വനമേഖലയിൽ വന്യമൃഗങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ആ വർദ്ധനവിനനുസരിച്ച് അവർക്കാവശ്യമായ ഭക്ഷണവും വെള്ളവുമൊക്കെ വനത്തിനകത്ത് ലഭിക്കാത്ത സാഹചര്യം ഇപ്പോഴുണ്ട്. കേരളത്തിന്റെ വനം മേഖലയുമായി ബന്ധപ്പെട്ട എല്ലാ പ്രദേശത്തും ഇപ്പോൾ man-animal conflict വളരെ കൂടുതലാണ്. എവിടെ പോയാലും വനം വകുപ്പുമന്ത്രി എന്നുള്ള രീതിയിൽ ഈയൊരു പരാതി ഉയർന്നു വരുന്നു. ഞാൻ ഈ സംസ്ഥാനത്തെ ആറു ജില്ലകളിൽ ഇതുവരെ പോയി. ഏറ്റവും കൂടുതൽ പരാതികൾ ഉന്നയിച്ച ശ്രീ. എൻ. ഷംസുദ്ദീന്റെ മണ്ണാർക്കാട് മണ്ഡലത്തിൽവച്ച് അദ്ദേഹവും ഞാനും പങ്കെടുത്തുകൊണ്ട് ഉച്ച മുതൽ വൈകുന്നേരം വരെ കർഷകരുടെയും മലയോര മേഖലയിലെ ജനപ്രതിനിധികളുടെയും മറ്റ് ജനപ്രതിനിധികളുടെയുമൊക്കെ യോഗം വിളിച്ച് ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ കുറച്ച് തീരുമാനങ്ങളെടുത്തിട്ടുണ്ട്. അവിടെ മാത്രമല്ല, സംസ്ഥാനത്തിന്റെ മലയോര മേഖലയിലെല്ലാം man-animal conflict പരമാവധി കുറയ്ക്കുന്നതിനും വന്യമൃഗശല്യം ഒഴിവാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും വന്യമൃഗങ്ങളുടെ ആക്രമണങ്ങളുടെ എണ്ണം കുറയുന്നുവെന്ന് പറയാൻ കഴിയില്ല. ഈ വർഷം (2016-17) 28-9-2016 വരെ 13 പേർ വന്യമൃഗങ്ങളുടെ ആക്രമണത്താൽ മരണപ്പെട്ടിട്ടുണ്ട്. 2014-15-ൽ 20 പേരും 2013-14-ൽ 7 പേരും 2012-13-ൽ 13 പേരും 2011-12-ൽ 15 പേരുമാണ് മരണപ്പെട്ടിട്ടുള്ളത്. ഇനി രണ്ട് മാസം കൂടിയുണ്ട്, ചിലപ്പോൾ എണ്ണം കുറച്ചുകൂടി വർദ്ധിച്ചെന്നുവരാം. വനമേഖലയിലെ താമസക്കാർ അങ്ങേയറ്റം ഭയന്നുകഴിയുന്ന സ്ഥിതിയാണെന്ന് ഗവൺമെന്റിനറിയാം. അതുകൊണ്ടുതന്നെ ആനയെ പ്രതിരോധിക്കുന്നതിന് സോളാർ ഫെൻസിംഗ്, സ്റ്റീൽ ഉപയോഗിച്ചുള്ള വേലി എന്നിവ നിർമ്മിക്കുന്ന തിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ശ്രീ. സണ്ണി ജോസഫിനറിയാം, കാസർഗോഡ് ജില്ലയിൽ ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സ്റ്റീൽ ഉപയോഗിച്ചുള്ള വേലിയുടെ നിർമ്മാണപ്രവർത്തനം ഒന്നര കിലോമീറ്റർ ദൂരം വരെ മാത്രമേ ആയിട്ടുള്ളൂ. ഒരു കിലോമീറ്റർ നിർമ്മാണത്തിന് ഒന്നേകാൽ കോടി രൂപയുടെ ചെലവ് വരുന്നു. അതുകൊണ്ട് ആവശ്യമുള്ള എല്ലാ മേഖലകളിലും റെയിൽവേ പാളംപോലെയുള്ള വലിയ വേലി നിർമ്മാണം അസാദ്ധ്യമാണ്.

ഇവിടെ നിർദ്ദേശിക്കപ്പെട്ടതുപോലെ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് വനം വകുപ്പുമായി ചേർന്ന് കഴിയുന്നിടത്തെല്ലാം ആന ട്രെഞ്ചുകൾ കുഴിക്കുന്ന തിനാവശ്യമായ നടപടി ഈ ഗവൺമെന്റ് വന്നതിനുശേഷം ശക്തിപ്പെടുത്തിയിട്ടുണ്ട്. ഈ നിലയിൽ പരമാവധി ആനയടക്കമുള്ള വന്യമൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങുന്നത് തടയുന്നതിനുള്ള പരിശ്രമങ്ങൾ നടത്തുന്നുണ്ട്. പക്ഷെ, അതുകൊണ്ട് ഒന്നും ആകുകയില്ല. യഥാർത്ഥത്തിൽ ജനങ്ങൾക്ക് സംരക്ഷണം നൽകണമെന്ന് പറയുമ്പോൾ ബഹുജനങ്ങളുടെ പങ്കാളിത്തത്തോടെയുള്ള നടപടി ആവശ്യമാണ്. ബഹുജനങ്ങളുടെ പങ്കാളിത്തം കൂടി ഉണ്ടാകേണ്ട ചില പദ്ധതികൾ പ്ലാൻ ചെയ്തിട്ടുണ്ട്. വനത്തിൽനിന്ന് ഒരു വന്യജീവി ആളുകൾ താമസിക്കുന്ന പ്രദേശത്തേക്ക് വന്നാലുടൻ അവിടെ സ്ഥാപിച്ചിട്ടുള്ള ഡിസ്പ്ലേ ബോർഡിൽ കടുവ ഇറങ്ങിയിരിക്കുന്നു/ആന ഇറങ്ങിയിരിക്കുന്നുവെന്ന് എഴുതിക്കാണിക്കുന്ന രീതിയും എസ്.എം.എസ്.-ലൂടെ ആ പ്രദേശത്തുള്ള ജനങ്ങളുടെ മൊബൈൽ ഫോണിൽ ഈ സന്ദേശം എത്തിക്കാൻ കഴിയത്തക്ക രീതിയിലുള്ള സംവിധാനവും ഇപ്പോൾ പുതിയതായി വനം വകുപ്പ് കണ്ടെത്തി ആസൂത്രണം ചെയ്തിട്ടുണ്ട്. ചില മേഖലകളിൽ ആ സിസ്റ്റത്തിന്റെ ഉദ്ഘാടനം നടന്നു. എല്ലാ ജില്ലകളിലും അത് വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ബഹുജന പങ്കാളിത്തത്തോടു കൂടി ഈ പ്രൊട്ടക്ഷൻ നടപ്പിലാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. നേരത്തെ ചോദ്യത്തിന്റെ ഉത്തരമെന്ന നിലയിൽ നിയമസഭയിൽ പറഞ്ഞതുപോലെ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ ജാഗ്രതാ സമിതിയും വാർഡുകളിൽ വാർഡ് മെമ്പർ അദ്ധ്യക്ഷനായ ജാഗ്രതാ സമിതിയും അങ്ങനെ രണ്ട് സമിതികൾ വീതം വനാതിർത്തി പങ്കുവയ്ക്കുന്ന മേഖലകളിൽ രൂപീകരിച്ച് അവിടത്തെ ബഹുജനങ്ങളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ആളുകൾക്ക് സുരക്ഷിതത്വം നൽകുന്നതിനുള്ള പരിശ്രമം നടത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള ഉത്തരവ് ഉടനെയുണ്ടാകും.

കൃഷിനാശത്തിനും മറ്റുമുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചുകൊണ്ട് 2013-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു തീരുമാനം എടുത്തിരുന്നു. എന്നാലും നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഈ ഗവൺമെന്റ് ആലോചിക്കുകയാണ്. വനത്തിനുള്ളിൽവച്ച് വന്യമൃഗങ്ങളുടെ ആക്രമണംമൂലം ഒരാൾ മരണപ്പെട്ടാൽ ഇപ്പോൾ നൽകുന്ന നഷ്ടപരിഹാരത്തുക അഞ്ചുലക്ഷം രൂപയാണ്. അത് ഇന്നത്തെ കാലഘട്ടത്തിൽ കുറവാണെന്ന് ഗവൺമെന്റിനറിയാം. സബ്ജക്ട് കമ്മിറ്റിയിൽ അഞ്ചുലക്ഷം രൂപയെന്നത് പത്തുലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് പത്തുലക്ഷം രൂപയായിത്തന്നെ വർദ്ധിപ്പിക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നാണ് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. നഷ്ടപരിഹാരത്തുക മൊത്തത്തിൽ പുനഃപരിശോധിച്ച് അത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാന സർക്കാരിന് അഞ്ച് ഹെക്ടർവരെ വനഭൂമി വനേതര ആവശ്യങ്ങൾക്ക് അനുവദിക്കാൻ അധികാരമുണ്ടെന്നാണ് ശ്രീ. പി. കെ. ബഷീർ പ്രസംഗിച്ചപ്പോൾ പറഞ്ഞത്. അഞ്ച് ഹെക്ടർ വരെയില്ല. പരമാവധി ഒരു ഹെക്ടർ വരെ വികസന/ വനേതരാവശ്യങ്ങൾക്കുവേണ്ടി അനുവദിച്ചുകൊടുക്കുന്നതിനുള്ള അധികാരമാണുള്ളത്. ഇതാണ് ശ്രീ. പി. കെ. ബഷീർ പറഞ്ഞതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്. ശ്രീ. എസ്. രാജേന്ദ്രൻ തമിഴിൽ തുടങ്ങിയ പ്രസംഗം മലയാളത്തിൽ അവസാനിപ്പിക്കുമ്പോൾ അദ്ദേഹം പ്രധാനമായി പറഞ്ഞത് മരംമുറിക്കുന്നതിനുള്ള അനുമതി സംബന്ധിച്ചാണ്. സ്വന്തം ഭൂമിയിൽ/പട്ടയമുള്ള ഭൂമിയിൽ കർഷകർതന്നെ കൃഷിചെയ്ത മരങ്ങൾ മുറിക്കുന്നതിനെ സംബന്ധിച്ചാണ് അദ്ദേഹം ചോദിച്ചത്. 28 ഇനം തടികൾ മുറിച്ചുമാറ്റാനുള്ള അനുമതി നേരത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നൽകിയിരുന്നതിൽ നിയന്ത്രണമുണ്ടായിരിക്കുന്ന എന്ന നിലയിലാണ് ശ്രീ. എസ്. രാജേന്ദ്രൻ സൂചിപ്പിച്ചത്. പട്ടയമുള്ള ഭൂമിയിൽ സ്വന്തമായി നട്ടുവളർത്തിയ വൃക്ഷങ്ങൾ, സർക്കാർ ഭൂമിയാണോ സ്വകാര്യ ഭൂമിയാണോ എന്ന് തർക്കമില്ലാത്ത പ്രദേശത്ത് 28 ഇനം തടികൾ വെട്ടുന്നതിന് ഒരു നിയന്ത്രണവുമില്ലെന്ന് സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഒരു സർക്കുലർ വനം വകുപ്പിൽനിന്ന് പുറപ്പെടുവിച്ചതുമായി ബന്ധപ്പെട്ട ആശയക്കുഴപ്പമാണ് ഇപ്പോഴുള്ളത്. ആ സർക്കുലറിലെ ആശയക്കുഴപ്പങ്ങൾ മാറ്റി പുനഃപരിശോധിക്കുമെന്നാണ് ഇതുമായി ബന്ധപ്പെട്ട് മെമ്പറെ അറിയിക്കാനുള്ളത്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u> : സർ, ഇടുക്കി ജില്ലയിൽ മലയോര കർഷകർ വന്യമൃഗങ്ങളെക്കൊണ്ട് ബുദ്ധിമുട്ട് അനുഭവിക്കുന്ന വിഷയം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചിരുന്നു. ഇപ്പോൾ ഫോറസ്റ്റുകാരിൽനിന്ന് തടസ്സം നേരിടുകയാണ്. കഴിഞ്ഞ പൂജാ അവധി ആരംഭിക്കുന്ന ദിവസം രാവിലെ ഒൻപത് മണിക്ക് ഇടുക്കി നിയോജകമണ്ഡലത്തിലെ വാഴത്തോപ്പ്, കഞ്ഞിക്കുഴി പഞ്ചായത്തുകളുടെ അതിർത്തി പ്രദേശമായ കരിമ്പൻകാനത്തിൽ രണ്ടുമൂന്ന് ഫോറസ്റ്റർമാർ ചെന്ന് വീടുകളിൽ കയറി കുടിയൊഴിപ്പിക്കൽ ഭീഷണി മുഴക്കി. ആളുകളെല്ലാം തടിച്ചുകൂടുകയും ബഹുമാനപ്പെട്ട മന്ത്രിയെ ബന്ധപ്പെടുകയും എം. പി. ഉൾപ്പെടെ എല്ലാ ജനപ്രതിനിധികളും ഒരുമിച്ച് ചേരുകയും ചെയ്തു. ഈ നീക്കത്തെക്കുറിച്ച് അന്വേഷിച്ചപ്പോൾ മന്ത്രിക്കും ഡി.എഫ്.ഒ.-യ്ക്കും ജില്ലാ കളക്ടർക്കും അറിയില്ല. അപ്പോൾ അവർ അവിടെ എങ്ങനെ വന്നു എന്ന വിഷയം നിലിനിൽക്കുന്നു. ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ടശേഷം മന്ത്രി അറിയിച്ചത് കുടിയിറക്കുന്നതിന് യാതൊരു നിലപാടുമെടുത്തിട്ടില്ലെന്നാണ്. ഒരുപക്ഷേ, മന്ത്രി വിഷയം അറിഞ്ഞതിലെ മിസ്റ്റേക്കാണെന്ന സംശയമുണ്ട്, പട്ടയ നടപടികളുമായി ചെന്നതാണെന്ന നിലയിൽ ഒരു സ്റ്റേറ്റ്മെന്റ് വന്നിരുന്നു. തീർച്ചയായും പരിശോധിച്ചിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. വലിയ ആശങ്കയുണ്ട്. 1-1-1977-നു മുമ്പ് കുടിയേറിയ കർഷകരുടെ പട്ടയം സംബന്ധിച്ച് തീരുമാനം എടുത്തിട്ടുള്ളതാണെങ്കിലും 1965-70 കാലഘട്ടത്തിൽ ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ

സ്ഥലത്താണ് ഇത് സംഭവിച്ചിട്ടുള്ളത്. അങ്ങ് ഇതൊന്ന് പരിശോധിക്കണം. ഏലം കൃഷിക്കാർക്ക് വലിയ ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. ഏലം കൃഷി ചെയ്തിരിക്കുന്ന പ്രദേശത്തെ മരങ്ങളുടെ ഷെയ്ഡ് ഒഴിവാക്കാൻ പാടില്ലെന്ന് പറഞ്ഞ് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്ന് ഒരു നോട്ടീസ് വന്നിരിക്കുകയാണ്. അത് ഏലം കൃഷിയെ പ്രതികൂലമായി ബാധിക്കും. കുടിയിറക്കുമായി ബന്ധപ്പെട്ട വിഷയം അത്യന്തം ഗൗരവത്തോടുകൂടി പരിശോധിക്കുകയും അതിനുള്ള നിലപാട് സ്വീകരിക്കുകയും ചെയ്യണം.

മി. സ്പീക്കർ: ശ്രീ. റോഷി അഗസ്റ്റിൻ, 18 പേർ ചർച്ചയിൽ പങ്കെടുത്തിരുന്നു. അവരെല്ലാം വ്യക്തികളായിട്ടല്ല, രാഷ്ട്രീയപ്പാർട്ടികളെ പ്രതിനിധീകരിച്ചാണ് പങ്കെടുത്തത്. സ്വാഭാവികമായും പാർട്ടികൾക്ക് പറയാനുള്ളത് അവർ ഒന്നിച്ച് കൂടിയാലോചിച്ചിട്ടാണ് സഭയിൽ കൊണ്ടുവരേണ്ടത്. സഭാനടപടികൾ ഇങ്ങനെ അനന്തമായി നീട്ടിക്കൊണ്ടു പോകുന്ന രീതി ശരിയല്ല. നമ്മളെല്ലാവരുംകൂടി ഒരുമിച്ച് നിശ്ചയിച്ചതാണ്. അതുകൊണ്ട് യോജിപ്പോടുകൂടിയെടുത്ത തീരുമാനം പാലിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. ഈ സ്ഥിതി തുടരാതിരിക്കാൻ ചെയർ നാളെ മുതൽ വീണ്ടും ശ്രദ്ധിക്കുന്നതാണ്. എല്ലാവരും അതിന് സഹകരിക്കണം.

ശ്രീ. കെ. രാജു : സർ, ശ്രീ. റോഷി അഗസ്റ്റിൻ ചൂണ്ടിക്കാണിച്ചതിൽ കുടിയേറ്റ കൃഷിക്കാരെ ഒഴിപ്പിക്കുന്ന തീരുമാനമൊന്നും ഗവൺമെന്റ് എടുത്തിട്ടില്ല. അങ്ങനെയൊരു നിർദ്ദേശവും കൊടുത്തിട്ടില്ല. ഈ പറയുന്ന രീതിയിൽ ആശയക്കുഴപ്പമുണ്ടായി എന്ന് അദ്ദേഹം അറിയിച്ചപ്പോൾത്തന്നെ അങ്ങനെയൊരു സമീപനം ഗവൺമെന്റ് എടുത്തിട്ടില്ലെന്ന് ഞാൻ പറഞ്ഞിരുന്നു. എന്നാൽ 1977-നു ശേഷമുള്ള കയ്യേറ്റക്കാരെ ഒഴിപ്പിക്കണമെന്നുള്ള ഹൈക്കോടതി വിധിയുണ്ട്. അത് റോഷി അഗസ്റ്റിനും ഭൂരിപക്ഷം വരുന്ന മെമ്പർമാർക്കും അറിയാം. ആ വസ്തുത റോഷി അഗസ്റ്റിനെ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. അതിന്റെ പേരിൽ ആക്ഷൻ എടുക്കാൻ ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുമില്ല, കൊടുക്കാൻ ഉദ്ദേശിക്കുന്നുമില്ല.

ശ്രീ. അടൂർ പ്രകാശ്: സർ, വനമേഖലയുമായി ബന്ധപ്പെട്ട ഒരാളാണ് ഞാൻ. എനിക്ക് ചില കാര്യങ്ങൾ ചോദിക്കണ്ടേ?

മി. സ്പീക്കർ: അങ്ങയുടെ പാർട്ടിയിലെ അംഗങ്ങൾ സംസാരിച്ചിരുന്നു. അവരാരെങ്കിലും ഉന്നയിച്ചാൽ മതിയായിരുന്നില്ലേ ?

ശ്രീ. അടൂർ പ്രകാശ്: സർ, എന്റെ നിയോജകമണ്ഡലത്തിന്റെ ഏറ്റവും അവസാനത്തെ ഭാഗമാണ് ആവണിപ്പാറ. ആദിവാസികൾ മാത്രം താമസിക്കുന്ന അവിടെ ഒരു പാലം നിർമ്മിച്ച് നൽകുന്നതിന് നബാർഡിൽനിന്നും പണം അനുവദിച്ചതാണ്. അതിന്റെ പണി ആരംഭിക്കാൻ തുടങ്ങിയപ്പോൾ വനം വകുപ്പ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും തടസ്സമുണ്ടായി. ഒരു ഹെക്ടറിൽ താഴെയുള്ള സ്ഥലത്തുനിന്ന് മരങ്ങൾ മുറിച്ച് മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് യാതൊരു

തടസ്സവുമില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഒരു മരംപോലും മുറിച്ചു മാറ്റാതെ അവിടെ പാലം പണിയാൻ കഴിയുന്നതാണ്. അങ്ങ് അതിനുള്ള നിർദ്ദേശം നൽകണം. അതുപോലെ ടൂറിസം വകുപ്പിൽനിന്നുമാണ് അങ്ങയുടെ വകുപ്പായ എക്കോ ടൂറിസം പദ്ധതിക്ക് പണം അനുവദിച്ചത്. കോന്നി ആനക്കൂട്ടിൽ നിന്നും ആനകളെ മാറ്റാൻ പോകുന്നുവെന്ന് പത്രത്തിൽ വാർത്ത വരികയുണ്ടായി. അവിടെ ഇപ്പോൾ ഡി.എഫ്.ഒ. ഇല്ല. അവിടെ ഒരു ഡി.എഫ്.ഒ.-യെ നിയോഗിക്കണം.

മി. സ്പീക്കർ: ശ്രീ. അടൂർ പ്രകാശ്, ഇതെല്ലാം ശ്രീ. എൽദോസ് കുന്നപ്പിള്ളിക്ക് പറഞ്ഞ് കൊടുക്കണ്ടായിരുന്നോ? അദ്ദേഹം ഇവിടെ പ്രസംഗിച്ചു. അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട മന്ത്രിയോടല്ലാതെ വേറെ ആരോടാണ് ഇക്കാര്യങ്ങൾ പറയേണ്ടത്. ഈ കാര്യങ്ങളെക്കുറിച്ചെല്ലാം അന്വേഷണം നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. രാജു: സർ, അങ്ങ് ആദ്യം ചോദിച്ച കാര്യത്തിന് ഞാൻ മറുപടി പറയാം. പാലത്തിന്റെ കാര്യവും മറ്റുമൊക്കെ അദ്ദേഹവുംകൂടി അംഗമായ മന്ത്രിസഭയുടെ കാലഘട്ടത്തിൽ ഉണ്ടായ തടസ്സമായിരിക്കാനാണ് സാദ്ധ്യത. അതിനുശേഷം തടസ്സമൊന്നും ഉണ്ടായിട്ടില്ല. രണ്ടാമതായി സൂചിപ്പിക്കാനുള്ളത്, ഒരു ഹെക്ടറിൽ താഴെയുള്ള സ്ഥലം വനേതര ആവശ്യങ്ങൾക്കായി നൽകുന്ന കാര്യത്തിൽ യാതൊരു അനുമതിയും വേണ്ടെന്നല്ല ഞാൻ പറഞ്ഞത്. അനുമതി വാങ്ങിയിട്ടു മാത്രമേ ചെയ്യാൻ കഴിയൂ. അല്ലാതെ വനത്തിനകത്ത് കയറി ഒന്നുംചെയ്യാൻ കഴിയില്ല. നിയമാനുസൃതം അപേക്ഷ കൊടുത്താൽ അനുമതി ലഭിക്കും. അതാണ് അതിനെ സംബന്ധിച്ച് പറയാനുള്ളത്. കോന്നിയിൽ മാത്രമല്ല പല സ്ഥലങ്ങളിലും ഡി.എഫ്.ഒ.-യുടെ ഒഴിവുണ്ട്. അത് സംബന്ധിച്ച് ഗവൺമെന്റ് നടപടി സ്വീകരിക്കും. ശ്രീ. ബി.ഡി. ദേവസ്സി അദ്ദേഹത്തിന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് കുറേ കാര്യങ്ങൾ പറഞ്ഞു. അക്കൂട്ടത്തിൽ ചാലക്കുടിയിൽ എം.പി.ഐ.-യുടെ (Meat Products of India) പോത്തിറച്ചി സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കാര്യം ഉന്നയിക്കുകയുണ്ടായി. അത് ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ആ ഫാക്ടറി സ്ഥാപിക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XV – പൊതുമരാമത്ത്

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ്, ശ്രീ. വി. ഡി. സതീശൻ, ശ്രീ. പി. ടി. തോമസ്, ശ്രീ. എൽദോസ് കുന്നപ്പിള്ളി, ശ്രീ. മഞ്ഞളാംകുഴി അലി, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീ. എം. ഉമ്മർ , ശ്രീ. ടി. എ. അഹമ്മദ് കബീർ, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. പാറക്കൽ അബ്ദുല്ല, ശ്രീ. ടി. വി. ഇബ്രാഹിം, ശ്രീ. അബ്ദുൽ ഹമീദ്. പി., ശ്രീ. പി. ഉബൈദുള്ള, ശ്രീ. അനിൽ അക്കര, ശ്രീ. ഷാഫി പറമ്പിൽ, ശ്രീ. അൻവർ സാദത്ത് എന്നീ അംഗങ്ങൾ XV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-2017 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ................

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. പ്രൊഫ. കെ. യു. അരുണൻ
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. സി. ദിവാകരൻ
12. ശ്രീമതി ഗീതാ ഗോപി
13. ശ്രീ. ജോർജ് എം. തോമസ്

14. ശ്രീ. ചിറ്റയം ഗോപകുമാർ
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജെയിംസ് മാത്യു
18. ശ്രീ. ജി. എസ്. ജയലാൽ
19. ശ്രീ. ഇ. പി. ജയരാജൻ
20. ശ്രീ. ജോൺ ഫെർണാണ്ടസ്
21. ശ്രീ. ഒ. ആർ. കേളു
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കെ. കൃഷ്ണൻകുട്ടി
24. ശ്രീ. കെ. കുഞ്ഞിരാമൻ
25. ശ്രീ. വി. കെ. സി. മമ്മത് കോയ
26. ശ്രീ. എം. എം. മണി
27. ശ്രീ. മാത്യു ടി. തോമസ്
28. ശ്രീ. കെ. ജെ. മാക്സി
29. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
30. ശ്രീ. എ. സി. മൊയ്തീൻ
31. ശ്രീ. ഡി. കെ. മുരളി
32. ശ്രീ. മുരളി പെരുനെല്ലി
33. ശ്രീ. സി. കെ. നാണു
34. ശ്രീ. യു. ആർ. പ്രദീപ്
35. ശ്രീ. എ. പ്രദീപ്കുമാർ
36. ശ്രീ. കെ. ഡി. പ്രസേനൻ
37. ശ്രീമതി യു. പ്രതിഭ ഹരി

38. ശ്രീ. പുരുഷൻ കടലുണ്ടി

39. ശ്രീ. പി. ടി. എ. റഹീം

40. ശ്രീ. എം. രാജഗോപാലൻ

41. ശ്രീ. കെ. രാജൻ

42. ശ്രീ. എസ്. രാജേന്ദ്രൻ

43. ശ്രീ. ആർ. രാജേഷ്

44. ശ്രീ. റ്റി. വി. രാജേഷ്

45. ശ്രീ. കെ. രാജു

46. ശ്രീ. രാജു എബ്രഹാം

47. ശ്രീ. ആർ. രാമചന്ദ്രൻ

48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

49. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

50. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

51. ശ്രീ. മുല്ലക്കര രത്നാകരൻ

52. പ്രൊഫ. സി. രവീന്ദ്രനാഥ്

53. ശ്രീ. കാരാട്ട് റസാഖ്

54. ശ്രീ. എസ്. ശർമ്മ

55. ശ്രീ. സി. കെ. ശശീന്ദ്രൻ

56. ശ്രീ. പി. കെ. ശശി

57. ശ്രീ. വി. ശശി

58. ശ്രീ. എ. എൻ. ഷംസീർ

59. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

60. ശ്രീ. ജി. സുധാകരൻ

61. ശ്രീ. വി. ആർ. സുനിൽ കുമാർ

62. ശ്രീ. വി. എസ്. സുനിൽ കുമാർ

63. ശ്രീ. കെ. സുരേഷ് കുറുപ്പ്

64. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

65. ശ്രീ. പി. തിലോത്തമൻ

66. ഡോ. ടി. എം. തോമസ് ഐസക്

67. ശ്രീ. പി. ഉണ്ണി

68. ശ്രീമതി വീണാ ജോർജ്ജ്

69. ശ്രീ. കെ. വി. വിജയദാസ്

70. ശ്രീ. ഇ. കെ. വിജയൻ

71. ശ്രീ. പിണറായി വിജയൻ

72. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. പാറക്കൽ അബ്ദുല്ല

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. അടൂർ പ്രകാശ്

4. ശ്രീ. അനിൽ അക്കര

5. ശ്രീ. എ. പി. അനിൽ കുമാർ

6. ശ്രീ. അനൂപ് ജേക്കബ്

7. ശ്രീ. അൻവർ സാദത്ത്

8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

9. ശ്രീ. വി. ടി. ബൽറാം

10. ശ്രീ. പി. കെ. ബഷീർ

11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

12. ശ്രീ. എൽദോസ് കുന്നപ്പിള്ളി

13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. സി. ജോസഫ്
17. ശ്രീ. പി. ജെ. ജോസഫ്
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീ. രമേശ് ചെന്നിത്തല
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. റോഷി അഗസ്റ്റിൻ
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. വി. ഡി. സതീശൻ
29. ശ്രീ. ഷാഫി പറമ്പിൽ
30. ശ്രീ. കെ. എം. ഷാജി
31. ശ്രീ. സണ്ണി ജോസഫ്
32. ശ്രീ. സി. എഫ്. തോമസ്
33. ശ്രീ. പി. ടി. തോമസ്
34. ശ്രീ. പി. ഉബൈദുള്ള
35. ശ്രീ. എം. ഉമ്മർ
36. ശ്രീ. എം. വിൻസെന്റ്

നിക്ഷ്പക്ഷത പാലിക്കുന്നവർ:

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 72

പ്രതികൂലിക്കുന്നവർ - 36

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXI- മൃഗസംരക്ഷണം

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. മഞ്ഞളാംകുഴി അലി, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീ. ടി. എ. അഹമ്മദ് കബീർ, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. പാറക്കൽ അബ്ദുല്ല, ശ്രീ. പി. ഉബൈദുള്ള, ശ്രീ. അബ്ദുൽ ഹമീദ്. പി., ശ്രീ. ടി. വി. ഇബ്രാഹിം, ശ്രീ. എം. ഉമ്മർ, ശ്രീ. കെ. എം. ഷാജി, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. മോൻസ് ജോസഫ്, ശ്രീ. അടൂർ പ്രകാശ് എന്നീ അംഗങ്ങൾ XXXI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-2017 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ................

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ

4. പ്രൊഫ. കെ. യു. അരുണൻ

5. ശ്രീമതി സി. കെ. ആശ

6. ശ്രീ. കെ. ബാബു

7. ശ്രീ. എ. കെ. ബാലൻ

8. ശ്രീ. ഇ. ചന്ദ്രശേഖരൻ

9. ശ്രീ. കെ. ദാസൻ

10. ശ്രീ. ബി. ഡി. ദേവസ്സി

11. ശ്രീ. സി. ദിവാകരൻ

12. ശ്രീമതി ഗീതാ ഗോപി

13. ശ്രീ. ജോർജ് എം. തോമസ്

14. ശ്രീ. ചിറ്റയം ഗോപകുമാർ

15. ശ്രീ. സി. കെ. ഹരീന്ദ്രൻ

16. ഡോ. കെ. ടി. ജലീൽ

17. ശ്രീ. ജെയിംസ് മാത്യു

18. ശ്രീ. ജി. എസ്. ജയലാൽ

19. ശ്രീ. ഇ. പി. ജയരാജൻ

20. ശ്രീ. ജോൺ ഫെർണാണ്ടസ്

21. ശ്രീ. ഒ. ആർ. കേളു

22. ശ്രീ. സി. കൃഷ്ണൻ

23. ശ്രീ. കെ. കൃഷ്ണൻകുട്ടി

24. ശ്രീ. കെ. കുഞ്ഞിരാമൻ

25. ശ്രീ. വി. കെ. സി. മമ്മത് കോയ

26. ശ്രീ. എം. എം. മണി

27. ശ്രീ. മാത്യു ടി. തോമസ്

28. ശ്രീ. കെ. ജെ. മാക്സി
29. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
30. ശ്രീ. എ. സി. മൊയ്തീൻ
31. ശ്രീ. ഡി. കെ. മുരളി
32. ശ്രീ. മുരളി പെരുനെല്ലി
33. ശ്രീ. സി. കെ. നാണു
34. ശ്രീ. യു. ആർ. പ്രദീപ്
35. ശ്രീ. എ. പ്രദീപ്കുമാർ
36. ശ്രീ. കെ. ഡി. പ്രസേനൻ
37. ശ്രീമതി യു. പ്രതിഭ ഹരി
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. പി. ടി. എ. റഹീം
40. ശ്രീ. എം. രാജഗോപാലൻ
41. ശ്രീ. കെ. രാജൻ
42. ശ്രീ. എസ്. രാജേന്ദ്രൻ
43. ശ്രീ. ആർ. രാജേഷ്
44. ശ്രീ. റ്റി. വി. രാജേഷ്
45. ശ്രീ. കെ. രാജു
46. ശ്രീ. രാജു എബ്രഹാം
47. ശ്രീ. ആർ. രാമചന്ദ്രൻ
48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
49. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
50. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
51. ശ്രീ. മുല്ലക്കര രത്നാകരൻ

52. പ്രൊഫ. സി. രവീന്ദ്രനാഥ്
53. ശ്രീ. കാരാട്ട് റസാഖ്
54. ശ്രീ. എസ്. ശർമ്മ
55. ശ്രീ. സി. കെ. ശശീന്ദ്രൻ
56. ശ്രീ. പി. കെ. ശശി
57. ശ്രീ. വി. ശശി
58. ശ്രീ. എ. എൻ. ഷംസീർ
59. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
60. ശ്രീ. ജി. സുധാകരൻ
61. ശ്രീ. വി. ആർ. സുനിൽ കുമാർ
62. ശ്രീ. വി. എസ്. സുനിൽ കുമാർ
63. ശ്രീ. കെ. സുരേഷ് കുറുപ്പ്
64. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
65. ശ്രീ. പി. തിലോത്തമൻ
66. ഡോ. ടി. എം. തോമസ് ഐസക്
67. ശ്രീ. പി. ഉണ്ണി
68. ശ്രീമതി വീണാ ജോർജ്ജ്
69. ശ്രീ. കെ. വി. വിജയദാസ്
70. ശ്രീ. ഇ. കെ. വിജയൻ
71. ശ്രീ. പിണറായി വിജയൻ
72. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. പാറക്കൽ അബ്ദുല്ല
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. അടൂർ പ്രകാശ്
4. ശ്രീ. അനിൽ അക്കര

5. ശ്രീ. എ. പി. അനിൽ കുമാർ
6. ശ്രീ. അനൂപ് ജേക്കബ്
7. ശ്രീ. അൻവർ സാദത്ത്
8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
9. ശ്രീ. വി. ടി. ബൽറാം
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
12. ശ്രീ. എൽദോസ് കുന്നപ്പിള്ളി
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. സി. ജോസഫ്
17. ശ്രീ. പി. ജെ. ജോസഫ്
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീ. രമേശ് ചെന്നിത്തല
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. റോഷി അഗസ്റ്റിൻ
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. വി. ഡി. സതീശൻ

29. ശ്രീ. ഷാഫി പറമ്പിൽ
30. ശ്രീ. കെ. എം. ഷാജി
31. ശ്രീ. സണ്ണി ജോസഫ്
32. ശ്രീ. സി. എഫ്. തോമസ്
33. ശ്രീ. പി. ടി. തോമസ്
34. ശ്രീ. പി. ഉബൈദുള്ള
35. ശ്രീ. എം. ഉമ്മർ
36. ശ്രീ. എം. വിൻസെന്റ്

നിക്ഷ്പക്ഷത പാലിക്കുന്നവർ:

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ :

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 72 |
| പ്രതികൂലിക്കുന്നവർ | - | 36 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | 1 |

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം

മി. സ്പീക്കർ: ശ്രീ. കെ. മുരളീധരൻ, ശ്രീ. മോൻസ് ജോസഫ്, ശ്രീ. മഞ്ഞളാംകുഴി അലി, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീ. റ്റി. എ. അഹമ്മദ് കബീർ, ശ്രീ. എം. ഉമ്മർ, ശ്രീ. ടി. വി. ഇബ്രാഹിം, ശ്രീ. അബ്ദുൽ ഹമീദ്. പി., ശ്രീ. പി. ഉബൈദുള്ള, ശ്രീ. പാറക്കൽ അബ്ദുല്ല, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. കെ. എം. ഷാജി, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ XXXII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ................

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. പ്രൊഫ. കെ. യു. അരുണൻ
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. സി. ദിവാകരൻ
12. ശ്രീമതി ഗീതാ ഗോപി
13. ശ്രീ. ജോർജ് എം. തോമസ്
14. ശ്രീ. ചിറ്റയം ഗോപകുമാർ
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജെയിംസ് മാത്യു
18. ശ്രീ. ജി. എസ്. ജയലാൽ
19. ശ്രീ. ഇ. പി. ജയരാജൻ

20. ശ്രീ. ജോൺ ഫെർണാണ്ടസ്
21. ശ്രീ. ഒ. ആർ. കേളു
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കെ. കൃഷ്ണൻകുട്ടി
24. ശ്രീ. കെ. കുഞ്ഞിരാമൻ
25. ശ്രീ. വി. കെ. സി. മമ്മത് കോയ
26. ശ്രീ. എം. എം. മണി
27. ശ്രീ. മാത്യു ടി. തോമസ്
28. ശ്രീ. കെ. ജെ. മാക്സി
29. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
30. ശ്രീ. എ. സി. മൊയ്തീൻ
31. ശ്രീ. ഡി. കെ. മുരളി
32. ശ്രീ. മുരളി പെരുനെല്ലി
33. ശ്രീ. സി. കെ. നാണു
34. ശ്രീ. യു. ആർ. പ്രദീപ്
35. ശ്രീ. എ. പ്രദീപ്കുമാർ
36. ശ്രീ. കെ. ഡി. പ്രസേനൻ
37. ശ്രീമതി യു. പ്രതിഭ ഹരി
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. പി. ടി. എ. റഹീം
40. ശ്രീ. എം. രാജഗോപാലൻ
41. ശ്രീ. കെ. രാജൻ
42. ശ്രീ. എസ്. രാജേന്ദ്രൻ
43. ശ്രീ. ആർ. രാജേഷ്

44. ശ്രീ. റ്റി. വി. രാജേഷ്
45. ശ്രീ. കെ. രാജു
46. ശ്രീ. രാജു എബ്രഹാം
47. ശ്രീ. ആർ. രാമചന്ദ്രൻ
48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
49. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
50. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
51. ശ്രീ. മുല്ലക്കര രത്നാകരൻ
52. പ്രൊഫ. സി. രവീന്ദ്രനാഥ്
53. ശ്രീ. കാരാട്ട് റസാഖ്
54. ശ്രീ. എസ്. ശർമ്മ
55. ശ്രീ. സി. കെ. ശശീന്ദ്രൻ
56. ശ്രീ. പി. കെ. ശശി
57. ശ്രീ. വി. ശശി
58. ശ്രീ. എ. എൻ. ഷംസീർ
59. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
60. ശ്രീ. ജി. സുധാകരൻ
61. ശ്രീ. വി. ആർ. സുനിൽ കുമാർ
62. ശ്രീ. വി. എസ്. സുനിൽ കുമാർ
63. ശ്രീ. കെ. സുരേഷ് കുറുപ്പ്
64. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
65. ശ്രീ. പി. തിലോത്തമൻ
66. ഡോ. ടി. എം. തോമസ് ഐസക്
67. ശ്രീ. പി. ഉണ്ണി

68. ശ്രീമതി വീണാ ജോർജ്ജ്

69. ശ്രീ. കെ. വി. വിജയദാസ്

70. ശ്രീ. ഇ. കെ. വിജയൻ

71. ശ്രീ. പിണറായി വിജയൻ

72. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. പാറക്കൽ അബ്ദുല്ല

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. അടൂർ പ്രകാശ്

4. ശ്രീ. അനിൽ അക്കര

5. ശ്രീ. എ. പി. അനിൽ കുമാർ

6. ശ്രീ. അനൂപ് ജേക്കബ്

7. ശ്രീ. അൻവർ സാദത്ത്

8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

9. ശ്രീ. വി. ടി. ബൽറാം

10. ശ്രീ. പി. കെ. ബഷീർ

11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

12. ശ്രീ. എൽദോസ് കുന്നപ്പിള്ളി

13. ശ്രീ. ഹൈബി ഈഡൻ

14. ശ്രീ. ടി. വി. ഇബ്രാഹിം

15. ഡോ. എൻ. ജയരാജ്

16. ശ്രീ. കെ. സി. ജോസഫ്

17. ശ്രീ. പി. ജെ. ജോസഫ്

18. ശ്രീ. മോൻസ് ജോസഫ്

19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീ. രമേശ് ചെന്നിത്തല
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. റോഷി അഗസ്റ്റിൻ
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. വി. ഡി. സതീശൻ
29. ശ്രീ. ഷാഫി പറമ്പിൽ
30. ശ്രീ. കെ. എം. ഷാജി
31. ശ്രീ. സണ്ണി ജോസഫ്
32. ശ്രീ. സി. എഫ്. തോമസ്
33. ശ്രീ. പി. ടി. തോമസ്
34. ശ്രീ. പി. ഉബൈദുള്ള
35. ശ്രീ. എം. ഉമ്മർ
36. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ:

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 72

പ്രതികൂലിക്കുന്നവർ - 36

നിക്ഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIV - വനം

മി. സ്പീക്കർ: ശ്രീ. പാറക്കൽ അബ്ദുല്ല, ശ്രീ. പി. ഉബൈദുള്ള, ശ്രീ. എം. ഉമ്മർ, ശ്രീ. ടി. വി. ഇബ്രാഹിം, ശ്രീ. അബ്ദുൽ ഹമീദ്. പി, ശ്രീ. മഞ്ഞളാംകുഴി അലി, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീ. എം. വിൻസെന്റ്, ശ്രീ. റ്റി. എ. അഹമ്മദ് കബീർ, ശ്രീ. കെ. എം. ഷാജി, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. മോൻസ് ജോസഫ് എന്നീ അംഗങ്ങൾ XXXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. പ്രൊഫ. കെ. യു. അരുണൻ
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ

9. ശ്രീ. കെ. ദാസൻ

10. ശ്രീ. ബി. ഡി. ദേവസ്സി

11. ശ്രീ. സി. ദിവാകരൻ

12. ശ്രീമതി ഗീതാ ഗോപി

13. ശ്രീ. ജോർജ് എം. തോമസ്

14. ശ്രീ. ചിറ്റയം ഗോപകുമാർ

15. ശ്രീ. സി. കെ. ഹരീന്ദ്രൻ

16. ഡോ. കെ. ടി. ജലീൽ

17. ശ്രീ. ജെയിംസ് മാത്യു

18. ശ്രീ. ജി. എസ്. ജയലാൽ

19. ശ്രീ. ഇ. പി. ജയരാജൻ

20. ശ്രീ. ജോൺ ഫെർണാണ്ടസ്

21. ശ്രീ. ഒ. ആർ. കേളു

22. ശ്രീ. സി. കൃഷ്ണൻ

23. ശ്രീ. കെ. കൃഷ്ണൻകുട്ടി

24. ശ്രീ. കെ. കുഞ്ഞിരാമൻ

25. ശ്രീ. വി. കെ. സി. മമ്മത് കോയ

26. ശ്രീ. എം. എം. മണി

27. ശ്രീ. മാത്യു ടി. തോമസ്

28. ശ്രീ. കെ. ജെ. മാക്സി

29. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

30. ശ്രീ. എ. സി. മൊയ്തീൻ

31. ശ്രീ. ഡി. കെ. മുരളി

32. ശ്രീ. മുരളി പെരുനെല്ലി

33. ശ്രീ. സി. കെ. നാണു

34. ശ്രീ. യു. ആർ. പ്രദീപ്

35. ശ്രീ. എ. പ്രദീപ്കുമാർ

36. ശ്രീ. കെ. ഡി. പ്രസേനൻ

37. ശ്രീമതി യു. പ്രതിഭ ഹരി

38. ശ്രീ. പുരുഷൻ കടലുണ്ടി

39. ശ്രീ. പി. ടി. എ. റഹീം

40. ശ്രീ. എം. രാജഗോപാലൻ

41. ശ്രീ. കെ. രാജൻ

42. ശ്രീ. എസ്. രാജേന്ദ്രൻ

43. ശ്രീ. ആർ. രാജേഷ്

44. ശ്രീ. റ്റി. വി. രാജേഷ്

45. ശ്രീ. കെ. രാജു

46. ശ്രീ. രാജു എബ്രഹാം

47. ശ്രീ. ആർ. രാമചന്ദ്രൻ

48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

49. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

50. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

51. ശ്രീ. മുല്ലക്കര രത്നാകരൻ

52. പ്രൊഫ. സി. രവീന്ദ്രനാഥ്

53. ശ്രീ. കാരാട്ട് റസാഖ്

54. ശ്രീ. എസ്. ശർമ്മ

55. ശ്രീ. സി. കെ. ശശീന്ദ്രൻ

56. ശ്രീ. പി. കെ. ശശി

57. ശ്രീ. വി. ശശി

58. ശ്രീ. എ. എൻ. ഷംസീർ

59. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

60. ശ്രീ. ജി. സുധാകരൻ

61. ശ്രീ. വി. ആർ. സുനിൽ കുമാർ

62. ശ്രീ. വി. എസ്. സുനിൽ കുമാർ

63. ശ്രീ. കെ. സുരേഷ് കുറുപ്പ്

64. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

65. ശ്രീ. പി. തിലോത്തമൻ

66. ഡോ. ടി. എം. തോമസ് ഐസക്

67. ശ്രീ. പി. ഉണ്ണി

68. ശ്രീമതി വീണാ ജോർജ്ജ്

69. ശ്രീ. കെ. വി. വിജയദാസ്

70. ശ്രീ. ഇ. കെ. വിജയൻ

71. ശ്രീ. പിണറായി വിജയൻ

72. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. പാറക്കൽ അബ്ദുല്ല
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. അടൂർ പ്രകാശ്
4. ശ്രീ. അനിൽ അക്കര
5. ശ്രീ. എ. പി. അനിൽ കുമാർ
6. ശ്രീ. അനൂപ് ജേക്കബ്
7. ശ്രീ. അൻവർ സാദത്ത്
8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
9. ശ്രീ. വി. ടി. ബൽറാം
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
12. ശ്രീ. എൽദോസ് കുന്നപ്പിള്ളി
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. സി. ജോസഫ്
17. ശ്രീ. പി. ജെ. ജോസഫ്
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ

21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീ. രമേശ് ചെന്നിത്തല
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. റോഷി അഗസ്റ്റിൻ
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. വി. ഡി. സതീശൻ
29. ശ്രീ. ഷാഫി പറമ്പിൽ
30. ശ്രീ. കെ. എം. ഷാജി
31. ശ്രീ. സണ്ണി ജോസഫ്
32. ശ്രീ. സി. എഫ്. തോമസ്
33. ശ്രീ. പി. ടി. തോമസ്
34. ശ്രീ. പി. ഉബൈദുള്ള
35. ശ്രീ. എം. ഉമ്മർ
36. ശ്രീ. എം. വിൻസെന്റ്

നിക്ഷ്പക്ഷത പാലിക്കുന്നവർ:

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ :

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 72 |
| പ്രതികൂലിക്കുന്നവർ | - | 36 |
| നിക്ഷ്പക്ഷത പാലിക്കുന്നവർ | - | 1 |

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഒക്ടോബർ മാസം 18-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.59-ന് പിരിഞ്ഞു.)

## അനുബന്ധം

## (i) 6-10-2016-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ
## പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കൽ

1(*241) ശ്രീ. അൻവർ സാദത്ത് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഒരു ജില്ലയിൽ പരമാവധി ഏറ്റെടുക്കാവുന്ന ഭൂമിയുടെ പരിധി എത്രയായാണ് നിശ്ചയിച്ചിട്ടുള്ളത്;

(സി) പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹിക ആഘാത പഠനം നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(ഡി) ജില്ലാ തലത്തിലോ സംസ്ഥാന തലത്തിലോ പ്രസ്തുത പഠനത്തിനായി സമിതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുക?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നതിൽ യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. പുതിയ കേന്ദ്ര സ്ഥലമെടുപ്പ് നിയമം 1-1-2014-ൽ നിലവിൽ വന്നു. മുൻ നിയമം റദ്ദാക്കിയിട്ടുണ്ടെങ്കിലും പുതിയ നിയമം സെക്ഷൻ 24 പ്രകാരം സ്ഥലമെടുപ്പ് നടപടികൾ തുടർന്നുകൊണ്ടിരുന്ന കേസ്സുകളിൽ അവാർഡ് പാസ്സാക്കി ഏറ്റെടുത്തിട്ടില്ലായെങ്കിൽ പുതിയ എൽ. എ. ആർ. ആർ. നിയമപ്രകാരം ഭൂമിവില നിശ്ചയിച്ച് നഷ്ടപരിഹാരത്തുക പരിഷ്കരിക്കേണ്ടതാണ്. 1-1-2014-ന് മുമ്പ് ഭൂമി മുൻകൂർ ഏറ്റെടുക്കുകയോ അവാർഡ് പാസ്സാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ മുൻ നിയമപ്രകാരം നടപടി പൂർത്തിയാക്കേണ്ടതാണ്.

(ബി) ഒരു ജില്ലയിൽ പരാമവധി ഏറ്റെടുക്കേണ്ട ഭൂമിയുടെ പരിധി നിയമത്തിൽ നിശ്ചയിച്ചിട്ടില്ല.

(സി) പുതിയ നിയമം എൽ.എ. ആർ. ആർ. ആക്ട് 2013- ലെ സെക്ഷൻ 4-9 വരെ സാമൂഹിക പ്രത്യാഘാതവും പൊതു ആവശ്യവും പഠന വിലയിരുത്തൽ നടത്താൻ നിയമം നിഷ്കർഷിക്കുന്നു. എന്നാൽ ടി ആക്ടിലെ സെക്ഷൻ 40-ന്റെ പരിധിയിൽ വരുന്ന പ്രതിരോധ സംരക്ഷണം, ദേശീയ സുരക്ഷ, പാർലമെന്റ് അനുമതി തുടങ്ങിയ ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കൽ നടപടിയിൽ സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം ബാധകമല്ല.

(ഡി) 29-6-2016-ലെ ജി.ഒ.(പി) 376/2016/ആർ.ഡി., ജി.ഒ.(പി) 377/2016/ആർ.ഡി. എന്നീ സർക്കാർ ഉത്തരവുകൾപ്രകാരം 200 ആർസ് വരെയുള്ള ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്നതിനും സാമൂഹികാഘാത പഠനത്തിനു വേണ്ടി ഏജൻസിയെ പാനൽ ചെയ്യുന്നതിനും, ടി റിപ്പോർട്ട് വിലയിരുത്തലിനു വേണ്ടി വിദഗ്ദ്ധ ഗ്രൂപ്പിനെ രൂപീകരിക്കുന്നതിനും ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. 200 ആർസ് ഭൂമിയിൽ കൂടുതലുള്ള കേസ്സുകളിൽ സർക്കാർ തലത്തിലാണ് നടപടികൾ സ്വീകരിക്കുന്നത്. പൊതു ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹികാഘാത പഠനം നടത്തുന്നതിന് സംസ്ഥാന തലത്തിൽ/ ജില്ലാ തലത്തിൽ സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

2(*242) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP) നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം മേഖലയിലാണ് പരിശീലനം നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) 'അസാപ്' മുഖേന പരിശീലനം ലഭിച്ച കുട്ടികൾക്ക് ഏതെല്ലാം തൊഴിലുകളിൽ പ്രാവീണ്യം നൽകുവാനാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ.സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന് 2012-13 വർഷത്തിൽ തുടക്കം കുറിച്ചു. ഹയർ സെക്കണ്ടറി, ബിരുദതലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ തൊഴിൽക്ഷമത ഉയർത്തുക എന്നതാണ് പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യം.

(ബി) എല്ലാ അസാപ്പ് റെഗുലർ വിദ്യാർത്ഥികൾക്കും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷും ഐ.റ്റി.-യും ഉൾപ്പെട്ട ഫൗണ്ടേഷൻ കോഴ്സ് പരിശീലനം അതത് സ്ഥാപനങ്ങളിൽ നൽകുന്നു. ഇതോടൊപ്പം സ്കിൽ ഡെവലപ്മെന്റ് സെന്ററുകളിൽ കൺസ്ട്രക്ഷൻ, ഇൻഫർമേഷൻ ടെക്നോളജി (അനുബന്ധ സേവനം), ഹോസ്പിറ്റാലിറ്റി, ആരോഗ്യം ഇലക്ട്രോണിക്സ്, ലോജിസ്റ്റിക്സ്, കൃഷി, റീട്ടെയിൽ, ക്ഷീരം, ഫുഡ് പ്രോസസ്സിംഗ്, ഓട്ടോമൊബൈൽ, ബ്യൂട്ടി ആന്റ് വെൽനെസ്സ്, ആഭരണ നിർമ്മാണം, അക്കൗണ്ടിംഗ്, പ്ലംബിംഗ്, ഇലക്ട്രീഷ്യൻ, റബ്ബർ, ധനകാര്യ-ബാങ്കിംഗ് മേഖല, അനിമേഷൻ, മീഡിയ പ്രിന്റിംഗ്, ടെലികോം എന്നീ മേഖലകളിൽ നടത്തിവരുന്നു.

(സി) ഹോസ്പിഹാലിറ്റി, റീട്ടെയിൽ, ഹെൽത്ത് കെയർ, ഐ.ടി, ഐ.ടി.ഇ.എസ്സ്. ഇവന്റ് മാനേജ്മെ ന്റ്, ബിസിനസ് സർവ്വീസ് മീഡിയ ആന്റ് എന്റർറ്റെൻമെന്റ്, ബാങ്കിംഗ് ആന്റ് ഫിനാൻസ് കൺസ്ട്രക്ഷൻ, അഗ്രിക്കൾച്ചർ എന്നീ മേഖലകളിലെ തൊഴിലുകളിൽ പ്രാവീണ്യം നൽകാനാണ് വിഭവന ചെയ്തിട്ടുള്ളത് ഇപ്പോൾ അസാപ്പിൽ നൽകി വരുന്ന കോഴ്സുകളുടെ ലിസ്റ്റ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

## സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി

3(*243) ശ്രീ. കെ. രാജൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഒരു വില്ലേജ് ഓഫീസിനെ 'സ്മാർട്ട്' ആയി പ്രഖ്യാപിക്കുന്നത്; നിലവിൽ എത്ര സ്മാർട്ട് വില്ലേജ് ഓഫീസുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വില്ലേജ് ഓഫീസുകളിലെ ജോലി ഭാരം ലഘൂകരിക്കുന്നതിന് സാങ്കേതിക വിദ്യയുടെ സഹായം ഉപയോഗപ്പെടുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽനിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത്, എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. അപ്രകാരം ഇ-ഗവേണൻസ്, എം.ഗവേണൻസ് എന്നിവയുടെ സഹായത്തോടെ ജനങ്ങൾക്ക് വേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കുന്ന തരത്തിൽ വില്ലേജാഫീസിനെ സജ്ജീകരിക്കുന്ന വിധത്തിലാക്കുമ്പോഴാണ് ഒരു വില്ലേജാഫീസിനെ സ്മാർട്ടായി പ്രഖ്യാപിക്കുന്നത്. 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ഒന്ന്,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

രണ്ട്, മൂന്ന് ഘട്ടങ്ങളിലായി ആകെ 34 വില്ലേജുകൾ സ്മാർട്ട് വില്ലേജ് മാതൃകയിലാക്കാനായി നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 26 വില്ലേജുകളുടെ പണി പൂർത്തിയായിട്ടുണ്ട്. 8 വില്ലേജുകളുടെ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളിലെ ജോലിഭാരം ലഘൂകരിക്കുന്നതിന് വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ താഴെപ്പറയുന്ന ഇ ഗവേണൻസ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:

- ഇ-ഡിസ്ട്രിക്റ്റ്
- സംയോജിത ഓൺലൈൻ പോക്കുവരവ് (റെലിസ്)
- ഇ-പേമെന്റ് സിസ്റ്റം
- ആർ.ആർ. ഓൺലൈൻ

**മത്സ്യബന്ധന മേഖലയുടെ വികസനം**

4(*244) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) മത്സ്യബന്ധന മേഖലയിലെ സാമൂഹിക പ്രശ്നങ്ങളായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, മത്സ്യത്തൊഴിലാളികളുടെ സുരക്ഷ, ഡിജിറ്റൽ ഡിവൈഡ്, തീരദേശ ദാരിദ്ര്യം എന്നിവ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഇതര മേഖലയുമായി താരതമ്യം ചെയ്യുമ്പോൾ അടിസ്ഥാനസൗകര്യ വികസനത്തിൽ ഏറെ പിന്നോക്കം നിൽക്കുന്ന ഒരു മേഖലയാണ് മത്സ്യബന്ധന മേഖല. ഈ മേഖലയിൽ നടപ്പിലാക്കുന്ന വികസനപ്രവർത്തനങ്ങളെ പൊതുവെ മൂന്നായി തരം തിരിക്കാം.

(a) <u>മത്സ്യബന്ധനവും വിപണനവുമായി ബന്ധപ്പെട്ടവ :</u>

മത്സ്യബന്ധനയാനങ്ങൾ അടുപ്പിക്കുന്നതിനും പിടിച്ചെടുത്ത മത്സ്യം വിപണനം നടത്തുന്നതിനും വേണ്ടി ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ എന്നിവയും അവയെ ദേശീയ/സംസ്ഥാന പാതകളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ എന്നിവ ഉൾപ്പെട്ടതാണിത്. ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ഹാർബറുകളുടേയും ലാന്റിംഗ് സെന്ററുകളുടേയും പണി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കി പൂർണ്ണതോതിൽ അതിന്റെ പ്രയോജനം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുകയാണ് പ്രധാന ലക്ഷ്യം. സംസ്ഥാനത്തെ എല്ലാ ഹാർബറുകളേയും ലാന്റിംഗ് സെന്ററുകളേയും ബന്ധിപ്പിച്ചുകൊണ്ട് ഒരു തീരദേശ ഹൈവേയുടെ നിർമ്മാണവും മത്സ്യങ്ങളെ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തലും മാർക്കറ്റുകളുടെ നവീകരണവും ഇതിൽപ്പെടുന്നു.

(b) <u>പൊതുജനാരോഗ്യ വിദ്യാഭ്യാസ അടിസ്ഥാനസൗകര്യ വികസനം</u> :

തൊഴിൽപരമായ രോഗാവസ്ഥമൂലം ധാരാളം ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു സമൂഹമാണ് മത്സ്യത്തൊഴിലാളി സമൂഹം. ആരോഗ്യ രംഗത്ത് സ്വകാര്യ സ്ഥാപനങ്ങൾ ഏറെയാണെങ്കിലും ഏറെ മത്സ്യഗ്രാമങ്ങളിലും ആവശ്യത്തിന് ആശുപത്രികളോ സബ് സെന്ററുകളോ ഇല്ലാത്ത അവസ്ഥയാണ്. വിദ്യാഭ്യാസ മേഖലയിൽ 10 റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെയും അടിസ്ഥാനസൗകര്യം തൃപ്തികരമല്ല. തീരദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ തികച്ചും അപര്യാപ്തവുമാണ്. തീരദേശത്തെ പൊതുജനാരോഗ്യ വിദ്യാഭ്യാസ അടിസ്ഥാനസൗകര്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു സമഗ്ര പദ്ധതിയാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ആദ്യഘട്ടമായി 2016-17 വർഷത്തിൽ മാട്ടൂർ കടപ്പുറം, കുറിയാടി എന്നിവിടങ്ങളിൽ പുതിയ ആരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണവും ആറാട്ടുപുഴ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ലബോറട്ടറി, ഫാർമസി സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഇതിനുപുറമേ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിലെ ചമ്പാവ് ഫിഷർമെൻ കോളനിയിൽ ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തലും മേഖലാ റസിഡൻഷ്യൽ സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും

21.93 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കളിസ്ഥലമില്ലാതെ 50 സ്കൂളുകളിലും 5 തീരദേശ പഞ്ചായത്തുകളിലും കളിസ്ഥലം ഒരുക്കുന്നതിനും 40 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സും ആരംഭിക്കുന്നതിനും സ്കൂളുകളിൽ ഉച്ചഭക്ഷണപുര നവീകരിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(c) മത്സ്യത്തൊഴിലാളി വ്യക്തിഗത അടിസ്ഥാനസൗകര്യ വികസനം:

മത്സ്യബന്ധനോപകരണങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നാണ് പഠനങ്ങൾ കാണിക്കുന്നത്. കടൽമത്സ്യം പൊതു സ്വത്തായതു കൊണ്ടും കടലിൽ എല്ലാപേർക്കും തുറന്ന പ്രവേശനാവകാശമുള്ളതുകൊണ്ടും എല്ലാപേർക്കും മൂലധന നിക്ഷേപാവകാശവുമുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ ഈ മേഖലയിൽനിന്നും പുറന്തള്ളപ്പെടുന്നു. ഇതു മൂലം അവരുടെ പ്രതിശീർഷ വരുമാനത്തിൽ കുറവും അതിലൂടെ ദരിദ്രവൽക്കരിക്കകയും ചെയ്യപ്പെടുന്നു. ഈ അവസ്ഥയിൽനിന്ന് അവരെ കരകയറ്റുന്നതിനായി ഭവന നിർമ്മാണം, ഭൂരഹിത മത്സ്യ തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിന് വസ്തു വാങ്ങൽ, ഭവന പുനരുദ്ധാരണം, ഭവന പുനർവൈദ്യുതീകരണം, കോളനി നവീകരണം അടക്കമുള്ള ധാരാളം പദ്ധതികൾ നടപ്പാക്കുന്നു. ഇതിനായി 132.975 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യമാക്കിയിട്ടുള്ള വിവിധ പദ്ധതികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു. സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, നബാർഡിന്റെ സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി, 13-ാം ധനകാര്യ കമ്മീഷൻ ധനസഹായത്തോടെ മാതൃകാ മത്സ്യഗ്രാമം പദ്ധതി, എൻ.എഫ്.ഡി.ബി. സഹായത്തോടെ ആധുനിക മത്സ്യ മാർക്കറ്റുകൾ നിർമ്മാണം, ബേസിക് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് ആന്റ് ഹ്യൂമൺ ഡെവലപ്മെന്റ് ഓഫ് ഫിഷർഫോക്ക് തുടങ്ങിയ ഏകദേശം 670 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

(ബി) ഉണ്ട്. മത്സ്യബന്ധന മേഖലയിലെ ഒരു പ്രധാന സാമൂഹിക പ്രശ്നമായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത സംബന്ധിച്ച് കേരളത്തിലെ കടലോര മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് വിശദമായ ഒരു പഠനം NIRD ഹൈദരാബാദ് മുഖേന 2010 സാമ്പത്തിക വർഷത്തിൽ നടത്തിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് കൂടി അടിസ്ഥാനമാക്കിയാണ് തീരദേശ മേഖലയുടെ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ തുടർവർഷങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. കുടിവെള്ളം, വൈദ്യുതി, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹിക അടിസ്ഥാനസൗകര്യ വികസനം, മത്സ്യമേഖലാ അടിസ്ഥാനസൗകര്യ വികസനം, ശുചിത്വ പരിപാലനം, ഭവന നിർമ്മാണം തുടങ്ങിയ മേഖലകൾ പഠനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങളായ ഹാർബറുകളുടെയും ലാന്റിംഗ് സെന്ററുകളുടെയും നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി 73 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങൽ, കോളനി നവീകരണം, മത്സ്യത്തൊഴിലാളികൾക്ക് പുതിയ തൊഴിൽ സംരഭം ആരംഭിക്കൽ, തീരദേശത്തെ ആരോഗ്യ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ എന്നിവയ്ക്കായി 184.60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾവഴി നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് 6 കോടി രൂപയും മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ഇൻഷ്വറൻസ് പദ്ധതിക്ക് 6.36 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ നബാർഡിന്റെ ധനസഹായത്തോടെ ആർ.ഐ.ഡി.എഫ്. പദ്ധതികളും നടപ്പാക്കി വരുന്നു.

**സംയുക്ത റെയിൽവേ വികസന കരാർ**

5(*245) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. വി. ജോയി :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേയുമായി ചേർന്നുള്ള സംയുക്ത റെയിൽവേ വികസന കരാറിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കരാർ പ്രകാരം ഏതൊക്കെ പദ്ധതികൾ ഏറ്റെടുത്തു നടത്താൻ ഉദ്ദേശിക്കുന്നു;

(സി) റെയിൽവേ മുടക്കുന്ന മുതലിന് പുറമെയുള്ള തുക ഏതു തരത്തിൽ കണ്ടെത്തണമെന്നാണ് വ്യവസ്ഥ; പ്രസ്തുത തുക നിക്ഷേപകർക്ക് മടക്കി നൽകേണ്ട ബാധ്യത സംയുക്ത സംരംഭക കമ്പനിക്കാണോ; വിശദമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സംസ്ഥാന സർക്കാരും ഇന്ത്യൻ റെയിൽവേയും ചേർന്ന് 51:49 എന്ന അനുപാതത്തിൽ, ഓഹരിപങ്കാളിത്തത്തോടെ രൂപീകരിക്കുന്ന സംയുക്ത സംരംഭത്തിന്റെ മെമ്മോറാണ്ടം ഓഫ് അണ്ടർ സ്റ്റാന്റിംഗ് 23-12-2015-ലെ സ.ഉ.(എംഎസ്.) 80/2015 ഗതാ, 13-1-2016-ലെ സ.ഉ. (എംഎസ്.) 2/2016/ഗതാ എന്നിവയുടെ അടിസ്ഥാനത്തിൽ 27-1-2016-ൽ ഒപ്പുവച്ചു. സ.ഉ. (എംഎസ്.) നമ്പർ 52/ 2016/ഗതാ. തീയതി 5-8-2016, സ.ഉ.(എംഎസ്.) നമ്പർ 57/2016/ഗതാ. തീയതി 1-9-2016 എന്നീ ഉത്തരവുകൾ പ്രകാരം റെയിൽവേ അടിസ്ഥാനസൗകര്യ വികസനത്തിനുള്ള സംയുക്ത സംരംഭ കരാർ സംസ്ഥാന സർക്കാരും കേന്ദ്ര റെയിൽ മന്ത്രാലയവുമായി 2016 സെപ്തംബർ ഒന്നിന് ഡൽഹിയിൽ വച്ച് ഒപ്പു വച്ചു.

- സംയുക്ത സംരംഭക കമ്പനിയുടെ (JVC) ആരംഭ മൂലധനം 100 കോടി രൂപയാണ്. എന്നിരുന്നാലും ഏറ്റെടുക്കുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ ഓഹരിയും ഓഹരി മൂലധനവും റെയിൽ മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും അനുവാദത്തോടെ ഉയർത്താവുന്നതാണ്.

- സംയുക്ത സംരംഭക കമ്പനിക്ക് പ്രോജക്ടുകൾ കണ്ടെത്തുന്നതിന്റെ അടിസ്ഥാനത്തിൽ സർവ്വേകൾ, വിശദ പഠന റിപ്പോർട്ട് തയ്യാറാക്കൽ, പദ്ധതിക്കാവശ്യമായ അംഗീകാരങ്ങൾ, എന്നിവ കരസ്ഥമാക്കുന്നതിനോടൊപ്പം അംഗീകൃത പ്രോജക്ടുകൾ നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്. അംഗീകരിക്കപ്പെട്ട പ്രോജക്ടുകൾക്ക് ഭൂമി ഏറ്റെടുക്കൽ സംസ്ഥാന സർക്കാരും പ്രോജക്ട് നടപ്പിലാക്കൽ സോണൽ റെയിൽവേയോ ഏതെങ്കിലും റെയിൽവേ പൊതുമേഖലാസ്ഥാപനമോ അതുമല്ലെങ്കിൽ സംയുക്ത സംരംഭക കമ്പനി (JVC)/പദ്ധതി അധിഷ്ഠിത പ്രത്യേക ദൗത്യ വിഭാഗം (SPV) റെയിൽ മന്ത്രാലയവുമായുള്ള ചർച്ചയിലൂടെയോ നടപ്പിലാക്കുന്നതാണ്.

- സംയുക്ത സംരംഭക കമ്പനിക്ക് (JVC) ഇതര ഓഹരി ഉടമകളായ ബാങ്കുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തുറമുഖങ്ങൾ മുതലായവയുടെ സഹകരണത്തോടെ പ്രത്യേക ദൗത്യവിഭാഗം പദ്ധതി നടപ്പിലാക്കുവാനായി രൂപീകരിക്കാവുന്നതാണ്.

- പദ്ധതി അധിഷ്ഠിത പ്രത്യേക ദൗത്യ വിഭാഗം (SPV) റെയിൽവേ മന്ത്രാലയുമായി മുപ്പത് വർഷത്തേയ്ക്ക് കൺസഷൻ എഗ്രിമെന്റ് ഒപ്പിടണം. പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്ന ഭൂമിയുടെ അവകാശം പ്രത്യേക ദൗത്യ വിഭാഗ (SPV)-ത്തിനാണ്. വിജയപ്രദമായ പദ്ധതികളുടെ ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള ചെലവും പ്രത്യേക ദൗത്യ വിഭാഗത്തിൽനിന്നും ലഭ്യമാക്കേണ്ടതുണ്ട്. പദ്ധതിയുടെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ഇന്ത്യൻ റെയിൽവേയുടെ ഉത്തരവാദിത്വവും അത് പ്രത്യേക ദൗത്യ വിഭാഗത്തിൽനിന്നും ഈടാക്കുന്നതുമാണ്.

- കൺസഷൻ എഗ്രിമെന്റ് തീരുന്ന മുപ്പതു വർഷത്തിനുശേഷമോ പരസ്പരം യോജിച്ചുകൊണ്ട് കൺസഷൻ അവസാനിപ്പിക്കുന്ന സമയത്തോ ആസ്തികൾ റെയിൽവേയ്ക്ക് ഏറ്റെടുക്കാനുള്ള അവകാശമുണ്ട്. റെയിൽവേ, ആസ്തികൾ ഏറ്റെടുക്കാൻ തീരുമാനിക്കുമ്പോൾ ഭൂമിയുടെ വില ഭൂമി ഏറ്റെടുത്ത കാലത്ത് നിലവിലുള്ളതേ പരിഗണിക്കൂ. എന്നാൽ ഇത് പദ്ധതിയുടെ (പ്രത്യേക ദൗത്യ വിഭാഗത്തിന്റെ) ബാധ്യതകൾ ഏറ്റെടുക്കുന്നതിന് ബാധകമായിരിക്കില്ല.

(ബി) പ്രസ്തുത കരാർ പ്രകാരം കേരള സർക്കാർ സംയുക്ത സംരംഭ കമ്പനി വഴി ഏറ്റെടുത്തു നടത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ പട്ടിക താഴെ പറയും പ്രകാരമാണ്:

1. തിരുവനന്തപുരം - ചെങ്ങന്നൂർ സബർബൻ റയിൽ പദ്ധതി
2. അങ്കമാലി - ശബരി റയിൽവേ ലൈൻ
3. നിലമ്പൂർ - നഞ്ചങ്കോട് റെയിൽവേ ലൈൻ
4. ഗുരുവായൂർ - തിരുനാവായ ലൈൻ
5. കൊച്ചി - മധുര ലൈൻ
6. CIAL – ലേയ്ക്കുള്ള റെയിൽ കണ്ടെയ്നർ ട്രാക്ക്
7. പാലക്കാട് കോച്ച് ഫാക്ടറി
8. തലശ്ശേരി - മൈസൂർ ലൈൻ

(സി) സംയുക്ത സംരംഭക കമ്പനി മുടക്കുന്ന മുതലിന് പുറമെയുള്ള തുക ബാങ്കുകൾ, അന്താരാഷ്ട്ര ഏജൻസികൾ; സാമ്പത്തിക സ്ഥാപനങ്ങൾ ഇതര സ്റ്റോക്ക് ഹോൾഡേഴ്സ് തുടങ്ങിയവയിൽനിന്ന് സമാഹരിക്കും. ഇതുസംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്വം സംയുക്ത സംരംഭക കമ്പനിക്കാണ്.

## യൂണിഫോം വിതരണം

6(*246) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് യൂണിഫോമിന് പണം നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എത്ര രൂപ വീതമാണ് വിദ്യാർത്ഥികൾക്ക് പ്രതിവർഷം നൽകാൻ ഉദ്ദേശിക്കുന്നത്, ഇതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) എ.പി.എൽ. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും, ബി.പി.എൽ. വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്കും ഒരേ നിരക്കാണോ ഉദ്ദേശിക്കുന്നത്; ഒരേ നിരക്കെങ്കിൽ ബി.പി.എൽ. വിഭാഗങ്ങൾക്ക് ഉയർന്ന നിരക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് യൂണിഫോമിന് കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്.

(ബി) ഒരു കുട്ടിക്ക് ഒരു വർഷം 400 രൂപ നിരക്കിലാണ് യൂണിഫോമിനായി തുക അനുവദിക്കുന്നത്. ഈ വർഷത്തെ ബഡ്ജറ്റിൽ 2016-17 അദ്ധ്യയന വർഷത്തേയ്ക്കുള്ള തുക വകയിരുത്തിയിട്ടില്ല. എന്നാൽ 22-9-2016-ലെ സ.ഉ.160/2016/പൊ.വി.വ. പ്രകാരം 71,71,71,600 രൂപ ഇതിനായി അനുവദിച്ചുകൊണ്ട് ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. ആയതിനെ തുടർന്ന് അധിക ധനാഭ്യർത്ഥന മുഖേനെ തുക അനുവദിച്ചുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അതെ. നിലവിൽ 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും APL/BPL വ്യത്യാസമില്ലാതെ സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ബി.പി.എൽ. വിഭാഗങ്ങൾക്ക് ഉയർന്ന നിരക്ക് ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**വെള്ളത്തിൽ വീണുള്ള അപകടങ്ങൾ**

7(*247) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. കെ. എം. ഷാജി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളത്തിൽ വീണുള്ള അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതിൽ ഉൾപ്പെടുന്നത് ഏറെയും ചെറുപ്പക്കാരും വിദ്യാർത്ഥികളുമാണെന്ന ഗൗരവമേറിയ കാര്യം ശ്രദ്ധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ അതിനിടയാക്കുന്ന സാഹചര്യങ്ങളെക്കുറിച്ച് പഠനമെന്തെങ്കിലും നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ദുരന്തങ്ങളുടെ പട്ടികയിൽപ്പെടുന്ന ഈ പ്രശ്നം വിശദമായി പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും അത് ശുഷ്കാന്തിയോടെ നടപ്പാക്കുന്നതിനും പ്രാധാന്യം നൽകുമോയെന്ന് വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ശ്രദ്ധിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ പ്രസ്തുത വിഷയം പ്രതിപാദിക്കുകയും ദുരന്ത തയ്യാറെടുപ്പ് പ്രവർത്തനങ്ങൾക്കും ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾക്കും കായികയുവജനക്ഷേമ വകുപ്പിനെയും വിനോദ സഞ്ചാര വകുപ്പിനെയും ദുരന്ത പ്രതികരണത്തിന് അഗ്നിശമന സേനയെയും ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത പ്രവർത്തനങ്ങൾക്കാവശ്യമായ വകുപ്പുതല ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കാനാവശ്യമായ മാർഗ്ഗനിർദ്ദേശവും സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ നൽകിയിട്ടുണ്ട്.

(ബി) പ്രാദേശികമായതലത്തിൽ ജലക്രീഡകളിൽ ഏർപ്പെടുമ്പോൾ പാലിക്കേണ്ടുന്ന സാമാന്യ സുരക്ഷാ നടപടികൾ പാലിക്കപ്പെടാത്തതാണ് ഇത്തരം അപകടങ്ങൾ വരുത്തിവയ്ക്കുന്നത്. കുട്ടികളെ ജലക്രീഡകൾക്ക് അനുവദിക്കുമ്പോൾ പക്വമതികളുടെ മേൽനോട്ടം ഉണ്ടാകണം എന്ന സാമാന്യ ബോധവും സ്വ-സുരക്ഷാ (personal safety)ബോധവും കുറയുന്നതായി ഇത്തരം അപകടങ്ങളിൽനിന്നും മനസ്സിലാകുന്നു. യുവാക്കൾ സംഘംചേർന്ന് ജലക്രീഡകളിൽ ഏർപ്പെടുമ്പോൾ സംഘബോധത്തിൽ (mass ecstasy) നിന്നും ഉരുത്തിരിയുന്ന ഒരു മിഥ്യയായ സുരക്ഷാബോധം (pseudo safety feeling) അപകടകരമായ പ്രവണതകളിലേയ്ക്ക് അവരെ നയിക്കുന്നതായി മനഃശാസ്ത്ര പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. സ്വ-സുരക്ഷാ ബോധം സാമൂഹികമായി വളർത്തുക എന്നതാണ് ഇതിനുള്ള പരിഹാരം.

(സി) വെള്ളത്തിൽ വീണുള്ള അപകടങ്ങളിൽ ഉൾപ്പെടുന്നത് കൂടുതലും ചെറുപ്പക്കാരും വിദ്യാർത്ഥികളുമായതിനാൽ ഈ വിഷയത്തിൽ അതീവശ്രദ്ധ പുലർത്തുന്നുണ്ട്. അപകടകരമായ സ്ഥലങ്ങളിൽ കൂടുതൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിനും സെക്യൂരിറ്റി ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മുങ്ങിമരണങ്ങൾ ലഘൂകരിക്കുന്നതിന് സ്കൂൾ തലത്തിൽ ബോധവത്കരണം നടത്തുന്നതിനായി ലഘുലേഖകളും മറ്റും സ്കൂൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് ജില്ലാഭരണകൂടം നടത്തുന്ന പരിശീലന പരിപാടികളിലും മുങ്ങിമരണം തടയുന്നത് സംബന്ധിച്ച് ക്ലാസ്സുകൾ നൽകാറുണ്ട്.

**തീരദേശ ഹൈവേ വികസനം**

8(*248) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹന ബാഹുല്യവും നിലവിലെ റോഡുകളുടെ അപര്യാപ്തതകളും കണക്കിലെടുത്ത് തീരദേശ ഹൈവേ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ പല സ്ഥലങ്ങളിലും തീരദേശ ഹൈവേയുടെ വീതി അനുവദനീയമായതിലും കുറവാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) തീരദേശ മേഖലയിലുണ്ടാകുന്ന പുരോഗതിയും വിനോദസഞ്ചാര മേഖലയ്ക്ക് ലഭ്യമാകുന്ന ഉണർവ്വും കണക്കിലെടുത്ത് തീരദേശപാതയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ&ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനബാഹുല്യവും നിലവിലെ റോഡുകളുടെ അപര്യാപ്തകളും കണക്കിലെടുത്ത് തീരദേശ പാത വികസിപ്പിക്കുന്നതിനായുള്ള പഠനം നടത്തുന്നതിന് NATPAC-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം മുതൽ വൈപ്പിൻ വരെയും വെങ്ങളം മുതൽ മഞ്ചേരം വരെയുമുള്ള തീരദേശ പാതയുമായി ബന്ധപ്പെട്ട് NATPAC നടത്തി വരുന്ന പഠനത്തിനുശേഷം മാത്രമേ റോഡിന്റെ വീതി സംബന്ധിച്ച വിഷയത്തിൽ അന്തിമ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. ഏതായാലും പലയിടങ്ങളിലും വീതി കൂട്ടേണ്ടിവരും.

(സി) തീരദേശ മേഖലയിലുണ്ടാകുന്ന പുരോഗതിയും മറ്റും കണക്കിലെടുത്ത് പ്രസ്തുത ഹൈവേ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ വൈപ്പിൻ തുടങ്ങി കോഴിക്കോട് ജില്ലയിലെ വെങ്ങളം വരെയുള്ള ഏകദേശം 209 കി.മീ. പാത, ഭാരത സർക്കാരിന്റെ ഭാരതമാല പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ പാത വൈപ്പിൻ-മുനമ്പം-അഴിക്കോട്-കുരിക്കുഴി-പൊന്നാനി അഴിമുഖം - ഈശ്വരമംഗലം - ചീരാൻ കടപ്പുറം - കോഴിക്കോട് ബീച്ച് റോഡ് വഴി വെങ്ങളത്ത് അവസാനിക്കും. ഇതിന്റെ ഭാഗമായി വരുന്ന പൊന്നാനി മുതൽ കോഴിക്കോട് വരെയുള്ള 56.49 കി.മീ. ദൈർഘ്യം വരുന്ന ടിപ്പുസുൽത്താൻ റോഡ് വീതികൂട്ടി വികസിപ്പിക്കുന്നതിനായി 1326 കോടി രൂപയുടെ എസ്റ്റിമേറ്റിൽ ആശാൻപടി മുതൽ ചീരാൻ കടപ്പുറം വരെയുള്ള 9.4 കി.മീ. വികസിപ്പിക്കാൻ 117.62 കോടി രൂപയ്ക്ക് 12-3-2013-ലെ സ.ഉ.(സാധാ) നമ്പർ 348/2013/പൊ.മ.വ പ്രകാരം അനുമതി നൽകിയിട്ടുള്ളതും ഇതിൽ ആശാൻപടി മുതൽ പറവണ്ണ വരെയുള്ള 4.5 കി.മീ പ്രവൃത്തി ആർ.ബി.ഡി.സി.കെ. 2014 സെപ്റ്റംബറിൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. തീരദേശ ഹൈവേ എത്രയുംവേഗം നടപ്പിലാക്കുന്നതിനും അതിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കുമായി ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറെ കൺവീനറും പൊതുമരാമത്ത് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനുമായി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ പുരോഗമിച്ചു വരുന്നു. പുതിയ സർക്കാരിന് മുൻഗണനാ പ്രാധാന്യമുള്ള പദ്ധതിയാണിത്.

**സമ്പാദ്യ സമാശ്വാസ പദ്ധതി**

9(*249) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം; വിശദീകരിക്കുമോ;

(സി) എത്ര തുകയാണ് പ്രസ്തുത പദ്ധതിയനുസരിച്ച് ധനസഹായമായി നൽകുന്നത്;

(ഡി) സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും പഞ്ഞമാസ കാലയളവിൽ തൊഴിൽനഷ്ടംമൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും 50% കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പാദ്യ സമാശ്വാസ പദ്ധതി ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്നു. ഓരോ വർഷവും ആഗസ്റ്റ് മാസം മുതൽ ഏപ്രിൽ മാസം വരെയുള്ള 9 മാസങ്ങളിലായി ഓരോ മത്സ്യത്തൊഴിലാളിയിൽനിന്ന് പ്രതിമാസം 100 രൂപ വീതം ആകെ 900 രൂപ ശേഖരിച്ച് ബാങ്കിലടയ്ക്കുകയും സംസ്ഥാന വിഹിതവും കേന്ദ്രവിഹിതവും യഥാക്രമം 900 രൂപ വീതവും ചേർന്ന് ആകെ 2,700 രൂപ മൂന്ന് തവണകളിലായി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നു. 2012 മുതൽ നോഡൽ ബാങ്കുകൾ മുഖേന ഡി.ബി.റ്റി.-യിലൂടെ മത്സ്യ തൊഴിലാളികൾക്ക് തുക നൽകുന്നു.

(സി) 2015-16 വർഷം വരെ ഗുണഭോക്തൃ വിഹിതമായി 900 രൂപയും സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും യഥാക്രമം 900 രൂപ വീതവും ചേർന്ന് ആകെ 2,700 രൂപ മൂന്ന് തവണകളിലായി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നു.

(ഡി) 2016-17 സാമ്പത്തിക വർഷംമുതൽ നിലവിലുള്ള പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം 1,500 രൂപയായി വർദ്ധിപ്പിക്കുകയും അതേ ക്രമത്തിൽ സംസ്ഥാന-കേന്ദ്ര വിഹിതങ്ങളും ലഭ്യമാക്കി അനുകൂല്യം 4,500 രൂപയായി വർദ്ധിപ്പിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനായുള്ള പ്രോജക്ട് സർക്കാർ പരിശോധിച്ചുവരുന്നു.

## പബ്ലിക് ഓഫീസുകളിൽ സ്ത്രീസൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ

10(*250) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് ഓഫീസുകളിൽ സ്ത്രീസൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മിക്ക പബ്ലിക് ഓഫീസുകളിലും സ്ത്രീകൾക്കായുള്ള പ്രത്യേക ടോയ്ലെറ്റ് സൗകര്യങ്ങളുടെ അപര്യാപ്തത കണക്കിലെടുത്ത് ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ&ബി) പബ്ലിക് ഓഫീസുകളിൽ സ്ത്രീസൗഹൃദ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ജില്ല, താലൂക്ക്, വില്ലേജ് ഹെഡ് ക്വാർട്ടേഴ്സുകളിൽ കൂടുതൽ സ്ത്രീ സൗഹൃദ ടോയ്‌ലറ്റുകൾ നിർമ്മിക്കേണ്ടതുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിലെ തുക ഉപയോഗിച്ച് 20 ഇ-ടോയ്‌ലറ്റ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. കൂടാതെ കോട്ടയം മെഡിക്കൽ കോളേജിൽ ജൻഡർ ബഡ്ജറ്റിംഗ് വഴി ഏറ്റെടുത്ത പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.* നടപ്പ് സാമ്പത്തിക വർഷത്തിൽ 247.12 ലക്ഷം രൂപ പബ്ലിക് ഓഫീസുകളിൽ സ്ത്രീസൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് പബ്ലിക് ഓഫീസുകളിൽ സ്ത്രീസൗഹൃദ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്.

**എയ്ഡഡ് സ്കൂളുകളുടെ ഉടമസ്ഥാവകാശം**

11(*251) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. പി. വി. അൻവർ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ അനുമതിയില്ലാതെ എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾ സ്കൂളുകൾ സ്വമേധയാ അടച്ചുപൂട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം സ്കൂളുകളുടെ ഉടമസ്ഥാവകാശം വ്യാപകമായി കൈമാറ്റം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും വ്യവസ്ഥകൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലെ നിയമമനുസരിച്ച് എയ്ഡഡ് സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമില്ല. കേരള വിദ്യാഭ്യാസ ആക്റ്റ് 1958 സെക്ഷൻ 7(6) [കെ.ഇ.ആർ. അദ്ധ്യായം v റൂൾ 24] പ്രകാരം ഒരു അദ്ധ്യയന വർഷം ആരംഭിക്കുന്നതിനും ഒരു വർഷംമുമ്പ് അതായത്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നോട്ടീസിന്റെ കാലാവധി മേയ് 31-ന് അവസാനിക്കുംവിധം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സ്കൂൾ അടച്ചുപൂട്ടുന്നതിന് മാനേജ്മെന്റ് നോട്ടീസ് നൽകേണ്ടതാണ്. പൊതു വിദ്യാഭ്യാസ ഡയറക്ടർ നോട്ടീസിൽ പറഞ്ഞിരിക്കുന്ന കാരണങ്ങളുടെ വിവിധവശങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾ വിവിധ കാരണങ്ങളാൽ സ്കൂളുകൾ അടച്ചുപൂട്ടുന്നതിലേക്ക് നീങ്ങുന്ന ഒരു പ്രവണതയും കെ.ഇ.ആർ. ചട്ടം മറയാക്കി സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് കോടതിയിൽനിന്ന് അനുകൂല വിധി നേടിയെടുക്കുന്നതും ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ കേരള വിദ്യാഭ്യാസ ആക്റ്റ് 1958 സെക്ഷൻ 7(6)-ൽ സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വേണമെന്ന് നിഷ്കർഷിക്കുന്ന ഭേദഗതി കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 1959-ലെ കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം III 5A പ്രകാരം എയ്ഡഡ് സ്കൂളുകളുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതിന് വ്യവസ്ഥ നിലവിലുണ്ട്.

**റീ-സർവ്വേ നടപടികൾ**

12(*252) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ റീ-സർവ്വേ മുൻ സർക്കാർ നിർത്തിവച്ചതിന്റെ കാരണം വിശദമാക്കുമോ; ഇതുമൂലം ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള കഷ്ടനഷ്ടങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് റീ-സർവ്വേ നടപടികൾ പുനരാരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(സി) റീ-സർവ്വേ നടപടികൾ പൂർത്തിയായ വില്ലേജുകളിൽ നിന്ന് ലഭിച്ച പരാതികൾ/അപേക്ഷകൾ സമയബന്ധിതമായി പരിഹരിക്കാൻ തയ്യാറാകുമോ;

(ഡി) എത്ര വില്ലേജുകളിലെ ഭൂരേഖകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയായിട്ടുണ്ടെന്നും ഇ-രേഖാ സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിൽ എത്ര വില്ലേജുകളിലെ രേഖകൾ ജനങ്ങൾക്ക് ലഭ്യമാകുമെന്നും വിശദമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) റീ-സർവ്വേ പൂർത്തിയാക്കിയ വില്ലേജുകളിലെല്ലാംതന്നെ ആയിരക്കണക്കിന് പരാതികളും ഹർജികളും ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇനിയും റീസർവ്വേ നടത്തുവാനുള്ള പ്രദേശങ്ങളിൽ സർക്കാർ ഭൂമിമാത്രം റീസർവ്വേ ചെയ്ത് തിട്ടപ്പെടുത്തിയാൽ മതിയെന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്കുമാത്രം സ്വകാര്യ വ്യക്തികളുടെ ഭൂമിയുടെ റീ-സർവ്വേ നടത്താവുന്നതാണെന്നും തീരുമാനിച്ച് മുൻ സർക്കാർ 31-10-2012-ൽ GO (MS) 409/2012/RD നമ്പർ ഉത്തരവ് പുറപ്പെടുവിച്ച് റീ-സർവ്വേ പ്രവർത്തനം നിർത്തിവച്ചു. റീ-സർവ്വേ നിർത്തിവച്ചതുകാരണം ജനങ്ങൾക്ക് കഷ്ടനഷ്ടങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) റീ-സർവ്വേ നടപടികൾ പുനരാരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) റീ-സർവ്വേ നടപടികൾ പൂർത്തിയാക്കിയ വില്ലേജുകളിൽനിന്ന് ലഭിച്ച പരാതികൾ സമയ ബന്ധിതമായി പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 750 വില്ലേജുകളിൽ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഇതിനകം ഡിജിറ്റൈസ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. 557 വില്ലേജുകളിലെ ഡിജിറ്റൈസേഷൻ നടപടികൾ പുരോഗമിക്കുന്നു. കേരള ലാൻഡ് ഇൻഫർമേഷൻ മിഷന്റെ കീഴിൽ ജില്ലാ ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിച്ചതിനുശേഷം 2016 ജനുവരി മുതൽ വിവിധ ജില്ലകളിലായി 126 വില്ലേജുകളിലെ ഭൂരേഖകൾ ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ഇ-രേഖ സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിൽ 551 വില്ലേജുകളുടെ ഭൂരേഖകൾ ഓൺലൈൻ മുഖാന്തിരം പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. www.erekha.kerala.gov.in എന്ന വെബ് പോർട്ടൽ മുഖാന്തരം ഓൺലൈനായി പണമടച്ച് റിക്കാർഡുകൾ ലഭ്യമാക്കാവുന്നതുമാണ്.

## റോഡുകളുടെ പുനർനിർമ്മാണം

13(*253) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ പുനർനിർമ്മാണത്തിനായി ഏതെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ദൈർഘ്യം വരെയുള്ള റോഡുകളാണ് ഇപ്രകാരം പുനർനിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇപ്രകാരമുള്ള പുനർനിർമ്മാണത്തിന് മതിപ്പ് ചെലവ് എത്ര വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; പ്രസ്തുത തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അടിയന്തര അറ്റകുറ്റപ്പണികൾക്ക് വിധേയമാക്കേണ്ട റോഡുകളുടെ മെയിന്റനൻസ് വർക്കുകൾ ഉടനടി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഉണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ റോഡുകളുടെ പുനർനിർമ്മാണത്തിനായി പഠനം നടത്തുകയും അത് പ്രകാരം സംസ്ഥാനത്ത് 2100 കി.മീ. ദൈർഘ്യമുള്ള റോഡുകൾക്ക് അത്യാവശ്യ പുനർനിർമ്മാണം ആവശ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്. ദേശീയപാതകളുടെ സമഗ്രമായ വികസനത്തിനായി കേന്ദ്ര മന്ത്രാലയം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതുപ്രകാരം എൻ എച്ച് 17-ഉം എൻ.എച്ച്. 47-ഉം സർവ്വീസ് റോഡോടുകൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തരം സ്ഥലമെടുപ്പും മറ്റ് നടപടികളും പുരോഗമിച്ചുവരുന്നു. മറ്റുള്ള എല്ലാ ദേശീയപാതകളും പേവ്ഡ് ഷോൾഡറോടുകൂടി 2 വരിപ്പാതയായി വികസിപ്പിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിനുള്ള പദ്ധതി രൂപരേഖകൾ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് വഴി തയ്യാറാക്കി വരുന്നു. കെ. എസ്. ടി. പി.-യിൽ ഉൾപ്പെടുത്തി 363 കി.മീ. ദൈർഘ്യമുള്ള സംസ്ഥാന പാത പുനർനിർമ്മിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിലെ റോഡുകളുടെ സമഗ്രവികസനം ലക്ഷ്യമിട്ടിട്ടുള്ള നഗരറോഡ് വികസന പദ്ധതികൾ കെ.ആർ.എഫ്.ബി.-യുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്നു. അതുപ്രകാരം കോഴിക്കോട് നഗരത്തിലെ 22.251 കി.മീ റോഡുകളുടെ പുനർനിർമ്മാണം നടന്നുവരുന്നു. കൂടാതെ കണ്ണൂർ നഗരറോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 47.79 കി.മീ. ദൈർഘ്യമുള്ള 12 കോറിഡോറുകൾ പുനർ നിർമ്മിക്കുന്നതിനും ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ വല്ലാർപാടം-കോഴിക്കോട് തീരദേശപാതയുടെ ഭാഗമായി പൊന്നാനി - കോഴിക്കോട് സെഗ്മെന്റിൽ പറവണ്ണ മുതൽ ചീരാൻ കടപ്പുറം (5 കി.മീ.) പണിപൂർത്തിയാക്കി. ചീരാൻ കടപ്പുറം മുതൽ - ഒട്ടുംപുറം വരെ (6.50 കി.മീ) ആശാൻപടി മുതർ ട്രാൻസ്ഫോർമർ റോഡ് വരെ (2.50 കി.മീ.) അടക്കം 14 കി.മീ. റോഡ് പുനർനിർമ്മിക്കുന്നതിന് പദ്ധതിയുണ്ട്. കൂടാതെ എയർപോർട്ട് - സീപോർട്ട് റോഡിന്റെ ഭാരതമാതാ കോളേജ് മുതൽ ഇരുമ്പനംവരെ 8.8 കി.മീ. റോഡ് പുനർനിർമ്മിക്കുന്നതിനുള്ള പദ്ധതി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈ റോഡിന്റെ എച്ച്.എം.ടി. മുതൽ എൻ.എ.ഡി.- വരെയുള്ള 2.4 കി.മീ. റോഡിന്റെ പുനർനിർമ്മാണം പൂർത്തിയായി.

സംസ്ഥാനത്തെ സ്റ്റേറ്റ് ഹൈവേകളിലും മേജർ ജില്ലാ റോഡുകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 1100 കി.മീ. റോഡുകളുടെ സമഗ്ര വികസനത്തിനായി രൂപീകരിച്ച "സംസ്ഥാന റോഡു വികസന പദ്ധതി" (SRIP)യാണ് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി നടപ്പിൽ വരുത്തുന്നത്. " റീഹാബിലിറ്റേഷൻ", "അപ്ഗ്രഡേഷൻ" എന്നീ രണ്ടു വിഭാഗങ്ങളിലായിട്ടാണ് റോഡുകളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതിയുടെ റീഹാബിലിറ്റേഷൻ പാക്കേജിൻ കീഴിൽ ഒരു പൈലറ്റ് പ്രോജക്റ്റായി 83 കി.മീ. ദൈർഘ്യംവരുന്ന 4 റോഡുകളുടെ (2 പാക്കേജുകളിലായി പാക്കേജ്- 'എ'യും (കാസർഗോഡ് ജില്ല), പാക്കേജ്-'ബി'-യും (കോട്ടയം, തിരുവനന്തപുരം ജില്ല)) വികസനം പൊതു-സ്വകാര്യ പങ്കാളിത്ത (പി.പി.പി.-ആന്വിറ്റി) രീതിയിൽ നടത്തുന്നതിന് സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ കരാർനൽകി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിരത്തു വിഭാഗത്തിൻകീഴിൽ ഏകദേശം 2,800 കോടി രൂപ മതിപ്പുചെലവ് വരുന്നുണ്ട്. ദേശീയപാത വിഭാഗത്തിൽ മതിപ്പുചെലവിനായുള്ള രൂപരേഖ പൂർത്തിയാക്കിയിട്ടില്ല. 2,403 കോടി രൂപയാണ് കെ.എസ്.ടി.പി.-യുടെ അടങ്കൽ. ഇതിൽ 216 മില്യൻ യു.എസ്. ഡോളർ (1,166 കോടി രൂപ) ലോകബാങ്ക് സഹായമായും ബാക്കി തുക സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. കോഴിക്കോട് നഗരറോഡ് വികസന പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ പുനർനിർമ്മാണത്തിന്റെ മതിപ്പ് ചെലവ് 254.32 കോടി രൂപയും കണ്ണൂർ നഗരറോഡ് വികസന പദ്ധതിയുടെ മതിപ്പ് ചെലവ് 350 കോടി രൂപയുമാണ്. കെ.ആർ.എഫ്.ബി. ഫണ്ടുപയോഗിച്ച് ഡി.ബി.എഫ്.ഒ.റ്റി.-ആന്വിറ്റി വ്യവസ്ഥയിലാണ് കോഴിക്കോട് നഗരറോഡ് വികസന പദ്ധതിപ്രകാരം റോഡ് പുനർനിർമ്മിക്കുന്നത്. പൊന്നാനി - കോഴിക്കോട് തീരദേശപാതയുടെ 14 കി.മീറ്റർ റോഡിന്റെ പുനർനിർമ്മാണത്തിന് ഏകദേശം 96 കോടി രൂപയാണ് RBDCK എസ്റ്റിമേറ്റ് കണക്കാക്കിയിരിക്കുന്നത്. എയർപോർട്ട് - സീപോർട്ട് റോഡിന്റെ ഭാരതമാതാ കോളേജ് മുതൽ ഇരുമ്പനം വരെയുള്ള 8.80 കി.മീ.റോഡിന്റെ പുനർ നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക 242 കോടി രൂപയാണ്. 4 റോഡുകളുടെ പ്രോജക്ട് ചെലവ് 209 കോടി രൂപയായിട്ടാണ് റിക്ക് കണക്കാക്കിയിട്ടുള്ളത്. റോഡ് നിർമ്മാണത്തിന് കരാറെടുത്തിട്ടുള്ള കൺസഷണയർ കമ്പനി മുതൽമുടക്കുകയും നിർമ്മാണം പൂർത്തീകരിച്ചശേഷമുള്ള 13 വർഷ പരിപാലന കാലയളവിൽ 26 തവണകളായി ആന്വിറ്റി തുക സർക്കാർ നൽകുന്നതിനുമാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(സി) അടിയന്തര അറ്റകുറ്റപണികൾ നടത്തുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. 366 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## വിദ്യാഭ്യാസ നവീകരണ പദ്ധതി

14(*254) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ നവീകരണ പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) 1000 സ്കൂളുകളെ രാജ്യാന്തര നിലവാരത്തിലാക്കുന്ന പദ്ധതി പ്രകാരം ഈ വർഷം എത്ര സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയുടെ ഭാഗമായി ഇംഗ്ലീഷ് ഭാഷാ പഠനം പ്രോത്സാഹിപ്പിക്കുവാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) വിദ്യാഭ്യാസ നവീകരണ പദ്ധതിയുടെ ഭാഗമായി 8 മുതൽ 12 വരെ ക്ലാസുകളെ ഹൈടെക് ആക്കാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 2016-17 വർഷത്തെ ബജറ്റിലും സ്കൂൾ നവീകരണ പദ്ധതിക്കായി 2202-02-001-85 എന്ന ഹെഡ്ഡിൽ നീക്കിവെച്ചിട്ടുള്ള 362 ലക്ഷം രൂപയിൽ 172 ലക്ഷം രൂപ വിദ്യാഭ്യാസ ഓഫീസുകളുടെ നവീകരണത്തിനും 100 ലക്ഷം രൂപ എ.ഇ.ഒ., ഡി.ഇ.ഒ. ഓഫീസുകളുടെ നവീകരണത്തിനും 90 ലക്ഷം രൂപ പി.ടി.എ.-കൾക്ക് ഇൻസെന്റീവ് അവാർഡ് നൽകുന്നതിനുമായി വകയിരുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ പദ്ധതികളുടെ നവീകരണത്തിനാവശ്യമായ 172 ലക്ഷം രൂപയുടെ അനുമതിക്കായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിപ്രകാരം വിവിധ നിയോജക മണ്ഡലങ്ങളിലെ എം.എൽ.എ.- മാർ നൽകുന്ന ശിപാർശയുടെ അടിസ്ഥാനത്തിലാണ് സ്കൂളുകളെ തെരഞ്ഞെടുക്കുന്നത്. എം.എൽ.എ.-മാരിൽനിന്നും ടി ശിപാർശകൾ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. 28-9-2016-ലെ സ.ഉ.(പി) 41/2016/ ആ.സാ.വ പ്രകാരം അടുത്ത രണ്ട് വർഷംകൊണ്ട് ഹൈസ്കൂൾ-ഹയർസെക്കണ്ടറി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക, ഓരോ ജില്ലയിലും 5 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക എന്നിവയ്ക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്. സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിക്കാവശ്യമായ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

15(*255) ശ്രീ. എം. എം. മണി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ പ്രഖ്യാപിച്ചിരുന്ന 'ഭൂരഹിതരില്ലാത്ത കേരളം' എന്ന പദ്ധതി അവലോകനം ചെയ്തിരുന്നോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നതുപോലെ ഭൂരഹിതർക്കെല്ലാം കുറഞ്ഞത് മൂന്ന് സെന്റ് ഭൂമിയെങ്കിലും ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ ഭൂരഹിതരുടെ പ്രശ്നം സമയബന്ധിതമായി പരിഹരിക്കാനായി ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി അവലോകനം ചെയ്തിരുന്നു. ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേയ്ക്കായി ഭൂമി പതിവ് ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന നടപടികൾ സ്വീകരിച്ചുകൊണ്ട് മൂന്ന് സെന്റ് ഭൂമി വീതം പതിച്ച് കൊടുക്കുന്ന പദ്ധതിയാണിത്. പദ്ധതിപ്രകാരം ഭൂമി ലഭിക്കുന്നതിന് ലഭിച്ചിരുന്ന അപേക്ഷകളിൽനിന്ന് തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ വില്ലേജ്തല ലിസ്റ്റ് തയ്യാറാക്കിയിരുന്നു. 58,398 ഗുണഭോക്താക്കൾക്ക് സംസ്ഥാനതലത്തിൽ പദ്ധതി പ്രകാരം പട്ടയം അനുവദിച്ചിരുന്നു. ഇവർക്ക് ഭൂമി കൈമാറുന്ന നടപടി പുരോഗമിച്ചുവരുന്നു.

(ബി) പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നതുപോലെ ഭൂരഹിത കുടുംബങ്ങളായ ഗുണഭോക്താക്കളിൽ മുഴുവൻ പേർക്കും 3 സെന്റ് ഭൂമി വീതം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. 2,43,928 കുടുംബങ്ങളെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നത്. ഇതിൽ 58,398 കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കാൻ കഴിഞ്ഞിരുന്നു. അവർക്ക് ഭൂമി കൈമാറുന്ന നടപടി പൂർത്തിയായിവരുന്നു.

(സി) പദ്ധതിയിൽ അവശേഷിക്കുന്ന ഗുണഭോക്താക്കളിൽ അർഹരായ ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേക്ക് 3 സെന്റ് ഭൂമി വീതം നൽകാൻ നടപടി സ്വീകരിച്ചുവരുന്നു.

## റോഡുകൾ കുഴിച്ച് കേബിൾ, പോസ്റ്റുകൾ, പൈപ്പ്ലൈൻ എന്നിവ സ്ഥാപിക്കുന്നതിന് അനുമതി

16(*256) ശ്രീ. പി. കെ. ബഷീർ :

ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലെ റോഡുകൾ കുഴിച്ച് കേബിൾ, പോസ്റ്റുകൾ, പൈപ്പ്ലൈൻ എന്നിവ സ്ഥാപിക്കുന്നതിന് അനുമതി നല്കുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ എന്നു പരിശോധിക്കാൻ നിലവിലുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) കുഴിച്ച ഭാഗങ്ങൾ യഥാസമയം ടാറിംഗ് നടത്താത്തതു മൂലമുണ്ടാകുന്ന ഗതാഗത പ്രശ്നങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) ഗുണനിലവാരം കുറഞ്ഞ വസ്തുക്കളുപയോഗിച്ച് കുഴിച്ച ഭാഗങ്ങൾ ഫില്ലു ചെയ്യുന്നതുമൂലം അപകടങ്ങളും റോഡിന് നാശവുമുണ്ടാകുന്നതു തടയാൻ നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലെ റോഡുകൾ കുഴിച്ച് കേബിൾ, പോസ്റ്റുകൾ, പൈപ്പ്ലൈൻ എന്നിവ സ്ഥാപിക്കുന്നതിന് അനുമതി നല്കുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കാനും പരിശോധിക്കാനും എല്ലാ ജില്ലയിലും എക്സി. എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ അസി.എക്സി.എഞ്ചിനീയർമാരെയും അസി. എഞ്ചിനീയർമാരെയും ഉത്തരവാദപ്പെടുത്തിയിട്ടുണ്ട്.

(ബി) കുഴിച്ച ഭാഗങ്ങളിൽ യഥാസമയം തന്നെ ടാറിംഗ് നടത്താറുണ്ട്. എന്നാൽ ചില സന്ദർഭങ്ങളിൽ റോഡിൽ മറ്റ് ഏജൻസികൾ സ്ഥാപിക്കുന്ന പൈപ്പ്ലൈനിന്റെയും മറ്റ് അറ്റകുറ്റ പണികൾ ആവശ്യമായി വരുന്ന സമയങ്ങളിലും കാലാവസ്ഥയിലെ മാറ്റങ്ങൾക്കും അനുസൃതമായി ടാറിംഗ് യഥാസമയം പൂർത്തിയാക്കാൻ സാധിക്കാതെ വരുന്നതുകൊണ്ട് ഗതാഗതപ്രശ്നങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങൾ പരമാവധി ഒഴിവാക്കുന്നതിനുവേണ്ട കർശന നിർദ്ദേശങ്ങൾ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

(സി) കുഴിച്ച ഭാഗങ്ങളിൽ ഗുണനിലവാരം കുറഞ്ഞ വസ്തുക്കൾ ഉപയോഗിച്ച് ഫില്ല് ചെയ്യരുതെന്ന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അഥവാ ഏതെങ്കിലും സാഹചര്യത്തിൽ അപ്രകാരം ചെയ്യുന്നത് കണ്ടാൽ, അവ നീക്കം ചെയ്തശേഷം ഗുണനിലവാരമുള്ള വസ്തുക്കളുപയോഗിച്ചാണ് റോഡ് പൂർവ്വ സ്ഥിതിയിലാക്കുന്നത്. പൊതുമരാമത്ത് വകുപ്പ് മാന്വൽ, IS, IRC, MoRTH എന്നിവയിൽ നിഷ്കർഷിക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ചുമാണ് റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നത്. പൊതുവിൽ പൈപ്പ് - കേബിൾ ഇടൽ എന്ന പേരിൽ നടക്കുന്നത് ഗുരുതരമായ സാമ്പത്തിക ചട്ടലംഘനമാണ്. ഇതേപ്പറ്റി കൃത്യമായ ചട്ടങ്ങൾ നിയമപ്രകാരം ഉണ്ടെങ്കിലും കൃത്യവിലോപം എഞ്ചിനീയർമാരുടെ ഭാഗത്ത് പതിവാണ്. എഞ്ചിനീയർമാരുടെ ഭാഗത്തുനിന്ന് സർട്ടിഫൈ ചെയ്യുന്ന പണികളുടെ ഉത്തവാദിത്വം ബന്ധപ്പെട്ടവർ വഹിക്കേണ്ടിവരും.

**സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച പരിശോധന**

17(*257) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച് സമയബന്ധിത പരിശോധന നടത്തുമോയെന്ന് വ്യക്തമാക്കുമോ;

(ബി) പരിശോധന കൃത്യമായി നടത്താനും അത് നിരീക്ഷിക്കുവാനും ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) പരിശോധനകളുടെ വിവരം പ്രസിദ്ധപ്പെടുത്താൻ നടപടിയെടുക്കുമോയെന്ന് വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച് സമയബന്ധിത പരിശോധന നടത്തുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 1957-ലെ കേരള ഭൂസംരക്ഷണ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും പുതിയ കയ്യേറ്റങ്ങൾ ഉണ്ടാകാതെ തടയുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ, താലൂക്ക് തലങ്ങളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് കയ്യേറ്റങ്ങൾക്കെതിരെയുള്ള പരിശോധന നടത്തിവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമിയിലുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്കും റോഡ് പുറമ്പോക്ക്, ഇറിഗേഷൻ വകുപ്പ് വക ഭൂമിയിലെ കയ്യേറ്റങ്ങൾ തുടങ്ങിയവ ഒഴിപ്പിക്കുന്നതിനും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) സർക്കാർ ഭൂമിയെ സംബന്ധിച്ച വിശദമായ കണക്ക് തയ്യാറാക്കി, ശേഖരിക്കപ്പെട്ട മുഴവൻ ഭൂമിയുടെയും വിശദാംശങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു വരുന്നു.

**ഓഷ്യാനിക് ആന്റ് മറൈൻ പാർക്ക്**

18(*258) ശ്രീ. റോജി എം. ജോൺ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ ഓഷ്യാനിക് ആന്റ് മറൈൻ പാർക്ക് സ്ഥാപിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതിനായി ആഗോള യോഗ്യതാ പത്രം ക്ഷണിച്ചിട്ടുണ്ടോ; ഏതൊക്കെ സ്ഥാപനങ്ങളാണ് ഇക്കാര്യത്തിൽ മുന്നോട്ടു വന്നിട്ടുള്ളത്;

(സി) പ്രസ്തുത പാർക്ക് സ്ഥാപിക്കുമ്പോൾ കണ്ടൽ കാടുകൾക്ക് നാശം സംഭവിക്കുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്. എറണാകുളത്ത് പുതുവൈപ്പിൻ ഓഷ്യനേറിയം ആന്റ് മറൈൻ ബയോളജിക്കൽ റിസർച്ച് സെന്റർ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഫിർമ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. മത്സ്യടൂറിസം വികസനവും സമുദ്ര ശാസ്ത്ര ഗവേഷണവും ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇന്ത്യയിൽ ഇത്തരത്തിലുള്ള ആദ്യ സംരംഭമാണിത്.

(ബി) ഓഷ്യനേറിയം സ്ഥാപിക്കുന്നതിനായി ഫിർമ ആഗോള യോഗ്യതാ പത്രം ക്ഷണിച്ചിട്ടില്ല.

(സി) നശിക്കപ്പെടുന്ന കണ്ടൽക്കാടുകൾക്ക് പകരമായി കോമ്പൻസേറ്ററി അഫോർസ്റ്റേഷൻ നടത്താൻ ഉദ്ദേശിക്കുന്നു. കോമ്പൻസേറ്ററി അഫോർസ്റ്റേഷൻ നടത്തുന്നതിനായി എറണാകുളം കണയന്നൂർ താലൂക്കിലെ മരട് വില്ലേജിൽ വളന്തക്കാട് എന്ന സ്ഥലത്ത് ഏകദേശം 40 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്നതിനാവശ്യമായ റിപ്പോർട്ടുകൾ എറണാകുളം ജില്ലാ കളക്ടർ ലാന്റ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. 15 ഏക്കറോളം സ്ഥലത്ത് കണ്ടൽക്കാടുകൾ വച്ചുപിടിപ്പിച്ചിക്കുന്നതിന് അനുവാദം നൽകാൻ റവന്യൂ വകുപ്പ് ലാന്റ് ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലം എത്രയും വേഗം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഡിജിറ്റൽ പാഠപുസ്തകങ്ങൾ**

19(*259) ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഡിജിറ്റൽ പാഠപുസ്തകങ്ങൾ നല്കുന്ന പദ്ധതി ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് സി.ഡിറ്റ് തയ്യാറാക്കിയ സോഫ്റ്റ് വെയർ ഉപയോഗിച്ച് ഒന്നു മുതൽ പത്ത് വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിരുന്നോ; എങ്കിൽ അതിനായി എത്ര തുകയാണ് ചെലവഴിച്ചതെന്ന് അറിയിക്കുമോ;

(സി) ഡിജിറ്റൽ പാഠപുസ്തകങ്ങൾ പഠനസഹായിയായി മാറ്റാനുള്ള പദ്ധതിയുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) പാഠപുസ്തകങ്ങൾ ഡിജിറ്റൽ രൂപത്തിൽ ലഭ്യമാക്കുന്ന സംവിധാനം 2008 മുതൽ ലഭ്യമാക്കി വരുന്നുണ്ട്. പാഠപുസ്തകങ്ങളുടെ ഡിജിറ്റൽ കോപ്പികൾ എസ്.സി.ഇ.ആർ.റ്റി. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. നിലവിലുള്ള പാഠപുസ്തകങ്ങൾ സൈറ്റിൽ ലഭ്യമാണ്. ടീച്ചർ ടെക്സ്റ്റുകളുടെ ചില ഭാഗങ്ങളും മാതൃകാ ചോദ്യപേപ്പറുകളും ഈ രീതിയിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്.

(ബി) ഇതിനായി ഡിജിറ്റൽ കൊളാബറേറ്റീവ് ടെക്സ്റ്റ് ബുക്ക് (ഡി.സി.റ്റി.) എന്ന പോർട്ടൽ www.dct.kerala.gov.in എന്ന ഡൊമൈനിൽ ലഭ്യമാക്കിയിരുന്നു. ഈ പോർട്ടൽ ഉപയോഗിക്കുന്നതിന് അതിവേഗ ഇന്റർനെറ്റ് ലഭ്യമായ സ്ഥലങ്ങളിൽ പോലും പ്രയാസം നേരിട്ടു എന്നും ഉള്ളടക്കത്തിൽ വേണ്ടത്ര അക്കാദമിക് നിലവാരം പുലർത്തുന്നില്ലെന്നും ഐടി@സ്കൂളിന് റിപ്പോർട്ട് ലഭിച്ചതിനെത്തുടർന്ന് ഫലപ്രദമായ രൂപത്തിലുള്ള ഐ.സി.റ്റി.ഉള്ളടക്ക വിന്യാസമാണ് ഐടി@സ്കൂൾ നടപ്പാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾക്കായി സി.ഡിറ്റ്-ന് 2,68,54,040 രൂപ നൽകിയിരുന്നു.

(സി) അദ്ധ്യാപകർക്കുള്ള ഐ.റ്റി. പരിശീലനങ്ങളിൽ ഡിജിറ്റൽ ഉള്ളടക്കം ഉപയോഗിക്കുന്നത് പ്രധാന ഇനമാണ്. പുതിയ ഹൈടെക് സ്കൂൾ പദ്ധതിയുടെ പശ്ചാത്തലത്തിൽ നിലവിലുള്ള പോരായ്മകൾ പരിഹരിച്ച് സമഗ്രമായ ഐ.സി.റ്റി. പരിശീലന പദ്ധതി ഐടി@സ്കൂൾ ആവിഷ്കരിച്ചിട്ടുണ്ട്.

**സംരക്ഷിത അദ്ധ്യാപകരുടെ സേവനം**

20(*260) <u>ശ്രീ. കെ. എം. ഷാജി</u> :
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> :
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> :
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരക്ഷിത അദ്ധ്യാപകരുടെ കാര്യത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

(ബി) ഇവരുടെ സേവനം ഏതു വിധത്തിൽ ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇവരെ സർക്കാർ സ്കൂളുകളിൽ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എയ്ഡഡ് സ്കൂളുകളിൽ നിന്ന് പുറത്തായ അദ്ധ്യാപകർക്ക് ഈ ആനുകൂല്യം ലഭിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>):

(എ) 29-1-2016-ലെ ജി.ഒ. (പി) നമ്പർ 29/2016/പൊ.വി.വ. പ്രകാരം സംരക്ഷണം ലഭിച്ചിട്ടുള്ള എല്ലാ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരേയും സംരക്ഷിക്കുന്നതിലേക്കായി പ്രസ്തുത അദ്ധ്യാപകരെ പുനർവിന്യസിച്ച് സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥരായി പ്രവർത്തിക്കുന്ന എൽ.പി./യു.പി. സ്കൂളിലെ പ്രധാനാദ്ധ്യാപകരെ സഹായിക്കുന്നതിനും എസ്.എസ്.എ.-യുടെ കീഴിൽ പഞ്ചായത്ത് തല ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായും ആർ.എം.എസ്.എ. സ്കൂളുകളിൽ അധികംവരുന്ന ഒഴിവുകളിലും ഐെറ്റി@സ്കൂളിൽ വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തുടരുന്ന അദ്ധ്യാപകർക്ക് പകരമായും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ റഗുലർ നിയമനം നടക്കുന്നതുവരെയും കൂടാതെ മറ്റ് അനുയോജ്യമായ ഒഴിവുകളിലും പുനർവിന്യസിച്ച് സംരക്ഷിത ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തണമെന്ന് 5-8-2016-ലെ ജി.ഒ. (പി) നമ്പർ 134/2016/പൊ.വി. എന്ന ഉത്തരവിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല. ഏതെങ്കിലും വിഷയത്തിൽ ജില്ലയിൽ പി.എസ്.സി., ലിസ്റ്റ് ലഭ്യമല്ലെങ്കിൽ പ്രസ്തുത വിഷയത്തിൽ നിലവിലുള്ള ഒഴിവുകളിൽ പി.എസ്.സി. മുഖേന നിയമനമാകുന്നതുവരെ സംരക്ഷിത ജീവനക്കാരെ പുനർവിന്യസിക്കാൻ അനുവാദം നൽകിയിട്ടുണ്ട്.

**ട്രോളിംഗ് നിരോധനം**

21(*261) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ട്രോളിംഗ് നിരോധന കാലയളവിൽ എന്തെല്ലാം ആശ്വാസങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന് നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടത്തിവരുന്നതെന്ന് അറിയിക്കാമോ;

(സി) പദ്ധതി നടപ്പിൽ വരുത്താൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ട്രോളിംഗ് നിരോധന കാലയളിൽ തൊഴിൽരഹിതരാകുന്ന യന്ത്രവൽകൃത ബോട്ടിലെ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും സൗജന്യ റേഷൻ വിതരണം ചെയ്യുന്നുണ്ട്. ആയതിലേക്കായി ഈ വർഷവും 20 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി വിഹിതവും ട്രോളിംഗ് നിരോധന കാലയളവിൽ നൽകിവരുന്നുണ്ട്.

(ബി) 1. സൗജന്യ റേഷൻ.

2. സമ്പാദ്യ - സമാശ്വാസ പദ്ധതി

(സി) ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽരഹിതരാകുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും സൗജന്യറേഷൻ നൽകുന്നതിനാവശ്യമായ തുക ബന്ധപ്പെട്ട തീരദേശ ജില്ലകൾക്ക് നൽകുന്നു. മത്സ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ നൽകിയതിനുള്ള ബില്ല് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് ചെലവായ തുക ജില്ലാ ഓഫീസർമാർ മാറി നൽകും. സമ്പാദ്യ ആശ്വാസ പദ്ധതി വിഹിതം ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് ബാങ്ക് മുഖേന ഡി.ബി.റ്റി.-യിലൂടെ നൽകുന്നു.

**അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം**

22(*262) ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ (ASAP) ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ അസാപ്, സ്റ്റേറ്റ് സ്കിൽ ഡവലപ്മെന്റ് പ്രോജക്ട് തുടങ്ങിയവ ഉണ്ടാക്കിയിട്ടുള്ള സ്വാധീനം എത്രത്തോളമാണെന്ന് വിശദീകരിക്കുമോ;

(സി) അസാപ് വിപുലപ്പെടുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും ആലോചനയുണ്ടോ എന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഹയർസെക്കണ്ടറി, ബിരുദ വിദ്യാർത്ഥികൾക്ക് റെഗുലർ പഠനത്തോടൊപ്പം താല്പര്യമുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ മുഖ്യ ഉദ്ദേശം. ഇതുവഴി 3,10,200 വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസൃതമായ തൊഴിൽ മേഖലയിൽ വൈദഗ്ധ്യം നൽകുവാൻ ലക്ഷ്യമിട്ടിരുന്നു. ഇൻഡസ്ട്രിയുടേയും സർക്കാരിന്റെയും സംയുക്ത സർട്ടിഫിക്കേഷൻ നൽകുവാനും ഉദ്ദേശിച്ചിട്ടുണ്ട്.

(ബി) അസാപ് പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ തൊഴിൽ ക്ഷമതാ പഠനം നടത്തിയ ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ കൺസൾട്ടന്റ് ഏജൻസി അസാപ് വിദ്യാർത്ഥികൾക്ക് പരിശീലനം ലഭിച്ച വിദ്യാർത്ഥികൾക്ക് പരിശീലനം സിദ്ധിക്കാത്ത വിദ്യാർത്ഥികളെക്കാൾ ഇംഗ്ലീഷ് ഭാഷാ പ്രവീണ്യം, ദത്ത ശേഖരണം, അവലോകനം, ക്വാണ്ടിറ്റേറ്റീവ് എബിലിറ്റി, വ്യക്തിഗത മികവ് എന്നിവയിൽ മുന്നിട്ട് നിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഹയർസെക്കന്ററി സ്കൂളുകളിലെയും ആർട്സ് & സയൻസ് കോളേജുകളിലെയും അസാപ് പരിശീലനം പൂർത്തിയാക്കിയ വിദ്യാർഥികളിൽ മികച്ച ആശയവിനിമയപാടവും കമ്പ്യൂട്ടർ ഉപയോഗക്ഷമതയും കണ്ടുവരുന്നു. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട നൈപുണ്യ പരിശീലനം വിദ്യാർത്ഥികളിൽ അതതു മേഖലകളിലെ തൊഴിൽ അഭിരുചിയും കാര്യനിർവ്വഹണ പാടവവും വർദ്ധിച്ചതായി കാണുന്നു. വിദ്യാർത്ഥികൾക്ക് തൊഴിൽ ചെയ്യുന്നതിനുള്ള ആഭിമുഖ്യം വർദ്ധിച്ചതായും കാണുന്നു.

അസാപ്പിന്റെ ഭാഗമായി നടത്തപ്പെടുന്ന ട്രെയിനിംഗ് പാർട്ണർ സ്കിൽ പരിശീലനം ലഭിച്ച വിദ്യാർത്ഥികളെ അസാപ്പിന്റെ സ്കിൽ ഡവലപ്മെന്റ് എക്സിക്യൂട്ടീവുകൾക്ക് ആവശ്യമായി മികച്ച അഭിമുഖ പരീക്ഷാപാടവവും ആശയ വിനിമയശേഷിയും നേടിയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇവരിൽ 700-ൽ അധികം പേർ അസാപ്പിന്റെ പരിശീലകരായി പ്രവർത്തിക്കുന്നു. അസാപ് പരിശീലനം പൂർത്തിയാക്കിയ നിരവധി വിദ്യാർത്ഥികൾ വ്യത്യസ്ത തൊഴിൽ മേഖലകളിൽ തൊഴിൽ നേടിയിട്ടുള്ളതായും മികച്ച പ്രവർത്തനം നടത്തുന്നതായും തൊഴിൽ മേഖലകളിൽ നിന്നും വിവരം ലഭിച്ചിട്ടുണ്ട്. അസാപ്പ് അതിന്റെ സ്കിൽ ഡവലപ്മെന്റ് സെന്ററുകളിൽ ലഭ്യമാക്കിയിട്ടുള്ള നെറ്റ് വർക്ക് കമ്പ്യൂട്ടർ ലാബുകളും നവീകരിച്ച ക്ലാസ്സ് മുറികളും പഠനസൗകര്യങ്ങളും അതത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപനത്തിന് ഉപയോഗപ്പെടുത്തുന്നത് വഴി ഈ സ്ഥാപനങ്ങളിലെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

(സി) ആദ്യഘട്ടത്തിൽ ഹയർസെക്കന്ററി ആർട്സ് & സയൻസ് കോളേജ് വിദ്യാർത്ഥികൾക്കുമാത്രം നൽകിയിരുന്ന അസാപ് പരിശീലനം ഇപ്പോൾ വോക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്കും നൽകിവരുന്നു. കേരളത്തിലെ യൂണിവേഴ്സിറ്റികളുടെ സഹകരണത്തോടെ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി ഇൻഗ്രേഷൻ മോഡലിൽ നൈപുണ്യ പരിശീലനം ഈ വർഷംമുതൽ ആരംഭിക്കുകയാണ്.

## പുറമ്പോക്ക് ഭൂമിയിൽ താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം

23(*263) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബി.ഡി. ദേവസ്സി :
ശ്രീ. കെ. ബാബു :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറമ്പോക്ക് ഭൂമിയിൽ കാലാകാലങ്ങളായി താമസിച്ച് വരുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) 1-8-1971-ന് മുമ്പ് പുറമ്പോക്ക് ഭൂമിയിൽ കാലാകാലങ്ങളായി താമസിച്ചുവരുന്നവർക്ക് കൈവശഭൂമി പതിച്ചുലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് 1964-ലെ കേരള ഭൂമി പതിവ് ചട്ട പ്രകാരവും 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഭൂമി പതിവ് ചട്ടപ്രകാരവും യഥാക്രമം പഞ്ചായത്ത് പ്രദേശത്തും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തും ഭൂമി പതിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എന്നാൽ വില്ലേജ് രേഖകൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ വരുന്നതും പതിവിന് വിധേയമല്ലാത്തതുമായ പുഴ, നദി, തോട്, കായൽ, ചാനൽ, റോഡ് പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് കൈവശരേഖ മാത്രമാണ് നൽകുന്നത്. CRZ (കോസ്റ്റൽ റെഗുലേഷൻ സോൺ) പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ പട്ടയങ്ങൾ അനുവദിക്കുന്നതിന് കേന്ദ്രാനുമതി ആവശ്യമാണ്.

(ബി) നിലവിലുള്ള ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ അർഹത പരിശോധിച്ച് പട്ടയം നൽകിവരുന്നു.

## മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള ഭവനപദ്ധതി

24(*264) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായുള്ള ഭവനപദ്ധതി കൂടുതൽ പ്രയോജനകരമായ രീതിയിൽ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ബി) ഭൂമിയില്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കാനായി നിലവിൽ പദ്ധതിയുണ്ടോ; ഇക്കാര്യത്തിൽ പുതുതായി എന്ത് ചെയ്യാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരക്കാർക്കായി പാർപ്പിട സമുച്ചയം പണിതു നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) മത്സ്യത്തൊഴിലാളി മേഖലയിൽ സമ്പൂർണ്ണ ഭവനം എന്ന ലക്ഷ്യത്തിനായി ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവനം പണിയുന്നതിന് 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനുള്ള പദ്ധതി ഈ വർഷംമുതൽ ആരംഭിച്ചിട്ടുണ്ട്. അടുത്ത വർഷംമുതൽ ഭവനനിർമ്മാണത്തിനുള്ള ധനസഹായം യൂണിറ്റൊന്നിന് 3 ലക്ഷം രൂപയായി വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി 3 സെന്റ് വരെ വസ്തു വാങ്ങുന്നതിന് 6 ലക്ഷം രൂപ ധനസഹായമായി അനുവദിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ആദ്യവർഷമെന്ന നിലയിൽ തീരദേശ ജില്ലകളിലായി 800 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 4,800 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. ഇതിനു പുറമെ കടലാക്രമണംമൂലം ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് ഭൂമിയും വീടും നൽകുന്നതിന് പരമാവധി ധനസഹായം 10 ലക്ഷം രൂപ അനുവദിക്കുന്ന പുതിയ പുനരധിവാസ പദ്ധതിയും ഈ വർഷം മുതൽ ആരംഭിക്കുന്നുണ്ട്.

(സി) ഉണ്ട്. പാർപ്പിട സമുച്ചയം പണിയാൻ അനുയോജ്യമായ സ്ഥലം ലഭ്യമാകുന്നിടങ്ങളിൽ പാർപ്പിട സമുച്ചയം പണിയുന്നതിന് ഉദ്ദേശിക്കുന്നു. നടപ്പു വർഷം തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ, പൂന്തുറ എന്നിവിടങ്ങളിലും കൊല്ലം ജില്ലയിൽ ഒരിടത്തും ആലപ്പുഴ ജില്ലയിലെ പുറക്കാട്ടും മലപ്പുറം ജില്ലയിലെ താനൂരും കണ്ണൂർ ജില്ലയിലെ ചാലിൽ, ഗോപാലപേട്ട, തയ്യിൽ എന്നിവിടങ്ങളിലും കാസർഗോഡ് ജില്ലയിലെ അഴിയൂരും ഫ്ലാറ്റുകൾ നിർമ്മിക്കുന്നതാണ്.

**പൊതുമരാമത്ത് വകുപ്പിലെ എൻ.എം.ആർ. ജീവനക്കാർ**

25(*265) ശ്രീ. പി. കെ. ശശി :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ വശങ്ങളിലുള്ള ഓടകളിൽ മണ്ണടിഞ്ഞ് വെള്ളം ഒഴുകി പോകുന്നതിനുള്ള മാർഗ്ഗങ്ങൾ അടയുന്നതുമൂലം റോഡുകളിൽ വെള്ളക്കെട്ടുണ്ടായി നശിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡുകളിൽ ഉണ്ടാകുന്ന ചെറിയ കുഴികൾ യഥാസമയം അടയ്ക്കാൻ കഴിയാത്തതുമൂലം വലിയ ഗട്ടറുകളായി മാറുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൊതുമരാമത്ത് വകുപ്പിൽ എൻ.എം.ആർ.(നോൺ മസ്റ്റർ റോൾ) ജീവനക്കാർ നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സമ്പ്രദായം പുനഃസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) റോഡുകളിൽ ഉണ്ടാകുന്ന കുഴികൾ യഥാസമയം അടയ്ക്കുന്നതിനും ഓടകൾ വൃത്തിയാക്കി വെള്ളക്കെട്ടുകൾ ഒഴിവാക്കുന്നതിനും റോഡിലെ അനധികൃത കൈയ്യേറ്റങ്ങൾ യഥാസമയം മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും എൻ.എം.ആർ. സമ്പ്രദായം പുനഃസ്ഥാപിക്കുക വഴി സാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി മഴക്കാലത്തിനുമുമ്പായിതന്നെ ഓടകളിലും കലുങ്കുകളിലും മണ്ണടിഞ്ഞ് കിടക്കുന്നത് മാറ്റി വൃത്തിയാക്കി മഴവെള്ളം സുഗമമായി ഒഴുകിപ്പോകാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ഈ വർഷം ടി പ്രവൃത്തികൾക്കായി 19.29 കോടി രൂപ അനുവദിച്ചിട്ടുണ്ട്. റോഡുകളിലുണ്ടാകുന്ന ചെറിയ കുഴികൾ premixed bitumen compound ഉപയോഗിച്ച് നികത്തിവരുന്നു.

(സി&ഡി) പൊതുമരാമത്ത് വകുപ്പിൽ എൻ.എം.ആർ. (നോൺ മസ്റ്റർ റോൾ) ജീവനക്കാർ നിലവിലില്ല. റോഡുകളിൽ ഉണ്ടാകുന്ന കുഴികൾ യഥാസമയം അടയ്ക്കുന്നതിനും ഓടകൾ വൃത്തിയാക്കി വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും റോഡിലെ അനധികൃത കയ്യേറ്റങ്ങൾ യഥാസമയം ഒഴിവാക്കുന്നതിനും എൻ.എം.ആർ. സമ്പ്രദായം സഹായകരമായിരുന്നു. എന്നാൽ ആയത് ഇല്ലാത്ത സാഹചര്യത്തിൽ സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതയാത്ര സാദ്ധ്യമാക്കുന്നതിനു വേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കിക്കൊണ്ടും എക്സി.എഞ്ചിനീയറെ ഹൈവേ അതോറിറ്റി ആയി നിയമിച്ചുകൊണ്ടും സ.ഉ.(കൈ) നമ്പർ 63/16/പൊമവ പ്രകാരം ഉത്തരവായി നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സാഹചര്യത്തിൽ എൻ. എം. ആർ. സമ്പ്രദായം പുനഃസ്ഥാപിക്കേണ്ട സാഹചര്യം കാണുന്നില്ല. കൂടാതെ ഇത്തരം മെയിന്റനൻസ് പ്രവൃത്തികൾ നടത്തുന്നതിന് ഒരു മെയിന്റനൻസ് വിഭാഗം തുടങ്ങുന്ന കാര്യം സജീവ പരിഗണനയിലാണ്.

## പാലങ്ങളുടെ കാലപ്പഴക്കം

26(*266) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. ബാബു :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പാലങ്ങളുടെ കാലപ്പഴക്കം സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കാലപ്പഴക്കം വന്ന പാലങ്ങൾ എന്ന് നിർമ്മിച്ചവയാണെന്നും ഇവയുടെ അപകടസ്ഥിതി സംബന്ധിച്ചും വിശദമാക്കുമോ;

(സി) ഇത്തരം പാലങ്ങളുടെ പുനർനിർമ്മാണത്തിന് അടിയന്തരമായി ഫണ്ട് വകയിരുത്താനുള്ള നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ&ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ അധീനതയിലുള്ള പാലങ്ങളുടെ കാലപ്പഴക്കം സംബന്ധിച്ച് വിവരങ്ങൾ പരിശോധിച്ച് രേഖപ്പെടുത്താറുണ്ട്. പ്രസ്തുത രേഖകൾ പ്രകാരം ചെറുതും വലുതുമായി 1806 പാലങ്ങളാണ് ഈ വിഭാഗത്തിന്റെ അധീനതയിലുള്ളത്. കൂടാതെ കേരളത്തിലെ ദേശീയപാതയിൽ വരുന്ന എല്ലാ പാലങ്ങളുടേയും സർവ്വേ നടത്താൻ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം M/s SN Bhobe & Associates Pvt. Ltd -ഉം ആയി കേന്ദ്ര സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അവരുടെ സർവ്വേ തീരുന്നമുറയ്ക്ക് കേന്ദ്ര ഗതാഗത മന്ത്രാലയത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്നതോടൊപ്പം പൊതുമരാമത്ത് വകുപ്പിനും റിപ്പോർട്ട് കിട്ടുന്നതാണ്. ഈ പാലങ്ങൾ എന്ന് നിർമ്മിച്ചവയാണെന്നും ആ പാലങ്ങളുടെ നിലവിലത്തെ സ്ഥിതി സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) ഇതിൽ 61 പാലങ്ങൾക്ക് പുനർ നിർമ്മാണം ആവശ്യമായി കണക്കാക്കപ്പെട്ടിട്ടുണ്ട്. വിവിധ പാലങ്ങളുടെ പുനർനിർമ്മാണത്തിനുള്ള നിർദ്ദേശങ്ങൾ സർക്കാരിൽ ലഭിക്കുന്നതനുസരിച്ച് ഇതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

27(*267) ശ്രീ. പി. വി. അൻവർ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി സ്കൂളുകളിൽ വിപുലമായ ലൈബ്രറി, ആധുനിക സൗകര്യങ്ങളോടുകൂടിയ ലബോറട്ടറി, ഓഡിറ്റോറിയം, സജ്ജീകരണങ്ങളോടുകൂടിയ ഭക്ഷണ മുറികൾ മുതലായവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എത്ര സർക്കാർ സ്കൂളുകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഈ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സർക്കാർ സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി എം.എൽ.എ.-മാരിൽനിന്നും മറ്റും ലഭിക്കുന്ന അപേക്ഷകളിന്മേൽ വകുപ്പ് മേധാവിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അർഹമായവയിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നു. പ്രൈമറി/അപ്പർ പ്രൈമറി/ഹൈസ്കൂൾ തലത്തിലുള്ള സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കന്ററി തലത്തിലുള്ള സ്കൂളുകളുടെ പുതിയ കെട്ടിട നിർമ്മാണവും ലബോറട്ടറികളുടെ നവീകരണവുമാണ് സർക്കാർ സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ.

(ബി) 2016-17-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത് സംബന്ധിച്ച പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി ഹൈസ്കൂൾ-ഹയർ സെക്കണ്ടറി തലത്തിൽ ഐ.സി.റ്റി. അടിസ്ഥാനപ്പെടുത്തി സ്മാർട്ട് ക്ലാസുകളിൽ സ്വകാര്യ പങ്കാളിത്തത്തോടെ പഠനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) 1000 സർക്കാർ സ്കൂളുകൾ.

(ഡി) നടപടി സ്വീകരിച്ചു വരുന്നു.

**സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനങ്ങൾ**

28(*T268) ശ്രീ. വി. ജോയി :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(സി) ശാസ്ത്രീയമായ പരിശീലന ഉപകരണങ്ങളുടെയും പരിശീലകരുടെയും അഭാവം പ്രതികൂലമായി ബാധിച്ചിട്ടുള്ളത് പരിശോധിക്കുമോ;

(ഡി) ഓരോ സ്പോർട്സ് സ്കൂളിന്റെയും പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്ററിങ്ങ് നടത്തുന്നതിന് ജനപ്രതിനിധികളടങ്ങുന്ന കമ്മിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം സ്കൂളിന്റെ പ്രവർത്തനങ്ങളെ പരിമിതപ്പെടുത്തുന്നുണ്ട്.

(ബി) അടിസ്ഥാനസൗകര്യങ്ങൾക്ക് രണ്ട് സ്പോർട്സ് സ്കൂളിനുംകൂടി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2016-17 ബഡ്ജറ്റിൽ 17 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി&ഡി) പരിശോധിക്കാവുന്നതാണ്.

**പ്രീ-പ്രൈമറി സ്കൂളുകൾ**

29(*269) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാലയങ്ങളോട് ചേർന്ന് പ്രീപ്രൈമറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ സർക്കാർ അനുമതിയോടുകൂടിയാണോ ഇവ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; അനുമതിയില്ലാതെ പ്രവർത്തിക്കുന്നവയ്ക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രീ-പ്രൈമറി സ്കൂളുകൾക്ക് സർക്കാർ അംഗീകാരം ലഭിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) പ്രീ-പ്രൈമറി സ്കൂളുകളിൽ പഠിപ്പിക്കുന്ന അധ്യാപകരും ആയമാരും സർക്കാർ നിയമനം ലഭിച്ചവരാണോ; അല്ലെങ്കിൽ താൽക്കാലികമായി ജോലി ചെയ്യുന്ന ഇവരുടെ വേതനം ആരാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രീ-പ്രൈമറി സ്കൂളുകൾക്ക് പ്രത്യേക സിലബസ്സും കരിക്കുലവും നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. സർക്കാർ നേരിട്ട് നടത്തുന്നതും സർക്കാർ അനുമതിയോടുകൂടി പി.റ്റി.എ.-യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതുമായ പ്രീപ്രൈമറികൾ പൊതു വിദ്യാലയങ്ങളോട് ചേർന്ന് പ്രവർത്തിക്കുന്നുണ്ട്. സർക്കാർ സ്കൂളുകളിൽ അനുമതിയില്ലാതെ പ്രീപ്രൈമറി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പി.റ്റി.എ.-യുടെ നിയന്ത്രണത്തിൽ പ്രീപ്രൈമറി ആരംഭിക്കുന്നതിന് 5-7-1988-ലെ സ.ഉ.(സാധാ) 2453/88/പൊ.വി.വ പ്രകാരം മാർഗ്ഗരേഖ പുറത്തിറക്കിയിരുന്നു. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* 7-12-2012-നു മുമ്പായി തുടങ്ങിയ പ്രീ-പ്രൈമറികൾക്ക് മാത്രമേ സർക്കാർ അംഗീകാരം നൽകിയിട്ടുള്ളൂ.

(സി) സർക്കാർ നേരിട്ട് നടത്തുന്ന പ്രീപ്രൈമറികളിലെ ജീവനക്കാർ പി.എസ്.സി. മുഖേന നിയമനം നേടിയവരും സർക്കാർ നിയമനം ലഭിച്ചവരുമാണ്. പി.റ്റി.എ.-യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീപ്രൈമറികളിലെ ജീവനക്കാരെ നിയമിച്ചിട്ടുള്ളത് പി.റ്റി.എ.-യാണ്. ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇവർക്ക് ഓണറേറിയം നൽകിവരുന്നു.

(ഡി) പ്രീ-പ്രൈമറിക്ക് ഏകീകരിച്ച കരിക്കുലവും സിലബസും തയ്യാറാക്കിയിട്ടുണ്ട്. 11-8-2014-ലെ സ.ഉ(എംഎസ്.) 158/2014/പൊ.വി.വ പ്രകാരം അതിന് സർക്കാർ അംഗീകാരവും നൽകിയിട്ടുണ്ട്.

## സ്കൂൾ കുട്ടികൾക്ക് സൗജന്യ അരി വിതരണം

30(*270) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എം. ഉമ്മർ :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണത്തോടനുബന്ധിച്ച് സ്കൂൾ കുട്ടികൾക്ക് നൽകിവന്ന സൗജന്യ അരി വിതരണം ഭാഗികമായി മാത്രം നടത്താനിടയായ സാഹചര്യത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ബക്രീദിനോടനുബന്ധിച്ച് ഇത്തരത്തിൽ സൗജന്യ ഭക്ഷ്യധാന്യ വിതരണം പതിവുണ്ടോ; ഉണ്ടെങ്കിൽ ഇത്തവണ അത് നടന്നിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്.

(ബി) ഈ വർഷത്തെ ഓണാവധിക്ക് സ്കൂൾ അടയ്ക്കുന്ന 9-9-2016 വരെ സംസ്ഥാനത്ത് സൗജന്യ അരി വിതരണം 60% പൂർത്തിയായിട്ടുണ്ടായിരുന്നു. 10,11,12,13 എന്നീ തീയതികളിൽ സ്കൂൾ അവധിയായിരുന്നിട്ടും സൗജന്യ അരി വിതരണം നടത്തുന്നതിനായി സ്കൂളുകൾ തുറന്നുപ്രവർത്തിക്കുകയും മേൽ ദിവസങ്ങളിൽ 10% കൂടി വിതരണം പൂർത്തിയാക്കുകയും വിതരണം 70% ആയി വർദ്ധിക്കുകയും ചെയ്തു. തുടർന്ന് 30-9-2016-ന് സംസ്ഥാനത്ത് എല്ലാ സ്കൂളുകളിലും സൗജന്യ അരി വിതരണം പൂർത്തിയായതായി DPI റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### നിർമ്മാണ പുരോഗതി വിലയിരുത്തുവാൻ പ്രതിമാസയോഗം ചേരുന്നതിന് സ്ഥിരം സംവിധാനം

1(2063) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതു മരാമത്ത് വകുപ്പ് നടത്തുന്ന പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും, ആയതിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനും, മണ്ഡലം അടിസ്ഥാനത്തിൽ എം. എൽ. എ. മാരുടെ നേതൃത്വത്തിൽ പ്രതിമാസം യോഗം ചേരുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

പൊതുമരാമത്ത് വകുപ്പ് നടത്തുന്ന പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ആയതിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനുമായി മണ്ഡലം എം.എൽ.എ.-മാരുടെ ആവശ്യ പ്രകാരം അവരുടെ നേതൃത്വത്തിൽ യോഗം നടന്നുവരുന്നു. ആയത് പ്രതിമാസം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ദേശീയ നിലവാരമുള്ള റോഡുകൾ

2(2064) ശ്രീ. എം. വിൻസെന്റ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;

(ബി) റോഡുകളുടെ അറ്റകുറ്റപണികൾക്ക് പ്രതിവർഷം സംസ്ഥാനം എത്ര കോടി രൂപ ചെലവഴിക്കുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) റീഹാബിലിറ്റേഷൻ പാക്കേജിലും, അപ്ഗ്രഡേഷൻ പാക്കേജിലും ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ ദീർഘകാലം തകരാതിരിക്കുവാനുള്ള എന്ത് സംവിധാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ദേശീയപാത വിഭാഗത്തിൻകീഴിലുള്ള റോഡുകളെല്ലാംതന്നെ ഐ.ആർ.സി. സ്പെസിഫിക്കേഷനും മോർത്ത് ഗൈഡ് ലൈൻസും അനുസരിച്ച് ദേശീയ നിലവാരത്തിലാണ് നിർമ്മിച്ചിട്ടുള്ളത്. കൂടാതെ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ദേശീയപാത ഒഴികെയുള്ള സംസ്ഥാന പാതകൾ, മേജർ ജില്ലാ റോഡുകൾ, മറ്റ് പ്രധാന റോഡുകൾ, അന്തർസംസ്ഥാന പാതകൾ, സാമ്പത്തിക പ്രാധാന്യമുള്ള പാതകൾ എന്നിവ കേന്ദ്ര സർക്കാരിന്റെ സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ദേശീയ നിലവാരത്തിൽ നവീകരിക്കുന്നുണ്ട്. കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന നഗരറോഡ് വികസന പദ്ധതികളിൽ ദേശീയ നിലവാരത്തിലാണ് റോഡുകൾ പുനർനിർമ്മിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ അധീനതയിലുള്ള SH/MDR എന്നിവ ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിന്റെ ഭാഗമായി MORTH specification പ്രകാരമാണ് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്. പരമ്പരാഗതമായ 20 mm chipping carpet ഉപയോഗിച്ച് ഉപരിതലം പുതുക്കുന്നതിന് പകരം ഘട്ടംഘട്ടമായി SH-ലും MDR-ലും ആധുനിക നിലവാരത്തിലുള്ള BM & BC ഉപയോഗിച്ച് ഉപരിതലം പുതുക്കൽ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ബിറ്റുമിൻസ് മെക്കാഡം,

ബിറ്റുമിൻസ് കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുകയും ഇതുകൂടാതെ റെക്ട്രോ റിഫ്ലക്റ്റീവ് സൈൻബോർഡുകളും റോഡ് മാർക്കിംഗ് എന്നീ റോഡ് സുരക്ഷാ സംവിധാനവും നടപ്പിലാക്കി അപകടങ്ങൾ ഒഴിവാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള എല്ലാ റോഡുകളും ദേശീയനിലവാരത്തിൽ ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ദേശീയ പാതാ വിഭാഗത്തിൻകീഴിൽ റോഡുകളുടെ അറ്റകുറ്റപണികൾക്കായി സംസ്ഥാന സർക്കാർ കഴിഞ്ഞ സാമ്പത്തിക വർഷം 67.97 ലക്ഷം രൂപയും റോഡ് വിഭാഗത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 899.86 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) അന്താരാഷ്ട്ര നിലവാരത്തിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് കെ.എസ്.ടി.പി. റോഡുകൾ നിർമ്മിക്കുന്നത്. നിർമ്മാണ സാമഗ്രികൾക്കുള്ള ടെസ്റ്റുകൾ പണിസ്ഥലത്തുതന്നെ ലാബുകൾ സജ്ജമാക്കി ടെസ്റ്റ് ചെയ്തു ഉറപ്പു വരുത്തിയാണ് നിർമ്മാണം നടത്തുന്നത്. അന്താരാഷ്ട്ര ഗുണനിലവാരത്തിനുള്ള നിർമ്മാണത്തിനുള്ള നിർദ്ദേശങ്ങൾ വച്ചാണ് എഗ്രിമെന്റ് ഒപ്പിട്ടിട്ടുള്ളത്. ഗ്ലോബൽ ടെണ്ടർവഴി നിയമിച്ച കൺസൾട്ടന്റിന്റെ മേൽനോട്ടത്തിലാണ് നിർമ്മാണ പ്രവർത്തനം നടക്കുന്നത്.

**റോഡുകളുടെ ശോചനീയാവസ്ഥ**

3(2065) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജകമണ്ഡലത്തിലെ ഏറെ ഗതാഗത പ്രാധാന്യമുള്ള അയിരക്കുഴി-അഞ്ചൽ, അമ്പലംമുക്ക്-മത്തായിമുക്ക്, പള്ളിമുക്ക്-പാങ്ങോട്, മൂന്ന് കല്ലിൻമൂട് -മുക്കുന്നം റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകളുടെ നവീകരണത്തിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അയിരക്കുഴി-അഞ്ചൽ, അമ്പലംമുക്ക്-മത്തായിമുക്ക്, പള്ളിമുക്ക്-പാങ്ങോട്, മൂന്നുകല്ലിൻമൂട്-മുക്കുന്നം റോഡുകളുടെ നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. ടെണ്ടർ ഏറ്റെടുത്ത കരാറുകാരെക്കൊണ്ട് ടി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## റോഡുകളുടെ പുനർനിർമ്മാണം

4(2066) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ പുനർനിർമ്മിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരം പുനർനിർമ്മിക്കാൻ ഉദ്ദേശിക്കുന്ന റോഡുകളുടെ ദൈർഘ്യം എത്ര; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇപ്രകാരമുള്ള പുനർനിർമ്മാണത്തിന് മതിപ്പ് ചെലവ് എത്ര വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) അടിയന്തര അറ്റകുറ്റപ്പണികൾ ആവശ്യമായ റോഡുകളുടെ മെയിന്റനൻസ് വർക്കുകൾ ഉടനടി നിർവ്വഹിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ റോഡുകളുടെ പുനർനിർമ്മാണത്തിനായി പഠനം നടത്തുകയും അത് പ്രകാരം സംസ്ഥാനത്ത് 2100 കി. മീ. ദൈർഘ്യമുള്ള റോഡുകൾക്ക് അത്യാവശ്യ പുനർനിർമ്മാണം ആവശ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്. ദേശീയപാതകളുടെ സമഗ്രമായ വികസനത്തിനായി കേന്ദ്ര മന്ത്രാലയം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇത് പ്രകാരം എൻ.എച്ച്. 17-ഉം, എൻ.എച്ച്. 47-ഉം സർവ്വീസ് റോഡോടുകൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തരം സ്ഥലമെടുപ്പും മറ്റ് നടപടികളും പുരോഗമിച്ചു വരുന്നു. മറ്റുള്ള എല്ലാ ദേശീയപാതകളും പേവ്ഡ് ഷോൾഡറോടു കൂടി 2 വരിപ്പാതയായി വികസിപ്പിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിനുള്ള പദ്ധതി രൂപരേഖകൾ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് വഴി തയ്യാറാക്കിവരുന്നു. കെ.എസ്.ടി.പി. യിൽ ഉൾപ്പെടുത്തി 363 കി. മീ. ദൈർഘ്യമുള്ള സംസ്ഥാന പാത പുനർനിർമ്മിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിലെ റോഡുകളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടിട്ടുള്ള നഗര റോഡു വികസന പദ്ധതികൾ കെ.ആർ.എഫ്.ബി.-യുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്നു. അതുപ്രകാരം കോഴിക്കോട് നഗരത്തിലെ

22.251 കി. മീ. റോഡുകളുടെ പുനർനിർമ്മാണം നടന്നുവരുന്നു. കൂടാതെ കണ്ണൂർ നഗര റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 47.79 കി. മീ. ദൈർഘ്യമുള്ള 12 കോറിഡോറുകൾ പുനർനിർമ്മിക്കുന്നതിനും ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ വല്ലാർപാടം-കോഴിക്കോട് തീരദേശപാതയുടെ ഭാഗമായി പൊന്നാനി - കോഴിക്കോട് സെഗ്മെന്റിൽ പറവണ്ണ മുതൽ ചീരാൻ കടപ്പുറം (5 കി.മീ.) പണി പൂർത്തിയാക്കി. ചീരാൻ കടപ്പുറം മുതൽ ഒട്ടുംപുറം വരെ (6.50 കി. മീ.) ആശാൻപടി മുതൽ ട്രാൻസ്ഫോർമർ റോഡ് വരെ (2.50 കി. മീ.) അടക്കം 14 കി. മീ. റോഡ് പുനർനിർമ്മിക്കുന്നതിന് പദ്ധതിയുണ്ട്. കൂടാതെ എയർപോർട്ട് - സീപോർട്ട് റോഡിന്റെ ഭാരതമാതാ കോളേജ് മുതൽ ഇരുമ്പനം വരെ 8.8 കി. മീ. റോഡ് പുനർനിർമ്മിക്കുന്നതിനുള്ള പദ്ധതി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈ റോഡിന്റെ എച്ച്.എം.ടി. മുതൽ എൻ.എ.ഡി.-വരെയുള്ള 2.4 കി. മീ. റോഡിന്റെ പുനർനിർമ്മാണം പൂർത്തിയായി. സംസ്ഥാനത്തെ സ്റ്റേറ്റ് ഹൈവേകളിലും മേജർ ജില്ലാ റോഡുകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 1100 കി. മീ. റോഡുകളുടെ സമഗ്ര വികസനത്തിനായി രൂപീകരിച്ച " സംസ്ഥാന റോഡു വികസന പദ്ധതി (SRIP)-യാണ് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി നടപ്പിൽ വരുത്തുന്നത്. റീഹാബിലിറ്റേഷൻ, " അപ്ഗ്രഡേഷൻ എന്നീ രണ്ടു വിഭാഗങ്ങളിലായിട്ടാണ് റോഡുകളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതിയുടെ റീഹാബിലിറ്റേഷൻ പാക്കേജിൻകീഴിൽ ഒരു പൈലറ്റ് പ്രോജക്ടായി 83 കി. മീ. ദൈർഘ്യം വരുന്ന 4 റോഡുകളുടെ (2 പാക്കേജുകളിലായി പാക്കേജ് - 'എ' യും (കാസർഗോഡ് ജില്ല), പാക്കേജ് - 'ബി ' യും (കോട്ടയം, തിരുവനന്തപുരം ജില്ല) വികസനം പൊതു-സ്വകാര്യ പങ്കാളിത്ത (പി.പി.പി.-ആന്വിറ്റി) രീതിയിൽ നടത്തുന്നതിന് സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ കരാർ നൽകി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിരത്തുവിഭാഗത്തിൻ കീഴിൽ ഏകദേശം 2,800 കോടി രൂപ മതിപ്പു ചെലവ് വരുന്നുണ്ട്. ദേശീയപാത വിഭാഗത്തിൽ മതിപ്പുചെലവിനായുള്ള രൂപരേഖ പൂർത്തിയാക്കിയിട്ടില്ല. 2,403 കോടി രൂപയാണ് കെ.എസ്.ടി.പി. പദ്ധതിയുടെ അടങ്കൽ. ഇതിൽ 216 മില്യൻ യു.എസ്. ഡോളർ (1,166 കോടി രൂപ) ലോകബാങ്ക് സഹായമായും ബാക്കി തുക സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. കോഴിക്കോട് നഗരറോഡു വികസന പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ പുനർനിർമ്മാണത്തിന്റെ മതിപ്പ് ചെലവ് 254.32 കോടി രൂപയും കണ്ണൂർ നഗര റോഡ് വികസന പദ്ധതിയുടെ മതിപ്പുചെലവ് 350 കോടി രൂപയുമാണ്. കെ.ആർ.എഫ്.ബി. ഫണ്ടുപയോഗിച്ച് ഡി.ബി.എഫ്.ഒ.റ്റി.-ആന്വിറ്റി വ്യവസ്ഥയിലാണ് കോഴിക്കോട് നഗരറോഡ് വികസന പദ്ധതി പ്രകാരം റോഡ് പുനർനിർമ്മിക്കുന്നത്.

പൊന്നാനി - കോഴിക്കോട് തീരദേശപാതയുടെ 14 കി. മീറ്റർ റോഡിന്റെ പുനർനിർമ്മാണത്തിന് ഏകദേശം 96 കോടി രൂപയാണ് RBDCK എസ്റ്റിമേറ്റ് കണക്കാക്കിയിരിക്കുന്നത്. എയർപോർട്ട് -സീ പോർട്ട് റോഡിന്റെ ഭാരതമാതാ കോളേജ് മുതൽ ഇരുമ്പനം വരെയുള്ള 8.80 കി. മീ. റോഡിന്റെ പുനർനിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക 242 കോടി രൂപയാണ്. 4 റോഡുകളുടെ പ്രോജക്ട് ചെലവ് 209 കോടി രൂപയായിട്ടാണ് റിക്ക് കണക്കാക്കിയിട്ടുള്ളത്. റോഡ് നിർമ്മാണത്തിന് കരാറെടുത്തിട്ടുള്ള കൺസഷണയർ കമ്പനി മുതൽമുടക്കുകയും നിർമ്മാണം പൂർത്തീകരിച്ച ശേഷമുള്ള 13 വർഷ പരിപാലന കാലയളവിൽ 26 തവണകളായി ആന്വിറ്റി തുക സർക്കാർ നൽകുന്നതിനുമാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(സി) അടിയന്തര അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. 366 കോടി രൂപ ഈ ആവശ്യത്തിലേയ്ക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഒരു മെയിന്റനൻസ് വിഭാഗം രൂപീകരിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്.

## ഈരാറ്റുപേട്ട - വാഗമൺ റോഡിന്റെ പുനരുദ്ധാരണം

5(2067) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ വാഗമണിലേയ്ക്കുള്ള ഏക റോഡായ ഈരാറ്റുപേട്ട - വാഗമൺ റോഡിന്റെ പുനരുദ്ധാരണം സംബന്ധിച്ച് 2016-ലെ ബജറ്റിൽ പ്രഖ്യാപിച്ച പ്രകാരം എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ റോഡിന്റെ അടിയന്തര പ്രാധാന്യം കണക്കാക്കി എത്രയും പെട്ടെന്ന് പണി തുടങ്ങുന്നതിനാവശ്യമായ ഭരണാനുമതിയും സാങ്കേതികാനുമതിയും മറ്റും നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കുമോ?

### ഉത്തരം

(എ) പ്രസ്തുത റോഡിന്റെ വിശദമായ എസ്റ്റിമേറ്റ് കോട്ടയം റോഡ്സ് ഡിവിഷന്റെ കീഴിലുള്ള സെക്ഷൻ ഓഫീസിൽ തയ്യാറാക്കി വരുന്നു.

(ബി) വിശദമായ എസ്റ്റിമേറ്റ് ലഭിച്ചാൽ മാത്രമേ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. എത്രയും വേഗം ഡി.പി.ആർ. തയ്യാറാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

## പേരൂർച്ചാൽ പാലം നിർമ്മാണം

6(2068) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിൽ പമ്പാനദിക്കു കുറുകേ നിർമ്മിക്കുന്ന പേരൂർച്ചാൽ പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; ഈ പാലത്തിന്റെ നിർമ്മാണം എന്ന് പൂർത്തിയാകുമെന്നു വ്യക്തമാക്കുമോ;

(ബി) പാലം നിർമ്മാണത്തിന് നിലവിൽ എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നു വിശദമാക്കുമോ;

(സി) പാലം നിർമ്മാണം എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ; ഇപ്പോൾ എത്ര രൂപയാണ് പാലത്തിനായി വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; പാലത്തിന്റെ അളവുകൾ വിശദമാക്കുമോ?

ഉത്തരം

(എ) പാലത്തിന്റെ 1-ാമത്തെ പിയർ ലൊക്കേഷൻ ഒഴികെയുള്ളതിന്റെ ഫൗണ്ടേഷനും സബ് സ്ട്രക്ച്ചറും പൂർത്തിയായിട്ടുണ്ട്. സൂപ്പർ സ്ട്രക്ച്ചറിന്റെ പണികൾ നടന്നുകൊണ്ടിരിക്കുന്നു. 1-ാമത്തെ പിയർ ലൊക്കേഷന്റെ ഫൗണ്ടേഷൻ സബ്സ്ട്രക്ച്ചർ, സൂപ്പർ സ്ട്രക്ച്ചർ എന്നീ പണികൾ പൂർത്തിയാക്കാനുണ്ട്. 8-1-2017-നു മുമ്പ് പാലം നിർമ്മാണം പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മോശമായ കാലാവസ്ഥമൂലവും മണിയാർ ഡാം തുറക്കുമ്പോഴുള്ള വെള്ളപ്പൊക്കം കാരണവും നിർമ്മാണത്തിന് തടസ്സം നേരിട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ പണികൾ പുരോഗമിക്കുന്നു.

(സി) 7-8-2012-ലാണ് ആരംഭിച്ചത്. 6 കോടി രൂപയ്ക്കാണ് സാങ്കേതിക അനുമതി ലഭിച്ചിട്ടുള്ളത്. ടി പാലത്തിന് 159.60 മീറ്റർ നീളവും 11.05 മീറ്റർ വീതിയുമാണുള്ളത്.

## ലൈറ്റ് മെട്രോ പദ്ധതി

7(2069) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന "ലൈറ്റ് മെട്രോ"പദ്ധതിയുടെ ഭാഗമായി തമ്പാനൂരിൽ മേൽപ്പാലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായുള്ള ഭൂമിയേറ്റെടുക്കൽ നടപടി എന്ന്ആരംഭിക്കും;

(ബി) ഈ പദ്ധതിക്ക് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; തമ്പാനൂർ മേൽപ്പാലനിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ&ബി) ലൈറ്റ് മെട്രോ പദ്ധതിയുടെ ഭാഗമായി തമ്പാനൂർ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള പഠനം ആരംഭിച്ചിട്ടുണ്ട്. ഡി.എം.ആർ.സി., നാറ്റ്പാക് എന്നീ സ്ഥാപനങ്ങളുടെ സേവനം ഉപയോഗിച്ചുകൊണ്ടാണ് പ്രസ്തുത പഠനം നടക്കുന്നത്. പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടികൾ സംബന്ധിച്ച തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ. തമ്പാനൂർ മേൽപ്പാല നിർമ്മാണത്തിന് 2016-17 ബഡ്ജറ്റിൽ ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികളുടെ പട്ടികയിൽ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പി. ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ്

8(2070) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ്-എങ്കിലും ഇല്ലാത്ത അസംബ്ലി നിയോജക മണ്ഡലങ്ങളിൽ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് ഇല്ലാത്ത കോങ്ങാട് നിയോജക മണ്ഡലത്തിൽ ആയത് അനുവദിയ്ക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പരിഗണിക്കുന്നതാണ്.

## സി.ആർ.എഫ് സ്കീം

9(2071) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സി.ആർ.എഫ്. സ്കീമിൽ അനുമതി ലഭിച്ച നടുവിൽ-ഒടുവള്ളിത്തട്ട്-കുടിയാർമല റോഡിന്റെ പ്രവൃത്തി ആരംഭിച്ചോ; ഇല്ലെങ്കിൽ കാരണം എന്താണ്; എത്ര കിലോമീറ്റർ റോഡിനാണ് അനുമതി ലഭിച്ചതെന്നും ആകെ എത്ര തുകയാണ് കേന്ദ്രം അനുവദിച്ചതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

സി.ആർ.എഫ്. സ്കീമിൽ 2015-2016 സാമ്പത്തിക വർഷം അനുമതി ലഭിച്ച നടുവിൽ-ഒടുവള്ളിത്തട്ട്-കുടിയാർമല റോഡിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. 18.5 കി. മീ. റോഡിന് 27.246 കോടി രൂപയ്ക്കാണ് അനുമതി ലഭിച്ചത്.

**ജിഡ ഫണ്ട്**

10(2072) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് ഉപയോഗപ്പെടുത്തി നിർമ്മാണം നടന്നുവരുന്ന എടവനക്കാട് അയ്യമ്പിള്ളി എന്നിവിടങ്ങളിലെ പാലങ്ങളുടെ നിർമ്മാണത്തിനായി ഏറ്റെടുത്ത സ്ഥലം, സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പാലങ്ങൾക്കും എത്ര പേർക്കായി എത്ര തുക നഷ്ടപരിഹാരം നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) നഷ്ടപരിഹാരം നൽകുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) നഷ്ടപരിഹാരത്തുക വിതരണം എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റവന്യൂ നടപടികളുടെ കാലതാമസം, ഫണ്ടിന്റെ ലഭ്യതക്കുറവ് എന്നിവമൂലമാണ് താമസം നേരിടുന്നത്.

(ബി) അയ്യമ്പിള്ളി, പാലത്തിനുള്ള പൊന്നുംവില നടപടിയിൽ 11 പേർക്കായി 80 ലക്ഷത്തോളം രൂപ അനുവദിക്കാനുണ്ട്. പഴങ്ങാട് പാലത്തിനുള്ള പൊന്നുംവില നടപടിയിൽ 2 പേർക്കായി ഉദ്ദേശം 18 ലക്ഷം രൂപ നൽകാനുണ്ട്.

(സി&ഡി) റവന്യൂ നടപടികൾ പൂർത്തീകരിച്ച്, ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരത്തുക കൊടുത്തുതീർക്കുന്നതാണ്.

**എസ്.എൽ.റ്റി.എഫ്. റോഡ് പുനരുദ്ധാരണം**

11(2073) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജനവരി 1-ന് ശേഷം കോതമംഗലം മണ്ഡലത്തിൽ എസ്.എൽ.റ്റി.എഫ്.-ന്റെ റോഡ് പുനരുദ്ധാരണത്തിന് എത്ര വർക്കുകളാണ് അനുവദിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര വർക്കുകൾ തുടരുവാനാണ് അംഗീകാരം കൊടുത്തിട്ടുള്ളത്?

ഉത്തരം

(എ) 2016 ജനുവരി 1-നുശേഷം കോതമംഗലം മണ്ഡലത്തിൽ എസ്.എൽ. റ്റി.എഫ്.-ന്റെ റോഡ് പുനരുദ്ധാരണത്തിന് 2015-16 ലിസ്റ്റിൽ 17 പ്രവൃത്തികൾക്കും 2016-2017 ലിസ്റ്റിൽ 14 പ്രവൃത്തികൾക്കും അനുവാദം നൽകിയിട്ടുണ്ട്.

(ബി) 2015-16 ലിസ്റ്റിൽ ടെണ്ടർ ചെയ്യാത്ത 3 പ്രവൃത്തികൾ ഒഴികെ 14 പ്രവൃത്തികൾ തുടരുവാൻ അനുവാദം നൽകിയിട്ടുണ്ട്. 2016-17 ലിസ്റ്റിലെ പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു.

**കരമന - വെള്ളറട റോഡിന്റെ നിർമ്മാണ പ്രവൃത്തി**

12 (2074) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ആർ.ഐ.പി. യിൽ ഉൾപ്പെടുത്തി അനുവദിക്കപ്പെട്ടിട്ടുള്ള കരമന-വെള്ളറട റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലുള്ള സ്ഥിതി വിശദീകരിക്കാമോ;

(ബി) സർവ്വേ നടപടികളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടോ; നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) എസ്.ആർ.ഐ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി കരമന - വെള്ളറട റോഡ് സ്ഥലമേറ്റെടുത്ത് അപ്ഗ്രേഡ് ചെയ്യുന്നതിന് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 15-2-2016-ലെ G.O. (Rt.) No.355/2016/PWD ഉത്തരവ് പ്രകാരം കരമന-വെള്ളറട റോഡ് വികസിപ്പിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായി 5054-04-337-80-NV എന്ന ബഡ്ജറ്റ് ഹെഡ്ഡിൽനിന്നും 21.44 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. അതനുസരിച്ച് റോഡ് വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായി പുതിയ LA 2013 Act പ്രകാരമുള്ള റിക്വിസിഷൻ കത്ത് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് 23-3-2016-ന് നൽകുകയുണ്ടായി. 4-7-2016-ന് തിരുവനന്തപുരം കളക്ടർ സ്പെഷ്യൽ തഹസീൽദാരെ (എൽ.എ.) NH-നെ ഭൂമിയേറ്റെടുക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂമിയേറ്റെടുക്കലിന് പൊന്നുംവില നടപടികൾ ആരംഭിക്കുന്നതിനായി സംയുക്ത പരിശോധന ആവശ്യമാണെന്ന് കാണിച്ച് സ്പെഷ്യൽ തഹസീൽദാർ 30-8-2016-ന് കത്ത് നൽകുകയുണ്ടായി. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സർവ്വേ നടപടികളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും എത്രയുംവേഗം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. റോഡ് നിർമ്മാണത്തിനുള്ള ഭൂമി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനത്തിനുള്ള ദർഘാസുകൾ ക്ഷണിക്കുന്നതാണ്.

## റോഡ് പദ്ധതികൾ

13 (2075) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ നിലവിൽ ഏതെല്ലാം റോഡ് പദ്ധതികൾക്കാണ് കേന്ദ്ര ഫണ്ട് ലഭിച്ചിട്ടുള്ളത്;

(ബി) ഓരോ പദ്ധതിക്കും എത്ര തുക വീതമാണ് കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുള്ളത്;

(സി) കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചതിൽ എത്ര പ്രവൃത്തികൾ ഇതിനകം ആരംഭിച്ചു; ഇനിയും ആരംഭിച്ചിട്ടില്ലാത്ത പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ നിലവിൽ നടക്കുന്ന, കേന്ദ്ര ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

| പദ്ധതി | എണ്ണം | തുക (രൂപ) |
|---|---|---|
| എൻ.എച്ച്.(ഒ) | 34 | 986.92 കോടി |
| പി.ആർ. | 10 | 58.61 കോടി |
| സി.ആർ.എഫ്. | 6 | 90.04 കോടി |

(ബി) പദ്ധതിയുടെ വിശദമായ ലിസ്റ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(സി) പ്രവൃത്തികൾ ആരംഭിക്കാത്ത പദ്ധതികളും കാരണവും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി | പ്രവൃത്തിയുടെ പേര് | എൻ. എച്ച്. നമ്പർ | തുക (കോടി യിൽ) | പ്രവൃത്തി തുടങ്ങാത്തതി ന്റെ കാരണം |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1. | എൻ.എച്ച്. (ഒ) | IROP from Km. 0/000 to Km. 16/100 of NH 183 A (Newly declared) | 183 എ | 13.68 | |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 2. | പി.ആർ. | PR from Km. 194/610 to Km. 206/500 of NH 66 (Old NH 17) | 66 (പഴയ എൻ. എച്ച്. നമ്പർ 17) | 6.6012 | പ്രവൃത്തിയുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു |
| 3. | സി. ആർ.എഫ്. | Improvements to Chelarimukku Kolecherimukku -Nayattupara road in Kannur district | | 26.80 | |
| 4. | സി. ആർ.എഫ്. | Improvements to Oduvallithattu-Naduvil-Kudiyanmala road from Km. 0/000 to Km. 18/000 in Kannur district | | 27.24 | പ്രവൃത്തിയുടെ ദർഘാസ് അനുമതിക്കായി സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |

ആരംഭിച്ച പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധം 2 ആയും ചേർത്തിരിക്കുന്നു.*

**കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ**

14 (2076) ശ്രീ. പി. ഉണ്ണി :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. എം. മുകേഷ് :

ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്നാണ് രൂപീകരിച്ചതെന്നും ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത സ്ഥാപനം അതിന്റെ ലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിച്ച് കരാറുകാർക്ക് അനുകൂലമായി ഒത്തുകളിക്കുന്നതായും കരാർ ഏറ്റെടുത്തശേഷം സബ് കോൺട്രാക്ട് നൽകുന്നതുമായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സ്ഥാപനം സബ് കോൺട്രാക്ട് നൽകുന്നതു സംബന്ധിച്ച് എന്തെങ്കിലും കോടതി വിധി നിലവിലുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത കോർപ്പറേഷൻ ഏറ്റെടുക്കുന്ന പ്രവൃത്തികൾ പലതും പുറം കരാറുകാരെക്കൊണ്ട് ചെയ്യിപ്പിക്കുന്നതുമൂലം പ്രവൃത്തികൾക്ക് വേണ്ടത്ര ഗുണനിലവാരം ഉറപ്പാക്കുന്നതിനും അവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും കഴിയുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 19-2-1975-ൽ കമ്പനി നിയമപ്രകാരം സ്ഥാപിക്കപ്പെട്ട ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ. സംസ്ഥാനത്തെ പാലങ്ങൾ, ദേശീയപാത പ്രോജക്ടുകൾ, ഡാമുകൾ, കനാലുകൾ, പ്രധാന കെട്ടിടങ്ങൾ, റോഡ് നിർമ്മാണം ഉൾപ്പെടെ വൻകിട മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള ഒരു സർക്കാർ ഏജൻസിക്ക് രൂപം കൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ രൂപീകരിച്ചിട്ടുള്ളത്.

(ബി) സബ് കോൺട്രാക്ട് നൽകുന്നതായുള്ള ആക്ഷേപം, അതിന്റെ ഭാഗമായുള്ള മറ്റ് ആക്ഷേപങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സബ് കോൺട്രാക്ടുകൾ നൽകുന്നത് തികച്ചും അസ്വീകാര്യമായ കാര്യമാണ്.

(സി) 3-7-2015-ൽ കേരള ഹൈക്കോടതിയുടെ WA 2142-ൽ പുറപ്പെടുവിച്ച വിധിപ്രകാരം കോർപ്പറേഷന് അനുവദിച്ചിരുന്ന പ്രീ ക്വാളിഫിക്കേഷൻ ആനുകൂല്യം സബ് കോൺട്രാക്ട് മുഖനേയല്ലാതെ കൺസ്ട്രക്ഷൻ കോർപ്പറേഷൻ നേരിട്ട് ചെയ്യുന്ന പ്രവൃത്തികൾക്ക് മാത്രമായി പരിമിതപ്പെടുത്തുകയുണ്ടായി.

(ഡി) സർക്കാർ വകുപ്പുകളിൽനിന്നും ടെണ്ടർ മുഖാന്തിരം കെ.എസ്.സി.സി. ഏറ്റെടുക്കുന്ന പ്രവൃത്തികൾ, പുറം കരാറുകാരെക്കൊണ്ട് ചെയ്യിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തികൾ ഏൽപ്പിക്കുന്ന കരാറുകാരനെ ആശ്രയിച്ചാണ് പ്രവൃത്തികളുടെ ഗുണനിലവാരവും പ്രോഗ്രസ്സും കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതും ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**റോഡ് സുരക്ഷിതത്വത്തിനായി പദ്ധതികൾ**

15(2077) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന റോഡ് അപകടങ്ങളുടെ പശ്ചാത്തലത്തിൽ റോഡ് സുരക്ഷിതത്വത്തിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) പൊതുമരാമത്ത്, പോലീസ്, മോട്ടോർ വാഹനം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകൾ സംയുക്തമായി റോഡ് സുരക്ഷിതത്വത്തിനായി പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) അപകടമരണങ്ങൾ കുറയ്ക്കുന്നതിനായി സംസ്ഥാന ഗതാഗത വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, നാഷണൽ ഹൈവേ അതോറിറ്റി തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുമായി ചേർന്ന് സംസ്ഥാന പോലീസ് ശുഭയാത്ര 2015 എന്നൊരു പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഗതാഗത നിയമങ്ങൾ സംബന്ധിച്ച അറിവ് പൊതുസമൂഹത്തിന് പകർന്ന് നൽകുക, അവ ശരിയായി പാലിക്കേണ്ടതിന്റെ ആവശ്യകത പൊതുജനങ്ങളെ ബോധ്യപ്പെടുത്തുക തുടങ്ങിയവയാണ് ഈ പദ്ധതിയിലെ മുഖ്യ പ്രവർത്തനങ്ങൾ. കേരളത്തിലെ റോഡുകളിൽ മെച്ചപ്പെട്ട റോഡ് സുരക്ഷയ്ക്കായി ഐക്യരാഷ്ട്രസഭ തുടക്കമിട്ട പരിപാടിയായ 'റോഡ് സുരക്ഷയ്ക്കായി ഒരു ദശകം' പദ്ധതി നടപ്പാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പ്രീ ഡ്രൈവേഴ്സ് പരിശീലനം, ട്രാൻസ്പോർട്ട് - നോൺ ട്രാൻസ്പോർട്ട്- ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി പരിശീലന പരിപാടികൾ എന്നിവ നടത്തിവരുന്നുണ്ട്. ആധുനിക വാഹന പരിശോധനാ ഉപകരണങ്ങളുടെ സഹായത്തോടെ അമിതവേഗത, മദ്യപിച്ച് വാഹനം ഓടിക്കൽ, ട്രാഫിക് നിയമ ലംഘനം എന്നിവ കണ്ടുപിടിച്ച് കർശന ശിക്ഷാനടപടികൾ കൈക്കൊള്ളുന്നുണ്ട്.

**മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

16 (T* 2078) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മലയോരമേഖലകളെ ബന്ധിപ്പിച്ച് കടന്നുപോകുന്ന മലയോര ഹൈവേയുടെ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) മലയോര ഹൈവേയുടെ നിർമ്മാണത്തിനായി ലേഔട്ട് തയ്യാറാക്കുന്നതിനു വേണ്ടി ടെൻഡർ ക്ഷണിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാനാകുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ മലയോര പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഹൈവേ നടപ്പാക്കുന്നതിനുവേണ്ടി കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ കടക്കറ വരെ നിലവിലുള്ള റോഡ് വികസിപ്പിച്ച് ഉയർത്തുവാനാണ് മലയോര ഹൈവേ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഇതിനായി G.O.(MS)No.44/09/PWD dated 6-7-2009 പ്രകാരം 1195 കി. മീ. ദൈർഘ്യമുള്ള NATPAC നിർദ്ദേശിച്ച അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ട്. മലയോര പ്രദേശങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കി യാത്ര കൂടുതൽ സുഗമമാക്കുന്നതിന് അനിവാര്യമായ മലയോര ഹൈവേ നിർമ്മിക്കുന്നതിന് മുന്തിയ പരിഗണനയാണ് സർക്കാർ കൊടുക്കാനുദ്ദേശിക്കുന്നത്.

(ബി) മലയോര ഹൈവേ പദ്ധതിക്കായി NATPAC അലൈൻമെന്റ് പ്ലാൻ തയ്യാറാക്കുകയും ടി അലൈൻമെന്റ് G.O.(MS)No.44/09/PWD dated 6-7-2009 പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

(സി) മലയോര ഹൈവേ ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

**ടോൾ ബൂത്തുകളിൽ ഇ-ടോൾ പിരിവ്**

17 (2079) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടോൾ ബൂത്തുകൾക്ക് സമീപം പലപ്പോഴും ഗതാഗതകുരുക്കുണ്ടാകുന്നത് പൊതുജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടോൾപിരിവ് സംവിധാനത്തിലെ കാലതാമസമാണ് പലപ്പോഴും ഇപ്രകാരമുള്ള ഗതാഗതക്കുരുക്ക് സൃഷ്ടിക്കുന്നതിന് കാരണമെന്നത് വിലയിരുത്തിയിട്ടുണ്ടോ;

(സി) ടോൾ ബൂത്തുകളിൽ ഇ-ടോൾ പിരിവ് (ETC) സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; ഇത്തരമൊരു സംവിധാനം ഏർപ്പെടുത്തുന്നത് പൊതുജനങ്ങൾക്ക് സൗകര്യപ്രദമായിരിക്കുമെന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കൂടുതൽ വാഹനങ്ങളിൽ ടോൾ ബൂത്തുകളിൽ ഇ-ടോൾ പിരിവ് (ETC) സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണിക്കുന്നതാണ്.

## അരൂർ - അരൂകുറ്റി റോഡും അരൂർ ബൈപ്പാസ്- ഇടക്കൊച്ചി റോഡും പിപിപി/ആന്വറ്റിരീതിയിൽ നിർമ്മിക്കുന്നതിന് നടപടി

18 (2080) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും അധികം കണ്ടെയ്നർ വാഹനങ്ങൾ കടന്നു പോകുന്ന രണ്ട് റോഡുകളാണ് അരൂർ - അരൂകുറ്റി റോഡും അരൂർ ബൈപ്പാസ്- ഇടക്കൊച്ചി റോഡും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹെവി കണ്ടെയ്നർ വാഹനങ്ങളുടെ ഉപയോഗക്കൂടുതൽ കൊണ്ട് ബി.എം ബി.സി യിൽ നിർമ്മിച്ചാൽ പോലും ഈ റോഡുകൾ തകർന്ന് പോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആകെ 4 km മാത്രം ദൈർഘ്യമുള്ള പ്രസ്തുത റോഡുകൾ റോഡ് ഇൻഫ്രാസ്ട്രച്ചർ കമ്പനി മുഖേന 13 വർഷത്തെ പരിപാലന വ്യവസ്ഥയോടെ പിപിപി/ആന്വറ്റി രീതിയിൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അരൂർ-അരൂകുറ്റി റോഡ് ബി.എം.ബി.സി. മാതൃകയിൽ 8 വർഷം മുൻപ് നിർമ്മിച്ചതാണ്. കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ടി റോഡിൽ കുഴികൾ എടുത്തതിനെ തുടർന്നാണ് തകരാറുകൾ സംഭവിച്ചത്. അരൂർ ബൈപ്പാസ് - ഇടക്കൊച്ചി റോഡ് ബി.എം.ബി.സി. മാതൃകയിൽ അല്ല നിർമ്മിച്ചത്.

(സി) പ്രസ്തുത റോഡുകൾ റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി മുഖേന നിർമ്മിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ലായിരുന്നു. തുടർന്ന് പരിശോധിക്കാവുന്നതാണ്.

**ടോൾ പിരിവ്**

19(2081) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ടോൾ പിരിവ് നടത്തുന്ന റോഡുകളുടേയും പാലങ്ങളുടേയും ജില്ല തിരിച്ചുള്ള വിശദ വിവരം നൽകുമോ;

(ബി) ഇവ ഓരോന്നിന്റെയും ടോൾ പിരിവ് കാലാവധി എന്നുവരെ എന്ന് വ്യക്തമാക്കുമോ;

(സി) കാലാവധി കഴിഞ്ഞിട്ടും പല സ്ഥലങ്ങളിലും ടോൾ പിരിവ് തുടരുന്ന എന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതവസാനിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ എൻ.എച്ച്. 17-ൽ പടന്നക്കാട് റെയിൽവേ ഓവർ ബ്രിഡ്ജിൽ നിലവിൽ ടോൾ പിരിവ് നടത്തുന്നുണ്ട്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ടോൾ പോളിസി അനുസരിച്ച് പടന്നക്കാട് റെയിൽവേ ഓവർ ബ്രിഡ്ജിന് നിരന്തര ടോളാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ഇപ്പോൾ 100 കോടി രൂപയ്ക്ക് താഴെ ചെലവ് വന്നിട്ടുള്ള പദ്ധതികൾക്ക് ടോൾ പിരിവ് ഒഴിവാക്കി ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഇതനുസരിച്ച് പടന്നക്കാട് റെയിൽവേ ഓവർ ബ്രിഡ്ജിൽ ടോൾ നിർത്തലാക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. നോട്ടിഫിക്കേഷൻ വരുന്ന മുറയ്ക്ക് ടോൾ പിരിവ് നിർത്തുന്നതാണ്. റോഡുകളും പാലങ്ങളും വിഭാഗവും ആർ.ബി.ഡി.സി.കെ.-യും ടോൾ പിരിവ് നടത്തുന്ന പാലങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) കാലാവധി കഴിഞ്ഞിട്ടും ടോൾ പിരിവ് തുടരുന്ന പാലങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഏറനാട് നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ**

20(2082) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗം, നിരത്തുകളും പാലങ്ങളും വിഭാഗം എന്നിവ മുഖേന ഏറനാട് നിയോജക മണ്ഡലത്തിലെ ചെറുതും വലുതുമായ ഏതെല്ലാം പദ്ധതികളുടെ എസ്റ്റിമേറ്റാണ് ഭരണാനുമതിക്കായി തയ്യാറാക്കി നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ പേര്, എസ്റ്റിമേറ്റ് തുക, പഞ്ചായത്ത് മറ്റ് വിശദാംശങ്ങൾ ഇവ ലഭ്യമാക്കുമോ;

(സി) പ്രസ്തുത എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയർ തലത്തിലോ, എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിലോ ഗവൺമെന്റ് തലത്തിലോ എന്തെങ്കിലും ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ഏറനാട് നിയോജക മണ്ഡലത്തിൽ ഭരണാനുമതിക്കായി ലഭിച്ച 16 പ്രവൃത്തികളുടെ പട്ടിക അനുബന്ധം ആയി ചേർത്തിരിക്കുന്നു.* പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന ഏറനാട് നിയോജകമണ്ഡലത്തിലെ അരീക്കോട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിനുവേണ്ടി 356.16 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ഹയർ സെക്കന്ററി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നബാർഡ് 16-17 ഞെരട്ടുമ്മൽ-വടക്കുംമുറി-ഓടക്കയം റോഡിൽ കി.മീ. 0/000 മുതൽ 11/500 വരെ ബി.എം.&ബി.സി. ചെയ്യൽ എന്ന പ്രവൃത്തി ഒഴികെ ബാക്കി പതിനഞ്ച് പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

**അഴിമതി തടയാൻ ജനകീയ പങ്കാളിത്തം**

21(2083) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ അഴിമതി തടയാൻ ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ എന്തെങ്കിലും നടപടി സർക്കാർ ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ ചില നിർമ്മാണ പ്രവർത്തനങ്ങളിൽ അനാവശ്യമായ കാലതാമസം വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തെങ്കിലും നടപടികൾ സർക്കാർ ആലോചനയിലുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) കാസർഗോഡു മുതൽ തിരുവനന്തപുരം വരെ ദേശീയപാത നാലുവരിയാക്കി വികസിപ്പിക്കാൻ സർക്കാർ ആലോചനയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൻ കീഴിൽ നടത്തുന്ന പ്രവൃത്തികളിൽ അഴിമതി തടയുന്നതിനും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും കെട്ടിടം എന്നീ വിഭാഗങ്ങളിൽകൂടി സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ചിലപ്പോൾ അനാവശ്യ കാലതാമസം നേരിടുന്നതായി റിപ്പോർട്ടുകൾ ഉണ്ട്. എന്നാൽ free surrender ആയി സ്ഥലം നൽകാമെന്ന് ഉറപ്പ് നൽകിയതിൽ നിന്നും സമയബന്ധിതമായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള കാലതാമസം കാരണവും ബിൽ തുക കൃത്യമായി ലഭിക്കാത്തതുകൊണ്ടും ചില കരാറുകാരുടെ അനാസ്ഥ കാരണവും പ്രവൃത്തികളിൽ കോടതി ഇടപെടലുകൾ മുഖേനയും കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനായി സ്ഥലം എം.എൽ.എ., ജില്ലാ കളക്ടർ എന്നിവരെ ഉൾപ്പെടുത്തി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തർക്കങ്ങൾ ചർച്ചയിലൂടെ പരിഹരിക്കപ്പെടുന്നു. പൊതുമരാമത്ത് പ്രവൃത്തികൾക്ക് കരാറുകാരുടെ ബിൽ ഘട്ടംഘട്ടമായി കൊടുക്കുവാനുള്ള നടപടികൾ സ്വീകരിച്ച് ബിൽ തുക നൽകുന്നത് നേരിടുന്ന കാലതാമസം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോൺട്രാക്ടറുടെ അനാസ്ഥമൂലം കാലതാമസംവരുന്നത് തടയാൻ പിഴ ഈടാക്കുകയും റിസ്ക് & കോസ്റ്റിൽ കരാർ അവസാനിപ്പിക്കുകയും കരാറുകാരുടെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. ദേശീയപാത വിഭാഗത്തിൽ കരാറുകാരുടെ വീഴ്ചമൂലം പദ്ധതി പൂർത്തീകരണത്തിനുണ്ടാകുന്ന കാലതാമസത്തിന് ആനുപാതികമായ പിഴ ഈടാക്കുന്നതിനുള്ള വ്യവസ്ഥ കരാറുകളിൽ ഉൾകൊള്ളിച്ചിട്ടുണ്ട്. ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്നും വീഴ്ചകൾ ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി പദ്ധതികൾക്കുള്ള എസ്റ്റിമേറ്റ് സ്പെസിഫിക്കേഷൻ തയ്യാറാക്കുമ്പോൾ അതീവ ശ്രദ്ധ പാലിക്കുന്നതായി ഉറപ്പ് വരുത്താറുണ്ട്. പുതുക്കിയ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പിഴ ചുമത്തുവാനും കരാർപ്രകാരം പൂർത്തീകരിക്കാത്ത പ്രവൃത്തികൾ കരാറുകാരന്റെ റിസ്ക് & കോസ്റ്റിൽ മറ്റ് ഏജൻസി വഴി പൂർത്തീകരിക്കുവാനും വ്യവസ്ഥകൾ ഉൾകൊള്ളിച്ചിട്ടുണ്ട്. ഇത് പ്രകാരം വീഴ്ച വരുത്തുന്ന കരാറുകാരനെതിരെ നടപടി എടുക്കാറുണ്ട്.

(സി) കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാത പുതിയ എൻ.എച്ച്. 66 (എൻ.എച്ച് 47-ഉം എൻ.എച്ച്. 17-ഉം കൂടി ചേർന്നത്) കേന്ദ്ര സർക്കാരിന്റെ എൻ.എച്ച്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 4 വരിപ്പാതയായി വികസിപ്പിക്കുവാനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചിരിക്കുന്നത്. എന്നാൽ ദേശീയപാത വികസനത്തിന്റെ സ്ഥലമെടുപ്പിൽ പുരോഗതി ഉണ്ടാകാതിരുന്ന സാഹചര്യത്തിൽ NHAI ഈ പാതയുടെ വികസന പദ്ധതിയിൽനിന്നും

പിൻമാറുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ നിരന്തരമായ അഭ്യർത്ഥനപ്രകാരം കേന്ദ്ര മന്ത്രാലയം NHAI-യ്ക്ക് ഈ പദ്ധതി പുനരാരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയപാതയുടെ വീതി 45 മീറ്റർ ആയി അംഗീകരിച്ച് GO(MS) No.94/2014/PWD തീയതി 25-10-2014 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും സ്ഥലമേറ്റെടുപ്പ് പൂർത്തീകരിക്കുന്നതിലേയ്ക്കായി അലൈൻമെന്റിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതതല കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ വികസനത്തിനുവേണ്ട പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ NHAI മുഖാന്തരം നടത്തി വരുന്നു.

**തീരദേശ ഹൈവേകൾ**

22(2084) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേകൾ പലതിന്റെയും നിർമ്മാണം പകുതി വഴിയിൽ മുടങ്ങി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താനൂർ ടിപ്പു സുൽത്താൻ റോഡു വഴി കടന്നു പോകുന്ന കോഴിക്കോട് - എറണാകുളം തീരദേശ ഹൈവേ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; വിശദമാക്കാമോ;

(സി) നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; ഇതിനായി ഗവൺമെൻറ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊന്നാനി മുതൽ കോഴിക്കോട് വരെയുള്ള 56.49 കി.മീ. ദൈർഘ്യം വരുന്ന ടിപ്പുസുൽത്താൻ റോഡ് വീതികൂട്ടി വികസിപ്പിക്കുന്നതിനായുള്ള 1326.75 കോടി രൂപയുടെ എസ്റ്റിമേറ്റിൽ ആശാൻപടി മുതൽ ചീരാൻ കടപ്പുറം വരെയുള്ള 9.4 കി.മീ. വികസിപ്പിക്കാൻ 117.62 കോടി രൂപയ്ക്ക് 12-3-2013-ലെ സ.ഉ.(സാധാ) നമ്പർ 348/2013/പൊ.മ.വ. പ്രകാരം അനുമതി നൽകിയിട്ടുള്ളതും ഇതിൽ ആശാൻപടി മുതൽ പറവണ്ണ വരെയുള്ള 4.5 കി.മീ പ്രവൃത്തി ആർ.ബി.ഡി.സി.കെ. 2014 സെപ്റ്റംബറിൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ഭരണാനുമതി നൽകിയിട്ടുള്ള പറവണ്ണ മുതൽ ചീരാൻ കടപ്പുറം വരെയുള്ള 5 കി.മീ. ഭാഗത്തെയും ആശാൻപടി മുതൽ ട്രാൻസ്ഫോർമർ റോഡ് വരെയുള്ള 2 കി.മീ. ഭാഗത്തെയും ഭൂമി ഏറ്റെടുക്കൽ നടപടികൾ LAR 2013 നടപടി ക്രമങ്ങൾ പ്രകാരം പൂർത്തിയാകേണ്ടതുണ്ട്.

(സി) തീരദേശ ഹൈവേ എത്രയും വേഗം നടപ്പിലാക്കുന്നതിനും അതിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കുമായി ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറെ കൺവീനറും പൊതുമരാമത്ത് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനുമായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതര നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

## പ്രധാന കവലകളിൽ ട്രാഫിക് സിഗ്നലുകളും സൈൻ ബോർഡുകളും സ്ഥാപിക്കാൻ നടപടി

23(2085) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പ്രധാന കവലകളിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രധാന കവലകളിൽ റോഡിന്റെ ദിശ കാണിക്കുന്ന സൈൻ ബോർഡുകൾ പലയിടത്തും സ്ഥാപിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സൈൻ ബോർഡുകൾ അടിയന്തരമായി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) IRC-93 പ്രകാരമുള്ള കോഡിലെ മാനദണ്ഡങ്ങളനുസരിച്ചാണ് ട്രാഫിക് സിഗ്നലുകൾ കവലകളിൽ സ്ഥാപിക്കുന്നത്. വാഹനസാന്ദ്രത, വാഹനങ്ങളുടെ തടസ്സരഹിതയാത്ര, കാൽനടയാത്രക്കാരുടെ എണ്ണം, കവലകളിലെ അപകടനിരക്ക് എന്നിവയുടെ അടിസ്ഥാനത്തിലാണ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലെ പ്രധാന കവലകളിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുന്നത്.

(ബി&സി) ഉണ്ട്. നിലവിൽ റോഡ് നവീകരണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ സുഗമമായ റോഡ് ഗതാഗതത്തിനാവശ്യമായ ട്രാഫിക് സൈൻ ബോർഡുകൾ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ പദ്ധതി/പദ്ധതിയേതര ഫണ്ടുകളിൽനിന്നും ദിശാബോർഡുകൾ സ്ഥാപിച്ചു വരുന്നുണ്ട്. എന്നാൽ കേരളത്തിലെ റോഡപകടങ്ങളുള്ള എല്ലാ ജംഗ്ഷനുകളിലും ദിശാബോർഡുകൾ സ്ഥാപിക്കുന്നതിന് 1,000 കോടി രൂപയിൽ കൂടുതൽ ചെലവ് പ്രതീക്ഷിക്കുന്നു. ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ഘട്ടംഘട്ടമായി ദിശാബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ശബരിമല അനുബന്ധറോഡുകളുടെ നവീകരണം

24(2086) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഏറ്റവും അധികം അയ്യപ്പഭക്തന്മാർ യാത്ര ചെയ്യുന്ന ആറ് അനുബന്ധ റോഡുകൾ അടിയന്തരമായി നവീകരണം നടത്താൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് Letter No. MLA/PNJR/GP/20/2016-17 dt 31-7-2016/Tvm പ്രകാരം വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഈ റോഡുകളുടെ പ്രാധാന്യം കണക്കാക്കി അടിയന്തര നടപടികൾ സ്വീകരിച്ച് റോഡ് നവീകരണം എത്രയും പെട്ടെന്ന് പൂർത്തിയാക്കുമോ?

ഉത്തരം

(എ&ബി) 2016-17-ലെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് 28-7-2016-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 56/ 2016/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത, നിരത്തുകളും പാലങ്ങളും വിഭാഗം KSTP എന്നിവയിൽ ഉൾപ്പെട്ടുവരുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 8943.54 ലക്ഷം രൂപയുള്ള ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. അനുബന്ധ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും റോഡ് സുരക്ഷാ പണികൾക്കുമായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം പരിഗണിക്കാൻ കഴിഞ്ഞില്ല. എങ്കിലും കോട്ടയം ഡിവിഷന് കീഴിൽവരുന്ന പൂഞ്ഞാർ മണ്ഡലത്തിൽ SLTF RP 2015-16 പദ്ധതി പ്രകാരം 11 വർക്കുകൾക്കായി 61 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പണികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 150 കോടി രൂപയുള്ള പ്രൊപ്പോസൽ ക്യാബിനറ്റിൽ വന്നു. എന്നാൽ ധനവകുപ്പിന്റെ അനുമതി ഇതുവരെയും ലഭിച്ചിട്ടില്ല. ലഭിച്ചാൽ നടപടി സ്വീകരിക്കും.

## അരൂർ നിയോജകമണ്ഡലത്തിലെ പാലം നിർമ്മാണം

25(2087) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിലെ കുത്തിയതോട് - തുറവൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വാക്കയിൽ പാലത്തിന്റെ നിർമ്മാണത്തിന് എത്ര കോടി രൂപയാണ് എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുള്ളത്; ബഡ്ജറ്റ് വിഹിതമായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; അത് എന്നാണ് അനുവദിച്ചത്; അതിൽ നിന്ന്

ഇൻവെസ്റ്റിഗേഷൻ ആവശ്യത്തിനും ഡി.പി.ആർ.-നും മറ്റുമായി എത്ര രൂപ ചെലവായി; ബാക്കി തുക അനുവദിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഫയൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(ബി) അരൂർ നിയോജകമണ്ഡലത്തിലെ എഴുപുന്ന പഞ്ചായത്തിലെ കാക്കതുരുത്ത് പാലത്തിന്റെ എ.എസ്. എത്ര കോടി രൂപയായിരുന്നു; എന്നാണ് പാലം പണി ആരംഭിച്ചത്; പാലം പണി മുടങ്ങിയതിനു ശേഷം പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചത് പ്രകാരമുള്ള അധിക തുക അനുവദിച്ചു നൽകിയോ; ആയത് എത്രയും വേഗം ലഭ്യമാക്കി നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അരൂർ നിയോജകമണ്ഡലത്തിലെ കുത്തിയതോട്-തുറവൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വാക്കയിൽ പാലത്തിന്റെ നിർമ്മാണത്തിന് 12.50 കോടി രൂപയുടെ എസ്റ്റിമേറ്റാണ് ഇപ്പോൾ പ്രൈസ് സ്സോഫ്റ്റ്‌വെയറിൽ തയ്യാറാക്കി വരുന്നത്. ബഡ്ജറ്റ് വിഹിതമായി 100 ലക്ഷം രൂപയുടെ ഭരണാനുമതി സ.ഉ. (സാധാ)നമ്പർ 1540/11/PWD തീയതി 9-11-2011 പ്രകാരം അനുവദിച്ചിട്ടുണ്ട്. അതിൽ 8.90 ലക്ഷം രൂപ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് ചെലവായി. എസ്റ്റിമേറ്റ് പൂർത്തിയായി ആയത് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകി ടെണ്ടർ നടപടി പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുവാൻ കഴിയും.

(ബി) അരൂർ നിയോജകമണ്ഡലത്തിലെ എഴുപുന്ന പഞ്ചായത്തിലെ കാക്കത്തുരുത്ത് പാലത്തിന്റെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലം പണി ആരംഭിച്ചത് 8-3-2012-ലാണ്. ബാക്കി പ്രവൃത്തിക്കായുള്ള പുതുക്കിയ എസ്റ്റിമേറ്റ് അടുത്ത ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതിനുശേഷം മാത്രമേ പുതുക്കിയ ഭരണാനുമതി നൽകുവാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ പ്രത്യേക അനുവാദം ധനകാര്യ വകുപ്പിൽ നിന്നും വാങ്ങി മന്ത്രിസഭയുടെ അംഗീകാരത്തോടെ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുവാൻ കഴിയും.

**കൊച്ചി-മധുര ദേശീയ പാത**

26(2088) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-മധുര ദേശീയ പാത നാലുവരിയാക്കി നിർമ്മിക്കുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പാതയുടെ അലൈൻമെന്റ് തീരുമാനിച്ചത് എന്നാണ്;

(സി) പ്രസ്തുത അലൈൻമെന്റ് പ്രകാരം നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം ഉണ്ടായതിന്റെ കാരണം അറിയിക്കുമോ;

(ഡി) തൃപ്പൂണിത്തുറ ഉൾപ്പെടെയുള്ള നിരവധി സ്ഥലങ്ങളിലെ ഗതാഗതക്കുരുക്ക് ഇല്ലാതാക്കുന്ന പ്രസ്തുത റോഡിന്റെ വികസനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൊച്ചി-മധുര ദേശീയപാത മറ്റക്കുഴി മുതൽ ബോഡിമേട്ട് വരെ പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാതയായി വികസിപ്പിക്കുവാനാണ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ തീരുമാനം. ഇതിനായി അലൈൻമെന്റ് തീരുമാനിക്കാനും വിശദമായ പദ്ധതിരേഖ തയ്യാറാക്കുവാനുമായി കേന്ദ്രത്തിന്റെ നിർദ്ദേശമുണ്ട്. മറ്റക്കുഴി മുതൽ മൂന്നാർ വരെയുള്ള ഭാഗത്തിന്റെ വിശദമായ പദ്ധതിരേഖ ഉണ്ടാക്കുന്നതിനു വേണ്ടി കൺസൾട്ടൻസിനെ ക്ഷണിക്കുകയും ഫിനാൻഷ്യൽ അപ്രൂവലിനുവേണ്ടി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിലേക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. മൂന്നാർ മുതൽ ബോഡിമേട്ട് (119/017) വരെയുള്ള ഭാഗം പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാതയാക്കി വികസിപ്പിക്കാനുള്ള എസ്റ്റിമേറ്റ് കേന്ദ്രമന്ത്രാലയത്തിന് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ദേശീയപാത 49-ന്റെ അലൈൻമെന്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം അപ്രൂവ് ചെയ്തത് 1997-ലാണ്.

(സി) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടില്ല.

(ഡി) മറ്റക്കുഴി മുതൽ കുണ്ടന്നൂർ വരെയുള്ള തൃപ്പൂണിത്തുറ ബൈപ്പാസ് 4 വരിപ്പാതയിലാണ് വികസിപ്പിക്കുന്നത്. ഇതിന്റെ അലൈൻമെന്റ് കേന്ദ്ര മന്ത്രാലയം അംഗീകരിച്ചിട്ടുണ്ട്. ഇതിൽ മറ്റക്കുഴി മുതൽ തിരുവാങ്കുളം വരെയുള്ള സ്ഥലമെടുപ്പ് പൂർത്തിയാക്കുകയും തിരുവാങ്കുളം മുതൽ കുണ്ടന്നൂർ വരെയുള്ള ഭാഗത്തിന്റെ സ്ഥലമെടുപ്പിനുള്ള എസ്റ്റിമേറ്റ് കേന്ദ്ര മന്ത്രാലയത്തിനും സമർപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

**നാഷണൽ ഹൈവേ വീതി കൂട്ടൽ**

27(2089) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എൻ.എച്ച് 66-ൽ രാമനാട്ടുകര മുതൽ മീഞ്ചന്തവരെയുള്ള ഭാഗം വീതി കൂട്ടി നവീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

<u>ഉത്തരം</u>

ദേശീയപാത 66-ൽ രാമനാട്ടുകര മുതൽ മീഞ്ചന്തവരെയുള്ള ഭാഗത്ത് വീതി കൂട്ടുന്ന പ്രവൃത്തികൾ ഇപ്പോൾ പരിഗണനയിലില്ല.

## ഇരിണാവ് പാലം നിർമ്മാണം

28(2090) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ 4-3-2016-ന് 1645 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ഇരിണാവ് പാലം നിർമ്മാണത്തിന് അടിയന്തരമായി സാങ്കേതികാനുമതി ലഭ്യമാക്കി പ്രവൃത്തി തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

കല്ല്യാശ്ശേരി മണ്ഡലത്തിലെ ഇരിണാവ് പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രത്യേകാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസലിൽ തുടർ നടപടി സ്വീകരിച്ചുവരുന്നു. സ്വകാര്യ വ്യക്തികളിൽ നിന്ന് നേഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് 42,38,517 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഭൂവുടമകളിൽനിന്ന് നേരിട്ട് ആധാരം രജിസ്റ്റർ ചെയ്ത് വാങ്ങുന്നതിന് അനുമതി ലഭിക്കുന്നതിനാവശ്യമായ കത്ത് എത്രയും വേഗം സമർപ്പിക്കുന്നതിന് കണ്ണൂർ നിരത്തുവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് സ്വകാര്യ വ്യക്തികളുടെ ഭൂമിക്ക് പുറമെ ചെറുകിട ജലസേചന വകുപ്പിന്റെ കീഴിലുള്ള ഭൂമികൂടി ആവശ്യമായി വരുന്നുണ്ട്. ഭൂമിവിട്ടുതരുന്നത് സംബന്ധിച്ച വിഷയം ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവുമായി കൂടിയാലോചിച്ചുവരുന്നു.

## നെന്മാറ നിയോജക മണ്ഡലത്തിലെ പാലങ്ങളുടെ പുനർനിർമ്മാണം

29(2091) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പാലങ്ങളുടെ കാലപ്പഴക്കം സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എങ്കിൽ ഈ പാലങ്ങൾ എന്ന് നിർമ്മിച്ചവയാണെന്നും, നിലവിലെ ഇതിന്റെ അപകടസ്ഥിതി സംബന്ധിച്ചും വിശദമാക്കുമോ;

(സി) ഇത്തരം പാലങ്ങളുടെ പുനർ നിർമ്മാണത്തിന് അടിയന്തരമായി ഫണ്ട് വകയിരുത്താനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പാലങ്ങളുടെ കാലപ്പഴക്കം സംബന്ധിച്ച് പ്രത്യേക സർവ്വേകളൊന്നും ഇതുവരെ നടത്തിയിട്ടില്ല. ഈ നിയോജക മണ്ഡലത്തിൽപ്പെട്ട ഊട്ടറ പാലത്തിന്റെ അപകടാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പാലത്തിന്റെ കാലപ്പഴക്കത്തെ സംബന്ധിച്ച് പ്രത്യേക പഠനങ്ങളൊന്നും ഇതുവരെ നടത്തിയിട്ടില്ല.

(ബി) ഏകദേശം 70 വർഷം മുമ്പാണ് ഊട്ടറ പാലം നിർമ്മിച്ചത്. കാലപ്പഴക്കത്താൽ നിലവിൽ ഈ പാലം അപകടാവസ്ഥയിലാണ്. നിലവിൽ പാലത്തിന്റെ അടിയിൽ പല ഭാഗത്തും കോൺക്രീറ്റ് അടർന്നുവീണ് കമ്പി പുറത്തുകാണുന്ന വിധത്തിലാണ്.

(സി) പാലത്തിന്റെ പുനർനിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. ഡിസൈൻ പൊതുമരാമത്ത് വകുപ്പിന്റെ ബ്രിഡ്ജ് വിഭാഗത്തിൽ തയ്യാറാക്കി വരുന്നു. അയത് ലഭ്യമായതിനുശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**ഗ്രാമീണ റോഡുകൾ**

30(2092) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് പി.ഡബ്ല്യു.ഡി. മുഖേന അനുവദിച്ച തുക വിനിയോഗിച്ച് കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ നിർമ്മാണ പ്രവർത്തനത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിപ്രകാരം പ്രവൃത്തി ചെയ്യുവാൻ അനുമതി ലഭിച്ചിട്ടുള്ള റോഡുകളുടെ നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കുമോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാരിന്റെ സഹായമുണ്ടോയെന്നും സംസ്ഥാന സർക്കാരിന്റെ വിഹിതമെത്രയെന്നും വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിപ്രകാരമുള്ള റോഡ് നിർമ്മാണത്തിന് പ്രത്യേക നിബന്ധനകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷം കരുനാഗപ്പള്ളി മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് 30 വേലകൾക്കായി 340 ലക്ഷം രൂപയുടെ ഭരണാനുമതി അനുവദിച്ചു. ടെണ്ടർ നടപടി പൂർത്തിയാക്കിയ പ്രസ്തുത റോഡുകളുടെ വിശദവിവരം അനുബന്ധമായി *ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ആകെ അഞ്ച് പാക്കേജുകളിലായി 30 റോഡുകൾക്കാണ് അനുമതി നൽകിയത്. ഇതിൽ 4 പാക്കേജുകളിലായി 26 വേലകളുടെ ടെണ്ടർ നടപടി പൂർത്തീകരിച്ച് കരാർ ഉടമ്പടി ഒപ്പിട്ടു. ഒരു പാക്കേജിന്റെ 4 വേലകളുടെ ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്.

(സി) പൂർണ്ണമായും സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ചാണ് ഈ പ്രവൃത്തികൾ നടപ്പിലാക്കുന്നത്.

(ഡി) ഈ വേലകളുടെ നിർമ്മാണ ഘട്ടങ്ങളുടെ ഫോട്ടോ എടുക്കേണ്ടതും പൂർത്തീകരണത്തിനുശേഷം പരിശോധനയ്ക്ക് ഈ ഫോട്ടോ സമർപ്പിക്കേണ്ടതുമാണ്. ക്വാളിറ്റി കൺട്രോൾ ഡിവിഷൻ ടി വേലകൾ നിരീക്ഷിക്കുകയും റിപ്പോർട്ട് നൽകേണ്ടതുമാണ്. മെറ്റൽ സപ്ലൈ ചെയ്യുന്നത് യഥാസമയം ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്യണം.

**ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ**

31(2093) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി വൺ ടൈം മെയിന്റനൻസ് ഗ്രാന്റിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച റോഡുകളുടെ പ്രവൃത്തികൾ തുടങ്ങുന്നതിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത റോഡുകളുടെ ടെണ്ടർ നടപടി എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ; ടെണ്ടർ നടപടി വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നിയമസഭാ തിരഞ്ഞെടുപ്പ് സംബന്ധിച്ച പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ നെന്മാറ നിയോജകമണ്ഡലത്തിൽ വൺടൈം മെയിന്റനൻസ് ഗ്രാന്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ഈ കാലയളവിൽ സാങ്കേതികാനുമതി നൽകുവാൻ സാധിച്ചില്ല. പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തികളെല്ലാം ഇ-ടെണ്ടർ പോർട്ടലിൽ അപ്‌ലോഡ് ചെയ്തുവരികയാണ്.

**കോട്ടയം ഡവലപ്മെന്റ് കോറിഡോർ**

32(2094) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മണിപ്പുഴ റോഡ് (കോട്ടയം ഡവലപ്മെന്റ് കോറിഡോർ) നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യകതമാക്കുമോ;

(ബി) ടാറിംഗ് അടക്കമുള്ള നടപടികൾ എന്നേയ്ക്ക് പൂർത്തിയാകും എന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) കോട്ടയം മണിപ്പുഴ റോഡിന്റെ ടാറിംഗ് ഒഴികെയുള്ള പണികളെല്ലാം പൂർത്തിയായിട്ടുണ്ട്.

(ബി) ചതുപ്പുപ്രദേശം മണ്ണിട്ടുയർത്തി റോഡ് നിർമ്മിച്ചിരിക്കയാൽ നിലവിൽ 0.50 സെ.മീ മുതൽ 0.75 സെ.മീ വരെ റോഡിൽ സെറ്റിൽമെന്റ് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ സെറ്റിൽമെന്റ് Maximum ആകുന്നതിന് ഒരു സീസൺ സമയം ആവശ്യമാകയാലും നിലവിലെ വർക്കിൽ പൂർണ്ണമായ ടാറിംഗിന് തുകയില്ലാത്തതിനാലും നിലവിലുള്ള പ്രവൃത്തി ക്ലോസ് ചെയ്തതിനു ശേഷം മാത്രമേ താഴ്ന്നഭാഗം ഉയർത്തി ടാറിംഗ് ഉൾപ്പെടെയുള്ള ബാക്കി ജോലികൾ ചെയ്യുന്നതിന് സാധിക്കുകയുള്ളൂ.

**ദേശീയപാത**

33(2095) <u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാത നാല് വരിപ്പാതയാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനുള്ള ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ഏത് ഘട്ടത്തിലാണ്;

(സി) റോഡിനുള്ള അലൈൻമെന്റ് പൂർത്തിയായിട്ടുണ്ടോ;

(ഡി) എവിടെയൊക്കെയാണ് ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത്?

<u>ഉത്തരം</u>

(എ) കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാത പുതിയ എൻ.എച്ച് 66 (എൻ.എച്ച് 47-ഉം എൻ.എച്ച് 17-ഉം കൂടിച്ചേർന്നത്) കേന്ദ്ര സർക്കാരിന്റെ എൻ.എച്ച്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 4 വരിപ്പാതയാക്കി വികസിപ്പിക്കുവാനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചിരുന്നത്. എന്നാൽ ദേശീയപാതാ വികസനത്തിന്റെ സ്ഥലമെടുപ്പിൽ പുരോഗതി ഉണ്ടാകാതിരുന്ന സാഹചര്യത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഈ പാതയുടെ വികസന പദ്ധതിയിൽനിന്നും പിൻമാറുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ

നിരന്തരമായ അഭ്യർത്ഥനപ്രകാരം കേന്ദ്ര മന്ത്രാലയം എൻ.എച്ച്.എ.ഐ.-ക്ക് ഈ പദ്ധതി പുനരാരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയപാതയുടെ വീതി 45 മീറ്ററായി അംഗീകരിച്ച് സംസ്ഥാന സർക്കാർ സ.ഉ.(കൈ) നമ്പർ 94/2014/ പൊ.മ.വ. തീയതി 25-10-2014 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും സ്ഥലമേറ്റെടുപ്പ് പൂർത്തീകരിക്കുന്നതിലേയ്ക്കായി അലൈൻമെന്റിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വികസനത്തിനുവേണ്ട പുതുക്കിയ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്ന നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തിരം സ്വീകരിച്ചുവരുന്നു.

(ബി) തലപ്പാടി മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗങ്ങളിൽ വിവിധ റീച്ചുകളിൽ ഭൂമിയേറ്റെടുക്കൽ നടപടികൾ നടന്നുവരുന്നുണ്ട്. ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗങ്ങളിൽ നിലവിൽ 30.50 മീറ്റർ Right of Way ലഭ്യമാണ്. ശേഷിക്കുന്ന സ്ഥലമെടുപ്പ് പുതുക്കിയ വിശദമായ പദ്ധതിരേഖ പൂർത്തീകരിച്ചാൽ മാത്രമേ പുനരാരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

(സി) ഇല്ല. അലൈൻമെന്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു.

(ഡി) നിലവിൽ കാസർഗോഡ് മുതൽ കഴക്കൂട്ടം വരെ ദേശീയപാത നാലുവരിപ്പാതയാക്കുന്നതിനുള്ള നിർമ്മാണപ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല.

**കായംകുളം മണ്ഡലത്തിൽ കോടതി സമുച്ചയത്തിന്റെ നിർമ്മാണം**

34(2096) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ അനുവദിച്ച കോടതി സമുച്ചയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലുള്ള പുരോഗതി എന്തെന്ന് വിശദമാക്കാമോ; ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ എന്നേക്ക് ആരംഭിക്കാൻ കഴിയും എന്നും വ്യക്തമാക്കാമോ?

ഉത്തരം

കായംകുളം മണ്ഡലത്തിൽ അനുവദിച്ച കോടതി സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തിക്ക് പൊതുമരാമത്ത് കെട്ടിട വിഭാഗം 15.04 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേരള ഹൈക്കോടതി സബോർഡിനേറ്റ് ജുഡീഷ്യറി രജിസ്ട്രാർക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയതിൽ തീരുമാനമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**വാമനപുരം -ചിറ്റാർ റോഡ്**

35(2097) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് G.O(Rt)No.1470/2015/PWD dtd.1-10-2015 പ്രകാരവും G.O(Rt)No.1958/2015/PWD dtd 30-12-2015 പ്രകാരവും ഭരണാനുമതിയും പ്രത്യേക അനുമതിയും ലഭിച്ചിരുന്ന വാമനപുരം - ചിറ്റാർ റോഡ് അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തിയുടെ നടപടിക്രമങ്ങൾ ഏതു വരെ പൂർത്തീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വാമനപുരം-ചിറ്റാർ റോഡ് അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തിയുടെ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു. വേഗത്തിലാക്കാൻ നിർദ്ദേശം നൽകുന്നതാണ്.

**പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ്**

36(2098) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. റോഡരികുകളിൽ ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് പ്രതീക്ഷ ബസ് ഷെൽട്ടേർസ് കേരള ലിമിറ്റഡ് എന്ന പേരിൽ സിയാൽ മോഡൽ കമ്പനിക്ക് കുത്തകാധികാരം നൽകിക്കൊണ്ട് കഴിഞ്ഞ യു. ഡി. എഫ്. സർക്കാർ പുറപ്പെടുവിച്ച ജി.ഒ. (എംഎസ്.)19/2013/ പി.ഡബ്ല്യു.ഡി. തീയതി 27-2-2013 എന്ന ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുകാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ സന്നദ്ധ സംഘടനകൾക്കോ പൊതുജനങ്ങൾക്ക് ഉപകാരപ്പെടുന്ന തരത്തിൽ ബസ് ഷെൽട്ടറുകൾ നിർമ്മിക്കാൻ സാധിക്കാത്ത അവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ SPV-യായി പൊതുയാത്രാ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി PPP Model-ലും കൂടാതെ എം.എൽ.എ./എം.പി. ഫണ്ട് ഉപയോഗിച്ചും ആധുനിക ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനായി പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ്, കേരള ലിമിറ്റഡ് എന്ന കമ്പനി 2013-ാം വർഷം മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൊച്ചി നാഷണൽ എയർപോർട്ട്

മോഡലിൽ സർക്കാർ ബജറ്റ് സഹായമില്ലാതെ തന്നെ പരസ്യത്തിലൂടെ വരുമാനം നേടത്തക്ക വിധത്തിലാണ് ഇതിന്റെ പ്രവർത്തനം ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡിന്റെ വശങ്ങളിൽ അനധികൃതമായി ബസ് ഷെൽട്ടറുകൾ ആവശ്യമില്ലാത്ത സ്ഥലങ്ങളിൽപോലും പൊതുമരാമത്ത് വകുപ്പിന്റെ അറിവോ അനുവാദമോ ഇല്ലാതെ നിർമ്മാണം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് GO(Rt)No.932/2014/PWD dated 3-7-2014 പ്രകാരം ഇതിന് ഒരു നിയന്ത്രണം കൊണ്ടുവരാനുള്ള ഉത്തരവ് പുറപ്പെടുവിച്ചത്. ഈ ഉത്തരവ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളിൽ മാത്രമാണ് ബാധകമായിട്ടുള്ളത്. ബഹു. എം.പി.-മാർക്കോ എം.എൽ.എ.-മാർക്കോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ സന്നദ്ധ സംഘടനകൾക്കോ പൊതുജനങ്ങൾക്കോ ഉപകാരപ്രദമായി അംഗീകൃത ബസ് സ്റ്റോപ്പുകളിൽ ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് യാതൊരു തടസ്സവുമില്ല. അതിനുള്ള അനുമതി അതാത് ജില്ലയിലെ പൊതുമരാമത്ത് വകുപ്പ് നിരത്തുവിഭാഗം പരിശോധിച്ച് നൽകുന്നതാണ്.

**കോതമംഗലം മിനി സിവിൽസ്റ്റേഷൻ**

37(2099) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മിനി സിവിൽ സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിനു ശേഷം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് റവന്യൂ വകുപ്പിന് കൈമാറാത്തതിനാൽ സിവിൽ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കെട്ടിടം കൈമാറി മിനി സിവിൽ സ്റ്റേഷന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കോതമംഗലം മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിച്ച് അതിൽ പ്രവർത്തിക്കേണ്ട ഓഫീസുകളുടെ വിവരങ്ങൾ എറണാകുളം കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർ ഓഫീസുകൾ അനുവദിക്കുന്ന മുറയ്ക്ക് ഓഫീസുകളുടെ പ്രവർത്തം ആരംഭിക്കുന്നതാണ്.

**കായംകുളം നിയോജക മണ്ഡലത്തിലെ പാലങ്ങൾ**

38(2100) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജക മണ്ഡലത്തിലെ എരുവ കോയിക്കൽ പടിക്കൽപാലം, കായംകുളം മുട്ടേൽ പാലം എന്നിവ കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വലിയ വാഹനങ്ങൾ കടന്നുവരത്തക്കരീതിയിൽ പ്രസ്തുത പാലങ്ങൾ വീതികൂട്ടി പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കായംകുളം- മുട്ടേൽപ്പാലം വീതികൂട്ടി പുനർനിർമ്മിക്കുന്നതിന് KIIFB യിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കായംകുളം മണ്ഡലത്തിലെ കൂട്ടുംവാതുക്കൽ പാലം പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ KIIFB മുഖേന ചെയ്യാനായി 50 കോടി രൂപ ഉൾപ്പെടുത്തിയിരിരുന്നുവെങ്കിലും ഫീസിബിലിറ്റി പഠന പ്രകാരം ചെലവഴിക്കുന്ന തുകയ്ക്കുള്ള പ്രയോജനം ഉണ്ടാകില്ലെന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ബഹു. എം.എൽ.എ. ഇതിനുപകരമായി 6 പാലങ്ങൾ KIIFB-യിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. അതിൽ ഉൾപ്പെട്ടതാണ് കോയിക്കൽ പടിക്കൽ പാലം, മുട്ടേൽ പാലം, പാർക്ക് ജംഗ്ഷൻ പാലം, തെക്കേടത്ത്-കല്ലുപാലം, കടത്തുകടവ്-വെട്ടിക്കോട്ട് പാലം, കനീസ കടവ് പാലം, മാർക്കറ്റ് പാലം എന്നിവ. ഇവയുടെ DPR തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. KIIFB-യുടെ അംഗീകാരത്തിനായി നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സോഷ്യൽ ഓഡിറ്റ്

39(2101) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിൽ അഴിമതി തടയുന്നതിന്റെ ഭാഗമായി സോഷ്യൽ ഓഡിറ്റ് നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിൻ കീഴിൽ സോഷ്യൽ ഓഡിറ്റിംഗ് ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിലേക്കായി പ്രവൃത്തികൾ നടക്കുന്ന പ്രദേശത്തെ ജനപ്രതിനിധികൾ, സാങ്കേതിക വിദഗ്ദ്ധർ എന്നിവരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിക്കുകയും പദ്ധതി നടത്തിപ്പിനാവശ്യമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രസ്തുത കമ്മിറ്റികളിൽ നിന്ന് സ്വീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതുമാണ്. പൊതുമരാമത്ത് പ്രവൃത്തികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുക വഴി പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കാനും കഴിയും. ആലപ്പുഴയിലാണ് ഈ സർക്കാർ ആദ്യമായി ഇത് വിജയകരമായി നടപ്പിലാക്കിയത്. ഇത് സംസ്ഥാന-ജില്ലാ-മണ്ഡലതലങ്ങളിൽ നടപ്പാക്കാൻ ആഗ്രഹിക്കുന്നു.

**മരാമത്ത് പണികളുടെ ക്വാളിറ്റി ഓഡിറ്റിംഗ്**

40(2102) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരാമത്ത് പണികളുടെ 'ക്വാളിറ്റി ഓഡിറ്റിംഗ്' നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) അഞ്ച് വർഷ ഗ്യാരന്റിയോടെ പുനരുദ്ധാരണം നടത്തിയ പൊതുമരാമത്ത് റോഡുകൾ നിർമ്മാണം പൂർത്തിയാക്കി മാസങ്ങൾക്കകം തകരുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണത്തെപ്പറ്റി പരിശോധിച്ചിട്ടുണ്ടോ;

(സി) ഇപ്രകാരമുള്ള റോഡുകളുടെ തകരുന്ന ഭാഗങ്ങൾ കരാറുകാരൻ തന്നെ നിലവാരമില്ലാത്ത സാമഗ്രികൾ ഉപയോഗിച്ച് അറ്റകുറ്റപണി നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) മരാമത്ത് പണികളുടെ സോഷ്യൽ ഓഡിറ്റിംഗ് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരം രണ്ട് തലത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കേണ്ടതുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പ് മാന്വൽ ചട്ടം 2406 പ്രകാരം 5 കോടി രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന പണികൾക്ക് വകുപ്പിന് പുറമേയുള്ള ഏജൻസിക്കോ, വിദഗ്ധനെയോ ഉപയോഗിച്ച് പണി പൂർത്തിയാകുന്ന ഉടനെതന്നെ ടെക്നിക്കൽ ആഡിറ്റിംഗ് നടത്തുന്നതാണ്. ചുമതലയുള്ള എക്സി. എഞ്ചിനീയർ പദ്ധതിയുടെ വിശദാംശങ്ങളും ഫൈനൽ ബില്ലിന്റെ പകർപ്പും ടെക്നിക്കൽ ആഡിറ്റിംഗിന് വേണ്ടി ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതാണ്. ടെക്നിക്കൽ ആഡിറ്റിംഗിന് ഏൽപ്പിച്ചിരിക്കുന്ന ഏജൻസി ആവശ്യാനുസരണം റോഡുകളുടെ ഓരോ കിലോമീറ്ററിലും IS, IRC സ്പെസിഫിക്കേഷൻ അനുസരിച്ചും കെട്ടിടങ്ങൾക്ക് ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരം പണി പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുകയും പരിശോധനാഫലം ചീഫ് എഞ്ചിനീയർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

അതുപ്രകാരം പരിഹരിക്കാവുന്ന തകരാറുകളെന്തെങ്കിലും ഉണ്ടെങ്കിൽ എക്സി. എഞ്ചിനീയർ അത് പരിഹരിച്ച് റിപ്പോർട്ട് നൽകേണ്ടതും അപരിഹാര്യമായ തകരാറുകളെന്തെങ്കിലും ഉണ്ടെങ്കിൽ സർക്കാരിന്റെ അറിവോടുകൂടി കരാറുകാരനെതിരെയും ചുമതലപ്പെട്ട ഉദ്യോഗസ്ഥനെതിരേയും നടപടി സ്വീകരിക്കേണ്ടതാണ്. പ്രവർത്തികളുടെ ബില്ലിന്റെ പേമെന്റിന് ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ സർട്ടിഫിക്കറ്റും നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) ദേശീയപാത വിഭാഗത്തിൽ അഞ്ച് വർഷ ഗ്യാരന്റിയോടുകൂടി റോഡുകളുടെ പുനരുദ്ധാരണം നടത്തിയിട്ടില്ല. നിരത്ത് വിഭാഗത്തിൽ അഞ്ച് വർഷത്തെ ഗ്യാരന്റിയോടെ പുനരുദ്ധാരണം നടത്തിയ പൊതുമരാമത്ത് റോഡുകളുടെ ചില ഭാഗങ്ങളിൽ ഉണ്ടായ കേടുപാടുകൾ അതാത് കരാറുകാരെക്കൊണ്ട് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. ഈ പദ്ധതിയിൽപ്പെട്ട പ്രവൃത്തികൾ Defect liability Period കൂടാതെ 5 വർഷ കാലയളവിൽ കേടുപാടുകൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന നിർദ്ദേശമനുസരിച്ച് അതാത് കരാറുകാരൻ പരിഹരിക്കേണ്ടതാണ്.

(സി&ഡി) റോഡുകളുടെ തകരുന്ന ഭാഗങ്ങൾ കരാറുകാരൻ തന്നെ നിലവാരമില്ലാത്ത സാമഗ്രികൾ ഉപയോഗിച്ച് അറ്റകുറ്റപ്പണി നടത്തുന്നതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. എന്നാൽ ഇവ പരിശോധിക്കുന്നതിനുള്ള നിർദ്ദേശം എക്സി. എഞ്ചിനീയർമാർക്ക് നൽകുന്നതാണ്.

(ഇ) സോഷ്യൽ ഓഡിറ്റിംഗ് നിലവിലില്ല. നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ദേശീയപാതാ വിഭാഗത്തിൽ സോഷ്യൽ ഓഡിറ്റിംഗ് ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു.

**എറണാകുളം ജില്ലയിലെ കളത്തറ പാലം**

41(2103) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പള്ളുരുത്തിയെ തീരദേശമേഖലയുമായി ബന്ധിപ്പിക്കുന്ന കളത്തറ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ കരാർ ആരാണ് ഏറ്റെടുത്തിട്ടുള്ളത് ; കരാർ പ്രകാരം എന്നാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടത്; ആയത് എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കും; വിശദമാക്കാമോ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ള തുക എത്ര എന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) എറണാകുളം ജില്ലയിലെ പള്ളുരുത്തിയെ തീരദേശമേഖലയുമായി ബന്ധിപ്പിക്കുന്ന കളത്തറ പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പാണ് നടത്തിവരുന്നത്. ഈ പാലം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ വരുന്നതല്ല.

(ബി&സി) ബാധകമല്ല.

**പൂവമ്പാറ പാലത്തിൽ വേലി കെട്ടാൻ നടപടി**

42(2104) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ പൂവമ്പാറ പാലത്തിൽ നിന്നും താഴെ വാമനപുരം നദിയിലേയ്ക്ക് ചാടി ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം പെരുകി വരുന്നത് പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതൊഴിവാക്കുന്നതിനായി, പൂവമ്പാറ പാലത്തിൽ വേലി കെട്ടണമെന്ന ഏറെ നാളായിട്ടുള്ള ആവശ്യത്തിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വേലികെട്ടുന്നതിനായി ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയ പാതയിൽ പൂവമ്പാറ പാലത്തിൽനിന്നും താഴെ വാമനപുരം നദിയിലേയ്ക്ക് ചാടി ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം പെരുകി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പാലത്തിന്റെ ഇരുവശങ്ങളിലും 3 മീറ്റർ പൊക്കത്തിൽ വേലി കെട്ടുന്നതിനായി വേണ്ട നടപടി സ്വീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ ജലസേചന വകുപ്പിന്റെ സഹകരണം ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്.

**കായംകുളം മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപണികൾ**

43(2105) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ മൂന്ന് കോടി രൂപ അനുവദിച്ച് പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

കായംകുളം നിയോജകമണ്ഡലത്തിൽ 3 കോടി രൂപ അനുവദിച്ചതിൽ SLTF പ്രവൃത്തികൾക്കായി 177 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പണികൾ നടന്നുവരുന്നു. പ്രസ്തുത പണികളുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

**ടോളുകൾ നിർത്തലാക്കൽ**

44(2106) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ സീപോർട്ട്-എയർപോർട്ട് റോഡിൽ രണ്ടിടത്തും കുണ്ടന്നൂർ, തൃപ്പൂണിത്തുറ മിനി ബൈപ്പാസ് എന്നിവിടങ്ങളിലെ ടോൾ പിരിവ് അവസാനിപ്പിക്കണം എന്നാവശ്യപ്പെട്ട് ഏതെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മേൽ സൂചിപ്പിച്ച ടോളുകളിൽ ഏതെങ്കിലും നിർത്തലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അവയുടെ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) വിവിധ വ്യക്തികളിൽനിന്നും സംഘടകളിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി&സി) കേരള പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗം ടോൾ പിരിവ് നടത്തിവന്നിരുന്ന തൃപ്പൂണിത്തുറ മിനി ബൈപ്പാസിലെ തട്ടപ്പിള്ളിക്കാട്ടുപുഴ പാലത്തിന്റെ ടോൾ പിരിവ് 24-9-2016-ലെ സ.ഉ.(സാധാ) നമ്പർ 1308/2016/ പൊ.മ.വ. പ്രകാരം 24-9-2016 അർദ്ധരാത്രി മുതൽ നിർത്തലാക്കിയിട്ടുണ്ട്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ പുതിയ മാനദണ്ഡങ്ങൾ പ്രകാരം 100 കോടി രൂപയിൽ താഴെ നിർമ്മാണച്ചെലവ് വരുന്ന പാലങ്ങൾ/റോഡുകൾ ടോളിൽനിന്നും ഒഴിവാക്കിയ സാഹചര്യത്തിൽ 1-9-2016-ലെ S.O.2868(E) എന്ന ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം കുണ്ടന്നൂർ പാലത്തിനെ ടോൾ പിരിവിൽ നിന്നും പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പുനലൂർ-മൂവാറ്റുപുഴ റോഡ് നിർമ്മാണം

45(2107) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ-മൂവാറ്റുപുഴ റോഡിൽ ഏതു ഭാഗമാണ് ഇനിയും നിർമ്മാണം ആരംഭിക്കാതെ കിടക്കുന്നത്; ഇത് എത്ര കി. മീ. ദൂരമുണ്ട്; ഏതൊക്കെ നിയമസഭാ മണ്ഡലങ്ങളിലൂടെയാണ് ഇതു കടന്നുപോകുന്നത്;

(ബി) ഈ ഭാഗം പി.പി.പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ നിർമ്മാണത്തിന് പ്രീക്വാളിഫിക്കേഷൻ ടെൻഡർ നടത്തുകയുണ്ടായോ; എങ്കിൽ ഏതൊക്കെ ഏജൻസികളാണ് പി.ക്യൂ ടെൻഡറിൽ പങ്കെടുത്തത്; ആരുടെ എങ്കിലും ടെൻഡർ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നു വ്യക്തമാക്കാമോ; പുതുതായി ടെണ്ടർ വിളിക്കുന്നതിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത റോഡിന്റെ നിർമ്മാണം കെ.എസ്.ടി.പി.-ക്ക് വിട്ടു നൽകാൻ തീരുമാനിച്ചത് എന്നാണ്; അന്നുമുതൽ ഈ റോഡിൽ പാച്ച് വർക്കല്ലാതെ, റീടാറിംഗ് നടന്നിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത പാതയുടെ വികസനം സഫലമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; ഇത് പരിഹരിക്കാനും, ഈ വർഷം തന്നെ നിർമ്മാണം ആരംഭിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കെ.എസ്.ടി.പി.-II പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തിവരുന്ന പുനലൂർ-മൂവാറ്റുപുഴ റോഡിൽ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗമാണ് ഇനിയും നിർമ്മാണം ആരംഭിക്കാത്തത്. ഈ റോഡ് പുനലൂർ, പത്തനാപുരം, ആറന്മുള, കോന്നി, റാന്നി, കാഞ്ഞിരപ്പള്ളി എന്നീ നിയോജകമണ്ഡലങ്ങളിൽക്കൂടി കടന്നുപോകുന്നു.

(ബി) ഉണ്ട്.

(സി) ഇതിന്റെ നിർമ്മാണത്തിന് ആദ്യത്തെ പ്രീക്വാളിഫിക്കേഷൻ ടെണ്ടർ (RFQ) നടത്തിയതിൽ താഴെപ്പറയുന്ന 4 ഏജൻസികൾ പങ്കെടുത്തിരുന്നു:

1. ഡെൽമ – ശ്രീ.ധന്യ JV
2. IL&FS Transport Network Limited
3. GHV-EKK-INKEL JV
4. DRA-BEL

ഇതിൽ M/s IL &FS Transport Network Limited മാത്രമേ ക്വാളിഫൈ ചെയ്തുള്ളൂ. Single Tender ആയതിനാൽ കെ.എസ്.ടി.പി. സ്റ്റിയറിംഗ് കമ്മിറ്റി നിർദ്ദേശിച്ചതനുസരിച്ച് 17-8-2016-ൽ റീ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ഒക്ടോബർ 24-നാണ് ടെണ്ടർ തുറക്കുന്നത്.

(ഡി) പ്രസ്തുത പ്രവൃത്തിയുടെ കരാർ ഉറപ്പിച്ചതിനുശേഷം മാത്രമേ നിർമ്മാണത്തിനായി റോഡ് കെ.എസ്.ടി.പി.-ക്ക് വിട്ടുനൽകുകയുള്ളൂ. ഈ റോഡിൽ പാച്ച് വർക്കല്ലാതെ റീ-ടാറിംഗ് നടന്നിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഒക്ടോബർ 24-ന് ക്വാളിഫിക്കേഷൻ ടെണ്ടർ തുറന്ന് പരിശോധിച്ച് തിരഞ്ഞെടുക്കപ്പെട്ടവർക്ക് RFP അയച്ചുകൊടുക്കുകയും അതിൽ തിരഞ്ഞെടുക്കപ്പെടുന്ന ഏജൻസികൾക്ക് വർക്ക് അവാർഡ് ചെയ്യാൻ നടപടികൾ സ്വീകരിക്കുവാൻ കഴിയും. 2017 ഏപ്രിൽ മാസത്തോടെ ഈ റോഡിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**ഭരണാനുമതി ലഭിച്ച പാലങ്ങളുടെ സ്ഥലമെടുപ്പ് നടപടികൾ**

46(2108) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ ഭരണാനുമതി ലഭിച്ച കുളിമാട്, പടനിലം, മുക്കത്ത് കടവ്, മൂഴാപ്പാലം, ഒളവണ്ണ പള്ളിക്കടവ്, ഒളവണ്ണ പുഴമ്പുറം, പാടേരിക്കടവ്, തൊണ്ടിലക്കടവ് പാലങ്ങളുടെ സ്ഥലമെടുപ്പ് നടപടികൾ ഏതു ഘട്ടത്തിലാണ് എന്നതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

പ്രസ്തുത പാലങ്ങളുടെ സ്ഥലമെടുപ്പ് നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

<u>കുളിമാട് പാലം:</u>

മലപ്പുറം ജില്ലയിൽ കുളിമാട് പാലത്തിനുള്ള സ്ഥലമെടുപ്പിനായി പുതുക്കിയ എസ്റ്റിമേറ്റിനുവേണ്ട തുക കിഫ്ബിയുടെ ധനസഹായത്തോടെ ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

പടനിലം പാലം:

സ്ഥലമെടുപ്പിന്റെ പ്രാരംഭഘട്ടം എന്ന നിലയിൽ ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ അടങ്കൽ പകർപ്പും സ്കെച്ചും ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.

മുക്കത്ത് കടവ്:

സ്ഥലമെടുപ്പ് നിർദ്ദേശം നിലവിലില്ല.

മൂഴാപ്പാലം:

ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടന്നതിനുശേഷം മാത്രമേ സ്ഥലമെടുപ്പ് ആരംഭിക്കുകയുള്ളൂ.

ഒളവണ്ണ പള്ളിക്കടവ് പാലം:

ഒളവണ്ണ പള്ളിക്കടവ് പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ തുടങ്ങിയിട്ടില്ല.

പാടേരിക്കടവ് പാലം:

ടി പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ തുടങ്ങിയിട്ടില്ല.

തൊണ്ടിലക്കടവ് പാലം:

പുതുക്കിയ അലൈൻമെന്റ് പ്രകാരം സ്ഥലമെടുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു.

ഒളവണ്ണ പുഴമ്പുറം പാലം:

സ്ഥലമെടുപ്പ് നിർദ്ദേശം നിലവിലില്ല.

**ചേർത്തല - കുമരകം - കോട്ടയം ഹൈവേ**

47(2109) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ചേർത്തല - കുമരകം - കോട്ടയം ഹൈവേയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്കായി 2002-ൽ നാറ്റ്പാക് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ തുക എത്രയായിരുന്നു; ഇപ്പോഴത്തെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) പാതയുടെ കൺസൾട്ടൻറ് ആയി ഏതു സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തിരുന്നത്; അവരുടെ കൺസൾട്ടൻസി ഫീസ് എത്രയായിരുന്നു;

(ഡി) തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിലും ചേർത്തല നഗരസഭയിലും ഉള്ള ഏതൊക്കെ വാർഡുകളിലാണ് ഈ പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുവാൻ തീരുമാനിച്ചിരുന്നത്;

(ഇ) പദ്ധതി അനിശ്ചിതമായി നീണ്ടുപോകുന്നതുമൂലം സ്ഥലമുടമകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(എഫ്) ടൂറിസം മേഖലയുടെ വികസനത്തിനുതകുന്ന ഈ പാതയ്ക്ക് ആവശ്യമായ തുക കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചേർത്തല-കുമരകം-കോട്ടയം ഹൈവേയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി 18-2-2012-ലെ സ.ഉ. (സാധാ) നമ്പർ 249/12/പൊ.മ.വ. പ്രകാരം അനുമതി നൽകിയിട്ടുള്ളതും 23-9-2013-ൽ ഡി.പി.ആർ. സർക്കാരിൽ ലഭ്യമാക്കിയിട്ടുള്ളതുമാണ്. SPEEID പ്രോജക്ടിൽ ടി പ്രവൃത്തിക്ക് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു എങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. 2015-ൽ ചേർത്തല-കുമരകം-കോട്ടയം ഹൈവേയിൽവരുന്ന ഒരു ഭാഗമായ കോടിമത-മണ്ണാർക്കാട് ബൈപ്പാസ് ആദ്യഘട്ടത്തിന് ജില്ലാതല ഫ്ലാഗ്ഷിപ്പ് പദ്ധതിയിൽ തത്വത്തിൽ അംഗീകാരം നൽകുകയും 20-2-2016-ലെ സ.ഉ.(കൈ) നമ്പർ 7/2016/പൊ.മ.വ. പ്രകാരം ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുകയുണ്ടായി. ബഡ്ജറ്റിൽ കൃത്യമായി ഫണ്ട് വകയിരുത്താതെയും മറ്റുമാർഗ്ഗങ്ങളിൽനിന്നോ, ബഡ്ജറ്റിനുപുറത്തുനിന്നോ ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കാതെയുമാണ് ഭരണാനുമതി നൽകിയത്. ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കാത്തതുകാരണം പ്രവൃത്തി ആരംഭിച്ചിട്ടില്ല.

(ബി) 2002-ൽ നാറ്റ്പാക് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയുടെ വിശദാംശം ലഭ്യമല്ല. ഇപ്പോഴത്തെ എസ്റ്റിമേറ്റ് പ്രകാരം കോടിമത മുതൽ വെച്ചൂർ വരെയുള്ള ഒന്നാം ഘട്ടത്തിന് ഏകദേശം 801.10 കോടി രൂപയും വെച്ചൂർ മുതൽ ചേർത്തല വരെയുള്ള രണ്ടാം ഘട്ടത്തിന് 397.55 കോടി രൂപയുമാണ് പദ്ധതിയുടെ നിർമ്മാണച്ചെലവായി കണക്കാക്കപ്പെട്ടിട്ടുള്ളത്.

(സി) ചെന്നൈ ആസ്ഥാനമായ എൽ&റ്റി റാംബോളിനെയാണ് പദ്ധതിയുടെ കൺസൾട്ടന്റായി നിയമിച്ചിരുന്നത്. അവരുടെ ഫീസ് 118.50 ലക്ഷം രൂപയാണ്.

(ഡി) പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുന്ന നാട്ടകം, തിരുവാർപ്പ്, കുമരകം, അയ്മനം, കൈപ്പുഴ, വെച്ചൂർ എന്നീ വില്ലേജുകളിലായി 273.05 ഏക്കർ സ്ഥലവും പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുന്ന വെച്ചൂർ, തണ്ണീർമുക്കം, കൊക്കോതമംഗലം എന്നീ വില്ലേജുകളിലായി 69.30 ഏക്കർ സ്ഥലവുമാണ് ഏറ്റെടുക്കുവാനായി ശിപാർശ ചെയ്യപ്പെട്ടിട്ടുള്ളത്.

(ഇ) പദ്ധതി അനിശ്ചിതമായി നീണ്ടുപോകുന്നതുമൂലം സ്ഥലമുടമകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) പരിശോധിക്കുന്നതാണ്.

**ചെല്ലഞ്ചി പാലം നിർമ്മാണം**

48(2110) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ നിർമ്മാണം നടക്കുന്ന ചെല്ലഞ്ചി പാലത്തിനു വേണ്ടി ഭൂമി നല്കാൻ തയ്യാറായവരിൽ നിന്നും പി.ഡബ്ല്യു.ഡി. ഭൂമി വിലയ്ക്കു വാങ്ങാൻ എടുത്ത തീരുമാനത്തിന്റെ നടപടി ക്രമങ്ങൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) പാലം നിർമ്മാണത്തിനായി ഭൂമി നൽകിയവർക്ക് എന്നത്തേയ്ക്ക് വില നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചെല്ലഞ്ചി പാലത്തിനും അനുബന്ധ റോഡിനുമായി ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശം ജില്ലാ കളക്ടർക്ക് നൽകിയെങ്കിലും പൊന്നുംവില നടപടികൾ ഡിനോവ ആയ സാഹചര്യത്തിൽ 19-6-2016-ൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ തീരുമാനപ്രകാരം പ്രസ്തുത ഭൂമി ഉടമകളിൽനിന്ന് പൊതുമരാമത്ത് വകുപ്പ് നേരിട്ട് പർച്ചേസ് ചെയ്യുന്നതിന് തീരുമാനമെടുക്കുകയുണ്ടായി. തുടർന്ന് 25-8-2016-ൽ ബഹുമാനപ്പെട്ട വാമനപുരം എം.എൽ.എ.-യുടെയും പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും സാന്നിദ്ധ്യത്തിൽ ജില്ലാകളക്ടർ ഭൂവുടമകളുടെ യോഗം വിളിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഡി.എൽ.പി.സി. അംഗീകരിച്ച വിലയ്ക്ക് ഭൂമി വിട്ടുനൽകാൻ ഭൂവുടമകൾ സമ്മതപത്രം നൽകുകയുണ്ടായി. ഭൂവുടമകളുടെ ആധാരവും അനുബന്ധ രേഖകളും പൊതുമരാമത്ത് വകുപ്പിലേക്ക് സമർപ്പിക്കുന്നതിന് പ്രസ്തുത യോഗത്തിൽ ഭൂവുടമകളോട് ആവശ്യപ്പെട്ടു. പ്രസ്തുത രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് ഗവൺമെന്റ് പ്ലീഡർക്ക് നൽകി നിയമോപദേശം നേടിയശേഷം ആധാരം രജിസ്റ്റർ ചെയ്യുന്ന മുറയ്ക്കേ ഭൂവുടമകൾക്ക് നഷ്ടപരിഹാരത്തുക വിതരണം ചെയ്യാൻ കഴിയുകയുള്ളൂ.

(ബി) നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിലേയ്ക്കായി 180 ലക്ഷം രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് നൽകിയിട്ടുണ്ട്. ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്കേ നഷ്ടപരിഹാരത്തുക നൽകാൻ കഴിയുകയുള്ളൂ.

## റെയിൽവേ ഓവർ ബ്രിഡ്ജ് ഉദ്ഘാടനം

49(2111) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണം പുരോഗമിക്കുന്ന എത്ര റെയിൽവേ ഓവർ ബ്രിഡ്ജുകളുണ്ട്;

(ബി) മാഹിയ്ക്കടുത്ത് നിർമ്മാണം പൂർത്തിയായ കുഞ്ഞിപ്പള്ളിയിലെ റെയിൽവേ ഓവർ ബ്രിഡ്ജിന്റെ ഉദ്ഘാടനം വൈകുന്നതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) എത്രയും വേഗം ഉദ്ഘാടനം നടത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ ആകെ 7 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ട്.

(ബി) കുഞ്ഞിപ്പള്ളി റെയിൽവേ മേൽപ്പാലത്തിന്റെ, റെയിൽവേ നേരിട്ട് നിർമ്മിക്കുന്ന മധ്യഭാഗത്തെ സ്പാനിന്റെ നിർമ്മാണം റെയിൽവേ പൂർത്തിയാക്കിയിട്ടില്ല. ആർ.ബി.ഡി.സി.കെ. നേരിട്ട് നിർമ്മിക്കുന്ന എൻ.എച്ച്. ഭാഗത്തെ അപ്രോച്ച് റോഡിന്റെ നിർമ്മാണം സ്ഥലത്തിന്റെ ഉടമസ്ഥാവകാശ തർക്കംമൂലം പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) എൻ.എച്ച്. ഭാഗത്തെ സ്ഥലം ഏറ്റെടുക്കുന്നതിന് പുതിയ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഭൂമി ലഭിച്ചാൽ മൂന്ന് മാസത്തിനകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. റെയിൽവേ ഭാഗത്തിന്റെ വർക്കുകൾ എത്രയും വേഗം പൂർത്തിയാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

## കൊല്ലാട് മുതൽ നാഗപുരത്ത് കടവ് വരെയുള്ള റോഡും പാലവും

50(2112) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം നിയോജക മണ്ഡലത്തിൽ കൊല്ലാട് മുതൽ നാഗപുരത്ത് കടവ് വരെയുള്ള റോഡിന്റെയും പാലത്തിന്റെയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിരുന്നോ; തുടർ നടപടികൾക്കുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

11-2-2014-ലെ സ.ഉ. (സാധാ) നമ്പർ 209/14/പൊ.മ.വ. പ്രകാരം 700 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ള കൊല്ലാട് മുതൽ നാഗപുരത്ത് കടവ് വരെയുള്ള റോഡിന്റെയും പാലത്തിന്റെയും ടെണ്ടറിന് പ്രതികരണം ഉണ്ടായിട്ടില്ല. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചതിൽ രണ്ടെണ്ണം ലഭിച്ചിട്ടുണ്ട്. ഭൂമി സൗജന്യമായി കൈമാറി കിട്ടാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഭൂമിയുടെ പ്രശ്നം തീർക്കാൻ റവന്യൂ അധികാരികളോട് ആവശ്യപ്പെടുന്നതാണ്.

**പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം**

51(2113) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ വിവിധ റോഡുകളുടെ പുനരുദ്ധാരണത്തിനായി 1-3-2016-ൽ, പി.ഡബ്ല്യൂ.ഡി., എസ്.എൽ.റ്റി.എഫ്. (State Level Task Force) ഫണ്ടിൽ നിന്നും ചീഫ് എഞ്ചിനീയർ അനുവദിച്ച 101 ലക്ഷം രൂപയുടെ ഭരണാനുമതി താൽകാലികമായി നിർത്തിവെയ്ക്കാൻ (Kept in abeyance-order) 18-6-2016-ൽ ഉത്തരവ് ഇറക്കിയിരിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉത്തരവ് അടിയന്തരമായി പുനഃസ്ഥാപിച്ച് ഈ നിയോജക മണ്ഡലത്തിൽ വിവിധ ഭാഗങ്ങളിൽ പൊളിഞ്ഞു കിടക്കുന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിയ്ക്കായി ഈ തുക അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) ഈ മേഖലയിലെ പ്രധാന റോഡായ അടിവാരം - കൊട്ടുങ്ങ റോഡിന് അനുവദിച്ച 1.82 കോടി രൂപയുടെ ഫണ്ടും തടഞ്ഞ് വച്ചിരിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇത് പുനഃസ്ഥാപിച്ച് റോഡിന്റെ നവീകരണം അടിയന്തരമായി നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 19-9-2016-ലെ സർക്കാർ കത്ത് നമ്പർ PWD-ജി3/37/2016 പ്രകാരം പ്രവൃത്തികൾ തുടരുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ടെണ്ടർ കമ്മിറ്റി ചേരാൻ നടപടി**

52(2114) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ വിവിധ പദ്ധതികൾ നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തുന്നതിന് സമർപ്പിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന് നൽകിയിട്ടുണ്ടോ;

(ബി) അഞ്ച് കോടിയിൽ കൂടുതൽ തുകയുള്ള പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിക്കുന്നതിന് ടെണ്ടർ കമ്മിറ്റി കൂടേണ്ടതുണ്ടോ;

(സി) ആരൊക്കെയാണ് ടെണ്ടർ കമ്മിറ്റിയിലെ അംഗങ്ങളെന്നും ഏറ്റവുമൊടുവിൽ ഈ കമ്മിറ്റി ചേർന്നത് എന്നാണെന്നും അറിയിക്കുമോ;

(ഡി) ടെണ്ടർ കമ്മിറ്റി യഥാസമയം ചേരാത്തതിന്റെ പേരിൽ നിരവധി പ്രവൃത്തികൾ ടെണ്ടർ ചെയ്യാൻ സാധിക്കാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ടെൻഡർ കമ്മിറ്റി യഥാസമയം ചേർന്ന് പ്രസ്തുത പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XXII സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പദ്ധതികളിൽ 159.80 കോടി രൂപയുടെ പദ്ധതികൾ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിട്ടുണ്ട്. 18 കോടി രൂപയുടെ പദ്ധതികൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) 24-8-2015-ലെ സ.ഉ.(അച്ചടി) നമ്പർ 375/2015/ധന ഉത്തരവ് പ്രകാരം 5 കോടി രൂപ മുതൽ 10 കോടി രൂപ വരെ തുകയുള്ള പ്രവൃത്തികളുടെ ടെണ്ടർ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയും 10 കോടി രൂപയിൽ കൂടുതൽ തുകയുള്ള പ്രവൃത്തികളുടെ ടെണ്ടർ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുമാണ് അംഗീകരിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയിൽ ചീഫ് എഞ്ചിനീയർമാരും ചീഫ് ആർക്കിടെക്റ്റ്, ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ എന്നിവർ അംഗങ്ങളുമാണ്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ടെണ്ടർ കമ്മിറ്റിയിൽ പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരും അതാത് വകുപ്പ് സെക്രട്ടറിമാരും അംഗങ്ങളാണ്. പ്രസ്തുത ടെണ്ടർ കമ്മിറ്റി 13-6-2016-ലാണ് ഏറ്റവും ഒടുവിലായി ചേർന്നത്.

(ഡി&ഇ) 13-6-2016-ൽ കൂടിയ ചീഫ് സെക്രട്ടറിതല ടെണ്ടർ കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിലുണ്ടായ ഭരണപരമായ താമസം മൂലമാണ് തുടർ കമ്മിറ്റി കൂടുവാൻ സാധിക്കാതിരുന്നത്. നിലവിൽ സർക്കാരിന്റെ പരിഗണനയിലുള്ള ടെണ്ടർ ശിപാർശകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച ടെണ്ടർ കമ്മിറ്റികൾ 6-10-2016-ൽ ചേരുന്നതിനാണ് നിശ്ചയിച്ചിരിക്കുന്നത്.

## തേജസ്വിനി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കെട്ടിടം

53(2115) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തേജസ്വിനി കോ-ഓറേറ്റീവ് ഹോസ്പിറ്റലിന് എൻ.സി.ഡി.സി. സഹായത്തോടെ കെട്ടിടം നിർമ്മിക്കുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി എക്സംപ്ഷൻ അനുവദിക്കാനായി എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എന്റോസൾഫാൻ ദുരിത ബാധിതരും ആരോഗ്യ ഇൻഷ്വറൻസ് വിഭാഗത്തിൽപ്പെട്ടവരും ഉൾപ്പെട്ട ദരിദ്ര വിഭാഗങ്ങൾക്ക് ഏറെ പ്രയോജനകരമായ ഈ സഹകരണ ആശുപത്രി കാസർഗോഡ് ജില്ലയിലെ സഹകരണ മേഖലയിലെ പ്രധാന ആശുപത്രി ആണെന്നിരിക്കെ മേൽസഹായം അനുവദിക്കാൻ നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ) 18-10-1960-ൽ കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ച G.O. (Ms) 795/60 dated 8-10-1960 ഉത്തരവ് പ്രകാരമാണ് സഹകരണ സംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിച്ചിരുന്നത്. എന്നാൽ സഹകരണ സംഘങ്ങൾക്ക് ടി ഉത്തരവ് പ്രകാരമുള്ള മുദ്രവില അനുവദിക്കുന്ന വിഷയം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ കോടതിവിധിയനുസരിച്ചുമാത്രമേ ഇളവ് അനുവദിക്കുന്നതിന് സാധിക്കുകയുള്ളൂ.

(ബി) സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ ആയത് പരിഗണിക്കുവാൻ നിർവ്വാഹമില്ല.

## വൈപ്പിൻ-പള്ളിപ്പുറം തീരദേശപാതയുടെ നിർമ്മാണം

54(2116) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബജറ്റിൽ 75 കോടി രൂപ വകയിരുത്തിയിട്ടുള്ള വൈപ്പിൻ-പള്ളിപ്പുറം തീരദേശപാതയുടെ നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള പ്രാരംഭ നടപടികൾ വിശദമാക്കാമോ; തീരദേശപാതയുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

വൈപ്പിൻ-പള്ളിപ്പുറം പാതയുടെ സമാന്തര പാതയ്ക്കാണ് പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 75 കോടി രൂപ പ്രഖ്യാപിച്ചിട്ടുള്ളത്. തീരദേശ ഹൈവേ എത്രയും വേഗം നടപ്പിലാക്കുന്നതിനും അതിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കുമായി ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറെ കൺവീനറും പൊതുമരാമത്ത് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനുമായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതരനടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. തീരദേശ പാത വികസിപ്പിക്കുന്നതിനായുള്ള പഠനം നടത്തുന്നതിന് നാറ്റ്പാക്-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## മാവേലിക്കര - കണ്ടിയൂർ ബൈപ്പാസ് നിർമ്മാണം

55(2117) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര-കണ്ടിയൂർ ബൈപ്പാസ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) തടസ്സം പരിഹരിക്കുന്നതിലേക്കായി, ആഗസ്റ്റിൽ നടന്ന മണ്ഡലാടി സ്ഥാനത്തിലുള്ള റിവ്യൂ മീറ്റിംഗിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) എർത്ത് റേറ്റ് തീരുമാനിക്കുന്നതിനായി ഉദ്യോഗസ്ഥ തലത്തിൽ യോഗം ചേർന്നിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സ്വീകരിക്കുന്നുണ്ട്.

(ബി) തടസ്സം കരാർ ഉടമ്പടി ഉറപ്പിക്കുവാൻ കഴിയാത്തതാണ്. പ്രസ്തുത വർക്കിന് 200 ലക്ഷം രൂപയുടെ ഭരണാനുമതിയും 230 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിരുന്നു. രണ്ട് തവണ ടെണ്ടർ ചെയ്തിരുന്നെങ്കിലും എസ്റ്റിമേറ്റിലെ മണ്ണിന്റെ നിരക്ക് വളരെ കുറവായതിനാൽ കരാറുകാരുടെ ഭാഗത്തുനിന്നും പ്രതികരണമൊന്നും ഉണ്ടായിട്ടില്ല. പിന്നീട് ശ്രീ. സുനിൽ ചന്ദ്രൻ എന്ന കരാറുകാരൻ 115 % അധികനിരക്കിൽ ക്വട്ടേഷൻ സമർപ്പിച്ചെങ്കിലും ഈ കൂടിയ നിരക്ക് അംഗീകരിച്ചില്ല. ഗ്രാവലിനുള്ള പ്രത്യേക കൺവേയൻസ് ഉൾപ്പെടുത്തി പുതിയ ഡി.എസ്.ആർ. പ്രകാരം പ്രൈസ് സോഫ്റ്റ്‌വെയറിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) ആഗസ്റ്റിൽ മണ്ഡലാടിസ്ഥാനത്തിൽ നടന്ന റിവ്യൂ മീറ്റിംഗിൽ പണി ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിരുന്നു.

(ഡി) എർത്ത് റേറ്റ് തീരുമാനിക്കുന്നതിനായി ഉദ്യോഗസ്ഥതലത്തിൽ യോഗം ചേർന്ന് റേറ്റിനെ സംബന്ധിക്കുന്ന പുതിയ ശിപാർശ തയ്യാറാക്കി സമർപ്പിക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ നടപടികൾ സ്വീകരിച്ചുവരുന്നു.

## കോഴിക്കോട് കോടതി സമുച്ചയത്തിന്റെ ടെണ്ടർ

56(2118) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോടതി സമുച്ചയത്തിന്റെ ടെണ്ടർ നടപടികൾക്കായുള്ള ചീഫ് സെക്രട്ടറിതല മീറ്റിംഗ് കൂടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) കമ്മിറ്റി കൂടുന്നതിന് തടസ്സമെന്തെങ്കിലുമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) മീറ്റിംഗിനുള്ള സമയവും തീയതിയും എത്രയും പെട്ടെന്ന് നിശ്ചയിക്കാൻ നിർദ്ദേശിക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) തടസ്സമില്ല.

(സി) കോഴിക്കോട് കോടതി സമുച്ചയത്തിന്റെ ടെണ്ടർ നടപടികൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായുള്ള ചീഫ് സെക്രട്ടറിതല മീറ്റിംഗ് 6-10-2016 രാവിലെ 11.45 മണിക്ക് കൂടുന്നതിന് നിശ്ചയിച്ചിരിക്കുകയാണ്.

## കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ

57(2119) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ എത്ര പൊതുമരാമത്ത് റോഡുകൾ ഉണ്ട്; ഈ റോഡുകളുടെ പേര് വിവരം പഞ്ചായത്ത് തിരിച്ച് നൽകാമോ;

(ബി) കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ അറ്റകുറ്റപ്പണികൾ അനിവാര്യമായിട്ടുള്ളതും ഗതാഗത യോഗ്യമല്ലാത്തതുമായ എത്ര റോഡുകൾ ഉണ്ട്; ഈ റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ; ഇല്ലെങ്കിൽ ഈ റോഡുകളുടെ അറ്റകുറ്റപ്പണി എപ്പോൾ നടത്തി ഗതാഗതയോഗ്യമാക്കുമെന്ന് വ്യക്തമാക്കാമോ;

(സി) കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ എത്ര റോഡുകളുടെ ഡി.പി.ആർ. ബന്ധപ്പെട്ട വകുപ്പ് മേധാവികൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്; ഇതിന്മേൽ ഭരണാനുമതി അടക്കമുള്ള കാര്യങ്ങളിൽ എപ്പോൾ തീരുമാനം ഉണ്ടാകുമെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിലുള്ള റോഡുകളെ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. ആയത് കൂടാതെ ദേശീയപാതാ വിഭാഗത്തിനു കീഴിലുള്ള ദേശീയപാത 17 (പുതിയത് 66) 18/050 മുതൽ 184/600 വരെ കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽപ്പെടുന്ന മുഗ്റാൾ, ചെങ്ങള, കുമ്പള എന്നീ പഞ്ചായത്തുകളിലൂടെയും കാസർഗോഡ് നഗരസഭയിലൂടെയും കടന്നുപോകുന്നു.

(ബി) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിലുള്ള 10 റോഡുകൾക്ക് അറ്റകുറ്റപ്പണികൾ അനിവാര്യമായിട്ടുണ്ട്. പ്രസ്തുത റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് Order No. CE/R&B/TF/KSGD/2016-17 dated 5-9-2016 പ്രകാരം പോസ്റ്റ് മൺസൂൺ പ്രവൃത്തികളിൽ ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിലെ ബദിയടുക്ക്-ഏത്തടുക്ക്-സ്യൂള്ള്യപദവ് റോഡ് കി.മി. 0/000 മുതൽ 20/000 വരെയും കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനായി കല്ലടക്ക-ചെർക്കള റോഡിന്റെയും ഡി.പി.ആർ. തയ്യാറാക്കി വരുന്നതേയുള്ളൂ.

**ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണം**

58(2120) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിവാസികളുടെ ചിരകാല സ്വപ്നമായ ഒറ്റപ്പാലം ബൈപ്പാസ് യാഥാർത്ഥ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) 2016-17 വർഷത്തെ ബജറ്റിൽ അതിനായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഒറ്റപ്പാലം ബൈപ്പാസിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം ബൈപ്പാസ്, കിഴക്കേ ഒറ്റപ്പാലം കാക്കത്തോട് പാലം, പാലോട് റോഡ്, സെൻഗുപ്ത റോഡ് എന്നിവ ചേർത്ത് 1855 മീ. നീളത്തിൽ പാലക്കാട്-പൊന്നാനി റോഡ്, ഒറ്റപ്പാലം-പെരിന്തൽമണ്ണ റോഡിനോട് ബന്ധിപ്പിച്ച് ബൈപ്പാസ് റോഡായി നിർമ്മിക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. പ്രസ്തുത ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിന് 28-11-2008-ലെ സ.ഉ.(സാധാ) നമ്പർ 1996/2008/പൊ.മ.വ. പ്രകാരം 500 ലക്ഷം രൂപയുടെ ഭരണാനുമതിയും തുടർന്ന് 18-7-2011-ലെ സ.ഉ.(സാധാ) നമ്പർ 939/11/പൊ.മ.വ. പ്രകാരം 17.4614 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതിയും നൽകിയിരുന്നു. എന്നാൽ കിഴക്കേ ഒറ്റപ്പാലം പാലോട് റോഡ് നിവാസികളുടെ എതിർപ്പുമൂലം സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി തുടങ്ങുവാൻ സാധിച്ചില്ല. ഇപ്പോഴത്തെ നിരക്കിൽ ഈ ബൈപ്പാസ് പൂർത്തീകരിക്കുന്നതിന് ഏകദേശം 14 കോടി രൂപ ആവശ്യമായി വരുന്ന പാലക്കാട് കുളപ്പുള്ളി റോഡിൽ ഒറ്റപ്പാലത്തുള്ള കയ്യേറ്റങ്ങൾ അളന്ന് തിട്ടപ്പെടുത്തി സ്ഥലം ഏറ്റെടുത്ത് റോഡ് വീതികൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2016-17 വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണത്തിന് 15 കോടി രൂപ പ്രഖ്യാപിച്ചതിൻ പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഒറ്റപ്പാലം ബൈപ്പാസിന്റെ രൂപരേഖ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ തയ്യാറാക്കി വരുന്നതേയുള്ളു.

**കിഫ്ബിയുടെ സ്കീമിൽ ഉൾപ്പെടുത്താൻ നടപടി**

59(2121) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണിയാൻവയൽ-തിരൂർ-ഉളിക്കൽ റോഡ്, ആലങ്ങാട്- കോളി-പൂവഞ്ചാൽ-കാപ്പിമല റോഡ് എന്നിവ കിഫ്ബിയുടെ സ്കീമിൽ ഉൾപ്പെടുത്തിയോ മറ്റെന്തെങ്കിലും പദ്ധതിയിലോപ്പെടുത്തി ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ റോഡിനും എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രസ്തുത പ്രവൃത്തികൾ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കണിയാൻവയൽ-കാഞ്ഞിലേരി-തിരൂർ-തേർമല-ഉളീക്കൽ റോഡിന് 20 കോടി രൂപയും ആലക്കോട്-പൂവഞ്ചാൽ-മാവിൻതട്ട്-കാപ്പിമല റോഡിന് 15 കോടി രൂപയും നിർദ്ദേശിച്ചിട്ടുണ്ട്.

**റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

60(2122) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കൊല്ലക്കടവ്-കുളനട, പനയങ്കേരി കടവ്-ഇലഞ്ഞിമേൽ-ഹരിപ്പാട്, കുരട്ടിക്കാട്-വീയപുരം റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ?

ഉത്തരം

പ്രസ്തുത റോഡുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ആലപ്പുഴ നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ തയ്യാറാക്കിവരുന്നു.

**ഇടക്കൊച്ചി-അരൂർ പാലത്തിന്റെ ഉപയോഗക്ഷമത**

61(2123) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 55 വർഷം പിന്നിട്ട ഇടക്കൊച്ചി-അരൂർ പാലത്തിന്റെ ഉപയോഗ ക്ഷമതയെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പഠനം നടത്തുന്നതിനായുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഈ പാലത്തിന്റെ കാലപ്പഴക്കവും നിലവിലുള്ള റോഡിന്റെ വീതി കുറവും കണക്കിലെടുത്ത് സമാന്തരപാലത്തിനും വർഷങ്ങൾക്ക് മുൻപ് നിർദ്ദേശിക്കപ്പെട്ട അനുബന്ധ തീരദേശ റോഡിനുമായുള്ള പ്രൊപ്പോസൽ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രാഥമിക പഠനം വകുപ്പുതലത്തിൽ നടത്തിയിട്ടുണ്ട്.

(ബി) ഈ പാലത്തിന് കാലപ്പഴക്കംമൂലമുള്ള ബലക്ഷയമുള്ളതായി പ്രാഥമിക പരിശോധനയിൽ വ്യക്തമാകുന്നില്ല. അനുബന്ധ തീരദേശ റോഡിനായുള്ള പ്രൊപ്പോസൽ ഉണ്ടെങ്കിൽ പരിഗണിക്കുന്നതാണ്.

**വെങ്കിടങ്ങ് - കണ്ണോത്ത്- പുല്ല റോഡ്**

62(2124) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ, മണലൂർ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന വെങ്കിടങ്ങ് - കണ്ണോത്ത്-പുല്ല റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ബി) അവശേഷിക്കുന്ന മൂന്ന് കിലോമീറ്റർ റോഡിന്റെ നിർമ്മാണം ഉടൻ തുടങ്ങാനും അടിയന്തരമായി പൂർത്തീകരിക്കാനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ, മണലൂർ നിയോജക മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന വെങ്കിടങ്ങ്-കണ്ണോത്ത്-പുല്ല റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ 90 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഭാഗത്തെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) അവശേഷിക്കുന്ന മൂന്ന് കിലോമീറ്റർ റോഡിന്റെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്കേ നടപടികൾ സ്വീകരിക്കുവാനാകുകയുള്ളൂ.

**മൈത്രുക്കടവ് പാലം**

63(2125) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മൈത്രുക്കടവ് പാലത്തിന് ഒരേ ജോലി ചെയ്തതിന് കരാറുകാരന് രണ്ടുതവണ പണം നൽകിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ലക്ഷം രൂപയാണ് ഇപ്രകാരം കരാറുകാരന് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ;

(സി) അധികമായി നൽകിയ തുക കരാറുകാരൻ തിരികെ അടച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പലിശ സഹിതമാണോ തുക അടച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിലെ മൈത്രുക്കടവ് പാലത്തിന് ഒരേ ജോലി ചെയ്തതിന് കരാറുകാരന് രണ്ടുതവണ പണം നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. 1492714 രൂപയാണ് കരാറുകാരന് നൽകിയിട്ടുള്ളത്.

(ബി) ഇതുസംബന്ധിച്ച് ഇതുവരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. അന്വേഷിച്ച് നിയമാനുസരണമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) തുക തിരിച്ചടച്ചിട്ടുണ്ട്. പലിശസഹിതമല്ല തുക അടച്ചിട്ടുള്ളത്.

**സെൻട്രൽ റോഡ് ഫണ്ടിന്റെ വിനിയോഗം**

64(2126) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആർ.എഫ്. (സെൻട്രൽ റോഡ്സ് ഫണ്ട്) വിനിയോഗിച്ച് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് എത്രകോടി രൂപയുടെ മരാമത്ത് പണികളാണ് ചെയ്തതെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കൊല്ലം സെൻട്രൽ റോഡ് ഫണ്ടിൽ നിന്ന് എത്ര രൂപയാണ് അനുവദിച്ചുകിട്ടുകയെന്ന് വ്യക്തമാക്കാമോ; ഇതിൽ നിന്നുള്ള വിഹിതമുപയോഗിച്ച് തിരുവനന്തപുരം-കന്യാകുമാരി എൻ.എച്ചുമായി ബന്ധപ്പെട്ടുകിടക്കുന്ന ബൈറോഡുകൾ റീ-ടാർ ചെയ്തു നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാകുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സി.ആർ.എഫ്. പദ്ധതിയിൽ 2015-16 സാമ്പത്തിക വർഷം 54.046 കോടി രൂപയുടെ രണ്ട് പദ്ധതികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്.

(ബി) ഇക്കൊല്ലം സെൻട്രൽ റോഡ് ഫണ്ടിൽനിന്നും അനുമതി ലഭിക്കുന്നതിനു വേണ്ടി 26 പദ്ധതികൾ (364 കോടി രൂപ) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം-കന്യാകുമാരി നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ടു കിടക്കുന്ന ബൈറോഡുകൾ ഒന്നുംതന്നെ 2016-17-ലെ സി.ആർ.എഫ്. പദ്ധതിയിൽ അനുമതിക്കായി സമർപ്പിച്ച പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

**കൊല്ലങ്കോട് ബൈപ്പാസ് റോഡ് നിർമ്മാണം**

65(2127) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട് ബൈപ്പാസ് റോഡ് നിർമ്മാണം നാളിതുവരെ തുടങ്ങിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബൈപ്പാസ് റോഡിന് ബഡ്ജറ്റിൽ എത്ര കോടി രൂപയാണ് വകയിരുത്തിയതെന്നും, ഏത് വർഷമാണ് ഭരണാനുമതി ലഭിച്ചതെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത ബൈപ്പാസ് റോഡിന്റെ പ്രവൃത്തി നാളിതുവരെ തുടങ്ങാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) ഈ റോഡിന്റെ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ഇ) ഈ പ്രവൃത്തിക്കായി നാളിതുവരെ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിന് 14-7-2009-ലെ സ.ഉ. (സാധാ) നമ്പർ 1045/2009/പൊ.മ.വ. പ്രകാരം 1,300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 2016-17-ലെ ബഡ്ജറ്റിൽ ഈ പ്രവൃത്തിക്ക് 2,27,88,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(സി&ഡി) കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിന് 14.5204 ഹെക്ടർ സ്ഥലം ആവശ്യമാണ്. അതിൽ 0.4594 ഹെക്ടർ സ്ഥലം സർക്കാർ പുറമ്പോക്കും ബാക്കി 14.0610 ഹെക്ടർ സ്ഥലം സ്വകാര്യവ്യക്തികളുടെ നിലവുമാണ്. സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി പൊന്നുംവില നടപടിക്രമമനുസരിച്ച് 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനായി പദ്ധതിച്ചെലവിന്റെ 25 ശതമാനം (2,64,30,000 രൂപ) മുൻകൂറായി കെട്ടിവയ്ക്കാൻ റവന്യൂ വകുപ്പിൽനിന്നും ആവശ്യപ്പെടുകയും പ്രസ്തുത തുകയ്ക്കുള്ള ശിപാർശ സർക്കാർ പരിഗണനയിലുമാണ്. പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ പുരോഗതിയും ആവശ്യമായ തുകയും സംബന്ധിച്ച വിവരങ്ങൾ അറിയിക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി നൽകുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളു.

(ഇ) കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിന് 14-7-2009-ലെ സ.ഉ. (സാധാ) നമ്പർ 1045/2009/പൊ.മ.വ. പ്രകാരം 1,300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 2016-17-ലെ ബഡ്ജറ്റിൽ ഈ പ്രവൃത്തിക്ക് 2,27,88,000 രൂപ വകയിരുത്തിയിട്ടുള്ളത്.

**കാസർകോട് ചെർക്കള ടൗൺ വികസന പ്രവൃത്തി**

66(2128) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ചെർക്കള ടൗൺ വികസന പ്രവൃത്തി ഏത് പദ്ധതി ഉപയോഗിച്ചാണ് നടത്തിയത്; അതിന് അനുവദിച്ച തുക എത്രയാണ്;

(ബി) ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതിയെക്കുറിച്ച് അന്വേഷിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഈ പ്രവൃത്തിയിൽ അപാകതകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവ ഏത് തരത്തിലുള്ള അപാകതകൾ ആണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഈ പ്രവൃത്തിയുടെ ഡിസൈൻ ചെയ്തത് ആരാണ്; അശാസ്ത്രീയമായ സർക്കിളുകൾ സ്ഥാപിച്ചു എന്ന ആക്ഷേപത്തെക്കുറിച്ച് അന്വേഷണം ഏർപ്പെടുത്തുമോ;

(ഇ) ഈ പ്രവൃത്തിയിൽ ക്രമക്കേടുകൾ കണ്ടെത്തുകയാണെങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഇ) കാസർഗോഡ് ചെർക്കള ടൗൺ വികസന പ്രവൃത്തി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ചാണ് നടത്തിയത്. 200 ലക്ഷം രൂപയാണ് പ്രസ്തുത പദ്ധതിക്കായി അനുവദിച്ചത്. പ്രവൃത്തിയുടെ ഡിസൈൻ ചെയ്തത് പൊതുമരാമത്ത് വകുപ്പിന്റെ പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ് ആണ്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതിയിന്മേൽ വിജിലൻസ് അന്വേഷണം നടത്തിവരുന്നു. പ്രസ്തുത അന്വേഷണ റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല. ആയതിനാൽ പദ്ധതിയിലെ അപാകതകൾ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമായിട്ടില്ല. അന്വേഷണ റിപ്പോർട്ട് ലഭ്യമായതിനുശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## പടിഞ്ഞാറൻ ബൈപ്പാസിലെ പാലങ്ങൾ

67(2129) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം പട്ടണത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങൾ ബന്ധിക്കുന്ന പടിഞ്ഞാറൻ ബൈപ്പാസിലെ രണ്ട് പാലങ്ങളുടെ പണിയും റോഡിന്റെ ടാറിംഗ് ഒഴികെയുള്ള ബാക്കി പണികളും പൂർത്തിയായിട്ടുള്ളതിനാൽ റോഡിന്റെ ടാറിംഗ് പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

പടിഞ്ഞാറൻ ബൈപ്പാസിന്റെ 0/000 മുതൽ 0/435 വരെയും 2/300 മുതൽ 3/576 വരെയും ടാറിംഗ് ചെയ്തിട്ടുണ്ട്. ബാക്കി ഭാഗങ്ങളിലെ പ്രവൃത്തി നടത്തുവാനുണ്ട്.

## കൊയിലാണ്ടി മണ്ഡലത്തിലെ വികസന പദ്ധതികൾ

68(2130) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി മണ്ഡലത്തിൽ പൊതുമരാമത്ത് റോഡ്, പാലം, കെട്ടിടം, എൻ.എച്ച്. വിഭാഗങ്ങളുടെ കീഴിൽ നടന്ന് വരുന്നതും പുതുതായി അംഗീകാരത്തിനായി പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതും സമർപ്പിക്കാനിരിക്കുന്നതുമായ വിവിധ വികസന പദ്ധതികളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ?

ഉത്തരം

ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ കൊയിലാണ്ടി മണ്ഡലത്തിൽ കി.മീ. 203/000 മുതൽ 231/000 വരെ ഷോൾഡർ പേവ്മെന്റിന് 13 കോടി രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 2016-17-ലെ ഉപരിതലം പുതുക്കുന്ന പദ്ധതിയുടെ ലിസ്റ്റിൽ കി.മീ. 215/000 മുതൽ 231/000 വരെയുള്ള പ്രവൃത്തി ഉൾപ്പെടുത്തി കേന്ദ്ര ഉപരിതല ഗതാഗത

മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. അനുമതി കിട്ടുന്ന മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്. കൂടാതെ കൊയിലാണ്ടി ടൗൺ നവീകരിക്കുന്നതിന് 5 കോടി രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ സമർപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ വിശദാംശം അനുബന്ധം I ആയും* കെട്ടിട വിഭാഗത്തിന്റെ വിശദാംശം അനുബന്ധം II ആയും* ചേർത്തിരിക്കുന്നു.

## നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതി

69(2131) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ RIDF-XXI ലുൾപ്പെടുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് നൽകിയിട്ടുള്ള പദ്ധതികളിൽ പത്തനംതിട്ട ജില്ലയിൽ നിന്നുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് തുക സഹിതം വ്യക്തമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ നബാർഡിന് സമർപ്പിക്കുന്നതിനായി ധനകാര്യവകുപ്പിൽ നൽകിക്കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) RIDF-XX-ലുൾപ്പെട്ടിരുന്നതും എന്നാൽ പണമനുവദിച്ചിട്ടും നിർമ്മാണം ഇതേവരെ ആരംഭിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; ഇവയുടെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ടെണ്ടർ ഓപ്പൺ ചെയ്ത പ്രവൃത്തികളുടെ എഗ്രിമെന്റ് വയ്ക്കാൻ അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) 5 കോടിയിൽ കൂടുതൽ തുകയുള്ള പ്രവൃത്തികളുടെ ടെൻഡർ അംഗീകരിക്കുന്നതിന് സർക്കാർ ടെണ്ടർ കമ്മിറ്റി കൂടേണ്ടതുണ്ടോ; ആരൊക്കെയാണ് ഈ കമ്മിറ്റിയിലെ അംഗങ്ങൾ; ഏറ്റവും ഒടുവിൽ ഈ കമ്മിറ്റി ചേർന്നത് എന്നാണ്;

(എഫ്) എത്ര പ്രവൃത്തികളുടെ ടെൻഡർ ആണ് ഇങ്ങനെ ടെൻഡർ കമ്മിറ്റി കൂടാത്തതിന്റെ പേരിൽ അംഗീകാരം നൽകാതിരിക്കുന്നതെന്നും അവ ഏതൊക്കെയെന്നും അറിയിക്കുമോ; ഈ ഓരോ പ്രവൃത്തികളുടെയും ടെൻഡർ ഓപ്പൺ ചെയ്ത് ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്തയാളെ സെലക്ട് ചെയ്ത് ടെൻഡർ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ജി) ഇവയ്ക്ക് അടിയന്തരമായി അംഗീകാരം നൽകാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XXI-ലുൾപ്പെടുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് നൽകിയിട്ടുള്ള പദ്ധതികളിൽ പത്തനംതിട്ട ജില്ലയിൽ നിന്നുള്ള പ്രവൃത്തികൾ ഒന്നും ഉൾപ്പെട്ടിട്ടില്ല.

(ബി) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XXII സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പദ്ധതികളിൽ 159.80 കോടി രൂപയുടെ പദ്ധതികൾ ധനകാര്യ വകുപ്പിലേക്ക് അയച്ചിട്ടുണ്ട്. 18 കോടി രൂപയുടെ പദ്ധതികൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) 7 എണ്ണം. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ഡി) ടെണ്ടർ ഓപ്പൺ ചെയ്ത പദ്ധതികൾക്ക് ടെണ്ടർ അനുമതി ലഭിച്ചതിനു ശേഷം മാത്രമേ എഗ്രിമെന്റ് വയ്ക്കാൻ അനുവദിക്കാറുള്ളൂ.

(ഇ) ഉണ്ട്. 24-8-2015-ലെ സ.ഉ.(അച്ചടി) നമ്പർ 375/2015/ധന ഉത്തരവ് പ്രകാരം 5 കോടി രൂപമുതൽ 10 കോടി രൂപവരെ തുകയ്ക്കുള്ള പ്രവൃത്തികളുടെ ടെണ്ടർ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയും 10 കോടി രൂപയിൽ കൂടുതൽ തുകയ്ക്കുള്ള പ്രവൃത്തികളുടെ ടെണ്ടർ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുമാണ് അംഗീകരിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയിൽ ചീഫ് എഞ്ചിനീയർമാർ, ചീഫ് ആർക്കിടെക്ട്, ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ എന്നിവർ അംഗങ്ങളാണ്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ടെണ്ടർ കമ്മിറ്റിയിൽ പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവ വകുപ്പ് പ്രിൻസിപ്പിൽ സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരും അതാത് വകുപ്പ് സെക്രട്ടറിമാരും അംഗങ്ങളാണ്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ടെണ്ടർ കമ്മിറ്റി 13-6-2016-ലാണ് ഏറ്റവും ഒടുവിലായി ചേർന്നത്.

(എഫ്&ജി) നിലവിൽ ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയുടെ പരിഗണനയ്ക്കായുള്ള 4 പ്രവൃത്തികളും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ടെണ്ടർ കമ്മിറ്റിയുടെ പരിഗണനയ്ക്കായുള്ള 16 പ്രവൃത്തികളുടേയും ശിപാർശയിന്മേലാണ് തീരുമാനം കൈക്കൊള്ളേണ്ടതായിട്ടുള്ളത്. ആയത് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.* 13-6-2016-ൽ കൂടിയ ചീഫ് സെക്രട്ടറിതല ടെണ്ടർ കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിലുണ്ടായ ഭരണപരമായ താമസംമൂലമാണ് തുടർ കമ്മിറ്റി കൂടുവാൻ സാധിക്കാതിരുന്നത്. നിലവിൽ സർക്കാരിന്റെ പരിഗണനയിലുള്ള ടെണ്ടർ ശിപാർശകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച ടെണ്ടർ കമ്മിറ്റികൾ 6-10-2016-ൽ ചേരുന്നതിനാണ് നിശ്ചയിച്ചിരിക്കുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്

70(2132) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി നിയോജക മണ്ഡലത്തിൽ പ്രവർത്തിച്ചിരുന്ന, പൊതുമരാമത്ത് വകുപ്പിന്റെ ബിൽഡിംഗ് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഫോർട്ട് കൊച്ചിയിൽ നിന്നും കളമശ്ശേരിയിലേയ്ക്ക് മാറ്റിയത്, പൂർവ്വസ്ഥാനത്ത് പുനഃസ്ഥാപിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

ഈ ഓഫീസ് പൂർവ്വസ്ഥാനത്ത് പുനഃസ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല. നിർദ്ദേശം വന്നാൽ പരിശോധിക്കും.

### പൊതുമരാമത്ത് കരാറുകാർക്കുള്ള കുടിശ്ശിക

71(2133) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് കരാറുകാർക്ക് കുടിശ്ശിക ഇനത്തിൽ എത്ര തുക നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുമരാമത്ത് റോഡുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ സർക്കാർ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് കരാറുകാർക്ക് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ഏപ്രിൽ 2015 മുതൽ ജൂലൈ 2015 വരെയുള്ള കുടിശ്ശികയായ 526.23 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 199 കോടി 35 ലക്ഷം രൂപയും ദേശീയപാതാ വിഭാഗത്തിൽ 80.69 കോടി രൂപയും നൽകിയിട്ടുണ്ട്.

(ബി) പൊതുമരാമത്ത് റോഡുകളുടെ നവീകരണത്തിനായി നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 343.69 കോടി രൂപയും അറ്റകുറ്റപ്പണികൾക്കായി 135.19 കോടി രൂപയും ഈ സർക്കാർ ചെലവഴിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിൽ റോഡ് നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 5.18 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## തൃപ്പൂണിത്തുറ-പൂത്തോട്ട റോഡിന്റെ വികസനം

72(2134) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ-പൂത്തോട്ട റോഡിന്റെ വികസനം കഴിഞ്ഞ 25 വർഷമായി മരവിപ്പിച്ചിരിക്കുന്നതിന്റെ കാരണം അറിയിക്കുമോ;

(ബി) പ്രസ്തുത റോഡ് നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത റോഡിനെ ഒരു മാതൃക റോഡായി വികസിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ?

ഉത്തരം

(എ) തൃപ്പൂണിത്തുറ-പൂത്തോട്ട റോഡ് നാലുവരി പാതയാക്കുന്നതിനുള്ള സർവ്വേ നടത്തി നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ ഡി.പി.ആർ. സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത കാരണം 2014-15 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കാൻ സാധിച്ചില്ല.

(ബി&സി) പരിശോധിക്കുന്നതാണ്.

## കുട്ടനാട്ടിലെ കുടിവെള്ള പദ്ധതിയുടെ ഭാഗമായി റോഡ് പുനരുദ്ധാരണം

73(2135) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

13-ാം ധനകാര്യ കമ്മീഷൻെറ സാമ്പത്തിക സഹായത്തോടെ കുട്ടനാട്ടിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയുടെ ഭാഗമായി റോഡ് പുനരുദ്ധാരണത്തിന് കേരള വാട്ടർ അതോറിറ്റി പൊതുമരാമത്ത് വകുപ്പിൽ അടച്ച തുകയുടെയും റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെയും വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

പതിമൂന്നാം ധനകാര്യ കമ്മീഷന്റെ സാമ്പത്തിക സഹായത്തോടെ കുട്ടനാട്ടിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയുടെ ഭാഗമായി റോഡ് പുനരുദ്ധാരണത്തിന് കേരള വാട്ടർ അതോറിറ്റി രണ്ട് ഗഡുക്കളായി 5,53,23,000 രൂപ (ഡി.ഡി. നമ്പർ 809593 തീയതി 9-12-2014 പ്രകാരം 3,28,23,000 രൂപയും ഡി.ഡി. നമ്പർ 812504 തീയതി 18-2-2015 പ്രകാരം 2,25,00,000 രൂപയും) പൊതുമരാമത്ത് വകുപ്പിൽ അടച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് കുട്ടനാട്ടിലെ പുളിങ്കുന്ന്, രാമങ്കരി, എടത്വ സെക്ഷനുകളിലെ 28 റോഡുകളിൽ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്ത് പൂർത്തീകരിച്ചിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റസ്റ്റ് ഹൗസുകളുടെ നവീകരണം

74(2136) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പല റസ്റ്റ്ഹൗസുകളുടെയും പരിസരം കാട് കയറിയ അവസ്ഥയിലും, വൃത്തിഹീനവുമായതിനാൽ പലരും ഇവിടെ താമസിക്കുന്നതിന് വൈമനസ്യം കാണിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം റസ്റ്റ് ഹൗസുകളാണ് ദീർഘനാളായി മേൽനോട്ടമില്ലാത്തതുകാരണം വൃത്തിഹീനമായി പ്രവൃത്തിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(സി) എല്ലാ റസ്റ്റ്ഹൗസുകളും വാസയോഗ്യമാക്കുന്നതിനും, ആകർഷണീയമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കഴിഞ്ഞ അഞ്ച് വർഷമായി പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ അനാഥമായി കിടക്കുകയായിരുന്നു. അഴിമതിയും കെടുകാര്യസ്ഥതയും കൊടികുത്തി വാണിരുന്നു. പ്രശസ്തങ്ങളായ മൂന്നാർ, ആലുവ റസ്റ്റ് ഹൗസ് എന്നിവ സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകി. റസ്റ്റ് ഹൗസുകളെപ്പറ്റി വിശദമായ റിപ്പോർട്ട് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് റസ്റ്റ് ഹൗസുകൾ ആകർഷണീയമായ വാസയോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. അനാസ്ഥയ്ക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ കാര്യം പരിശോധിച്ചുവരികയാണ്.

## തിരുവനന്തപുരം നഗരത്തിലെ സർക്കാർ ക്വാർട്ടേഴ്സുകൾ

75(2137) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ സർക്കാർ ജീവനക്കാർക്കായുള്ള എത്ര ക്വാർട്ടേഴ്സുകളുണ്ട്; അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ജീവനക്കാർക്ക് ആയത് അനുവദിക്കുന്നതിനുള്ള അർഹതാ മാനദണ്ഡമെന്തെന്ന് വിശദമാക്കാമോ;

(സി) ഇതിനായി മുൻഗണനാ പട്ടിക നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം ജീവനക്കാർ ഏതെന്ന് വ്യക്തമാക്കാമോ;

(ഇ) അത്തരം കേസ്സുകൾ ആകെ അനുവദിക്കുന്നവയുടെ എത്ര ശതമാനം എന്ന് നിജപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം നഗരത്തിൽ സർക്കാർ ജീവനക്കാർക്കായി 840 ക്വാർട്ടേഴ്സ് നിലവിലുണ്ട്. വിശദാംശം അനുബന്ധം എ ആയി ചേർത്തിരിക്കുന്നു.*

(ബി) സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുന്നത് Rules for the Allotment & Occupation of Government Servants Quarters in Kerala, 2006-റൂൾ 4-ൽ പരാമർശിച്ചിരിക്കുന്നു. പ്രസക്തഭാഗം അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു.*

(സി) മുൻഗണനാ ക്രമമനുസരിച്ചുള്ള രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

(ഡി&ഇ) സർക്കാർ ക്വാർട്ടേഴ്സ് അനുവദിക്കുന്നതിൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം ജീവനക്കാരുടെ വിശദാംശവും എത്ര ശതമാനമായി നിജപ്പെടുത്തിയിരിക്കുന്നു എന്നതും 'Rules for the Allotment & Occupation of Government Servant' s Quarters in Kerala, 2006 - ലെ റൂൾ 9(i) -9(vii), 10 വരെയും 7-9-2016-ലെ 'Amendment to the Rules for the Allotment & Occupation of Government Servant' s Quarters in Kerala, 2006-ലെ റൂൾ 3(1), 2 എന്നീ റൂളുകളിൽ പ്രതിപാദിച്ചിരിക്കുന്നു. ആയത് അനുബന്ധം 'സി' ആയി ചേർത്തിരിക്കുന്നു.*

**തൃപ്പൂണിത്തുറ ഇരുമ്പുപാലം**

76(2138) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ ഇരുമ്പുപാലത്തിന്റെ ദുരവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പാലത്തിന്റെ പൈതൃകം നിലനിർത്തി പുതുക്കിപ്പണിയുന്നതിന് സമയബന്ധിത നടപടികൾ സ്വീകരിക്കുമോ;

(സി) നവീകരണം എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഇരുമ്പുപാലത്തിന്റെ താൽക്കാലികമായ നടപ്പാതയുടെ അറ്റകുറ്റ പണികൾക്കായി ഈ സാമ്പത്തികവർഷത്തെ എസ്.എൽ.ടി.എഫ്.-ൽ 13.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പാലത്തിന്റെ പൈതൃകം നിലനിർത്തി അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള വിശമായ നിർദ്ദേശങ്ങൾ CE (R&B) -യിൽനിന്നും ലഭിക്കുന്ന മുറയ്ക്കുമാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതനിർമ്മാണം**

77(2139) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വയനാട് ചുരത്തിന് ബദലായുള്ള ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്ക പാത നിർമ്മാണത്തിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ പാത നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിയ്ക്കുമോ;

(സി) ഈ പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് കൺസൾട്ടൻസിയെ നിയമിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന് നടപടികൾ സ്വീകരിയ്ക്കുമോ;

(ഡി) പദ്ധതി എന്നു തുടങ്ങുവാനും എന്ന് പൂർത്തിയാക്കാനും, കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പദ്ധതി പ്രാവർത്തികമാക്കുവാൻ ഉദ്ദേശിക്കുന്നതിന്റെ ഭാഗമായി 2016-17 സാമ്പത്തികവർഷത്തിലെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ ഇരുപത് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. പരിശോധിക്കുന്നതാണ്.

(സി) ഈ പ്രവൃത്തിയുടെ പ്രാരംഭപ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കൺസൽട്ടൻസിയുടെ നിയമനം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കുഴിനക്കിപ്പാറ പാലം നിർമ്മാണം

78(2140) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തെയും ഏറനാട് മണ്ഡലത്തെയും തമ്മിൽ ബന്ധിപ്പിച്ചുള്ള കുഴിനക്കിപ്പാറ പാലം നിർമ്മാണം 2011-ൽ 2 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടും നടക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കാമോ;

(ബി) പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഏത് വരെയായെന്നും അത് എന്ന് ലഭ്യമാക്കാൻ കഴിയുമെന്നും വിശദമാക്കാമോ;

(സി) ഈ സാമ്പത്തികവർഷം തന്നെ പ്രവൃത്തി ടെൻഡർ ചെയ്ത് പാലം നിർമ്മാണം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) അനുവദിച്ച രണ്ട് കോടി രൂപ പാലം നിർമ്മാണത്തിന് അപര്യാപ്തമായതിനാൽ പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ സാധിച്ചില്ല.

(ബി) കുഴിനക്കിപ്പാറ പാലം നിർമ്മാണത്തിനുവേണ്ടി പുതുക്കിയ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) പുതുക്കിയ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്കുമാത്രമേ പുതുക്കിയ ഭരണാനുമതി നൽകാൻ സാധിക്കുകയുള്ളൂ.

## തൃപ്പൂണിത്തുറ പേട്ട-എസ്.എൻ.ജംഗ്ഷൻ റോഡ് വികസനം

79(2141) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ പേട്ട-എസ്.എൻ ജംഗ്ഷൻ റോഡ് നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതിന്റെ ഭാഗമായി പേട്ടപാലം വീതി കൂട്ടി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത റോഡിന്റെ വികസന പദ്ധതിയിൽ കാൽനടയാത്രകാർക്കായി ഫുട്ട്പാത്ത് നിർമ്മിക്കുന്നതു കൂടി പരിഗണിക്കുമോ?

### ഉത്തരം

(എ) തൃപ്പൂണിത്തുറ പേട്ട-എസ്.എൻ.ജംഗ്ഷൻ റോഡ് 22 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിന് കെ.എം.ആർ.എൽ. മുഖേന നടപടി സ്വീകരിച്ചുവരുന്നു.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) കാൽനടയാത്രക്കാർക്കായി നടപ്പാത നിർമ്മിക്കുന്ന കാര്യവും പദ്ധതിയിൽ ഉൾപ്പെടുന്നുണ്ട്.

**ശോച്യാവസ്ഥയിലായ മുക്കം-കുമാരനെല്ലൂർ-കൂടരഞ്ഞി റോഡിന്റെ നിർമ്മാണം**

80(2142) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാടെ തകർന്ന് കാൽനടയാത്രയും വാഹന ഗതാഗതവും ദുഷ്കരമായ മുക്കം-കുമാരനെല്ലൂർ-കൂടരഞ്ഞി റോഡിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തെങ്കിലും തടസ്സങ്ങൾ ഉള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ തടസ്സങ്ങൾ എന്തെല്ലാമെന്നും തടസ്സങ്ങൾ നീക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കാമോ;

(സി) പ്രവൃത്തി എന്നു തുടങ്ങാനും എന്ന് പൂർത്തിയാക്കാനും കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മുക്കം-കുമാരനെല്ലൂർ-കൂടരഞ്ഞി റോഡിന്റെ നിർമ്മാണപ്രവൃത്തി ആരംഭിച്ചിട്ടില്ല. തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലവിലുള്ളതിനാൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. കേസുമായി ബന്ധപ്പെട്ട് കോടതി ആവശ്യപ്പെട്ട രേഖകൾ കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

(സി&ഡി) കോടതിയിൽ നിലവിലുള്ള കേസിന്റെ വിധിവരുന്ന മുറയ്ക്കേ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. കേസ് വേഗം തീർപ്പായാൽ വകുപ്പ് നടപടികൾ സ്വീകരിക്കുന്നതാണ്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

81(2143) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ കഴിഞ്ഞ 5 വർഷം നടത്തിയ കെട്ടിടനിർമ്മാണങ്ങളും മറ്റ് പൊതുമരാമത്ത് പ്രവൃത്തികളും വലിയ അഴിമതിയുടെ ഭാഗമായി മാറിയിട്ടുണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം അന്വേഷിച്ച് കുറ്റവാളികളെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുമോ;

(ബി) നെയ്യാറ്റിൻകര പി.ഡബ്ല്യൂ.ഡി. റസ്റ്റ്ഹൗസിൽ കെട്ടിടത്തിന് നിശ്ചയിച്ച വാടക വർദ്ധനവ് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; റൂം അനുവദിക്കണമെങ്കിൽ തിരുവനന്തപുരത്ത് ബിൽഡിംഗ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ എത്തി തുക അടയ്ക്കണമെന്നുള്ള തീരുമാനം മാറ്റിയിട്ടുണ്ടോ;

(സി) നെയ്യാറ്റിൻകര മണ്ഡലത്തിലെ ആയയിൽ, കന്നിപ്പുറം പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അഴിമതി സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിലുള്ള വ്യവസ്ഥപ്രകാരം പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലാണ് എല്ലാ ജില്ലയിലും മുറി അനുവദിക്കുന്നത്. ആയതുപ്രകാരം തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ നൽകണം. മുറി അനുവദിക്കുന്നതിനുള്ള തുക അടയ്ക്കേണ്ടത് അതാത് റസ്റ്റ് ഹൗസുകളിലാണ്. 17-7-2013-ലെ സ.ഉ.(അച്ചടി)നമ്പർ 58/13/പൊ.മ.വ. പ്രകാരം നോൺ എ.സി. ഹാളുകൾക്ക് നിശ്ചയിച്ചിരിക്കുന്ന കുറഞ്ഞ തുകയായ ആയിരം രൂപയാണ് നെയ്യാറ്റിൻകര റസ്റ്റ് ഹൗസിലെ ഹാളിന് വാടകയിനത്തിൽ സ്വീകരിക്കുന്നത്.

(സി) നെയ്യാറ്റിൻകര മണ്ഡലത്തിലെ ആയയിൽ, കന്നിപ്പുറം പാലങ്ങളുടെ രൂപരേഖ തയ്യാറായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടി പുരോഗമിച്ചുവരുന്നു, കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പാലങ്ങൾക്ക് പത്ത് കോടി രൂപ വീതം കെ. ഐ. ഐ. എഫ്. ബി.-യിൽ ഉൾപ്പെടുത്തി (നമ്പർ 9 നമ്പർ 2) അനുവദിച്ചിട്ടുണ്ട്.

**ആധാരം സ്വയം തയ്യാറാക്കൽ**

82(2144) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ എത്ര സംസ്ഥാനങ്ങളിൽ സ്വന്തമായി ആധാരം എഴുതുവാനും ഫയൽ ചെയ്യുവാനുമുള്ള സൗകര്യമുണ്ടെന്നും അവ ഏതെല്ലാമെന്നും അറിയിക്കുമോ;

(ബി) മാതൃകാ പ്രമാണങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കുവാൻ ഏതെല്ലാം സബ് രജിസ്ട്രാർ ഓഫീസുകളിൽ സംവിധാനം ഉണ്ട്; ഇല്ലാത്ത സ്ഥലങ്ങളിൽ ആയത് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) സ്വന്തമായി ആധാരമെഴുതുന്നവർക്ക് സഹായം ചെയ്തു കൊടുക്കുവാൻ തയ്യാറാകാത്ത സബ് രജിസ്ട്രാർമാരുടെ പേരിൽ നടപടി എടുക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്വന്തമായി ആധാരം എഴുതാനും ഫയൽ ചെയ്യുവാനുമുള്ള സൗകര്യം കേരളം ഉൾപ്പെടെ പഞ്ചാബ്, ഹരിയാന, തമിഴ്നാട്, ബീഹാർ എന്നീ അഞ്ച് സംസ്ഥാനങ്ങളിലും ഡൽഹിയിലും നിലവിലുണ്ട്.

(ബി) കക്ഷികൾക്ക് സ്വന്തമായി ആധാരം തയ്യാറാക്കുന്നതിനുവേണ്ടി പ്രമാണങ്ങളുടെ മാതൃകകൾ രജിസ്ട്രേഷൻ വകുപ്പിന്റെ www.keralaregistration.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 16-7-2013 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 545/13/നിവ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള മാതൃകാധാരങ്ങൾ അടിസ്ഥാനമാക്കി, ആധാരങ്ങൾ തയ്യാറാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടി ക്രമങ്ങളും വ്യവസ്ഥകളും സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 12-8-2016 തീയതിയിലെ ഐ.റ്റി.30120/10 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലറിന്റെ കോപ്പി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ ഇതുവരെ പരാതികളൊന്നും ലഭിച്ചിട്ടില്ല.

(സി) പരാതി ഒന്നും കിട്ടിയിട്ടില്ല. 71 പേർ മാത്രമാണ് എഴുതിയത്. ഇത് വലിയ ബഹുജനപ്രസ്ഥാനമായി മാറിയിട്ടില്ല.

## സഹകരണ സംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിലോ രജിസ്ട്രേഷൻ ഫീസിലോ ഉള്ള ഇളവുകൾ

83(2145) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ വിലകൊടുത്തുവാങ്ങുന്ന സ്വത്തുക്കൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നുമുതലാണെന്നത് സംബന്ധിച്ച് വിശദമാക്കാമോ;

(സി) സഹകരണ സംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിലോ രജിസ്ട്രേഷൻ ഫീസിലോ ഏതെങ്കിലും ഇളവുകൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) സഹകരണ സംഘങ്ങൾക്ക് സ്റ്റാംപ് ഡ്യൂട്ടി ഇളവുനൽകുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 18-10-1960-ൽ എസ്.ആർ.ഒ.75/1960 നമ്പരായി കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ച ജി.ഒ.(എംഎസ്.) 795/60/അഗ്രി തീയതി 8-10-1960 ഉത്തരവ് പ്രകാരം സഹകരണ സംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിച്ചിട്ടുണ്ട്.

(സി) മേൽ ഉത്തരവ് നിലവിലുണ്ടെങ്കിലും സഹകരണ സംഘങ്ങൾക്ക് ഇപ്പോൾ ടി ഉത്തരവ് പ്രകാരമുള്ള മുദ്രവില ഇളവ് അനുവദിക്കുന്നില്ല.

(ഡി) 1960-കളിൽ സഹകരണ മേഖലയുടെ ഉന്നതി ലക്ഷ്യമാക്കിയാണ് മേൽപ്രകാരം ഇളവ് നൽകി ഉത്തരവായിട്ടുള്ളത്. എന്നാൽ നിലവിൽ സഹകരണ മേഖല ഉന്നതി കൈവരിച്ചിട്ടുള്ള സാഹചര്യത്തിലും സഹകരണ സൊസൈറ്റികളും ബാങ്കുകളും സാമ്പത്തികഭദ്രത നേടിയിട്ടുള്ള സാഹചര്യത്തിലും ടി ഉത്തരവ് പ്രകാരമുള്ള ഇളവ് തുടർന്നും നൽകേണ്ട സാഹചര്യമുള്ളതായി കാണുന്നില്ല. ലക്ഷക്കണക്കിന് രൂപ ചെലവാക്കി സ്വന്തമായി വസ്തുക്കൾ വാങ്ങാനും കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കാനും കഴിവുള്ള ടി സ്ഥാപനങ്ങൾ മുദ്ര ഒടുക്കുവാനും ബാധ്യസ്ഥരാണ് എന്നുകാണുന്നു. WA 1216/07 തുടങ്ങിയ ബാച്ച് കേസിൽ ഹൈക്കോടതിയുടെ ഫുൾ ബഞ്ച് 18-12-2014-ന് പുറപ്പെടുവിച്ച ഉത്തരവിൽ " if a member of the society is executing a document in his own capacity or in the capacity of the guardian of a minor he cannot avail the benefit of remission of stamp duty" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഫുൾ ബഞ്ച് ഉത്തരവിനെ ആധാരമാക്കിക്കൊണ്ടുള്ള 13-3-2015 തീയതിയിലെ W.P.(C) 1767/15-ാം നമ്പർ കേസിന്റെ വിധിന്യായത്തിൽ വസ്തു ഉടമ ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടി ആക്ടിലെ 55-ാം വകുപ്പ് പ്രകാരം വസ്തു ഉടമ എന്ന നിലയിൽ മാത്രം ആധാരം ഒപ്പിടുന്നത് സൊസൈറ്റിയുടെ പേരിൽ ഒപ്പിടുന്നതായി കണക്കാക്കാനാകില്ലെന്നും വ്യക്തമാക്കിയിരിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ സഹകരണ സംഘങ്ങൾക്ക് 8-10-1960-ലെ ജി.ഒ.(എംഎസ്.) 795/60/അഗ്രി നമ്പർ ഉത്തരവനുസരിച്ചുള്ള മുദ്ര ഇളവിന് അർഹതയില്ല. സഹകരണ സംഘങ്ങൾക്ക് മുദ്രവില ഇളവ് അനുവദിക്കുന്ന വിഷയം ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയിലാണ്. മാത്രവുമല്ല മുദ്ര വിലയിളവിന് അർഹതയുള്ള സഹകരണ സംഘങ്ങൾക്ക് മാത്രം മുദ്രവിലയിളവ് അനുവദിക്കുന്നതരത്തിൽ ടി ഉത്തരവ് ഭേദഗതി വരുത്തേണ്ടതായി കാണുന്നതിനാൽ പ്രസ്തുത ഉത്തരവ് ഇപ്പോൾ സർക്കാരിന്റെ പുനഃപരിശോധനയിലാണ്.

**ആധാരം എഴുത്തുകാർക്ക് പെൻഷൻ**

84(2146) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരം എഴുത്തുകാർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) പെൻഷൻ അനുവദിച്ചിട്ടുണ്ടെങ്കിൽ അത് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആധാരം എഴുത്തുകാർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്. എന്നാലത് പരിഷ്ക്കരിച്ചിട്ടില്ല. പരിഷ്കരിക്കണം.

(ബി) കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധിയിൽ 5 വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ള ഒരംഗം തൊഴിൽ അവസാനിപ്പിച്ചാൽ അദ്ദേഹത്തിന് പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കും. ഏറ്റവും കുറഞ്ഞ പ്രതിമാസ പെൻഷൻ 550 രൂപയാണ്. ആദ്യ വർഷം മുതൽ 25 വർഷം വരെയുള്ള അംഗത്വ കാലയളവിൽ പൂർത്തിയാക്കിയ ഓരോ വർഷത്തിനും 30 രൂപ വീതം അധികം ലഭിക്കുന്നതാണ്. അപ്രകാരം ഒരംഗത്തിന് പരമാവധി 1,000 രൂപ വരെ പെൻഷൻ ലഭിക്കുന്നതാണ്. അപേക്ഷാ ഫോറം നമ്പർ 12-ൽ ആയിരിക്കേണ്ടതും അപേക്ഷയോടൊപ്പം അംഗത്വ സർട്ടിഫിക്കറ്റ്, സബ് രജിസ്ട്രാർ, ജില്ലാ രജിസ്ട്രാർ, അംഗീകൃത സംഘടനയുടെ ജില്ലാ സെക്രട്ടറി എന്നിവരുടെ ശിപാർശ, ലൈസൻസ് (അസ്സൽ) എന്നിവ സമർപ്പിക്കേണ്ടതാണ്. ലൈസൻസ് ബന്ധപ്പെട്ട അധികാരിയെ തിരിച്ചേൽപ്പിക്കുന്ന തീയതിയുടെ അടിസ്ഥാനത്തിൽ പെൻഷൻ കണക്കാക്കുന്നതാണ്. 25 വർഷത്തെ അംഗത്വം പൂർത്തിയാക്കിയശേഷം വിരമിക്കുന്ന അംഗത്തിന് പരമാവധി പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. പ്രത്യേക പെൻഷൻ (ഫോറം നമ്പർ 13) ക്ഷേമനിധി ആക്ടിന്റെ പ്രാരംഭ തീയതിക്ക് മുമ്പ് 65 വയസ് പൂർത്തിയാക്കിയിട്ടുള്ളതും 25 വർഷത്തിൽ കുറയാതെ ആധാരമെഴുത്തുകാരനോ പകർപ്പെഴുത്തുകാരനോ, സ്റ്റാമ്പ് വെണ്ടറോ ആയിരുന്നതുമായ ഒരാളിന് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം അംഗമായി ഒരു വർഷക്കാലം അംശദായം അടച്ചാൽ പ്രത്യേക പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. പ്രത്യേക പെൻഷൻ 1,000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. അംഗത്വ സർട്ടിഫിക്കറ്റ്, അംഗീകൃത സംഘടനയുടെ ജില്ലാ സെക്രട്ടറി, സബ് രജിസ്ട്രാർ, ജില്ലാ രജിസ്ട്രാർ എന്നിവരുടെ ശിപാർശക്കത്ത്, ലൈസൻസ് എന്നിവ ആവശ്യമാണ്. കുടുംബ പെൻഷൻ (ഫോറം നമ്പർ 14)

10 വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ള അംഗം മരിച്ചുപോയാൽ അയാളുടെ ആശ്രിതന് കുടുംബ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്. ആശ്രിതൻ എന്ന നിർവ്വചനത്തിൽ പറഞ്ഞ ക്രമത്തിൽ കുടുംബ പെൻഷനുള്ള മുൻഗണനാക്രമം നിശ്ചയിക്കേണ്ടതും ആശ്രിതരിൽ ഒരാൾക്കുമാത്രമേ ഒരു സമയം കുടുംബ പെൻഷന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ഒരാൾക്ക് അർഹത നഷ്ടപ്പെട്ടാൽ അർഹതയുള്ള അടുത്തയാൾക്ക് പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന അംഗമോ, പ്രത്യേക പെൻഷൻ ലഭിച്ച

കൊണ്ടിരിക്കുന്ന അംഗമോ മരണപ്പെട്ടാൽ അയാളുടെ ആശ്രിതർക്ക് അഥവാ കുടുംബത്തിന് കുടുംബ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല. കുടുംബ പെൻഷൻ 500 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. കുടുംബ പെൻഷനുള്ള അപേക്ഷയോടൊപ്പം അംഗത്തെ സംബന്ധിക്കുന്ന ജനന-മരണ രജിസ്ട്രാർ നൽകുന്ന മരണ സർട്ടിഫിക്കറ്റ്, അപേക്ഷകന് മരണപ്പെട്ട അംഗവുമായുള്ള ബന്ധം സംബന്ധിച്ച റവന്യൂ അധികാരി നൽകുന്ന സർട്ടിഫിക്കറ്റ്, സബ് രജിസ്ട്രാർ, ജില്ലാ രജിസ്ട്രാർ, അംഗീകൃത ജില്ലാ സെക്രട്ടറി എന്നിവരുടെ ശിപാർശ, അംഗത്വ സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.

**ആധാരങ്ങൾ വില കുറച്ച് രജിസ്റ്റർ ചെയ്ത കേസുകൾ**

85(2147) ശ്രീ. അനിൽ അക്കര :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരങ്ങൾ വില കുറച്ച് രജിസ്റ്റർ ചെയ്ത കേസുകൾ ഒറ്റത്തവണ തീർപ്പാക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഏതു കാലഘട്ടത്തിൽ നടന്ന രജിസ്ട്രേഷൻ സംബന്ധിച്ച കേസുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതുവരെ എത്രകേസുകൾ ഇപ്രകാരം തീർപ്പാക്കിയെന്ന് വിശദമാക്കാമോ; ഇതിലൂടെ ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ആധാരങ്ങൾ വിലകുറച്ച് രജിസ്റ്റർ ചെയ്ത കേസുകൾ ഒറ്റത്തവണ തീർപ്പാക്കുന്ന പദ്ധതി 21-7-2016-ലെ ജി.ഒ.(പി)നമ്പർ 74/2016/റ്റിഡി, ജി.ഒ.(പി)നമ്പർ 75/16/റ്റി.ഡി. നമ്പർ ഉത്തരവുകൾ പ്രകാരം നടപ്പിൽ വരുത്തി. ഒരേക്കറിൽ താഴെ വിസ്തീർണ്ണമുള്ള ഭൂമി ഉൾപ്പെട്ടുവരുന്ന കേസുകളും ഫ്ലാറ്റുകളുടെ കേസുകളും നിശ്ചിത സ്ലാബ് നിരക്കിൽ നിജപ്പെടുത്തിയാണ് ഈ പദ്ധതിയിൽ കുടിശ്ശിക ഈടാക്കുന്നത്.

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 1-1-1986 മുതൽ 31-3-2010 വരെയുള്ള കേസുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 24-9-2016 വരെ 1445 കേസുകൾ തീർപ്പാക്കി. ഇതിലൂടെ 29,42,053 രൂപയുടെ വരുമാനം ലഭ്യമായി.

## സ്വന്തമായി ആധാരം എഴുതി രജിസ്റ്റർ ചെയ്യുന്ന വസ്തുക്കൾ

86(2148) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ ഐ.ജി.യുടെ 1-3-2016-ലെ ഐ.റ്റി.3/30120/10 നമ്പറിലുള്ളതും 31-5-2016-ലെ 22-ാം നമ്പർ ഗസറ്റിലൂടെ പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം സ്വന്തമായി ആധാരം എഴുതി രജിസ്റ്റർ ചെയ്യാമെന്ന ഉത്തരവ് വന്നതിനു ശേഷം, ആധാരമെഴുത്ത് മേഖലയിൽ ജോലി ചെയ്യുന്നവരുടെ ആശങ്ക പരിഹരിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സ്വന്തമായി ആധാരം എഴുതി രജിസ്റ്റർ ചെയ്യുന്ന വസ്തുക്കൾ ഈടായി സ്വീകരിച്ച് വായ്പ നൽകുന്നതിന് ബാങ്കുകൾ വിസമ്മതിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇപ്രകാരമുള്ള ആധാരങ്ങളുടെ റവന്യൂ രജിസ്ട്രേഷൻ സംബന്ധമായുള്ള നിയമ സൂക്ഷ്മ പരിശോധന ദുർഘടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഗസറ്റ് വിജ്ഞാപനം പുനഃപരിശോധിക്കുന്നതിനോ റദ്ദാക്കുന്നതിനോ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ) ആധാരമെഴുത്ത് മേഖലയിൽ ജോലി ചെയ്യുന്നവരുടെ തൊഴിലിനെ പ്രതികൂലമായി ബാധിക്കാത്തവിധമാണ് സ്വന്തമായി ആധാരം എഴുതി രജിസ്റ്റർ ചെയ്യാനുള്ള അവകാശം പൊതുജനങ്ങൾക്ക് നൽകിയിട്ടുള്ളത്. നിലവിൽ ആധാരമെഴുത്തുകാർ തന്നെ പൊതുജനങ്ങൾക്കുവേണ്ടി ടോക്കൺ എടുക്കാനും ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാനും വേണ്ടുന്ന സേവനങ്ങൾ ചെയ്തുവരുന്നു. ഈ സേവനങ്ങൾക്കനുസൃതമായ സർവ്വീസ് ചാർജ്ജും ഈടാക്കിക്കൊണ്ടാണ് ഇത്തരം സേവനങ്ങൾ നൽകിവരുന്നത്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണ നടപടികളിൽ ആധാരമെഴുത്തുകാർ സജീവ പങ്കാളിത്തം വഹിക്കുകയും ചെയ്യുന്നു. ആയതിനാൽ ആധാരമെഴുത്ത് ലൈസൻസികൾക്ക് തൊഴിൽ സംബന്ധമായ ആശങ്കകൾ ഉണ്ടാകേണ്ടുന്ന സാഹചര്യമില്ല.

(ബി) സ്വയം തയ്യാറാക്കിയെന്ന കാരണത്താൽ വായ്പ നിഷേധിച്ചിട്ടുള്ളതായ യാതൊരു പരാതിയും നാളിതുവരെ പൊതുജനങ്ങളിൽ നിന്ന് വകുപ്പിന് ലഭിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) തീരുമാനം ഒന്നും പുതിയതായി എടുത്തിട്ടില്ല. ഒരു കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്.

## റെയിൽവേ വികസന പദ്ധതികളുടെ പുരോഗതി

87(2149) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പ്രഖ്യാപിക്കുന്ന പദ്ധതികൾ റെയിൽവേയുടെ താല്പര്യക്കുറവു കൊണ്ട് സമയബന്ധിതമായി നടപ്പാക്കാതെ പോകുന്ന സാഹചര്യം മാറാനായി ഏതു തരത്തിലുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകുമെന്ന് അറിയിക്കാമോ;

(ബി) പദ്ധതികൾ നടപ്പിലാക്കാനായി റെയിൽവേയുമായി സംയുക്ത സംരംഭ കമ്പനി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; അതിൻെറ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാന സർക്കാരും ഇന്ത്യൻ റെയിൽവേയും ചേർന്ന് 51:49 എന്ന അനുപാതത്തിൽ, ഓഹരി പങ്കാളിത്തത്തോടെ രൂപീകരിക്കുന്ന സംയുക്ത സംരംഭത്തിന്റെ മെമ്മോറാണ്ടം ഓഫ് അണ്ടർ സ്റ്റാൻഡിംഗ് 23-12-2015 -ലെ സ.ഉ.(എംഎസ്.)80/2015/ഗതാ., 13-1-2016-ലെ സ.ഉ.(എംഎസ്.)2/2016/ഗതാ എന്നിവയുടെ അടിസ്ഥാനത്തിൽ 27-1-2016-ൽ ഒപ്പുവച്ചു. സ.ഉ.(എംഎസ്.) നമ്പർ 52/2016/ഗതാ. തീയതി 5-8-2016, സ.ഉ.(എംഎസ്.)നമ്പർ 57/2016/ഗതാ. തീയതി 1-9-2016 എന്നീ ഉത്തരവുകൾ പ്രകാരം റെയിൽവേ അടിസ്ഥാനസൗകര്യ വികസനത്തിനുള്ള സംയുക്ത സംരംഭക കരാർ സംസ്ഥാന സർക്കാരും കേന്ദ്ര റെയിൽ മന്ത്രാലയവുമായി 2016 സെപ്റ്റംബർ 1-ന് ഡൽഹിയിൽ വച്ച് ഒപ്പുവച്ചു.

- സംയുക്ത സംരംഭക കമ്പനിയുടെ (ജെ.വി.സി.) ആരംഭ മൂലധനം 100 കോടി രൂപയാണ്. എന്നിരുന്നാലും ഏറ്റെടുക്കുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ ഓഹരിയും ഓഹരി മൂലധനവും റെയിൽ മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും അനുവാദത്തോടെ ഉയർത്താവുന്നതാണ്.

- സംയുക്ത സംരംഭക കമ്പനിക്ക് പ്രോജക്ടുകൾ കണ്ടെത്തു ന്നതിന്റെ അടിസ്ഥാനത്തിൽ സർവ്വേകൾ, വിശദ പഠന റിപ്പോർട്ട് തയ്യാറാക്കൽ, പദ്ധതിക്കാവശ്യമായ അംഗീകാ

രങ്ങൾ എന്നിവ കരസ്ഥമാക്കുന്നതിനോടൊപ്പം അംഗീകൃത പ്രോജക്ടുകൾ നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്. അംഗീകരിക്കപ്പെട്ട പ്രോജക്ടുകൾക്ക് ഭൂമി ഏറ്റെടുക്കൽ സംസ്ഥാന സർക്കാരും പ്രോജക്ട് നടപ്പിലാക്കൽ സോണൽ റെയിൽവേയോ ഏതെങ്കിലും റെയിൽവേ പൊതുമേഖലാ സ്ഥാപനമോ അതുമല്ലെങ്കിൽ സംയുക്ത സംരംഭക കമ്പനി/ പദ്ധതി അധിഷ്ഠിത പ്രത്യേക ദൗത്യ വിഭാഗം (എസ്.പി.വി.) റെയിൽ മന്ത്രാലയവുമായുള്ള ചർച്ചയിലൂടെയോ നടപ്പിലാക്കുന്നതാണ്.

- സംയുക്ത സംരംഭക കമ്പനിക്ക് (ജെ.വി.സി.) ഇതര ഓഹരി ഉടമകളായ ബാങ്കുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തുറമുഖങ്ങൾ മുതലായവയുടെ സഹകരണത്തോടെ പ്രത്യേക ദൗത്യ വിഭാഗം പദ്ധതി നടപ്പിലാക്കുന്നതിനായി രൂപീകരിക്കാവുന്നതാണ്.

- പദ്ധതി അധിഷ്ഠിത പ്രത്യേക ദൗത്യ വിഭാഗം (എസ്.പി.വി.) റെയിൽവേ മന്ത്രാലയവുമായി മുപ്പത് വർഷത്തേയ്ക്ക് കൺസഷൻ എഗ്രിമെന്റ് ഒപ്പിടണം. പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്ന ഭൂമിയുടെ അവകാശം പ്രത്യേക ദൗത്യ വിഭാഗത്തിനാണ്.(എസ്. പി. വി.) വിജയപ്രദമായ പദ്ധതികളുടെ ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള ചെലവും പ്രത്യേക ദൗത്യ വിഭാഗത്തിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. പദ്ധതിയുടെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ഇന്ത്യൻ റെയിൽവേയുടെ ഉത്തരവാദിത്വവും അത് പ്രത്യേക ദൗത്യ വിഭാഗത്തിൽനിന്നും ഈടാക്കുന്നതുമാണ്.

- കൺസഷൻ എഗ്രിമെന്റ് തീരുന്ന 30 വർഷത്തിനു ശേഷമോ പരസ്പരം യോജിച്ചുകൊണ്ട് കൺസഷൻ അവസാനിപ്പിക്കുന്ന സമയത്തോ ആസ്തികൾ റെയിൽവേയ്ക്ക് ഏറ്റെടുക്കാനുള്ള അവകാശമുണ്ട്. റെയിൽവേ, ആസ്തികൾ ഏറ്റെടുക്കാൻ തീരുമാനിക്കുമ്പോൾ ഭൂമിയുടെ വില ഭൂമി ഏറ്റെടുത്ത കാലത്ത് നിലവിലുള്ളതേ പരിഗണിക്കു. എന്നാൽ ഇത് പദ്ധതിയുടെ (പ്രത്യേക ദൗത്യ വിഭാഗത്തിന്റെ)

ബാധ്യതകൾ ഏറ്റെടുക്കുന്നതിന് ബാധകമായിരിക്കില്ല. പ്രസ്തുത കരാർ പ്രകാരം കേരള സർക്കാർ സംയുക്ത സംരംഭ കമ്പനിവഴി ഏറ്റെടുത്തുനടത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ പട്ടിക താഴെ പറയുംപ്രകാരമാണ്:

1. തിരുവനന്തപുരം-ചെങ്ങന്നൂർ സബർബൻ റെയിൽ പദ്ധതി
2. അങ്കമാലി-ശബരി റെയിൽവേ ലൈൻ
3. നിലമ്പൂർ-നഞ്ചങ്കോട് റെയിൽവേ ലൈൻ
4. ഗുരുവായൂർ-തിരുനാവായ ലൈൻ
5. കൊച്ചി-മധുര ലൈൻ
6. സിയാലിലേക്കുള്ള റെയിൽ കണ്ടെയ്നർ ട്രാക്ക്
7. പാലക്കാട് കോച്ച് ഫാക്ടറി
8. തലശ്ശേരി-മൈസൂർ ലൈൻ

**റെയിൽവേ അടിസ്ഥാനസൗകര്യ വികസനം**

88(2150) <u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. റോജി എം. ജോൺ</u> :
<u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റെയിൽവേ അടിസ്ഥാന സൗകര്യ വികസനത്തിന് സംസ്ഥാന സർക്കാരും റെയിൽവേ ബോർഡും തമ്മിൽ ഒപ്പുവച്ച കരാറിന്റെ വിശദാംശം വ്യക്തമാക്കുമോ; ഏതൊക്കെ പദ്ധതികളാണ് ഈ കരാറിൻ പ്രകാരം നടപ്പാക്കുന്നത്;

(ബി) റെയിൽ പദ്ധതികളുടെ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്തിന് ഈ കരാറിന്റെ അടിസ്ഥാനത്തിൽ മേൽക്കൈ കൈവരുമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് റെയിൽവേ ബോർഡുമായി ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ, ഏതൊക്കെ പണികളുടെ നിർമ്മാണ പ്രവൃത്തികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാരും ഇന്ത്യൻ റെയിൽവേയും ചേർന്ന് 51:49 എന്ന അനുപാതത്തിൽ ഓഹരി പങ്കാളിത്തത്തോടെ രൂപീകരിക്കുന്ന സംയുക്ത സംരംഭത്തിന്റെ മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് 23-12-2015-ലെ സ.ഉ.(എംഎസ്.)80/2015/ഗതാ,13-1-2016-ലെ സ.ഉ.(എംഎസ്.)2/2016/ഗതാ എന്നിവയുടെ അടിസ്ഥാനത്തിൽ 27-1-2016-ൽ ഒപ്പുവച്ചു. സ.ഉ.(എംഎസ്.) നമ്പർ 52/2016/ഗതാ. തീയതി 5-8-2016, സ.ഉ.(എം.എസ്.)നമ്പർ 57/2016/ഗതാ. തീയതി 1-9-2016 എന്നീ ഉത്തരവുകൾ പ്രകാരം റെയിൽവേ അടിസ്ഥാനസൗകര്യ വികസനത്തിനുള്ള സംയുക്ത സംരംഭക കരാർ സംസ്ഥാന സർക്കാരും കേന്ദ്ര റെയിൽ മന്ത്രാലയവുമായി 2016 സെപ്റ്റംബർ 1-ന് ഡെൽഹിയിൽ വച്ച് ഒപ്പുവച്ചു.

- സംയുക്ത സംരംഭക കമ്പനിയുടെ (ജെ.വി.സി.) ആരംഭ മൂലധനം 100 കോടി രൂപയാണ്. എന്നിരുന്നാലും ഏറ്റെടുക്കുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ ഓഹരിയും ഓഹരി മൂലധനവും റെയിൽ മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും അനുവാദത്തോടെ ഉയർത്താവുന്നതാണ്.

- സംയുക്ത സംരംഭക കമ്പനിക്ക് പ്രോജക്ടുകൾ കണ്ടെത്തുന്നതിന്റെ അടിസ്ഥാനത്തിൽ സർവ്വേകൾ, വിശദ പഠന റിപ്പോർട്ട് തയ്യാറാക്കൽ, പദ്ധതിക്കാവശ്യമായ അംഗീകാരങ്ങൾ എന്നിവ കരസ്ഥമാക്കുന്നതിനോടൊപ്പം അംഗീകൃത പ്രോജക്ടുകൾ നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്. അംഗീകരിക്കപ്പെട്ട പ്രോജക്ടുകൾക്ക് ഭൂമി ഏറ്റെടുക്കൽ സംസ്ഥാന സർക്കാരും പ്രോജക്ട് നടപ്പിലാക്കൽ സോണൽ റെയിൽവേയോ ഏതെങ്കിലും റെയിൽവേ പൊതുമേഖലാസ്ഥാപനമോ അതുമല്ലായെങ്കിൽ സംയുക്ത സംരംഭക കമ്പനി (ജെ.വി.സി.)/പദ്ധതി അധിഷ്ഠിത പ്രത്യേക ദൗത്യ വിഭാഗം (എസ്.പി.വി.) റെയിൽ മന്ത്രാലയവുമായുള്ള ചർച്ചയിലൂടെയോ നടപ്പിലാക്കുന്നതാണ്.

- സംയുക്ത സംരംഭക കമ്പനിക്ക് (ജെ.വി.സി.)ഇതര ഓഹരി ഉടമകളായ ബാങ്കുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തുറമുഖങ്ങൾ മുതലായവയുടെ സഹകരണത്തോടെ പ്രത്യേക ദൗത്യ വിഭാഗം പദ്ധതി നടപ്പിലാക്കുവാനായി രൂപീകരിക്കാവുന്നതാണ്.

- പദ്ധതി അധിഷ്ഠിത പ്രത്യേക ദൗത്യ വിഭാഗം (എസ്.പി.വി.) റെയിൽവേ മന്ത്രാലയവുമായി മുപ്പത് വർഷത്തേക്ക് കൺസിഷൻ എഗ്രിമെന്റ് ഒപ്പിടണം. പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്ന ഭൂമിയുടെ അവകാശം പ്രത്യേക ദൗത്യ വിഭാഗത്തിനാണ്(എസ്.പി.വി.). വിജയപ്രദമായ പദ്ധതികളുടെ ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള ചെലവും പ്രത്യേക ദൗത്യ വിഭാഗത്തിൽനിന്നും ലഭ്യമാക്കേണ്ടതുണ്ട്. പദ്ധതിയുടെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ഇന്ത്യൻ റെയിൽവേയുടെ ഉത്തരവാദിത്വവും അത് പ്രത്യേക ദൗത്യ വിഭാഗത്തിൽ നിന്നും ഈടാക്കുന്നതുമാണ്.

- കൺസഷൻ എഗ്രിമെന്റ് തീരുന്ന 30 വർഷത്തിനുശേഷമോ പരസ്പരം യോജിച്ചുകൊണ്ട് കൺസഷൻ അവസാനിപ്പിക്കുന്ന സമയത്തോ ആസ്തികൾ റെയിൽവേയ്ക്ക് ഏറ്റെടുക്കാനുള്ള അവകാശമുണ്ട്. റെയിൽവേ, ആസ്തികൾ ഏറ്റെടുക്കാൻ തീരുമാനിക്കുമ്പോൾ ഭൂമിയുടെ വില ഭൂമി ഏറ്റെടുത്ത കാലത്ത് നിലവിലുള്ളതേ പരിഗണിക്കൂ. എന്നാൽ ഇത് പദ്ധതിയുടെ (പ്രത്യേക ദൗത്യ വിഭാഗത്തിന്റെ) ബാധ്യതകൾ ഏറ്റെടുക്കുന്നതിന് ബാധകമായിരിക്കില്ല.

പ്രസ്തുത കരാർ പ്രകാരം കേരള സർക്കാർ സംയുക്ത സംരംഭ കമ്പനിവഴി ഏറ്റെടുത്തുനടത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ പട്ടിക താഴെ പറയുംപ്രകാരമാണ്:

1. തിരുവനന്തപുരം-ചെങ്ങന്നൂർ സബർബൻ റെയിൽ പദ്ധതി
2. അങ്കമാലി-ശബരി റെയിൽവേ ലൈൻ
3. നിലമ്പൂർ-നഞ്ചങ്കോട് റെയിൽവേ ലൈൻ
4. ഗുരുവായൂർ-തിരുനാവായ ലൈൻ
5. കൊച്ചി-മധുര ലൈൻ
6. സിയാലിലേക്കുള്ള റെയിൽ കണ്ടെയ്നർ ട്രാക്ക്
7. പാലക്കാട് കോച്ച് ഫാക്ടറി
8. തലശ്ശേരി-മൈസൂർ ലൈൻ

(ബി) സംയുക്ത സംരംഭക കമ്പനി വഴി ഏറ്റെടുക്കുന്ന പദ്ധതികൾക്ക് ഈ കരാർ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് മേൽക്കൈ കൈവരും.

(സി) സംസ്ഥാന സർക്കാരും ഇന്ത്യൻ റെയിൽവേയും ചേർന്ന് 51:49 എന്ന അനുപാതത്തിൽ ഓഹരി പങ്കാളിത്തത്തോടെ രൂപീകരിക്കുന്ന സംയുക്ത സംരംഭത്തിന്റെ മെമ്മോറാണ്ടം ഓഫ് അണ്ടർ സ്റ്റാൻഡിംഗ് 23-12-2015-ലെ സ.ഉ.(എംഎസ്.)80/2015/ഗതാ, 13-1-2016-ലെ സ.ഉ.(എംഎസ്.)2/2016/ഗതാ എന്നിവയുടെ അടിസ്ഥാനത്തിൽ 27-1-2016-ൽ ഒപ്പുവച്ചു. സ.ഉ.(എംഎസ്.) നമ്പർ 52/2016/ഗതാ. തീയതി 5-8-2016, സ.ഉ.(എംഎസ്.)നമ്പർ 57/2016/ഗതാ. തീയതി 1-9-2016 എന്നീ ഉത്തരവുകൾ പ്രകാരം റെയിൽവേ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സംയുക്ത സംരംഭക കരാർ സംസ്ഥാന സർക്കാരും കേന്ദ്ര റെയിൽ മന്ത്രാലയവുമായി 2016 സെപ്റ്റംബർ 1-ന് ഡെൽഹിയിൽ വച്ച് ഒപ്പുവച്ചു. 28-9-2016-ലെ ജി.ഒ.(എംഎസ്.) 60/20165/ഗതാ ഉത്തരവ് പ്രകാരം കമ്പനിക്ക് സെക്രട്ടറിയെ നിയമിച്ചിട്ടുണ്ട്. കമ്പനി പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതാണ്.

## ട്രെയിൻ യാത്രക്കാരുടെ സുരക്ഷ

89(2151) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രെയിനുകൾ പാളം തെറ്റി അപകടങ്ങൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 1-7-2011 മുതൽ 24-9-2016 വരെയുള്ള കാലത്ത് ഇത്തരത്തിലുള്ള എത്ര അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു; അതിന്റെ കാരണം കണ്ടെത്തുകയുണ്ടായോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സാഹചര്യത്തിൽ കേരളത്തിലെ ട്രെയിൻ യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദീകരിക്കാമോ?

### ഉത്തരം

(എ) ഉണ്ട്. 1-7-2011 മുതൽ 4-9-2016 വരെയുള്ള കാലയളവിൽ 9 അപകടങ്ങൾ തിരുവനന്തപുരം ഡിവിഷനിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | അപകടം/കാരണം | മരണപ്പെട്ടവർ | പരിക്കേറ്റവർ |
|---|---|---|---|
| (1) | (2) | (3) | (4) |
| 19-9-2016 | ശാസ്താംകോട്ടയിലെ വാഗൺ അപകടം - പാളം തെറ്റൽ | ഇല്ല | ഇല്ല |
| 28-8-2016 | അങ്കമാലി-കറുകുറ്റിയിലെ പാളം തെറ്റൽ - പാളത്തിലെ വിള്ളലാണ് കാരണം | ഇല്ല | ഇല്ല |

| (1) | (2) | (3) | (4) |
|---|---|---|---|
| 20-5-2016 | കന്യാകുമാരിയിൽ നിന്നുംവന്ന ട്രെയിനിന്റെ പാളം തെറ്റൽ - പ്രകൃതി ദുരന്തമാണ് കാരണം | ഇല്ല | ഇല്ല |
| 17-5-2014 | നാഗർകോവിൽ-ബാംഗ്ലൂർ എക്സ്പ്രസ് ആളില്ലാ ലെവൽ ക്രോസിൽ വച്ചുണ്ടായ അപകടം - റോഡ് യാത്രക്കാരുടെ അശ്രദ്ധയാണ് കാരണം | 3 | 2 |
| 2-2-2013 | ഏറ്റുമാനൂർ-കുറുപ്പൻതറയിലെ ആളില്ലാ ലെവൽ ക്രോസിൽ വച്ച് ട്രെയിൻ കാറിൽ ഇടിച്ചുണ്ടായ അപകടം - റോഡ് യാത്രക്കാരുടെ അശ്രദ്ധയാണ് കാരണം | ഇല്ല | 1 |
| 12-12-2012 | അമൃത എക്സ്പ്രസ് പാളം തെറ്റൽ - കോച്ചിന്റെ ബാറ്ററി ബോക്സ് തകർന്നതാണ് കാരണം | ഇല്ല | ഇല്ല |
| 23-9-2012 | കുമ്പളം-ഉറവൂരിലെ ആളില്ലാ ലെവൽ ക്രോസിൽ ട്രെയിൻ കാറിൽ ഇടിച്ചുണ്ടായ അപകടം - റോഡ് യാത്രക്കാരുടെ അശ്രദ്ധയാണ് കാരണം | 5 | ഇല്ല |
| 3-1-2012 | ഹരിപ്പാട്-അമ്പലപ്പുഴ ലെവൽ ക്രോസിൽ പാസഞ്ചർ ട്രെയിൻ കാറുമായി ഇടിച്ചുണ്ടായ അപകടം - റോഡ് യാത്രക്കാരുടെ അശ്രദ്ധയാണ് കാരണം | ഇല്ല | 1 |
| 6-8-2011 | കരുനാഗപ്പള്ളി-ഓച്ചിറ ലെവൽ ക്രോസിൽ ട്രെയിൻ മിനിലോറിയുമായി കൂട്ടിയിടിച്ചുണ്ടായ അപകടം - റോഡ് യാത്രക്കാരുടെ അശ്രദ്ധയ്ക്ക് കാരണം | 5 | 1 |

(ബി) റെയിൽവേ ഓഫീസർമാരും സൂപ്പർവൈസർമാരും കൃത്യമായി പരിശോധനകൾ നടത്തിവരുന്നു. വാഹനങ്ങൾ സുരക്ഷാനിയമങ്ങൾ പാലിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കാൻ ഗതാഗത അധികാരികളുമായി ചേർന്ന് വാഹന പരിശോധന

നടത്തിവരുന്നു. ലെവൽ ക്രോസുകളുടെ അടുത്തുള്ള സ്കൂൾ കുട്ടികളെ സുരക്ഷാ നിയമങ്ങളെപ്പറ്റി ബോധവൽക്കരിക്കാൻ സെമിനാറുകൾ നടത്തുന്നു. ലെവൽ ക്രോസുകളുടെ അടുത്ത് എല്ലാ വർഷവും സുരക്ഷാ പ്രചാരണങ്ങൾ നടത്തിവരുന്നു. ഇതിൽ പോസ്റ്ററുകൾ, ഷോർട്ട് ഫിലിമുകൾ എന്നിവ ഉൾപ്പെടുന്നു. ഷോർട്ട് ഫിലിമുകൾ ടിവി ചാനൽ മുഖേനയും റെയിൽവേ സ്റ്റേഷനുകളിലെ സി.സി.റ്റി.വി. മുഖേനയും കാണിക്കുന്നു. 2012-ൽ വൺമോർ മെസേജ് എന്ന പേരിൽ ഒരു സ്കിറ്റ് കേരളത്തിലെ 15 സ്ഥലങ്ങളിൽ റെയിൽവേ അവതരിപ്പിച്ചു. സുരക്ഷാ ബോധവല്ക്കരണത്തിനായി തിരുവനന്തപുരം ഡിവിഷനിൽ സൈക്കിൾ യാത്ര സംഘടിപ്പിച്ചു. പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി സേഫ്റ്റി ഫോർ റെയിൽ യൂസേഴ്സ് എന്ന പേരിൽ ഒരു വീഡിയോ തിരുവനന്തപുരം ഡിവിഷനിൽ നിർമ്മിച്ചിട്ടുണ്ട്. 91 ആളില്ലാ ലെവൽ ക്രോസുകളിൽ ഗാർഡുകളെ നിയമിച്ചു. കേരളത്തിലെ എല്ലാ ലെവൽ ക്രോസുകളിലും ആളുകളെ നിയമിച്ചിട്ടുണ്ട്.

**തസ്തിക നിർണ്ണയംവഴി ജോലി നഷ്ടപ്പെട്ട അദ്ധ്യാപകരെ നിലനിർത്തുന്നതിന് നടപടി**

90(2153) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16-ലെ തസ്തികനിർണ്ണയം വഴി നഷ്ടപ്പെട്ടതും എന്നാൽ 2016-17-ലെ തസ്തിക നിർണയം വഴി നിലനിർത്താവുന്നതുമായ തസ്തികകളിൽ ജോലി ചെയ്യുന്ന അധ്യാപകരെ മറ്റു സ്കൂളുകളിലേക്ക് മാറ്റുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്ന അധ്യാപകരെ അതത് സ്കൂളുകളിൽ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനു കഴിയുന്നില്ല എങ്കിൽ ഈ സ്കൂളുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. തസ്തിക നഷ്ടമായ സംരക്ഷിത അദ്ധ്യാപകർക്ക് 2016-17 വർഷം അവരുടെ മാതൃവിദ്യാലയത്തിൽ തസ്തിക ഉണ്ടാകുന്നുവെങ്കിൽ ഇതിനകം പുനർ വിന്യസിക്കപ്പെട്ടവരെ തിരികെ വിളിച്ച് മാതൃവിദ്യാലയത്തിൽ നിലനിർത്താനും പുനർവിന്യസിക്കാത്തവരെ അപ്രകാരം തന്നെ നിലനിർത്താനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) തസ്തിക നഷ്ടമായ സംരക്ഷിതാദ്ധ്യാപകർക്ക് 2016-17 വർഷം അവരുടെ മാതൃവിദ്യാലയത്തിൽ തസ്തിക ലഭ്യമാകുന്നപക്ഷം പ്രസ്തുത അദ്ധ്യാപകരെ അതത് സ്കൂളുകളിൽ നിലനിർത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ബാധകമല്ല.

## എ.പി.എൽ.-ബി.പി.എൽ. വ്യത്യാസമില്ലാതെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സൗജന്യ യൂണിഫോം

91(2154) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.എൽ.-ബി.പി.എൽ. വ്യത്യാസമില്ലാതെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് യൂണിഫോം വിതരണം യഥാസമയം നടത്താതെ പോയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. [സ.ഉ.(കൈ) 160/16/പൊ.വി.വ. തീയതി 22-9-2016 പ്രകാരം]

(ബി) ഉണ്ട്. എസ്.എസ്.എ. പദ്ധതിപ്രകാരം സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന എ.പി.എൽ. വിഭാഗത്തിൽ ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും 2 ജോഡി സൗജന്യ യൂണിഫോം വിതരണം നടത്തുന്നുണ്ട്. പ്രസ്തുത പദ്ധതി എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് കൂടി അനുവദിച്ചുകൊണ്ട് 24-5-2013-ന് സ.ഉ.(എംഎസ്.) 177/2013/പൊ.വി.വ. പ്രകാരം ഉത്തരവ് നൽകിയിരുന്നു. ടി വർഷത്തിൽ പദ്ധതി യഥാസമയം നടത്താൻ കഴിയാതെ വന്നിട്ടുണ്ട്.

## കെ-ടെറ്റ് യോഗ്യത

92(2155) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ടെറ്റ് യോഗ്യത നേടുന്നതിന് പ്രൈമറി അധ്യാപകർക്ക് 2018 വരെ അനുവദിച്ച സമയം 2015 - 16 വരെ നിയമനം അംഗീകാരം ലഭിച്ചവർക്കായി പരിമിതപ്പെടുത്തിയതുമൂലം 2015-16 വർഷത്തിനു മുൻപ് തന്നെ അധിക തസ്തികയിൽ നിയമനം ലഭിച്ച് രണ്ടും അതിലധികവും വർഷം ജോലി ചെയ്തിട്ടും സാങ്കേതിക കാരണങ്ങളാൽ അംഗീകാരം ലഭിക്കാതെ പോയവർക്ക് ജോലി നഷ്ടപ്പെടും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തസ്തിക നിർണ്ണയം നിരസിക്കപ്പെട്ടതിനാൽ നിശ്ചിത സമയത്ത് അംഗീകാരം ലഭിക്കാതിരിക്കുകയും രണ്ടിലധികം വർഷം ജോലി ചെയ്യുകയും ചെയ്തവർക്കും കൂടി കെ. ടെറ്റ്. എഴുതുന്നതിനുള്ള അവസരം സൃഷ്ടിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഏർപ്പെടുത്തിയ യോഗ്യത നേടുന്നതിൽനിന്ന് ഇളവ് നൽകുന്നതിനുള്ള സമയപരിധി അനന്തമായി ദീർഘിപ്പിക്കുന്നതിന് സാങ്കേതികമായി പ്രയാസങ്ങളുണ്ട്. തസ്തികനിർണ്ണയം നടക്കാത്തതുമൂലം നിയമനാംഗീകാരം ലഭിക്കാതിരിക്കുന്നവർക്ക് കെ-ടെറ്റ് യോഗ്യത നേടുന്നതിനുള്ള സമയപരിധി അവസാനിച്ചിട്ടില്ല.

**ഡി.പി.ഐ. ഓഫീസ്**

93(2156) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ ഓഫീസിൽ ക്ലാർക്കുമാർ സ്ഥലം മാറി പോകുമ്പോൾ ചുമതല കൈമാറാൻ ഉത്തരവ് നൽകാതിരിക്കുന്നതും അതനുസരിച്ച് ചുമതല കൈമാറാതെ തന്നെ വിടുതൽ ചെയ്യുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ഓഫീസിന്റെ സുഗമമായ പ്രവർത്തനം തടസ്സപ്പെടുന്നത് ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ക്ലാർക്കുമാർ സ്ഥലം മാറിപ്പോകുമ്പോൾ ചുമതല കൈമാറാനുള്ള ഉത്തരവ് നൽകാറുണ്ട്. ചുമതല കൈമാറാതെ വിടുതൽ ചെയ്യുന്നത് ശ്രദ്ധയിൽ പെട്ടിട്ടില്ല.

**സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകൾ**

94(2157) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ എൻ.ഒ.സി. ലഭിച്ച് ആരംഭിച്ചിട്ടുള്ള സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. സ്കൂളുകളിൽ കുട്ടികളിൽ നിന്നും അമിത ഫീസ് ഈടാക്കുന്നു എന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അമിത ഫീസ് ഈടാക്കുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്കൂളുകളിലെ ഫീസ് നിരക്ക് ഏകീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളിലെ ഫീസ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരാണ്. സംസ്ഥാന സർക്കാരിന് പരിമിതമായ നിയന്ത്രണം മാത്രമാണുള്ളത്.

(സി) പരിശോധിക്കുന്നതാണ്.

**കലാ-കായിക അദ്ധ്യാപകരുടെ ഒഴിവുകൾ**

95(2158) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളിൽ കലാ-കായിക അദ്ധ്യാപകരുടെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കെ.ഇ.ആർ. പ്രകാരം സർക്കാർ സ്കൂളുകളിൽ അനുവദിക്കുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകളിൽ ഒഴിവുവരുന്നമുറയ്ക്കുതന്നെ പി.എസ്.സി. വഴി അവ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. എയ്ഡഡ് സ്കൂളുകളിൽ അനുവദിച്ചിട്ടുള്ള തസ്തികകളിൽ ഒഴിവ് വരുമ്പോൾ മാനേജർമാർ നിയമനം നടത്തുന്നുണ്ട്. അംഗീകൃത സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ ഇപ്രകാരം യഥാസമയംതന്നെ നികത്തുന്നുണ്ട്. പി.എസ്.സി. വഴിയുള്ള നിയമനത്തിന് കാലതാമസം ഉണ്ടായാൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി പ്രസ്തുത ഒഴിവ് നികത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമം 2009-ൽ 6 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ ആകെ നൂറിൽക്കൂടുതൽ വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ കലാ-കായിക, പ്രവൃത്തിപരിചയ വിഷയങ്ങളിൽ പാർട്ട്ടൈം ഇൻസ്ട്രക്ടർമാരെ നിയമിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ അർഹമായ യു. പി. സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കലാ-കായിക, ആരോഗ്യ വിഷയങ്ങളിൽ കൂടുതൽ കഴിവും അവബോധവും വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ 838 വിദ്യാലയങ്ങളിൽ കലാ-കായിക ഹെൽത്ത് എഡ്യൂക്കേഷൻ എന്നീ വിഷയങ്ങളിലുള്ള അദ്ധ്യാപകരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ 2016-17 വാർഷിക പദ്ധതിയിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ

സ്പെഷ്യലിസ്റ്റ് അദ്ധ്യാപരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സർവ്വ ശിക്ഷാ അഭിയാൻ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറെ ചുമതല പ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിലേയ്ക്കായി സർക്കാർ അംഗീകാരത്തിനുള്ള നിർദ്ദേശം എസ്.എസ്.എ. പ്രോജക്ട് ഡയറക്ടർ തയ്യാറാക്കിയിട്ടുണ്ട്.

### എസ്.എസ്.എ. പദ്ധതി

96(2159) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ യു.പി. സ്കൂളുകളിൽ കലാ, കായിക, കൈത്തൊഴിൽ അദ്ധ്യാപകരെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) കേന്ദ്ര സർക്കാരിൽനിന്നും ഇതിനായി എത്ര തുക ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. എസ്.എസ്.എ. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 100-ൽ കൂടുതൽ വിദ്യാർത്ഥികളുള്ള 838 യു.പി. സ്കൂളുകളിൽ കലാ, കായിക, ഹെൽത്ത് എഡ്യൂക്കേഷൻ എന്നീ വിഷയങ്ങളിലുള്ള അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ 2016-17 വാർഷിക പദ്ധതിയിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇത്തരം അദ്ധ്യാപകരെ നിയമനം നടത്തുന്നതിനായി കൃത്യമായ നിർദ്ദേശം സർക്കാരിൽനിന്നും എസ്.എസ്.എ.-യ്ക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ നിയമനം സംബന്ധിച്ച് അടിയന്തര തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേന്ദ്ര സർക്കാരിൽനിന്നും ഇതിനായി 8,799 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

### ബധിര മൂക വിദ്യാർത്ഥികളുടെ തുടർ പഠനം

97(2160) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബധിരരും മൂകരുമായ വിദ്യാർത്ഥികൾക്ക് പ്ലസ് ടു പഠനത്തിനുശേഷം തുടർ വിദ്യാഭ്യാസത്തിനായി സർക്കാർ തലത്തിൽ സംവിധാനങ്ങൾ ഇല്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ തലത്തിൽ സംവിധാനങ്ങൾ ഇല്ലാത്തതുമൂലം സ്വകാര്യ മേഖലയിൽ തുടർ വിദ്യാഭ്യാസം നടത്തുന്ന ടി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ-ചികിത്സാ ആനുകൂല്യങ്ങൾ ലഭിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള വനിതാ പോളിടെക്നിക്ക് കോളേജ്, കൈമനം, തിരുവനന്തപുരം, സർക്കാർ പോളിടെക്നിക്ക് കോളേജ്, കളമശ്ശേരി, കേരള ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, കോഴിക്കോട് തുടങ്ങിയ പോളിടെക്നിക്ക് കോളേജുകളിൽ ബധിര മൂക വിദ്യാർത്ഥികൾക്ക് ഡിപ്ലോമ പഠനത്തിനായി സ്പെഷ്യൽ ബാച്ചുകൾ നിലവിലുണ്ട്. കൂടാതെ എഞ്ചിനീയറിംഗ് ഡിഗ്രിതലത്തിൽ ശാരീരിക വൈകല്യമുള്ള വിദ്യാർത്ഥികൾക്കായി 3% സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പി.എച്ച്. വിദ്യാർത്ഥികൾക്ക് അഡ്മിഷന് സംവരണം ഉണ്ട്.

(ബി&സി) ബാധകമല്ല.

**പ്രീ-പ്രൈമറിക്ക് ഏകീകരിച്ച കരിക്കുലവും സിലബസും**

98(2161) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-പ്രൈമറിയ്ക്ക് എകീകരിച്ച കരിക്കുലവും സിലബസും തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രീ-പ്രൈമറി സ്കൂളുകളിലെ നിലവിലെ പാഠ്യ പദ്ധതിയെക്കുറിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(സി) സർക്കാർ നേരിട്ട് ഓണറേറിയം നൽകുന്ന പ്രീ പ്രൈമറി അധ്യാപികമാർക്ക് ശമ്പള സ്കെയിൽ നൽകുവാൻ നടപടി സ്വീകരിക്കുമോ; നിയമനാംഗീകാരം ലഭിക്കാത്തവർക്ക് ആയതു ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രീ-പ്രൈമറിക്ക് എകീകരിച്ച കരിക്കുലവും സിലബസും തയ്യാറാക്കിയിട്ടുണ്ട്. 11-8-2014-ലെ സ.ഉ. (എംഎസ്.)158/2014/പൊ.വി.വ. പ്രകാരം അതിന് സർക്കാർ അംഗീകാരവും നൽകിയിട്ടുണ്ട്.

(ബി) പ്രീ-പ്രൈമറി സ്കൂകൾക്ക് എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ പാഠ്യപദ്ധതിയിൽ ചുവടെ ചേർക്കുന്നവ ഉൾക്കൊള്ളിച്ചിട്ടുണ്ട്:

1. ശൈശവകാല പരിരക്ഷയും വിദ്യാഭ്യാസവും
2. ശിശുവികാസം
3. ശൈശവകാല പരിരക്ഷ
4. ശിശു വിദ്യാഭ്യാസം
5. ശിശുവികാസവും കളിപ്രവർത്തനങ്ങളും
6. പ്രീ-സ്കൂൾ അന്തരീക്ഷം
7. അദ്ധ്യാപക പരിശീലനം
8. വിലയിരുത്തൽ
9. പ്രീ-സ്കൂൾ വ്യവസ്ഥാപനം
10. രക്ഷാകർത്തൃ ബോധവത്കരണം

(സി) പി.എസ്.സി. വഴിയും മറ്റ് വ്യവസ്ഥാപിത രീതിയിലൂടെയും നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് മാത്രമാണ് ശമ്പള സ്കെയിലിന് അർഹത. പി.റ്റി.എ. നിയമിച്ച ജീവനക്കാർക്ക് നിയമനാംഗീകാരം നൽകുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**അൺ-എയ്ഡഡ് സ്കൂളുകൾ**

99(2162) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെങ്കിലും അൺ-എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അംഗീകാരത്തിനായി സമർപ്പിച്ച എത്ര അപേക്ഷകൾ തീർപ്പാക്കുന്നതിനായി നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 197.

## എൻ.എ.സി.സി. അംഗീകാരം നൽകുന്നത് സംബന്ധിച്ച്

100(2163) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൻ.എ.സി.സി. (NACC) അംഗീകാരം ലഭിച്ച സർക്കാർ/എയിഡഡ് കോളേജുകളുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) എൻ.എ.സി.സി. അംഗീകാരം ലഭിച്ച ഇത്തരം കോളേജുകൾക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകി വരുന്നത്;

(സി) ഇതുവരെ അപേക്ഷ നൽകിയിട്ടും എൻ.എ.സി.സി. അംഗീകാരം ലഭിക്കാത്ത കോളേജുകൾക്ക് അംഗീകാരം ലഭിക്കുവാൻ എന്തെല്ലാം സഹായ സൗകര്യങ്ങൾ സർക്കാർ നൽകുന്നുണ്ട്;

(ഡി) എൻ.എ.സി.സി. അംഗീകാരം നിലവിലുള്ള സംസ്ഥാനത്തെ മുഴുവൻ കോളേജുകളുടെയും അവിടെ നടത്തിവരുന്ന കോഴ്സുകളുടെയും വിവരങ്ങൾ അടങ്ങുന്ന ഡയറക്ടറി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ നാക് (NACC) അംഗീകാരം ലഭിച്ച കോളേജുകളുടെ പട്ടിക അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു.*

(ബി) നാക് അംഗീകാരം ലഭിച്ച സർക്കാർ കോളേജുകൾക്ക് റൂസ്സ, സ്റ്റേറ്റ് പ്ലാൻ ഫണ്ട് എന്നിവവഴി സാമ്പത്തികസഹായം നൽകിവരുന്നു.

(സി) നാക് അംഗീകാരം ലഭിക്കാത്ത സർക്കാർ കോളേജുകൾക്ക് അംഗീകാരം ലഭിക്കുവാനുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്ലാൻ ഫണ്ട് അനുവദിക്കാനുണ്ട്.

(ഡി) പരിശോധിച്ചുവരുന്നു.

## എൽ.പി.എസ്.എ., യു.പി.എസ്.എ. തസ്തിക

101(2164) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ, എൽ.പി.എസ്.എ., യു.പി.എസ്.എ. തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയവ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് പ്രസ്തുത തസ്തികകളിലെ എത്ര ഒഴിവുകൾ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) നിലവിലുണ്ട്. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) എൽ.പി.എസ്.എ.-യുടെ 1640 ഒഴിവുകളും യു.പി.എസ്.എ.-യുടെ 726 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഗ്രേസ് മാർക്കുകൾ**

102(2166) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് എൻ.എസ്.എസ്.,എൻ.സി. സി., കരിയർ ഗൈഡൻസ്, സ്കൗട്ട് & ഗൈഡ്സ് തുടങ്ങിയവയ്ക്ക് നൽകി വരുന്ന ഗ്രേസ് മാർക്കുകൾ പിൻവലിക്കാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് എൻ.എസ്.എസ്., എൻ.സി.സി., കരിയർ ഗൈഡൻസ് സ്കൗട്ട് & ഗൈഡ്സ് തുടങ്ങിയവയ്ക്ക് നൽകിവരുന്ന ഗ്രേസ് മാർക്കുകൾ പിൻവലിക്കാൻ സർക്കാർ തീരുമാനം എടുത്തിട്ടില്ല.

**ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി തലങ്ങളിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ സംയോജനം**

103(2167) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി തലത്തിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ ;

(ബി) വി.എച്ച്.എസ്.ഇ. യിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(സി) ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.ഇ. തലങ്ങളിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ സംയോജനം സാധ്യമാണോ;

(ഡി) ഈ സംയോജനത്തിന് എന്തെല്ലാം തടസ്സങ്ങളാണുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഇ) ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.ഇ. സംയോജനം സമയബന്ധിതമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

| | | | | |
|---|---|---|---|---|
| (എ) | 1. | ജോയിന്റ് ഡയറക്ടർ | - | 2 |
| | 2. | സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | - | 1 |
| | 3. | സീനിയർ ഫിനാൻസ് ഓഫീസർ | - | 1 |
| | 4. | ഡെപ്യൂട്ടി ഡയറക്ടർ | - | 10 |
| | 5. | അസിസ്റ്റന്റ് ഡയറക്ടർ | - | 4 |
| | 6. | അഡ്മിസ്ട്രേറ്റീവ് അസിസ്റ്റന്റ് | - | 4 |
| | 7. | സ്റ്റേറ്റ് കോർഡിനേറ്റർ (കരിയർ ഗൈഡൻസ്) | - | 1 |
| | 8. | സ്റ്റേറ്റ് കോർഡിനേറ്റർ (എൻ.എസ്.എസ്.) | - | 1 |
| | 9. | അക്കൗണ്ട്സ് ഓഫീസർ | - | 9 |
| | 10. | സീനിയർ സൂപ്രണ്ട് | - | 3 |
| | 11. | ജൂനിയർ സൂപ്രണ്ട് | - | 23 |
| | 12. | PA to DHSE | - | 1 |
| | 13. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് | - | 4 |
| | 14. | ടൈപ്പിസ്റ്റ് | - | 24 |
| | 15. | ക്ലാർക്ക് | - | 160 |
| | 16. | റോണിയോ ഓപ്പറേറ്റർ | - | 1 |
| | 17. | ഓഫീസ് അറ്റൻഡന്റ്/ഫുൾടൈം | - | 17 |
| | 18. | ഡ്രൈവർ | - | 2 |
| | 19. | ബൈൻഡർ | - | 1 |
| | 20. | നൈറ്റ് വാച്ച്മാൻ | - | 1 |
| | 21. | പാർട്ട് ടൈം സ്വീപ്പർ | - | 2 |
| | 22. | റിക്കോർഡ് കീപ്പർ | - | 1 |
| (ബി) | 1. | ക്ലാർക്ക് | - | 298 |
| | 2. | ഹെഡ് ക്ലാർക്ക് | - | 6 |
| | 3. | ജൂനിയർ സൂപ്രണ്ട് | - | 5 |

| | | | |
|---|---|---|---|
| 4. | സീനിയർ സൂപ്രണ്ട് | - | 2 |
| 5. | അക്കൗണ്ട്സ് ഓഫീസർ | - | 2 |
| 6. | ടൈപ്പിസ്റ്റ് | - | 14 |
| 7. | ഫെയർ കോപ്പി സൂപ്രണ്ട് | - | 1 |
| 8. | ഡ്രൈവർ | - | 6 |
| 9. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | - | 1 |
| 10. | റോണിയോ ഓപ്പറേറ്റർ | - | 1 |
| 11. | കംപ്യൂട്ടർ ഓപ്പറേറ്റർ | - | 1 |
| 12. | ഓഫീസ് അറ്റൻഡന്റ് / നൈറ്റ് വാച്ച്മാൻ | - | 133 |

(സി-ഇ) ഇപ്പോൾ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

**തലവടി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾകെട്ടിട നിർമ്മാണം**

104(2168) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട് നിയോജകമണ്ഡലത്തിലെ തലവടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് തലവടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലും കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**കായികാദ്ധ്യാപകരുടെ നിയമനം**

105(2169) ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കായിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിടുന്ന നിലവിലെ സാഹചര്യത്തിൽ സംസ്ഥാനത്തെ ചില സർക്കാർ സ്കൂളുകളിൽ കായിക അദ്ധ്യാപകർ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ എത്ര സർക്കാർ സ്കൂളുകളിലാണ് കായികാദ്ധ്യാപകർ ഇല്ലാത്തത് എന്ന വിവരം ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) കായിക അദ്ധ്യാപകരില്ലാത്ത സ്കൂളുകളിൽ കായിക അധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 293 സ്കൂളുകളിൽ കായികാദ്ധ്യാപകരില്ല. കെ.ഇ.ആർ. മാനദണ്ഡങ്ങൾ പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും കലാ, കായിക പ്രവൃത്തി പരിചയ അദ്ധ്യാപകരുടെ തസ്തികകൾ സൃഷ്ടിക്കാൻ കഴിയില്ല. അഞ്ഞൂറോ അതിൽ കൂടുതലോ കുട്ടികൾ പഠിക്കുന്ന യു.പി.സ്കൂളുകളിൽ/യു.പി. വിഭാഗത്തിൽ, ഏതെങ്കിലും ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികയും ഹൈസ്കൂൾ വിഭാഗത്തിൽ കലാ, കായിക പ്രവൃത്തിപരിചയ വിഷയങ്ങൾക്ക് ആഴ്ചയിൽ 5 പീരീഡുകൾ എങ്കിലും ലഭ്യമാണെങ്കിൽ പ്രസ്തുത വിഷയങ്ങളിൽ അദ്ധ്യാപക തസ്തികകളും അനുവദിക്കുന്നുണ്ട്. ഇപ്രകാരം റഗുലർ തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ കുട്ടികളുടെ അഭാവം മൂലമാണ് ഭൂരിഭാഗം സർക്കാർ സ്കൂളുകളിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകൾ അനുവദിക്കാൻ കഴിയാത്തത്.

(സി) കായികാദ്ധ്യാപകരില്ലാത്ത 100-ൽ കൂടുതൽ വിദ്യാർത്ഥികളുള്ള യു.പി. സ്കൂളുകളിൽ കായിക അധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## എച്ച്.എസ്.എസ്.ടി. (സുവോളജി) ജൂനിയർ നിയമനം

106(2171) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ഫെബ്രുവരിയിൽ നിലവിൽവന്ന എച്ച്.എസ്.എസ്.ടി. (സുവോളജി) ജൂനിയർ റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ ഓരോ കാറ്റഗറിയിലും ഉൾപ്പെട്ട എത്ര റാങ്ക് വരെയുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വിഭാഗത്തിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;

(സി) 2017 മാർച്ചിൽ കാലാവധി അവസാനിക്കുന്ന പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി പേർക്ക് നിയമനം ലഭിക്കുന്നതിന് ഒഴിവുള്ള തസ്തികകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## എച്ച്.എസ്.എസ്.ടി. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ടീച്ചർ തസ്തിക

107(2172) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.ടി. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ടീച്ചർ തസ്തികയുടെ നിയമനത്തിനുള്ള യോഗ്യതകൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത തസ്തികയിലെ നിയമനത്തിന് ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് സ്റ്റഡീസിൽ എം.എ. ബിരുദം നേടിയവരെ പരിഗണിയ്ക്കുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) എച്ച്.എസ്.എസ്.ടി. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ടീച്ചർ നിയമനത്തിനുള്ള യോഗ്യത ബന്ധപ്പെട്ട വിഷയത്തിൽ 50% മാർക്കിൽ കുറയാതെയുള്ള മാസ്റ്റർ ബിരുദവും B.Ed-ഉം SET-ഉം ആണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

## എച്ച്.എസ്.എസ്.റ്റി. (ജൂനിയർ/സീനിയർ) നിയമനം

108(2173) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ വിവിധ വിഷയങ്ങളിൽ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ/സീനിയർ) എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ബി) മേൽപ്പറഞ്ഞ തസ്തികകളുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് അവ നിലവിൽ വന്നതെന്നും, റാങ്ക് ലിസ്റ്റിൽ നിന്നും 2016 സെപ്റ്റംബർ 15 വരെ എത്ര പേർക്ക് നിയമന ഉത്തരവ് നൽകിയെന്നതിന്റെയും വിശദാംശം നൽകുമോ;

(സി) നിലവിലെ എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

## സൗജന്യ യൂണിഫോം വിതരണം

109(2174) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നു മുതൽ എട്ട് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള സൗജന്യ യൂണിഫോം വിതരണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) വിതരണം ചെയ്ത കണക്കുകൾ ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഇനിയും കാലതാമസം കൂടാതെ യൂണിഫോം വിതരണം എത്രയും വേഗം പൂർത്തീകരിക്കാൻ സത്വര നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) സർവ്വ ശിക്ഷാ അഭിയാൻ മുഖേന സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന APL വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും 2 ജോഡി സൗജന്യ യൂണിഫോം വിതരണം നടത്തിയിട്ടുണ്ട്. സർക്കാർ/എയ്ഡഡ് മേഖലയിലെ 1 മുതൽ 8 വരെ ക്ലാസുകളിലുള്ള എ.പി.എൽ. വിഭാഗം ആൺകുട്ടികൾക്കുകൂടി സ്കൂൾ യൂണിഫോം സൗജന്യമായി നൽകുന്നതിനായി തീരുമാനമെടുത്തത് ഈ വർഷത്തിലാണ്. ഇത് പുതിയ അനുകൂല്യമായതിനാൽ നടപടിക്രമങ്ങൾ നടന്നുവരുന്നതേയുള്ളൂ.

(ബി) ഈ വർഷം 687877 കുട്ടികൾക്ക് സ്കൂൾ യൂണിഫോമിന് ആവശ്യമായ 27,51,51,000 രൂപ വിതരണം ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നയപരമായി എടുത്ത തീരുമാനമെന്ന നിലയിൽ ഫണ്ട് വിതരണം തുടങ്ങിയ നടപടികൾ പൂർത്തിയായി വരുന്നു.

## ഗസറ്റ് വിജ്ഞാപനം ചെയ്ത തിരുത്തലുകൾ സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്താൻ നടപടി

110(2175) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി പേര്, ജാതി, മതം എന്നിവ തിരുത്തലുകൾ വരുത്തി വിജ്ഞാപനം ചെയ്താൽ പുതിയതായി സ്വീകരിച്ച പേര്, ജാതി, മതം എന്നിവ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്താൻ കഴിയാതിരിക്കുന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം പലർക്കും വിദേശയാത്ര നടത്തുന്നതിന് തടസ്സം നേരിടുന്നത് പരിഗണിച്ച് പ്രസ്തുത ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**ഹൈടെക് സ്കൂളുകൾ**

111(2176) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകൾ ഹൈടെക് ആക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; ഇത്തരത്തിൽ സ്കൂളുകൾ ഹൈടെക് ആക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി സ്കൂളുകളുടെ തിരഞ്ഞെടുപ്പ് നടത്തുന്നത് നിയോജക മണ്ഡലം അടിസ്ഥാനപ്പെടുത്തി ബന്ധപ്പെട്ട നിയമസഭാ സാമാജികരുടെ ശിപാർശ പരിഗണിച്ചാണോയെന്ന് വിശദമാക്കുമോ;

(സി) ഏറനാട് നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഹൈസ്കൂൾ-ഹയർ സെക്കണ്ടറി തലത്തിലുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠനപ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകാൻ ഉദ്ദേശിക്കുന്നു. സ്കൂളുകൾ ഹൈടെക് ആക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിശോധിച്ചുവരുന്നു. എന്നിരുന്നാലും കുട്ടികൾ കൂടുതലുള്ളതും ആവശ്യമായ കെട്ടിടങ്ങളും ക്ലാസ് മുറികളും നിലവിലുള്ളതുമായ സ്കൂളുകൾക്ക് മുൻഗണന നൽകുന്നതായിരിക്കും.

(ബി) പ്രസ്തുത പദ്ധതിക്കായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നത് ബന്ധപ്പെട്ട നിയോജകമണ്ഡലം എം.എൽ.എ.-യുടെ ശിപാർശകൂടി പരിഗണിച്ചശേഷമായിരിക്കും.

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നിലവിൽ ഒരു നിയോജകമണ്ഡലത്തിലേയും സ്കൂളുകളെ തെരഞ്ഞെടുത്തിട്ടില്ല.

## എയ്ഡഡ് സ്കൂളുകളുടെ ഉടമസ്ഥാവകാശം

112(2177) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളുടെ ഉടമസ്ഥാവകാശം വ്യാപകമായി കൈമാറ്റം ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്കൂളുകളുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 1959-ലെ കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം III 5A-യിലെ വ്യവസ്ഥകൾപ്രകാരം എയ്ഡഡ് സ്കൂളുകളുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യാവുന്നതാണ്.

## ഗ്രേസ് മാർക്കിന്റെ സാധ്യതകൾ ദുർവിനിയോഗം

113(2178) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രേസ് മാർക്കിന്റെ സാധ്യതകൾ ദുർവിനിയോഗം ചെയ്യപ്പെടുന്നതും പരീക്ഷാ ഫലത്തിന്റെ കാര്യത്തിൽ മൂല്യച്യുതി സംഭവിക്കുന്നതും ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഗ്രേസ് മാർക്കിന്റെ ലഭ്യത കലോത്സവ ഇനങ്ങളിൽ ഉൾപ്പെടെ വിദ്യാർത്ഥികളിൽ അനാരോഗ്യ മത്സരപ്രവണത ഉണ്ടാക്കുന്നതിനാൽ നിലവിലെ ഗ്രേസ് മാർക്ക് സമ്പ്രദായത്തിൽ പുനർവിചിന്തനം നടത്തുമോ?

ഉത്തരം

(എ) മാനദണ്ഡങ്ങൾ പ്രകാരം അർഹരായ കുട്ടികൾക്ക് മാത്രമേ ഗ്രേസ് മാർക്ക് നൽകിവരുന്നുള്ളൂ. ഗ്രേസ് മാർക്ക് അനുവദിക്കുന്നതുകാരണം അക്കാദമിക് മികവ് പുലർത്തുന്ന വിദ്യാർത്ഥികളുടെ സാധ്യതകൾ പരിമിതപ്പെടുന്നതായി പല തലങ്ങളിൽനിന്നും പരാതികൾ ഉയർന്നുവരുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**ഗസ്റ്റ് അദ്ധ്യാപകരുടെ ദിവസ വേതനം**

114(2179) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർസെക്കണ്ടറി സ്കൂളുകളിൽ 2014 മുതൽ പുതുതായി അനുവദിച്ച ബാച്ചുകളിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന ഗസ്റ്റ് അദ്ധ്യാപകർക്ക് ദിവസ വേതനം നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ബി) ചാലക്കുടി വിജയരാഘവപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് 2014 ഓഗസ്റ്റ് മാസം മുതലുള്ള ദിവസ വേതനം ഇനിയും നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവർക്ക് ദിവസവേതനം കുടിശ്ശികയടക്കം അടിയന്തരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) എയ്ഡഡ് മേഖലയിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകുന്നതിന് തടസ്സങ്ങൾ ഉണ്ടെങ്കിലും സർക്കാർ മേഖലയിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകുന്നതിന് തടസ്സങ്ങളില്ല.

(ബി) ഉണ്ട്.

(സി) നടപടികൾ സ്വീകരിച്ചു വരുന്നു.

**അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (എ.എസ്.എ.പി.)**

115(2181) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വസിഷൻ പ്രോഗ്രാം(എ.എസ്.എ.പി.) ആലത്തൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഇതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) പദ്ധതിക്കായി സർക്കാർ എന്തെല്ലാം സൗകര്യങ്ങളാണ് അനുവദിച്ചു നൽകിയിട്ടുള്ളത്;

(ഡി) കൂടുതൽ സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 1. ഗവ. ഹയർസെക്കൻഡറി സ്കൂൾ കിഴക്കൻച്ചേരി

2. ശ്രീ നാരായണ കോളേജ്, ആലത്തൂർ

3. ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ, ആലത്തൂർ
4. ഗവ. ഹയർ സെക്കൻഡറി സ്കൂൾ, എരിമയൂർ
5. സി.വി.എം. ഹയർസെക്കൻഡറി സ്കൂൾ, വണ്ടാഴി
6. ഗവ. ഹയർ സെക്കൻഡറി സ്കൂൾ, കുനിശ്ശേരി
7. സി.എ. ഹയർസെക്കൻഡറി സ്കൂൾ, കുഴൽമന്നം
8. ലൂർദ് മാതാ ഹയർ സെക്കൻഡറി സ്കൂൾ, മംഗലം ഡാം, പാലക്കാട്

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ അസാപ് പരിശീലനം വിജയകരമായി പുരോഗമിക്കുന്നുണ്ട്. പാലക്കാട് ജില്ലാ കളക്ടർ, ജില്ലയിലെ നിയമസഭാ സാമാജികർ എന്നിവരുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ടി സ്കൂളുകളിലെ വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യ പരിശീലനത്തിനായി ഗവ. ഹയർസെക്കണ്ടറി സ്കൂൾ, എരിമയൂരിൽ സ്കിൽ ഡെവലപ്മെന്റ് സെന്റർ പ്രവർത്തിക്കുന്നുണ്ട്.

(സി) ആയിരത്തോളം സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കായി അതത് സ്ഥാപനങ്ങളിൽ വച്ചുനടത്തപ്പെടുന്ന അടിസ്ഥാന നൈപുണ്യ പരിശീലനവും തെരഞ്ഞെടുത്ത തൊഴിൽ ഇവയിലെ നൈപുണ്യ പരിശീലനവുമാണ് ലഭ്യമാക്കുന്നത്. ഇതിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനത്തിനായി 120 സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ (SDC) സജ്ജമാക്കിയിട്ടുണ്ട്. ഇവിടങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള കമ്പ്യൂട്ടർ ലബോറട്ടറികൾ, ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് (വൈഫൈ) സൗകര്യം, 5 വീതം സ്മാർട്ട് ക്ലാസ്സ് മുറികൾ, LCD പ്രൊജക്ടറുകൾ, ഇന്ററാക്ടീവ് ബോർഡുകൾ എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ ലാബുകളെ KSWAN ശൃംഖല വഴി ബന്ധിപ്പിച്ചിട്ടുണ്ട്. പൂർണ്ണമായും കമ്പ്യൂട്ടറധിഷ്ഠിതമായി പരിശീലന ഭരണ നിയന്ത്രണ നടപടികൾ, ഗുണമേന്മാ നിയന്ത്രണം, സർട്ടിഫിക്കറ്റ് നൽകൽ എന്നിവ ലഭ്യമാക്കുന്ന തരത്തിൽ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം സജ്ജമാക്കിയിട്ടുണ്ട്. ആധുനിക തൊഴിൽ നൈപുണ്യ പരിശീലനം സമൂഹത്തിലെ വ്യത്യസ്ത തലങ്ങളിലുള്ളവർക്ക് ലഭ്യമാക്കാനുതകുന്ന നൈപുണ്യ പരിശീലന സമുച്ചയങ്ങളായ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ 15 സ്ഥലങ്ങളിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു.

(ഡി) പരിഗണിക്കും.

**കായംകുളം ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളിന്റെ കെട്ടിട പുനരുദ്ധാരണം**

116(2182) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളിന്റെ പ്രധാന കെട്ടിടത്തിന്റെ മേൽക്കൂര കാലപ്പഴക്കത്താൽ ഏത് സമയത്തും നിലം പൊത്താവുന്ന അവസ്ഥയിലാണ് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ ഷഷ്ട്യബ്ദപൂർത്തി സ്മാരകമായി സ്ഥാപിതമായതും ശതാബ്ദിആഘോഷങ്ങൾക്ക് ഒരുങ്ങുന്നതുമായ ഈ വിദ്യാലയത്തിന്റെ കെട്ടിടം പുനരുദ്ധാരണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഉണ്ട്. കായംകുളം ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളിന്റെ പ്രധാന കെട്ടിടത്തിന്റെ മേൽക്കൂര കാലപ്പഴക്കത്താൽ നിലംപൊത്തുന്ന അവസ്ഥയിലായതിനാൽ കെട്ടിടം പുതുക്കിപ്പണിയുന്നതിലേയ്ക്ക് കായംകുളം മുനിസിപ്പാലിറ്റി ഏറ്റെടുത്ത നടപടികൾ പൂർത്തിയായിവരുന്നു.

**കോതമംഗലം സർക്കാർ സ്കൂളുകളിൽ കായിക അദ്ധ്യാപക തസ്തികകൾ**

117(2183) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ എത്ര സർക്കാർ സ്കൂളുകളിലാണ് കായിക അദ്ധ്യാപകർ ഇല്ലാത്തത് എന്ന് വ്യക്തമാക്കുമോ;

(ബി) കായിക അദ്ധ്യാപകരില്ലാത്ത സ്കൂളുകളിൽ കായിക അദ്ധ്യാപകരെ നിയമിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

(സി) ഇല്ലെങ്കിൽ ഈ സ്കൂളുകളിൽ മറ്റു സ്കൂളുകളിൽ നിന്നുള്ള കായിക അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരിധിയിൽ തസ്തിക ഉള്ള 2 സ്കൂളുകളിലും കായികാദ്ധ്യാപകരുണ്ട്. കൂടാതെ ആർ.എം.എസ്.എ. സ്കൂളുകളിൽ ഉൾപ്പെടെ 17 സ്കൂളുകളിൽ തസ്തിക ഇല്ലാതെ അധികമായി നിൽക്കുന്ന 4 അദ്ധ്യാപകരുണ്ട്. അവരെ സമീപ സ്കൂളുകളുമായി ക്ലബ് ചെയ്തിട്ടുണ്ട്.

(ബി&സി) പരിശോധിക്കാവുന്നതാണ്.

## അർഹരായ കുട്ടികൾക്ക് സൗജന്യ യൂണിഫോം

118(2184) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ അർഹരായ കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണം ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ആയതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) സർക്കാർ സ്കൂളുകളിൽ ഇതിനോടകം തന്നെ യൂണിഫോം വിതരണം പൂർത്തിയായിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും APL/BPL വ്യത്യാസമില്ലാതെ സൗജ്യമായി യൂണിഫോം നൽകുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇതിനുവേണ്ടിയുള്ള ഭരണാനുമതി 22-9-2016-ലെ സ.ഉ.(കൈ)/160/16 പൊ.വി.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത ആവശ്യത്തിലേക്കായി 71,71,600 രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) എസ്.എസ്.എ. മുഖേനയുള്ള യൂണിഫോം വിതരണം (ഗവ. സ്കൂൾ) പൂർത്തിയായിട്ടുണ്ട്.പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേനയുള്ള യൂണിഫോം വിതരണം(Aided School/APL കുട്ടികൾ) പൂർത്തിയായിട്ടില്ല. എന്നാൽ യൂണിഫോമിനായി അനുവദിച്ചിട്ടുള്ള തുക വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ടെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിട്ടുണ്ട്.

(ഡി) ബാധകമല്ല.

## സ്കോൾ കേരള

119(2185) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കോൾ കേരളയുടെ (പഴയ ഓപ്പൺ സ്കൂൾ) ആസ്ഥാനം കോഴിക്കോട് ആയി ആദ്യത്തെ ജനറൽ കൗൺസിൽ തീരുമാനിച്ചിട്ടുണ്ടായിരുന്നോ; സ്കോൾ കേരളയുടെ ആസ്ഥാനം കോഴിക്കോട്ടു നിന്നും മാറ്റുന്നതിനുള്ള നടപടി സ്വീകരിയ്ക്കാൻ ഉദ്ദേശിയ്ക്കുന്നുണ്ടോ;

(ബി) സ്കോൾ കേരളയുടെ മലപ്പുറം റീജിയണൽ ഓഫീസ് നിർത്തലാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കാൻ ഉദ്ദേശിയ്ക്കുന്നുണ്ടോ;

(സി) ഈ സ്ഥാപനത്തിൽ നിന്ന് മുൻ സർക്കാരിന്റെ കാലത്ത് കോടതി നിർദ്ദേശ പ്രകാരം പിരിച്ചുവിട്ട താത്ക്കാലിക ജീവനക്കാരെ തിരിച്ചെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേരു വിവരങ്ങളും തിരിച്ചെടുത്ത മാനദണ്ഡങ്ങളും വ്യക്തമാക്കാമോ; ഇവരുടെ പേരിൽ വിജിലൻസ് കേസുകളോ മറ്റു കേസുകളോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിവരം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തീരുമാനിച്ചിരുന്നു. എന്നാൽ തീരുമാനം ഇതുവരെ നടപ്പായിട്ടില്ല. സ്കോൾ-കേരളയുടെ ആസ്ഥാനം മാറ്റാനുള്ള ജനറൽ കൗൺസിൽ തീരുമാനം അടുത്ത ജനറൽ കൗൺസിൽ പുനഃപരിശോധിക്കാൻ എക്സിക്യൂട്ടീവ് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) മുൻ സർക്കാരിന്റെ കാലത്ത് കോടതി നിർദ്ദേശപ്രകാരം ആരെയും പിരിച്ചുവിടുന്നില്ല. എന്നാൽ നിയമാനുസൃതം കരാർ വ്യവസ്ഥയിൽ ഇവിടെ ജോലി ചെയ്തിരുന്ന എല്ലാ കരാർ ജീവനക്കാരെയും 2013 നവംബർ 18-ന് കരാർ കാലാവധി അവസാനിപ്പിച്ച് എസ്.സി.ഇ.ആർ.ടി./കെ.എസ്.ഒ.എസ്. ഡയറക്ടർ പിരിച്ചുവിട്ടിരുന്നു. അങ്ങനെ പിരിച്ചുവിട്ട വർക്ക് താഴെപ്പറയും പ്രകാരം മൂന്നു ഘട്ടങ്ങളായി നിയമനം/പുനർ നിയമനം നൽകിയിട്ടുണ്ട്. ഇവരുടെ പേര് വിവരം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.*

(i) 22-11-2013-ലെ എസ്.സി.ഇ.ആർ.ടി. ഡയറക്ടറുടെ അറിയിപ്പു പ്രകാരം 2013 നവംബർ 18-ന് പിരിച്ചുവിട്ടവരിൽനിന്നും 11 പേരെ തിരിച്ചെടുത്തു.

(ii) 10/01/2014 -ലെ അറിയിപ്പുപ്രകാരം 2013 നവംബർ 18-ന് പിരിച്ചുവിട്ടവരിൽനിന്നും 25 പേരെ തിരിച്ചെടുത്തു.

(iii) ബഹു. ഹൈക്കോടതിയുടെ WA.No.638/2014 in WP (c) No. 27145/2013-ന്റെ 2-6-2014-ലെ വിധിയുടെകൂടി അടിസ്ഥാനത്തിൽ 12-8-2016-ൽ ചേർന്ന സ്കോൾ - കേരള എക്സിക്യൂട്ടീവ് കൗൺസിൽ യോഗം 2013 നവംബറിൽ പിരിച്ചുവിട്ടതിൽ ഇനിയും തിരിച്ചെടുക്കാത്ത 28 പേർക്ക് പുനർനിയമനം നൽകിയിട്ടുണ്ട്. ഇതിൽ 27 പേർ ഇതിനകം ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ജീവനക്കാരുടെ പേരിൽ വിജിലൻസ് കേസുകൾ നിലവിലില്ല. എന്നാൽ പിരിച്ചുവിടൽ തീരുമാനത്തിനെതിരായ സമരത്തിന്റെ പേരിൽ 14 ജീവനക്കാർക്കെതിരെ കേസുകൾ നിലവിലുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പാഠപുസ്തക വിതരണം

120(2187) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈസർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും യഥാസമയം പാഠപുസ്തകം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അദ്ധ്യയനവർഷം ആരംഭിച്ച് എത്ര ദിവസം കഴിഞ്ഞാലാണ് എല്ലാ വിദ്യാർത്ഥികൾക്കും പാഠപുസ്തകം ലഭ്യമാക്കാൻ കഴിയുക എന്ന് അറിയിക്കുമോ;

(ബി) പാഠപുസ്തകം യഥാസമയം ലഭ്യമാക്കാത്തത് വിദ്യാർത്ഥികളുടെ ഈ അദ്ധ്യയന വർഷത്തെ പഠനത്തെ ബാധിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാഠപുസ്തകങ്ങൾ യഥാസമയം അച്ചടിച്ച് ലഭ്യമാക്കുന്നതിന് എന്തെങ്കിലും പുതിയ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനുശേഷവും യഥാസമയം ഇത് പൂർത്തിയാക്കാൻ കഴിയാത്തത് ഏത് തലത്തിലുണ്ടായ വീഴ്ചയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) യഥാസമയം കൃത്യമായ ഇൻഡന്റ് ലഭിക്കാത്തതുമൂലം (2016-17) അദ്ധ്യയന വർഷത്തെ പാഠപുസ്തക വിതരണത്തിൽ നേരിയ കാലതാമസം നേരിട്ടു എങ്കിലും ഓണപ്പരീക്ഷയ്ക്ക് മുൻപായി തന്നെ പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഒന്നാം വാല്യം പുസ്തകവിതരണം പൂർത്തിയായിട്ടുണ്ട്. രണ്ടാം വാല്യം പുസ്തകവിതരണം കൃത്യസമയത്തുതന്നെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇ-മോണിറ്ററിംഗ് സംവിധാനം പ്രത്യേകമായി ഏർപ്പെടുത്തിയിട്ടുണ്ട്. ഇൻഡന്റ് പ്രകാരമാണ് പാഠപുസ്തകങ്ങൾ അച്ചടിക്കുന്നത് എന്നതിനാൽ കൃത്യമായ ഇൻഡന്റ് നൽകാത്തതുമൂലമുണ്ടായ പിഴവ് വ്യക്ത്യാധിഷ്ഠിതമായി കണക്കാക്കാനാവില്ല.

## പാഠപുസ്തക വിതരണം

121(2188) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓണപ്പരീക്ഷയ്ക്ക് മുൻപ് ലഭ്യമാക്കേണ്ട പാഠപുസ്തകങ്ങൾ ഇനിയും കാല താമസം കൂടാതെ കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ഓണപ്പരീക്ഷയ്ക്ക് മുൻപായിത്തന്നെ പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റ്

122(2189) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എൽ.പി.എസ്.എ. ഒഴിവുകളിൽ എത്രയെണ്ണമാണ് നിലവിൽ പി.എസ്.സി.-ക്കു റിപ്പോർട്ട് ചെയ്തിട്ടുള്ളത്; ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനും അടിയന്തരമായി നിയമനം നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പാലക്കാട് ജില്ലയിലെ എൽ.പി.എസ്.എ. റാങ്ക് പട്ടികയിലുള്ള മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 153 ഒഴിവുകളാണ് നിലവിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 95 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ജനറൽ ഒഴിവുകൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്യാനില്ല.

(ബി) ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസുകളിൽ പരിശോധന നടത്തി കൃത്യമായ എൽ.പി.എസ്.എ. ഒഴിവുകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഒഴിവുകളിൽ പൂർണ്ണമായും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ഡിജിറ്റൽ പാഠപുസ്തക പദ്ധതി

123(2190) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തകങ്ങൾ ഡിജിറ്റൽ രൂപത്തിൽ ഓൺലൈനിൽ ലഭ്യമാക്കുന്ന ഡിജിറ്റൽ പാഠപുസ്തക പദ്ധതി വിപുലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കഴിഞ്ഞ അദ്ധ്യയന വർഷം തുടങ്ങിയ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതി തുടരുവാൻ സാധിക്കുകയില്ല എന്ന ഐ.ടി.@ സ്കൂൾ ഡയറക്ടറുടെ നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്വീകരിച്ചുണ്ടോ?

ഉത്തരം

(എ) പാഠപുസ്തകങ്ങൾ ഡിജിറ്റൽ രൂപത്തിൽ ഓൺലൈനിൽ ലഭ്യമാക്കുന്ന ഡിജിറ്റൽ പാഠപുസ്തക പദ്ധതി പൈലറ്റ് പ്രോജക്ട് എന്ന രീതിയിൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) (1) വിദ്യാർത്ഥികൾ ഭാരമേറിയ പാഠപുസ്തകങ്ങൾ ദിവസവും സ്കൂളിൽ കൊണ്ടുപോകുന്നതുമൂലം അവർക്കുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുക.

(2) ഐ.ടി.-യെ മറ്റ് വിഷയങ്ങളുടെ പഠനത്തിന് ഉപയോഗിക്കുന്ന രീതിയായ ഐ.സി.റ്റി. ശാക്തീകരണ വിദ്യാഭ്യാസം വിപുലപ്പെടുത്തുക.

(3) പാഠപുസ്തകങ്ങളും ഇ-കണ്ടന്റുകളും പ്രത്യേക വെബ്സൈറ്റിലൂടെ ലഭ്യമാക്കുക തുടങ്ങിയവ.

(സി) ഉണ്ട്. ഇപ്പോൾ നിലവിലുള്ള സ്കൂൾ വിപണി, റിസോഴ്സ് പോർട്ടൽ എന്നിവയുടെ തുടർച്ച ഉറപ്പ് വരുത്താതെയാണ് Digital Collaborative Text Book (DCT) ആരംഭിച്ചിട്ടുള്ളത് എന്നതിനാൽ ഒരു വർഷം കഴിഞ്ഞിട്ടും ഇത് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പൊതുസമൂഹത്തിനും കൂടുതൽ പ്രയോജനപ്രദമായ രീതിയിൽ ഡിജിറ്റൽ പാഠഭാഗങ്ങൾ ലഭ്യമാക്കുന്നതിന് ഐടി@സ്കൂൾ നടപടി സ്വീകരിച്ചുവരുന്നു.

## മഞ്ചേശ്വരം മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകരുടെ സ്ഥലംമാറ്റം

124(2191) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മഞ്ചേശ്വരം മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ നിന്ന് എത്ര അദ്ധ്യാപകർക്ക് സ്ഥലം മാറ്റം നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം മാറ്റങ്ങൾ നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടാണോ എന്ന് പരിശോധിക്കുമോ;

(സി) മഞ്ചേശ്വരം മണ്ഡലത്തിലെ മുഴുവൻ സർക്കാർ സ്കൂളുകളിലായി നിലവിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) അദ്ധ്യാപകരില്ലാത്തതിനാൽ പല സ്കൂളുകളുടെയും പ്രവർത്തനം തടസ്സപ്പെട്ടത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 88.

(ബി) നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് സ്ഥലംമാറ്റം നടത്തിയിട്ടുള്ളത്.

(സി) 97.

(ഡി) സ്വീകരിച്ചിട്ടുണ്ട്. ഒഴിവുള്ള തസ്തികകളിൽ ഗസ്റ്റ് അധ്യാപകർ, ദിവസവേതനാടിസ്ഥാനത്തിലുള്ള അദ്ധ്യാപകർ എന്നിവർ സേവനം അനുഷ്ഠിച്ചു വരുന്നുണ്ട്.

**ഗെയിംസിൽ ഉന്നതനിലവാരം പുലർത്തുന്ന താരങ്ങൾക്ക് ഗ്രേസ് മാർക്ക്**

125(T*2192) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ്&ഗെയിംസിൽ ഉന്നതനിലവാരം പുലർത്തുന്ന താരങ്ങൾക്കുള്ള (സ്കൂൾ&കോളേജ്) നിലവിലെ ഗ്രേസ് മാർക്ക് എത്ര വീതമെന്ന് തരം തിരിച്ച് വിശദമാക്കുമോ;

(ബി) നിലവിലെ ഗ്രേസ് മാർക്ക് വളരെ കുറവാണെന്നുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിലെ ഗ്രേസ് മാർക്കിന്റെ മാനദണ്ഡം പുതുക്കി മാർക്ക് കൂട്ടി നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഹയർ സെക്കണ്ടറി, കോളേജ് തലങ്ങളിലെ നിലവിലെ ഗ്രേസ് മാർക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.* സ്കൂൾ തലത്തിലെ നിലവിലെ ഗ്രേസ് മാർക്ക് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇല്ല.

(സി) നിലവിൽ പരിഗണനയിലില്ല.

**സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി**

126(2193) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഉച്ചഭക്ഷണപദ്ധതിക്കായി ഒരു വിദ്യാർത്ഥിക്ക് പ്രതിദിനം എത്ര രൂപ വീതമാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ തുക അപര്യാപ്തമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതു കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 150 കുട്ടികൾ വരെ കുട്ടിയൊന്നിന് 8 രൂപ, 151 മുതൽ 500 വരെയുള്ള കുട്ടികൾക്ക് കുട്ടിയൊന്നിന് 7 രൂപ, 500-ന് മുകളിലുള്ള കുട്ടികൾക്ക് കുട്ടിയൊന്നിന് 6 രൂപ എന്ന നിരക്കിലാണ് കണ്ടിജന്റ് ചാർജ് അനുവദിച്ചിട്ടുള്ളത്. 5-9-2016-ലാണ് സ.ഉ.(സാധാ)നമ്പർ 2911/2016 പ്രകാരം തുക വർദ്ധിപ്പിച്ചിട്ടുള്ളത്.

(ബി) ഇല്ല.

(സി) ബാധകമല്ല.

**സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഹൈടെക് ക്ലാസ്സുകൾ**

127(2194) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ എയ്ഡഡ് സ്കൂളുകളിൽ എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകൾ ഹൈടെക് ആക്കുന്നതിനു ഏത് രീതിയിലുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ മുഴുവൻ സ്കൂളുകളിലും ഈ പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ എത്ര തുക ചെലവ് വരും; ഈ ചെലവ് മുഴുവൻ സർക്കാർ വഹിക്കുമോ;

(സി) ഈ പദ്ധതി ഏതെല്ലാം സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്; ഇതിനു വേണ്ടി ഓരോ സ്കൂളും ചെലവഴിച്ച തുക എത്രയാണ്; ആ തുക എങ്ങനെയാണ് സമാഹരിച്ചത്?

ഉത്തരം

(എ) സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയുടെ ഭാഗമായി അടുത്ത രണ്ട് വർഷംകൊണ്ട് സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠനപ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകാനായി മിഷൻ മാതൃകയിലുള്ള പദ്ധതി നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്.

(ബി&സി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകൾ ഹൈടെക് ആക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു. തുടക്കമെന്ന നിലയിൽ ആയിരം കോടി രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടും സാമൂഹ്യ സംഘടനകളുടെ സംഭാവനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്താലും പദ്ധതി നടപ്പിലാക്കാമെന്ന് കരുതുന്നു. സ്കൂൾ വികസനത്തിനായി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ചിട്ടുള്ള മണ്ഡലങ്ങളിൽ പദ്ധതി നടപ്പിലായി വരുന്നു.

## സർക്കാർ സ്കൂളുകളിൽ സെക്യൂരിറ്റി സ്റ്റാഫ് നിയമനം

128(2195) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലെ മോഷണം തടയുന്നതിനും വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുമായി സെക്യൂരിറ്റി സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പാഠ്യപാഠ്യേതര ആവശ്യങ്ങൾക്കായി സ്കൂളുകളിൽ ഉപയോഗിച്ചു വരുന്ന സ്മാർട്ട് ക്ലാസ്റൂം ഉപകരണങ്ങൾ, കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ക്യാമറകൾ എന്നിവ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ സ്കൂളുകളിൽ ലഭ്യമാണോ;

(സി) ഇതിനായി എന്തൊക്കെ ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി&സി) നിലവിൽ സുരക്ഷിതമായ കെട്ടിടങ്ങളിലാണ് സ്മാർട്ട് ക്ലാസ്റൂമുകളും കമ്പ്യൂട്ടർ ലാബുകളും പ്രവർത്തിച്ചുവരുന്നത്. സ്കൂളുകൾ ആധുനികവത്കരിക്കുന്ന പദ്ധതിയിൽ കെട്ടിടം സുരക്ഷിതമാക്കുന്നതിനും പദ്ധതിയുണ്ട്. ഒരു സേവനമേഖല എന്ന നിലയിൽ മൊത്തം സമൂഹത്തിനും ഇക്കാര്യത്തിൽ ബാധ്യതയുണ്ട്. ഉപകരണങ്ങൾ സൂക്ഷിക്കുന്നതിൽ ഈ ബാധ്യത നിറവേറ്റിയാൽ മോഷണം നടക്കുകയില്ല.

## സ്കൂളുകളിലെ ഉച്ചഭക്ഷണം

129(2196) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് ആവശ്യമായ അരി ശരിയായ രീതിയിൽ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ അരിയും മറ്റ് സാധനങ്ങളും ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ അടിയന്തരമായി ഇവ എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) 5-9-2016-ലെ സ.ഉ.(സാധാ) നമ്പർ 2911/2016/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം കണ്ടിജന്റ് ചാർജ് സർക്കാർ പുതുക്കിനിശ്ചയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്കൂളുകൾക്ക് 2016 ഡിസംബർ മാസംവരെ ആവശ്യമായ തുക അഡ്വാൻസായി അതാത് പ്രഥമാദ്ധ്യാപകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ ഇതിനോടകം പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്.

## മാമലക്കണ്ടം ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററെ നിയമിക്കുവാൻ നടപടി

130(2197) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ മലയോര പ്രദേശമായ മാമലക്കണ്ടം ഹൈസ്കൂളിൽ എച്ച്.എസ്. വിഭാഗത്തിൽ ഹെഡ്മാസ്റ്റർ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിൽ ഹെഡ്മാസ്റ്ററെ നിയമിക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സ്കൂളിൽ ഹെഡ്മാസ്റ്ററെ നിയമിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## കീക്കൊഴൂർ ഗവൺമെന്റ് ഹൈസ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കാൻ നടപടി

131(2198) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിലെ കീക്കൊഴൂർ ഗവൺമെന്റ് ഹൈസ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിച്ചുകൊണ്ട് എന്നാണ് ഉത്തരവായത്; ഏതൊക്കെ ബാച്ചുകളാണ് ഈ സ്കൂളിൽ അനുവദിച്ചിട്ടുള്ളത്;

(ബി) കോഴ്സ് അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായി 2 വർഷം കഴിഞ്ഞിട്ടും, ഇതേവരെ ഇവിടെ ഹയർ സെക്കണ്ടറി കോഴ്സിൽ പഠനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന്റെ ഔദ്യോഗിക സൈറ്റിൽ കുട്ടികൾക്ക് ഓൺലൈനായി അപേക്ഷ നൽകുന്നതിനായി ഈ സ്കൂളിന്റെ പേര് ഉൾപ്പെടുത്താത്തിരുന്നത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിന്റെ ഉത്തരവാദിത്വം ആർക്കാണ്;

(ഡി) ഓൺലൈൻ അപേക്ഷ നൽകുന്ന പട്ടികയിൽ ഈ സ്കൂളിനെ ഉൾപ്പെടുത്തണം എന്നാവശ്യപ്പെട്ട് എം.എൽ.എ., ജില്ലാ പഞ്ചായത്തംഗം തുടങ്ങിയവർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ;

(ഇ) ഹയർ സെക്കണ്ടറി കോഴ്സ് ഇല്ലാത്ത പഞ്ചായത്ത് എന്ന നിലയിൽ ചെറുകോൽഗ്രാമപഞ്ചായത്തിൽ അനുവദിച്ച ഈ ഹയർ സെക്കൻഡറി കോഴ്സ് അടുത്ത വർഷമെങ്കിലും ആരംഭിക്കാനും, ഈ വർഷം പ്രവേശന നടപടികളിൽ നിന്ന് ഈ സ്കൂളിനെ ഒഴിവാക്കുന്നതിന് ഒത്താശ ചെയ്ത മുഴുവൻ പേരുടെയും പേരിൽ കർശന വകുപ്പുതല നടപടികൾ സ്വീകരിക്കാനും സർക്കാർ തയ്യാറാകുമോ; ഇതിനായി എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 24-11-2014-ലെ സ.ഉ.(കൈ) നമ്പർ 247/2014/പൊ.വി. നമ്പർ ഉത്തരവ് പ്രകാരമാണ് കീക്കൊഴൂർ ഗവൺമെന്റ് ഹൈസ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിച്ചത്. കൊമേഴ്സ് (കോഴ്സ് കോഡ് നമ്പർ 39) ബാച്ചിലാണ് അനുവദിച്ചത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 2014-15 അദ്ധ്യയന വർഷം മുതൽ അനുവദിച്ച പ്രസ്തുത ബാച്ച് ടി വർഷം പ്രവർത്തനം ആരംഭിക്കാതിരുന്നതിനാൽ അടുത്ത അദ്ധ്യയന വർഷം മുതൽ ആരംഭിക്കുന്നതിന് സർക്കാരിൽനിന്നും പ്രവർത്തനാനുമതി നേടേണ്ടിയിരുന്നു. എന്നാൽ ടി പ്രവർത്തനാനുമതി ഇതുവരെയും നേടാത്തതുകൊണ്ടാണ് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന്റെ ഔദ്യോഗിക സൈറ്റിൽ കുട്ടികൾക്ക് ഓൺലൈനായി അപേക്ഷ നൽകുന്നതിനായി ഈ സ്കൂളിന്റെ പേര് ഉൾപ്പെടുത്താതിരുന്നത്. സ്കൂൾ അധികൃതരുടെ ഭാഗത്തുനിന്ന് പഠനം ആരംഭിക്കുന്നതിന് ഗൗരവമായ നടപടികൾ ഉണ്ടായിട്ടില്ല എന്നുള്ളതാണ് ഇതിന് കാരണം.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) ടി സ്കൂളിൽ അടുത്ത അദ്ധ്യയന വർഷം മുതൽ ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സർക്കാർ എടുത്തുവരുന്നു. ഇക്കാര്യത്തിൽ ഹയർ സെക്കണ്ടറി ഡയറ്കടറേറ്റിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## സർക്കാർ സ്കൂളുകളിൽ തസ്തിക നിർണ്ണയം

132(2199) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിയമന നിരോധനവും സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയാക്കാത്തതു മൂലവും സംസ്ഥാനത്തെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും അദ്ധ്യാപകരുടെ വളരെക്കുറവ് നിയമനങ്ങൾ മാത്രമെ നടന്നിട്ടുള്ളൂ എന്നത് കണക്കിലെടുത്ത്, എയിഡഡ് സ്കൂളുകളിൽ അദ്ധ്യാപകരെ സംരക്ഷിച്ചതുപോലെ സർക്കാർ സ്കൂളുകളിലും ആനുപാതികമായ തസ്തിക നിർണ്ണയം നടത്തി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

2015-16-ലെ തസ്തിക നിർണ്ണയം 2016-17 അദ്ധ്യയന വർഷത്തേയ്ക്കുകൂടി ബാധകമാക്കിയ നടപടി എയ്ഡഡ് സ്കൂളുകൾക്കും സർക്കാർ സ്കൂളുകൾക്കും ഒരുപോലെ ബാധകം തന്നെയാണ്. സർക്കാർ സ്കൂളുകളിൽ 2015-16 അദ്ധ്യയന വർഷം അർഹതയുണ്ടായിരുന്ന അധിക തസ്തികകൾ അനുവദിച്ച് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് പരമാവധി നിയമനങ്ങൾ നടത്തണമെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ജൂൺ മാസത്തിൽത്തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്.

**സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്ന പദ്ധതി**

133(2200) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17-ലെ ബജറ്റിൽ പ്രഖ്യാപിച്ച 'ഒരു മണ്ഡലത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു സ്കൂൾ' എന്ന പദ്ധതിയിൽ സ്കൂൾ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; സ്ഥലം എം.എൽ.എ.-യുടെ ശിപാർശ അനുസരിച്ചാണോ അല്ലെങ്കിൽ വിദ്യാഭ്യാസ വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലാണോ സ്കൂളുകളുടെ തിരഞ്ഞെടുപ്പ് നടത്തുന്നത്; വിശദമാക്കാമോ?

ഉത്തരം

2016-17-ലെ ബജറ്റിൽ പ്രഖ്യാപിച്ച 'ഒരു മണ്ഡലത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു സ്കൂൾ' എന്ന പദ്ധതിപ്രകാരം സ്കൂൾ തെരഞ്ഞെടുക്കുന്നത് സ്ഥലം എം.എൽ.എ.-യുടെ ശിപാർശകൂടി പരിഗണിച്ചാണ്. സ്കൂൾ തെരഞ്ഞെടുക്കുന്നതിനുള്ള മറ്റ് മാനദണ്ഡങ്ങളുടെ കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ലെങ്കിലും കുട്ടികൾ കൂടുതലുള്ളതും ആവശ്യമായ കെട്ടിടങ്ങളും ക്ലാസ് മുറികളുള്ളതുമായ സ്കൂളുകൾക്കും മുൻഗണന നൽകുന്നതായിരിക്കും.

**വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ്**

134(2201) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് നിയമവിരുദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ റാഗിംഗ് നടന്നതായി ഇര പരാതിപ്പെട്ടാൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ചില വിദ്യാർത്ഥി സംഘടനാ നേതാക്കൾ അവരുടെ സംഘടിത ശക്തി ഉപയോഗിച്ച് റാഗിംഗിനും തുടർ അക്രമങ്ങൾക്കും ഇരകളാകുന്നവരെയും ഇതിനെതിരെ പ്രതിഷേധിക്കുന്നവരെയും നിശ്ശബ്ദരാക്കുന്ന പ്രവണത വളർന്നു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതവസാനിപ്പിക്കുവാൻ നടപടിയെടുക്കണമെന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പോലീസിനും കർശന നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 1998-ലെ കേരള റാഗിംഗ് നിരോധന ആക്ട് പ്രകാരം പരാതി ലഭിച്ച് ഏഴ് ദിവസത്തിനകം സ്ഥാപനമേധാവി അന്വേഷണം നടത്തി പ്രഥമദൃഷ്ട്യാ പരാതി ശരിയെന്ന് ബോധ്യപ്പെട്ടാൽ ആരോപണവിധേയനായ വിദ്യാർത്ഥിയെ സസ്പെന്റ് ചെയ്യേണ്ടതും തുടർനടപടികൾക്കായി പരാതി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലേക്ക് അയയ്ക്കേണ്ടതുമാണ്. അന്വേഷണത്തിൽ പ്രഥമദൃഷ്ട്യാ കഴമ്പില്ലെന്ന് ബോധ്യപ്പെട്ടാൽ ആ വിവരം പരാതിക്കാരനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അദ്ധ്യാപകരെ സ്പാർക്കിൽ ഉൾപ്പെടുത്തുന്നത്**

135(2202) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ അംഗീകാരം ലഭിച്ച എയ്ഡഡ് മേഖലയിലെ 3500-ൽപരം അദ്ധ്യാപകർക്ക് 'സ്പാർക്കിൽ' ഉൾപ്പെടുത്താത്തതുമൂലം ശമ്പളകുടിശ്ശിക ലഭിക്കുന്നില്ലെന്ന കാര്യം ചൂണ്ടിക്കാട്ടി ലഭിച്ച നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) വർഷങ്ങളുടെ കാത്തിരിപ്പിനൊടുവിൽ നിയമനാംഗീകാരം ലഭിച്ച പ്രസ്തുത അദ്ധ്യാപകർ ഇപ്പോഴും പഴയ നിരക്കിലാണ് ശമ്പളം വാങ്ങുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 'സ്പാർക്കിൽ' ഇതിനുള്ള സംവിധാനം അടിയന്തരമായി ഏർപ്പെടുത്തി ശമ്പളകുടിശ്ശിക പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ശമ്പളം പുതിയ നിരക്കിൽ വിതരണം ചെയ്യുവാനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2011 മുതൽ അംഗീകാരംലഭിച്ച എയ്ഡഡ് മേഖലയിലെ 3500-ൽപ്പരം അദ്ധ്യാപകർക്കുള്ള ശമ്പള കുടിശ്ശിക കാര്യക്രമം ചെയ്ത് പി.എഫ്.-ൽ ലയിപ്പിക്കാനുള്ള മാർഗ്ഗം സ്പാർക്കിൽ ലഭ്യമല്ല. എന്നിരുന്നാലും മാന്വൽ പ്രോസസ്സ് വഴി അതാത് ഡി.ഡി.ഒ.-യ്ക്ക് തന്നെ പി.എഫ്.-ൽ ലയിപ്പിക്കേണ്ട മാർഗ്ഗം സ്പാർക്ക് സൈറ്റ് ആയ www.spark.gov.in-ൽ FAQ (Frequently Asked Question)-ൽ നൽകിയിട്ടുണ്ട്.

(ബി&സി) ബാധകമല്ല.

## വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രികൾച്ചർ തസ്തികയിലെ ഒഴിവുകൾ

136(T*2203) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രികൾച്ചർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ ഏതെല്ലാം ജില്ലകളിലാണെന്നും അവ ഏതെല്ലാം സ്കൂളുകളിൽ ആണെന്നും വിശദമാക്കുമോ;

(സി) ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രികൾച്ചർ തസ്തികയിൽ നിലവിൽ 47 ഒഴിവുകളുണ്ട്.

(ബി) ജില്ലകളിലെയും സ്കൂളുകളിലെയും ഒഴിവുകൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുംപ്രകാരമാണ്.

| | |
|---|---|
| തിരുവനന്തപുരം (3) | |
| GVHSS, കുളത്തൂർ, ഉച്ചക്കട | 1 |
| GVHSS, വിതുര | 1 |
| GVHSS, പാറശ്ശാല | 1 |
| കൊല്ലം (1) | |
| GVHSS (Boys),കൊട്ടാരക്കര | 1 |
| ആലപ്പുഴ (1) | |
| GVHSS, തലവടി | 1 |
| കോട്ടയം (2) | |
| GVHSS, ചേനപ്പാടി | 1 |

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

| | |
|---|---|
| GVHSS, കുമരകം | 1 |
| <u>ഇടുക്കി (7)</u> | |
| GVHSS, തൊടുപുഴ | 2 |
| GVHSS, കുമിളി | 2 |
| GVHSS, തട്ടക്കുഴ | 1 |
| GVHSS, മൂന്നാർ | 1 |
| GVHSS, മണിയാറൻകുടി | 1 |
| <u>എറണാകുളം (4)</u> | |
| GVHSS, നേര്യമംഗലം | 1 |
| GVHSS, മൂവാറ്റുപുഴ | 1 |
| GVHSS, തിരുമാറാടി | 1 |
| GVHSS, പല്ലാരിമംഗലം | 1 |
| <u>തൃശ്ശൂർ (2)</u> | |
| GVHSS, നടവരമ്പ് | 1 |
| GVHSS, പുതുക്കാട് | 1 |
| <u>പാലക്കാട് (6)</u> | |
| GVHSS (Boys), ചിറ്റൂർ | 1 |
| GVHSS, മലമ്പുഴ | 1 |
| GVHSS, അഗളി | 1 |
| GVTHSS, അട്ടപ്പാടി | 1 |
| GVHSS (Girls), നെന്മാറ | 1 |
| GVHSS (Deaf), ഒറ്റപ്പാലം | 1 |

<u>മലപ്പുറം (6)</u>

| | |
|---|---|
| GVHSS, തവനൂർ | 1 |
| GVHSS, നിലമ്പൂർ | 3 |
| GVHSS, കീഴുപറമ്പ് | 1 |
| GVHSS, നെല്ലിക്കുത്ത് | 1 |

<u>കോഴിക്കോട് (3)</u>

| | |
|---|---|
| REC GVHSS, ചാത്തമംഗലം | 1 |
| GVHSS (Boys), ബാലുശ്ശേരി | 2 |

<u>വയനാട് (4)</u>

| | |
|---|---|
| GVHSS, അമ്പലവയൽ | 2 |
| GVHSS,സുൽത്താൻബത്തേരി | 1 |
| GVHSS, കൽപ്പറ്റ | 1 |

<u>കണ്ണൂർ (4)</u>

| | |
|---|---|
| TV VHSS,തളിപ്പറമ്പ് | 1 |
| GVHSS, കുറുമാത്തൂർ | 1 |
| GVHSS, കതിരൂർ | 1 |
| GVHSS, കാർത്തികപുരം | 1 |

<u>കാസർഗോഡ് (4)</u>

| | |
|---|---|
| GVHSS, തൃക്കരിപ്പൂർ | 2 |
| GVHSS, കരാട്ക | 2 |

(സി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി 47 ഒഴിവുകളിൽ 2 ഒഴിവുകൾ (ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽനിന്നുള്ള പ്രൊമോഷൻ - 1, 2016-ൽ ശൂന്യവേതന അവധി പൂർത്തിയാകുന്നയാൾക്കുവേണ്ടി മാറ്റിവച്ചത് - 1) ഒഴികെ ബാക്കി 45 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## സർക്കാർ, എയ്ഡഡ്/ഹയർ സെക്കണ്ടറി സ്കൂളുകളിലെ അനദ്ധ്യാപക തസ്തികകൾ

137(T* 2205) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ ക്ലർക്ക്, പ്യൂൺ തസ്തികകൾ അനുവദിച്ച് നൽകിയിട്ടുണ്ടോ;

(ബി) എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ക്ലർക്ക്, പ്യൂൺ തസ്തികകൾ അനുവദിച്ച് നൽകിയിട്ടുണ്ടോ;

(സി) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കൂടി ക്ലർക്ക്, പ്യൂൺ തസ്തികകൾ അനുവദിച്ചു നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ശ്രീ. ശ്യാംകുമാർ മുതൽ പേർ ഫയൽ ചെയ്ത WP(C) No.29618/2005, 5835/2013, 7385/2013, 7881/2013 നമ്പർ കേസുകളിലെ 5-9-2013 തീയതിയിലെ പൊതുവിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക്, പാർട്ട്/ഫുൾ ടൈംമീനിയൽ, ലൈബ്രേറിയൻ ഗ്രേഡ് - 4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17-8-2015 തീയതിയിലെ ജി.ഒ.(എംഎസ്.)നമ്പർ 220/2015/ പൊ.വി.വ. പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ക്ലാർക്ക്, പ്യൂൺ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## പുത്തൂർമഠം എ.എം.യു.പി. സ്കൂളിലെ ശ്രീ. വിപിൻ വി.കെ.-യുടെ നിയമനം

138(2206) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റൂറൽ ഉപജില്ലയിലെ പുത്തൂർമഠം എ.എം.യു.പി. സ്കൂളിൽ 1-6-2009 മുതൽ തുടർച്ചയായി ജോലി ചെയ്തുവരുന്ന ശ്രീ. വിപിൻ. വി. കെ. എന്നയാളുടെ നിയമനം ഇതുവരെയും അംഗീകരിക്കപ്പെട്ടിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1-6-2011 മുതൽ താൽക്കാലികമായി ശമ്പളം ലഭിക്കുന്നതിന്

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

നിലവിലുണ്ടായിരുന്ന ലീവ് വേക്കൻസിയിലേക്ക് മാറ്റി നിയമിക്കപ്പെട്ടതിന്റെ പേരിൽ അദ്ധ്യാപക പാക്കേജിലും ടിയാൻ ഉൾപ്പെട്ടിരുന്നില്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 9487/എൽ1/2014 നമ്പർ ഫയലിൽ ടിയാന്റെ നിയമനം അംഗീകരിക്കുന്നതിന് അനുകൂലമായി വകുപ്പ് മന്ത്രി ശിപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) 2009-10 വർഷം മുതൽ തുടർച്ചയായി അതാതു സമയത്തെ സർക്കാർ ഉത്തരവുകൾ പ്രകാരം കുട്ടികളും തസ്തികയും ലഭ്യമാവുകയും 2015 മാർച്ച് 31 മുതൽ ഒരു വിരമിക്കൽ ഒഴിവ് ഉണ്ടാവുകയും ചെയ്തിട്ടും പ്രസ്തുത അദ്ധ്യാപകന്റെ നിയമനം അംഗീകരിക്കപ്പെടാത്തതിന് കാരണമെന്തെന്ന് അറിയിക്കുമോ; പ്രസ്തുത നിയമനം അംഗീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി&ഡി) ശ്രീ. വിപിൻ വി.കെ. അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടാൻ എല്ലാംകൊണ്ടും അർഹനാണെന്നും ടിയാൻ 06/09 മുതൽ 05/2011 വരെ തുടർന്ന അധിക തസ്തിക നിലവിലുണ്ടെന്ന് കാണുന്നതിനാൽ ടിയാനെ പാക്കേജിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുക എന്ന് മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രസ്തുത ഫയലിൽ ഉത്തരവായിരുന്നു. എന്നാൽ അധ്യാപക പാക്കേജും അധ്യാപക ബാങ്കും കോടതി റദ്ദ് ചെയ്ത സാഹചര്യത്തിൽ, അധ്യാപക പാക്കേജുമായി ബന്ധപ്പെട്ട് സർക്കാർ ഫയൽ ചെയ്യാനുദ്ദേശിക്കുന്ന അപ്പീലിൽ ഉത്തരവാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ അനന്തര നടപടി സ്വീകരിക്കാം എന്ന് തീരുമാനിച്ചിരുന്നു. അതിനുശേഷം പുറപ്പെടുവിച്ച 29-1-2016-ലെ സർക്കാർ ഉത്തരവ് (പി) 29/16/പൊ.വി.വ. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾപ്രകാരം പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ സർക്കാർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പുത്തൂർമഠം എ.എം.യു.പി.എസ്.-ൽ 1-6-2009 മുതൽ അധിക തസ്തികയിലെ നിയമനം തുടർച്ചയായി അംഗീകരിക്കുവാൻ നിലവിൽ സർക്കാർ ഉത്തരവില്ലാത്തതിനാൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ നിയമനം നിരസിക്കുകയും ചെയ്തിട്ടുണ്ട്.

**കണ്ടശ്ശാംകടവ് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക ഹയർ സെക്കണ്ടറി സ്കൂൾ**

139(2207) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കണ്ടശ്ശാംകടവ് പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്മാരക ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടം ശോച്യാവസ്ഥ കാരണം തകർന്ന് വീണത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിന് പുതിയ കെട്ടിടം പണിയുന്നതിന് തുക അനുവദിച്ചിട്ടുണ്ടോയെന്നും, എങ്കിൽ എത്ര തുകയെന്നും അറിയിക്കുമോ;

(സി) സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**കുമ്പടാജെയൽ മലയാളം മീഡിയം ഹൈസ്കൂൾ**

140(2208) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് നിയോജകമണ്ഡലത്തിൽ കുമ്പടാജെ ഗ്രാമപഞ്ചായത്തിൽ മലയാളം മീഡിയം ഹൈസ്കൂൾ ഇല്ലാത്തതിന്റെ കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പഞ്ചായത്തിൽ മലയാളം മീഡിയം ഹൈസ്കൂൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് എത്ര നിവേദനങ്ങൾ ആരൊക്കെ തന്നിട്ടുണ്ട് എന്നും അതിന്മേൽ സ്വീകരിച്ച നടപടി എന്താണെന്നും വ്യക്തമാക്കാമോ;

(സി) ഇതുപോലെ മലയാളം മീഡിയം ഹൈസ്കൂൾ ഇല്ലാത്ത പഞ്ചായത്തുകൾ കേരളത്തിൽ വേറെ എവിടെയെങ്കിലും ഉണ്ടോ; എങ്കിൽ പഞ്ചായത്തുകളുടെ പേര് വ്യക്തമാക്കാമോ; അത്തരം പഞ്ചായത്തുകളിൽ നിന്ന് ഇതുമായി ബന്ധപ്പെട്ട് ലഭിച്ച നിവേദനങ്ങളിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ വിഷയം പരിശോധിച്ചുവരുന്നു. ഇതുസംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കുമ്പടാജെ പഞ്ചായത്തിൽ മലയാളം മീഡിയം ഹൈസ്കൂൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം നിലവിൽ സർക്കാരിൽ പരിഗണനയിലില്ല.

(സി) ഉണ്ട്. മഞ്ചേശ്വരം നിയമസഭാ മണ്ഡലത്തിലെ വോർക്കാടി പഞ്ചായത്തിലും മലയാളം മീഡിയം ഹൈസ്കൂളില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പഞ്ചായത്തിൽ ഹൈസ്കൂൾ അനുവദിക്കുന്നതിന് വോർക്കാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 31-8-2016-ൽ സർക്കാരിൽ സമർപ്പിച്ച അപേക്ഷ, സംസ്ഥാനത്ത് പുതുതായി സ്കൂളുകൾ തുടങ്ങുന്നതും/അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ചുള്ള 25-5-2016-ലെ അസാധാരണ ഗസറ്റ് നമ്പർ 985-ാം നമ്പരായി പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് 23-9-2016-ൽ നൽകിയിട്ടുണ്ട്.

## സ്കൂളുകളുടെ നവീകരണം

141(2209) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് എന്ത് തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സ്കൂൾ നവീകരണത്തിന് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിൽ വരുത്തുവാൻ 28-9-2016-ലെ സ.ഉ.(പി)41/16/ആ.സ.വ. പ്രകാരം തീരുമാനിച്ചിട്ടുണ്ട്:

1. 1000 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക.
2. ഹൈസ്കൂൾ-ഹയർ സെക്കണ്ടറി തലത്തിലുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.
3. എൽ.പി.-യു.പി. ക്ലാസ്സുകളിൽ പൊതു വിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അധ്യാപക-രക്ഷകർത്തൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിത വികസനം ഉറപ്പാക്കുക.
4. 50 വർഷം 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകുക. ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകുക.

   തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിവിധ സ്കൂളുകളിൽ ലഭ്യമായിട്ടുള്ള അടിസ്ഥാനസൗകര്യങ്ങൾ വ്യത്യസ്തമായതിനാൽ പദ്ധതി നിർവ്വഹണത്തിനാവശ്യമായ കൃത്യമായ ഫണ്ട് കണക്കാക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(സി) പ്രാഥമികമായി ഈ വർഷം ആയിരം കോടി രൂപ ചെലവഴിച്ച് പദ്ധതി തുടങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ

142(2210) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നിർത്തലാക്കിക്കൊണ്ടോ വെട്ടിക്കുറച്ചു കൊണ്ടോ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) സ്കോളർഷിപ്പ് വെട്ടിക്കുറയ്ക്കുന്നതിനുള്ള തീരുമാനം എടുത്തത് മന്ത്രിസഭയുടെ അനുമതിയോടെയായിരുന്നോ; അല്ലെങ്കിൽ നിലവിലുള്ള ഏത് നിയമപ്രകാരമാണ് ഐ.ഇ.ഡി. സെല്ലിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

## ആദായകരമല്ലാത്ത വിദ്യാലയങ്ങൾ

143(2211) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദായകരമല്ലാത്ത വിദ്യാലയങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ഇപ്രകാരം ആദായകരമല്ലാത്ത സ്കൂളുകളുടെ ഭാവി പ്രവർത്തനം സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ;

(സി) അനധികൃത സ്കൂളുകൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചാൽ ഇതിനൊരു മാറ്റം വരും എന്ന് പ്രതീക്ഷിക്കുന്നുണ്ടോ?

ഉത്തരം

(എ&ബി) ആദായകരമല്ലാത്ത വിദ്യാലയങ്ങളെ സംബന്ധിച്ച് പ്രത്യേകിച്ച് പഠനവും ഭാവിപ്രവർത്തനങ്ങളെ സംബന്ധിച്ച് തീരുമാനവും എടുത്തിട്ടില്ല.

(സി) കേരള വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കാൻ പാടില്ല. അംഗീകാരമില്ലാത്ത സ്കൂളുകൾ നിർത്തലാക്കുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല.

**ഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ പഠനം**

144(2212) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ പഠനത്തിനായി ഏതെല്ലാം രീതിയിലാണ് സാമ്പത്തിക സഹായവും മറ്റും നൽകി വരുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സാമ്പത്തിക സഹായം വർദ്ധിപ്പിക്കാൻ ആലോചിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ബുക്ക്&സ്റ്റേഷനറി അലവൻസ് (പ്രതിവർഷം 400 രൂപ), എസ്കോർട്ട് അലവൻസ് (പ്രതിവർഷം 750 രൂപ), റീഡേഴ്സ് അലവൻസ് (പ്രതിവർഷം 500 രൂപ), യൂണിഫോം അലവൻസ് (പ്രതിവർഷം 500 രൂപ), ട്രാൻസ്പോർട്ട് അലവൻസ് (പ്രതിവർഷം 500 രൂപ) എന്നിവ നൽകിവരുന്നു. ഇവയ്ക്ക് പുറമെ ഒമ്പത് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ അലവൻസ് (പ്രതിമാസം 1,000 രൂപ, ഒരു വർഷത്തേക്ക് പരമാവധി 10,000 രൂപ) സഹായ ഉപകരണങ്ങൾ വാങ്ങിക്കുന്നതിനുള്ള സാമ്പത്തിക സഹായം (തുക ആവശ്യപ്പെടുന്ന ഉപകരണങ്ങളുടെ വിലയനുസരിച്ച്) എന്നിവയും നൽകിവരുന്നു.

(ബി) ഇല്ല. 100 ശതമാനം കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിയ ടി പദ്ധതി നിലവിൽ 60:40 എന്ന അനുപാതത്തിലാണ് നടപ്പിലാക്കിവരുന്നത്.

**ഹയർ സെക്കണ്ടറി തസ്തിക നിർണ്ണയം**

145(2213) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഹയർ സെക്കണ്ടറി തസ്തിക നിർണ്ണയം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിലവിലുള്ള ഒഴിവുകൾ മുഴുവൻ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായി വരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകൾ**

146(2214) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര പെരുമ്പഴുതൂർ ഗവൺമെന്റ് സ്കൂളിൽ ഹയർ സെക്കണ്ടറി തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) നെയ്യാറ്റിൻകര ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ എസ്.പി.സി.-യുടെ അപേക്ഷ നല്കിയെങ്കിലും അനുമതി ഇതുവരെയും ലഭിച്ചിട്ടില്ല; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ;

(സി) മണ്ഡലത്തിലെ ഹയർ സെക്കണ്ടറി വി.എച്ച്.എസ്.സി. സ്കൂളുകളായ തിരുപുറം, പരണിയം, അയിര, കുളത്തൂർ സ്കൂളുകളിലെ ലാബ് സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ അടിയന്തരമായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ആരംഭിച്ചിട്ടില്ല.

(ബി) പോലീസ് ആസ്ഥാനത്ത് 1-9-2016-ന് ചേർന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് നോഡൽ കമ്മിറ്റിയുടെ മീറ്റിംഗിൽ പുതുതായി സ്കൂളുകളിൽ എസ്.പി.സി. പദ്ധതി അനുവദിക്കുന്നതിനാവശ്യമായ പ്രത്യേക ഫണ്ട് സർക്കാർ തലത്തിൽനിന്നും അനുവദിക്കുന്ന മുറയ്ക്ക് ടി അപേക്ഷകൾ പരിഗണനയ്ക്കെടുക്കുവാനും നിലവിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ ജില്ലാ ഉപദേശക സമിതിയുടെ പരിശോധനയ്ക്കും ശിപാർശയ്ക്കുംശേഷം സർക്കാർ ഫണ്ട് അനുവദിക്കുകയാണെങ്കിൽ പരിഗണിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. പുതുതായി സ്കൂളുകളിൽ എസ്.പി.സി. പദ്ധതി അനുവദിക്കുന്നതിനാവശ്യമായ ഫണ്ട് സർക്കാരിൽനിന്നും അനുവദിക്കുന്ന മുറയ്ക്ക് നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ നെയ്യാറ്റിൻകര ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പദ്ധതിയുടെ ജില്ലാ/ സംസ്ഥാനതല ഉപദേശക സമിതി ശിപാർശപ്രകാരം സർക്കാർ അനുവദിക്കുന്ന മുറയ്ക്ക് എസ്.പി.സി. പദ്ധതി തുടങ്ങാവുന്നതാണ്.

(സി) പരണിയം, കുളത്തൂർ സ്കൂളുകളിലെ ലാബ് സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുപുറം, അയിര എന്നീ സ്കൂളുകളിലെ ലാബ് സൗകര്യം വർദ്ധിപ്പിക്കുന്നതിന് ബഡ്ജറ്റ് വിഹിതം നിലവിൽ പര്യാപ്തമല്ല.

**ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡം**

147(2215) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ സ്ഥലം മാറ്റത്തിന് നിലവിലുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം പ്രസ്തുത അദ്ധ്യാപകരുടെ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) 5 വർഷത്തിൽ കൂടുതൽ മാതൃജില്ലയിൽ ജോലി ചെയ്തുവരുന്ന ഹയർസെക്കണ്ടറി അദ്ധ്യാപകരുടെ വിശദവിവരങ്ങൾ ജില്ല, വിഷയം, സ്കൂൾ, പേര് എന്നിവ സഹിതം ലഭ്യമാക്കുമോ;

(ഡി) 5 വർഷത്തിൽ കൂടുതൽ മാതൃജില്ലയിൽ ജോലി ചെയ്തുവരുന്നവരെ മറ്റു ജില്ലകളിലേക്ക് സ്ഥലം മാറ്റത്തിന് പരിഗണിക്കുമോ?

ഉത്തരം

(എ) 27-5-2015-ലെ സ.ഉ.(പി)നമ്പർ 143/2015/പൊ.വി.വ., 26-10-2015-ലെ ജി.ഒ.(ആർ.റ്റി.) 5035/2015/പൊ.വി.വ. എന്നീ സർക്കാർ ഉത്തരവുകൾപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പൊതുസ്ഥലംമാറ്റം നടത്തിവരുന്നത്. ടി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇല്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം പരിഗണിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## അംഗീകാരമില്ലാതെ പ്രവർത്തിച്ചുവരുന്ന സ്കൂളുകൾ

148(2216) ശ്രീ. എം. എം. മണി :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിച്ചുവരുന്ന സ്കൂളുകളെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരമുള്ള സ്കൂളുകളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിയ്ക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സി.ബി.എസ്.സി., ഐ.സി.എസ്.സി., ഐ.എസ്.സി. സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട സംസ്ഥാന സർക്കാർ അനുമതിക്കായുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്?

<u>ഉത്തരം</u>

(എ&ബി) വിദ്യാഭ്യാസ അവകാശ നിയമം 2009-ലെ സെക്ഷൻ 18 പ്രകാരം അംഗീകാരത്തിനുള്ള അനുമതിപത്രം നേടാതെ ഒരു സ്കൂളും സ്ഥാപിക്കാൻ പാടുള്ളതല്ല. സെക്ഷൻ 18 പ്രകാരം അംഗീകാരമില്ലാത്ത ഒരു സ്കൂൾ സ്ഥാപിക്കുകയോ പ്രവർത്തിക്കുകയോ അല്ലെങ്കിൽ അംഗീകാരം പിൻവലിച്ചശേഷവും പ്രവർത്തനം തുടരുകയോ ചെയ്യുന്ന ഏതൊരു വ്യക്തിക്കും ഒരുലക്ഷം രൂപവരെ ആകാവുന്ന പിഴയ്ക്ക് ബാദ്ധ്യസ്ഥനാവുകയും ലംഘനം തുടർന്നും നടത്തുന്ന സംഗതികളിൽ അങ്ങനെ തുടരുന്ന ഓരോ ദിവസത്തേയ്ക്കും പതിനായിരം രൂപാവീതം പിഴ നൽകേണ്ടിവരുന്നതുമാണ്. അംഗീകാരമില്ലാത്ത അൺ-എയ്ഡഡ് സ്കൂളുകളെ നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത് പ്രത്യേകമായി നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(സി) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., ഐ.എസ്.സി. സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഉത്തരവുകൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വിദ്യാലയങ്ങളിൽ പാഠപുസ്തക വിതരണം

149(2217) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണപ്പരീക്ഷ കഴിഞ്ഞിട്ടും വിദ്യാലയങ്ങളിൽ പാഠ പുസ്തക വിതരണം പൂർത്തീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര ശതമാനം പാഠപുസ്തകങ്ങൾ ഇതിനകം വിതരണം ചെയ്തുവെന്നും ഇനി എത്ര പുസ്തകങ്ങൾ ആവശ്യമുണ്ടെന്നും കണക്കുകൾ സഹിതം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പാഠപുസ്തക വിതരണവുമായി ബന്ധപ്പെട്ട ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആയത് പരിശോധിക്കുകയും ഓണപ്പരീക്ഷയ്ക്ക് മുൻപായിത്തന്നെ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. അഞ്ചുലക്ഷത്തിലധികം പുസ്തകങ്ങൾ ആവശ്യമുള്ളതിൽ 92,000 പുസ്തകങ്ങളുടെ കുറവുമാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇവ വീണ്ടും അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ സംരക്ഷണം

150(2218) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി, സർക്കാർ ഖജനാവിൽ നിന്നും ശമ്പളം പറ്റുന്ന ജീവനക്കാരുടെ കുട്ടികളെ പൊതു വിദ്യാലയത്തിൽ പഠിപ്പിക്കുവാൻ നിയമ നിർമ്മാണം നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## പൊതുവിദ്യാഭ്യാസ മേഖലയുടെ സംരക്ഷണം

151(2219) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കാൻ വേണ്ട നടപടിയുടെ ഭാഗമായി അടച്ചുപൂട്ടാൻ തീരുമാനിച്ച എത്ര സ്കൂളുകൾ സർക്കാർ ഏറ്റെടുത്തു; അവ ഏതൊക്കെയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

ബഹുമാനപ്പെട്ട കോടതി വിധികളുടെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയ നാല് സ്കൂളുകൾ; മലാപ്പറമ്പ് എ.യു.പി. സ്കൂൾ, കോഴിക്കോട് ജില്ല, പാലാട്ട് എ.യു.പി. സ്കൂൾ, കോഴിക്കോട് ജില്ല, മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ, മലപ്പുറം ജില്ല, കിരാലൂർ പി.എം.എൽ.പി. സ്കൂൾ, തൃശ്ശൂർ ജില്ല സർക്കാർ ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം 27-7-2016-ലെ 1332-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 509/2016 നമ്പരായി പ്രസിദ്ധീകരിക്കുകയും നഷ്ടപരിഹാരം തീരുമാനിച്ച് ഉറപ്പിക്കുന്ന തീയതി മുതൽ മേൽ സ്കൂളുകൾ പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമായിരിക്കുമെന്ന് പ്രസ്തുത വിജ്ഞാപനം ഭേദഗതിചെയ്ത് 5-8-2016-ലെ 1383-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 524/2016 നമ്പരായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

**വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ**

152(2220) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെ;

(ബി) ഓരോ പദ്ധതിയുടെയും മാർഗ്ഗനിർദ്ദേശം, മാനദണ്ഡം എന്നിവ വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാലയങ്ങളിലെ മലയാളം, ഇംഗ്ലീഷ്, ഗണിതം, ശാസ്ത്രം എന്നീ വിഷയങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ എസ്.സി.ഇ.ആർ.ടി.-യുടെ സഹകരണത്തോടുകൂടി ആവിഷ്കരിച്ചുവരുന്നു. കൂടാതെ, വിദ്യാർത്ഥികൾക്ക് പ്രകൃതിയെക്കുറിച്ച് കൂടുതൽ പരിജ്ഞാനം ലഭ്യമാക്കുന്നതിനായി "ജൈവവൈവിധ്യ ഉദ്യാനം - വിദ്യാലയങ്ങളിൽ" എന്ന മറ്റൊരു പദ്ധതിക്കും രൂപം നൽകിവരുന്നു. വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് സമഗ്ര വിദ്യാഭ്യാസ പദ്ധതിക്കും ഓരോ മണ്ഡലത്തിലെയും ഒരു സർക്കാർ സ്കൂൾ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ സ്കൂളിലും 8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ ഹൈടെക് ആക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) 2016-17 അദ്ധ്യയന വർഷത്തിൽ ഒരു അസംബ്ലി നിയോജക മണ്ഡലത്തിൽ ഏഴ് സ്കൂളുകൾ എന്ന ക്രമത്തിൽ സംസ്ഥാനത്തെ 140 അസംബ്ലി നിയോജക മണ്ഡലങ്ങളിലായി 980 സ്കൂളുകളിൽ 50,000 രൂപ വീതം വിനിയോഗിച്ച് "ജൈവവൈവിധ്യ ഉദ്യാനം-വിദ്യാലയങ്ങളിൽ" എന്ന പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ജൈവവൈവിധ്യത്തിന്റെ സന്ദേശം കുട്ടികളിൽമാത്രം ഒതുക്കാതെ സമൂഹത്തിൽ മുഴുവൻ വ്യാപിപ്പിക്കാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജൈവവൈവിദ്ധ്യ ഉദ്യാനത്തിന് ആവശ്യമായ സ്ഥലമുള്ള വിദ്യാലയങ്ങളെയാണ് പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. ഓരോ അസംബ്ലി നിയോജക മണ്ഡലത്തിലെ ഒരു സർക്കാർ സ്കൂളിനെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. എം.എൽ.എ.-മാരുടെ വികസന ഫണ്ട്, ആർ.എം.എസ്.എ./എസ്.എസ്.എ. തുകയിൽനിന്നുള്ള ഭാഗം, സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ തുടങ്ങി സമൂഹത്തിലെ എല്ലാവരുടെയും പിന്തുണയോടുകൂടി പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സർക്കാർ ആഗ്രഹിക്കുന്നു.

**സംരക്ഷിതാദ്ധ്യാപകരുടെ കണക്കുകൾ**

153(2222) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള സംരക്ഷിതാദ്ധ്യാപകരുടെ കണക്കുകൾ ജില്ലതിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അദ്ധ്യാപക ഫിക്സേഷൻ പൂർത്തിയാക്കിയ സാഹചര്യത്തിൽ ഒഴിവുള്ള സർക്കാർ-എയിഡഡ് വിദ്യാലയങ്ങളിൽ ഇവരെ അടിയന്തരമായി പുനർവിന്യസിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ജില്ലതിരിച്ചുള്ള കണക്കുകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 5-8-2016-ലെ സ.ഉ.(പി)നമ്പർ 134/2016/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. എന്നാൽ റിട്ട് പെറ്റീഷൻ നമ്പർ 27337/16-ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം നിലവിൽ പുനർവിന്യാസ പ്രവർത്തനങ്ങൾ താല്ക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തൽ

154(2223) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ബി) പൊതുവിദ്യാഭ്യാസ മേഖലയുടെ നിലവാരം ഉയർത്താനായി എന്തൊക്കെ പദ്ധതികളാണുള്ളത്;

(സി) പാഠ്യപദ്ധതി നവീകരണത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം അറിയിക്കാമോ; പഠിതാക്കളെ സാങ്കേതികജ്ഞാനമുള്ളവരാക്കി മാറ്റുന്നതു പോലെ തന്നെ സാമൂഹിക ബോധമുള്ളവരാക്കിത്തീർക്കാൻ ഉതകുന്ന പാഠ്യക്രമം രൂപീകരിക്കാൻ ശ്രമമുണ്ടാകുമോ?

### ഉത്തരം

(എ&ബി) പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച് എസ്.സി.ഇ.ആർ.ടി. ഉൾപ്പെടെ വിവിധ ഏജൻസികൾ പഠനം നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി പാഠ്യപദ്ധതികൾ പരിഷ്കരിക്കുകയും അതിൻപ്രകാരം പാഠപുസ്തകങ്ങൾ തയ്യാറാക്കി കുട്ടികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം അദ്ധ്യാപകരെ ശാക്തീകരിക്കുന്നതിനായി മെച്ചപ്പെട്ട പരിശീലനം നൽകിവരുന്നതോടൊപ്പം ഐ.റ്റി. അധിഷ്ഠിത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി ഐ.റ്റി.@സ്കൂളിന്റെ നേതൃത്വത്തിൽ സ്മാർട്ട് ക്ലാസ്സ് റൂം തുടങ്ങി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കൂടാതെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി പ്ലാൻഫണ്ട്, എസ്.എസ്.എ., ആർ.എം.എസ്.എ. എന്നിവയുടെ ഫണ്ടുകൾ ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി 1000 സ്കൂളുകളെ തെരഞ്ഞെടുത്ത് അതിന്റെ പ്രവർത്തനവും ആരംഭിച്ചുവരികയാണ്. ഗുണമേന്മാ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച വിവിധ കർമ്മപരിപാടികളെ അടിസ്ഥാനപ്പെടുത്തി എസ്.സി.ഇ.ആർ.ടി. താഴെപ്പറയുന്ന വിവിധ പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ട്.

- സമഗ്ര ഗുണമേന്മാ വിദ്യാലയാസൂത്രണ പദ്ധതി
- പ്രൈമറിതലത്തിൽ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തുന്നതിനുള്ള അദ്ധ്യാപക ശാക്തീകരണ പരിപാടി
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രൈമറി- സെക്കന്ററി തലങ്ങളിൽ പ്രത്യേക പഠന പരിപാടി
- ആറായിരത്തോളം പ്രൈമറിതല പ്രഥമാധ്യാപകർക്ക് ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ശാക്തീകരണ പരിപാടി
- ക്ലാസ്സ്തല മോണിറ്ററിംഗിനും സ്കൂൾതല മോണിറ്ററിംഗിനും സ്ഥിരം സംവിധാനത്തിന് രൂപരേഖയും കർമ്മ പരിപാടിയും

ഐ.റ്റി. അധിഷ്ഠിത പഠനം ശക്തമാക്കുന്നതിന് പ്രൈമറി ക്ലാസുകളിലേക്ക് ആക്റ്റിവിറ്റി പുസ്തകങ്ങൾ ഐടി@സ്കൂളിന്റെ സഹകരണത്തോടെ തയ്യാറാക്കിയിട്ടുണ്ട്.

(സി) പാഠ്യപദ്ധതികൾ പരിഷ്കരിക്കുകയും അതിൻപ്രകാരം പാഠപുസ്തകങ്ങൾ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ കുട്ടികൾക്ക് കൂടുതൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കുട്ടികളെ സാങ്കേതിക ജ്ഞാനമുള്ളവരാക്കി മാറ്റുന്നതിനായി ഐ.റ്റി. അധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ട് വിവിധ പ്രവർത്തനങ്ങൾ ഐറ്റി@സ്കൂളിന്റെ നേതൃത്വത്തിൽ നൽകിവരുന്നു. പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ കുട്ടികളെ പൗരബോധമുള്ളവരും ദേശസ്നേഹികളുമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ പ്രത്യേക പരിഗണന നൽകിവരുന്നു. സർക്കാർ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകളാക്കി മാറ്റുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെയും ഗതാഗത വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയുമൊക്കെ നേതൃത്വത്തിൽ ക്ലാസ്സുകളും സെമിനാറുകളും മറ്റ് ബോധവത്ക്കരണ പദ്ധതികളും നടത്തിവരുന്നുണ്ട്.

**വിദ്യാർത്ഥികളില്ലാത്ത അനാദായകരമായ വിദ്യാലയങ്ങൾ**

155(2224) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ആർ. രാജേഷ് :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നിബന്ധന പ്രകാരം ആവശ്യത്തിന് വിദ്യാർത്ഥികളില്ലാത്ത അനാദായകരമെന്ന് മുദ്രകുത്തപ്പെട്ട വിദ്യാലയങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇത്തരം സ്കൂളുകളുടെ മുന്നോട്ടുള്ള പ്രവർത്തനം സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(സി) അംഗീകാരമില്ലാതെ പ്രവർത്തിയ്ക്കുന്ന സ്കൂളുകൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചാൽ മേൽപ്പറഞ്ഞ പ്രകാരമുള്ള സ്കൂളുകൾക്ക് ഗുണകരമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) അനാദായകരമെന്ന് കണ്ടെത്തിയ വിദ്യാലയങ്ങളെക്കുറിച്ച് പ്രത്യേകിച്ച് പഠനം നടത്തിയിട്ടില്ല. കേരള വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കാൻ പാടില്ല. അംഗീകാരമില്ലാത്ത സ്കൂളുകൾ നിർത്തലാക്കുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല.

(സി) അംഗീകാരമില്ലാത്ത സ്കൂളുകൾ നിർത്തലാക്കുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല.

**ഏരിയാ ഇന്റൻസീവ് പ്രോഗ്രാം**

156(2225) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏരിയാ ഇന്റൻസീവ് പ്രോഗ്രാം (എ.ഐ.പി.) പദ്ധതിയിൽ ഇപ്പോൾ സംസ്ഥാനത്ത് എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) സ്കൂളുകളുടെ പേര്, സ്ഥിതി ചെയ്യുന്ന ജില്ല എന്നിവ വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്കൂളുകളിൽ ജോലിചെയ്യുന്ന ഏതാനും അദ്ധ്യാപകർക്ക് വർഷങ്ങളായി ശമ്പളം ലഭിക്കാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ കൈകൊള്ളും; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) 33 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) മലപ്പുറം, കോഴിക്കോട്, പാലക്കാട്, കാസർഗോഡ്, വയനാട് എന്നീ അഞ്ച് ജില്ലകളിലാണ് ഏരിയ ഇന്റൻസീവ് പ്രോഗ്രാം പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകൾ പ്രവർത്തിച്ചുവരുന്നത്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി&ഡി) ഉണ്ട്. സർക്കാർ അംഗീകൃത 238 തസ്തികകളിൽ ജോലിചെയ്യുന്ന അദ്ധ്യാപകർക്ക് കൃത്യമായി ശമ്പളം നൽകുന്നുണ്ട്. അധിക തസ്തികകളിൽ മാനേജർമാർ സർക്കാരിന്റെ അനുമതി കൂടാതെ നിയമനം നടത്തിയ അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നില്ല. ഇത്തരത്തിൽ നടത്തിയ നിയമനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചുവരികയാണ്.

**സംസ്ഥാനത്തെ 8 മുതൽ 12 വരെ ക്ലാസ്സുകൾ ഹൈടെക് ആക്കുന്നതിന് പദ്ധതി**

157(2227) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും 8 മുതൽ 12 വരെ ക്ലാസ്സുകൾ ഹൈടെക് ആക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇവിടങ്ങളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിക്കുമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ ആർക്കാണ് ഇതിന്റെ ചുമതലയെന്നും ഈ വർഷം പദ്ധതി നടപ്പിലാക്കുന്നുണ്ടോയെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകൾ അടുത്ത രണ്ട് വർഷംകൊണ്ട് ഹൈടെക് ക്ലാസ്സ് മുറികളാക്കി പഠനപ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകാൻ ഉദ്ദേശിക്കുന്നു. വിവിധ സ്കൂളുകളിലെ അടിസ്ഥാന സൗകര്യവികസനം സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു. പദ്ധതി നിർവ്വഹണം സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖേന നടത്താൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ ഐടി@സ്കൂൾ പ്രോജക്ടാണ് ഇതിന് മേൽനോട്ടം വഹിക്കുന്നത്.

**വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആർട്സ് & സയൻസ് കോളേജുകൾ**

158(2228) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച ആർട്സ് & സയൻസ് കോളേജുകൾ പലതും വാടക കെട്ടിടത്തിൽ വളരെ അസൗകര്യങ്ങളോടെ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളേജുകളിൽ കെട്ടിട-ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾക്കും പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(സി) പ്രസ്തുത കോളേജുകൾക്ക് യു.ജി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രസ്തുത കോളേജുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് College Infrastructure Upgradation Programme (CIUP) എന്ന ശീർഷകത്തിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. കോളേജുകളിൽനിന്നും പ്രൊപ്പോസലുകൾ ലഭിക്കുന്നതനുസരിച്ച് ഫണ്ട് അനുവദിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം CIUP ശീർഷകത്തിൽനിന്നും പ്രസ്തുത കോളേജുകൾക്കായി അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾക്ക് പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടില്ല.

(സി) ഇല്ല.

**കട്ട് ഓഫ് മാർക്ക്**

159(2229) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എഞ്ചിനീയറിംഗ് പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള 'കട്ട് ഓഫ് മാർക്ക്' എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മാർക്ക് പരിധി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) എഞ്ചിനീയറിംഗ് പ്രവേശനപ്പരീക്ഷയിലെ ഒന്നും രണ്ടും പേപ്പറുകൾക്ക് കുറഞ്ഞത് 10 മാർക്ക് വീതം നേടിയിരിക്കണം. എന്നാൽ എസ്‌സി./എസ്ടി. വിഭാഗത്തിൽ വരുന്ന വിദ്യാർത്ഥികൾക്ക് കുറഞ്ഞ മാർക്ക് പരിധിയില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നാക് (എൻ.എ.എ.സി.)

160(2230) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ അസ്സസ്സ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിൽ(നാക്) സംഘത്തിന്റെ പരിശോധനയുമായി ബന്ധപ്പെട്ട് മൊകേരി ഗവൺമെന്റ് കോളേജിൽ ഇതിനകം ചെയ്തിട്ടുള്ള മുന്നൊരുക്കങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ഈ കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ഇവിടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ ഈ കോളേജിൽ ഉള്ള ഡിഗ്രി കോഴ്സുകൾ ഏതൊക്കെയാണെന്നും 'നാക്'-ന്റെ ഏതു ഗ്രേഡാണ് കോളേജിനുള്ളതെന്നും അറിയിക്കുമോ;

(ഇ) സയൻസ് ഡിഗ്രി കോഴ്സുകൾ ഒന്നുംതന്നെ ഈ കോളേജിലില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇത് സയൻസ് ഐച്ഛിക വിഷയമായെടുത്ത് പ്ലസ്-ടു കോഴ്സ് പൂർത്തിയാക്കുന്ന കുട്ടികളുടെ ഉപരിപഠനത്തെ പ്രതികൂലമായി ബാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നാക് സംഘത്തിന്റെ പരിശോധനയുമായി ബന്ധപ്പെട്ട് മൊകേരി ഗവൺമെന്റ് കോളേജിൽ സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് വിവിധ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിവരികയും പഠന ഡിപ്പാർട്ടുമെന്റുകളുടെ ടൈലിംഗ്, സെമിനാർ ഹാളിന്റെ ഫാബ്രിക്കേഷൻ പ്രവൃത്തി എന്നിവ പൂർത്തിയാക്കുകയും കൂടാതെ പെയിന്റിംഗ് ജോലി പുരോഗമിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മൊകേരി ഗവൺമെന്റ് കോളേജിൽ ബി.എ. മലയാളം, ബി.എസ്.സി. കെമിസ്ട്രി, എം.കോം., എം.എ. ഹിസ്റ്ററി എന്നീ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഈ കോളേജിലെ ഭൗതികസൗകര്യം മെച്ചപ്പെടുത്തുന്നതിനായി സ്റ്റേറ്റ് പ്ലാൻ ഫണ്ടിലെ വിവിധ ശീർഷകങ്ങളിൽനിന്നും തുക അനുവദിച്ചുവരുന്നുണ്ട്.

(ഡി) നിലവിൽ ഈ കോളേജിൽ ബി.എ. ബിസ്റ്ററി, ബി.എ. ഫങ്ഷണൽ ഇംഗ്ലീഷ്, ബി.എസ്‌സി. ഗണിതശാസ്ത്രം, എം.എ. ഇംഗ്ലീഷ്, ബി.ബി.എ., എം.എസ്‌സി. ഗണിതശാസ്ത്രം എന്നി കോഴ്സുകൾ ഉണ്ട്. നാക്കിന്റെ 'ബി' ഗ്രേഡാണ് ഈ കോളേജിനുള്ളത്.

(ഇ) ബി.എസ്‌സി. ഗണിതശാസ്ത്രം, എം.എസ്‌സി. ഗണിതശാസ്ത്രം എന്നീ സയൻസ് ഡിഗ്രി കോഴ്സുകൾ ഈ കോളേജിൽ നിലവിലുണ്ട്.

(എഫ്&ജി) ബാധകമല്ല.

**ദിവസ വേതന അദ്ധ്യാപകർ**

161(2231) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്യുന്ന ദിവസ വേതന അധ്യാപകർക്ക് വേതനത്തിന് ഉയർന്ന പരിധിയുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ പരിധി എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(ബി) ദിവസ വേതനക്കാരുടെ വേതന പരിധി ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യതകൾ ഇല്ലാത്ത ദിവസ വേതന അദ്ധ്യാപകർക്ക് മണിക്കൂറിൽ 300 രൂപ നിരക്കിൽ പരമാവധി 20,740 രൂപയും അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് നിയമിക്കപ്പെടാൻ യോഗ്യതയുള്ള ദിവസവേതന അദ്ധ്യാപകർക്ക് മണിക്കൂറിൽ 500 രൂപ നിരക്കിൽ പരമാവധി 25,000 രൂപയുമാണ് നിലവിൽ നൽകിവരുന്നത്.

(ബി) നിലവിൽ പരിഗണനയിലില്ല.

**ശ്രീ. സജിൻ പോളിന്റെ നിയമനം**

162(2232) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം എം.എ. കോളേജിൽ കോമേഴ്സ് വിഭാഗം ലക്ചറായി യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ നിയമിതനായ ശ്രീ. സജിൻ പോളിന്റെ നിയമനം വർഷങ്ങൾ പിന്നിട്ടിട്ടും അംഗീകാരം നൽകി, ശമ്പളം നൽകുന്നതിന് അനുമതി ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇദ്ദേഹത്തിന്റെ അപേക്ഷയിന്മേൽ നിയമനം അംഗീകരിച്ചു നൽകുന്നതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കോതമംഗലം എം.എ. കോളേജിൽ കോമേഴ്സ് വിഭാഗം അദ്ധ്യാപകനായ ശ്രീ. സജിൻ പോളിന്റെ നിയമനത്തിന് യൂണിവേഴ്സിറ്റി അംഗീകാരം നൽകിയിരുന്നുവെങ്കിലും നിശ്ചിത ജോലിഭാരത്തിന്റെ അഭാവത്തിൽ അദ്ദേഹത്തിന് സർക്കാർ നിയമനാംഗീകാരം നൽകുകയുണ്ടായില്ല. ഇതിനെതിരെ അദ്ദേഹം ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. WP(C) 5135/15-മേലുള്ള ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 03/2015 മുതൽ പ്രതിമാസ ശമ്പളം അനുവദിച്ച് നൽകുന്നുണ്ട്.

(ബി) നിയമനാംഗീകാരം നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. സജിൻ പോൾ സമർപ്പിച്ച അപേക്ഷയിന്മേൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ 1-10-2016-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ ശിപാർശ പരിശോധിച്ചുവരുന്നു.

**മൊകേരി ഗവൺമെന്റ് കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണം**

163(2233) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊകേരി ഗവൺമെന്റ് കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടും പ്രവൃത്തി ഇതുവരെ ആരംഭിക്കാത്ത സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതു വർഷമാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്; പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ:

(സി) ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഡി) ഈ പ്രവൃത്തി പുനരാരംഭിക്കാനാകുമോ; ഇല്ലെങ്കിൽ ചുറ്റുമതിൽ നിർമ്മാണ കാര്യത്തിൽ എന്തു നടപടി സ്വീകരിക്കും; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) മൊകേരി ഗവൺമെന്റ് കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തി നേരത്തെ രണ്ട് തവണ ടെണ്ടർ ചെയ്യുകയും ഒരു പ്രാവശ്യം ക്വട്ടേഷൻ വിളിക്കുകയും ചെയ്തിട്ടും കരാറുകാർ ഏറ്റെടുക്കുകയുണ്ടായില്ല.

(ബി) 2014-ലാണ് ഭരണാനുമതി ലഭിച്ചത്. ഭരണാനുമതി തുകയും എസ്റ്റിമേറ്റ് തുകയും 10 ലക്ഷം രൂപയാണ്.

(സി) ഈ പ്രവൃത്തി 30-8-2016-ന് ക്വട്ടേഷൻ വിളിച്ചപ്പോൾ 9.8 ശതമാനം എസ്റ്റിമേറ്റ് റേറ്റിനെക്കാൾ കൂടിയ നിരക്കിൽ ഒരാൾ ഏറ്റെടുത്തിട്ടുണ്ട്. അത് അംഗീകാരത്തിന് സമർപ്പിക്കാനായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആഫീസിൽ എൽ.എം.ആർ. എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

(ഡി) ടെണ്ടർ അംഗീകരിച്ച് ലഭിക്കുന്ന മുറയ്ക്ക് സെലക്ഷൻ നോട്ടീസ് നൽകി എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

**എയ്ഡഡ് കോളേജുകളിലെ നിയമനങ്ങൾക്ക് സംവരണം**

164(2234) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളജുകളിലെ നിയമനങ്ങൾക്ക് സംവരണം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച് നിയമസഭ പാസ്സാക്കിയ പ്രമേയത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) എയ്ഡഡ് കോളജുകളിൽ ഇപ്പോഴുള്ള അദ്ധ്യാപക- അനദ്ധ്യാപക തസ്തികകളിൽ ജോലി ചെയ്യുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാർ എത്രയാണ്; ആകെ ജീവനക്കാരിൽ ഇവർ എത്ര ശതമാനമാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇക്കാര്യത്തിൽ നിയമസഭ പ്രമേയം പാസ്സാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ ജോലിചെയ്യുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ മേഖല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ് | അദ്ധ്യാപക ജീവനക്കാർ എസ്.സി./എസ്.ടി. | | അനദ്ധ്യാപക ജീവനക്കാർ എസ്.സി./എസ്.ടി. | |
|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| കൊല്ലം | 21 | 0.12 | 24 | 0.32 |
| കോട്ടയം | 9 | 0.56 | 7 | 0.87 |
| തൃശ്ശൂർ | 19 | 1.7 | 4 | 0.9 |
| കോഴിക്കോട് | 20 | 1.15 | 6 | 0.71 |
| എറണാകുളം | 5 | 0.36 | 13 | 2.1 |

## നെന്മാറ നിയോജക മണ്ഡലത്തിൽ കോളേജുകൾ അനുവദിക്കുന്നതിനുള്ള നടപടി

165(2235) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ആർട്സ് & സയൻസ് കോളേജോ, എഞ്ചിനീയറിംഗ് കോളേജോ ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 13 ഹൈസ്കൂളും, 11 ഹയർ സെക്കണ്ടറി സ്കൂളും, 2 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളും പ്രവർത്തിക്കുന്ന നെന്മാറ നിയോജക മണ്ഡലത്തിൽ ഒരു ആർട്സ് & സയൻസ് കോളേജ്, ഒരു എഞ്ചിനീയറിംഗ് കോളേജ്, ഒരു പോളി ടെക്നിക് കോളേജ് എന്നിവ അനുവദിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) നെന്മാറ നിയോജകമണ്ഡലത്തിൽ നിലവിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുംതന്നെയില്ല. നെന്മാറ നിയോജക മണ്ഡലത്തിലെ വിദ്യാർത്ഥികൾ ആലത്തൂർ, ചിറ്റൂർ മുതലായ സ്ഥലങ്ങളിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് ഉപരിപഠനത്തിനായി ആശ്രയിക്കുന്നത്. ഈ സാഹചര്യത്തിൽ നെന്മാറ നിയോജക മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങണമെന്ന ആവശ്യം പരിശോധിച്ചുവരികയാണ്.

## നാഷണൽ കൗൺസിൽ ഫോർ ടീച്ചേഴ്സ് എഡ്യൂക്കേഷൻ

166(2236) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ കൗൺസിൽ ഫോർ ടീച്ചേഴ്സ് എജ്യുക്കേഷന്റെ നിയമങ്ങൾ 2014-ൽ അടിമുടി മാറ്റിയതിന്റെ ഫലമായി ബി.എഡ്./എം.എഡ്. കോളേജുകൾ വലിയ പ്രതിസന്ധി നേരിടുന്ന എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ബി.എഡ്./എം.എഡ്.കോഴ്സിന്റെ സമയം ഒരു വർഷം എന്നത് രണ്ടു വർഷം ആക്കിയതുകൊണ്ട് അപേക്ഷകരുടെ എണ്ണം കുറഞ്ഞതുവഴി സർക്കാർ, എയിഡഡ് കോളേജുകളിൽ അടക്കം കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എം.എഡ്. കോഴ്സിനു പഴയതു പോലെ കോഴ്സിന്റെ കാലാവധി ഒരു വർഷമായി പുനഃസ്ഥാപിക്കുന്നതിനു എൻ.സി.ടി.ഇ-യുമായും കേന്ദ്ര സർക്കാരുമായും ബന്ധപ്പെടുന്നതിന് ആലോചിക്കുന്നുണ്ടോ;

(ഡി) എൻ.സി.ടി.ഇ-യുടെ പുതിയ റെഗുലേഷൻ അനുസരിച്ച് 4 വർഷത്തെ ബി.എ./ബി.എസ്.സി.+ ബി.എഡ്. ഇന്റഗ്രേറ്റഡ് കോഴ്സുകൾ ആരംഭിക്കുവാൻ അർഹതയുള്ള കോളേജുകൾക്ക് അനുവാദം നൽകുന്നത് കൊണ്ട് ബി.എഡ്-ന്റെ കോഴ്സ് സമയം 2 വർഷം ആകുന്നത് കൊണ്ടുള്ള സമയനഷ്ടം ഒഴിവാകുന്നതിനാൽ ഇന്റഗ്രേറ്റഡ് കോഴ്സുകളിൽ ചേരാൻ അപേക്ഷകർ ഉണ്ടാകാനിടയുള്ള സാഹചര്യം കണക്കിലെടുത്ത് ഇന്റഗ്രേറ്റഡ് കോഴ്സുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ 4 വർഷത്തെ ബി.എ./ബി.എസ്.സി.+ ബി.എഡ്. ഇന്റഗ്രേറ്റഡ് കോഴ്സുകൾ അർഹതയുള്ള കോളേജുകളിൽ ഉടൻ തുടങ്ങുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(എഫ്) എൻ.സി.ടി.ഇ-യുടെ പുതിയ റെഗുലേഷൻ അനുസരിച്ച് ബി.എഡ്. പാർട്ട് ടൈം കോഴ്സുകൾ അർഹതയുള്ള സ്ഥാപനങ്ങളിൽ ആരംഭിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കാമോ;

(ജി) പ്രസ്തുത റെഗുലേഷൻ പ്രകാരം 4 വർഷത്തെ ബി.എ./ബി.എസ്.സി./ ബി.എഡ്. ഇന്റഗ്രേറ്റഡ് കോഴ്സുകൾക്ക് അർഹതയുള്ള സ്ഥാപനങ്ങളിൽ ആരംഭിക്കുന്നതിനും ഇതുവഴി ഈ രംഗത്ത് വന്നിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനും ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) നാഷണൽ കൗൺസിൽ ഫോർ ടീച്ചേഴ്സ് എഡ്യൂക്കേഷൻ നിയമങ്ങൾ 2014-ൽ മാറ്റിയതിനാൽ ബി.എഡ്./എം.എഡ്. കോഴ്സുകളുടെ ദൈർഘ്യം ഒരു വർഷത്തിൽനിന്നും 2 വർഷമായി ഉയർത്തിയിരുന്നു. രണ്ട് വർഷമാക്കിയതുമൂലമുണ്ടായ അദ്ധ്യാപകരുടെ അധിക ജോലിഭാരം പരിഹരിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരികയാണ്. സർക്കാർ ഫീസിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറയുന്ന സ്ഥിതിയും സംജാതമായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി-ജി) ബി.എ., ബി.എഡ്./ബി.എസ്സി, ബി.എഡ്. ഇന്റഗ്രേറ്റഡ് കോഴ്സുകൾ, ബി.എഡ്. പാർട്ട് ടൈം കോഴ്സുകൾ എന്നിവ ആരംഭിക്കുന്നത് സംബന്ധിച്ച് യൂണിവേഴ്സിറ്റികളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. യൂണിവേഴ്സിറ്റികളുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം തുടർനടപടികൾ പരിശോധിക്കുന്നതാണ്.

**അദ്ധ്യാപക നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് സംവരണം**

167(2237) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ് കോളേജുകളിലെ അധ്യാപക നിയമനങ്ങളിൽ നിലവിൽ ഭിന്നശേഷിക്കാർക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ സംവരണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ കോളേജുകളിലെ പി.എസ്.സി. നിയമനങ്ങൾക്ക് ഭിന്നശേഷിക്കാർക്ക് മൂന്ന് ശതമാനം സംവരണം നിലവിലുണ്ട്. എയ്ഡഡ് കോളേജുകളിൽ സംവരണം ഏർപ്പെടുത്തിയിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**സർക്കാർ കോളേജുകളിൽ സീനിയർ സൂപ്രണ്ട് തസ്തിക**

168(2238) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലായി എത്ര ആർട്സ് ആൻറ് സയൻസ് കോളേജുകളും, ട്രെയിനിംഗ് കോളേജുകളും, ഡെപ്യൂട്ടി ഡയറക്ടറേറ്റുകളുമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് പുതുതായി എത്ര സർക്കാർ കോളേജുകളാണ് അനുവദിച്ചിട്ടുള്ളത്; അവ ഏതൊക്കെ എന്ന് വെളിപ്പെടുത്താമോ ;

(സി) സർക്കാർ കോളേജുകളിൽ ഇപ്പോഴും ഡി.ഡി.ഒ.-മാരായി പ്രിൻസിപ്പൽമാർ പ്രവർത്തിച്ചു വരുന്നത് ഏതൊക്കെ കോളേജുകളിലാണ്;

(ഡി) സർക്കാർ കോളേജുകളിൽ സീനിയർ സൂപ്രണ്ടുമാരുടെ തസ്തിക അനുവദിക്കുന്നതിൻെറ മാനദണ്ഡമെന്താണ് എന്നറിയിക്കുമോ ;

(ഇ) താരതമ്യേന പുതിയ കോളേജുകളിൽ പോലും സീനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കപ്പെട്ടപ്പോൾ, പഴയതും കുട്ടികളുടെ എണ്ണം കൂടുതലുമുള്ളതുമായ കോട്ടയം ഗവ. കോളേജ് ഉൾപ്പെടെയുള്ളവയ്ക്ക് ഈ തസ്തിക അനുവദിക്കാതിരുന്നത് എന്തുകൊണ്ട് എന്ന് വിശദമാക്കാമോ;

(എഫ്) ഇതു സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ നൽകിയിരുന്നോ; ഉണ്ടെങ്കിൽ എന്നാണ് പ്രപ്പോസൽ നൽകിയിരുന്നത്; ഏതൊക്കെ കോളേജുകളാണ് ഈ പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിരുന്നത്; ഏതൊക്കെ കോളേജുകളിലാണ് തസ്തിക അനുവദിക്കപ്പെട്ടത്; ബാക്കിയുള്ളവയ്ക്ക് എന്തു കാരണം പറഞ്ഞാണ് തസ്തിക നിരസിച്ചത്; വിശദമാക്കാമോ;

(ജി) പുതിയ സാഹചര്യത്തിൽ കോട്ടയം ഗവ. കോളേജ് ഉൾപ്പെടെയുള്ളിടത്ത് പ്രിൻസിപ്പൽമാരുടെ ജോലിഭാരം കുറയ്ക്കുന്നതിനായി സീനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലായി 61 സർക്കാർ ആർട്സ് &സയൻസ് കോളേജുകളും 153 എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളും നാല് സർക്കാർ ട്രെയിനിംഗ് കോളേജുകളും 17 എയ്ഡഡ് ട്രെയിനിംഗ് കോളേജുകളും 5 ഡെപ്യൂട്ടി ഡയറക്ടറേറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) 22 സർക്കാർ ആർട്സ് & സയൻസ് കോളേജുകളും എസ്.ആർ.വി. മ്യൂസിക് സ്കൂളിനെ മ്യൂസിക് കോളേജായി അപ്ഗ്രേഡും ചെയ്ത് സർക്കാർ ഉത്തരവായിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് പുതുതായി അനുവദിച്ച ആർട്സ് & സയൻസ് കോളേജുകളുടെ പേരുകൾ അനുബന്ധം-I* ആയി ചേർത്തിട്ടുണ്ട്.

(സി) എല്ലാ പ്രിൻസിപ്പാൾമാരും ഡി.ഡി.ഒ.-മാരായി പ്രവർത്തിക്കുന്നു (സംഗീത കോളേജുകളിൽ ഒഴികെ).

(ഡി) 2000-ന് താഴെ വിദ്യാർത്ഥികളുള്ള ജൂനിയർ കോളേജുകളിലാണ് സീനിയർ സൂപ്രണ്ട് തസ്തിക അനുവദിച്ചുവരുന്നത്.

(ഇ) കോട്ടയം ഗവൺമെന്റ് കോളേജ് ഉൾപ്പെടെയുള്ള ഏതാനും കോളേജുകളിൽ പ്രീഡിഗ്രി നിലനിന്ന കാലത്ത് 2500-ലധികം വിദ്യാർത്ഥികൾ നിലനിന്നിരുന്നു. അങ്ങനെ വരുമ്പോൾ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഒരു അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റും രണ്ട് ജൂനിയർ സൂപ്രണ്ടും തസ്തികകളാണ് അനുവദനീയമായത്. പ്രീഡിഗ്രി കോളേജുകളിൽനിന്നും വേർപെടുത്തിയ സമയത്ത് വിദ്യാർത്ഥികളുടെ എണ്ണം 2000-ൽ കുറവ് വന്നപ്പോൾ ഈ കോളേജുകളിൽനിന്നും എ.എ.-യുടെ തസ്തികയും ഒരു ജൂനിയർ സൂപ്രണ്ടിന്റെ തസ്തികയും നിർത്തൽ ചെയ്യുകയുണ്ടായി. എന്നാൽ ശേഷിച്ച ഒരു ജൂനിയർ സൂപ്രണ്ടിന്റെ തസ്തിക സീനിയർ സൂപ്രണ്ടിന്റെ തസ്തികയായി ഉയർത്തുകയുണ്ടായില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്&ജി) അമ്പലപ്പുഴ ഗവൺമെന്റ് കോളേജിനായി 21-12-2015-ൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ നൽകിയിരുന്നു. എന്നാൽ നിലവിലെ സാമ്പത്തിക സാഹചര്യം അനുസരിച്ച് പുതുതായി സീനിയർ സൂപ്രണ്ട് ഉൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിക്കാനോ നിലവിലുള്ള തസ്തികകൾ അപ്ഗ്രേഡ് ചെയ്യുവാനോ സാധിച്ചിട്ടില്ല. അട്ടപ്പാടി ഗവൺമെന്റ് കോളേജിനായി 6-5-2016-ൽ പ്രൊപ്പോസൽ നൽകിയത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. കോട്ടയം ഗവൺമെന്റ് കോളേജിനായി 30-7-2014-ൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും 2015-നുശേഷം നൽകുവാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. കോളേജ് വിദ്യാഭ്യാസ വകുപ്പിൽനിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## സർക്കാർ/എയ്ഡഡ് കോളേജുകളിൽ ബിരുദ പഠനത്തിന് പ്രവേശനം

169(2239) ശ്രീ. എം. സ്വരാജ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. വി. ജോയി :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സർക്കാർ/എയിഡഡ് കോളേജുകളിൽ ബിരുദ പഠനത്തിന് അനുവദിക്കപ്പെട്ട സീറ്റുകളിൽ മുഴുവൻ പ്രവേശനം നൽകാത്തത് പരിശോധിച്ചിട്ടുണ്ടോ; ഒഴിഞ്ഞുകിടക്കുന്ന അനുവദനീയ സീറ്റുകളിൽ പ്രവേശന നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുമോ?

### ഉത്തരം

ഉണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് കോളേജുകളിൽ ബിരുദ പഠനത്തിന് അഡ്മിഷൻ നൽകുന്നതിന് 30-09-2016 വരെ സമയം സർക്കാർ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടായിരുന്നു. 30-9-2016-ന് ശേഷം ഒഴിവുവന്ന സീറ്റുകളെക്കുറിച്ച് ബന്ധപ്പെട്ട കോളേജുകളിൽനിന്നും കേരള സർവ്വകലാശാലയ്ക്ക് വിവരം ലഭിച്ചിട്ടില്ല. ഒന്നാം സെമസ്റ്റർ പരീക്ഷ വിജ്ഞാപനം നടത്തിയ സാഹചര്യത്തിലും വിദ്യാർത്ഥികൾക്ക് മതിയായ അറ്റൻഡൻസ് ലഭിക്കുകയില്ല എന്നതിനാലും സർവ്വകലാശാല നിയമപ്രകാരമുള്ള ഏറ്റവും കുറഞ്ഞ അദ്ധ്യയന ദിവസങ്ങൾ ലഭിക്കുകയില്ല എന്നതിനാലും 30-09-2016-നോടുകൂടി ഒഴിവുകിടന്നിരുന്ന സീറ്റുകളിൽ പ്രവേശനം നടത്തുന്നതിനുള്ള എല്ലാവിധ ശ്രമങ്ങളും എം.ജി. സർവ്വകലാശാല നടത്തുകയും പ്രവേശന നടപടികൾ അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഒഴിഞ്ഞുകിടക്കുന്ന അനുവദനീയ സീറ്റുകളിൽ 30-9-2016 വരെയുള്ള ഒഴിവുകളിലേയ്ക്ക് പ്രവേശന നടപടികൾ കാലിക്കറ്റ് സർവ്വകലാശാല പൂർത്തീകരിച്ചിട്ടുണ്ട്. ബിരുദ പഠനത്തിന് അനുവദിക്കപ്പെട്ട മുഴുവൻ സീറ്റിലും 30-9-2016 വരെ കണ്ണൂർ സർവ്വകലാശാലയിൽ പ്രവേശനം നടത്താൻ സമയം അനുവദിച്ചിട്ടുണ്ട്. കുസാറ്റിൽ സീറ്റ് ഒഴിവില്ല. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ബിരുദ പഠനത്തിന് ജനറൽ വിഭാഗത്തിൽ സീറ്റുകളൊന്നും ഒഴിഞ്ഞുകിടക്കുന്നില്ല. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ ബിരുദ കോഴ്സുകൾ നിലവിലില്ല.

**എഞ്ചിനീയറിംഗ് കോളേജുകൾക്ക് മികവ് അടിസ്ഥാനത്തിൽ റാങ്കിംഗ്**

170(2240) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ അക്കാദമിക് ഓഡിറ്റിംഗ് സംവിധാനം എന്നുമുതലാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംവിധാനം നിലവിൽ വന്നതിനുശേഷം ഏതെല്ലാം കോളേജുകൾ ഓഡിറ്റിംഗിനു വിധേയമായെന്നും, മികവ് പുലർത്തുന്നില്ലായെന്നു കണ്ടെത്തിയ ഏതെല്ലാം കോളേജുകൾക്ക് അഫിലിയേഷൻ നഷ്ടപ്പെട്ടുവെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകൾക്ക് മികവിന്റെ അടിസ്ഥാനത്തിൽ റാങ്കിംഗ് നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ അക്കാദമിക് ഓഡിറ്റിംഗ് സംവിധാനം 2015-16 അദ്ധ്യയന വർഷം മുതലാണ് നിലവിൽ വന്നത്.

(ബി) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല 2015-16 അദ്ധ്യയന വർഷത്തിൽ അഫിലിയേറ്റഡ് കോളേജുകളുടെ നിലവാരവും സൗകര്യവും വിലയിരുത്തുന്നതിനായി എല്ലാ കോളേജുകളെയും എക്സ്പെർട്ട് വിസിറ്റ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കി. തുടർ വിലയിരുത്തലിൽ അടിസ്ഥാനസൗകര്യങ്ങളും അദ്ധ്യാപകരും അപര്യാപ്തമായി കണ്ട് ചുവടെ ചേർക്കുന്ന 5 എഞ്ചിനീയറിംഗ് കോളേജുകളിൽ ഈ വർഷം (2016-17) വിദ്യാർത്ഥികളെ പ്രവേശിപ്പിക്കരുതെന്ന് ഉത്തരവുനൽകി.

1. ശ്രീ എറണാകുളത്തപ്പൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ്, തൃശ്ശൂർ
2. സെന്റ് ഗ്രിഗോറിയസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാസർഗോഡ്
3. സദ്ഗുരു സ്വാമി നിത്യാനന്ദ സ്കൂൾ ഓഫ് ടെക്നോളജി, കാഞ്ഞങ്ങാട്
4. പിനാക്കിൾ സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജി, കൊല്ലം
5. അർച്ചന കോളേജ് ഓഫ് എഞ്ചിനീയറിംഗ്, നൂറനാട്.

ഈ കോളേജുകളെല്ലാം, സർവ്വകലാശാല ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചെങ്കിലും ശ്രീ എറണാകുളത്തപ്പൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ്, തൃശ്ശൂർ, സദ്ഗുരു സ്വാമി നിത്യാനന്ദ സ്കൂൾ ഓഫ് ടെക്നോളജി, കാഞ്ഞങ്ങാട് എന്നീ സ്ഥാപനങ്ങൾക്ക് മാത്രം പ്രവേശനത്തിന് അനുമതി ലഭിക്കുകയുണ്ടായി.

(സി) മികവിന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് കോളേജുകൾക്ക് റാങ്കിംഗ് നിശ്ചയിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**എഞ്ചിനീയറിംഗ് കോളേജുകളുടെ ഗുണനിലവാര തകർച്ച**

171(2241) ശ്രീ. കെ. മുരളീധരൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളുടെ ഗുണനിലവാര തകർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എഞ്ചിനീയറിംഗ് കോളേജുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) എഞ്ചിനീയറിംഗ് കോളേജുകളിൽനിന്നും പഠിച്ചിറങ്ങുന്ന ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ സാദ്ധ്യത ഉറപ്പു വരുത്താനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എഞ്ചിനീയറിംഗ് കോളേജുകളുടെ ഗുണനിലവാരവും സൗകര്യവും വിലയിരുത്തുന്നതിനായി എല്ലാ കോളേജുകളിലും എക്സ്പെർട്ട് വിസിറ്റിംഗ് കമ്മിറ്റിയുടെ പരിശോധനയും അക്കാഡമിക് ആഡിറ്റിംഗും നടത്തിവരുന്നു.

(സി) ക്യാമ്പസ് ഇന്റർവ്യൂ, ടെക്നോളജി ബിസിനസ് ഇൻക്യുബേറ്റർ (ടി.ബി.ഐ.) രൂപീകരണം, സ്റ്റാർട്ട് അപ്, അപ്രന്റീസ് ട്രെയിനിംഗ് തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വ്യവസായ മേഖലയ്ക്ക് അനുയോജ്യരായ എഞ്ചിനീയർമാരെ സൃഷ്ടിക്കുന്നതിനുതകുന്ന വിധത്തിൽ പാഠ്യപദ്ധതിയിൽ മാറ്റം വരുത്തിയിട്ടുണ്ട്.

**രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ(RUSA)**

172(2242) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. കെ. രാജൻ</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയായ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (RUSA) നടപ്പാക്കുന്നതിലെ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(ബി) RUSA പദ്ധതി നടപ്പാക്കുന്നതിലൂടെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ കാതലായ മാറ്റം നേടിയെടുക്കാനാകുമെന്ന് കരുതുന്നുണ്ടോ;

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനും ഗവേഷണ പ്രവർത്തനങ്ങളുടെ പുരോഗതിയ്ക്കും RUSA പദ്ധതി സഹായകരമാകുമെന്ന് കരുതുന്നുണ്ടോ?

<u>ഉത്തരം</u>

(എ) 22-1-2014-ലെ സർക്കാർ ഉത്തരവ് നമ്പർ 41/2014 ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രകാരമാണ് സംസ്ഥാന ഗവൺമെന്റ് RUSA പദ്ധതിയുടെ ഭാഗമായത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ കാതലായ മാറ്റം ഉണ്ടാക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അടിസ്ഥാനസൗകര്യ വികസനത്തിനും ഗവേഷണപ്രവർത്തനങ്ങൾക്കും സാമ്പത്തിക സഹായം നൽകുന്നതിലൂടെ സമയബന്ധിതമായി RUSA പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്. RUSA യുടെ 18 ഘടകഭാഗങ്ങളിലായി വിവിധ പദ്ധതികൾ എം.എച്ച്.ആർ.ഡി. ആവിഷ്കരിച്ചിട്ടുണ്ട്. ഇത് ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ നടപ്പാക്കുകവഴി ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (ജി.ഇ.ആർ) 19.4 ശതമാനത്തിൽ നിന്നും 32 ശതമാനത്തിലേയ്ക്ക് ഉയർത്തുവാൻ ലക്ഷ്യമിടുന്ന പദ്ധതിയാണിത്.

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും ഗവേഷണപ്രവർത്തനങ്ങളുടെ പുരോഗതിക്കും RUSA പദ്ധതി വഴി അക്രഡിറ്റേഷൻ ലഭിക്കുന്ന ഒരു സർക്കാർ കോളേജിന് 2 കോടി രൂപയും യൂണിവേഴ്സിറ്റിക്ക് 20 കോടി രൂപയും നൽകിവരുന്നു. ഇതുവരെ റൂസ പദ്ധതി പ്രകാരം കേരള സംസ്ഥാനത്തിന് 128 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതു റൂസയുടെ മാനദണ്ഡങ്ങൾ അനുസരിച്ച് ഉപയോഗിക്കുകവഴി, വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ പുരോഗതിക്ക് ഉതകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## വിളപ്പിൽശാല പോളിടെക്നിക്

173(2243) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽശാല പഞ്ചായത്തിൽ അനുവദിച്ചിട്ടുള്ള പോളിടെക്നിക്കിന്റെ നിലവിലുള്ള സ്ഥിതി വിശദീകരിയ്ക്കാമോ; ക്ലാസുകൾ എന്ന് ആരംഭിയ്ക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽശാല പഞ്ചായത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന സർക്കാർ പോളിടെക്നിക്ക് കോളേജിനായി വിളപ്പിൽ വില്ലേജ് വക സർവ്വേനമ്പർ 227, 228-ൽപ്പെട്ട 6.77 ഏക്കർ ഭൂമി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. എന്നാൽ ടി വസ്തുവിൽ അടുത്തിടെയുണ്ടായ അനധികൃത കയ്യേറ്റം ഒഴിപ്പിക്കൽ വിഷയവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസ് തീർപ്പാക്കിയാൽ മാത്രമേ നിർദ്ദിഷ്ട പോളിടെക്നിക്കിന്റെ ഭൂമി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കൈമാറാൻ കഴിയുകയുള്ളൂ. ക്ലാസ്സുകൾ ആരംഭിക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിൽനിന്നുള്ള എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. ആയത് ലഭിച്ചതിനുശേഷം മാത്രമേ ക്ലാസ്സുകൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ടുള്ള വ്യക്തമായ വിവരങ്ങൾ നൽകുവാൻ കഴിയുകയുള്ളൂ.

## നടുവിൽ ടെക്നിക്കൽ ഹൈസ്കൂളിനോട് ചേർന്ന് പോളിടെക്നിക്

174(2244) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ നടുവിൽ ടെക്നിക്കൽ ഹൈസ്കൂളിനോട് ചേർന്ന് ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ള നടുവിൽ പോളിടെക്നിക്കിന് എ.ഐ.സി.റ്റി.ഇ. അനുമതി ലഭിക്കാൻ അവിടെ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുവാനുള്ള തെന്ന് വ്യക്തമാക്കാമോ;

(ബി) ടെക്നിക്കൽ ഹൈസ്കൂളിന്റെ സ്ഥലവും കെട്ടിടവും പോളിടെക്നിക്കിനായി കൈമാറ്റം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട മന്ത്രിസഭാ തീരുമാനം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) 2017-18 അദ്ധ്യയന വർഷം പോളിടെക്നിക്ക് പ്രവർത്തനം ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 1. നടുവിൽ ടെക്നിക്കൽ ഹൈസ്കൂളിന്റെ കൈവശമുള്ള 7 ഏക്കറിൽ 5 ഏക്കർ സ്ഥലം നടുവിൽ പോളിടെക്നിക്കിനുവേണ്ടി വിട്ടു കിട്ടുന്നതിനുള്ള നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്.

2. ഒന്നാം വർഷത്തേയ്ക്കുള്ള കോഴ്സ് നടത്തിപ്പിനാവശ്യമായ ലാബ് ഉപകരണങ്ങൾ, ഫർണിച്ചർ, ലൈബ്രറി ബുക്കുകൾ എന്നീ ആവശ്യങ്ങൾക്കായി തുക അനുവദിക്കേണ്ടതുണ്ട്.

3. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ഭരണാനുമതി ലഭ്യമാക്കിയ കെട്ടിടത്തിന്റെ പണി നവംബറോടുകൂടി പൂർത്തിയാക്കേണ്ടതുണ്ട്.

4. നിലവിലുള്ള കെട്ടിടത്തിന്റെ ഇലക്ട്രിസിറ്റി കണക്ഷൻ, ജനറൽ വയറിംഗ് എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്.

(ബി&സി) നടുവിൽ പോളിടെക്നിക്ക് ആരംഭിക്കുന്നതിനുവേണ്ടി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനായി ഇലക്ഷൻ കമ്മീഷന്റെ അനുമതിക്ക് വിധേയമായി 16-3-2016-ൽ 8766-ാം നമ്പരായി മന്ത്രിസഭ തീരുമാനമെടുത്തിരുന്നു. ഇലക്ഷൻ പ്രക്രിയ കഴിയുന്നതുവരെ കാത്തിരിക്കാൻ ഇലക്ഷൻ കമ്മീഷൻ ഉത്തരവായി. തുടർന്ന് കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്തെ മന്ത്രിസഭാ തീരുമാനങ്ങൾ പരിശോധിക്കാൻ രൂപീകരിച്ച മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയ്ക്ക് വിഷയം സമർപ്പിക്കുകയും കമ്മിറ്റിയുടെ പരിഗണനയിൽപ്പെട്ട വിഷയങ്ങളിൽ റിപ്പോർട്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ ടി തീരുമാനത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതുമാണ്.

(ഡി) പോളിടെക്നിക് ക്ലാസ്സുകൾ ആരംഭിക്കുന്നതിലേയ്ക്കായി എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. ആയത് ലഭിച്ചതിനുശേഷം മാത്രമേ ക്ലാസ്സുകൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ടുള്ള തീരുമാനങ്ങൾ കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ.

## സ്വാശ്രയ എഞ്ചിനീയറിംഗ് പ്രവേശനം

175(2245) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് പ്രവേശനം എന്നാണ് പൂർത്തിയായതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ നിലവിൽ സർക്കാർ/സ്വാശ്രയ മേഖലയിൽ എത്ര എഞ്ചിനീയറിംഗ് സീറ്റ് ആണ് ഉള്ളത്;

(സി) പരീക്ഷ കമ്മീഷണർ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നവർ എത്രയാണ്;

(ഡി) പ്രവേശന നടപടികൾ പൂർത്തിയാക്കിയപ്പോൾ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഓരോ വിഭാഗത്തിലും ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളുടെ എണ്ണം എത്രയാണ്; ഇതിൽ മെറിറ്റ് സീറ്റുകൾ എത്രയാണ്?

ഉത്തരം

(എ) ഈ വർഷത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് പ്രവേശനം 15-8-2016-ന് പൂർത്തിയായി.

(ബി) സംസ്ഥാനത്ത് സർക്കാർ/എയിഡഡ്, സ്വാശ്രയ മേഖലയിൽ ആകെ 56223 എഞ്ചിനീയറിംഗ് സീറ്റുകൾ ലഭ്യമാണ്.

(സി) പ്രവേശന പരീക്ഷാകമ്മീഷണർ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ 52578 പേർ ഉൾപ്പെട്ടിട്ടുണ്ട്.

(ഡി) പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തിയ അലോട്ട്മെന്റ് പൂർത്തിയായപ്പോൾ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 13927 മെറിറ്റ് സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. ഓരോ വിഭാഗത്തിലും ഒഴിഞ്ഞുകിടക്കുന്ന മെറിറ്റ് സീറ്റുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു*.

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ലക്ചറർ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആന്റ് ബിസിനസ്സ് മാനേജ്മെന്റ് തസ്തിക

176(2246) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ ആന്റ് ബിസിനസ്സ് മാനേജ്മെന്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും ഈ ഒഴിവുകൾ പി.എ.സി. യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ 2016 ജനവരി 1-ന് ശേഷം ഇതുവരെ എത്രപേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും ഇതിൽ എത്രപേർ ജോലി രാജിവെച്ച് പോയിട്ടുണ്ടെന്നും പേരും, മേൽവിലാസവും ഉൾപ്പെടെ വ്യക്തമാക്കാമോ;

(സി) രാജിവെച്ചോ ഉപേക്ഷിച്ചോ പോയ ഒഴിവുകൾ പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ തീയതിയും, ഒഴിവുകളുടെ എണ്ണവും വ്യക്തമാക്കാമോ;

(ഇ) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി ) 11 പേർ ജോലിയിൽ പ്രവേശിച്ചു. ഒരാൾ രാജിവച്ചുപോവുകയും ചെയ്തു. ടി ജീവനക്കാരിയുടെ പേരും, മേൽവിലാസവും ചുവടെ ചേർക്കുന്നു:

ശ്രീമതി പ്രമീണ കെ, 31/789(എ), ശ്രീനിധി, തിട്ടുന്നയിൽ ലൈൻ, വൈറ്റില.പി.ഒ., എറണാകുളം - 682 019

(സി) ഇപ്രകാരമുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) സർക്കാർ പോളിടെക്നിക്കുകളിൽ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് ആന്റ് ബിസിനസ്സ് മാനേജ്മെന്റ് ബ്രാഞ്ചിൽ ലക്ചറർ തസ്തികയിലുണ്ടായിരുന്ന 12 ഒഴിവുകൾ 17-11-2009, 30-5-2013 എന്നീ തീയതികളിലെ ഇസി3/32650/09 കത്ത് മുഖേന പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. അതിൽ പുനലൂർ

പോളിടെക്നിക്ക് കോളേജിലെ 2 ഒഴിവുകളും ഉണ്ടായിരുന്നു. പുനലൂർ സർക്കാർ പോളിടെക്നിക്ക് കോളേജിൽ സി.എ.ബി.എം.ഡിപ്ലോമ കോഴ്സ് നിർത്തലാക്കി ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സ് ആരംഭിച്ചിരുന്നതിനാൽ 20-12-2012-ലെ ജി.ഒ. (എംഎസ്.) നമ്പർ 648/12/ഉവിവ നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് ടി സ്ഥാപനത്തിലെ സി.എ.ബി.എം. വിഭാഗത്തിൽ നിലവിലുണ്ടായിരുന്ന തസ്തികകൾ നിർത്തലാക്കി പകരം ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ സമാന തസ്തികകൾ സൃഷ്ടിച്ചു. ഇതിൽ സി.എ.ബി.എം. വിഭാഗത്തിലെ 2 ലക്ചറർ തസ്തികകളും ഉൾപ്പെടുന്നു. ആയതിനാൽ 17-11-2009-ൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ 2 എണ്ണം റദ്ദ് ചെയ്യപ്പെട്ടതായി കണക്കാക്കണമെന്ന് പി.എസ്.സി.-യെ അറിയിക്കുകയുണ്ടായി. പ്രസ്തുത വിഷയം കമ്മീഷൻ വിശദമായി ചർച്ച ചെയ്യുകയും ആയത് പരിഗണിക്കുവാൻ കഴിയുകയില്ലെന്ന് ഉത്തരവാകുകയും ചെയ്തതായി പി.എസ്.സി. അറിയിച്ചിരുന്നു. അതിൻപ്രകാരം 4-3-2016 തീയതിയിലെ RIC (1) 2204/16/ GW അഡ്വൈസ് പ്രകാരം 12 ലക്ചറർക്ക് പി.എസ്.സി. അഡ്വൈസ് നൽകി. അധികമായി അഡ്വൈസ് ചെയ്ത 2 ഉദ്യോഗാർത്ഥികളെ ഹെഡ് ഓഫ് സെക്ഷൻ തസ്തികയ്ക്ക് പകരം നിയമിക്കുകയുണ്ടായി. എന്നാൽ ഹെഡ് ഓഫ് സെക്ഷന്റെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ഇപ്പോൾ ലക്ചറർ തസ്തികയിൽ വന്നിരിക്കുന്ന ഒരു എൻ.ജെ.ഡി. ഒഴിവിലും ഒരു രാജിവച്ച ഒഴിവിലും ഹെഡ് ഓഫ് സെക്ഷനിൽ നിയമിച്ചിരിക്കുന്ന ലക്ചറർമാരെ മാറ്റി ക്രമീകരിക്കേണ്ടതിന്റെ നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. ആയതിനാലാണ് നിലവിലുള്ള 2 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതിരുന്നത്.

**തീക്കോയി ടെക്നിക്കൽ സ്കൂളിന്റെ വികസനം**

177(2247) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ടെക്നിക്കൽ സ്കൂളുകളിൽ മുൻപന്തിയിൽ നിൽക്കുന്ന തീക്കോയി ടെക്നിക്കൽ സ്കൂളിന്റെ വികസനത്തിനായി രണ്ടേക്കർ സ്ഥലം ഏറ്റെടുത്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി ആവശ്യമായ തുക അനുവദിയ്ക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ടെക്നിക്കൽ സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഈരാറ്റുപേട്ട വില്ലേജിൽ ആനിയിളപ്പിൽ സമീപം 2 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## വിവിധ സർവ്വകലാശാലകളിൽ നിലവിലുള്ള അസിസ്റ്റന്റ് ഒഴിവുകൾ

178(2248) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ നിലവിലുള്ള അസിസ്റ്റന്റ് ഒഴിവുകൾ സർവ്വകലാശാലകൾ അടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ, പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ വിവരം വെളിപ്പെടുത്തുമോ;

(സി) സർവ്വകലാശാലകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യുന്നതിൽ അധികൃതർ വൈമുഖ്യം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കേരള സർവ്വകലാശാല - 234

എം.ജി. സർവ്വകലാശാല - 118

പി.എസ്.സി. ലഭ്യമാക്കിയ അഡ്വൈസ് മെമ്മോ പ്രകാരം നിയമനം നടന്നുവരുന്നു.

കാലിക്കറ്റ് സർവ്വകലാശാല - ഒഴിവുകളുടെ എണ്ണം വ്യക്തമാക്കിയിട്ടില്ല. 30-1-2016-ന് പ്രസിദ്ധീകരിച്ച അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകിക്കൊണ്ടിരിക്കുന്നു.

കുസാറ്റ് -നിലവിലുണ്ടായിരുന്ന 30 ഒഴിവുകളിലേയ്ക്ക് പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടന്നുവരുന്നു.

കണ്ണൂർ സർവ്വകലാശാല - 75

അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാല - 20

മലയാള സർവ്വകലാശാല - തസ്തിക സൃഷ്ടിച്ചിട്ടില്ല.

ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല - 1

(ബി) കേരള സർവ്വകലാശാല - 232 ഒഴിവുകൾ റിപ്പോർട്ട് ചെയ്തു. 2 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എം.ജി. സർവ്വകലാശാല – 31-5-2016-നുശേഷമുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാലിക്കറ്റ് സർവ്വകലാശാല– ഒഴിവുകളുടെ എണ്ണം വ്യക്തമാക്കിയിട്ടില്ല. 30-1-2016-ന് പ്രസിദ്ധീകരിച്ച അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകിക്കൊണ്ടിരിക്കുന്നു.

കുസാറ്റ്-നിലവിലുണ്ടായിരുന്ന 30 ഒഴിവുകളിലേയ്ക്ക് പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടന്നുവരുന്നു.

കണ്ണൂർ സർവ്വകലാശാല– 71. ജി.ഒ.(എംഎസ്.) നമ്പർ 174/216/ ഉവിവ തീയതി 6-8-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിലെ ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ, സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ്, ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികകളിൽ ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള സർവ്വകലാശാലകളിൽ നിന്നും ഓപ്ഷൻ മുഖേന നിയമനം നടത്തുവാൻ നിർദ്ദേശിച്ചിരിക്കുന്നതിനാൽ അസിസ്റ്റന്റ് ഒഴിവുകൾ ഒന്നുംതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

മലയാള സർവ്വകലാശാല - തസ്തിക സൃഷ്ടിച്ചിട്ടില്ല.

ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല - 1

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം**

179(2249) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കുറഞ്ഞുവരുന്നതായുള്ള സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ് കാരണങ്ങൾ എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഓരോ സർവ്വകലാശാലകളിലും കൽപ്പിത സർവ്വകലാശാലകളിലും കോളേജുകളിലും പഠനത്തിനായി വരുന്ന വിദേശികളുടെയും അന്യ സംസ്ഥാനത്തുനിന്നുള്ള വിദ്യാർത്ഥികളുടെയും എണ്ണം ഓരോ വർഷവും വിശകലനം ചെയ്യാറുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(സി) വിദേശ വിദ്യാർത്ഥികളെയും അന്യസംസ്ഥാനത്തുനിന്നുള്ള വിദ്യാർത്ഥികളെയും ആകർഷിക്കുന്നതരത്തിൽ ഗുണനിലവാരമുള്ള ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളാക്കി നമ്മുടെ സർവ്വകലാശാലകളെയും കൽപ്പിത സർവ്വകലാശാലകളെയും കോളേജുകളെയും മാറ്റുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസമേഖലയിലെ ഗുണനിലവാരവുമായി ബന്ധപ്പെട്ട വിഷയങ്ങൾ Internal Quality Assurance Cell-ഉം മറ്റ് അക്കാദമിക് കമ്മിറ്റികളും വിലയിരുത്തുന്നുണ്ട്. എന്നാൽ ഉന്നതവിദ്യാഭ്യാസരംഗത്ത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കുറഞ്ഞുവരുന്നതിന് പ്രധാന കാരണങ്ങൾ കണ്ടെത്തുന്നതിന് സമഗ്രമായ ഒരു പഠനം നടത്തിയിട്ടില്ല. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം കുറയുന്നതിന് കോഴ്സുകളുടെ വൈവിധ്യവത്കരണം, സിലബസ് പരിഷ്കരണം, ആധുനിക ബോധനരീതികൾ നടപ്പിലാക്കൽ തുടങ്ങിയവയുടെ അഭാവമാണ് പ്രധാന കാരണങ്ങളായി വിലയിരുത്തപ്പെടുന്നത്.

(ബി ) ഉണ്ട്.

(സി) പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. വിദേശസർവ്വകലാശാലകൾ ഉൾപ്പെടെയുള്ള വിവിധ സർവ്വകലാശാലകളുമായി ചേർന്ന് അക്കാഡമിക് സഹകരണത്തിനും സ്റ്റുഡന്റ് ഫാക്കൽറ്റി എക്സ്ചേഞ്ച് പ്രോഗ്രാമുകൾ നടത്തുന്നതിനും ബ്രിട്ടീഷ് കൗൺസിലുമായി ചേർന്നുള്ള Generation UK Programme, IIASC യുമായി ചേർന്നുള്ള Semester - in-India Programme തുടങ്ങിയവ നടത്തുന്നതിനുള്ള നടപടികൾ കേരള സർവ്വകലാശാലയിൽ ആവിഷ്കരിച്ചുവരുന്നു. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ വിദേശ വിദ്യാർത്ഥികൾക്ക് വിവിധ വകുപ്പുകളിൽ പഠനസൗകര്യം ഒരുക്കുന്നതിനായി Inter University Centre for International Co-operation എന്ന പേരിൽ ഒരു ഡിപ്പാർട്ടുമെന്റും Inter University Centre for Chinese Studies ഉം പ്രവർത്തിക്കുന്നുണ്ട്. വിദേശ വിദ്യാർത്ഥികളുടെ പ്രവേശനം മുതൽ കോഴ്സ് പൂർത്തീകരിക്കുന്നതുവരെയുള്ള എല്ലാ സേവനങ്ങളും ഏകീകരിക്കുന്നതിനായി സിംഗിൾ വിൻഡോ സംവിധാനവും കാമ്പസ്സിലെ വിദേശ വിദ്യാർത്ഥികളുടെ താമസസൗകര്യങ്ങൾക്കായി ഒരു ഇന്റർനാഷണൽ സ്റ്റുഡന്റ്സ് ഹോസ്റ്റലും പുതുതായി വരുന്ന വിദേശ വിദ്യാർത്ഥികൾക്കായി ഓറിയന്റേഷൻ ക്ലാസ്സുകൾ, ഇംഗ്ലീഷ് ബ്രിഡ്ജ് കോഴ്സ് എന്നിവയും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിനും വിദ്യാർത്ഥികളുടെ അഭിരുചിക്കനുസൃതമായി കഴിവ് വികസിപ്പിക്കാനുതകുന്ന തരത്തിൽ പ്രൊഫ.ബി.ഹൃദയകുമാരി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യു.ജി.സി.-യുടെയും ഹയർ എഡ്യുക്കേഷൻ കൗൺസിലിന്റെയും നിർദ്ദേശപ്രകാരം ബിരുദ ബിരുദാനന്തര തലത്തിൽ Choice Based Credit Semester System- ഉം വിദേശ വിദ്യാർത്ഥികളെ പഠനത്തിന് പ്രവേശിപ്പിക്കുന്നതിനായി ഇന്റർനാഷണൽ അക്കാദമിക് ഡയറക്ടറേറ്റും വിദേശ ഫാക്കൽറ്റി എക്സ്ചേഞ്ച് പദ്ധതികളും കൂടാതെ സർവ്വകലാശാല വിദ്യാർത്ഥികൾക്കായി പാലയാട് കമ്പസിൽ ബിസിനസ്സ്

ഇൻക്യുബേഷൻ സെന്ററും കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു. കേരളത്തിന് പുറത്തും വിദേശത്തുമുള്ള വിദ്യാർത്ഥികൾക്കായി മലയാള ഭാഷയും സംസ്കാരവും പഠിപ്പിക്കുന്നതിന് ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിന് മലയാള സർവ്വകലാശാലയിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ അധികാരപരിധിയിൽ കൽപ്പിത സർവ്വകലാശാലകൾ ഒന്നും പ്രവർത്തിക്കുന്നില്ല.

**സംസ്ഥാനം മുഴുവൻ പ്രവർത്തനപരിധിയുള്ള സർവ്വകലാശാലകൾ**

180(2250) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം മുഴുവനായി പ്രവർത്തന പരിധി നിശ്ചയിച്ചിട്ടുള്ള സർവകലാശാലകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സർവകലാശാലകൾക്ക് വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം എല്ലാ ജില്ലകളിലും സഹായകേന്ദ്രങ്ങളോ, ഉപകേന്ദ്രങ്ങളോ നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരം കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ്&ടെക്നോളജി, തുഞ്ചത്തെഴുത്തച്ഛൻ, മലയാള സർവ്വകലാശാല, എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല, ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല എന്നിവയാണ് സംസ്ഥാനം മുഴുവനായി പ്രവർത്തനപരിധി നിശ്ചയിച്ചിട്ടുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സർവ്വകലാശാലകൾ.

(ബി) ആലപ്പുഴ ജില്ലയിലെ പുളിങ്കുന്നിൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജിക്ക് ഒരു ഉപകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്ക് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ ഓരോ പ്രാദേശിക കേന്ദ്രങ്ങൾ വീതം ഉണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## കേരള സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രം

181(2251) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലാ പഞ്ചായത്തിൻെറ കീഴിൽ കല്ല്യാശ്ശേരിയിലെ സെൻറർ ഫോർ എക്സലൻസ് എന്ന സ്ഥാപനത്തിൻെറ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി കേരള സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രവും അവിടെ പിന്നോക്ക - പാവപ്പെട്ട വിദ്യാർത്ഥികൾക്കുള്ള മികച്ച കോച്ചിംഗ് സെൻററും ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ കല്ല്യാശ്ശേരിയിലെ സെന്റർ ഫോർ എക്സലൻസ് എന്ന സ്ഥാപനത്തിന്റെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി കേരള സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രം ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കുന്നതിന് നടപടി

182(2254) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെയുള്ള കൈയ്യേറ്റ ഭൂമി എത്ര എന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കൈയ്യേറ്റ ഭൂമിയിൽ പുറമ്പോക്ക് ഭൂമി എത്ര എന്നും ഇവയിൽ രണ്ടു സെന്റിൽ കുറവുള്ളവർക്ക് പ്രസ്തുത ഭൂമി വ്യവസ്ഥകളോടെ താമസത്തിനു നൽകാനും കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഈ സർക്കാർ തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പുറമ്പോക്കു ഭൂമിയല്ലാത്ത സർക്കാർ ഭൂമി കൈയ്യേറ്റം കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ അധികാരമൊഴിയുമ്പോൾ എത്രയായിരുന്നു എന്നും കഴിഞ്ഞ യു.ഡി.എഫ് സർക്കാർ അധികാരമൊഴിയുമ്പോൾ എത്രയായിരുന്നു എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കാലയളവിനേക്കാൾ മുൻ യു.ഡി.എഫ്. സർക്കാർ കാലയളവിൽ ഭൂമി കൈയ്യേറ്റം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് നടക്കുന്ന ഇത്തരം ഭൂമി കയ്യേറ്റങ്ങൾ നിയന്ത്രിക്കാനും സർക്കാർ ഭൂമിയും സ്വകാര്യ വ്യക്തിക്കൾ അനധികൃതമായി കൈവശം വച്ചിട്ടുള്ള ഭൂമിയും തിരിച്ച് പിടിച്ച് സംരക്ഷിക്കാനും ഈ സർക്കാർ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർ**

183(2255) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ വിജിലൻസ് അന്വേഷണം നേരിടുന്ന എത്ര ഉദ്യോഗസ്ഥരുണ്ട്;

(ബി) ഇവരുടെ പേര്, തസ്തിക, ഓഫീസ്, ജില്ല എന്നിവ സഹിതം വിവരം ലഭ്യമാക്കുമോ;

(സി) ഒന്നിൽ കൂടുതൽ വിജിലൻസ് കേസുകൾ നേരിടുന്ന ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, ഓഫീസ് എന്നിവ ലഭ്യമാക്കുമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിൽ വിജിലൻസ് അന്വേഷണം നേരിടുന്ന 27 ഉദ്യോഗസ്ഥരുണ്ട്.

(ബി ) വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു*.

(സി) വിശദാംശങ്ങൾ അനുബന്ധം - II ആയി ചേർത്തിരിക്കുന്നു*.

**കോട്ടക്കൽ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ**

184(2256) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ മാറാക്കര, വളാഞ്ചേരി, മേൽമുറി, കാട്ടിപ്പരുത്തി, കോട്ടക്കൽ, നടുവട്ടം എന്നീ വില്ലേജുകളിലെ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) നടുവട്ടം വില്ലേജ് ഓഫീസ് മന്ദിരത്തിന്റെ ശോചനീയാവസ്ഥയ്ക്ക് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ മേൽമുറി വില്ലേജ് ഓഫീസിൽ ഒരു സ്പെഷ്യൽ വില്ലേജ് ഓഫീസറുടെയും ഒരു വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെയും ഒഴിവ് നിലവിലുണ്ട്. ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മറ്റ് വില്ലേജുകളിലൊന്നും നിലവിൽ ഒഴിവില്ല. വളാഞ്ചേരി എന്ന പേരിൽ വില്ലേജ് ഓഫീസ് നിലവിലില്ല. ആയത് കാട്ടിപ്പരുത്തി എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്.

(ബി) നടുവട്ടം വില്ലേജ് ഓഫീസിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇ-ഗവേണൻസ് പദ്ധതിപ്രകാരം നൽകുന്ന സർട്ടിഫിക്കറ്റുകൾ**

185(2257) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഓഫീസുകളിൽ നിന്നും ഇ-ഗവേണൻസ് പദ്ധതി പ്രകാരം സർട്ടിഫിക്കറ്റുകൾ നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം തരം സർട്ടിഫിക്കറ്റുകളാണ് ഇങ്ങനെ വിതരണം ചെയ്യുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് റവന്യൂ സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി ഓൺലൈനായി നൽകിവരുന്നുണ്ട്.

(ബി) സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്ന് നൽകിവരുന്ന താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകിവരുന്നു:

1. ജാതി സർട്ടിഫിക്കറ്റ്
2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്

4. ബന്ധുത്വ സർട്ടിഫക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്
7. വരുമാന സർട്ടിഫിക്കറ്റ്
8. കൈവശാവകാശ സർട്ടിഫിക്കറ്റ്
9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
10. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്
11. സോൾവൻസി സർട്ടിഫിക്കറ്റ്
12. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
13. കൺവെർഷൻ സർട്ടിഫിക്കറ്റ്
14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്
15. അഗതി സർട്ടിഫിക്കറ്റ്
16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
17. മിശ്രവിവാഹ സർട്ടിഫിക്കറ്റ്
18. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്
19. ലൈഫ് സർട്ടിഫിക്കറ്റ്
20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്
21. പൊസഷൻ ആന്റ നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്
22. വാല്വേഷൻ സർട്ടിഫിക്കറ്റ്
23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്
24. മൈനോരിറ്റി സർട്ടിഫിക്കറ്റ്

(സി) സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 24/2010/ഐ.റ്റി.ഡി. തീയതി 4-8-2010 പ്രകാരം ഓൺലൈൻവഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് നിയമ സാധുത നൽകിയിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാർക്കും ലാപ് ടോപ്പുകൾ/ പേഴ്സണൽ കമ്പ്യൂട്ടറുകൾ എന്നിവ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻവഴി നൽകിക്കഴിഞ്ഞിട്ടുണ്ട്.

ഇ-ഡിസ്ട്രിക്ട് പദ്ധതി ഉപയോഗിക്കുന്ന എല്ലാ വില്ലേജ് ഓഫീസർമാർക്കും സ്പെഷ്യൽ വില്ലേജ് ഓഫീസർമാർക്കും തഹസീൽദാർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ, എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടായാൽ പരിഹരിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും എല്ലാ താലൂക്കുകളിലും ഹാൻഡ് ഹോൾഡിംഗ് സ്റ്റാഫിനെയും കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ വഴി നിയമിച്ചിട്ടുണ്ട്. അക്ഷയകേന്ദ്രങ്ങൾവഴി വിതരണം ചെയ്ത ലഘുലേഖകൾവഴിയും വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിലൂടെയും ബോധവത്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം നൽകുന്ന സർട്ടിഫിക്കറ്റുകളുടെ പൂർണ്ണവിവരവും സർട്ടിഫിക്കറ്റുകൾക്ക് ആവശ്യമായിട്ടുള്ള അനുബന്ധ രേഖകളുടെ വിവരങ്ങളും അപേക്ഷ നൽകുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും വേണ്ട പരിശീലനങ്ങളും അനുബന്ധ സാങ്കേതികവിവരങ്ങളും അക്ഷയ കേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്.

റവന്യൂ വകുപ്പിന്റെ പൗരാവകാശരേഖയിൽ നിഷ്കർഷിച്ചിരിക്കുന്നതും സർക്കാരിന്റെ സേവനാവകാശ നിയമം അനുശാസിക്കുന്നതുമായ സമയപരിധി പാലിച്ചാണ് സർട്ടിഫിക്കറ്റുകൾ നൽകിവരുന്നത്. എല്ലാ ജില്ലാ അക്ഷയ കോർഡിനേറ്റർമാർക്കും അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും സാങ്കേതികമായ സഹായം ലഭ്യമാക്കുന്നതിനും എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ തക്കതായ നടപടികൾക്ക് ജില്ലാകളക്ടർക്ക് ശിപാർശ നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റികളും രൂപീകരിച്ചിട്ടുള്ളതുമാണ്.

## ഇ-ഡിസ്ട്രിക്ട് പദ്ധതി

186(2258) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിൽ സേവനങ്ങൾ ഓൺലൈനായി നൽകുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഭൂനികുതി അടയ്ക്കുന്നതുൾപ്പെടെയുള്ള ഏതെല്ലാം തരം സേവനങ്ങളാണ് ഓൺലൈനായി നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇ-ഡിസ്ട്രിക്റ്റ് പദ്ധതി പ്രകാരം ഏതെല്ലാം റവന്യൂ ഓഫീസുകളിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി ) ഇ-ഡിസ്ട്രിക്ട് :

വില്ലേജ്/താലൂക്ക് ഓഫീസുകളിൽ പൊതുജനങ്ങൾക്കാവശ്യമുള്ള സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതി ആണ് ഇ-ഡിസ്ട്രിക്റ്റ് പദ്ധതി'. എപ്പോഴും എവിടെ നിന്നു വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/തഹസിൽദാറുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈൻ ആയി നൽകിവരുന്നു.

സംയോജിത ഓൺലൈൻ പോക്കുവരവ് :

ഭൂമി സംബന്ധമായി റവന്യൂ രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാദ്ധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

ഓൺലൈൻ ടാക്സ് പേമെന്റ് :

റവന്യൂ വകുപ്പിലെ ഭൂനികുതി ഒടുക്ക് തുടങ്ങി വിവിധ സാമ്പത്തിക സേവനങ്ങൾ ക്രോഡീകരിച്ച് സുതാര്യമായ ഒരു റവന്യൂ ഭരണത്തിന് കളമൊരുക്കുകയെന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്. റവന്യൂ വകുപ്പിലേയ്ക്ക് അടയ്ക്കേണ്ട/പിരിഞ്ഞു കിട്ടേണ്ട നികുതികളും മറ്റ് തുകകളും സ്വഗൃഹത്തിലിരുന്നുതന്നെ കമ്പ്യൂട്ടറിന്റെയോ സ്മാർട്ട് ഫോണിന്റെയോ സഹായത്തോടെ അടയ്ക്കുവാൻ സാധിക്കുന്ന വിപ്ലവകരമായ ഒരു പരിഷ്കാരമാണ് ഇത്. തുടക്കത്തിൽ ഭൂനികുതി മാത്രമാണ് ഈ സംവിധാനംവഴി അടയ്ക്കുവാൻ സാധിക്കുക.

(സി) ഇ-ഡിസ്ട്രിക്ട് പദ്ധതി സംസ്ഥാനത്തെ എല്ലാ താലൂക്ക്/വില്ലേജ് ഓഫീസുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്.

## ടി.എസ്. കനാലിന്റെ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലുൾപ്പെടുന്ന ഭാഗത്തിന്റെ സർവ്വേ നടപടികൾ

187(2259) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി.എസ്. കനാലിന്റെ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലുൾപ്പെടുന്ന ഭാഗത്തിന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; പദ്മനാഭൻ ജെട്ടി മുതൽ ആലുംപീടിക വരെയുള്ള ഭാഗത്തെ ടി.സി.എസ്. കനാലിന്റെ സർവ്വേ സ്കെച്ച് ലഭ്യമാക്കുമോ;

(ബി) ഈ പ്രദേശത്തെ കയേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതെല്ലാം വില്ലേജുകളിലാണ് കയ്യേറ്റം നടന്നിട്ടുള്ളതെന്നും എത്ര ഭൂമി കയ്യേറിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലുൾപ്പെടുന്ന ടി.എസ്. കനാൽ ആലപ്പാട്, ക്ലാപ്പന, കുലശേഖരപുരം, ആദിനാട്, കരുനാഗപ്പള്ളി, അയണിവേലി ക്കുളങ്ങര എന്നീ വില്ലേജുകളിൽ ഉൾപ്പെടുന്നു. ടി വില്ലേജുകളുടെ റീസർവ്വേ നടപടികൾ പൂർത്തീകരിച്ച് 1996-1999 കാലഘട്ടത്തിൽ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. പത്മനാഭൻ ജെട്ടി മുതൽ ആലുംപീടിക വരെയുള്ള ഭാഗത്തെ ടി. എസ്. കനാലിന്റെ സ്കെച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ആലപ്പാട് വില്ലേജിൽ 11 കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. ആയതിന്റെ ആകെ വിസ്തീർണ്ണം 44.58 ആർസ് ആണ്.

(സി) 11 കേസുകളിൽ ഉൾപ്പെട്ടുവരുന്ന 5 കേസുകളിൽ 20.27 ആർസ് സ്ഥലം ഒഴിപ്പിച്ചിട്ടുള്ളതും 3 കേസുകളിലായി 12.26 ആർസ് സ്ഥലം ഒഴിപ്പിക്കുന്നതിന് ആലപ്പാട് ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുള്ളതും ബാക്കി 3 കേസുകളിലായി 12.05 ആർസ് സ്ഥലത്തെ കയ്യേറ്റം സംബന്ധമായി 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ നടന്നുവരുന്നതുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഭവന നിർമ്മാണ വകുപ്പിന്റെ പദ്ധതികൾക്കായി വാങ്ങിയ ഭൂമി

188(2260) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2011-2016) ഭവന നിർമ്മാണ വകുപ്പ് കേരളത്തിലാകമാനം വിവിധ പദ്ധതികൾക്കായി എത്ര കോടി രൂപ വീതം ഓരോ വർഷവും ചെലവാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഭവനനിർമ്മാണ പദ്ധതികൾക്കായി പ്രസ്തുത കാലഘട്ടത്തിൽ സ്ഥലങ്ങൾ വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സ്ഥലങ്ങൾ വാങ്ങിയതിൽ സാമ്പത്തിക ക്രമക്കേട് സംബന്ധിച്ചുള്ള എന്തെങ്കിലും ആരോപണങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെങ്കിലും കേസ് നിലവിൽ ഉണ്ടോ; വിശദീകരിക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2011-2016) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് കേരളത്തിലാകമാനം വിവിധ പദ്ധതികൾക്കായി ഓരോ വർഷവും ചെലവാക്കിയ തുകയുടെ വിവരം അനുബന്ധം I* ആയി ചേർത്തിരിക്കുന്നു. 2011-16 കാലയളവിൽ സംസ്ഥാന നിർമ്മിതി കേന്ദ്രം നടപ്പിലാക്കിയ പദ്ധതികളും അവയ്ക്കായി ചെലവാക്കിയ തുകയുടെ വിശദാംശങ്ങളും അനുബന്ധം II* ആയി ചേർത്തിരിക്കുന്നു.

(ബി) ഭവനനിർമ്മാണ പദ്ധതികൾക്കായി പ്രസ്തുത കാലഘട്ടത്തിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം എന്നിവരുമായി ബന്ധപ്പെട്ട് സ്ഥലങ്ങൾ വാങ്ങിയിട്ടില്ല.

(സി&ഡി) (ബി) പിരിവിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

## ഭൂമി കേരളം പദ്ധതി

189(2261) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി കേരളം പദ്ധതിയുടെ കീഴിൽ നിലവിൽ നടന്നുവരുന്ന ജോലികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ എത്ര ജീവനക്കാർ ഉണ്ടെന്നും അവരുടെ നിയമന രീതി എപ്രകാരമാണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത ജീവനക്കാരിൽ കരാർ അടിസ്ഥാനത്തിലോ, താത്ക്കാലിക വ്യവസ്ഥയിലോ ജോലി ചെയ്യുന്നവർ എത്രയുണ്ടെന്നും അവരുടെ ചുമതലകൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(ഡി) കേന്ദ്ര വിഹിതമായും സംസ്ഥാന വിഹിതമായും എത്ര തുക ഭൂമി കേരളത്തിന് ലഭിച്ചിട്ടുണ്ടെന്നും ആയത് ഏതൊക്കെ തരത്തിലാണ് വിനിയോഗിച്ചതെന്നും നാളിതുവരെ എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇ-രേഖാ പദ്ധതി, മോഡേൺ സെൻട്രൽ റെക്കോർഡ് റൂം തയ്യാറാക്കുക, ജില്ലാ ഡിജിറ്റൈസേഷൻ സെന്റർ സ്ഥാപിക്കുക, വെബ് ജി.ഐ.എസ്. മുഖാന്തരം ലാന്റ് റിക്കോർഡ്സ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന പദ്ധതി, എല്ലാ ഡിജിറ്റൈസ്ഡ് രേഖകളുടെയും ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുക, ആധുനിക സർവ്വേ ഉപകരണങ്ങൾ ലഭ്യമാക്കുക, സംസ്ഥാന വ്യാപകമായി ഗ്രൗണ്ട് കൺട്രോൾ പോയിന്റുകൾ സ്ഥാപിക്കുക, സർവ്വേ ഭവനിലും 14 ജില്ലകളിലും മോഡേൺ റെക്കോർഡ് റൂം സ്ഥാപിക്കുക, എറണാകുളം ജില്ലയിലെ 7 താലൂക്കുകളിലും ഒരു റവന്യൂ ഡിവിഷൻ ഓഫീസിലും റെക്കോർഡ് റൂം സ്ഥാപിക്കുക, മാപ്പ് മൈ ഹോം പദ്ധതി മുതലായ പ്രവർത്തനങ്ങൾ ഭൂമികേരളം പദ്ധതിയുടെ കീഴിൽ നിലവിൽ നടന്നുവരുന്നു.

(ബി) കേരളാ ലാന്റ് ഇൻഫർമേഷൻ മിഷനിൽ ആകെ 161 ജീവനക്കാർ ഉണ്ട്. സ്ഥിരം ജീവനക്കാർ 159 പേർ സർവ്വേ വകുപ്പിൽ നിന്നും ജോലിക്രമീകരണ വ്യവസ്ഥയിൽ 13 ജില്ലാ ഡിജിറ്റൈസേഷൻ സെന്ററുകൾ, മിഷന്റെ GPS യൂണിറ്റ്, സ്റ്റോഴ്സ് & ലോജിസ്റ്റിക്സ് യൂണിറ്റ്, സെൻട്രൽ ഡിജിറ്റൈസേഷൻ സെന്റർ, സ്റ്റേറ്റ് പ്രോജക്ട് ഓഫീസ് എന്നിവിടങ്ങളിലായി ജോലിചെയ്യുന്നു. കരാറടിസ്ഥാനത്തിൽ രണ്ടുപേരെമാത്രം സ്റ്റേറ്റ് പ്രോജക്ട് ഓഫീസിൽ എംപവേർഡ് കമ്മിറ്റിയുടെ തീരുമാനപ്രകാരം നിയമിച്ചിരിക്കുന്നു. പത്രപ്പരസ്യം നൽകുകയും (Open advertisement) തുടർന്ന് എഴുത്തുപരീക്ഷ, പ്രാക്ടിക്കൽ ടെസ്റ്റ്, ഇന്റർവ്യൂ എന്നിവ നടത്തിയുമാണ് നിയമനം നൽകിയിട്ടുള്ളത്.

(സി) താത്ക്കാലികാടിസ്ഥാനത്തിൽ (ദിവസവേതനാടിസ്ഥാനത്തിൽ) ജോലി ചെയ്തുവന്ന 34 ജീവനക്കാരെ 179 ദിവസം പൂർത്തിയായ മുറയ്ക്ക് 26-9-2016-ൽ വിടുതൽ ചെയ്തു. കരാർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന രണ്ട് ജീവനക്കാരുടെ ചുമതലകൾ ചുവടെ ചേർക്കുന്നു:

1. <u>പ്രോജക്ട് മാനേജർ:</u>

(a) മിഷന്റെ കീഴിലെ വിവിധ യൂണിറ്റുകൾ കേന്ദ്രീകരിച്ച് സംസ്ഥാനവ്യാപകമായി നടപ്പാക്കേണ്ടതും നടപ്പാക്കി വരുന്നതുമായ വിവിധങ്ങളായ സർവ്വേ, ഡിജിറ്റൈ സേഷൻ ജോലികളുടെ പ്ലാനിംഗ്, ഏകോപനം, അവലോകനം എന്നിവ നടത്തി പദ്ധതി നിർവ്വഹ ണത്തിൽ ഡയറക്ടറെ സഹായിക്കൽ.

(b) GIS അധിഷ്ഠിതമായ സാങ്കേതിക ജോലികളിൽ ജീവനക്കാർക്ക് ഗൈഡ്ലൈൻ തയ്യാറാക്കി നൽകലും പരിശീലനം നൽകലും.

(c) GPS അധിഷ്ഠിതമായ ഫീൽഡ് ജോലികൾക്ക് ആവശ്യമായ സാങ്കേതിക നിർദ്ദേശം നൽകൽ.

(d) DILRMP മുതലായ പ്ലാൻ പ്രൊപ്പോസലുകൾ, ബഡ്ജറ്റ് പ്രൊപ്പോസൽ എന്നിവ തയ്യാറാക്കലും മീറ്റിംഗിൽ പങ്കെടുക്കലും.

2. <u>ഹാർഡ് വെയർ സർവ്വീസ് എഞ്ചിനീയർ:</u>

(a) മിഷന്റെ എല്ലാ സെന്ററുകളുടെയും ഹാർഡ് വെയർ സംബന്ധമായതും നെറ്റ് വർക്കിംഗ് സംബന്ധമായ തുമായ തകരാറുകൾ സമയാസമയങ്ങളിൽ പരിഹരിക്കൽ

(b) ഡാറ്റ ബാക്ക്-അപ്പുകൾ ശേഖരിക്കൽ

(c) കമ്പ്യൂട്ടറുകൾ വൈറസ് വിമുക്തമാക്കൽ

(d) ജില്ലാ സെന്ററുകളുടെ വർക്ക് ഡിസ്ട്രിബ്യൂഷനിൽ പ്രോജക്ട് മാനേജരെ സഹായിക്കൽ.

(e) മീറ്റിംഗുകൾക്കാവശ്യമായ സൗകര്യങ്ങൾ ക്രമീകരിക്കൽ മുതലായവ.

(ഡി) 2008-09 മുതൽ 2013-14 വരെ കേരളാ ലാന്റ് ഇൻഫർമേഷൻ മിഷന് കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവുമായി ആകെ 40,73,69,593 രൂപ ലഭിച്ചതിൽ നാളിതുവരെ 29,92,89,067 രൂപ വിനിയോഗിച്ചിട്ടുണ്ട്.

(1) ടി ഫണ്ട് പ്രയോജനപ്പെടുത്തി മാത്രം സർവ്വേ റെക്കോർഡുകളുടെ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 13 ജില്ലാ ഡിജിറ്റൈസേഷൻ സെന്ററുകൾ എല്ലാ ആധുനിക സൗകര്യങ്ങളോടുംകൂടി ആരംഭിച്ചു. കൂടാതെ ഇവയുടെ ഏകോപനത്തിനായി ഒരു മാസ്റ്റർ യൂണിറ്റും തിരുവനന്തപുരത്ത് ആരംഭിച്ചു.

(2) സർവ്വേ ജോലികൾ ആധുനിക ഉപകരണങ്ങളുടെ സഹായത്താൽ ത്വരിതപ്പെടുത്തുന്നതിനായി 141 ETS മെഷീനുകളും 18 DGPS മെഷീനുകളും വകുപ്പിൽ ലഭ്യമാക്കി.

(3) പുരാതന സർവ്വേ റെക്കോർഡുകൾ സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനുമായി 'ഇ-രേഖ' എന്ന ബൃഹത്ത് പദ്ധതി നടപ്പിലാക്കി.

(4) ജില്ലകളിലെ റെക്കോർഡുകൾ സുരക്ഷിതമായി സംരക്ഷിക്കുന്നതിനായി എല്ലാ കളക്ടറേറ്റുകളിലും സർവ്വേ ഭവനിലും മോഡേൺ റെക്കോർഡ് റൂമുകൾ സജ്ജമാക്കി.

(5) ETS മെഷീനുകളുടെ 2009 മുതലുള്ള AMC നടപ്പാക്കിവരുന്നു.

(6) സംസ്ഥാന വ്യാപകമായി GPS കൺട്രോൾ പോയിന്റുകൾ സ്ഥാപിച്ചു വരുന്നു.

(7) ഡാറ്റകൾ സൂക്ഷിക്കുന്നതിനായി സെൻട്രൽ സെർവ്വർ സംവിധാനം സജ്ജമാക്കി.

(8) ഇ-രേഖ വെബ് സോഫ്റ്റ് വെയർ സജ്ജമാക്കി.

(9) വെബ് GIS സോഫ്റ്റ് വെയർ ലഭ്യമാക്കി, ഇതിന്റെ പ്രവർത്തനം പുരോഗതിയിലാണ്. ടി ആവശ്യങ്ങൾക്കൊക്കെയാണ് പ്രധാനമായും തുക ചെലവഴിച്ചിട്ടുള്ളത്.

**കടൽ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം**

190(2262) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന എത്ര കുടുംബങ്ങൾ ഉണ്ട് എന്നത് തിട്ടപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം/കൈവശാവകാശ രേഖ ഉറപ്പാക്കുന്ന കാര്യത്തിൽ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ; ഇത്തരം വിഭാഗത്തിന് പട്ടയം നൽകുന്നതിന് നിയമതടസ്സമുണ്ടോ;

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ എത്ര കുടുംബങ്ങൾ ഇപ്രാകാരം കടൽ പുറംമ്പോക്ക് ഭൂമിയിൽ താമസിക്കുന്നുണ്ട് എന്നത് വിശദമാക്കാമോ;

(സി) വളരെ ദരിദ്രരും ഭൂരിഭാഗവും മത്സ്യതൊഴിലാളികളുമായ ഇത്തരം കുടുംബങ്ങളുടെ കാര്യത്തിൽ പട്ടയം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തിട്ടപ്പെടുത്തിയിട്ടില്ല. 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 11(2)(V), 1995-ലെ മുനിസിപ്പിൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 6(2) (V) എന്നിവ പ്രകാരം ഉയർന്ന ജലപരിധിക്ക് (HTL) 100 അടി വിസ്തൃതിയിലുള്ള സ്ഥലത്ത് താല്ക്കാലിക പട്ടയം നൽകുന്നതിനും ഈ പരിധിക്ക് പുറത്തുള്ള പ്രദേശത്ത് സ്ഥിര പട്ടയം നൽകുന്നതിനും വ്യവസ്ഥയുണ്ട്. എന്നാൽ CRZ (കോസ്റ്റൽ റെഗുലേഷൻ സോൺ) നോട്ടിഫിക്കേഷൻ പ്രകാരം, തീരപ്രദേശത്ത് നിർമ്മാണപ്രവർത്തനങ്ങൾക്ക് നിയന്ത്രണമുള്ള സാഹചര്യത്തിൽ CRZ നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾ കൂടി പരിഗണിച്ച് ഭൂമി പതിവ് ചട്ടങ്ങൾക്ക് വിധേയമായി ഭൂമിയുടെ പട്ടയം നൽകുന്ന നടപടി തുടർന്നുവരുന്നു.

(ബി) 35 കുടുംബങ്ങൾ കടൽ പുറമ്പോക്കിൽ താമസിക്കുന്നു.

(സി) അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മുൻസർക്കാർ ഭരണകാലത്ത് നൽകിയിട്ടുള്ള ഭൂമിയും പട്ടയങ്ങളും**

191(2263) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ ഭൂമിയും പട്ടയവുമില്ലാത്തവർക്ക് ഭൂമിയും പട്ടയവും നൽകുവാനും ഭൂമി കൈവശമുള്ളവർക്ക് പട്ടയം നൽകാനും സ്വീകരിച്ചു വന്ന വ്യവസ്ഥകൾ എന്തെല്ലാം; ഉത്തരവു പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) മുൻ സർക്കാർ വ്യവസ്ഥകളും നിയമങ്ങളും ഉത്തരവുകളും ലംഘിച്ച് ഭൂമി പതിച്ചു നൽകിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തി അനധികൃത പട്ടയങ്ങളും അതിനായി മുൻ സർക്കാർ കൊണ്ടുവന്ന ഉത്തരവുകളും റദ്ദാക്കാൻ എന്തു നടപടികൾ സ്വീകരിക്കും എന്നു വ്യക്തമാക്കുമോ;

(ഡി) മുൻ സർക്കാർ ഭരണകാലത്ത് നൽകിയിട്ടുള്ള അനധികൃത പട്ടയങ്ങൾ എത്ര എന്നും അവ കണ്ടെത്താനായി നടത്തുന്ന നടപടികൾ എന്തെല്ലാം എന്നും ഇവ നൽകാൻ കൂട്ടുത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ എന്തെങ്കിലും അന്വേഷണം നിലവിലുണ്ടോയെന്നും എന്തു നടപടികൾ സർക്കാർ സ്വീകരിക്കുമെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) (i) ഭൂമി ഇല്ലാത്തവർക്ക് ഭൂമി നൽകുന്നതിനായി മുൻസർക്കാർ ഭൂരഹിതരില്ലാത്ത കേരളം-2015 എന്ന പദ്ധതി ആവിഷ്കരിക്കുകയും ഭൂമി ഇല്ലാത്ത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനുള്ള ആവശ്യത്തിലേയ്ക്കായി മൂന്ന് സെന്റ് ഭൂമി വീതം നൽകുന്നതിന് പ്രത്യേക മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി ടി പട്ടികയുടെ സീനിയോറിറ്റി ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ ലഭ്യത അനുസരിച്ച് മൂന്ന് സെന്റ് വീതം വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം I* ആയി ചേർക്കുന്നു. കുടുംബ വാർഷിക വരുമാനം 75,000 രൂപയിൽ താഴെയായിട്ടുള്ളതും പാരമ്പര്യമായ ഭൂമി ഭാവിയിൽ ലഭിക്കാൻ സാദ്ധ്യതയില്ലാത്തതും പദ്ധതി പ്രഖ്യാപിച്ച 9-3-2012-നുശേഷം സ്വന്തം ഭൂമി കൈമാറ്റം ചെയ്തിട്ടില്ലാത്തതും സംസ്ഥാനത്ത് ജനിച്ച് സ്ഥിരതാമസമാക്കിയിട്ടുള്ളതുമായ കുടുംബങ്ങൾക്ക് ഭൂമി നൽകാനാണ് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ടി ഭൂമി 25 വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥയിലാണ് പട്ടയം അനുവദിച്ചിട്ടുള്ളത്.

(ii) കൈവശമുള്ള ഭൂമിക്ക് ടി കക്ഷികളുടെ അപേക്ഷയിൻമേൽ സർക്കാരിന്റെ ഭാവി വികസനപ്രവർത്തനങ്ങൾക്ക് ആവശ്യമായി വരാത്ത ഭൂമി കേരള ഭൂമിപതിവ് നിയമങ്ങളിലെ വ്യവസ്ഥകൾ പാലിച്ച് പതിച്ച് നൽകുന്നു. ആയത് പ്രകാരം 1-8-1971-ന് മുമ്പ് കൈവശമുള്ള ഭൂമിക്ക് 1964-ലെ ഭൂമി പതിവ് ചട്ടം പ്രകാരവും, 1995-ലെ മുനിസിപ്പൽ/ കോർപ്പറേഷൻ ഭൂമി പതിവ് ചട്ടപ്രകാരവും പട്ടയം വിതരണം ചെയ്യുന്നു.

പത്തനംതിട്ട ജില്ലയിൽ താഴെപ്പറയുന്ന ഗവൺമെന്റ് ഉത്തരവുകളുടെയും കേരള ഭൂമി പതിവ് ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ഭൂമി പതിച്ചുനൽകിയിട്ടുണ്ട്. പകർപ്പുകൾ അനുബന്ധം-2 മുതൽ 10* വരെയായി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. ജി.ഒ.(എം.എസ്)484/15/റവ.
2. ജി.ഒ.(എം.എസ്)289/15/റവ.
3. ജി.ഒ.(എം.എസ്)505/15/റവ.
4. ജി.ഒ.(എം.എസ്)50/11/റവ.
5. ജി.ഒ.(എം.എസ്)402/15/റവ.
6. ജി.ഒ.(എം.എസ്)541/15/റവ.
7. ജി.ഒ.(എം.എസ്)507/15/റവ.
8. ജി.ഒ.(എം.എസ്)522/15/റവ.
9. ജി.ഒ.(എം.എസ്)174/16/റവ.

കണ്ണൂർ ജില്ലയിൽ രണ്ട് കേസുകളിൽ സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ച് ഭൂമി പതിച്ചുനൽകിയിട്ടുണ്ട്.

(1) ജി.ഒ.(എംഎസ്.)154/16/റവ തീയതി 24-2-2016 പ്രകാരം തളിപ്പറമ്പ താലൂക്ക് പട്ടുവം അംശം അരിയിൽ ദേശത്ത് റീസർവ്വേ 132/1, 78/9-ൽപ്പെട്ട 7.28403 ഏക്കർ സ്ഥലം പട്ടുവം ദീനസേവന സഭയ്ക്ക് പതിച്ചു നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധം 11 *ആയി ചേർക്കുന്നു.

(2) ജി.ഒ.(എംഎസ്.)130/2016/റവ. തീയതി 18-2-2016 പ്രകാരം കണ്ണൂർ താലൂക്ക് ചിറയ്ക്കൽ അംശം പുഴാതി ദേശത്തു റീസർവ്വേ 17/4-ൽപ്പെട്ട 5 സെന്റ് സ്ഥലം ശ്രീമതി എരമംഗലത്ത് ചിത്രലേഖ എന്നിവർക്ക് പതിച്ചുനൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധം 12* ആയി ചേർക്കുന്നു.

(ബി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിൽ വ്യവസ്ഥകളും നിയമങ്ങളും ഉത്തരവുകളും ലംഘിച്ച് ഭൂമി പതിച്ചു നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ജി.ഒ.(എംഎസ്.)130/2016/റവ. തീയതി 18-2-2016 പ്രകാരം കണ്ണൂർ താലൂക്ക് ചിറയ്ക്കൽ അംശം പുഴാതി ദേശത്ത് റീസർവ്വേ 17/4-ൽപ്പെട്ട 5-സെന്റ് സ്ഥലം ശ്രീമതി എരമംഗലത്ത് ചിത്രലേഖ എന്ന ആളിന് പതിച്ചുനൽകിയതിന് എതിരായി ചിറയ്ക്കൽ വില്ലേജ് നിവാസികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കണ്ണൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

(ഡി) അനധികൃത പട്ടയങ്ങൾ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മുക്കം മിനി സിവിൽ സ്റ്റേഷൻ

192(2264) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം കഴിഞ്ഞിട്ടും സർക്കാർ ഓഫീസുകൾ മുക്കം മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റി പ്രവർത്തനം ആരംഭിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓഫീസുകൾ മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റി പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഇത് എന്ന് സാധ്യമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) പൊതുമരാമത്ത് വകുപ്പ് പൂർണ്ണതോതിൽ പണി പൂർത്തീകരിച്ച് ടി കെട്ടിടം ബന്ധപ്പെട്ട വകുപ്പിന് കൈമാറിയാലുടൻ തന്നെ സർക്കാർ ഓഫീസുകൾ മുക്കം മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## റവന്യൂ ടവർ

193(2265) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ടൗണിൽ സർക്കാർ ആശുപത്രി പരിസരത്ത് റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ലഭ്യമാണോ; ഇവിടെ റവന്യൂ ടവർ നിർമ്മിക്കുന്നതിനായി മുൻപ് എപ്പോഴെങ്കിലും വകുപ്പ് പ്രൊപ്പോസൽ നൽകിയിട്ടുണ്ടായിരുന്നുവോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് പുതുതായി എവിടെയെങ്കിലും റവന്യൂ ടവർ സ്ഥാപിക്കുന്നതിന്/ നിർമ്മിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) കൊയിലാണ്ടി താലൂക്ക് പരിധിയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിന് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിക്ക് സമീപത്തായി പന്തലായനി വില്ലേജിൽ റീ.സ.17/1-ൽപ്പെട്ട 24 സെന്റ് റവന്യൂ ഭൂമി ലഭ്യമാണ്. ഇവിടെ റവന്യൂ ടവർ നിർമ്മിക്കുന്നതിന് മുൻപ് പ്രൊപ്പോസൽ നൽകിയിട്ടില്ല.

(ബി) 2016-17 ബഡ്ജറ്റ് പ്രഖ്യാപനം മുഖേന സംസ്ഥാനത്ത് 25 റവന്യൂ ടവറുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന് 250 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ വകയിരുത്തുകയും നടപ്പുവർഷം 50 കോടി രൂപ ചെലവ് പ്രതീക്ഷിക്കുകയും ചെയ്യുന്നു. റവന്യൂ ടവർ സ്ഥാപിക്കുന്നതിന് ആലോചിക്കുന്ന സ്ഥലങ്ങൾ:

1. കടകംപള്ളി
2. നെടുമങ്ങാട്
3. കൊല്ലം
4. കൊട്ടാരക്കര (രണ്ടാം ഘട്ടം)
5. പുനലൂർ വിദ്യാഭ്യാസ കോംപ്ലക്സ്
6. പന്തളം
7. തിരുവല്ല
8. ആലപ്പുഴ ആർ.ഡി.ഒ. കോംപ്ലക്സ്
9. ചങ്ങനാശ്ശേരി
10. തൊടുപുഴ
11. പീരുമേട്
12. എറണാകുളം
13. കോതമംഗലം
14. മുളന്തുരുത്തി
15. ചാലക്കുടി
16. സുൽത്താൻ ബത്തേരി
17. മട്ടന്നൂർ
18. അടിമാലി
19. പട്ടാമ്പി
20. നിലമ്പൂർ
21. വടകര

22. ചടയമംഗലം മിനി സിവിൽ സ്റ്റേഷൻ

23. മതിലകം മിനി സിവിൽ സ്റ്റേഷൻ

24. പത്തനാപുരം മിനി സിവിൽ സ്റ്റേഷൻ

25. വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷൻ

## റവന്യൂ രേഖയിൽ നിലം എന്ന രേഖപ്പെടുത്തിയവർക്കുള്ള ബുദ്ധിമുട്ട്

194(2266) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ രേഖയിൽ നിലം എന്ന രേഖപ്പെടുത്തിയതിനാൽ വർഷങ്ങൾക്ക് മുമ്പ് നികത്തപ്പെട്ട വയലിൽ വീട് വെക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും പഴകിയ വീട് പൊളിച്ച് പുതിയത് നിർമ്മിക്കുന്നതിനും അനുമതി ലഭിക്കാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ജനങ്ങൾക്കുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

റവന്യൂ രേഖകളിൽ നിലം എന്ന രേഖപ്പെടുത്തിയതും എന്നാൽ വർഷങ്ങൾക്കു മുമ്പ് നികത്തപ്പെട്ടതുമായ സ്ഥലങ്ങളിൽ വീട് നിർമ്മിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ 1967 കേരള ഭൂവിനിയോഗ ഉത്തരവിലും ഇതുസംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ നിർദ്ദേശങ്ങളിലും 2008-ലെ കേരള നെൽവയൽ തണ്ണീർത്തടസംരക്ഷണ നിയമത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ അത്തരം സ്ഥലങ്ങളിൽ നിയമാനുസൃതം അനുമതി വാങ്ങുന്ന കേസുകളിൽ വീട് വയ്ക്കുന്നതിന് തടസ്സമില്ല.

## റവന്യൂ വകുപ്പിലെ ആഭ്യന്തര പരിശോധന (വിജിലൻസ്) വിഭാഗം

195(2267) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ ആഭ്യന്തര പരിശോധന (വിജിലൻസ്) വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ;

(ബി) കഴിഞ്ഞ അഞ്ചുവർഷം ഈ വിഭാഗം സംസ്ഥാനത്ത് എത്ര സ്ഥലങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(സി) പാലക്കാട് ജില്ലയിൽ ഇത്തരത്തിൽ പരിശോധനകൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ആഭ്യന്തര പരിശോധന വിഭാഗം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ഡി) ആഭ്യന്തര പരിശോധനാവിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ ദക്ഷിണ, മധ്യ, ഉത്തരമേഖല വിജിലൻസ് വിഭാഗം നടത്തിയ പരിശോധനയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ദക്ഷിണമേഖല | – | 302 |
| മധ്യമേഖല | - | 980 |
| ഉത്തരമേഖല | - | 1128 |
| ആകെ | - | 2410 |

(സി) ഉണ്ട്. പാലക്കാട് ജില്ലയിൽ 2011 മുതൽ 2016 വരെ 56 ആഫീസുകളിൽ പരിശോധനകൾ നടത്തിയിട്ടുണ്ട്.

**വടകര താലൂക്കിലെ സർക്കാർ ഓഫീസുകൾ**

196(2268) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിലെ സർക്കാർ ഓഫീസുകൾ ഒരു കുടക്കീഴിൽ കൊണ്ടു വരുന്ന പദ്ധതി വിശദീകരിക്കാമോ;

(ബി) ഇതിന്റെ പ്രവർത്തനം എത്രത്തോളമായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വടകര താലൂക്കിലെ പ്രധാന താലൂക്ക് തല ഓഫീസുകളിൽ കുറെയെണ്ണം ഇപ്പോൾ വടകര മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്നുണ്ട്. പുറത്തുള്ള മറ്റ് ഓഫീസുകൾ കൂടി ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന് വടകരയിൽ റവന്യൂ ടവർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) സ്ഥലപരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**റവന്യൂ വകുപ്പിന്റെ ആധുനികവത്കരണം**

197(2269) ശ്രീ. എസ്. ശർമ്മ :
ശ്രീ. രാജു എബ്രഹാം :
ശ്രീമതി വീണാ ജോർജ്ജ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലെയും ഡാറ്റ ഡിജിറ്റൈസ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ജി.ഐ.എസ്. സാങ്കേതികവിദ്യ ഉപയോഗിച്ച് സ്കെച്ചുകളുടെ ഡിജിറ്റൈസേഷൻ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി വകുപ്പിനെ പൂർണ്ണമായും ആധുനികവത്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഭൂരേഖാ കമ്പ്യൂട്ടർവത്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ റീസർവ്വേ പൂർത്തിയായതും അല്ലാത്തതുമായ എല്ലാ വില്ലേജുകളിലും അടിസ്ഥാന ഭൂനികുതി രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവ ഘട്ടംഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. റീസർവ്വേ പൂർത്തിയായ വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ സേവനങ്ങളായ ഇ-പോക്കുവരവും റവന്യൂ ഇ-പേമെന്റും നടപ്പിലാക്കുന്നതാണ് പദ്ധതിയുടെ ആദ്യ ഘട്ടം. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 750 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഇതിനകം ഡിജിറ്റൈസ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. 557 വില്ലേജുകളിലെ ഡിജിറ്റൈസേഷൻ നടപടികൾ പുരോഗമിക്കുന്നു.

(ബി) ഉണ്ട്. നാളിതുവരെ വിവിധങ്ങളായ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വകുപ്പ് നടത്തിയിട്ടുള്ളതും എന്നാൽ പൊതുജനത്തിന് ഉപയോഗപ്രദമായി പ്രസിദ്ധീകരിക്കുവാൻ കഴിയാത്തതുമായ ഡിജിറ്റൽ ഡാറ്റ ഒരു കോമൺ ഫയൽ ഫോർമാറ്റിലേയ്ക്ക് മാറ്റി അവയെ ഒരു ജി.ഐ.എസ്. സെർവർ സോഫ്റ്റ്‌വെയറിന്റെ സഹായത്താൽ വെബ് പോർട്ടലിൽ ലഭ്യമാക്കലാണ് ടി പദ്ധതിയുടെ ഉദ്ദേശ്യം. ടി പദ്ധതിയ്ക്കായി സോഫ്റ്റ്‌വെയർ ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാ ഡിജിറ്റൈസേഷൻ സെന്ററുകളുടെ ഡാറ്റ ലഭ്യമാകുന്ന മുറയ്ക്ക് ടി പദ്ധതിയിലൂടെ അവ വെബ് ഹോസ്റ്റ് ചെയ്യുന്നതാണ്. സോഫ്റ്റ്‌വെയർ കോൺഫിഗർ ചെയ്യുന്നതടക്കമുള്ള കാര്യങ്ങൾ പുരോഗതിയിലാണ്.

(സി) ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ റവന്യൂ വകുപ്പിനെ ആധുനികവത്കരിച്ച് വകുപ്പിൽ നിന്നുമുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിലും സുതാര്യമായും ഗുണമേന്മയോടുംകൂടി ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ഇ-ഓഫീസ്, ഇ-ഡിസ്ട്രിക്ട്, സംയോജിത ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ടാക്സ് പേമെന്റ്, ആർ. ആർ. ഓൺലൈൻ എന്നീ ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

## കഴിഞ്ഞ സർക്കാർ പതിച്ച നൽകിയ ഭൂമി

198(2270) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അനർഹമായി എത്ര മാത്രം ഭൂമി പതിച്ച നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ ;

(ബി) ഇപ്രകാരം നൽകിയ ഭൂമി സർക്കാരിലേക്ക് വകയിരുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതും സ്വീകരിച്ച വരുന്നതുമായ നടപടികളുടെ വിശദാംശം നൽകുമോ;

(സി) ടി ഭൂമി പതിച്ച നൽകിയവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ;

(ഡി) ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം വന്നിട്ടുണ്ടോ ;എങ്കിൽ വിശദവിവരം നൽകുമോ ?

ഉത്തരം

(എ-ഡി) അനർഹമായ ഭൂമി പതിച്ചുനൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## റിവർ മാനേജ്മെന്റ് ഫണ്ട്

199(2271) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗം നടക്കുന്നില്ലെന്ന ആക്ഷേപങ്ങൾ സർക്കാർ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഫണ്ട് വിനിയോഗത്തിൽ കാലതാമസം വരുന്നതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആവശ്യമായ പരിഹാരനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) അകാരണമായ കാലതാമസങ്ങൾ പൊതുവെ ഇല്ല. ഫണ്ട് വിനിയോഗത്തിന്റെ കാര്യത്തിൽ വേഗതയുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**മണലൂർ മണ്ഡലത്തിലെ പ്രകൃതിക്ഷോഭം**

200(2272) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പ്രകൃതിക്ഷോഭംമൂലം ഭാഗികമായും പൂർണ്ണമായും വീടുകൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര പേർക്ക് എത്ര തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മണ്ഡലാടിസ്ഥാനത്തിൽ ഉള്ള വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. എന്നാൽ മണലൂർ വില്ലേജിലെ വിവരങ്ങൾ ലഭ്യമാണ്.

(ബി) മണലൂർ വില്ലേജിൽ 16 വീടുകൾക്ക് ഭാഗികമായി നാശനഷ്ടം സംഭവിച്ചിട്ടുള്ളതും ആയതിലേയ്ക്ക് 15,450 രൂപ (പതിനയ്യായിരത്തി നാന്നൂറ്റി അമ്പത് രൂപമാത്രം) വിതരണം ചെയ്തിട്ടുള്ളതും പൂർണ്ണമായും നാശനഷ്ടം സംഭവിച്ച ഒരു വീടിന് 94,150 രൂപ (തൊണ്ണൂറ്റി നാലായിരത്തി നൂറ്റി അമ്പത് രൂപമാത്രം) തിട്ടപ്പെടുത്തിയിട്ടുള്ളതും എന്നാൽ തുക അനുവദിച്ചിട്ടില്ലാത്തതുമാണ്.

**ഭൂമിയുടെ ന്യായവില**

201(2273) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുമാനവർദ്ധനവ് ലക്ഷ്യം വച്ച് ഭൂമിയുടെ ന്യായവിലയേക്കാൾ കൂടുതൽ തുക ആധാരത്തിൽ എഴുതാൻ ജില്ലാ രജിസ്ട്രാർമാർ സബ് രജിസ്ട്രാർമാർക്ക് രഹസ്യ നിർദേശം നൽകിയതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വില മുപ്പതു ശതമാനം വരെ ഈ വിധം വർദ്ധിപ്പിക്കണമെന്ന് നിർദ്ദേശം നൽകുകയുണ്ടായോ;

(സി) റിപ്പോർട്ട് അടിസ്ഥാനരഹിതമാണെങ്കിൽ ആയത് പ്രസിദ്ധീകരിച്ച മാധ്യമങ്ങൾക്കെതിരെ നിയമനടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) വരുമാന വർദ്ധനവ് ലക്ഷ്യംവച്ച് ഭൂമിയുടെ ന്യായവിലയേക്കാൾ കൂടുതൽ തുക ആധാരത്തിൽ എഴുതാൻ ജില്ലാ രജിസ്ട്രാർമാർ സബ് രജിസ്ട്രാർമാർക്ക് രഹസ്യനിർദ്ദേശം നൽകി എന്ന രീതിയിൽ ഒരു പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ, അപ്രകാരം നിർദ്ദേശം നൽകിയിട്ടില്ലെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**കരിപ്പുഴ കനാൽ, മലയം കനാൽ എന്നിവ റിവർ മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി**

202(T* 2274) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഗാടൂറിസം പദ്ധതിയുടെ ഭാഗമായി കായംകുളം കായലോര ടൂറിസം പദ്ധതികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ കായംകുളം കായലിന്റെ അനുബന്ധമായിട്ടുള്ള കരിപ്പുഴ കനാൽ, മലയം കനാൽ എന്നിവ റിവർ മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി സൗന്ദര്യവത്ക്കരിച്ച് വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

2002-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടത്തിലെ 22-ാമത് ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് മെഗാ ടൂറിസം പദ്ധതിയുടെ ഭാഗമായുള്ള കരിപ്പുഴ, മലയം കനാൽ സൗന്ദര്യവൽക്കരണ പദ്ധതികൾ ചെയ്യാൻ നിർവ്വാഹമില്ലാത്തതാണ്.

**മലപ്പുറം സർക്കാർ വനിതാ കോളേജിനുള്ള ഭൂമി കൈമാറ്റം**

203(2275) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാണക്കാട് വില്ലേജിലെ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ 5 ഏക്കർ ഭൂമി മലപ്പുറം സർക്കാർ വനിതാ കോളേജിന് വിട്ടുനൽകി വ്യവസായ വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസ വകുപ്പിന് ഭൂമി കൈമാറുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) ഇക്കാര്യത്തിൽ റവന്യൂ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിന് ഭൂമി കൈമാറി കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടതെന്ന് വിശദമാക്കാമോ;

(ഡി) ഭൂമി കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ-ഡി) മലപ്പുറം സർക്കാർ വനിതാ കോളേജിന് ഭൂമി കൈമാറുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചുവരികയാണ്. ഭൂമി കൈമാറുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

**പിരായിരി വില്ലേജ്**

204(2276) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ പിരായിരി വില്ലേജിനെ രണ്ടാക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

**വില്ലേജ് ഓഫീസുകളും റീസർവ്വേ നടപടികളും**

205(2277) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര വില്ലേജ് ഓഫീസുകളുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ;

(ബി) ഏതൊക്കെ വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഏതൊക്കെ വില്ലേജുകളിൽ റീസർവ്വേ പൂർത്തിയാക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; എന്ന് മുതലാണ് ഈ വില്ലേജുകളിൽ റീസർവ്വേ നടപടികൾ തുടങ്ങിയതെന്ന് വിശദമാക്കാമോ;

(ഡി) വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തിയാകാത്തതിനാൽ ജനങ്ങൾക്ക് പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്നത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഗ്രൂപ്പ് വില്ലേജുകൾ ഉൾപ്പെടെ 1664 വില്ലേജുകൾ 1535 വില്ലേജ് ഓഫീസുകളിൽ പ്രവർത്തിക്കുന്നു. ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 1* ആയി ചേർത്തിരിക്കുന്നു.

(ബി) റീ-സർവ്വേ നടപടികൾ പൂർത്തിയായ വില്ലേജുകളുടെ വിവരം അനുബന്ധം-2* ആയി ചേർത്തിരിക്കുന്നു.

(സി) റീ-സർവ്വേ നടപടികൾ പൂർത്തിയാക്കാത്ത വില്ലേജുകളുടെ വിവരങ്ങൾ അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു.* 6-10-1965-ലെ ജി.ഒ.(എംഎസ്.)781/65/റവ ഉത്തരവ് പ്രകാരമാണ് റീസർവ്വേ നടപടികൾ ആരംഭിച്ചത്.

(ഡി) ജി.ഒ.(എംഎസ്.)409/12/റവന്യൂ തീയതി 31-10-2012 സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ റീസർവ്വേ പ്രവർത്തനം സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമാക്കി നിജപ്പെടുത്തിയിട്ടുണ്ട്. വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തിയാകാത്തതിനാൽ ജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വില്ലേജ് ഓഫീസുകളുടെ നവീകരണം**

206(2278) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകൾ നവീകരിച്ച് ജനസേവനം സുതാര്യമാക്കുന്നതിനും കാലതാമസം കൂടാതെ നിർവ്വഹിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ;

(ബി) ജനസൗഹൃദ കേന്ദ്രങ്ങളാക്കി വില്ലേജ് ഓഫീസുകളെ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത്, എവിടെവെച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. അപ്രകാരം ഇ-ഗവേണൻസ്, എം. ഗവേണൻസ് എന്നിവയുടെ സഹായത്തോടെ ജനങ്ങൾക്ക് വേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കുന്ന തരത്തിൽ വില്ലേജാഫീസുകളെ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വരൾച്ച ക്രമാതീതമായി വർദ്ധിക്കുന്നതുമൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ തടയാൻ നടപടി**

207(2279) ശ്രീ. എം. ഉമ്മർ :
ഡോ. എം. കെ. മുനീർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരൾച്ച ക്രമാതീതമായി വർദ്ധിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുമൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ തടയുന്നതിന് ഫലപ്രദമായ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതു സംബന്ധിച്ച് ഏതെങ്കിലും പഠനറിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന വരൾച്ചാ നിരീക്ഷണ കേന്ദ്രമായ സംസ്ഥാന അടിയന്തര ഘട്ട കാര്യനിർവ്വഹണ കേന്ദ്രം (State Emergency Operations Centre) വരൾച്ചാ സാദ്ധ്യതകൾ സസൂക്ഷ്മം നിരീക്ഷിച്ച് വരുന്നു. തെക്ക പടിഞ്ഞാറൻ കാലവർഷം നിലവിൽ മഴകുറവാണ് രേഖപ്പെടുത്തിയത് എന്നതുകൊണ്ട് മാത്രം വരൾച്ച രൂക്ഷമാകും എന്ന് കരുതാൻ സാധിക്കില്ല. കേരളത്തിൽ വടക്ക് കിഴക്കൻ കാലവർഷത്തിലും മഴലഭ്യതയ്ക്ക് സാധ്യതയുണ്ട്. മഴവെള്ളം സംരക്ഷിക്കുന്നതിനായി കൃഷിക്കനുയോജ്യമായ രീതിയിൽ പുതിയ കുളങ്ങൾ നിർമ്മിക്കുക, നിലവിലുള്ള കുളങ്ങളും സ്ഥിരം ശുദ്ധജല ഉറവിടങ്ങളും നവീകരിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുക, പ്രാദേശികമായി ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് പുതിയ തടയണകൾ

നിർമ്മിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എല്ലാ ജില്ലാ കളക്ടർമാർക്കും 2016 മേയ് മാസത്തിൽത്തന്നെ നിർദ്ദേശം നൽകിയിട്ടുള്ളതും ഇതിലേയ്ക്കായി താഴെത്തട്ടിൽ അനിവാര്യമായ പദ്ധതികൾ ഉറപ്പു വരുത്തുന്നതിനായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. കുടിവെള്ളലഭ്യത ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങൾ ഏകോപനത്തോടുകൂടി നടത്താനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 4-3-2016-ലെ സർക്കുലർ നമ്പർ 16789/കെ3/2016/ഡി.എം.ഡി. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സമഗ്രമായ സാഹചര്യ റിപ്പോർട്ട് സംസ്ഥാന അടിയന്തരഘട്ട കാര്യ നിർവ്വഹണ കേന്ദ്രം തയ്യാറാക്കി വരുന്നു.

**രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങൾ**

208(2280) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനേക വർഷങ്ങളായി നികത്തപ്പെട്ട് വൃക്ഷങ്ങളും വീടുകളുമൊക്കെയുള്ള പുരയിടമായി രൂപാന്തരപ്പെട്ട് കിടക്കുന്ന സ്ഥലങ്ങൾ, വില്ലേജ് രേഖകളിൽ 'നിലം' എന്ന രേഖപ്പെടുത്തി കിടക്കുന്നതുകൊണ്ടു മാത്രം അവിടെ കെട്ടിടങ്ങൾ പണിയുന്നതിനോ, മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനോ കർശനമായ വിലക്ക് ഏർപ്പെടുത്തിക്കൊണ്ടുള്ള മുൻ സർക്കാരിന്റെ കാലത്തെ ഉത്തരവ് മൂലം സാധാരണ ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥലങ്ങളിൽ വീട് നിർമ്മിക്കുന്നതിനും മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും അനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) അവശേഷിക്കുന്ന നിലം നികത്തപ്പെടാതെ സംരക്ഷിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി കുറ്റമറ്റ രീതിയിൽ 'ഡാറ്റാ ബാങ്ക്' തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനേക വർഷങ്ങളായി നികത്തപ്പെട്ട് വൃക്ഷങ്ങളും വീടുകളുമൊക്കെയുള്ള പുരയിടമായി രൂപാന്തരപ്പെട്ട് കിടക്കുന്ന സ്ഥലങ്ങളിൽ വില്ലേജ് രേഖകളിൽ 'നിലം' എന്ന രേഖപ്പെടുത്തിയതുകൊണ്ടു നിയമാനുസൃതം അനുമതി വാങ്ങുന്ന കേസുകളിൽ വീട് വയ്ക്കുന്നതിന് തടസ്സമില്ല.

(ബി) ഇത്തരം സ്ഥലങ്ങളിൽ ഗൃഹനിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള വ്യവസ്ഥകൾ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിലും ഇതുസംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ നിർദ്ദേശങ്ങളിലും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിനനുസൃതമായി വില്ലേജിലെ സ്ഥിരം രേഖകളിൽ ഭൂമിയുടെ തരം മാറ്റുവാൻ ആർക്കും അധികാരമില്ല.

(സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനുള്ള അധികാരം കൃഷി ഓഫീസർ കൺവീനറായ പ്രാദേശികതല സമിതിയിലും ഇത് പ്രസിദ്ധീകരിക്കുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിക്ഷിപ്തമാണ്. ഡാറ്റാബാങ്ക് കുറ്റമറ്റതാക്കുന്നതിനുള്ള പ്രാഥമിക നടപടി എന്ന നിലയിൽ ഉപഗ്രഹ ചിത്രത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് 14-6-2016-ൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നടത്തിയ യോഗത്തിൽ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**തെക്കനംകര കനാൽ**

209(2281) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 'തെക്കനംകര കനാൽ' തെളിക്കുന്നതിന്റെ പണികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) കനാലിലുള്ള കയ്യേറ്റങ്ങൾ മുഴുവൻ ഒഴിപ്പിച്ചു കഴിഞ്ഞോ; ഇല്ലെങ്കിൽ ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കാൻ നിർദ്ദേശം നൽകുമോ;

(സി) ഇക്കാര്യത്തിൽ കോടതി ഇടപെടൽ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) നഗരവാസികളുടെയും, നഗരത്തിൽ വന്നുപോകുന്ന ആയിരങ്ങളുടെയും സുരക്ഷാപ്രശ്നം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി ഈ പണി അടിയന്തരമായി പൂർത്തിയാക്കുന്നതിനാവശ്യമായ നിയമപരിരക്ഷ ഉറപ്പാക്കുമോ?

<u>ഉത്തരം</u>

(എ) കരിമഠം കോളനി മുതൽ പാർവ്വതീ പുത്തനാർ വരെയുള്ള തെക്കനംകര കനാലിൽ ചെളി പൂർണ്ണമായും കോരിമാറ്റി, വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കിയിട്ടുണ്ട്. കനാലിന്റെ തുടക്കത്തിൽ 17 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തിയും ഒരു കലുങ്കും കൂടാതെ കനാലിന്റെ ചെയിൻലിംഗ് ഫെൻസിംഗും മാത്രമേ ഇനി പൂർത്തീകരിക്കാനുള്ളൂ.

(ബി) കോടതി വ്യവഹാരം നിലവിലില്ലാത്ത എല്ലാ കയ്യേറ്റങ്ങളും ഒഴിപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ടായിട്ടുണ്ട്. ഡോ. ബിജു രമേശ് ഫയൽ ചെയ്ത SLP(C)10099/2016 നമ്പർ കേസ്, M/s കരിമ്പനാൽ ആർക്കേഡ് ഓണേഴ്സ് വെൽഫെയർ അസോസിയേഷൻ ഫയൽ ചെയ്ത SLP(C)14699/2016, SLP(C)14700/2016 എന്നീ സുപ്രീംകോടതി കേസുകൾ ടി വിഷയം സംബന്ധിച്ച് നിലവിലുണ്ട്.

(ഡി) പൊതുജനങ്ങളുടെ സുരക്ഷാപ്രശ്നം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി, ഈ പണി അടിയന്തരമായി പൂർത്തിയാക്കുന്നതിനാവശ്യമായ നിയമപരിരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കാറ്റിലും മഴയിലും വീടുകൾക്കുണ്ടായ നാശനഷ്ടം

210(2282) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാറ്റിലും മഴയിലും വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് 2015 ജനവരി മുതൽ ആഗസ്റ്റ് വരെ അനുവദിച്ച തുക എത്രയാണ് എന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിലെ ഓരോ മണ്ഡലത്തിലും പ്രസ്തുത കാലയളവിൽ സഹായം ലഭിച്ച വീട്ടുടമകളുടെ പേരും അനുവദിച്ച തുകയും വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ അനുവദിച്ച തുക എത്ര പേർക്ക് നൽകി എന്നും ഇനി എത്ര പേർക്ക് നൽകാൻ ഉണ്ടെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിൽ കാറ്റിലും മഴയിലും വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് 2015 ജനവരി മുതൽ ആഗസ്റ്റ് വരെ 43,33,695 രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും മണ്ഡലാടിസ്ഥാനത്തിൽ തുക അനുവദിക്കില്ല.

(സി) 322 പേർക്ക് തുക നൽകി. അനുവദിച്ച തുകയിൽ 45 പേർ കൂടി തുക കൈപ്പറ്റാനുണ്ട്.

## ആലത്തൂർ താലൂക്ക് ഓഫീസ് കെട്ടിടം

211(2283) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 110 വർഷത്തിലധികം പഴക്കമുള്ള ആലത്തൂർ താലൂക്ക് ഓഫീസ് കെട്ടിടം പൈതൃക സ്മാരകമാക്കി നിലനിർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) നിലവിലുള്ള ഓഫീസ്, മിനിസിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്നു വ്യക്തമാക്കാമോ;

(സി) താലൂക്ക് ഓഫീസ് മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റി നിലവിലുള്ള കെട്ടിടം പൈതൃക സ്മാരകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷത്തിൽ ആലത്തൂർ താലൂക്കാഫീസ് പൈതൃക മന്ദിരമായി സംരക്ഷിക്കുന്നതിന് സർക്കാർ ഉത്തരവ് (ആർടി.) നമ്പർ 4914/2013 തീയതി 30-10-2013 പ്രകാരം സർക്കാരിൽനിന്നും ഭരണാനുമതി നൽകുകയും 2029-00-800-77 എന്ന ശീർഷകത്തിൽ ജില്ലാ കളക്ടർക്ക് 31-3-2014-നു മുമ്പ് ചെലവഴിക്കുന്നതിലേയ്ക്കായി 35 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. എന്നാൽ പൊതുമരാമത്ത് വകുപ്പിൽനിന്നും ടി തുക 31-3-2014-നുമുമ്പ് ചെലവഴിക്കാൻ കഴിയില്ലായെന്ന് അറിയിക്കുകയും തുക ചെലവഴിക്കുവാൻ കഴിയാതിരുന്നതിനാൽ ജില്ലാ കളക്ടർ 31-03-2014-ന് ടി തുക സറണ്ടർ ചെയ്തു.

(ബി) ആലത്തൂർ മിനിസിവിൽ സ്റ്റേഷനിലെ ഇന്റീരിയർ പണികൾ പൊതുമരാമത്ത് വകുപ്പിൽനിന്നും പൂർത്തിയാക്കുന്ന മുറയ്ക്ക് താലൂക്കാഫീസ് മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതാണ്.

(സി) ആലത്തൂർ താലൂക്കാഫീസ് മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്ന മുറയ്ക്ക് ടി കെട്ടിടം പൈതൃക മന്ദിരമായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**തൃശ്ശൂർ ജില്ലയിലെ പുറമ്പോക്കുകളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം**

212(2284) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വിവിധ പുറമ്പോക്കുകളിൽ കാലങ്ങളായി താമസിച്ചു വരുന്ന ആയിരക്കണക്കിന് കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) വിവിധ വകുപ്പുകൾക്കുകീഴിൽ, അവയുടെ വികസനത്തിന് ആവശ്യമില്ലാത്ത സ്ഥലങ്ങളിൽ വർഷങ്ങളായി താമസിച്ചുവരുന്ന അപേക്ഷകർക്ക് അടിയന്തരമായി പട്ടയം അനുവദിയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) തൃശ്ശൂർ ജില്ലയിൽ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് കേരള ഭൂമി പതിവ് നിയമവും ചട്ടങ്ങളും പ്രകാരം പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരികയാണ്. നിയമപരമായി പട്ടയം നൽകാവുന്നതും അപേക്ഷ ലഭിച്ചിട്ടുള്ളതുമായ ഭൂരിഭാഗം കേസുകളിലും പതിവ് ഉത്തരവോ, പട്ടയമോ അനുവദിച്ചുകഴിഞ്ഞിട്ടുള്ളതാണ്. പട്ടയത്തിനായി അപേക്ഷിച്ചിട്ടുള്ള ഭൂമി റവന്യൂ രേഖകളിൽ 'പാറ' എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽപോലും സ്ഥല പരിശോധന നടത്തി ധാതുശേഖരം ഇല്ലാത്ത വാസയോഗ്യമായ ഭൂമിയാണെന്ന് ഉറപ്പുവരുത്തി പട്ടയ നടപടി സ്വീകരിച്ചുവരുന്നുണ്ട്. പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമികൾ പതിവ് നൽകുന്നതിന് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുളം, ചിറ, പുറമ്പോക്കുകൾ നിലവിലുള്ള നിയമപ്രകാരം പതിവ് നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്. എന്നാൽ കൈവശക്കാർക്ക് റേഷൻ കാർഡ്, വൈദ്യുതി, വെള്ളം, ആധാർ കാർഡ് എന്നിവ ലഭിക്കുന്നതിലേയ്ക്കായി 'കൈവശരേഖ' നൽകി വരുന്നുണ്ട്. മറ്റ് വകുപ്പുകളുടെ (പൊതുമരാമത്ത്, വൈദ്യുതി, ജലസേചനം) കീഴിലുള്ള പുറമ്പോക്ക് ഭൂമികളിൽ താമസിച്ച് വരുന്നവർക്ക് പട്ടയം അനുവദിക്കുന്നതിനായി പ്രസ്തുത വകുപ്പുകൾ ഇക്കാര്യത്തിനായി നിരാക്ഷേപപത്രം ലഭ്യമാക്കണമെന്നുണ്ട്. എന്നാൽ പ്രസ്തുത നിരാക്ഷേപപത്രം ലഭ്യമാക്കുവാൻ കാലതാമസം നേരിടുന്നതുമൂലം പട്ടയ നടപടികൾ സ്വീകരിക്കുന്നതിന് തടസ്സമാകുന്നുണ്ട്. ജില്ലയിലെ വിവിധ വകുപ്പുകൾക്ക് കീഴിലുള്ള പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു യോഗം വിളിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**മഴക്കുറവ് സൃഷ്ടിക്കാവുന്ന പ്രത്യാഘാതങ്ങൾ**

213(2285) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ നേരിടുന്ന മഴക്കുറവ് സൃഷ്ടിക്കാവുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച്

ധാരണ ഉണ്ടാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതു മൂലമുണ്ടാകാവുന്ന പ്രതിസന്ധി പരിഹരിക്കാൻ ജില്ലാതലത്തിൽ ഏകോപനമുണ്ടാക്കുമോ?

ഉത്തരം

(എ) സംസ്ഥാന വരൾച്ചാ നിരീക്ഷണ കേന്ദ്രമായ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രം (State Emergency Operations Centre) മഴക്കുറവിന്റെ സാദ്ധ്യതകൾ സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നു. തെക്ക് പടിഞ്ഞാറൻ കാലവർഷം നിലവിൽ മഴക്കുറവാണ് രേഖപ്പെടുത്തിയത് എന്നതുകൊണ്ടുമാത്രം കുടിവെള്ള ക്ഷാമം ഉണ്ടാകുമെന്ന് കരുതാൻ സാധിക്കില്ല. കേരളത്തിൽ വടക്ക് കിഴക്കൻ കാലവർഷത്തിലും മഴലഭ്യതയ്ക്ക് സാധ്യതയുണ്ട്.

(ബി&സി) ഉണ്ട്. മഴവെള്ളം സംരക്ഷിക്കുന്നതിനായി കൃഷിക്ക് അനുയോജ്യമായ രീതിയിൽ പുതിയ കുളങ്ങൾ നിർമ്മിക്കുക, നിലവിലുള്ള കുളങ്ങളും സ്ഥിരം ശുദ്ധജല ഉറവിടങ്ങളും നവീകരിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുക, പ്രാദേശികമായി ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് പുതിയ തടയണകൾ നിർമ്മിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതിനും ഇതിലേയ്ക്കായി താഴെത്തട്ടിൽ അനിവാര്യമായ പദ്ധതികൾ ഉറപ്പുവരുത്തുന്നതിനായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എല്ലാ ജില്ലാ കളക്ടർമാർക്കും 2016 മേയ് മാസത്തിൽ തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. സെപ്റ്റംബർ 30-നുശേഷമുള്ള സമഗ്രമായ സാഹചര്യ റിപ്പോർട്ടും തയ്യാറാക്കിവരുന്നു. കുടിവെള്ള ലഭ്യത ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങൾ എകോപനത്തോടുകൂടി നടത്താനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 4-3-2016-ലെ സർക്കുലർ നമ്പർ 16789/കെ3/2016/ഡി.എം.ഡി. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

**സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട്**

214(2286) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷം സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് ഉപയോഗിച്ച് ഭരണാനുമതി നൽകിയ അട്ടപ്പാടി ജല്ലിപ്പാറ ഐശ്വര്യ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടും ഇതിന്റെ തുക പാസ്സാക്കി നൽകുവാനുള്ള കാലതാമസം എന്താണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് പാലക്കാട് ജില്ലാ കളക്ടറേറ്റിൽ നിന്നും റവന്യൂ (കെ)

പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് നൽകിയ ജെ 6/2013/11376/9 നമ്പർ കത്തിൽ സ്വീകരിച്ച നടപടികൾ ഇപ്പോൾ നിലവിലുള്ള ഫയൽ നമ്പർ സഹിതം വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2013-14 സാമ്പത്തിക വർഷം സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽനിന്നും അനുമതി നൽകിയ വിവിധ പ്രവൃത്തികൾ 31-12-2013-നകം പൂർത്തീകരിക്കേണ്ടതാണെന്ന് സർക്കാരിൽനിന്നും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ അഗളി ഗ്രാമപഞ്ചായത്തിലെ ഓടപ്പെട്ടി എന്ന കുടിവെള്ള പദ്ധതി (ജല്ലിപ്പാറ ഐശ്വര്യ കോളനി) 31-12-2013-ന് ശേഷമാണ് പൂർത്തീകരിച്ചിട്ടുള്ളത്. അതിനാലാണ് ഈ പദ്ധതിയുടെ തുക പാസ്സാക്കി നൽകാൻ കാലതാമസം ഉണ്ടായത്. എന്നാൽ 23-9-2016-ലെ 37256/കെ.3/2016/ഡി.എം.ഡി. നമ്പർ കത്ത് പ്രകാരം ടി പ്രവൃത്തിയുടെ കാലതാമസം മാപ്പാക്കി സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും ബിൽ തുക അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ടി കത്ത് ഈ വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല.

**ഓപ്പറേഷൻ അനന്തയുടെ ഭാഗമായി ഒറ്റപ്പാലം നഗരത്തിലെ ഒഴിപ്പിക്കൽ**

215(2287) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "ഓപ്പറേഷൻ അനന്ത ഒറ്റപ്പാല "ത്തിന്റെ ഭാഗമായി ഒറ്റപ്പാലം ടൗൺ പ്രദേശത്തെ നിയമാനുസൃതമല്ലാത്ത എത്ര കൈവശങ്ങൾ ഒഴിപ്പിച്ചെടുത്തെന്ന് സർവ്വേ നമ്പരുകൾ സഹിതം വിശദാംശം ലഭ്യമാക്കാമോ;

(ബി) അനധികൃതമായി ഭൂമി കൈവശം വച്ച മുഴുവൻ പേരെയും ഒഴിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം ഓപ്പറേഷൻ അനന്തയുടെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 12 കയ്യേറ്റങ്ങളിലായി 0.0216 ഹെക്ടർ പുറമ്പോക്ക് സ്ഥലവും രണ്ടാം ഘട്ടത്തിൽ 10 കയ്യേറ്റങ്ങളിലായി 0.0112 ഹെക്ടർ പുറമ്പോക്ക് ഭൂമിയും ഒഴിപ്പിച്ചെടുത്തിട്ടുള്ളതാണ്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) അനധികൃത കയ്യേറ്റം കണ്ടെത്തിയിട്ടുള്ള 15 കേസ്സുകളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ കേസ് നിലനിൽക്കുന്നതിനാൽ സ്റ്റേ ഒഴിവാക്കുന്നതിനായുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പുതുപ്പാടി വില്ലേജിലെ കർഷകർക്ക് പട്ടയം**

216(2288) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി താലൂക്ക് പുതുപ്പാടി വില്ലേജിൽ റീ സർവ്വെ 1/1,100/1-ൽ ഉള്ള നൂറുകണക്കിന് കർഷകർക്കും കൈവശക്കാർക്കും നാളിതുവരെയായിട്ടും ഭൂമി സംബന്ധിച്ച രേഖകളോ പട്ടയമോ അനുവദിച്ചു കിട്ടാത്ത കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തുകൊണ്ടാണിത് സംഭവിച്ചതെന്നും, ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണെടുത്തതെന്നും വിശദമാക്കുമോ;

(സി) കാലതാമസം കൂടാതെ ഇവരുടെ പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) താലൂക്ക് ലാൻഡ് ബോർഡ് മിച്ചഭൂമി ഏറ്റെടുത്ത സമയത്ത് അനുവദിച്ച ഇളവിൽ വ്യത്യാസം വന്നതായി ശ്രദ്ധയിൽപ്പെടുകയും ആയതനുസരിച്ച് ഫോറസ്റ്റ് ഭൂമിയും പുഴയും അളന്ന് തിട്ടപ്പെടുത്തി ബാക്കി ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസം വന്നതിനാലാണ് ഇത്തരം പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളത്. ആയത് പരിഹരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജ് ഓഫീസുകൾ**

217(2289) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടമില്ലാത്ത എത്ര വില്ലേജ് ആഫീസുകളാണ് കേരളത്തിലുള്ളത്എന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജ്ആഫീസുകൾക്ക് സ്വന്തമായി കെട്ടിടം ലഭ്യമാക്കി അടിസ്ഥാന സൗകര്യവികസനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വന്തമായി കെട്ടിടമില്ലാത്ത 93 വില്ലേജ് ഓഫീസുകളാണ് കേരളത്തിലുള്ളത്.

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സർക്കാർവക സ്ഥലമോ കെട്ടിടമോ പാട്ടത്തിനെടുത്ത് പ്രവർത്തിക്കുന്ന ക്ലബ്ബുകൾ

218(2290) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ വക സ്ഥലമോ കെട്ടിടമോ പാട്ടത്തിനെടുത്ത് പ്രവർത്തിക്കുന്ന ക്ലബ്ബുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ക്ലബ്ബുകൾ ഓരോന്നിനും അനുവദിച്ച നൽകിയ ഭൂമിയുടെയും കെട്ടിടങ്ങളുടെയും വിസ്തീർണ്ണവും നിലവിൽ കൈവശത്തിലുള്ള ഭൂമിയുടെയും കെട്ടിടങ്ങളുടെയും വിസ്തീർണ്ണവും എത്രയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥലങ്ങൾ ഓരോന്നിന്റെയും പാട്ടക്കാലാവധി എന്നുമുതൽ എന്നുവരെ ആണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത ക്ലബ്ബുകൾ ഓരോന്നിന്റെയും പാട്ട തുക എത്രയാണെന്നും കുടിശ്ശിക ഉണ്ടെങ്കിൽ എത്ര വീതം ഉണ്ടെന്നും അറിയിക്കാമോ;

(ഇ) പ്രസ്തുത ക്ലബ്ബുകളിൽ പാട്ട വ്യവസ്ഥകൾ വിരുദ്ധമായി പ്രവർത്തിക്കുന്നവ ഉണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

## കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷൻ

219(2291) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്ന മിനി സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ എത്ര മണൽ ലോറികൾ പിടിച്ചിട്ടിട്ടുണ്ട് എന്ന് വിശദമാക്കാമോ; ഇവ ഓരോന്നും പിടിച്ചിട്ടിട്ട് എത്ര വർഷമായി എന്നത് വ്യക്തമാക്കാമോ;

(ബി) മണൽ കടത്ത് കേസുകളിൽ പിടിച്ചിട്ടുള്ള വാഹനങ്ങളും മണൽ കൂമ്പാരവും മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം അപഹരിക്കുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമുണ്ടാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അനധികൃതമായ മണൽക്കടത്തുമായി ബന്ധപ്പെട്ട് നാളിതുവരെ 20 ലോറികൾ പിടിച്ചെടുത്ത് സൂക്ഷിച്ചിട്ടുണ്ട്. ഇതിൽ 9 ലോറികൾ 2012-ലും 8 ലോറികൾ 2013-ലും 1 ലോറി 2014-ലും 2 ലോറികൾ 2015-ലുമാണ് പിടിച്ചെടുത്തിട്ടുള്ളത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി വാഹനങ്ങൾ പിഴ ഈടാക്കി വിട്ടു നൽകുന്നതിനും അല്ലാത്ത വാഹനങ്ങൾ ലേലംചെയ്ത് നീക്കംചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**കിളിമാനൂർ മിനി സിവിൽ സ്റ്റേഷനിലെ അസൗകര്യങ്ങൾ**

220(2292) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ മിനി സിവിൽ സ്റ്റേഷനിൽ ശുചീകരണ പ്രവർത്തനങ്ങൾക്കായി തൊഴിലാളികളെ നിയമിക്കാത്തത് കാരണം വൃത്തിഹീനവും ദുർഗന്ധപൂരിതവുമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് നടപടിയെടുക്കേണ്ട ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ;

(സി) കിളിമാനൂർ മിനി സിവിൽ സ്റ്റേഷനിൽ ലിഫ്റ്റ് പ്രവർത്തിക്കാത്തത് കാരണം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കിളിമാനൂർ മിനി സിവിൽ സ്റ്റേഷനിൽ ക്യാന്റീൻ പ്രവർത്തിപ്പിക്കാനുള്ള ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അധികൃതരാണ് പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് നടപടി എടുക്കേണ്ടത്.

(സി) ഉണ്ട്. കിളിമാനൂർ സിവിൽ സ്റ്റേഷനിലെ ലിഫ്റ്റിന്റെ പണി പൂർത്തിയാക്കി ആയത് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പരിശോധനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് ലിഫ്റ്റിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയും.

(ഡി) ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല.

**സർക്കാർ ഭൂമി കയ്യേറിയത് തടയാൻ നടപടി**

221(2293) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 22-ൽ സർവ്വേ നമ്പർ 122/1-ൽ പെടുന്ന 6.30 ആർ സ്ഥലം സർക്കാർ വക ഭൂമിയാണോ എന്നു വ്യക്തമാക്കുമോ;

(ബി) ആണെങ്കിൽ പ്രസ്തുത ഭൂമിയിൽ നടത്തിയിട്ടുള്ള കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) കൊട്ടാരക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 22-ൽ സർവ്വേ നമ്പർ 122/1-ൽ പെടുന്ന 6.30 ആർ സ്ഥലം സർക്കാർ റോഡ് പുറമ്പോക്കിൽപ്പെട്ടതാണ്.

(ബി) കൊട്ടാരക്കര വില്ലേജിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നിയമാനുസൃതം നോട്ടീസ് നൽകി കയ്യേറ്റ ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടുള്ളതും കയ്യേറ്റം ബോധ്യപ്പെട്ടതിനെ തുടർന്ന് കേരള ഭൂസംരക്ഷണ നിയമപ്രകാരം നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. ഇതിനെതിരെ കയ്യേറ്റ കക്ഷികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിൽ റവന്യൂ അധികാരികളുടെ നടപടിക്രമം ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്യുകയും മൂന്ന് മാസത്തേയ്ക്കുകൂടി തൽസ്ഥിതി തുടരാൻ ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്.

**സർക്കാർ ഭൂമി സംരക്ഷിക്കൽ**

222(2294) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും കൈയ്യേറ്റങ്ങൾ തടയുന്നതിനുമായി പുതുതായി എന്തെങ്കിലും നടപടികൾ കൈക്കൊള്ളുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കാമോ ?

ഉത്തരം

1957-ലെ കേരള ഭൂസംരക്ഷണ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും പുതിയ കയ്യേറ്റങ്ങൾ ഉണ്ടാകാതെ തടയുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ, താലൂക്ക് തലങ്ങളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് കയ്യേറ്റങ്ങൾക്കെതിരെയുള്ള പരിശോധന നടത്തിവരുന്നു. തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമിയിലുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്കും റോഡ് പുറമ്പോക്ക്, ഇറിഗേഷൻ വകുപ്പ് വക ഭൂമിയിലെ കയ്യേറ്റങ്ങൾ തുടങ്ങിയവ ഒഴിപ്പിക്കുന്നതിനും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

**സർക്കാർ ഭൂമി സർക്കാരിൽ തന്നെ നിക്ഷിപ്തമാക്കാൻ നടപടി**

223(2295) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകമാനം മുൻ എൽ. ഡി. എഫ്. സർക്കാർ കാലയളവിൽ കണ്ടെത്തിയ മിച്ചഭൂമി എത്രയെന്നും, സർക്കാർ ഭൂമി, വന ഭൂമി എന്നിവയിൽ കൈയ്യേറ്റം നടത്തിയതായി കണ്ടെത്തിയ ഭൂമി എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഉൾപ്പെട്ട എത്ര മിച്ച ഭൂമി, സർക്കാർ ഭൂമി, വനഭൂമി എന്നിവ കൈയ്യേറ്റക്കാരിൽ നിന്നും മുൻ യു.ഡി.എഫ്. സർക്കാർ കണ്ടെത്തിയെന്ന് വ്യക്തമാക്കുമോ;

(സി) മുൻസർക്കാർ അധികാരമൊഴിയുമ്പോൾ മുൻ എൽ.ഡി.എഫ്. സർക്കാർ കണ്ടെത്തിയ മിച്ച ഭൂമിയിൽ എത്ര മിച്ച ഭൂമി എത്ര പേർക്ക് വിതരണം ചെയ്തു വെന്ന് വ്യക്തമാക്കുമോ;

(ഡി) മുൻ എൽ.ഡി.എഫ്. സർക്കാർ കണ്ടെത്തിയ മിച്ച ഭൂമി, സർക്കാർ ഭൂമി, വന ഭൂമി എന്നിവയിൽ കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ട ഭൂമി എത്ര; മുൻ സർക്കാർ കോടതി വ്യവഹാരങ്ങളിൽ ഫലപ്രദമായി ഇടപെടാത്തതുമൂലം സർക്കാരിനു നഷ്ടപ്പെട്ട ഭൂമി എത്ര; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ഇത്തരത്തിൽ കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ട സർക്കാർ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജില്ല തിരിച്ചുള്ള വിവരം അനുബന്ധം (എ) ആയി ചേർക്കുന്നു.*

(ബി) ജില്ല തിരിച്ചുള്ള വിവരം അനുബന്ധം (ബി) ആയി ചേർക്കുന്നു.*

(സി) ജില്ല തിരിച്ചുള്ള വിവരം അനുബന്ധം (സി) ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) വ്യവഹാരങ്ങളിൽ ഉൾപ്പെട്ട ഭൂമിയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം (ഡി) ആയി ചേർക്കുന്നു.* കോടതി വ്യവഹാരങ്ങളിൽ ഫലപ്രദമായി ഇടപെടാത്തതുമൂലം സർക്കാർ ഭൂമി നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ട കേസുകളിന്മേൽ യഥാസമയം സത്യവാങ്മൂലം നൽകിക്കൊണ്ടും ബന്ധപ്പെട്ട സർക്കാർ അഭിഭാഷകന് കേസ്സിലെ പ്രസക്ത വിവരങ്ങൾ താമസംവിനാ നൽകിക്കൊണ്ടും സർക്കാരിന് അനുകൂലമായി വിധി സമ്പാദിച്ചുകൊണ്ട് കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ട സർക്കാർ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്.

**സർക്കാർ ഭൂമിയുടെ ലീസ് വർദ്ധിപ്പിക്കാൻ നടപടി**

224(2296) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകമാനം എത്ര ഏക്കർ സർക്കാർ ഭൂമി/മിച്ചഭൂമി/വനഭൂമി തുടങ്ങിയവ ലീസിന് വ്യക്തികൾ/സ്ഥാപനങ്ങൾ/മറ്റുള്ളവർ എന്നിവർക്കായി നൽകിയിട്ടുണ്ട്; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവയുടെ ലീസ് നിരക്ക് എത്ര; മുൻ സർക്കാർ കാലയളവിൽ എത്ര തുക ലീസു പിരിവിൽ കുടിശ്ശികയുണ്ട്; മുൻ സർക്കാർ എത്ര ലീസ് തുക ലീസ് നൽകുന്നവർക്ക് ഒഴിവാക്കി നൽകി ; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) ലീസ് പിരിവിൽ സർക്കാരിനു ലീസ് നൽകാതിരിക്കാനായി കോടതികളെ സമീപിച്ച കേസുകൾ എത്രയെന്നും പ്രസ്തുത കേസ്സുകളിൽ കഴിഞ്ഞ സർക്കാറിന്റെ കാലത്ത് സർക്കാരിനു നഷ്ടമായ ലീസ് തുക എത്രയെന്നും വിശദീകരിക്കുമോ;

(ഡി) ലീസ് നിരക്കുകൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതും, അതിലൂടെ സർക്കാരിന് മുതൽ കൂട്ടാനും എന്തു നടപടികൾ സ്വീകരിക്കും; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) 6-2-2016-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 96/2016/ ആർ.ഡി. ഉത്തരവ് പ്രകാരവും 28-1-2016-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 64/16/ആർ.ഡി. ഉത്തരവ് പ്രകാരവും യഥാക്രമം പഞ്ചായത്ത് പ്രദേശത്തും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെയും ലീസ് നിരക്കുകൾ പരിഷ്ക്കരിച്ച് ഉത്തരവായിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സർക്കാർ നിയന്ത്രണത്തിലുള്ള മിച്ചഭൂമി

225(2297) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ പുതുതായി എത്ര പേർക്ക് എന്തെല്ലാം മാനദണ്ഡങ്ങൾ പ്രകാരം പട്ടയം നല്കി ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) മുൻസർക്കാരിന്റെ കാലയളവിൽ കണ്ടെത്തിയ സർക്കാർ പുറമ്പോക്കുകളായ ഭൂമി എത്ര; ഇവയിൽ ഇനിയും സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരാൻ കഴിയാത്ത ഭൂമി എത്ര; മിച്ച ഭൂമിയായി കണ്ടെത്തിയവയിൽ സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരാൻ കഴിഞ്ഞ ഭൂമി എത്ര; വിവിധയിനം വ്യവഹാരങ്ങളിൽ ഉൾപ്പെട്ട് കോടതികളിൽ കിടക്കുന്ന ഭൂമി എത്ര; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഭൂമിയിൽ നിന്നും മുൻസർക്കാർ എത്ര ഭൂരഹിതർക്ക് ഭൂമി നല്കി; അതിൽ വാസയോഗ്യമല്ല എന്നതിനാൽ ഭൂമി തിരസ്കരിച്ചവർ എത്ര; വാസ യോഗ്യമല്ലാത്ത ഭൂമി നല്കിയതിനു കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) മുൻസർക്കാർ അധികാരമൊഴിയുമ്പോൾ ഉണ്ടായിരുന്ന ഭൂരഹിതർ എത്ര, ഇവർക്കായി എന്തു നടപടികൾ സ്വീകരിക്കും; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം :

1964-ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരവും 1995 മുനിസിപ്പൽ/ കോർപ്പറേഷൻ നിയമങ്ങൾക്ക് വിധേയമായും ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായും തിരുവനന്തപുരം ജില്ലയിൽ പട്ടയ വിതരണം നടത്തിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം ജില്ലയിൽ 8360 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

എൽ.എ. പട്ടയം (കെ.എൽ.എ. റൂൾസ് 1964-1995) - 2295,

| | | |
|---|---|---|
| കോളനി പട്ടയം | - | 257 |
| ലക്ഷംവീട് പട്ടയം | - | 45 |
| സുനാമി പട്ടയം | - | 243 |

| | | |
|---|---|---|
| മിച്ചഭൂമി പട്ടയം | - | 193 |
| എൽ.റ്റി. പട്ടയം | - | 254 |
| കണ്ടുകൃഷി പട്ടയം | - | 2 |
| ശ്രീപാദം പട്ടയം | - | 68 |
| ശ്രീപണ്ടാരവക പട്ടയം | - | 39 |
| വനാവകാശ രേഖ | - | 1698 |
| കൈവശരേഖ | - | 193 |
| ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം (2012-2015) | - | 3073 |
| ആകെ | - | 8360 |

കൊല്ലം :

മുൻ സർക്കാരിന്റെ കാലത്ത് 53 കോളനി പട്ടയങ്ങൾ, 45 സുനാമി പട്ടയങ്ങൾ ഉൾപ്പെടെ 1,075 എൽ.എ. പട്ടയങ്ങളും 8 മിച്ച ഭൂമി പട്ടയങ്ങളും വിതരണം ചെയ്തിട്ടുണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം 1325 പട്ടയങ്ങൾ തയ്യാറാക്കിയിരുന്നെങ്കിലും 808 പട്ടയങ്ങൾ മാത്രമേ വിതരണം ചെയ്യാൻ സാധിച്ചിട്ടുള്ളൂ. ബാക്കി 517 എണ്ണത്തിൽ കേസുകളാലും മറ്റ് കാരണങ്ങളാലും പട്ടയ വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലാത്തതാണ്.

ആകെ - 1891 പട്ടയങ്ങൾ

പത്തനം തിട്ട :

സീറോ ലാൻഡ്ലെസ് പ്രകാരം - 1151, കോളനി പട്ടയം -1001, ഭവനനിർമ്മാണം - 16, കൃഷി -01

ആകെ - 2169 പട്ടയങ്ങൾ.

ആലപ്പുഴ :

കേരള ഭൂപതിവ് ചട്ടം 1960, കേരള ഭൂപരിഷ്കരണ നിയമം, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015 എന്നിവയിലെ വ്യവസ്ഥകൾ പാലിച്ച് മുൻ സർക്കാർ 1074 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

കോട്ടയം :

മുൻ സർക്കാരിന്റെ കാലത്ത് കോട്ടയം ജില്ലയിൽ ഭൂമി പതിവ് നിയമ പ്രകാരം 2594 പട്ടയവും ഭൂപരിഷ്കരണ പ്രകാരം 908 പട്ടയവും ഉൾപ്പെടെ 3502 പട്ടയങ്ങൾ നൽകി.

<u>ഇടുക്കി</u> :

ലഭ്യമായ കണക്കുകൾ പ്രകാരം മുൻ സർക്കാർ ഇടുക്കി ജില്ലയിൽ 36840 പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. 1964-ലെ കേരള ഭൂമി പതിവ് ചട്ടം, 1963-ലെ സ്പെഷ്യൽ റൂൾ, സീറോ ലാൻഡ്‌ലെസ് പദ്ധതി എന്നിവ പ്രകാരമാണ് ടി പട്ടയങ്ങൾ അനുവദിച്ചിട്ടുള്ളത്.

<u>എറണാകുളം</u>:

മുൻ സർക്കാരിന്റെ കാലത്ത് കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964 പ്രകാരം 1940 പേർക്കും ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 543 പേർക്കും വനഭൂമി പതിവ് ചട്ട പ്രകാരം 45 പേർക്കുമായി ആകെ 2528 പട്ടയങ്ങൾ നൽകിയിട്ടുള്ളതാണ്.

<u>തൃശ്ശൂർ</u>:

മുൻ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ ജില്ലയിൽ അനുവദിച്ചിട്ടുള്ള പട്ടയങ്ങൾ:

കെ.എൽ.എ.- 288, കോളനി - 218, സുനാമി - 401, വനഭൂമി- 41, വനാവകാശ രേഖ – 73, എൽ.റ്റി. - 12309, മിച്ചഭൂമി - 30, സീറോ ലാൻഡ്‌ലെസ് - 453

ആകെ - 13813

<u>പാലക്കാട്</u>:

പാലക്കാട് ജില്ലയിൽ കെ.എൽ.എ. ആക്ട് പ്രകാരം 141, കെ.എൽ.ആർ. ആക്ട് (മിച്ച ഭൂമി) പ്രകാരം - 85, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി - 4112, ലക്ഷം വീട് പദ്ധതി പ്രകാരം - 70

ആകെ 4408 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

<u>മലപ്പുറം</u> :

എൽ.എ. പട്ടയം - 34, മിച്ചഭൂമി പട്ടയം - 26, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പട്ടയം - 1277, ലക്ഷംവീട് പട്ടയം 77, 4 സെന്റ് കോളനി പട്ടയം - 35, പട്ടികജാതി വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് നൽകിയിട്ടുള്ള പട്ടയം - 04, പഞ്ചായത്ത് വക ഭൂമിക്ക് നൽകിയിട്ടുള്ള പട്ടയങ്ങളുടെ എണ്ണം - 06

ആകെ - 1459 പട്ടയങ്ങൾ നൽകി.

കോഴിക്കോട് :

മുൻ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ 120 മിച്ചഭൂമി പട്ടയങ്ങളും 1337 പുറമ്പോക്ക് പട്ടയങ്ങളും 76 എണ്ണം 4 സെന്റ് ലക്ഷം വീട് കോളനി പട്ടയങ്ങളും 16 വനഭൂമി പട്ടയങ്ങളും 1469 എണ്ണം 3 സെന്റ് പട്ടയവുമായി ആകെ - 3018 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

വയനാട്:

വയനാട് ജില്ലയിൽ സീറോ ലാൻഡ്ലെസ് പദ്ധതി പ്രകാരം - 151, എൽ.എ. -2, ലക്ഷം വീട് പട്ടയം - 20, മിച്ചഭൂമി പട്ടയം - 70

ആകെ - 243 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

കണ്ണൂർ :

കണ്ണൂർ ജില്ലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 46 പേർക്ക് മിച്ചഭൂമി പട്ടയവും ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നും രണ്ടും ഘട്ടങ്ങളിലായി 13142 പേർക്കും പട്ടയം വിതരണം ചെയ്തിട്ടുണ്ട്.

ആകെ - 13188

കാസർഗോഡ്:

കേരള ഭൂപരിഷ്കരണ നിയമപ്രകാരം 222 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. കെ.എൽ.എ. നിയമം, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി മുതലായവ ഉൾപ്പെടെ 13951 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ബി) ജില്ലതിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം:

മുൻ സർക്കാരിന്റെ കാലയളവിൽ തിരുവനന്തപുരം ജില്ലയിൽ 7.19.20 ഹെക്ടർ പുറമ്പോക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇനിയും സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരാൻ കഴിയാത്ത ഭൂമിയുടെ വിസ്തീർണ്ണം 6.23.60 ഹെക്ടറാണ്. തിരുവനന്തപുരം ജില്ലയിൽ മിച്ചഭൂമിയായി കണ്ടെത്തിയവയിൽ 5.1851 ഹെക്ടർ ഭൂമി സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരാൻ കഴിഞ്ഞു. തിരുവനന്തപുരം ജില്ലയിൽ വിവിധയിനം വ്യവഹാരങ്ങളിൽ ഉൾപ്പെട്ട് കോടതികളിൽ കിടക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം 60.90.68 ഹെക്ടറാണ്.

കൊല്ലം :

മുൻ സർക്കാരിന്റെ കാലത്ത് കണ്ടെത്തിയ സർക്കാർ പുറമ്പോക്ക് ഭൂമി - 99.56 ആർസ്.

സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരാനുള്ളത് - 49.69 ആർസ്.

മിച്ച ഭൂമി - ഇല്ല.

കൊല്ലം താലൂക്കിൽ മുളവന വില്ലേജിൽ റീസർവ്വേ 356/12-ൽ നിന്നും 10.10.88-ൽ ഏറ്റെടുത്തതും ഹൗസിംഗ് ബോർഡിന് കൈമാറിയതുമായ 60.60 ആർസ് ഭൂമി ശ്രീ. സന്തോഷ് ടൈറ്റസ് കയ്യേറിയതുമായി ബന്ധപ്പെട്ട് ഡബ്ല്യൂ.പി. (സി) 29959/15 നമ്പർ കേസ് ഹൈക്കോടതിയിൽ നിലനിൽക്കുന്നു.

പത്തനംതിട്ട :

മുൻ സർക്കാരിന്റെ കാലയളവിൽ പുതുതായി കണ്ടെത്തിയ സർക്കാർ ഭൂമിയില്ല. മിച്ചഭൂമിയായി കണ്ടെത്തിയത് സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിന് കഴിഞ്ഞിട്ടില്ലാത്തതും മിച്ചഭൂമി സംബന്ധിച്ച് കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ട കേസുകൾ പുന:പരിശോധന നടപടികൾ വിവിധ താലൂക്ക് ലാൻഡ് ബോർഡുകളിൽ നടന്നുവരുന്നതുമാണ്.

ആലപ്പുഴ:

മുൻ സർക്കാരിന്റെ കാലയളവിൽ ആകെ 5.6955 ഹെക്ടർ പുറമ്പോക്ക് ഭൂമി കണ്ടെത്തിയിട്ടുള്ളതാണ്. 3.5245 ഹെക്ടർ ഭൂമിയിൽ കയ്യേറ്റം കണ്ടെത്തിയിട്ടുള്ളതും ആയതിൽ 2.1256 ഹെക്ടർ ഭൂമിയിൽനിന്നും കയ്യേറ്റം ഒഴിപ്പിച്ച് തിരികെ സർക്കാർ അധീനതയിൽ കൊണ്ടുവന്നിട്ടുള്ളതുമാണ്. 1.3989 ഹെക്ടർ ഭൂമി സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. 84.40 ആർസ് ഭൂമി കോടതി വ്യവഹാരത്തിൽ ഉൾപ്പെട്ട് കിടക്കുന്നു.

കോട്ടയം :

പുറമ്പോക്ക് ഭൂമിയായി കണ്ടെത്തിയത് 00.42.86 ഹെക്ടറും സർക്കാർ നിയന്ത്രണത്തിലുള്ള മിച്ചഭൂമി 10.96.60 ഹെക്ടറുമാണ്. വ്യവഹാരങ്ങളിൽ ഉൾപ്പെട്ട് കോടതി നടപടികളിൽ കിടക്കുന്ന ഭൂമി 69.27.12 ഹെക്ടറാണ്.

ഇടുക്കി :

മുൻ സർക്കാരിന്റെ കാലയളവിൽ 4.4932 ഹെക്ടർ സർക്കാർ പുറമ്പോക്കുകളായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ആയതിൽ 4.3546 ഹെക്ടർ ഭൂമി കോടതി വ്യവഹാരങ്ങളിൽ ഇരിക്കുന്നതിനാൽ സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരാൻ കഴിഞ്ഞില്ല. ഏറ്റെടുത്ത മിച്ചഭൂമിയിൽ മഞ്ചുമല വില്ലേജിൽനിന്ന് 35 ഏക്കർ (14.16.43 ഹെക്ടർ) മിച്ചഭൂമി സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

എറണാകുളം:

2.7600 ഹെക്ടർ മിച്ചഭൂമിയായി കണ്ടെത്തിയിട്ടുള്ളതും, 2.4444 ഹെക്ടർ ഭൂമി വ്യവഹാരത്തിൽ ഉൾപ്പെട്ടതിനാൽ സർക്കാർ അധീനതയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്.

തൃശ്ശൂർ :

മുൻ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ ജില്ലയിൽ 12.2346 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനായി കണ്ടെത്തി. പ്രസ്തുത ഭൂമി മുഴവനായും സർക്കാർ നിയന്ത്രണത്തിൽ കൊണ്ട് വന്ന് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുള്ളതാണ്. മുൻ സർക്കാരിന്റെ കാലത്ത് 25.14 ഏക്കർ (10.17.40 ഹെക്ടർ) ഭൂമി മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചു. ടി 25.14 ഏക്കർ (10.17.40 ഹെക്ടർ) ഭൂമി ഏറ്റെടുത്തത് സംബന്ധിച്ച് കോടതി വ്യവഹാരമുള്ളതാണ്.

പാലക്കാട്:

കണ്ടെത്തിയ മിച്ചഭൂമി - 2045.9393 ഹെക്ടർ

കണ്ടെത്തിയ പുറമ്പോക്ക് ഭൂമി - 2.4376 ഹെക്ടർ

സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരാത്ത ഭൂമി - 1.5840 ഹെക്ടർ

വ്യവഹാരങ്ങളിൽപ്പെട്ടു കിടക്കുന്ന ഭൂമി - 76.6159 ഹെക്ടർ.

മലപ്പുറം:

മുൻ സർക്കാരിന്റെ കാലയളവിൽ തെന്നല വില്ലേജിൽ പുറമ്പോക്കായി കണ്ടെത്തിയ 37 സെന്റ് (00.14.97 ഹെക്ടർ) ഭൂമിയുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ WP(C) 17783/13 പ്രകാരം സ്റ്റേ നിലനിൽക്കുകയാണ്. മിച്ചഭൂമിയായി കണ്ടെത്തിയ 38.7025 ഹെക്ടർ ഭൂമിയിൽ 12.9578 ഹെക്ടർ ഭൂമി വിവിധ കോടതികളിൽ വ്യവഹാരങ്ങളിൽ ഉൾപ്പെട്ട് വരുന്നുണ്ട്.

<u>കോഴിക്കോട്</u> :

മുൻ സർക്കാരിന്റെ കാലത്ത് പുറമ്പോക്ക്/മിച്ചഭൂമി എന്നിവ കണ്ടെത്തിയിട്ടില്ല. എന്നാൽ ഭൂരഹിത കേരളം പദ്ധതി പ്രകാരം നിലവിലെ മിച്ചഭൂമി പുറമ്പോക്കാക്കി മാറ്റി പതിച്ച് നൽകിയിട്ടുണ്ട്.

<u>വയനാട്</u> :

മിച്ചഭൂമിയായി കണ്ടെത്തിയത് - 80.1103 ഹെക്ടർ

ഏറ്റെടുത്തത് - 3.2416 ഹെക്ടർ

ഏറ്റെടുക്കുവാൻ അവശേഷിക്കുന്നത് - 365.40 ഹെക്ടർ

അന്യ കൈവശം/കോടതി വ്യവഹാരം - 243.6686 ഹെക്ടർ

<u>കണ്ണൂർ</u> :

മുൻ സർക്കാർ കാലയളവിൽ പുതുതായി പുറമ്പോക്ക് ഭൂമിയോ, മിച്ച ഭൂമിയോ കണ്ടെത്തിയിട്ടില്ല. മുമ്പ് മിച്ചഭൂമിയായി കണ്ടെത്തിയവയിൽ വിവിധയിനം വ്യവഹാരങ്ങളിലും കോടതികളിലുമായി 694.62 ഹെക്ടർ മിച്ചഭൂമി ഉൾപ്പെട്ടിട്ടുണ്ട്.

<u>കാസർഗോഡ്</u> :

32.6588 ഹെക്ടർ മുൻ സർക്കാരിന്റെ കാലയളവിൽ കണ്ടെത്തി. ആയത് സർക്കാർ നിയന്ത്രണത്തിലാണ്.

(സി) ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

<u>തിരുവനന്തപുരം</u>:

പ്രസ്തുത ഭൂമിയിൽനിന്നും മുൻ സർക്കാരിന്റെ കാലത്ത് 2840 പേർക്ക് പട്ടയം നൽകി. വാസയോഗ്യമല്ല എന്നതിനാൽ ഭൂമി ആരുംതന്നെ തിരസ്കരിച്ചിട്ടില്ല.

<u>കൊല്ലം</u>:

മുൻ സർക്കാർ 1891 പേർക്ക് പട്ടയങ്ങൾ നൽകിയിട്ടുണ്ട്. വാസയോഗ്യ മല്ലാത്തതിനാൽ ഭൂമി തിരസ്കരിച്ചവരില്ല.

<u>പത്തനംതിട്ട</u>:

ജില്ലയിൽ മിച്ചഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്തിട്ടില്ല.

ആലപ്പുഴ:

183 പട്ടയം വിതരണം ചെയ്ത് ഭൂമി കൈമാറിയതിൽ 80 പ്ലോട്ടുകൾ വീട് വയ്ക്കുവാൻ അനുയോജ്യമല്ലെന്ന് കാണുന്നു. നിലവിൽ വിതരണം ചെയ്ത ഭൂമി നിലവും വെള്ളക്കെട്ടും വഴിസൗകര്യമില്ലാത്തതുമായി കാണുന്നു. നൽകിയ ഭൂമി നിരസിച്ചുകൊണ്ട് ആരും രേഖാമൂലം പരാതി നൽകിയിട്ടില്ല.

കോട്ടയം :

235 പേർക്ക് ഭൂമി നൽകി. 27 പേർ ഭൂമി തിരസ്കരിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ വാസയോഗ്യമല്ലാത്ത ഭൂമി നൽകിയിട്ടില്ല.

ഇടുക്കി:

മുൻ സർക്കാരിന്റെ കാലത്ത് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം 4235 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളിൽ 344 പേർ ഭൂമി കൈപ്പറ്റുവാൻ രേഖാമൂലം വിസമ്മതിച്ചു. അടിസ്ഥാന സൗകര്യങ്ങളായ ആശുപത്രി, സ്കൂൾ എന്നിവയുടെ അഭാവവും മണ്ണിടിച്ചിൽ, ഇടിമിന്നൽ മുതലായ പ്രകൃതി ദുരന്തങ്ങളുടെ സാധ്യതയുമാണ് ഭൂമി കൈപ്പറ്റുന്നതിന് വിസമ്മതം പ്രകടിപ്പിക്കുവാൻ കാരണം.

എറണാകുളം:

പ്രസ്തുത ഭൂമിയിൽനിന്നും മുൻ സർക്കാർ 405 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. വാസയോഗ്യമല്ലാത്തതിനാൽ ഭൂമി ആരും തിരസ്കരിച്ചിട്ടില്ല.

തൃശ്ശൂർ :

മുൻ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ ജില്ലയിൽ കണ്ടെത്തിയ 12.2346 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമിയും വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതാണ്. മിച്ചഭൂമി ഏറ്റെടുത്തതിൽ 1.17 ഏക്കർ ഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്തിട്ടുള്ളതാണ്. വാസയോഗ്യമല്ലെന്ന കാരണത്താൽ ഭൂമി തിരസ്കരിച്ച കേസുകൾ തൃശ്ശൂർ ജില്ലയിൽ ഇല്ലാത്തതാണ്.

പാലക്കാട്:

412 പേർക്ക് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഭൂമി നൽകി. 86 പേരുടെ പട്ടയം വാസയോഗ്യമല്ലാത്തതിനാൽ (പാറയായതിനാൽ) റദ്ദ് ചെയ്തു.

<u>മലപ്പുറം</u>:

മുൻ സർക്കാർ സീറോ ലാൻഡ്ലെസ് പദ്ധതി പ്രകാരം 1936 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

വാസയോഗ്യമല്ല/സൗകര്യപ്രദമല്ല എന്നതിനാൽ ഭൂമി തിരസ്കരിച്ചവർ - 1

കൂടുതൽ സൗകര്യപ്രദമായ ഭൂമി വേണമെന്ന് കക്ഷികൾ ആവശ്യപ്പെടുന്നു.

<u>കോഴിക്കോട്</u>:

1469 എണ്ണം 3 സെന്റ് പട്ടയം, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം പതിച്ചുനൽകി. 306 എണ്ണം വാസയോഗ്യമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. പാറക്കെട്ടായതിനാലും വെള്ളം ലഭ്യമല്ലെന്ന കാരണത്താലും ചെങ്കുത്തായതിനാലുമാണ് ഗുണഭോക്താക്കൾ ആക്ഷേപം ഉന്നയിച്ചിട്ടുള്ളത്.

<u>വയനാട്</u> :

വയനാട് ജില്ലയിൽ 14 പേർക്ക് മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട്.

<u>കണ്ണൂർ</u> :

കണ്ണൂർ ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലായി 13142 പേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. അനുവദിച്ച പ്ലോട്ടുകളെ സംബന്ധിച്ച് ആകെ 1764 ആക്ഷേപം ലഭിച്ചിട്ടുണ്ട്. ആക്ഷേപങ്ങൾ കൂടുതലും വാസയോഗ്യമല്ലായെന്ന കാരണത്താൽ ഭൂമി മാറ്റി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണ്.

<u>കാസർഗോഡ്</u> :

മുൻ സർക്കാരിന്റെ കാലയളവിൽ കണ്ടെത്തിയ പ്രസ്തുത ഭൂമിയിൽ നിന്നും ഭൂരഹിതർക്ക് ഭൂമി നൽകിയിട്ടില്ല.

(ഡി) ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

<u>തിരുവനന്തപുരം</u>:

മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ 44,267 ഭൂരഹിതർ ഉണ്ടായിരുന്നു. തിരുവനന്തപുരം ജില്ലയിൽ ഭൂരഹിതർക്കായി 6.2269 ഹെക്ടർ ഭൂമി മാത്രമാണ് കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ ടി ഭൂമി കണ്ടെത്തിയതിനുശേഷം പ്രസ്തുത ഭൂമിയിലെ കൈവശ കക്ഷികൾ അന്യായം ഫയൽ ചെയ്യുകയും ആയത് തീർപ്പാക്കിയിട്ടില്ലാത്തതുമാണ്. ഭൂരഹിതർക്കായി കണ്ടെത്തിയ ഭൂമി ടി 44267 പേർക്ക് നൽകാൻ അപര്യാപ്തമാണ്.

കൊല്ലം :

മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം 28,269 പേരുടെ ലിസ്റ്റ് നിലവിൽ പദ്ധതിയുടെ വെബ്സൈറ്റിൽ ഉണ്ട്. വിതരണ യോഗ്യമായ ഭൂമി കണ്ടെത്തുന്ന മുറയ്ക്ക് ഭൂമി വിതരണം ചെയ്യുന്നതാണ്.

പത്തനംതിട്ട:

പത്തനംതിട്ട ജില്ലയിൽ 4260 ഭൂരഹിതർ ഉള്ളതാണ്.

ആലപ്പുഴ:

ആലപ്പുഴ ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഒന്ന്, രണ്ട് ഘട്ടങ്ങളിലായി നിലവിൽ 14,994 ഭൂരഹിതരുണ്ട്. ഭൂമി ലഭ്യതയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കോട്ടയം :

9079 പേർ ഭൂരഹിതരാണെന്ന് കണക്കാക്കിയിട്ടുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ടി ആൾക്കാർക്ക് ഭൂമി നൽകുവാൻ നടപടി സ്വീകരിക്കുന്നതാണ്.

ഇടുക്കി:

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരമുള്ള അപേക്ഷ പ്രകാരം 4313 പേർ ഭൂരഹിതരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അനുയോജ്യമായ ഭൂമി കണ്ടെത്തുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

എറണാകുളം:

മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ ആകെ 32992 ഭൂരഹിതർ ഉണ്ടായിരുന്നതാണ്. ഭൂമിയുടെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

തൃശ്ശൂർ:

മുൻ സർക്കാരിന്റെ കാലത്ത് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരമാണ് ഭൂരഹിതർക്ക് ഭൂമി കണ്ടെത്തി വിതരണം നൽകുന്നതിനുള്ള നടപടി തൃശ്ശൂർ ജില്ലയിൽ സ്വീകരിച്ചിട്ടുള്ളത്. ടി പദ്ധതി പ്രകാരം 26678 അപേക്ഷകളാണ് തൃശ്ശൂർ ജില്ലയിൽ ലഭിച്ചിട്ടുള്ളത്. അയത് പ്രകാരം അന്വേഷണം നടത്തി അർഹരാണെന്ന് കണ്ടെത്തിയ 562

പേർക്ക് പട്ടയം നൽകിയിട്ടുള്ളതാണ്. വിശദമായ അന്വേഷണം നടത്തി അർഹരാണെന്ന് കണ്ടെത്തിയവരിൽ ശേഷിക്കുന്നവർക്ക് ഭൂമി കണ്ടെത്തി നിയമാനുസരണം അനുവദിക്കുന്നതിനുള്ള നടപടി ത്വരിത ഗതിയിൽ സ്വീകരിച്ചുവരുന്നു.

പാലക്കാട്:

മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ ഉണ്ടായിരുന്ന ഭൂരഹിതർ - 19364.

ഭൂമിയുടെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

മലപ്പുറം:

ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ സ്വീകരിച്ച അപേക്ഷകളുടെ കണക്ക് പ്രകാരം മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ 24391 ഭൂരഹിതരുണ്ട്. അനുയോജ്യമായ ഭൂമി കണ്ടെത്തുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് :

കോഴിക്കോട് ജില്ലയിൽ ഏകദേശം 9070 ഭൂരഹിതർ ഭൂരഹിത കേരളം പദ്ധതിപ്രകാരം ഭൂമി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇവർക്കായി ഭൂമി കണ്ടെത്തി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വയനാട്:

വയനാട് ജില്ലയിൽ ഭൂരഹിതരായ 3409 അപേക്ഷകരുണ്ട്. അപേക്ഷ കളിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

കണ്ണൂർ :

മുൻ സർക്കാർ അധികാരമൊഴിയുന്നതുവരെ ലഭിച്ച അപേക്ഷകളിൽ അർഹരായി കണ്ടെത്തിയ മുഴുവൻ പേർക്കും ഭൂമി അനുവദിച്ചിട്ടുണ്ട്.

കാസർഗോഡ് :

മുൻ സർക്കാരിന്റെ കാലത്ത് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം അപേക്ഷ ലഭിച്ചതിൽ 16144 അർഹരായ ഭൂരഹിതരെ കണ്ടെത്തുകയും അവർക്ക് ഭൂമി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**റിവർ മാനേജ്മെന്റ് ഫണ്ട്**

226(2298) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ റിവർമാനേജ്മെന്റ് ഫണ്ടിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(ബി) ടി ഫണ്ട് വിനിയോഗിച്ച് ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന പമ്പാ, അച്ചൻകോവിൽ എന്നീ നദികളുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് വിശദീകരിക്കുമോ;

(സി) ടി നദികളുടെ തീരങ്ങളിൽ താമസിക്കുന്നവരുടെ വീട് സംരക്ഷിക്കുന്നതിനും പുരയിടം കെട്ടി സംരക്ഷിക്കുന്നതിനുമായുള്ള നിവേദനങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ 31-3-2016 വരെയുള്ള ബാലൻസ് തുക 28,29,087 രൂപയാണ്. ടി തുകയിൽനിന്നും ഭരണാനുമതി ലഭിച്ച 2 പ്രവൃത്തികൾക്കായി 17.80 ലക്ഷം രൂപ നൽകുവാനുണ്ട്. നിലവിൽ RMF-ൽ വരവ് ഇല്ല.

(ബി) വെൺമണി ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിൽ കൂടി കടന്നു പോകുന്ന അച്ചൻകോവിലാറിന്റെ വലത് കരയുടെ സംരക്ഷണത്തിന് മുണ്ടോലി പള്ളത്തുകടവിന്റെ രൂപീകരണത്തിനുമായി 15 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. ടി പ്രവൃത്തി നടന്നുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി**

227(2299) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയനുസരിച്ച് റോഡുകൾ നന്നാക്കുന്ന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച പ്രവൃത്തികൾക്ക് എത്ര രൂപയാണ് കൊടുത്തുതീർക്കാനുള്ളത്; ഇത് എന്ന് കൊടുത്തുതീർക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. കേന്ദ്ര മാനദണ്ഡ പ്രകാരമാണ് ദുരന്ത പ്രതികരണ നിധിയിൽ നിന്നും വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിക്ക് ഫണ്ട് ഉപയോഗിക്കുന്നത്.

(ബി) 9.50 (ഒമ്പതര) കോടി രൂപയാണ് കോഴിക്കോട് ജില്ലയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച പ്രവൃത്തികൾക്ക് കൊടുത്തുതീർക്കാനുള്ളത്. ജില്ലാ കളക്ടർമാർ ആവശ്യപ്പെടുന്ന തുക ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആനുപാതികമായി അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിന് ഭൂമി ഏറ്റെടുക്കൽ

228(2300) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിന് പൊന്നുംവില നടപടികൾ സംബന്ധിച്ച് 16206/ബി2/റവ/16 നമ്പർ ഫയലിൽ ആവശ്യപ്പെട്ട വിശദീകരണം കോട്ടയം ജില്ലാ കളക്ടർ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) 9-5-2013-ലെ നമ്പർ 2655/13/റവ. ഉത്തരവിലെ അവ്യക്തതകൾ പരിഹരിച്ച് സർക്കാർ പുതുക്കിയ ഉത്തരവ് എത്രയും വേഗം ഇറക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നിർദ്ദിഷ്ട ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് മുഖേന ഏറ്റെടുക്കുന്നതിനായി എത്രയും വേഗം നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച് വ്യക്തമായ ഉത്തരവ് പുനഃക്രമീകരിച്ച് ഇറക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) 2013-ലെ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആൻഡ് റീസെറ്റിൽമെന്റ് ആക്ട് നിലവിൽ വന്നതിന് മുമ്പെയുള്ള സർക്കാർ ഉത്തരവ് ആയതിനാൽ സാമൂഹിക ആഘാത പഠനത്തിന്റെ ആവശ്യകത ഈ സ്ഥലമെടുപ്പിന് ആവശ്യമുണ്ടോ എന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ-സി) ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിന് പൊന്നുംവില നടപടികൾ സംബന്ധിച്ച് 11-8-2016-ലെ 16206/ ബി2 / 16/റവ നമ്പർ കത്തുപ്രകാരം നിർദ്ദിഷ്ട നെഗോഷ്യേറ്റഡ് പർച്ചേസ് മുഖേന ഏറ്റെടുക്കുന്ന

തിനായി നിലനിൽക്കുന്ന സാഹചര്യങ്ങൾ ഉൾപ്പെടുത്തിയ വിശദമായ റിപ്പോർട്ട് കോട്ടയം ജില്ലാ കളക്ടറിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. കോട്ടയം ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 9-5-2013 തീയതിയിലെ 2655/13/റവ നമ്പർ ഉത്തരവിൽ എന്തെങ്കിലും ഭേദഗതി ആവശ്യമാണെങ്കിൽ അക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(ഡി) 2013-ലെ പുതിയ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് ആക്ട് നിലവിൽ വന്നതിനാൽ ഇനി പഴയ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കാൻ കഴിയില്ല. പുതിയ നിയമം എൽ.എ.ആർ.ആർ. ആക്ട് 2013-ലെ സെക്ഷൻ 4-9 പ്രകാരം സാമൂഹിക പ്രത്യാഘാതവും പൊതു ആവശ്യവും പഠന വിലയിരുത്തൽ നടത്തേണ്ടതാണ്.

## വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ പ്രവൃത്തികൾ

229(2301) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011-16 കാലയളവിൽ നെടുമങ്ങാട് മണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

| | | |
|---|---|---|
| നടത്തിയ പ്രവൃത്തികളുടെ എണ്ണം | - | 198 |
| അനുവദിച്ച തുക | - | 1017 ലക്ഷം രൂപ. |

## വെള്ളപ്പൊക്ക-വരൾച്ചാ ദുരിതാശ്വാസ പദ്ധതി

230(2302) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക-വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലേക്ക് 2011 മുതൽ 2016 വരെ കേന്ദ്ര സർക്കാർ അനുവദിച്ച തുകയും ഈ കാലയളവിൽ ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിഭാഗത്തിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടും പണം നൽകുന്നതിന് കാലതാമസം നേരിടുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഈയിനത്തിലുള്ള കുടിശ്ശിക ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

## മണ്ണാർക്കാട് താലൂക്കിലെ പട്ടയവിതരണം

231(2303) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് താലൂക്കിൽ 1-1-977-ന് മുൻപ് വനഭൂമിയിൽ താമസിക്കുന്നവരെ കണ്ടെത്തുന്നതിനുള്ള ജോയിന്റ് വെരിഫിക്കേഷൻ സർവ്വേ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിൻ പ്രകാരം അർഹരായ കുടുംബങ്ങളുടെയും വ്യക്തികളുടെയും വിശദവിവരം നൽകുമോ;

(ബി) പട്ടയം ലഭിക്കുന്നതിന് അർഹരായവരുടെ ലിസ്റ്റ് റവന്യൂ അധികൃതർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് സമർപ്പിച്ചത്; ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് നിലവിലെ ഫയൽ നമ്പർ സഹിതം വിശദീകരിക്കുമോ;

(സി) കേരളത്തിലെ പല സ്ഥലങ്ങളിലും ജോയിന്റ് വെരിഫിക്കേഷൻ നടത്തി പട്ടയം നൽകിയിട്ടും മണ്ണാർക്കാട് താലൂക്കിൽ ഇതിനുണ്ടാകുന്ന കാലതാമസം എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1-1-1977-നുമുൻപ് വനഭൂമി കൈവശം വച്ചിരിക്കുന്ന അർഹരായ കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനായി റവന്യൂ, വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. മണ്ണാർക്കാട് താലൂക്കിൽ അർഹരായവരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) 1-1-1977-നുമുൻപ് കൈവശം തിട്ടപ്പെടുത്തിയ പാലക്കാട് ജില്ലയിലെ 643 പേരുടെ (269.4750 ഹെ) ലിസ്റ്റും വിശദാംശങ്ങളും പട്ടയം അനുവദിക്കുന്നതിനുള്ള കേന്ദ്രാനുമതിക്കായി ഫയൽ നമ്പർ എൽ.ആർ.എ.5-2005/4455/9 (1999/44665/9) പ്രകാരം 11-11-2010-ന് പാലക്കാട് ജില്ലാ കളക്ടർ ഒലവക്കോട് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് അയച്ചുകൊടുത്തിട്ടുള്ളതാണ്.

(സി) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ലാത്തതിനാലാണ് മണ്ണാർക്കാട് താലൂക്കിൽ പട്ടയം അനുവദിക്കാൻ കഴിയാത്തത്.

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

232(2304) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും എത്ര കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച ഭൂമികൾ പലതും വാസ യോഗ്യമല്ലാത്തതും സഞ്ചാര സൗകര്യം ഇല്ലാത്തതുമാണെന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ എത്ര പേർക്ക് ഭൂമി അനുവദിച്ചു എന്ന് അറിയിക്കാമോ;

(ഡി) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽപ്പെട്ട ഭൂരഹിതരായവരുടെ എത്ര അപേക്ഷകൾ നിലവിൽ ലഭിച്ചിട്ടുണ്ടെന്നും അതിൽ എന്ത് നടപടി സ്വീകരിച്ചു എന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം ഭൂമി ലഭിക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുകയും അവയിൽനിന്ന് വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. പദ്ധതിക്കനുയോജ്യമായ വിവിധതരം സർക്കാർ ഭൂമികൾ കണ്ടെത്തി ഭൂമി പതിവ് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് 3 സെന്റ് ഭൂമി വീതം മുൻഗണനാ ലിസ്റ്റ് പ്രകാരം പതിച്ചുനൽകുന്നു. 58,398 ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള എണ്ണം താഴെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 3181 |
| കൊല്ലം | 1553 |
| പത്തനംതിട്ട | 883 |
| ആലപ്പുഴ | 256 |
| കോട്ടയം | 1309 |
| ഇടുക്കി | 8561 |
| എറണാകുളം | 1449 |

| (1) | (2) |
|---|---|
| തൃശ്ശൂർ | 1043 |
| പാലക്കാട് | 4329 |
| മലപ്പുറം | 1320 |
| കോഴിക്കോട് | 1550 |
| വയനാട് | 858 |
| കണ്ണൂർ | 15962 |
| കാസർഗോഡ് | 16144 |
| ആകെ | 58398 |

ഭൂമിയുടെ കൈവശാവകാശം വിട്ടുകൊടുക്കുന്ന ചട്ടപ്രകാരമുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു.

(ബി) പദ്ധതിപ്രകാരം അനുവദിച്ച ഭൂമികളെ സംബന്ധിച്ച് വാസയോഗ്യമല്ലെന്നും വഴിസൗകര്യമില്ലെന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പദ്ധതിപ്രകാരം മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ 377 ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്.

(ഡി) പദ്ധതിപ്രകാരം മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽനിന്ന് ആകെ 2652 അപേക്ഷകൾ ലഭിച്ചിരുന്നു. ഒന്നാംഘട്ടമായി ലഭിച്ച 2367 അപേക്ഷകളിൽ നിന്ന് പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി 1778 ഗുണഭോക്താക്കളെ കണ്ടെത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ടമായി ലഭ്യമായ 285 അപേക്ഷകളിൽ നിന്നുള്ള ഗുണഭോക്താക്കളെ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടില്ല. ഒന്നാംഘട്ടമായി സ്വീകരിച്ചിരുന്ന അപേക്ഷകളിൽനിന്നുള്ള ഗുണഭോക്താക്കളിൽ 377 ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്.

**നെയ്യാറ്റിൻകര പവിത്രാനന്ദപുരം കോളനിയിൽ താമസിക്കുന്നവർക്ക് പട്ടയം**

233(2305) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര പവിത്രാനന്ദപുരം കോളനിയിൽ 40 വർഷമായി താമസിക്കുന്നവർക്ക് ഇതുവരെയും പട്ടയം അനുവദിച്ച് കൊടുത്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ പട്ടയം നൽകുന്നതിന് വേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം പരിശോധിച്ച് നടപടികളെടുത്തു വരുന്നു.

**കരുനാഗപ്പള്ളിയിലെ ഭൂരഹിതർ**

234(2306) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ഭൂരഹിതരായ എത്ര കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സീറോ ലാന്റ് ലെസ് പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും, ഈ പദ്ധതി പ്രകാരം എത്ര പേർക്ക് ഭൂമി വിതരണം ചെയ്തുവെന്നും വിശദമാക്കാമോ;

(സി) ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനായി എത്ര ഭൂമി കണ്ടെത്തിയിട്ടുണ്ടെന്നും അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ;

(ഡി) ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിന് അനുയോജ്യമായ സർക്കാർ ഭൂമി നിലവിൽ ഏതെങ്കിലും വില്ലേജിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം ഭൂമി ലഭിക്കുന്നതിന് സമർപ്പിച്ചിരുന്ന അപേക്ഷകളിൽനിന്ന് 2642 ഭൂരഹിത കുടുംബങ്ങളെ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽനിന്നും പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം ഭൂമി ലഭിക്കുന്നതിന് 2887 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽനിന്നുള്ള 2642 കുടുംബങ്ങളെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നത്. ഇതിൽ 5 കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(സി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 3 സെന്റ് വീതം 8 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനുള്ള ഭൂമിയാണ് കണ്ടെത്തിയിരുന്നത്. ഗുണഭോക്താക്കളുടെ മുൻഗണനാലിസ്റ്റിൽ ആദ്യം വന്നിരുന്ന 8 ഗുണഭോക്താക്കൾക്ക് ഇവ അനുവദിച്ചിരുന്നു. 5 ഗുണഭോക്താക്കൾക്ക് ഭൂമി നൽകിക്കഴിഞ്ഞു. ബാക്കിവരുന്ന 3 ഗുണഭോക്താക്കളിൽ 2 പേർ മരണപ്പെട്ടിട്ടുള്ളതും ഒരു ഗുണഭോക്താവ് പദ്ധതിയിലെ മാനദണ്ഡങ്ങൾപ്രകാരം അനർഹനായി മാറുകയും ചെയ്തിട്ടുള്ളതിനാൽ വിതരണം ചെയ്തിട്ടില്ല. ഇപ്രകാരം സ്വതന്ത്രമായ 3 പ്ലോട്ടുകൾ ലിസ്റ്റിലെ മുൻഗണനപ്രകാരം ശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പദ്ധതിക്കനുയോജ്യമായ വിവിധതരം സർക്കാർ ഭൂമികൾ കണ്ടെത്തുന്ന നടപടികൾ സംസ്ഥാനത്തൊട്ടാകെ നടന്നുവരികയാണ്. കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലുൾപ്പെടുന്ന വില്ലേജുകളിൽനിന്ന് പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതിന് അനുയോജ്യമായ ഭൂമി നാളിതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

**നാശനഷ്ടങ്ങൾക്ക് കേന്ദ്രസർക്കാരിൽനിന്ന് ധനസഹായം**

235(2307) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ കാലവർഷത്തിൽ സംസ്ഥാനത്തൊട്ടാകെ എത്ര കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നാശനഷ്ടങ്ങൾക്ക് കേന്ദ്ര സർക്കാരിനോട് ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) എങ്കിൽ ധനസഹായം ലഭിച്ചിട്ടുണ്ടോ; എത്ര കോടി രൂപയാണ് ലഭിച്ചതെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ കാലവർഷത്തിൽ സംസ്ഥാനത്തൊട്ടാകെ 107,88,13,226 (നൂറ്റിയേഴ് കോടി എൺപത്തിയെട്ട് ലക്ഷത്തി പതിമൂവായിരത്തി ഇരുന്നൂറ്റി ഇരുപത്തിയാറ് രൂപ) രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. ടി തുക പ്രധാനമായി കാർഷികം, ഫിഷറീസ്, ഭവനം (പൂർണ്ണം/ഭാഗികം), കിണർ, തൊഴുത്ത് തുടങ്ങിയവയുടെ നാശനഷ്ടങ്ങൾക്കാണ് കണക്കാക്കിയിരിക്കുന്നത്.

(ബി&സി) കേന്ദ്ര സർക്കാരിനോട് സഹായം ആവശ്യപ്പെടേണ്ട സ്ഥിതി സംജാതമായിട്ടില്ല.

**തരിശ്ശായിക്കിടക്കുന്ന സർക്കാർഭൂമി**

236(2308) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേക ഉപയോഗമില്ലാതെ തരിശ്ശായിക്കിടക്കുന്ന സർക്കാർ ഭൂമിയുടെ കൃത്യമായ കണക്കുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) താലൂക്കടിസ്ഥാനത്തിലോ, നിയോജക മണ്ഡലാടിസ്ഥാനത്തിലോ ഇതിന്റെ കണക്ക് ജനപ്രതിനിധികൾക്ക് ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളുമോ;

(സി) പ്രസ്തുത ഭൂമിയിൽ ഏതെങ്കിലും തലത്തിലുള്ള കയ്യേറ്റങ്ങൾ നടക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്ന എന്തെങ്കിലും സ്ഥിരം സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**റീസർവ്വേ നടപടികൾ**

237(2309) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് റീ-സർവ്വേ നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസം ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് 1966-1988 കാലഘട്ടത്തിൽ 500-ൽപ്പരം വില്ലേജുകളുടെ റീസർവ്വേ നടപടികൾ അവസാനഘട്ടത്തിൽ എത്തിയെങ്കിലും റീ-സർവ്വേ പ്രവർത്തനങ്ങൾക്ക് നിയോഗിച്ചിരുന്ന സർവ്വേ ജീവനക്കാരെ സർക്കാരിന്റെ നയപരമായ മറ്റ് സർവ്വേ ജോലികൾക്കായി വിവിധ സമയങ്ങളിൽ നിയോഗിക്കേണ്ടി വന്നതിനാൽ റീസർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറാൻ കഴിയാതെവന്നു. തുടർന്ന് ടി വില്ലേജുകളുടെ റീസർവ്വേ റിക്കാർഡുകൾ 1994 കാലയളവിൽ റവന്യൂ ഭരണത്തിന് കൈമാറിയെങ്കിലും ഭൂമിയുടെ ഇക്കാലയളവിലുണ്ടായ ക്രയവിക്രയങ്ങളും ഉടമസ്ഥാവകാശത്തിലുണ്ടായ മാറ്റങ്ങളും റിക്കാർഡുകളിൽ ഉൾപ്പെടുത്താൻ

കഴിയാതിരുന്ന സാഹചര്യത്തിൽ ധാരാളം പരാതികൾ ഉണ്ടാവുകയും പരാതി പരിഹാരത്തിനായി വിവിധ കാലയളവുകളിൽ ഏകമാസ, ഏകദിന, ജനകീയ സർവ്വേ അദാലത്തുകളും തുടർന്ന് താലൂക്കുതലത്തിൽ അഡീഷണൽ തഹസിൽദാർമാരുടെ നിയന്ത്രണത്തിൽ നിലവിൽ എൽ.ആർ.എം. സംവിധാനവും പരാതി പരിഹാരത്തിനായി പ്രവർത്തിച്ചു വരുന്നു. എൽ.ആർ.എം. സംവിധാനത്തിൽ റീസർവ്വേയിൽനിന്നുള്ള 500-ൽപ്പരം ജീവനക്കാരെ നിയമിച്ചിട്ടുള്ളത് റീ-സർവ്വേ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. കൂടാതെ ടി കാലഘട്ടങ്ങളിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മറ്റ് സ്പെഷ്യൽ സർവ്വേ ജോലികൾക്കും സർവ്വേ ജീവനക്കാരെ നിയോഗിക്കേണ്ടി വന്നതിനാൽ റീസർവ്വേ നടപടികൾക്ക് കാലതാമസമുണ്ടായിട്ടുണ്ട്.

## റവന്യൂ രേഖകൾ

238(2310) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി കൈവശം വച്ചിട്ടുള്ള ഭൂമിയിൽ വീട്‌വച്ചു താമസിക്കുന്നവർക്ക്, അവരുടെ ഭൂമി റവന്യൂ രേഖകൾ പ്രകാരം നിലമെന്നോ, നികത്തുഭൂമിയെന്നോ രേഖപ്പെടുത്തിയതിന്റെ പേരിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീട്ട് നമ്പർ ഇട്ട് കൊടുക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് സംബന്ധിച്ച് അരൂർ എം.എൽ.എ. ഉന്നയിച്ച സബ്മിഷനിൽ ആവശ്യപ്പെട്ടത് പ്രകാരം റവന്യൂ, തദ്ദേശസ്വയംഭരണം, കൃഷി എന്നീ വകുപ്പ് മന്ത്രിമാരും ചീഫ് സെക്രട്ടറിയും ബന്ധപ്പെട്ട പ്രിൻസിപ്പൽ സെക്രട്ടറിമാരും ചേർന്ന് ബഹു. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) നിയമാനുസൃതം അനുമതി വാങ്ങി മറ്റാവശ്യങ്ങൾക്ക് ഉപയുക്തമാക്കുന്ന ഭൂമിയിൽ നിർമ്മിക്കുന്ന വീടുകൾക്ക് നമ്പരിട്ട് നൽകുവാൻ നിയമതടസ്സമില്ല.

(ബി) ശ്രീ. എ. എം. ആരിഫ്, എം.എൽ.എ. ഉന്നയിച്ച നിയമസഭാ സബ്മിഷനുള്ള മറുപടി ഉള്ളടക്കം ചെയ്യുന്നു.* കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലെ 3A ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇടുക്കി ജില്ലയിൽ റീ-സർവ്വേ

239(2311) ശ്രീ. പി. ടി. തോമസ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ റീ-സർവ്വേ ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കണമെന്ന ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇടുക്കി ജില്ലയിൽ എത്ര വില്ലേജുകളിൽ റീ-സർവ്വേ പൂർത്തിയാക്കി; ശേഷിക്കുന്ന വില്ലേജുകളിൽ അടിയന്തരമായി റീ-സർവ്വേ പൂർത്തിയാക്കി ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ഹൈക്കോടതി ഉത്തരവ് പരിശോധിച്ചശേഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇടുക്കി ജില്ലയിൽ 37 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. റീ-സർവ്വേ നടപടികൾ പുനരാരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## പാറശ്ശാല നിയോജകമണ്ഡലത്തിലെ പട്ടയപ്രശ്നങ്ങൾ

240(2312) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ കള്ളിക്കാട്, അമ്പൂരി, വെള്ളറട പഞ്ചായത്തുകളിലെ പട്ടയപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടയമില്ലാതെ ആയിരത്തോളം കുടുംബങ്ങൾ ഏറെക്കാലമായി അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാകുമെന്ന് വിശദമാക്കാമോ ;

(സി) പാറശ്ശാല നിയോജകമണ്ഡലത്തിലെ ഇതര പഞ്ചായത്തുകളിൽ പഞ്ചായത്ത് വാങ്ങി നൽകിയ ഭൂമിയുടെ പട്ടയത്തിൽ വന്നിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൈവശഭൂമി പതിച്ചു ലഭിക്കുന്നതിനുവേണ്ടി കക്ഷികൾ സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ 1964-ലെ കേരള ഭൂമി പതിവ് നിയമപ്രകാരം അർഹരാണോയെന്ന് പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു. റീസർവ്വേ അപാകത കാരണം ഭൂനികുതി ഒടുക്കുന്നതിന് കഴിയാതെവരുന്ന കേസ്സുകളിൽ ടി അപാകത പരിഹരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് വിലയ്ക്കുവാങ്ങി കോളനി നിവാസികൾക്ക് നൽകിയിട്ടുള്ള ഭൂമി റവന്യൂ രേഖകൾപ്രകാരം മുൻജന്മിയുടെ പേരിൽ നിലവിൽ രേഖപ്പെടുത്തി കാണുന്നു. ഇത്തരത്തിലുള്ള ഭൂമി പഞ്ചായത്തിന് അവകാശം ലഭിച്ചത് സംബന്ധിച്ച ആധാരമോ മറ്റ് രേഖകളോ ബന്ധപ്പെട്ട പഞ്ചായത്തുകളിൽ നിന്നും ലഭ്യമാകാത്തതിനാൽ കൈവശ ഭൂമിക്ക് പട്ടയം നൽകുവാൻ സാധിക്കുന്നില്ല. ഇത്തരത്തിൽ ഉടമസ്ഥാവകാശം പഞ്ചായത്തിന്റെ പേരിലേയ്ക്ക് മാറ്റി പഞ്ചായത്ത് അനുവാദപത്രിക നൽകുകയാണെങ്കിൽ ഈ വിഷയത്തിൽ പരിഹാരം കാണാവുന്നതാണ്.

**കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്**

241(2313) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിലെ ഉദ്യോഗസ്ഥർക്കും കരാർ ജീവനക്കാർക്കുമായി പ്രതിമാസം എത്രകോടി രൂപ ചെലവഴിയ്ക്കുന്നുണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത ചെലവിനായി സർക്കാരിൽ നിന്നും ഭവന നിർമ്മാണ ബോർഡിന് പ്രതിമാസം എന്തെങ്കിലും തുക നൽകുന്നുണ്ടോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ കരാർ വ്യവസ്ഥയിൽ ജോലിനോക്കുന്നവർ എത്രയെന്ന് തസ്തിക തിരിച്ച് വിശദമാക്കുമോ; ഇവർ ഓരോരുത്തരുടെയും പ്രതിമാസ ശമ്പളം ഇനം തിരിച്ച് വിശദമാക്കുമോ;

(ഡി) ഭവന നിർമ്മാണ ബോർഡ് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എത്ര കാലമായി പ്രസ്തുത സ്ഥാപനം നഷ്ടത്തിലാണെന്നും ഇതിനായി പ്രതിമാസം സർക്കാരിൽ നിന്നും ചെലവഴിക്കുന്ന തുക എത്രയെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിലെ എല്ലാ ഓഫീസുകളിലേയും ജീവനക്കാർക്കായി ചെലവഴിക്കുന്ന തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| പ്രതിമാസ ശമ്പളം സ്റ്റാഫ് | - | 61,31,995 രൂപ |
| ഓഫീസേഴ്സ് | - | 76,66,360 രൂപ |
| കരാർ ജീവനക്കാർ | - | 16,71,123 രൂപ |
| പെൻഷൻ | - | 1,20,23,628 രൂപ |
| ആകെ | - | 2,74,93,106 രൂപ |

തസ്തിക തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രസ്തുത ചെലവിനായി സർക്കാരിൽനിന്നും ഭവന നിർമ്മാണ ബോർഡിന് യാതൊരു തുകയും നൽകുന്നില്ല.

(സി) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ സംസ്ഥാനത്തൊട്ടാകെയുള്ള ഓഫീസുകളിൽ 1-10-2016-ലെ കണക്കുപ്രകാരം വിവിധ തസ്തികകളിലായി 107 പേർ കരാറടിസ്ഥാനത്തിൽ ജോലി നോക്കുന്നുണ്ട്. ടിയാളുകളുടെ തസ്തിക, പ്രതിമാസ പ്രതിഫലം എന്നിവ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഉണ്ട്. ബോർഡ് 1999-2000 മുതൽ നഷ്ടത്തിലാണ്. ഇതിനായി സർക്കാരിൽനിന്നും തുകയൊന്നും നൽകുന്നില്ല.

**സുനാമി വീടുകൾ**

242(2314) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ ചേമഞ്ചേരിയിലും ചെങ്ങോട്ടുകാവിലും നിർമ്മിച്ച സുനാമി വീടുകൾ നിർമ്മിച്ച് 5 വർഷം കഴിഞ്ഞിട്ടും ഇതുവരെയും ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിയാത്ത സ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇവിടെ വെള്ളം, വെളിച്ചം പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിയന്തരമായി സുനാമി വീടുകൾ ഗുണഭോക്താക്കൾക്ക് കൈമാറുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ചെങ്ങോട്ടുകാവിൽ നിർമ്മിച്ച 28 വീടുകളിൽ 8 വീടുകളാണ് കൈമാറാൻ ബാക്കിയുള്ളത്. കൈമാറാൻ ശേഷിക്കുന്ന 8 വീടുകളിൽ ഓരോന്നിലേയ്ക്കും നറുക്കെടുപ്പിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് തുടർനടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചേമഞ്ചേരി വില്ലേജിൽ നിർമ്മിച്ചിട്ടുള്ള 25 വീടുകളിൽ കുടിവെള്ളം തുടങ്ങിയ പ്രാഥമിക സൗകര്യം ഇല്ലാതിരുന്നതിനാലാണ് ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിയാതിരുന്നത്. ഇപ്പോൾ കുടിവെള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഈ വീടുകൾ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനുള്ള എസ്റ്റിമേറ്റും പ്രൊപ്പോസലും കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുമുമ്പുതന്നെ വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുള്ളത് സംബന്ധിച്ച് സർക്കാർ പരിശോധന നടത്തി വരികയാണ്. ആയത് അടിയന്തരമായി പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഭവനരഹിതരായ എല്ലാവർക്കും വീട്

243(2315) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭവനരഹിതരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തെ ഭവനരഹിതർക്ക് വീട് വച്ച് നൽകുന്ന പദ്ധതിയിൽ വീടൊന്നിന് എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ലാന്റ് റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ 2013-ലെ കണക്കുപ്രകാരം കേരളത്തിലെ ഭവനരഹിതരുടെ എണ്ണം 4,70,606 ആണ്.

(ബി) സംസ്ഥാനത്തെ ഭവനരഹിതർക്ക് വീട് വയ്ക്കുന്നതിന് സർക്കാർ സബ്സിഡിയോടുകൂടി ഭവനനിർമ്മാണ ബോർഡ് നിലവിൽ സാഫല്യം ഭവന പദ്ധതി, ഗൃഹശ്രീ ഭവന പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. സാഫല്യം ഭവന പദ്ധതിയിലൂടെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവന രഹിതർക്കായി നിർമ്മിക്കുന്ന 327 ച.അടി വിസ്തീർണ്ണം വരുന്ന ഒരു ഫ്ളാറ്റിന് 3.50 ലക്ഷം രൂപ ചെലവാണ് അംഗീകരിച്ചിട്ടുള്ളത്. ഗൃഹശ്രീ ഭവന പദ്ധതിയിലൂടെ EWS/LIG വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് സ്വന്തം ഭൂമിയിൽ പരമാവധി 66 ച.മീറ്റർ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് സർക്കാർ സബ്സിഡിയടക്കം 4 ലക്ഷം രൂപയാണ് അംഗീകരിച്ചിട്ടുള്ളത്.

(സി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നിർമ്മിതി കേന്ദ്രം ജീവനക്കാർക്ക് എൽ.ഐ.സി.-യുമായി ചേർന്ന് പെൻഷൻ പദ്ധതി

244(2316) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിർമ്മിതി കേന്ദ്രം ജീവനക്കാരുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിനുതകുന്ന പദ്ധതികൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ബി) നിലവിൽ സർക്കാരിൽ നിന്ന് എന്തെല്ലാം ആനുകൂല്യങ്ങളാണ് ജീവനക്കാർക്കു നല്കിവരുന്നത്; വ്യക്തമാക്കുമോ;

(സി) സംസ്ഥാന നിർമ്മിതി കേന്ദ്രം ജീവനക്കാർക്ക് എൽ.ഐ.സി.-യുമായി ചേർന്ന് പെൻഷൻ സ്കീം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ജീവനക്കാർക്ക് മെഡിക്ലെയിം, ഇ.എസ്.ഐ., ഗ്രാറ്റുവിറ്റി, ഇ.പി.എഫ്. എന്നീ ആനുകൂല്യങ്ങൾ നിർമ്മിതി കേന്ദ്രം നൽകുന്നുണ്ട്.

(ബി) സർക്കാരിൽനിന്നും ആനുകൂല്യങ്ങളൊന്നും ജീവനക്കാർക്ക് നൽകി വരുന്നില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## കേന്ദ്രാവിഷ്കൃത ഭവന പദ്ധതി

245(2317) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ധന ജനവിഭാഗങ്ങൾക്കുള്ള കേന്ദ്രാവിഷ്കൃത ഭവന പദ്ധതിയിലെ മാനദണ്ഡങ്ങൾ പലതും സംസ്ഥാനത്തിന് ഗുണകരമല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയിൽ എന്തെങ്കിലും മാറ്റങ്ങൾ നിർദ്ദേശിച്ച് കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ ഭവനനിർമ്മാണ രംഗത്ത് ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാനിടയുള്ള കേന്ദ്ര നിർദ്ദേശങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) പരിശോധിക്കുന്നതാണ്.

## കേന്ദ്ര ഭവന പദ്ധതി

246(2318) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഭവനപദ്ധതിയിൽ ഈ വർഷം പൊതുവിഭാഗത്തിൽ കേരളത്തിന് ഒരു വീടുപോലുമില്ല എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൊത്തം അനുവദിച്ച വീടുകളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തെക്കാൾ കുറവുണ്ടോ; വിശദാംശങ്ങൾ നല്കുമോ;

(സി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എത്ര വീടുകൾ ലഭിക്കും, ന്യൂനപക്ഷ വിഭാഗങ്ങൾക്ക് എത്ര വീടുകൾ ലഭ്യമാകും എന്നീ വിവരങ്ങൾ നൽകുമോ;

(ഡി) 'ഇന്ദിരാ ആവാസ് യോജന' പിൻവലിച്ച് 'പ്രധാനമന്ത്രി ആവാസ് യോജന'യാക്കിയപ്പോൾ മാനദണ്ഡത്തിൽ വന്ന മാറ്റമാണോ വീടുകളുടെ എണ്ണ കുറവിന് കാരണമെന്ന് വ്യക്തമാക്കുമോ;

(ഇ) എങ്കിൽ ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## കവ്വായി കായലിലും അനുബന്ധ നദികളിലും വ്യാപകമായ മണലൂറ്റ് തടയൽ

247(2319) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കവ്വായി കായലിലും അനുബന്ധ നദികളിലും വ്യാപകമായ തോതിലുള്ള മണലെടുപ്പ് ട്രോളിങ് കാലങ്ങളിലും നിർബാധം തുടരുന്നതു നിമിത്തം മത്സ്യ സമ്പത്തിൽ വ്യാപകമായ കുറവുണ്ടായ വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ട്രോളിങ് നിരോധനം നടക്കുന്ന കാലയളവിൽ ഉൾനാടൻ നദികളിലും കായലിലും നിരോധനം വ്യാപിപ്പിക്കുകയും മണലൂറ്റ് നിരോധിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് ഫിഷറീസ് വകുപ്പ് പഠനം നടത്തിയിട്ടില്ല.

(ബി) ട്രോളിംഗ് നിരോധനം ഉൾനാടൻ ജലാശയങ്ങൾക്ക് ബാധകമല്ല. ട്രോളിംഗ് നിരോധനം ഉൾനാടൻ ജലാശയങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. മണലൂറ്റ് തടയേണ്ടത് റവന്യൂ വകുപ്പിന്റെ പരിധിയിൽ വരുന്ന കാര്യമാണ്.

## ഒ.ഇ.സി./മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ് വിതരണം

248(T*2320) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.ഇ.സി./മത്സ്യ തൊഴിലാളി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) കുസാറ്റിലെ ഒ.ഇ.സി./മത്സ്യ തൊഴിലാളി വിഭാഗത്തിൽപ്പെട്ട എം.ടെക് വിദ്യാർത്ഥികൾക്ക് കോഴ്സ് പൂർത്തിയാക്കിയിട്ടും സ്റ്റൈപ്പന്റ് ലഭിക്കാത്ത പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കാൻ അർഹതയുള്ളവർക്ക് ഫിഷറീസ് വകുപ്പിൽനിന്നും വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുകയില്ല എന്ന് ഉത്തരവായിട്ടുണ്ട്. ആയതിനാൽ ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യത്തിനായി അപേക്ഷകൾ പരിഗണിക്കുന്നില്ല. ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളോട് പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെടാൻ നിർദ്ദേശം നൽകാറുണ്ട്. ഒ.ഇ.സി. വിഭാഗത്തിൽപ്പെടാത്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം കാലതാമസം വരുത്താതെ അനുവദിച്ചുവരുന്നുണ്ട്.

(ബി) ഇങ്ങനെയൊരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്റ്റൈപ്പന്റ് ലഭിക്കുന്നില്ലായെന്ന പരാതിയുണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## നീല വിപ്ലവ ദൗത്യം (നീൽ ക്രാന്തി മിഷൻ)

249(2321) <u>ശ്രീ. കെ. ദാസൻ</u> :
<u>ശ്രീ. കെ. ആൻസലൻ</u> :
<u>ശ്രീമതി യു. പ്രതിഭ ഹരി</u> :
<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച നീല വിപ്ലവ ദൗത്യ (നീൽ ക്രാന്തി മിഷൻ)ത്തിന്റെ വിശദാംശം അറിയിക്കുമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) വിദേശ ട്രോളറുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് യഥേഷ്ടം അനുമതി നൽകിയിരിക്കുന്നത് സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിച്ചത് പരിഹരിക്കാനായി കേന്ദ്രസർക്കാരിന്റെ നയം മാറ്റാതെ ഇത്തരം ദൗത്യങ്ങൾ പ്രയോജനരഹിതമായിരിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിൽ നയം മാറ്റത്തിനു സമ്മർദ്ദം ചെലുത്താൻ ശ്രമമുണ്ടാകുമോ;

(സി) സുസ്ഥിര മത്സ്യസംരക്ഷണത്തിനുതകുന്ന രീതിയിൽ തീരക്കടലിൽ ബോട്ടുകളെ ഒഴിവാക്കുക, എല്ലാവിധ മത്സ്യക്കുഞ്ഞുങ്ങളെയും പിടിക്കുന്നത് നിരോധിക്കുക തുടങ്ങിയ നടപടികളിലൂടെ സംസ്ഥാനത്തെ മത്സ്യ തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കാനുള്ള ശ്രമം ഉണ്ടാകുമോ?

<u>ഉത്തരം</u>

(എ) മത്സ്യോല്പാദനവും മത്സ്യലഭ്യതയും ഉറപ്പുവരുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനുമായി 2016-17 വർഷം മുതൽ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളാണ് Blue revolution scheme - ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഉൾനാടൻ ഫിഷറീസ്, അക്വാകൾച്ചർ, മറൈൻ ഫിഷറീസ്, മാരികൾച്ചർ എന്നീ മേഖലകളെല്ലാം ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നീല വിപ്ലവ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭിക്കുന്നതിനായി ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽനിന്നും NFDB-യുടെ ശിപാർശയോടുകൂടി താഴെപ്പറയുന്ന ആറ് പദ്ധതികൾ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1. | ഉൾനാടൻ മത്സ്യകൃഷി വികസനം | - | 404.2 ലക്ഷം |
| | കേന്ദ്ര വിഹിതം | - | 202.13 ലക്ഷം |
| 2. | പരിശീലന പരിപാടി | - | 18.48 ലക്ഷം |
| | കേന്ദ്ര വിഹിതം | - | 18.48 ലക്ഷം |
| 3. | ഓരുജല കൂടുകൃഷി | - | 735 ലക്ഷം |
| | കേന്ദ്ര വിഹിതം | - | 315 ലക്ഷം |
| 4. | സമുദ്രജല കൂടുകൃഷി | - | 1398 ലക്ഷം |
| | കേന്ദ്ര വിഹിതം | - | 420 ലക്ഷം |
| 5. | സമ്പാദ്യ സമാശ്വാസ പദ്ധതി | - | 4965 ലക്ഷം |
| | കേന്ദ്ര വിഹിതം | - | 1655 ലക്ഷം |
| 6. | ഭവന പദ്ധതി | - | 1640 ലക്ഷം |
| | കേന്ദ്ര വിഹിതം | - | 500 ലക്ഷം |

(ബി) വിദേശ ട്രോളറുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് അനുമതി നൽകിക്കൊണ്ടുള്ള മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ പരാമർശങ്ങൾ കേരളത്തിലെ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ആയത് അംഗീകരിക്കാൻ കഴിയുകയില്ലെന്നകാര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഡോ. എസ്. അയ്യപ്പൻ കമ്മിറ്റിയുടെ മുമ്പാകെയും Letter of Permit വ്യവസ്ഥയിൽ ആഴക്കടൽ മത്സ്യബന്ധനത്തിന് ലൈസൻസ് നൽകുന്ന നടപടി അവസാനിപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. 14-6-2016-ലും 2-8-2016-ലും കേന്ദ്ര കൃഷി വകുപ്പുമന്ത്രിയെക്കണ്ട് ഇക്കാര്യത്തിൽ നിവേദനങ്ങൾ നൽകിയിട്ടുണ്ട്.

(സി) കൊല്ലംകോട് മുതൽ പരവൂർ വരെയുള്ള തീരക്കടലിൽ 30 മീറ്റർ ആഴത്തിനു വെളിയിലും പരവൂർ മുതൽ മഞ്ചേശ്വരം വരെയുള്ള തീരക്കടലിൽ 20 മീറ്റർ ആഴത്തിനു വെളിയിലും മാത്രമേ ബോട്ടുകൾ പ്രവർത്തിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് മത്സ്യ സമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 14 ഇനം മത്സ്യങ്ങളുടെ ചെറുമത്സ്യങ്ങളെ പിടിക്കുന്നതും നിരോധിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്.

## കേരള കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി

250(2322) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് ഏജൻസി മുഖാന്തരം നടപ്പാക്കുന്നതിന് ഭരണാനുമതി ലഭിച്ച വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുള്ള ഓരോ പ്രവൃത്തികളും നടപ്പാക്കുന്നതിലെ കാലതാമസം എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന വൈപ്പിൻ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയ പദ്ധതികളിൽ ഇനിയും പൂർത്തീകരിക്കാനുള്ളവയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ പദ്ധതിയും തയ്യാറാക്കുന്നതിനായി പ്രാരംഭ ചർച്ചകൾ നടത്തി ഡി.പി.ആർ. തയ്യാറാക്കിയാലും പ്രസ്തുത പദ്ധതി അതാത് സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിലാകും സർക്കാരിന്റെ ഭരണാനുമതിക്കും ഫണ്ടിനുമായി ലഭിക്കുക. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഭരണാനുമതി നൽകിയശേഷം മാത്രമേ നിർവ്വഹണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. കൂടാതെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിനുമുമ്പായി പദ്ധതികളുടെ ഭാവിനടത്തിപ്പും പരിപാലനവും ഉറപ്പുവരുത്തുന്നതിനുള്ള ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ തീരുമാനങ്ങളും CRZ ബാധകമായ സ്ഥലങ്ങളിൽ CRZ ക്ലിയറൻസ് സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ബിൽഡിംഗ് പെർമിറ്റ് മുതലായ നിയമപരമായുള്ള അനുമതികളും സർട്ടിഫിക്കറ്റുകളും ലഭ്യമാക്കേണ്ടതുണ്ട്. എന്നിരുന്നാലും ഭരണാനുമതി നൽകിയ പദ്ധതികൾ കഴിയുന്നത്ര സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ശ്രദ്ധിക്കുന്നുണ്ട്.

**തീരദേശ വികസന കോർപ്പറേഷൻ**

251(2323) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോർപ്പറേഷൻ മുഖേന നടപ്പിലാക്കാൻ ഏതെല്ലാം പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന വികസനപ്രവർത്തനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വലിയതുറയിൽ ഭൂരഹിത-ഭവനരഹിത മത്സ്യത്തൊഴിലാളികൾക്ക് ഫ്ളാറ്റ് നിർമ്മിച്ചുനൽകുന്ന പദ്ധതി പരിഗണനയിലുണ്ടായിരുന്നുവെങ്കിലും വലിയതുറ സെന്റ് ആന്റണീസ് സ്കൂൾ അധികൃതരുടെ എതിർപ്പും പ്രാദേശികമായ തടസ്സങ്ങളും കാരണം പദ്ധതി ആരംഭിക്കുവാൻ കഴിഞ്ഞില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മാതൃകാ മത്സ്യഗ്രാമം പദ്ധതി**

252(2324) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളി മേഖലയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 'മാതൃകാ മത്സ്യഗ്രാമം' പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

മത്സ്യത്തൊഴിലാളി മേഖലയിലെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുന്നതിന് മാതൃകാ മത്സ്യഗ്രാമം എന്ന പേരിൽ പദ്ധതി 2016-17 വർഷം നടപ്പാക്കുന്നില്ല. എന്നാൽ ഈ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളിലുണ്ടായിട്ടുള്ള കുറവ് പരിഹരിക്കുന്നതിനായി കുടിവെള്ള പദ്ധതി, ആരോഗ്യ കേന്ദ്രങ്ങളുടെ നവീകരണ പദ്ധതി, സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസന പദ്ധതി, അംഗനവാടികളുടെ നിർമ്മാണം, ആശുപത്രി നിർമ്മാണം, തീരദേശ റോഡുകൾ, ലൈബ്രറികൾ തുടങ്ങിയ പദ്ധതികൾ മത്സ്യത്തൊഴിലാളി മേഖലയിൽ നടപ്പാക്കുന്നുണ്ട്.

**ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച്**

253(2325) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മുനിസിപ്പാലിറ്റി വക സ്ഥലത്ത് ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കുടി തുമ്പൂർമുഴിയിൽ വിനോദസഞ്ചാര കേന്ദ്രത്തിൽ ഒരു ആധുനിക അക്വേറിയം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടി നഗരസഭയിൽ ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിന്റെ സാധ്യത പഠിക്കാൻ തൃശ്ശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, തീരദേശ വികസന കോർപ്പറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നിലവിലുള്ള മാർക്കറ്റ് 6-9-2016-ന് സന്ദർശിക്കുകയും ബന്ധപ്പെട്ട അധികൃതരുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. മത്സ്യ/മാംസ/പച്ചക്കറി വിപണന സൗകര്യങ്ങളടങ്ങുന്ന

മുഴുവൻ മാർക്കറ്റ് സജ്ജീകരണത്തിന് Detailed Project Report തയ്യാറാക്കി നൽകുന്നതിനാണ് മുനിസിപ്പാലിറ്റി ആവശ്യപ്പെട്ടിട്ടുള്ളത്. അതിൽ മത്സ്യമാർക്കറ്റിന് എത്ര സ്ഥലം ലഭ്യമാക്കാമെന്ന് കാണിച്ചുകൊണ്ടുള്ള ചാലക്കുടി മുനിസിപ്പാലിറ്റി കൗൺസിൽ തീരുമാനം ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ മേൽപ്പറഞ്ഞ സംഘം 6-9-2016-ന് തുമ്പൂർമുഴി സന്ദർശിക്കുകയും ആധുനിക അക്വേറിയം നിർമ്മിക്കാൻ അനുയോജ്യമായ സ്ഥലം തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി സ്ഥലം ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണ്. അക്വേറിയം നിർമ്മാണത്തിനാവശ്യമായ സ്ഥലം ഇറിഗേഷൻ വകുപ്പിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പീലിംഗ് തൊഴിലാളികളുടെ ക്ഷേമം

254(2326) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീലിംഗ് തൊഴിലാളികൾക്കായി ഒരു സമഗ്ര ക്ഷേമപദ്ധതി നടപ്പാക്കാൻ ആലോചനയുണ്ടോ;

(ബി) മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കുന്ന എല്ലാ സഹായ പദ്ധതികളും മത്സ്യ അനുബന്ധ തൊഴിലാളികൾക്ക് കൂടി വ്യാപിപ്പിച്ചും മത്സ്യതൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയിൽ പീലിംഗ് തൊഴിലാളികളെ കൂടി ഉൾകൊള്ളിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുമോ;

(സി) എല്ലാ പീലിംഗ് തൊഴിലാളികളേയും നിർബന്ധമായും മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്യിച്ചിരിക്കണമെന്ന് പീലിംഗ് കയറ്റുമതി സ്ഥാപനങ്ങളിലെ തൊഴിലുടമകൾക്ക് കർശന നിർദ്ദേശം നൽകുമോ;

(ഡി) ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ഉത്തരം

(എ) 1999-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭേദഗതി ആക്ട് പ്രകാരം മത്സ്യഅനുബന്ധമേഖലയിൽ ജോലിചെയ്യുന്ന എല്ലാ തൊഴിലാളികളെയും ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകി ക്ഷേമപദ്ധതികളുടെ ആനുകൂല്യം നൽകിവരുന്നുണ്ട്. കമ്പനി നിയമത്തിന്റെ പരിധിയിൽ വരാത്ത എല്ലാ പീലിംഗ് തൊഴിലാളികൾക്കും ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകിവരുന്നുണ്ട്.

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യഅനുബന്ധ തൊഴിലാളികൾക്കായി 11 ഇന ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. മത്സ്യ തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ പദ്ധതിയിൽ മത്സ്യത്തൊഴിലാളി വിധവകളായ പീലിംഗ് തൊഴിലാളികളും ഉൾപ്പെടുന്നതാണ്. 1980-ലെ കേരള ഫിഷർമെൻ വെൽഫെയർ സൊസൈറ്റീസ് ആക്ടിലെ നിർവ്വചനമനുസരിച്ച് മത്സ്യത്തൊഴിലാളികളല്ലാത്ത പീലിംഗ് തൊഴിലാളികൾക്ക് നിലവിലെ കേന്ദ്ര സംസ്ഥാന സർക്കാർ ഭവന പദ്ധതി മാനദണ്ഡങ്ങൾപ്രകാരം മത്സ്യത്തൊഴിലാളി ഭവന നിർമ്മാണത്തിന്റെ ആനുകൂല്യം നൽകുവാൻ കഴിയുകയില്ല.

(സി&ഡി) കമ്പനി നിയമത്തിന്റെ പരിധിയിൽപ്പെടാത്ത അസംഘടിത മേഖലയിൽ ജോലി ചെയ്തുവരുന്ന എല്ലാ മത്സ്യഅനുബന്ധ തൊഴിലാളികൾക്കും ക്ഷേമനിധി ബോർഡിൽ അംഗത്വം എടുക്കാവുന്നതാണ്. ഇതിനായുള്ള നടപടികൾ കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന സ്വീകരിക്കാവുന്നതാണ്. ക്ഷേമനിധി അംഗത്വം സ്വമേധയാ എടുക്കേണ്ടതാണ്. ആരെയും അതിനായി നിർബന്ധിക്കാനാവില്ല.

## ട്രോളിംഗ് നിരോധന കാലയളവിൽ സൗജന്യറേഷൻ

255(2327) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരമേറ്റശേഷം ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ജില്ലകളിൽ സൗജന്യ റേഷൻ വിതരണം ചെയ്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ സൗജന്യ റേഷൻ വിതരണം ചെയ്തിട്ടുണ്ട്.

## ഉൾനാടൻ ജലാശയ മത്സ്യ കൃഷി

256(2328) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ ജലാശയ മത്സ്യകൃഷി വിപുലമാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പഞ്ചായത്തുകൾ വഴി നടപ്പിലാക്കുന്നതിനായി പഞ്ചായത്തുകളിൽ അക്വാ കോർഡിനേറ്റർമാരെ നിയോഗിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ സന്നദ്ധസേവനാടിസ്ഥാനത്തിൽ അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിലുള്ള 795 അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാർ പ്രവർത്തിച്ചുവരുന്നു.

## ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിച്ചു കൊടുക്കുന്നതിനുള്ള പദ്ധതി

257(2329) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിച്ചുകൊടുക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിച്ചു കൊടുക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് 2016-17 വർഷം ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് 2600 വീടുകളും ഭൂരഹിതരായ മത്സ്യത്തൊഴിലാളികളിൽ 800 പേർക്ക് വീട് വയ്ക്കുന്നതിനായി 3 സെന്റ് വരെ സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപയുടെ ധനസഹായവും അനുവദിക്കുന്നതാണ്. ഇതിനായി 100 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടുകൂടിയുള്ള ഭവന നിർമ്മാണത്തിന് വീടൊന്നിന് 2 ലക്ഷം രൂപ നിരക്കിൽ സംസ്ഥാനത്ത് 800 വീടുകൾ അനുവദിക്കുന്നതിന് പദ്ധതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അനുമതിക്കു വേണ്ടി നൽകിയിട്ടുണ്ട്. സർക്കാരിന്റെ കൈവശമുള്ള ഭൂമിയിലോ സ്വകാര്യവ്യക്തികളിൽനിന്ന് ലഭ്യമാകുന്ന ഭൂമിയിലോ കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ മുഖേന പാർപ്പിട സമുച്ചയം പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കടൽക്ഷോഭംമൂലം ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 10 ലക്ഷം രൂപ വരെ പരമാവധി ധനസഹായം അനുവദിച്ചുകൊണ്ട് ഭൂമി വാങ്ങി വീട് വയ്ക്കുന്ന പദ്ധതിയ്ക്ക് 25 കോടി രൂപയും നടപ്പ് വർഷത്തെ ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ട്.

## മത്സ്യകൃഷി, മത്സ്യബന്ധനം എന്നിവയുടെ സാധ്യതകൾ

258(2330) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ ഇടമലയാർ, ഭൂതത്താൻകെട്ട് റിസർവോയറുകളിലും പദ്ധതി പ്രദേശത്തിന്റെ ക്യാച്ച്മെന്റ് ഏരിയകളിലുമുള്ള മത്സ്യകൃഷി/മത്സ്യബന്ധന സാധ്യതകളെ ഫലപ്രദമായി ഉപയോഗിക്കുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ;

(ബി) കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള ഇടമലയാർ റിസർവോയറിൽ മത്സ്യം വളർത്തുന്നതിനും പിടിക്കുന്നതിനും അവ മാർക്കറ്റ് ചെയ്യുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടി അനുഭാവപൂർവ്വം പരിഗണിക്കുമോ?

### ഉത്തരം

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ ഭൂതത്താൻകെട്ടിൽ മൾട്ടി സ്പീഷിസ് ഇക്കോ ഹാച്ചറി സ്ഥാപിക്കുന്ന ഒരു പദ്ധതി ഫിർമ നടപ്പിലാക്കിവരുന്നു. ഇതിന്റെ പദ്ധതി അടങ്കൽ തുക 605 ലക്ഷമാണ്. ഈ പദ്ധതി ആർ.കെ.വി.വൈ. (എൻ.എം.പി.എസ്.) ജില്ലാ പഞ്ചായത്ത്, സംസ്ഥാന സർക്കാർ എന്നിവയുടെ ധനസഹായത്തോടെ നടപ്പിലാക്കിവരുന്നു. ഇതിന്റെ പ്രവർത്തനം ആരംഭിക്കുകയും മത്സ്യക്കുഞ്ഞുൽപ്പാദനം ആരംഭിക്കുകയും ചെയ്തു. എൻ.എഫ്.ഡി.ബി റിസർവോയർ ഫിഷറീസ് പദ്ധതിപ്രകാരം 2010-11 വർഷത്തിൽ ഭൂതത്താൻകെട്ട് ജലസംഭരണിയിൽ അഡാക്ക് 456000 ഇൻഡ്യൻ മേജർ കാർപ്പ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) കെ.എസ്.ഇ.ബി. തുടങ്ങിയ വകുപ്പുകളുടെ അധീനതയിലുള്ള റിസർവ്വോയറുകളിലും പദ്ധതി പ്രദേശങ്ങളിലും മത്സ്യ കൃഷി/മത്സ്യബന്ധനം എന്നിവയുടെ സാദ്ധ്യതകളെ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## മത്സ്യബന്ധനത്തോണികൾ മറിഞ്ഞുള്ള അപകടങ്ങൾ

259(2331) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കീഴൂരിൽ മത്സ്യബന്ധന തോണികൾ മറിഞ്ഞ് അടുത്ത കാലത്തായി എത്ര അപകടങ്ങൾ സംഭവിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) അപകടങ്ങളെ തുടർന്ന് എത്ര ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) നഷ്ടം സംഭവിച്ചവർക്ക് സാമ്പത്തിക സഹായം നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) കാസർഗോഡ് ഹാർബറിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് അശാസ്ത്രീയമായ രീതിയിൽ പുലിമുട്ട് സ്ഥാപിച്ചതാണ് തുടരെയുള്ള അപകടത്തിന് കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ കീഴൂരിൽ മത്സ്യബന്ധനത്തോണികൾ മറിഞ്ഞ് അടുത്ത കാലത്തായി 5 അപകടങ്ങൾ സംഭവിച്ചിട്ടുണ്ട്.

(1) 2-8-2016-ന് ഫിഷിംഗ് ഗ്രൂപ്പ് "കോഴി കമ്പനി" എന്ന് പേരുള്ള ശ്രീ.ദാസൻ, അടുക്കത്ത് ബയൽ ബീച്ച് എന്നയാളുടെ ഉടമ സ്ഥതയിലുള്ള ഫൈബർ വള്ളം ശക്തമായ തിരയിൽപ്പെട്ട് മറിയുകയുണ്ടായി.

(2) 9-8-2016-ന് ശ്രീ.സുരേഷ്, s/o.കൃഷ്ണൻ എന്നയാളുടെ പേരിലുള്ള ഫൈബർ വള്ളം കീഴൂർ കടപ്പുറത്ത് മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുകയുണ്ടായി.

(3) 25-8-2016-ന് കീഴൂർ കടപ്പുറത്തുനിന്നും മത്സ്യബന്ധനത്തിനു പോയ ശ്രീ. ശശി, s/o.കൃഷ്ണൻ, കീഴൂർ കടപ്പുറം എന്നയാളുടെ ഉടമസ്ഥതയിലുള്ള "ശ്രീ കുറുംബ" എന്ന ഫൈബർ വള്ളം മണൽത്തിട്ടയിലിടിച്ച് മറിയുകയുണ്ടായി.

(4) 25-8-2016-ന് ശ്രീ.യൂസഫ്. സി., s/o.മുഹമ്മദ് കുഞ്ഞി, ചാപ്പ ഹൗസ് പി.ഒ., ചന്ദ്രഗിരി എന്നയാളുടെ ഉടമസ്ഥതയിലുള്ള തോണി കീഴൂർ കടപ്പുറത്ത് മറിയുകയുണ്ടായി.

(5) 26-8-2016-ന് ആരിഫ്. പി.എം., s/o.ബാവ, കീഴൂർ കടപ്പുറം എന്നയാളുടെ ഉടമസ്ഥതയിലുള്ള "മാഷാ അള്ളാ" എന്ന മത്സ്യബന്ധനയാനം അപകടത്തിൽപ്പെട്ട് 5 മത്സ്യത്തൊഴിലാളികൾക്ക് പരിക്ക് പറ്റിയിട്ടുണ്ട്.

(ബി) മേൽ വിവരിച്ച അപകടങ്ങളെ തുടർന്ന് ഏകദേശം 15 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

(1) ശ്രീ. ദാസൻ എന്നയാളുടെ ഫൈബർ വള്ളത്തിന്റെ keel, starboard, stem മുതലായ ഭാഗങ്ങൾ പൊട്ടിപ്പൊളിഞ്ഞ് 3 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(2) ശ്രീ.സുരേഷ് എന്നയാളുടെ ഫൈബർ വള്ളം മറിഞ്ഞ് 9.9 എച്ച്.പി.യമഹ എഞ്ചിൻ, ഓസാൻ വല എന്നിവ നഷ്ടപ്പെട്ട് 2.50 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(3) ശ്രീ.ശശി എന്നയാളുടെ ഫൈബർ വള്ളം മറിഞ്ഞ് രണ്ട് 9.9 എച്ച്.പി.സുസുക്കി എഞ്ചിൻ, തണ്ട് രണ്ടെണ്ണം, ഊയി രണ്ട്, മീൻ കുട്ട 24 എണ്ണം, ബയറിംഗ് കപ്പി രണ്ട്, റോപ്പ് വല എന്നിവ നഷ്ടപ്പെട്ട് 3 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(4) ശ്രീ.യൂസഫ് എന്നയാളുടെ തോണി മറിഞ്ഞ് 2 എഞ്ചിൻ, വല എന്നിവയ്ക്ക് കേടുപാടുകൾ സംഭവിച്ച് 3.50 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(5) ശ്രീ.ആരിഫ്. പി.എം. എന്നയാളുടെ മത്സ്യബന്ധനയാനം അപകടത്തിൽപ്പെട്ട് രണ്ട് 9.9 എഞ്ചിനുകൾ, ഒരു വല എന്നിവയ്ക്കായി 3 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(സി) കടൽക്ഷോഭം മൂലമോ മറ്റ് അപകടങ്ങൾ മുഖേനയോ നാശനഷ്ടം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതികളൊന്നും ഫിഷറീസ് വകുപ്പിൽ നിലവിലില്ല. ടി അപകടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത് ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേനയാണ്. മത്സ്യ തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പരിധിയിൽ പ്രകൃതിക്ഷോഭംമൂലം മത്സ്യബന്ധനോപാധികളും യാനങ്ങളും നഷ്ടപ്പെടുന്നവർക്കുള്ള ആശ്വാസം നൽകുന്നതും ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ചു വരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഹാർബറിൽ മണ്ണ് വന്നടിയുന്നതുമൂലം ഉണ്ടാകുന്ന ചില പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ഹാർബറിന്റെ നിർമ്മാണം നടത്തിയിരിക്കുന്നത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടത്തുന്ന അന്വേഷണ ഗവേഷണ പഠനങ്ങൾക്ക് പുറമേ പൂനെ CWPRS നടത്തിയ ശാസ്ത്രീയമായ മാതൃകാപഠനത്തിന്റെ അടിസ്ഥാനത്തിലാണ്. പുലിമുട്ടുകൾക്ക് ഉള്ളിലേക്ക് കടക്കുമ്പോഴുണ്ടാകാവുന്ന അപകടസാധ്യത മത്സ്യത്തൊഴിലാളികൾ അറിയിച്ചതിനെ തുടർന്ന് പൂനെ CWPRS ഉദ്യോഗസ്ഥർ സൈറ്റ് സന്ദർശിക്കുകയും ഹാർബറിലേയ്ക്കുള്ള രണ്ട് ഓപ്പണിംഗുകളിൽ ഒരെണ്ണം അടച്ചതിനുശേഷം പുലിമുട്ടുകൾക്കിടയിലുള്ള ആഴം ഡ്രഡ്ജിംഗ് ചെയ്ത് കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇതനുസരിച്ച് ഡ്രഡ്ജിംഗ് ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**കായലുകളിൽ മത്സ്യബന്ധനം ദുഷ്കരമാകുന്ന സാഹചര്യം**

260(2332) ശ്രീ. എ. എം. ആരിഫ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായലുകളിലെ പോള-പായൽ ശല്യം നിമിത്തം മത്സ്യബന്ധനം ദുഷ്കരമായി തീരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി മത്സ്യബന്ധന വകുപ്പ് ഇതിനോടകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പോള വാരൽ നിർവ്വഹിക്കുന്നത് നിമിത്തം ഉണ്ടാകുന്ന അധിക ചെലവ് മത്സ്യബന്ധന വകുപ്പ് വഹിക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് എന്തെങ്കിലും ഉത്തരവുകൾ വകുപ്പിന് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) പായൽ വാരുന്നതിനാവശ്യമായ മെഷീനുകൾ ഘടിപ്പിച്ച വാഹനങ്ങൾ ഉപയോഗിക്കുന്നതിനുള്ള ചെലവ് വഹിക്കുന്നത് സംബന്ധിച്ച് മത്സ്യബന്ധന വകുപ്പ് ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ എന്തൊക്കെയാണ്;

(ഇ) വർഷത്തിൽ എത്ര തവണ ഇപ്രകാരം പായൽ വാരുമെന്നതു സംബന്ധിച്ചും വാരിയ പായലുകൾ നശിപ്പിയ്ക്കുന്നത് സംബന്ധിച്ചും വ്യക്തമായ നിർദ്ദേശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കുട്ടനാടൻ ജലാശയങ്ങളിൽ അനുഭവപ്പെടുന്ന പോള/കുളവാഴ ശല്യത്തിനു പരിഹാരമായി കുളവാഴ നിർമ്മാർജ്ജനവും ഉപയോഗവും എന്ന പദ്ധതി ഫിർമ 2010-11 മുതൽ നടപ്പാക്കിയിരുന്നു. പദ്ധതിക്കായി 21.29 കോടി രൂപ ഭരണാനുമതി നൽകുകയും 16.48 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. നൽകിയ തുക പൂർണ്ണമായും വിനിയോഗിച്ച് 20-6-2014-ൽ പദ്ധതി പൂർത്തിയാക്കുകയും ചെയ്തിരുന്നു. പദ്ധതിവഴി 174 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും ഒരു ബയോഗ്യാസ് പ്ലാന്റും (കോട്ടയം ജില്ലയിലെ കോടിമാതയിൽ) സ്ഥാപിച്ചു. കായലിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങളാണ് പോള/കുളവാഴ ശല്യം വർദ്ധിപ്പിക്കുന്നതിന് പ്രധാന ഹേതുവെന്നതിനാൽ ജലാശയങ്ങളെ മാലിന്യവിമുക്തമാക്കുകയാണ് ശാശ്വതപരിഹാരം. കുളവാഴ നിർമ്മാർജ്ജനത്തിന്റെ പേരിൽ ഫിഷറീസ് വകുപ്പ് മുൻപ് നടപ്പാക്കിയ പദ്ധതികൾ ഫലപ്രദമല്ലെന്ന് കണ്ട് അത്തരം പദ്ധതികൾ ഏറ്റെടുക്കേണ്ടതില്ലെന്നാണ് തീരുമാനം.

(സി-ഇ) തദ്ദേശസ്വയംഭരണവകുപ്പ് ഇത് സംബന്ധിച്ച ഉത്തരവുകളൊന്നും നൽകിയിട്ടില്ല.

**മത്സ്യബന്ധനത്തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം**

261(2333) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിനിടെ കടൽക്ഷോഭത്തിൽപ്പെട്ട് മരണപ്പെടുന്ന മത്സ്യ തൊഴിലാളികളുടെ കുടുംബങ്ങൾക്ക്, നഷ്ടപ്പെടുന്ന ബോട്ട്, തോണി എന്നിവയുൾപ്പെടെ നഷ്ടപരിഹാരം നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത്തരം സംവിധാനം ഏർപ്പെടുത്തുമോ;

(സി) ബേപ്പൂർ നിയോജകമണ്ഡലത്തിൽ നിന്നും ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ പരിഗണനയിലുണ്ട്; ഇവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഫിഷറീസ് വകുപ്പിൽ നിലവിലില്ല. ബന്ധപ്പെട്ട കളക്ടർ മുഖാന്തരം ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം നൽകിവരുന്നുണ്ട്.

(ബി) കടാശ്വാസ കമ്മീഷൻ മുഖാന്തരം ഒരു പുതിയ പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലാണ്.

(സി) 4 അപേക്ഷകൾ ലഭിച്ചിരുന്നു. ഇത്തരം അപേക്ഷകളിൽ ധനസഹായം നൽകുന്നത് ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേനയാണ്.

## മത്സ്യഗ്രാമം

262(2334) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മത്സ്യ ഗ്രാമങ്ങൾ ഉണ്ട്; ഇത് എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത് വിശദമാക്കുമോ;

(ബി) പ്രസ്തുത മത്സ്യഗ്രാമങ്ങളിൽ തീരദേശവികസന കോർപ്പറേഷനുകൾ വഴി 2011-2016 കാലഘട്ടത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കികൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്നും ഇതിനായി അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് തീരദേശ മേഖലയിൽ 222-ഉം ഉൾനാടൻ മേഖലയിൽ 113-ഉം അടക്കം 335 അംഗീകൃത മത്സ്യഗ്രാമങ്ങളാണ് നിലവിലുള്ളത്. ഇവയുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാനത്തെ മത്സ്യഗ്രാമങ്ങളിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

(1) 2011-12, 2013-14 സാമ്പത്തിക വർഷങ്ങളിലായി തീരദേശ സാമൂഹ്യ അടിസ്ഥാനസൗകര്യവികസന പദ്ധതിയിലുൾപ്പെടുത്തി 8 മത്സ്യഗ്രാമങ്ങളിൽ 4.10 കോടി രൂപയുടെ വിവിധ പദ്ധതികൾ പൂർത്തീകരിച്ചുവരുന്നു.

(2) 2011-12 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, മലപ്പുറം, കോഴിക്കോട് എന്നീ തീരദേശ ജില്ലകളിലെ മത്സ്യഗ്രാമങ്ങളിൽ 10.81 കോടി രൂപയുടെ വിവിധ പദ്ധതികൾ പൂർത്തീകരിച്ചുവരുന്നു.

(3) 2011-12, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതിയിലുൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ സംസ്ഥാനമൊട്ടാകെയുള്ള മത്സ്യഗ്രാമങ്ങളിൽ നടപ്പിലാക്കുന്നതിനായി 160 കോടി രൂപയുടെ പദ്ധതിക്ക് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പദ്ധതികൾ പൂർത്തീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(4) 2013-14 സാമ്പത്തിക വർഷത്തിൽ 13 -ാം ധനകാര്യ കമ്മീഷന്റെ മാതൃകാ മത്സ്യഗ്രാമ പദ്ധതിയിലുൾപ്പെടുത്തി 6 മത്സ്യഗ്രാമങ്ങളിൽ 14.10 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, 9 തീരദേശ ജില്ലകളിലായി 25.17 കോടി രൂപയുടെ 10 ഫിഷറീസ് സ്കൂൾ പുനരുദ്ധാരണം, 5 കോടി രൂപയുടെ മത്സ്യത്തൊഴിലാളി കോളനി പുനരുദ്ധാരണം എന്നീ പദ്ധതികൾക്ക് സംസ്ഥാന സർക്കാർ അനുമതി നൽകി പദ്ധതികൾ പൂർത്തീകരണഘട്ടത്തിലാണ്.

(5) 2014-15 സാമ്പത്തിക വർഷത്തിൽ 'ഭൂരഹിത ഭവനരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതി'യിൽ ഉൾപ്പെടുത്തി സംസ്ഥാനമൊട്ടാകെയുള്ള മത്സ്യഗ്രാമങ്ങളിലുള്ള ഭൂരഹിതരും ഭവനരഹിതരുമായ 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭൂമിവാങ്ങി ഭവനം നിർമ്മിച്ച് നൽകുന്നതിനായി 48.75 കോടി രൂപയുടെ പദ്ധതിക്ക് സംസ്ഥാന സർക്കാർ അനുമതി നൽകിയിരുന്നു. വലിയതുറ മത്സ്യഗ്രാമത്തിൽ 8 ഫ്ളാറ്റുകൾ നിർമ്മാണം പൂർത്തീകരിച്ച് കൈമാറ്റം ചെയ്തു കഴിഞ്ഞു. കണ്ണൂർ അഴിക്കരയിൽ 27 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(6) 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലായി തെരെഞ്ഞെടുത്ത 27 മത്സ്യഗ്രാമങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി 49.84 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(7) ഫ്രഷ് ഫിഷ് ടു ആൾ പദ്ധതിയിലുൾപ്പെടുത്തി 3.90 കോടി രൂപയുടെ ഇൻസുലേറ്റഡ് ബോക്സ് ഘടിപ്പിച്ച ഓട്ടോറിക്ഷ, ഇരുചക്ര വാഹനങ്ങൾ, ഇൻസുലേറ്റഡ് ട്രക്ക് എന്നിവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കി.

(8) ആഴക്കടൽ മത്സ്യബന്ധന പദ്ധതിലുൾപ്പെടുത്തി 2.68 കോടി രൂപയുടെ ആഴക്കടൽ മത്സ്യബന്ധന ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

(9) കടൽ സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി 1.00 കോടി രൂപയുടെ കടൽ സുരക്ഷാ ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

(10) കട്ടമരം മോട്ടോറൈസേഷൻ പദ്ധയിലുൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് എഞ്ചിൻ വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുന്നതിന് 1.23 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു.

## മത്സ്യഗ്രാമം പദ്ധതി

263(2335) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ മത്സ്യഗ്രാമം പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് മത്സ്യഗ്രാമങ്ങൾ പ്രവർത്തിക്കുന്നത്;

(സി) പ്രസ്തുത മത്സ്യഗ്രാമങ്ങളിൽ തീരദേശവികസന കോർപ്പറേഷനുകൾ വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും ഇതിനായി അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും വിശദമാക്കുമോ?

### ഉത്തരം

(എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 13-ാം ധനകാര്യ കമ്മീഷൻ ധനസഹായത്തോടെ മാതൃകാ മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

(1) വലിയതുറ, ചെറിയതുറ, കൊച്ചുതോപ്പ്, വലിയതോപ്പ് എന്നിവിടങ്ങളിൽ 300 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചുവരുന്നു.

(2) വലിയതുറ, ചെറിയതുറ, കൊച്ചുതോപ്പ്, വലിയതോപ്പ് എന്നിവിടങ്ങളിൽ 350 ലക്ഷം രൂപയുടെ വൈദ്യുതീകരണം പൂർത്തീകരിച്ചുവരുന്നു.

(3) 74 ലക്ഷം രൂപയുടെ ഫിഷറീസ് റോഡ് നിർമ്മാണം 50% പൂർത്തീകരിച്ചു.

(4) 63 ലക്ഷം രൂപയുടെ 3 അംഗൻവാടി നിർമ്മാണം പൂർത്തീകരിച്ചു.

(5) 150 ലക്ഷം രൂപയുടെ വലിയതുറ ഫിഷറീസ് ആശുപത്രി നിർമ്മാണം പൂർത്തീകരിച്ചു.

(6) ബേപ്പൂർ, മാറാട് എന്നിവിടങ്ങളിൽ 40 ലക്ഷം രൂപയുടെ വൈദ്യുതീകരണം പൂർത്തീകരിച്ചു.

(7) ബേപ്പൂർ, മാറാട് എന്നിവിടങ്ങളിൽ 70 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചു.

(8) ബേപ്പൂരിൽ 200 ലക്ഷം രൂപയുടെ ഫിഷറീസ് റോഡ് നിർമ്മാണം പൂർത്തീകരിച്ചു.

(9) 128 ലക്ഷം രൂപയുടെ ബേപ്പൂർ ജി.എച്ച്.എസ്സ്.എസ്സ്. സ്കൂൾ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചു.

(10) ആനാപ്പുഴയിൽ 8 ലക്ഷം രൂപയുടെ ഒരു ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചു.

(11) 10 ഫിഷറീസ് സ്കൂളുകളുടെ പുനരുദ്ധാരണത്തിനായി 2516.50 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭിച്ച് നിർവ്വഹണ നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(12) 14 ഫിഷറീസ് കോളനികൾ നവീകരിക്കുന്നതിനായി 5 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചു. പദ്ധതിനിർവ്വഹണം പൂർത്തീകരിച്ചുവരുന്നു.

ഇതുകൂടാതെ, വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരെഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്ന സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനന് മുഖേന നടപ്പിലാക്കുന്നു. 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി 57 മത്സ്യഗ്രാമങ്ങളിൽ താഴെപ്പറയുന്ന പദ്ധതികൾ പൂർത്തീകരിച്ചു വരുന്നു:

51.39 കോടി രൂപയുടെ 53 കുടിവെള്ള പദ്ധതികളിൽ 31 എണ്ണം പൂർത്തീകരിച്ചു.

23.03 കോടി രൂപയുടെ 57 വൈദ്യുതീകരണ പദ്ധതികളിൽ 37 എണ്ണം പൂർത്തീകരിച്ചു.

40.46 കോടി രൂപയുടെ 35 പബ്ലിക് ടോയിലെറ്റ് നിർമ്മാണ പദ്ധതികളിൽ 15 എണ്ണം പൂർത്തീകരിച്ചു.

7.05 കോടി രൂപയുടെ 3525 വ്യക്തിഗത ടോയിലറ്റ് നിർമ്മാണം ഇതിൽ 806 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി.

8.99 കോടി രൂപയുടെ 32 ലൈബ്രറി നിർമ്മാണ പദ്ധതികളിൽ 20 എണ്ണം പൂർത്തീകരിച്ചു.

7.79 കോടി രൂപയുടെ 104 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ ഇതിൽ 82 എണ്ണം സ്ഥാപിച്ചു.

7.65 കോടി രൂപയുടെ ജീവനോപാധി സഹായം, ഇതിൽ 757 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി.

(ബി) സംസ്ഥാനത്ത് തീരദേശ മേഖലയിൽ 222-ഉം ഉൾനാടൻ മേഖലയിൽ 113-ഉം അടക്കം 335 അംഗീകൃത മത്സ്യഗ്രാമങ്ങളാണ് നിലവിലുള്ളത്. ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാനത്തെ മത്സ്യഗ്രാമങ്ങളിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

(1) 2011-12, 2013-14 സാമ്പത്തിക വർഷങ്ങളിലായി തീരദേശ സാമൂഹ്യ അടിസ്ഥാന സൗകര്യവികസന പദ്ധതിയിലുൾപ്പെടുത്തി 8 മത്സ്യഗ്രാമങ്ങളിൽ 4.10 കോടി രൂപയുടെ വിവിധ പദ്ധതികൾ പൂർത്തീകരിച്ചുവരുന്നു

(2) 2011-12 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ മത്സ്യഗ്രാമങ്ങളിൽ 10.81 കോടി രൂപയുടെ വിവിധ പദ്ധതികൾ പൂർത്തീകരിച്ചുവരുന്നു.

(3) 2011-12, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യവികസന ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതിയിലുൾപ്പെടുത്തി അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ സംസ്ഥാനമൊട്ടാകെയുള്ള മത്സ്യ ഗ്രാമങ്ങളിൽ നടപ്പിലാക്കുന്നതിനായി 160 കോടി രൂപയുടെ പദ്ധതിക്ക് സംസ്ഥാന സർക്കാർ അനുമതി നൽകി പദ്ധതികൾ പൂർത്തീകരിച്ചുവരുന്നു.

(4) 2013-14 സാമ്പത്തിക വർഷത്തിൽ 13-ാം ധനകാര്യ കമ്മീഷന്റെ മാതൃകാ മത്സ്യഗ്രാമപദ്ധതിയിലുൾപ്പെടുത്തി 6 മത്സ്യഗ്രാമങ്ങളിൽ 14.10 കോടി രൂപയുടെ അടിസ്ഥാനസൗകര്യവികസന പദ്ധതികൾ, 9 തീരദേശ ജില്ലകളിലായി 25.17 കോടി രൂപയുടെ 10 ഫിഷറീസ് സ്കൂൾ പുനരുദ്ധാരണം, 5 കോടി രൂപയുടെ മത്സ്യ തൊഴിലാളി കോളനി പുനരുദ്ധാരണം എന്നീ പദ്ധതികൾക്ക് സംസ്ഥാന സർക്കാർ അനുമതി നൽകി. പദ്ധതികൾ പൂർത്തീകരണഘട്ടത്തിലാണ്.

(5) 2014-15 സാമ്പത്തിക വർഷത്തിൽ 'ഭൂരഹിത ഭവനരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതി'യിൽ ഉൾപ്പെടുത്തി സംസ്ഥാനമൊട്ടാകെയുള്ള മത്സ്യഗ്രാമങ്ങളിലുള്ള ഭൂരഹിതരും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഭവനരഹിതരുമായ 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭൂമിവാങ്ങി ഭവനം നിർമ്മിച്ച് നൽകുന്നതിനായി 48.75 കോടി രൂപയുടെ പദ്ധതിക്ക് സംസ്ഥാന സർക്കാർ അനുമതി നൽകിയിരുന്നു. വലിയതുറ മത്സ്യഗ്രാമത്തിൽ 8 ഫ്ളാറ്റുകൾ നിർമ്മാണം പൂർത്തീകരിച്ച് കൈമാറ്റം ചെയ്തുകഴിഞ്ഞു. കണ്ണൂർ അഴിക്കരയിൽ 27 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(6) 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലായി തെരഞ്ഞെടുത്ത 27 മത്സ്യഗ്രാമങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി 49.84 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(7) ഫ്രഷ് ഫിഷ് ടു ആൾ പദ്ധതിയിലുൾപ്പെടുത്തി 3.90 കോടി രൂപയുടെ ഇൻസുലേറ്റഡ് ബോക്സ് ഘടിപ്പിച്ച ഓട്ടോറിക്ഷ, ഇരുചക്ര വാഹനങ്ങൾ, ഇൻസുലേറ്റഡ് ട്രക്ക് എന്നിവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കി.

(8) ആഴക്കടൽ മത്സ്യബന്ധന പദ്ധതിയിലുൾപ്പെടുത്തി 2.68 കോടി രൂപയുടെ ആഴക്കടൽ മത്സ്യബന്ധന ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

(9) കടൽ സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി 1.00 കോടി രൂപയുടെ കടൽ സുരക്ഷാ ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

(10) കട്ടമരം മോട്ടോറൈസേഷൻ പദ്ധതിയിലുൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് എഞ്ചിൻ വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുന്നതിന് 1.23 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു.

**വാടാനപ്പള്ളി ബീച്ച് റോഡ് നിർമ്മാണം**

264(2336) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീച്ച് റോഡുകളുടെ നിർമ്മാണം, അറ്റകുറ്റ പണികൾ എന്നിവയ്ക്ക് ഫിഷറീസ് വകുപ്പ് ഫണ്ട് നൽകാറുണ്ടോ;

(ബി) മണലൂർ മണ്ഡലത്തിലെ തകർന്നുകിടക്കുന്ന വാടാനപ്പള്ളി ബീച്ച് റോഡ് ഫിഷറീസ് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് പുനർ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ വരുന്ന തീരദേശറോഡുകൾ ഒഴികെയുള്ള ബീച്ച് റോഡുകളുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് ഫിഷറീസ് വകുപ്പ് ഫണ്ട് നൽകാറുണ്ട്.

(ബി) വാടാനപ്പള്ളി ജംഗ്ഷനിൽനിന്നും ബീച്ചിലേയ്ക്കുള്ള റോഡ് ഫിഷറീസ് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് പുനർനിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കമ്പോളങ്ങളുടെ നവീകരണം**

265(2337) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ നൂറനാട്, ചുനക്കര, തഴക്കര എന്നിവിടങ്ങളിലെ മത്സ്യകമ്പോളങ്ങളുടെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത കമ്പോളങ്ങൾ നവീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) മത്സ്യബന്ധന വകുപ്പിന്റെ പദ്ധതിയിലുൾപ്പെടുത്തി മാവേലിക്കര നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം അനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര മണ്ഡലത്തിൽ നൂറനാട്, ചുനക്കര, തഴക്കര എന്നിവിടങ്ങളിലെ മത്സ്യക്കമ്പോളങ്ങളുടെ നവീകരണത്തിനായുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കേരളത്തിലുടനീളം മത്സ്യ മാർക്കറ്റുകൾ നവീകരിക്കുന്നതിനുള്ള പദ്ധതികൾ വരും വർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മത്സ്യബന്ധന വകുപ്പിന്റെ പദ്ധതിയിലുൾപ്പെടുത്തി മാവേലിക്കര നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം പുതിയ പ്രവൃത്തികൾ നാളിതുവരെ ഏറ്റെടുത്തിട്ടില്ലെങ്കിലും മത്സ്യസമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി 256 ഹെക്ടർ സ്ഥലത്ത് ശുദ്ധജല മത്സ്യകൃഷി നടപ്പിലാക്കുന്നുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ കുട്ടികളെ ദത്തെടുക്കുന്ന പദ്ധതി**

266(2338) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികളെ ദത്തെടുക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം, ഇതിന്റെ രൂപ രേഖ തയ്യാറാക്കിയിട്ടുണ്ടോ;

(സി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം തയ്യാറെടുപ്പുകൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികളെ ദത്തെടുത്ത് ഉന്നത വിദ്യാഭ്യാസം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഒരു വിദ്യാർത്ഥിക്ക് ഉന്നത വിദ്യാഭ്യാസത്തിനായി പ്രതിവർഷം പരമാവധി 75,000 രൂപ വരെ ചെലവ് പ്രതീക്ഷിക്കുന്ന ടി പദ്ധതിപ്രകാരം വിദ്യാർത്ഥിയുടെ ആഹാരം, വിദ്യാഭ്യാസച്ചെലവ്, താമസച്ചെലവ് എന്നിവയ്ക്ക് തുക നീക്കിവച്ചിട്ടുണ്ട്.

(സി) ഈ പദ്ധതിയെക്കുറിച്ച് എല്ലാ മത്സ്യഗ്രാമങ്ങളിലും ആവശ്യമായ പ്രചാരം നൽകുന്നതിനും അർഹരായവരെ കണ്ടെത്തുന്നതിനുമായി തീരദേശ ജില്ലാ ഫിഷറീസ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം**

267(2339) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലഭിക്കേണ്ടതായ വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്നതിൽ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രൊഫഷണൽ കോഴ്സുകൾ പഠിച്ചുകൊണ്ടിരിക്കുന്ന ഈ വിദ്യാർത്ഥികൾക്ക് യഥാസമയം സ്റ്റൈപ്പന്റ് ലഭിക്കാത്തതു മൂലമുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി 10 കോടി രൂപ 2405-00-800-92-12 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്നതിനാൽ

ആദ്യഗഡുവായി 330 ലക്ഷം രൂപയും രണ്ടാം ഗഡുവായി 253 ലക്ഷം രൂപയും അവസാന ഗഡുവായി 417 ലക്ഷം രൂപയും ജില്ലാ ഓഫീസർമാർക്ക് അനുവദിച്ചുനൽകുകയുണ്ടായി. കൂടാതെ 2016-17 സാമ്പത്തിക വർഷത്തിൽ 15 കോടി രൂപയുടെ SDG പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും സ്റ്റൈപന്റ് ലഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**മത്സ്യത്തൊഴിലാളികളുടെ ജീവിത സാഹചര്യം**

268(2340) ശ്രീ. എസ്. ശർമ്മ :
ശ്രീ. ബി. സത്യൻ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിന്റെ അവകാശം കടലിൽ മീൻ പിടിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പ് വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി ആവിഷ്കരിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) തീരദേശത്തെ ജനങ്ങളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്താനും ജീവിത നിലവാരം ഉയർത്താനുമായി എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(സി) തീരദേശ മേഖലയിലെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആരോഗ്യ- വിദ്യാഭ്യാസ മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) കടലിന്റെ അവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കുന്നതിനുതകുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മത്സ്യലഭ്യത കുറവുള്ള പഞ്ഞമാസങ്ങളിൽ ജീവിതച്ചെലവിന് സാമ്പത്തിക സഹായം ലഭിക്കാവുന്ന തരത്തിൽ സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ ഈ പ്രകാരം അനുവദിച്ചിരുന്ന 2,700 രൂപ 4,500 രൂപയായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണം, മത്സ്യത്തൊഴിലാളി ഭവനങ്ങളുടെ പുനരുദ്ധാരണം, തീരദേശത്തെ ആരോഗ്യ വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളികൾക്ക് വാസയോഗ്യമായ വീട് വയ്ക്കുന്നതിന് 3 സെന്റ് വരെ

വസ്തു വാങ്ങുന്നതിനുള്ള പദ്ധതി, മത്സ്യത്തൊഴിലാളി കോളനികളുടെ നവീകരണം, മത്സ്യത്തൊഴിലാളി യുവതികൾക്ക്, തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുതകുന്ന തീരനൈപുണ്യ പദ്ധതി, തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി, തണൽ പദ്ധതി എന്നിവ തീരദേശത്തെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളാണ്.

(സി) മത്സ്യത്തൊഴിലാളി മേഖലയിൽ സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് 2600 വീടുകളും ഭൂരഹിതരായ മത്സ്യത്തൊഴിലാളികളിൽ 800 പേർക്ക് വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിനുള്ള പദ്ധതിയും ഈ വർഷം നടപ്പാക്കിവരുന്നു. ഇതിനായി 10,000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സർക്കാർ ഭൂമിയിലോ സ്വകാര്യ വ്യക്തികളിൽനിന്ന് ലഭ്യമാകുന്ന ഭൂമിയിലോ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന പാർപ്പിട സമുച്ചയം പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടുകൂടി സംസ്ഥാനത്ത് 800 വീടുകൾ യൂണിറ്റിന് 2 ലക്ഷം രൂപ നിരക്കിൽ നൽകുന്നതിന് പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് ആരോഗ്യ കേന്ദ്രങ്ങളുടെ നവീകരണവും മത്സ്യ തൊഴിലാളി കുടുംബാംഗങ്ങൾക്ക് ആരോഗ്യ പരിശോധന, ബോധവൽക്കരണ ക്യാമ്പുകൾ എന്നിവ നടത്തുന്നതിനും പദ്ധതിയുണ്ട്.

വിദ്യാഭ്യാസ മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന അതേ ആനുകൂല്യങ്ങൾ മത്സ്യമേഖലയിലും നൽകിവരുന്നു. ഫിഷറീസ് വകുപ്പിന്റെ കീഴിൽ ഹോസ്റ്റൽ സൗകര്യത്തോടുകൂടിയ 10 ഹൈസ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ 8-ാം ക്ലാസ്സിൽനിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് 90%-ത്തിൽ കൂടുതൽ ഹാജരുള്ള വിദ്യാർത്ഥികളുടെ രക്ഷകർത്താവിന് പ്രതിവർഷം 1,000 രൂപ നൽകുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിന് പ്രത്യേക പരിഗണന നൽകിയും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 10, 12, ക്ലാസ്സുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്കായി കരിയർ ഗൈഡൻസും 12-ാം തരം പൂർത്തിയായ കുട്ടികൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനവും ബിരുദം എടുത്തവർക്ക് പി.എസ്.സി, ബാങ്ക് കോച്ചിംഗ്, സിവിൽ സർവ്വീസ് കോച്ചിംഗ് എന്നിവയും ആദ്യ ഘട്ടമെന്ന നിലയിൽ മലപ്പുറം, ആലപ്പുഴ ജില്ലകളിലെ ഹൈസ്കൂളുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് സൈക്കിൾ അനുവദിക്കുന്ന പദ്ധതിയും നടപ്പാക്കിവരുന്നു.

## കായിക്കര പാലം

269(2341) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം, അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് കായിക്കര പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പാലം നിർമ്മാണത്തിനായി ഹാർബർ-എഞ്ചിനീയറിംഗ് വകുപ്പ് എന്തു തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമായി വരുന്ന ഭൂമി ഏറ്റെടുക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഫണ്ട് ലഭ്യമാക്കുമോ എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) വക്കം, അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കായിക്കര പാലം നിർമ്മിക്കുന്നതിനും പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനും അഞ്ചുതെങ്ങ് വില്ലേജിൽനിന്നും 13.355 ആർ സ്ഥലവും വക്കം വില്ലേജിൽനിന്നും 20.396 ആർ സ്ഥലവും ആവശ്യമാണ്. ടി രണ്ടു വില്ലേജുകളിൽ നിന്നും ആകെ 33.751 ആർ സ്ഥലത്തിനായി 50,59,410 രൂപയുടെ പ്രൊപ്പോസൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിവരുന്നു.

(ബി) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ടി പാലം നിർമ്മിക്കുന്നതിനായി 2012 നിരക്ക് പ്രകാരം 1,925.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയിരുന്നു. സ്ഥലം ലഭ്യമായവമാത്രം നബാർഡിൽ ഉൾപ്പെടുത്തി പ്രൊപ്പോസൽ കൊടുത്താൽ മതിയെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിലവിലുള്ള ഷെഡ്യൂൾ നിരക്കിൽ പുതുക്കിയ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കുന്നതാണ്.

(സി) വക്കം കായിക്കര പാലം നിർമ്മാണത്തിനായി ആവശ്യമായ 33.751 ആർ സ്ഥലം ഏറ്റെടുക്കുന്നതിനായി 50,59,410 രൂപയുടെ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പരിഗണനയിലാണ്. റവന്യൂ വകുപ്പ് മുഖേനയാണ് ലാന്റ് അക്വിസിഷനുള്ള തുക അനുവദിക്കുന്നത്.

**ഭരണാനുമതി ലഭിച്ച വൈപ്പിൻ നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ**

270(2342) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം നടപ്പാക്കുന്നതിന് ഭരണാനുമതി ലഭിച്ച വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുള്ള ഓരോ പ്രവൃത്തികളും നടപ്പാക്കുന്നതിലെ കാലതാമസം എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഭരണാനുമതി നൽകിയ വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിന്റെയും ഞാറയ്ക്കൽ അക്വാകൾച്ചർ ട്രെയിനിംഗ് സെന്ററിന്റേയും നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ട്. കൂടാതെ ഭരണാനുമതി നൽകിയ 49 തീരദേശറോഡുകളിൽ 15 റോഡുകളുടെ പ്രവർത്തികളും പൂർത്തീകരിക്കുവാനുണ്ട്.

(ബി) 1. വൈപ്പിൻ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രം:-

45.70 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ വൈപ്പിൻ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിന്റെ ഡ്രഡ്ജിംഗ് ഒഴികെയുള്ള പ്രവൃത്തികൾ 31-8-2012-നകം പൂർത്തിയായിരുന്നു. ഫണ്ട് അനുവദിച്ചു നൽകിയതിലെ കാലതാമസവും തദ്ദേശവാസികളുടെ എതിർപ്പും ഉണ്ടായിരുന്നതിനാൽ ഡ്രഡ്ജിംഗ് പ്രവൃത്തി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല.

2. ഞാറയ്ക്കൽ അക്വാകൾച്ചർ ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണത്തിന് ദർഘാസിന് അംഗീകാരം നൽകേണ്ടതുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

3. വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഭരണാനുമതി നൽകിയ 49 തീരദേശ റോഡുകളിൽ 15 റോഡ് പ്രവൃത്തികളാണ് പൂർത്തിയാകുവാനുള്ളത്. കാലതാമസം സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതായ നിർമ്മാണ പ്രവൃത്തികൾ

271(2343) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011-2016 കാലഘട്ടത്തിൽ കൊച്ചി, തൃപ്പൂണിത്തുറ നിയോജകമണ്ഡലങ്ങളിൽ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് മുഖാന്തരം നടപ്പിലാക്കിയതും നടപ്പിലാക്കികൊണ്ടിരിക്കുന്നതുമായ റോഡ്, കലുങ്ക് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവൃർത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

2011-16 കാലയളവിൽ തൃപ്പൂണിത്തുറ കൊച്ചി നിയോജക മണ്ഡലങ്ങളിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കി കൊണ്ടിരിക്കുന്നതുമായ നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം യഥാക്രമം അനുബന്ധം (എ ) ആയും(ബി) ആയും ചേർക്കുന്നു.*

## പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ

272(2344) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരുത്തിയൂർ, കൊല്ലംകോട് പ്രദേശത്തെ പുതിയ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; പ്രസ്തുത പണികളുടെ നിർമ്മാണപ്രവൃത്തികൾ ഉടൻ ആരംഭിക്കുമോ;

(ബി) വിഴിഞ്ഞം തുറമുഖം പ്രവൃത്തികൾ തുടരുന്നതുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് മീൻപിടിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പൊഴിയൂർ, പരുത്തിയൂർ ഫിഷിംഗ് ഹാർബർ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പരുത്തിയൂർ കൊല്ലംകോട് പ്രദേശത്ത് രണ്ട് പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. NABARD RIDF XIX സ്കീമിൽ ഉൾപ്പെടുത്തി കുളത്തൂർ പഞ്ചായത്തിലെ വെള്ളമണൽ പാലത്തിനായി 228.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് 0.94 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി. പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് അപ്രോച്ച് റോഡിനുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് നൽകിയാൽ ഉടൻതന്നെ ദർഘാസ് ക്ഷണിച്ച് നിർമ്മാണം ആരംഭിക്കുന്നതാണ്.

2. NABARD RIDF XIX സ്കീമിൽ ഉൾപ്പെടുത്തി കുളത്തൂർ പഞ്ചായത്തിലെ ക്ഷേത്ര നടപ്പാലത്തിന്റെ നിർമ്മാണത്തിനായി 175.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 0.84 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി. പാലത്തിനാവശ്യമായ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കൈമാറി നൽകിയാൽ ഉടൻ തന്നെ ദർഘാസ് ക്ഷണിച്ച് നിർമ്മാണം ആരംഭിക്കുന്നതാണ്.

(ബി) പൊഴിയൂർ പരുത്തിയൂർ ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് മുന്നോടിയായി അന്വേഷണ ഗവേഷണ പ്രവൃത്തികൾ നടത്തുന്നതിനായി 63.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അന്വേഷണ ഗവേഷണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

**കടൽകയറ്റത്തെ പ്രതിരോധിക്കുന്നതിന് റീട്ടെയ്നിംഗ് വാൾ**

273(2345) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയുടെ വടക്കേ അറ്റം ചെല്ലാനം അതിർത്തി മുതൽ അന്ധകാരനഴി വരെയുള്ള പ്രദേശത്ത് അടിയ്ക്കടിയുണ്ടാകുന്ന കടൽകയറ്റത്തെ പ്രതിരോധിക്കുന്നതിനായി കടൽഭിത്തിക്ക് പുറകിൽ റീടെയ്നിംഗ് വാൾ കെട്ടുന്നതിനും ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തുന്നതിനുമായി ഒരു സമഗ്ര പദ്ധതി തയ്യാറാക്കുന്നതിന് തീരദേശ വികസന കോർപ്പറേഷന് നിർദ്ദേശം നൽകുമോ;

(ബി) ആയതിന് എത്രയും വേഗം ഭരണാനുമതി നൽകി, നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിന്റെ കടൽത്തീരസംരക്ഷണവും മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് സമഗ്രമായ ഒരു പദ്ധതി രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

(ബി) മേൽപ്രസ്താവിച്ച പദ്ധതി രൂപരേഖ ലഭ്യമായതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കശുമാവ് കൃഷി

274(2346) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉടമസ്ഥതയിൽ ഉള്ള തരിശു ഭൂമികളിൽ കശുമാവിൻ തൈ വച്ചു പിടിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും;

(ബി) കശുവണ്ടി തൊഴിലാളികളുടെ ഭവനങ്ങളിൽ സ്ഥലലഭ്യതക്ക് അനുസരിച്ച് കശുമാവിൻ തൈകൾ വച്ചു പിടിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ?

<u>ഉത്തരം</u>

(എ) കേരളാസ്റ്റേറ്റ് കശുമാവ് കൃഷി വികസന ഏജൻസിയുടെ നേതൃത്വത്തിൽ കശുമാവ് കൃഷി ചെയ്തുവരികയാണ്. എന്നാൽ കശുവണ്ടി വ്യവസായാവശ്യത്തിന് തോട്ടണ്ടി തദ്ദേശീയമായി ഉല്പാദിപ്പിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള തരിശു ഭൂമികളിൽ വിപുലമായ രീതിയിൽ കശുമാവ് കൃഷി ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിന് വനം, കൃഷി, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിമാരുമായും വകുപ്പ് തലവൻമാരുമായും ചർച്ച നടത്തിയതിനുശേഷം സംയുക്തമായി പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ ഡാം സൈറ്റുകളുടെ കരയിലുള്ള ഭൂമി ഇതിനായി ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ചും ആലോചിച്ചുവരികയാണ്.

(ബി) കശുവണ്ടിത്തൊഴിലാളികളുടെ ഭവനങ്ങളിൽ സ്ഥലലഭ്യതയ്ക്കനുസരിച്ച് കശുമാവിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നതാണ്

## കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റേയും അധീനതയിലുള്ള ഫാക്ടറികൾ

275(2347) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> :
<u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും അധീനതയിലുള്ള പൂട്ടിയിട്ടിരുന്ന ഫാക്ടറികൾ എന്നാണ് തുറന്ന് പ്രവർത്തിച്ചത്;

(ബി) തോട്ടണ്ടി ഇറക്കുമതി സംബന്ധിച്ച് ഏതെങ്കിലും പുതിയ കരാർ ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ഒരു മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തത് എന്തു തുകയ്ക്കായിരുന്നു; പുതിയ കരാർ പ്രകാരം ഒരു മെട്രിക് ടൺ തോട്ടണ്ടി എന്തു തുകയ്ക്കാണ് ഇറക്കുമതി ചെയ്യുന്നത്?

ഉത്തരം

(എ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള ഫാക്ടറികൾ 17-8-2016 മുതലും കാപ്പെക്സിന്റെ നിയന്ത്രണത്തിലുള്ള ഫാക്ടറികൾ 22-8-2016 മുതലും തുറന്ന് പ്രവർത്തനം പുനരാരംഭിച്ചു.

(ബി) ഇറക്കുമതി ചെയ്യുന്നതിനായി കരാർ ഒപ്പ് വച്ചിട്ടില്ല. എന്നാൽ ഗവൺമെന്റ് അനുവാദത്തോടെ ഇറക്കുമതി ചെയ്ത തോട്ടണ്ടി ടെൻഡർ വിളിച്ച് ലോക്കൽ പർച്ചേസായി വാങ്ങിയാണ് ഉല്പാദനം പുനരാരംഭിച്ചത്.

(സി) കിലോഗ്രാമിന് 111 രൂപയും Tax ഉൾപ്പെടുത്തിയിട്ടുള്ള വിലയ്ക്ക് 1000 MT കശുവണ്ടി ആണ് കോർപ്പറേഷൻ മുൻ സർക്കാരിന്റെ കാലത്ത് അവസാനമായി വാങ്ങിയത്. ഇപ്പോൾ കിലോഗ്രാമിന് 142 രൂപ 25 പൈസയും ടാക്സും (9.36 % ഇംപോർട്ട് ഡ്യൂട്ടിയും) ഉൾപ്പെടെയാണ് ലോക്കൽ പർച്ചേസ് നടത്തിയത്. കാപ്പെക്സിൽ മുൻ സർക്കാരിന്റെ കാലത്ത് ഇറക്കുമതി ചെയ്ത തോട്ടണ്ടി വാങ്ങിയിട്ടില്ല. എന്നാൽ ഇറക്കുമതി ചെയ്തത് ടണ്ണിന് USD.1435 ന് ആണ്. ഇപ്പോൾ ഏകദേശം USD. 1567-നാണ് IVC ഒറിജിൻ തോട്ടണ്ടി വാങ്ങിയത്.

**ഫിഷറീസ് സർവ്വകലാശാല**

276(2348) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് സർവ്വകലാശാലയുടെ ഒരു ഉപകേന്ദ്രം പയ്യന്നൂരിൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഫിഷറീസ് സർവ്വകലാശാലയുടെ ഉപകേന്ദ്രം പയ്യന്നൂരിൽ സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉത്തര കേരളത്തിൽ ഫിഷറീസ് സർവ്വകലാശാലയുടെ ഒരു ഉപകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത 2152, 2165, 2170, 2180, 2186, 2204, 2221, 2226, 2252, 2253 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

## (iii) 7-10-2016-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വാഹനങ്ങളുടെ വേഗത നിയന്ത്രിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ

1 (*271) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനുദ്ദേശിച്ച് മോട്ടോർ വാഹന നിയമങ്ങളിൽ മാറ്റം വരുത്തുന്നതിന് കേന്ദ്ര സർക്കാർ രൂപപ്പെടുത്തിയ ഭേദഗതി നിർദ്ദേശങ്ങൾ സംബന്ധിച്ച വിവരങ്ങൾ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) റോഡപകടങ്ങളിൽപ്പെടുന്നവരെ രക്ഷപ്പെടുത്താൻ ശ്രമിക്കുന്നവരെ നിയമക്കുരുക്കിൽ അകപ്പെടുത്തുന്ന മുൻകാല വ്യവസ്ഥകൾ ലഘൂകരിക്കാൻ വരുത്തുന്ന ഭേദഗതികളുടെ പൂർണ്ണ രൂപം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) വാഹനങ്ങളുടെ അപകടകരമായ വിധത്തിലുള്ള വേഗത നിയന്ത്രിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഉണ്ട്. നിലവിലെ മോട്ടോർ വാഹന നിയമത്തിലുള്ള പിഴ തുലോം കുറവായതിനാൽ മോട്ടോർ വാഹന നിയമം അനുസരിക്കുന്നതിൽ ഡ്രൈവർമാർ വിമുഖത കാണിക്കുന്നുവെന്നും തദ്വാര അപകടങ്ങൾ കൂടുന്നുവെന്നുമുള്ളതിന്റെ അടിസ്ഥാനത്തിൽ റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പിഴ സംഖ്യകളിൽ വർദ്ധനവ് ഏർപ്പെടുത്തിക്കൊണ്ട് ഭേദഗതി അവതരിപ്പിച്ചിട്ടുണ്ട്. തുടർച്ചയായി അപകടങ്ങളും നിയമലംഘനങ്ങളും നടത്തുന്ന ഡ്രൈവർമാരുടെ ലൈസൻസിൽ ആയത് രേഖപ്പെടുത്തി ലൈസൻസ് റദ്ദാക്കാനുള്ള നിർദ്ദേശങ്ങളും പുതിയ ഭേദഗതിയിൽ അവതരിപ്പിച്ചിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്. നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതി ബില്ലിലെ 43-ാം ഖണ്ഡമനുസരിച്ച് 134 എ എന്നുള്ള ഒരു പുതിയ വകുപ്പ് അവതരിപ്പിച്ചിട്ടുണ്ട്. ആയതുപ്രകാരം യാതൊരു സാമ്പത്തിക താത്പര്യങ്ങളുമില്ലാതെ സ്വമേധയാ അപകടസ്ഥലത്ത്, അപകടത്തിൽപ്പെട്ടവർക്ക് വൈദ്യസഹായമോ, അല്ലാത്ത സഹായമോ ചെയ്യുക, അപകടത്തിൽപ്പെട്ടവരെ അടിയന്തരമായി ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള ഗതാഗത സഹായം നൽകുക തുടങ്ങിയ സേവനങ്ങളിൽ

ഏർപ്പെടുന്നവരെ 'Good Samaritan' എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതി ബില്ലിലെ 134 എ (1) പ്രകാരം വൈദ്യ സഹായമോ, മറ്റ് സഹായമോ ലഭ്യമാക്കുന്ന സമയത്ത് ഗുഡ് സമരിറ്റന്റെ അശ്രദ്ധ കൊണ്ട് അപകടത്തിൽപ്പെട്ട വ്യക്തിക്ക് പരുക്കോ മരണമോ സംഭവിക്കുകയാണെങ്കിൽ ഗുഡ് സമരിറ്റനെതിരായി സിവിൽപരമോ ക്രിമിനൽപരമോ ആയ നടപടികൾ സ്വീകരിക്കാൻ പാടുള്ളതല്ല. നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതി ബില്ലിലെ 134 എ(2) പ്രകാരം, ഗുഡ് സമരിറ്റനെ ചോദ്യം ചെയ്യുന്നതിനോ പരിശോധനയ്ക്കോ വേണ്ട നടപടിക്രമങ്ങൾ അദ്ദേഹത്തെ സംബന്ധിച്ച വ്യക്തി വിവരങ്ങൾ വെളിപ്പെടുത്തുക തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് കേന്ദ്രസർക്കാർ ചട്ട നിർമ്മാണം നടത്തേണ്ടതാണ്.

(സി) വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. എല്ലാ കെ.എസ്.ആർ.ടി.സി. ബസുകളിലും സ്പീഡ് ഗവർണർ ഘടിപ്പിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ, സ്റ്റേജ് കാര്യേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. നവംബർ ഒന്നുമുതൽ മറ്റു ചെറുകിട വാഹനങ്ങളിലും ആയത് ഘടിപ്പിക്കുന്നതിനുള്ള നിയമനിർമ്മാണം നടക്കുകയാണ്.

2. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

3. മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡ്രൈവർമാർക്ക് നൽകിവരുന്ന പരിശീലന പരിപാടികളിൽ അമിതവേഗതക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

4. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഓടിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

   ജില്ലാതലങ്ങളിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖലാ തലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ വാഹനാപകടങ്ങളുടെ

സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി പൊതുമരാമത്ത് വകുപ്പ് മുതലായ മറ്റ് വകുപ്പുകളുടെ സഹായത്തോടുകൂടി തിരുത്തൽ നടപടികളും സ്വീകരിച്ചുവരുന്നു. റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ പ്രവർത്തനം കൂടുതൽ ഫലവത്തായി നടത്തുന്നതിലേക്കും വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. കൂടാതെ മഴക്കാലത്തിന് മുന്നോടിയായി പ്രത്യേക പ്രീ-മൺസൂൺ പരിശോധനകളും നടത്തിവരുന്നുണ്ട്. 'റോഡ് സുരക്ഷയ്ക്കായി ഒരു ദശകം' എന്ന ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്ത പരിപാടിയുടെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ധനസഹായത്തോടെ ബോധവത്കരണ പരിപാടി നടത്തിവരുന്നു. കൂടാതെ ഗതാഗത നിയമലംഘകരെ കണ്ടെത്തുന്നതിനും അമിത വേഗതയിലും അലക്ഷ്യമായും വാഹനമോടിക്കുന്നവരെ പിടികൂടുന്നതിനും പിഴ ചുമത്തുന്നതിനും മോട്ടോർ വാഹന വകുപ്പ് വിവിധ സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മുഴുവൻ പബ്ലിക് ട്രാൻസ്പോർട്ട് വാഹനങ്ങളിലും ജി.പി.എസ്. അധിഷ്ഠിത നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ആദ്യഘട്ടമായി എല്ലാ സ്വകാര്യ ബസുകളിലും ടി സംവിധാനം സ്ഥാപിക്കുന്നതിനായുള്ള പദ്ധതി അവസാന ഘട്ടത്തിലാണ്.

**കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ**

2 (*272) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എം. എം. മണി :
ശ്രീ. പി. ഉണ്ണി :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) പ്രസ്തുത കമ്മീഷൻ ഇപ്പോൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കർഷക കടാശ്വാസ കമ്മീഷൻ പുനരുജ്ജീവിപ്പിക്കുന്നതിനും കടക്കെണിയിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്.

(ബി) കാർഷിക മേഖലയിലുണ്ടായ സാമ്പത്തിക തകർച്ച കാരണം കടക്കെണിയിലായ കർഷകർക്ക് 18-1-2007-നുമുമ്പായി സഹകരണ സംഘം/മറ്റ് ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള വായ്പയ്ക്ക് കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി കടാശ്വാസം നൽകിവരുന്നു. കാർഷിക പ്രതിസന്ധി ബാധിച്ച വയനാട് ജില്ലയിൽ 2011 ഒക്ടോബർ 31 വരെയുള്ള വായ്പകൾ കടാശ്വാസത്തിന് പരിഗണിച്ചുവരുന്നു. കടക്കെണിയിലായ കർഷകരുടെ കാര്യത്തിൽ കമ്മീഷൻ കടാശ്വാസ നിയമം അനുശാസിക്കുന്ന പരിധിയിൽ സാധ്യമായ ഇടപെടൽ നടത്തുകയും ജപ്തി നടപടികൾക്ക് സ്റ്റേ അനുവദിക്കുകയും തുടർന്ന് അർഹരായവർക്ക് കടാശ്വാസം അനുവദിക്കുകയും ചെയ്യുന്നു.

(സി) കടക്കെണിയിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിലേയ്ക്കായി കടാശ്വാസ കമ്മീഷന്റെ കാലാവധി 2015 മേയ് 21 മുതൽ മൂന്നുവർഷത്തേക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ട്.

**നാളികേര കൃഷി സംരക്ഷണം**

3(*273) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ബി. സത്യൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര കൃഷി സംരക്ഷണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അറിയിക്കാമോ;

(ബി) മൂല്യവർദ്ധിത ഉല്പന്നമെന്ന നിലയിൽ കേര കർഷകർക്ക് പ്രതീക്ഷയേകിയ നീര നേരിടുന്ന പ്രതിസന്ധി എന്തൊക്കെയാണ്; അതു പരിഹരിക്കാനായി എന്തു പദ്ധതിയാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(സി) പച്ചത്തേങ്ങ സംഭരണം ഫലപ്രദമായി നടത്താൻ കൃഷിഭവനുകൾക്ക് സാധ്യമായിട്ടുണ്ടോ;

(ഡി) ചകിരിയും ചകിരിച്ചോറും അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന സാഹചര്യത്തിൽ ആലപ്പുഴയിലും സമീപ ജില്ലകളിലുമെങ്കിലും കൃഷി ഭവനുകൾ വഴി തൊണ്ടോടു കൂടിയ പച്ചത്തേങ്ങ സംഭരിച്ച് സ്വയം സഹായ സംഘങ്ങളുടെ പങ്കാളിത്തത്തോടെ തേങ്ങ പൊതിച്ച് തൊണ്ട് സംഭരണം നടത്തുന്നതിനെക്കുറിച്ച് പരിശോധിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2016-17 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. 500 ഹെക്ടർവീതം കേരകൃഷി വിസ്തൃതിയുള്ള 30 കേരഗ്രാമങ്ങൾ 54 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലായാണ് നടപ്പിലാക്കുന്നത്. സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 4500 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ ഇക്കൊല്ലം പദ്ധതിക്കായി നീക്കി വച്ചിരിക്കുന്നത്. തടം തുറക്കൽ, കളനിയന്ത്രണം, പുതയിടൽ, തൊണ്ടടുക്കൽ, കുമ്മായ വസ്തുക്കൾ, മഗ്നീഷ്യം സൾഫേറ്റ്, ജൈവരാസവളങ്ങൾ, ജീവാണുവളം, സസ്യസംരക്ഷണ വസ്തുക്കൾ ഇവ നൽകുക, ഇടവിള കൃഷി, രോഗബാധിതമായി ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നീ ഘടകങ്ങൾക്ക് മൊത്തമായി ഹെക്ടറൊന്നിന് 25000 രൂപ ക്രമത്തിൽ ഒരു കേരഗ്രാമത്തിന് 125 ലക്ഷം രൂപ ധനസഹായം നൽകുന്നു. കർഷകർക്ക് തെങ്ങുകയറ്റ യന്ത്രങ്ങൾ 2000 രൂപ സബ്സിഡി നിരക്കിൽ ഒരു കേരഗ്രാമത്തിന് 80 എണ്ണംവരെ നൽകുന്നതിന് 1.6 ലക്ഷം രൂപയും ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടറൊന്നിന് 25000 രൂപ നിരക്കിൽ ഒരു കേരഗ്രാമത്തിലെ 42 ഹെക്ടറിലേയ്ക്കായി 10.5 ലക്ഷം രൂപയും ജൈവളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് 15 കമ്പോസ്റ്റ് യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് 10,000 രൂപ നിരക്കിൽ ഒരു ഗ്രാമത്തിൽ 15 യൂണിറ്റുകൾക്ക് 1.5 ലക്ഷം രൂപയും ഒരു ഗ്രാമത്തിൽ ഒരു തെങ്ങിൻതൈ നഴ്സറി സ്ഥാപിക്കുന്നതിന് 50,000 രൂപയും നൽകി വരുന്നു. കൂടാതെ പദ്ധതി നിർവ്വഹണ ഒരുക്കങ്ങൾക്കും ബോധവത്കരണത്തിനും സംഘാടന ചെലവുകൾക്കായി ഒരു കേരഗ്രാമത്തിന് 10,000 രൂപയും പൊതു ആവശ്യങ്ങൾക്കുള്ള പ്രവർത്തനങ്ങൾ പ്രോജക്ട് അടിസ്ഥാനത്തിൽ ഏറ്റെടുത്ത് കൂട്ടായ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്തുതല കേരസമിതിക്കായി 10 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) കേര കർഷകർക്ക് പ്രതീക്ഷയേകിയ നീര ഉത്പാദകർ നേരിടുന്ന പ്രധാന പ്രതിസന്ധികൾ ചുവടെ ചേർക്കുന്നു:

1. തെങ്ങ് ചെത്ത് തൊഴിലാളികളുടെ ക്ഷാമം
2. ശീതീകരണ സംവിധാനങ്ങളുടെ അഭാവംകൊണ്ട് ഗുണനിലവാരത്തിലുണ്ടാകുന്ന കുറവ്
3. നീരയിൽനിന്നും ഉപോത്പന്നങ്ങൾ ഉണ്ടാക്കുവാനുള്ള സാങ്കേതിക വിദ്യകൾ ഉത്പാദകർ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല.

4. ശക്തമായ വിപണന ശൃംഖലയുടെ അഭാവം.

സംസ്ഥാനത്ത് നീര ഉത്പാദനവും വിപണനവും ശക്തിപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ തെങ്ങിൽനിന്നും നീരയുടെയും തെങ്ങിൻ പൂങ്കുലയിൽനിന്ന് കേരചക്കരയുടെയും ഉത്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി ഒരു പൈലറ്റ് പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രോജക്ടിന്റെ ചെലവുകൾക്കായി 130 ലക്ഷം രൂപ കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്. നീരയുടെ വിപണന ചുമതല നാളികേര വികസന കോർപ്പറേഷന് നൽകിക്കൊണ്ട് ചെലവുകൾക്കായി 180 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വെൻഡിംഗ് മെഷിനിലൂടെയും വില്പനകേന്ദ്രങ്ങൾ വഴിയും നീരയുടെ വിപണനം നടത്തിവരുന്നു. നാളികേര വികസന ബോർഡിന്റെ കീഴിലുള്ള നാളികേര ഉത്പാദക സൊസൈറ്റികൾ/കമ്പനികൾ എന്നിവയിലൂടെ നീര ഉത്പാദനം നടത്തുന്നുണ്ട്. പൈലറ്റ് പ്രോജക്ടുമായി ബന്ധപ്പെട്ട് നീര ടെക്നീഷ്യന്മാർക്കുള്ള പരിശീലന പരിപാടികൾ കാർഷിക സർവ്വകലാശാല സംഘടിപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഇടുക്കി ജില്ല ഒഴികെയുള്ള ജില്ലകളിലെ തെരഞ്ഞെടുത്ത കൃഷി ഭവനുകളിലൂടെ കേരഫെഡിന്റെ സഹകരണത്തോടെ പച്ചത്തേങ്ങ സംഭരണം ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

(ഡി) നിലവിൽ തൊണ്ട് കളഞ്ഞ പച്ചനാളികേരമാണ് കൃഷി ഭവനുകളിലൂടെ കേരഫെഡ് സംഭരിച്ചുവരുന്നത്. തൊണ്ടോടുകൂടി പച്ചത്തേങ്ങ സംഭരിച്ച് സ്വയം സഹായ സംഘങ്ങളുടെ പങ്കാളിത്തത്തോടെ തൊണ്ട് സംഭരണം നടത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**നെൽകൃഷിക്ക് പ്രോത്സാഹനം നൽകാൻ നടപടി**

4(*274) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. ബാബു :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വർഷാഘോഷം ഏതു വിധം കൃഷിക്ക് പ്രോത്സാഹനമായി മാറ്റാനാണ് ലക്ഷ്യമിടുന്നത്; പദ്ധതിയുടെ ഭാഗമായി കൃഷി വ്യാപ്തിയും ഉല്പാദന ക്ഷമതയും എങ്ങനെ വർദ്ധിപ്പിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ;

(ബി) നെൽകൃഷി നേരിടുന്ന മുഖ്യപ്രശ്നങ്ങൾ ഉയർന്ന ഉല്പാദനച്ചെലവും അപര്യാപ്തമായ വിലയുമായതിനാൽ ഇത് പരിഹരിക്കാനായി, മുൻ സർക്കാർ നിർത്തലാക്കിയ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം പുനഃസ്ഥാപിക്കുമോ;

(സി) യന്ത്രവൽക്കരണം അനിവാര്യമായിടത്ത് അതിനുവേണ്ട യന്ത്രങ്ങൾ കൃഷിഭവനുകൾ മുഖേനയോ സഹകരണ സംഘങ്ങൾ മുഖേനയോ ഏർപ്പാടാക്കുമോ;

(ഡി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷിഭവനുകളുടെ പങ്ക് തൃപ്തികരമാണോ; അല്ലെങ്കിൽ കാരണമെന്താണെന്ന് പരിശോധിച്ച് തിരുത്തൽ നടപടിയെടുക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) 1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെയുള്ള ഒരുവർഷം നെല്ലിന്റെ വർഷമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. “ നമ്മുടെ നെല്ല് നമ്മുടെ അന്നം ” എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ നെൽകൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2017 ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക് സംസ്ഥാനത്തുതന്നെ ഉത്പാദിപ്പിച്ച് അരി നൽകുക എന്ന ലക്ഷ്യത്തോടെ ഓരോ ജില്ലയിലും നെൽകൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ വീതം തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സ്കൂൾ ക്ലബുകൾ, യുവജനക്ലബുകൾ, സർക്കാരിതര സംഘടനകൾ, പഞ്ചായത്തുകൾ, അസോസിയേഷനുകൾ, വനിതാ ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വാശ്രയ സംഘങ്ങൾ മുതലായവ മുഖേന നിലവിലെ നെൽകൃഷിയിടങ്ങൾ പരിരക്ഷിക്കുന്നതിനും വാണിജ്യപരമായും വീടുകളോടനുബന്ധിച്ചും നഗരങ്ങളിലും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി അധികോത്പാദനം സാധ്യമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. നെൽകൃഷി മേഖലയിൽ പുതിയ ഉണർവ് സൃഷ്ടിച്ച് ആഭ്യന്തരമായി ഉല്പാദിപ്പിച്ച അരി ഉപയോഗിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് അനുബന്ധ മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിന് 2016 ഓണം മുതൽ 2017 ഓണം വരെയുള്ള കാലയളവ് നെൽവർഷമായി ആചരിക്കുവാൻ സർക്കാർ ഉത്തരവ് നമ്പർ 124/2016/കൃഷി തീയതി 11-8-2016 പ്രകാരം ഉത്തരവായിട്ടുണ്ട്. നെൽകൃഷി വിസ്തീർണ്ണം, ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ താഴെ വിവരിച്ചിട്ടുള്ള നെൽകൃഷി വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു:

1. സുസ്ഥിര നെൽകൃഷി വികസനം
2. വികസന ഏജൻസികൾക്കുള്ള ഫണ്ട്

3. വൈവിധ്യമാർന്ന പരമ്പരാഗത നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം
4. പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി
5. കരനെൽകൃഷി വികസനം
6. നെൽകൃഷി ഉത്പാദന ബോണസ് (നോൺ പ്ലാൻ)
7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)
8. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (NFSM)

ആർ.കെ. വി.വൈ. പദ്ധതി പ്രകാരം (ഹെക്ടറിന് 7500 രൂപ) 2000 ഹെക്ടർ സ്ഥലത്ത് തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ലഭ്യമായ എല്ലാ കരപ്രദേശങ്ങളിലും കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനും തരിശുകിടക്കുന്ന എല്ലാ പാടശേഖരങ്ങളിലും നെൽകൃഷി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ കൃഷിയോഗ്യമായ തരിശുഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. റാണി കായൽ, മെത്രാൻ കായൽ, ആറന്മുള എന്നിവിടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

(ബി) നെൽകൃഷിയുടെ ഉത്പാദന ചെലവ് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം 1988-1989 വർഷം ആരംഭിച്ചത്. ഈ പദ്ധതി ഇപ്പോഴും തുടർന്നുവരുന്നുണ്ട്. 10 ഹെക്ടർ മുതൽ 50 ഹെക്ടറും അതിനുമുകളിലുള്ള നിലങ്ങൾ ഒരുമിച്ചുചേർത്ത് ഒരു പാടശേഖരസമിതി രജിസ്റ്റർ ചെയ്ത് ഈ സമിതി മുഖാന്തരമാണ് ഓരോ പാടശേഖരത്തിന്റെയും കൃഷി നടപ്പിലാക്കുന്നത്. നെൽകൃഷിയുടെ എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് ഒരേ സമയം കാർഷിക പ്രവർത്തനങ്ങൾ, യന്ത്രവത്കരണം ഉൾപ്പെടെ നടപ്പിലാക്കുന്നതുവഴി ഉത്പാദനച്ചെലവ് 20-40 ശതമാനം വരെ കുറയ്ക്കുവാൻ സാധിക്കുന്നു.

(സി) നിലവിൽ കാർഷിക യന്ത്രങ്ങൾ കൃഷിഭവൻ, ഗ്രൂപ്പ്ഫാമിംഗ് സമിതികൾ, അഗ്രോസർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ എന്നിവ മുഖാന്തിരം കർഷകർക്ക് ഏർപ്പാടാക്കുന്നുണ്ട്. കാർഷിക യന്ത്രങ്ങൾ, സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ എന്ന പദ്ധതിയിലൂടെ ഗ്രൂപ്പ്ഫാമിംഗ് സമിതികൾക്കും വ്യക്തികൾക്കും ധനസഹായത്തോടുകൂടി ലഭ്യമാക്കുന്നതിനായി 500 ലക്ഷം രൂപയുടെ കേന്ദ്രാവിഷ്കൃത പദ്ധതി രൂപീകരിച്ചിട്ടുണ്ട്. 2016-17 വർഷം ദേശീയഭക്ഷ്യ

സുരക്ഷാ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ നെൽകർഷകർക്ക് സബ്സിഡി നിരക്കിൽ കോണോവീഡർ, സ്പ്രേയറുകൾ, റോട്ടോവീറ്ററുകൾ, തൈ നടീൽ യന്ത്രങ്ങൾ, പമ്പ്സെറ്റുകൾ മുതലായവ നൽകുന്നതിനായി 36.75 ലക്ഷം രൂപയുടെ കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ട്.

(ഡി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷിഭവൻ മുഖ്യ പങ്കു വഹിക്കുന്നുണ്ട്. പുതിയ സാങ്കേതികവിദ്യകൾ കർഷകരിലെത്തിക്കുക, കൃത്യസമയത്ത് നെൽകൃഷി നടപ്പിലാക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ ഓരോ കാലാവസ്ഥയ്ക്കനുസൃതമായി നെൽകൃഷിക്ക് നേരിടേണ്ടിവന്ന കീടരോഗബാധകളെക്കുറിച്ചും അവയുടെ നിവാരണ മാർഗ്ഗങ്ങളെക്കുറിച്ചും കർഷകർക്ക് നിർദ്ദേശങ്ങൾ നൽകുന്നു. അതാത് സമയങ്ങളിൽ കർഷകന്റെ പാടത്തുപോയി കർഷകർ പ്രാവർത്തികമാക്കേണ്ട പരിചരണങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുന്നു. ഉല്പാദനശേഷി കൂടുതലുള്ള വിത്തിനങ്ങൾ മറ്റുത്പാദനോപാധികൾ എന്നിവ സമയബന്ധിതമായി കർഷകർക്ക് എത്തിച്ചുകൊടുക്കുന്നു. നെൽവയലുകളുടെ അനധികൃത പരിവർത്തനങ്ങൾ തടയുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിക്കുന്നു. ഇത്തരത്തിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങളും കൃഷിഭവൻ തലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്.

## ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ ജനകീയ പദ്ധതികൾ

5(*275) ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. കെ. ശശി :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറികളിലെ അമിതമായ കീടനാശിനി പ്രയോഗം കണക്കിലെടുത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സർക്കാർ പദ്ധതികൾക്കുപരിയായി ജനകീയ ഇടപെടലോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(ബി) പ്രസ്തുത മേഖലയിലെ ജനകീയ സംരംഭങ്ങൾക്ക് ഗുണമേന്മയുള്ള വിത്ത്, വളം എന്നിവ മിതമായ നിരക്കിൽ ആവശ്യാനുസരണം ലഭ്യമാക്കാൻ എന്തെങ്കിലും സംവിധാനമുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇത്തരം സംരംഭകരുടെ ഉല്പന്നങ്ങളുടെ വിപണനത്തിന് ഏതെങ്കിലും തരത്തിലുള്ള പ്രോത്സാഹന പദ്ധതികൾ നിലവിലുണ്ടോ; ജൈവകൃഷി താരതമ്യേന ചെലവു കൂടിയതായതിനാൽ ഉല്പാദന പ്രോത്സാഹനമായി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) പച്ചക്കറികളിലെ അമിതമായ കീടനാശിനി പ്രയോഗം കണക്കിലെടുത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ വിജയകരമായി നടപ്പിലാക്കിവരുന്നു. ജനകീയ ഇടപെടലോടെയാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്. ഇതിനായി ക്ലസ്റ്ററുകൾ രൂപീകരിച്ച് നല്ല കൃഷി മുറകൾ പാലിച്ചുകൊണ്ടാണ് ജൈവകൃഷി നടപ്പിലാക്കുന്നത്. നല്ല കൃഷി മുറകൾ പാലിക്കുന്നുണ്ടോയെന്ന് മറ്റ് കർഷകർക്കും ഉപഭോക്താക്കൾക്കും കച്ചവടക്കാർക്കും പരിശോധിക്കാൻ അവസരം നൽകുന്നുണ്ട്. കൃഷി വകുപ്പിന്റെ പദ്ധതികൾക്കുപരിയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെയും ജനകീയ ഇടപെടലോടെയും ജൈവകൃഷി പദ്ധതികൾ വിവിധ പഞ്ചായത്തുകൾ വഴി നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്ത് 50000 ഹെക്ടർ പ്രദേശത്ത് ഘട്ടംഘട്ടമായി ജൈവകൃഷി ആരംഭിക്കുന്നതിനായി പദ്ധതി തയ്യാറാക്കിവരുന്നു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നു.

(ബി) 2016-17-ലെ ജൈവകൃഷി പ്രോത്സാഹന പദ്ധതിയിൻ കീഴിൽ ജൈവവളം കൃഷിയിടത്തിൽത്തന്നെ ഉത്പാദിപ്പിക്കുന്നതിന് കർഷകർക്ക് ധനസഹായം നൽകി വരുന്നു. ഒരു ബ്ലോക്കിൽ 20 കമ്പോസ്റ്റ് യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 10 റൂറൽ കമ്പോസ്റ്റും 10 വെർമി കമ്പോസ്റ്റുമാണ്. റൂറൽ കമ്പോസ്റ്റ് ഒന്നിന് 5000 രൂപയും വെർമി കമ്പോസ്റ്റ് ഒന്നിന് 7500 രൂപയുമാണ് ധനസഹായം നൽകുന്നത്. ഗുണമേന്മയുള്ള വിത്ത് കൃഷിവകുപ്പിന്റെ വിവിധ ഫാമുകളിൽനിന്നും കൃഷിഭവനുകളിൽനിന്നും ലഭിക്കുന്നതാണ്. കൂടാതെ സർക്കാർ തുടങ്ങുവാനുദ്ദേശിക്കുന്ന അഗ്രോബസാറുകൾ വഴി കർഷകർക്കാവശ്യമുള്ള നടീൽ വസ്തുക്കൾ, വിത്ത്, വളം, മറ്റ് എല്ലാ യന്ത്രസാമഗ്രികളും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതാണ്.

(സി) ജൈവ ഉത്പന്നങ്ങളുടെ വിപണനത്തിന് സംസ്ഥാനത്ത് 60 ഇക്കോഷോപ്പുകൾ അനുവദിച്ചിട്ടുണ്ട്. ജൈവ ഉത്പന്നങ്ങൾ ഇതുവഴി സംഭരിച്ച് വില്പന നടത്തിവരുന്നു. കൂടാതെ നല്ല കൃഷി മുറകൾ പാലിച്ച് കൃഷി ചെയ്യുന്ന തിരഞ്ഞെടുത്ത ക്ലസ്റ്ററുകൾക്ക് പച്ചക്കറികൾ പാക്കറ്റുകളിലാക്കി വില്പന നടത്തുന്നതിന് ഒരു ക്ലസ്റ്ററിന് 3.00 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവകൃഷി ചെയ്യുന്നതിന് പ്രോത്സാഹനമായി ഒരു ഹെക്ടറിന് 3000 രൂപ ആനുകൂല്യവും നൽകുന്നുണ്ട്.

## കാർഷിക വികസന നയം

6(*276) ശ്രീ. സി. കെ.നാണു :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 28-3-2015-ലെ സർക്കാർ ഉത്തരവ് (പി) 59/15/കൃഷി പ്രകാരമുള്ള സംസ്ഥാന കാർഷിക വികസന നയത്തിലെ ഏതെല്ലാം കാര്യങ്ങൾ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാർഷിക വികസന നയം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാന കാർഷിക വികസന നയത്തിൽ ശിപാർശ ചെയ്തിട്ടുള്ള കൃഷി വകുപ്പിന്റെ പുനർനാമകരണവും കർഷക ക്ഷേമബോർഡിന്റെ തത്വത്തിലുള്ള അംഗീകാരവും നടപ്പിൽ വരുത്തി. ഈ സർക്കാർ കർഷകരുടെ ക്ഷേമവും കാർഷികോത്പന്ന വർദ്ധനവും ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്.

(ബി) കർഷക ക്ഷേമത്തോടൊപ്പം പൊതുജനാരോഗ്യം, പരിസ്ഥിതി സംരക്ഷണം, കർഷകർക്ക് മികച്ച വരുമാനം എന്നിവ ലക്ഷ്യമാക്കിയുള്ള സമഗ്ര ജൈവകാർഷിക നയം രൂപീകരിക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരികയാണ്.

## ഇ-വേസ്റ്റ്, ഖരമാലിന്യങ്ങൾ എന്നിവയുടെ സംസ്കരണം

7 (*277) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിക്ക് ഭീഷണി ഉയർത്തുന്ന ഇ-വേസ്റ്റ്, ഖരമാലിന്യങ്ങളുടെ ശേഖരണത്തിനും സംസ്കരണത്തിനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇ-വേസ്റ്റ് പരിസ്ഥിതിക്ക് ദോഷകരമാവാത്ത വിധം റീ-സൈക്കിൾ ചെയ്യുന്നതിന് സംസ്ഥാനത്തിനകത്ത് ഏതെങ്കിലും കമ്പനികൾക്ക് ലൈസൻസ് നല്കിയിട്ടുണ്ടോ;

(സി) എങ്കിൽ അവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യങ്ങളും ഇലക്ട്രോണിക് മാലിന്യങ്ങളും പരിസ്ഥിക്ക് കോട്ടം വരാത്ത നിലയിൽ സംസ്കരിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ക്ലീൻ കേരള കമ്പനി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഇ-മാലിന്യങ്ങൾ ഒരു നിശ്ചിത തുകയ്ക്ക് ക്ലീൻ കേരള കമ്പനി സ്വീകരിക്കുകയും തുടർന്നുള്ള പുനർചംക്രമണ പ്രവർത്തനങ്ങൾക്കായി രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽ പ്രവർത്തിക്കുന്ന അംഗീകൃത സംഭരണ ശാലകളിലേക്ക് അയയ്ക്കുകയും ചെയ്യുന്നു. പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും ഗ്രാമപഞ്ചായത്ത് തലത്തിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ശുചിത്വമിഷൻ മുഖേന സ്വീകരിച്ചുവരുന്നു. മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ഗ്രാമപഞ്ചായത്തുകൾ ഉറവിട മാലിന്യസംസ്കരണ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കേന്ദ്രീകൃത പ്ലാന്റുകളിൽ എത്തപ്പെടുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനായി വീടുകൾതോറും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ ശുചിത്വമിഷന്റെ സഹായത്തോടെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ക്ലീൻ കേരള കമ്പനി മുഖേന 268 ടൺ ഇ-മാലിന്യങ്ങൾ ഇതേവരെ സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽനിന്നും ശേഖരിക്കുകയും ശാസ്ത്രീയമായ സംസ്കരണത്തിനും പുനർചംക്രമണത്തിനും വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലേയും 2000-ലെ മുനിസിപ്പൽ സോളിഡ് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡിലിംഗ്) റൂൾസിലെയും 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിലെയും വ്യവസ്ഥകൾ പ്രകാരം ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ നഗരസഭകളിൽ നടപ്പിലാക്കി വരുന്നുണ്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 334(എ)-യിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു പ്രകാരം ഉറവിട മാലിന്യ സംസ്കരണത്തിനാണ് നഗരസഭകൾ പ്രാധാന്യം നൽകി നടപ്പിലാക്കി വരുന്നത്. മാലിന്യങ്ങൾ അവ ഉത്പാദിപ്പിക്കപ്പെടുന്ന സ്ഥലത്തുതന്നെ തരം തിരിച്ചെടുക്കുന്നതിനും ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനും പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും പൊതുമാലിന്യ സംസ്കരണ

പ്ലാന്റുകൾ ആധുനികവല്കരിക്കുന്നതിനും അജൈവമാലിന്യങ്ങൾ പുനർചംക്രമണത്തിന് കൈമാറുന്നതിനും ആയതിലേക്ക് തരംതിരിച്ച് സംഭരിക്കുന്നതിനുമുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കുന്നതിനും ദ്രവമാലിന്യം സംസ്കരിക്കുന്നതിന് സെപ്റ്റേജ് ട്രീറ്റ്മെന്റ് സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. ആയതനുസരിച്ചുള്ള നടപടികൾ അതാത് നഗരസഭകൾ ശുചിത്വമിഷൻ മുഖേന നടപ്പിലാക്കിവരുന്നുമുണ്ട്.

(ബി) ഇ-വേസ്റ്റ് റീ-സൈക്കിൾ ചെയ്യുന്നതിന് സംസ്ഥാനത്തിനകത്ത് കമ്പനികൾക്ക് ലൈസൻസ് നൽകിയിട്ടില്ല.

(സി) ബാധകമല്ല.

**കെ.എസ്. ആർ.ടി.സി. വരുമാനം**

8 (*278) ഡോ. എം. കെ. മുനീർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് അതിന്റെ മൂലധന നിക്ഷേപത്തിന് ആനുപാതികമായ വരുമാനം ലഭിക്കുന്നുണ്ടോ എന്ന കാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) വരുമാനവും ചെലവും തമ്മിലുള്ള അനുപാതത്തിൽ കെ.എസ്.ആർ.ടി.സി. രൂപീകരണം മുതൽ ഇതേവരെ ഉണ്ടായിട്ടുള്ള വ്യത്യാസവും അതിനുള്ള കാരണങ്ങളും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ&ബി) വരുമാന ശോഷണം സംബന്ധിച്ച കാര്യങ്ങൾ പലപ്പോഴായി പഠന വിധേയമാക്കിയിട്ടുണ്ട്. 2003-ൽ സർക്കാരിന്റെ ഒരു ഉന്നതാധികാര സമിതിയെ കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടത്തെപ്പറ്റി അന്വേഷിക്കാൻ ചുമതലപ്പെടുത്തുകയും അതനുസരിച്ച് പ്രസ്തുത സമിതി വിശദമായ പഠനം നടത്തുകയും 32 നിർദ്ദേശങ്ങളടങ്ങിയ ഒരു റിപ്പോർട്ട് സമർപ്പിക്കുകയും അതിൻപ്രകാരമുള്ള മിക്ക നിർദ്ദേശങ്ങളും അംഗീകരിക്കുകയും ചെയ്തു. ടി സമിതിയുടെ 28 നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കൂടുതൽ വിശദമായ പഠനത്തിനായി CRISIL എന്ന ഏജൻസിയെ നിയോഗിച്ചു. 2006-ൽ ശ്രീ. സുശീൽ ഖന്ന എന്ന സാമ്പത്തിക വിദഗ്ധനെക്കൊണ്ട് കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽനിന്ന് കരകയറ്റാനുള്ള പഠനം നടത്തിയിരുന്നു.

2008-ൽ അന്നത്തെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ശ്രീ. റ്റി.പി. സെൻകുമാർ കെ.എസ്.ആർ.ടി.സി.-യെ നിലനിർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുകയും പ്രസ്തുത നിർദ്ദേശങ്ങൾക്ക് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് അംഗീകാരം നൽകുകയും ക്യാബിനറ്റ് സബ്കമ്മിറ്റിയെ നിയോഗിച്ച് ഒരു പുനരുദ്ധാരണ പാക്കേജുണ്ടാക്കുവാൻ തീരുമാനിക്കുകയും ചെയ്തു. 11 നിർദ്ദേശങ്ങളോടുകൂടിയ പുനരുദ്ധാരണ പാക്കേജിന് സർക്കാർ അംഗീകാരം നൽകുകയും അതിലെ മിക്ക നിർദ്ദേശങ്ങളും കോർപ്പറേഷൻ നടപ്പിലാക്കുകയും ചെയ്തു. M/s. Varma & Varma എന്ന സ്ഥാപനത്തെ നിയോഗിച്ച് കൂടുതൽ ആഴത്തിലുള്ള പഠനങ്ങൾ നടത്തുകയും അതിന്റെ ഭാഗമായി 2014-ൽ ഒരു പുനരുദ്ധാരണ പാക്കേജുണ്ടാക്കുകയും ആയതിൽ പ്രധാന നിർദ്ദേശങ്ങളിലൊന്നായ കൂടുതൽ പലിശനിരക്കിലും കുറഞ്ഞ കാലയള വിലുള്ളതുമായ കെ.റ്റി.ഡി.എഫ്.സി.-യിൽനിന്നുള്ള 1300 കോടി രൂപയുടെ വായ്പ 9 വാണിജ്യ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കുറഞ്ഞ പലിശ നിരക്കിലും കൂടിയ കാലയളവിലുമുള്ള വായ്പയാക്കി മാറ്റുകയും ചെയ്തു. കൂടാതെ പെൻഷൻ വിതരണം സുഗമമാക്കുന്നതിനായി സർക്കാർ യാത്രാ ടിക്കറ്റിന്മേൽ സെസ് ഏർപ്പെടുത്തുകയും 20 കോടി രൂപ സർക്കാർ വായ്പയായി പ്രതിമാസം കെ.എസ്.ആർ.ടി.സി.-ക്ക് നൽകിവരികയും ചെയ്തിരുന്നു. (നിലവിൽ ഈ തുക 27.5 കോടി രൂപയാണ്. )

### പരിസ്ഥിതി സൗഹൃദ പൊതുഗതാഗത സംവിധാനം

9 (*279) ശ്രീമതി സി. കെ. ആശ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സൗഹൃദ പൊതുഗതാഗത സംവിധാനം ഒരുക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് സി.എൻ.ജി. അധിഷ്ഠിത ബസുകൾ ഓടിക്കുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിക്കുള്ള ചെലവ് ഏത് വിധത്തിലാണ് കണ്ടെത്തുന്നതെന്ന് വിശദമാക്കുമോ;

(സി) ഏത് മേഖലയിലാണ് സി.എൻ.ജി. ബസുകൾ ആദ്യമായി ഓടിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) പരിസ്ഥിതി സൗഹൃദ പൊതുഗതാഗത സംവിധാനം ഒരുക്കുന്നതിന്റെ ആദ്യപടിയെന്നോണം കേരളപ്പിറവി ദിനമായ നവംബർ 1 മുതൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ നഗരങ്ങളിൽ ഇ-റിക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ 1000 പുതിയ സി.എൻ.ജി. ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും വായ്പയായി ലഭ്യമാക്കുമെന്ന് 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സി.എൻ.ജി. ഇന്ധനം ലഭ്യമാകുന്നതോടെ കൊച്ചി നഗരത്തിൽ പ്രാഥമികമായി പ്രസ്തുത ഇന്ധനം ഉപയോഗിച്ച് ഓടിക്കാവുന്ന 100 കെ.എസ്.ആർ.ടി.സി. ബസുകൾ നിരത്തിലിറക്കുന്നതിനും കൂടാതെ മറ്റ് സ്ഥലങ്ങളിൽ സി.എൻ.ജി. ഇന്ധനം ലഭ്യമാക്കുന്നതോടെ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ 50 ബസുകൾ വീതം നിരത്തിലിറക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ തൊട്ടിൽപ്പാലം ഡിപ്പോയിൽ 9-9-2016 മുതൽ ബയോ ഡീസൽ ഉപയോഗിച്ചാണ് ബസുകൾ ഓടുന്നത്. കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, പയ്യന്നൂർ എന്നീ ഡിപ്പോകളിൽ ബയോ ഡീസൽ ഉപയോഗിച്ച് ബസുകൾ ഓടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-യുടെ 1000 പുതിയ സി.എൻ.ജി. ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

(സി) എറണാകുളം കേന്ദ്രമാക്കിയാണ് തുടക്കത്തിൽ സി.എൻ.ജി. ബസുകൾ സർവ്വീസ് ആരംഭിക്കുക.

**ഹരിത നഗരം പദ്ധതി**

10 (*280) ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഹരിത നഗരം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൻ പ്രകാരം എത്ര സി.എൻ.ജി. ബസുകൾ നിരത്തിലിറക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) സി.എൻ.ജി. വാഹനങ്ങളിൽ നിറയ്ക്കുന്നതിനാവശ്യമായ ഡിസ്പെൻസിംഗ് യൂണിറ്റുകൾ സംസ്ഥാനത്ത് എവിടെയെങ്കിലും സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവ എവിടെയെല്ലാം സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഹരിതനഗരം എന്ന പേരിൽ ഒരു പദ്ധതി കെ.എസ്.ആർ.ടി.സി. വിഭാവനം ചെയ്തിട്ടില്ല. എന്നാൽ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-യുടെ 1000 പുതിയ സി.എൻ.ജി. ബസുകൾ നിരത്തിലിറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രസ്താവിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

(ബി) നിലവിൽ കൊച്ചിയിൽ ഇന്ധനം ലഭ്യമാണ്. എന്നാൽ സി.എൻ.ജി. ഡിസ്പെൻസിംഗ് യൂണിറ്റുകൾ സംസ്ഥാനത്ത് എവിടെയും സ്ഥാപിതമായിട്ടില്ല. കെ.എസ്.ആർ.ടി.സി.-ക്ക് 95 ശതമാനം ഇന്ധനം നൽകുന്നതും കൊച്ചിയിൽ സി.എൻ.ജി.-യുടെ വിതരണാവകാശം ലഭിച്ചിട്ടുള്ളതുമായ M/s. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ കെ.എസ്.ആർ.ടി.സി.-യുടെ ആലുവ റീജിയണൽ വർക്ക്ഷോപ്പിലും കെ.യു.ആർ.ടി.സി.-യുടെ ആസ്ഥാനമായ തേവരയിലും തിരുവനന്തപുരം ആനയറയിലും കൊല്ലം, തൃശ്ശൂർ, കണ്ണൂർ, തലശ്ശേരി എന്നിവിടങ്ങളിലും ഡിസ്പെൻസിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ഇന്ധന വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങി കഴിഞ്ഞു.

(സി) കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-യുടെ 1000 പുതിയ സി.എൻ.ജി. ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും വായ്പയായി ലഭ്യമാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. സി.എൻ.ജി. ഇന്ധനം ലഭ്യമാക്കുന്നതോടെ കൊച്ചി നഗരത്തിൽ പ്രാഥമികമായി പ്രസ്തുത ഇന്ധനം ഉപയോഗിച്ച് ഓടിക്കാവുന്ന 100 കെ.എസ്.ആർ.ടി.സി. ബസുകൾ നിരത്തിലിറക്കുന്നതിനും കൂടാതെ മറ്റ് സ്ഥലങ്ങളിൽ സി.എൻ.ജി. ഇന്ധനം ലഭ്യമാകുന്നതോടെ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ 50 ബസുകൾ വീതം നിരത്തിലിറക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ഡി) സി.എൻ.ജി. വാഹനങ്ങളിൽ നിറയ്ക്കുന്നതിനാവശ്യമായ ഡിസ്പെൻസിംഗ് യൂണിറ്റുകൾ നിലവിൽ കേരളത്തിൽ സ്ഥാപിതമായിട്ടില്ല. 2017 ജനുവരിയോടെ കെ.എസ്.ആർ.ടി.സി.-യുടെ ആലുവ റീജിയണൽ വർക്ക്ഷോപ്പിലും തേവരയിലും 2017 ജൂണിൽ തിരുവനന്തപുരം ആനയറയിലും 2018 ഫെബ്രുവരിയിൽ കൊല്ലത്തും 2017 ഓഗസ്റ്റിൽ കണ്ണൂരിലും 2018 മാർച്ചിൽ തൃശ്ശൂരും സി.എൻ.ജി. ഡിസ്പെൻസിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ഇന്ധന വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ M/s. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ തുടങ്ങിക്കഴിഞ്ഞു.

### അമ്യൂസ്മെന്റ് പാർക്കുകളിലെ സുരക്ഷ

11 (*281) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ആഘോഷങ്ങളോടനുബന്ധിച്ച് സ്വകാര്യ വ്യക്തികൾക്ക് അമ്യൂസ്മെന്റ് പാർക്കുകൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും മാർഗ്ഗനിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇത്തരം അമ്യൂസ്മെന്റ് പാർക്കുകളിലെ യന്ത്രസാമഗ്രികളുടെ സുരക്ഷ പരിശോധിക്കുന്നതിനുള്ള ഉത്തരവാദിത്തം ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത്;

(സി) സുരക്ഷാപരിശോധന സംബന്ധിച്ച് കർശന നിർദ്ദേശം നൽകുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) ഉണ്ട്. അമ്യൂസ്മെന്റ് പാർക്കുകൾ സ്ഥിരമായി സ്ഥാപിക്കുന്നതിന് ലൈസൻസ് അനുവദിക്കുന്നത് 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് ആക്ടിലെ 3B വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരമാണ്. എന്നാൽ താത്കാലികാടിസ്ഥാനത്തിൽ അമ്യൂസ്മെന്റ് പാർക്കുകൾ സ്ഥാപിക്കാൻ ലഭിക്കുന്ന അപേക്ഷകൾ തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിച്ച് ഇപ്രകാരമുള്ള പാർക്കുകളെ വിനോദത്തിനുള്ളതായി കണക്കാക്കി അവയ്ക്ക് 1963-ലെ കേരള പ്ലെയിസസ് ഓഫ് പബ്ലിക് റിസോർട്ട് ആക്റ്റ്, കേരള പ്ലെയിസസ് ഓഫ് പബ്ലിക് റിസോർട്ട് റൂൾസ് 1965 എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള താഴെപ്പറയുന്ന വ്യവസ്ഥകൾ പ്രകാരം അനുമതി നൽകാവുന്നതാണ്:

Conditions under which licence may be granted-

No license shall be granted under the Act for the use of any permanent building for public resort or entertainment unless-

(a) the building is provided on at least three of its sides with an open space of not less than 6 meters in width or such greater width as may be required by the Licensing Authority

(b) the caves of the building have a height of not less than 3 meters

(c) every door-way in the building is not less than 2.4 meters in height and 1.5 meters in width and

(d) the windows of the building are of such dimension and number and in such situations as may be required by the Licensing Authority and the aggregate area of all the windows in each of the places to which the public are admitted is not less than one-tenth of the floor area thereof:

Provided that the Licensing Authority in consultation with the Health officer, may

(i) Permit the use of extractors or other artificial means of ventilation to provide for a sufficient supply of fresh air in the building in lieu of all or any of the windows required under Clause(d); or

(ii) require such extractors or other artificial means of ventilation to be provided in addition to the windows required under the said clause.

ചട്ടം 34:-

Additional conditions for grant of license,-

Every license granted under the Act shall be subject to the following additional conditions:

(i) No fire or naked light shall, under any circumstance, be allowed inside the licensed premises.

(ii) All swinging lights shall be suspended by metal wired or rods

(iii) No inflammable or explosive substance such as petroleum, kerosene oil, fire works, or gun powder in excess of the quantity, required for one day's use shall be stored upon or within the licensed premises.

(iv) The main doors, enumerated in column (4) of the license shall always be left unfastened and unobstructed whilst the public are using the licensed premises.

(v) No structural or material alteration shall be made in the licensed premises except with the written permission of the licensing authority.

(vi) No leper and no person suffering from an open sore or any loathsome, infectious or contagious disease shall be permitted inside the licensed premises; If such a person is found in any such premises, the licensee shall immediately report the fact to the nearest Health Officer, Health Inspector or other Officer not below the rank of Health Assistant of the Health Services Department or to the licensing authority and the licensee shall at his own cost take such steps as may be required by such officer or authority to disinfect the place and to prevent the further spread of the infection.

(vii) The licensed premises shall not be kept open after 2 a.m. Without special permission from the licensing authority.

(viii) The licensing authority or any subordinate officer duly authorised by the licensing Authority officers of the State Government exercising control or supervision over the local authority, the Health Officer, the Health Inspector, the Health Assistant having jurisdiction over the area, any Police Officer specially deputed to keep order during any entertainment in the licensed premises shall at all times have free access to the said premises to see whether the conditions of the license are fulfilled.

(ix) The licensing authority may add such other conditions not inconsistent with these rules to the license as he may deem desirable in the interest of health and safety of the public.

(ബി) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിലാണ് അമ്യൂസ്മെന്റ് പാർക്കുകളുടെ യന്ത്രസാമഗ്രികളുടെ സുരക്ഷ പരിശോധിക്കുന്നതിനുള്ള ഉത്തരവാദിത്വം നിക്ഷിപ്തമായിട്ടുള്ളത്.

(സി) ലൈസൻസിംഗ് അതോറിറ്റികൾ അവരുടെ അധികാര പരിധിയിലുള്ള പ്രദേശത്ത് സ്ഥിരമായോ താത്കാലികമായോ നടത്തപ്പെടുന്ന വിനോദങ്ങൾക്ക് നിർബന്ധമായും ഇതുസംബന്ധിച്ച ആക്ടിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിച്ച് ലൈസൻസ് ഉറപ്പാക്കണമെന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**കാർഷിക മേഖലയുടെ പുനരുദ്ധാരണം**

12 (*282) ശ്രീ. ഒ. ആർ. കേളു :
ശ്രീ. എം. എം. മണി :
ശ്രീ. പി. വി. അൻവർ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിസന്ധി നേരിടുന്ന കാർഷിക മേഖലയുടെ സമഗ്ര പുനരുദ്ധാരണത്തിനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ;

(ബി) കാർഷികോല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി എന്തൊക്കെ പദ്ധതികളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പിക്കാനായി എന്തൊക്കെ പദ്ധതികളുണ്ടെന്ന് അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംയോജിത കൃഷിരീതി വ്യാപിപ്പിക്കുക എന്നതാണ് സർക്കാരിന്റെ നയം. ഇതിനായി പ്രാദേശികമായി അനുയോജ്യമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും ഊർജ്ജിതപ്പെടുത്തുക, പ്രായോഗികമായ സമീപനത്തിലൂന്നിയ യന്ത്രവത്കരണം സാദ്ധ്യമാക്കുക, കർഷകരുടെകൂടെ പങ്കാളിത്തമുള്ള നേരിട്ടുള്ള വിപണന സംവിധാനം ശക്തിപ്പെടുത്തുക, മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിച്ച് വിതരണം നടത്തി മെച്ചപ്പെട്ട വില ഉറപ്പാക്കുക, ഗുണമേന്മയും സുരക്ഷയും

ഉറപ്പാക്കുന്നതിനായി ഗുണനിലവാര പരിശോധന ശക്തിപ്പെടുത്തുക, സംസ്ഥാനത്തെ സവിശേഷമായ കാർഷിക ഉല്പന്നങ്ങൾക്ക് വിപണനം സാദ്ധ്യമാക്കുക എന്നീ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഇതിനുപുറമേ പ്രകൃതിയുടെ സംതുലിതാവസ്ഥ നിലനിർത്തുന്നതിനുള്ള നല്ല കൃഷിമുറകൾക്ക് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നു. തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനായി കാർഷിക കർമ്മസേനകൾ രൂപീകരിച്ച് കർഷകരുടെ കൃഷിയിടത്തിൽ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉല്പാദനക്ഷമതയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനായി വിളകളെ അടിസ്ഥാനപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു:

1. നെൽകൃഷി വികസനം
2. പച്ചക്കറി കൃഷി വികസനം
3. നാളികേര വികസന പദ്ധതി
4. വിള ആരോഗ്യ പരിപാലനം
5. സുഗന്ധവ്യഞ്ജനങ്ങളുടെ വികസനം
6. ഹൈടെക് അഗ്രികൾച്ചർ
7. മണ്ണിന്റെ ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത വർദ്ധിപ്പിക്കലും
8. കാർഷിക കർമ്മസേനയുടെ സേവനം ഉറപ്പാക്കൽ

(സി) കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനായി ഉത്പന്നങ്ങൾ നേരിട്ട് ശേഖരിക്കുന്നതിനും വിപണനം നടത്തുന്നതിനും കർഷകർക്കുകൂടി പങ്കാളിത്തമുള്ള വിപണന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വിപണി വില കുറയുന്ന പക്ഷം വിലസ്ഥിരത ഉറപ്പാക്കാനായുള്ള വിപണി ഇടപെടൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. തേങ്ങ, നെല്ല്, റബ്ബർ എന്നിവയ്ക്ക് താങ്ങുവില നിശ്ചയിച്ച് സംഭരിച്ചുവരുന്നു.

**പച്ചത്തേങ്ങ സംഭരണ വിലയുടെ കുടിശ്ശിക**

13 (*283) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> :
<u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡ് മുഖേന പച്ചത്തേങ്ങ സംഭരിച്ച വകയിൽ ഇതുവരെ കർഷകർക്ക് നൽകാൻ ബാക്കിയുള്ള തുക എത്രയാണ്;

(ബി) പ്രസ്തുത സംഭരണ വില വിതരണം ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈയിനത്തിലുള്ള മുഴുവൻ കുടിശ്ശിക തുകയും ഏത് തീയതിയ്ക്കകം കൊടുത്തു തീർക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) 7781.00 ലക്ഷം രൂപ.

(ബി&സി) സംഭരിച്ച പച്ചത്തേങ്ങ കേരഫെഡ് മുഖേന സംസ്കരണത്തിനും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുമാണ് ഉപയോഗിക്കുന്നത്. എന്നാൽ കമ്പോള വിലയേക്കാൾ ഉയർന്ന നിരക്കിൽ ശേഖരിച്ചതിനാൽ ഇതിനായി കേരഫെഡിനുണ്ടായിട്ടുള്ള നഷ്ടം നികത്തുന്നതിനും കുടിശ്ശിക അടിയന്തരമായി കൊടുത്തുതീർക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചുവരുന്നു. കേരഫെഡിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച പരാതി ഉണ്ടായതിനെത്തുടർന്ന് കൃഷിവകുപ്പിലെ വിജിലൻസ് സെൽ നടത്തിയ അന്വേഷണത്തിൽ നിരവധിയായ ക്രമക്കേടുകളുണ്ടെന്ന് കണ്ടെത്തിയതിനെത്തുടർന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെക്കൊണ്ട് അന്വേഷണം നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത നടപടി കുടിശ്ശിക വിതരണം ചെയ്യുന്നതിൽ കാലതാമസമുണ്ടായി. കുടിശ്ശിക തീർത്തുകൊടുക്കുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. കൂടാതെ, ധനകാര്യ സ്ഥാപനങ്ങൾ മുഖേന വായ്പ ലഭ്യമാക്കി കുടിശ്ശിക തീർക്കുന്നതിന്റെ പ്രായോഗികത പരിഗണിച്ചു വരുന്നു.

**ജൈവകാർഷിക കേരളം പദ്ധതി**

14 (*284) ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ജൈവ കാർഷിക കേരളം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ജൈവകൃഷിയുടെ പ്രോത്സാഹനത്തിനായി പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ജൈവവളം, ജൈവ കീടനാശിനി, രോഗപ്രതിരോധ ശേഷിയുള്ള വിത്തിനങ്ങൾ എന്നിവയുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വീടുകളിൽ ഗ്രോബാഗുകൾ സജ്ജീകരിയ്ക്കുന്നതിന് സഹായം നൽകുന്നതിനുള്ള പദ്ധതി ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ജൈവ കാർഷിക കേരളം എന്ന പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കിയിട്ടില്ല. കഴിഞ്ഞ ഇടതുപക്ഷ മുന്നണി സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ജൈവകൃഷി നയം പ്രഖ്യാപിക്കുകയും ആയതിന്റെ ഭാഗമായി ഘട്ടംഘട്ടമായി ജൈവകൃഷി വ്യാപനം നടത്തി വരുന്നു. നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനായി 277 ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ജൈവകൃഷി വ്യാപനത്തിനായി ജൈവസന്ദേശ കൃഷിയാത്ര നടത്തിയിട്ടുണ്ട്. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തിയ നിയോജക മണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകി വരുന്നു. 2016-17 സാമ്പത്തിക വർഷം ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ബഡ്ജറ്റിൽ 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നല്ല കൃഷി മുറകൾ (ജി.എ.പി.) പാലിച്ച് ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പായ്ക്കിംഗ് ലേബലിംഗോടുകൂടി റസിഡന്റ്സ് അസോസിയേഷനുകളിൽ വില്പന നടത്തുന്നതിന് ഒരു ക്ലസ്റ്ററിന് 3 ലക്ഷം രൂപ വീതം ആകെ 18 ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകി വരുന്നു.

(ബി&സി) ബാധകമല്ല.

(ഡി) ഉണ്ട്. സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം മട്ടുപ്പാവിലെ കൃഷിയിലൂടെ വിഷരഹിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധയിനം പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 25 ഗ്രോബാഗുകൾ വീതമുള്ള യൂണിറ്റുകൾ 75% സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകി വരുന്നു. 2000 രൂപ വിലവരുന്ന ഗ്രോബാഗ് യൂണിറ്റിന് 500 രൂപ കർഷകർ ഗുണഭോക്തൃ വിഹിതമായി നൽകണം. ഈ വർഷം (2016-17-ൽ) 40000 ഗ്രോബാഗ് യൂണിറ്റുകൾക്കായി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവരെ 9038 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്തു കഴിഞ്ഞു. കൂടാതെ മുൻ വർഷങ്ങളിൽ കൃഷിക്കായി നൽകിയ ഗ്രോബാഗുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് വിത്ത്, വളം, തൈകൾ എന്നിവയും കർഷകർക്ക് നൽകി വരുന്നു. ഇതിനായി 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ക്ഷേമപെൻഷൻ**

15 (*285) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമപെൻഷൻ വിതരണം കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുക;

(ബി) വിവിധ ക്ഷേമ പെൻഷനുകൾ വീടുകളിൽ എത്തിച്ച നൽകുന്നതിന് എന്തൊക്കെ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയതെന്ന് വിശദമാക്കുമോ;

(സി) ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെയെല്ലാം ആധാർ വിവരങ്ങൾ ലിങ്ക് ചെയ്തിട്ടുണ്ടോ; അർഹരായവർക്ക് തന്നെയാണ് ക്ഷേമപെൻഷൻ ലഭിക്കുന്നതെന്ന് ഉറപ്പു വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച വരുന്നതെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് 2015 ഏപ്രിൽ മാസം മുതൽ ഡിബിടി സംവിധാനത്തിലൂടെയാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ക്ഷേമ പെൻഷനുകൾ വിതരണം ചെയ്ത് വരുന്നത്. ഈ സംവിധാനത്തിൽ ഗുണഭോക്താക്കളുടെ ബാങ്ക്, പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലൂടെയും, ഇലക്ട്രോണിക് മണി ഓർഡർ മുഖേനയുമാണ് പെൻഷൻ വിതരണം ചെയ്തിരുന്നത്. എന്നാൽ പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി നൽകിയ പെൻഷനുകളുടെ വിതരണത്തിൽ വളരെയധികം കാലതാമസം നേരിടുകയും തുടർന്ന് തപാൽ വകുപ്പ് ഈ മാർഗ്ഗത്തിലൂടെ വിതരണത്തിനായ പണം സ്വീകരിക്കാൻ വിസമ്മതിക്കുകയും ചെയ്തതിനാൽ പ്രസ്തുത വിതരണ രീതി സ്വീകരിച്ചിരുന്ന 18.63 ലക്ഷം ഗുണഭോക്താക്കൾക്ക് മാസങ്ങളോളം പെൻഷൻ മുടങ്ങുകയും ചെയ്തു. ഇവർക്ക് 2015 സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള പെൻഷൻ ചെക്കായി വിതരണം ചെയ്യുകയും ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് വിതരണ മാർഗ്ഗമായി സ്വീകരിക്കാൻ അവസരം നൽകുകയും ചെയ്തിരുന്നു. അതിനുശേഷവും പോസ്റ്റോഫീസ് ബാങ്ക് അക്കൗണ്ടിൽത്തന്നെ തുടർന്നുപോന്ന ഗുണഭോക്താക്കൾക്ക് 2016 ജനുവരി മുതൽ പെൻഷൻ ലഭിച്ചിരുന്നില്ല. ഇലക്ട്രോണിക് മണി ഓർഡർ മുഖേനയുള്ള പെൻഷൻ വിതരണത്തിലും ഗുണഭോക്താക്കൾക്ക് അയച്ചുകൊടുത്ത പെൻഷൻ ലഭിക്കുന്നതിന് മാസങ്ങളോളം കാലതാമസം വന്നു. കൂടാതെ, വിതരണം ചെയ്തതും മടങ്ങി വന്നതുമായ തുകയുടെ വിവരവും ലഭിച്ചിരുന്നില്ല. ബാങ്ക് അക്കൗണ്ട് മുഖേനയുള്ള വിതരണത്തിലും തുക ലഭിക്കുന്നതിന് ഗുണഭോക്താക്കൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നതായി പരാതികളുണ്ടായി. ഇതിനുപുറമേ പെൻഷൻ വിതരണം നടത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ സൂക്ഷിച്ചിട്ടുള്ള ഡാറ്റാബേസിൽ ധാരാളം തെറ്റുകൾ കടന്നുകൂടിയിട്ടുള്ളതിനാൽ നിരവധി ഗുണഭോക്താക്കൾക്ക് പെൻഷൻ ലഭിക്കാത്ത അവസ്ഥയുമുണ്ടായി. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഡാറ്റാബേസിലെ തെറ്റുകൾ കണ്ടെത്തുന്നതിനും

ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് പെൻഷൻ നേരിട്ട് വീടുകളിൽ എത്തിക്കുന്നതിനായി ഗുണഭോക്തക്കളുടെ ഓപ്ഷൻ സ്വീകരിക്കുന്നതിനുമായി കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ, തെരഞ്ഞെടുത്ത കുടുംബശ്രീ പ്രവർത്തകർ മുഖേന സർവ്വേ നടത്തുകയും സർവ്വേയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബാങ്ക് അക്കൗണ്ടുവഴി പെൻഷൻ ലഭിക്കണമെന്ന് ആവശ്യപ്പെട്ടവർക്ക് ബാങ്ക് അക്കൗണ്ട് മുഖേനയും മറ്റുള്ളവർക്ക് പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയും കുടിശ്ശിക ഉൾപ്പെടെ പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്.

(ബി) ക്ഷേമ പെൻഷൻ വീടുകളിൽ എത്തിച്ച് നൽകുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കുടുംബശ്രീ സർവ്വേയിൽ പെൻഷൻ വീടുകളിൽ ലഭിക്കണമെന്ന് ആവശ്യപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകേണ്ട തുക ജില്ലാ സഹകരണ ബാങ്കുകൾ മുഖേനയും ഗുണഭോക്താക്കളുടെ വിവരങ്ങളും നൽകേണ്ട തുകയും അടങ്ങുന്ന ലിസ്റ്റ് പ്രത്യേക വെബ്സൈറ്റ് മുഖേനയും പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ലഭ്യമാക്കുകയും തുക പ്രാഥമിക സഹകരണ ബാങ്ക്/സംഘത്തിലെ ജീവനക്കാർ ഗുണഭോക്താക്കൾക്ക് നേരിട്ട് വീടുകളിൽ എത്തിച്ച് നൽകുകയും ചെയ്യുന്നതിനുള്ള സംവിധാനമാണ് ഏർപ്പെടുത്തിയത്. വിതരണത്തിനായി തുക അനുവദിക്കുന്ന മുറയ്ക്ക്, അനുവദിച്ച തുക, പ്രാഥമിക സഹകരണ സംഘത്തിന്റെ പേര്, വിതരണത്തിന് ചുമതലപ്പെടുത്തിയ ജീവനക്കാരന്റെ പേര്, മൊബൈൽ ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കുകയും ടെലിഫോൺ മുഖേന വിവരങ്ങൾ ലഭിക്കുന്നതിന് സിറ്റിസൺ കാൾ സെന്റർ, പഞ്ചായത്ത് ഡയറക്ടറേറ്റ്, ഇൻഫർമേഷൻ കേരള മിഷൻ എന്നിവിടങ്ങളിൽ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിരുന്നു. പെൻഷൻ വിതരണം കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാന, ജില്ലാ, താലൂക്ക് തലങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുകയും പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തിരുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ക്ഷേമ പെൻഷൻ അനുവദിച്ചിട്ടുള്ള ക്ഷേമപെൻഷൻ ഗുണഭോക്താക്കളിൽ 85% പേരുടെ ആധാർ വിവരങ്ങൾ ശേഖരിച്ച് ഡാറ്റാബേസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ ക്ഷേമപെൻഷനുകൾക്കുള്ള അർഹത സബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും പ്രസ്തുത മാനദണ്ഡങ്ങൾ അനുസരിച്ച് അപേക്ഷകർ അർഹരാണോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ഉദ്യോഗസ്ഥരെ ചുമതലപ്പടുത്തി ഉത്തരവ് നൽകുകയും പെൻഷൻ അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അധികാരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനർഹരായ വ്യക്തികൾക്ക് പെൻഷൻ

അനുവദിക്കാനിടയാകുന്നപക്ഷം കാരണക്കാരായ ഉദ്യോഗസ്ഥർ വ്യക്തിപരമായി ഉത്തരവാദികളായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, വിവിധ ക്ഷേമ പെൻഷനുകളുടെയും, ക്ഷേമനിധി പെൻഷനുകളുടെയും സമഗ്രമായ ഒരു ഡാറ്റാബേസ് തയ്യാറാക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യുടെ ഓൺലൈൻ റിസർവേഷൻ**

16 (*286) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ഓണക്കാലത്ത് കെ.എസ്.ആർ.ടി.സി.-യുടെ ഓൺലൈൻ റിസർവേഷൻ സംവിധാനം തകരാറിലായതിനെക്കുറിച്ച് അന്വേഷണം നടത്തിയോ; വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിൽ ഇതുമൂലം എന്ത് നഷ്ടമാണ് സംഭവിച്ചതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സ്വകാര്യബസ് ലോബിയെ സഹായിക്കാനായി ഓൺലൈൻ റിസർവേഷൻ സംവിധാനം തകരാറിലാക്കിയെന്ന ആരോപണം വസ്തുതാപരമാണോ; ആണെങ്കിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഓൺലൈൻ റിസർവേഷൻ സംവിധാനം പൂർണ്ണമായി നടപ്പിലാക്കി പരിപാലിക്കുന്നതിനായി സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ M/s. കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത വിഷയം സംബന്ധിച്ച് കെൽട്രോണിനോട് വിശദീകരണം ആവശ്യപ്പെടുകയും കെൽട്രോൺ വിശദീകരണം ലഭ്യമാക്കിയിട്ടുമുണ്ട്. 17-9-2016-ൽ ടി സംവിധാനം ഉദ്ദേശം 15.45 മണിക്ക് തകരാറിലാവുകയും 21.45 മണിയോടുകൂടി തകരാർ പരിഹരിക്കുകയുമുണ്ടായി. ഓണത്തോടനുബന്ധിച്ച് നിയന്ത്രണാതീതമായ search/ booking ഉണ്ടായിരുന്നതിനാൽ ഒരേ സമയം ഉപയോഗിക്കുന്നവരുടെ എണ്ണം ക്രമാതീതമായി കൂടിയെന്നും അത് കെ.എസ്.ആർ. ടി.സി.-യുടെ സോഫ്റ്റ് വെയർ ഹോസ്റ്റ് ചെയ്തിരുന്ന സെർവർ കപ്പാസിറ്റിയെക്കാൾ കൂടുതലായിരുന്നു എന്നും കെൽട്രോൺ അറിയിക്കുകയുണ്ടായി. പ്രസ്തുത വിഷയം അടിയന്തരമായി പരിഹരിക്കുന്നതിനായി കൂടുതൽ കപ്പാസിറ്റിയുള്ള സെർവറിലേയ്ക്ക് ഡാറ്റ, സോഫ്റ്റ് വെയർ എന്നിവ മാറ്റുകയും ചെയ്തിട്ടുണ്ട്.

(ബി) ഓൺലൈൻ റിസർവേഷൻ സംവിധാനം തകരാറിലായതുമായി ബന്ധപ്പെട്ടുള്ള വരുമാനനഷ്ടം കൃത്യമായി കണക്കാക്കുന്നത് പ്രായോഗികമല്ല. എന്നിരുന്നാലും കെ.എസ്.ആർ.ടി.സി.-ക്ക് പ്രസ്തുത ദിവസം ഉദ്ദേശം 12,64,296 രൂപ നഷ്ടം സംഭവിച്ചിട്ടുള്ളതായും പ്രസ്തുത നഷ്ടം അടുത്ത മാസത്തെ ബില്ലിൽ നിന്നും ഈടാക്കുന്നതാണെന്ന് വ്യക്തമാക്കുന്ന കത്ത് 20-9-2016-ൽ കെൽട്രോൺ മാനേജിംഗ് ഡയറക്ടർക്ക് നൽകുകയുണ്ടായി.

(സി) ഓൺലൈൻ റിസർവേഷൻ സംവിധാനം സംബന്ധിച്ച് പരിശോധന നടന്നുവരികയാണ്.

**മലയോര മേഖലയിലെ കൃഷി നാശം**

17(*287) <u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> :
<u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫലഭ്രയിഷ്ടമായിരുന്ന മലയോര മേഖലയിൽ കൃഷി നാശം ആവർത്തിച്ചുണ്ടാകുന്നതിന്റെ കാരണങ്ങളെക്കുറിച്ച് കൃഷി വകുപ്പ് പഠനമെന്തെങ്കിലും നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഈ മേഖലയിൽ മണ്ണിന്റെ മൂല്യശോഷണം കൃഷി നാശത്തിനു കാരണമാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര മാർഗ്ഗങ്ങളെ കുറിച്ച് ആലോചിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ മേഖലയിലെ പ്രധാന വിളയായ നാളികേര കൃഷി പുനരുജ്ജീവിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>):

(എ&ബി) ഉണ്ട്. കോഴിക്കോട് ജില്ലയിലെ മലയോരമേഖലയിലെ കൃഷി നാശം സംബന്ധിച്ച് അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിലേയും കൃഷി വകുപ്പിലേയും വിദഗ്ധരെ ഉൾപ്പെടുത്തി ഒരു പഠനം നടത്തിയിട്ടുണ്ട്. ഈ പഠനമനുസരിച്ചുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി വരുന്നു. മണ്ണിന്റെ ആരോഗ്യവും ഫലഭ്രയിഷ്ഠതയും നിലനിർത്തുന്നതിനായി സോയിൽ ഹെൽത്ത് മാനേജ്മെന്റ് & പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. മണ്ണിന്റെ ഫലഭ്രയിഷ്ഠത പരിശോധിക്കുന്നതിന് മണ്ണുപരിപോഷണ കാർഡുകൾ നൽകിവരുന്നു. സൂക്ഷ്മ മൂലകങ്ങളുടെ അഭാവമുള്ള പ്രദേശങ്ങളിൽ ആവശ്യമായ സഹായങ്ങൾ നൽകി വരുന്നു. കൂടാതെ ഫലഭ്രയിഷ്ഠിയുള്ള മേൽ മണ്ണ് സംരക്ഷിക്കുന്നതിനുള്ള മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്.

(സി) ഇത്തരം മേഖലകളിലെ സമഗ്ര നാളികേര കൃഷി വികസനത്തിനായി കേരഗ്രാമം പദ്ധതിക്കായി 4500 ലക്ഷം രൂപ വകയിരുത്തുകയും സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**നെൽകൃഷി വികസനം**

18(*288) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകരുടെ പ്രശ്നങ്ങൾ നേരിടുന്നതിനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(ബി) നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെൽകൃഷിക്ക് വളരെ വലിയ പ്രാധാന്യം നൽകാനുദ്ദേശിച്ച് 1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെ ഒരു വർഷം നെല്ലിന്റെ വർഷമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ നെൽകൃഷി വ്യാപിപ്പിക്കുവാനും, ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും, നെൽകൃഷിയിൽ നെല്ലിനങ്ങളുടെ വൈവിധ്യവൽക്കരണത്തിനും, നെല്ലിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കി സുസ്ഥിര വിപണി കണ്ടെത്തി നെൽകൃഷി മേഖലയെ സംരക്ഷിക്കുവാനും ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് നെൽകർഷകർ നേരിടുന്ന പ്രശ്നങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ നെൽകർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ തൊഴിലാളികളുടെ ലഭ്യതക്കുറവും കൂടിയ കൂലിയും, മഴയെ ആശ്രയിച്ച് കൃഷി ചെയ്യുന്നതിനാൽ ശരിയായ സമയത്തുള്ള മലയുടെ ലഭ്യതകുറവ്, വർദ്ധിച്ച കൃഷിച്ചെലവ്, ഉൽപ്പന്നങ്ങൾക്ക് ശരിയായ വില ലഭ്യമാകുന്നില്ല എന്നിവയാണ്. കാർഷിക മേഖലയിലെ തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിനായി 200 പഞ്ചായത്തുകളിൽ കാർഷിക കർമ്മ സേനകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ 64 അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിലൂടെ വിദഗ്ധരായ പരിശീലനം ലഭിച്ച കർഷക തൊഴിലാളികളുടെയും ആധുനിക യന്ത്രങ്ങളുടെയും സേവനങ്ങൾ നെൽകർഷകർക്ക് ലഭ്യമാക്കുന്നു. നെല്ലിന് ന്യായമായ വില നൽകി സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തരം നെല്ല് സംഭരിച്ച് വരുന്നുണ്ട്. ഇതിനുപുറമേ സംസ്ഥാന സർക്കാർ വിവിധ നെൽകൃഷി വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

(ബി) സംസ്ഥാനത്തെ നെൽകൃഷി വിസ്തൃതി 2011-12-ൽ 208161 ഹെക്ടറായിരുന്നത് 2014-15-ൽ 198159 ഹെക്ടറായി കുറയുകയുണ്ടായി. 2015-16-ലെ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ എസ്റ്റിമേറ്റ് പ്രകാരം 1.94 ലക്ഷം ഹെക്ടർ നെൽകൃഷിയാണ് നിലവിലുള്ളത്. നെല്ലിന്റെ വിസ്തീർണം ഇപ്പോൾ നിലവിലുള്ളതിൽ നിന്നും ഇനിയും കുറയാതിരിക്കാനും പരമാവധി പ്രദേശങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനായും അതിലൂടെ നെൽകൃഷി വിസ്തീർണം, ഉൽപ്പാദനം, ഉൽപ്പാദന ക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ താഴെ വിവരിച്ചിട്ടുള്ള നെൽകൃഷിവികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

1. സുസ്ഥിര നെൽകൃഷി വികസനം
2. വികസന ഏജൻസികൾക്കുള്ള ഫണ്ട്
3. വൈവിധ്യമാർന്ന പരമ്പരാഗത നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോൽസാഹനം
4. പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതികൾ
5. കരനെൽകൃഷി വികസനം
6. നെൽകൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ)
7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)
8. ദേശീയഭക്ഷ്യ സുരക്ഷ പദ്ധതി (NFSM)

കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരവും നെൽകൃഷി വികസന പദ്ധതികളും നടപ്പിലാക്കിവരുന്നു.

നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനും തരിശ് കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരനെൽകൃഷി ഈ വർഷം ആദ്യഘട്ടം എന്ന നിലയിൽ 2560 ഹെക്ടർ ലക്ഷ്യമിട്ടിരുന്നു. എന്നാൽ ഇപ്പോൾ 2663 ഹെക്ടർ കൃഷി നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. 5 വർഷം കൊണ്ട് ഒരു ലക്ഷം ഹെക്ടറായും വ്യാപിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിനുപുറമെ കൃഷിയോഗ്യമായ തരിശു ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കഴിഞ്ഞ 25 വർഷത്തിനുശേഷം ഈ വർഷം ആലപ്പുഴയിലെ റാണി കായലിൽ 200 ഹെക്ടർ

സ്ഥലത്ത് പുഞ്ചകൃഷി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 160 ഹെക്ടർ വിസ്തൃതിയുള്ള മെത്രാൻ കായലിലും 56 ഹെക്ടർ വിസ്തൃതിയുള്ള ആറന്മുളയിലും നെൽകൃഷിയിറക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. കോഴിക്കോട് ജില്ലയിലെ ആവളപാണ്ടി ഉൾപ്പെടെയുള്ള പാടശേഖരങ്ങളിലും 760 ഏക്കർ സ്ഥലത്ത് ഈ വർഷം നെൽകൃഷി പുനരാരംഭിക്കും. 1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെയുള്ള ഈ വർഷം നെല്ലിന്റെ വർഷമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. " നമ്മുടെ നെല്ല് നമ്മുടെ അന്നം" എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ നെൽകൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2017 ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക്, സംസ്ഥാനത്തു തന്നെ ഉൽപ്പാദിപ്പിച്ച അരി നൽകുക എന്ന ലക്ഷ്യത്തോടെ ഓരോ ജില്ലയിലും നെൽകൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സ്കൂൾ ക്ലബ്ബുകൾ, യുവജന ക്ലബ്ബുകൾ, സർക്കാരിതര സംഘടനകൾ, പഞ്ചായത്തുകൾ, അസോസിയേഷനുകൾ, വനിതാ ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വാശ്രയ സംഘങ്ങൾ മുതലായവ മുഖേന നിലവിലെ നെൽകൃഷിയിടങ്ങൾ പരിരക്ഷിക്കുന്നതിനും, വാണിജ്യപരമായും വീടുകളോടനുബന്ധിച്ചും നഗരത്തിലും നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും അതുവഴി അധികോല്പാദനം സാധ്യമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. നെൽകൃഷി മേഖലയിൽ പുതിയ ഉണർവ് സൃഷ്ടിച്ച് ആഭ്യന്തരമായി ഉൽപ്പാദിപ്പിച്ച അരി ഉപയോഗിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് അനുബന്ധ മേഖലകളെ പ്രോൽസാഹിപ്പിക്കുന്നതിന് 2016 ഓണം മുതൽ 2017 ഓണം വരെയുള്ള കാലയളവ് നെൽവർഷമായി ആചരിക്കുവാൻ സർക്കാർ ഉത്തരവ് നമ്പർ 124/2016/കൃഷി തീയതി 11-8-2016 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത്തരത്തിൽ നെൽകൃഷിയുടെ വിസ്തൃതി കൂട്ടിയും മെച്ചപ്പെട്ട സാങ്കേതിക വിദ്യ ഉപയോഗിച്ച് നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നുണ്ട്.

**വിത്ത് ബാങ്ക്**

19(*289) ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിത്ത് സംരക്ഷിക്കുന്നതിന് വിത്ത് ബാങ്ക് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തരം വിത്തുകളാണ് ഇതിനായി തെരെഞ്ഞെടുക്കുന്നത്;

(സി) വിത്ത് ബാങ്ക് സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) പരമ്പരാഗത വിള ഇനങ്ങളുടെ സംരക്ഷണം, വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ഉല്പാദനം, ക്രയോ പ്രിസർവേഷൻ ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തിയുള്ള വിത്ത് ബാങ്ക് രൂപീകരണം എന്നിവയുള്ള പദ്ധതി സജീവ പരിഗണനയിലുണ്ട്. 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പാരമ്പര്യ വിത്തിനങ്ങൾ സംരക്ഷിക്കുന്നതിന് 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) കേരളത്തിൽ പ്രചാരണത്തിലുണ്ടായിരുന്ന ലഭ്യമായിട്ടുള്ള നാടൻ നെല്ലിനങ്ങളുടെയും ചെറുധാന്യങ്ങളുടെയും വിത്തുകളാണ് പ്രാഥമികമായി തെരഞ്ഞെടുക്കുവാൻ ഉദ്ദേശിക്കുന്നത്. വയനാട് ജില്ലയിലെ ജീരകശാല, ഗന്ധകശാല ഉൾപ്പെടുന്ന 35 വിവിധ പരമ്പരാഗത വിത്തിനങ്ങൾ, എറണാകുളം ജില്ലയിലെ പൊക്കാളി നെല്ലിനങ്ങൾ, തൃശ്ശൂർ ജില്ലയിലെ രക്തശാലി, ഇടുക്കി ജില്ലയിലെ പാൽത്തോണി തുടങ്ങി കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ ലഭ്യമായ എല്ലാ നാടൻ ജനുസ്സുകളും കണ്ടെത്തി അവ സംരക്ഷിക്കുന്നതിനും കർഷകർക്ക് ലഭ്യമാക്കുന്നതിനുമാവശ്യമായ പ്രവർത്തനമാണ് വിത്ത് ബാങ്കിലൂടെ ലക്ഷ്യമിടുന്നത്.

(സി) വിത്ത് ബാങ്ക് സ്ഥാപിക്കുന്നതിന് 3 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കിവരുന്നു. പ്രാരംഭമായി നാടൻ നെല്ലിനങ്ങൾ കണ്ടെത്തി തിരിച്ചറിയാനും അവ കൃഷി ചെയ്യുകയും സംരക്ഷിക്കുകയും ചെയ്യുന്ന കർഷകരെ കണ്ടെത്താനും കൃഷി ഭവനുകളുടെ സഹായത്തോടെ കർഷകർക്ക് ലഭ്യമാക്കുവാനും ഉദ്ദേശിക്കുന്നു. തുടർന്ന് കേരളത്തിന്റെ തനത് വിളയിനങ്ങൾ കണ്ടെത്തുവാനും സംരക്ഷിക്കുവാനുമുള്ള പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്.

**നഗരസഭാ സേവനങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് നടപടി**

20 (*290) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലെയും കോർപ്പറേഷനുകളിലെയും സേവനങ്ങൾ പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സേവനങ്ങൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേന സമയബന്ധിതമായി ലഭ്യമാക്കുമോ;

(സി) പൊതുജനങ്ങളുടെ സൗകര്യാർത്ഥം കൂടുതൽ ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിന് നഗരസഭകളുടെ നേതൃത്വത്തിൽ കൂടുതൽ കൗണ്ടറുകൾ തുടങ്ങുന്നതിനും നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) നഗരസഭയിൽ നിലവിൽ ജനന മരണ രജിസ്ട്രേഷൻ, വിവിധതരം ക്ഷേമപെൻഷനുകൾ, വസ്തു നികുതി, കെട്ടിട നിർമ്മാണ പെർമിറ്റ്, മറ്റ് നികുതികളും ലൈസൻസുകളും തുടങ്ങിയ സേവനങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേന കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ മുഖേന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച വിവിധ സോഫ്റ്റ് വെയർ മുഖേന സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പരിശോധിക്കുന്നതാണ്.

## മാലിന്യ പ്രശ്നം

21 (*291) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലാകെ മാലിന്യ പ്രശ്നം രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവരിക്കുമോ;

(ബി) ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി ആദ്യം ആവിഷ്കരിച്ചിരുന്ന പൈപ്പ് കമ്പോസ്റ്റ് പദ്ധതി ഫലപ്രദമായില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കേരളത്തിലെ വിവിധ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്തുകൾ എന്നിവ മുഖാന്തരം വീടുകളിൽ 3 വിധത്തിലുള്ള വലിയ കിച്ചൻ ബിൻ സ്ഥാപിച്ച് ആഴ്ചയിൽ 2 തവണ വീതം തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലോറികൾ എത്തി മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണം നടത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാലിന്യങ്ങൾ പൊതുസ്ഥലങ്ങൾ, ഓടകൾ, ജലാശയങ്ങൾ തുടങ്ങിയ ഇടങ്ങളിൽ വലിച്ചെറിയുന്നതും കൂട്ടിയിട്ട് കത്തിക്കുന്നതും പ്രശ്നങ്ങളുണ്ടാക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉറവിട മാലിന്യ സംസ്കരണ പദ്ധതിയാണ് മാലിന്യ പ്രശ്നത്തിനുള്ള പരിഹാരമാർഗ്ഗമായി കാണുന്നത്. വീടുകളിൽ തന്നെ കമ്പോസ്റ്റിംഗ് നടത്തി ജൈവമാലിന്യം പരിപാലിക്കാവുന്ന വിവിധ തരത്തിലുള്ള കിച്ചൻ ബിന്നുകൾ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ വിവിധ വാർഡുകളിൽ സ്ഥാപിച്ചുവരുന്നത് വിജയകരമാണെന്ന് കണ്ടതിനെത്തുടർന്ന് പ്രസ്തുത സംവിധാനം അംഗീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ ശുചിത്വമിഷന്റെ സാങ്കേതിക സമിതിയുടെ സജീവ പരിഗണനയിലാണ്. കേന്ദ്രീകൃത പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ, പൊതു ജനങ്ങളുടെയും മറ്റും എതിർപ്പുമൂലം സ്ഥാപിക്കാൻ കഴിയാത്ത സാഹചര്യത്തിൽ വീടുകളിൽ കിച്ചൻ ബിൻ സ്ഥാപിച്ച് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണം നടത്തുക എന്നുള്ളത് ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രായോഗികമല്ല.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

22 (*292) ശ്രീ. കെ. ദാസൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ നിബന്ധനകൾ ഏർപ്പെടുത്തി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ ദുർബലപ്പെടുത്തുവാൻ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് ശ്രമമുണ്ടാകുന്നത് സംസ്ഥാനത്ത് ഈ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങളെ അടിസ്ഥാന പ്പെടുത്തിയാണ് ഫണ്ട് അനുവദിക്കുന്നതെന്നതിനാൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നത് വിപുലപ്പെടുത്താൻ ഉദ്ദേശിച്ച് രൂപപ്പെടുത്തുന്ന പരിപാടികൾ അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്കു നൽകിയിട്ടുള്ള സംഭാവനകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാനുള്ള നിർദ്ദേശങ്ങളും നിബന്ധനകളുമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. പദ്ധതി ദുർബലപ്പെടുത്താനുള്ള ശ്രമങ്ങൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഒരു ആവശ്യാധിഷ്ഠിത പദ്ധതിയാണ്. സംസ്ഥാന സർക്കാർ ലേബർ ബഡ്ജറ്റ് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നു. കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന്റെ ലേബർ ബഡ്ജറ്റ് പരിശോധിച്ച് അംഗീകരിക്കുന്നു. ഇപ്രകാരം സംസ്ഥാനത്തിന് അനുവദിക്കുന്ന തൊഴിൽ ദിനങ്ങൾക്കധിഷ്ഠിതമായാണ് ഫണ്ട് അനുവദിക്കുന്നത്. പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി മാസാമാസം ലക്ഷ്യമിട്ടിട്ടുള്ള തൊഴിൽ ദിനങ്ങൾ 100 ശതമാനത്തിൽ അധികരിക്കുന്നമുറയ്ക്ക് സംസ്ഥാനങ്ങൾക്ക് അംഗീകരിച്ച് നൽകിയ ലേബർ ബഡ്ജറ്റ് പുതുക്കി നൽകുന്നതിന് കേന്ദ്ര സർക്കാരിനെ സമീപിക്കാവുന്നതാണ്. നടപ്പ് സാമ്പത്തിക വർഷം പദ്ധതി പ്രവർത്തനങ്ങൾ വിപുലീകരിച്ച് കൂടുതൽ തൊഴിൽ ദിനങ്ങൾ സംസ്ഥാനത്ത് സൃഷ്ടിച്ച് അതുവഴി കൂടുതൽ ഫണ്ട് ലഭിക്കുന്നതിന് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ ക്രിയാത്മകമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് നൽകിയിട്ടുള്ള സംഭാവനകൾ വിലയിരുത്തുന്നതിനായുള്ള പഠനങ്ങൾ എല്ലാ ജില്ലകളിലും ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. പാലക്കാട്, വയനാട്, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിലെ പദ്ധതി പ്രവർത്തനങ്ങൾ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് വിലയിരുത്തുകയും പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിലെ പ്രവർത്തനങ്ങളുടെ പഠന റിപ്പോർട്ട് സംസ്ഥാന തൊഴിലുറപ്പ് മിഷന് ലഭിച്ചിട്ടുണ്ട്.

**ശുചിത്വമിഷൻ നടത്തിയ സർവ്വേ**

23 (*293) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വമിഷൻ നടത്തിയ സർവ്വേ അനുസരിച്ച് സംസ്ഥാനത്ത് കക്കൂസ് ഇല്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ട്; നഗരവും ഗ്രാമവും തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) നവംബർ ഒന്നിന് കേരളത്തെ ഓപ്പൺ ഡിഫിക്കേഷൻ ഫ്രീ സംസ്ഥാനമായി പ്രഖ്യാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഈ ലക്ഷ്യപ്രാപ്തി കൈവരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ഗ്രാമപ്രദേശങ്ങളിലെ ടോയ്‌ലെറ്റ് നിർമ്മാണത്തിന് ശുചിത്വമിഷൻ അധികഫണ്ട് അനുവദിച്ചിട്ടുണ്ടോ; കേന്ദ്ര സർക്കാരിൽനിന്നും ഈ പദ്ധതിക്ക് എന്തു സഹായം ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ശുചിത്വ മിഷൻ നടത്തിയ സർവ്വേ അനുസരിച്ച് സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിൽ കക്കൂസില്ലാത്ത 175399 കുടുംബങ്ങളും നഗരപ്രദേശങ്ങളിൽ കക്കൂസില്ലാത്ത 34578 കുടുംബങ്ങളുമുണ്ട്.

(ബി) നവംബർ ഒന്ന് സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങൾ ഓപ്പൺ ഡിഫിക്കേഷൻ ഫ്രീയായി പ്രഖ്യാപിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ലക്ഷ്യ പ്രാപ്തി കൈവരിക്കുവാൻ സ്വീകരിച്ച നടപടികൾ ചുവടെ കൊടുക്കുന്നു:

- വ്യക്തിഗത ഗാർഹിക ശൗചാലയ നിർമ്മാണത്തിന് കേന്ദ്ര സർക്കാർ വിഹിതമടക്കം (സ്വച്ഛ് ഭാരത് മിഷൻ) ആകെ 15400 രൂപയാണ് യൂണിറ്റ് കോസ്റ്റ്. ഗ്രാമപ്രദേശങ്ങളിൽ ടോയ്‌ലറ്റ് പണിയുന്നതിനുള്ള കേന്ദ്രസഹായം ലഭ്യമാകുന്നതിന് കാലതാമസം വന്ന സാഹചര്യത്തിൽ എല്ലാ കുടുംബങ്ങൾക്കും ശൗചാലയ സൗകര്യം ഉറപ്പാക്കുന്നതിനുള്ള ധനം ഗ്രാമ പഞ്ചായത്തുകൾ തങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽനിന്നോ വകയിരുത്തി വ്യക്തിഗത ഗാർഹിക ശൗചാലയം പണിയുന്നതിനുള്ള സർക്കാർ ഉത്തരവുകൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ എല്ലാ പഞ്ചായത്തുകളും പ്രോജക്ട് വച്ച് പദ്ധതി ഏറ്റെടുത്തു.
- ദുർഘട ഗ്രാമപ്രദേശങ്ങളിൽ പണിയേണ്ടുന്ന 39120 ടോയ്‌ലറ്റുകൾക്ക് അധികം ആവശ്യമായിവരുന്ന 99 കോടി രൂപ പഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ പ്രത്യേക സഹായമായി അനുവദിച്ചുകൊണ്ടും അതിൻപ്രകാരം പ്രോജക്ട് തയ്യാറാക്കുവാൻ അനുമതി നൽകിയും സർക്കാർ ഉത്തരവായിട്ടുണ്ട്.
- ജലനിധി പ്രോജക്ട് പ്രദേശമായ 115 ഗ്രാമപഞ്ചായത്തുകളിൽ ജലനിധി മുഖേന ഗാർഹിക ശൗചാലയ നിർമ്മാണ പ്രോജക്ട് ഏറ്റെടുത്തു.
- ഉപേക്ഷിക്കപ്പെട്ട സ്വകാര്യ എസ്റ്റേറ്റ് ലയങ്ങളിൽ ഗാർഹിക ശൗചാലയങ്ങളും സാനിട്ടറി കോംപ്ലക്സും പണിയുന്നതിനുള്ള സർക്കാർ അനുമതി നൽകി.
- സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളുടെ സി.എസ്.ആർ.എഫ്.-ൽ നിന്ന് ബുദ്ധിമുട്ടേറിയ പ്രദേശങ്ങളിൽ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് അധിക തുക കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തി.

- കുടുംബശ്രീ, കൊമേഴ്സ്യൽ ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ മുഖേന ഗുണഭോക്താക്കൾക്ക് വായ്പ ലഭ്യമാക്കുന്നതിന് പ്രാദേശികമായി സൗകര്യങ്ങൾ ഉറപ്പാക്കി.

- കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ സേവനവും റിസോഴ്സ് പേഴ്സൺമാരുടെ സേവനവും കമ്മ്യൂണിറ്റി മൊബൈലൈസേഷൻ പ്രവർത്തനങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുണ്ട്.

- World Bank, UNICEF എന്നീ സ്ഥാപനങ്ങളുടെ പിന്തുണയോടു കൂടി റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനം നൽകി. പ്രാദേശികമായി അനുയോജ്യമായ സാങ്കേതിക വിദ്യകൾ കണ്ടെത്തി ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ചെലവ് പരിമിതപ്പെടുത്തിയ നിർമ്മാണ സാങ്കേതിക രീതികളിൽ COSTFORD-ന്റെ നേതൃത്വത്തിൽ മേസൺ പരിശീലനങ്ങൾ നടത്തിയിട്ടുണ്ട്. ജലദൗർലഭ്യ പ്രദേശങ്ങളിൽ എക്കോസാൻ ടോയ്ലറ്റുകൾ ഗുണഭോക്താക്കളെ പരിചയപ്പെടുത്തി വരുന്നു.

- മാധ്യമങ്ങളിൽ പരമാവധി പ്രചാരണം കിട്ടുന്നതിനും കക്കൂസ് നിർമ്മിക്കുന്നതിന് ജനങ്ങളെ പ്രചോദിപ്പിക്കുന്നതിനും ശ്രമങ്ങൾ നടത്തിയിട്ടുണ്ട്.

- MSW വിദ്യാർത്ഥികൾ, എഞ്ചിനീയറിംഗ് കോളേജുകളിലെ നാഷണൽ സർവ്വീസ് സ്കീം വോളന്റിയേഴ്സ് എന്നിവരുടെ സേവനം ബോധവൽക്കരണം, കക്കൂസ് നിർമ്മാണ പ്രവർത്തന ങ്ങൾക്കായി പ്രയോജനപ്പെടുത്തിവരുന്നു.

- തീരപ്രദേശത്തും മലയോര പ്രദേശങ്ങളിലും പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ യോഗം വിളിച്ചുചേർത്ത് ആ പ്രദേശങ്ങളിലെ കക്കൂസ് നിർമ്മാണത്തിന് അവരുടെ സഹകരണം ഉറപ്പാക്കി.

- മുഖ്യമന്ത്രി, വകുപ്പുമന്ത്രി തലങ്ങളിൽ സംസ്ഥാനത്തെ പുരോഗതി നിരന്തരം അവലോകനം നടത്തി വരുന്നു. ഓരോ ജില്ലയിലെയും പ്രവർത്തനങ്ങൾ മേൽനോട്ടം വഹിക്കുന്നതിന് 14 മന്ത്രിമാരെ ചുമതലപ്പെടുത്തി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്. മന്ത്രിമാർ ജില്ലാതല റിവ്യൂ നടത്തിവരുന്നു. മന്ത്രിമാരെ സഹായിക്കുന്നതിന് അതാത് വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിമാരെ ചുമതലപ്പെടുത്തി.

- ചീഫ് സെക്രട്ടറിയും, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ജില്ലാ കളക്ടർമാരുമായുള്ള പ്രതിവാര വീഡിയോ കോൺഫറൻസ് സംഘടിപ്പിച്ച് പുരോഗതി അവലോകനം ചെയ്തു വരുന്നു.
- ശുചിത്വ മിഷൻ തലത്തിലും സർക്കാർ തലത്തിലും ദൈനം ദിനമുള്ള പുരോഗതി വിലയിരുത്തലും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സി) ശുചിത്വ മിഷൻ അധിക ഫണ്ടനുവദിച്ചിട്ടില്ല. കേന്ദ്ര സർക്കാർ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ 2016-17-ലെ ഒന്നാം ഗഡുവായി 22-9-2016-ന് 57,01,15,000 രൂപ (അമ്പത്തിയേഴ് കോടി ഒരു ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

**കടൽത്തീര കപ്പൽഗതാഗത വികസനം**

24 (*294) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടൽത്തീര കപ്പൽഗതാഗത വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ചരക്ക് ഗതാഗതത്തിനായി വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളേയും യാത്രക്കായി വലിയതുറ, ആലപ്പുഴ, തലശ്ശേരി, കാസർഗോഡ്, പൊന്നാനി എന്നീ തുറമുഖങ്ങളേയും ബന്ധിപ്പിക്കുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(സി) ചരക്ക് ഗതാഗതത്തിന് അനുയോജ്യമായ മാർഗ്ഗം എന്ന നിലയിൽ കടൽമാർഗ്ഗം ചരക്കുഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) കേരള സംസ്ഥാനത്തെ തീരദേശവികസനം ലക്ഷ്യം വച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കിവരുന്നത്. നിലവിൽ റോഡ്/റെയിൽ മാർഗ്ഗം നീങ്ങുന്ന ചരക്കുകളേയും യാത്രക്കാരേയും താരതമ്യേന ചെലവുകുറഞ്ഞ പാരിസ്ഥിതിക സൗഹാർദ്ദപരമായ ജലഗതാഗത

മേഖലയിലേയ്ക്ക് ആകർഷിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാന സർക്കാരിനുവേണ്ടി പദ്ധതിയെക്കുറിച്ച് പഠിച്ച മെസേഴ്സ് ഡിലോയിറ്റ് സമർപ്പിച്ച രൂപരേഖ പ്രകാരം ചരക്ക് ഗതാഗതത്തിന്റെ 40% 2020 ഓടെയും 50% 2030 ഓടെയും ഈ മേഖലയിലേയ്ക്ക് ആകർഷിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളാണ് ഈ പദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാർ നേരിട്ട് വികസിപ്പിക്കുന്നത്. കൊല്ലം തുറമുഖത്ത് ഒന്നാം ഘട്ട വികസനം എല്ലാം തന്നെ ഏകദേശം പൂർത്തിയായിക്കഴിഞ്ഞു. രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ഒരു മൾട്ടിപർപ്പസ് ബർത്തിന്റെ പണിയും ആഴം 10 മീറ്ററായി വർദ്ധിപ്പിക്കുന്നതിന്റെ പ്രവർത്തനങ്ങളും നടന്നുവരുന്നു. കൂടാതെ ഇവിടെ കസ്റ്റംസ് ക്ലിയറൻസ് സംവിധാനവും നിലവിലുണ്ട്. ബേപ്പൂർ/അഴീക്കൽ തുറമുഖങ്ങളിൽ ചരക്ക് കൈകാര്യം ചെയ്യാനുള്ള എല്ലാ യന്ത്ര സാമഗ്രികളും സജ്ജമാക്കിയിട്ടുണ്ട്. ആഴം വർദ്ധിപ്പിക്കുന്നതിനും, കസ്റ്റംസ് ക്ലിയറൻസ് സംവിധാനം സ്ഥാപിക്കുന്നതിനും വേണ്ടനടപടികൾ സ്വീകരിച്ചുവരുന്നു. കൊടുങ്ങല്ലൂരിൽ പുതിയതായി ഒരു വാർഫ് നിർമ്മിക്കുന്നതിനും ആഴം വർദ്ധിപ്പിക്കുന്നതിനുമായുള്ള പ്രവർത്തനം നടന്നുവരുന്നു.

പൊതുസ്വകാര്യ പങ്കാളിത്തത്തിൽ 763 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന ഓൾ വെതർ പോർട്ടാണ് മെസേഴ്സ് മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് പൊന്നാനിയിൽ സ്ഥാപിക്കുന്നത്. കോവളം-കന്യാകുമാരി, കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട്, കണ്ണൂർ എന്നീ മേഖലകളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാക്കപ്പൽ സർവ്വീസ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ കൊച്ചി, കോഴിക്കോട് മേഖലയിൽ സർവ്വീസ് ആരംഭിക്കുന്നതിനുവേണ്ടിയുള്ള വിദേശനിർമ്മിത ജലയാനങ്ങളുടെ പരിശോധനകൾ അന്തിമഘട്ടത്തിലാണ്. കേരളത്തിന്റെ ബീച്ചുകളെ തീരദേശ വിനോദസഞ്ചാര കേന്ദ്രങ്ങളായി വളർത്തുന്നതിന് ആലപ്പുഴയിൽ ഒരു മറീന സ്ഥാപിക്കുന്നതിനും മറ്റിടങ്ങളിൽ വാട്ടർ സ്പോർട്സ് സംവിധാനം സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തീരദേശ കപ്പൽ ഗതാഗതപദ്ധതിയുടെ ഭാഗമായി വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നീ 5 തുറമുഖങ്ങളാണ് സംസ്ഥാന സർക്കാർ മുൻഗണനാക്രമത്തിൽ വികസിപ്പിച്ചുവരുന്നത്. കൊല്ലം തുറമുഖത്ത് നിലവിൽ ഒന്നാംഘട്ട വികസന പദ്ധതികൾ പൂർത്തീകരിക്കുകയും കസ്റ്റംസ് ഇ.ഡി.ഐ. സംവിധാനം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ചരക്ക് കൈകാര്യം ചെയ്യാവുന്ന വിധത്തിലുള്ള സൗകര്യങ്ങളെല്ലാം തന്നെ ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ സജ്ജമാക്കിയിട്ടുണ്ട്. വലിയ ചരക്ക് കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിദേശത്തുനിന്നും വരുന്ന ചരക്കുകൾക്ക് നേരിട്ട് ക്ലിയറൻസ് നൽകുന്നതിനാവശ്യമായ കസ്റ്റംസ്

ഇ.ഡി.ഐ. ടെർമിനൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൊച്ചി-കോഴിക്കോട്, കൊച്ചി-തിരുവനന്തപുരം മേഖലയിൽ അതിവേഗ യാത്രാക്കപ്പൽ സർവ്വീസ് നടത്തുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ കൊച്ചി-കോഴിക്കോട് മേഖലയിൽ ഉടൻതന്നെ സർവ്വീസ് നടത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കാസർഗോഡ്, ആലപ്പുഴ, വലിയതുറ, വെള്ളയിൽ എന്നീ തുറമുഖങ്ങളിൽ ഫ്ലോട്ടിംഗ് ജെട്ടികൾ സ്ഥാപിക്കുന്നതിന്റെ സാദ്ധ്യതകളും പരിശോധിച്ചുവരുന്നു.

(സി) തീരദേശ കപ്പൽ ഗതാഗതത്തിന്റെ വികസനത്തിനുവേണ്ടി നിലവിൽ ചെറുകിട തുറമുഖങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിലവിൽ തീരദേശ കപ്പൽ ഗതാഗതം വർദ്ധിപ്പിക്കാനായി രൂപ 1/ടൺ/കി.മീറ്റർ എന്ന നിരക്കിൽ സർക്കാർ ഇൻസെന്റീവ് നൽകിവരുന്നുണ്ട്. അതുകൂടാതെ സർക്കാർ നിയന്ത്രണത്തിലുള്ള ചെറുകിട തുറമുഖങ്ങളിൽ തീരദേശചരക്കുകൾ കൈകാര്യം ചെയ്യുന്നതിന് ഈടാക്കുന്ന ഹാൻഡ്ലിംഗ് ഫെയർ 50% ഇളവ് അനുവദിച്ചിട്ടുണ്ട്.

## ശുഭയാത്ര പദ്ധതി

25 (*295) ശ്രീ. പി. വി. അൻവർ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രാഫിക് നിയമ ബോധവത്ക്കരണം ലക്ഷ്യമാക്കി 'ശുഭയാത്ര' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(സി) ഏതെല്ലാം വകുപ്പുകൾ ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ-സി) ഉണ്ട്. അപകട മരണങ്ങൾ കുറയ്ക്കുന്നതിനായി സംസ്ഥാന ഗതാഗത വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, നാഷണൽ ഹൈവേ അതോറിറ്റി തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുമായി ചേർന്ന് സംസ്ഥാനത്ത് പോലീസ് 'ശുഭയാത്ര 2015' എന്നൊരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിലെ റോഡുകളെ സമൂഹത്തിലുള്ള എല്ലാ വിഭാഗങ്ങൾക്കും സുരക്ഷിതമായി ഉപയോഗിക്കുവാൻ സാദ്ധ്യമാക്കുക, പൊതുജനങ്ങൾക്ക് സുരക്ഷിതയാത്ര സംബന്ധിച്ച് ട്രാഫിക് അവബോധം നൽകുക, അവ ശരിയായി പാലിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളാണ് 'ശുഭയാത്ര' പദ്ധതിക്കുള്ളത്.

## കെ.എസ്.ആർ.ടി.സി. പുനഃസംഘടന

26(*296) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുനഃസംഘടന സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആരെയാണ് കൺസൾട്ടന്റായി നിയമിച്ചിട്ടുള്ളത്; കൺസൾട്ടൻസി ഫീസ് ആയി എന്ത് തുക നൽകണമെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) പുനഃസംഘടന സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(ബി) ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കൽക്കട്ടയുടെ പ്രൊഫസർ ശ്രീ. സുശീൽ ഖന്നയെയാണ് കൺസൾട്ടന്റായി നിയമിച്ചിട്ടുള്ളത്. കൺസൾട്ടന്റിന്റെ ഫീസ് സംബന്ധിച്ച വിഷയം പരിഗണനയിലാണ്.

## വിഷരഹിത പച്ചക്കറികൾ

27 (*297) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ ന്യായമായ വില നൽകി കർഷകരിൽ നിന്നും സംഭരിച്ച് വിപണനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനായി കേരളത്തിലെ കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറി സംഭരിച്ച് വിപണനം നടത്തുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന വിഷരഹിത പച്ചക്കറികൾ കൃഷി വകുപ്പിന്റെ കീഴിൽ ഒരു പ്രത്യേക ബ്രാന്റ് ആയി വിൽപ്പന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ&ബി) കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിലും 5 ജില്ലാ സംഭരണ വിതരണ കേന്ദ്രങ്ങളിലും കർഷകരിൽ നിന്നുമുള്ള ഉത്പന്നങ്ങൾ നേരിട്ട് വിപണിയിൽ കൊണ്ടുവന്ന് ലേലം ചെയ്ത് വിൽക്കാനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. ഇതിലൂടെ കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിന് സാധിക്കും. കഴിഞ്ഞ ഓണക്കാലത്ത് ഓണസമൃദ്ധി പദ്ധതി പ്രകാരം കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയുടെ സഹകരണത്തോടെ കർഷകരിൽ നിന്നും നേരിട്ട് പഴം, പച്ചക്കറി ഉല്പന്നങ്ങൾ ന്യായമായ വില നൽകി സംഭരിച്ചുകൊണ്ട് 1350 വിപണികളിലൂടെ വിൽപന നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ ന്യായമായ വില നൽകി ഹോർട്ടികോർപ്പ് മുഖേന സംഭരിച്ച് വിൽപന നടത്തിവരുന്നു. കാർഷികോല്പന്നങ്ങൾ വി.എഫ്.പി. സി.കെ.-യുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളമുള്ള 274 സ്വാശ്രയ കർഷക സമിതികൾ മുഖേന ലേലം ചെയ്യുന്നതിലൂടെ ന്യായമായ വില കർഷകന് ലഭിക്കുന്നുണ്ട്. കൃഷി വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം രൂപീകരിച്ചിട്ടുള്ള ബ്ലോക്ക് തല സമിതികളുടെ കീഴിൽ പച്ചക്കറികൾ സംഭരിച്ച് വിപണനം ചെയ്യുന്നതിനായി 30 മാർക്കറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ 178 'എ' ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ജി.എ.പി. സ്റ്റാൻഡേർഡ് പാലിക്കുന്ന കർഷകരിൽനിന്നും ജി.എ.പി. സാക്ഷ്യപത്രത്തോടുകൂടിയ പച്ചക്കറികൾ ശേഖരിച്ച് വിപണനം നടത്തുന്നതിനായി നിലവിൽ 34 ഇക്കോ ഷോപ്പുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നു.

(സി) പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി ഒരു ലോഗോ രൂപകല്പന ചെയ്യുന്നതിന് അനുയോജ്യമായ മാതൃകകൾക്കായി പരസ്യം നൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നടപടിക്രമങ്ങൾ**

28 (*298) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ നിലനില്ക്കുന്ന സങ്കീർണ്ണമായ നടപടിക്രമങ്ങൾ പൊതുജനങ്ങൾക്ക് അനാവശ്യമായ ക്ലേശത്തിനും സമയനഷ്ടത്തിനും ഇടവരുത്തുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലളിതമായ സേവനങ്ങൾക്കു പിന്നിലെ സങ്കീർണ്ണമായ നടപടിക്രമങ്ങൾ അഴിമതി നടത്താൻ ഉദ്യോഗസ്ഥർക്ക് സൗകര്യമൊരുക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) കെട്ടിട നമ്പർ നല്കൽ, കച്ചവട ലൈസൻസ് അനുവദിക്കൽ, അമ്പതു സ്ക്വയർ മീറ്ററിനു താഴെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് കൊമേഴ്സ്യൽ നമ്പർ അനുവദിക്കൽ എന്നീ സേവനങ്ങൾ ഓൺലൈനാക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിച്ച് ജനങ്ങളുടെ ബുദ്ധിമുട്ടുകളൊഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) തദ്ദേശ സ്ഥാപനങ്ങളിൽ സമർപ്പിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് സമയപരിധി നിശ്ചയിച്ച് അതിനുള്ളിൽ തീരുമാനം അപേക്ഷകനെ അറിയിച്ചിട്ടില്ലെങ്കിൽ അപേക്ഷ അംഗീകരിച്ചതായി കരുതത്തക്ക വിധം ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി വരുത്തുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ചില സംഗതികളിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) നഗരസഭകളിൽ കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകൾ നിലവിൽ ഓൺലൈൻ മുഖാന്തിരവും സ്വീകരിച്ചുവരുന്നുണ്ട്. സേവനങ്ങളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും ഓൺലൈൻ സംവിധാനം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(ഡി) കേരള പഞ്ചായത്ത് രാജ് ആക്ടിലും കേരള മുനിസിപ്പാലിറ്റി ആക്ടിലും കൂടാതെ സേവനാവകാശ നിയമത്തിന്റെ പരിധിയിലും ഉൾപ്പെട്ടിട്ടുള്ള സേവനങ്ങൾക്ക് നിശ്ചിത സമയപരിധി നിശ്ചയിച്ച് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവ പ്രകാരം ലൈസൻസിനോ, അനുവാദത്തിനോ, രജിസ്ട്രേഷനോ ഉള്ള അപേക്ഷകൾ സംബന്ധിച്ച തീരുമാനം നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷകനെ അറിയിച്ചിട്ടില്ലെങ്കിൽ, ആ അപേക്ഷ സാധാരണയായി അനുവദിക്കുമായിരുന്ന കാലം വല്ലതുമുണ്ടെങ്കിൽ അക്കാലത്തേയ്ക്ക് സാധാരണയായി വിധേയമാക്കപ്പെടുമായിരുന്ന നിയമത്തിനും ചട്ടങ്ങൾക്കും ബൈലായ്ക്കും എല്ലാ നിബന്ധനകൾക്കും വിധേയമായും അനുവദിക്കപ്പെട്ടിരുന്നതായി കരുതേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ആയതിനാൽ ഇക്കാര്യത്തിൽ നിയമ ഭേദഗതി ആവശ്യമില്ല.

## തരിശുഭൂമിയിൽ കൃഷി

29 (*299) ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തരിശുഭൂമികളിൽ കൃഷി ചെയ്യുന്നതിന് വിപുലമായ പദ്ധതികൾ നടപ്പിലാക്കുമോ;

(ബി) പൊതുജനങ്ങളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും സഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനാവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ എന്തെല്ലാം സഹായങ്ങൾ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരമുള്ള കൃഷിയ്ക്ക് പലിശരഹിത വായ്പ നൽകുന്നതിനും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(ഇ) കാർഷികോത്പന്നങ്ങൾക്ക് ന്യായമായ വില കർഷകർക്ക് ലഭിയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാൻ സാധിയ്ക്കുമെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാനത്തെ കൃഷിയോഗ്യമായ തരിശുഭൂമികൾ മാപ്പിംഗ് നടത്തി നെൽകൃഷിയും പച്ചക്കറി കൃഷിയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ ചമ്പക്കുളം-കൈനകരി റാണി കായലിൽ 210 ഹെക്ടർ, പുല്ലച്ചിറ പാടം 2.2 ഹെക്ടർ, കോഴിക്കോട് ജില്ലയിൽ ആവളപ്പാണ്ടി 120 ഹെക്ടർ, വെളിയാനച്ചാൽ 30 ഹെക്ടർ, കണ്ടംപേട്ടചിറ 160 ഹെക്ടർ മറ്റുള്ളവ 120 ഹെക്ടർ കോട്ടയം ജില്ലയിലെ മെത്രാൻ കായലിൽ 160 ഹെക്ടർ, പത്തനംതിട്ട ജില്ലയിലെ ആറന്മുള പാടശേഖരം 56 ഹെക്ടർ, വയനാട് 109 ഹെക്ടർ, മലപ്പുറം 250 ഹെക്ടർ, തൃശ്ശൂർ 444.67 ഹെക്ടർ എന്നിവയിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ 2016-17-ലെ പച്ചക്കറി കൃഷി വികസന പദ്ധതിയിൻകീഴിൽ തരിശുഭൂമികളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു.

(ബി) തരിശു നിലങ്ങളിൽ കൃഷി ചെയ്യുന്ന എല്ലാ പദ്ധതികളും പൊതുജനങ്ങളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും സഹായ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്.

(സി) കർഷകർക്ക് തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിനുള്ള സാങ്കേതിക സഹായം കൃഷിഭവൻ മുഖേന ലഭ്യമാക്കുന്നു. 700 ഹെക്ടർ തരിശുനിലം നെൽകൃഷി ചെയ്യുന്നതിനായി ഒറ്റത്തവണ സഹായധനമായി ഹെക്ടറിന് 30000 രൂപ നൽകുന്നതിനുള്ള പദ്ധതിയും, 700 ഹെക്ടർ തരിശുനിലത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് ഭൂ ഉടമയ്ക്ക് 5000 രൂപയും കൃഷി ചെയ്യുന്ന ആളിന് 25000 രൂപയും ചേർത്ത് ആകെ 30000 രൂപ ധനസഹായമായി നൽകുന്നു.

(ഡി) തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനും പഴം പച്ചക്കറി കൃഷിയും 3 ലക്ഷം രൂപ വരെയുള്ള തുക പലിശരഹിത വായ്പയായി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം സംസ്ഥാനത്തെ പ്രധാനപ്പെട്ട 25 കാർഷിക വിളകളെ (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കവുങ്ങ്, ഏലം, കശുമാവ്, കൈതച്ചക്ക, ഇഞ്ചി, മഞ്ഞൾ, മരച്ചീനി, കൊക്കോ, നിലക്കടല, കാപ്പി, തേയില, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് എന്നീ വിളകൾ) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വരൾച്ച വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടു തീ, എന്നീ പ്രകൃതിക്ഷോഭങ്ങൾകൊണ്ടുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് പരിരക്ഷ നിലവിലുണ്ട്.

(ഇ) കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില കർഷകർക്ക് ലഭിക്കുന്നതിന് കൃഷി വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. നെല്ലിന് ന്യായവില ഉറപ്പുവരുത്തുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരണവും, നാളികേരത്തിന് ന്യായമായ വില ലഭിക്കുന്നതിന് കേരഫെഡിന്റെ സഹകരണത്തോടെ കൃഷി ഭവനുകളിലൂടെ പച്ചനാളികേര സംഭരണ പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ റബ്ബർ വിലയിടിവിന് പരിഹാരമായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. സംസ്ഥാനത്തെ കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിലും, 5 ജില്ലാ സംഭരണ വിതരണ കേന്ദ്രങ്ങളിലും, കർഷകർക്ക് കാർഷിക ഉല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും പഴം, പച്ചക്കറി കർഷകരെ രക്ഷപ്പെടുത്തുന്നതിനും അവരുടെ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ സംസ്ഥാനത്തെ 14 ജില്ലകളിലുമായി 274 സ്വാശ്രയ കർഷക സമിതികൾ പ്രവർത്തിച്ചുവരുന്നു. ഈ സമിതികളിൽ ഉല്പന്നങ്ങൾ ലേലം ചെയ്താണ് വിപണനം നടത്തുന്നത്. കൂടാതെ കർഷകർക്ക് ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കി ഹോർട്ടികോർപ്പും കർഷകരിൽ നിന്ന് ഉല്പന്നങ്ങൾ സംഭരിക്കുന്നു.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും നടത്തിപ്പും**

30 (*300) ശ്രീ. വി. ജോയി :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും നടത്തിപ്പും സമയബന്ധിതമായി നടത്താത്തതിന്റെ കാരണങ്ങൾ അറിയിക്കുമോ;

(ബി) പദ്ധതി വിഹിതത്തിൽ ഭൂരിഭാഗവും വർഷാവസാനം ചെലവഴിക്കുന്ന രീതി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പദ്ധതി നടത്തിപ്പ് യഥാസമയം നടക്കാതെ പോകുന്നത്, പദ്ധതിയുടെ സാമൂഹിക നേട്ടം പരിമിതപ്പെടുത്തുന്ന സാഹചര്യം ഒഴിവാക്കാൻ കർശന നിർദ്ദേശം നൽകുമോ;

(ഡി) വാർഷിക പദ്ധതി, സ്ഥാപനത്തിന്റെ അധികാര പരിധിയെ ഒറ്റ ഭൂപ്രദേശമായി കണ്ട് ആസൂത്രണം ചെയ്യാതെ വാർഡ് അടിസ്ഥാനത്തിൽ തുക വീതം വയ്ക്കുന്ന രീതി മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പിൻതുടരുന്നത്, ആസൂത്രണ പ്രക്രിയയുടെ ഗുണഫലം ഇല്ലാതാക്കുമെന്നതിനാൽ ഈ പ്രവണത തിരുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം സമയബന്ധിതമായി നടത്തുവാൻ മാർഗ്ഗരേഖയിൽ സമയക്രമം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. 2016-ൽ 14-ാം നിയമസഭാ തെരഞ്ഞെടുപ്പ് നടന്നതിനാൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് സഭകൾ യഥാസമയം കൂടുന്നതിന് സാധിച്ചിട്ടില്ലായെന്നും തന്മൂലം പദ്ധതി രേഖയ്ക്ക് അംഗീകാരം നേടിയെടുക്കുന്നതിനും കാലതാമസം വന്നിട്ടുള്ളതാണ്. കൂടാതെ പുതുതായി രൂപീകരിക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥരുടെ അഭാവം നിമിത്തവും പദ്ധതി രൂപീകരണത്തിൽ കാലതാമസം വന്നിട്ടുള്ളതാണ്. ബഡ്ജറ്റിൽ വകയിരുത്തുന്ന പദ്ധതി തുക ഗഡുക്കളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുകയും ടി തുക ചെലവഴിക്കുകയും ചെയ്യുന്ന രീതിയിൽ മാറ്റം വരുത്തിയതും, സാമ്പത്തിക വർഷ

അവസാനത്തിൽ ബഡ്ജറ്റ് തുകയിൽ കുറവ് വരുത്തി നൽകിയതും 2015-16 വാർഷിക പദ്ധതി അന്തിമമാക്കുന്നതിന് കഴിയാതെ വരുന്നതിന് കാരണമായി. ഇതുമൂലം പദ്ധതി രൂപീകരണത്തിനായി ഉപയോഗിക്കുന്ന സോഫ്റ്റ് വെയറിൽ 2016-17 വാർഷിക പദ്ധതി രൂപീകരണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സാധിക്കാതെ വന്നിട്ടുണ്ട്. കൂടാതെ 2015-ലെ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് നടപടികൾ, 2016-ലെ സംസ്ഥാന തെരഞ്ഞെടുപ്പ് നടപടികൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തേയും നടത്തിപ്പിനേയും ബാധിച്ചിട്ടുണ്ട്.

(ബി) പദ്ധതി ആസൂത്രണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് ഒരു സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പുതന്നെ പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് വകുപ്പുതലത്തിലും സംസ്ഥാനതല കോ-ഓർഡിനേഷൻ യോഗത്തിലും അവലോകനം നടത്താറുണ്ട്. നിലവിൽ പശ്ചാത്തല മേഖലയിൽ ഉൾപ്പെടുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് കൂടുതലായും വർഷാവസാനം തുക ചെലവഴിക്കപ്പെടുന്നത്. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ലഭിക്കുന്ന പദ്ധതി വിഹിതത്തിൽ നിന്നും കൂടുതൽ തുക പശ്ചാത്തല മേഖലയിൽ വകയിരുത്തുന്നതിനാൽ വാർഷാവസാനം കൂടുതൽ തുക ചെലവഴിക്കപ്പെടുന്നു. പശ്ചാത്തല മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കരാറിന്റെ കാലാവധി സാമ്പത്തിക വർഷം അവസാനം വരെയായി നൽകുന്നതിനാൽ കരാറുകാർ സാമ്പത്തിക വർഷാവസാനം മാത്രമേ പ്രവൃത്തികൾ പൂർത്തീകരിക്കുന്നുള്ളൂ. പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ ഇത്തരം പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പദ്ധതികൾ യഥാസമയം നിർവ്വഹണം നടത്തേണ്ടത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ബാധ്യതയാണ്. പദ്ധതികൾ യഥാസമയം നിർവ്വഹണം നടത്താതെ പോകുന്നത് പദ്ധതിയുടെ സാമൂഹിക നേട്ടം അർഹരായവർക്ക് ലഭിക്കുന്നത് കാലതാമസത്തിനിടയാക്കും. വാർഷിക പദ്ധതികളെല്ലാം അതാത് സാമ്പത്തിക വർഷം പൂർത്തീകരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾ യഥാസമയം പദ്ധതി നടത്തിപ്പ് സാമൂഹ്യ നേട്ടം ഉറപ്പുവരുത്തുംവിധം ഏറ്റെടുത്തിട്ടുണ്ട്.

(ഡി) ആസൂത്രണ പ്രക്രിയയുടെ ഗുണഫലം സമൂഹത്തിന് ലഭിക്കുംവിധം വാർഡ്/ഡിവിഷൻ അടിസ്ഥാനത്തിലല്ലാതെ തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ടുകൊണ്ടുള്ളതും സമസ്ത മേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ളതുമായ സമഗ്ര പദ്ധതിയാണ് ആസൂത്രണം ചെയ്തുവരുന്നത്.

## (iv) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ജൈവ വൈവിദ്ധ്യ രജിസ്റ്റർ, ഡാറ്റാബാങ്ക് രൂപീകരണം

1 (2349) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ ഉന്നമനത്തിനായുള്ള ഡാറ്റാബാങ്ക് രൂപീകരണവും, തദ്ദേശസ്വയം ഭരണവകുപ്പും മറ്റു അനുബന്ധ വകുപ്പുകളുമായി ചേർന്ന് ജൈവ വൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കുന്ന പ്രവർത്തനവും ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) മുൻസർക്കാർ ഇതിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) ഡാറ്റാബാങ്ക് രൂപീകരണവും ജൈവ വൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കലും എപ്പോൾ പൂർത്തീകരിക്കാനാകും; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇതിനായി നിയോഗിക്കപ്പെട്ട ഉന്നതതല ഉദ്യോഗസ്ഥർ ആരെല്ലാം; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ വകുപ്പും മറ്റ് അനുബന്ധ വകുപ്പുകളുമായി ചേർന്ന് ജൈവ വൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കുന്ന പദ്ധതി 83% പൂർത്തിയായിട്ടുണ്ട്. ആകെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 854 എണ്ണം ജൈവ വൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ജൈവ വൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് 1,25,000 രൂപയും മുനിസിപ്പാലിറ്റികൾക്ക് 2,50,000 രൂപയും കോർപ്പറേഷനുകൾക്ക് 5,00,000 രൂപ വരെയും വിനിയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ജൈവ വൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കുന്നത്. പദ്ധതി ടി കാലയളവിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ഡി) പേര് വിവരം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ജൈവ വളത്തിന്റെ ഗുണനിലവാരം**

2 (2350) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന ജൈവ വളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കാറുണ്ടോ;

(ബി) കർശനമായ പരിശോധന ഇല്ലാത്തതുകാരണമാണ് ജൈവവളമെന്ന പേരിൽ വ്യാജവളങ്ങളും ഗുണനിലവാരം കുറഞ്ഞവയും സംസ്ഥാനത്ത് വിറ്റഴിക്കപ്പെടാൻ ഇടയാകുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവയുടെ ഗുണനിലവാര പരിശോധന കർശനമാക്കുമോ;

(സി) ജൈവ വളങ്ങൾക്ക് എന്തെങ്കിലും മുദ്ര (മാർക്ക്) നിശ്ചയിച്ചു നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്ന തരത്തിൽ എന്തെങ്കിലും പ്രത്യേക മുദ്ര നിശ്ചയിച്ച് നൽകുമോ?

ഉത്തരം

(എ) 1985-ലെ ഫെർട്ടിലൈസർ (കൺട്രോൾ) ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്. കർണ്ണാടകയിലെ ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന റീജിയണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് എന്ന സ്ഥാപനത്തിലാണ് ഇപ്പോൾ സംസ്ഥാനത്ത് വിറ്റഴിക്കുന്ന 1985-ലെ ഫെർട്ടിലൈസർ (കൺട്രോൾ) ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള ജൈവവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നത്.

(ബി) ഉണ്ട്. ഇതുസംബന്ധിച്ച് രൂപീകരിക്കപ്പെട്ടിട്ടുള്ള ഉന്നതതല സമിതി ഇക്കാര്യങ്ങൾ പരിശോധിച്ചുവരുന്നു. പാലക്കാട് പട്ടാമ്പിയിൽ സംസ്ഥാന കൃഷി വകുപ്പിന്റെ രാസവള ഗുണനിലവാര പരിശോധനശാലയോട് ചേർന്ന് ഒരു ജൈവ ജീവാണുവള ഗുണപരിശോധനാ ലാബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഈ സാമ്പത്തിക വർഷം തന്നെ ടി ലാബ് പ്രവർത്തന സജ്ജമാക്കുന്നതാണ്.

(സി) 1985-ലെ ഫെർട്ടിലൈസർ (കൺട്രോൾ) ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി കേന്ദ്ര ഫെർട്ടിലൈസർ ബോർഡ് വഴി ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്. എന്നാൽ ഇതിനായി പ്രത്യേക മുദ്ര നിശ്ചയിക്കപ്പെട്ടിട്ടില്ല.

**കർഷക സമിതികളുടെ പ്രവർത്തനങ്ങൾ**

3 (2351) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകളിൽ കർഷകരെ ഉൾപ്പെടുത്തി രൂപീകരിച്ചിരിക്കുന്ന സമിതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കാർഷിക മേഖലയിൽ പ്രസ്തുത സമിതിക്ക് ഗുണപരമായ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ കഴിയുന്നതെന്ന് അറിയിക്കാമോ;

(സി) ഇത്തരം സമിതികളിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രതിനിധികൾ സമിതിയുടെ യോഗത്തിൽ പങ്കെടുക്കാത്തത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ സമിതിയുടെ ഘടനയിൽ കാതലായ മാറ്റം വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കൃഷിഭവനുകളിൽ കർഷകരെ ഉൾപ്പെടുത്തി രൂപീകരിച്ചിരിക്കുന്ന പഞ്ചായത്ത് തല (കൃഷിഭവൻ തലം) കാർഷിക വികസന സമിതികൾ മാസത്തിൽ ഒരു പ്രാവശ്യം യോഗം ചേരുന്നു. പഞ്ചായത്ത് തലത്തിലെ കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനാവശ്യമായ നിർദ്ദേശങ്ങളും ചർച്ചകളും നടത്തുന്നു. പ്ലാൻ, പ്രോജക്ട് എന്നിവ തയ്യാറാക്കുന്നതിനും അതാത് പ്രദേശത്തിന്റെ വികസനത്തിനുതകുന്ന പ്രവർത്തനങ്ങളുടെ മുൻഗണന നിശ്ചയിക്കുന്നതിനും സഹായിക്കുന്നു. കൃഷിഭവൻ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾ, ഗുണഭോക്താക്കളെ കണ്ടെത്തൽ, പദ്ധതി നടത്തിപ്പ് എന്നിവയിൽ കൃഷിഭവനെ സഹായിക്കുന്നു.

(ബി) കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനുതകുന്ന നിർദ്ദേശങ്ങൾ കണ്ടെത്തുന്നതിനും പ്രാദേശികമായ പ്രശ്നപരിഹാരങ്ങളിലും ഇത്തരം സമിതിക്ക് ഗുണപരമായ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുന്നു. ഒരു പ്രദേശത്തിന്റെ കൃഷിയുടെ പ്രശ്നങ്ങൾ, കർഷകരുടെ പ്രശ്നങ്ങൾ ഇവയെല്ലാം കൃഷി വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഈ സമിതിക്ക് കഴിയുന്നുണ്ട്.

(സി) ഇത്തരം സമിതികളിലെ പ്രതിനിധികൾ സമിതിയുടെ യോഗത്തിൽ പങ്കെടുക്കാത്തത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ട്. തുടർച്ചയായി മൂന്ന് യോഗത്തിൽ കൂടുതൽ പങ്കെടുക്കാത്ത അംഗങ്ങളെ സമിതിയിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള വ്യവസ്ഥയുണ്ട്.

(ഡി) സമിതിയുടെ ഘടനയിൽ മാറ്റം വരുത്തുന്നതിനാവശ്യമായ പ്രൊപ്പോസൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

## മലപ്പുറം ജില്ലയിലെ കർഷകരുടെ ഇ-രജിസ്ട്രേഷൻ

4 (2352) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ സമഗ്ര വിവരങ്ങൾ ഇ-സാങ്കേതിക വിദ്യയിലേക്ക് മാറ്റുന്ന കർഷക രജിസ്ട്രേഷൻ മലപ്പുറം ജില്ലയിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനകം എത്രപേരുടെ രജിസ്ട്രേഷൻ പൂർത്തിയാക്കി;

(ബി) രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാത്തതുമൂലം ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും, ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും സാധിക്കാത്ത കാര്യം പരിശോധനക്കു വിധേയമാക്കിയിട്ടുണ്ടോ; അതിനുള്ള കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അവ പരിഹരിക്കുന്നതിനും രജിസ്ട്രേഷൻ പൂർത്തീകരിച്ച് തിരിച്ചറിയൽ കാർഡും ആനുകൂല്യങ്ങളും അടിയന്തരമായി വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇതിനകം 1,58,759 പേരുടെ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി&സി) രജിസ്ട്രേഷൻ പൂർത്തീകരിക്കാൻ കഴിയാത്ത കർഷകരുടെ അർഹമായ ആനുകൂല്യം നിഷേധിക്കാത്ത തരത്തിൽ നിലവിൽ കേരളാ ഗവൺമെന്റിന്റെ ഇലക്ട്രോണിക് ബെനിഫിറ്റ് ട്രാൻസ്ഫർ സംവിധാനം വഴി എല്ലാ കർഷകർക്കും പദ്ധതി നിബന്ധനകൾക്കനുസൃതമായി നൽകി വരികയും കേരളാ ഗ്രാമീൺ ബാങ്ക് മുഖേന അഗ്രികാർഡ് വിതരണം നടന്നുവരികയും ചെയ്യുന്നു. രജിസ്ട്രേഷൻ പ്രക്രിയ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചുവരുന്നു.

**ഒല്ലൂർ നിയോജക മണ്ഡലത്തിലെ ഹോർട്ടികോർപ്പിന്റെ വിപണന കേന്ദ്രങ്ങൾ**

5(2353) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ ഹോർട്ടികോർപ്പിന്റെ എത്ര വില്പന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഒല്ലൂർ നിയോജകമണ്ഡലം ഉൾപ്പെടുന്ന പ്രദേശങ്ങളിൽ വില്പന കേന്ദ്രങ്ങൾ തീരെ കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഒല്ലൂർ നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ഹോർട്ടി കോർപ്പിന്റെ വിപണന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഒല്ലൂർ നിയോജക മണ്ഡലത്തിൽ ഹോർട്ടികോർപ്പിന്റെ വിൽപ്പന കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്. സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും ഹോർട്ടികോർപ്പിന്റെ വിപണനകേന്ദ്രങ്ങൾ തുടങ്ങുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**നെൽകൃഷി നടത്തുന്ന ഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

6 (2354) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 24-ാം തീയതി നിയമസഭയിൽ നടത്തിയ നയപ്രഖ്യാപനത്തിൽ നെൽകൃഷി നടത്തുന്ന ഭൂമിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിന് തീവ്രപ്രയത്നം നടത്തുമെന്ന് പ്രഖ്യാപിച്ചത് നടപ്പാക്കാൻ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) കേരളത്തിലുടനീളം ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും ഒരു ജൈവ കൃഷി നയം പ്രഖ്യാപിയ്ക്കുകയും ചെയ്യുമെന്ന് പ്രഖ്യാപിച്ചത് കൈവരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് വിശദമാക്കുമോ?

ഉത്തരം

(എ) നെൽകൃഷി നടത്തുന്ന ഭൂമിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ലഭ്യമായ എല്ലാ കരനെൽ പ്രദേശങ്ങളിലും കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനും തരിശുകിടക്കുന്ന എല്ലാ പാടശേഖരങ്ങളിലും നെൽകൃഷി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ കൃഷിയോഗ്യമായ തരിശു ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ച കരനെൽകൃഷി പദ്ധതി പ്രകാരം 2663 ഹെക്ടർ സ്ഥലത്ത് പുതിയതായി നെൽകൃഷി ആരംഭിച്ചു. ഇതിനുപുറമേ തരിശുകിടന്ന 2105 ഹെക്ടർ സ്ഥലത്ത് നെൽകൃഷി പുനരാരംഭിച്ചു. 1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെയുള്ള ഈ വർഷം നെല്ലിന്റെ വർഷമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. " നമ്മുടെ നെല്ല് നമ്മുടെ അന്നം" എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ നെൽകൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 2017 ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക്, സംസ്ഥാനത്തുതന്നെ ഉത്പ്പാദിച്ച അരി നൽകുന്നതിനും സ്കൂൾ ക്ലബ്ബുകൾ, യുവജന ക്ലബ്ബുകൾ സർക്കാരിതര സംഘടനകൾ, പഞ്ചായത്തുകൾ, അസോസിയേഷനുകൾ, വനിതാ ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വാശ്രയ സംഘങ്ങൾ മുതലായവ മുഖേന നിലവിലെ നെൽകൃഷിയിടങ്ങൾ പരിരക്ഷിക്കുന്നതിനും വാണിജ്യപരമായും വീടുകളോടനുബന്ധിച്ചും നഗരങ്ങളിലും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി അധികോല്പാദനം സാധ്യമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. കൂടാതെ കഴിഞ്ഞ 25 വർഷത്തിനുശേഷം ഈ വർഷം ആലപ്പുഴയിലെ റാണി കായലിൽ 200 ഹെക്ടർ സ്ഥലത്ത് പുഞ്ച കൃഷി

നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 160 ഹെക്ടർ വിസ്തൃതിയുള്ള മെത്രാൻ കായലിലും 56 ഹെക്ടർ വിസ്തൃതിയുള്ള ആറന്മുളയിലും നെൽകൃഷിയിറക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. കോഴിക്കോട് ജില്ലയിലെ ആവളപാണ്ടി ഉൾപ്പെടെയുള്ള പാടശേഖരങ്ങളിലും 760 ഏക്കർ സ്ഥലത്ത് ഈ വർഷം നെൽകൃഷി പുനരാരംഭിക്കും. കൂടാതെ നെൽകൃഷിയുടെ വിസ്തീർണം, ഉത്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ താഴെ വിവരിച്ചിട്ടുള്ള നെൽകൃഷി വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു:

1. സുസ്ഥിര നെൽകൃഷി വികസനം
2. വികസന ഏജൻസികൾക്കുള്ള ഫണ്ട്
3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം
4. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി
5. കരനെൽ കൃഷി വികസനം.
6. നെൽകൃഷി ഉത്പ്പാദന ബോണസ് (നോൺ പ്ലാൻ)
7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)
8. ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി (എൻ.എഫ്.എസ്.എം.)
9. ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഹെക്ടറിന് 7500 രൂപ നിരക്കിൽ ധനസഹായം നൽകി 2000 ഹെക്ടർ തരിശു നിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്.
10. ഇതിനുപുറമേ തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേക്ക് ഒരു ഹെക്ടറിന് 30,000 രൂപ നിരക്കിൽ സഹായധനം അനുവദിക്കുന്നതിനുള്ള പദ്ധതിയും ആസൂത്രണം ചെയ്തിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ ജൈവ കൃഷി വികസന പദ്ധതി നടപ്പാക്കുന്നതിനായി 10 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് കൃഷി ചെയ്യുന്നതിന് 292 ക്ലസ്റ്ററുകൾ രൂപീകരിച്ചു. കർഷകർക്ക് കൃഷിയിടത്തിൽത്തന്നെ ജൈവവളം ഉത്പാദിപ്പിക്കുന്നതിനുവേണ്ടി 146 ബ്ലോക്കുകളിൽ 2920 കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റുകൾ പദ്ധതിയുടെ ഭാഗമായി ആരംഭിച്ചു. നല്ല കൃഷിമുറകൾ പാലിച്ച് കൃഷി

ചെയ്യുന്ന തെരഞ്ഞെടുത്ത ക്ലസ്റ്ററുകൾക്ക് ജൈവ പച്ചക്കറികൾ സംഭരിച്ച് പായ്ക്ക് ചെയ്ത് വിൽപ്പന നടത്തുന്നതിനായി 3 ലക്ഷം രൂപ വീതം 18 ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകുന്നു. ജൈവ കൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജക മണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവകൾക്ക് സംസ്ഥാന തലത്തിൽ അവാർഡുകൾ നൽകുന്നു. കൂടാതെ ജില്ലാതലത്തിൽ മികച്ച 3 ഗ്രാമപഞ്ചായത്തുകൾക്കും അവാർഡ് നൽകുന്നതിനായി 111 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. ജൈവ കാർഷിക ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനായി നിലവിൽ 45 ഇക്കോഷോപ്പുകൾ സ്ഥാപിച്ചുവരുന്നു. കൂടാതെ കാസർഗോഡ് ജില്ലയിൽ 5 ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു.

മേൽ പദ്ധതികൾക്കുപുറമേ പുതിയ 152 ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനും നല്ല കൃഷിമുറകൾ (ജി.എ.പി.) പാലിച്ച് കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ടി രീതിയിൽ കൃഷി ചെയ്യുന്ന ഉൽപ്പന്നങ്ങൾ ലേബലും സർട്ടിഫിക്കേഷനോടുംകൂടി ഇക്കോഷോപ്പ് മുഖാന്തിരം വിൽപ്പന നടത്തുന്നതിന് കിലോയ്ക്ക് 5 രൂപ നിരക്കിൽ പ്രോത്സാഹന തുക (ഇൻസെന്റീവ്) നൽകുന്നതിനും, നിലവിലുള്ള 50 ഇക്കോഷോപ്പുകൾക്ക് പുറമേ പുതിയ 15 ഇക്കോഷോപ്പുകൾ കൂടി സ്ഥാപിക്കുന്നതിനും, ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജക മണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് നിലവിൽ നൽകിവരുന്ന അവാർഡ് തുകയെക്കാൾ കൂടുതൽ തുക നൽകുന്നതിനുമായി 261.31 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ജൈവകൃഷി നയം പ്രഖ്യാപിച്ചതിന്റെ ഭാഗമായി 2015-16-ലെ എല്ലാ ജില്ലകളിലെയും പഞ്ചായത്ത് തലത്തിൽ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ജൈവകൃഷി പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതികൾക്കുപരി സംസ്ഥാനത്ത് ജൈവകൃഷി വ്യാപിപ്പിക്കുന്നതിനായി 50,000 ഹെക്ടർ പ്രദേശത്ത് ഘട്ടംഘട്ടമായി ജൈവകൃഷി നടപ്പിലാക്കാനായി പദ്ധതി തയ്യാറാക്കിവരുന്നു.

## റെസിഡ്യൂൽ ലാബ് ജില്ലാ കേന്ദ്രങ്ങളിൽ ആരംഭിക്കുവാൻ നടപടികൾ

7(2355) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന പച്ചക്കറിയിലെ വിഷാംശങ്ങൾ കണ്ടെത്തുന്ന റെസിഡ്യൂൽ ലാബ് ജില്ലാ കേന്ദ്രങ്ങളിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പച്ചക്കറിയിലെ വിഷാംശങ്ങൾ കണ്ടെത്തുന്ന ലാബ് റിപ്പോർട്ട് ഉടൻ

തന്നെ മാധ്യമങ്ങൾ വഴി ജനങ്ങളെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്ന് ടാക്സ് നൽകി കൊണ്ടുവരുന്ന വിഷാംശങ്ങൾ അടങ്ങിയ പച്ചക്കറിയിലെ വിഷാംശത്തിന്റെ അളവ് ജനങ്ങളെ അറിയിക്കുവാനും അതുവഴി നാടൻ കൃഷിയെ പ്രോത്സാഹിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ജില്ലാ കേന്ദ്രങ്ങളിൽ ലാബ് തുടങ്ങുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരുന്നു. തൃശ്ശൂർ, കാസർഗോഡ്, പടന്നക്കാട് എന്നിവിടങ്ങളിൽ ലബോറട്ടറി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ ലാബ് റിപ്പോർട്ട് സർക്കാർ വെബ്സൈറ്റ് വഴി പ്രസിദ്ധപ്പെടുത്തുന്നുണ്ട്. റിപ്പോർട്ട് മാധ്യമങ്ങൾ വഴി പ്രസിദ്ധീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പഴം, പച്ചക്കറികളുടെ സാമ്പിളുകൾ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബിൽ പരിശോധിച്ച് റിപ്പോർട്ട് സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലിലും കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റിലും മൂന്ന് മാസത്തിലൊരിക്കൽ പ്രസിദ്ധീകരിച്ചുവരുന്നു. ഭക്ഷ്യ സുരക്ഷാവകുപ്പും ഇപ്രകാരം സാമ്പിളുകൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷവിമുക്തമായ പച്ചക്കറികൾ സംഭരിച്ച് പാക്ക് ചെയ്ത് വിൽപ്പന നടത്തുന്നതിലേയ്ക്കും ധനസഹായം നൽകുന്നതുൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

**തരിശുപാടശേഖരങ്ങളിൽ നെൽകൃഷിയിറക്കുന്നതിന് ധനസഹായം**

8 (2356) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി തരിശായി കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷിയിറക്കുന്ന കർഷകർക്കും, പാടശേഖര സമിതികൾക്കും സർക്കാർ എന്തെങ്കിലും ധനസഹായങ്ങൾ അനുവദിക്കുന്നുണ്ടോ;

(ബി) ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്-മുരിങ്ങൂർ ഡിവിഷനെ തരിശുരഹിത കൃഷിഭൂമി ഡിവിഷനായി മാറ്റുന്നതിന്റെ ഭാഗമായി 30 വർഷത്തിലധികമായി കൃഷി ചെയ്യാതെ കിടന്ന മേലൂർ കൈതോലപ്പാടത്ത് നെൽകൃഷിയിറക്കുന്നതിനായുള്ള സമൃദ്ധി പാടശേഖര സമിതിയ്ക്ക് ധനസഹായമടക്കമുള്ള സൗകര്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) വർഷങ്ങളായി തരിശായി കിടന്നിരുന്ന കോട്ടയം ജില്ലയിലെ മെത്രാൻ കായൽ പുനരുജ്ജീവിപ്പിച്ച് 160 ഹെക്ടറിൽ നെൽകൃഷി നടത്തുന്നതിനായി 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ ആറന്മുളയിൽ 56 ഹെക്ടർ തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായി 153.76 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമേ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഹെക്ടറിന് 7500 രൂപ പ്രകാരം 2000 ഹെക്ടർ തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഹെക്ടറിന് 30,000 രൂപ ധനസഹായം നൽകി 2000 ഹെക്ടർ തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

(ബി) 2016-17 വർഷം മുണ്ടകൻ കൃഷി ആരംഭിച്ചിട്ടുള്ള 30 ഏക്കർ മേലൂർ ഗ്രാമപഞ്ചായത്തിലെ സമൃദ്ധി പാടശേഖരത്തിലേയ്ക്ക് നെൽവിത്ത് പൂർണ്ണമായും സൗജന്യത്തിലും കുമ്മായം കിലോയ്ക്ക് 5 രൂപ നിരക്കിലും ഗ്രാമപഞ്ചായത്ത് വിഹിതമായി ഇപ്പോൾ നൽകുന്നുണ്ട്. ത്രിതല പഞ്ചായത്ത് പദ്ധതി പ്രകാരം ജൈവവളത്തിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കും ആനുകൂല്യം നൽകുന്നുണ്ട്. ഇതുകൂടാതെ കൃഷിവകുപ്പിന്റെ, സുസ്ഥിര നെൽകൃഷി വികസനം, ഉത്പാദന ബോണസ്, പാടശേഖര സമിതികൾക്കുള്ള പ്രവർത്തന ചെലവ് എന്നീ പദ്ധതികൾ പ്രകാരവും ധനസഹായം നൽകുന്നുണ്ട്.

### ഒരു നെല്ലും ഒരു മീനും പദ്ധതി

9 (2357) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു നെല്ലും ഒരു മീനും' പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിവരിക്കുമോ;

(ബി) ഏതെല്ലാം കൃഷി നിലങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) എത്ര ഹെക്ടറിലാണ് ഇപ്രകാരം കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇത് നടപ്പാക്കാൻ എന്തു തുക വകയിരുത്തിയിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഫിഷറീസ് വകുപ്പ് മുഖേനയാണ് 'ഒരു നെല്ലും ഒരു മീനും' പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചെയ്ഞ്ചിൽ ഉൾപ്പെടുത്തി 'കൈപ്പാട്, പൊക്കാളി നിലങ്ങളിൽ സംയോജിത മത്സ്യ നെൽകൃഷി പദ്ധതിക്ക് '25 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസി നബാർഡും എക്സിക്യൂട്ടീവ് ഏജൻസി അഡാക്കുമാണ്. കേരളത്തിൽ പല കാരണങ്ങളാൽ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പൊക്കാളി, കൈപ്പാട് നീർത്തട പ്രദേശങ്ങളെ കാലാവസ്ഥ വ്യതിയാനത്തിന്റെ വിപത്തുകളിൽനിന്നും സംരക്ഷിച്ച് ഇവിടങ്ങളിൽ പരമ്പരാഗതമായി നിലനിന്നിരുന്ന നെൽകൃഷിയും മത്സ്യ/ചെമ്മീൻ കൃഷിയും പുനഃസ്ഥാപിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാനത്തെ 600 ഹെക്ടർ പൊക്കാളി, കൈപ്പാട് നീർത്തട പ്രദേശങ്ങളിൽ നെൽകൃഷിയും മത്സ്യകൃഷിയും നടത്താനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. 2015 ഡിസംബർ മാസത്തിൽ അനുവദിച്ച ഈ പദ്ധതി 2015 മുതൽ 2019 വരെ 4 വർഷത്തേയ്ക്കുള്ളതാണ്. കണ്ണൂരിൽ കൈപ്പാട് നിലങ്ങളിൽ 300 ഹെക്ടറിലും പൊക്കാളി നിലങ്ങളിൽ എറണാകുളം ജില്ലയിൽ 100 ഹെക്ടറിലും, തൃശ്ശൂർ ജില്ലയിൽ 100 ഹെക്ടറിലും ആലപ്പുഴ ജില്ലയിൽ 100 ഹെക്ടറിലും കൃഷി നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ പൊക്കാളി പാടങ്ങളിലും കണ്ണൂർ ജില്ലയിലെ കൈപ്പാട് നിലങ്ങളിലുമാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്.

(സി) കണ്ണൂരിൽ കൈപ്പാട് നിലങ്ങളിൽ 300 ഹെക്ടറിലും, പൊക്കാളി നിലങ്ങളിൽ എറണാകുളം ജില്ലയിൽ 100 ഹെക്ടറിലും, തൃശ്ശൂർ ജില്ലയിൽ 100 ഹെക്ടറിലും, ആലപ്പുഴ ജില്ലയിൽ 100 ഹെക്ടറിലും കൃഷി നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) 'കൈപ്പാട്-പൊക്കാളി നിലങ്ങളിൽ സംയോജിത മത്സ്യനെൽകൃഷി പദ്ധതിക്ക് 25 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയും ആദ്യ ഗഡുവായി 5.9988 കോടി രൂപ അനുവദിച്ചിട്ടുമുണ്ട്.

**നമ്മുടെ നെല്ല് നമ്മുടെ അന്നം**

10 (2358) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'നമ്മുടെ നെല്ല് നമ്മുടെ അന്നം' എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) നെല്ലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഏതൊക്കെ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷിയുടെ വ്യാപനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. " നമ്മുടെ നെല്ല് നമ്മുടെ അന്നം" എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ നെൽകൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെയുള്ള ഈ വർഷം നെല്ലിന്റെ വർഷമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. 2017 ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക്, സംസ്ഥാനത്തുതന്നെ ഉത്പാദിപ്പിച്ച അരി നൽകുന്നതിനും സ്കൂൾ ക്ലബ്ബുകൾ, യുവജന ക്ലബ്ബുകൾ, സർക്കാരിതര സംഘടനകൾ, പഞ്ചായത്തുകൾ, അസോസിയേഷനുകൾ, വനിതാ ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വാശ്രയ സംഘങ്ങൾ മുതലായവ മുഖേന നിലവിലെ നെൽകൃഷിയിടങ്ങൾ പരിരക്ഷിക്കുന്നതിനും വാണിജ്യപരമായും വീടുകളോടനുബന്ധിച്ചും നഗരങ്ങളിലും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി അധികോല്പാദനം സാധ്യമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.

നെൽകൃഷിമേഖലയിൽ പുതിയ ഉണർവ് സൃഷ്ടിച്ച് ജൈവരീതിയിലുള്ള ശാസ്ത്രീയ കൃഷിമുറകളിലൂടെയും, ഗ്രൂപ്പ് ഫാമിംഗ്, യന്ത്രവൽക്കരണം, തരിശു നിലങ്ങളും, കരപ്പാടങ്ങളും നെൽകൃഷിയോഗ്യമാക്കൽ, മൂല്യവർദ്ധനവും വിപണി സംവിധാനവും മെച്ചപ്പെടുത്തൽ, പരമ്പരാഗത നെല്ലിനങ്ങളുടെ സംരക്ഷണവും വിത്ത് ബാങ്ക് തയ്യാറാക്കലും, കൃഷി വ്യാപനം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ നെൽകൃഷി കൂടുതൽ ലാഭകരമാക്കി ആഭ്യന്തരമായി ഉല്പാദിപ്പിച്ച അരി ഉപയോഗി ക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് അനുബന്ധമേഖലകളെ പ്രോത്സാഹിപ്പി ക്കുന്നതിന് 2016 ഓണം മുതൽ 2017 ഓണം വരെയുള്ള കാലയളവ് നെൽ വർഷമായി ആചരിക്കുവാൻ സർക്കാർ ഉത്തരവ് നമ്പർ 124/2016/കൃഷി തീയതി 11-8-2016 പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 1970-കളിൽ 8.5 ലക്ഷം ഹെക്ടർ നെൽകൃഷിയുണ്ടായിരുന്നത് വർഷംതോറും കുറഞ്ഞ് കുറഞ്ഞ് ഇപ്പോൾ രണ്ട് ലക്ഷം ഹെക്ടറിൽ താഴെയായിരിക്കുന്നു. കേരളത്തിന്റെ പ്രത്യേക സാമൂഹിക പശ്ചാത്തലത്തിൽ കൃഷി ചെയ്തുവന്നിരുന്ന അത്രയും സ്ഥലങ്ങൾ തിരിച്ചുകൊണ്ടുവന്ന് സ്വയംപര്യാപ്തതയിൽ എത്തിച്ചേരുക എന്നത് വളരെ ബുദ്ധിമുട്ടേറിയ കാര്യമാണ്. ആയതിനാൽ നെൽകൃഷിയുടെ വിസ്തൃതി പരമാവധി വർദ്ധിപ്പിച്ചും നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിച്ചും അരിയുടെ ആകെ ഉല്പാദനം ഘട്ടംഘട്ടമായി വർദ്ധിപ്പിക്കുന്നതാണ്. അരിയുടെ ഉല്പാദനത്തിൽ

കേരളത്തെ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടി ഈ സർക്കാർ നെൽകൃഷിയുടെ വിസ്തൃതി, ഉത്പ്പാദനം, ഉത്പ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കാനുതകുന്ന വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനും തരിശ് കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരനെൽ കൃഷി ഈ വർഷം ആദ്യഘട്ടം എന്നനിലയിൽ 2560 ഹെക്ടർ ലക്ഷ്യമിട്ടിരുന്നു. 2663 ഹെക്ടർ കൃഷി നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. 5 വർഷംകൊണ്ട് ഒരു ലക്ഷം ഹെക്ടറായും വ്യാപിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിനുപുറമേ കൃഷിയോഗ്യമായ തരിശു ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കഴിഞ്ഞ 25 വർഷത്തിനുശേഷം ഈ വർഷം ആലപ്പുഴയിലെ റാണി കായലിൽ 200 ഹെക്ടർ സ്ഥലത്ത് പുഞ്ച കൃഷി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. 2016 ഒക്ടോബർ 20-നുമുമ്പായി വിത പൂർത്തീകരിക്കുന്നതാണ്. കൂടാതെ 160 ഹെക്ടർ വിസ്തൃതിയുള്ള മെത്രാൻ കായലിലും 56 ഹെക്ടർ വിസ്തൃതിയുള്ള ആറന്മുളയിലും നെൽകൃഷിയിറക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. കോഴിക്കോട് ജില്ലയിലെ ആവളപാണ്ടി ഉൾപ്പെടെയുള്ള പാടശേഖരങ്ങളിലും 760 ഏക്കർ സ്ഥലത്ത് ഈ വർഷം നെൽകൃഷി പുനരാരംഭിക്കും. ഒരുപൂ കൃഷി ഇരുപൂ കൃഷിയാക്കിയും ഇരുപ്പൂ കൃഷി മൂന്ന് പൂ കൃഷിയാക്കിയും മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഹെക്ടറിന് 7500 രൂപ നിരക്കിൽ ധനസഹായം നൽകി 2000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. കൂടാതെ ചുവടെ ചേർക്കുന്ന വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്.

1. സുസ്ഥിര നെൽകൃഷി വികസനം
2. വികസന ഏജൻസികൾക്കുള്ള ഫണ്ട്
3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം
4. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി
5. കരനെൽ കൃഷി വികസനം.
6. നെൽകൃഷി ഉത്പ്പാദന ബോണസ് (നോൺ പ്ലാൻ)
7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)
8. ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി (എൻ.എഫ്.എസ്.എം.)

## കേര വെളിച്ചെണ്ണ

11 (2359) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം രീതിയിലാണ് കേരഫെഡ് തേങ്ങ സംഭരിക്കുന്നതെന്ന് വിശദമാക്കുമോ; ഇതരസംസ്ഥാനങ്ങളിൽ നിന്നും തേങ്ങ വാങ്ങുന്നുണ്ടോ;

(ബി) കേരഫെഡ് വിപണനം ചെയ്യുന്ന 'കേര വെളിച്ചെണ്ണ' പൂർണ്ണമായും കേരഫെഡ് ഉല്പാദിപ്പിക്കുന്നതാണോയെന്നു വെളിപ്പെടുത്താമോ ;

(സി) കേര വെളിച്ചെണ്ണയിൽ മായം ചേർത്തതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസുകൾ ഉണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കൃഷി ഭവനുകളിൽ രജിസ്റ്റർ ചെയ്ത കേര കർഷകരിൽ നിന്നും കൃഷി ഓഫീസർ നൽകുന്ന തിരിച്ചറിയൽ രേഖകളുടെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുക്കപ്പെട്ട 387 കൃഷി ഭവനുകൾ വഴി കൃഷി വകുപ്പും, കേരഫെഡും സംയുക്തമായി പച്ചത്തേങ്ങ സംഭരിക്കുന്നത്. ഇതര സംസ്ഥാനങ്ങളിൽ നിന്നും തേങ്ങ വാങ്ങുന്നില്ല.

(ബി) കേരവെളിച്ചെണ്ണ പൂർണ്ണമായും കേരഫെഡ് ഉത്പാദിപ്പിക്കുന്നതാണ്.

(സി) കേര വെളിച്ചെണ്ണയിൽ യാതൊരു മായവും ചേർക്കുന്നില്ല. ഇതുസംബന്ധിച്ച് ഒരു കേസും നിലവിലില്ല.

## വിള ഇൻഷ്വറൻസ്

12 (2360) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭംമൂലം കൃഷി നാശം വന്നാൽ സർക്കാർ നൽകുന്ന നഷ്ടപരിഹാരം വളരെ തുച്ഛമായതിനാൽ വിള ഇൻഷുറൻസിനായുള്ള പ്രീമിയത്തിന്റെ മുഴുവൻ തുകയും സർക്കാർ വഹിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നത് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്നാണ്. ഇതിനായുള്ള നഷ്ടപരിഹാര നിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്രസർക്കാർ ആണ്. സംസ്ഥാനത്ത് നിലവിലുള്ള വിള ഇൻഷ്വറൻസ് പദ്ധതിക്ക് 12.5 കോടി രൂപ വകയിരുത്തുകയും ആയത് കാലോചിതമായി പരിഷ്കരിക്കുന്നതിനും തീരുമാനിച്ചിട്ടുമുണ്ട്.

## കൃഷിനാശം തിട്ടപ്പെടുത്തുന്നതിനുള്ള നടപടി

13(2361) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാകാലങ്ങളിൽ പ്രകൃതിക്ഷോഭത്തിലും മറ്റും ഉണ്ടാകുന്ന വ്യാപകമായ കൃഷി നാശങ്ങൾ സമയബന്ധിതമായി തിട്ടപ്പെടുത്തുന്നതിന് കഴിയാത്ത സാഹചര്യം നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം തിട്ടപ്പെടുത്തലിനായി റവന്യൂ/തദ്ദേശ സ്വയംഭരണം എന്നിവ ഉൾപ്പെടെയുള്ള ഇതര വകുപ്പുകളുടെ കൂടി സേവനം ഉപയോഗപ്പെടുത്തി പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അടിസ്ഥാനത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ കൃഷിനാശം സമയബന്ധിതമായി തിട്ടപ്പെടുത്തിവരുന്നുണ്ട്.

(ബി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## കൃഷി ഭവനിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

14 (2362) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എത്ര കൃഷിഭവനുകളിൽ കൃഷി ഓഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും ഇവ ഏതെല്ലാമെന്നും ഇവയിൽ എപ്പോൾ നിയമനം നടത്തുമെന്നും വ്യക്തമാക്കുമോ;

(ബി) കൃഷി അസിസ്റ്റന്റുമാരുടെ തസ്തിക ഒഴിഞ്ഞ് കിടക്കുന്ന എത്ര കൃഷി ഭവനുകൾ കണ്ണൂർ ജില്ലയിലുണ്ടെന്നും ഇവയിൽ എപ്പോൾ നിയമനം നടത്തുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ 23 കൃഷിഭവനുകളിൽ കൃഷി ഓഫീസർ തസ്തിക ഒഴിഞ്ഞ് കിടക്കുന്നുണ്ട്. അവ ചുവടെ ചേർക്കുന്നു. കൊട്ടിയൂർ, ആലക്കോട്, ആറളം, പായം, കോളയാട്, ചെമ്പലോട്, കീഴല്ലൂർ, മട്ടന്നൂർ, ചപ്പാരപ്പടവ്, ഉളിക്കൽ, കുറ്റ്യാട്ടൂർ, നടുവിൽ, എരമം-കുറ്റൂർ, മലപ്പട്ടം, മയ്യിൽ, കൂടാളി, വേങ്ങാട്, കുത്തുപറമ്പ്, കതിരൂർ, ചൊക്ലി, പെരളശ്ശേരി, പള്ളിക്കുന്ന്, പാപ്പിനിശ്ശേരി. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും കൃഷി ഓഫീസർമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പി.എസ്.സി. റാങ്ക് ലിസ്റ്റ് അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പെരിങ്ങളം, മട്ടന്നൂർ, എരഞ്ഞോളി, കൊട്ടിയൂർ എന്നീ കൃഷി ഭവനുകളിലായി കൃഷി അസിസ്റ്റന്റുമാരുടെ 4 ഒഴിവുകൾ നിലവിലുണ്ട്. പി.എസ്.സി.-യിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

## കൃഷിഭവനുകളിലെ ഒഴിവുകൾ നികത്താൻ നടപടി

15 (2363) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ മാറക്കര, പൊന്മള, ഇരിമ്പിളിയം, വളാഞ്ചേരി കൃഷി ഭവനുകളിൽ അടിയന്തരമായി കൃഷി ഓഫീസറെയും അനുബന്ധ സ്റ്റാഫിനെയും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ കൃഷിഭവനുകളിലെ ഒഴിവുകളുടെ എണ്ണം വിശദമാക്കുമോ?

ഉത്തരം

(എ) പൊന്മള, ഇരിമ്പിളിയം എന്നീ കൃഷി ഭവനുകളിൽ കൃഷി ഓഫീസർ നിലവിലുണ്ട്. മലപ്പുറം ജില്ലയിലെ കൃഷി ഭവനുകളിൽ കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ നിലവിലില്ല. കൃഷി ഓഫീസർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി കൃഷി ഓഫീസർമാരെ താത്ക്കാലികമായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ജില്ലയിലെ കൃഷി ഭവനുകളിൽ കൃഷി ഓഫീസർമാരുടെ ആകെ 30 ഒഴിവുകളുണ്ട്. അതിൽ 7 ഒഴിവുകളിൽ കരാറടിസ്ഥാനത്തിൽ കൃഷി ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ നിലവിലില്ല.

## തരിശുരഹിത കേരളം

16 (2364) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരിശു രഹിത കേരളം എന്ന ലക്ഷ്യസാക്ഷാത്കാരത്തിനായി കൃഷിവകുപ്പ് ഏതെങ്കിലും പുതിയ പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

സംസ്ഥാനത്തെ കൃഷിയോഗ്യമായ തരിശു ഭൂമികൾ മാപ്പിംഗ് നടത്തി നെൽകൃഷിയും പച്ചക്കറി കൃഷിയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തരിശുനിലങ്ങൾ നെൽകൃഷി ചെയ്യുന്നതിനായി സഹായധനമായി ഹെക്ടറിന് 30,000 രൂപ നൽകുന്നതിനുള്ള പദ്ധതിയും ആസൂത്രണം ചെയ്തിട്ടുണ്ട്. ആർ.കെ.വി.വൈ. പ്രകാരം ഹെക്ടറിന് 7500 രൂപ നിരക്കിൽ ധനസഹായം നൽകി 2000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഒരുപ്പൂ കൃഷി ഇരുപ്പൂ ആക്കുന്നതിനും ഇരുപ്പൂ കൃഷി മൂന്നു പൂ കൃഷി ആക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2016-17-ലെ പച്ചക്കറി കൃഷി വികസന പദ്ധതിയിൻകീഴിൽ തരിശുഭൂമികളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

## തരിശുഭൂമികളിൽ കൃഷി ചെയ്യുന്നതിന് പദ്ധതി

17 (2365) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശ് ഭൂമികളിൽ കൃഷി ചെയ്യുന്നതിന് വിശദമായ പദ്ധതി നടപ്പിലാക്കുമോ; വിശദാംശം അറിയിക്കുമോ;

(ബി) തദ്ദേശ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും സഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കുമോ;

(സി) ഇവയ്ക്ക് ആവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കൃഷി ചെയ്യുന്നതിന് പലിശ രഹിത വായ്പ നൽകുന്നതിനും, കൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(ഇ) ഇങ്ങനെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് ന്യായമായ വില കർഷകന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ ഇവയുടെ വിശദാംശം അറിയിക്കുമോ ?

### ഉത്തരം

(എ) സംസ്ഥാനത്തെ കൃഷിയോഗ്യമായ തരിശു ഭൂമികൾ മാപ്പിംഗ് നടത്തി നെൽകൃഷിയും പച്ചക്കറി കൃഷിയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ 212.2 ഹെക്ടർ, കോഴിക്കോട് ജില്ലയിൽ 430 ഹെക്ടർ, കോട്ടയം ജില്ലയിൽ 160 ഹെക്ടർ, പത്തനംതിട്ട ജില്ലയിലെ 500 ഹെക്ടർ, വയനാട് 109 ഹെക്ടർ, മലപ്പുറം 250 ഹെക്ടർ, തൃശ്ശൂർ 444.67 ഹെക്ടർ എന്നിവയിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ 2016-17-ലെ പച്ചക്കറി കൃഷി വികസന പദ്ധതിയിൻകീഴിൽ തരിശുഭൂമികളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) തരിശ് നിലങ്ങളിൽ കൃഷി പൊതുജനങ്ങളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും സഹായ സഹകരണത്തോടെയാണ് നടപ്പിലാക്കിവരുന്നത്.

(സി) കർഷകർക്ക് തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിനുള്ള സാങ്കേതിക സഹായം കൃഷിഭവൻ മുഖേന ലഭ്യമാക്കുന്നു. തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിനായി ഒറ്റത്തവണ സഹായധനമായി ഹെക്ടറിന് 30,000 രൂപ നൽകുന്നതിനുള്ള പദ്ധതി പുതുതായി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ പച്ചക്കറി കൃഷിക്ക് ഒരു ഹെക്ടറിൽ ഭൂ ഉടമയ്ക്ക് 5,000 രൂപയും കൃഷി ചെയ്യുന്ന ആളിന് 25,000 രൂപയും ചേർത്ത് ആകെ 30,000 രൂപ ധനസഹായമായി നൽകുന്നു.

(ഡി) തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് പലിശ രഹിത വായ്പ നൽകിവരുന്നു. പഴം, പച്ചക്കറി കൃഷിക്കും 3 ലക്ഷം രൂപവരെയുള്ള തുക പലിശ രഹിത വായ്പയായി നൽകാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചുവരുന്നു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം സംസ്ഥാനത്തെ പ്രധാനപ്പെട്ട 25 കാർഷിക വിളകളെ (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കവുങ്ങ്, ഏലം, കശുമാവ്, കൈതച്ചക്ക, ഇഞ്ചി, മഞ്ഞൾ, മരച്ചീനി, കൊക്കോ, നിലക്കടല, കാപ്പി, തേയില, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് എന്നീ വിളകൾ) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രകൃതിക്ഷോഭങ്ങൾ കൊണ്ടുണ്ടാകുന്ന നാശനഷ്ടങ്ങൾക്കാണ് പദ്ധതിയുടെ സംരക്ഷണം ലഭിക്കുക.

(ഇ) നെല്ലിന് ന്യായവില ഉറപ്പുവരുത്തുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരണവും നാളികേരത്തിന് ന്യായമായ വില ലഭിക്കുന്നതിന് കേരഫെഡിന്റെ സഹകരണത്തോടെ കൃഷി ഭവനുകളിലൂടെ പച്ചത്തേങ്ങ സംഭരണ പദ്ധതിയും നടപ്പിലാക്കിവരുന്നു. റബ്ബർ വിലയിടിവിന് പരിഹാരമായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. സംസ്ഥാനത്തെ കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിലും 5 ജില്ലാ സംഭരണ വിതരണ കേന്ദ്രങ്ങളിലും കർഷകർക്ക് കാർഷിക ഉൽപ്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. പഴം, പച്ചക്കറി കർഷകരുടെ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിന് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ 14 ജില്ലകളിലുമായി 274 സ്വാശ്രയകർഷക സമിതികൾ പ്രവർത്തിച്ചുവരുന്നു. ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കി ഹോർട്ടികോർപ്പും കർഷകരിൽ നിന്ന് ഉൽപ്പന്നങ്ങൾ സംഭരിക്കുന്നു.

**തരിശു പാടങ്ങളിൽ കൃഷി**

18(2366) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശു പാടങ്ങളിൽ കൃഷിയിറക്കുന്നതിനുള്ള പദ്ധതികൾ പലതുണ്ടായിട്ടും, അവ പ്രയോഗത്തിലാവാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കൃഷി വകുപ്പ് ഉദ്യോഗസ്ഥർ തന്നെ പ്രോത്സാഹനം നൽകുന്നതിനു പകരം കർഷകരെ ദ്രോഹിച്ച് നിരുത്സാഹപ്പെടുത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് തരിശിട്ടിട്ടുള്ള പാടശേഖരങ്ങളുടെയും നെൽവയലുകളുടെയും സ്ഥിതിവിവര കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും അവയുടെ വിസ്തൃതി എത്രയാണെന്നതിന്റെ വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. തരിശുപാടങ്ങളിൽ നെൽകൃഷി തിരിച്ചുകൊണ്ടു വന്ന് കൃഷി യോഗ്യമാക്കുന്നതിന് വർദ്ധിച്ച പ്രാഥമിക ചെലവ് വരുന്നുണ്ട്. ഇത് കർഷകർക്ക് താങ്ങാവുന്നതല്ല.

(ബി) ഇല്ല.

(സി) ഉണ്ട്. സംസ്ഥാനത്ത് ആകെ 36686.772 ഹെക്ടർ പാടശേഖരങ്ങളും നെൽവയലുകളും തരിശായിട്ടുള്ളതായാണ് കൃഷി വകുപ്പ് കണക്കാക്കിയിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**സമഗ്ര ജൈവ പച്ചക്കറി വ്യാപന പദ്ധതി**

19 (2367) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആവശ്യത്തിനനുസൃതമായി ജൈവപച്ചക്കറികളുടെ ലഭ്യത ഉറപ്പാക്കുന്നതിന് സാധ്യമല്ലാത്ത നിലവിലെ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) തദ്ദേശസ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ് എന്നിവയെ സംയുക്തമായി സഹകരിപ്പിച്ച് സംസ്ഥാനത്ത് ഇതരവകുപ്പുകളുടെ കൈവശമുള്ള കൃഷിയ്ക്കുപയുക്തമാക്കാവുന്ന തരിശായി കിടക്കുന്നതും ബന്ധപ്പെട്ട വകുപ്പുകൾക്ക് ഉപയോഗമില്ലാത്തതുമായ ഭൂമി തിട്ടപ്പെടുത്തി ഒരു സമഗ്ര ജൈവപച്ചക്കറി വ്യാപനപദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(സി) ഇത്തരത്തിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങളെന്തെല്ലാമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അത്തരമൊരു വിലയിരുത്തൽ നടത്തി ഇത്തരം പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് വേണ്ട സത്വര നടപടി സ്വീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കൃഷി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഗുണനിലവാരമുള്ള പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനും വിഷരഹിത പച്ചക്കറികൾ വിതരണം ചെയ്യുന്നതിനും കർഷകരെ പ്രാപ്തരാക്കുന്നതിനു വേണ്ടി സമഗ്ര പച്ചക്കറി മിഷന്റെ ഭാഗമായി കേരളത്തിലെ 50,000 ഹെക്ടർ പ്രദേശത്ത് നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ടുള്ള ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് വിശദമായ ഒരു രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. രൂപരേഖയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു:

1. ക്ലസ്റ്ററുകൾ മുഖേന 41520 ഹെക്ടർ പ്രദേശത്ത് ജൈവ പച്ചക്കറി വ്യാപനം.
2. കൃഷി വകുപ്പിന്റെ ഫാമുകളിൽ മൊത്തം 250 ഹെക്ടർ പ്രദേശത്ത് കർശനമായും നല്ല കൃഷി രീതികൾ അവലംബിച്ചു കൊണ്ടുള്ള പച്ചക്കറി കൃഷി.
3. കൃഷി ഓഫീസർ തന്റെ പരിധിയിൽ വരുന്ന, കാർഷിക പ്രവർത്തനങ്ങൾക്ക് അനുയോജ്യമായതും ഉപയോഗശൂന്യമായി കിടക്കുന്നതുമായ പ്രദേശങ്ങൾ കണ്ടെത്തി നല്ല കൃഷിരീതികൾ അവലംബിച്ചുകൊണ്ടുള്ള ജൈവപച്ചക്കറി ഉൽപ്പാദനത്തിന് നേതൃത്വം കൊടുക്കാൻ നിർദ്ദേശം നൽകുക. (406 ഹെക്ടർ പ്രദേശം ഈ വിധത്തിൽ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നു).
4. 7824 ഹെക്ടർ പ്രദേശത്ത് അടുക്കളത്തോട്ടം സ്ഥാപിക്കൽ.

സംസ്ഥാനത്ത് പച്ചക്കറികളുടെ ഉല്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിന് പച്ചക്കറി വികസന പദ്ധതി പ്രകാരം താഴെപ്പറയുന്ന ഘടകങ്ങൾ നടപ്പിലാക്കി വരുന്നു:

1. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക.
2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം.
3. വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി.
4. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവത്ക്കരണം, പ്രചരണം.

5. ജില്ലാ ക്ലസ്റ്റർ വികസനം.

6. അവാർഡ് നൽകി മികച്ച കർഷകരെ പ്രോത്സാഹിപ്പിക്കൽ.

7. സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനത്തോട്ടം.

8. എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം

9. കിഴങ്ങുവർഗ്ഗവിളകളുടെ പ്രോത്സാഹനം.

10. ബ്ലോക്ക്തല ഫെഡറേറ്റഡ് സമിതികൾ.

11. ബ്ലോക്ക്തല നഴ്സറികളുടെ വികസനം.

12. മഴമറകൾ സ്ഥാപിക്കൽ

13. സങ്കര വിത്തിനങ്ങളുടെ പ്രദർശന തോട്ടം

14. സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും.

15. തരിശു നില കൃഷി, മാധ്യമങ്ങൾ വഴിയുള്ള വിത്തു വിതരണം.

16. എൻ.ജി.ഒ.-കൾ മുഖേന വീട്ടുവളപ്പിൽ കൃഷി.

17. കേരളകാർഷിക സർവ്വകലാശാലയുടെ സേഫ്-ടു-ഈറ്റ് പ്രോജക്ട്.

(സി) വിലയിരുത്തിയിട്ടുണ്ട്. ജലസേചനം, ഗതാഗതം, വിപണനം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, തൊഴിലാളികളുടെ അപര്യാപ്തത, കൃഷിയിടങ്ങളിൽ തന്നെയുള്ള ജൈവവളങ്ങളുടെ ലഭ്യതക്കുറവ്, വന്യമൃഗങ്ങളുടെ ആക്രമണം മൂലമുള്ള കൃഷിനാശം മുതലായവയാണ് ചില സാങ്കേതിക തടസ്സങ്ങൾ.

(ഡി) ബാധകമല്ല.

## നെല്ല്, പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത

20 (2368) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല്, പച്ചക്കറി എന്നിവയുടെ ഉൽപ്പാദനത്തിൽ കേരളം നിലവിൽ സ്വയംപര്യാപ്ത സംസ്ഥാനമാണോ ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് സമയബന്ധിതമായ കർമ്മ പദ്ധതികൾ നടപ്പിലാക്കുമോ; ഇതിലേയ്ക്കായി എന്തെങ്കിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ;

(സി) നടപടികളുടെ സാങ്കേതിക കാലതാമസ്സങ്ങളൊഴിവാക്കി സമയബന്ധിതമായ കർമ്മപദ്ധതി നടപ്പിലാക്കി അതിന്റെ ഫലം സമൂഹത്തിന് നൽകാൻ കഴിയുമോ?

<u>ഉത്തരം</u>

(എ) അല്ല.

<u>നെല്ല്</u>

നെല്ലുല്പാദനത്തിൽ കേരളം സ്വയംപര്യാപ്തമല്ല. സംസ്ഥാനത്ത് 1970 കളിൽ 8.5 ലക്ഷം ഹെക്ടർ നെൽകൃഷിയുണ്ടായിരുന്നത് വർഷംതോറും കുറഞ്ഞുകുറഞ്ഞ് ഇപ്പോൾ 2 ലക്ഷം ഹെക്ടറിൽ താഴെയായിരിക്കുന്നു. കേരളത്തിലെ ജനസംഖ്യാ കണക്കുപ്രകാരം ഏകദേശം 40 ലക്ഷം മെട്രിക് ടൺ അരി സംസ്ഥാനത്ത് ആവശ്യമായുണ്ട്. എന്നാൽ ആഭ്യന്തര ഉൽപ്പാദനം 20 ശതമാനത്തിൽ താഴെയാണ്. കേരളത്തിന്റെ പ്രത്യേക സാമൂഹിക പശ്ചാത്തലത്തിൽ കൃഷി ചെയ്തുവന്നിരുന്ന അത്രയും സ്ഥലങ്ങൾ തിരിച്ചുകൊണ്ടുവന്ന് സ്വയംപര്യാപ്തതയിൽ എത്തിച്ചേരുക എന്നത് വളരെ ബുദ്ധിമുട്ടേറിയ കാര്യമാണ്. ആയതിനാൽ പരമാവധി വർദ്ധിപ്പിക്കാൻ സാധിക്കുന്ന വിസ്തീർണ്ണം കൂട്ടിയും നിലവിലുള്ളത് സംരക്ഷിച്ചും നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിച്ചും അരിയുടെ ആകെ ഉല്പാദനം ഘട്ടംഘട്ടമായി വർദ്ധിപ്പിക്കുന്നതാണ്.

<u>പച്ചക്കറി</u>

ഇക്കഴിഞ്ഞ ഓണക്കാലത്ത് സംസ്ഥാനത്ത് ആവശ്യമായിവന്ന 4873 ടൺ പച്ചക്കറിയിൽ 3042 ടൺ പച്ചക്കറിയും കേരളത്തിലെ കർഷകർ ഉല്പാദിപ്പിച്ചതാണ്. പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി നിലവിൽ സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) I. <u>നെല്ല്</u>

1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെയുള്ള ഒരു വർഷം നെല്ലിന്റെ വർഷമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. 'നമ്മുടെ നെല്ല് നമ്മുടെ അന്നം' എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ നെൽകൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2017 ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക് സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിച്ച അരി നൽകുകയെന്ന ലക്ഷ്യത്തോടെ ഓരോ ജില്ലയിലും നെൽകൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ വീതം തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സ്കൂൾ, ക്ലബ്ബുകൾ, യുവജന ക്ലബ്ബുകൾ സർക്കാരിതര

സംഘടനകൾ, പഞ്ചായത്തുകൾ, അസോസിയേഷനുകൾ, വനിതാ ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വാശ്രയ സംഘങ്ങൾ മുതലായവ മുഖേന നിലവിലെ നെൽകൃഷിയിടങ്ങൾ പരിരക്ഷിക്കുന്നതിനും വാണിജ്യപരമായും വീടുകളോടനുബന്ധിച്ചും നഗരങ്ങളിലും നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും അതുവഴി അധികോല്പാദനം സാദ്ധ്യമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. നെൽകൃഷി നടത്തുന്ന ഭൂമിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ലഭ്യമായ എല്ലാ കരനെൽ പ്രദേശങ്ങളിലും കരനെൽ കൃഷി വ്യാപിപ്പിക്കുന്നതിനും തരിശ് കിടക്കുന്ന എല്ലാ പാടശേഖരങ്ങളിലും നെൽകൃഷി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനുപുറമേ കൃഷിയോഗ്യമായ തരിശുഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 2017 ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക് സംസ്ഥാനത്തു തന്നെ ഉല്പാദിപ്പിച്ച അരി നൽകുന്നതിനും സ്കൂൾ ക്ലബ്ബുകൾ, യുവജന ക്ലബ്ബുകൾ, സർക്കാരിതര സംഘടനകൾ, വനിതാ ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വാശ്രയ സംഘങ്ങൾ മുതലായവ മുഖേന നിലവിലെ നെൽകൃഷിയിടങ്ങൾ പരിരക്ഷിക്കുന്നതിനും വാണിജ്യപരമായും വീടുകളോടനുബന്ധിച്ചും നഗരങ്ങളിലും നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും അതുവഴി അധികോല്പാദനം സാദ്ധ്യമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.

നെൽകൃഷി മേഖലയിൽ പുതിയ ഉണർവ് സൃഷ്ടിച്ച് ആഭ്യന്തരമായി ഉല്പാദിപ്പിച്ച അരി ഉപയോഗിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് അനുബന്ധമേഖലകളെ പ്രോൽസാഹിപ്പിക്കുന്നതിന് 2016 ഓണം മുതൽ 2017 ഓണം വരെയുള്ള കാലയളവ് നെൽവർഷമായി ആചരിക്കുവാൻ സർക്കാർ ഉത്തരവ് നമ്പർ 124/2016/കൃഷി തീയതി 11-8-2016 പ്രകാരം ഉത്തരവായിട്ടുണ്ട്.

നെൽകൃഷിയുടെ വിസ്തീർണ്ണം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ താഴെ വിവരിച്ചിട്ടുള്ള നെൽകൃഷി വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു:

1. <u>സുസ്ഥിര നെൽകൃഷി വികസനം:-</u> ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉല്പാദനോപാധികളുടെ ചെലവിനായി 1500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേയ്ക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

2. <u>വികസന ഏജൻസികൾക്കുള്ള ഫണ്ട്:</u> നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

3. <u>പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം:-</u> പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല രക്തശാലി, ബസ്മതി) എന്നിവയുടെ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 10000 രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

4. <u>പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി:-</u> പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ 1,25,000 ഹെക്ടർ പ്രദേശത്തേയ്ക്ക് പദ്ധതി നടപ്പിലാക്കിവരുന്നു.

5. <u>കരനെൽകൃഷി വികസനം:-</u> സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2560 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600 രൂപ സബ്സിഡി) ആകെ 348.16 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കിവരുന്നു.

6. <u>നെൽകൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ)</u>:- നെൽ കർഷകർക്ക് ഉൽപ്പാദന ബോണസായി ഹെക്ടറിന് 1000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

7. <u>കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)</u>:- നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റ് വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചു വരുന്നു. 2016-17 വർഷം 3443 ലക്ഷം രൂപ ഇതിലേയ്ക്കായി അനുവദിക്കുകയുണ്ടായി.

8. <u>ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി (എൻ.എഫ്.എസ്.എം):-</u> ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി 243 ലക്ഷം രൂപ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

9. ആർ. കെ. വി. വൈ. പദ്ധതി പ്രകാരം ഹെക്ടറിന് 7500 രൂപ നിരക്കിൽ ധനസഹായം നൽകി 2000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്.

10. തരിശു നിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേയ്ക്ക് ഒരു ഹെക്ടറിന് 30000 രൂപ നിരക്കിൽ സഹായധനം അനുവദിക്കുന്നതിനുള്ള പദ്ധതിയും ആസൂത്രണം ചെയ്തിട്ടുണ്ട്.

II. പച്ചക്കറി:- സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഈ വർഷം താഴെപ്പറയുന്ന പദ്ധതി ഘടകങ്ങളാണ് നടപ്പിലാക്കി കൊണ്ടിരിക്കുന്നത്.

പദ്ധതി ഘടകങ്ങൾ

1. വീട്ടുവളപ്പിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുക.
2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം
3. വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി.
4. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം.
5. ജില്ലാ ക്ലസ്റ്റർ വികസനം.
6. അവാർഡ് നൽകി മികച്ച കർഷകരെ പ്രോത്സാഹിപ്പിക്കൽ.
7. സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം.
8. എ-ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം.
9. ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികൾ.
10. ബ്ലോക്കുതല നഴ്സറികളുടെ വികസനം.
11. മഴമറകൾ സ്ഥാപിക്കൽ.
12. സങ്കരവിത്തിനങ്ങളുടെ പ്രദർശനത്തോട്ടം.
13. സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വളപ്രയോഗവും
14. തരിശുനില കൃഷി, മാധ്യമങ്ങൾ വഴിയുള്ള വിത്തു വിതരണം.

15. എൻ.ജി.ഒ.കൾ മുഖേന വീട്ടുവളപ്പിൽ കൃഷി.

16. കേരള കാർഷിക സർവ്വകലാശാലയുടെ സേഫ്-ടു-ഈറ്റ് പ്രോജക്ട്.

17. സ്റ്റാഗേഡ് ക്ലസ്റ്റർ വികസനം.

മുകളിൽ പ്രതിപാദിച്ച പദ്ധതികൾ നടപ്പാക്കുകവഴി അധികമായി 28404 ഹെക്ടർ കൃഷിസ്ഥലത്ത് പച്ചക്കറികൃഷി കൊണ്ടു വരുവാനും തദ്വാരാ 4.1073 ലക്ഷം മെട്രിക് ടൺ അധിക ഉൽപ്പാദനം കൈവരിക്കാനും കഴിയും. 50000 ഹെക്ടർ സ്ഥലത്ത് ജൈവപച്ചക്കറി കൃഷി നടപ്പിലാക്കാനും 52 ആഴ്ചയുള്ള പച്ചക്കറി കൃഷിയുടെ പ്രത്യേക ക്രോപ്പ് കലണ്ടർ തയ്യാറാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കഴിയുന്നതാണ്.

**ഹൈടെക് ക്ലസ്റ്റർ കൃഷി യൂണിറ്റുകൾ**

21 (2369) <u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈടെക് ക്ലസ്റ്റർ കൃഷി യൂണിറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എവിടെയൊക്കെയാണ് ഇത്തരം കൃഷി യൂണിറ്റുകൾ ആരംഭിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഈ കൃഷി യൂണിറ്റുകൾക്ക് ആരുടെയൊക്കെ സാങ്കേതിക സഹായമാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി 47 ഹൈടെക് ക്ലസ്റ്റർ കൃഷി യൂണിറ്റുകൾ ആരംഭിച്ചുകഴിഞ്ഞു. 43 യൂണിറ്റിന്റെ കൂടി നിർമ്മാണം നടന്നുവരുന്നു.

(ബി) മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വഴി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, വയനാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

(സി) കൃഷിഭവൻ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാല, കെ.വി.കെ. തുടങ്ങിയവയുടെ സാങ്കേതിക സഹായം ലഭ്യമാക്കുന്നു. കൂൺ കൃഷിയിൽ താൽപ്പര്യമുള്ളവർക്ക് കൂണിന്റെ ഉൽപ്പാദനം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വികസനം, കൂൺ വിത്തുല്പാദനം തുടങ്ങിയ വിവിധ മേഖലകളിൽ പരിശീലനം നൽകിവരുന്നു.

**കൊപ്ര സംഭരണം**

22 (2370) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് മുഖേന കൊപ്ര സംഭരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) നാളികേരം പ്രധാന കൃഷിയായ സ്ഥലങ്ങളിൽ കൃഷി ഭവൻ മുഖേന കൊപ്രയുടെ മുഴുവൻ സംഭരണത്തിന് നടപടി എടുക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) മണലൂർ മണ്ഡലത്തിലെ കൃഷി ഭവനുകളിൽ കൊപ്ര സംഭരിച്ച ഇനത്തിൽ നൽകാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കുടിശ്ശിക തുക അടിയന്തരമായി നൽകാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കൃഷി ഭവനുകളിൽ രജിസ്റ്റർ ചെയ്ത കേര കർഷകരിൽനിന്നും കൃഷി ഓഫീസർ നൽകുന്ന തിരിച്ചറിയൽ രേഖകളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട 387 കൃഷി ഭവനുകൾവഴി കൃഷി വകുപ്പും കേര ഫെഡും സംയുക്തമായി ആഴ്ചയിൽ രണ്ടുദിവസം എന്ന രീതിയിലാണ് പച്ചത്തേങ്ങ സംഭരിക്കുന്നത്. നിലവിൽ കൊപ്ര സംഭരിക്കുന്നില്ല.

(ബി) കൊപ്ര നിലവിൽ നേരിട്ട് സംഭരിക്കുന്നില്ല. എന്നാൽ പച്ചത്തേങ്ങ തെരഞ്ഞെടുക്കപ്പെട്ട കൃഷിഭവനുകൾവഴി സംഭരിക്കുന്നുണ്ട്.

(സി) പച്ചത്തേങ്ങ സംഭരിച്ച വകയിൽ 360.43 ലക്ഷം രൂപ കുടിശ്ശിക ആയിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

## വിത്ത് ബാങ്ക്

23 (2371) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരമ്പരാഗത വിത്ത് സംരക്ഷിക്കുന്നതിന് വിത്ത് ബാങ്ക് സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഇല്ല. എന്നാൽ സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിത്ത് ബാങ്ക് സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. അന്യംനിന്നുകൊണ്ടിരിക്കുന്ന നെല്ലിനങ്ങൾ, മറ്റ് കാർഷിക വിളകളുടെ ഇനങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും അവയുടെ വിത്തുകൾ കർഷകരിൽ എത്തിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും വേണ്ടിയാണ് വിത്ത് ബാങ്ക് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

## ഡാറ്റാ ബാങ്ക്

24 (2372) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന പ്രവൃത്തി ഏതുവരെയായെന്ന് വ്യക്തമാക്കാമോ;

(ബി) ഡാറ്റാ ബാങ്ക് എന്ന് പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിൽ 21 എണ്ണത്തിൽ നെൽവയലുകളോ തണ്ണീർത്തടങ്ങളോ ഇല്ല. ശേഷിക്കുന്ന 920 ഗ്രാമപഞ്ചായത്തുകളിൽ 341 ഗ്രാമപഞ്ചായത്തുകൾ ഡാറ്റാ ബാങ്ക് ഗസറ്റിൽ ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 22 ഗ്രാമപഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. 557 ഗ്രാമപഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകിയിട്ടുണ്ട്.

(ബി) സാങ്കേതിക കാരണങ്ങളാൽ 22 ഗ്രാമപഞ്ചായത്തുകളുടെ ഡാറ്റാ ബാങ്ക് പൂർത്തിയാക്കി പ്രസിദ്ധീകരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ആയത് എത്രയുംവേഗം പൂർത്തീകരിച്ച് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കർഷക കടാശ്വാസ കമ്മീഷൻ പ്രവർത്തനങ്ങൾ**

25 (2373) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷൻ ഇപ്പോൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) കർഷക കടാശ്വാസ കമ്മീഷൻ പുനരുജ്ജീവിപ്പിക്കുന്നതിനും, കട ക്കെണിയിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കാർഷിക മേഖലയിലുണ്ടായ സാമ്പത്തിക തകർച്ച കാരണം കടക്കെണിയിലായ കർഷകർക്ക് 18-1-2007-നു മുമ്പായി സഹകരണ സംഘം/ ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പയ്ക്ക് കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി കടാശ്വാസം നൽകി വരുന്നു. കാർഷിക പ്രതിസന്ധി ബാധിച്ച വയനാട് ജില്ലയിൽ 2011 ഒക്ടോബർ 31 വരെയുള്ള വായ്പകൾ കടാശ്വാസത്തിന് പരിഗണിച്ചുവരുന്നു. കടക്കെണിയിലായ കർഷകരുടെ കാര്യത്തിൽ കമ്മീഷൻ കടാശ്വാസ നിയമം അനുശാസിക്കുന്ന പരിധിയിൽ സാദ്ധ്യമായ ഇടപെടൽ നടത്തുകയും ജപ്തി നടപടികൾക്ക് സ്റ്റേ അനുവദിക്കുകയും തുടർന്ന് അർഹരായവർക്ക് കടാശ്വാസം അനുവദിക്കുകയും ചെയ്യുന്നു.

(ബി) കടക്കെണിയിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിലേയ്ക്കായി കടാശ്വാസ കമ്മീഷന്റെ കാലാവധി മേയ് 21 മുതൽ 3 വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്.

**അഗ്രോ പാർക്കുകൾ**

26 (2374) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ സഹകരണത്തോടെ അഗ്രോ പാർക്കുകൾ തുടങ്ങുവാനുള്ള പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) തനതായ കേരളീയ കാർഷിക ഉത്പന്നങ്ങളെ ലോകവിപണിയിൽ എത്തിക്കുന്നതിന് ഏതെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) ഇതിന്റെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) വിവിധ കാർഷിക ഉല്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടപ്പുസാമ്പത്തിക വർഷംതന്നെ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച വിശദാംശങ്ങളിൽ തീരുമാനമായിട്ടില്ല.

(ബി&സി) തനത് ഉൽപ്പന്നങ്ങൾക്ക് ദേശീയവും അന്തർദ്ദേശീയവുമായ വിപണികൾ ലഭ്യമാക്കുന്നതിനായി ഇത്തരം ഉൽപ്പന്നങ്ങൾ ട്രേഡ് ഫെയറുകളിലും മറ്റും പ്രദർശിപ്പിക്കുകയും വിപണന സാധ്യത ആരായുകയും ചെയ്തുവരുന്നു. ഇതിലേയ്ക്കായി ഒരു കേന്ദ്രീകൃത സംവിധാനമെന്ന നിലയിൽ അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച വിശദാംശങ്ങളിൽ ഇപ്പോൾ തീരുമാനമായിട്ടില്ല. റിപ്പോർട്ട് തയ്യാറായി വരുന്നതേയുള്ളൂ

**കരനെൽ കൃഷി**

27 (2375) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരനെൽ കൃഷിക്കായി ഉപയുക്തമാക്കുന്ന ഭൂമിയുടെ വിവരം ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) കരനെൽകൃഷിയെ പോഷിപ്പിക്കുന്നതിനായി ഏതെല്ലാം പുതിയ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2016-17 വർഷം ആകെ 2663.196 ഹെക്ടർ സ്ഥലം കരനെൽ കൃഷിക്കായി ഉപയുക്തമാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കരനെൽ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13600 രൂപ ധനസഹായം നൽകി പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിലേയ്ക്കായി 2560 ഹെക്ടറിന് 348.16 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**നാളികേര കൃഷി**

28 (2376) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര കൃഷി മേഖലയിൽ പുതുസംരംഭം ആരംഭിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നാളികേരം, നാളികേര ഉല്പന്നങ്ങൾ എന്നിവയുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത് എന്നറിയിക്കാമോ;

(സി) നാളികേര ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം ലക്ഷ്യമിട്ട് കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ മുതലായ ഏജൻസികൾ മുഖേന കൃഷി വകുപ്പ് എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2016-17 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. 500 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 30 കേരഗ്രാമങ്ങൾ പുതുതായി തെരഞ്ഞെടുത്ത 54 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലായാണ് പദ്ധതി നടപ്പിലാക്കുന്നത്. സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 4500 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ നീക്കി വച്ചിരിക്കുന്നത്. സമഗ്ര നാളികേര വികസനത്തിനായിട്ടുള്ള ഘടകങ്ങളെല്ലാം തന്നെ ഈ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക നിക്ഷേപ നിധിയിലെ തുക ഉപയോഗിച്ച് തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം എന്നീ 5 ജില്ലകളിൽ നാളികേര അഗ്രോപാർക്കുകൾക്ക് നടപ്പുവർഷം തുടക്കം കുറിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിദേശ വ്യാപാരം ഉദ്ദേശിച്ച് കേര (വെളിച്ചെണ്ണ), ഡെസിക്കേറ്റഡ് കോക്കനട്ട് (തേങ്ങ ചിരവിയത്), കോക്കനട്ട് മിൽക്ക് പൗഡർ (തേങ്ങപ്പാൽ പൊടി), കേരജം കേശാമൃതം (ഹെർബൽ ഹെയറോയിൽ), കോക്കനട്ട് വിർജിൻ ഓയിൽ (ഉരുക്കെണ്ണ) എന്നിവയുടെ പരസ്യം ഇന്റർനെറ്റിൽ എല്ലാ പ്രമുഖ സൈറ്റുകളിലും എഫ്.എം. റേഡിയോയിലും നൽകുന്നുണ്ട്. പല വിദേശ കമ്പനികളുമായും പ്രാരംഭ ചർച്ചകൾ നടന്നുകഴിഞ്ഞു. യു.എ.ഇ-യിൽ നിന്ന് M/s EMKE Stores-ന്റെ കേര വെളിച്ചെണ്ണക്കുവേണ്ടി ലഭിച്ച ഓർഡർ പ്രകാരം ഒരു മാസത്തിനകം വെളിച്ചെണ്ണ കയറ്റി അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലേഷ്യയിലുള്ള ഡെസിക്കേറ്റഡ് കോക്കനട്ടിന്റെ കയറ്റുമതിക്ക് ടെസ്റ്റ് സാമ്പിൾ അയച്ചുകൊടുത്തതിന് പ്രാരംഭ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി) നിലവിൽ കേരഫെഡിന്റെ കേര (വെളിച്ചെണ്ണ), ഡെസിക്കേറ്റഡ് കോക്കനട്ട് (തേങ്ങ ചിരവിയത്) കോക്കനട്ട് മിൽക്ക് പൗഡർ (തേങ്ങപ്പാൽ പൊടി), കേരജം കേശാമൃതം (ഹെർബൽ ഹെയറോയിൽ) മുതലായവ വിപണിയിലുണ്ട്. കോക്കനട്ട് വിർജിൻ ഓയിൽ (ഉരുക്കെണ്ണ) വിപണിയിലെത്തിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി വെർജിൻ കോക്കനട്ട് ഓയിൽ, നീര എന്നീ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി നാളികേര വികസന കോർപ്പറേഷന് അനുമതി നൽകിയിട്ടുണ്ട്.

**റബ്ബർ സംഭരണ പദ്ധതി**

29 (2377) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലത്തകർച്ചയെ തുടർന്ന് പ്രഖ്യാപിച്ച റബ്ബർ സംഭരണ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ; ആയതിൻപ്രകാരം നാളിതുവരെ എത്ര പേർക്ക് സബ്സിഡി തുക നൽകിയിട്ടുണ്ട്; മൊത്തം എത്ര തുക ഈയിനത്തിൽ വിതരണം നടത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനെത്തുടർന്ന് റബ്ബർ വില പ്രതീക്ഷക്കൊത്ത് ഉയർന്നിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നടപ്പ് വർഷം പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി പ്രഖ്യാപിച്ച തുകയുടെയും നാളിതുവരെ ചെലവഴിക്കപ്പെട്ട തുകയുടെയും വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കി വരുന്നു. 1-10-2016-വരെ പ്രസ്തുത പദ്ധതിയിൻകീഴിൽ 2,98,295 റബ്ബർ കർഷകർക്കായി 583.19 കോടി രൂപ സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്.

(ബി) വിലയിൽ നേരിയ വർദ്ധനവുണ്ടായിട്ടുണ്ട്.

(സി) പദ്ധതിക്കായി 500 കോടി രൂപ വകയിരുത്തുകയും ആയതിൽ 1-10-2016 വരെ 285.78 കോടി രൂപ ചെലവഴിച്ചിട്ടുമുണ്ട്.

**നാളികേര സംഭരണം**

30 (2378) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് മുഖേന നാളികേരം സംഭരിക്കുന്നതുമായി ബന്ധപ്പെട്ട് കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഭരിച്ച തേങ്ങയുടെ വില നൽകുന്നതിൽ കാലതാമസം വരുത്തുന്നത് ഒഴിവാക്കാനും, കുറ്റമറ്റ രീതിയിൽ കർഷകരെ സഹായിക്കുന്നതിനും, ഓരോ പഞ്ചായത്തിലും എല്ലാ ദിവസങ്ങളിലും തേങ്ങാ സംഭരണം ഏർപ്പെടുത്താനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംഭരിച്ച തേങ്ങയുടെ വില നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും സൗകര്യപ്രദവും കുറ്റമറ്റതുമായ രീതിയിൽ സംഭരണം നടത്തുന്നതിന്റെ പ്രായോഗികതയും പരിശോധിച്ച് യുക്തിസഹമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ കൃഷിവകുപ്പ് ഡയറക്ടർ, കേരഫെഡ് മാനേജിംഗ് ഡയറക്ടർ, മാർക്കറ്റ് ഫെഡ് മാനേജിംഗ് ഡയറക്ടർ, നാഫെഡ് ബ്രാഞ്ച് മാനേജർ എന്നിവരടങ്ങിയ ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**നെന്മാറ നിയോജക മണ്ഡലത്തിലെ കൃഷി ആഫീസുകളുടെ പ്രവർത്തനം**

31(2379) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ കൃഷി ആഫീസുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) മണ്ഡലത്തിലെ കൃഷി ഭവനുകളിൽ ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടോ; എങ്കിൽ ഏത് വർഷം മുതലാണ് തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എല്ലാ കൃഷിഭവനുകളുടെയും പ്രവർത്തനം സർക്കാർ തലത്തിൽ വിലയിരുത്താറുണ്ട്.

(ബി) നെന്മാറ നിയോജക മണ്ഡലത്തിൽ അയിലൂർ, മേലാർക്കാട്, എലവഞ്ചേരി, നെല്ലിയാമ്പതി കൃഷി ഭവനുകളിൽ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ 2016 ജൂൺ മാസം മുതൽ ഒഴിഞ്ഞ് കിടക്കുന്നുണ്ട്. കൃഷി ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാലാണ് നിയമനം നടത്തുവാൻ കഴിയാത്തത്. ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**റബ്ബർ കർഷകരെ സഹായിക്കുന്നതിനുള്ള പദ്ധതികൾ**

32 (2380) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ കർഷകരെ സഹായിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അടിസ്ഥാന വില 150 രൂപ നിശ്ചയിച്ച് മാർക്കറ്റ് വില കഴിച്ചുള്ള തുക ബാങ്ക് അക്കൗണ്ട് വഴി കർഷകർക്ക് നൽകുന്ന സംവിധാനം നിലവിലുണ്ടോ; എങ്കിൽ ഏത് മാസം വരെയുള്ള തുക നൽകിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക നീക്കി വച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി' നടപ്പിലാക്കി വരുന്നു. പദ്ധതിമൂലം കിലോയ്ക്ക് 150 രൂപ താങ്ങുവിലയായി നിജപ്പെടുത്തുകയും മാർക്കറ്റ് വിലയും താങ്ങുവിലയും തമ്മിലുള്ള വ്യത്യാസം സബ്സിഡിയായി കർഷകർക്ക് അക്കൗണ്ടുവഴി നേരിട്ട് കൈമാറുകയും ചെയ്തുവരുന്നു. പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. രണ്ടാഴ്ചയിലൊരിക്കലാണ് സബ്സിഡി കർഷകർക്ക് നേരിട്ട് കൈമാറുന്നത്. 1-10-2016 വരെ പദ്ധതിയിനത്തിൽ 285.78 കോടി രൂപ സബ്സിഡിയായി റബ്ബർ കർഷകർക്ക് നൽകി ഉത്തരവായിട്ടുണ്ട്. പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**വിഷരഹിത പച്ചക്കറി**

33 (2381) ശ്രീ. കെ. മുരളീധരൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി ഉറപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന പച്ചക്കറിയിലും ഇതരസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറിയിലുമുള്ള രാസവസ്തുക്കൾ പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്; വ്യക്തമാക്കുമോ;

(സി) പച്ചക്കറി പരിശോധനയ്ക്കായി കൃഷി വകുപ്പിൽ മൊബൈൽ ലബോറട്ടറി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ ബ്ലോക്കുകളിൽ നല്ല കൃഷിമുറകൾ പാലിച്ച് പഴം, പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനായി 292-ഓളം ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ജൈവ ഉല്പന്നങ്ങൾ സംഭരിച്ച് പാക്ക് ചെയ്ത് വിൽപ്പന നടത്തുന്നതിലേയ്ക്ക് ധനസഹായവും നൽകുന്നുണ്ട്. ഇത്തരം 152 ക്ലസ്റ്ററുകൾ കൂടി ഈ സാമ്പത്തിക വർഷം പുതുതായി രൂപീകരിക്കുവാനും ഉൽപ്പന്നങ്ങൾ ഇക്കോ ഷോപ്പ് മുഖേന

വിപണനം നടത്തുന്നതിന് ഇൻസെന്റീവ് നൽകുന്നതിനും നിലവിലുള്ള 45 ഇക്കോ ഷോപ്പുകൾക്കുപുറമേ പുതുതായി 15 എണ്ണം കൂടി സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജക മണ്ഡലം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവയ്ക്ക് നിലവിൽ നൽകിവരുന്ന അവാർഡ് തുക വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലാബിൽ പച്ചക്കറിയിലെ രാസവസ്തുക്കൾ പരിശോധിക്കുന്നുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പിനുകീഴിൽ കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം ജില്ലകളിലും പരിശോധനാ സംവിധാനം നിലവിലുണ്ട്.

(സി) ഭക്ഷ്യ സുരക്ഷാ വകുപ്പിനുകീഴിൽ ഒരു മൊബൈൽ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഒരു യൂണിറ്റ് കൂടി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രവൃത്തികൾ അന്തിമഘട്ടത്തിലുമാണ്.

**റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന്**

34 (2382) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഇടപെടലിനായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ആയതിന്മേൽ നാളിതുവരെയായി കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായിട്ടുള്ള നടപടികളുടെ വിവരങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി വിവിധ നിർദ്ദേശങ്ങളടങ്ങിയ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കപ്പെടുകയും സ്വാഭാവിക ഉണക്ക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 25 ശതമാനമോ അല്ലെങ്കിൽ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിലയ്ക്ക് നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ, രണ്ട് തുറമുഖങ്ങൾവഴി മാത്രമായി ഇറക്കുമതി നിജപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ ചർച്ചയിൽ ഏർപ്പെട്ടിരിക്കുന്ന RCEP കരാർ നിലവിൽ വന്നാൽ റബ്ബർ ഉൾപ്പെടെയുള്ള ഉല്പന്നങ്ങൾക്ക് ഇറക്കുമതി മൂലം വിലത്തകർച്ച ഉണ്ടാകുവാനുള്ള സാധ്യത മുന്നിൽ കണ്ടുകൊണ്ട് കരാറിൽ റബ്ബർ ഉൾപ്പെടെയുള്ളവയുടെ സംരക്ഷണം ആവശ്യപ്പെട്ട് കേരള സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുമുണ്ട്.

## സ്വർണ്ണപ്പണയത്തിന്മേലുള്ള കാർഷിക വായ്പ

35 (2383) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കുകൾ സ്വർണ പണയത്തിന്മേൽ കുറഞ്ഞ പലിശയിൽ കാർഷിക വായ്പ നൽകുന്നതിന് സബ്സിഡി ഇനത്തിൽ സർക്കാർ ഖജനാവിൽ നിന്ന് പണം ചെലവാകുന്നുണ്ടോ;

(ബി) ഇത്തരം വായ്പകൾ അനർഹർ കൈക്കലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കർഷകർക്ക് പ്രയോജനപ്പെടുന്ന പ്രസ്തുത പദ്ധതി ദുരുപയോഗം ചെയ്യുന്നതുമൂലം സർക്കാർ ചെലവഴിക്കുന്ന സബ്സിഡി തുക പാഴാകുന്നത് തടയാൻ നടപടി സ്വീകരിക്കുമോ;

(ഡി) യഥാർത്ഥ കർഷകരിൽ തന്നെ ഇത്തരം വായ്പകൾ എത്തുന്നു എന്നുറപ്പാക്കുന്നതിന് എന്തെങ്കിലും നിരീക്ഷണ സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(ഇ) കൃഷി സംബന്ധമായ രേഖകൾ ഹാജരാക്കുന്നവർക്ക് മാത്രമായി ഇത്തരം വായ്പകൾ നിജപ്പെടുത്തി കർഷകർക്ക് ആശ്വാസമേകുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി&സി) പ്രസ്തുത പദ്ധതി ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ നടപടി സ്വീകരിക്കേണ്ടത് റിസർവ് ബാങ്കാണ്.

(ഡി) ഉണ്ട്. നിലവിലുള്ള നിയമപ്രകാരം ഓരോ ബാങ്കുകളും യഥാർത്ഥ ഉപഭോക്താവാണെന്ന് ഉറപ്പുവരുത്തിയശേഷം മാത്രമേ വായ്പ നൽകാറുള്ളൂ. സഹകരണ ബാങ്ക് മുഖേനയുള്ള കാർഷിക വായ്പ യഥാർത്ഥ ആവശ്യത്തിന് തന്നെയാണ് വിനിയോഗിക്കുന്നതെന്ന് കാർഷിക വായ്പ വിതരണം ചെയ്യുന്ന സഹകരണ സംഘം/ബാങ്ക് ഭരണസമിതിതന്നെ നിരീക്ഷിച്ച് ഉറപ്പുവരുത്തുന്നതിന് അതാത് തലത്തിൽ നടപടി സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) കൃഷി സംബന്ധമായ രേഖകൾ ഹാജരാക്കുന്നവർക്കാണ് വായ്പ നൽകി വരുന്നത്. എന്നാൽ ഇതുസംബന്ധിച്ച് യഥാർത്ഥ കർഷകർക്കല്ല ഇതിന്റെ ആനുകൂല്യം ലഭിക്കുന്നതെന്ന പരാതി വ്യാപകമാണ്. ഇതുസംബന്ധിച്ച് നിയമസഭാ സമിതി നടത്തിയ (അഷ്വറൻസ് കമ്മിറ്റി) പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

## സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ

36 (2384) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നാണ് ആരംഭിച്ചത്; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) കർഷകർക്ക് എന്തൊക്കെ ക്ഷേമ പദ്ധതികളാണ് കേരള സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വഴി നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഹോർട്ടികൾച്ചർ മിഷൻ ഏതൊക്കെ സംസ്ഥാനങ്ങളിലാണ് ബോർഡ്/വകുപ്പ് ആയി പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ ബോർഡ് ആക്കി കർഷകർക്ക് കൂടുതൽ ക്ഷേമ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ദേശീയ ഹോർട്ടികൾച്ചർ മിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാന തലത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടി 2005 ഒക്ടോബർ 13-ന് രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച സ്ഥാപനമാണ് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള. സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. ഗവേഷണം, സാങ്കേതിക വിദ്യ, പ്രോത്സാഹനം, വിജ്ഞാന വ്യാപനം, സംസ്കരണം, വിപണനം എന്നിവ ഉപയോഗ പ്പെടുത്തി കൊണ്ട് ഹോർട്ടികൾച്ചർ മേഖലയുടെ സമഗ്രവും സംയോജിതവുമായ വിജ്ഞാന വ്യാപനം.
2. ഹോർട്ടികൾച്ചർ മേഖലയിലെ ഉൽപ്പാദനവും മൂല്യവും വർദ്ധിപ്പിക്കുക വഴി പോഷകാഹാര സുരക്ഷയും വരുമാനവും ഉറപ്പുവരുത്തുക.
3. ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുക.
4. വിളകളെ രോഗങ്ങളിൽ നിന്ന് സംരക്ഷിക്കുക.
5. ഹോർട്ടികൾച്ചർ ഉൽപ്പന്നങ്ങളുടെ സംസ്കരണം.
6. ഹോർട്ടികൾച്ചർ വികസനത്തിനായി ഈ മേഖലയിൽ നിലവിൽ നടപ്പിലാക്കുന്നതും ആസൂത്രണം ചെയ്യപ്പെട്ടതുമായ പദ്ധതികളുടെ ഏകോപനം.

7. പരമ്പരാഗത ആശയങ്ങളും നൂതന അറിവുകളും സംയോജിപ്പിച്ചു കൊണ്ടുള്ള വികസനവും വിജ്ഞാന വ്യാപനവും പ്രോൽസാഹിപ്പിക്കുക.

8. കേരളത്തിലെ ഹോർട്ടികൾച്ചർ മേഖലയുടെ വിജ്ഞാന വ്യാപനത്തിനായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനാവശ്യമായ സാങ്കേതിക സഹായം നൽകുക.

9. ഹോർട്ടികൾച്ചർ മേഖലയുടെ പ്രചാരണത്തിനും അവബോധം സൃഷ്ടിക്കുന്നതിനും സാങ്കേതിക സഹായം നൽകുക.

10. ഹോർട്ടികൾച്ചർ മേഖലയിലെ പരിശീലന പരിപാടികൾ, സെമിനാറുകൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുകയോ സ്പോൺസർ ചെയ്യുകയോ ചെയ്യുക.

11. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സർക്കാർ, അർദ്ധ സർക്കാർ ഏജൻസികൾ, സഹകരണ സംഘങ്ങൾ, കർഷകർ, സ്വകാര്യ സംരംഭകർ എന്നിവർക്ക് ഹോർട്ടികൾച്ചർ മേഖലയിൽ വിജ്ഞാനവും പരിചയവും ലഭ്യമാക്കുക.

12. മുകളിൽ പറഞ്ഞ ലക്ഷ്യങ്ങൾ സാധിക്കുന്നതിനുതകുന്ന സാഹചര്യങ്ങൾ ഒരുക്കുക.

13. നൈപുണ്യമുള്ളതും ഇല്ലാത്തതുമായ വ്യക്തികൾക്ക്, പ്രത്യേകിച്ച് തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.

(ബി) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം ഹോർട്ടികൾച്ചർ വിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികളായ ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി, ദേശീയ ഔഷധസസ്യമിഷൻ പദ്ധതി, ഹൈടെക് ഫാമിംഗ് പദ്ധതി, മൈക്രോ ഇറിഗേഷൻ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

(സി) ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ ഹോർട്ടികൾച്ചർ വകുപ്പ് നിലവിലുണ്ട്. മറ്റ് സംസ്ഥാനങ്ങളിലെ വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(ഡി) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ബോർഡ് ആക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ**

37 (2385) ശ്രീ. രാജു എബ്രഹാം :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നാണ് പ്രവർത്തനം ആരംഭിച്ചതെന്നും ഇതിന്റെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത മിഷൻ വഴി കർഷകർക്കായി എന്തെല്ലാം ക്ഷേമ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഹോർട്ടികൾച്ചർ മിഷൻ ഏതൊക്കെ സംസ്ഥാനങ്ങളിലാണ് ബോർഡ്/ വകുപ്പ് ആയി പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത മിഷൻ, ബോർഡ് ആക്കി കർഷകർക്ക് കൂടുതൽ ക്ഷേമ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ദേശീയ ഹോർട്ടികൾച്ചർ മിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാന തലത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടി 2005 ഒക്ടോബർ 13-ന് രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച സ്ഥാപനമാണ് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള. സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. ഗവേഷണം, സാങ്കേതിക വിദ്യ, പ്രോത്സാഹനം, വിജ്ഞാന വ്യാപനം, സംസ്കരണം, വിപണനം എന്നിവ ഉപയോഗപ്പെടുത്തി കൊണ്ട് ഹോർട്ടികൾച്ചർ മേഖലയുടെ സമഗ്രവും സംയോജിതവുമായ വിജ്ഞാന വ്യാപനം.
2. ഹോർട്ടികൾച്ചർ മേഖലയിലെ ഉൽപ്പാദനവും മൂല്യവും വർദ്ധിപ്പിക്കുക വഴി പോഷകാഹാര സുരക്ഷയും വരുമാനവും ഉറപ്പുവരുത്തുക.
3. ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുക.
4. വിളകളെ രോഗങ്ങളിൽ നിന്ന് സംരക്ഷിക്കുക.
5. ഹോർട്ടികൾച്ചർ ഉൽപ്പന്നങ്ങളുടെ സംസ്കരണം.

6. ഹോർട്ടികൾച്ചർ വികസനത്തിനായി ഈ മേഖലയിൽ നിലവിൽ നടപ്പിലാക്കുന്നതും ആസൂത്രണം ചെയ്യപ്പെട്ടതുമായ പദ്ധതികളുടെ ഏകോപനം.

7. പരമ്പരാഗത ആശയങ്ങളും നൂതന അറിവുകളും സംയോജിപ്പിച്ചു കൊണ്ടുള്ള വികസനവും വിജ്ഞാന വ്യാപനവും പ്രോൽസാഹിപ്പിക്കുക.

8. കേരളത്തിലെ ഹോർട്ടികൾച്ചർ മേഖലയുടെ വിജ്ഞാന വ്യാപനത്തിനായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ആവശ്യമായ സാങ്കേതിക സഹായം നൽകുക.

9. ഹോർട്ടികൾച്ചർ മേഖലയുടെ പ്രചാരണത്തിനും അവബോധം സൃഷ്ടിക്കുന്നതിനും സാങ്കേതിക സഹായം നൽകുക.

10. ഹോർട്ടികൾച്ചർ മേഖലയിലെ പരിശീലന പരിപാടികൾ, സെമിനാറുകൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുകയോ സ്പോൺസർ ചെയ്യുകയോ ചെയ്യുക.

11. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സർക്കാർ, അർദ്ധ സർക്കാർ ഏജൻസികൾ, സഹകരണ സംഘങ്ങൾ, കർഷകർ, സ്വകാര്യ സംരംഭകർ എന്നിവർക്ക് ഹോർട്ടികൾച്ചർ മേഖലയിൽ വിജ്ഞാനവും പരിചയവും ലഭ്യമാക്കുക.

12. മുകളിൽ പറഞ്ഞ ലക്ഷ്യങ്ങൾ സാധിക്കുന്നതിന് ഉതകുന്ന സാഹചര്യങ്ങളൊരുക്കുക.

13. നൈപുണ്യമുള്ളതും ഇല്ലാത്തതുമായ വ്യക്തികൾക്ക്, പ്രത്യേകിച്ച് തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

(ബി) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തരം ഹോർട്ടികൾച്ചർ വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദക്ഷമതയും വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികളായ ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി, ദേശീയ ഔഷധ സസ്യമിഷൻ പദ്ധതി, ഹൈടെക് ഫാമിംഗ് പദ്ധതി, മൈക്രോ ഇറിഗേഷൻ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു.

(സി) ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ ഹോർട്ടികൾച്ചർ വകുപ്പ് നിലവിലുണ്ട്. മറ്റ് സംസ്ഥാനങ്ങളിലെ വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(ഡി) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ബോർഡ് ആക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**അടയ്ക്കാ കർഷക പാക്കേജ്**

38 (2386) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ അടയ്ക്കാ കർഷക പാക്കേജ് നടപ്പാക്കുന്നതിനുള്ള ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് ഉത്തരവ് പുറപ്പെടുവിച്ചതെന്നും അതുപ്രകാരം എന്ത് നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ;

(ബി) വിലത്തകർച്ചയിൽ ഉഴലുന്ന അടയ്ക്കാ കർഷകരെ അതിൽ നിന്നും രക്ഷിക്കുന്നതിനു പര്യാപ്തമായ രീതിയിൽ 2010-11-ലെ ധനമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 10 കോടി രൂപയുടെ അടയ്ക്കാ കർഷക പാക്കേജ് നടപ്പിലാക്കുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പ്രത്യേകമായി പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) 2010-11-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച അടയ്ക്ക കർഷക പാക്കേജ് ഇതുവരെ നടപ്പാക്കിയിട്ടില്ലെങ്കിൽ ആ കാര്യത്തിൽ ഈ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. കാസർഗോഡ് ജില്ലയിൽ അടയ്ക്കാ കർഷക പാക്കേജ് നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി 12-1-2011-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 16/2011/കൃഷി പ്രകാരം നൽകിയിട്ടുണ്ട്. അടയ്ക്കാ കർഷക പാക്കേജ് നടപ്പിലാക്കുന്നത് സംബന്ധിച്ച് 1-2-2011-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 32/2011/കൃഷി പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പ്രത്യേകമായി പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) മതിയായ ബഡ്ജറ്റ് വിഹിതത്തിന്റെ അഭാവത്താൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഈ സർക്കാർ അടയ്ക്കാ കർഷകരെ സംരക്ഷിക്കുന്നതിനുള്ള മുൻപ് പ്രഖ്യാപിച്ച പാക്കേജ് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**കാർഷിക കർമ്മസേന**

39 (2387) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഭവനുകൾക്ക് കീഴിൽ കാർഷിക കർമ്മ സേന രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ ഇതു പ്രകാരം രൂപീകരിച്ച കർമ്മസേനകൾക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കുന്ദമംഗലം ഗ്രാമപഞ്ചായത്ത് കൃഷിഭവന് കീഴിൽ രൂപീകരിച്ച കാർഷിക കർമ്മസേനക്ക് വിവിധതരം യന്ത്രങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് രൂപീകരിച്ച 200 കാർഷിക കർമ്മ സേനകളിൽ 100 കർമ്മ സേനകളെ RKVY പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കർമ്മ സേനയ്ക്ക് 9 ലക്ഷം രൂപയുടെ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും ഒരു ലക്ഷം രൂപയുടെ യൂണിഫോം വാങ്ങുന്നതിനുമായി ആകെ 10 ലക്ഷം രൂപ വീതം ആനുകൂല്യം നൽകിയിട്ടുണ്ട്. ബാക്കിയുള്ള 100 കാർഷിക കർമ്മസേനകൾക്ക് യന്ത്രോപകരണങ്ങൾ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 200 കർമ്മസേനകളിലെ അംഗം ഒന്നിന് ആധുനിക യന്ത്രോപകരണങ്ങൾ ഉപയോഗിക്കുന്നതിന് വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. കർമ്മസേനകളുടെ സേവനം എല്ലാ കൃഷിഭവനുകളിലേയ്ക്കും വ്യാപിപ്പിക്കുവാൻ കൃഷി വകുപ്പ് ഉദ്ദേശിക്കുന്നു. സംസ്ഥാന അടിസ്ഥാനത്തിൽ ഇതിനായി ഒരു നോഡൽ ഓഫീസറുടെ കീഴിൽ ഒരു വിദഗ്ധ സംഘത്തെ നിയോഗിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരികയാണ്.

(ബി) ഇല്ല. ഫണ്ട് ലഭ്യത അനുസരിച്ച് യന്ത്രോപകരണങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കാർഷിക കടാശ്വാസ കമ്മീഷൻ**

40 (2388) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ ദുരിതമനുഭവിക്കുന്നവരെ സഹായിക്കാനായി 2006-2011-ലെ എൽ.ഡി.എഫ്. സർക്കാർ നടപ്പാക്കിയ കാർഷിക കടാശ്വാസ കമ്മീഷന്റെ 2011-12 മുതൽ 2015-16 വരെയുള്ള പ്രവർത്തനങ്ങൾ എന്തെല്ലാം ആയിരുന്നു; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ കമ്മീഷനെ (ഓരോ വർഷവും) സമീപിച്ച അപേക്ഷകർ എത്ര; എത്ര പേർക്ക് സഹായം നൽകി; പ്രസ്തുത കാലയളവിൽ പ്രഖ്യാപിച്ച ആശ്വാസ നടപടികളിൽ ആശ്വാസം ലഭിക്കാത്തവർ എത്ര; വിശദാംശം ലഭ്യമാക്കുമോ;

(സി) കർഷകരെ സഹായിക്കാനായി തുടങ്ങിയ കുട്ടനാട്, ഇടുക്കി, വയനാട് പദ്ധതികൾ പ്രകാരം ഇവർക്കായി നീക്കി വച്ച തുക എത്ര; എത്ര തുക നാളിതുവരെ ചെലവഴിച്ചു. ഇത്തരം പദ്ധതികളിലെ നിർവ്വഹണം, പ്രശ്നപരിഹാരം എന്നിവയിൽ കഴിഞ്ഞ സർക്കാർ കാലയളവിൽ വന്ന ക്രമക്കേടുകളും വീഴ്ചകളും എന്തെല്ലാം;

(ഡി) ഇവ പരിഹരിക്കാനും, കാർഷിക കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച സഹായ തുകയിൽ വന്ന കുടിശ്ശിക നല്കാനും കമ്മീഷൻ പ്രവർത്തനം കാർഷിക മേഖലയ്ക്ക് ഗുണം നൽകാനും എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കാർഷിക മേഖലയിലെ ദുരിതമനുഭവിക്കുന്ന കർഷകർക്ക് കടാശ്വാസം ലഭിക്കുന്നതിന് അപേക്ഷ നൽകാനുള്ള സമയപരിധി 31-5-2009 ആയിരുന്നത് 2015 ഒക്ടോബർ 31 ആയി പുനർനിശ്ചയിക്കുകയും വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധി കണക്കിലെടുത്ത് ഈ ജില്ലയിലെ 31-10-2011 വരെയുള്ള വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കുകയും ചെയ്തു.

(ബി) 2011-12 സാമ്പത്തിക വർഷത്തിൽ 240375 അപേക്ഷകൾ തീർപ്പു കല്പ്പിക്കാനായി ബാക്കിയുണ്ടായിരുന്നു. അതിനുശേഷം വയനാട് ജില്ലയ്ക്ക് മാത്രമായി 31-10-2011 വരെയുള്ള കടങ്ങളും കടാശ്വാസത്തിനായി പരിഗണിക്കുവാൻ ഉത്തരവായതു പ്രകാരം 21750 അപേക്ഷകളും ലഭിച്ചിരുന്നു. അപേക്ഷ സ്വീകരിക്കുന്ന തീയതി 31-10-2015 ആയി പുനഃക്രമീകരിച്ചുപ്രകാരം 43666 അപേക്ഷകൾ ലഭിക്കുകയുണ്ടായി. പ്രസ്തുത കാലയളവിൽ 49694 ഗുണഭോക്താക്കൾക്കായി 107.94 കോടി രൂപ കടാശ്വാസത്തിന് കമ്മീഷൻ ശിപാർശ ചെയ്യുകയും 98.91 കോടി രൂപ സർക്കാർ അനുവദിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കുട്ടനാട്, ഇടുക്കി, വയനാട് പദ്ധതികൾക്കായി 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിൽ ബഡ്ജറ്റിൽ ആകെ നീക്കിവച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പദ്ധതി | ബഡ്ജറ്റിൽ വകയിരുത്തിയ തുക (ലക്ഷം രൂപയിൽ) | ചെലവഴിച്ച തുക (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1 | കുട്ടനാട് പാക്കേജ് (പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് പദ്ധതിയുൾപ്പെടെ) | 8967.247 | 8669.069 |
| 2 | ഇടുക്കി പാക്കേജ് | 1378.10 | 1328 |
| 3 | വയനാട് പാക്കേജ് പദ്ധതി | 7593.46 | 6053.66 |

മേൽ പദ്ധതികളിലെ നിർവ്വഹണം, പ്രശ്ന പരിഹാരം എന്നിവയിൽ കഴിഞ്ഞ സർക്കാർ കാലയളവിൽ ക്രമക്കേടുകളോ വീഴ്ചകളോ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) 2016-17 സാമ്പത്തിക വർഷത്തിൽ കടാശ്വാസ വിതരണത്തിനായി 20 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാർഷിക മേഖലയുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ

41 (2389) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ ഉന്നമനത്തിനും, ഭക്ഷ്യ സ്വയംപര്യാപ്തതയ്ക്കും, വിഷരഹിത ഉത്പന്നങ്ങൾ ലഭ്യമാക്കുന്നതിനുമായി സംസ്ഥാനത്തു നടപ്പാക്കിയ നെൽ കൃഷി വികസന പദ്ധതി, നാളികേര വികസന പദ്ധതി, ഹൈടെക് കൃഷി, കുട്ടനാട്, ഇടുക്കി, വയനാട് പാക്കേജുകൾ, വിള ഇൻഷ്വറൻസ് പദ്ധതി, സൗജന്യ വൈദ്യുതി പദ്ധതി, കർഷക പെൻഷൻ പദ്ധതി, നിറവ്, വിള, ആരോഗ്യ പരിപാലന പദ്ധതി എന്നീ പദ്ധതികൾക്കായി മുൻസർക്കാർ ഓരോ വർഷവും ബജറ്റ് വഴിയും കേന്ദ്ര സഹായങ്ങളും മറ്റു സഹായങ്ങളും വഴി സമാഹരിച്ച തുകയെത്ര; ആയതിന് നീക്കി വച്ച തുക എത്ര; ഓരോ വർഷവും ചെലവാക്കിയ തുക എത്ര; വിശദാംശം ലഭ്യമാക്കുമോ;

(ബി) മുൻസർക്കാർ കാലയളവിൽ ഇത്തരം പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ വീഴ്ചകളും അഴിമതികളും എന്തെന്നും ഓരോ വർഷവും ലാപ്സ് ആയ തുക എത്ര എന്നും വ്യക്തമാക്കുമോ;

(സി) ഇത്തരം പദ്ധതികളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിച്ച് സംസ്ഥാനത്തിന് ഗുണകരമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) വിവിധ പദ്ധതികൾക്കായി നീക്കിവച്ച തുക പൂർണ്ണമായും വിനിയോഗിക്കപ്പെട്ടിരുന്നില്ല. ഇതുസംബന്ധിച്ച വീഴ്ചകൾ പരിശോധിച്ച് പദ്ധതി വിഹിതം പൂർണ്ണമായി ചെലവഴിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓരോ വർഷവും ലാപ്സായ തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

(സി) വിവിധ പദ്ധതികളിൽ കൂടുതൽ പൊതുജന പങ്കാളിത്തവും കർഷക പങ്കാളിത്തവും സ്വാശ്രയ ഗ്രൂപ്പുകളുടെ പങ്കാളിത്തവും ഉറപ്പാക്കി കൂടുതൽ ക്രിയാത്മകമായി മേൽ വിവരിച്ച പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി സംയോജിതമായ ഒരു കൃഷി രീതി അവലംബിക്കുവാനും വിളകൾക്ക് പരിരക്ഷ ഉറപ്പാക്കുന്നതിനുള്ള വിള ഇൻഷ്വറൻസ് പദ്ധതി കാലോചിതമായി പരിഷ്കരിക്കുവാനും ഉദ്ദേശിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാർഷിക മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

42 (2390) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ജൂലൈ മുതൽ 2016 മാർച്ച് 31 വരേയും, 2016 ജൂൺ മുതൽ 2016 സെപ്റ്റംബർ 30 വരേയും സംസ്ഥാനത്തെ കാർഷിക മേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന എത്ര തുക ചെലവഴിച്ചുവെന്നും, എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തുന്നതിനായി എത്ര പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടെന്ന വിവരം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; ഇതിൽ എത്ര പ്രൊപ്പോസലുകൾ 2016-17 വർഷത്തിൽ അംഗീകരിച്ചു കിട്ടുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് അയച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) 2011 ജൂലൈ മുതൽ 2016 മാർച്ച് 31 വരെ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലായി ലഭ്യമായ കേന്ദ്ര സംസ്ഥാന ഫണ്ടും ടി ഫണ്ടുകളിന്മേൽ ലഭിച്ചിട്ടുള്ള പലിശ തുകയും ഉൾപ്പെടെ 149354.15 ലക്ഷം രൂപയും 2016 ജൂൺ മുതൽ 2016 സെപ്റ്റംബർ 30 വരെ 5526.87 ലക്ഷം രൂപയും വിനിയോഗിച്ച് താഴെപ്പറയുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സങ്കരയിനം തെങ്ങിൻ തൈകളുടെ ഉത്പാദനവും വിതരണവും പ്രാദേശിക തെങ്ങിൻതൈ നഴ്സറികൾ സ്ഥാപിക്കൽ, എണ്ണപ്പന കൃഷി വ്യാപനം, സബ് മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ, നെൽ കൃഷി വികസനം, കാർഷിക യന്ത്രവത്കരണം, ദേശീയ നീർത്തടാധിഷ്ഠിത വികസനം, നാഷണൽ ഇ-ഗവേണൻസ് പദ്ധതി, ചെറുകിട തെങ്ങിൻ തോട്ടങ്ങളിൽ സമ്മിശ്ര കൃഷി നടപ്പിലാക്കുന്നതിനുള്ള പദ്ധതി, കാർഷിക യന്ത്രവത്കരണം-പ്രോത്സാഹനം, ശാക്തീകരണം, ദേശീയ ബയോഗ്യാസ് പദ്ധതി, പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി & മാനേജ്മെന്റ്, വൃഷ്ടിപ്രദേശ വികസനം, കാർഷിക വിജ്ഞാന വ്യാപനത്തിനും സാങ്കേതിക വിദ്യയ്ക്കുമുള്ള ദേശീയ മിഷൻ - ആത്മ, വിത്തിനും നടീൽ വസ്തുക്കൾക്കുമുള്ള ഉപപദ്ധതി, മണ്ണിന്റെ ആരോഗ്യ സംരക്ഷണം, ഓൺ ഫാം വാട്ടർമാനേജ്മെന്റ് തുടങ്ങിയവക്കും, RKVY മുഖാന്തിരം കാർഷിക മേഖലയിൽ ഉത്പാദനം വർദ്ധിപ്പിക്കുക വഴി രാജ്യത്തിന്റെ വളർച്ചാ നിരക്ക് കൂട്ടുന്നതിന് സഹായകരമായ പദ്ധതികൾക്കുമാണ് തുക ചെലവഴിച്ചത്. കൂടാതെ നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം ഹോർട്ടിക്കൾച്ചർ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2016 വർഷത്തിൽ ആർ.കെ.വി.വൈ.-യിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന തലത്തിൽ 27 പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 26 എണ്ണം കേന്ദ്രസർക്കാരിന്റെ പ്രതിനിധികൾ ഉൾപ്പെടുന്ന സ്റ്റേറ്റ് ലെവൽ സാങ്ഷനിംങ് കമ്മിറ്റി (എസ്.എൽ.എസ്.സി.) അംഗീകരിച്ചിട്ടുണ്ട്. ഇവയിൽ 11 എണ്ണം സംസ്ഥാനതല പ്രോജക്ടുകളും 15 എണ്ണം താഴെകൊടുക്കും പ്രകാരം ജില്ലാ തലത്തിലുള്ളവയുമാണ്.

| | | |
|---|---|---|
| തിരുവനന്തപുരം | - | 3 |
| കൊല്ലം | - | 1 |
| കോട്ടയം | - | 1 |
| എറണാകുളം | - | 1 |
| ഇടുക്കി | - | 2 |
| പാലക്കാട് | - | 1 |
| മലപ്പുറം | - | 2 |
| കണ്ണൂർ | - | 3 |
| കാസർഗോഡ് | - | 1 |

**കാർഷിക കർമ്മസേനാ രൂപീകരണം**

43 (2391) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷി ഭവനുകൾക്ക് കീഴിൽ കാർഷിക കർമ്മസേന രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം രൂപീകരിച്ച കർമ്മസേനകൾക്ക് സർക്കാർ നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത കർമ്മസേനകൾക്ക് ജോലി ചെയ്യുന്നതിനാവശ്യമായ യന്ത്ര സാമഗ്രികൾ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് രൂപീകരിച്ച 200 കർമ്മസേനകളിൽ 100 കർമ്മ സേനകളെ 2014-15 വർഷത്തെ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കർമ്മസേനയ്ക്ക് 9 ലക്ഷം രൂപയുടെ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും ഒരു ലക്ഷം രൂപയുടെ യൂണിഫോം വാങ്ങുന്നതിനുമായി ആകെ 10 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. ബാക്കിയുള്ള 100 കാർഷിക കർമ്മസേനകൾക്ക് യന്ത്രോപകരണങ്ങൾ നൽകാൻ നടപടി സ്വീകരിച്ചുവരുന്നു. 200 കാർഷിക കർമ്മസേനകളിലെ അംഗങ്ങൾക്ക് ആധുനിക യന്ത്രോപകരണങ്ങൾ ഉപയോഗിക്കുന്നതിന് വിദഗ്ദ്ധ പരിശീലനം നൽകിയിട്ടുണ്ട്.

(സി) 100 കർമ്മസേനകൾക്ക് കാർഷിക യന്ത്രോപകരണങ്ങൾ നൽകിയിട്ടുണ്ട്. ബാക്കിയുള്ളള 100 കർമ്മസേനകൾക്ക് യന്ത്രോപകരണങ്ങൾ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വാട്ടർ ഹാർവസ്റ്റിംഗ്**

44 (2392) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിക്കാരെ സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; കാർഷിക ആവശ്യത്തിനായി വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഇത്തരം ആവശ്യത്തിനായുള്ള ജല സ്രോതസ്സുകൾക്ക് എന്തെങ്കിലും പ്രത്യേക മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നുണ്ടോ;

(ബി) കീട-കുമിൾ നാശിനി പ്രയോഗം പച്ചക്കറികളെ വിഷമയമാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രിസ്ക്രിപ്ഷന്റെ അടിസ്ഥാനത്തിൽ കൃഷി വിദഗ്ധന്റെ മേൽനോട്ടത്തിൽ കീട- കുമിൾ നാശിനികൾ വിപണനം നടത്തുവാനും, കീടനാശിനി, കുമിൾ നാശിനി എന്നിവ ഉപയോഗിക്കുന്നവരുടെ പൂർണ്ണവിവരം (മേൽവിലാസം, കൃഷി സ്ഥലം, കീടം/രോഗം, ഉപയോഗിക്കുന്ന അളവ്) അടങ്ങുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) 'വാട്ടർ ഹാർവസ്റ്റിംഗ്' പദ്ധതികൾ അനുയോജ്യമായ സ്ഥലങ്ങളിൽ പരമാവധി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; കാർഷിക വകുപ്പിന്റെയും, സർവ്വകലാശാലകളിലേയും അനുയോജ്യമായ സ്ഥലം പ്രസ്തുത പദ്ധതികൾക്കായി കണ്ടെത്തുകയാണെങ്കിൽ വാട്ടർ റിസർവോയറുകൾ നിർമ്മിക്കാൻ തയ്യാറാവുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നെൽകൃഷിക്കാരെ സംരക്ഷിക്കുന്നതിനായി ചുവടെ ചേർത്തിട്ടുള്ള നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. <u>സുസ്ഥിര നെൽകൃഷി വികസനം</u>:

ഈ പദ്ധതി പ്രകാരം ഹൈക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

2. <u>വികസന ഏജൻസികൾക്കുള്ള ഫണ്ട്:</u>

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

3. <u>പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം:</u>

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000 രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

4. <u>പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി</u> :

പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ 1,25,000 ഹെക്ടർ പ്രദേശത്തേയ്ക്ക് പദ്ധതി നടപ്പിലാക്കിവരുന്നു.

5. <u>കരനെൽകൃഷി വികസനം</u>:

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2560 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600 രൂപ സബ്സിഡി) ആകെ 348.16 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

6. <u>നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ)</u>:

നെൽകർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

7. <u>കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)</u>:

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു. 2016-17 വർഷം 3443 ലക്ഷം രൂപ ഇതിലേയ്ക്കായി അനുവദിക്കുകയുണ്ടായി.

8. <u>ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി (എൻ.എഫ്.എസ്.എം.)</u>:

ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി 243 ലക്ഷം രൂപ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

9. <u>ആർ.കെ.വി.വൈ. പദ്ധതി</u>:

പ്രകാരം ഹെക്ടറിന് 7500 രൂപ നിരക്കിൽ ധനസഹായം നൽകി 2000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്.

കാർഷിക വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഇപ്രകാരമാണ്.

1. 30 സെന്റിൽ കുറയാതെ കൃഷിഭൂമിയുള്ളവരിൽ 75% -ൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളവർ.
2. 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർ.
3. 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്യുന്ന കർഷകർ.
4. കാർഷികാവശ്യത്തിനായി സ്ഥാപിച്ചിട്ടുള്ള പമ്പ്സെറ്റും ജലസ്രോതസ്സും കൃഷിയും പരിശോധിച്ച് കൃഷി ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് പ്രകാരമാണ് കെ.എസ്.ഇ.ബി. കാർഷിക വൈദ്യുതി കണക്ഷൻ നൽകിവരുന്നത്. ഈ ആവശ്യത്തിനുള്ള ജലസ്രോതസ്സ് കർഷകന്റെ കൃഷി ഭൂമിയിൽ ഉണ്ടായിരിക്കേണ്ടതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷിയിടങ്ങളിൽ അനിയന്ത്രിതമായ കീടനാശിനി ഉപയോഗം ഒഴിവാക്കുവാനായി കർഷകർക്ക് അവബോധം നൽകുവാനും ശാസ്ത്രീയമായ ശിപാർശയുടെ അടിസ്ഥാനത്തിൽ മാത്രം കീടനാശിനികൾ പ്രയോഗിക്കുവാൻ

കർഷകരെ പ്രേരിപ്പിക്കുവാനും കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി 29-8-2016 മുതൽ 7-10-2016 വരെയുള്ള കാലയളവിൽ ഒരു സംസ്ഥാനതല ക്യാമ്പയിൻ കൃഷിവകുപ്പ് നടത്തിവരികയാണ്. ഒപ്പം നിയന്ത്രിത കീടനാശിനികൾ മേലിൽ കൃഷി ആഫീസർമാരുടെ പ്രിസ്ക്രിപ്ഷന്റെ അടിസ്ഥാനത്തിൽ മാത്രം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും ഇത്തരത്തിൽ നൽകുന്ന പ്രിസ്ക്രിപ്ഷൻ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ എല്ലാ കൃഷിഭവനുകളിലും സൂക്ഷിക്കുവാനും എല്ലാ കൃഷി ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) SHM, PMKSY എന്നീ പദ്ധതികളിൽ വാട്ടർ ഹാർവെസ്റ്റിംഗ് പദ്ധതികൾ ചെയ്യുവാൻ ഉദ്ദേശിക്കുന്നു. സ്ഥലലഭ്യതയും പ്രയോഗക്ഷമതയും പരിശോധിച്ച് വേണ്ട നടപടികൾ ആലോചിക്കുന്നതാണ്.

**കാർഷിക യന്ത്രോപകരണങ്ങളുടെ വിതരണം**

45 (2393) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻകാലങ്ങളിൽ കാർഷിക യന്ത്രോപകരണങ്ങൾ സർക്കാർ സ്ഥാപനമായ റെയ്ഡ്കോ, കെയ്കോ എന്നിവ വഴി കുറ്റമറ്റ രീതിയിൽ വിതരണം ചെയ്തു വന്നിരുന്ന നടപടി കഴിഞ്ഞ സർക്കാർ സ്വകാര്യ കുത്തകകൾക്ക് വേണ്ടി അട്ടിമറിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മുൻകാലങ്ങളിലേതുപോലെ കാർഷിക യന്ത്രോപകരണങ്ങളുടെ വിതരണച്ചുമതല സർക്കാർ സ്ഥാപനങ്ങൾക്ക് തന്നെ നൽകാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

കാർഷിക യന്ത്രോപകരണങ്ങൾ കുറ്റമറ്റ രീതിയിൽ വിതരണം ചെയ്യുന്നതിന് കൃഷി വകുപ്പും നാഷണൽ ഇൻഫർമാറ്റിക് സെന്ററും ചേർന്ന് രൂപീകരിച്ച സോഫ്റ്റ് വെയറിൽ ഗുണമേന്മയുള്ള കാർഷിക യന്ത്രങ്ങളുടെ പട്ടിക ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പട്ടികയിലുള്ള കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കുന്നത് അംഗീകൃത ഡീലറിൽ നിന്നാണ്. ഈ ലിസ്റ്റിൽ റെയ്ഡ്കോ, കെയ്കോ എന്നീ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. കർഷകർക്കാവശ്യമുള്ള സാധനങ്ങൾ ഉചിതമായ നിരക്കിൽ അംഗീകൃത ഡീലറിൽ നിന്നോ റെയ്ഡ്കോ, കെയ്കോ എന്നീ സ്ഥാപനങ്ങളിൽ നിന്നോ വാങ്ങാവുന്നതാണ്. ഇതുമൂലം കർഷകർക്ക് ഇഷ്ടമുള്ള ബ്രാന്റ് അവർക്കിണങ്ങിയ നിരക്കിൽ വാങ്ങിക്കുന്നതിന് സാധിക്കുന്നതാണ്. എന്നാൽ സർക്കാരിന് കീഴിലുള്ള സ്ഥാപനങ്ങൾ നിർമ്മിക്കുന്ന കാർഷികോപകരണങ്ങൾ വാങ്ങുന്നുവെന്ന് ഉറപ്പാക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## നെൽകൃഷി

46 (2394) ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെൽകൃഷി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

നെൽകൃഷിയുടെ വിസ്തൃതി മൂന്ന് ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനും തരിശു കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കരനെൽകൃഷി അഞ്ച് വർഷം കൊണ്ട് ഒരു ലക്ഷം ഹെക്ടറായും വ്യാപിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിനുപുറമെ കൃഷിയോഗ്യമായ തരിശു ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിവിധയിനം നെൽകൃഷി വികസന പദ്ധതികൾ സംസ്ഥാന സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. ആയത് ചുവടെ ചേർത്തുകൊള്ളുന്നു:

1. സുസ്ഥിര നെൽകൃഷി വികസനം :

   2016-17 സാമ്പത്തിക വർഷത്തേയ്ക്കായി സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേയ്ക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

2. വികസന ഏജൻസികൾക്കുള്ള ഫണ്ട്:

   നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം:

   പ്രത്യേക നെല്ലിനങ്ങളായ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല രക്തശാലി, ബസ്മതി) എന്നിവയുടെ കൃഷി പ്രോത്സാഹനത്തിനായി ഹെക്ടറിന് 10000 രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

4. <u>പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി</u> :

പാടശേഖര സമിതികളുടെ സുഗമമായ പ്രവർത്തനത്തിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 1,25,000 ഹെക്ടർ പ്രദേശത്തേയ്ക്ക് പദ്ധതി നടപ്പിലാക്കിവരുന്നു.

5. <u>കരനെൽകൃഷി വികസനം</u>:

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2560 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600 രൂപ സബ്സിഡി) ആകെ 348.16 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

6. <u>നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ)</u>:

നെൽ കർഷകർക്ക് ഉല്പാദന ബോണസായി ഹെക്ടറിന് 1000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

7. <u>കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)</u>:

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചു വരുന്നു. 2016-17 വർഷം 3443 ലക്ഷം രൂപ ഇതിലേയ്ക്കായി അനുവദിക്കുകയുണ്ടായി.

8. <u>ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി (എൻ.എഫ്.എസ്.എം.)</u>:

ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി 243 ലക്ഷം രൂപ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

9. <u>ആർ.കെ.വി.വൈ. പദ്ധതി</u>:

പ്രകാരം ഹെക്ടറിന് 7500 രൂപ നിരക്കിൽ ധനസഹായം നൽകി 2000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്.

റാണികായൽ, മെത്രാൻ കായൽ, ആറന്മുള കായൽ എന്നിവിടങ്ങളിലെ നെൽകൃഷി പുനരുജ്ജീവനം ഇതിനുപുറമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരവും നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## നെൽകൃഷി

47 (2395) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തരിശ്ശിട്ട നെൽപാടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ സ്ഥലത്താണ് നെൽകൃഷി പുനരാരം ഭിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) കൃഷിക്ക് അനുയോജ്യമായിട്ടുള്ള നെൽപ്പാടങ്ങൾ കണ്ടെത്തിയിട്ടുണ്ടോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് 5264.68 ഏക്കർ സ്ഥലത്ത് നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ ചമ്പക്കുളം-കൈനകരി, റാണികായലിൽ പുല്ലച്ചിറ 530.5 ഏക്കർ, കോട്ടയം ജില്ലയിലെ മെത്രാൻ കായലിൽ 400 ഏക്കർ, പത്തനംതിട്ട ജില്ലയിലെ ആറന്മുള പാടശേഖരം 140 ഏക്കർ ഉൾപ്പെടെ 1250 ഏക്കർ, കോഴിക്കോട് ജില്ലയിൽ 1075 ഏക്കർ, വയനാട് ജില്ലയിൽ 272.5 ഏക്കർ, മലപ്പുറം ജില്ലയിൽ 625 ഏക്കർ, തൃശ്ശൂർ ജില്ലയിൽ 1111.68 ഏക്കർ, കോഴിക്കോട് ജില്ലയിൽ ആവളപാണ്ടി 307 ഹെക്ടർ സ്ഥലത്ത് നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിന് അനുയോജ്യമായ നെൽപാടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇതിനുപുറമേ കൃഷിയോഗ്യമായ തരിശുഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നെൽകൃഷി

48 (2396) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര ഹെക്ടർ പ്രദേശത്താണ് നെൽകൃഷി ചെയ്തുവരുന്നത്; വിശദമാക്കാമോ;

(ബി) ഈ സർക്കാർ നെൽകൃഷി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എത്ര ഹെക്ടറിൽ വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ആയതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) ആയതിന്റെ പ്രായോഗിക രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 2015-16-ലെ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്ക പ്രകാരം 194174 ലക്ഷം ഹെക്ടർ നെൽകൃഷിയാണ് നിലവിലുള്ളത്.

(ബി) ഉണ്ട്. നെൽകൃഷിയുടെ വിസ്തൃതി മൂന്ന് ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനും തരിശുകിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കരനെൽകൃഷി അഞ്ച് വർഷം കൊണ്ട് ഒരു ലക്ഷം ഹെക്ടറായും വ്യാപിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിനുപുറമെ കൃഷിയോഗ്യമായ തരിശുഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെയുള്ള ഒരു വർഷം നെല്ലിന്റെ വർഷമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. " നമ്മുടെ നെല്ല് നമ്മുടെ അന്നം" എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ, നെൽകൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2017 ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക്, സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിച്ച് അരി നൽകുക എന്ന ലക്ഷ്യത്തോടെ ഓരോ ജില്ലയിലും നെൽകൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സ്കൂൾ ക്ലബ്ബുകൾ, യുവജന ക്ലബ്ബുകൾ, സർക്കാരിതര സംഘടനകൾ, പഞ്ചായത്തുകൾ, അസോസിയേഷനുകൾ, വനിതാ ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വാശ്രയ സംഘങ്ങൾ മുതലായവ മുഖേന നിലവിലെ നെൽകൃഷിയിടങ്ങൾ പരിരക്ഷിക്കുന്നതിനും വാണിജ്യപരമായും വീടുകളോടനുബന്ധിച്ചും നഗരങ്ങളിലും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി അധികോൽപ്പാദനം സാധ്യമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. കൂടാതെ നെൽകൃഷിയുടെ വിസ്തീർണ്ണവും അതോടൊപ്പം ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ആയത് ചുവടെ ചേർത്തുകൊള്ളുന്നു:

1. <u>സുസ്ഥിര നെൽകൃഷി വികസനം</u>:

   2016-17 സാമ്പത്തിക വർഷത്തേയ്ക്കായി സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേയ്ക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

2. വികസന ഏജൻസികൾക്കുള്ള ഫണ്ട്:

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം:

പ്രത്യേക നെല്ലിനങ്ങളായ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) എന്നിവയുടെ കൃഷി പ്രോത്സാഹനത്തിനായി ഹെക്ടറിന് 10000 രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

4. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി:

പാടശേഖര സമിതികളുടെ സുഗമമായ പ്രവർത്തനത്തിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 1,25,000 ഹെക്ടർ പ്രദേശത്തേയ്ക്ക് പദ്ധതി നടപ്പിലാക്കിവരുന്നു.

5. കരനെൽകൃഷി വികസനം:

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2560 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600 രൂപ സബ്സിഡി) ആകെ 348.16 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

6. നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ):

നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ):

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു. 2016-17 വർഷം 3443 ലക്ഷം രൂപ ഇതിലേയ്ക്കായി അനുവദിക്കുകയുണ്ടായി.

8. <u>ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി (എൻ.എഫ്.എസ്.എം.)</u>:

ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി 243 ലക്ഷം രൂപ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

9. <u>ആർ.കെ.വി.വൈ. പദ്ധതി</u>: പ്രകാരം ഹെക്ടറിന് 7500 രൂപ നിരക്കിൽ ധനസഹായം നൽകി 2000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

റാണികായൽ, മെത്രാൻ കായൽ, ആറന്മുള കായൽ എന്നിവിടങ്ങളിലെ നെൽകൃഷി പുനരുജ്ജീവനം ഇതിനും പുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരവും നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ഡി) പ്രായോഗിക രൂപരേഖ തയ്യാറാക്കിവരുന്നുണ്ട്. ഒരുപ്പൂകൃഷി ഇരുപ്പൂ ചെയ്യുന്നതിനായി 4965.2 ഹെക്ടറും ഇരുപ്പൂ കൃഷി ചെയ്യുന്ന 479 ഹെക്ടർ മുന്നുപൂകൃഷി ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**കൃഷിഭവൻ വഴി പച്ചത്തേങ്ങ സംഭരണം**

49 (2397) <u>ശ്രീ. റോജി എം. ജോൺ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവൻ വഴി സംഭരിക്കുന്ന പച്ചത്തേങ്ങയ്ക്ക് ഒരു കിലോയ്ക്ക് എത്ര രൂപയാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്;

(ബി) മുൻസർക്കാരിന്റെ കാലത്ത് 2016 ജനുവരി - ഫെബ്രുവരി മാസത്തിൽ ഒരു കിലോ പച്ചത്തേങ്ങ എന്തു വിലയ്ക്കാണ് സംഭരിച്ചത്;

(സി) മുൻകാലങ്ങളിൽ 45 ദിവസത്തിൽ ഒരിക്കൽ ശേഖരിച്ചിരുന്ന നാളികേരം ഇപ്പോൾ നാലുമാസത്തിൽ ഒരിക്കൽപോലും ശേഖരിക്കാത്തത് എന്തുകൊണ്ടാണ്;

(ഡി) പച്ചത്തേങ്ങ സംഭരിച്ച വകയിൽ കർഷകർക്ക് എത്ര കോടി രൂപ കുടിശ്ശിക നൽകാനുണ്ട്; ഈ കുടിശ്ശിക അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ) 25 രൂപ.

(ബി) 25 രൂപ.

(സി) നാളികേരസംഭരണം മുടക്കമില്ലാതെ തുടർന്നുവരുന്നു. എന്നാൽ അപൂർവ്വം ചിലയിടങ്ങളിൽ പച്ചത്തേങ്ങ കൊപ്രയാക്കി മാറ്റുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതിയും ശേഖരിക്കാൻ കഴിയുന്നതിൽ കൂടുതലായ ഉൽപ്പാദനവുംമൂലം സംഭരണത്തിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. കൃഷിഭവൻ വഴി സംഭരിക്കുന്ന പച്ചത്തേങ്ങ വില കിലോഗ്രാമിന് 27 രൂപയായി വർദ്ധിപ്പിക്കുന്നതിനും നാളികേരസംഭരണം 500 കൃഷി ഭവനുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.

(ഡി) 77.81 കോടി രൂപ കുടിശ്ശികയായുണ്ട്. നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**മണ്ണിട്ട് നികത്തിയ നെൽകൃഷി സ്ഥലങ്ങൾ**

50 (2398) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ കാലയളവിൽ മണ്ണിട്ടു നികത്തിയ നെൽകൃഷി സ്ഥലങ്ങൾ എത്ര; മറ്റുകാർഷിക മേഖലയുടെ വിസ്തീർണ്ണം എത്ര; തണ്ണീർത്തടങ്ങൾ, കുളങ്ങൾ, കായലോര പ്രദേശങ്ങൾ ഉൾപ്പെടെ എത്ര എന്നും വ്യക്തമാക്കുമോ;

(ബി) മുൻസർക്കാർ അധികാരമൊഴിയുമ്പോൾ നെൽ കൃഷിക്കാർ ഉൾപ്പെടെ മറ്റു കൃഷിക്കാർക്ക് കുടിശ്ശികയിനത്തിൽ കൊടുത്തു തീർക്കുവാനുണ്ടായിരുന്ന തുക എത്ര എന്ന് വിഭാഗം തിരിച്ചു വിശദീകരിക്കാമോ;

(സി) ഇവരുടെ കുടിശ്ശിക തീർക്കുന്നതിന് വേണ്ട തുക എത്ര എന്നും, ഇവ നല്കാനും, പ്രസ്തുത കാർഷിക മേഖല സംരക്ഷിക്കാനും നികത്തിയതുൾപ്പെടെയുള്ള കൈയ്യേറ്റം ഒഴിപ്പിക്കാനുംഎന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാർ കാലയളവിൽ 1379.887 ഹെക്ടർ നെൽപാടങ്ങൾ നികത്തപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ പറയും പ്രകാരമാണ്:

| ക്രമ നമ്പർ | ജില്ല | വിസ്തീർണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 488.072 |
| 2 | കൊല്ലം | 73.518 |
| 3 | പത്തനംതിട്ട | 92.94925 |

| (1) | (2) | (3) |
|---|---|---|
| 4 | ആലപ്പുഴ | 20.43 |
| 5 | കോട്ടയം | 54.202 |
| 6 | ഇടുക്കി | 39.609 |
| 7 | എറണാകുളം | 190.2308 |
| 8 | തൃശ്ശൂർ | 62.00 |
| 9 | പാലക്കാട് | 142.28 |
| 10 | മലപ്പുറം | 142.70 |
| 11 | കോഴിക്കോട് | 5.064 |
| 12 | വയനാട് | 17.0156 |
| 13 | കണ്ണൂർ | 46.796 |
| 14 | കാസർഗോഡ് | 5.02 |
| | ആകെ | 1379.887 |

മറ്റ് കാർഷിക മേഖലയുടെ വിസ്തീർണ്ണം തണ്ണീർത്തടങ്ങൾ, കുളങ്ങൾ, കായലോര പ്രദേശങ്ങൾ എന്നിവ സംബന്ധിച്ച വിവരം കൃഷി വകുപ്പ് ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) തുകയുടെ കൃത്യമായ വിവരം ശേഖരിച്ചുവരുന്നു. കുടിശ്ശിക തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പുമായി ചേർന്ന് സ്വീകരിച്ചുവരുന്നു.

**വീട്ടുകളിലെ പച്ചക്കറികൃഷി**

51 (2399) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിവരിക്കുമോ;

(ബി) പച്ചക്കറി കൃഷി വീട്ടമ്മമാരിലൂടെ പ്രോത്സാഹനം കൊടുത്ത് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇവർക്കായി വിവിധ ഏജൻസി വഴി പച്ചക്കറി വിത്തുകളും, വളങ്ങളും മറ്റും നൽകുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ വീട്ടുകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാൻ പത്ത് ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സ്കൂൾ വിദ്യാർത്ഥികൾക്കും പത്ത് ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ വീട്ടമ്മമാർക്കും സൗജന്യമായി നൽകിവരുന്നു. ഇതിനായി പദ്ധതിയിൻകീഴിൽ അഞ്ഞൂറ് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വീട്ടുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ് ' പദ്ധതി, പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിതരണം ചെയ്യൽ, നഗരപ്രദേശങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 'ഹരിതനഗരി' എന്നീ പദ്ധതികൾ വി.എഫ്.പി.സി.കെ. വഴിയും നടപ്പിലാക്കി വരുന്നു.

(സി) വാർത്താ മാധ്യമങ്ങളുടെ സഹകരണത്തോടെ 4.8 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും സന്നദ്ധ സംഘടനകൾ മുഖേന 4 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും ഇതിനോടകം വിതരണം നടത്തുകയും ടി പദ്ധതി തുടർന്ന് വരികയുമാണ്. ജൈവവളങ്ങൾ, ജൈവ കീടനാശിനികൾ, രോഗപ്രതിരോധശേഷിയുള്ള വിത്തിനങ്ങൾ എന്നിവ കൃഷിഭവനുകൾ, വി.എഫ്.പി.സി.കെ.-യുടെ സ്വാശ്രയ കർഷക വിപണികൾ, കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ, കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാനകേന്ദ്രങ്ങൾ, ഹോർട്ടികോർപ്പ്, അഗ്രോ ബസാറുകൾ എന്നിവ വഴി വിതരണം ചെയ്യുന്നുണ്ട്.

**ആലത്തൂർ മണ്ഡലത്തിൽ കൃഷിവകുപ്പിലെ ഒഴിവുകൾ**

52 (2400) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കൃഷിവകുപ്പിന്റെ എത്ര ഓഫീസുകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത ഓഫീസുകളിൽ കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും എത്ര തസ്തികകളാണ് നിലവിലുള്ളത്;

(സി) കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും തസ്തികകൾ ഏതെങ്കിലും ഒഴിഞ്ഞുകിടക്കുന്നുണ്ടോ; എങ്കിൽ ഒഴിവുകൾ അടിയന്തരമായി നികത്താൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആലത്തൂർ മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ പത്ത് ഓഫീസുകളാണ് നിലവിലുള്ളത്.

(ബി) കൃഷി ഓഫീസറുടെ എട്ടും കൃഷി അസിസ്റ്റന്റിന്റെ ഇരുപത്തിയഞ്ചും തസ്തികകൾ നിലവിലുണ്ട്.

(സി) തരൂർ കൃഷി ഭവനിൽ കൃഷി ഓഫീസറുടെ ഒരു ഒഴിവുണ്ട്. നിലവിൽ കൃഷി ഓഫീസർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് ഇല്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ ഇല്ല.

**നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

53 (2401) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടി സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) നെൽകൃഷി വ്യാപിപ്പിക്കേണ്ടതിന്റെ പാരിസ്ഥിതിക അനിവാര്യതകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കൂടുതൽ വരുമാനമുള്ള മേഖലയായി നെൽകൃഷിയെ മാറ്റുന്നതിന് സ്വീകരിച്ച വരുന്ന പദ്ധതികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) നെല്ലിനെ ബാധിക്കുന്ന കീടങ്ങളെ നിയന്ത്രിക്കുന്നതിന് ഫലപ്രദമായ ജൈവ കീടനാശിനികളെ കർഷകർക്കു ലഭ്യമാക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) 2017 ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക് സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിച്ച അരി നൽകുക എന്ന ലക്ഷ്യത്തോടെ " നമ്മുടെ നെല്ല് നമ്മുടെ അന്നം" എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ, നെൽകൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നെൽകൃഷി മേഖലയിൽ പുതിയ ഉണർവ് സൃഷ്ടിച്ച് ആഭ്യന്തരമായി ഉൽപ്പാദിപ്പിച്ച അരി ഉപയോഗിക്കുന്നതിന് ഊന്നൽ നൽകിയിട്ടുണ്ട്. അനുബന്ധ മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിന് 2016 ഓണം മുതൽ 2017 ഓണം വരെയുള്ള കാലയളവ് നെൽവർഷമായി ആചരിക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനുപുറമെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ താഴെപ്പറയുന്ന വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

1. സുസ്ഥിര നെൽകൃഷി വികസനം:

2016-17 സാമ്പത്തിക വർഷത്തേക്കായി സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേയ്ക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

2. വികസന ഏജൻസികൾക്കുള്ള ഫണ്ട്:

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം:

പ്രത്യേക നെല്ലിനങ്ങളായ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) എന്നിവയുടെ കൃഷി പ്രോത്സാഹനത്തിനായി ഹെക്ടറിന് 10000 രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

4. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി:

പാടശേഖര സമിതികളുടെ സുഗമമായ പ്രവർത്തനത്തിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ 1,25,000 ഹെക്ടർ പ്രദേശത്തേയ്ക്ക് പദ്ധതി നടപ്പിലാക്കിവരുന്നു.

5. കരനെൽകൃഷി വികസനം:

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2560 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600 രൂപ സബ്സിഡി) ആകെ 348.16 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

6. നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ):

നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ):

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റ് വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു. 2016-17 വർഷം 3443 ലക്ഷം രൂപ ഇതിലേയ്ക്കായി അനുവദിക്കുകയുണ്ടായി.

8. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (എൻ.എഫ്.എസ്.എം.):

ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി 243 ലക്ഷം രൂപ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

9. ആർ.കെ.വി.വൈ. പദ്ധതി: പ്രകാരം ഹെക്ടറിന് 7500 രൂപ നിരക്കിൽ ധനസഹായം നൽകി 2000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്.

10. തരിശു നിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേയ്ക്ക് ഒരു ഹെക്ടറിന് മുപ്പതിനായിരം രൂപ നിരക്കിൽ സഹായധനം അനുവദിക്കുന്നതിനുള്ള പദ്ധതിയും ആസൂത്രണം ചെയ്തിട്ടുണ്ട്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട (റാണികായൽ, മെത്രാൻ കായൽ, ആറന്മുള കായൽ ) കോഴിക്കോട്, വയനാട്, മലപ്പുറം, തൃശ്ശൂർ തുടങ്ങിയ വിവിധ ജില്ലകളിലായി ആകെ 2105.87 ഹെക്ടറിൽ നെൽകൃഷി പുനരുജ്ജീവനത്തിനുള്ള നടപടികൾ, വകുപ്പുതലത്തിൽ പുരോഗമിച്ചുവരുന്നു. ഇതിനുപുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരവും നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും ഭൂഗർഭ ജലനിരപ്പ് താഴാതെ സൂക്ഷിക്കുന്നതിനും നെൽവയലുകൾ നിലനിർത്തേണ്ടതും അതിൽ നെൽകൃഷി തന്നെ ചെയ്യേണ്ടതും അനിവാര്യമാണ്.

(സി) 2016-17 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പാലക്കാട്, ആലപ്പുഴ, എറണാകുളം ജില്ലകളിലെ നെല്ലിനെ അടിസ്ഥാനമാക്കിയുള്ള അഗ്രോ-പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. കൃഷിവകുപ്പിന്റെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബയോകൺട്രോൾ ലാബ്, ആലപ്പുഴയിൽ പ്രവർത്തിക്കുന്ന കെ.സി.പി.എം., വിവിധ ജില്ലകളിലെ പാരസെറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ വഴി ജൈവീക കീട രോഗ നിയന്ത്രണോപാധികളായ സീഡോമോണാസ്, ട്രൈക്കോഡെർമ, ട്രൈക്കോ കാർഡ്സ്, പരാദപ്രാണികൾ എന്നിവ ഉല്പാദിപ്പിച്ച് കർഷകർക്ക് നേരിട്ടും കൃഷി ഭവൻ മുഖേനയും ലഭ്യമാക്കിവരുന്നു. കൂടാതെ കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ഇവ ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്നതിനുള്ള പ്രോത്സാഹനം കർഷകർക്കും എസ്.എച്ച്.ജി. പോലുള്ള ഗ്രൂപ്പുകൾക്കും നൽകിവരുന്നു. കൃഷി വകുപ്പ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന അഗ്രോപാർക്കുകൾ വഴിയും വിവിധ പദ്ധതികൾ വഴിയും ഇവ കർഷകർക്ക് ലഭ്യമാക്കുന്നതാണ്.

## കണ്ണാറയിലെ അഗ്രോ പാർക്ക്

54 (2402) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിൽ ഒല്ലൂർ നിയോജക മണ്ഡലത്തിലെ കണ്ണാറയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന അഗ്രോ പാർക്കിൻെറ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അഗ്രോ പാർക്കിൽ എന്തെല്ലാം ഉല്പന്നങ്ങളാണ് സംസ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്നും ആയതിൻെറ വിശദാംശങ്ങളും ലഭ്യമാക്കാമോ?

### ഉത്തരം

(എ&ബി) നടപ്പുസാമ്പത്തിക വർഷം തന്നെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും ഇതുസംബന്ധിച്ച വിശദാംശങ്ങളിൽ ചർച്ചകൾ നടന്നുവരുന്നു. തേൻ, ബനാന, മറ്റ് പഴവർഗ്ഗങ്ങൾ എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള ഉൽപ്പന്നങ്ങളാണിവിടെ ഉദ്ദേശിക്കുന്നത്.

## വിഷരഹിതമായ പച്ചക്കറി ലഭ്യമാക്കുന്നതിനുള്ള പദ്ധതി

55 (2403) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷരഹിതമായ പച്ചക്കറി ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നതിലൂടെ പച്ചക്കറിയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഇക്കാര്യത്തിൽ അനിവാര്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി ലഭ്യമാക്കുന്നതിലേയ്ക്കും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ഇതിലേയ്ക്കായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. വിവിധ ബ്ലോക്കുകളിൽ നല്ല കൃഷിമുറകൾ പാലിച്ച് പഴം, പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനായി 292-ഓളം ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ജൈവ ഉല്പന്നങ്ങൾ സംഭരിച്ച് പാക്ക് ചെയ്ത് വിൽപ്പന നടത്തുന്നതിലേയ്ക്ക് ധനസഹായവും നൽകുന്നുണ്ട്. ഇത്തരം 152 ക്ലസ്റ്ററുകൾ ഈ സാമ്പത്തിക വർഷം പുതുതായി രൂപീകരിക്കുവാനും ഉല്പന്നങ്ങൾ ഇക്കോഷോപ്പ് മുഖേന വിപണനം നടത്തുന്നതിന് ഇൻസെന്റീവ് നൽകുന്നതിനും നിലവിലുള്ള 45 ഇക്കോ ഷോപ്പുകൾക്കുപുറമേ പുതുതായി 15 എണ്ണം കൂടി സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷിയിടത്തിൽ തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിന് കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി സബ്സിഡി നൽകും. ഇതിനുപുറമേ കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേനയും കർഷകർക്ക് പരിശീലനവും പ്രോത്സാഹനവും നൽകിവരുന്നു. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജകമണ്ഡലം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവയ്ക്ക് നിലവിൽ നൽകിവരുന്ന അവാർഡ് തുക വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ജൈവകൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആറാലുംമൂട് വെജിറ്റബിൾ മാർക്കറ്റിന്റെ നവീകരണം**

56 (2404) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ ആറാലുംമൂട് വെജിറ്റബിൾ മാർക്കറ്റിൻെറ നവീകരണത്തിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിച്ച പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണ്; പ്രസ്തുത പദ്ധതിക്കായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കാരോട് പഞ്ചായത്തിലെ വെൺകുളം പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള അഴിമതിയെ കുറിച്ച് നൽകിയ പരാതിയിൻമേൽ അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് 2008-ൽ സമർപ്പിച്ച പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല.

(ബി) കൃഷി വകുപ്പ് ഡയറക്ടറേറ്റിലെ സ്പെഷ്യൽ വിജിലൻസ് സെൽ പരിശോധന നടത്തുകയും പ്രാഥമിക തെളിവുകൾ ശേഖരിക്കുകയും കൂടുതൽ സാങ്കേതിക പരിശോധന നടത്തുവാനായി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

**സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ**

57 (2405) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന പഴം-പച്ചക്കറി വ്യാപനത്തിന് നടപ്പിലാക്കി വരുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) ഇതിൻ പ്രകാരം 2016-17 സാമ്പത്തിക വർഷത്തിലേക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പഴം, പച്ചക്കറി വ്യാപനത്തിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്.) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലെ വിളവിസ്തൃതി വ്യാപനം/ പുതിയ കൃഷിത്തോട്ടങ്ങളുടെ സ്ഥാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പാഷൻഫ്രൂട്ട്, കിവി, മുന്തിരി തുടങ്ങിയ മൂല്യം കൂടിയ വിളകളുടെ സൂക്ഷ്മ ജലസേചന സംവിധാനം, ട്രെല്ലികൾ തുടങ്ങിയ സജ്ജീകരണങ്ങളോട് കൂടിയുള്ള പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടർ ഒന്നിന് 96000 രൂപ ധനസഹായം നൽകുന്നു. നടപ്പുസാമ്പത്തിക വർഷം 10 ഹെക്ടർ കൃഷി വ്യാപനമാണ് ലക്ഷ്യമിടുന്നത്. വാഴ, കൈതച്ചക്ക എന്നിവയുടെ സൂക്ഷ്മ ജലസേചന സംവിധാനമില്ലാത്ത കൃഷിക്കായി ഹെക്ടറൊന്നിന് 26250 രൂപ ധനസഹായം നൽകുന്നു. 1000 ഹെക്ടറിൽ വാഴയുടേയും 1020 ഹെക്ടറിൽ കൈതച്ചക്കയുടേയും വിളവിസ്തൃതി വ്യാപനമാണ് ലക്ഷ്യമിടുന്നത്. ടിഷ്യൂക്കൾച്ചർ വാഴകൃഷിക്ക് ഹെക്ടറൊന്നിന് 37500 രൂപ ധനസഹായം നൽകുന്നു. 700 ഹെക്ടറിൽ ടിഷ്യൂക്കൾച്ചർ വാഴകൃഷി നടപ്പിലാക്കുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

മാവ്, പേര, മാതളം തുടങ്ങിയ വിളകളുടെ അതിസാന്ദ്രതാ കൃഷിക്ക് ഹെക്ടറൊന്നിന് 24000 രൂപ ധനസഹായം നൽകുന്നു. 50 ഹെക്ടറിൽ അതിസാന്ദ്രതാ കൃഷി നടപ്പിലാക്കുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. മാവിന്റെ വിളവിസ്തൃതി വ്യാപനത്തിനായി ഹെക്ടറൊന്നിന് 18000 രൂപ ധനസഹായം നൽകുന്നു. 50

ഹെക്ടറിൽ മാവിന്റെ വിളവിസ്തൃതി വ്യാപനം നടപ്പിലാക്കുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. മേൽപ്പറഞ്ഞ എല്ലാ വിളകളും കൃഷി ചെയ്യുന്നതിന് ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടർ വരെയാണ് സഹായം നൽകുന്നത്. അത്യുല്പാദന ശേഷിയുള്ള സങ്കരയിനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 20000 രൂപ സഹായം നൽകും. 1000 ഹെക്ടറിൽ പച്ചക്കറി കൃഷി നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഒരു കർഷകന് പരമാവധി 2 ഹെക്ടറിൽ കൃഷി ചെയ്യുന്നതിനാണ് ധനസഹായം നൽകുന്നത്. കൂടാതെ, രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി 3000 ഹെക്ടർ സ്ഥലത്ത് വാഴകൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടറൊന്നിന് 26250 രൂപ നിരക്കിലും ഇടുക്കി ജില്ലയിലെ വട്ടവട, കാന്തല്ലൂർ, മറയൂർ പ്രദേശങ്ങളിൽ 2000 ഹെക്ടർ സ്ഥലത്ത് ശീതകാല പച്ചക്കറി കൃഷി നടപ്പാക്കുന്നതിനായി ഹെക്ടറൊന്നിന് 15000 രൂപ നിരക്കിലും ധനസഹായം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) പാഷൻഫ്രൂട്ട്, കിവി, മുന്തിരി തുടങ്ങിയ മൂല്യം കൂടിയ വിളകളുടെ സൂക്ഷ്മ ജലസേചന സംവിധാനം, ട്രെല്ലികൾ തുടങ്ങിയ സജ്ജീകരണങ്ങളോടുകൂടിയുള്ള പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 9.6 ലക്ഷം രൂപയും, വാഴ, കൈതച്ചക്ക എന്നിവയുടെ സൂക്ഷ്മ ജലസേചന സംവിധാനമില്ലാത്ത കൃഷിക്കായി 530.25 ലക്ഷം രൂപയും, ടിഷ്യൂക്കൾച്ചർ വാഴക്കൃഷിക്ക് 262.5 ലക്ഷം രൂപയും മാവ്, പേര, മാതളം തുടങ്ങിയ വിളകളുടെ അതിസാന്ദ്രതാ കൃഷിക്ക് 12 ലക്ഷം രൂപയും, മാവിന്റെ വിളവിസ്തൃതി വ്യാപനത്തിനായി 9 ലക്ഷം രൂപയും, അത്യുല്പാദന ശേഷിയുള്ള സങ്കരയിനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് 200 ലക്ഷം രൂപയും മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ 2016-17 സാമ്പത്തിക വർഷത്തിലെ വാർഷിക കർമ്മ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം വാഴകൃഷി നടപ്പിലാക്കുന്നതിനായി 787.5 ലക്ഷം രൂപയും ശീതകാല പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിനായി 300 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

**നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം**

58 (2406) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡാറ്റാ ബാങ്ക് എന്നത്തേയ്ക്ക് പ്രസിദ്ധീകരിയ്ക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിൽ 21 എണ്ണത്തിൽ നെൽവയലുകളോ തണ്ണീർത്തടങ്ങളോ ഇല്ല. ശേഷിക്കുന്ന 920 ഗ്രാമപഞ്ചായത്തുകളിൽ 341 ഗ്രാമപഞ്ചായത്തുകൾ ഡാറ്റാ ബാങ്ക് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 557 ഗ്രാമ പഞ്ചായത്തുകൾ ഡാറ്റാ ബാങ്ക് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകിയിട്ടുണ്ട്. 22 ഗ്രാമ പഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന പ്രവൃത്തികൾ സമയ ബന്ധിതമായി നടന്നുവരുന്നു.

(ബി) സാങ്കേതിക കാരണങ്ങളാൽ 22 ഗ്രാമപഞ്ചായത്തുകളുടെ ഡാറ്റാ ബാങ്ക് പൂർത്തിയാക്കി പ്രസിദ്ധീകരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ആയത് നടപടികൾ എത്രയുംവേഗം പൂർത്തീകരിച്ച് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പച്ചത്തേങ്ങ സംഭരണം**

59 (2407) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പച്ചത്തേങ്ങ സംഭരണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ; ഈ ഇനത്തിൽ കൃഷിക്കാർക്ക് കുടിശ്ശിക നൽകുവാനുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കുമോ; ഇത് എന്നത്തേക്ക് കൊടുത്തുതീർക്കും എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ടൺ പച്ചത്തേങ്ങ സംഭരിച്ചു എന്നറിയിക്കാമോ;

(സി) പച്ചത്തേങ്ങ സംഭരണത്തിനു വേണ്ടി പ്രത്യേക ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു രീതിയിലാണ് ഇവരുടെ നിയമനം; ഇവരുടെ ശമ്പളം ആരാണ് നൽകുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് തിരഞ്ഞെടുക്കപ്പെട്ട 387 കൃഷി ഭവനുകൾ വഴി കൃഷി വകുപ്പും കേരഫെഡും സംയുക്തമായി പച്ചത്തേങ്ങ സംഭരിച്ചുവരുന്നു. നടപ്പു സാമ്പത്തിക വർഷം മാത്രം 509504.97 ക്വിന്റൽ നാളികേരം സംഭരിച്ചിട്ടുണ്ട്. ഉണ്ട്. 77.81 കോടി രൂപ കുടിശ്ശികയായുണ്ട്. സംഭരിക്കുന്ന തേങ്ങ കേരഫെഡ് സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം ചെയ്യുന്നു. സംഭരണ വിലയിലുള്ള കൂടുതൽ കാരണം കേരഫെഡിനുണ്ടായിട്ടുള്ള നഷ്ടം നിജപ്പെടുത്തുന്നതിനും കുടിശ്ശിക കൊടുത്തുതീർക്കുന്നതിനുമുള്ള വിവിധ നിർദ്ദേശങ്ങളുടെ പ്രായോഗികത പരിശോധിച്ചുവരുകയാണ്. ഫണ്ട് ലഭ്യമാക്കി കുടിശ്ശിക കൊടുത്തുതീർക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) 32036 ടൺ.

(സി) കരാർ അടിസ്ഥാനത്തിൽ ഒരു അക്കൗണ്ടന്റിനേയും ദിവസക്കൂലി ഇനത്തിൽ രണ്ട് തൊഴിലാളികളേയും വീതം തിരഞ്ഞെടുക്കപ്പെട്ട കൃഷി ഭവനുകളിൽ നിയോഗിച്ചിട്ടുണ്ട്. പച്ചത്തേങ്ങ സംഭരണ ഫണ്ടിൽ നിന്നുമാണ് വേതനം നൽകി വരുന്നത്.

**ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി**

60 (2408) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് തുറന്നു പ്രവർത്തിക്കുന്നതിന് ഈ സർക്കാർ നിലവിൽ വന്ന ശേഷം എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) മാമം നാളികേര കോംപ്ലക്സ് പൂർണ്ണ പ്രവർത്തന സജ്ജമാക്കുന്നതിനും ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. അതോടൊപ്പം ഉല്പന്നത്തിന്റെ മാർക്കറ്റ് കണ്ടെത്തി നിലവിൽ സ്ഥാപിച്ചിട്ടുള്ള യന്ത്രസാമഗ്രികളുടെ പ്രവർത്തനക്ഷമത വിലയിരുത്തുന്നതിന് ഒരു ട്രയൽറൺ നടത്തുന്നതിനും ഇപ്രകാരം കിട്ടുന്ന വെർജിൻ കോക്കനട്ട് ഓയിൽ മൊത്തമായി സൂപ്പർമാർക്കറ്റ് ശൃംഖല വഴി വിറ്റഴിക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പുനരുദ്ധാരണ പ്രവൃത്തികൾക്കായി ആർ.കെ.വി.വൈ.യിൽ ഉൾപ്പെടുത്തി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പുനരുദ്ധാരണ പ്രവൃത്തികളുടെ ടെണ്ടർ നടപടിയിലും നടത്തിപ്പിലുമുള്ള പരാതികളും ആക്ഷേപങ്ങളും സംബന്ധിച്ച് പത്ര-ദൃശ്യമാധ്യമങ്ങളിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഒരു സമഗ്ര അന്വേഷണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പച്ചത്തേങ്ങ സംഭരണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി**

61 (2409) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പൊൻമള, ഇരിമ്പിളിയം തുടങ്ങിയ കേന്ദ്രങ്ങളിൽ കർഷകർ നല്ല രീതിയിൽ തെങ്ങ് കൃഷി നടത്തിവരുന്നെങ്കിലും അവരുടെ നാളീകേരം വിൽക്കുന്നതിനുള്ള സംവിധാനം ഇല്ലാത്തതിനാൽ ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടിനു പരിഹാരമായി പൊൻമള, ഇരിമ്പിളിയം എന്നിവിടങ്ങളിൽ ഓരോ പച്ചത്തേങ്ങ സംഭരണ കേന്ദ്രം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സർക്കാർ സംഭരിച്ച പച്ചത്തേങ്ങയ്ക്ക് വിലകിട്ടാതെ വലയുന്ന മലപ്പുറം ജില്ലയിലെ കർഷകരുടെ പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേരഫെഡിന്റെ പ്രവർത്തനങ്ങളിൽ പല കോണുകളിൽ നിന്നും ആക്ഷേപം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പിലെ വിജിലൻസ് സെൽ അന്വേഷണം നടത്തിയതിൽ നിരവധി ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു. പ്രസ്തുത ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തുന്നതിന് ഈ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് കേരഫെഡിന്റെ പ്രവർത്തനങ്ങളെ സ്വാധീനിച്ചതിനാൽ കർഷകർക്ക് കുടിശ്ശിക നൽകുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. സംഭരിച്ച തേങ്ങയുടെ വില നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും സൗകര്യപ്രദവും കുറ്റമറ്റതും കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന രീതിയിലും സംഭരണം നടത്തുന്നതിന്റെ പ്രായോഗികത പരിശോധിച്ച് യുക്തിസഹമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ കൃഷി വകുപ്പ് ഡയറക്ടർ, കേരഫെഡ് മാനേജിംഗ് ഡയറക്ടർ, മാർക്കറ്റ് ഫെഡ് മാനേജിംഗ് ഡയറക്ടർ, നാഫെഡ് ബ്രാഞ്ച് മാനേജർ എന്നിവരടങ്ങിയ ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പച്ചത്തേങ്ങ സംഭരണം**

62 (2410) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കടക്കെണിയിലായ കർഷകരെ രക്ഷിക്കാൻ പച്ചത്തേങ്ങാ സംഭരണത്തിന് എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

പൊതുകമ്പോള വിലയേക്കാൾ ഉയർന്ന നിരക്കായ കിലോയ്ക്ക് 25 രൂപ നിരക്കിൽ താങ്ങുവില നിശ്ചയിച്ച് തിരഞ്ഞെടുക്കപ്പെട്ട 387 കൃഷി ഭവനുകൾ വഴി കൃഷി വകുപ്പും കേരഫെഡും സംയുക്തമായി കർഷകരിൽ നിന്നും പച്ചത്തേങ്ങ നേരിട്ട് സംഭരിച്ചുവരുന്നു. കണക്കുകൾ പ്രകാരം മൊത്തം സംഭരണത്തിന്റെ 35 ശതമാനവും നടപ്പുസാമ്പത്തിക വർഷമാണ് സംഭരിച്ചിട്ടുള്ളത്. പദ്ധതിമൂലം കർഷകർക്ക് ന്യായമായ വില ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. പൊതു കമ്പോളത്തിൽ ലഭ്യമായ വിലയേക്കാൾ ഉയർന്ന നിരക്കിൽ സർക്കാർ തേങ്ങ സംഭരിക്കുന്നതിനാൽ വിലയിടിവ് പിടിച്ചുനിർത്തുവാൻ ഒരു അളവ് വരെ സാധിച്ചിട്ടുണ്ട്. സംഭരിക്കുന്ന നാളികേരത്തിൽ നിന്നും മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. പച്ചത്തേങ്ങ സംഭരണം കൂടുതൽ കൃഷിഭവനുകളിലേയ്ക്ക് വ്യാപിപ്പിച്ച് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കാനാണ് ലക്ഷ്യമിടുന്നത്.

## കൊയിലാണ്ടി മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ

63 (2411) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് കൊയിലാണ്ടി മണ്ഡലത്തിൽ നടത്തിവരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) 2016-17 വർഷത്തിൽ കൃഷിക്കായി തരിശുഭൂമി ഉപയോഗപ്പെടുത്തുന്നതിനും കോൾനിലങ്ങളിൽ കൃഷി വികസിപ്പിക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ ;

(സി) കൊയിലാണ്ടി മണ്ഡലത്തിൽ ലഭ്യമായ തരിശ് ഭൂമിയുടെയും കോൾ നിലങ്ങളുടെയും വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കൃഷി വകുപ്പ് കൊയിലാണ്ടി മണ്ഡലത്തിൽ നടത്തിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഭൗതിക ലക്ഷ്യം (ഹെക്ടർ) | സാമ്പത്തിക ലക്ഷ്യം (രൂപ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | സുസ്ഥിര നെൽകൃഷി | 220 | 13,20,000 |
| 2. | പാടശേഖര സമിതികൾക്കുള്ള ആനുകൂല്യം | 185 | 66600 |
| 3. | മണ്ണിലെ സൂക്ഷ്മ മൂലക പരിപോഷണം | 280 | 140000 |
| 4. | കുരുമുളക് കൃഷി വ്യാപനം | 10 | 200000 |
| 5 | ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം ട്രെയിനിംഗ് | 8 | 75000 |
| 6 | മണ്ണ് പരിശോധന ക്യാമ്പയിൻ | 5 | 15000 |
| 7 | ട്യൂബ് വെൽ നിർമ്മാണം | 3 | 75000 |
| 8 | പമ്പ് സെറ്റ് | 40 | 600000 |
| 9 | ജലസംഭരണ പ്രവർത്തനങ്ങൾ, കുളം നിർമ്മാണം, പുനരുദ്ധാരണം, മഴക്കുഴി നിർമ്മാണം | | 265000 |

| (1) | (2) | (3) | (4) |
|---|---|---|---|
| 10 | ജൈവ കൃഷി വികസന പദ്ധതി | | 275000 |
| 11 | ക്രോപ് ഹെൽത്ത് മാനേജ്മെന്റ് | | 931000 |
| 12 | കുറിയ ഇനം തെങ്ങ് വികസനം | | 48200 |
| 13 | പച്ചക്കറി വികസന പദ്ധതി | 65 | 3050000 |
| 14 | ആത്മ പദ്ധതി | | 489000 |
| 15 | സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതി | | 1000000 |

(ബി) 2016-17 വർഷത്തിൽ സംസ്ഥാനത്ത് തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായി ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഹെക്ടറിന് 7500 രൂപ ധനസഹായം നൽകുന്നതാണ്. അതിനുപുറമേ ഹെക്ടറിന് 30000 രൂപ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. കോൾ നിലങ്ങളിൽ നടപ്പിലാക്കുന്ന മറ്റ് പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സുസ്ഥിര നെൽകൃഷി വികസനം (1500 രൂപ/ഹെക്ടർ).
2. പാടശേഖര സമിതികൾക്കുള്ള ധനസഹായം (360 രൂപ/ഹെക്ടർ).

(സി) കൊയിലാണ്ടി മണ്ഡലത്തിൽ ലഭ്യമായ തരിശുഭൂമിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | (വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| കൊയിലാണ്ടി മുനിസിപ്പാലിറ്റി | - 100 |
| വെളിയന്നൂർ ചല്ലി | - 104 |
| ചേമഞ്ചേരി | - 20 |
| ചെങ്ങോട്ടുകാവ് | - 150 |
| മൂടാടി | - 256 |
| പയ്യോളി | - 57 |
| തിക്കോടി | - 52 |
| ആകെ | - 739 |

കോൾ നിലങ്ങൾ ഇല്ല.

## സർക്കാർ സ്കൂളുകളിൽ പച്ചക്കറിത്തോട്ടങ്ങൾ

64 (2412) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കാൻ കൃഷി വകുപ്പ് എന്തെല്ലാം സഹായങ്ങളാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. കൃഷി യോഗ്യമായ ഭൂമിയുള്ള സ്കൂളുകളുടെ വളപ്പുകളിൽ കൃഷി ചെലവിനായി 4000 രൂപയും പ്രവർത്തന ചെലവിനായി 1000 രൂപയും ധനസഹായം നൽകുന്നു. ഇതിനുപുറമേ ജലദൗർലഭ്യം നേരിടുന്ന സ്കൂളുകളിൽ ജലസേചന ഉപാധികൾ വാങ്ങുന്നതിനായി പരമാവധി 10,000 രൂപ വരെയും ധനസഹായം നൽകുന്നുണ്ട്.

(ബി) 10 സെന്റിൽ കുറയാതെ കൃഷി ചെയ്യുന്നതിനുള്ള സ്ഥലം ഉണ്ടായിരിക്കണം. അല്ലാത്തപക്ഷം ഗ്രോബാഗിൽ കൃഷി ചെയ്യാവുന്നതാണ്. 20-25 വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും അടങ്ങുന്ന ഗ്രൂപ്പാണ് പച്ചക്കറി തോട്ടം നിയന്ത്രിക്കുന്നത്. കൃഷി ഇറക്കുന്നതിന് മുമ്പായി മണ്ണ് പരിശോധന നടത്തണം. കൃഷി അസിസ്റ്റന്റ് ഡയറക്ടറോ കൃഷി ഓഫീസറോ ആണ് പച്ചക്കറി തോട്ടം സെലക്ട് ചെയ്യുന്നത്.

## പച്ചത്തേങ്ങാ സംഭരണം

65 (2413) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒട്ടനവധി പഞ്ചായത്തുകളിൽ പച്ചത്തേങ്ങാ സംഭരണം ശരിയായ രീതിയിൽ നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(സി) പച്ചത്തേങ്ങാ സംഭരണം നല്ല രീതിയിൽ നടത്തുന്നതിനും വില കൃത്യമായി കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. സംഭരിച്ച തേങ്ങയുടെ വില നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും സൗകര്യപ്രദവും കുറ്റമറ്റതും കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന രീതിയിൽ സംഭരണം നടത്തുന്നതിന്റെ പ്രായോഗികതയും പരിശോധിച്ച് യുക്തി സഹമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ കൃഷി വകുപ്പ് ഡയറക്ടർ, കേരഫെഡ് മാനേജിംഗ് ഡയറക്ടർ, മാർക്കറ്റ്ഫെഡ് മാനേജിംഗ് ഡയറക്ടർ, നാഫെഡ് ബ്രാഞ്ച് മാനേജർ എന്നിവരടങ്ങിയ ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കൃഷിയോഗ്യമായ തരിശുഭൂമി**

66 (2414) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ കൃഷിയോഗ്യമായ എത്ര ഹെക്ടർ തരിശു ഭൂമിയാണുള്ളത്; ഇത് എതെല്ലാം കൃഷി ഭവനുകൾക്ക് കീഴിലായി എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തരിശുഭൂമികൾ ആരുടെയെല്ലാം ഉടമസ്ഥതയിലാണെന്ന രേഖകൾ കൃഷി ഓഫീസുകളിൽ ശേഖരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ;

(സി) ഇത്തരത്തിലുള്ള തരിശുഭൂമികളിൽ കൃഷിയിറക്കുന്നതിനായി എന്തെങ്കിലും കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) എറണാകുളം ജില്ലയിൽ കൃഷിയോഗ്യമായ 3851.2 ഹെക്ടർ തരിശു ഭൂമിയുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു.

| ബ്ലോക്ക് | കൃഷിഭവൻ | വിസ്തൃതി (ഹെക്ടർ) |
|---|---|---|
| (1) | (2) | (3) |
| നെടുമ്പാശ്ശേരി | പുത്തൻവേലിക്കര | 100 |
| | നെടുമ്പാശ്ശേരി | 100 |
| | കുന്നുകര | 60 |
| | ശ്രീമൂലനഗരം | 50 |
| | ചെങ്ങമനാട് | 14.6 |
| | പാറക്കടവ് | 15 |
| | ആകെ | 339.6 |

| (1) | (2) | (3) |
|---|---|---|
| ആലുവ | ആലങ്ങാട് | 200 |
| | കരുമാലൂർ | 20 |
| | കടുങ്ങല്ലൂർ | 100 |
| | വരാപ്പുഴ | 10 |
| | ഏലൂർ | 8 |
| | ആകെ | 338 |
| കോതമംഗലം | കോതമംഗലം | 23 |
| | കീരംപാറ | 8 |
| | കുട്ടമ്പുഴ | 5 |
| | കവളങ്ങാട് | 20 |
| | വാരപ്പെട്ടി | 6 |
| | പിണ്ടിമന | 1 |
| | പല്ലാരിമംഗലം | 2.6 |
| | കോട്ടപ്പടി | 9 |
| | പൈങ്ങോട്ടൂർ | 6 |
| | പോത്താനിക്കാട് | 3 |
| | നെല്ലിക്കുഴി | 110 |
| | ആകെ | 193.6 |
| മൂവാറ്റുപ്പുഴ | മഞ്ഞള്ളൂർ | 15 |
| | ആയവന | 2 |
| | ആരക്കുഴ | 5 |
| | കല്ലൂർക്കാട് | 20 |
| | മാറാടി | 25 |

| (1) | (2) | (3) |
|---|---|---|
| | പായിപ്ര | 20 |
| | ആവോലി | 15 |
| | വാളകം | 20 |
| | ആകെ | 122 |
| പിറവം | പിറവം | 209 |
| | ആകെ | 209 |
| ഞാറയ്ക്കൽ | ഞാറയ്ക്കൽ | 130 |
| | നായരമ്പലം | 120 |
| | എടവനക്കാട് | 182 |
| | കുഴിപ്പിള്ളി | 141 |
| | പള്ളിപ്പുറം | 71 |
| | ആകെ | 644 |
| പുത്തൃക്ക | പുത്തൃക്ക | 80 |
| | പുത്തൻകുരിശ് | 35 |
| | തിരുവാണിയൂർ | 60 |
| | ഐക്കരനാട് | 40 |
| | കുന്നത്തുനാട് | 65 |
| | മഴുവന്നൂർ | 85 |
| | ആകെ | 365 |
| അങ്കമാലി | അങ്കമാലി | 30 |
| | അയ്യമ്പുഴ | 3 |
| | കാലടി | 15 |
| | കാഞ്ഞൂർ | 26 |

| (1) | (2) | (3) |
|---|---|---|
| | കറുകുറ്റി | 65 |
| | മലയാറ്റൂർ | 2 |
| | മഞ്ഞപ്ര | 8 |
| | മൂക്കന്നൂർ | 42 |
| | തുറവൂർ | 40 |
| | ആകെ | 230 |
| നോർത്ത് പറവൂർ | ചേന്ദമംഗലം | 20 |
| | ചിറ്റാറ്റുകര | 20 |
| | എഴിക്കര | 175 |
| | കോട്ടുവള്ളി | 50 |
| | ആകെ | 265 |
| പെരുമ്പാവൂർ | മുടക്കുഴ | 8 |
| | അശമന്നൂർ | 12 |
| | വേങ്ങൂർ | 10 |
| | ഒക്കൽ | 4 |
| | രായമംഗലം | 20 |
| | പെരുമ്പാവൂർ | 80 |
| | കൂവപ്പടി | 10 |
| | ആകെ | 144 |
| കീഴ്മാട് | കീഴ്മാട് | 50 |
| | വെങ്ങോല | 100 |
| | കിഴക്കമ്പലം | 150 |
| | എടത്തല | 10 |

| (1) | (2) | (3) |
|---|---|---|
| | ചൂർണ്ണിക്കര | 60 |
| | വാഴക്കുളം | 20 |
| | ആകെ | 390 |
| മുളന്തുരുത്തി | മുളന്തുരുത്തി | 40 |
| | ആമ്പല്ലൂർ | 30 |
| | ചോറ്റാനിക്കര | 30 |
| | എടയ്ക്കാട്ടുവയൽ | 30 |
| | മണീട് | 30 |
| | ഉദയംപേരൂർ | 35 |
| | ആകെ | 195 |
| വൈറ്റില | വൈറ്റില | 5 |
| | ചെല്ലാനം | 10 |
| | കുമ്പളങ്ങി | 25 |
| | കുമ്പളം | 50 |
| | മരട് | 15 |
| | തൃപ്പൂണിത്തുറ | 75 |
| | തിരുവാങ്കുളം | 20 |
| | ആകെ | 200 |
| കളമശ്ശേരി | കളമശ്ശേരി | 6 |
| | തൃക്കാക്കര | 50 |
| | ചേരാനല്ലൂർ | 64 |
| | മുളവ്കാട് | - |
| | എളങ്കുന്നപ്പുഴ | 19 |

| (1) | (2) | (3) |
|---|---|---|
| | കടമക്കുടി | 77 |
| | ആകെ | 216 |
| | ഗ്രാൻഡ് ടോട്ടൽ | 3851.2 |

(ബി) ഉടമസ്ഥത സംബന്ധിച്ച വിവരം നിലവിൽ ലഭ്യമല്ല. റവന്യൂ വകുപ്പിന്റെ മേൽനോട്ടത്തിൽ രേഖകൾ ശേഖരിക്കുന്ന കാര്യം ആലോചനയിലുണ്ട്.

(സി) മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഇന്നവേഷൻ സ്കീം (എം.ജി.എൻ.ആർ.ഇ.ജി.എസ്.) പദ്ധതിയുമായി സഹകരിച്ച് വിവിധ പഞ്ചായത്തുകളിൽ തരിശുനില കൃഷി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. തരിശുഭൂമി കരാർ വ്യവസ്ഥയിലെടുത്ത് കൃഷി ചെയ്യുന്നതിന് 30,000 രൂപ ഒരു ഹെക്ടറിന് എന്ന കണക്കിൽ നൽകിവരുന്ന സ്കീം നിലവിലുണ്ട്.

**പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം**

67 (2415) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ക്ഷോഭംമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കർഷകർക്ക് നൽകി വരുന്ന നഷ്ട പരിഹാര തുക വളരെ തുച്ഛമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി പരിഷ്കരിക്കുന്നത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് 29-9-2015 തീയതിയിലെ നമ്പർ 182/2015/എഡി. ഉത്തരവ് പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നു. ഇൻഷ്വർ ചെയ്ത വിളകൾക്ക് കൃഷിനാശം സംഭവിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേന നഷ്ടപരിഹാര തുക നൽകി വരുന്നു. കൂടാതെ പ്രകൃതിക്ഷോഭംമൂലം കൃഷിനാശമുണ്ടാകുമ്പോൾ " പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി" എന്ന പദ്ധതി പ്രകാരം വീണ്ടും വിളയിറക്കുന്നതിന് വിത്ത് സൗജന്യമായി കർഷകർക്ക് നൽകിവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷി നാശത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്നും ധനസഹായം നൽകുന്നതിന്റെ മാനദണ്ഡം കേന്ദ്രസർക്കാരാണ് നിശ്ചയിക്കുന്നത്. കേന്ദ്രസർക്കാർ നിശ്ചയിച്ച നഷ്ടപരിഹാര നിരക്കുകൾ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുത്തിയപ്പോൾ നഷ്ടപരിഹാര തുക നിലവിലുണ്ടായിരുന്ന നഷ്ടപരിഹാര നിരക്കുകളെക്കാൾ കുറവായതിനാൽ 29-9-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 182/15/കൃഷി പ്രകാരം നഷ്ടപരിഹാരനിരക്കുകൾ മുമ്പ് നിലവിലുണ്ടായിരുന്ന അതേ നിരക്കിൽ സംസ്ഥാന സർക്കാർ പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) പ്രകൃതിക്ഷോഭം മൂലം കർഷകർക്കുണ്ടായ നാശനഷ്ടങ്ങൾക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം ഓരോ വർഷവും കേന്ദ്ര സർക്കാർ പരിഷ്കരിക്കാറുണ്ട്. എന്നാൽ കേന്ദ്ര മാനദണ്ഡപ്രകാരമുള്ള തുക തുലോം കുറവാണ്. ഇത് വർദ്ധിപ്പിക്കണമെന്ന് ദീർഘകാലമായി കേരളം കേന്ദ്രത്തോട് ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്.

**തിരുനെല്ലൂർ പാടശേഖരം കൃഷിയോഗ്യമാക്കാൻ പദ്ധതി**

68 (2416) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്ത് തിരുനെല്ലൂർ പാട ശേഖരത്തിലെ, കഴിഞ്ഞ 36 വർഷമായി തരിശായി കിടക്കുന്ന, 40 ഏക്കർ നിലം കൃഷിയോഗ്യമാക്കാൻ ആവശ്യമായ പദ്ധതിയുടെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ;

(ബി) മോട്ടോർ, തറ, ഷെഡ്ഡ്, ചാലുകൾ, ബണ്ടുകൾ തുടങ്ങി ഇതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി വരുന്ന ചെലവുകൾക്കായി കർഷകർക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിൽ കഴിഞ്ഞ 36 വർഷമായി തരിശായിക്കിടക്കുന്ന 40 ഏക്കർ നിലം കൃഷിയോഗ്യമാക്കുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം കൂടുകയും അടിസ്ഥാന സൗകര്യ വികസനത്തിന് 88 ലക്ഷം രൂപയുടെള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിരുന്നു. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം ഇറിഗേഷൻ ചാൽ നിർമ്മാണത്തിനായി കർഷകരുടെ ഭൂമി സറണ്ടർ ചെയ്യേണ്ടതുണ്ട് എന്നുള്ളതിനാൽ തിരുനെല്ലൂരിൽവച്ച് 22-9-2016-ന് കർഷകരുടെ യോഗം വിളിച്ച് ചേർക്കുകയും പാടശേഖരം രജിസ്റ്റർ ചെയ്യുന്നതിനും ഇറിഗേഷൻ ചാൽ നിർമ്മിക്കുന്നതിന് കർഷകരുടെ സ്ഥലം സറണ്ടർ ചെയ്യണമെന്ന വ്യവസ്ഥ ഒഴിവാക്കി എസ്റ്റിമേറ്റിൽ മാറ്റം വരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

**കർഷകർക്ക് നിലവിലുള്ള സബ്സിഡികൾ**

69 (2417) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കർഷകർക്ക് ഏതെല്ലാം തരത്തിലുള്ള സബ്സിഡികളാണ് അനുവദിച്ചു കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന വിവിധ കാർഷിക വികസന പദ്ധതികളിലൂടെ കർഷകർക്ക് ഉല്പാദനോപാധികൾ, കാർഷിക ഉപകരണങ്ങൾ, യന്ത്രവൽക്കരണം, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ഹൈടെക് കാർഷിക മുറകൾ അനുവർത്തിക്കൽ, കാർഷികാവശ്യത്തിനുള്ള വൈദ്യുതി എന്നിങ്ങനെ വിവിധയിനങ്ങൾക്ക് വിവിധ നിരക്കിൽ സബ്സിഡി അനുവദിച്ചു വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കുട്ടനാട്ടിലെ നെൽകർഷകർക്ക് നൽകുന്ന സബ്സിഡി**

70 (2418) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ നെൽകർഷകർക്ക് കൃഷി വകുപ്പ് മുഖേന നൽകുന്ന സബ്സിഡിയുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നെൽപ്പാടത്തിന്റെ വിസ്തൃതി 5 ഏക്കർ എന്ന് പരിമിതപ്പെടുത്താതെ, കർഷകർക്ക് സബ്സിഡി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം 525 ലക്ഷം രൂപ, ഗ്രൂപ്പ് ഫാമിംഗ് പാടശേഖര സമിതികൾക്ക് പ്രവർത്തന ചെലവിനായി 82.8 ലക്ഷം രൂപ, സോയിൽ ഹെൽത്ത് മാനേജ്മെന്റ് പദ്ധതിക്കായി 18 ലക്ഷം രൂപ, കുട്ടനാട് ഉൾപ്പെടെ ആലപ്പുഴ ജില്ലക്കായി സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം 225 ലക്ഷം രൂപ ഉൽപ്പാദന ബോണസ്സിനത്തിൽ 69.3 ലക്ഷം രൂപ എന്നിവ നൽകിവരുന്നു. ഇതിനുംപുറമെ വിള ഇൻഷ്വറൻസ് പദ്ധതി, ആത്മ ഡെമോൺസ്ട്രേഷൻ, ഫാം ഫീൽഡ് സ്കൂളുകൾ എന്നീ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

**സഞ്ചരിക്കുന്ന ഹോർട്ടികോർപ്പ് വിൽപ്പനശാലകൾ**

71 (2419) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഞ്ചരിക്കുന്ന എത്ര ഹോർട്ടികോർപ്പ് വിൽപ്പന ശാലകൾ നിലവിലുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ കോട്ടക്കൽ, മാറക്കര, ഇരിമ്പിളിയം, വളാഞ്ചേരി, പൊൻമള, എന്നിവിടങ്ങളിൽ ഹോർട്ടികോർപ്പിന്റെ സഞ്ചരിക്കുന്ന വിൽപ്പനശാലകളുടെ സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഹോർട്ടികോർപ്പിന്റെ 36 സഞ്ചരിക്കുന്ന വില്പന ശാലകളുണ്ട്.

| | | |
|---|---|---|
| തിരുവനന്തപുരം | - | 21 |
| എറണാകുളം | - | 3 |
| പാലക്കാട് | - | 4 |
| കോഴിക്കോട് | - | 5 |
| ഇടുക്കി | - | 3 |

(ബി) മലപ്പുറം ജില്ലയിൽ ഹോർട്ടികോർപ്പിന്റെ സംഭരണ വിതരണ കേന്ദ്രം ഇപ്പോൾ നിലവിലില്ല. അവിടെ ഹോർട്ടികോർപ്പിന്റെ സംഭരണ വിതരണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംഭരണ വിതരണ കേന്ദ്രം വരുന്നമുറയ്ക്ക് സഞ്ചരിക്കുന്ന വില്പനശാലകളുടെ സേവനം ലഭ്യമാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

## പച്ചക്കറികളിലെ വിഷാംശം

72 (2420) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. തോമസ് ചാണ്ടി :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറികളിലെ വിഷാംശം ശാസ്ത്രീയമായി പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ:

(ബി) സംസ്ഥാനത്ത് വിപണനത്തിനായി എത്തുന്ന പച്ചക്കറികളിൽ വിഷാംശം കണ്ടെത്തുകയോ ആയതിന്റെ അടിസ്ഥാനത്തിൽ വിഷാംശമുള്ള പച്ചക്കറികൾ വിപണനം നടത്തിയവർക്കെതിരെ കേസ്സെടുക്കുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വിശദീകരിക്കുമോ;

(സി) ഇല്ലെങ്കിൽ വിഷാംശം കലർന്ന പച്ചക്കറി വിൽപനക്കാർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലാബിൽ പച്ചക്കറിയിലെ രാസവസ്തുക്കൾ പരിശോധിക്കുന്നുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പിനുകീഴിൽ കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം ജില്ലകളിലും പരിശോധനാ സംവിധാനം നിലവിലുണ്ട്.

(ബി&സി) ഇത്തരം കേസുകളൊന്നും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പച്ചക്കറികളിൽ യൂറോപ്യൻ യൂണിയൻ നിഷ്കർഷിക്കുന്നതിലധികം അളവിൽ കീടനാശിനിയുടെ അംശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതേത്തുടർന്ന് കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളിൽ ജൈവകൃഷിക്ക് പ്രാമുഖ്യം നൽകിയിട്ടുണ്ട്. പൊതുജനങ്ങളുടെ ഇടയിൽ ഇതേക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി FIB മുഖേനയും ദൃശ്യമാധ്യമങ്ങൾ മുഖേനയും പ്രചരണ പരിപാടികൾ നടത്തുക വഴി വിഷലിപ്ത പച്ചക്കറിയുടെ വ്യാപനവും വിപണനവും ഒരു പരിധിവരെ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

## എണ്ണപ്പനക്കുരു സംസ്കരണ ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി

73 (2421) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷൻ വക സ്ഥലത്ത് എണ്ണപ്പനക്കുരു സംസ്കരണ ഫാക്ടറി സ്ഥാപിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷൻ വക സ്ഥലത്ത് എണ്ണപ്പനക്കുരു സംസ്കരണ ഫാക്ടറി സ്ഥാപിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

74 (2422) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-2017 കാലയളവിൽ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളായ 'നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ', 'ആർ. കെ. വി. വൈ.', 'എൻ. എഫ്. എസ്. എം.', 'പി. എം. കെ. എസ്. വൈ.' എന്നീ പദ്ധതികളിലായി കേന്ദ്രത്തിൽ നിന്ന് അനുവദിച്ച തുകയും സംസ്ഥാന വിഹിതവും എത്രയെന്ന് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ കഴിഞ്ഞ ആറുവർഷ കാലയളവിൽ എന്തെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; ചെലവാക്കിയിട്ടുള്ള തുകയുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ആർ.കെ.വി.വൈ., എൻ.എച്ച്.എം., എൻ.എഫ്.എസ്.എം., പി.എം. കെ.എസ്.വൈ. എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ലഭ്യമായ കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും വർഷം തിരിച്ചുള്ള കണക്ക് അനുബന്ധം1* ആയി ചേർത്തിരിക്കുന്നു.

(ബി) ആർ.കെ.വി.വൈ., എൻ.എഫ്.എസ്.എം. എന്നീ പദ്ധതികൾ 2014-15 വർഷം വരെ 100% കേന്ദ്രാവിഷ്കൃത പദ്ധതികളായിട്ടാണ് നടപ്പിലാക്കിയിരുന്നത്. 2015-16 സാമ്പത്തിക വർഷം മുതൽ പ്രസ്തുത പദ്ധതികളുടെ ഫണ്ടിംഗ് പാറ്റേൺ 60:40 (കേന്ദ്രം : സംസ്ഥാനം) എന്ന തരത്തിൽ മാറ്റിയിട്ടുണ്ട്. എൻ.എച്ച്.എം. പദ്ധതി 2014-15 വരെ 85% കേന്ദ്ര പദ്ധതിയായും, 2015-16 മുതൽ 60:40 എന്ന ഫണ്ടിംഗ് പാറ്റേണിലും നടപ്പിലാക്കിവരുന്നു. 2015-16 സാമ്പത്തിക വർഷം തുടക്കം കുറിച്ച പി.എം.കെ.എസ്.വൈ. പദ്ധതി 60:40 ഫണ്ടിംഗ് പാറ്റേണിൽ നടപ്പിലാക്കി വരുന്നു. എൻ.എച്ച്.എം., ആർ.കെ.വി.വൈ., എൻ.എഫ്.എസ്.എം., പി.എം.കെ. എസ്.വൈ. എന്നീ പദ്ധതികളിലൂടെ ചെലവാക്കിയിട്ടുള്ള തുകയുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധം 2* ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ പാടശേഖരങ്ങളിൽ സംയോജിത കൃഷി സമ്പ്രദായം

75 (2423) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ പൊക്കാളി കൃഷിക്ക് അനുയോജ്യമായ പാടശേഖരങ്ങളിൽ സംയോജിത കൃഷി സമ്പ്രദായം നടപ്പിലാക്കുന്നതിന് വിശദമായ പദ്ധതി തയ്യാറാക്കുമോ;

(ബി) നെൽകൃഷി, ചെമ്മീൻ കൃഷി, മത്സ്യ കൃഷി എന്നിവ സംയോജിതമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) എറണാകുളം, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളിലെ പൊക്കാളി നിലങ്ങളിലും കണ്ണൂർ ജില്ലയിലെ കൈപ്പാട് നിലങ്ങളിലും നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചെയ്ഞ്ചിൽ ഉൾപ്പെടുത്തി അഡാക്ക് മുഖാന്തരം നടപ്പിലാക്കുന്ന 'കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മത്സ്യനെൽകൃഷി പദ്ധതി' നിലവിലുണ്ട്. ഒരു നെല്ലും ഒരു മീനും എന്ന മാതൃകയിൽ വർഷകാലത്ത് നെൽകൃഷിയും വേനൽക്കാലത്ത് മത്സ്യ/ചെമ്മീൻ കൃഷിയും നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ മണ്ഡലത്തിലെ പൊക്കാളി പ്രദേശങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ ഈ പദ്ധതിക്കായി പി.ആർ.ഡി. മുഖേനയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും അറിയിപ്പ് നൽകി നടപടി സ്വീകരിച്ചുവരുന്നു.

## അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയിലെ നിയമനം

76 (2424) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയിലെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആകെ എത്ര അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തിക നിലവിലുണ്ടെന്നും ഇതിൽ എത്ര ഒഴിവുകളിൽ സ്ഥിര നിയമനം നടത്തിയിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയിൽ ഭിന്നശേഷിക്കാരെ ലഭിക്കാത്ത സാഹചര്യത്തിൽ, പ്രസ്തുത വിഭാഗക്കാർക്കായി നിശ്ചയിച്ചിട്ടുള്ള തസ്തികകളിൽ താല്ക്കാലികമായെങ്കിലും നിലവിലുള്ള ലിസ്റ്റിൽ നിന്നുള്ളവരെ നിയമിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ഡി) കേരളത്തിലെ മുഴുവൻ കൃഷി ഓഫീസുകളിലും അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയുടെ എണ്ണം ക്രമീകരിച്ച് നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ;

(ഇ) 2017-ലെ എത്ര പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവിധ ഘട്ടങ്ങളിൽ പി.എസ്.സി.യിൽ നിന്നും ലഭിച്ച നിയമന ശിപാർശ പ്രകാരം 1466 പേർക്ക് കൃഷി അസിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റയുടനെ തന്നെ അഗ്രികൾച്ചർ അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി 6 മാസത്തേയ്ക്കുകൂടി ദീർഘിപ്പിക്കുകയുണ്ടായി. പി.എസ്.സി. റാങ്ക് ലിസ്റ്റിൽ 1929 പേരാണുണ്ടായിരുന്നത്. അതിൽ നിന്നാണ് മേൽപ്പറഞ്ഞ 1466 പേർക്ക് നിയമനം നൽകിയിട്ടുള്ളത്.

(ബി) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ 3071 അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തിക നിലവിലുണ്ട്. അതിൽ 3045 സ്ഥിരനിയമനം നടത്തിയിട്ടുണ്ട്.

(സി) കൃഷി അസിസ്റ്റന്റിന്റെ യോഗ്യതയിൽ നല്ല 'കായിക ശേഷി' ഒരു യോഗ്യതയായി ഉൾപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ സാമൂഹ്യനീതി വകുപ്പിന്റെ 10-2-2009-ലെ സ.ഉ. (അച്ചടി) നമ്പർ 11/2009/SWD പ്രകാരം ഭിന്നശേഷിയുള്ളവർക്ക് 3% സംവരണത്തിന് അർഹതയുള്ള തസ്തികകളുടെ പട്ടികയിൽ കൃഷി അസിസ്റ്റന്റ് തസ്തികയും ഉൾപ്പെട്ടിരുന്നു. എന്നാൽ കൃഷിയിടങ്ങൾ സന്ദർശിക്കുക എന്നത് കൃഷി അസിസ്റ്റന്റിന്റെ പ്രധാന ചുമതലയായതിനാലും സബ്സിഡി അനുവദിക്കുക, കൃഷി നാശം വിലയിരുത്തുക എന്നിവയിലൊക്കെ കൃഷി ഓഫീസറെ സഹായിക്കേണ്ടതുള്ളതിനാലും ശാരീരിക വെല്ലുവിളികൾ നേരിടുന്ന എല്ലാ വിഭാഗങ്ങളേയും കൃഷി അസിസ്റ്റന്റ് തസ്തികയിൽ പരിഗണിക്കുന്നത് ഉചിതമല്ലെന്ന് വിലയിരുത്തുന്നതിനാൽ ടി വിഷയത്തിൽ ഉചിതമായ ശിപാർശ സാമൂഹ്യനീതി വകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പരിശോധിച്ചുവരുന്നു.

(ഇ) 2017-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നെൽപ്പാടങ്ങളുടെ വീണ്ടെടുപ്പ്-മൂലധനച്ചെലവ്**

77 (2425) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽപാടങ്ങളുടെ വീണ്ടെടുപ്പ്-മൂലധനച്ചെലവ് സർക്കാർ വഹിക്കുന്നതിനും നെല്പാടങ്ങളിൽ കൃഷി ചെയ്ത കമുക്, രോഗ ബാധിച്ചതുമൂലം വെട്ടി മാറ്റുന്നതിനും വീണ്ടും നെൽപാടങ്ങളാക്കുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) വീണ്ടും നെൽപാടങ്ങളാക്കുന്നതിനുള്ള മൂലധനച്ചെലവ് വഹിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നെല്പാടങ്ങളുടെ വീണ്ടെടുപ്പ്-മൂലധനച്ചെലവ് സർക്കാർ വഹിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷമുള്ള നെല്പാടങ്ങളുടെ പരിവർത്തനം ടി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമാണ് പരിഗണിക്കുന്നത്. ആക്ടിലെ 13-ാം വകുപ്പ് പ്രകാരം വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് രൂപാന്തരപ്പെടുത്തിയ നെൽവയൽ പൂർവ്വ അവസ്ഥയിൽ കൊണ്ടുവരുന്നതിനായി കളക്ടർക്ക് ഉചിതമായ നടപടി സ്വീകരിക്കാമെന്നും ഇതിലേയ്ക്കായി ചെലവഴിക്കേണ്ടിവരുന്ന തുക പ്രസ്തുത നെൽവയലിന്റെ അനുഭവക്കാരനിൽ നിന്നോ അധിവാസിയിൽ നിന്നോ, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകിയശേഷം ഈടാക്കാമെന്ന് വ്യവസ്ഥയുണ്ട്. 2008-നു മുമ്പുള്ള പരിവർത്തനപ്പെടുത്തലുകൾ കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ പ്രകാരമാണ് കളക്ടർമാർ തീരുമാനം കൈക്കൊണ്ടുവരുന്നത്.

## കൃഷിയിടങ്ങളിൽ നിരോധിക്കപ്പെട്ട കീടനാശിനികൾ

78 (2426) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയിടങ്ങളിൽ നിരോധിക്കപ്പെട്ട കീടനാശിനികൾ പ്രയോഗിക്കുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കേസുകളിൽ ഉത്തരവാദികൾക്കെതിരെ എന്തുതരം നടപടിയാണ് സ്വീകരിക്കുന്നത്;

(സി) നിരോധിക്കപ്പെട്ട കീടനാശിനികൾ വിറ്റഴിക്കുന്നവർക്കെതിരെ പലപ്പോഴും ശക്തമായ നടപടി സ്വീകരിക്കാത്തത് ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതിന് ഇടയാക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) അംഗീകാരമില്ലാത്ത കീടനാശിനികളുടെ ഉത്പാദനവും വിതരണവും വില്പനയും കേന്ദ്ര സർക്കാരിന്റെ ഇൻസെക്ടിസൈഡ് ആക്ട് പ്രകാരം കുറ്റകരമാണ്. സംസ്ഥാനത്ത് ഇത്തരം കീടനാശിനികളുടെ വിതരണവും വില്പനയും നടക്കുന്നില്ലായെന്നു ഉറപ്പുവരുത്തുന്നതിനും ലംഘിക്കുന്നവർക്കെതിരെ നിയമകർശന നടപടികൾ കൈക്കൊള്ളുന്നതിലേയ്ക്കും രണ്ടാഴ്ചയിലൊരിക്കൽ എല്ലാ കീടനാശിനി വിതരണ വിൽപ്പന കേന്ദ്രങ്ങളും നിർബന്ധമായി പരിശോധിക്കുവാൻ കൃഷി ഓഫീസർമാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

അയൽ സംസ്ഥാനങ്ങളിൽ നിന്നുമുള്ള കീടനാശിനികളുടെ വരവ് നിയന്ത്രിക്കുന്നതിനായി ജില്ലാതല വിജിലൻസ് കമ്മിറ്റികൾക്കും സംസ്ഥാനതല വിജിലൻസ് സ്ക്വാഡിനും രൂപം നൽകിയിട്ടുണ്ട്. കീടനാശിനി ഉത്പാദകരും വിതരണക്കാരും കർഷകർക്ക് നേരിട്ട് കീടനാശിനി വിൽപന നടത്തുന്നത് നിരോധിച്ചിട്ടുണ്ട്. മാരക കീടനാശിനികളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുന്നതിന് പൊതു അവബോധം സൃഷ്ടിക്കുന്നതിലേക്ക് കൃഷി വകുപ്പ് ഒരു കാമ്പയിൻ സംഘടിപ്പിച്ചുവരികയാണ്. ഇതു സംബന്ധിച്ച് കൃഷി വകുപ്പ് നൽകിയിട്ടുള്ള സർക്കുലറിന്റെ കോപ്പി അനുബന്ധമായി ചേർക്കുന്നു.*

**കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം**

79 (2427) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭംമൂലം കൃഷി നശിച്ച കർഷകർക്കുള്ള നഷ്ടപരിഹാരം വളരെ തുച്ഛമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് വർദ്ധിപ്പിക്കുന്നതിന് എന്തു നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിനും പരിഷ്കരിക്കുന്നതിനും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (S.D.R.F.) നിന്നും ധനസഹായം നൽകുന്നതിന്റെ മാനദണ്ഡം കേന്ദ്രസർക്കാർ 8-4-2015-ൽ പരിഷ്കരിച്ചിരുന്നു. കേന്ദ്രസർക്കാർ നിശ്ചയിച്ച നഷ്ടപരിഹാര നിരക്കുകൾ പ്രാബല്യത്തിൽ വരുത്തിയപ്പോൾ നഷ്ടപരിഹാര തുക നിലവിലുണ്ടായിരുന്ന നഷ്ടപരിഹാര നിരക്കുകളേക്കാൾ കുറവായതിനാൽ 29-9-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 182/15/കൃഷി പ്രകാരം നഷ്ടപരിഹാര നിരക്കുകൾ മുമ്പ് നിലവിലുണ്ടായിരുന്ന അതേ നിരക്കിൽ പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്.

(സി) പ്രകൃതിക്ഷോഭംമൂലം കർഷകർക്കുണ്ടായ നാശനഷ്ടങ്ങൾക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം ഓരോ വർഷവും കേന്ദ്രസർക്കാർ പരിഷ്കരിക്കാറുണ്ട്. എന്നാൽ കേന്ദ്ര മാനദണ്ഡപ്രകാരമുള്ള തുക തുലോം കുറവാണ്. ഇത് വർദ്ധിപ്പിക്കണമെന്ന് ദീർഘകാലമായി കേരളം കേന്ദ്രത്തോട് ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അഗ്രികൾച്ചറൽ അസിസ്റ്റന്റ് തസ്തികയുടെ യോഗ്യത

80 (2428) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ്മാരുടെ യോഗ്യത കാർഷിക ഡിപ്ലോമ/തത്തുല്യം, ഇവയുടെ അഭാവത്തിൽ മാത്രം വി.എച്ച്.എസ്.സി./ കെ.ജി.ടി.ഇ. എന്ന മാനദണ്ഡം എന്തടിസ്ഥാനത്തിലാണ് തീരുമാനിച്ചിട്ടുള്ളത്;

(ബി) നിലവിൽ വൊക്കേഷണൽ ഹയർസെക്കന്ററി (വി.എച്ച്.എസ്.സി.- അഗ്രി) പാസായ ഉദ്യോഗാർത്ഥികളെ ഡിപ്ലോമാ പാസായവർക്ക് തുല്യമായി പരിഗണിക്കുന്നതിന് എന്തൊക്കെ പോരായ്മകളാണുള്ളത് വ്യക്തമാക്കുമോ; വൊക്കേഷണൽ ഹയർസെക്കണ്ടറി പാസായ ഉദ്യോഗാർത്ഥികളെയും കാർഷിക ഡിപ്ലോമ യോഗ്യതയുള്ളവരെയും തുല്യ പരിഗണന നൽകി അഗ്രിക്കൾച്ചർ അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമിക്കുന്നതിന് എന്തൊക്കെ നിയമ നിർമ്മാണങ്ങൾ ആവശ്യമുണ്ട്; വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത യോഗ്യത മാനദണ്ഡമായി തീരുമാനിച്ചതുമായി ബന്ധപ്പെട്ട് ഇതുവരെയുള്ള കേസുകളുടെയും കോടതി ഉത്തരവുകളുടെയും ലിസ്റ്റും രേഖകളും ലഭ്യമാക്കാമോ?

### ഉത്തരം

(എ) സർക്കാർ ഉത്തരവ് (കൈ) നമ്പർ 312/75/കൃഷി തീയതി 16-10-1975 കൃഷി (എസ്റ്റാ.) വകുപ്പ്, സർക്കാർ ഉത്തരവ് (കൈ) നമ്പർ 38/1983/കൃഷി തീയതി 19-2-1983 കൃഷി (എസ്റ്റാ) വകുപ്പ്, സർക്കാർ ഉത്തരവ് (കൈ) നമ്പർ 7/90/കൃഷി തീയതി 8-1-1990 കൃഷി (എസ്റ്റാ) വകുപ്പ്, സർക്കാർ ഉത്തരവ് (കൈ) നമ്പർ 35/1995 /കൃഷി തീയതി 13-2-1995 കൃഷി (എസ്റ്റാ) വകുപ്പ് എന്നീ ഉത്തരവുകളിൽ പരാമർശിച്ചിട്ടുള്ള യോഗ്യതകളുടെ അടിസ്ഥാനത്തിലാണ് കൃഷി അസിസ്റ്റന്റുമാരുടെ യോഗ്യതാ മാനദണ്ഡം നിശ്ചയിച്ചിട്ടുള്ളത്.

(ബി) വൊക്കേഷണൽ ഹയർ സെക്കണ്ടറി പാസ്സായ ഉദ്യോഗാർത്ഥികളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട്, അഗ്രികൾച്ചറൽ അസിസ്റ്റന്റിന്റെ ഏകീകൃത റാങ്ക് ലിസ്റ്റ് തയ്യാറാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ലഭിച്ച നിവേദനങ്ങൾ പരിശോധിച്ചു വരുന്നു.

(സി) കേസുകളും കോടതി ഉത്തരവുകളും നിലവിലുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ട്.

## നബാർഡ് XXI

81 (2429) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡ് XXI ട്രെഞ്ചിൽപെടുത്തി (NABARD XXI Trench)കൃഷി വകുപ്പിൽ നടപ്പിലാക്കുന്നതിന് സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാം; ഓരോന്നും വിശദമാക്കാമോ?

ഉത്തരം

നബാർഡ് RIDF Tranche XXI-ൽ ഉൾപ്പെടുത്തി കൃഷി വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം ചേർത്തിട്ടുണ്ട്.*

## പശുക്കളെ ബാധിച്ച ബ്രൂസെല്ലോസിസ് (മാൾട്ടപ്പനി) രോഗം

82 (2430) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വെറ്ററിനറി സർവ്വകലാശാലയുടെ തിരുവിഴാംകുന്നിലെ ഫാമിൽ ഏതാനും പശുക്കൾക്ക് ബ്രൂസെല്ലോസിസ് (മാൾട്ടപ്പനി) പിടിപെടുകയുണ്ടായോ;

(ബി) എങ്കിൽ എത്ര പശുക്കൾക്കാണ് മാൾട്ടപ്പനി ബാധിച്ചത്; എന്താണിതിന്റെ രോഗലക്ഷണങ്ങൾ;

(സി) ഈ പശുക്കളെ മണ്ണുത്തി വെറ്ററിനറി കോളേജിലേക്ക് കൊണ്ടുവരാനുള്ള അനുമതി കേന്ദ്ര മൃഗക്ഷേമ ബോർഡ് പിൻവലിക്കുകയുണ്ടായോ; എങ്കിൽ പിൻവലിക്കാനുണ്ടായ സാഹചര്യമെന്ത്;

(ഡി) അനുമതി പിൻവലിച്ചത് പുനഃപരിശോധിക്കാൻ ബോർഡിനോട് ആവശ്യപ്പെടുമോ;

(ഇ) ഇല്ലെങ്കിൽ മറ്റെന്ത് ബദൽ സംവിധാനമാണ് ഈ പശുക്കളുടെ കാര്യത്തിൽ സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ടായി.

(ബി) തൊണ്ണൂറ് എണ്ണത്തിനാണ് മാൾട്ടപ്പനി ഇപ്പോൾ സ്ഥിരീകരിച്ചിട്ടുള്ളത്. പശുക്കളിൽ ഗർഭമലസലും വന്ധ്യതയുമാണ് ലക്ഷണങ്ങൾ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പിൻവലിക്കുകയുണ്ടായി. രോഗബാധിതരായ മൃഗങ്ങളെ വാഹനത്തിൽ കൊണ്ടുപോകാൻ കേന്ദ്ര മൃഗ ക്ഷേമ ബോർഡ് അനുവദിക്കുന്നതല്ല.

(ഡി) പുനഃപരിശോധിക്കാൻ ആവശ്യപ്പെട്ടുവെങ്കിലും അനുമതി ലഭിച്ചിട്ടില്ല.

(ഇ) രോഗബാധിതരായ മൃഗങ്ങളെ ശാസ്ത്രീയ ചട്ടങ്ങളനുസരിച്ച് വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ ദയാവധം ചെയ്ത് ഫാമിൽ തന്നെ മറവു ചെയ്തിട്ടുണ്ട്.

**വെളിയിട വിസർജ്ജന മുക്ത സംസ്ഥാനം**

83 (2431) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. കെ.വിജയൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എല്ലാ വീടുകളിലും ശൗചാലയം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) കേരളത്തിൽ തുറസ്സായ സ്ഥലത്ത് മലവിസർജ്ജനം നടത്താത്തതായി പ്രഖ്യാപിച്ച എത്ര പഞ്ചായത്തുകളാണുള്ളത്; മറ്റു പഞ്ചായത്തുകളുടെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2016 നവംബർ ഒന്നോടുകൂടി ഗ്രാമപഞ്ചായത്തുകളിലെ എല്ലാ കുടുംബങ്ങൾക്കും, 2017 മാർച്ച് 31 ഓടുകൂടി നഗരപ്രദേശത്തുള്ള എല്ലാ കുടുംബങ്ങൾക്കും ശൗചാലയസൗകര്യം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒ.ഡി.എഫ്. കാമ്പയിന്റെ ഭാഗമായി സംഘടിപ്പിച്ചുവരുന്നു.

(ബി) 3-10-2016 വരെ 739 ഗ്രാമപഞ്ചായത്തുകളാണ് തുറസ്സായ സ്ഥലത്ത് മലവിസർജ്ജനം ഒഴിവാക്കിയതായി സ്വയം പ്രഖ്യാപിച്ചിട്ടുള്ളത്. മറ്റ് പഞ്ചായത്തുകളിൽ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

**ഇ-മാലിന്യ സംസ്കരണം**

84 (2432) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖരമാലിന്യ പ്രശ്നം പോലെ തന്നെ രൂക്ഷമായ മറ്റൊരു വിഷയമായ പ്ലാസ്റ്റിക്കും ഇ-മാലിന്യവും നിർമ്മാർജ്ജനം ചെയ്യാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യങ്ങളും ഇലക്ട്രോണിക് മാലിന്യങ്ങളും പരിസ്ഥിതിക്ക് കോട്ടം വരാത്ത നിലയിൽ സംസ്കരിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ക്ലീൻ കേരള കമ്പനി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഇ-മാലിന്യങ്ങൾ ഒരു നിശ്ചിത തുകയ്ക്ക് ക്ലീൻ കേരള കമ്പനി സ്വീകരിക്കുകയും തുടർന്നുള്ള പുനർചംക്രമണ പ്രവർത്തനങ്ങൾക്കായി രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽ പ്രവർത്തിക്കുന്ന അംഗീകൃത സംഭരണ ശാലകളിലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും ഗ്രാമപഞ്ചായത്ത് തലത്തിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ശുചിത്വമിഷൻ മുഖേന സ്വീകരിച്ചുവരുന്നു. മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ഗ്രാമപഞ്ചായത്തുകൾ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. ക്ലീൻ കേരള കമ്പനി മുഖേന 268 ടൺ ഇ-മാലിന്യങ്ങൾ ഇതേവരെ സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽനിന്നും ശേഖരിക്കുകയും, ശാസ്ത്രീയമായ സംസ്കരണത്തിനും, പുനഃചംക്രമണത്തിനും വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. 10-10-2014 മുതൽ പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്നു വരുന്നു. 1994 -ലെ കേരള മുൻസിപ്പാലിറ്റി ആക്ടിലെയും, 2000-ലെ മുനിസിപ്പൽ സോളിഡ് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡിലിംഗ്) റൂൾസിലെയും 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിലെയും വ്യവസ്ഥകൾ പ്രകാരം ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ നഗരസഭകളിൽ നടപ്പിലാക്കി വരുന്നുണ്ട്. 1994 കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 334 (എ)-യിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപ്രകാരം ഉറവിട മാലിന്യ സംസ്കരണത്തിനാണ് നഗരസഭകൾ പ്രാധാന്യം നൽകി നടപ്പിലാക്കി വരുന്നത്. അജൈവ മാലിന്യങ്ങൾ പുനഃചംക്രമണത്തിന് കൈമാറുന്നതിനും ആയതിലേയ്ക്ക് തരംതിരിച്ച് സംഭരിക്കുന്നതിനുമുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ അതാത് നഗരസഭകൾ ശുചിത്വ മിഷൻ മുഖേന നടപ്പിലാക്കി വരുന്നുണ്ട്.

(ബി)
- പ്ലാസ്റ്റിക്കും ഇ-മാലിന്യവുമുൾപ്പെടെയുള്ള അജൈവമാലിന്യം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് താൽക്കാലികമായി സംഭരിച്ച് തരംതിരിവുനടത്തി റീസൈക്ലിംഗ് ചെയ്യപ്പെടുത്തുന്നതിന് കൈമാറുന്നവെന്നുറപ്പാക്കുക.

- പ്ലാസ്റ്റിക് റോഡ് ടാറിംഗിനായി ഉപയോഗപ്പെടുത്തുക.
- ജനങ്ങളിലും പങ്കാളികളിലും മാലിന്യ പരിപാലനത്തിന് അനുകൂല മനോഭാവം രൂപീകരിക്കുക.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ വഴി പ്ലാസ്റ്റിക്, ഇ-മാലിന്യങ്ങൾ മുഖേനയുണ്ടാകുന്ന പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങളെ പരമാവധി കുറയ്ക്കുവാനാണ് ലക്ഷ്യമിടുന്നത്.

(സി) 2013-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ആക്ടിൽ പ്ലാസ്റ്റിക് സഞ്ചികളുടെയും കവറുകളുടെയും നിയന്ത്രണവും പ്ലാസ്റ്റിക് മാലിന്യം കൈകാര്യം ചെയ്യലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേന്ദ്ര പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് പുതിയ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ 2016 മാർച്ച് 18-ന് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതിൽ പ്ലാസ്റ്റിക് മാലിന്യ പരിപാലനം സംബന്ധിച്ച വ്യക്തമായ നിർദ്ദശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടത്തെ അടിസ്ഥാനപ്പെടുത്തി പ്ലാസ്റ്റിക് മാലിന്യ പരിപാലനം, നിയന്ത്രണം, മോണിറ്ററിംഗ്, പരിശീലനം, വിവര വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങൾക്കുവേണ്ട തുടർനടപടികളും സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. 15-2-2016-ലെ 82200/ഡി.സി.1/ 2014 സർക്കാർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനി മുഖേന ഇ-വേസ്റ്റ് സമാഹരിച്ച് റീസൈക്കിൾ ചെയ്യുന്നതിനായി കൈമാറിവരുന്നു. ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് റോഡ് ടാറിംഗിന് പ്രയോജന പ്പെടുത്തുന്നതിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് സ.ഉ. (സാധാ) നമ്പർ 2037/2016/തസ്വഭവ തീയതി 30-6-2016 പ്രകാരം തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 22-5-2016-ലെ സർക്കാർ സർക്കുലർ നമ്പർ 19254/ഡി.സി.1/2015 തസ്വഭവ പ്രകാരം ഗ്രാമപ്രദേശ തലങ്ങളിലെ അജൈവ മാലിന്യങ്ങൾ റീസൈക്കിൾ ചെയ്യുന്നതിന് സ്വീകരിക്കേണ്ട നടപടികളും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി പ്രവർത്തിപ്പിക്കേണ്ട ആവശ്യകതയും വ്യക്തമാക്കിയിട്ടുണ്ട്.

### ഗ്രാമ പഞ്ചായത്തുകളുടെ സ്റ്റാഫ് പാറ്റേൺ

85 (2433) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തുകളുടെ സ്റ്റാഫ് പാറ്റേൺ പുതുക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ എന്ന കാര്യം അറിയിക്കാമോ;

(ബി) നിലവിൽ സ്റ്റാഫ് പാറ്റേൺ ജനസംഖ്യ/വാർഡുകളുടെ എണ്ണം അടിസ്ഥാനത്തിലുള്ളതാണോ എന്നറിയിക്കാമോ;

(സി) നിലവിലുള്ള സ്റ്റാഫ് പാറ്റേൺ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) 1982-ൽ നിലവിൽവന്ന സ്റ്റാഫ് പാറ്റേൺ മാനദണ്ഡങ്ങളും കാലാകാലങ്ങളിലെ വിവിധ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കൈക്കൊണ്ട തീരുമാനങ്ങളുടെയും അടിസ്ഥാനത്തിലുള്ള സ്റ്റാഫ് പാറ്റേൺ സമ്പ്രദായമാണ് ഇപ്പോൾ നിലവിലുള്ളത്. ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ ജനസംഖ്യ/വാർഡുകളുടെ എണ്ണം അടിസ്ഥാനമാക്കിയുള്ളതല്ല.

(സി) 1982-ൽ നിലവിൽ വന്ന സ്റ്റാഫ് പാറ്റേൺ സമ്പ്രദായത്തെ തുടർന്ന് ഗ്രാമപഞ്ചായത്തുകളിൽ തസ്തികകളുടെ എണ്ണം അനുവദിക്കുന്നത് സംബന്ധിച്ച് ടി കാലയളവിൽ തീരുമാനം കൈക്കൊണ്ടിരുന്നു. പ്രസ്തുത കാലയളവിൽ ഗ്രാമപഞ്ചായത്തുകളെ നാലായി തരംതിരിച്ചിരുന്നു.

(1) സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്ത്

(2) ഒന്നാം ഗ്രേഡ് പഞ്ചായത്ത്

(3) രണ്ടാം ഗ്രേഡ് പഞ്ചായത്ത്

(4) മൂന്നാം ഗ്രേഡ് പഞ്ചായത്ത്.

പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ ടി കാലയളവിൽ അനുവദിച്ച സ്റ്റാഫ് പാറ്റേൺ ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| (1) | സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്ത് സെക്രട്ടറി | - | 1 |
| | ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് | - | 1 |
| | ക്ലാർക്ക് | - | 7 |
| (2) | ഒന്നാം ഗ്രേഡ് പഞ്ചായത്ത് സെക്രട്ടറി | - | 1 |
| | ഹെഡ് ക്ലാർക്ക് | - | 1 |
| | ക്ലാർക്ക് | - | 6 |
| (3) | രണ്ടാം ഗ്രേഡ് പഞ്ചായത്ത് സെക്രട്ടറി | - | 1 |
| | ഹെഡ് ക്ലാർക്ക് | - | 1 |
| | ക്ലാർക്ക് | - | 3 |

| | | | |
|---|---|---|---|
| (4) | മൂന്നാം ഗ്രേഡ് പഞ്ചായത്ത് സെക്രട്ടറി | - | 1 |
| | ഹെഡ് ക്ലാർക്ക് | - | 1 |
| | ക്ലാർക്ക് | - | 3 |

പിന്നീട് ഗ്രാമപഞ്ചായത്തുകളെ സ്പെഷ്യൽ ഗ്രേഡ്, ലോവർ ഗ്രേഡ് പഞ്ചായത്തുകൾ എന്നും തുടർന്ന് സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളെയും ഏക ഗ്രേഡ് പഞ്ചായത്തുകളായും മാറ്റിയിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തുകളിലെ ജോലിഭാരം അടിസ്ഥാനമാക്കി തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാരിൽ ലഭിച്ച വിവിധ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിലെ ക്ലറിക്കൽ തസ്തികകളിൽ വർദ്ധന വരുത്തിയിട്ടുള്ളതും 864 ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തികയും എല്ലാ ഗ്രാമപഞ്ചായത്തുകളിലും അക്കൗണ്ടന്റ് തസ്തികയും അനുവദിച്ചിട്ടുള്ളതുമാണ്. ഇപ്രകാരമുള്ള സ്റ്റാഫ് പാറ്റേണുകളാണ് ഇപ്പോൾ ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ളത്.

## തർക്കവസ്തുവിൽ ബിൽഡിംഗ് പെർമിറ്റ് നൽകിയ നടപടി

86 (2434) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയുടെ ഉള്ളൂർ സോണലിൽ ബിൽഡിംഗ് പെർമിറ്റ് നൽകിയതു സംബന്ധിച്ചുള്ള തർക്കം നിലനിൽക്കുന്ന ചെറുവയ്ക്കൽ വാർഡിലെ ശ്രീ. രാമചന്ദ്രൻ നായർ, സുഭദ്രാസദനം, കട്ടേല നൽകിയ UE2/4576/2016, UE2/4992/16 എന്നീ നമ്പർ പരാതികളിൽ നഗരസഭ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; ഈ പരാതി അന്വേഷിച്ചിട്ടുണ്ടോ; എന്നാണ് അന്വേഷിച്ചത്; ആരാണ് അന്വേഷണം നടത്തിയത്; ഇതു സംബന്ധിച്ച് റിപ്പോർട്ട് എന്നാണ് നൽകിയത് ; പരാതിക്കാരന് മറുപടി നൽകിയിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പെർമിറ്റ് നൽകിയിരിക്കുന്ന പുരയിടം തർക്കഭൂമിയും കോടതി കേസ്സ് നിലനിൽക്കുന്നതും സ്റ്റാറ്റസ്കോ മെയിൻറയിൻ ചെയ്യാൻ കോടതി ഉത്തരവ് നൽകിയിരിക്കുന്നതുമായ വിവരം നഗരസഭ അന്വേഷിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും റൂൾ വയലേഷൻ ഉണ്ടായിട്ടുണ്ടോ; തർക്ക പ്രദേശത്ത് തെളിവ് നശിപ്പിക്കുന്ന രീതിയിൽ നിർമ്മാണം നടത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് ആവലാതിക്കാരൻ നൽകിയ കോടതി ഉത്തരവിന്റെ പകർപ്പ് നഗരസഭ പരിശോധിച്ചിട്ടുണ്ടോ; ഇതിന് നഗരസഭയുടെ നിയമ സെക്ഷന്റെ നിയമോപദേശം തേടിയിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ. കക്ഷി നൽകിയിരിക്കുന്ന കെട്ടിട പെർമിറ്റിന് പ്ലാനിൽ പിശകുള്ളതായി നഗരസഭയ്ക്ക് അന്വേഷണത്തിൽ

ബോദ്ധ്യമായിട്ടുണ്ടോ; ഇതു സംബന്ധിച്ച് സൈറ്റ് ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ടോ; പ്ലാനുമായി ഒത്തുനോക്കിയിട്ടുണ്ടോ; ആയതു പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു; റിവൈസ്ഡ് പ്ലാൻ കക്ഷി നൽകിയിട്ടുണ്ടോ; എന്നാണ് നൽകിയത്; ഇതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) നിർമ്മാണപ്രവർത്തനം നിർത്തി വയ്ക്കുവാൻ നഗരസഭ ആവശ്യപ്പെട്ടിട്ടുണ്ടോ; നൽകിയ പെർമിറ്റ് റദ്ദ് ചെയ്യുന്നതിന് നഗരസഭ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കുറ്റകരമായ അനാസ്ഥ കാട്ടിയതായും ഇതു സംബന്ധിച്ച ദുരൂഹതയുള്ളതായും പരാതിക്കാരന് സംശയമുള്ളതിനാൽ ഒരു വിദഗ്ദ്ധ സംഘത്തെക്കൊണ്ട് അന്വേഷണം നടത്തുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത പരാതികളിന്മേൽ 16-8-2016-ൽ എതിർ കക്ഷിയ്ക്ക് മെമ്മോ നൽകിയിട്ടുണ്ട്. പ്രസ്തുത പരാതിയെക്കുറിച്ച് സ്ഥലപരിശോധന നടത്തി ഓവർസീയറും അസിസ്റ്റന്റ് എഞ്ചിനീയറും 16-8-2016- ലും 7-9-2016-ലും അന്വേഷണ റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്. അന്വേഷണത്തിന്റെ തുടർനടപടികൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ പരാതിക്കാരന് മറുപടി നൽകിയിട്ടില്ല.

(ബി) കേസിനെക്കുറിച്ച് നഗരസഭ അന്വേഷിച്ചിട്ടില്ല. കാരണം എതിർകക്ഷിയുടെ പേരിൽ കേസ് നിലനിൽക്കുന്ന രേഖകൾ ഒന്നും നഗരസഭയിൽ ലഭിച്ചിട്ടില്ല. പ്രസ്തുത പെർമിറ്റിൽ റൂൾ വയലേഷൻ ഒന്നും കണ്ടെത്തിയിട്ടില്ല. എതിർകക്ഷിയുടെ പേരിൽ കേസ് നിലനിൽക്കുന്ന രേഖകൾ ലഭിച്ചിട്ടില്ലാത്തതിനാൽ നിയമോപദേശം തേടിയിട്ടില്ല. ഓവർസിയറും അസിസ്റ്റന്റ് എഞ്ചിനീയറും സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. റിവൈസ്ഡ് പ്ലാൻ എതിർ കക്ഷി നല്കിയിട്ടില്ല.

(സി) പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണ വിധേയമായി താൽക്കാലികമായി പണി നിർത്തിവയ്ക്കുവാൻ നഗരസഭ ആവശ്യപ്പെട്ടിട്ടുണ്ട്. പെർമിറ്റ് നൽകിയതിൽ റൂൾ വയലേഷൻ ഇല്ലാത്തതിനാൽ പെർമിറ്റ് റദ്ദ് ചെയ്യുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

**പ്രവൃത്തി ക്രമീകരണ വ്യവസ്ഥയിലുള്ള നിയമനം**

87 (2436) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സർക്കാർ ജീവനക്കാരെ ഇതര വകുപ്പുകളിൽ നിന്നും പ്രവൃത്തി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചു വന്നിരുന്നത് നിർത്തൽ ചെയ്ത് ഉത്തരവായിട്ടുണ്ടോ;

(ബി) മേൽ വ്യവസ്ഥയിൽ പഞ്ചായത്തുകളിൽ ജീവനക്കാരെ നിയമിക്കുവാൻ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം ആരംഭിച്ച ആദ്യ വർഷങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി നോൺ ഗസറ്റഡ് ജീവനക്കാരെ അനിവാര്യമായ സന്ദർഭങ്ങളിൽ പ്രവൃത്തി ക്രമീകരണ വ്യവസ്ഥയിൽ പദ്ധതിയുടെ ഫുൾടൈം-കോർഡിനേറ്റർമാരായി നിയോഗിക്കുന്നതിന് സംസ്ഥാന സർക്കാർ അനുവാദം നൽകിയിരുന്നു. എന്നാൽ ഭരണപരവും സാങ്കേതികവുമായ പിന്തുണാ സംവിധാനങ്ങൾ പഞ്ചായത്തുകളിൽ ഏർപ്പെടുത്തുകയും നിർദ്ദിഷ്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ, പദ്ധതിയുടെ ഭരണച്ചെലവിൽ ഉൾപ്പെടുത്തി മനുഷ്യ വിഭവശേഷി പ്രയോജനപ്പെടുത്തുന്നതിന് പഞ്ചായത്തുകൾക്ക് അനുവാദം നല്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഫുൾടൈം-കോർഡിനേറ്റർമാരെ പ്രവൃത്തി ക്രമീകരണ വ്യവസ്ഥയിൽ നിയോഗിക്കേണ്ടതില്ലായെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

## പഴവങ്ങാടി പഞ്ചായത്തിൽ ഗ്യാസ് അധിഷ്ഠിത ക്രിമറ്റോറിയം

88 (2437) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴവങ്ങാടി പഞ്ചായത്ത് കേന്ദ്രീകരിച്ച് ഗ്യാസ് അധിഷ്ഠിത ക്രിമറ്റോറിയം നിർമ്മിക്കുന്നതിന് ശുചിത്വ മിഷന്റെ നേതൃത്വത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എന്തൊക്കെ സൗകര്യങ്ങളാണ് ഇവിടെ ഉൾപ്പെടുത്തിയിട്ടുള്ളത്; എത്ര രൂപയാണ് നിർമ്മാണച്ചെലവ്; വിശദമാക്കാമോ;

(സി) ക്രിമറ്റോറിയത്തിന്റെ നിർമ്മാണച്ചുമതല ഏതെങ്കിലും കമ്പനിയെ ഏൽപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കമ്പനിയുടെ പേരും വിശദാംശങ്ങളും ലഭ്യമാക്കുമോ; ഇത്തരത്തിൽ നിർമ്മിക്കുന്ന ക്രിമറ്റോറിയത്തിന്റെ നടത്തിപ്പ് ചുമതല ആർക്കാണെന്ന് അറിയിക്കുമോ;

(ഡി) ക്രിമറ്റോറിയം നിർമ്മിക്കുന്നതിനായി പഞ്ചായത്തിന്റെ സമ്മതപത്രം ലഭിച്ചിട്ടുണ്ടോ; എന്നാണ് ഇത് ലഭിച്ചത്; പഞ്ചായത്തുമായുള്ള കരാറിൽ എന്തൊക്കെ നിബന്ധനകളാണ് ഉള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശുചിത്വ മിഷന്റെ നേതൃത്വത്തിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) പദ്ധതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫർണ്ണസ് റൂം, വരാന്ത, ഗ്യാസ് സ്റ്റോറേജ് റൂം, കോമ്പൗണ്ട് വാൾ എന്നിവ ഉൾപ്പെടുന്നു. 140.86 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടമാണ് ശ്മശാനത്തിനായി നിർമ്മിക്കുന്നത്. നിർമ്മാണ ചെലവ് 81,20,000 രൂപയാണ്.

(സി) കോസ്റ്റ് ഫോർഡ് (സെന്റർ ഓഫ് സയൻസ് ആന്റ് ടെക്നോളജി ഫോർ റൂറൽ ഡവലപ്മെന്റ്) തൃശ്ശൂർ എന്ന ഏജൻസി മുഖേനയാണ് ശ്മശാനം നിർമ്മിക്കുന്നത്. നിർമ്മാണത്തിനായി 115/2015 -16 നമ്പറായി എഗ്രിമെന്റ് വച്ചിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ 20% തുക നൽകുന്ന മുറയ്ക്ക് പ്രവൃത്തി തുടങ്ങുന്നതുമാണ് പദ്ധതിയുടെ നടത്തിപ്പ് ചുമതല റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്തിനാണ്.

(ഡി) റാന്നി, റാന്നി അങ്ങാടി, ചെറുകോൽ, റാന്നി പഴവങ്ങാടി എന്നീ ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന പദ്ധതിക്കായി മേൽ ഗ്രാമപഞ്ചായത്തുകൾ പഞ്ചായത്ത് ഡയറക്ടർക്ക് തീരുമാനമെടുത്ത് നൽകിയിട്ടുണ്ട്.

## ഹൈമാസ്റ്റ് ലൈറ്റുകളും സോഡിയം വേപ്പർ ലാമ്പുകളും

89 (2438) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നഗരസഭയിൽ വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഹൈമാസ്റ്റ് ലൈറ്റുകളും സോഡിയം വേപ്പർ ലാമ്പുകളും നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കേടുപാടുകൾ പരിഹരിച്ച് പ്രസ്തുത ലൈറ്റുകൾ പ്രകാശിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കായംകുളം നഗരസഭയിൽ ഹൈമാസ്റ്റ് ലൈറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് Annual Maintenance Contract (AMC) നൽകിയിട്ടുണ്ട്. നിലവിലുള്ള സോഡിയം വേപ്പർ ലാമ്പ് മാറ്റി ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

## തൊഴിലുറപ്പ് പദ്ധതിക്ക് സോഷ്യൽ ഓഡിറ്റ്

90 (2439) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിക്ക് സാമൂഹിക പരിശോധന (സോഷ്യൽ ഓഡിറ്റ്) ആവശ്യമാണോ; കേരളത്തിൽ ഈ സംവിധാനം ഉണ്ടോ; എങ്കിൽ എപ്പോൾ ഏർപ്പെടുത്തിയതാണിത്; ഇല്ലെങ്കിൽ ഇതുവരെ സോഷ്യൽ ഓഡിറ്റ് ആരംഭിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) സോഷ്യൽ ഓഡിറ്റ് ആരംഭിക്കണമെന്ന് കേന്ദ്രം ആവശ്യപ്പെട്ടിരുന്നോ; എപ്പോഴാണ് ആവശ്യപ്പെട്ടത്; വാക്കാലാണോ രേഖാമൂലമാണോ ആവശ്യപ്പെട്ടത്; രേഖാമൂലമാണെങ്കിൽ പ്രസ്തുത രേഖയുടെ പകർപ്പ് നൽകാമോ;

(സി) രാജ്യത്ത് കേരളത്തിൽ മാത്രമാണ് തൊഴിലുറപ്പ് പദ്ധതിയുടെ ജനകീയ വിലയിരുത്തൽ ഇല്ലാത്തത് എന്നത് ശരിയാണോ; എങ്കിൽ ഈ വീഴ്ച എപ്പോൾ പരിഹരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ ;

(ഡി) തൊഴിലുറപ്പു പദ്ധതിക്കു സാമൂഹിക പരിശോധന ആരംഭിക്കാത്തതിനാൽ കേരളത്തിനുള്ള തൊഴിലുറപ്പു ഫണ്ട് കേന്ദ്രം തടഞ്ഞേക്കുമെന്ന വാർത്തയുടെ നിജസ്ഥിതി എന്താണ്; ഇത് സംബന്ധിച്ച് എന്തെങ്കിലും സൂചനയോ മുന്നറിയിപ്പോ കേന്ദ്രത്തിൽ നിന്ന് കിട്ടിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ വകുപ്പ് 17(2) പ്രകാരം എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിലെ പ്രവർത്തനങ്ങൾ 2007 മുതൽ സോഷ്യൽ ഓഡിറ്റ് ചെയ്തുവരുന്നു.

(ബി) സോഷ്യൽ ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ 2011-ൽ സോഷ്യൽ ഓഡിറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. ചട്ടങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച സോഷ്യൽ ഓഡിറ്റ് ചട്ടങ്ങൾക്കനുസൃതമായി സംസ്ഥാനത്ത് ഒരു സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് സംവിധാനം രൂപീകരിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് സംവിധാനം ഒരു സൊസൈറ്റിയായി രൂപീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. നിലവിൽ സൊസൈറ്റിയുടെ ഗവേണിംഗ് ബോഡിയും ഡയറക്ടർ അടക്കമുള്ള വിദഗ്ധരുടെ തെരഞ്ഞെടുപ്പും സംസ്ഥാനം പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) ഇതുസംബന്ധിച്ച് എന്തെങ്കിലും അറിയിപ്പ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല.

**പി.എം.എ.വൈ. ഭവന പദ്ധതി**

91 (2442) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.വൈ. ഭവന പദ്ധതിയുടെ പേര് മാറ്റി പി.എം.എ.വൈ. എന്ന പേരിൽ നടപ്പിലാക്കുമ്പോൾ പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിലെ അപാകതകൾ സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഗ്രാമസഭകൾ തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് ഉണ്ടായിട്ടും, സാമൂഹ്യ സാമ്പത്തിക ജാതി സർവ്വേ ലിസ്റ്റിൽ നിന്നും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിലുള്ള ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുവാൻ സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടി എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ തീരുമാനമായതിനാൽ പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റ് പ്രകാരമാണ്. ഇതിലെ ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

**പി.എം.ജി.എസ്.വൈ. പദ്ധതി**

92 (2444) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 മുതൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പത്തനംതിട്ട ജില്ലയിൽ നിന്നും നൽകിയിട്ടുള്ള റോഡുകളുടെ പട്ടിക ബ്ലോക്ക് തിരിച്ച് ലഭ്യമാക്കാമോ; ഇവയിൽ എത്ര റോഡുകൾക്കാണ് ഫണ്ട് അനുവദിച്ചത്;

(ബി) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഏതെല്ലാം റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പദ്ധതിക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) 2016-ൽ റാന്നി നിയോജകമണ്ഡലത്തിലെ റോഡുകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ; ഇവയ്ക്ക് ഫണ്ടനുവദിക്കാൻ നടപടികളായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2014-നുശേഷം പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പത്തനംതിട്ട ജില്ലയിൽനിന്നും കേന്ദ്ര സർക്കാരിലേക്ക് നൽകിയിട്ടുള്ള റോഡുകളുടെ ബ്ലോക്ക് തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു. കേന്ദ്ര സർക്കാരിന്റെ അനുമതി ഇതുവരെ ലഭിച്ചിട്ടില്ല.

| ക്രമ നമ്പർ | ബ്ലോക്ക് | റോഡിന്റെ പേര് | നീളം (കി.മീ) |
|---|---|---|---|
| 1 | ഇലന്തൂർ | പന്നിക്കുഴി ജംഗ്ഷൻ - SNDP സ്കൂൾ ജംഗ്ഷൻ | 1.59 |
| 2 | കോന്നി | അറ്റച്ചക്കൽ ഈസ്റ്റ്- കിഴക്കുപുറം റോഡ് | 2.07 |
| 3 | മല്ലപ്പള്ളി | അദിയൽ -വൈപ്പൂർ റോഡ് | 3.83 |
| 4 | പറക്കോട് | കല്ലേത്തു-കനകക്കുന്ന്- കുന്നിട റോഡ് | 2.1 |

(ബി) പത്തനംതിട്ട ജില്ലയിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 8321.39 കോടി രൂപ അടങ്കൽ തുകയും 188.229 കി.മീ. ദൈർഘ്യവും വരുന്ന 41 റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. റോഡുകളുടെ വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. *

(സി) 2016-ൽ റാന്നി നിയോജക മണ്ഡലത്തിൽനിന്നും ഇനി ഏറ്റെടുക്കുന്നതിനായി സ്റ്റേറ്റ് ലെവൽ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിനായി നിർദ്ദേശിച്ചിട്ടുള്ള റോഡുകളുടെ പട്ടിക ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ബ്ലോക്ക് | റോഡിന്റെ പേര് |
|---|---|---|
| (1) | (2) | (3) |
| 1 | മല്ലപ്പള്ളി | കുമാരമംഗലം-കുളങ്ങര ക്ഷേത്രം റോഡ് |
| 2 | മല്ലപ്പള്ളി | ജേക്കബ്സ് റോഡ് (മാരംകുളം ജംഗ്ഷൻ - കുളത്തൂർമൂഴി റോഡ്) |
| 3 | മല്ലപ്പള്ളി | കൊച്ചിറ-ശാസ്താംകോയിക്കൽ റോഡ് |
| 4 | റാന്നി | അമ്മൻകോവിൽ-ചെമ്പൻകാര റോഡ് |
| 5 | റാന്നി | അലുമുക്ക്-മോതിരവയൽ റോഡ് |
| 6 | റാന്നി | കട്ടച്ചിറ-കടപ്പന-തണ്ണിത്തോട് റോഡ് |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| (1) | (2) | (3) |
|---|---|---|
| 7 | റാന്നി | നവോദയ സ്കൂൾ ജംഗ്ഷൻ-കടിമിൻചിറ റോഡ് |
| 8 | റാന്നി | നവോദയ സ്കൂൾ ജംഗ്ഷൻ-പെരുന്തേനരുവി റോഡ് |
| 9 | റാന്നി | അരയാഞ്ഞിലിമൺ-ജഗതി റോഡ് |
| 10 | റാന്നി | വെച്ചൂച്ചിറ-അരയൻപാറ റോഡ് |
| 11 | റാന്നി | കുമ്പിത്തോട് അരയൻപാറ റോഡ് |
| 12 | റാന്നി | പൂവൻ മല-മുക്കുഴി റോഡ് |

## ബി.പി.എൽ. സർട്ടിഫിക്കറ്റ്

93 (2445) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇപ്പോൾ ബി.പി.എൽ.സർട്ടിഫിക്കറ്റ് നൽകുന്നതിന്ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; ഏത് വർഷത്തെ സർവ്വെ ലിസ്റ്റിനെ അടിസ്ഥാനപ്പെടുത്തിയാണ് ഇപ്പോൾ ബി.പി.എൽ. സർട്ടിഫിക്കറ്റ് അനുവദിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

സംസ്ഥാനത്ത് ഇപ്പോൾ ബി.പി.എൽ. സർട്ടിഫിക്കറ്റ് നൽകുന്നതിന് ഗ്രാമ പ്രദേശങ്ങളിൽ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാരെയും മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശങ്ങളിൽ ഇതിനായി ബന്ധപ്പെട്ട മുൻസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 2009-ലെ ബി.പി.എൽ. സർവ്വേ ലിസ്റ്റ് അടിസ്ഥാനപ്പെടുത്തിയാണ് ബി.പി.എൽ. സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്.

## ഡി.ബി.റ്റി.സെൽ മുഖേന ക്ഷേമ പെൻഷൻ വിതരണം

94 (2446) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ബി.റ്റി. സെൽ മുഖേന പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികൾ പരിശോധിച്ച് വിതരണം ചെയ്തിരുന്ന ക്ഷേമ പെൻഷനുകൾ ഗ്രാമ പഞ്ചായത്തുകളെ ഒഴിവാക്കി സഹകരണ ബാങ്കുകളെ ഏൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഏതു വിധത്തിൽ ആരു മുഖേനയാണ് പെൻഷൻ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്; ആയതിന് പ്രതിഫലം ഉണ്ടോ; എങ്കിൽ എത്ര; ഏതു ഫണ്ടിൽ നിന്നും ഈ തുക ലഭ്യമാക്കും;

(സി) ഇതിനായി ഏതെങ്കിലും തരത്തിൽ സർവ്വേ നടത്തിയിട്ടുണ്ടോ; ഏത് ഏജൻസി മുഖാന്തരമാണ് സർവ്വേ നടത്തിയിട്ടുള്ളത്; സർവ്വേയിൽ എത്ര ശതമാനം ആളുകൾ പങ്കെടുത്തു; അഭിപ്രായം പറയാതെ പോയ പെൻഷൻകാർക്ക് ഏതു വിധത്തിൽ പെൻഷൻ നൽകും?

ഉത്തരം

(എ) ഓണത്തോടനുബന്ധിച്ചുള്ള പെൻഷൻ വിതരണത്തിൽ വീടുകളിൽ പെൻഷൻ ലഭിക്കണമെന്ന് ആവശ്യപ്പെട്ടവർക്കും പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വിതരണ മാർഗ്ഗമായി സ്വീകരിച്ച് പെൻഷൻ മുടങ്ങിയിരുന്നവർക്കും പ്രാഥമിക സഹകരണ ബാങ്കുകൾ മുഖേന പെൻഷൻ വീടുകളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷേമപെൻഷൻ അപേക്ഷകൾ പരിശോധിച്ച് പഞ്ചായത്തിന്റെ അംഗീകാരത്തിനായി ശിപാർശ ചെയ്യുന്നതിനുള്ള ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനുള്ള പഞ്ചായത്തുകളുടെയും അധികാരത്തിൽ മാറ്റം വരുത്തിയിട്ടില്ല.

(ബി) പ്രാഥമിക സഹകരണ സംഘങ്ങളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും സേവനം ഉപയോഗപ്പെടുത്തിയാണ് പെൻഷൻ വീടുകളിൽ എത്തിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഇതിലേയ്ക്കായി പെൻഷൻ വിതരണം നടത്തുന്ന ജീവനക്കാരന് ഒരു ഗുണഭോക്താവിന് പെൻഷൻ നൽകാൻ 40 രൂപ ക്രമത്തിലും സഹകരണ ബാങ്കിന് 10 രൂപ ക്രമത്തിലും അനുവദിക്കുന്നുണ്ട്. പ്രസ്തുത തുക പെൻഷൻ നൽകുന്നതിന് വകയിരുത്തിയിട്ടുള്ള ഫണ്ടിൽ നിന്ന് ലഭ്യമാക്കുന്നതാണ്.

(സി) പെൻഷൻ ഡാറ്റാബേസിലെ തെറ്റുകൾ കണ്ടെത്തുന്നതിനും ഗുണഭോക്താക്കൾക്ക് പെൻഷൻ വീടുകളിൽ ലഭിക്കുന്നതിനുള്ള ഓപ്ഷൻ സ്വീകരിക്കുന്നതിനുമായി സർവ്വേ നടത്തിയിരുന്നു. കുടുംബശ്രീ മിഷൻ മുഖേനയാണ് സർവ്വേ നടത്തിയത്. സർവ്വേയിൽ ഇതുവരെ 3485386 പേർ ഉൾപ്പെട്ടിട്ടുണ്ട്. സർവ്വേയിൽ ഉൾപ്പെടാതെ പോയവർക്ക് അവർ നിലവിൽ സ്വീകരിച്ചിട്ടുള്ള വിതരണ മാർഗ്ഗത്തിലൂടെ 2016 ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള പെൻഷൻ അനുവദിച്ചിട്ടുണ്ട്.

## ബി.പി.എൽ. കാർഡ് ഉണ്ടായിട്ടും ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരെ നടപടി

95 (2447) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. കുടുംബങ്ങൾക്കുള്ള പല ആനുകൂല്യങ്ങളും ബി.പി.എൽ. കാർഡ് ഉണ്ടായിട്ടും പഞ്ചായത്തിന്റെ ലിസ്റ്റിൽ പേരില്ല എന്ന കാരണത്താൽ നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിശോധിച്ച് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലുള്ള ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടാത്തതും ബി.പി.എൽ. ആനുകൂല്യത്തിന് യഥാർത്ഥത്തിൽ അർഹതയുണ്ടെന്ന് ബോദ്ധ്യപ്പെട്ടതുമായ കുടുംബങ്ങൾക്ക് ബി.പി.എൽ. സാക്ഷ്യപത്രം അനുവദിക്കാൻ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാരെ 30-9-2015-ലെ സ.ഉ. (കൈ) 309/15/ത.സ്വ.ഭ.വ. പ്രകാരം ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

## എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതി

96 (2448) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ തദ്ദേശസ്വയംഭരണവകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചു എന്നും പൂർത്തിയാകാനുള്ളവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഭവന നിർമ്മാണത്തിനായി വർദ്ധിപ്പിച്ച തുക അനുവദിക്കുവാൻ നടപടി**

97 (2449) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.വൈ. സ്കീമിൽ ഉൾപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഭവന നിർമ്മാണത്തിനായി വർദ്ധിപ്പിച്ച തുക എസ്.സി. വകുപ്പിൽനിന്നും ലഭിക്കുമെന്നറിയിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക ഇനിയും ലഭിച്ചിട്ടില്ലാത്തതിനാൽ ആയത് അടിയന്തരമായി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന് ഈ ഇനത്തിൽ ലഭിക്കേണ്ട ഒരു കോടി പതിനേഴ് ലക്ഷം രൂപ അനുവദിക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) തുക ലഭ്യമാക്കുവാനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

**പാലം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ**

98 (2450) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ഫണ്ടുപയോഗിച്ച് അമ്പലപ്പാറ ഗ്രാമപഞ്ചായത്തിനേയും ഒറ്റപ്പാലം മുനിസിപ്പാലിറ്റിയേയും വേർതിരിക്കുന്ന തിരുവാർത്തക്കടവ് തോടിന് കുറുകെ ഇരുകരകളേയും ബന്ധിപ്പിക്കുന്ന ഒരു പാലം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രപ്പോസൽ 'നബാർഡിന്'സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പാലം നിർമ്മിക്കുന്നതിന് എത്ര കോടി രൂപ ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഗ്രാമ വികസന വകുപ്പിൽ ലഭിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

**ക്ഷേമ പെൻഷൻ**

99 (T*2451) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷൻ ഗുണഭോക്താക്കളിലെ ഇരട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്ഷേമ പെൻഷൻകാരുടെ സമഗ്രമായ പട്ടിക കാലതാമസം കൂടാതെ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവിധ ക്ഷേമ പെൻഷനുകളും ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള പെൻഷനുകളും കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്കുള്ള പെൻഷൻ വിതരണം കാര്യക്ഷമമാക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ മുഖേന വിവിധ പെൻഷനുകൾ കൈപ്പറ്റുന്നവരുടെ സമഗ്രമായ ഒരു ഡാറ്റാബേസ് സൃഷ്ടിക്കുന്നതിന് 15-8-2016-ലെ G.O(MS) No.324/2016/Fin പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ഓപ്പൺ ഡിഫിക്കേഷൻ ഫ്രീ സംസ്ഥാനം**

100 (2452) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ സംയുക്തമായി നടപ്പാക്കുന്ന സമ്പൂർണ്ണ ഓപ്പൺ ഡിഫിക്കേഷൻ ഫ്രീ സംസ്ഥാനം (Open Defecation Free) പദ്ധതി പ്രകാരം കേരളത്തെ ഏറ്റവും വൃത്തിയുള്ള സംസ്ഥാനമായി പ്രഖ്യാപനം നടത്താൻ പോകുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതിക്കു വേണ്ടി കേന്ദ്രസർക്കാർ എത്ര ഫണ്ട് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) കുടിശ്ശിക ഇനത്തിൽ ഫണ്ട് നൽകാനുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്രസർക്കാരിൽ നിന്നും ഒന്നാം ഗഡുവായി 57,01,15,000 രൂപ അനുവദിച്ച് 22-9-2016 -ൽ ഉത്തരവായിട്ടുണ്ട്.

(ബി) ഒന്നാം ഗഡു തുകയാണ് ഇപ്പോൾ അനുവദിക്കപ്പെട്ടിട്ടുള്ളത്.

---

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## എല്ലാ വീടുകളിലും കക്കൂസ് സൗകര്യം

101 (2453) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കൂസ് ഇല്ലാത്ത എത്ര വീടുകളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഗ്രാമപ്രദേശത്തും നഗരങ്ങളിലും ഇത് എത്ര വീതമെന്നാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്;

(ബി) തുറസ്സായ സ്ഥലത്ത് മലമൂത്ര വിസർജ്ജനം ഇല്ലാത്ത സംസ്ഥാനമായി നമ്മുടെ സംസ്ഥാനത്തെ മാറ്റുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(സി) തീരദേശത്ത് കൂടുതൽ കമ്മ്യൂണിറ്റി കക്കൂസുകൾ നിർമ്മിച്ചു നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) എല്ലാ വീടുകളിലും കക്കൂസ് സൗകര്യം ഉണ്ടാക്കി തുറസ്സായ സ്ഥലത്ത് മലമൂത്ര വിസർജ്ജനമില്ലാത്ത സംസ്ഥാനമായി നമ്മുടെ സംസ്ഥാനത്തെ മാറ്റുന്ന നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശുചിത്വ മിഷൻ നടത്തിയ സർവ്വേ അനുസരിച്ച് സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിൽ 175399 വീടുകളിലും നഗരപ്രദേശങ്ങളിൽ 34578 വീടുകളിലുമാണ് കക്കൂസ് സൗകര്യമില്ലാത്തത്.

(ബി) കേരളത്തെ നവംബർ 1-ാം തീയതി വെളിയിടത്തെ വിസർജ്ജനം ഒഴിവാക്കപ്പെട്ട (ODF) സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിനായി സർവ്വേ നടത്തി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ഗ്രാമപഞ്ചായത്തുകൾ പ്രത്യേക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്ന പ്രദേശങ്ങൾ കണ്ടെത്തി അധിക ധനസഹായം അനുവദിക്കുന്നതിന് 27-8-2016 തീയതിയിലെ സ.ഉ. (സാധാ)നമ്പർ 2537/16/തസ്വഭവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഉപേക്ഷിക്കപ്പെട്ട സ്വകാര്യ എസ്റ്റേറ്റ് ലയങ്ങളിലെ താമസക്കാരായ കുടുംബങ്ങൾക്ക് ടോയ്‌ലെറ്റ് സൗകര്യം ഒരുക്കുന്നതിന് ഗാർഹിക കക്കൂസുകളും വരികക്കൂസുകൾ/കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകളും നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. കൂടാതെ നഗരപ്രദേശങ്ങളിൽ നിലവിലുള്ള ഇൻസാനിട്ടറി ലാട്രിനുകളെ സാനിട്ടറി ലാട്രിനുകളാക്കി മാറ്റുക, മനോഭാവ രൂപീകരണത്തിന് വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ തുടങ്ങിയവ നടത്തുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) പരിഗണനയിലുണ്ട്.

(ഡി) അതിനായുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

**ക്ഷേമപെൻഷനുകൾ**

102 (T* 2454) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷൻകാർക്ക് പെൻഷൻ പണമായാണോ വീട്ടിൽ എത്തിച്ചു നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പെൻഷൻ വീട്ടിൽ എത്തിച്ചു കൊടുക്കുന്നവർക്ക് പ്രതിഫലമോ ഓണറേറിയമോ നൽകാറുണ്ടോ; എങ്കിൽ അത് എത്രയാണെന്നും ഇതുവരെ ഈ ഇനത്തിൽ എന്തു തുക ചെലവായിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ക്ഷേമപെൻഷൻകാർക്ക് പെൻഷൻ പണമായാണ് വീടുകളിൽ എത്തിച്ചു നൽകുന്നത്.

(ബി) ഒരു പെൻഷൻ ഗുണഭോക്താവിന് പെൻഷൻ വീട്ടിൽ എത്തിച്ച് നൽകുന്നതിന് വിതരണം നടത്തുന്നയാൾക്ക് 40 രൂപയും പ്രാഥമിക സഹകരണ ബാങ്കിന് 10 രൂപയും എന്ന ക്രമത്തിൽ അനുവദിച്ച് നൽകുന്നുണ്ട്. ഈ ഇനത്തിൽ ഇതുവരെ 6,72,67,650 രൂപ ചെലവായിട്ടുണ്ട്.

**വികസന അതോറിറ്റികൾ**

103 (2455) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വികസന അതോറിറ്റികളാണ് നിലവിലുള്ളതെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത വികസന അതോറിറ്റികൾക്കു കീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവർത്തികൾക്കാവശ്യമായ മൂലധന സമാഹരണം എങ്ങനെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 7 വികസന അതോറിറ്റികൾ നിലവിലുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(i) തിരുവനന്തപുരം വികസന അതോറിറ്റി (TRIDA)

(ii) കൊല്ലം വികസന അതോറിറ്റി (KDA)

(iii) വിശാല കൊച്ചി വികസന അതോറിറ്റി (GCDA)

(iv) കോഴിക്കോട് കൊച്ചി വികസന അതോറിറ്റി (CDA)

(v) ഗോശ്രീ ദ്വീപ് വികസന അതോറിറ്റി (GIDA)

(vi) തൃശ്ശൂർ വികസന അതോറിറ്റി ( TDA)

(vii) വള്ളുവനാട് ഇൻഫ്രാസ്ട്രക്ച്ചർ വികസന അതോറിറ്റി (VIDA)

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സർക്കാർ നൽകുന്ന ഫണ്ടും അതോറിറ്റിയുടെ തനത് ഫണ്ടും ഉപയോഗപ്പെടുത്തിയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

## തദ്ദേശഭരണ സ്ഥാപനങ്ങളിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ

104 (2456) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ വിവിധ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതുമൂലം എം.എൽ.എ. ഫണ്ട്, മണ്ഡലം ആസ്തി വികസന ഫണ്ട്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ എന്നിവ യഥാസമയം ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് പ്രയാസം നേരിടുന്നതിനാൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

സ്വീകരിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ, ഒന്നാം തരം ഓവർസിയർ, രണ്ടാം തരം ഓവർസിയർ, മൂന്നാംതരം ഓവർസിയർ എന്നീ തസ്തികകളിലെ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ മൂന്നാംതരം ഓവർസിയറുടെ ഒഴികെയുള്ള തസ്തികകളിലേയ്ക്ക് നിയമനത്തിനുള്ള പി.എസ്.സി. ലിസ്റ്റ് ഉടൻ നിലവിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. മൂന്നാംതരം ഓവർസിയർമാരുടെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ ദിവസവേതനാടിസ്ഥാനത്തിലോ താൽക്കാലികമായി നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ വകുപ്പിന്റെ പദ്ധതി വിഹിതം

105 (2457) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലയളവിൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പദ്ധതി ചെലവ് വളരെ കുറഞ്ഞിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ, എല്ലാ വർഷവും മാർച്ച് 31 വരെ കാത്തു നിൽക്കാതെ സാമ്പത്തിക വർഷാവസാനത്തിനു മുൻപ് തന്നെ പദ്ധതി വിഹിതം പൂർണ്ണമായി ചെലവഴിക്കുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2-6-2012-ലെ സർക്കുലർ നമ്പർ 31/12/ഫിൻ. പ്രകാരം സാമ്പത്തിക വർഷാവസാനത്തിൽ പദ്ധതി പണം കൂടുതൽ ചെലവഴിക്കുന്നത് ഒഴിവാക്കാൻ നിലവിൽ വ്യവസ്ഥയുണ്ട്.

## ഇന്ദിര ആവാസ് യോജന ഭവന പദ്ധതി

106 (2458) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ഇന്ദിര ആവാസ് യോജന ഭവന പദ്ധതി പ്രകാരം പൂർത്തീകരിക്കാനുള്ള വീടുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) വീടുകൾ പൂർത്തീകരിക്കാൻ കഴിയാതെ വരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും?

### ഉത്തരം

(എ) 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ഇന്ദിര ആവാസ് യോജന ഭവന പദ്ധതി പ്രകാരം പൂർത്തീകരിക്കാനുള്ള വീടുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ കൊടുക്കുന്നു:

| ക്രമ നമ്പർ | ജില്ലയുടെ പേര് | വർഷം | | |
|---|---|---|---|---|
| | | 2013-14 | 2014-15 | 2015-16 |
| 1 | തിരുവനന്തപുരം | 130 | 403 | 1756 |
| 2 | കൊല്ലം | 217 | 538 | 2069 |
| 3 | പത്തനംതിട്ട | 165 | 279 | 971 |
| 4 | ആലപ്പുഴ | 181 | 312 | 1734 |
| 5 | കോട്ടയം | 71 | 135 | 1248 |
| 6 | ഇടുക്കി | 137 | 469 | 2086 |
| 7 | എറണാകുളം | 118 | 243 | 1398 |
| 8 | തൃശ്ശൂർ | 254 | 449 | 1771 |
| 9 | പാലക്കാട് | 296 | 1033 | 3329 |
| 10 | മലപ്പുറം | 408 | 639 | 3131 |
| 11 | കോഴിക്കോട് | 604 | 1414 | 3024 |
| 12 | വയനാട് | 450 | 947 | 2072 |
| 13 | കണ്ണൂർ | 365 | 852 | 2527 |
| 14 | കാസർഗോഡ് | 366 | 946 | 1938 |
| | ആകെ | 3762 | 8659 | 29054 |

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളിൽനിന്നും 2015-16 വർഷം അധിക ധനസഹായമായി ഒരു ലക്ഷം രൂപ ക്രമത്തിൽ നൽകാനുള്ള തുക ലഭിച്ചിട്ടില്ലാത്തത് ഒരു പ്രധാന കാരണമാണ്. ഗുണഭോക്താക്കളുടെ വ്യക്തിപരമായ സാമ്പത്തിക പ്രശ്നങ്ങളും രോഗാവസ്ഥയും കാരണം പൂർത്തിയാകാത്ത വീടുകളുമുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ അധിക വിഹിതമായി 50,000 രൂപ ക്രമത്തിൽ അനുവദിക്കേണ്ട തുക പൂർണ്ണമായും ലഭിക്കാത്തതും മറ്റൊരു കാരണമാണ്.

(സി) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നിന്നും 2015-16 വർഷം അധിക ധനസഹായമായി ഒരു ലക്ഷം രൂപാ ക്രമത്തിൽ ലഭിക്കാനുള്ള തുകയ്ക്ക് ടി വകുപ്പുകൾക്ക് കത്ത് നൽകിയിട്ടുണ്ട്. പൂർത്തീകരിക്കാനുള്ള വീടുകൾ പൂർത്തീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾ വഴി ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ

വ്യക്തിപരമായ പ്രശ്നങ്ങളാൽ ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന വീടുകൾ സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗപ്പെടുത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബ്ലോക്ക്/ജില്ലാതലത്തിൽ പൂർത്തീകരിക്കാനുള്ള എല്ലാ വീടുകളും പരിശോധിച്ച് നിർമ്മാണം പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണം

107 (2459) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി അരൂർ പഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലം ആഭ്യന്തര വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് നടപടികൾ എന്നു മുതൽക്കാണ് ആരംഭിച്ചത്; എന്തെല്ലാം രേഖകളാണ് ഇത് സംബന്ധിച്ച് സമർപ്പിക്കേണ്ടിയിരുന്നത്;

(ബി) അപ്രകാരം എന്തെല്ലാം രേഖകൾ സമർപ്പിച്ചിട്ടുണ്ട്; ഇത് സംബന്ധിച്ച് എത്ര കത്തുകളും മറുപടികളും വിവിധ വകുപ്പുകൾ തമ്മിൽ ഇതിനോടകം നടത്തി; ഇനി എന്തെല്ലാം രേഖകൾ നൽകിയാലാണ് ടി സ്ഥലം ആഭ്യന്തര വകുപ്പിന് കൈമാറാനാവുക; ആയതിന് എത്ര സമയം കൂടി വേണ്ടി വരുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥലം ആഭ്യന്തര വകുപ്പിന് കൈമാറി പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി ആഭ്യന്തര വകുപ്പിന് സ്ഥലം കൈമാറുന്നത് സംബന്ധിച്ച നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പിൽ ആരംഭിച്ചിട്ടില്ല. സംസ്ഥാന പോലീസ് മേധാവിയുടെ 1-8-2011-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തര വകുപ്പിൽ നടപടികൾ ആരംഭിച്ചതായി വിവരം ലഭിച്ചിട്ടുണ്ട്. ബി.റ്റി.ആർ. പ്രകാരം പ്രസ്തുത ഭൂമി കുളം-പുറമ്പോക്കാണ്. നെൽവയൽ തണ്ണീർത്തട നിയമപ്രകാരം പ്രസ്തുത ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് കൃഷി വകുപ്പിന്റെ അനുമതി റവന്യൂ വകുപ്പിന് ലഭിച്ചിട്ടുണ്ട്. ഭൂമി കൈമാറ്റ നിർദ്ദേശം ലാന്റ് റവന്യൂ കമ്മീഷണറിൽ നിന്നും ലഭ്യമാകേണ്ടതായിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് റവന്യൂ വകുപ്പ് ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ വകുപ്പിന് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഗ്രാമ പഞ്ചായത്തിന്റെ ശിപാർശ കൂടി കണക്കിലെടുത്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## രാജീവ് ഗാന്ധി പഞ്ചായത്ത് സശാക്തീകരൺ അഭിയാൻ പദ്ധതി

108 (2460) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെയും, ഗ്രാമസഭകളുടെയും കാര്യശേഷി വികസനത്തിനായി രാജീവ് ഗാന്ധി പഞ്ചായത്ത് സശാക്തീകരൺ അഭിയാൻ (ആർ.ജി.പി.എസ്.എ.) എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ടി പദ്ധതിയുടെ കേന്ദ്ര വിഹിതം എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഞ്ചായത്തുകളുടെയും ഗ്രാമസഭകളുടെയും കാര്യശേഷി വർദ്ധനവിനും ശാക്തീകരണത്തിനും അതുവഴി ജനാധിപത്യ വികേന്ദ്രീകരണത്തിനും പഞ്ചായത്തുകളിലെ ജനകീയ പങ്കാളിത്തവും ഉത്തരവാദിത്വവും വർദ്ധിപ്പിക്കുന്നതിനും ആർ.ജി.പി.എസ്.എ. എന്ന കേന്ദ്രാവിഷ്കൃത പദ്ധതി ലക്ഷ്യമിടുന്നു.

(സി) 2015-16 വരെ കേന്ദ്രവിഹിതം 75 ശതമാനം ആയിരുന്നു. 2016-17 മുതൽ ഈ പദ്ധതി രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (ആർ.ജി.എസ്.എ.) എന്നാക്കി പുനരാവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ കേന്ദ്ര സംസ്ഥാന വിഹിതത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ഇതുവരെ ലഭിച്ചിട്ടില്ല.

## ഡാറ്റാബാങ്ക്, തണ്ണീർത്തട നിയമവ്യവസ്ഥകൾ കാരണം അനുമതി ലഭിക്കാത്ത അപേക്ഷകൾ

109 (2461) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ 2 നഗരസഭകൾ ഉൾപ്പെടെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡാറ്റാ ബാങ്ക്, തണ്ണീർതട നിയമം എന്നിവയിലെ വ്യവസ്ഥകൾ കാരണം വീട് നിർമ്മാണത്തിന് അനുമതി ലഭിക്കാത്ത/അനുമതി നൽകാത്ത എത്ര പേരുണ്ട്; വിശദമായി പേര് വിവരം സഹിതം പട്ടിക ലഭ്യമാക്കാമോ;

(ബി) 2011 മുതൽ നാളിതുവരെ ഈ നിയമത്തിൻെറ അടിസ്ഥാനത്തിൽ എത്ര പേരുടെ അപേക്ഷകൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് നിരാകരിച്ചിരിക്കുന്നു; വിശദമായി പേര്, വിലാസം എന്നിവ സഹിതം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 19-4-2016-ലെ 130/ആർ.എ.1/16/തസ്വഭവ. നമ്പർ സർക്കുലർ വന്നതിനു ശേഷം കൊയിലാണ്ടി നഗരസഭയിൽ അപേക്ഷകളൊന്നും സ്വീകരിച്ചിട്ടില്ല. പയ്യോളി നഗരസഭയിൽ ഡാറ്റാബാങ്ക് തണ്ണീർത്തട നിയമം എന്നിവയിലെ വ്യവസ്ഥകൾ കാരണം വീട് നിർമ്മാണത്തിന് അനുമതി ലഭിക്കാത്ത/നൽകാത്ത 45 പേരുണ്ട്. പേരുവിവരങ്ങൾ അനുബന്ധം 'എ'* ആയി നൽകിയിട്ടുണ്ട്. കൊയിലാണ്ടി മണ്ഡലത്തിലെ ചെങ്ങോട്ടുകാവ്, തിക്കൊടി, മൂടാടി, ചേമഞ്ചേരി എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഡാറ്റാബാങ്ക്, തണ്ണീർത്തട നിയമം എന്നിവയിലെ വ്യവസ്ഥകൾ കാരണം വീട് നിർമ്മാണത്തിന് അനുമതി ലഭിക്കാത്ത/നൽകാത്ത 55 പേരുണ്ട്. പേരുവിവരങ്ങൾ അനുബന്ധം 'ബി'* ആയി നൽകിയിട്ടുണ്ട്.

(ബി) 2011 മുതൽ നാളിതുവരെ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ കൊയിലാണ്ടി നഗരസഭയിൽ 86 പേരുടെയും പയ്യോളി നഗരസഭയിൽ 27 പേരുടെയും അപേക്ഷകൾ നിരാകരിച്ചിട്ടുണ്ട്. വിശദമായ പേര്, വിലാസം എന്നിവ അനുബന്ധം 'സി'* ആയി നൽകിയിട്ടുണ്ട്. 2011 മുതൽ നാളിതുവരെ മൂടാടി ഗ്രാമപഞ്ചായത്ത് 3 പേരുടെയും ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് 17 പേരുടെയും അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. വിശദമായ പേര്, വിലാസം എന്നിവ അനുബന്ധം 'ഡി' ആയി നൽകിയിട്ടുണ്ട്.* ചേങ്ങോട്ടുകാവ്, തിക്കോടി ഗ്രാമപഞ്ചായത്തുകളിൽ അപേക്ഷകളൊന്നും നിരാകരിച്ചിട്ടില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ**

110 (2462) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിന് ഗവൺമെന്റിന് പദ്ധതിയുണ്ടോ; എന്ന് മുതലുള്ളവർക്ക് പെൻഷൻ നല്കുന്നതിനാണ് നടപടി സ്വീകരിക്കുക;

(ബി) ഇതിലേക്കായി ഗവൺമെന്റ് തുക വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; ഇതിനായി എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) പെൻഷൻ ലഭിക്കുന്നതിന് നിശ്ചിത കാലാവധി പൂർത്തീകരിക്കേണ്ടതുണ്ടോ; ഇതുമായി ബന്ധപ്പെട്ട് വസ്തുതാന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി&സി) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ മെമ്പർമാർക്ക് പെൻഷൻ**

111 (2463) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ മെമ്പർമാർക്ക് പെൻഷൻ ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; മുൻ അംഗങ്ങളുടെ ക്ഷേമം കണക്കിലെടുത്ത് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാങ്ങിയ ലക്ഷ്വറി വാഹനങ്ങളുടെ കണക്ക്**

112 (2464) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്ക് ലക്ഷ്വറി വാഹനങ്ങൾ വാങ്ങുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 15 ലക്ഷത്തിൽ കൂടുതൽ വില വരുന്ന എത്ര വാഹനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാങ്ങിയിട്ടുണ്ട്; ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഈ സ്ഥാപനങ്ങൾക്ക് ലക്ഷ്വറി വാഹനങ്ങൾ വാങ്ങുന്നതിന് സർക്കാർ പ്രത്യേകമായി ഉത്തരവ് പുറപ്പെടുവിച്ച് നൽകിയിട്ടുണ്ടോ;

(ഡി) നിലവിലുള്ള സർക്കാർ ഈ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്ക് വാഹനം വാങ്ങുന്നതിന് ഏതെങ്കിലും മാനദണ്ഡങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) 15 ലക്ഷത്തിൽ കൂടുതൽ വിലയുള്ള വാഹനങ്ങൾ വാങ്ങിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) മാനദണ്ഡങ്ങൾ നിശ്ചയിക്കുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ദോഷകരമായ മാർഗ്ഗനിർദ്ദേശങ്ങൾ**

113 (2465) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി തയ്യാറാക്കുമ്പോൾ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾമൂലം, അവയ്ക്ക് സ്വതന്ത്രമായി പദ്ധതികളാവിഷ്കരിക്കുന്നതിന് തടസ്സങ്ങൾ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ വ്യത്യസ്ത മേഖലകൾക്ക് നിശ്ചിത ശതമാനം നീക്കി വെക്കണം എന്ന മാർഗ്ഗ നിർദ്ദേശംമൂലം സ്വതന്ത്ര പദ്ധതികൾ ഏറ്റെടുക്കാൻ കഴിയാത്തത്, 'സ്വയം ഭരണം' എന്ന പദവിക്ക് തടസ്സം നിൽക്കുന്നതാകയാൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്തിന്റെ പൊതുവായ വികസന മുൻഗണനകൾ മുൻനിർത്തിയാണ് തദ്ദേശസ്വയംഭരണ വകുപ്പ് പദ്ധതി തയ്യാറാക്കുമ്പോൾ വ്യത്യസ്ത മേഖലകൾക്ക് നിശ്ചിത ശതമാനം നീക്കിവയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി തയ്യാറാക്കുന്നതിന് നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുന്ന പ്രോജക്ടുകൾ ഏറ്റെടുത്ത് സ്ഥാപനങ്ങൾക്കുതന്നെ നടപ്പിലാക്കാവുന്നതാണ്. കൂടാതെ മാർഗ്ഗരേഖകളിൽ ഉൾപ്പെടാത്ത പദ്ധതികൾ സർക്കാരിന്റെ അനുവാദത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

**തെരുവ് നായ്ക്കളുടെ ശല്യം**

114 (2466) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ ശല്യം കാരണമുണ്ടായ അപകടങ്ങളുടെ എണ്ണം എത്ര; ഇതിൽ സൈക്കിൾ യാത്രക്കാർക്കുണ്ടായ അപകടം എത്ര; എത്ര പേർ മരണപ്പെട്ടു;വിശദമാക്കാമോ;

(ബി) മോട്ടോർ സൈക്കിൾ യാത്രക്കാർക്ക് തെരുവ് നായ്ക്കൾ മൂലമുണ്ടായ അപകടങ്ങൾ എത്ര; എത്ര പേർ മരണപ്പെട്ടു; വ്യക്തമാക്കാമോ ;

(സി) തെരുവ് നായ്ക്കളുടെ കടിയേറ്റ് 2016-ൽ മരിച്ചവരുടെ ആകെ എണ്ണം എത്ര; ഇവർക്ക് സർക്കാർ നൽകിയ ധനസഹായം സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കാമോ;

(ഡി) തെരുവ് നായ്ക്കളുടെ കടിയേറ്റ് ചികിത്സയിൽ കഴിയുന്നവരുടെ വിവരം ലഭ്യമാക്കുമോ; ഇതിൽ സർക്കാർ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തവരുടെ വിവരം ലഭ്യമാക്കുമോ; സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നവരുടെ വിവരം ലഭ്യമാക്കുമോ; വിശദമായ വിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) തെരുവ് നായ്ക്കളുടെ ശല്യംമൂലം 752 അപകടങ്ങളുണ്ടായതായി വിവരം ലഭച്ചിട്ടുണ്ട്. ആയതിൽ 234 സൈക്കിൾ യാത്രക്കാർക്ക് അപകടം സംഭവിച്ചിട്ടുണ്ട്. ആളപായമൊന്നുംതന്നെ സംഭവിച്ചതായി വിവരം സർക്കാരിന് ലഭിച്ചിട്ടില്ല.

(ബി) തെരുവ് നായ്ക്കളുടെ ശല്യംമൂലം 317 മോട്ടോർ സൈക്കിൾ യാത്രക്കാർക്ക് അപകടം സംഭവിച്ചതായി വിവരം ലഭിച്ചിട്ടുണ്ട്. ആളപായമൊന്നും തന്നെ സംഭവിച്ചതായി സർക്കാരിന് വിവരം ലഭിച്ചിട്ടില്ല.

(സി) തെരുവ് നായ്ക്കളുടെ കടിയേറ്റ് 2016-ൽ 9 പേർ മരണമടഞ്ഞതായി വിവരം ലഭിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം ജില്ലയിൽ കരുംകുളം ഗ്രാമപഞ്ചായത്തിൽ തെരുവ് നായ്ക്കളുടെ കടിയേറ്റ് ജീവൻ നഷ്ടപ്പെട്ട വീട്ടമ്മയായ ശ്രീമതി ശിലുവമ്മയുടെ കുടുംബത്തിന് 5 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. അടിയന്തര സഹായമായി 10,000 രൂപ നൽകിയിരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**ഹൈടെക് ശൗചാലയങ്ങൾ സ്ഥാപിക്കുവാൻ നടപടി**

115 (2467) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ, കേരളത്തിലെ വിവിധ കോർപ്പറേഷനുകളിലും, മുനിസിപ്പാലിറ്റികളിലും, ഗ്രാമപഞ്ചായത്തുകളിലും പഠനം നടത്തി, ജനങ്ങൾക്ക് അത്യന്താപേക്ഷിതമായുള്ള ഹൈടെക് ശൗചാലയ സൗകര്യം ഒരുക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) കേരളത്തിൽ അങ്ങോളമിങ്ങോളം യാത്ര ചെയ്യുന്ന ആൾക്കാരുടെ സൗകര്യം കണക്കാക്കി വഴിയോരങ്ങളിൽ (സ്റ്റേറ്റ് ഹൈവേ, നാഷണൽ ഹൈവേ, ഗ്രാമീണ റോഡുകൾ- മുതലായ സ്ഥലങ്ങളിൽ) പൊതു ശൗചാലയങ്ങൾ സ്ഥാപിച്ച് കേരളം മാലിന്യ മുക്തമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കേരളത്തിൽ അങ്ങോളമിങ്ങോളം യാത്ര ചെയ്യുന്നവർ (ആൺ,പെൺ കുട്ടികൾ ഉൾപ്പെടെ) പൊതു ശൗചാലയങ്ങളുടെ അഭാവംമൂലം വഴിയോരങ്ങളിൽ തുറസ്സായ സ്ഥലത്ത് മലമൂത്ര വിസർജ്ജനം നടത്തുവാൻ നിർബന്ധിതരാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വഴിയോര ശൗചാലയത്തിന്റെ പ്രധാന്യം മനസ്സിലാക്കി ആയത് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അവശ്യ സൗകര്യങ്ങൾ ഉറപ്പാക്കി വൃത്തിയും വെടിപ്പുമുള്ള പൊതു ശൗചാലയങ്ങൾ ഒരുക്കുന്നതിനുള്ള ഉത്തരവാദിത്വം നിലവിൽ മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്കാണ്.

(ബി) യുക്തവും സൗകര്യപ്രദവുമായ സ്ഥലങ്ങളിൽ വേണ്ടത്ര പൊതുകക്കൂസുകൾ ഏർപ്പെടുത്തുകയും പരിപാലിക്കുകയും ചെയ്യേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സ്വച്ഛ് ഭാരത് മിഷന്റെ ഭാഗമായി ശുചിത്വമിഷൻ മുഖേന പൊതു ശൗചാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സിനിമാ തിയേറ്ററുകളിൽ നടക്കുന്ന നികുതി വെട്ടിപ്പ്

116 (2468) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിനിമാ തിയേറ്ററുകളിൽ നടക്കുന്ന നികുതി വെട്ടിപ്പ് തടയുവാൻ ഫലപ്രദമായ സംവിധാനം എന്ന നിലയിൽ ഇ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി ഇതുവരെയും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ സിനിമാ തിയേറ്ററുകളിൽ ഇലക്ട്രോണിക് ടിക്കറ്റിംഗ് (ഇ-ടിക്കറ്റിംഗ്) ഏർപ്പെടുത്തുന്നതിനായി 1961-ലെ കേരളാ ലോക്കൽ അതോറിറ്റീസ് എന്റർടൈൻമെന്റ് ടാക്സ് ആക്ടിലെ 5-ാം വകുപ്പ് 2013-ൽ ഭേദഗതി ചെയ്തു. അതിനനുസൃതമായുള്ള ചട്ടങ്ങൾ 4-3-2016-ലെ ജി.ഒ. (പി) 15/2016/തസ്വഭവ. നമ്പരായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. സിനിമാ തിയേറ്ററുകളിൽ 2-5-2016 മുതൽ ഇലക്ട്രോണിക് ടിക്കറ്റിംഗ് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ആയത് പൂർണ്ണമായും നടപ്പിലാക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ആയത് നടപ്പിലാക്കുന്നതിന് 30-11-2016 വരെ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഇലക്ട്രോണിക് ടിക്കറ്റിംഗ് സിനിമാ തിയേറ്ററുകളിലും മൾട്ടിപ്ലക്സുകളിലും നടപ്പിലാക്കുന്നതിനുള്ള ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ ഉൾപ്പെടുന്ന നെറ്റ് വർക്ക് ആട്ടോമേഷൻ സൊല്യൂഷൻ, കെൽട്രോൺ, ഐ.കെ.എം. എന്നിവയുടെ സഹകരണത്തോടെ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**നിയമനം ക്രമവൽക്കരിക്കൽ**

117 (2469) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിൽ നഴ്സറി ടീച്ചർ (പാർട് ടൈം) ആയി ജോലി ചെയ്തിരുന്ന സുബൈദ പി., കൽപൊയിൽ വീട്, പാഴൂർ പി.ഒ. എന്നയാളുടെ തസ്തിക സ്ഥിരം തസ്തികയായി കണക്കാക്കി നിയമനം ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച ഓംബുഡ്സ്മാന്റെ 23-6-2016-തീയതിയിലെ 436/2016 വിധി നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

ബഹുമാനപ്പെട്ട ഓംബുഡ്സ്മാന്റെ 23-6-2016-ലെ 436/2016 നമ്പർ വിധിയിലെ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. ഇക്കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**മാലിന്യ സംസ്കരണ പദ്ധതികൾ**

118 (2471) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നങ്ങളിൽ ഒന്നായ മാലിന്യ സംസ്കരണത്തിനായി ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ;

(ബി) മാലിന്യസംസ്കരണ പ്രശ്നത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കാനായി ബോധവൽക്കരണവും ആവശ്യമെങ്കിൽ നിയമനിർമ്മാണവും നടത്താൻ തയ്യാറാകുമോ;

(സി) പ്ലാസ്റ്റിക് ഉപയോഗ നിയന്ത്രണത്തിനും പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിനും ഫലപ്രദമായ ഇടപെടൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തെ രൂക്ഷമായ മാലിന്യ പ്രശ്നം ജനപങ്കാളിത്തത്തോടെ പരിഹരിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ ആലോചിച്ചുവരുന്നത്. മാലിന്യം ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിന് ആവശ്യമായ വികേന്ദ്രീകൃത കമ്പോസ്റ്റിംഗ് സംവിധാനങ്ങളായ വെർമി കമ്പോസ്റ്റിംഗ്/റിംഗ് കമ്പോസ്റ്റിംഗ്/പൈപ്പ് കമ്പോസ്റ്റ്/ ബക്കറ്റ് കമ്പോസ്റ്റ്/കലം കമ്പോസ്റ്റ്/ ബയോബിൻ മുതലായ കമ്പോസ്റ്റിംഗ് സംവിധാനങ്ങളും ബയോഗ്യാസ് പ്ലാന്റിനും മുൻതൂക്കം നൽകി നടപ്പിലാക്കി വരുന്നുണ്ട്. നിലവിലുള്ള കേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ കേന്ദ്രങ്ങൾ കുറ്റമറ്റതാക്കിയുയർത്തുന്നതിനുവേണ്ട പദ്ധതികൾ നിലവിലുണ്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 334 (എ) യിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരമാണ് ഉറവിട മാലിന്യ സംസ്കരണത്തിന് നഗരസഭകൾ പ്രാധാന്യം നൽകി നടപ്പിലാക്കി വരുന്നത്. മാലിന്യങ്ങൾ അവ ഉത്പാദിപ്പിക്കപ്പെടുന്ന സ്ഥലത്തുതന്നെ തരംതിരിച്ചെടുക്കുന്നതിനും ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനും പൊതുമാലിന്യ സംസ്കരണപ്ലാന്റുകൾ ആധുനികവത്കരിക്കുന്നതിനും സ്ഥാപിക്കുന്നതിനും അജൈവ മാലിന്യങ്ങൾ പുനഃചംക്രമണത്തിന് കൈമാറുന്നതിനും ആയതിലേയ്ക്ക് തരംതിരിച്ച് സംഭരിക്കുന്നതിനുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കുന്നതിനും ദ്രവമാലിന്യം സംസ്കരിക്കുന്നതിന് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ശുചിത്വം-മാലിന്യസംസ്കരണ മേഖലയിൽ ഊന്നൽ നൽകുന്ന ബൃഹത്തായ ഹരിതകേരളം പദ്ധതി ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ ഹരിതകേരളം പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. റസിഡന്റ്സ് അസോസിയേഷനുകളുടെയും സന്നദ്ധ സംഘടനകളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ നഗരസഭാതലത്തിൽ തന്നെ ചെയ്തുവരുന്നുണ്ട്.

(സി) 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിലെ വ്യവസ്ഥകൾ പ്രകാരം പ്ലാസ്റ്റിക് ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്ലാസ്റ്റിക് അടക്കമുള്ള അജൈവമാലിന്യങ്ങൾ കുറയ്ക്കുന്നതിനായി ഉപയോഗം

കഴിഞ്ഞ പ്ലാസ്റ്റിക് മുതലായവ അജൈവ വസ്തുക്കൾ വൃത്തിയാക്കി ഉറവിടങ്ങളിൽ തന്നെ സൂക്ഷിക്കുന്നതിനും ആയവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ശേഖരിച്ച് പുനഃചംക്രമണത്തിന് കൈമാറുന്നതിനായി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സംവിധാനവും കൂടാതെ റോഡ് ടാറിംഗിന് പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തുന്നതുവഴി പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്ന പദ്ധതികളും നടത്തിവരുന്നുണ്ട്. 2014-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട് 219(W) പ്രകാരം സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള പ്ലാസ്റ്റിക് സഞ്ചികളുടെയും കവറുകളുടെയും നിയന്ത്രണവും പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈകാര്യം ചെയ്യലും സംബന്ധിച്ച ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കേണ്ട നടപടികൾ നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ 26 ഗ്രാമപഞ്ചായത്തുകളിൽ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ നോഡൽ ഏജൻസിയായ ശുചിത്വമിഷൻ മുഖേന പ്ലാസ്റ്റിക് നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

## മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് പുതിയ പദ്ധതികൾ

119 (2473) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നഗരസഭകളിലും ഗ്രാമപഞ്ചായത്തുകളിലും മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

ശുചിത്വം-മാലിന്യ സംസ്കരണ മേഖലയിൽ ഊന്നൽ നൽകുന്ന ബൃഹത്തായ ഹരിത കേരളം പദ്ധതി ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻകീഴിൽ ഓരോ വീട്ടിലെയും മാലിന്യ സംസ്കരണ രീതി നിലവിൽ എങ്ങനെയാണെന്ന് വിലയിരുത്തി ജൈവ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് എന്നീ മാലിന്യ സംസ്കരണ രീതിയാണ് പ്രായോഗികമാകുകയെന്ന് നിർദ്ദേശിക്കുകയും ഇതിനായി വീട്ടുകാരെ സജ്ജരാക്കുകയും ചെയ്യാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം സംബന്ധിച്ച മാർഗ്ഗരേഖയിൽ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കാവുന്ന മാലിന്യ സംസ്കരണ പദ്ധതികൾ സംബന്ധിച്ച നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യസംസ്കരണം ഒരു പ്രധാനവിഷയമായി ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ആധുനിക മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ പരിമിതിയുണ്ടെന്നിരിക്കെ അനുയോജ്യമായ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി സ്കൂളുകൾ, ചന്തകൾ, അറവുശാലകൾ, ആശുപത്രികൾ

എന്നിവ കേന്ദ്രീകരിച്ച് ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾ പദ്ധതി തയ്യാറാക്കിവരുന്നു. പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, ആശുപത്രി മാലിന്യങ്ങൾ എന്നിവ സംസ്കരിക്കുന്നതിന് സങ്കേതങ്ങളും ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ പരിഗണിച്ചുവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും 10 ശതമാനം തുക മാലിന്യ സംസ്കരണത്തിനായി വകയിരുത്തണമെന്ന് 30-6-2016-ലെ സ.ഉ.(സാധാ)നമ്പർ 2037/2016/തസ്വഭവ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

## മാലിന്യസംസ്കരണം

120 (2474) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കടകളിൽ നിന്നും ഷോപ്പിങ്ങ് കോംപ്ലക്സുകളിൽ നിന്നുമുള്ള പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള മാലിന്യം പൊതു സ്ഥലങ്ങളിൽ റോഡരികിലും മറ്റും കൂട്ടിയിട്ട് കത്തിക്കുന്നതും പൊതു ഓടകളിലെ സ്ലാബുകൾ നീക്കി ഓടകളിൽ തള്ളുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് ഫലപ്രദമായി തടയുന്നതിന് കർശനമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരവും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) 5636/06-ാം നമ്പർ കേസ്സിലെ 25-7-2016 തീയതിയിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിലും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഖരമാലിന്യം നിർമ്മാർജ്ജനം ചെയ്യുകയെന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന ഉത്തരവാദിത്വങ്ങളിൽപ്പെടുന്ന കാര്യമാണ്. ആകയാൽ കേരളത്തിലെ പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ മുൻസിപ്പൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് നിയമങ്ങളുടെയും മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതി കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിധിന്യായങ്ങളുടെയും അടിസ്ഥാനത്തിൽ കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും കർശന നടപടികൾ സ്വീകരിക്കേണ്ടതാണെന്നും അജൈവമാലിന്യം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് താൽക്കാലികമായി സംഭരിച്ച്

തരംതിരിവ് നടത്തി റീസൈക്ലിംഗ് ചെയ്യുന്നതിനുള്ള പശ്ചാത്തല സംവിധാനമായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ച് 15-2-2016-ലെ നമ്പർ 82200/ഡി.സി.1/14/തസ്വഭവ. പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ 26 ഗ്രാമപഞ്ചായത്തുകളിൽ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ നോഡൽ ഏജൻസിയായ ശുചിത്വമിഷൻ മുഖേന പ്ലാസ്റ്റിക് നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

## മാലിന്യസംസ്കരണം

121 (2475) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാലിന്യ സംസ്കരണത്തിൽ ഈ സർക്കാരിന് സംഭവിച്ച പരാജയം പരിഹരിക്കുവാൻ എന്ത് മാർഗ്ഗമാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

സംസ്ഥാനത്തെ മാലിന്യ സംസ്കരണത്തിൽ സർക്കാരിന് പരാജയം സംഭവിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ സവിശേഷതകൾക്കനുസൃതമായി ശാസ്ത്രീയ മാലിന്യ പരിപാലനം ഉറപ്പാക്കുന്നതിന് ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. സംസ്ഥാനത്ത് ശുചിത്വം-മാലിന്യസംസ്കരണം, കൃഷി വികസനം, ജല സംരക്ഷണം എന്നീ മൂന്ന് മേഖലകളിൽ ഊന്നൽ നൽകുന്ന 'ഹരിതകേരളം' പദ്ധതി ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## മാലിന്യസംസ്കരണം

122 (2476) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ വ്യക്തമാക്കുമോ;

(ബി) ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുമോ;

(സി) റീ-സൈക്കിൾ ചെയ്യാൻ സാധിക്കുന്ന പ്ലാസ്റ്റിക് പോലെയുള്ള അജൈവ മാലിന്യങ്ങൾ, അപകടകാരികളായ ഇ-വേസ്റ്റ്, മറ്റു രാസവസ്തുക്കൾ മുതലായവയുടെ ശേഖരണത്തിനും സംസ്കരണത്തിനും നടപ്പിലാക്കിവരുന്ന പദ്ധതികൾ വ്യക്തമാക്കാമോ;

(ഡി) നഗരപ്രദേശങ്ങളിൽ ഈ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ) മാലിന്യസംസ്കരണം കാര്യക്ഷമമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. ഉറവിട മാലിന്യ സംസ്കരണ സംവിധാനം വീടുകളിലും സ്ഥാപനങ്ങളിലും കമ്മ്യൂണിറ്റി തലത്തിലും (ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള കമ്പോസ്റ്റിംഗ് സംവിധാനങ്ങളും ബയോഗ്യാസ് പ്ലാന്റുകളും)
2. നിലവിലുള്ള പൊതുപ്ലാന്റുകളുടെ അറ്റകുറ്റപ്പണികളും അപ്ഗ്രഡേഷനും.
3. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (അജൈവമാലിന്യ പരിപാലനം)
4. സ്ലോർട്ടർ ഹൗസ്, ക്രിമറ്റോറിയം
5. മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ
6. എല്ലാ വീടുകൾക്കും കക്കൂസ് സൗകര്യം, വൃത്തിയും വെടിപ്പുമുള്ള കമ്മ്യൂണിറ്റി പൊതു ടോയ്‌ലെറ്റ് സൗകര്യം
7. പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനങ്ങൾ
8. വിവരവിജ്ഞാപന വ്യാപനം

(ബി) ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനായി ബയോഗ്യാസ് പ്ലാന്റുകൾ, കമ്പോസ്റ്റിംഗ് സംവിധാനങ്ങളായ വെർമി കമ്പോസ്റ്റിംഗ്/റിംഗ് കമ്പോസ്റ്റിംഗ്/പൈപ്പ് കമ്പോസ്റ്റ്/ബക്കറ്റ് കമ്പോസ്റ്റ്/കലം കമ്പോസ്റ്റ്/ബയോബിൻ മുതലായ രീതികൾ അവലംബിച്ചുവരുന്നു. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഇത് പരമാവധി വ്യാപിപ്പിക്കും.

(സി) അജൈവമാലിന്യങ്ങൾ ശേഖരിച്ച് തരംതിരച്ച് പുനഃചംക്രമണത്തിന് കൈമാറുന്നതിനുള്ള പശ്ചാത്തല സൗകര്യമായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (എം.ആർ.എഫ്.) സെന്ററുകൾ തദ്ദേശസ്വയംഭരണ തലത്തിൽ സ്ഥാപിച്ചുവരുന്നു. മാലിന്യ പരിപാലനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ 10 ശതമാനത്തിൽ കുറയാത്ത തുക മാറ്റിവയ്ക്കപ്പെടുന്ന തുകയിൽ നിന്നും എം.ആർ.എഫ്.-നും തുക വകയിരുത്താവുന്നതാണ്. ഇ-വേസ്റ്റ് ശേഖരണം ക്ലീൻ കേരള മിഷൻ വഴി നടന്നുവരുന്നുണ്ട്. വ്യാവസായിക രാസവസ്തു സംസ്കരണ ഉത്തരവാദിത്വം ഉദ്പാദകരിൽ നിക്ഷിപ്തമാണ്.

(ഡി) നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**ഇടുക്കി ജില്ലയിൽ പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ**

123 (2477) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ എത്ര പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ നിലവിലുണ്ട്; പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദാംശം നൽകാമോ;

(ബി) ഈ പഞ്ചായത്തുകളിൽ അടിയന്തരമായി സെക്രട്ടറിമാരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ 7 പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ നിലവിലുണ്ട്. ഇടവെട്ടി, കരിമണ്ണൂർ, വെള്ളിയാമറ്റം, മറയൂർ, വണ്ണപ്പുറം, രാജാക്കാട്, ശാന്തൻപാറ എന്നീ പഞ്ചായത്തുകളിൽ സെക്രട്ടറി തസ്തിക ഒഴിഞ്ഞുകിടക്കുന്നു.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

**കെട്ടിട നിർമ്മാണ പെർമിറ്റ് ലഭിക്കുന്നതിനുള്ള കാലതാമസം**

124 (2478) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും കെട്ടിട നിർമ്മാണ പെർമിറ്റും അനുബന്ധ സേവനങ്ങൾക്കും കാലതാമസം നേരിടുന്നതായ പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സേവനങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്ന സംവിധാനം നിലവിലുണ്ടോ; എങ്കിൽ എന്തൊക്കെ സേവനങ്ങളാണ് ഇത്തരത്തിൽ ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) ചില നഗരസഭകളിൽ നിന്നും കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലതാമസം ഒഴിവാക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത 'സങ്കേതം' സോഫ്റ്റ്‌വെയർ വഴിയാണ് കെട്ടിടനിർമ്മാണ അനുമതി നൽകിവരുന്നത്. പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടത്തിനായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, ചീഫ്

ടൗൺ പ്ലാനർ, ഇൻഫർമേഷൻ കേരള മിഷൻ ഡയറക്ടർ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ട്രെയിനിംഗ് പ്രോഗ്രാമുകൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനും കമ്പ്യൂട്ടറൈസേഷൻ നടപടികൾ സമയബന്ധിതമായും ഫലപ്രദമായും നടപ്പാക്കുന്നതിലേയ്ക്കായി ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-നെ നോഡൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്.

**എരുമേലി ടൗൺഷിപ്പ്**

125 (2479) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയുടെ കവാടമായ എരുമേലിയിൽ എരുമേലി ടൗൺഷിപ്പ് ആരംഭിയ്ക്കുമെന്ന് 2012-ലെ ബജറ്റിൽ പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എരുമേലി ടൗൺഷിപ്പ് നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കുവാൻ തയ്യാറാകുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിനെ ഒരു ടൗൺഷിപ്പായി ഉയർത്തുന്നതാണെന്നും ആയതിലേയ്ക്കായി 2 കോടിരൂപ വകകൊള്ളിച്ചിട്ടുണ്ടെന്നും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ എരുമേലിയുടെ വികസനത്തിനായി "എരുമേലി ടൗൺഷിപ്പ് വികസന ഏജൻസി" എന്ന പേരിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് ജില്ലാ കളക്ടർ ചെയർമാനായി 12-3-2012-ൽ ജി.ഒ. (എംഎസ്.) 64/2012/തസ്വഭവ. പ്രകാരം ഒരു സൊസൈറ്റി രൂപീകരിച്ചിരുന്നു. തുടർന്ന് ഇതിനായുള്ള പ്രായോഗിക പ്രവർത്തനങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിച്ചുകൊണ്ട് 14-8-2012-ൽ ജി.ഒ.(എംഎസ്.) 222/2012/ത.സ്വ.ഭ.വ. ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല.

**വഴിയോര കച്ചവടക്കാരുടെ സംരക്ഷണ നിയമം**

126 (2480) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ൽ പാർലമെന്റ് പാസ്സാക്കിയ വഴിയോര കച്ചവടക്കാരുടെ സംരക്ഷണ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത നിയമം നടപ്പിലാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 2014-ൽ പാർലമെന്റ് പാസ്സാക്കിയ വഴിയോര കച്ചവടക്കാരുടെ സംരക്ഷണ നിയമം സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 'Protection of Livelihood & Regulation of Street Vending Act 2014' - സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ദേശീയ നഗര ഉപജീവന മിഷൻ ബാധകമാക്കിയിട്ടുള്ള സംസ്ഥാനത്തെ  എല്ലാ നഗരസഭകളിലും തെരുവ് കച്ചവടക്കാരെ കണ്ടെത്താനുള്ള സർവ്വേ ആരംഭിക്കുകയും കാസർഗോഡ്, കോഴിക്കോട്, മലപ്പുറം, കോട്ടയം, തൃശ്ശൂർ നഗരസഭകളിൽ സർവ്വേ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. മറ്റുള്ള നഗരസഭകളിൽ സർവ്വേ പുരോഗമിച്ചുവരികയാണ്. പദ്ധതി നടപ്പിലാക്കാത്ത മറ്റ് നഗരസഭകളിൽ സർവ്വെ നടപടികൾ ഉടനടി ആരംഭിക്കുന്നതാണ്.  പദ്ധതിയുടെ മേൽനോട്ടത്തിനായി ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി അദ്ധ്യക്ഷനായുള്ള സംസ്ഥാനതല അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ പദ്ധതി മറ്റെല്ലാ നഗരസഭകളിലേയ്ക്കും വ്യാപിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ നഗരസഭകളെ മൂന്നു മേഖലകളായി തിരിച്ചുകൊണ്ട് നഗരസഭാ അദ്ധ്യക്ഷന്മാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സണർമാർ, നഗരസഭയുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർക്കായി തെരുവ് കച്ചവടം നടപ്പിലാക്കുന്നത് സംബന്ധിച്ച ശിൽപ്പ ശാലകൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

**സാക്ഷരതാ പ്രേരക്മാരുടെ ഓണറേറിയം  വർദ്ധിപ്പിക്കാൻ നടപടി**

127 (2481) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്നുമുതലാണ് പഞ്ചായത്തിൽ സാക്ഷരതാ പ്രേരക്മാരെ നിയമിച്ചത്; അവരുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സാക്ഷരതാ പ്രേരക് തസ്തിക തുടങ്ങിയപ്പോൾ ഇവരുടെ മാസവേതനം എത്ര രൂപയായിരുന്നു; ഇപ്പോൾ ഇവരുടെ മാസവേതനം എത്ര രൂപയാണെന്ന് പറയാമോ;

(സി) ഇവരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1998 ഒക്ടോബർ മാസം മുതലാണ് സാക്ഷരതാ പ്രേരക്മാർക്ക് നിയമനം നൽകിത്തുടങ്ങിയത്. ഇവരുടെ ചുമതലകളും കടമകളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) സാക്ഷരതാ പ്രേരക് തസ്തിക തുടങ്ങിയപ്പോൾ പ്രതിമാസം 300 രൂപയാണ് ഓണറേറിയമായി നൽകി വന്നിരുന്നത്. ഇപ്പോൾ ഇവർക്ക് നൽകി വരുന്ന പ്രതിമാസ ഓണറേറിയത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| വികസന വിദ്യാ കേന്ദ്രം പ്രേരക് (നോഡൽ പ്രേരക്) | - | 3800 രൂപ. |
| വികസന വിദ്യാ കേന്ദ്രം അസി.പ്രേരക് (നോഡൽ അസി. പ്രേരക്) | - | 2900 രൂപ. |
| തുടർ വിദ്യാ കേന്ദ്രം പ്രേരക് | - | 2900 രൂപ. |
| തുടർ വിദ്യാ കേന്ദ്രം അസി. പ്രേരക് | - | 2500 രൂപ. |

ഇവരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**വാമനപുരം നിയോജകമണ്ഡലത്തിൽ വിവിധ ക്ഷേമപെൻഷനുകൾ**

128 (2482) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ വിവിധ ക്ഷേമപെൻഷനുകൾ ലഭിക്കുന്നവരുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) മണ്ഡലത്തിൽ ഓണത്തിനു മുമ്പ് പെൻഷൻ ലഭിക്കാത്തവരുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ നൽകുമോ?

<u>ഉത്തരം</u>

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അനുവദിക്കുന്ന പെൻഷനുകൾ ലഭിക്കുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| നെല്ലനാട് | - | 4353 |
| പുല്ലമ്പാറ | - | 3334 |
| വാമനപുരം | - | 3623 |
| ആനാട് | - | 4655 |
| കല്ലറ | - | 4973 |

| | | |
|---|---|---|
| നന്ദിയോട് | - | 4466 |
| പനവൂർ | - | 3167 |
| പാങ്ങോട് | - | 4751 |
| പെരിങ്ങമ്മല | - | 4482 |
| ആകെ | - | 37804 |

(ബി) ഓണത്തിന് മുമ്പ് പെൻഷൻ ലഭിക്കാത്തവരുടെ എണ്ണം

| | | |
|---|---|---|
| നെല്ലനാട് | - | 312 |
| പുല്ലമ്പാറ | - | 528 |
| വാമനപുരം | - | 210 |
| ആനാട് | - | 318 |
| കല്ലറ | - | 646 |
| നന്ദിയോട് | - | 686 |
| പനവൂർ | - | 193 |
| പാങ്ങോട് | - | 661 |
| പെരിങ്ങമ്മല | - | 264 |
| ആകെ | - | 3818 |

**ഫറോക്ക് മുനിസിപ്പാലിറ്റിയിലെ ഇറച്ചി-മത്സ്യ വിൽപ്പന കേന്ദ്രങ്ങൾ**

129 (2483) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഫറോക്ക് മുനിസിപ്പാലിറ്റിയിൽ എത്ര ഇറച്ചി-മത്സ്യ വിൽപന കേന്ദ്രങ്ങൾ ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ എത്രയെണ്ണത്തിന് ലൈസൻസ് ഉണ്ടെന്നും അവയുടെ പേരു വിവരവും നൽകാമോ;

(സി) പ്രസ്തുത കേന്ദ്രങ്ങൾക്ക് അവശ്യം വേണ്ട മാലിന്യ സംസ്കരണ സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 24 ഇറച്ചി-മത്സ്യ വിൽപ്പന കേന്ദ്രങ്ങളുണ്ട്.

(ബി) ബഷീർ പാണ്ടികശാല, ബ്യൂട്ടി ഫിഷ് സ്റ്റാൾ, പേട്ട എന്നിവർക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

**ന്യൂനപക്ഷ ക്ഷേമ വകുപ്പിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ**

130 (2484) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ന്യൂനപക്ഷക്ഷേമ വകുപ്പിൽ നിന്നും നിർദ്ധനരായ ആളുകൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ?

<u>ഉത്തരം</u>

ന്യൂനപക്ഷ ക്ഷേമവകുപ്പിൽനിന്നും നിർദ്ധനരായ ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട അംഗങ്ങൾക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു:

1. സി.എച്ച്. മുഹമ്മദ്കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപന്റ് പദ്ധതി
2. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്കുവേണ്ടിയുള്ള സി.എ./ ഐ.സി.ഡബ്ല്യു.എ./സി.എസ്. സ്കോളർഷിപ്പ്
3. നിർദ്ധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ ഭർത്താവ് ഉപേക്ഷിച്ച സ്ത്രീകൾക്കും വിധവകൾക്കുമുള്ള ഭവന നിർമ്മാണ പദ്ധതി
4. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്കുവേണ്ടിയുള്ള കരിയർ ഗൈഡൻസ് പ്രോഗ്രാം
5. ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന അംഗീകാരമുള്ള പ്രൈവറ്റ് ഐ.റ്റി.ഐ.-കളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ഫീ-റീഇംബേഴ്സ്മെന്റ് സ്കീം
6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ളവിതരണ പദ്ധതി
7. കേന്ദ്ര സർക്കാരിന്റെ ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി.) പ്രകാരമുള്ള ആനുകൂല്യങ്ങൾ

8. സിവിൽ സർവ്വീസ് പരീക്ഷാപരിശീലനം നടത്തുന്ന ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്/ഹോസ്റ്റൽ ഫീസ് റീ-ഇംബേഴ്സ്മെന്റ് പദ്ധതി

9. ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അവാർഡ്

**ആലത്തൂർ മണ്ഡലത്തിലെ തെരുവുനായ നിയന്ത്രണം**

131 (2485) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യാപകമായി തെരുവുനായശല്യം വർദ്ധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആലത്തൂർ മണ്ഡലത്തിൽ എത്ര നായകളെയാണ് അനിമൽ ബർത്ത് കൺട്രോൾ പദ്ധതി പ്രകാരം വന്ധ്യംകരണം നടത്തി പുറത്തുവിട്ടിട്ടുള്ളത്;

(സി) ആലത്തൂർ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 102.

(സി) ഇല്ല.

**തെരുവുനായ ആക്രമണത്തിൽ പരിക്കേറ്റവർക്കുള്ള ചികിത്സാ സഹായം**

132 (2486) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ എത്ര പേർ തെരുവുനായ ആക്രമണത്തിൽ പരിക്കേറ്റ് ചികിത്സ തേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ചികിത്സ തേടിയവരിൽ എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) തെരുവുനായ ആക്രമണത്തിൽ പരിക്കേറ്റ് ചികിത്സ തേടിയവർക്ക് ചികിത്സാ സഹായം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തെരുവുനായ ആക്രമണത്തിൽ 1787 പേർ ചികിത്സ തേടിയതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) സർക്കാർ ധനസഹായം നൽകിയിട്ടില്ല.

(സി) തെരുവുനായ ആക്രമണത്തിൽ പരിക്കേറ്റ് ചികിത്സ തേടുന്നവർക്ക് ചികിത്സാ സഹായം നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

**കുളങ്ങളും പൊതുജലാശയങ്ങളും**

133 (2487) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ ഗ്രാമപഞ്ചായത്തിലും നിലവിലുള്ള കുളങ്ങളുടെയും പൊതുജലാശയങ്ങളുടെയും കൃത്യമായ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) കുളങ്ങളും പൊതുജലാശയങ്ങളും നികത്തപ്പെടുന്നതും ഉപയോഗ ശൂന്യമാക്കുന്നതും മലിനമാക്കപ്പെടുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് തദ്ദേശസ്ഥാപനങ്ങൾ യഥാസമയം നടപടി സ്വീകരിക്കാറുണ്ടോ;

(സി) സംസ്ഥാനത്തെ നിലവിലുള്ള എല്ലാ പൊതുകുളങ്ങളും ജലാശയങ്ങളും സംരക്ഷിക്കുന്നതിനും ഉപയോഗശൂന്യമാക്കപ്പെട്ടവ ഉപയോഗയോഗ്യമാക്കുന്നതിനും പ്രത്യേക പദ്ധതികൾ എന്തെങ്കിലും നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരമൊന്ന് ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. മാലിന്യ നിർമ്മാർജ്ജനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. ജലസ്രോതസ്സുകൾ, തോടുകൾ, കുളങ്ങൾ, ജലനിർഗ്ഗമന ചാലുകൾ എന്നിവ മലിനമാക്കപ്പെടുന്നത് തടയുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 (എസ്), കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 340(2) എന്നീ വ്യവസ്ഥകൾ പ്രകാരം അവ മലിനപ്പെടുത്തുന്നവർക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ യഥാസമയം നടപടി സ്വീകരിക്കുന്നുണ്ട്.

(സി) പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ എന്നതിലുൾപ്പെടുത്തി കുളങ്ങൾ, തോടുകൾ, കിണറുകൾ, മറ്റ് ജലാശയങ്ങൾ എന്നിവ വൃത്തിയാക്കൽ, ചെളിയെടുക്കൽ, ആഴംകൂട്ടൽ എന്നിവയുൾപ്പെടെയുള്ള പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് 16-11-2013-ലെ സ.ഉ. (എം.എസ്.) നമ്പർ 362/13/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

**കുടുംബശ്രീ**

134 (2488) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ ശാക്തീകരണത്തിന് സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തി വരുന്ന പരിശീലന പരിപാടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവിധ വകുപ്പുകളുമായുള്ള സംയോജന പ്രവർത്തനങ്ങൾ താഴെത്തട്ടിൽ വിജയകരമായി നടപ്പിലാക്കുന്നതിന് കുടുംബശ്രീ വിവിധ വകുപ്പുകളുമായുള്ള ചർച്ചകൾക്കും പ്രാരംഭ പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. ജില്ലകളിൽ ഗ്രാമവികസന വകുപ്പുമായും പഞ്ചായത്തുകളിൽ കൃഷി വകുപ്പുമായും യോജിച്ച് ഓണത്തിന് പച്ചക്കറി സംഘടിപ്പിക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഇതര വകുപ്പുകൾ, സർക്കാർ, സർക്കാരിതര ഏജൻസികൾ എന്നിവയിലൂടെ സർക്കാരിന്റെ മുഴുവൻ സേവനങ്ങളും കുടുംബശ്രീ സംഘടനാ സംവിധാനത്തിലും അതുവഴി സമൂഹത്തിലും എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന-ജില്ലാ മിഷനുകളിൽ കുടുംബശ്രീ സംവിധാനത്തെ നയിക്കാൻ പ്രാപ്തരായ വിവിധ തലങ്ങളിൽ പ്രവൃത്തി പരിചയവും സമൂഹത്തിൽ പാവപ്പെട്ടവരുടെ ഇടയിൽ പ്രവർത്തിക്കാൻ അർപ്പണ മനോഭാവവുമുള്ള ഉദ്യോഗസ്ഥരുടെ ടീമിനെ സജ്ജമാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ താഴെപ്പറയുന്ന കർമ്മ പദ്ധതികൾ നടപ്പുസാമ്പത്തിക വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു:

1. കുടുംബശ്രീ സി.ഡി.എസ്.-ന്റെ ചെയർപേഴ്സൺ, 5 സബ്കമ്മിറ്റി അംഗങ്ങൾക്കും എ.ഡി.എസ്.-ന്റെ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, സെക്രട്ടറി, അയൽക്കൂട്ടത്തിന്റെ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നിവർക്കും പരിശീലന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ.

2. കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ശാക്തീകരണവും പഞ്ചശീല (ശുദ്ധജലം, മാലിന്യസംസ്കരണം, വൃത്തിയുള്ള പരിസരം, നല്ല ജീവിത ശൈലി, നല്ല ആരോഗ്യം) കാർഷിക ആരോഗ്യ സംസ്കാരം കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ വളർത്തുക എന്ന ലക്ഷ്യവും മുൻനിർത്തി കാർഷിക പുനരാവിഷ്കരണ ക്യാമ്പെയിൻ.

3. അയൽക്കൂട്ട അംഗങ്ങളുടെ സാമ്പത്തിക സാക്ഷരതയും പൊതുമേഖല ധനകാര്യ സ്ഥാപനങ്ങളുടെ ഇടപെടലുകൾ ഒഴിവാക്കുന്നതിനും ലക്ഷ്യംവച്ച് സാമ്പത്തിക സാക്ഷരതാ ക്യാമ്പെയിൻ.

4. നിയമ സാക്ഷരത അയൽക്കൂട്ടങ്ങൾക്ക് പകർന്നു നൽകുന്നതിനായി കെൽസ പോലുള്ള സ്ഥാപനങ്ങൾ മുഖേന ബോധവൽക്കരണ പരിപാടി.

5. കുടുംബശ്രീ (ആർ.പി.), പരിശീലന ഗ്രൂപ്പുകൾ (എം.ഇ.സി.), (കാസ്) എന്നിവയ്ക്ക് മേഖലാടിസ്ഥാനത്തിൽ പരിശീലനം നൽകി കുടുംബശ്രീ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനും വിവിധ വകുപ്പുകൾക്ക് ഇവരുടെ സേവനം ലഭ്യമാക്കുന്നതിനുമുള്ള നടപടി.

6. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നൂതന പദ്ധതികളുടെ സാദ്ധ്യത മനസ്സിലാക്കി മെട്രോ റെയിൽ, വിഴിഞ്ഞം കണ്ടെയ്നർ ടെർമിനൽ എന്നിവയിലേയ്ക്ക് തൽപരരായ കുടുംബശ്രീ വനിതകളെയും കുടുംബാംഗങ്ങളെയും കണ്ടെത്തി വിവിധ മേഖലകളിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്നതിന് കുടുംബശ്രീ ലക്ഷ്യമിടുന്നു.

7. എറണാകുളം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച കെട്ടിട നിർമ്മാണ ഗ്രൂപ്പിന്റെ മാതൃകയിൽ എല്ലാ ജില്ലകളിലും വനിതകളുടെ കെട്ടിട നിർമ്മാണ ഗ്രൂപ്പുകൾ ആരംഭിക്കുകയും തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സർക്കാർ സ്ഥാപനങ്ങളുടെയും കമ്മ്യൂണിറ്റി കോൺട്രാക്റ്റിംഗ് ഗ്രൂപ്പുകളാക്കി ഇവരെ മാറ്റുകയും ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.

8. തൊഴിലുറപ്പ് പദ്ധതിയിൽപ്പെട്ട സ്ത്രീകൾക്ക് നൈപുണ്യ പരിശീലനം നൽകി അവരെ മറ്റ് ഉപജീവന മാർഗ്ഗങ്ങളിലേയ്ക്ക് കൈപിടിച്ച് ഉയർത്തുന്ന പദ്ധതി.

9. ഐ.ആർ.സി.റ്റി.സി.-യുമായി സംയോജിച്ച് റെയിൽവേ കാറ്ററിംഗ് ഗ്രൂപ്പുകൾ, റെയിൽവേ പാർക്കിംഗ്, കസ്റ്റമർ ലോഞ്ച് മാനേജ്മെന്റ് ഗ്രൂപ്പുകൾ എന്നിവ വിപുലപ്പെടുത്തി സംസ്ഥാനത്തെ പ്രധാന റെയിൽവേ സ്റ്റേഷനുകൾ പ്രവർത്തനക്ഷമമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കൂടാതെ റെയിൽവേ ടിക്കറ്റ് കൗണ്ടറുകൾ എറണാകുളം മാതൃകയിൽ റീജിയണൽ ഹെഡ് ക്വാർട്ടേഴ്സിലേക്കും തുടർന്ന് സാദ്ധ്യതയുള്ള സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി.

10. ബ്യൂറോ ഓഫ് ഫാർമ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ് ഓഫ് ഇന്ത്യ (BPPI) നടപ്പിലാക്കുന്ന 'ജെൻ ഔഷധി' പദ്ധതിയുടെ സാദ്ധ്യത പരിഗണിച്ച് എല്ലാ സർക്കാർ/താലൂക്ക് ആശുപത്രികളിലും ജെൻ ഔഷധി സ്റ്റോറുകൾ ആരംഭിക്കുകയും അതുവഴി അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു.

11. ടൂറിസം കേന്ദ്രങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് കുടുംബശ്രീ സുവിനിയർ ഷോപ്പുകളും പാർക്കിംഗ് സംവിധാനം, പൊതുശൗചാലയങ്ങൾ എന്നിവയുടെ മാനേജ്മെന്റ് കുടുംബശ്രീ തൊഴിൽ സംരംഭങ്ങളായി ഏറ്റെടുത്ത് നടപ്പാക്കുന്നത്.

12. പ്ലാസ്റ്റിക് നിരോധനത്തിന്റെ സാദ്ധ്യത പരിഗണിച്ച് തുണി ബാഗുകൾ/പേപ്പർ ബാഗുകളുടെ ഉത്പാദനം കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ.

13. കുടിവെള്ള ലഭ്യതയുമായി ബന്ധപ്പെട്ട് നഗര പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതികൾ മലപ്പുറം മാതൃകയിൽ വിവിധ ജില്ലകളിലെ സാദ്ധ്യതകൾ ആരാഞ്ഞ് നടപ്പിലാക്കുന്നത്.

14. വിഷവിമുക്ത പച്ചക്കറി ഉത്പാദനം സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്നതിന് സർക്കാർ നടത്തുന്ന ശ്രമങ്ങൾക്കൊപ്പം എല്ലാ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലും ഫ്ലാറ്റുകൾ, റസിഡന്റ്സ് അസോസിയേഷൻ എന്നിവയുമായി സഹകരിച്ച് മട്ടുപ്പാവിലും കൃഷി ആരംഭിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകളെ സജ്ജമാക്കുന്നതിനും സർക്കാർ സർക്കാരേതര സ്ഥാപനങ്ങളിൽ സ്ഥലം കണ്ടെത്തി കൃഷി വ്യാപിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ ബാലസഭാ കുട്ടികളുടെ കൂട്ടായ്മയിൽ കൃഷി ചെയ്യുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്. ജൈവ കീടനാശിനി, ജൈവവളം, വെർമി കമ്പോസ്റ്റ് എന്നിവ കുടുംബശ്രീ അയൽക്കൂട്ടം വഴി ഉത്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യത കണ്ടെത്തും.

15. നിലവിൽ കുടുംബശ്രീ പ്രോൽസാഹിപ്പിച്ചുവരുന്ന കുടുംബശ്രീ കാന്റീനുകൾ, ടാക്സി സർവ്വീസ്, സാന്ത്വനം എന്നീ പദ്ധതികൾ വ്യാപിപ്പിക്കുന്നതിനും പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച വയോജനപരിപാലനം, കുടുംബശ്രീ ക്രെഷ്, ഫിറ്റ്നസ് സെന്റർ എന്നിവ നഗര പ്രദേശങ്ങളിൽ വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ മുഴുവൻ പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസുകളിലും കുടുംബശ്രീ ഹൗസ് കീപ്പിംഗ്-കാന്റീൻ സംവിധാനം ഒരുക്കുന്നതിന് പി.ഡബ്ല്യൂ.ഡി.-യുമായി സഹകരിച്ച് പ്രവർത്തിക്കുന്നതാണ്.

16. മൃഗസംരക്ഷണ മേഖലയിൽ ഹോർമോൺ വിമുക്ത ബ്രോയിലർ ചിക്കൻ, മുട്ടക്കോഴി വളർത്തൽ എന്നീ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) കുടുംബശ്രീ സംഘടനാ സംവിധാനത്തെ ശാക്തീകരിക്കുന്നതിനും അതിലെ അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും പ്രാപ്തി വർദ്ധനവിനുമുള്ള വിവിധ പരിശീലന പരിപാടികൾ കുടുംബശ്രീ നടപ്പിലാക്കിവരുന്നുണ്ട്.

- സി.ഡി.എസ്., എ.ഡി.എസ്., അയൽക്കൂട്ടതലങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് കാര്യശേഷി വർദ്ധനവ്, നേതൃത്വപാടവം, പ്രാദേശിക സാമ്പത്തിക വികസനം, തൊഴിൽ മേഖല വികസനം, സാമൂഹ്യ വികസനം, സ്ത്രീശാക്തീകരണം, സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങളും നിയമങ്ങളും എന്നിവയിലുള്ള വിവിധ പരിശീലന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്നിവ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.
- തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർക്കും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർക്കുമുള്ള പരിശീലനം.
- കുടുംബശ്രീ മെമ്പർ സെക്രട്ടറിമാർക്കുള്ള പരിശീലനം
- കുടുംബശ്രീ പരിശീലന ഗ്രൂപ്പുകൾ, മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റ്സ്, കുടുംബശ്രീ ആഡിറ്റ് & അക്കൗണ്ട്സ് സൊസൈറ്റി അംഗങ്ങൾ, അക്കൗണ്ടന്റുമാർ എന്നിവർക്കുള്ള പരിശീലനം സംഘടിപ്പിക്കുന്നതാണ്.
- സംരംഭകർക്കുള്ള ജനറൽ ഓറിയന്റേഷൻ പരിശീലനം, സംരംഭകത്വ വികസന പരിശീലനം, വൈദഗ്ദ്ധ്യ പരിശീലനം എന്നിവ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു.
- ദേശീയ ഗ്രാമീണ ഉപജീവന മിഷൻ, ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന പദ്ധതിയുടെ ഭാഗമായി ഗ്രാമങ്ങളിലെ തൊഴിൽരഹിതരായ യുവതി-യുവാക്കൾക്ക് നൈപുണ്യ പരിശീലനം നൽകി അവർക്ക് സ്ഥിരമായ ജോലി നൽകിവരുന്നു.

## നഗരസഭകളിലെ റഗുലർ വിഭാഗം ജീവനക്കാരുടെ പി.എഫ്. ക്രെഡിറ്റ് കാർഡ്

135 (2489) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നഗരസഭകളിലെ റഗുലർ വിഭാഗം ജീവനക്കാർക്ക് പി.എഫ്. ക്രെഡിറ്റ് കാർഡ് നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പി.എഫ്. തുക നാളിതുവരെ വരവ് വച്ചതിന്റെ ഡാറ്റ എൻട്രി നടത്തുവാൻ ഇൻഫർമേഷൻ കേരള മിഷൻ (IKM)-നെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് സോഫ്റ്റ് വെയർ വികസിപ്പിച്ച് എടുത്തിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനം ഏതു വരെയായി എന്നും എന്നേയ്ക്ക് പൂർത്തിയാകുമെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കേരളാ മുനിസിപ്പൽ കോമൺ സർവ്വീസിൽ സേവനമനുഷ്ഠിക്കുന്ന റഗുലർ വിഭാഗം ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് ക്രെഡിറ്റ് കാർഡ് നൽകുന്നതിന് ആവശ്യമായ ജീവനക്കാരുടെ അഭാവവും പൂർണ്ണമായ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തി നഗരസഭകളുമായി ലിങ്ക് ചെയ്യാത്തതുകൊണ്ടാണ് ക്രെഡിറ്റ് കാർഡ് വിതരണം പൂർത്തിയാകാത്തത്.

(ബി) ഇല്ല. ഇതുസംബന്ധിച്ച് സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ പ്രവർത്തനം നടന്നുവരുന്നതും 2016-17 സാമ്പത്തിക വർഷത്തിൽ ഇത് പൂർത്തിയാക്കുവാൻ കഴിയുന്നതുമാണ്.

**കാസർഗോഡ് ജില്ലയിലെ അറവുശാലകൾ**

136 (2490) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മുനിസിപ്പൽ, പഞ്ചായത്ത് പ്രദേശങ്ങളിൽ ലൈസൻസ് ഇല്ലാതെ അറവുശാലകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ട്; വിശദാംശം അറിയിക്കാമോ;

(സി) അനധികൃതമായി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കിനനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിൽ ഒരു അറവുശാല.

(സി) ഉണ്ട്. അറവുശാല അടച്ചുപൂട്ടുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്.

**പഞ്ചായത്ത് സെക്രട്ടറി നിയമനം**

137 (2491) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ ഒഴിവുകൾ നികത്തുന്നത്; വിശദമാക്കാമോ;

(സി) 2011 ജനുവരി മുതൽ ഇതുവരെ പഞ്ചായത്ത് സെക്രട്ടറിമാരായി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇതിൽ എത്ര പേർക്ക് പി.എസ്.സി. വഴി നേരിട്ട് പഞ്ചായത്ത് സെക്രട്ടറിമാരായി നിയമനം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നത് കാരണം പഞ്ചായത്തുകളിലെ ഭരണ നിർവ്വഹണത്തിനും, പദ്ധതി നടത്തിപ്പിനും കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പഞ്ചായത്ത് വകുപ്പിൽ സെക്രട്ടറി തസ്തികയിൽ 178 ഒഴിവുകൾ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള ഒഴിവ് ചുവടെ ചേർക്കുന്നു:

| ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|
| പത്തനംതിട്ട | 13 |
| കോട്ടയം | 26 |
| ഇടുക്കി | 7 |
| ആലപ്പുഴ | 16 |
| എറണാകുളം | 12 |
| തൃശ്ശൂർ | 21 |
| മലപ്പുറം | 27 |
| പാലക്കാട് | 21 |
| കോഴിക്കോട് | 6 |
| വയനാട് | 3 |
| കണ്ണൂർ | 14 |
| കാസർഗോഡ് | 12 |

(ബി) പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം വഴിയും പി.എസ്.സി. വഴി നേരിട്ടും നിയമനം നടത്താറുണ്ട്.

(സി) 2011 ജനുവരി മുതൽ നാളിതുവരെ സെക്രട്ടറി തസ്തിക ഏകീകരിച്ച് 577 പേർക്ക് നിയമനം നൽകിയതുൾപ്പെടെ ആകെ 1338 പേർക്ക് സെക്രട്ടറിയായി നിയമനം നൽകിയിട്ടുണ്ട്. ഇതിൽ 201 പേർ പി.എസ്.സി. വഴി നേരിട്ട് നിയമനം ലഭിച്ചവരാണ്.

(ഡി) സെക്രട്ടറി തസ്തികയിലെ ഒഴിവുകൾ നികത്താത്തതുമൂലം ഗ്രാമ പഞ്ചായത്തുകളുടെ ഭരണ നിർവ്വഹണത്തിനും പദ്ധതി നടത്തിപ്പിനും ചില ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. സെക്രട്ടറി തസ്തിക ഒഴിഞ്ഞുകിടക്കുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലും അസിസ്റ്റന്റ് സെക്രട്ടറിക്കോ ജൂനിയർ സൂപ്രണ്ടിനോ ഹെഡ് ക്ലാർക്കിനോ സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല നൽകി ഉത്തരവുകൾ നൽകിയിട്ടുണ്ട്. അടിയന്തരമായി പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കുടുംബശ്രീ പ്രവർത്തനങ്ങൾ**

138 (2492) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടുംബശ്രീയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കുടുംബശ്രീ പ്രവർത്തനം വിലയിരുത്തുന്നതിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ച കമ്മിറ്റികൾ നിലവിൽ ഉണ്ടോ; ഇല്ലെങ്കിൽ കമ്മിറ്റികൾ സംഘടിപ്പിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(സി) കുടുംബശ്രീ മിഷനിൽ നിലവിലുള്ള ഒഴിവുകൾ നികത്തുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം; ജീവനക്കാരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കുടുംബശ്രീ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി നിയോജക മണ്ഡല അടിസ്ഥാനത്തിൽ സ.ഉ. (സാധാ) നമ്പർ 3264/2012/തസ്വഭവ. തീയതി 29-11-2012 പ്രകാരം കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ പുനഃ സംഘടിപ്പിക്കുന്നതിനായി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രൊഫഷണൽ/സാങ്കേതിക പരിജ്ഞാനമുള്ള ആൾക്കാരെ കരാർ/ദിവസവേതന വ്യവസ്ഥയിലാണ് കുടുംബശ്രീ മിഷനിൽ നിയമിച്ചുപോരുന്നത്. യോഗ്യത പരിഗണിച്ച് പര്യാപ്തമായ ഏജൻസികളെ ഉപയോഗിച്ച് പരീക്ഷ, അഭിമുഖം എന്നിവ നടത്തി പദ്ധതി കാലയളവിലേയ്ക്ക് ജീവനക്കാരെ നിയോഗിക്കാറുണ്ട്. എഴുത്തുപരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നുമുള്ള ജീവനക്കാരെ കുടുംബശ്രീയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ച് ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## വായ്പയ്ക്ക് ഇളവ് അനുവദിക്കണമെന്ന അപേക്ഷ

139 (2493) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് മൊഗ്രാൽ പുത്തൂർ പഞ്ചായത്തിലെ നീർച്ചാൽ അബ്ദുള്ളയുടെ മകൻ എൻ.എ. മുഹമ്മദ് കാസർകോട് ഡവലപ്മെന്റ് അതോറിറ്റിയിൽ വായ്പ എടുത്തിരുന്നോ; എങ്കിൽ വായ്പാ തുക എത്രയാണെന്നും എപ്പോഴാണ് എടുത്തതെന്നും ആ ഇനത്തിൽ ഇനി കുടിശ്ശിക ബാക്കിയുണ്ടോ എന്നും വ്യക്തമാക്കാമോ;

(ബി) എടുത്ത വായ്പയ്ക്കു ഇളവ് അനുവദിക്കണമെന്ന് ശ്രീ. മുഹമ്മദ് അപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് അപേക്ഷ ലഭിച്ചതെന്നും പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 22-6-1994-ൽ 40,000 രൂപ വായ്പ എടുത്തിരുന്നു. പിഴപ്പലിശ പൂർണ്ണമായും 8 മാസത്തെ പലിശയും ഒഴിവാക്കിയാൽ 2016 സെപ്റ്റംബർ മാസം വരെയുള്ള കുടിശ്ശിക 2,27,901 രൂപയാണ്.

(ബി) ഉണ്ട്. മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ 9-6-2011-ൽ സമർപ്പിച്ച അപേക്ഷയിൽ KURDFC-യിൽനിന്നും ബാദ്ധ്യതാരഹിത സാക്ഷ്യപത്രം നൽകിയാൽ ആധാരം തിരികെ നൽകാമെന്ന് പഞ്ചായത്ത് അധികൃതർ അപേക്ഷകനെ അറിയിച്ചിട്ടുണ്ട്. അപേക്ഷകൻ 14-6-2014-ൽ സർക്കാരിൽ സമർപ്പിച്ച നിവേദനത്തിന്മേൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

## സമ്പൂർണ്ണ ശുചിത്വ പദ്ധതി

140 (2494) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ശുചിത്വ പദ്ധതിയുടെ ഭാഗമായി സംസ്ഥാനം സമ്പൂർണ്ണ ഒ.ഡി.എഫ്. (ഓപ്പൺ ഡിഫക്കേഷൻ ഫ്രീ) ആയി പ്രഖ്യാപിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള തീയതി വ്യക്തമാക്കുമോ; ഈ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഇതിനായി വിനിയോഗിക്കുന്ന ഫണ്ടിന്റെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയെന്ന് വിശദമാക്കുമോ;

(സി) നാളിതുവരെ ഏതെല്ലാം ജില്ലകൾ സമ്പൂർണ്ണ ഒ.ഡി.എഫ്. ജില്ലകളായി പ്രഖ്യാപിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ശൗചാലയങ്ങളില്ലാത്തവർക്ക് ഈ പദ്ധതി പ്രകാരം നൽകിയ ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2016 നവംബർ 1-ന് ഗ്രാമപ്രദേശങ്ങളുടെയും 2017 മാർച്ച് 31-ന് നഗര പ്രദേശങ്ങളുടെയും ഒ.ഡി.എഫ്. (ഓപ്പൺ ഡെഫീക്കേഷൻ ഫ്രീ) പ്രഖ്യാപനം നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം 60:40 എന്ന അനുപാതത്തിലാണ്. സ്വച്ഛ്ഭാരത് മിഷൻ പദ്ധതി പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ 2557.67 ലക്ഷം രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ 2498 ലക്ഷം രൂപയും ശുചിത്വമിഷന് നൽകിയിട്ടുണ്ട്.

(സി) നാളിതുവരെ തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ ഗ്രാമ പ്രദേശങ്ങളും മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ നഗരസഭയും ഇടുക്കി ജില്ലയിലെ കട്ടപ്പന നഗരസഭയും സമ്പൂർണ്ണ ഒ.ഡി.എഫ്. ആയി സ്വയം പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) ശൗചാലയങ്ങളില്ലാത്തവർക്ക് ഈ പദ്ധതി പ്രകാരം വ്യക്തിഗത ഗാർഹിക ശൗചാലയം നിർമ്മിച്ചുനൽകുന്നു. ഒരു വ്യക്തിഗത ഗാർഹിക ശൗചാലയത്തിന് 15400 രൂപയാണ് യൂണിറ്റ് കോസ്റ്റ്. ഗ്രാമപഞ്ചായത്തുകളിലെ ദുർഘടപ്രദേശങ്ങളായി കണ്ടെത്തിയയിടങ്ങളിൽ കൂടുതൽ തുക ആവശ്യമായി വരുന്നപക്ഷം ചെലവാക്കപ്പെടുന്ന അധികതുക കൃത്യമായി വിലയിരുത്തി അനുവദിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കായംകുളത്ത് വൈദ്യുതി ശ്മശാനം**

141 (2495) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിലെ കായംകുളം നഗരസഭ പ്രദേശത്ത് അത്യാധുനിക രീതിയിലുള്ള വൈദ്യുതി ശ്മശാനം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

നഗരകാര്യ വകുപ്പിന്റെ കീഴിൽ തുടർപദ്ധതിയായി 'നഗരപ്രദേശങ്ങളിൽ ഗ്യാസധിഷ്ഠിത ശ്മശാനങ്ങളുടെ നിർമ്മാണം' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നഗരസഭകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. കായംകുളം നഗരസഭയിൽനിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് 2016-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ആധുനിക രീതിയിലുള്ള ഗ്യാസ് ക്രിമറ്റോറിയത്തിന് ഫണ്ട് അനുവദിക്കാൻ കഴിയുന്നതാണ്.

**മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കെതിരെയുള്ള പരാതി**

142 (2496) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ബ്ലോക്ക്പഞ്ചായത്തിലെ സെക്രട്ടറി പഞ്ചായത്ത് ഭരണ സമിതി പ്രവർത്തനങ്ങളിൽ സഹകരിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പഞ്ചായത്ത് ഭരണ സമിതിയുടെ പരാതി ഇക്കാര്യത്തിൽ ലഭിച്ചിട്ടുണ്ടോ;

(ബി) ഈ സെക്രട്ടറിക്കെതിരായി അസിസ്റ്റൻറ് ഡവലപ്മെന്റ് കമ്മിഷണർ തലത്തിൽ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എടുത്ത നടപടി എന്താണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭരണസമിതിയുടെ പരാതി ലഭ്യമായിട്ടുണ്ട്.

(ബി) സെക്രട്ടറി മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സ്ഥലംമാറ്റി നിയമിച്ചിട്ടുണ്ട്. എന്നാൽ ഇതിനെതിരെ ടിയാൻ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിന്ന് സ്റ്റേ നേടിയിട്ടുണ്ട്.

**പയ്യന്നൂർ നഗരസഭയ്ക്ക് പദവിക്കനുസരിച്ചുള്ള സംവിധാനങ്ങൾ**

143 (2497) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നഗരസഭയെ 3-ാം ഗ്രേഡ് പദവിയിൽ നിന്ന് 1-ാം ഗ്രേഡ് പദവിയിലേക്ക് ഉയർത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഒന്നാം ഗ്രേഡ് പദവിക്ക് അനുസരണമായി തസ്തികകളും മറ്റു സംവിധാനങ്ങളും അനുവദിച്ച് ഉത്തരവായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) പരിശോധിക്കുന്നതാണ്.

**നബാർഡിന്റെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികൾ**

144 (2498) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ 2015-16, 2016-17 വർഷങ്ങളിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുള്ളതെന്നും ഓരോ പദ്ധതിക്കും എത്ര രൂപ വീതമാണ് നബാർഡിന്റെ സഹായം എന്നും വ്യക്തമാക്കുമോ;

(ബി) നബാർഡിന് ഗ്രാമവികസന വകുപ്പ് സമർപ്പിച്ച ഏതെല്ലാം പദ്ധതികളാണ് ഇനിയും അനുമതി ലഭിക്കാൻ ഉള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ 2015-16 വർഷത്തിൽ അംഗീകാരം ലഭിച്ച പദ്ധതികളിൽ നടപ്പിലാക്കാനുള്ളവയുടെ പേര്, തുക എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.* 2016-17 വർഷത്തിൽ പ്രവൃത്തികൾക്കൊന്നും അംഗീകാരം ലഭ്യമായിട്ടില്ല.

(ബി) 2015-16 വർഷത്തെ പദ്ധതികൾക്ക് അംഗീകാരം ലഭിക്കുവാനില്ല. 2016-17 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ വകുപ്പിന് SLEC (NABARD) അനുവദിച്ച അലോക്കേഷൻ പ്രകാരമുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പ്രധാനമന്ത്രി ഗ്രാമ സഡക് യോജന**

145 (2499) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതിയിൽ പണം അനുവദിച്ച് നിർമ്മാണം ആരംഭിച്ചിട്ടുള്ള റോഡുകളിൽ റാന്നി നിയോജകമണ്ഡലത്തിൽ ഉള്ളവ ഏതൊക്കെയാണ്; ഇവ പൂർത്തിയാകാതെ കിടക്കുന്നതിന്റെ കാരണങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവയുടെ തടസ്സങ്ങൾ നീക്കി നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ റാന്നി നിയോജകമണ്ഡലത്തിൽ പണം അനുവദിച്ച് നിർമ്മാണം ആരംഭിച്ചിട്ടുള്ള റോഡുകളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ബ്ലോക്ക് | പാക്കേജ് നമ്പർ | റോഡിന്റെ പേര് | പൂർത്തിയാകാതെ കിടക്കുന്നതിന്റെ കാരണങ്ങൾ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1. | റാന്നി | KR 11-19 A | അരയാഞ്ഞിലിമൺ എൽ.പി.എസ്.- പെരിങ്ങാവ് റോഡ് | പദ്ധതി അന്തിമ ഘട്ടത്തിലാണ് |
| 2. | റാന്നി | KR 11-288 | കുളങ്ങര- കുമാരമംഗലം | കരാറുകാരൻ നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 3. | റാന്നി | KR 11-42 | തുലാപ്പള്ളി- മുളന്താടം | സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ കൽക്കെട്ടിന്റെ അളവ് ഒറിജിനൽ എസ്റ്റിമേറ്റിൽ ഉണ്ടായിരുന്നില്ല. ആയത് കാരണം പണി തടസ്സപ്പെട്ടിട്ടുണ്ട് |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4. | റാന്നി | KR 11-45 | മാരാംകുളം-നിർമ്മലപുരം | കേരള വാട്ടർ അതോറിറ്റിയുടെ തകരാറിലായ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനായി 18,70,000 രൂപയുടെ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് പകരം പുതിയ ജി.ഐ. പൈപ്പ് ഇടുന്നതിനാണ് വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കി യിരിക്കുന്നത്. എസ്റ്റിമേറ്റ് പരിശോധിച്ച് അനുമതി നൽകേണ്ടതുണ്ട് |

(ബി) തടസ്സങ്ങൾ നീക്കി നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു:

| ക്രമ നമ്പർ | ബ്ലോക്ക് | പാക്കേജ് നമ്പർ | റോഡിന്റെ പേര് | പരിഹാര നടപടികൾ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1. | റാന്നി | KR11-19 A | അരയാഞ്ഞിലിമൺ എൽ.പി.എസ്.-പെരിങ്ങാവ് റോഡ് | പദ്ധതി അന്തിമഘട്ടത്തിലാണ് |
| 2. | റാന്നി | KR 11-28B | കുളങ്ങര-കുമാരമംഗലം | കരാറുകാരന്റെ നഷ്ട ഉത്തരവാദിത്വത്തിൽ കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3. | റാന്നി | KR 11-42 | തുലാപ്പള്ളി-മുളന്താടം | റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 4. | റാന്നി | KR 11-45 | മാരാംകുളം-നിർമ്മലപുരം | പുതുതായി ജി.ഐ. പൈപ്പ് ഇടുന്നതിനുള്ള എസ്റ്റിമേറ്റാണ് കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുള്ളത്. പ്രസ്തുത എസ്റ്റിമേറ്റ് പരിശോധിച്ച് അനുമതി നൽകേണ്ടതുണ്ട്. |

### പ്രധാനമന്ത്രി ആവാസ് യോജന

146 (2500) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജനയനുസരിച്ച് കണ്ണൂർ ജില്ലയിൽ ജനറൽ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം ലഭിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജനറൽ വിഭാഗത്തിൽപ്പെട്ടവർക്കുകൂടി വീട് അനുവദിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുവിഭാഗത്തിൽപ്പെട്ടവർക്കുകൂടി വീട് അനുവദിക്കുന്ന കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

### വികേന്ദ്രീകൃത മാലിന്യസംസ്കരണം

147(2501) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യനിർമ്മാർജ്ജനം കാര്യക്ഷമമാകാത്തത് കാരണം മാലിന്യങ്ങൾ കുന്നുകൂടി പകർച്ചവ്യാധികൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ മാലിന്യ നിർമ്മാർജനത്തിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് എന്തെങ്കിലും ബൃഹത് പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിനും മാലിന്യങ്ങൾ കുന്നുകൂടുന്ന പ്രവണത ഇല്ലാതാക്കുന്നതിനും പകർച്ചവ്യാധികൾ ഇല്ലാതാക്കുന്നതിനും ശുചിത്വമിഷന്റെ പിന്തുണയോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. ഉറവിട മാലിന്യസംസ്കരണ സംവിധാനം വീടുകളിലും സ്ഥാപനങ്ങളിലും കമ്മ്യൂണിറ്റിതലത്തിലും.
2. നിലവിലുള്ള പൊതുപ്ലാന്റുകളുടെ അറ്റകുറ്റപ്പണികളും അപ്ഗ്രഡേഷനും.
3. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി
4. സ്ലോട്ടർ ഹൗസ്, ക്രിമറ്റോറിയം
5. മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ.
6. എല്ലാ വീടുകൾക്കും കക്കൂസ് സൗകര്യം, വൃത്തിയും വെടിപ്പുമുള്ള പൊതു ടോയ്‌ലെറ്റ്
7. പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനങ്ങൾ.
8. വിവര വിജ്ഞാപന വ്യാപനം.

(ബി) ശുചിത്വ-മാലിന്യ സംസ്കരണ മേഖലയ്ക്ക് ഊന്നൽ നൽകി ഹരിതകേരളം പദ്ധതി ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്.

**അശാസ്ത്രീയമായ അറവുശാലകൾ അടച്ചുപൂട്ടുന്നതിന് നടപടി**

148 (2502) <u>ശ്രീ. യു. ആർ. പ്രദീപ്</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല പ്രദേശങ്ങളിലും അശാസ്ത്രീയമായും ലൈസൻസില്ലാതെയും വൃത്തിഹീനമായും അറവുശാലകൾ പ്രവർത്തിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം പ്രവർത്തിക്കുന്ന അറവുശാലകൾ അടച്ചുപൂട്ടുന്നതിന് നടപടി സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകുമോ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സംസ്ഥാനത്ത് സർക്കാർ തലത്തിൽ രൂപീകരിച്ച സ്റ്റേറ്റ് കമ്മിറ്റി ഫോർ സ്ലോട്ടർഹൗസിന്റെ തീരുമാനമനുസരിച്ച് സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ അനധികൃതമായി പ്രവർത്തിക്കുന്ന അറവുകേന്ദ്രങ്ങൾ കണ്ടെത്തി ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകി കേസ് രജിസ്റ്റർ ചെയ്യുന്നതിന് എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, അനധികൃതമായി ഏതെങ്കിലും അറവുശാലകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവ അടിയന്തരമായി നിർത്തലാക്കുന്നതിന് എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**വൈദ്യുതീകരണം പൂർത്തിയാകാത്ത കെട്ടിടങ്ങൾ**

149 (2503) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം പൂർത്തിയായെങ്കിലും വൈദ്യുതീകരണം പൂർത്തിയാക്കാത്തതിനാൽ പ്രവർത്തനക്ഷമമാകാതെ കിടക്കുന്ന എത്ര കെട്ടിടങ്ങൾ ത്രിതല ഗ്രാമ പഞ്ചായത്തുകളിൽ നിലവിലുണ്ട്;

(ബി) ഇതു സംബന്ധിച്ച് ചെലവായ തുക, നിർമ്മാണ ഉദ്ദേശ്യം, ഏതു വർഷത്തെ പ്രോജക്ടിൽ ഉൾപ്പെട്ടവ എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്നും നഗരസഭകളിൽ നിന്നും ഇതുസംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ ആരോഗ്യ പ്രവർത്തകർ**

150 (2504) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മുൻസിപ്പാലിറ്റിയിൽ ഉൾപ്പെട്ട പ്രദേശത്ത് എത്ര ആരോഗ്യ പ്രവർത്തകരാണുള്ളത്; എത്ര ആശാവർക്കർമാരുണ്ടെന്നും എത്ര ഹെൽത്ത് ഇൻസ്പെക്ടർമാരുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) എത്ര പൊതുജനാരോഗ്യ കേന്ദ്രങ്ങൾ (സബ് സെന്ററുകൾ) ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നഗരശുചീകരണത്തിനായി എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വിവിധ വിഭാഗങ്ങളിലുള്ള കുറവ് പരിഹരിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ അടിയന്തര പ്രാധാന്യത്തോടെ നിയമിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി നഗരസഭ ഉൾപ്പെട്ട പ്രദേശത്തുള്ള ആരോഗ്യപ്രവർത്തകരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ആകെ ആരോഗ്യ പ്രവർത്തകരുടെ എണ്ണം | - | 49 |
| ആശാ വർക്കർ | - | 32 |
| <u>പബ്ലിക് ഹെൽത്ത് സെന്റർ:</u> | | |
| ഹെൽത്ത് ഇൻസ്പെക്ടർ | - | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | - | 4 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | - | 7 |
| പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ | - | 1 |
| <u>മുനിസിപ്പൽ ഓഫീസ്:</u> | | |
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | - | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | - | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | - | 2 |

(ബി) 7 പൊതുജനാരോഗ്യ കേന്ദ്രങ്ങളുണ്ട് (സബ് സെന്റർ).

(സി) 38 ജീവനക്കാരുണ്ട്.

(ഡി) വിവിധ വിഭാഗങ്ങളിലുള്ള ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനുള്ള നഗരസഭയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## നഗരസഭകളിലെയും കോർപ്പറേഷനുകളിലെയും സേവനങ്ങളുടെ കമ്പ്യൂട്ടറൈസേഷൻ

151 (2505) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലെയും കോർപ്പറേഷനുകളിലേയും സേവനങ്ങൾ പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത മേഖലയിലെ സേവനങ്ങളിൽ കണ്ടുവരുന്ന അഴിമതി ഒഴിവാക്കുന്നതിനായി എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേന സമയബന്ധിതമായി ലഭ്യമാക്കുമോ;

(സി) കൂടുതൽ ജനസേവാ കേന്ദ്രങ്ങളും മറ്റും ആരംഭിക്കുന്നതിനും നിർദ്ധനരായവർക്ക് ഓൺലൈൻ സേവനം ലഭ്യമാക്കുന്നതിനുമായി നഗരസഭയുടെ നേതൃത്വത്തിൽ കൗണ്ടറുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നഗരസഭകളിലെയും കോർപ്പറേഷനുകളിലെയും സേവനങ്ങൾ പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) നഗരസഭയിലെ സേവനങ്ങളായ ജനന-മരണ രജിസ്ട്രേഷൻ, വിവിധ ക്ഷേമപെൻഷനുകൾ, പ്രോപ്പർട്ടി ടാക്സ്, ബിൽഡിംഗ് പെർമിറ്റ് തുടങ്ങിയവ ഓൺലൈൻ മുഖേന ലഭ്യമാണ്. എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേന സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) പരിശോധിക്കുന്നതാണ്.

**ന്യൂനപക്ഷക്ഷേമ മേഖല കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി**

152 (2506) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വകുപ്പ് വഴിയുള്ള പദ്ധതികൾ നടപ്പാക്കുന്നതിനും മേഖലാ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) എങ്കിൽ ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലയായ മലപ്പുറത്ത് ഒരു മേഖലാ കേന്ദ്രം ആരംഭിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

**സെക്യൂരിറ്റി പ്ലെയ്സ്മെന്റ്, ഹോംനഴ്സിംഗ് സർവ്വീസ് എന്നിവ നടത്തുന്ന സ്ഥാപനങ്ങൾ**

153 (2507) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സെക്യൂരിറ്റി പ്ലെയ്സ്മെന്റ്, ഹോം നഴ്സിംഗ് സർവ്വീസ് എന്നിവ നടത്തുന്ന സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് പഞ്ചായത്ത് രാജ് ആക്ടിൽ നിലവിൽ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ ആയതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഇല്ല. എന്നാൽ ധാരാളം പുതിയ സംരംഭങ്ങളും സ്ഥാപനങ്ങളും ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിച്ചുവരികയും അവയ്ക്ക് ലൈസൻസ് നൽകാൻ കഴിയാതെ വരുന്നതുമായ സാഹചര്യത്തിൽ സെക്യൂരിറ്റി പ്ലേയ്സ്മെന്റ്, ഹോംനഴ്സിംഗ് സർവ്വീസ് എന്നിവ കൂടി ഉൾപ്പെടുത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം**

154 (2508) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ പ്രവർത്തനങ്ങളാണ് സർക്കാർ ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പണം ചെലവഴിക്കുന്നതിന് മുൻഗണനാ മേഖലകളായ കൃഷി, മൃഗസംരക്ഷണം, ജലവിഭവം തുടങ്ങിയ മേഖലകൾക്ക് എത്ര ശതമാനം തുക ചെലവാക്കാമെന്നാണ് നിലവിലുള്ള മാനദണ്ഡം; ഇതിൽ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) തനത് ഫണ്ട് തീരെ കുറഞ്ഞ കൃഷി മാത്രം അടിസ്ഥാനമാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്ന എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണയിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) നിലവിലെ പദ്ധതി ആസൂത്രണ മാനദണ്ഡങ്ങളുടെയും 22-6-2016 മുതലുള്ള സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, ഉല്പാദനമേഖലയുടെ സ്ഥായിയായ വളർച്ച, അടിസ്ഥാന സൗകര്യവികസനം, മാനവ വികസനം, പരിസ്ഥിതിയുടെയും പ്രകൃതി വിഭവങ്ങളുടെയും സംരക്ഷണം, സാമൂഹിക നീതി, ആസ്തിപരിപാലനം, സേവന പ്രദാന സംവിധാനത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുക തുടങ്ങിയവയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിൽ 20% തുക ഉല്പാദന മേഖലയ്ക്കും 10% തുക മാലിന്യ സംസ്കരണത്തിനും 5% തുക വയോജന സൗഹൃദ പദ്ധതികൾക്കായും 5%

തുക വികലാംഗർക്കായും കുട്ടികൾക്കായും വകയിരുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സ.ഉ.(സാധാ) നമ്പർ 2235/2016/ത.സ്വ.ഭ.വ. തീയതി 25-7-2016 പ്രകാരം കാർഷിക മേഖല, ശുചിത്വം എന്നീ മേഖലകളിൽ പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും, ഓപ്പൺ ഡെഫക്കേഷൻ ഫ്രീ ക്യാമ്പയിന്റെ പൂർത്തീകരണം ത്വരിതപ്പെടുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.* കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകി വരുന്ന വിവിധതരം ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി ഉയർത്തിയതിലൂടെ കൂടുതൽ പേർക്ക് പദ്ധതികളുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്. പഞ്ചായത്തുകളുടെ ശാക്തീകരണത്തിനായി സാംഖ്യ, സുലേഖ, സകർമ്മ, സചിത്ര, സ്ഥാപന തുടങ്ങിയ ഓൺലൈൻ സംവിധാനങ്ങളും ഇ-ടെണ്ടറിംഗ് എന്നീ സംവിധാനങ്ങളും നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ബി) 2016-17 വാർഷിക പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ ഉല്പാദന മേഖലയുടെ സ്ഥായിയായ വളർച്ചയ്ക്ക് മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 30-6-2016-ലെ സ.ഉ.(സാധാ) നമ്പർ 2037/2016/തസ്വഭവ പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ 20% തുക ഉല്പാദന മേഖലയ്ക്കും 10% തുക മാലിന്യ സംസ്കരണത്തിനും വകയിരുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇല്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യാസം മുഖേന നിയമനം**

155 (2509) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 4-7-2000-ത്തിലെ ഉത്തരവ് പ്രകാരം ഗ്രാമവികസന വകുപ്പിൽ നിന്ന് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യാസം മുഖേന നിയമനം നൽകുന്നതിന് എത്ര ക്ലാർക്ക് തസ്തികകളാണ് നീക്കിവച്ചിട്ടുള്ളതെന്നറിയിക്കാമോ;

(ബി) നിലവിൽ ഗ്രാമവികസന വകുപ്പിൽ നിന്നും എത്ര ക്ലാർക്ക്മാരെയാണ് പുനർവിന്യാസം മുഖേന വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് നിയമിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(സി) സർക്കാർ അനുവദിച്ചതിലും അധികം ക്ലാർക്കുമാരെ പുനർവിന്യാസം മുഖേന നിയമിച്ചിട്ടുണ്ടെങ്കിൽ അത് റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) 11 ക്ലാർക്ക് തസ്തികകളാണ് നീക്കിവച്ചിട്ടുള്ളത്.

(ബി) നിലവിൽ 9 ക്ലാർക്കുമാർ പുനർവിന്യാസം മുഖേന ജോലി ചെയ്യുന്നു. രണ്ട് പേരുടെ അപേക്ഷ ലഭ്യമായതിന്മേൽ നടപടി സ്വീകരിച്ചു വരികയാണ്.

(സി) ഗ്രാമവികസന വകുപ്പിൽ നിന്ന് അനുവദിച്ചതിലും അധികം ക്ലാർക്കുമാരെ പുനർവിന്യാസം മുഖേന നിയമിച്ചിട്ടില്ല.

## പഞ്ചായത്തുകളിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച്

156 (2510) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ സെക്രട്ടറി, അസി.സെക്രട്ടറി, അസി. എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം ഉണ്ടായിട്ടുള്ള ഭരണ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികകളിലെ നിലവിലുള്ള ഒഴിവുകളുടെ കണക്കുകൾ വിശദീകരിക്കാമോ;

(സി) പ്രോജക്ടുകൾക്ക് അംഗീകാരം നേടി നടപ്പാക്കേണ്ട സമയത്ത് തന്നെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭാവംമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ;

(ഡി) നിലവിൽ 11 ജില്ലകളിൽ ഡി.ഡി.പി.-മാരും 7 ജില്ലകളിൽ എ.ഡി.പി.- മാരും ഇല്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ നിയമിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) സെക്രട്ടറി തസ്തിക ഒഴിഞ്ഞുകിടക്കുന്ന ഗ്രാമപഞ്ചായത്തുകളിലെ പ്രവർത്തനങ്ങൾക്ക് തടസ്സം വരാതിരിക്കാൻ അസിസ്റ്റന്റ് സെക്രട്ടറിക്കോ ജൂനിയർ സൂപ്രണ്ടിനോ ഹെഡ് ക്ലാർക്കിനോ സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല നൽകി ഉത്തരവാകാറുണ്ട്. അതിനാൽ പ്രതിസന്ധി ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതുമൂലം പ്രതിസന്ധി ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒഴിവുകളുടെ എണ്ണം ചുവടെചേർക്കുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 178 |
| അസിസ്റ്റന്റ് സെക്രട്ടറി | 57 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 91 |
| ഒന്നാംതരം ഓവർസീയർ | 222 |
| രണ്ടാംതരം ഓവർസീയർ | 32 |
| മൂന്നാംതരം ഓവർസീയർ | 367 |

(സി) പഞ്ചായത്തുകളിൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നീ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം പ്രതിസന്ധി ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ, ഒന്നാംതരം ഓവർസീയർ, രണ്ടാംതരം ഓവർസീയർ എന്നീ തസ്തികകളുടെ എഴുത്തു പരീക്ഷ പി.എസ്.സി. നടത്തിയിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. മൂന്നാംതരം ഓവർസിയർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും എഴുത്തു പരീക്ഷ കഴിയാത്തതിനാൽ പി.എസ്.സി. ലിസ്റ്റ് നിലവിൽ വരാൻ കാലതാമസം ഉണ്ടാകുമെന്ന് കരുതുന്നു. ആയതിനാൽ മൂന്നാംതരം ഓവർസീയർമാരുടെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ ദിവസ വേതനാടിസ്ഥാനത്തിലോ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഡി.ഡി.പി. തസ്തികയിൽ ഒഴിവുകളുള്ള ജില്ലകളിൽ എ.ഡി.പി.-മാർക്കും, എ.ഡി.പി.-മാർ ഇല്ലാത്ത ജില്ലകളിൽ സീനിയറായ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്കും യഥാക്രമം ഡി.ഡി.പി., എ.ഡി.പി. തസ്തികകളുടെ പൂർണ്ണ അധിക ചുമതല നൽകി ഉത്തരവായിട്ടുണ്ട്. അപ്രകാരം ചുമതല നിർവ്വഹിച്ചുവരുന്നു. പഞ്ചായത്ത് വകുപ്പിലെ എല്ലാ വിഭാഗത്തിലും ഉൾപ്പെട്ട ജീവനക്കാരുടെ 2010-ൽ പ്രസിദ്ധീകരിച്ചിരുന്ന സീനിയോറിറ്റി ലിസ്റ്റുകൾ 2014-ൽ റദ്ദാക്കുകയും പുതിയ സീനിയോറിറ്റി ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ഇതുസംബന്ധിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിരുന്ന അപേക്ഷകളിൽ 2010-ലെയും 2014-ലെയും ലിസ്റ്റുകൾ റദ്ദാക്കിയിരുന്നു. തുടർന്ന് ഒ.പി. (120/2015), ഒ.പി. (കെ.എ.റ്റി) 144/15, 145/15 നമ്പർ ഹർജികളിൽ ബഹു. ഹൈക്കോടതിയുടെ

11-3-2016-ലെ വിധിന്യായത്തിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് അംഗീകരിച്ചിരുന്നു. ഈ വിധിന്യായത്തിനെതിരെ ബഹു. സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്യപ്പെട്ട 13785, 13786/2016 തുടങ്ങിയ എസ്.എൽ.പി.-കളിലെ 13-5-2016 തീയതിയിലെ ഇടക്കാല ഉത്തരവിൽ നിലവിലെ സ്ഥിതി തുടരുവാൻ ബഹു. സുപ്രീംകോടതി നിർദ്ദേശിച്ചിരിക്കുകയാണ്. ആയതിനാൽ വിവിധ തസ്തികകളിലെ ഒഴിവുകളിൽ പ്രൊമോഷൻ നടത്താൻ കഴിയാത്ത സ്ഥിതി വകുപ്പിൽ നിലനിൽക്കുകയാണ്.

**അങ്കണവാടി ജീവനക്കാരുടെ വർദ്ധിച്ച വേതനം**

157 (2511) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അങ്കണവാടികളിലെ വർക്കർ ഹെൽപ്പർമാരുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും പല പഞ്ചായത്തുകളും വേതന വർദ്ധനവ് നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർദ്ധിച്ച വേതനം നൽകാത്ത എത്രപഞ്ചായത്തുകൾ/മുൻസിപ്പാലിറ്റികൾ കാസർഗോഡ് ജില്ലയിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ; ഇവർക്ക് എപ്പോൾ ഉയർന്ന നിരക്കിൽ വേതനം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ അങ്കണവാടി വർക്കർ/ഹെൽപ്പർമാർക്ക് വർദ്ധിപ്പിച്ച വേതനം നൽകാത്ത 37 ഗ്രാമപഞ്ചായത്തുകളുണ്ട്. ഇതിൽ 27 ഗ്രാമ പഞ്ചായത്തുകൾ ഒക്ടോബർ മാസം മുതലും 3 ഗ്രാമപഞ്ചായത്തുകൾ നവംബർ മാസം മുതലും വർദ്ധിപ്പിച്ച വേതനം നൽകുമെന്ന് അറിയിച്ചിട്ടുണ്ട്. 4 ഗ്രാമപഞ്ചായത്തുകൾ ഫണ്ടിന്റെ ലഭ്യതക്കുറവ് കൊണ്ട് വർദ്ധിച്ച വേതനം നൽകിയിട്ടില്ല. കാസർഗോഡ് ജില്ലയിൽ 3 നഗരസഭകൾ വർദ്ധിപ്പിച്ച വേതനം നൽകിയിട്ടില്ല. ഒക്ടോബർ മാസത്തിൽ നൽകുവാൻ സാധിക്കുമെന്ന് കരുതുന്നതായി കാഞ്ഞങ്ങാട് നഗരസഭയും കൗൺസിൽ തീരുമാനിക്കുന്ന മുറയ്ക്ക് വേതനം വർദ്ധിപ്പിച്ച് നൽകുന്നതാണെന്ന് നീലേശ്വരം നഗരസഭയും അറിയിച്ചിട്ടുണ്ട്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ റിക്വിസിഷൻ സമർപ്പിക്കുന്ന മുറയ്ക്ക് വർദ്ധിപ്പിച്ച വേതനം അനുവദിക്കുന്നതാണെന്ന് കാസർഗോഡ് നഗരസഭയും അറിയിച്ചിട്ടുണ്ട്.

**ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്ക് വാഹനം വാങ്ങുന്നതിനുള്ള അനുമതി**

158 (2512) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ ഉപയോഗത്തിനായി വാഹനം വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇടുക്കി ജില്ലയിൽ ഏതൊക്കെ പഞ്ചായത്ത് പ്രസിഡന്റുമാർക്കാണ് വാഹനം വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ളത്;

(സി) അനുമതി നൽകുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഈ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഇടുക്കി ജില്ലയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ ഉപയോഗത്തിനായി വാഹനം വാങ്ങുന്നതിന് അനുമതി നൽകിയിട്ടില്ല.

(സി) ബാധകമല്ല.

**ലൈസൻസില്ലാത്ത അറവുശാലകൾ അടച്ചുപൂട്ടാൻ നടപടി**

159 (2513) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പലഭാഗങ്ങളിലും ലൈസൻസില്ലാതെയും വൃത്തിഹീനമായും ആട്, പോത്ത്, കോഴി എന്നിവയെ അറുത്ത് ഇറച്ചി വില്പന നടത്തുന്നുണ്ട് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ലൈസൻസില്ലാതെയും വൃത്തിഹീനമായും പ്രവർത്തിക്കുന്ന അറവുശാലകൾ അടച്ചുപൂട്ടുന്നതിന് നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് സർക്കാർ തലത്തിൽ രൂപീകരിച്ച സ്റ്റേറ്റ് കമ്മിറ്റി ഫോർ സ്ലോട്ടർഹൗസിന്റെ തീരുമാനമനുസരിച്ച് സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ അനധികൃതമായി പ്രവർത്തിക്കുന്ന അറവുകേന്ദ്രങ്ങൾ കണ്ടെത്തിയാൽ ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകി കേസ് രജിസ്റ്റർ ചെയ്യുന്നതിന് എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അനധികൃതമായി ഏതെങ്കിലും അറവുശാലകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവ അടിയന്തരമായി നിർത്തലാക്കുന്നതിന് എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ക്ഷേമപെൻഷനുകൾ**

160 (2514) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ഓണത്തിന് മുൻപായി എല്ലാവർക്കും ക്ഷേമപെൻഷനുകൾ കൃത്യമായി ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലഭ്യമായിട്ടില്ല എങ്കിൽ കാരണം വിശദമാക്കുമോ;

(സി) ക്ഷേമ പെൻഷനുകൾ കൃത്യമായി എത്തിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ഉത്തരവാദികൾക്ക് എതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓണത്തിനുമുൻപ് ചെറിയ ഒരു ഭാഗം ഗുണഭോക്താക്കൾക്ക് ക്ഷേമ പെൻഷൻ ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പെൻഷൻ ഡാറ്റാബേസിലെ വാർഡ് വിവരങ്ങളിലെ തെറ്റുകൾ മൂലവും ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ എതിർപ്പ് മൂലവും കുടുംബശ്രീ മുഖേന നടത്തിയ സർവ്വേ നടപടികൾ യഥാസമയം പൂർത്തിയാക്കാൻ സാധിക്കാത്തത് പെൻഷൻ വിതരണത്തിന് കാലതാമസം വരുത്തിയിരുന്നു. വാർഡ് വിവരങ്ങളിലെ തെറ്റുകൾ മൂലം ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ടും പ്രാഥമിക സഹകരണ ബാങ്കുകളുടെ സേവന പരിധിക്ക് പുറത്ത് വളരെ അകലെയുള്ള സ്ഥലങ്ങളിൽ പെൻഷൻ വിതരണം നടത്തേണ്ടി വന്നതു നിമിത്തവും ഒരു ചെറിയ വിഭാഗത്തിന് പെൻഷൻ വിതരണത്തിന് കാലതാമസമുണ്ടാക്കിയിരുന്നു.

(സി) 95 ശതമാനത്തിലധികം ഗുണഭോക്താക്കൾക്ക് ഓണത്തിന് മുൻപ് പെൻഷൻ വിതരണം നടത്തിയിരുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് ഗുണഭോക്താക്കളിൽ ചെറിയ ഒരു വിഭാഗത്തിന് ഒഴികെ മറ്റെല്ലാ പേർക്കും കൃത്യമായി വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. ആർക്കെതിരെയും നടപടികൾ സ്വീകരിച്ചിട്ടില്ല.

**ക്ഷേമപെൻഷനുകൾ**

161 (2515) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയുടെ കീഴിൽ വിവിധ ക്ഷേമപെൻഷനുകൾ എത്ര പേർക്കാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷേമപെൻഷനുകൾ വീട്ടുകളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം നഗരസഭയിൽ നിന്നും അർഹരായ എത്ര പേർക്ക് ക്ഷേമപെൻഷനുകൾ വീട്ടിൽ എത്തിച്ചു;

(സി) ഓണത്തിനുമുൻപ് പെൻഷൻ വീട്ടിൽ എത്തിക്കുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ കഴിയാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ശേഷിക്കുന്ന പെൻഷൻകാർക്ക് അടിയന്തരമായി പെൻഷൻ വിതരണം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരസഭയുടെ കീഴിൽ 57232 പേർക്കാണ് ക്ഷേമ പെൻഷനുകൾ അനുവദിച്ചിട്ടുള്ളത്.

(ബി) ക്ഷേമപെൻഷനുകൾ വീട്ടുകളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം നാളിതുവരെ 11920 പേർക്ക് പെൻഷൻ വീട്ടുകളിൽ എത്തിച്ചു.

(സി) ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള ഡാറ്റാബേസിലെ തെറ്റുകൾ, മരിച്ചുപോയ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരം മുതലായവ കണ്ടെത്തുക, പെൻഷൻ വീട്ടുകളിൽ എത്തിക്കുന്നത് സംബന്ധിച്ച ഗുണഭോക്താക്കളുടെ ഓപ്ഷൻ സ്വീകരിക്കുക എന്നിവ ലക്ഷ്യമാക്കി കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ സർവ്വേ നടത്തുകയും ഇപ്രകാരം ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പെൻഷൻ വീട്ടുകളിൽ എത്തിക്കുന്ന പദ്ധതി നടപ്പാക്കുകയുമാണ് ചെയ്തത്. എന്നാൽ ഗുണഭോക്താക്കളുടെ വാർഡ് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങളിലെ തെറ്റുകൾമൂലം ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാത്തതിനാലും ചില സ്ഥലങ്ങളിൽ ജനപ്രതിനിധികളുടെ

എതിർപ്പുമൂലം സർവ്വേ നടത്താൻ സാധിക്കാത്തതിനാലും സർവ്വേ നടപടികൾ യഥാസമയം പൂർത്തിയാക്കി പെൻഷൻ വിതരണം നടത്താൻ സാധിക്കാത്ത സാഹചര്യമുണ്ടായി. വാർഡ് വിവരങ്ങളിലെ തെറ്റുമൂലം പ്രാഥമിക സഹകരണ ബാങ്കുകളുടെ സേവന പരിധിക്ക് പുറത്ത് വളരെ അകലെയുള്ള സ്ഥലങ്ങളിൽ പെൻഷൻ വിതരണം നടത്തേണ്ടി വന്നതും ചില കേസുകളിൽ വിതരണം വൈകുന്നതിന് കാരണമായിട്ടുണ്ട്.

(ഡി) 95 ശതമാനത്തിലധികം ഗുണഭോക്താക്കൾക്കും പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. ശേഷിക്കുന്ന പെൻഷൻകാർക്ക് വിതരണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**തെരുവുനായ്ക്കളുടെ കടിയേറ്റ് മരണപ്പെട്ടവർ**

162(2516) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ആളുകൾ തെരുവുനായ്ക്കളുടെ കടിയേറ്റ് മരണപ്പെട്ടെന്നും എത്ര പേർക്ക് മാരകമായ പരിക്കുകൾ ഉണ്ടായിട്ടുണ്ടെന്നും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ജില്ല തിരിച്ച് വിവരിക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തെരുവുനായ്ക്കളുടെ ആക്രമണത്തിൽ 3 പേർ മരണപ്പെട്ടിട്ടുള്ളതായും 1936 പേർക്ക് പരിക്ക് പറ്റിയിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | മരണപ്പെട്ടവർ | പരിക്കേറ്റവർ |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 1 | 157 |
| കൊല്ലം | - | 180 |
| പത്തനംതിട്ട | 1 | 39 |
| ആലപ്പുഴ | - | 99 |
| കോട്ടയം | - | 38 |
| ഇടുക്കി | - | 6 |

| (1) | (2) | (3) |
| --- | --- | --- |
| എറണാകുളം | - | 218 |
| തൃശ്ശൂർ | - | 83 |
| പാലക്കാട് | - | 63 |
| മലപ്പുറം | - | 36 |
| കോഴിക്കോട് | 1 | 102 |
| വയനാട് | - | 31 |
| കണ്ണൂർ | - | 708 |
| കാസർഗോഡ് | - | 176 |
| ആകെ | 3 | 1936 |

**പൊഴിമുറിക്കുന്നതിന് സ്പെഷ്യൽഫണ്ട് അനുവദിക്കാൻ നടപടി**

163 (2517) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂർ പ്രദേശത്ത് കടൽവെള്ളം നദിവഴി കരയിൽ കയറുന്ന അവസരങ്ങളിൽ ഈ വെള്ളം തിരികെ കടലിൽ ഒഴുക്കുന്നതിലേയ്ക്കായി മണൽ മാറ്റാൻ (പൊഴിമുറിക്കുന്നതിനു) പഞ്ചായത്ത് അധികൃതർ ഫണ്ടിന്റെ പേരു പറഞ്ഞു ഒഴിഞ്ഞു മാറുന്നത് പരിഹരിക്കാൻ പഞ്ചായത്തിനു സ്പെഷ്യൽ ഫണ്ട് അനുവദിക്കുമോ?

ഉത്തരം

കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂർ പ്രദേശത്ത് അടിക്കടി ഉണ്ടാകുന്ന പൊഴികയറ്റത്തിന്റെ ഭാഗമായി പൊഴി മുറിച്ചുമാറ്റുന്നതിന് ഭീമമായ തുക പഞ്ചായത്തിൽ നിന്നും ചെലവഴിക്കേണ്ട സാഹചര്യത്തിൽ ജില്ലാ കളക്ടർ തലത്തിൽ ആയത് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

**തദ്ദേശസ്ഥാപനങ്ങളിലെ അംഗങ്ങളുടെ ഓണറേറിയം**

164 (2518) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങളിലെ അംഗങ്ങളുടെ ഓണറേറിയം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ എന്നു മുതലായിരുന്നു വർദ്ധിച്ച ഓണറേറിയം പ്രഖ്യാപിച്ചത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഇതുസംബന്ധിച്ച തീരുമാനം എടുത്തിരുന്നോ;

(സി) ഇപ്പോൾ നടപ്പിലാക്കുന്ന വർദ്ധനവിലൂടെ എത്ര കോടി രൂപയുടെ അധിക ബാധ്യത പ്രതിവർഷം ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും ഏതു ഫണ്ടിൽ നിന്നാണ് ഈ തുക കണ്ടെത്തുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 10-8-2016-ലെ സ.ഉ. (അച്ചടി) നമ്പർ 30/2016/തസ്വഭവ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയം 1-7-2016 മുതൽ മുൻകാല പ്രാബല്യത്തോടെ വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 2-3-2016-ലെ മന്ത്രിസഭായോഗം ഓണറേറിയം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല.

(സി) ഓണറേറിയം വർദ്ധനവിലൂടെ ഗ്രാമപഞ്ചായത്തുകൾക്ക് 77,62,16,400 രൂപയും ജില്ലാ പഞ്ചായത്തുകൾക്ക് 1,87,39,200 രൂപയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10,92,12,000 രൂപയുടെയും കേരളത്തിലെ മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും കൂടി പ്രതിവർഷം 20,54,80,800 രൂപയുടെയും അധിക ബാധ്യത ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ത്രിതല പഞ്ചായത്തുകളുടെയും നഗരസഭകളുടെയും തനത് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട് എന്നിവയിൽ നിന്നുമാണ് ഇതിനാവശ്യമായ തുക കണ്ടെത്തുന്നത്.

**ഗ്രാമപഞ്ചായത്തുകളിൽ സേവനം അനുഷ്ഠിക്കുന്ന ഡ്രൈവർമാർ**

165 (2519) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ 10 വർഷത്തിലധികമായി ഡ്രൈവറായി സേവനം അനുഷ്ഠിക്കുന്നവർ നിലവിലുണ്ടോ; ഇവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഗ്രാമപഞ്ചായത്തുകളിൽ 10 വർഷത്തിലധികമായി ഡ്രൈവറായി സേവനം അനുഷ്ഠിച്ചുവരുന്നവരെ സ്ഥിരപ്പെടുത്തണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവരെ സ്ഥിരപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു പരിഗണനയിലുണ്ടോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**തദ്ദേശഭരണസ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ**

166 (2520) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ ഭരണസ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ നൽകുവാനുള്ള പദ്ധതി ഏതു ഘട്ടത്തിലാണ്;

(ബി) ഇക്കാര്യത്തിൽ അടിയന്തരമായി അനുകൂല തീരുമാനം കൈക്കൊള്ളുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

**പ്രധാനമന്ത്രിയുടെ ഭവന നിർമ്മാണ പദ്ധതി (PMAY)**

167 (2521) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ വീടില്ലാത്തവർക്ക് വീട് നിർമ്മിക്കുവാനുള്ള പ്രധാനമന്ത്രിയുടെ ഭവനനിർമ്മാണ പദ്ധതി (PMAY) പ്രകാരം 2015, 2016 വർഷങ്ങളിൽ എത്ര വീടുകളുടെ നിർമ്മാണം ഏറ്റെടുത്തു; അവയിൽ എത്രയെണ്ണം പൂർത്തിയാക്കി;

(ബി) ഈ പദ്ധതിക്ക് ഈ വർഷം എത്ര കോടി രൂപ കേന്ദ്രം അനുവദിക്കുകയുണ്ടായി;

(സി) ഈ പദ്ധതിപ്രകാരം ഓരോ വീടിനും കേന്ദ്രവിഹിതം, സംസ്ഥാനവിഹിതം, നഗരസഭാവിഹിതം, ഗുണഭോക്തൃ വിഹിതം എന്നിവ എത്രയാണ്;

(ഡി) എത്ര ചതുരശ്ര വിസ്തീർണ്ണമുള്ള വീടുകളാണ് ഈ പദ്ധതിയിൽ നിർമ്മിക്കാവുന്നത്;

(ഇ) കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്ത് നിർമ്മിക്കുന്ന വീടുകളുടെ വിസ്തീർണ്ണം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; അതിനുള്ള അധികസഹായം കേന്ദ്രത്തിൽ നിന്നും ലഭിക്കുമോ;

(എഫ്) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വീടില്ലാത്തവർക്കായുള്ള പുതിയ ഭവന നിർമ്മാണ പദ്ധതി ഈ പദ്ധതിയുമായി ബന്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം 2016-17 കാലയളവിൽ 8382 ഭവനങ്ങളുടെ നിർമ്മാണത്തിനും 917 ഭവന വിപുലീകരണത്തിനും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം പുരോഗമിച്ചുവരുന്നു. ഒരു ഭവനവും പൂർത്തീകരിച്ചിട്ടില്ല.

(ബി) 131.36 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) പദ്ധതിയിലെ നാലാമത്തെ ഘടകമായ വ്യക്തിഗത ഭവന നിർമ്മാണത്തിന് കേന്ദ്രവിഹിതം 1.5 ലക്ഷം രൂപയും സംസ്ഥാന വിഹിതം 0.5 ലക്ഷം രൂപയും നഗരസഭാ വിഹിതം 0.5 ലക്ഷം രൂപയും ഗുണഭോക്തൃവിഹിതം 0.5 ലക്ഷം രൂപയും ഉൾപ്പെടെ 3 ലക്ഷം രൂപയാണ് ഭവനത്തിന്റെ യൂണിറ്റ് കോസ്റ്റ്.

(ഡി&ഇ) 30 ച. മീ. അധികരിക്കാതെ ഭവനം നിർമ്മിക്കാൻ മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നു. എന്നാൽ സംസ്ഥാനത്തിന്റെ അഭ്യർത്ഥന മാനിച്ച് 30 ച. മീ. അധികരിക്കാൻ അനുവാദം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ അനുവദിക്കുമ്പോൾ ആയതിനുവേണ്ടിവരുന്ന അധികതുക ബന്ധപ്പെട്ട ഗുണഭോക്താവ് കണ്ടെത്തേണ്ടതായിട്ടുണ്ട്.

(എഫ്) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള LIFE പദ്ധതിയുമായി പി.എം.എ.വൈ. ബന്ധിപ്പിക്കുന്നതാണ്. പി.എം.എ.വൈ. പദ്ധതിയിൽ വസ്തു വാങ്ങുന്നതിനോ ലഭ്യമാക്കുന്നതിനോ ധനസഹായമില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ പദ്ധതി വഴി ലഭ്യമാകുന്ന സ്ഥലങ്ങളിൽ പി.എം.എ.വൈ. ആനുകൂല്യം വച്ച് ഭവന നിർമ്മാണം നടത്താവുന്നതാണ്.

**ഗ്രാമീണ പദ്ധതികൾ**

168 (2522) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഗ്രാമീണ പദ്ധതികളുടെ വികസനത്തിനായി സംസ്ഥാനത്തിന് എന്തെങ്കിലും കേന്ദ്രസഹായം ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര തുക കേന്ദ്ര സഹായമായി ലഭ്യമായിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(സി) ഈ തുക സംസ്ഥാനത്ത് ഏതൊക്കെ പദ്ധതികൾക്കായി വിനിയോഗിക്കുമെന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഗ്രാമീണ റോഡ് വികസനത്തിനായി പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പ്രകാരം സംസ്ഥാനത്തിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.

(ബി) പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പ്രകാരം സംസ്ഥാനത്തിന് 1074.772 കോടി രൂപ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.

(സി) ഈ തുക സംസ്ഥാനത്തെ ഗ്രാമീണ റോഡുകളുടെ വികസനത്തിനായി കേന്ദ്ര സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പി.എം.ജി.എസ്.വൈ. പദ്ധതിക്കാണ് വിനിയോഗിക്കുന്നത്.

**വ്യവസായ വാണിജ്യ സമുച്ചയങ്ങളിലെ വാഹന പാർക്കിംഗ്**

169 (2523) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ ചട്ടമനുസരിച്ച് നഗര/ഗ്രാമ പ്രദേശങ്ങളിൽ നിർമ്മിക്കുന്ന വ്യവസായ വാണിജ്യ സമുച്ചയങ്ങൾക്ക് വാഹന പാർക്കിംഗ് സംവിധാനം ആവശ്യമാണെന്ന് അനുശാസിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇങ്ങനെ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളിലെ പാർക്കിംഗ് ഏരിയകളിൽ വാഹന പാർക്കിംഗ് ഫീസ് പിരിക്കുന്നത് നിയമവിധേയമാണോ; അല്ലെങ്കിൽ സർക്കാരിന്റെ പ്രത്യേകാനുമതി ലഭിച്ചതുകൊണ്ടാണോ ഇത്തരത്തിലുള്ള ഫീസ് പിരിവുള്ളത് എന്നു വിശദീകരിക്കുമോ;

(സി) ഇപ്രകാരം പാർക്കിംഗ് ഫീസ് പിരിക്കുന്നതുമായി ബന്ധപ്പെട്ട് വ്യവസായ വാണിജ്യ സമുച്ചയങ്ങൾക്കെതിരെ പരാതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 38 (പാർക്കിംഗിനും, കയറ്റിറക്കിനുമുള്ള സ്ഥലങ്ങൾ)-ൽ ടേബിൾ 4 (ബി), കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 34 ടേബിൾ 5.2 എന്നിവ

പ്രകാരം ഗ്രൂപ്പ് എഫ്-ലെ വാണിജ്യ/കച്ചവട കെട്ടിടങ്ങൾക്ക് മൊത്തം കാർപ്പെറ്റ് വിസ്തീർണ്ണം 1000 ച.മീറ്റർ വരെയാണെങ്കിൽ 75 ച. മീറ്ററും മൊത്തം കാർപ്പെറ്റ് വിസ്തീർണ്ണം 1000 ച. മീറ്ററിൽ കവിഞ്ഞുള്ളതിൽ കാർപ്പെറ്റ് വിസ്തീർണ്ണത്തിന്റെ 50 ച. മീറ്ററും പാർക്കിംഗ് സ്ഥലം ഏർപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനുപുറമെ തറ വിസ്തീർണ്ണത്തിന്റെ ആദ്യ 700 ച. മീ. കവിഞ്ഞുള്ള ഓരോ 1000 ച. മീറ്ററിനും അതിന്റെ ഭാഗത്തിനും ഓരോ 30 ച. മീ. കയറ്റിറക്ക സ്ഥലം എന്ന തോതിൽ പ്ലോട്ടിനുള്ളിൽ തന്നെ ഏർപ്പെടുത്തേണ്ടതാണ്. കൂടാതെ പാർക്കിംഗിനു വേണ്ടി, ഓരോ കെട്ടിടത്തിനും, അല്ലെങ്കിൽ ഓരോ നിലയ്ക്കും, യുക്തമായ ചരിവും മതിയായ വീതിയും ഉറപ്പുമുള്ള റാമ്പ്, അല്ലെങ്കിൽ മതിയായ വലിപ്പത്തിലും ഉറപ്പുമുള്ള ലിഫ്റ്റ്, അല്ലെങ്കിൽ രണ്ടും കൂടി സ്ഥാപിക്കേണ്ടതാണെന്നും ഈ ചട്ടങ്ങൾ പ്രകാരം ആവശ്യമായ വ്യവസ്ഥാപിത തെരുവ് വിട്ടുള്ള കാർപാർക്കിംഗ് സ്ഥലത്തിൽ നിന്നും, യന്ത്രവൽകൃത പാർക്കിംഗിനായി, എല്ലാ സമയവും യന്ത്രവൽകൃത വാഹന പാർക്കിംഗ് സംവിധാനത്തിന്റെ പ്രവർത്തനങ്ങൾക്ക്, ഉടമസ്ഥൻ, അല്ലെങ്കിൽ കൈവശക്കാരൻ, ആ സംവിധാനത്തിന്റെ ശരിയായ സുരക്ഷയും നിർമ്മാണ ദൃഢതയും ഉറപ്പുവരുത്തേണ്ടതാണെന്ന നിബന്ധനയിന്മേൽ, പരമാവധി അമ്പതു ശതമാനം സ്ഥലം ഉപയോഗിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്യുന്നു.

(ബി) ഇപ്രകാരം കെട്ടിടങ്ങളുടെ ഭാഗമായ പാർക്കിംഗ് സ്ഥലത്ത് പാർക്ക് ചെയ്യുന്ന വാഹന ഉടമകളിൽനിന്നും പാർക്കിംഗ് ഫീസ് ഈടാക്കുന്നത് നിയമ വിധേയമായിട്ടുള്ളതായി കാണുന്നില്ല.

(സി) ഇത്തരത്തിലുള്ള പരാതികളൊന്നും ഈ വകുപ്പിൽ ലഭിച്ചിട്ടില്ല.

**കെട്ടിട നിർമ്മാണ അപേക്ഷകൾ**

170 (2524) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രേഖകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിലെ വാണിജ്യ കെട്ടിട നിർമ്മാണ അപേക്ഷകൾക്ക് കോടതിയിൽ നിന്നും ലഭിക്കുന്ന പുനപരിശോധന ഉത്തരവിന്റെ മറവിൽ തദ്ദേശ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ അന്യായമായി അനുമതി നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 3 മുതൽ 6 സെന്റ് വരെയുള്ള ഗാർഹിക അപേക്ഷകളും ഈ മാതൃകയിൽ പുനഃപരിശോധിച്ച് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകാൻ കഴിയുമോ; വ്യക്തമാക്കുമോ;

(സി) ഇത്തരം സ്ഥലങ്ങളിൽ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തദ്ദേശ സ്ഥാപനങ്ങളിൽ സൂക്ഷിക്കാറുണ്ടോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഉണ്ട്.

**സദ്ഭാവന മണ്ഡപങ്ങൾ**

171 (2525) <u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷങ്ങൾ കൂടുതലായി താമസിക്കുന്ന പ്രദേശങ്ങളിൽ പ്രത്യേക കമ്മ്യൂണിറ്റി സെന്ററുകൾ തുടങ്ങുവാനുള്ള കേന്ദ്രപദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് എത്ര 'സദ്ഭാവന' മണ്ഡപങ്ങൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇതിനായി എവിടെയൊക്കെയാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളത്; ഈ പദ്ധതിക്കായി എത്ര തുക കേന്ദ്രം അനുവദിച്ചു?

<u>ഉത്തരം</u>

(എ&ബി) സദ്ഭാവനാ മണ്ഡപങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശങ്ങൾ ഒന്നുംതന്നെ കേന്ദ്രസർക്കാരിൽ നിന്നും വകുപ്പിന് ലഭിച്ചിട്ടില്ല.

**ന്യൂനപക്ഷ ക്ഷേമപദ്ധതികൾ**

172 (2526) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :
<u>ശ്രീ. പി. കെ. ബഷീർ</u> :
<u>ശ്രീ. മഞ്ഞളാംകുഴി അലി</u> :
<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസഹായത്തോടെ സംസ്ഥാനത്തു നടപ്പാക്കേണ്ട ന്യൂനപക്ഷ ക്ഷേമപദ്ധതികൾ സ്തംഭനാവസ്ഥയിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ന്യൂനപക്ഷ ക്ഷേമത്തിനായി കേന്ദ്രസഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കി വന്നിരുന്ന പദ്ധതികളുടെ വിശദവിവരം നൽകാമോ;

(സി) പ്രസ്തുത പദ്ധതികളുടെ തുടർ നടത്തിപ്പിനുള്ള ഫണ്ട് കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ടി പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിലെ ബ്ലോക്ക് ലെവൽ കമ്മിറ്റികൾ (BLC) ആ പ്രദേശത്തെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകളുടെ സഹായത്തോടെ തയ്യാറാക്കുന്ന പദ്ധതികൾ ജില്ലാതല കമ്മിറ്റിയുടെ (DLC) അംഗീകാരത്തോടുകൂടി വകുപ്പ് മുഖാന്തരം കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് 12-ാം പദ്ധതിയിൽ വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ ഒന്നാം ഘട്ടമായി 2430.04 ലക്ഷം രൂപയുടെ പദ്ധതികൾക്കും രണ്ടാം ഘട്ടമായി 1766.07 ലക്ഷം രൂപയുടെ പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ ഒന്നാം ഘട്ട പദ്ധതികളിൽ കേന്ദ്ര വിഹിതമായി ലഭിക്കേണ്ട മുഴുവൻ തുകയും (1815.04 ലക്ഷം രൂപ), രണ്ടാം ഘട്ടമായി അംഗീകരിക്കപ്പെട്ട പദ്ധതികളിൽ കേന്ദ്ര വിഹിതമായി ലഭിക്കേണ്ട തുകയുടെ 50% തുകയും (645.36 ലക്ഷം രൂപ) ഇതിനകം ലഭിച്ചിട്ടുണ്ട്. കൂടാതെ ടി പദ്ധതിയിലെ കുടിവെള്ള വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് 733.96 ലക്ഷം രൂപയുടെ പദ്ധതികൾ അംഗീകരിച്ചതിൽ കേന്ദ്ര വിഹിതമായി ലഭിക്കേണ്ടുന്ന തുകയുടെ 50% തുക (183.49 ലക്ഷം രൂപ) കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

**പയ്യന്നൂർ ഗവ. ഹൈസ്കൂൾ പരിശീലന കേന്ദ്രത്തിന് സ്വന്തമായി കെട്ടിടം**

173 (2527) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ പയ്യന്നൂർ എ.കെ.എ.എസ്.ജി.വി.എച്ച്.എസ്. സ്കൂളിൽ പ്രവർത്തിച്ചു വരുന്ന ന്യൂനപക്ഷ ക്ഷേമ വകുപ്പിനു കീഴിലുള്ള പരിശീലന കേന്ദ്രത്തിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ കെട്ടിടം പണിയുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ചരക്ക് ഗതാഗതം**

174 (2528) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചരക്ക് ഗതാഗതം തീരക്കടലിലൂടെയും കനാലുകളിലൂടെയും ആക്കി മാറ്റുന്നതിന് ഗവൺമെന്റ് ലക്ഷ്യമിട്ടിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ചരക്ക് ഗതാഗതത്തിന്റെ എത്ര ശതമാനമാണ് ഈ രീതിയിൽ മാറ്റുവാനുദ്ദേശിക്കുന്നത്, വിവരിക്കുമോ;

(സി) ഇതിനായി ഏതെല്ലാം തുറമുഖങ്ങളെയാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) ഈ തുറമുഖങ്ങളിൽ ചരക്ക് ഗതാഗതത്തിന് ഏന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കേണ്ടത്;

(ഇ) ഇതിനായി എത്രകോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്തെ തീരദേശ വികസനം ലക്ഷ്യം വച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കിവരുന്നത്. നിലവിൽ വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, പൊന്നാനി, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളെ കടൽമാർഗ്ഗം ബന്ധിപ്പിച്ച് തീരദേശ കപ്പൽഗതാഗതം നടപ്പിലാക്കാനാണ് തുറമുഖ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നത്. ചരക്കുകൾ ഉൾനാടൻ ജലപാത വഴി കൈകാര്യം ചെയ്യുന്നതിന്റെ ഭാഗമായാണ് കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നത്. കടലിൽ നിന്ന് ഉൾനാടൻ ജലപാതയിലേയ്ക്ക് പ്രവേശനം നടത്താവുന്ന കൊടുങ്ങല്ലൂർ തുറമുഖത്ത് റിവർ/സീ ടെർമിനൽ മോഡലിലുള്ള നിർമ്മാണമാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) സംസ്ഥാന സർക്കാരിനുവേണ്ടി തീരദേശ കപ്പൽ ഗതാഗത പദ്ധതിയെ കുറിച്ച് പഠിച്ച മെസേഴ്സ്. ഡിലോയിറ്റ് സമർപ്പിച്ച രൂപരേഖ പ്രകാരം ഇപ്പോൾ റോഡ്/റെയിൽ മാർഗ്ഗം നീക്കം ചെയ്യുന്ന ചരക്കുകളുടെ 40%, 2020 വർഷത്തോടെ തീരദേശകപ്പൽ ഗതാഗതം വഴി നീക്കം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) തീരദേശ കപ്പൽ ഗതാഗതത്തിനായി വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, പൊന്നാനി, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളെ പ്രയോജനപ്പെടുത്തുവാനാണ് തുറമുഖ വകുപ്പ് ഉദ്ദേശിക്കുന്നത്.

(ഡി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി ചെറുകിട തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ ബേസിൻ, വാർഫ് എന്നിവ ലഭ്യമാണ്. തുറമുഖങ്ങളിലെ ചാനലിന്റെയും ബേസിന്റേയും ആഴം കൂട്ടുന്നതിനായി 29 കോടി രൂപ മുതൽ മുടക്കിൽ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ബേപ്പൂർ, അഴീക്കൽ, കൊല്ലം തുറമുഖങ്ങളിൽ ക്രെയിൻ വാങ്ങിയിട്ടുണ്ട്. കണ്ടെയ്നർ നീക്കം ചെയ്യുന്നതിനും അടുക്കിവയ്ക്കുന്നതിനുമായി ഒരു കണ്ടെയ്നർ ഫോർക്ക് ലിഫ്റ്റ്, കൊല്ലം തുറമുഖത്ത് ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം, അഴീക്കൽ, വിഴിഞ്ഞം, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ റീച്ച് സ്റ്റാക്കറും വാങ്ങിയിട്ടുണ്ട്. കപ്പൽ വാർഫിൽ അടുപ്പിക്കുന്നതിനും വലിച്ചുമാറ്റുന്നതിനുമായി കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ ടഗ്ഗുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഇ.ഡി.ഐ. സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായി കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ, അഴീക്കൽ തുറമുഖങ്ങളിൽ ഗോഡൗണുകൾ നിർമ്മിക്കുന്നുണ്ട്.

(ഇ) തീരദേശ കപ്പൽ ഗതാഗതത്തിനായി ബഡ്ജറ്റിൽ 4,68,00,000 (നാല് കോടി അറുപത്തിയെട്ട് ലക്ഷം രൂപ മാത്രം) രൂപയും മൊത്തം തുറമുഖ വികസനത്തിനായി 108 കോടി രൂപയും ഈ വർഷം വകയിരുത്തിയിട്ടുണ്ട്. കൂടാതെ അഴീക്കൽ തുറമുഖ വികസനത്തിന് 500 കോടി രൂപ ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

**തീരദേശ കപ്പൽ സർവ്വീസ്**

175 (2529) <u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ കപ്പൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ, വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിയനുസരിച്ച് കൈവരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്;

(സി) സർവ്വീസ് നടത്തുന്ന കപ്പലുകൾക്ക് എന്തെല്ലാം ഇൻസെന്റീവുകളാണ് അനുവദിച്ചിട്ടുള്ളത്, വിവരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കൊല്ലം തുറമുഖത്ത് 9-11-2013-ന് നടത്തുകയുണ്ടായി. ആദ്യഘട്ടത്തിൽ കൊല്ലം, വിഴിഞ്ഞം, ബേപ്പൂർ, കൊടുങ്ങല്ലൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ കൂടിയാണ് ചരക്ക് ഗതാഗതം നടത്താൻ തീരുമാനിച്ചിട്ടുള്ളത്. ഈ പദ്ധതി വടക്കൻ കേരളത്തിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 30-10-2014-ന് അഴീക്കൽ പോർട്ടിലും കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ ഭാഗമായുള്ള കണ്ടെയ്നറുകളുടേയും ചരക്കുകളുടെയും ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. ഘട്ടംഘട്ടമായി ഈ പദ്ധതി വിഴിഞ്ഞം, ബേപ്പൂർ, കൊടുങ്ങല്ലൂർ തുറമുഖങ്ങളിലേയ്ക്ക് വ്യാപിക്കുന്നതാണ്.

(ബി) സംസ്ഥാനത്തെ തീരദേശ വികസനം ലക്ഷ്യം വച്ചുകൊണ്ടാണ് സർക്കാർ തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കിവരുന്നത്. നിലവിൽ റോഡ്/ റെയിൽ മാർഗ്ഗം നീങ്ങുന്ന ചരക്കുകളേയും, യാത്രക്കാരേയും താരതമ്യേന ചെലവ് കുറഞ്ഞതും പാരിസ്ഥിതിക സൗഹാർദ്ദവുമായ ജലഗതാഗത മേഖലയിലേയ്ക്ക് ആകർഷിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിൽ റോഡ്/റെയിൽ മാർഗ്ഗം നീക്കം ചെയ്യുന്ന ചരക്കിന്റെ 40% 2020 ഓടെയും, 50% 2030 ഓടെയും തീരദേശ കപ്പൽ ഗതാഗതം വഴിയാക്കുക എന്നതാണ് പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യ ലക്ഷ്യം.

(സി) തീരദേശ കപ്പൽ ഗതാഗതം വർദ്ധിപ്പിക്കുന്നതിനായി Rs.1/tonne/Km എന്ന നിരക്കിൽ സർക്കാർ ഇൻസെന്റീവ് അനുവദിച്ച് വരുന്നുണ്ട്. കൂടാതെ സർക്കാർ നിയന്ത്രണത്തിലുള്ള ചെറുകിട തുറമുഖങ്ങളിൽ തീരദേശ ചരക്കുകൾ കൈകാര്യം ചെയ്യുന്നതിന് ഈടാക്കുന്ന ഹാൻഡിലിംഗ് ചാർജ്ജിൽ 50% ഇളവ് നൽകിയിട്ടുണ്ട്.

**നാട്ടകം പോർട്ട്**

176 (2530) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാട്ടകം പോർട്ടിന്റെ നിർമ്മാണപ്രവർത്തനത്തിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കോട്ടയം ജില്ലയിലെ നാട്ടകം തുറമുഖം സ്വകാര്യ തുറമുഖമായാണ് വികസിപ്പിച്ചത്. ടി തുറമുഖം 2013-ൽ പ്രവർത്തനം ആരംഭിച്ചു. തുറമുഖത്തിന്റെ 49% ഓഹരി കിൻഫ്രയ്ക്കാണ്.

## വിഴിഞ്ഞം രാജ്യാന്തര തുറമുഖം

177 (2531) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിന്റെ ആദ്യ ഘട്ടം എന്ന് 'കമ്മിഷൻ' ചെയ്യുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദ വിവരം നൽകുമോ;

(ബി) കുളച്ചൽ തുറമുഖ പദ്ധതി വിഴിഞ്ഞത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും മറ്റും പ്രതിബന്ധമാണെന്ന മാദ്ധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാരിന് ആശങ്കയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) കരാർ പ്രകാരം വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യഘട്ട പ്രവർത്തനം (കമ്മിഷണിംഗ്) തുടങ്ങാൻ അനുവദിച്ചിട്ടുള്ള കാലയളവ് നാല് വർഷമാണ് (1465 ദിവസം). അതനുസരിച്ച് 2019 ഡിസംബർ 5-ാം തീയതി പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം തുടങ്ങാനാണുദ്ദേശിക്കുന്നത്. അനുവദിച്ചിട്ടുള്ള നിർമ്മാണ കാലയളവ് നാല് വർഷമെന്നിരിക്കെ പദ്ധതിയുടെ ഡെവലപ്പേഴ്സായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (കൺസഷണയർ) പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കാനായി ഒരു ആയിരം ദിന ഉത്സുക കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്.

(ബി) 2016 ജൂലൈ 5-ാം തീയതി കേന്ദ്ര സർക്കാരിന്റെ പ്രസ് ഇൻഫർമേഷൻ ബ്യൂറോ പുറത്തിറക്കിയ കേന്ദ്ര മന്ത്രിസഭ തീരുമാനം വിശദമാക്കിയിട്ടുള്ള കുറിപ്പ് പ്രകാരം കുളച്ചലിന് അടുത്തുള്ള ഇനയം തുറമുഖ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭയുടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചതായി മനസ്സിലാക്കുന്നു. വിഴിഞ്ഞം തീരത്ത് നിന്ന് കേവലം 30 കിലോമീറ്റർ ദൂരത്തുള്ള ഇനയം തുറമുഖത്തിന്റെ ആവിർഭാവം തുറമുഖങ്ങൾ തമ്മിലുള്ള ശക്തമായ മത്സരത്തിന് വഴി ഒരുക്കിയേക്കാം. ഇത് 2 പദ്ധതികളുടെയും സാമ്പത്തികമായ സാധ്യതകളെ (Financial viability) സാരമായി ബാധിക്കാനും സാധ്യതയുണ്ട്. ഇതിൽ സർക്കാരിനു ആശങ്കയുണ്ട്. ഇനയം തുറമുഖം യാഥാർത്ഥ്യമായാൽ വിഴിഞ്ഞം തുറമുഖത്തിന്റെ സാമ്പത്തിക സാധ്യതകളിലെ ഇടിവും സംസ്ഥാനത്തിന്റെ ആശങ്കകളും ചൂണ്ടിക്കാട്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തുറമുഖ വകുപ്പ് മന്ത്രിയായ ഞാനും ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ നേരിൽ കണ്ട് സംസ്ഥാനത്തിന്റെ ആശങ്ക അറിയിക്കുകയും വിഴിഞ്ഞത്തിന് ആവശ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

## മാന്വൽ ഡ്രഡ്ജിംഗിലൂടെ എടുത്ത മണൽ വിതരണം ചെയ്യുന്നതിലെ ക്രമക്കേടുകൾ

178 (2532) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ പോർട്ടിൽ നിന്നും മാനവൽ ഡ്രഡ്ജിങ്ങിലൂടെ എടുത്ത മണൽ വിതരണം ചെയ്യുന്നതിൽ വൻ ക്രമക്കേടുകൾ നടക്കുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബേപ്പൂർ തുറമുഖത്തെ കരുവൻ തുരുത്തി പെരവന്മാട് കടവിൽ ബി1, ബി4 എന്നീ കടവുകളാണ് പ്രവർത്തിച്ചുവരുന്നത്. മേൽ സോണുകൾ ഉൾപ്പെടെ മാന്വൽ ഡ്രെഡ്ജിംഗ് അനുമതി നൽകപ്പെട്ട നാല് സോണുകളിലും ദിവസേനയുള്ള പരിശോധനക്കായി ജീവനക്കാരെ നിയോഗിച്ചുവരുന്നുണ്ട്. കൂടാതെ ബേപ്പൂർ തുറമുഖത്ത് നിലവിൽ മാന്വൽ ഡ്രഡ്ജിംഗിന് ഹൈ സെക്യൂരിറ്റി വാഹന പാസുകൾ ഓൺലൈൻ മുഖേനയാണ് നൽകിവരുന്നത്. ബി1, ബി4 എന്നീ കടവുകളിൽ ത്വരിത പരിശോധന നടത്തിയതിൽ പരാതിയിൽ ആരോപിക്കപ്പെട്ട കാര്യങ്ങൾ ഒന്നുംതന്നെ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. കൂടാതെ മേൽ കടവുകളിൽ ദിവസേനയുള്ള പരിശോധന കർശനമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മത്സ്യേതര തുറമുഖങ്ങളുടെ വികസനം

179 (2533) ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യേതര തുറമുഖങ്ങളുടെ വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിവരിക്കുമോ;

(ബി) ചരക്ക് ഗതാഗതവും, ചരക്ക് കപ്പൽ സർവ്വീസും പരിപോഷിപ്പിക്കുന്നതിന് തുറമുഖങ്ങളെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിരിക്കുന്നത്, വിവരിക്കുമോ?

<u>ഉത്തരം</u>

(എ) കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ടുമെന്റിന് ഇ.ഡി.ഐ. സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീവേഡ് വാർഫിന്റെ നീളം കൂട്ടൽ, കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനൽ നിർമ്മാണം, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ, കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം എന്നിവ വിവിധ ഘട്ടത്തിലാണ്.

(ബി) തുറമുഖങ്ങൾ വഴി തിരിച്ച് വിടുന്ന ചരക്കുകൾക്ക് കേരള തീരത്ത് 1 രൂപ/കി.മി./മെ.ടൺ എന്ന തോതിലും യാത്രക്കാർക്ക് 1 രൂപ/യാത്രക്കാർ/കി.മീ. എന്ന തോതിലും ഇൻസെന്റീവ് നൽകുന്നതിനുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ഇത് 2017 ഫെബ്രുവരിയിൽ അവസാനിക്കും. ഇത് കൂടാതെ KSMDCL മുഖേന തുറമുഖ വകുപ്പ് കേരള തീരത്ത് കണ്ടെയ്നർ കപ്പൽ സർവ്വീസ് നടത്തിയിരുന്നു. കേരള തീരത്ത് സർവ്വീസ് നടത്തുന്നതിനായി 2 ചെറിയ യാത്രാ കപ്പലുകൾ വിദേശത്തുനിന്നും വരുത്തി ആയവ സർവ്വെ നടത്തി രജിസ്റ്റർ ചെയ്യുന്നതിന് സ്വകാര്യ കമ്പനി നടപടി സ്വീകരിക്കുന്നു.

(സി) ഈ സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ 108 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ അഴീക്കൽ തുറമുഖ വികസനത്തിനായി 500 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. കൂടാതെ പൊന്നാനി തുറമുഖം പി.പി.പി. മോഡലിൽ വികസിപ്പിക്കുന്നു. കേന്ദ്ര സർക്കാരിന്റെ സാഗർമാല/ ഭാരത്മാലാ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്.

**ബേപ്പൂർ തുറമുഖത്തിന്റെ വികസനം**

180 (2534) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) തുറമുഖത്തിന്റെ വികസന പ്ലാൻ തയ്യാറാക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ബേപ്പൂർ തുറമുഖ വികസനത്തിനായി കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനം പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിച്ചുവെങ്കിലും ആരുംതന്നെ പങ്കെടുത്തില്ല. ബേപ്പൂർ തുറമുഖത്ത് ലക്ഷദ്വീപ് ഭരണകൂടത്തിന് മാത്രമായി ഒരു ബർത്ത് നിർമ്മിക്കുന്നതിന് ധാരണാ പത്രം ഒപ്പിട്ടു, ആയതിന്റെ പരിസ്ഥിതി പഠനം പുരോഗമിക്കുന്നു. പുതിയ വാർഫിനും പുലിമുട്ടിനും ഇടയിലുള്ള സ്ഥലത്ത് ഒരു വാർഫ് നിർമ്മിക്കുന്നതിന് IIT ചെന്നൈ പഠനറിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്. തുറമുഖ സുരക്ഷക്കായി VTMS സ്ഥാപിക്കുന്ന ജോലികൾ അന്തിമ ഘട്ടത്തിലാണ്.

(ബി) ബേപ്പൂർ തുറമുഖ വികസനത്തിനായി 'കൺസൽട്ടിംഗ് എഞ്ചിനീയറിംഗ്' എന്ന സ്ഥാപനം പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിച്ചുവെങ്കിലും ആരുംതന്നെ പങ്കെടുത്തില്ല. പുതിയ വാർഫിനും പുലിമുട്ടിനും ഇടയിലുള്ള സ്ഥലത്ത് ഒരു വാർഫ് നിർമ്മിക്കുന്നതിന് 'IIT ചെന്നൈ' പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

**കേരളത്തിലെ തുറമുഖങ്ങൾ**

181 (2535) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര തുറമുഖങ്ങളാണുള്ളത്; പുതിയ എത്ര തുറമുഖങ്ങൾ നിർമ്മിക്കാനാണുദ്ദേശിക്കുന്നത്;

(ബി) കാസറഗോഡ് തുറമുഖ വികസനത്തിനുള്ള സാധ്യതകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉരുവ്യവസായത്തിന്റെ നാടെന്ന നിലയിലും പണ്ടുമുതലേ അറബ് നാടുകളുമായി കച്ചവടബന്ധം ഉണ്ടായിരുന്ന മേഖല എന്ന നിലയിലും കാസർഗോഡ് ഒരു തുറമുഖം നിർമ്മിക്കുന്നത് പ്രയോജനം ചെയ്യുമെന്ന് കരുതുന്നുണ്ടോ ; പ്രസ്തുത വിഷയത്തിൽ വേണ്ട പഠനം നടത്തി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ കേരളത്തിൽ ആകെ 17 തുറമുഖങ്ങളാണുള്ളത്. സ്വകാര്യ പങ്കാളിത്തത്തോടെ പുതിയതായി പൊന്നാനി, വിഴിഞ്ഞം എന്നീ തുറമുഖങ്ങൾ നിർമ്മിക്കുന്നുണ്ട്.

(ബി) കാസർഗോഡ് തുറമുഖ വികസനത്തിന്റെ സാദ്ധ്യതകളെപ്പറ്റി നിലവിൽ പഠനം നടത്തിയിട്ടില്ല. പ്രസ്തുത വിഷയത്തിൽ പഠനവും പരിശോധനയും നടത്തുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

**തുറമുഖങ്ങളെ ഗതാഗതത്തിനായി സജ്ജമാക്കാൻ പരിപാടി**

182 (2536) ശ്രീ. എം. വിൻസെന്റ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളെ ഗതാഗതത്തിനായി സജ്ജമാക്കാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്, വിശദമാക്കുമോ;

(ബി) ഇതിനായി ഏതെല്ലാം തുറമുഖങ്ങളെയാണ് ഉപയോഗപ്പെടുത്തുന്നത്, വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഈ തുറമുഖങ്ങളിൽ ഇതിനായി ഒരുക്കേണ്ടത്, വിവരിക്കുമോ;

(ഡി) ഇതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ടുമെന്റിന് ഇ.ഡി.ഐ. സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീവേഡ് വാർഫിന്റെ നീളം കൂട്ടൽ, കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനൽ നിർമ്മാണം, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നിർമ്മാണം, കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം എന്നിവ വിവിധ ഘട്ടത്തിലാണ്.

(ബി) നിലവിൽ വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളാണ് ചരക്ക് കപ്പൽ കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനത്തുള്ളത്. 46 കോടി രൂപ മുതൽമുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. M/s. മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതി അനുസരിച്ച് 763 കോടി രൂപ ചെലവിൽ പൊന്നാനിയിൽ തുറമുഖ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു.

(സി) അപ്രോച്ച് ചാനൽ, ബേസിൻ, വാർഫ്, ചരക്കുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ, കപ്പലുകൾ വാർഫിലേക്ക് അടുപ്പിക്കുന്നതിനുള്ള ടഗ് എന്നീ അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കേണ്ടത്.

(ഡി) ഈ സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ 108 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ അഴീക്കൽ തുറമുഖ വികസനത്തിനായി 500 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. കൂടാതെ പൊന്നാനി തുറമുഖം പി.പി.പി. മോഡലിൽ വികസിപ്പിക്കുന്നു. കേന്ദ്ര സർക്കാരിന്റെ സാഗർമാല/ ഭാരത്മാലാ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്.

**തുറമുഖങ്ങളിൽനിന്നും ചരക്കുകപ്പൽ സർവ്വീസ്**

183 (2537) ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തുറമുഖവുമായി ബന്ധപ്പെടുത്തി സംസ്ഥാനത്തെ തുറമുഖങ്ങളിൽ നിന്നും ചരക്ക് കപ്പൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതിയനുസരിച്ച് കൈവരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സർവ്വീസ് നടത്തുന്ന കപ്പലുകൾക്ക് എന്തെല്ലാം ഇൻസെന്റീവുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി അന്യ സംസ്ഥാന തുറമുഖവുമായി ബന്ധപ്പെടുത്തി സംസ്ഥാനത്തെ തുറമുഖങ്ങളിൽ ചരക്കുകപ്പൽ സർവ്വീസ് നടത്തുന്നുണ്ട്. ഗുജറാത്തിൽനിന്നും ടൈൽസുമായും കൽക്കട്ടയിൽനിന്നും മണലുമായും കൊച്ചിയിൽനിന്നും സിമന്റ്, സോഡാ ആഷ് എന്നിവയുമായും കേന്ദ്രഭരണ പ്രദേശത്തുനിന്നും വിവിധയിനം ചരക്കുകളുമായും വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ, കൊല്ലം എന്നീ തുറമുഖങ്ങളിൽ ചരക്കുകപ്പൽ വരുന്നുണ്ട്. കൂടാതെ മറ്റു സംസ്ഥാനങ്ങളിൽനിന്നും കൂടുതൽ കപ്പലുകൾ കേരളത്തിലേയ്ക്ക് എത്തിക്കുന്നതിന് ശ്രമം നടത്തുന്നുണ്ട്.

(ബി) സംസ്ഥാനത്തെ തീരദേശ വികസനം ലക്ഷ്യംവച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കിവരുന്നത്. നിലവിൽ റോഡ്/റെയിൽ മാർഗ്ഗം നീക്കുന്ന ചരക്കുകളെയും യാത്രക്കാരെയും താരതമ്യേന ചെലവുകുറഞ്ഞതും, പാരിസ്ഥിതിക സൗഹാർദ്ദവുമായ ജലഗതാഗത മേഖലയിലേക്ക് ആകർഷിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിൽ റോഡ്/റെയിൽ മാർഗ്ഗം നീക്കം ചെയ്യുന്ന ചരക്കിന്റെ 40% 2020 വർഷത്തോടെ തീരദേശ കപ്പൽ ഗതാഗതം വഴിയാക്കുക എന്നുള്ളതാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ മുഖ്യ ഉദ്ദേശലക്ഷ്യം.

(സി) തീരദേശ കപ്പൽ ഗതാഗതം വർദ്ധിപ്പിക്കാനായി Rs.1/tonne/KM എന്ന നിരക്കിൽ സർക്കാർ ഇൻസെന്റീവ് നൽകിവരുന്നുണ്ട്. കൂടാതെ സർക്കാർ നിയന്ത്രണത്തിലുള്ള ചെറുകിട തുറമുഖങ്ങളിൽ തീരദേശ ചരക്കുകൾ കൈകാര്യം ചെയ്യുന്നതിന് ഈടാക്കുന്ന ഹാൻഡിലിംഗ് ചാർജ്ജ് ഇനത്തിലും വിവിധ ഇളവുകൾ അനുവദിച്ചിട്ടുണ്ട്.

**പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി**

184 (2538) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ചിറ്റൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ഏകദേശം 150 വർഷത്തിലധികം പഴക്കമുള്ള പാഠശാല എൽ.പി. സ്കൂൾ, ചിറ്റൂർ എ.ഇ.ഒ. ഓഫീസ് എന്നിവ പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കേണ്ടവയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവയെ പൈതൃകസ്മാരകങ്ങളാക്കി മാറ്റാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇവയെ പുരാവസ്തു വകുപ്പിന്റെ കീഴിൽ തുഞ്ചത്തെഴുത്തച്ഛന്റെ സ്മാരകങ്ങളായി സാംസ്കാരിക മ്യൂസിയം, സാംസ്കാരിക പഠനകേന്ദ്രം എന്നിവയാക്കി ഉയർത്താൻ നിലവിൽ എന്തൊക്കെ സാമ്പത്തിക സഹായങ്ങൾ ലഭ്യമാണ്;

(ഡി) ഇതിലേക്കായി കേന്ദ്ര സർക്കാർ, മലയാളം സർവ്വകലാശാല, സർക്കാരിന്റെ മറ്റ്ഏജൻസികൾ എന്നിവയുടെ എന്തൊക്കെ പദ്ധതികൾ നിലവിലുണ്ട്?

<u>ഉത്തരം</u>

(എ&ബി) 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് അനുസരിച്ച് ഇവ സംരക്ഷിത സ്മാരകമാക്കുവാൻ പറ്റുമോയെന്ന വിഷയം പരിശോധിക്കുന്നതാണ്.

(സി&ഡി) നിലവിൽ സാമ്പത്തിക സഹായങ്ങളോ പദ്ധതികളോ ഒന്നുംതന്നെ ഇല്ല. പുരാവസ്തു വകുപ്പിന്റെ സ്മാരകങ്ങളാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചശേഷം സാമ്പത്തിക സഹായം ആവശ്യമെങ്കിൽ ലഭ്യമാക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

**ശക്തൻ തമ്പുരാന്റെ ജന്മഗൃഹം സംരക്ഷിത സ്മാരകമാക്കാൻ നടപടി**

185 (2539) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ആലുവ താലൂക്കിൽ കിഴക്കുംഭാഗം വില്ലേജിൽ ഉൾപ്പെട്ടതായ ശക്തൻ തമ്പുരാന്റെ ജന്മഗൃഹമായ വെള്ളാരപ്പിള്ളി തെക്കേകോവിലകം സംരക്ഷിത സ്മാരകമായി ഏറ്റെടുക്കുവാനുള്ള ശിപാർശ പുരാവസ്തു വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കോവിലകം സംരക്ഷിത സ്മാരകമായി ഏറ്റെടുക്കുന്നതിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) തെക്കേകോവിലകം സംരക്ഷിതസ്മാരകമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് പുരാവസ്തു ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(ബി) ശ്രീ. അശോകൻ മുതൽ പേർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 27484/12 നമ്പർ കേസിലെ 18-11-2015-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കോവിലകം സംരക്ഷിതസ്മാരകമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

**തൃപ്പൂണിത്തുറ ഹിൽപാലസ് പൈതൃക പഠനകേന്ദ്രം**

186 (2540) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള തൃപ്പൂണിത്തുറ ഹിൽപാലസിൽ പ്രവർത്തിക്കുന്ന പൈതൃക പഠനകേന്ദ്രത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പൈതൃകവുമായി ബന്ധപ്പെട്ട പഠനങ്ങളോ ഗവേഷണങ്ങളോ ഈ കേന്ദ്രത്തിൽ നടക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേന്ദ്രത്തിൽ നിലവിൽ ചെയ്തുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) ഇവിടെ നടത്തുന്ന കോഴ്സുകൾക്ക് അംഗീകാരം ഉള്ളതാണോ; ഇല്ലെങ്കിൽ അംഗീകാരം ലഭ്യമാകാത്തതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) പൈതൃക പഠനകേന്ദ്രത്തിന്റെ നിയമാവലി അനുസരിച്ച് പൈതൃകവുമായി ബന്ധപ്പെട്ട വിവിധ പഠനമേഖലകളിൽ കോഴ്സുകളും പരിശീലന പരിപാടികളും ഗവേഷണങ്ങളും നടത്തുക; അതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, ഈ രംഗത്ത് പ്രവർത്തിച്ചുവരുന്ന അദ്ധ്യാപകരെയും മറ്റ് വിദഗ്ധൻമാരെയും പങ്കെടുപ്പിച്ച് വിവിധ പരിശീലന പരിപാടികൾ നടത്തുക, വിവിധ സർവ്വകലാശാലകളോടും സാംസ്കാരിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ സർക്കാർ വകുപ്പുകളോടും മറ്റ് സ്വയംഭരണ സ്ഥാപനങ്ങളോടും ചേർന്ന് ഈ മേഖലയിൽ വിവിധ പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുക; ഈ രംഗത്ത് ദേശീയ നിലവാരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പൈതൃക പദ്ധതികൾ നടപ്പിലാക്കുക എന്നിവ പഠനകേന്ദ്രത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങളിൽപ്പെടുന്നു. കൂടാതെ ഹിൽപാലസ് മ്യൂസിയം കാമ്പസിന്റെ പരിപാലനവും പഠനകേന്ദ്രമാണ് നിർവ്വഹിച്ചുവരുന്നത്.

(ബി) ഉണ്ട്. പൈതൃകവുമായി ബന്ധപ്പെട്ട പുരാവസ്തുപഠനം, പുരാരേഖാ പഠനം, കൺസർവേഷൻ എന്നീ വിഷയങ്ങളിൽ ഒരു വർഷത്തെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സുകൾ പൈതൃക പഠനകേന്ദ്രം നടത്തിവരുന്നു. കൂടാതെ, എം.ജി. സർവ്വകലാശാലയുടെ കീഴിലുള്ള അഞ്ച് കോളേജുകളിലെ ചരിത്രം ഐച്ഛിക വിഷയമായെടുത്ത ബിരുദ വിദ്യാർത്ഥികൾക്കായി പ്രത്യേക ജോബ് ട്രെയിനിംഗ് കോഴ്സും സംഘടിപ്പിച്ചുവരുന്നു.

(സി) 1. ആർക്കിയോളജി, ആർക്കൈവൽ സ്റ്റഡീസ്, കൺസർവേഷൻ എന്നീ വിഷയങ്ങളിൽ മൂന്ന് റഗുലർ പി.ജി. ഡിപ്ലോമ കോഴ്സുകൾ നടത്തുന്നു.

2. വിവിധ കോളേജുകളിലെ ചരിത്ര വിദ്യാർത്ഥികൾക്കായി ജോബ് ട്രെയിനിംഗ് പരിപാടികൾ നടത്തുന്നു.

3. സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളിലെ പഴയ രേഖകൾ ശാസ്ത്രീയമായി സംരക്ഷിക്കുന്ന പദ്ധതികൾ ഏറ്റെടുത്ത് നടത്തി വരുന്നു.

4. വിവിധ സാംസ്കാരിക കേന്ദ്രങ്ങളുടെയും ചരിത്രകാരൻമാരുടെയും സഹകരണത്തോടെ ഗ്രന്ഥങ്ങൾ രചിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

5. 52 ഏക്കറോളം വരുന്ന ഹിൽപാലസ് മ്യൂസിയത്തിലെ പൂന്തോട്ടം, ഇരുന്നൂറ്റിമുപ്പതോളം മാനുകളുടെ മാൻപാർക്ക്, കുട്ടികളുടെ പാർക്ക് എന്നിവയുടെ പരിപാലനവും കേന്ദ്രത്തിന്റെ ചുമതലയിലാണ് നടന്നുവരുന്നത്.

(ഡി) 7-10-2002-ലെ ജി.ഒ.(ആർ.റ്റി) നം. 344/2002/സിഎഡി നമ്പർ ഉത്തരവ് പ്രകാരം പി.ജി. ഡിപ്ലോമ കോഴ്സുകൾ നടത്തിവരുന്നു. ഈ കോഴ്സുകൾക്ക് നിലവിൽ ഏതെങ്കിലും സർവ്വകലാശാലയുടെയോ പബ്ലിക് സർവ്വീസ് കമ്മീഷന്റെയോ അംഗീകാരമില്ല. 2005 വരെ ഈ കോഴ്സുകൾക്ക് കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകാലാശാലയുടെ അംഗീകാരം ലഭിച്ചിരുന്നു. പൈതൃക പഠനകേന്ദ്രം നടത്തുന്ന ഡിപ്ലോമാ കോഴ്സുകൾക്ക് തത്തുല്യമായ വിഷയങ്ങളിലെ ഡിപ്ലോമാ കോഴ്സുകൾ കേരളത്തിലെ മറ്റൊരു സർവ്വകലാശാലയും നടത്തുന്നില്ല എന്നതാണ് ടി കോഴ്സുകൾക്ക് അംഗീകാരം ലഭിക്കാത്തതിന് കാരണമെന്ന് സി.എച്ച്.എസ്. രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

## കോട്ടുക്കൽ ഗുഹാക്ഷേത്ര സംരക്ഷണം

187 (2541) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം കോട്ടുക്കൽ ഗുഹാക്ഷേത്രം സംരക്ഷിക്കുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ചടയമംഗലം കോട്ടുക്കൽ ഗുഹാക്ഷേത്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്. കാലാകാലങ്ങളിൽ ആവശ്യമായ സംരക്ഷണപണികൾ ചെയ്തു വരുന്നുണ്ട്. നിലവിൽ പുതിയ പദ്ധതികൾ പരിഗണനയിലില്ല.

## ചരിത്രസ്മാരകങ്ങളായ കോട്ടകൾ ആധുനികവൽക്കരിക്കുവാൻ നടപടി

188 (2542) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോയ കാലത്തെ പ്രൗഢി വിളിച്ചോതുന്ന ചരിത്രസ്മാരകങ്ങളായ കോട്ടകൾ, ആധുനികവൽക്കരിച്ച് വിനോദസഞ്ചാരികളെ ആകർഷിക്കാൻ പദ്ധതിയുണ്ടോ;

(ബി) നിലവിൽ കോട്ടകൾ പുനരുദ്ധരിക്കുന്ന പ്രവർത്തനങ്ങൾ നടന്ന് വരുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ കോട്ടകളെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുരാവസ്തു വകുപ്പിന് പ്രത്യേക പദ്ധതികൾ നിലവിലില്ല.

(ബി) നിലവിൽ കോട്ടകൾ പുനരുദ്ധരിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നില്ല.

**കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യനിരക്ക്**

189 (2543) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സൗകര്യങ്ങൾ കുറവായ കാസർഗോഡ് ജില്ലയിൽ നിന്ന് ധാരാളം വിദ്യാർത്ഥികൾ ദിവസവും മംഗലാപുരത്ത് ചെന്നാണ് പഠിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം വിദ്യാർത്ഥികളുടെ യാത്രാ സൗകര്യത്തിന്റെ കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് നിന്ന് മംഗലാപുരത്തേക്കു പോകുന്ന കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്ക് അനുവദിക്കാൻ തയ്യാറാകുമോ; ജനപ്രതിനിധികളോ സംഘടനകളോ വ്യക്തികളോ ഈ ആവശ്യം നിവേദനങ്ങളിലൂടെയോ മറ്റുതരത്തിലോ ഉന്നയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇക്കാര്യത്തിൽ അനുകൂല നടപടികൾ സ്വീകരിക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകളിൽ മംഗലാപുരത്ത് ചെന്ന് പഠിക്കുന്ന മലയാളി വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്ക് അനുവദിക്കുമ്പോൾ സംസ്ഥാനത്തെ ബസ്സുകളിൽ അത് ലഭിക്കുന്നില്ലെന്നത് നീതിനിഷേധമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇത് അവസാനിപ്പിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ അന്തർ സംസ്ഥാന സർവ്വീസുകളിൽ വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിച്ചിട്ടില്ല. എന്നാൽ കാസർഗോഡ്-മംഗലാപുരം റൂട്ടിൽ 20 ദിവസത്തെ യഥാർത്ഥ നിരക്കിൽ ഒരു മാസം (31 ദിവസം) യാത്ര ചെയ്യുവാൻ കഴിയുന്ന സീസൺ ടിക്കറ്റ് സമ്പ്രദായം കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തിയിട്ടുണ്ട്. ടി സൗകര്യം ഈ റൂട്ടിൽ യാത്ര ചെയ്യുന്ന വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

(ബി) ബഹു. കാഞ്ഞങ്ങാട് എം.എൽ.എ. ശ്രീ. ഇ. ചന്ദ്രശേഖരൻ 2014-ൽ

ഈ ആവശ്യം ഉന്നയിച്ചിരുന്നു. എന്നാൽ കെ.എസ്.ആർ.ടി.സി.- യുടെ അന്തർ സംസ്ഥാന സർവ്വീസുകളിൽ വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിച്ചിട്ടില്ലാത്തതിനാൽ കാസർഗോഡ്-മംഗലാപുരം റൂട്ടിലും യാത്രാസൗജന്യം അനുവദിക്കാൻ നിർവ്വാഹമില്ല.

(സി) കർണ്ണാടക ആർ.ടി.സി. മലയാളി വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിക്കുന്നില്ല. എന്നാൽ 'ഗടിനാട് കന്നഡിഗ' (അതിർത്തിയിൽ താമസമുള്ള കന്നഡക്കാർ) എന്ന വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിച്ചുവരുന്നുണ്ട്. വിദ്യാർത്ഥിയുടെ അച്ഛനോ അമ്മയോ ആരെങ്കിലും ഒരാൾ കന്നഡക്കാരൻ ആയിരിക്കണമെന്ന് നിർബന്ധമാണ്.

**വാഹന അപകടങ്ങൾ**

190 (2544) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അപകട മരണങ്ങൾ കുറയ്ക്കുന്നതിന് 'വാഹന അപകടങ്ങൾ ഇല്ലാത്ത കേരളം' എന്ന ലക്ഷ്യത്തിലേക്ക് എത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തുന്ന പരിശോധനകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡ് അപകടങ്ങളുടെ പശ്ചാത്തലത്തിൽ റോഡ് സുരക്ഷിതത്വത്തിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി, അനുബന്ധ വകുപ്പുകളായ പോലീസ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത്, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പുകളും, നാറ്റ്പാക്, കെൽട്രോൺ എന്നീ സ്ഥാപനങ്ങൾവഴി നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി കൊണ്ടിരിക്കുന്നതുമായ പദ്ധതികളെ സംബന്ധിച്ച് ചുവടെ വിവരിക്കുന്നു. ദൃശ്യ-ശ്രാവ്യ അച്ചടി മാധ്യമങ്ങളുടെ സാധ്യത ഉപയോഗിച്ച് റോഡ് സുരക്ഷയെപ്പറ്റി പൊതുജനങ്ങളെ ബോധവൽക്കരണം നടത്തി അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്കാരം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

റോഡ് സുരക്ഷാ ബോധവൽക്കരണം വ്യാപകമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സാധ്യമാകുന്ന എല്ലാ സിനിമാതീയേറ്ററുകളിലൂടെയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഹ്രസ്വ ചിത്രങ്ങൾ സംപ്രേഷണം ചെയ്യുന്നതിനായി പോലീസ് (ട്രാഫിക്) വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വാഹന ഡ്രൈവർമാരെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ അടച്ചടിച്ച 'റോഡ് റെഗുലേഷൻസ്' എന്ന ലീഫ്ലെറ്റുകൾ റീജിണൽ ട്രാൻസ്പോർട്ട് ഓഫീസർ മുഖേന എല്ലാ ജില്ലകളിലും വിതരണം ചെയ്തുവരുന്നു. സ്കൂൾ വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ ബോധവൽക്കരണം നൽകുന്നതിന്റെ ഭാഗമായി നാറ്റ്പാക്ക് തയ്യാറാക്കിയ അഞ്ച് റോഡ് സുരക്ഷാ ഹ്രസ്വ ചിത്രങ്ങൾ കേരളത്തിലെ സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. റോഡ് സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധമുണ്ടാക്കുവാനും റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുവാനും കേരളത്തിലെ സ്കൂൾ കോളേജുകളിൽ റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്.

<u>റോഡ് സുരക്ഷാ എൻഫോഴ്സ്മെന്റ്:</u>

ബോധവൽക്കരണ പരിപാടികൾ കൂടാതെ പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ നിരന്തരമായി വാഹന പരിശോധന നടത്തുന്നുണ്ട്. ട്രാഫിക് നിയമം തെറ്റിക്കൽ, മദ്യപിച്ച് വാഹനം ഓടിക്കൽ, അമിത വേഗത മുതലായവ കണ്ടെത്തി കുറ്റക്കാരെ ശിക്ഷിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനായി പോലീസ് - മോട്ടോർ വാഹന വകുപ്പുകൾ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നിരീക്ഷണ ക്യാമറകൾ, ആൽക്കോമീറ്ററുകൾ, ഇന്റെർസെപ്റ്റർ വാഹനങ്ങൾ മുതലായവ വാങ്ങിയിട്ടുണ്ട്. കൂടാതെ അപകട സാദ്ധ്യത കൂടുതലുള്ള ബ്ലാക്ക്സ്പോട്ടുകൾ കണ്ടെത്തുകയും അത് പരിഹരിക്കുവാനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പുവഴി സ്വീകരിച്ചിട്ടുമുണ്ട്. പുതിയ ബ്ലാക്ക്സ്പോട്ടുകൾ കണ്ടെത്തുന്നതിന് പോലീസ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അപകട കാരണങ്ങൾ പരിശോധിച്ച്, ആയവ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ആക്സിഡന്റ് റിവ്യൂ കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകൾക്ക് സമീപമുണ്ടാകുന്ന അപകടങ്ങൾ ലഘൂകരിക്കുവാൻ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം സ്കൂൾ സേഫ്സോൺ നിർമ്മിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. എല്ലാ ജില്ലകളിലും ട്രാഫിക് ട്രെയിനിംഗ് പാർക്ക് നിർമ്മിക്കുവാനും ഹൈവേയിലേക്ക് ചെറിയ വഴികൾ പ്രവേശിക്കുന്ന സ്ഥലത്ത് "നിൽക്കൂ, നോക്കൂ, നീങ്ങൂ" എന്ന സൈൻബോർഡ് സ്ഥാപിക്കുവാനും ആരോഗ്യവകുപ്പുവഴി ട്രോമാകെയർ യൂണിറ്റുകൾ ശക്തിപ്പെടുത്തുവാനും പൊതുമരാമത്ത് വകുപ്പുവഴി ക്രാഷ് ബാരിയറുകൾ നിർമ്മിക്കുവാനുമുള്ള നടപടികൾ

സ്വീകരിച്ചിട്ടുണ്ട്. ട്രോമാകെയർ യൂണിറ്റുകൾ താലൂക്ക്തലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് കൈക്കൊണ്ടുവരുന്നു. അപകട മരണങ്ങൾ കുറയ്ക്കുന്നതിനായി സംസ്ഥാന ഗതാഗത വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, നാഷണൽ ഹൈവേ അതോറിറ്റി തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുമായി ചേർന്ന് സംസ്ഥാന പോലീസ് ശുഭയാത്ര 2015 എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

**അന്തർ സംസ്ഥാന സർവ്വീസുകൾ**

191 (2545) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഏതെല്ലാം സ്ഥലങ്ങളിലേയ്ക്കാണ് അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം അന്തർ സംസ്ഥാന സർവ്വീസുകൾ ലാഭകരമാണോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ബാംഗ്ലൂർ, കോയമ്പത്തൂർ, പളനി, മംഗലാപുരം തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ വിവിധ ഡിപ്പോകളിൽനിന്നും തമിഴ്നാട്ടിലെ കോയമ്പത്തൂർ, പളനി, പൊള്ളാച്ചി, ഗൂഡല്ലൂർ, ഊട്ടി, കമ്പം, ഉദുമൽപേട്ട്, ചേരമ്പാടി, ദേവാല, പാണ്ടിക്കാട്, തെങ്കാശി, കന്യാകുമാരി, നാഗർകോവിൽ, മധുര, അച്ചൻകോവിൽ, തിരുപ്പൂർ, തൃപ്പരപ്പ്, തിരുനെൽവേലി, മണ്ണടി, തേനി, നാടുകാണി, വേളാങ്കണ്ണി, പറമ്പിക്കുളം, മേട്ടുപാളയം, സേലം തുടങ്ങിയ സ്ഥലങ്ങളിലേക്കും കർണ്ണാടകത്തിലെ ബാംഗ്ലൂർ, മംഗലാപുരം, സുള്ള്യ, മണിപ്പാൽ, ബൈറക്കുപ്പ്, മെർക്കാറെ, കൊല്ലൂർ, പുത്തൂർ, സുബ്രഹ്മണ്യ, വിരാജ്പേട്ട്, ഉഡുപ്പി, കുട്ട, ഗുണ്ടൽപേട്ട്, മൈസൂർ തുടങ്ങിയ സ്ഥലങ്ങളിലേക്കും കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. നടത്തുന്ന അന്തർ സംസ്ഥാന സർവ്വീസുകൾ പൂർണ്ണമായും ലാഭകരമാണെന്ന് പറയുവാൻ കഴിയുകയില്ല. പൂർണ്ണമായ മോട്ടോർ വെഹിക്കിൾ നികുതി അന്തർ സംസ്ഥാന പെർമിറ്റ് നിരക്കുകൾ, അന്തർ സംസ്ഥാന

ടോൾ നിരക്ക്, ഡ്യൂട്ടി പാറ്റേൺ, ബസ്സുകളുടെ ഉപയോഗക്ഷമത എന്നിവ കണക്കിലെടുക്കുമ്പോൾ എല്ലാ അന്തർ സംസ്ഥാന സർവ്വീസുകളും കെ.എസ്.ആർ. ടി.സി.-യെ സംബന്ധിച്ച് ലാഭകരമല്ല. എന്നാൽ സംസ്ഥാന സർക്കാർ അയൽ സംസ്ഥാനങ്ങളുമായുണ്ടാക്കുന്ന ഗതാഗത കരാറിന്റെ ഭാഗമായി അയൽ സംസ്ഥാനങ്ങളിലെ പ്രധാന സ്ഥലങ്ങളിലേക്ക് പൊതുജനങ്ങളുടെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് ഇത്തരം അന്തർസംസ്ഥാന സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. നടത്തിവരുന്നത്. അന്തർ സംസ്ഥാനങ്ങളുമായി മെച്ചപ്പെട്ട ബന്ധം സ്ഥാപിക്കുന്നതിനും ഈ സർവ്വീസുകൾ വളരെയധികം സഹായിക്കുന്നുണ്ട്.

(സി) കർണ്ണാടക, തമിഴ്നാട് എന്നീ സർക്കാരുകളുമായി പുതിയ അന്തർ സംസ്ഥാന കരാർ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത കരാറിൽ ബാംഗ്ലൂർ, കോയമ്പത്തൂർ, പളനി, മംഗലാപുരം എന്നീ സ്ഥലങ്ങളിലേക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഓർഡിനറി സർവ്വീസുകളുടെ മിനിമം ചാർജ്ജ് ഏകീകരിക്കാൻ നടപടി**

192 (2546) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഓർഡിനറി സർവ്വീസുകളിൽ മിനിമം ചാർജ്ജ് ഇപ്പോൾ എത്രയാണ്;

(ബി) പ്രസ്തുത മിനിമം ചാർജ്ജ് എന്നു മുതലാണ് നിലവിൽ വന്നത്;

(സി) മിനിമം ചാർജ്ജ് നിലവിൽ വന്നതിനു ശേഷം നാളിതുവരെ സ്വകാര്യ ബസ്സുകളിൽ പ്രസ്തുത നിരക്ക് പ്രാബല്യത്തിലാക്കിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) കെ.എസ്.ആർ.ടി.സി-യുടെയും സ്വകാര്യ ബസ്സുകളുടെയും ഓർഡിനറി സർവ്വീസുകളുടെ മിനിമം ചാർജ്ജ് ഏകീകരിയ്ക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആറ് രൂപ.

(ബി) 1-3-2016 മുതൽ.

(സി) ഉണ്ട്.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**റോഡ് സേഫ്റ്റി കോർപ്പസ് പദ്ധതി**

193 (2547) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭയിൽ 2016 ജൂൺ 24-ന് ബഹു. കേരള ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞ പ്രകാരമുള്ള 'റോഡ് സേഫ്റ്റി കോർപ്പസ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ രൂപീകരണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ പ്രവർത്തനത്തെപ്പറ്റി വിശദീകരിക്കുമോ?

ഉത്തരം

(എ) റോഡ് സേഫ്റ്റി കോർപ്പസ് രൂപീകരിക്കാനായിട്ടുള്ള ചർച്ചകൾ നടന്നുവരുന്നു.

(ബി) റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ സ്കൂൾ കുട്ടികളെ പരിശീലിപ്പിക്കുന്നതിനുവേണ്ടിയാണ് സ്റ്റുഡൻസ് പോലീസ് കേഡറ്റിന്റെ മാതൃകയിൽ റോഡ് സേഫ്റ്റി കോർപ്പസ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. സ്കൂൾ കുട്ടികളിൽ റോഡ് സുരക്ഷാ അവബോധം വളർത്തുന്നതിനും റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കാനുമാണ് ഇതിന്റെ രൂപീകരണംകൊണ്ടുദ്ദേശിക്കുന്നത്.

**ലോ ഫ്ളോർ ബസ്സുകൾ**

194 (2548) ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.യു.ആർ.റ്റി.സി.-യ്ക്ക് കീഴിൽ എത്ര എ.സി., നോൺ എ.സി. ലോഫ്ളോർ ബസ്സുകളുണ്ടെന്നും, ഇതിൽ ഇപ്പോൾ സർവ്വീസ് നടത്തുന്നവ എത്രയെന്നും വ്യക്തമാക്കാമോ;

(ബി) അത്യന്താധുനിക ക്രമീകരണങ്ങളുള്ള ലോഫ്ളോർ ബസ്സുകളുടെ അറ്റകുറ്റപ്പണി നടത്തുവാൻ പരിശീലനം ലഭിച്ച മെക്കാനിക്കുകളും ടെക്നീഷ്യൻമാരും നിലവിലുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ബസ്സുകൾ നന്നാക്കുന്നതിന് കൂടുതൽ തൊഴിലാളികൾക്ക് പരിശീലനം നൽകി കെ.യു.ആർ.റ്റി.സി.യെ നഷ്ടത്തിൽ നിന്ന് കരകയറ്റുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെ.യു.ആർ.ടി.സി.-ക്കുകീഴിൽ 190 ലോ ഫ്ലോർ എ.സി. ബസ്സുകളും 425 നോൺ എ.സി. ബസ്സുകളുമാണുള്ളത്. 29-9-2016-ൽ ഇതിൽ 162 എ.സി. ബസ്സുകളും 278 നോൺ എ.സി. ബസ്സുകളുമടക്കം 440 ബസ്സുകൾ സർവ്വീസ് നടത്തിയിട്ടുണ്ട്. 4 എ.സി. ബസ്സുകളടക്കം മൊത്തം 44 ബസ്സുകൾ സർവ്വീസിന് യോഗ്യമായവ കണ്ടക്ടർ/ഡ്രൈവർ എന്നിവരുടെ അഭാവത്താൽ ഓടിക്കുവാൻ കഴിഞ്ഞിട്ടില്ല.

(ബി) എ.സി. വോൾവോ ലോ ഫ്ലോർ ബസ്സുകളുടെ പരിപാലനം, വോൾവോ കമ്പനിയുടെ അംഗീകൃത ഡീലറായ M/s. Vista Driveline Motors-ൽനിന്നും നിയോഗിക്കപ്പെട്ട വിദഗ്ദ്ധരായ സൂപ്പർവൈസർമാരുടെ മേൽനോട്ടത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ മെക്കാനിക്കുകളാണ് നിർവ്വഹിച്ചുവരുന്നത്. കൂടുതൽ സങ്കീർണ്ണമായ റിപ്പയറുകൾ പ്രസ്തുത സ്ഥാപനത്തിന്റെ ആലപ്പുഴ ജില്ലയിലുള്ള വർക്ക്ഷോപ്പിൽ നിർവ്വഹിക്കുന്നു. നോൺ എ.സി. ബസ്സുകളുടെ പരിപാലനം കെ.എസ്.ആർ.ടി.സി.-യിലെ തന്നെ പരിശീലനം ലഭിച്ച മെക്കാനിക്കുകൾ നിർവ്വഹിക്കുന്നു.

(സി) നോൺ എ.സി. വിഭാഗത്തിൽപ്പെടുന്ന ടാറ്റാ ബസ്സുകളുടെ അറ്റകുറ്റ പണികൾ നിർവഹിക്കുന്നതിന് 4 ഡിപ്പോ എഞ്ചിനീയർമാർക്കും 34 അസി. ഡിപ്പോ എഞ്ചിനീയർമാർക്കും 13 ചാർജ്മാൻമാർക്കും 14 ഇലക്ട്രീഷ്യൻമാർക്കും 29 മെക്കാനിക്കുകൾക്കും ടാറ്റയുടെ ലക്നൗ, നാമക്കൽ എന്നിവിടങ്ങളിലുള്ള പരിശീലന കേന്ദ്രങ്ങളിൽവച്ച് പരിശീലനം നൽകിയിട്ടുണ്ട്. ഇതേ കാറ്റഗറിയിലുള്ള ലൈലാന്റ് ബസുകൾ 2010 മുതൽ കെ.എസ്.ആർ.ടി.സി.-യിൽ റിപ്പയർ ചെയ്തുവരുന്നു. മെക്കാനിക്കുകൾക്ക് തുടർപരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി.-യെ ശാക്തീകരിക്കുന്നതിന് നടപടി**

195 (2549) <u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. ആന്റണി ജോൺ</u> :
<u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യെ ശാക്തീകരിക്കുന്നതിനായി എന്തെല്ലാം നൂതന പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാരിന്റെ 2016-17- ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹു. ധനകാര്യ വകുപ്പുമന്ത്രി കെ.എസ്.ആർ.ടി.സി.-യുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഒരു രക്ഷാപാക്കേജ് തയ്യാറാക്കി വരികയാണെന്ന് പ്രസ്താവിച്ചിരുന്നു. ടി രക്ഷാപാക്കേജ് പരിശോധിച്ചുവരുന്നു. കേരളാ സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി. യുടെ 1000 പുതിയ സി.എൻ.ജി. ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. അഞ്ചുവർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമതയുണ്ടാക്കുന്നതിനും ബ്രേക്ക് ഡൗണുകൾ, അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മപരിപാടി തയ്യാറാക്കുന്നതാണ്. പെൻഷൻ ബാദ്ധ്യതയുടെ പകുതി, അതായത് പ്രതിമാസം 20 കോടി രൂപ സർക്കാർ നൽകിവന്നിരുന്നത്, 27.5 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തികസ്ഥിതി**

196 (2550) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാരിന്റെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹു. ധനകാര്യ വകുപ്പുമന്ത്രി കെ.എസ്.ആർ.ടി.സി.-യുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഒരു രക്ഷാപാക്കേജ് തയ്യാറാക്കി വരികയാണെന്ന് പ്രസ്താവിച്ചിരുന്നു. ടി രക്ഷാ പാക്കേജ് പരിശോധിച്ചുവരുന്നു. കേരളാ സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-യുടെ 1000 പുതിയ സി.എൻ.ജി. ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പെൻഷൻ ബാദ്ധ്യതയുടെ പകുതി അതായത് പ്രതിമാസം 20 കോടി രൂപ സർക്കാർ നൽകിവന്നിരുന്നത്, 27.5 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ എൽ.ഐ.സി. വിഹിതം**

197 (2551) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും എൽ.ഐ.സി.യിൽ അടയ്ക്കാനായി പിടിച്ച പണം കെ.എസ്.ആർ.ടി.സി. അടക്കാത്തതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ജീവനക്കാരിൽ നിന്നും പിടിച്ച പണം വകമാറ്റി ചെലവഴിക്കുന്നതിന് നിർദ്ദേശം/ഉത്തരവ് നൽകിയത് ആരാണെന്ന് വിശദമാക്കാമോ;

(സി) പോളിസി അടവിൽ മുടക്കം വന്നാൽ ജീവനക്കാർക്ക് ഇൻഷ്വറൻസ് ആനുകൂല്യം നഷ്ടമാകുന്ന അവസ്ഥാവിശേഷം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരത്തിൽ പോളിസി ആനുകൂല്യം നഷ്ടമാകുന്ന അവസരത്തിൽ ജീവനക്കാർക്കായി എന്ത് പരിഹാര നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) സാമ്പത്തിക ഞെരുക്കം ഉണ്ടായതിനാൽ ഇത്തരത്തിൽ പിടിച്ച പണം യഥാസമയം ജീവനക്കാരുടെ എൽ.ഐ.സി. അക്കൗണ്ടിൽ അടയ്ക്കാൻ കഴിഞ്ഞിട്ടില്ല.

(സി) പരിശോധിച്ചിട്ടുണ്ട്.

(ഡി) നിലവിൽ ഇത്തരത്തിൽ ഒരു സ്ഥിതി സംജാതമായിട്ടില്ല. പോളിസി അടവ് ദ്രുതഗതിയിൽ ആക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി. പുനരുദ്ധരിക്കുന്നതിന് പദ്ധതികൾ**

198 (2552) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. കെ. രാജൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാകാനുള്ള കാരണങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 2016 മാർച്ച് 31 വരെയുള്ള കെ.എസ്.ആർ.ടി.സി.-യുടെ സഞ്ചിത നഷ്ടം എത്രയാണെന്ന് അറിയിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി. പുനരുദ്ധരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കാരണങ്ങൾ വിലയിരുത്തി ഇതുസംബന്ധിച്ച് ധാരാളം പഠനങ്ങൾ നടത്തിയിട്ടുണ്ട്. 2003-ൽ ഒരു ഉന്നതാധികാര സമിതിയെ കെ.എസ്.ആർ.ടി.സി. യുടെ നഷ്ടത്തെപ്പറ്റി അന്വേഷിക്കുവാൻ ചുമതലപ്പെടുത്തുകയും അതനുസരിച്ച് പ്രസ്തുത സമിതി വിശദമായ പഠനം നടത്തുകയും 32 നിർദ്ദേശങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് സമർപ്പിക്കുകയും അതിൻപ്രകാരമുള്ള മിക്ക നിർദ്ദേശങ്ങളും അംഗീകരിക്കുകയും ചെയ്തു. ടി സമിതിയുടെ 28 നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കൂടുതൽ വിശദമായ പഠനത്തിനായി CRISIL എന്ന ഏജൻസിയെ നിയോഗിച്ചു. 2006-ൽ ശ്രീ. സുശീൽ ഖന്ന എന്ന സാമ്പത്തിക വിദഗ്ധനെക്കൊണ്ട് കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽ നിന്ന് കരകയറ്റാനുള്ള പഠനം നടത്തിയിരുന്നു.

2008-ൽ അന്നത്തെ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ ശ്രീ. റ്റി. പി. സെൻകുമാർ കെ.എസ്.ആർ.ടി.സി-യെ നിലനിർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുകയും പ്രസ്തുത നിർദ്ദേശങ്ങൾക്ക് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് അംഗീകാരം നൽകുകയും കാബിനറ്റ് സബ് കമ്മിറ്റിയെ നിയോഗിച്ച് ഒരു പുനരുദ്ധാരണ പാക്കേജ് ഉണ്ടാക്കുവാൻ തീരുമാനിച്ചു. 11 നിർദ്ദേശങ്ങളോടുകൂടിയ പുനരുദ്ധാരണ പാക്കേജിന് സർക്കാർ അംഗീകാരം നൽകുകയും അതിൽ മിക്ക നിർദ്ദേശങ്ങളും കോർപ്പറേഷൻ നടപ്പിലാക്കുകയും ചെയ്തു. M/s. Varma & Varma എന്ന സ്ഥാപനത്തെ നിയോഗിച്ച് കൂടുതൽ ആഴത്തിലുള്ള പഠനങ്ങൾ നടത്തുകയും അതിന്റെ ഭാഗമായി 2014-ൽ ഒരു പുനരുദ്ധാരണ പാക്കേജ് ഉണ്ടാക്കുകയും ആയതിൽ പ്രധാന നിർദ്ദേശങ്ങളിലൊന്നായ കൂടുതൽ പലിശ നിരക്കിലും കുറഞ്ഞ കാലയളവിൽ ഉള്ളതുമായ കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നുള്ള 1300 കോടി രൂപയുടെ വായ്പ 9 വാണിജ്യ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കുറഞ്ഞ പലിശ നിരക്കിലും കൂടിയ കാലയളവിലും ഉള്ള വായ്പയാക്കി മാറ്റുകയും ചെയ്തു. കൂടാതെ പെൻഷൻ വിതരണം സുഗമമാക്കുന്നതിനായി സർക്കാർ യാത്രാ ടിക്കറ്റിന്മേൽ സെസ് ഏർപ്പെടുത്തുകയും 20 കോടി രൂപ സർക്കാർ വായ്പയായി പ്രതിമാസം കെ.എസ്.ആർ.ടി.സി.-ക്ക് നൽകിവരികയും ചെയ്തിരുന്നു (നിലവിൽ ഈ തുക 27.5 കോടി രൂപയാണ്).

(ബി) 2012-13 സാമ്പത്തിക വർഷത്തെ C&AG-യുടെ ആഡിറ്റ് കണക്കനുസരിച്ച് സഞ്ചിതനഷ്ടം 3025.90 കോടി രൂപയാണ്. 2015-16 വരെ താൽക്കാലിക കണക്കനുസരിച്ച് സഞ്ചിതനഷ്ടം 4844.21 കോടി രൂപയാണ്.

(സി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കെ.എസ്.ആർ.ടി.സി.-യുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഒരു രക്ഷാപാക്കേജ് തയ്യാറാക്കി വരികയാണെന്ന് പ്രസ്താവിച്ചിരുന്നു. ടി രക്ഷാ പാക്കേജ് പരിശോധിച്ചുവരുന്നു. 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-യുടെ 1000 പുതിയ സി.എൻ.ജി ബസ്സുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ

പദ്ധതിയിൽനിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. അഞ്ചുവർഷംകൊണ്ട് ഭൂരിഭാഗം ബസ്സുകളും സി.എൻ.ജി. ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദനക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക് ഡൗണുകൾ ഒഴിവാക്കുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യെ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

199 (2553) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രകൃതിവാതകം ഉപയോഗിച്ച് സർവ്വീസ് നടത്തുന്നതു സംബന്ധിച്ചെടുത്ത നടപടികൾ വ്യക്തമാക്കാമോ;

(സി) ആദ്യഘട്ടമായി സർവ്വീസ് ഏതൊക്കെ നഗരങ്ങളിലാണ് നടപ്പിലാക്കുക; കാസർഗോഡ് നഗരത്തെ ഉൾപ്പെടുത്തുമോ;

(ഡി) ബാറ്ററികൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഇലക്ട്രിക് ബസുകൾ ഇറക്കുന്നതിന്റെ സാധ്യതാ പഠനം പരിഗണനയിലുണ്ടോ?

### ഉത്തരം

(എ) ഈ സർക്കാരിന്റെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി കെ.എസ്.ആർ.ടി.സി.-യുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഒരു രക്ഷാപാക്കേജ് തയ്യാറാക്കി വരികയാണെന്ന് പ്രസ്താവിച്ചിരുന്നു. ടി രക്ഷാപാക്കേജ് പരിശോധിച്ചുവരുന്നു. കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-യുടെ 1000 പുതിയ സി.എൻ.ജി. ബസ്സുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. അഞ്ചുവർഷംകൊണ്ട് ഭൂരിഭാഗം ബസ്സുകളും സി.എൻ.ജി. ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദനക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക് ഡൗണുകൾ ഒഴിവാക്കുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. പെൻഷൻ ബാദ്ധ്യതയുടെ പകുതി അതായത് പ്രതിമാസം 20 കോടി രൂപ സർക്കാർ നൽകിവന്നിരുന്നത്, 27.5 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ 1000 പുതിയ സി.എൻ.ജി. ബസ്സുകൾ നിരത്തിലിറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് ധനമന്ത്രി പ്രസ്താവിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കെ.എസ്.ആർ.ടി.സി. പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസിലേയ്ക്ക് (CNG) മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ കൊച്ചിയിൽ ഇന്ധനം ലഭ്യമാണ്. എന്നാൽ സി.എൻ.ജി. ഡിസ്പെൻസിംഗ് യൂണിറ്റുകൾ നിലവിൽ സംസ്ഥാനത്ത് സ്ഥാപിതമായിട്ടില്ല. M/s. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ കെ.എസ്.ആർ.ടി.സി.-യുടെ ആലുവ റീജിയണൽ വർക്ക്ഷോപ്പിലും കെ.യു.ആർ.ടി.സി.-യുടെ ആസ്ഥാനമായ തേവരയിലും തിരുവനന്തപുരം ആനയറയിലും കൊല്ലം, തൃശ്ശൂർ, കണ്ണൂർ, തലശ്ശേരി എന്നിവിടങ്ങളിലും സി.എൻ.ജി ഡിസ്പെൻസിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ഇന്ധന വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. സി.എൻ.ജി. ഇന്ധനം ലഭ്യമാക്കുന്നതോടെ കൊച്ചി നഗരത്തിൽ പ്രാഥമികമായി പ്രസ്തുത ഇന്ധനം ഉപയോഗിച്ച് ഓടിക്കാവുന്ന 100 കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിരത്തിലിറക്കുന്നതിനും തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ 50 ബസ്സുകൾ വീതം നിരത്തിലിറക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ മലിനീകരണം കുറയ്ക്കുന്നതിന് ബയോ ഡീസൽ ഉപയോഗിച്ച് വാഹനം ഓടിക്കുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു.

(സി) എറണാകുളം കേന്ദ്രമാക്കിയാണ് തുടക്കത്തിൽ സി.എൻ.ജി. ബസ്സുകൾ സർവ്വീസ് ആരംഭിക്കുക. സി.എൻ.ജി ഇന്ധനം ലഭ്യമാകുന്ന മുറയ്ക്ക് തിരുവനന്തപുരം, കണ്ണൂർ, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിൽ കൂടി സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പിന്നീട്, മറ്റ് സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന അവസരത്തിൽ കാസർഗോഡ് നഗരത്തെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഡി) ഉണ്ട്.

**കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ്**

200 (2554) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരത്തിൽ നിന്ന് ഉൾനാടൻ പ്രദേശങ്ങളിലേയ്ക്ക് യാത്രാ സൗകര്യം ദുർലഭമായതിനാൽ കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ് അനുവദിക്കണമെന്ന് ജനങ്ങളിൽ നിന്നുള്ള നിരന്തരമായുള്ള ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാരിൽനിന്ന് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ ഉണ്ടാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ ബസ്സുകളുടെ ലഭ്യതക്കുറവുണ്ട്. ബസ്സുകളും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് ടി റൂട്ടിൽ ചെയിൻ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. കായംകുളം ഡിപ്പോ**

201 (2555) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് ആകെ എത്ര സർവ്വീസുകളാണുള്ളത്;

(ബി) കെ.എസ്.ആർ.ടി.സി. കായംകുളം ഡിപ്പോയ്ക്ക് നിലവിൽ എത്ര ബസുകൾ ഉണ്ടെന്നും ഇതിൽ എത്രയെണ്ണം സർവ്വീസ് നടത്തുന്നുണ്ടെന്നും വിശദമാക്കുമോ;

(സി) നിലവിൽ എത്ര സർവ്വീസുകളാണ് നിർത്തിവച്ചിട്ടുള്ളതെന്നും ഇതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ;

(ഡി) നിർത്തിവെച്ചിട്ടുള്ള സർവ്വീസുകൾ പുനരാരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 3 ജൻറം സർവ്വീസ് ഉൾപ്പെടെ 81 സർവ്വീസുകളാണ് ഉള്ളത്.

(ബി) നിലവിൽ 3 നോൺ എ.സി ലോ ഫ്ലോർ ബസ്സുകൾ ഉൾപ്പെടെ 78 ബസ്സുകളാണുള്ളത്. 1-10-2016-ൽ 3 നോൺ എ.സി. ലോ ഫ്ലോർ ബസ്സുകൾ ഉൾപ്പെടെ 70 ബസ്സുകൾ സർവ്വീസിന് യോഗ്യമായതിൽ 66 എണ്ണം സർവ്വീസ് നടത്തുന്നുണ്ട്.

(സി) ബസ്സിന്റെയും ജീവനക്കാരുടെയും ലഭ്യതക്കുറവുമൂലം വരുമാനം കുറഞ്ഞ 14 സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്.

(ഡി) ബസ്സിന്റെ ലഭ്യതക്കനുസരിച്ച് താൽക്കാലികമായി റദ്ദ് ചെയ്യുന്ന സർവ്വീസുകൾ പുനരാരംഭിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. പെൻഷൻ

202 (2557) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഇപ്പോൾ പെൻഷൻ ലഭിക്കുന്ന എത്ര ജീവനക്കാർ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് പ്രതിമാസം പെൻഷനുവേണ്ടി എത്ര തുക ചിലവാക്കുന്നുണ്ട്;

(സി) ഇവർക്ക് കഴിഞ്ഞ കാലങ്ങളിൽ പെൻഷൻ മുടങ്ങുവാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദീകരിക്കുമോ;

(ഡി) ഇനിയുള്ള കാലങ്ങളിൽ പെൻഷൻ തുക മുടങ്ങാതിരിക്കുവാൻ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികളുടെ വിശദവിവരം നൽകുമോ?

### ഉത്തരം

(എ) 2016 സെപ്റ്റംബർ മാസത്തെ കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ ഫാമിലി പെൻഷൻകാർ ഉൾപ്പെടെ 37633 പെൻഷൻ ലഭിക്കുന്ന ജീവനക്കാരുണ്ട്.

(ബി) 2016 സെപ്റ്റംബർ മാസത്തെ കണക്കുപ്രകാരം ശരാശരി 55 കോടി രൂപ പെൻഷനുവേണ്ടി ചെലവാക്കുന്നുണ്ട്.

(സി) കോർപ്പറേഷനിൽ പെൻഷൻ നൽകുന്നതിൽ പലപ്പോഴും മുടക്കം വന്നിട്ടുണ്ട്. കോർപ്പറേഷന്റെ റവന്യൂ വരുമാനത്തിൽ നിന്നുമാണ് പെൻഷൻ നൽകിവന്നത്. എന്നാൽ റവന്യൂ അക്കൗണ്ടിൽ ടി ഇനത്തിൽ ആവശ്യത്തിന് പണമില്ലാത്തതിനാൽ കോർപ്പറേഷൻ, പെൻഷൻ നൽകുന്നതിനായി കാലാകാലങ്ങളിൽ സർക്കാരിൽനിന്നോ, ധനകാര്യസ്ഥാപനങ്ങളിൽ നിന്നോ, ബാങ്കുകളിൽ നിന്നോ വായ്പ എടുക്കുകയാണ് ചെയ്യുന്നത്.

(ഡി) ആകെ പെൻഷൻ തുകയുടെ പകുതി തുക അതായത് 27.5 കോടി രൂപ ഇനിയുള്ള കാലങ്ങളിൽ പെൻഷൻ മുടങ്ങാതിരിക്കുവാൻ സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് നൽകിവരുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ കുടിശ്ശിക

203 (2558) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് ഏത് മാസം വരെയുള്ള പെൻഷൻ നൽകിയിട്ടുണ്ടെന്നും പെൻഷൻ കുടിശ്ശികയുണ്ടോ എന്നും വിശദമാക്കാമോ;

(ബി) എങ്കിൽ കുടിശ്ശിക എന്ന് നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) സെപ്റ്റംബർ 2016 വരെയുള്ള പെൻഷൻ നൽകിയിട്ടുണ്ട്. നിലവിൽ പെൻഷൻ കുടിശ്ശികയില്ല.

**കെ.എസ്.ആർ.ടി.സി.-യുടെ നവീകരണം**

204 (2559) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ നവീകരണത്തിന് വേണ്ടി റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ ഏതെങ്കിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ഇതിൽ ഏതെല്ലാം കമ്മിറ്റികളാണ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) സമർപ്പിച്ച റിപ്പോർട്ടുകളിൽ പ്രധാനപ്പെട്ട ശിപാർശകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിൽ ഏതെല്ലാം ശിപാർശകളാണ് നാളിതുവരെ നടപ്പിലാക്കിയത്; വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) ഈ സർക്കാർ കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കൊൽക്കട്ടയിലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ കൺസൾട്ടന്റായി നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. ടി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-യുടെ ഓൺലൈൻ റിസർവേഷൻ സമ്പ്രദായം**

205 (2560) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഓൺലൈൻ റിസർവേഷൻ സമ്പ്രദായം പലപ്പോഴും തകരാറിലാകുന്ന സ്ഥിതിവിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തകരാർമൂലം യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഗൗരവമായി കാണുന്നുണ്ടോ;

(സി) ഉത്സവകാലത്തും തിരക്കേറിയ സീസണുകളിലും ഈ സംവിധാനം തകരാറിലാകുന്നത് സ്വകാര്യ ബസ് ലോബിയെ പരോക്ഷമായി സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സംവിധാനം കാര്യക്ഷമമാക്കുന്നതിനും യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2014-ൽ പുതിയ ഓൺലൈൻ റിസർവേഷൻ സംവിധാനം നിലവിൽ വന്നശേഷം 17-9-2016-ൽ മാത്രമാണ് ഓൺലൈൻ സംവിധാനം തകരാറിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ബി) ഗൗരവമായി കാണുന്നുണ്ട്.

(സി) ഇതുസംബന്ധിച്ച് പരിശോധന നടത്തുന്നതാണ്.

(ഡി) പ്രസ്തുത വിഷയം അടിയന്തരമായി പരിഹരിക്കുന്നതിനായി കൂടുതൽ കപ്പാസിറ്റിയുള്ള സെർവറിലേയ്ക്ക് ഡാറ്റാ, സോഫ്റ്റ്‌വെയർ എന്നിവ ഇതിനോടകം തന്നെ മാറ്റിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യുടെ ശാക്തീകരണത്തിനായുള്ള പദ്ധതികൾ**

206 (2561) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം കെ.എസ്.ആർ.ടി.സി.-യുടെ ശാക്തീകരണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ മുടങ്ങാതിരിക്കാനായി സർക്കാർ നൽകിയിട്ടുള്ള സഹായം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) മുൻസർക്കാർ ദീർഘകാലമായി ബോഡി നിർമ്മിക്കാതെ വെറുതെയിട്ടിരുന്ന ഷാസികൾ ബോഡി നിർമ്മിച്ചു പുറത്തിറക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കെ.എസ്.ആർ.ടി.സി. യുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഒരു രക്ഷാപാക്കേജ് തയ്യാറാക്കി വരികയാണെന്ന് പ്രസ്താവിച്ചിരുന്നു. ടി രക്ഷാപാക്കേജ് പരിശോധിച്ചുവരുന്നു. കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-യുടെ 1000 പുതിയ സി.എൻ.ജി ബസ്സുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്ന് വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ്

ചെലവ് പ്രതീക്ഷിക്കുന്നത്. അഞ്ചുവർഷം കൊണ്ട് ഭൂരിഭാഗം ബസ്സുകളും സി.എൻ.ജി. ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക് ഡൗണുകൾ, അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. പെൻഷൻ ബാദ്ധ്യതയുടെ പകുതി അതായത് പ്രതിമാസം 20 കോടി രൂപ സർക്കാർ നൽകി വന്നിരുന്നത് 27.5 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) പെൻഷൻ ബാദ്ധ്യതയുടെ പകുതി അതായത് പ്രതിമാസം 20 കോടി രൂപ സർക്കാർ നൽകി വന്നിരുന്നത് 27.5 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി.-ക്ക് സി.എൻ.ജി. ബസ്സുകൾ**

207 (2562) ശ്രീ. എം. ഉമ്മർ :
ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. ടി. വി. ഇബ്രാഹിം :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസുകൾ സി.എൻ.ജി. (കംപ്രസ്ഡ് നാച്വറൽ ഗ്യാസ്)യിലേക്ക് മാറ്റുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കേരളത്തിലെ സാഹചര്യങ്ങളിൽ ഇത്തരം ബസുകൾ നിരത്തിലിറക്കുന്നതിന്റെ സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠനത്തിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; ഏജൻസി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഇന്ധനക്ഷമതയും വിലക്കുറവുമല്ലാതെ മറ്റെന്തെല്ലാം സവിശേഷതകൾ സി.എൻ.ജി. ബസുകൾക്കുണ്ടെന്ന് പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-യുടെ 1000 പുതിയ സി.എൻ.ജി ബസ്സുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്ന് വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കെ.എസ്.ആർ.ടി.സി. കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസിലേയ്ക്ക് (CNG) മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ സി.എൻ.ജി. ഇന്ധനം കൊച്ചിയിൽ ലഭ്യമാണ്. എന്നാൽ ഇവ

വാഹനങ്ങളിൽ നിറയ്ക്കുന്നതിന് ആവശ്യമായ ഡിസ്പെൻസിംഗ് യൂണിറ്റുകൾ നിലവിൽ കേരളത്തിൽ സ്ഥാപിതമായിട്ടില്ല. M/s. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ കെ.എസ്.ആർ.ടി.സി.-യുടെ ആലുവ റീജിയണൽ വർക്ക്ഷോപ്പിലും കെ.യു.ആർ. ടി.സി.-യുടെ ആസ്ഥാനമായ തേവരയിലും തിരുവനന്തപുരത്തെ ആനയറയിലും കൊല്ലം, തൃശ്ശൂർ, കണ്ണൂർ, തലശ്ശേരിയിലും സി.എൻ.ജി. ഡിസ്പെൻസിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ഇന്ധനം വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. സി.എൻ.ജി. ഇന്ധനം ലഭ്യമാക്കുന്നതോടെ കൊച്ചി നഗരത്തിൽ പ്രാഥമികമായി പ്രസ്തുത ഇന്ധനം ഉപയോഗിച്ച് ഓടിക്കാവുന്ന 100 കെ.എസ്. ആർ.ടി.സി. ബസ്സുകൾ നിരത്തിലിറക്കുന്നതിനും തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ 50 ബസ്സുകൾ വീതം നിരത്തിലിറക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. ഇതുസംബന്ധിച്ച് ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഒരു പ്രാഥമിക പഠനം നടത്തി പ്രസന്റേഷൻ സമർപ്പിച്ചിട്ടുണ്ട്. തുടർ പഠനം നടന്നുവരുന്നു. എന്നാൽ ഇതിനായി കെ.എസ്.ആർ.ടി.സി. പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല.

(സി) പ്രാഥമിക പഠനത്തിൽ നിന്നും ബസ്സുകളിൽ സി.എൻ.ജി ഉപയോഗിക്കുമ്പോൾ ഡീസൽ തുടങ്ങിയ മറ്റ് ഇന്ധനങ്ങളെക്കാൾ അന്തരീക്ഷ മലിനീകരണം കുറയുന്നു.

## കെ.എസ്.ആർ.ടി.സി.-യുടെ വായ്പകൾ

208 (2563) <u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.റ്റി.സി.-യുടെ സ്ഥാവര ജംഗമ വസ്തുക്കൾ ഈട് നൽകി ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം വസ്തുക്കൾ ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽ എത്ര തുകയ്ക്കാണ് ഈടുവച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇങ്ങനെയെടുത്ത വായ്പകളിൽ എത്ര വായ്പകളാണ് മുതലും പലിശയും ചേർത്ത് തിരിച്ചടച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 1. വാണിജ്യ ബാങ്കുകളുടെ കൺസോർഷ്യം

2. ജില്ലാ സഹകരണ ബാങ്ക്-എറണാകുളം

3. ജില്ലാ സഹകരണ ബാങ്ക്-പാലക്കാട്

4. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, മിഡ് കോർപ്പറേറ്റ് ബ്രാഞ്ച്, തിരുവനന്തപുരം

5. K.S.P.I.F.C. (കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാ സ്ട്രക്ച്ചർ ഫിനാൻസ് കോർപ്പറേഷൻ)

6. ഹഡ്കോ

വിശദമായ വായ്പാവിവരവും ജാമ്യ വസ്തുവിവരവും അനുബന്ധം I ആയി ചേർക്കുന്നു.*

(സി) അനുബന്ധം II ആയി ചേർക്കുന്നു.*

**ബയോ ഡീസൽ ഉല്പാദനം**

209 (T*2564) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ഡോ. എം. കെ. മുനീർ :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസുകളിൽ ബയോ ഡീസൽ ഉപയോഗിക്കാനുള്ള പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ബയോ ഡീസൽ ഉപയോഗിക്കുന്നതുകൊണ്ട് കൈവരിക്കാനാവുന്ന നേട്ടങ്ങൾ വിശദമാക്കുമോ;

(സി) ഇതിനാവശ്യമായ ബയോ ഡീസൽ തദ്ദേശീയമായി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി കൂടി നടപ്പാക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ തൊട്ടിൽപ്പാലം ഡിപ്പോയിൽ 9-9-2016 മുതൽ ബയോ ഡീസൽ ഉപയോഗിച്ചാണ് ബസ്സുകൾ ഓടുന്നത്. കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, പയ്യന്നൂർ എന്നീ ഡിപ്പോകളിൽ ബയോ ഡീസൽ ഉപയോഗിച്ച് ബസ്സുകൾ ഓടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഡീസലിനെ അപേക്ഷിച്ച് അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനായി കണ്ടെത്തിയിട്ടുണ്ട്. സർഫറിന്റെ അളവ് ബയോ ഡീസലിൽ കുറവാണ്.

(സി) നിലവിൽ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## റോഡ് സേഫ്റ്റി അതോറിറ്റി

210 (2565) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ ആറ്റിങ്ങൽ പൂവമ്പാറ പാലത്തിൽ നിന്നും താഴെ വാമനപുരം നദിയിലേക്ക് ചാടി ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം വർദ്ധിക്കുന്നത് റോഡ് സേഫ്റ്റി അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതൊഴിവാക്കാൻ എന്തെല്ലാം നടപടിയാണ് റോഡ് സേഫ്റ്റി അതോറിറ്റി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പാലത്തിൽ നിന്നും ചാടി ആത്മഹത്യ ചെയ്യുന്നത് ഒഴിവാക്കാൻ വേലി കെട്ടുന്നതിന് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഇതുസംബന്ധിച്ച് റിപ്പോർട്ട് നൽകുവാൻ തിരുവനന്തപുരം ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ ചെയർമാന് (ജില്ലാകളക്ടർക്ക്) നിർദ്ദേശം നൽകിയിട്ടുണ്ട്.

## റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ട്

211 (2566) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ടിൽ എത്ര രൂപയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പാലക്കാട് ജില്ലയിൽനിന്നും ഇതുവരെ എത്ര രൂപ പിരിച്ചെടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും എന്തൊക്കെ കാര്യങ്ങൾക്കാണ് തുക ചെലവഴിക്കുന്നത്; 1-7-2011 മുതൽ 31-3-2016 വരെ ചെലവഴിച്ചതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 30-9-2016 തീയതിയിൽ 41,46,05,340 രൂപ (നാൽപ്പത്തിയൊന്ന് കോടി നാൽപ്പതിയാറ് ലക്ഷത്തി അയ്യായിരത്തി മുന്നൂറ്റി നാൽപ്പത് രൂപ) റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ടിൽ നീക്കിയിരിപ്പുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ നിന്നും ₹ 22,50,51,615 (ഇരുപത്തി രണ്ട് കോടി അൻപത് ലക്ഷത്തി അമ്പത്തി ഒന്നായിരത്തി അറുനൂറ്റി പതിനഞ്ച്) രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(സി) 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് വകുപ്പ് 13 പ്രകാരം റോഡ് സുരക്ഷാ പരിപാടികൾക്കും റോഡ് സുരക്ഷ സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾക്കും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ വാങ്ങലുകൾക്കും റോഡ് സുരക്ഷ സംബന്ധിച്ച് പദ്ധതികളിന്മേലുള്ള അംഗീകൃത പഠനങ്ങൾക്കും ഗവേഷണത്തിനും ഫണ്ട് നൽകുന്നതിനും ട്രോമ-കെയർ പരിപാടികൾക്കും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾക്കും അതോറിറ്റിക്ക് യുക്തമെന്ന് തോന്നുന്ന റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള ചെലവിനും നിർണ്ണയിച്ചേക്കാവുന്ന മറ്റേതെങ്കിലും ആവശ്യത്തിനുമായാണ് റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിക്കുന്നത്. 1-7-2011 മുതൽ 31-3-2016 വരെ റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും അതോറിറ്റിയുടെ യോഗ തീരുമാനപ്രകാരം വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നൽകിയ ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വകുപ്പ്/സ്ഥാപനങ്ങൾ | അനുവദിച്ച തുക (കോടിയിൽ) |
|---|---|
| പോലീസ് | 20,80,56,000 |
| മോട്ടോർ വാഹന വകുപ്പ് | 27,27,62,620 |
| പൊതുമരാമത്ത് വകുപ്പ് | 8,46,15,503 |
| ആരോഗ്യ വകുപ്പ് | 4,10,68,949 |
| വിദ്യാഭ്യാസ വകുപ്പ് | 13,00,000 |
| ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ | 4,24,39,600 |
| കെൽട്രോൺ | 16,09,79,291 |
| നാറ്റ്പാക് | 6,14,51,852 |
| മീഡിയ | 2,57,89,389 |

### ശമ്പള പരിഷ്കരണം

212 (2567) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നിലവിൽ വന്നുവോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ, ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) നിലവിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് എത്ര ശതമാനം ഡി.എ. ആണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-ൽ സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയ ശമ്പള പരിഷ്കരണം കെ.എസ്.ആർ.ടി.സി.-യിൽ നടപ്പിലാക്കിയിട്ടില്ല.

(ബി) ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി മാനേജ്മെന്റ്തല സമിതികളും ഉപസമിതികളും രൂപീകരിച്ച് അംഗീകൃത തൊഴിലാളി സംഘടനകളുമായി ചർച്ചകൾ നടന്നുവരുന്നു.

(സി) നിലവിൽ 80 ശതമാനം ഡി.എ. ആണ് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് നൽകിവരുന്നത്.

### ആളൂർ പഞ്ചായത്തിനെ ചാലക്കുടി ജോയിന്റ് ആർ.ടി.ഒ.-യുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി

213 (2568) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി താലൂക്കിൽ ഉൾപ്പെട്ടിട്ടുള്ള ആളൂർ ഗ്രാമ പഞ്ചായത്തിനെ ചാലക്കുടി ജോയിൻറ് ആർ.ടി.ഒ.-യുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

### ഗോശ്രീ ബസ്സുകൾ

214 (2569) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോശ്രീബസുകളുടെ കൊച്ചി നഗരപ്രവേശനത്തിന് നിലവിലുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് ഏതെങ്കിലും കോടതി ഉത്തരവ് പ്രാബല്യത്തിലുണ്ടോ; വിശദമാക്കുമോ;

(സി) ഗോശ്രീബസ്സുകളുടെ കൊച്ചി നഗരപ്രവേശനം സാധ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടിയെന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2004-ൽ ഗോശ്രീപാലം നിലവിൽ വന്നതോടുകൂടിയാണ് പറവൂർ ഭാഗത്തുനിന്നും വരുന്ന സ്വകാര്യ ബസ് സർവ്വീസുകൾ പൊതുജന താല്പര്യാർത്ഥം ഹൈക്കോടതി ജംഗ്ഷൻ വരെ ദീർഘിപ്പിച്ചത്. അതിനുമുമ്പ് വൈപ്പിൻ ബസ് സ്റ്റാൻഡ് വരെ മാത്രമേ സർവ്വീസ് ഉണ്ടായിരുന്നുള്ളൂ. അതിനുശേഷം ടി ബസ്സുകളുടെ സർവ്വീസ് BTH ജംഗ്ഷൻ, വൈറ്റില മൊബിലിറ്റി ഹബ്ബ് എന്നിവിടങ്ങളിലേയ്ക്ക് ദീർഘിപ്പിക്കണമെന്നാവശ്യപ്പെട്ട് ധാരാളം അപേക്ഷകളും നിവേദനങ്ങളും ലഭിക്കുകയുണ്ടായി. ടി അപേക്ഷകളും നിവേദനങ്ങളും എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി പരിഗണിച്ചുവെങ്കിലും വിശദമായ ചർച്ചകൾക്കും ആലോചനകൾക്കും ശേഷം താഴെപ്പറയുന്ന തടസ്സങ്ങൾമൂലം അവയെല്ലാം നിരസിക്കുകയുണ്ടായിട്ടുള്ളത്.

1. വാഹനപ്പെരുപ്പംമൂലം വീർപ്പുമുട്ടുന്ന കൊച്ചി നഗരത്തിലേയ്ക്ക് കൂടുതൽ ബസ്സുകൾ പ്രവേശിച്ചാൽ ഗതാഗത പ്രശ്നങ്ങൾ നിയന്ത്രണാതീതമാകുമെന്ന സിറ്റി പോലീസ് കമ്മീഷണറുടെ റിപ്പോർട്ട്.

2. കൊച്ചി നഗരത്തിലെ BTH ജംഗ്ഷൻ വരെയുള്ള റോഡുകൾ (3KM) (മേനക, ഷൺമുഖറോഡ്, ജെട്ടി, ഹോസ്പിറ്റൽ റോഡ് ജോസ് ജംഗ്ഷൻ വഴി) ദേശസാത്കൃത റൂട്ടുകളുടെ ഭാഗങ്ങളായതിനാൽ ടി റൂട്ടുകളിൽകൂടി സർവ്വീസ് അനുവദിക്കുന്നത് സർക്കാർ ഉത്തരവുകളുടെയും സുപ്രീം കോടതി, ഹൈക്കോടതി ഉത്തരവുകളുടെയും ലംഘനമാകും.

3. ദേശസാത്കൃത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നതിന് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള ശക്തമായ എതിർപ്പ്.

4. BTH ജംഗ്ഷനിലെ പാർക്കിംഗ് സൗകര്യത്തിന്റെ അഭാവം.

5. BTH ജംഗ്ഷനിൽ ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ പമ്പിംഗ് സ്റ്റേഷൻ, ടാങ്കറുകളുടെ ഓയിൽ ബർത്ത് തുടങ്ങിയവ സ്ഥിതി ചെയ്യുന്നതുകൊണ്ടുള്ള സുരക്ഷാ പ്രശ്നം.

തുടർന്നും നിരവധി നിവേദനങ്ങൾ ഇക്കാര്യമുന്നയിച്ചുകൊണ്ടും വൈപ്പിൻ ഭാഗത്തുനിന്നുള്ള ബസ്സുകൾ വൈറ്റില മൊബിലിറ്റി ഹബ്ബ് വരെ ദീർഘിപ്പിക്കണമെന്നാവശ്യപ്പെട്ടും എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിക്ക് ലഭിച്ചുവെങ്കിലും നിയമ തടസ്സമുള്ളതുകൊണ്ടും മോട്ടോർ വാഹനനിയമപ്രകാരം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി എടുത്ത തീരുമാനം പുനഃപരിശോധിക്കുന്നതിന് അതേ അതോറിറ്റിക്ക് അധികാരം ഇല്ലാത്തതിനാലും ടി ആവശ്യം അനുവദിക്കുന്നത് റൂട്ട് ദേശ സാൽക്കരണം സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെയും ബന്ധപ്പെട്ട സുപ്രീം കോടതി/ ഹൈക്കോടതി ഉത്തരവുകളുടെയും ലംഘനമായതിനാലും നഗരത്തിലെ ഗതാഗതക്കുരുക്കും സുരക്ഷാ പ്രശ്നവും വർദ്ധിക്കുമെന്നതിനാലും ആയവ നിരുപാധികം നിരസിക്കുകയുണ്ടായി.

എറണാകുളം നഗരത്തിലെ റോഡുകൾ ദേശസാത്കൃത റൂട്ടുകളിൽ ഉൾപ്പെടുന്നതിനാൽ സ്വകാര്യ ബസ്സുകൾക്ക് ടി റൂട്ടുകളിൽക്കൂടി സർവ്വീസ് നടത്തുന്നതിന് പെർമിറ്റ് അനുവദിക്കാൻ നിയമം അനുവദിക്കുന്നില്ല. ആയതിന്റെ വെളിച്ചത്തിൽ പൊതുജന താൽപ്പര്യം മുൻനിർത്തി കൊച്ചി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഗോശ്രീ പാലംവഴി വൈപ്പിനിലേയ്ക്കും തിരിച്ച് എറണാകുളം നഗരത്തിലേയ്ക്കും സർവ്വീസ് നടത്തുന്നതിന് 20 (ഇരുപത്) കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് സ്ഥിര പെർമിറ്റ് അനുവദി ക്കുകയുണ്ടായി. അതുമൂലം ജനങ്ങളുടെ യാത്രാക്ലേശം ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) വൈപ്പിൻ ഭാഗത്തുനിന്നുള്ള സ്വകാര്യ ബസ്സുകൾ കൊച്ചി നഗരത്തിലേയ്ക്ക് പ്രവേശനം അനുവദിക്കുന്നത് സംബന്ധിച്ച് വിവിധ സംഘടനകളും വ്യക്തികളും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത 22047/2006, 5190/2011 എന്നീ റിട്ട് പെറ്റീഷനുകളിൽ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി തീരുമാനം എടുക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. നിയമതടസ്സം ഉള്ളതിന്റെ പേരിൽ റീജിയണൽ ട്രാൻപോർട്ട് അതോറിറ്റി ടി പെറ്റീഷനുകളിലെ ആവശ്യം നിരസിക്കുകയും റിട്ട് പെറ്റീഷൻ 5190/2011-ലെ 7-3-2013-ലെ അന്തിമ വിധി പ്രകാരം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെയും തീരുമാനത്തിന്റെ വെളിച്ചത്തിൽ പരാതിക്കാരുടെ ആവശ്യം ബഹുമാനപ്പെട്ട കോടതി തള്ളിക്കളയുകയും ചെയ്തിരുന്നു. ദേശസാത്കൃത റൂട്ടുകളിൽ/ഭാഗങ്ങളിൽ

നിയമ വിധേയമല്ലാതെ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് അനുവദിക്കരുതെന്ന് സൂചിപ്പിച്ച് വിവിധ കോടതി ഉത്തരവുകൾ നിലവിലുണ്ട്. കൂടാതെ നാഷണലൈസ്ഡ് സ്കീമിലെ clause 5(c) മറികടന്ന് യാതൊരുവിധ പെർമിറ്റുകളും സ്വകാര്യ ബസ് ഓപ്പറേറ്റർമാർക്ക് നൽകുവാൻ പാടില്ലായെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ച് W.A/1957/2012 എന്ന കേസ്സിൽ ഉത്തരവായിട്ടുള്ളതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**കോട്ടയം കെ.എസ്.ആർ.ടി.സി. ടെർമിനൽ**

215 (2570) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം കെ എസ്. ആർ. ടി. സി. ടെർമിനലിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ; പ്രസ്തുത ടെർമിനലിന്റെ ജോലികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കും;വ്യക്തമാക്കാമോ?

ഉത്തരം

പ്രസ്തുത ജോലി തുടങ്ങുന്നതിന് വേണ്ടി സൈറ്റിൽ നിന്നും മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ജിയോളജി വകുപ്പുമായുണ്ടായ ആശയപരമായ വിയോജിപ്പിനെ തുടർന്ന് പ്രസ്തുത ബസ് ടെർമിനലിന്റെ ജോലി ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. മണ്ണ് പൂർണ്ണമായി നീക്കം ചെയ്താൽ മാത്രമെ സൈറ്റ് കോൺട്രാക്ടർക്ക് കൈമാറാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ജോലികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് ഇപ്പോൾ പറയാൻ സാധിക്കില്ല.

**സ്ലീപ്പർ ബസ്സുകൾ**

216 (2571) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. സർവ്വീസിനായി സ്ലീപ്പർ ബസ്സുകൾ വാങ്ങിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ ബസ്സുകൾക്കുള്ള പ്രത്യേകതകൾ എന്തൊക്കെയാണ്; വിവരിക്കുമോ;

(സി) എവിടെയൊക്കെയാണ് ഇത്തരം ബസ്സുകൾ സർവ്വീസ് നടത്തുന്നത്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കെ.എസ്.ആർ.ടി.സി. കേരള ഗവൺമെന്റിന്റെ ഇ-പ്രൊക്യൂർമെന്റ് സംവിധാനത്തിലൂടെ എല്ലാ ടെൻഡർ നടപടിക്രമങ്ങളും പാലിച്ചാണ് സ്കാനിയ ബസ്സുകൾ വാങ്ങിയത്. ഈ ദർഘാസിൽ യോഗ്യത നേടിയ വോൾവോ, സ്കാനിയ എന്നീ രണ്ട് കമ്പനികളിൽ ഏറ്റവും കുറഞ്ഞ വില വാഗ്ദാനം ചെയ്ത സ്കാനിയ കമ്പനിയിൽ നിന്നാണ് ഈ ബസ്സുകൾ വാങ്ങിയത്. ബസ് ഒന്നിന് രൂപ 99,15,923.69 (എല്ലാ നികുതികളും ഉൾപ്പെടെ).

(ബി) സ്കാനിയ മൾട്ടി ആക്സിൽ ബസ്സുകൾ Full Air Suspension നോടുകൂടിയ എ.സി. ലക്ഷ്വറി ബസ്സുകൾ ആണ്. ഇവയുടെ സീറ്റുകൾ Calf Support ഓടുകൂടിയ Reclining seats ആണ്. ഇവ യാത്രക്കാർക്ക്, സുഖപ്രദമായ യാത്ര പ്രദാനം ചെയ്യുന്നു. ഡ്രൈവിംഗ് സുഖകരമാക്കുന്നതിന് Automated Mannual Transmission ആണ് ഈ വാഹനത്തിൽ ഘടിപ്പിച്ചിരിക്കുന്നത്. മൂന്ന് 22" LED TV യും Anti Lock Brake System-വും ഈ വാഹനത്തിൽ ഉണ്ട്. അടിയന്തരഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിനായി Emergency Exit Door ഘടിപ്പിച്ചിട്ടുണ്ട്.

(സി) ബാംഗ്ലൂർ, മൈസൂർ, മണിപ്പാൽ, മംഗലാപുരം, കോയമ്പത്തൂർ, മൂകാംബിക, കണ്ണൂർ എന്നിവിടങ്ങളിലേയ്ക്കാണ് സ്കാനിയ ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നത്.

**സ്കൂൾ കുട്ടികൾക്ക് സൗജന്യ യാത്രാ പദ്ധതി**

217 (2572) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ സ്കൂൾ കുട്ടികൾക്ക് സൗജന്യ യാത്രാ പദ്ധതി നിലവിൽ ഉണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വിദ്യാർത്ഥികൾക്ക് പുതിയതായി എന്തെങ്കിലും യാത്രാ സൗജന്യം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) സ്കൂൾ കുട്ടികളെ സ്കൂളിന്റെ സമീപത്തായി ഇറക്കുന്നതിനും കയറ്റുന്നതിനും വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന വിശദമാക്കുമോ;

(ഡി) രാത്രികാലങ്ങളിൽ വനിതാ യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലത്ത് ബസ്സ് നിർത്തണമെന്ന നിർദ്ദേശം കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്നു വ്യക്തമാക്കുമോ;

(ഇ) യാത്രക്കാർക്കു വേണ്ടിയുള്ള ഓൺലൈൻ റിസർവേഷൻ വിജയകരമായില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്ലസ് ടു വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി.-യുടെ ഓർഡിനറി ബസ്സുകളിൽ സൗജന്യയാത്ര അനുവദിച്ചിട്ടുണ്ട്. വിദ്യാർത്ഥി താമസിക്കുന്ന വീടിനടുത്തുള്ള കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 10 രൂപ അടച്ച് കൺസഷൻ ടിക്കറ്റിന്റെ മാതൃകയിലുള്ള സൗജന്യ കാർഡ് സമ്പാദിക്കാവുന്നതാണ്. വിദ്യാർത്ഥികൾ താമസിക്കുന്ന സ്ഥലത്തുനിന്നും 40 കിലോമീറ്റർ വരെയായി യാത്രാ സൗജന്യം പരിമിതപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഭൂരിപക്ഷം സ്കൂളുകൾക്ക് മുന്നിലും പോലീസിന്റെ കൂടി നിർദ്ദേശപ്രകാരം വിദ്യാർത്ഥികളുടെ സൗകര്യത്തിനനുസരിച്ച് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റോപ്പുകൾ അനുവദിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. 4-11-2014-ലെ സ.ഉ. (പി) 78/2014/ട്രാൻ. നമ്പർ ഉത്തരവ് പ്രകാരം വൈകിട്ട് 6.30 മുതൽ രാവിലെ 6 മണിവരെ സ്ത്രീകളായ യാത്രക്കാർ ആവശ്യപ്പെടുന്നപക്ഷം വാഹനം നിർത്തി ഇറങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തണമെന്ന് ഉത്തരവായിട്ടുള്ളതാണ്. ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നതായി പരാതി ലഭിക്കുന്ന വാഹന ജീവനക്കാർക്ക്/ഉടമകൾക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) ഇല്ല. നവീകരിച്ച ഓൺലൈൻ റിസർവേഷൻ സംവിധാനം ഡിസംബർ 2014 മുതൽ കാര്യക്ഷമമായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. എന്നാൽ 17-9-2016 -ൽ ടി സംവിധാനം ഉദ്ദേശം 15.45 മണിക്ക് ചില സാങ്കേതിക കാരണങ്ങളാൽ തകരാറിലാവുകയും 21.45 മണിയോടുകൂടി പരിഹരിക്കുകയുമുണ്ടായി.

**കായംകുളം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ**

218 (2573) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോയുടെ ചുറ്റുമുള്ള മതിലുകൾ പാതി തകർന്നു കിടക്കുന്നതും ബാക്കിയുള്ള ഭാഗം അപകട ഭീഷണി ഉയർത്തി ഏത് സമയവും നിലം പൊത്താറായിട്ടുമുള്ള അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ചുറ്റുമതിൽ പൊളിച്ച് പുനർ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഉണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പൂർത്തിയാക്കുന്നതാണ്.

## എറണാകുളം കെ.എസ്.ആർ.ടി.സി. സ്റ്റാന്റുവഴി കടന്നുപോകുന്ന സർവ്വീസുകൾ

219 (2574) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം കെ.എസ്.ആർ.ടി.സി. സ്റ്റാന്റുവഴി രാത്രി 11-നും രാവിലെ 5-നും ഇടയിൽ കടന്നുപോകുന്ന എത്ര ദീർഘദൂര സർവീസുകളാണുള്ളതെന്നും അവ ഏതെല്ലാം ഭാഗങ്ങളിലേക്കാണെന്നും വ്യക്തമാക്കാമോ;

(ബി) ഇത്തരം സർവീസുകളിൽ ദേശീയപാത 17,47 എന്നിവയിലൂടെ സർവീസ് നടത്തുന്നവ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) എറണാകുളം കെ.എസ്.ആർ.ടി.സി. സ്റ്റാന്റുവഴി രാത്രി 11-നും രാവിലെ 5-നും ഇടയ്ക്ക് മലബാർ മേഖലയിലേയ്ക്ക് 26 ദീർഘദൂര സർവ്വീസുകളും തിരുവനന്തപുരം മേഖലയിലേയ്ക്ക് 24 ദീർഘദൂര സർവ്വീസുകളുമുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. *

## ഓർഡിനറി ബസ് സർവ്വീസ്

220 (2575) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ നിന്നും കൈനകരി വഴി ചമ്പക്കുളത്തിന് രാവിലെയും വൈകിട്ടും ഓരോ ഓർഡിനറി ബസ് സർവ്വീസ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പുളിങ്കുന്നിൽ നിന്നും തായങ്കരി വഴി എടത്വ വരെ ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അടുത്ത മാസം ഷെഡ്യൂൾ മാറുന്ന മുറയ്ക്ക് രാവിലെയും വൈകുന്നേരവും ഓരോ ട്രിപ്പുകൾ കൈനകരി വഴി ഓടിക്കാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പുളിങ്കുന്നിൽ നിന്നും തായങ്കരി വഴി എടത്വയിലേയ്ക്ക് ഒരു പുതിയ സർവ്വീസ് ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ബസിന്റെ ലഭ്യതക്കുറവാണ് സർവ്വീസ് ആരംഭിക്കുവാൻ കഴിയാതിരിക്കുന്നതിന് കാരണം. പുതിയ ബസുകൾ നിരത്തിലിറങ്ങുന്ന മുറയ്ക്ക് ടി റൂട്ടിൽ സർവ്വീസ് ആരംഭിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ അഴിമതി കേസുകൾ

221 (2576) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മോട്ടോർ വാഹന വകുപ്പിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെ അഴിമതി കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര അഴിമതി കേസുകൾ പിടിച്ചിട്ടുണ്ടെന്നും, അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 46 ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നാല് വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നാല് കേസുകളും അന്വേഷണഘട്ടത്തിലാണ്.

## ആലത്തൂർ ടൗണിലെ ഗതാഗതക്കുരുക്ക്

222 (2577) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ ടൗണിലെ ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആലത്തൂർ ടൗണിലെ മെയിൻ റോഡിന്റെ വിസ്താരം കുറവായതിനാൽ ഗതാഗത കുരുക്ക് നിലവിൽ അനുഭവപ്പെട്ടുവരുന്നുണ്ട്. വാഹനങ്ങളുടെ വർദ്ധനവും കച്ചവട സ്ഥാപനങ്ങളുടെ വർദ്ധനവും ജനത്തിരക്കും മറ്റും കാരണമാണ് ഗതാഗത കുരുക്ക് അനുഭവപ്പെട്ട് വരുന്നത്. ആയത് പരിഹരിക്കുന്നതിനായി പോലീസ് ഉദ്യോഗസ്ഥരേയും ഹോം ഗാർഡുകളെയും ഡ്യൂട്ടിക്ക് നിയോഗിച്ച് ഗതാഗതം നിയന്ത്രിച്ചും റോഡരികിലുള്ള അനധികൃത പാർക്കിംഗ് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും വരുന്നു. ഇതിനുപുറമേ ഈ റൂട്ടിലുള്ള സ്വകാര്യ ബസുകൾക്ക് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുമുണ്ട്.

**നോർത്ത് പറവൂർ ഡിപ്പോയിൽനിന്നും പുതുതായി ആരംഭിച്ച സർവ്വീസുകൾ**

223 (2578) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നോർത്ത് പറവൂർ ഡിപ്പോയിൽ നിന്നും പുതുതായി ആരംഭിച്ച സർവ്വീസുകൾ ഏതൊക്കെയെന്നും ഇവയുടെ സമയക്രമവും വിശദമാക്കാമോ;

(ബി) പ്രസ്തുത സർവ്വീസുകൾക്ക് ഓരോന്നിനും ഇതുവരെ ലഭിച്ച ശരാശരി പ്രതിദിന കളക്ഷൻ എത്രയൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ)
1. 0515 മുനമ്പം - ചെറായി - തിരുവനന്തപുരം സൂപ്പർഫാസ്റ്റ്
2. 0520 നോർത്ത് പറവൂർ - എറണാകുളം നാരക്കൽ- പാലക്കാട് ഫാസ്റ്റ് പാസഞ്ചർ
3. 0500 നോർത്ത് പറവൂർ - എറണാകുളം - നാരക്കൽ - കോഴിക്കോട് ഫാസ്റ്റ് പാസഞ്ചർ
4. 0730 നോർത്ത് പറവൂർ - ചെറായി - മൂന്നാർ - സൈലന്റ് വാലി FSLS
5. 0650 നോർത്ത് പറവൂർ - ചാത്തനാട് - നാരക്കൽ - എറണാകുളം - ചേർത്തല ഓർഡിനറി
6. 0800 നോർത്ത് പറവൂർ - വി.പി. തുരുത്ത് - നാരക്കൽ - എറണാകുളം - ചേർത്തല ഓർഡിനറി

(ബി)
1. 0515 മുനമ്പം - ചെറായി - തിരുവനന്തപുരം SFS - Rs. 18165
2. 0520 നോർത്ത് പറവൂർ - എറണാകുളം നാരക്കൽ- പാലക്കാട് ഫാസ്റ്റ് പാസഞ്ചർ - ₹ 9898
3. 0500 നോർത്ത് പറവൂർ - എറണാകുളം - നാരക്കൽ - കോഴിക്കോട് ഫാസ്റ്റ് പാസഞ്ചർ - Rs. 9065
4. 0730 നോർത്ത് പറവൂർ - ചെറായി - മൂന്നാർ - സൈലന്റ് വാലി FSLS – ₹ 6637

5. 0650 നോർത്ത് പറവൂർ - ചാത്തനാട് - നാരക്കൽ - എറണാകുളം - ചേർത്തല ഓർഡിനറി - ₹ 6551

6. 0800 നോർത്ത് പറവൂർ - വി.പി. തുരുത്ത് - നാരക്കൽ - എറണാകുളം - ചേർത്തല ഓർഡിനറി - ₹ 6804

**വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഗതാഗത പ്രശ്നങ്ങൾ**

224 (2579) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർത്തിട്ടുണ്ടോ;

(ബി) പ്രസ്തുത യോഗത്തിൽ എന്തെല്ലാം വിഷയങ്ങളാണ് ചർച്ചയായതെന്നും , തീരുമാനങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ;

(സി) യോഗ തീരുമാനങ്ങളിൽ ഇനിയും നടപ്പാക്കാനുള്ളവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) യോഗം വിളിച്ചിട്ടുണ്ട്.

(ബി) 22-7-2015-ൽ ബഹു. ഗതാഗത വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും കൂടിയ യോഗത്തിൽ ചർച്ച ചെയ്ത വിഷയങ്ങളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. എറണാകുളത്ത് വൈപ്പിൻ - പള്ളിപ്പുറം റോഡ് വീതികൂട്ടുകയും വാഹന ഗതാഗതം ക്രമാതീതമായി വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിൽ ഗതാഗത കുരുക്കുകൊണ്ട് ബുദ്ധിമുട്ടുന്ന വൈപ്പിൻ - പള്ളിപ്പുറം റോഡിൽ പൊതുഗതാഗതം നിയന്ത്രിക്കുന്നതിനുള്ള ഒരു സംവിധാനത്തെക്കുറിച്ച് ചിന്തിക്കേണ്ടതിന്റെ ആവശ്യകത ബഹു. ഗതാഗത വകുപ്പുമന്ത്രി വിവരിച്ചു. ഇരുപത്തിയഞ്ചര കിലോമീറ്റർ ദൈർഘ്യമുള്ള ഈ സംസ്ഥാന പാതയിൽ പ്രസ്തുത പ്രോജക്ട് പൂർണ്ണമായും നടപ്പിലാക്കുന്നതിന് 26.21 കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

പ്രസ്തുത പ്രോജക്ട് മുഴുവനായും തത്വത്തിൽ അംഗീകരിക്കാനും ഒന്നാം ഘട്ടമായി ആറുമാസം കൊണ്ട് പൂർത്തിയാക്കാനാവുന്ന പദ്ധതികൾ പരിഗണിക്കാനും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഗതാഗത വകുപ്പുമന്ത്രിയും നിർദ്ദേശിച്ചു. ആദ്യ ഘട്ടത്തിൽ നടപ്പാത എം.എസ്. ഹാൻഡ് റീൽ, ഡ്രെയിനേജ് എന്നിവയ്ക്ക് പ്രാമുഖ്യം നൽകണമെന്ന് തീരുമാനിച്ചു. പരസ്യ ബോർഡുകൾ സ്ഥാപിക്കാനുള്ള സൗകര്യം ചെയ്ത് ഫണ്ട് സ്വരൂപിക്കാനാകുമെന്നും നിർദ്ദേശിക്കപ്പെട്ടു. നടപ്പാതയില്ലാത്ത 27 കി.മീ. റോഡിന്റെ പലയിടത്തും ഗതാഗതക്കുരുക്കുമൂലം വീർപ്പുമുട്ടുകയാണെന്നും അത്തരം സ്ഥലങ്ങളിൽ ഇരുചക്ര വാഹനങ്ങൾ കടക്കാത്തവിധം അല്പം ഉയർത്തി നടപ്പാത പണിയേണ്ടതാണെന്നും തീരുമാനിച്ചു. കൂടാതെ 26.21 കോടി രൂപയുടെ ഇ-യാത്ര തത്വത്തിൽ അംഗീകരിച്ചു. ഇതുസംബന്ധിച്ച് സമർപ്പിച്ച പഠന റിപ്പോർട്ട് വിശകലനം ചെയ്ത് വിശദമായി പരിശോധിച്ചതിനുശേഷം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഘട്ടംഘട്ടമായി പദ്ധതി പൂർത്തിയാക്കണം. ഇത് സംബന്ധിച്ച വിശദമായ ഒരു പ്രൊപ്പോസൽ റോഡ് സുരക്ഷാ കമ്മീഷണർ സർക്കാരിന് സമർപ്പിക്കണം. അതിൽ ആറ് മാസങ്ങൾകൊണ്ട് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾക്ക് മുൻഗണന നൽകണമെന്നും പ്രോജക്ടിന്റെ ചെയർമാൻ ഗതാഗത വകുപ്പുമന്ത്രിയും കോ-ചെയർമാൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയും ആയിരിക്കുമെന്നും കൊച്ചി കോർപ്പറേഷന്റെ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി ഈ വിഷയം ഉടനടി ചർച്ച ചെയ്യണമെന്നും പദ്ധതിയുടെ നടത്തിപ്പിനുള്ള മുൻഗണനാ ക്രമം എം.എൽ.എ. തീരുമാനിച്ച് നൽകണമെന്നും തീരുമാനിച്ചു.

(സി&ഡി) ഇതുസംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ മൂവാറ്റുപുഴ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് 26-9-2015-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

## വൈപ്പിൻ - പള്ളിപ്പുറം സംസ്ഥാന പാതയിലൂടെ ഗതാഗതം തിരിച്ചുവിടുന്നതിന് നടപടി

225 (2580) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ദ്വീപിലെ രാത്രികാല പൊതുഗതാഗതം ഉറപ്പുവരുത്തുന്നതിനായി എറണാകുളത്തുനിന്നും മലബാർ മേഖലയിലേക്കും തിരിച്ചും സർവ്വീസ് നടത്തുന്ന രാത്രികാല കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളിൽ നിശ്ചിതയെണ്ണം വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാനപാതയിലൂടെ തിരിച്ചുവിടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ തടസ്സങ്ങളുണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) രാത്രികാലങ്ങളിൽ മലബാർ മേഖലയിലേയ്ക്ക് പോകുന്ന ദീർഘദൂര സർവ്വീസുകൾ (വരാപ്പുഴ വഴി) വൈപ്പിൻ വഴി തിരിച്ചുവിട്ടാൽ യാത്രാദൂരം കൂടുകയും പ്രധാന ബസ് സ്റ്റേഷനായ വടക്കൻ പറവൂർ ഒഴിവാകുകയും അതുമുഖേന കെ.എസ്.ആർ.ടി.സി.യുടെ വരുമാനം കുറയാനും സാദ്ധ്യതയുണ്ട്. ആയതിനാൽ പ്രസ്തുത ആവശ്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

**നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ വികസനം**

226 (2581) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മാതൃകാ ഡിപ്പോ ആയി പ്രഖ്യാപിച്ച നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ആവശ്യത്തിന് ജീവനക്കാരോ വേണ്ടത്ര വാഹനങ്ങളോ മറ്റു അടിസ്ഥാന സൗകര്യങ്ങളോ നിലവിലില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരവധി യാത്രക്കാർ ആശ്രയിക്കുന്ന പ്രധാന സർവ്വീസുകൾ ഇതു കാരണം സ്ഥിരമായി റദ്ദ് ചെയ്യുന്നത് ഒഴിവാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ബാംഗ്ലൂർ പോലുള്ള സ്ഥലങ്ങളിലേക്കുള്ള ദീർഘദൂര യാത്രകൾക്ക് സർവ്വീസ് നടത്താൻ രണ്ട് സൂപ്പർ ഡീലക്സ് വാഹനങ്ങൾ നിലമ്പൂർ ഡിപ്പോയിൽ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 5 നോൺ എ.സി. ജൻറം ഉൾപ്പെടെ 62 ഷെഡ്യൂളുകളാണുള്ളത്. പ്രസ്തുത ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ഉൾപ്പെടെ 68 ബസുകളാണ് ആവശ്യമായിട്ടുള്ളത്. നിലവിൽ 5 ജൻറം ബസുകൾ ഉൾപ്പെടെ 56 ബസുകളാണുള്ളത്.

(ബി) പ്രധാന സർവ്വീസുകളൊന്നും തന്നെ റദ്ദ് ചെയ്യാതെ സ്ഥിരമായി അയക്കുന്നതിനുവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയ ബസ്സുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് കുറവുള്ള ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. പി.എസ്.സി.-യിൽ നിന്നും നിയമനോപദേശം ലഭിക്കുന്നമുറയ്ക്ക് കെ.എസ്.ആർ.ടി.സി.-യിലെ മാനദണ്ഡങ്ങളനുസരിച്ച് ഡിപ്പോയിൽ ജീവനക്കാരെ നിയമിക്കുന്നതാണ്.

(സി) നിലമ്പൂർ ഡിപ്പോയിൽനിന്നും ബാംഗ്ലൂരിലേയ്ക്ക് ഒരു സൂപ്പർ ഡീലക്സ് സർവ്വീസ് നടത്തിവരുന്നുണ്ട്. നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ നിലമ്പൂരിൽ നിന്നും പുതുതായി സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുകയില്ല.

**ചന്ദ്രഗിരി സ്റ്റേറ്റ് ഹൈവേയിലെ അപകടങ്ങൾ**

227 (2582) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ചന്ദ്രഗിരി സ്റ്റേറ്റ് ഹൈവേയിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും, എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ചന്ദ്രഗിരി സ്റ്റേറ്റ് ഹൈവേയിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ 45 അപകടങ്ങളിലായി 14 പേർ മരണപ്പെട്ടിട്ടുണ്ട്.

(ബി) അപകടങ്ങൾ ഒഴിവാക്കുന്നതിന് ബാരിക്കേഡുകൾ വച്ച് വാഹനങ്ങളുടെ സ്പീഡ് നിയന്ത്രിച്ചും ഇന്റർസെപ്റ്റർ വാഹനത്തെ ഉപയോഗപ്പെടുത്തി വാഹന പരിശോധന കർശനമായി നടപ്പിലാക്കിയും ട്രാഫിക് സൈൻ ബോർഡുകൾ സ്ഥാപിച്ചും ഡ്രൈവർമാർക്കിടയിൽ ബോധവല്ക്കരണ ക്ലാസുകൾ സംഘടിപ്പിച്ചും ശുഭയാത്ര പദ്ധതി നടപ്പിലാക്കിയും അപകട വിമുക്തമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അമിത വേഗം തടയുന്നതിനായുള്ള സ്ഥിര സംവിധാനമെന്ന നിലയിൽ കാഞ്ഞങ്ങാട് - ചന്ദ്രഗിരി സ്റ്റേറ്റ് ഹൈവേയിൽ കെൽട്രോണിന്റെ സഹായത്തോടെ 10 ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

**ഉൾനാടൻ പ്രദേശങ്ങളിലേയ്ക്കുള്ള രാത്രി ട്രിപ്പുകൾ സ്ഥിരമായി കട്ട് ചെയ്യുന്നതിനെതിരെ നടപടി**

228 (2583) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ബസ്സ് സ്റ്റാന്റിൽ നിന്ന് രാത്രി 7 മണിക്ക് ശേഷം ഉൾനാടൻ പ്രദേശങ്ങളായ മുചുകുന്ന്, പേരാമ്പ്ര, അരിക്കുളം, കാവുംപട്ടം, മേപ്പയ്യൂർ, പള്ളിക്കര എന്നീ ഭാഗങ്ങളിലേക്ക് ട്രിപ്പ് പോവേണ്ട എത്ര സ്വകാര്യ ബസുകൾ ഉണ്ട് എന്നതും ബസ്സുകളുടെ പേര്, സമയം ഇവ കാണിക്കുന്ന ട്രിപ്പ് ഷെഡ്യൂളും വിശദമായി വ്യക്തമാക്കാമോ;

(ബി) രാത്രി 7 മണിക്ക് ശേഷം ഉൾനാടൻ പ്രദേശങ്ങളിലേക്കുള്ള ട്രിപ്പുകൾ സ്ഥിരമായി കട്ട് ചെയ്യുന്ന സ്ഥിതി കാരണം പൊതുജനങ്ങൾ വല്ലാതെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) ട്രിപ്പ് കട്ടുചെയ്യുന്ന ബസുകളുടെ പേര് വിവരം, നമ്പർ എന്നിവ വ്യക്തമാക്കാമോ; മോട്ടോർ വാഹന വകുപ്പിൽ ഈ പ്രശ്നം കൈകാര്യം ചെയ്യേണ്ട ഉദ്യോഗസ്ഥനാര് എന്നത് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടി ബസ് സ്റ്റാന്റിൽ നിന്ന് രാത്രി 7 മണിക്കുശേഷം ഉൾനാടൻ പ്രദേശങ്ങളിലേയ്ക്ക് 93 സ്വകാര്യ ബസുകൾ ട്രിപ്പ് പോകുന്നുണ്ട്. അനുബന്ധ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി&സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**കാലപ്പഴക്കംചെന്ന ബസുകൾ**

229 (2584) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ ആസ്ഥാനത്തെ ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന ബസ്സുകളുടെ എണ്ണം ഷെഡ്യൂളുകൾക്കനുസൃതമായി അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവയുടെ കണക്കുകൾ വെളിപ്പെടുത്തുമോ;

(ബി) പല ഷെഡ്യൂളുകളിലും ഓടുന്ന ബസ്സുകൾ കാലപ്പഴക്കം ചെന്നതാണെന്നും അതുവഴി കെ.എസ്.ആർ.ടി.സി.-യ്ക്ക് കനത്ത വരുമാന നഷ്ടം ഉണ്ടാകുന്നുവെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാലപ്പഴക്കംചെന്ന ബസ്സുകൾ സർവ്വീസിന് ഉപയോഗിക്കുന്നതു വഴി ഡിപ്പോക്കും കെ.എസ്.ആർ.ടി.സി.-യ്ക്കും ഉണ്ടാകുന്ന വരുമാന നഷ്ടം എത്രയാണ്; കണക്കുകൾ വെളിപ്പെടുത്താമോ;

(ഡി) കാലപ്പഴക്കംചെന്ന ബസ്സുകൾക്ക് പകരം പുതിയത് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. മലപ്പുറം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 7 എ.സി., 2 നോൺ എ.സി. ജൻറം ഷെഡ്യൂളുകൾ ഉൾപ്പെടെ 75 ഷെഡ്യൂളുകളാണുള്ളത്. പ്രസ്തുത ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ഉൾപ്പെടെ 82 ബസുകളാണ് ആവശ്യമായിട്ടുള്ളത്. നിലവിൽ 8 എ.സി., 2 നോൺ എ.സി. ജൻറം ബസുകൾ ഉൾപ്പെടെ 62 ബസുകളാണുള്ളത്.

(ബി-ഡി) ഇല്ല. മോട്ടോർ വാഹന നിയമ പ്രകാരം സ്റ്റേജ് കാരിയേജ് വാഹനങ്ങൾ 15 വർഷം വരെ ഉപയോഗിക്കാവുന്നതാണ്. 13 വർഷത്തിന് മുകളിൽ പഴക്കമുള്ള മൂന്ന് ബസുകൾ ടി ഡിപ്പോയിലുണ്ട്. ഇവ ഉടൻ പിൻവലിക്കുന്നതാണ്.

## ദേശസാൽകൃത റൂട്ടുകളിൽ ബസ് സർവ്വീസ്

230 (2585) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദേശസാൽകൃത റൂട്ടുകളിൽ ബസ് സർവ്വീസ് നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സി.-യ്ക്ക് മാത്രമാണോ ഉള്ളത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റൂട്ടുകളിൽ താൽക്കാലിക പെർമിറ്റ് നേടിയ സ്വകാര്യ ബസുകൾ സർവ്വീസ് തുടരുന്നുണ്ടോ;

(സി) ദേശസാൽകൃത റൂട്ടുകളിലും ദീർഘദൂര റൂട്ടുകളിലും കെ.എസ്.ആർ.ടി.സി. വഴി മാത്രം സർവ്വീസ് നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും?

<u>ഉത്തരം</u>

(എ) അല്ല. ദേശസാൽകൃത റൂട്ടുകളിൽ ഓരോ സ്കീമുകളുടെയും നിബന്ധനകൾക്ക് വിധേയമായി സ്വകാര്യ ബസ്സുകൾക്കും പെർമിറ്റ് അനുവദിക്കാവുന്നതാണ്.

(ബി) നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചിട്ടുള്ള താല്ക്കാലിക പെർമിറ്റ് നേടിയ സ്വകാര്യ ബസുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(സി) നിലവിലുള്ള സ്കീമുകളുടെ നിബന്ധന പ്രകാരം കെ.എസ്.ആർ.ടി.സി. മാത്രമെ പുതിയ പെർമിറ്റുകൾ അനുവദിക്കുകയുള്ളൂ. കേരളത്തിൽ സൂപ്പർ ക്ലാസ് ദീർഘദൂര സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.- ക്ക് മാത്രമായി നൽകുന്നതിന് ഉത്തരവുണ്ട്.

## കൊട്ടാരക്കര കെ.എസ്.ആർ.ടി.സി.

231 (2586) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായി ബന്ധപ്പെട്ടവർ വഴി പ്രൊപ്പോസൽ നൽകണമെന്നാവശ്യപ്പെട്ട് കൊല്ലം ജില്ലാ കളക്ടർ നൽകിയ കത്തിന്മേൽ (നമ്പർ എൽ.എ.3.54351/11) കെ.എസ്.ആർ.ടി.സി. കൈക്കൊണ്ട തുടർ നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ഡിപ്പോയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടി കെ.എസ്.ആർ.ടി.സി. നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പുതുക്കിയ പ്രൊപ്പോസൽ നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) സർവ്വേ നമ്പർ 126/12, 13, 14, 15, 16, 24-ൽ ഉൾപ്പെട്ട 43.2 ആർ സ്ഥലത്തിന് 23275000 രൂപ വില നിർണ്ണയിച്ച് വില്ലേജ് ഓഫീസർ നൽകിയിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിച്ചപ്പോൾ പുതിയ കേന്ദ്ര നിയമം LARR Act 2013, 1-1-2014 മുതൽ നിലവിൽ വന്നു. ഇതിനെത്തുടർന്ന് സംസ്ഥാന സർക്കാർ ഇതുസംബന്ധിച്ച് ചട്ടങ്ങൾ രൂപീകരിച്ചതനുസരിച്ച് പുതുക്കിയ പ്രൊപ്പോസൽ നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോ**

232 (2587) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ തെക്കുഭാഗത്തുള്ള മതിൽ പൊളിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനാൽ കെ.എസ്. ആർ.ടി.സി.-യുടെ വസ്തുവകകൾ മോഷണം പോകുന്നതിനും ഡിപ്പോ പരിസരത്ത് രാത്രികാലത്ത് സാമൂഹ്യവിരുദ്ധ ശല്യമുണ്ടാകുന്നതിനും കാരണമാകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; പ്രസ്തുത മതിൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഡിപ്പോ കോമ്പൗണ്ട് എത്രകാലം മുൻപാണ് ടാർ ചെയ്തതെന്നും പുതുതായി ടാർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇല്ല. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) ബസ് സ്റ്റേഷൻ യാർഡ് ഭൂരിഭാഗവും കോൺക്രീറ്റ് ചെയ്തതാണ്. എന്നാൽ ഗ്യാരേജ് ഭാഗത്തെ യാർഡിലെ ടാറിംഗ് പ്രവൃത്തി 8 കൊല്ലങ്ങൾക്കുമുമ്പ് ചെയ്തതാണ്.

**അന്തർ സംസ്ഥാന സർവ്വീസുകൾ**

233 (2588) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ബാംഗ്ലൂർ, കോയമ്പത്തൂർ, പളനി എന്നിവിടങ്ങളിലേക്ക് അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളുമായി നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ ഈ റൂട്ട് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കായംകുളം ഡിപ്പോയിൽ നിന്നും ബാംഗ്ലൂർ, കോയമ്പത്തൂർ, പളനി എന്നിവിടങ്ങളിലേയ്ക്ക് പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ ഇപ്പോൾ കഴിയില്ല.

**നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോ**

234 (2589) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കെ.എസ്.ആർ.റ്റി.സി. ഡിപ്പോയിൽ നിന്നും നിർത്തലാക്കിയ അന്തർസംസ്ഥാന സർവ്വീസുകൾ ഏതെല്ലാമാണ്; എന്ത് കാരണത്താലാണ് ഇവ നിർത്തലാക്കിയത്; ഇവ എപ്പോൾ പുനസ്ഥാപിക്കാൻ കഴിയുമെന്ന വെളിപ്പെടുത്താമോ ;

(ബി) 109 സർവ്വീസുകൾ ഉള്ള കെ.എസ്.ആർ.ടി.സി. നെയ്യാറ്റിൻകര ഡിപ്പോയിൽ നിലവിൽ കുറവുള്ള 15 ബസുകൾ എപ്പോൾ അനുവദിക്കാൻ കഴിയുമെന്നറിയിക്കാമോ ;

(സി) നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുമുള്ള ലാഭകരമായ ചെയിൻ സർവ്വീസുകൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര ഡിപ്പോയിൽനിന്നും നിർത്തലാക്കിയ അന്തർ സംസ്ഥാന സർവ്വീസുകൾ ചുവടെ ചേർക്കുന്നു:

1. തിരുവനന്തപുരം - നെയ്യാറ്റിൻകര -പേച്ചിപ്പാറ
2. തിരുവനന്തപുരം - നെയ്യാറ്റിൻകര -കുറുമ്പന - കുളച്ചൽ
3. തിരുവനന്തപുരം - നെയ്യാറ്റിൻകര -കുളച്ചൽ - മണ്ഡേമാർക്കറ്റ്
4. തിരുവനന്തപുരം - നെയ്യാറ്റിൻകര -തേങ്ങാപട്ടണം
5. തിരുവനന്തപുരം - നെയ്യാറ്റിൻകര -അരുമന
6. തിരുവനന്തപുരം - നെയ്യാറ്റിൻകര -തൃപ്പരപ്പ്

ഇതിൽ തിരുവനന്തപുരം - നെയ്യാറ്റിൻകര -തൃപ്പരപ്പ് സർവ്വീസ് ഫാസ്റ്റ് പാസഞ്ചർ സർവ്വീസായി പാറശ്ശാല യൂണിറ്റിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ടി സർവ്വീസുകളെല്ലാം ഓർഡിനറി സർവ്വീസുകളായിരുന്നു. തമിഴ്നാട്ടിൽ ഓർഡിനറി സർവ്വീസുകളുടെ ചാർജ്ജ് വളരെ കുറവായിരുന്നതിനാൽ ടി സർവ്വീസുകൾക്ക് വരുമാനം

തീരെ ലഭിക്കാതെ വരുകയും 2008-ലെ അന്തർ സംസ്ഥാന കരാറിൽ ടി സർവ്വീസുകൾ ഒഴിവാക്കുകയുമാണുണ്ടായത്. പുതുതായി തമിഴ്നാടുമായി ഏർപ്പെടുന്ന അന്തർ സംസ്ഥാന കരാറിൽ ടി റൂട്ടുകൾ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരുകൾ തമ്മിൽ അന്തിമ കരാർ ഒപ്പിട്ടുകഴിഞ്ഞാൽ മാത്രമേ ടി സർവ്വീസുകൾ പുനഃസ്ഥാപിക്കുവാൻ കഴിയുകയുള്ളൂ.

(ബി) പുതിയ ബസുകൾ നിരത്തിലിറക്കുന്നമുറയ്ക്ക് കുറവുള്ള ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പത്ത് നോൺ എ.സി. ജൻറം ഉൾപ്പെടെ 114 ഷെഡ്യൂളുകളാണുള്ളത്. പ്രസ്തുത ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ഉൾപ്പെടെ 125 ബസുകളാണ് ആവശ്യമായിട്ടുള്ളത്. നിലവിൽ 10 ജൻറം ബസുകൾ ഉൾപ്പെടെ 104 ബസുകളാണുള്ളത്.

(സി) ബസുകൾ ലഭിക്കുന്ന മുറയ്ക്ക് നെയ്യാറ്റിൻകരയിൽനിന്നുമുള്ള ചെയിൻ സർവ്വീസുകൾ കാര്യക്ഷമമാക്കുവാൻ കഴിയുന്നതാണ്.

**തൊട്ടിൽപ്പാലം - നാദാപുരം ചെയിൻ സർവ്വീസ്**

235 (2590) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തൊട്ടിൽപ്പാലം-നാദാപുരം കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ് ആരംഭിക്കാൻ പദ്ധതിയുണ്ടോ;

(ബി) ഈ റൂട്ടിൽ നിലവിൽ എത്ര സർവ്വീസുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ബസിന്റെ ലഭ്യതയ്ക്കനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ബി) തൊട്ടിൽപ്പാലം യൂണിറ്റിൽ നിന്നും ആറ് സർവ്വീസും വടകര യൂണിറ്റിൽനിന്നും രണ്ട് സർവ്വീസും നിലവിൽ ടി റൂട്ടിൽ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

**വികലാംഗർക്കുള്ള സൗജന്യ യാത്രാപ്പാസ് പുതുക്കി നൽകുന്നതിന് നടപടി**

236 (2591) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അന്നനാട് സ്വദേശികളും മൂകരും ബധിരരും സഹോദരങ്ങളുമായ പനങ്ങാട്ടു പറമ്പിൽ പ്രദീപ്, പ്രകാശൻ എന്നിവർക്ക് കെ.എസ്.ആർ.ടി.സി. നേരത്തെ അനുവദിച്ചിരുന്ന വികലാംഗർക്കുള്ള സൗജന്യ യാത്രാപ്പാസ് പുതുക്കി നൽകുന്നതിനുള്ള അപേക്ഷയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ട്രാൻസ്പോർട്ട് കമ്മീഷണർ, കെ.എസ്.ആർ.ടി.സി. എം.ഡി. എന്നിവർക്കടക്കം സമർപ്പിച്ച അപേക്ഷകളിൽ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ വ്യക്തികൾ ബധിര-മൂകർക്കുള്ള പാസിന് 2011-ൽ കെ.എസ്.ആർ.ടി.സി. ചാലക്കുടി ഡി.റ്റി.ഒ. മുഖേന അപേക്ഷിക്കുകയും അതേത്തുടർന്ന് പാസ് നമ്പർ 8604, 8607 അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ പാസ് വിതരണം ചെയ്യുന്ന സമയത്ത് മേൽപ്പടി വ്യക്തികൾ ബധിരരും മൂകരും അല്ലായെന്ന് ചാലക്കുടി യൂണിറ്റാഫീസർക്ക് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് പാസ് പിൻവലിക്കുകയും ആ വിവരം കെ.എസ്.ആർ.ടി.സി. യുടെ ആസ്ഥാനത്ത് അറിയിക്കുകയും ചെയ്തിരുന്നു.

(ബി) ഈ വിഷയത്തിൽ തീരുമാനമെടുക്കേണ്ടത് കെ.എസ്.ആർ.ടി.സി.-യാണ്. കെ.എസ്.ആർ.ടി.സി.-യുടെ യൂണിറ്റ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ പുനഃപരിശോധന ആവശ്യമുള്ളതായി കണ്ടില്ല. ആയതിനാൽ പ്രസ്തുത വ്യക്തികളുടെ യാത്രാ സൗജന്യപാസ് അനുവദിച്ചിട്ടില്ല.

**റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അതിവേഗം വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്ന പദ്ധതി**

237 (2592) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റോഡപകടങ്ങൾ ദിനം പ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അതിവേഗം വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്ന ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) കേന്ദ്ര സർക്കാർ ഇത്തരത്തിൽ ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി പ്രകാരം സംസ്ഥാനത്തിനു കേന്ദ്ര ഫണ്ട് ലഭിക്കുന്നുണ്ടോ;

(സി) ഏതെല്ലാം ആശുപത്രികളുടെ ട്രോമാ കെയർ സംവിധാനം മെച്ചപ്പെടുത്താനാണ് കേന്ദ്ര സർക്കാർ ഫണ്ട് നൽകിയിട്ടുള്ളത്; എങ്കിൽ എത്ര തുകയാണ് ലഭിച്ചത്; പ്രസ്തുത തുക ചെലവഴിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**കെ.എസ്.ആർ.ടി.സി. അസിസ്റ്റന്റ് ഗ്രേഡ് 2/ജൂനിയർ അസിസ്റ്റന്റ് തസ്തിക**

238 (2593) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. അസിസ്റ്റന്റ് ഗ്രേഡ് 2/ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ സാംഗ്ഷൻഡ് സ്ട്രെംഗ്ത് എത്രയാണ്;

(ബി) പ്രസ്തുത തസ്തികയിൽ ദിവസക്കൂലി വ്യവസ്ഥയിലും മറ്റ് തസ്തികകളിൽ നിന്ന് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലും കോൺട്രാക്ട് വ്യവസ്ഥയിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവും നിലവിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) റിട്ടയർമെന്റ് പ്രകാരം നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; ഇത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും പ്രസ്തുത തസ്തികയിൽ എത്രപേരെ നിയമിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. അസിസ്റ്റന്റ് ഗ്രേഡ്/ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ സാംഗ്ഷൻഡ് സ്ട്രെംഗ്ത് 1817 ആണ്.

(ബി) പ്രസ്തുത തസ്തികയിൽ മറ്റ് തസ്തികകളിൽനിന്ന് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ 27 പേരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം 444 പേരും ജോലി ചെയ്യുന്നുണ്ട്. ദിവസക്കൂലി വ്യവസ്ഥയിലും കോൺട്രാക്ട് വ്യവസ്ഥയിലും ആരും ജോലി ചെയ്യുന്നില്ല.

(സി) 30-9-2016 വരെ 10 റിട്ടയർമെന്റ് ഒഴിവുകളുണ്ട്. ഇത് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും പ്രസ്തുത തസ്തികയിൽ 669 പേരെ നിയമിച്ചിട്ടുണ്ട്. കൂടാതെ പി.എസ്.സി.-യിൽ നിന്നും സെപ്റ്റംബർ 2016-ൽ ലഭ്യമായ അഡ്വൈസ് ലിസ്റ്റിലെ 388 ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

**2015-ലെ ദേശീയ റോഡ് സുരക്ഷാ വാരവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ**

239 (2594) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ലെ ദേശീയ റോഡ് സുരക്ഷാ വാരവുമായി ബന്ധപ്പെട്ട് എന്തെല്ലാം ക്രമക്കേടുകളാണ് സർക്കാരിന്റെ ശ്രദ്ധയിൽ വന്നത്;

(ബി) പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ക്രമക്കേടുകൾ നടത്തിയവർക്കെതിരെ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2015-ലെ റോഡ് സുരക്ഷാ വാരാഘോഷവുമായി ബന്ധപ്പെട്ട് സുവനിയർ പ്രസിദ്ധീകരിക്കുന്നതിന് കേരള മോട്ടോർ വെഹിക്കിൾ ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ 1000, 2000 രൂപയുടെ കൂപ്പൺ അച്ചടിച്ച് അനധികൃതമായി പണപ്പിരിവ് നടത്തിയെന്ന ക്രമക്കേട് കണ്ടെത്തുകയുണ്ടായി.

| | | | |
|---|---|---|---|
| (ബി) | പി. എ. സത്യൻ | - | ആർ.ടി.ഒ. (റിട്ട.) |
| | ആർ. ശരത്ചന്ദ്രൻ | - | എം.വി.ഐ. |
| | ജിജി ജോർജ്ജ് | - | ജോയിന്റ് ആർ.ടി.ഒ. |
| | ജെ. ബി. ഐ. ചെറിയാൻ | - | എം.വി.ഐ. |
| | എൻ. വിനോദ് കുമാർ | - | എം.വി.ഐ. |
| | ബി. ശ്രീപ്രകാശ് | - | എം.വി.ഐ. |
| | സി. ശ്യാം | - | എം.വി.ഐ. |
| | റജി ജോർജ്ജ് | - | എം.വി.ഐ. |
| | എസ്. മാലിക് | - | എം.വി.ഐ. |
| | എ. നൗഹാൽ | - | എം.വി.ഐ. |
| | ഇബ്രാഹിം കുട്ടി | - | എം.വി.ഐ. |
| | സി. ജെ. പോൾസൻ | - | ആർ.ടി.ഒ. |
| | പി. പി. രാജൻ | - | എം.വി.ഐ. |

(സി) ഒന്നു മുതൽ 12 വരെയുള്ള ഉദ്യോഗസ്ഥർക്ക് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയിട്ടുണ്ട്. ശ്രീ. പി. എ. സത്യൻ, ആർ.ടി.ഒ. (റിട്ട), ശ്രീ. ആർ. ശരത്ചന്ദ്രൻ, ശ്രീ. പി. പി. രാജൻ, ശ്രീ. ജെ. ബി. ഐ. ചെറിയാൻ എന്നീ എം.വി.ഐ.-മാർക്കെതിരെ വിസി- 02/2016/എസ്.ഐ.യു. പ്രകാരം വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ. പി. സത്യൻ, ആർ.ടി.ഒ. (റിട്ട) സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ ഉചിതമായ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നു. വിജിലൻസ് കേസിൽ ഉൾപ്പെട്ട മറ്റ് ഉദ്യോഗസ്ഥരായ ശ്രീ. ആർ. ശരത്ചന്ദ്രൻ, ശ്രീ. പി. പി. രാജൻ, ശ്രീ. ജെ. ബി. ഐ. ചെറിയാൻ എന്നിവരെ 24-9-2016-ലെ സർക്കാർ ഉത്തരവ് നമ്പർ 365/2016/ട്രാൻ. പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുമുണ്ട്.

**കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ ബസ് സർവ്വീസ്**

240 (2595) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോവിൽ നിന്നും നിലവിൽ എത്ര ബസുകൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സ്ക്രാപ്പുകൾ വഴി ഇവിടെ നിന്നും ഒഴിവാക്കപ്പെട്ട ബസുകളിൽ എത്രയെണ്ണം പുനസ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ വന്നശേഷം പുതുതായി എത്ര ബസുകൾ ഇവിടെ നിന്നും സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും പരമാവധി 45 ആർ.ടി.സി. ബസ്സുകളും 5 ജൻറം സർവ്വീസുകളും സർവ്വീസ് നടത്തുന്നുണ്ട്. 5 നോൺ എ.സി. ജൻറം ബസുകൾ ഉൾപ്പെടെ 57 ബസുകളാണുള്ളത്.

(ബി) 2015 ജനുവരി മുതൽ 2016 ആഗസ്റ്റ് വരെ 16 ബസ്സുകൾ സ്ക്രാപ്പുകൾ വഴി ഒഴിവാക്കപ്പെട്ടിട്ടുണ്ട്. 6 പുതിയ ബസുകളും 5 പഴയ ബസുകളും കൂടാതെ 5 പുതിയ ജൻറം നോൺ എ.സി. ബസുകളും ഉൾപ്പെടെ 16 ബസുകൾ നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു ജൻറം സർവ്വീസ് കാഞ്ഞങ്ങാട് ഡിപ്പോയിൽ നിന്നും ആരംഭിക്കുകയുണ്ടായി. ഒരു ജൻറം നോൺ എ.സി. ബസ് ഉൾപ്പെടെ മൂന്ന് പുതിയ ബസുകൾ നൽകിയിട്ടുണ്ട്.

## വൺ ടൈം സെറ്റിൽമെന്റ് പദ്ധതി

241 (2596) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് വൺ ടൈം സെറ്റിൽമെൻറ് പദ്ധതി പ്രകാരം വാഹനങ്ങളുടെ നികുതി കുടിശ്ശികയിനത്തിൽ എത്ര രൂപാ ശേഖരിച്ചു;

(ബി) വൺ ടൈം സെറ്റിൽമെൻറ് പദ്ധതി ഇനിയും കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് വൺ ടൈം സെറ്റിൽമെന്റ് പദ്ധതി പ്രകാരം 17,538 വാഹനങ്ങളിൽ നിന്നും 7,62,18,110 രൂപ കുടിശ്ശികയിനത്തിൽ ശേഖരിച്ചു.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## സ്പീഡ് ഗവർണർ പരിശോധന

242 (2597) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങൾക്ക് സ്പീഡ് ഗവർണർ നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവുണ്ടെങ്കിൽ അതു പ്രകാരം സംസ്ഥാനത്തെ ഹെവി വാഹനങ്ങളിൽ സ്പീഡ് ഗവർണർ ഘടിപ്പിച്ചിട്ടുണ്ടോ എന്ന പരിശോധന നടത്തുന്നുണ്ടോ;

(സി) ഇപ്രകാരം നടത്തിയ പരിശോധനകളിൽ സംസ്ഥാനത്ത് ഈ വർഷം വാഹന ഉടമകൾക്കെതിരെ എത്ര കേസ് എടുത്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

| | | | |
|---|---|---|---|
| (സി) | തിരുവനന്തപുരം | - | 266 |
| | കൊല്ലം | - | 174 |
| | പത്തനംതിട്ട | - | 42 |
| | ആലപ്പുഴ | - | 151 |
| | എറണാകുളം | - | 260 |
| | കോട്ടയം | - | 51 |
| | ഇടുക്കി | - | 48 |
| | കോഴിക്കോട് | - | 463 |
| | കണ്ണൂർ | - | 48 |
| | വയനാട് | - | 89 |
| | കാസർഗോഡ് | - | 74 |
| | തൃശ്ശൂർ | - | 345 |
| | മലപ്പുറം | - | 236 |
| | പാലക്കാട് | - | 166 |

**നിശ്ചിത കാലാവധി കഴിഞ്ഞ വാഹനങ്ങൾ**

243 (2598) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിശ്ചിത കാലാവധി കഴിഞ്ഞ വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാന സർക്കാർ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ വാഹനങ്ങളിൽ 10 വർഷത്തിനു മുകളിൽ കാലപ്പഴക്കം ഉള്ള എത്ര വാഹനങ്ങൾ ഉണ്ടെന്ന് വകുപ്പ് തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്ര സർക്കാർ വാഹനങ്ങൾ ലേലം ചെയ്ത് വിൽപ്പന നടത്തിയിട്ടുണ്ടെന്നും അവയ്ക്ക് പകരം വാഹനം ലഭ്യമാക്കിയിട്ടുണ്ടോ എന്നും അറിയിക്കാമോ?

ഉത്തരം

(എ) പതിനഞ്ച് വർഷം കഴിഞ്ഞ ബസ്സുകൾക്കൊഴികെ മറ്റു യാതൊരു വാഹനങ്ങൾക്കും കാലാവധി നിർണ്ണയിച്ചിട്ടില്ല.

(ബി&സി) മോട്ടോർ വാഹന വകുപ്പിൽ ആകെയുള്ള 189 വാഹനങ്ങളിൽ 58 വാഹനങ്ങൾ 10 വർഷത്തിനുമുകളിൽ ഉള്ളവയാണ്. മൂന്ന് വാഹനങ്ങൾ ലേലം ചെയ്ത് വില്പന നടത്തിയിട്ടുണ്ട്. അവയ്ക്ക് പകരം വാഹനം ഒന്നും ലഭ്യമായിട്ടില്ല. മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

## ബസ്സുകളുടെ ഫിറ്റ്നസ് പരിശോധന

244 (2599) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യാത്രാ ബസുകളുടെ ഫിറ്റ്നസ് പരിശോധന നടത്താറുണ്ടോ; ഇതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള ചട്ടപ്രകാരം എത്രവർഷം വരെ പഴക്കമുള്ള ബസുകൾക്കാണ് ഫിറ്റ്നസ് പരിശോധന നടത്തി റോഡിൽ ഓടിക്കാൻ അനുവാദം നൽകുന്നത്;

(സി) സ്കൂൾ ബസുകൾക്ക് പഴക്കത്തിൽ എന്തെങ്കിലും ഇളവുകൾ ബാധകമാണോ; എങ്കിൽ ഏതു ചട്ടപ്രകാരമെന്ന് വ്യക്തമാക്കാമോ;

(ഡി) റൂട്ട് ബസുകളായി ഓടിക്കാൻ സാധിക്കാത്ത ബസുകൾ സ്കൂൾ

ബസുകളായി പരിണമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത്തരത്തിൽ പഴക്കമുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നതുമൂലം അപകട സാധ്യത വർദ്ധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ പഴക്കമുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നതിനു നിയന്ത്രണമേർപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. പുതിയ വാഹനങ്ങൾക്ക് ആദ്യം രണ്ട് വർഷത്തേയ്ക്കും തുടർന്ന് ഓരോ വർഷത്തേയ്ക്കുമാണ് ഫിറ്റ്നസ് കാലാവധി നൽകുന്നത്. കാലാവധി തീരുന്ന മുറയ്ക്ക് വാഹനത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കേണ്ടതാണ്. ഓരോ പ്രാവശ്യവും വാഹനം ഫിറ്റ്നസ്സിനായി ഹാജരാക്കുമ്പോൾ വിശദമായ മെക്കാനിക്കൽ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും നിഷ്കർഷിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ വാഹനത്തിന് ഫിറ്റ്നസ് നൽകാറുള്ളൂ.

(ബി) നിലവിൽ 15 വർഷംവരെ പഴക്കമുള്ള ബസ്സുകളെ മാത്രമേ സർവ്വീസ് നടത്താൻ അനുവദിക്കുന്നുള്ളൂ.

(സി) സ്കൂൾ ബസ്സുകൾക്ക് പഴക്കം നിശ്ചയിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) ഇത്തരത്തിലുള്ള വാഹനങ്ങൾ കർശനമായ മെക്കാനിക്കൽ പരിശോധന ഓരോ വർഷവും നടത്തിയാണ് സർവ്വീസിന് അനുവദിക്കുന്നത്. കാലപ്പഴക്കമുള്ള വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കേണ്ടതാണെങ്കിലും ഇതിനുള്ള നിയമനിർമ്മാണം കേന്ദ്ര സർക്കാർ തലത്തിൽ നടത്തേണ്ടതാണ്.

**ഹോണുകളുടെ ശബ്ദതീവ്രത**

245 (2600) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിലെ ഹോണുകളിൽ ഉപയോഗിക്കാവുന്ന ശബ്ദതീവ്രതയുടെ അളവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിയമാനുസൃത ഡെസിബെല്ലിൽ കൂടുതൽ ശബ്ദമുണ്ടാക്കുന്ന ഹോണുകൾ ഉപയോഗിക്കുന്ന വാഹനങ്ങൾക്കെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) ഹോണുകളുടെ ശബ്ദതീവ്രത അളക്കുന്നതിന് നിലവിലുള്ള സംവിധാന മെന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 119(1) പ്രകാരം ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് നിഷ്കർഷിച്ചിട്ടുള്ള IS:1884-1993 മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഇലക്ട്രിക് ഹോൺ മാത്രമേ ഘടിപ്പിക്കാവൂ. അതിൻ പ്രകാരം മോപ്പെഡുകൾ, സ്കൂട്ടറുകൾ, മാഗ്നറ്റോ സിസ്റ്റമുള്ള മോട്ടോർ സൈക്കിളുകൾ എന്നിവയ്ക്കായി നിഷ്കർഷിച്ചിരിക്കുന്ന ടൈപ്പ്-1 എ.സി. ഹോണിന് നിഷ്കർഷിച്ചിട്ടുള്ളത് 85 മുതൽ 105 വരെ ഡെസിബെല്ലാണ്. സ്റ്റോറേജ് ബാറ്ററി ഉപയോഗിക്കുന്ന ഇരുചക്ര വാഹനങ്ങൾക്കും മുച്ചക്ര വാഹനങ്ങൾക്കും നിഷ്കർഷിച്ചിട്ടുള്ള ടൈപ്പ്-2 എ ഡി.സി. ഹോണിന് നിഷ്കർഷിച്ചിട്ടുള്ളത് 90 മുതൽ 115 വരെ ഡെസിബെല്ലാണ്. ഡി.സി. സിസ്റ്റമുള്ള പാസ്സഞ്ചർ കാറുകൾക്കും കൊമേഴ്സ്യൽ വാഹനങ്ങൾക്കും നിഷ്കർഷിച്ചിട്ടുള്ള ടൈപ്പ്-2 എ ഡി.സി. ഹോണുകൾക്ക് നിഷ്കർഷിച്ചിട്ടുള്ളത് 100 മുതൽ 125 വരെ ഡെസിബെല്ലാണ്. പാസ്സഞ്ചർ കാറുകൾക്കും കൊമേഴ്സ്യൽ വാഹനങ്ങൾക്കും നിഷ്കർഷിച്ചിട്ടുള്ള വിൻഡ് ടോൺ ടൈപ്പിലുള്ള ടൈപ്പ്-3 ഡി.സി. ഹോണുകൾക്ക് നിഷ്കർഷിച്ചിട്ടുള്ളത് 105 മുതൽ 125 ഡെസിബെല്ലാണ്.

(ബി) ഇത്തരം ഹോണുകൾ ഇളക്കി മാറ്റുന്നതടക്കമുള്ള ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സെക്ഷൻ 177 പ്രകാരം പിഴയും ചുമത്തിവരുന്നു.

(സി) ഡെസിബെൽ (Decibel) മീറ്റർ എന്ന ഉപകരണം ഉപയോഗിച്ച് ശബ്ദതീവ്രത അളക്കാവുന്നതാണ്. മോട്ടോർ വാഹന വകുപ്പിലെ വിവിധ ഓഫീസുകളിൽ ഇത്തരം ഉപകരണം ലഭ്യമാക്കിയിട്ടുണ്ട്. കോഴിക്കോട് ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസിൽ മാത്രം, ഡിസ്ട്രിക്ട് റോഡ് സേഫ്റ്റി കൗൺസിൽ അവതരിപ്പിച്ച ഒരുപകരണം ഉപയോഗിക്കുന്നുണ്ട്.

**ബസ്സുകളുടെ അമിതവേഗത നിയന്ത്രിക്കുന്നതിന് നടപടി**

246 (2601) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേഗപ്പൂട്ടില്ലാത്ത കെ.എസ്.ആർ.ടി.സി./സ്വകാര്യ ബസ്സുകൾ ഉണ്ടാക്കുന്ന ഗുരുതരമായ റോഡപകടങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം ബസ്സുകളിൽ വേഗപ്പൂട്ട് ഘടിപ്പിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ കൈകൊള്ളുമെന്ന വെളിപ്പെടുത്തുമോ ;

(സി) കെ.എസ്.ആർ.ടി.സി./സ്വകാര്യ ബസ്സുകളുടെ അമിതവേഗം നിയന്ത്രിക്കുന്നതിനും അതുവഴി റോഡപകടങ്ങൾ കുറയ്ക്കുന്നതിനും സർക്കാർ എന്തെങ്കിലും പുതിയ സംവിധാനത്തിന് രൂപം നൽകുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) കെ.എസ്.ആർ.ടി.സി.-യുടെയും സ്വകാര്യ മേഖലയിലുള്ള ബസ്സുകൾ ഉൾപ്പടെ സംസ്ഥാനത്തെ സ്റ്റേജ് കാര്യേജുകൾക്കെല്ലാം തന്നെ സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. ആയത് ഘടിപ്പിക്കാത്ത ബസ്സുകൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്.

(സി) സ്പീഡ് ട്രേസറുകൾ, അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ മുതലായവ ഉപയോഗിച്ച് വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഡ്രൈവർമാർക്ക് നൽകിവരുന്ന പരിശീലന പരിപാടികളിൽ അമിത വേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. അമിത വേഗതയിലും അലക്ഷ്യമായും വാഹനമോടിക്കുന്നവരെ പിടികൂടുന്നതിന് വിവിധ സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മുഴുവൻ പബ്ലിക് ട്രാൻസ്പോർട്ട് വാഹനങ്ങളിലും ജി.പി.എസ്. അധിഷ്ഠിത നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ആദ്യഘട്ടമായി എല്ലാ സ്വകാര്യ ബസ്സുകളിലും പ്രസ്തുത സംവിധാനം സ്ഥാപിക്കുന്നതിനുള്ള പദ്ധതി പുരോഗമിച്ചുവരുന്നു.

**ഹെൽമറ്റ് വേട്ടയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ**

247 (2602) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽമറ്റ് വേട്ടയുമായി ബന്ധപ്പെട്ട് അപകടങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ട്രാഫിക്ക് നിയമം ലംഘിക്കുന്നവരെ ക്യാമറയിൽ പകർത്തി ഫൈൻ ഈടാക്കുന്നതാണ് കൂടുതൽ ഫലപ്രദമെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ;

(ബി) ആർ.ടി. ഓഫീസുകൾ കേന്ദ്രീകരിച്ച് പ്രസ്തുത സൗകര്യം ഉപയോഗിച്ച് വരുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം എത്ര ട്രാഫിക്ക് ഒഫൻസ് കേസുകൾ രജിസ്റ്റർ ചെയ്തുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത കാലഘട്ടത്തിൽ അപകടങ്ങൾ കൂടുതൽ രജിസ്റ്റർ ചെയ്തത് ഏത് ജില്ലയിലാണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഹെൽമറ്റ് നിയമലംഘനം തടഞ്ഞു നിർത്തി പരിശോധിക്കുന്നതിനേക്കാൾ കൂടുതൽ ഫലപ്രദവും അപകടരഹിതവുമായത് ക്യാമറയിൽ പകർത്തി നടപടികൾ എടുക്കുന്നതായതുകൊണ്ട് അത്തരത്തിലുള്ള നടപടികളും മോട്ടോർ വാഹന വകുപ്പ് ചെയ്തുവരുന്നുണ്ട്. ഇതിനായി 580 ക്യാമറകൾ ഫീൽഡ് ഉദ്യോഗസ്ഥർക്ക് നൽകുകയും അത്തരത്തിലുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്. മോട്ടോർ വാഹന വകുപ്പ് 580 ക്യാമറകൾ വാങ്ങി ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. ഈ ക്യാമറകളുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ തടസ്സങ്ങളോ എതിർപ്പുകളോ കൂടാതെ നിയമലംഘനം നടത്തുന്നവരെ തെളിവുകളോടെ പിടികൂടാൻ സാധിക്കുന്നുണ്ട്.

| | | | | |
|---|---|---|---|---|
| (സി) | 1. | തിരുവനന്തപുരം | - | 6812 |
| | 2. | കൊല്ലം | - | 6419 |
| | 3. | പത്തനംതിട്ട | - | 4420 |
| | 4. | ആലപ്പുഴ | - | 10828 |
| | 5. | കോട്ടയം | - | 34692 |
| | 6. | ഇടുക്കി | - | 4292 |
| | 7. | എറണാകുളം | - | 22376 |
| | 8. | തൃശ്ശൂർ | - | 13249 |
| | 9. | പാലക്കാട് | - | 6928 |
| | 10. | മലപ്പുറം | - | 8529 |
| | 11. | കോഴിക്കോട് | - | 10003 |
| | 12. | കണ്ണൂർ | - | 16329 |
| | 13. | വയനാട് | - | 360 |
| | 14. | കാസർഗോഡ് | - | 3097 |

മോട്ടോർ വാഹന വകുപ്പ് രജിസ്റ്റർ ചെയ്ത കണക്കനുസരിച്ച് കോട്ടയം ജില്ലയിലാണ് കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

## സ്റ്റുഡന്റ്സ് ഒൺലി ബസ്സുകൾ

248 (2603) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്റ്റുഡന്റ്സ് ഒൺലി ബസ്സുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

## വാഹനാപകടങ്ങൾക്കെതിരെ നിയമനടപടി

249 (2604) ശ്രീ. എസ്. ശർമ്മ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങളും അതുമൂലമുള്ള മരണവും വർദ്ധിച്ചു വരുന്നതു ഗൗരവമായി അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) അപായകരമായ രീതിയിലുള്ള ഡ്രൈവിംഗ്, വാഹനമോടിച്ചു കൊണ്ടിരിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കുക, മത്സര ഓട്ടം തുടങ്ങിയ കാര്യങ്ങൾ കർശനമായി തടയുന്നതിനായി നടപടിയുണ്ടാകുമോ;

(സി) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ നിയമ ലംഘനത്തിന് തെളിവ് ശേഖരിക്കുകയും ആവർത്തിച്ചുള്ള നിയമലംഘനത്തിന് ഡ്രൈവിംഗ് ലൈസൻസ് റദ്ദാക്കുന്നതിനും ക്രിമിനൽ ചട്ടപ്രകാരമുള്ള നിയമനടപടി സ്വീകരിക്കാനും തയ്യാറാകുമോ?

ഉത്തരം

(എ&ബി) വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ തടയുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുകയും ആധുനിക ഉപകരണങ്ങളായ ഇന്റർസെപ്റ്ററുകൾ, റഡാറുകൾ, ആൽക്കോ മീറ്ററുകൾ, രാത്രികാല ചെക്കിംഗ് ഉപകരണങ്ങൾ എന്നിവ വാങ്ങി എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ അലക്ഷ്യമായ ഡ്രൈവിംഗ്, അമിത വേഗത, ഫോൺ ഉപയോഗിച്ചുള്ള ഡ്രൈവിംഗ് എന്നിവ കണ്ടുപിടിക്കുന്നതിനായി വിവിധ ഇടങ്ങളിലായി ക്യാമറ സർവൈലൻസ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്.

(സി) ആധുനിക സാങ്കേതിക വിദ്യകളായ ഇന്റർസെപ്റ്ററുകൾ, ആൽക്കോ മീറ്ററുകൾ എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിൽ നിയമലംഘനങ്ങളും കണ്ടെത്തുന്നുണ്ട്. നിയമം അനുശാസിക്കുന്ന കുറ്റങ്ങളിൽ ലൈസൻസ് റദ്ദുചെയ്തു വരുന്നു. ആവർത്തിച്ചുള്ള നിയമ ലംഘനത്തിൽ ഡ്രൈവിംഗ് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ ദ്വീപുകളിലേയ്ക്കുള്ള യാത്രാക്ലേശം

250 (2605) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ വളന്തകാട് പോലുള്ള ദ്വീപുകളിലേക്ക് യാത്രാ സൗകര്യത്തിന്റെ അപര്യാപ്തത കാരണം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശങ്ങളിലേക്ക് കൂടുതൽ ബോട്ടുകൾ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രദേശങ്ങളിലെ യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വിപുലമായ പദ്ധതികൾ ആവിഷ്കരിക്കുമോ?

ഉത്തരം

(എ-സി) വളന്തകാട് പോലുള്ള ദ്വീപുകളിലേയ്ക്ക് ജലഗതാഗത വകുപ്പിന്റെ സർവ്വീസുകൾ നിലവിലില്ല. പ്രസ്തുത ദ്വീപിലേയ്ക്ക് നഗരസഭയുടെ 2 കടത്തു സർവ്വീസുകളാണ് നിലവിലുള്ളത്. ടി കടത്ത് സർവ്വീസ് വഴി ഏകദേശം 20 മിനിറ്റുകൊണ്ട് എൻ.എച്ച്. 47-ൽ എത്തിച്ചേരാൻ സാധിക്കുന്നതാണ്. നിലവിൽ എറണാകുളം മേഖലയിൽ 8 ഷെഡ്യൂൾ സർവ്വീസുകളും തിരക്ക് നിയന്ത്രിക്കുന്നതിലേയ്ക്കായി ഒരു അഡീഷണൽ സർവ്വീസുമാണ് ജലഗതാഗത വകുപ്പ് നടത്തിവരുന്നത്. ആയതിനുള്ള ബോട്ടുകളും ജീവനക്കാരും മാത്രമേ നിലവിലുള്ളൂ.

**സീ കുട്ടനാട് ബോട്ട് സർവ്വീസ്**

251 (2606) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സീ കുട്ടനാട്' ബോട്ട് സർവീസിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഒരു ബോട്ടു കൂടി അനുവദിച്ച് സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിനോദസഞ്ചാരവും അതോടൊപ്പം യാത്രാ സൗകര്യവും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ വകുപ്പ് ആരംഭിച്ച പാസ്സഞ്ചർ കം ടൂറിസ്റ്റ് ബോട്ട് സർവ്വീസാണ് സീ-കുട്ടനാട്. 23-5-2012-ലാണ് 90 യാത്രക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്ന രണ്ട് ഡബിൾ ഡക്കർ ബോട്ടുകൾ ഉപയോഗിച്ച് ടി സർവ്വീസ് ആരംഭിച്ചത്. ആലപ്പുഴ മുതൽ കൈനകരി റോഡ് മുക്ക് വരെ ഏകദേശം 2 മണിക്കൂർ കൊണ്ട് യാത്ര ചെയ്യാവുന്ന ടി സർവ്വീസിലെ കായൽ കാഴ്ചകൾ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നു. സാധാരണക്കാരായ യാത്രക്കാർക്കു കൂടി പ്രയോജനകരമായ വിധത്തിലുള്ള ടിക്കറ്റ് നിരക്കുകൾ ഉൾക്കൊള്ളിച്ചുള്ള സർവ്വീസാണ് വകുപ്പ് നാളിതുവരെ കാര്യക്ഷമമായി നടത്തിവരുന്നത്. കുറഞ്ഞ ചെലവിൽ, മലിനീകരണങ്ങൾ ഇല്ലാതെ കായൽ സൗന്ദര്യം ആസ്വദിക്കാൻ ഉതകുന്ന ഒന്നാണ് വകുപ്പിന്റെ ആലപ്പുഴ – കുട്ടനാട് മേഖലകളെ ബന്ധിപ്പിക്കുന്ന

സീ-കുട്ടനാട് എന്ന സർവ്വീസ്. ലോവർ ഡെക്കിൽ 10 രൂപയും (മിനിമം) അപ്പർ ഡെക്കിൽ 40 രൂപയുമാണ് ടി സർവ്വീസിൽ ടിക്കറ്റ് നിരക്കായി ഈടാക്കി വരുന്നത്. എല്ലാ തലത്തിലുള്ള യാത്രക്കാർക്കും പ്രയോജനകരമായ രീതിയിൽ ലാഭകരമായി നിലവിൽ ടി സർവ്വീസ് നടത്തിവരുന്നു.

(ബി) നിലവിൽ ആലപ്പുഴ – കുമരകം - കോട്ടയം മേഖലകളിലെ വിനോദ സഞ്ചാര സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി പുതുതായി 120 യാത്രക്കാർക്ക് സഞ്ചരിക്കാവുന്ന വേഗത കൂടിയ ആധുനിക എ.സി. ബോട്ട് സർവ്വീസ് ടി റൂട്ടിലൂടെ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ബോട്ടു നിർമ്മാണം പുരോഗമിച്ചു വരുന്നു.

**ചരക്ക് നീക്കം ജലഗതാഗതം വഴി**

252 (2607) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ചരക്കുനീക്കം ജലഗതാഗതം വഴി നടപ്പിലാക്കുന്നത് സുരക്ഷിതവും ലാഭകരവുമാണെന്ന് തെളിഞ്ഞിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യത്തിൽ കേന്ദ്ര ഉപരിതല ഗതാഗതവകുപ്പ് മന്ത്രി ഇതിനായുള്ള കേന്ദ്രസഹായം വാഗ്ദാനം ചെയ്തിട്ടും തുടർനടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

സംസ്ഥാന ജലഗതാഗത വകുപ്പ് നിലവിൽ യാത്രാ ബോട്ട് സർവ്വീസുകൾ മാത്രമാണ് നടത്തിവരുന്നത്. ചരക്ക് നീക്കത്തിന് യോജിച്ച വിധത്തിലുള്ള യാനങ്ങളോ സൗകര്യങ്ങളോ നിലവിൽ വകുപ്പിൽ ലഭ്യമല്ല.

**ജലഗതാഗതം**

253 (2608) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. എം. മുകേഷ്</u> :
<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം പ്രതിസന്ധി യിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് ഓരോ വർഷവും പ്രസ്തുത വകുപ്പിന്റെ നഷ്ടം വർദ്ധിച്ചു വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വകുപ്പിന്റെ സഞ്ചിത നഷ്ടം നിലവിൽ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഷെഡ്യൂളുകൾ നടത്തുന്നതിലെ അപാകതകൾ പരിഹരിയ്ക്കാൻ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) വെള്ളത്താൽ ചുറ്റപ്പെട്ട മറ്റ് ഗതാഗത സൗകര്യങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിലെ ജനങ്ങൾക്ക് യാത്രാസൗകര്യം ഒരുക്കുന്നതിനായാണ് വകുപ്പ് സ്ഥാപിതമായത്. ടി നിലയിൽ ലാഭനഷ്ടങ്ങൾ നോക്കാതെ വകുപ്പ് ജനങ്ങൾക്ക് സേവനം നൽകിവരുന്നു. ഇന്ധന വിലയിൽ ഉണ്ടായ വർദ്ധനവ്, ജീവനക്കാരുടെ ശമ്പളത്തിലുണ്ടായ വർദ്ധനവ് എന്നിവയ്ക്ക് അനുസൃതമായി യാത്രാ നിരക്ക് വർദ്ധനയും അതുവഴി ലാഭം നേടുന്നതിനും വകുപ്പിന് കഴിയുന്നില്ലെന്നത് വസ്തുതയാണ്. ടിക്കറ്റ് നിരക്കിൽ കാര്യമായ വർദ്ധനവ് വരുത്തുവാൻ കഴിയാത്തത് നഷ്ടം നേരിടുന്നതിന് ഒരു പ്രധാനകാരണമായി കണക്കാക്കുന്നു. 2013 ജൂൺ മാസമാണ് അവസാനമായി നിരക്ക് വർദ്ധനവ് ഏതാണ്ട് 12 വർഷങ്ങൾക്കുശേഷം വകുപ്പ് നടപ്പിലാക്കിയിട്ടുള്ളത്. മറ്റ് ഗതാഗത സംവിധാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ തികച്ചും സാധാരണക്കാരായ ആളുകളുടെയും മറ്റ് യാത്രാസൗകര്യങ്ങൾ നിലവിലില്ലാത്ത പ്രദേശത്തെ ജനങ്ങളുടെയും യാത്രാമാർഗ്ഗമായ വകുപ്പ് ബോട്ടുകളിൽ വലിയ തോതിലുള്ള ഒരു നിരക്ക് വർദ്ധനവ് വരുത്താൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. നിരക്ക് വർദ്ധനയ്ക്കായി നടപടികൾ സ്വീകരിക്കുക വഴി നഷ്ടം കുറയ്ക്കാൻ ഒരു പരിധിവരെ സാധിക്കും. ജലഗതാഗത മേഖലയിലെ വിനോദ സഞ്ചാര സാധ്യതകൾകൂടി പ്രയോജനപ്പെടുത്തി സർവ്വീസുകൾ നടത്തുന്നുണ്ട്. ഇന്ധന ചെലവ് കുറയ്ക്കുന്ന സൗരോർജ്ജം പോലുള്ള സാങ്കേതിക വിദ്യകൾ സർവ്വീസുകളിൽ ഉൾപ്പെടുത്തുന്ന നടപടികൾ സ്വീകരിക്കുകയും ഇതിനായി പുതിയൊരു ബോട്ട് വകുപ്പിനായി നിർമ്മാണം പൂർത്തിയാക്കി വരികയുമാണ്. ഇത്തരത്തിൽ നൂതന സാങ്കേതിക വിദ്യയിലുള്ള സർവ്വീസുകൾ നടപ്പിലാക്കുകവഴി വകുപ്പിന്റെ നഷ്ടം കുറയ്ക്കുന്നതിനും പ്രവർത്തനമേഖല വ്യാപിപ്പിക്കുന്നതിനും കഴിയും.

(സി) 2012-13-ലെ എ.ജി. പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ കണക്ക് പ്രകാരം വകുപ്പ് സ്ഥാപിതമായതു മുതൽ 2013 മാർച്ച് 31 വരെയുള്ള സഞ്ചിത നഷ്ടം 288.18 കോടി രൂപയാണ്.

(ഡി) നിലവിൽ 51 ഷെഡ്യൂളുകളാണ് സംസ്ഥാനത്ത് 6 ജില്ലകളിലായി വകുപ്പ് നടത്തിവരുന്നത്. നിലവിലെ ഷെഡ്യൂളിൽ കാലാനുസൃതമായ മാറ്റങ്ങൾ പഠിക്കുന്നതിനും ഷെഡ്യൂൾ പുനഃക്രമീകരിക്കുന്നതിനുമായി വകുപ്പ് സ്റ്റേഷൻമാസ്റ്റർമാർ, ചെക്കിംഗ് സ്റ്റാഫ്, ട്രാഫിക് സൂപ്രണ്ട് എന്നിവരുടെ നേതൃത്വത്തിൽ ഒരു സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 2435, 2440, 2441, 2443, 2470, 2472, 2456 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)